# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിന്റെ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിന്റെ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിന്റെ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിന്റേതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിന്റെ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിന്റെയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിന്റെയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിന്റെയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിന്റെ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിന്റെ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിന്റെയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടിഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിന്റെ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിന്റെ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുല[illegible]ത്
വൈസ് ചെയ[illegible]ർമാ
സംസ്ഥാന ആസൂത്രണബോ[illegible]ർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

### വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

### വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

### വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

### വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

### വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

### വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

### വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

### വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

### വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

### വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

### വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

### വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

### വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

### വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

8

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കുത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല


1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ

# കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത്




## ജനകീയ ആസൂത്രണം

16

## സമഗ്ര വികസന റിപ്പോർട്ട്

" നമ്മുടെ ഗ്രാമ ലക്ഷ്യങ്ങളെ സേവിക്കുകയാണ് സ്വരാജിന്റെ ഉദ്ദേശം "

" അവനവനെ ഭരിക്കുക എന്ന താണ് ആദ്യത്തെ പടി. പിന്നെയാണ് സ്വയം ഭരണം അഥവാ സ്വരാജ് "

" ആത്മാർത്ഥതയോടുകൂടിയ സ്വാർത്ഥ പരിത്യാഗത്തിന്റെ അനുസൃതഫലമായി ലഭിക്കുന്ന ഒന്നത്രെ സ്വരാജ് "

— ഗാന്ധിജി —

എഡിറ്റർ
പി. കൊച്ചപ്പൻ മാസ്റ്റർ

എഡിറ്റോറിയൽ സ്റ്റാഫ്
കെ. ശങ്കരൻ.
എൻ. സുരേന്ദ്രനാഥൻ.
കെ. ബാലകൃഷ്ണൻ.
കെ. വാസുദേവൻ നായർ
കെ. കുമാരൻ.
ശ്രീമതി. വി. എൻ. തങ്കമ്മാൾ
കെ. മരുതാചലം.

17

# താളുകൾ മറിക്കുമ്പോൾ

ആമുഖം
പഞ്ചായത്ത് പൊതുവിവരണം
സാമൂഹ്യ-സാംസ്കാരിക ചരിത്രം
ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
സാമൂഹിക - സാമ്പത്തിക മേഖലകൾ
കൃഷിയും ജലസേചനവും
മൃഗസംരക്ഷണവും, മത്സ്യബന്ധനവും
വ്യവസായം
വിദ്യാഭ്യാസം
കുടിവെള്ളവും, പൊതുജനാരോഗ്യവും
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
പാർപ്പിടവും, സാമൂഹ്യക്ഷേമവും
സംസ്കാരം
വനിത
സഹകരണം
പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം
വിഭവസമാഹരണം
ടൂറിസം
ഉപസംഹാരം
പ്രവർത്തനരേഖ

18

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതി

കെ. ശങ്കരൻ
( പ്രസിഡണ്ട് )

കെ. ബാലകൃഷ്ണൻ
( വൈസ്. പ്രസിഡണ്ട് )

എ. രാധാകൃഷ്ണൻ
( ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി )

സരോജിനി
ടി. വിശ്വനാഥൻ
എം. ഗുരുവായൂരപ്പൻ
എം. കമാലുദ്ദീൻ
സി. മണികണ്ഠൻ
പി. എസ്. മംഗളലക്ഷ്മി
വി. എൻ. തങ്കമ്മാൾ
എസ്. സുന്ദരരാജൻ
വി. കമലം

19

കേരള സംസ്ഥാനത്തിന്റെയും, ആസൂത്രണ പ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചുകൊണ്ട് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## ആമുഖം

ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്നും ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി ഈ ഗ്രാമ പഞ്ചായത്തിൽ നിന്നും 6 പേരെ ജില്ലാതല പരിശീലനത്തിന്ന് അയച്ചു. പഞ്ചായത്തിൽ വിവിധ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ട് 19.09.1996 ന് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് ആപ്പീസിൽ വെച്ച് ഒരു സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുകയും ജനകീയാസൂത്രണ പരിപാടികൾക്കുള്ള രൂപരേഖ തയ്യാറാക്കുകയും അതിനുശേഷം ഓരോ വാർഡിൽനിന്നും 6 പേർ വീതം 72 പേരെ എൽ. ആർ. പി മാരായി തിരഞ്ഞെടുക്കുകയും അവർക്ക് ജില്ലാതല പരിശീലനം ലഭിച്ച ഡി. ആർ. പി മാർ 21.09.96ന് ഒരു ഏകദിന പരിശീലന ക്ലാസ് കാലത്ത് 9 മണി മുതൽ വൈകിട്ട് 6.30 മണി വരെ നൽകുകയും ചെയ്തു. പ്രസ്തുത പരിശീലന ക്ലാസിൽ 90 പേർ പങ്കെടുത്തു. പരിശീലകർക്ക് പേപ്പർ, പേന, ഭക്ഷണം മുതലായവ നൽകി. 22 – 9 – 96 മുതൽ 29 – 9 – 96 വരെയുള്ള ദിവസങ്ങളിൽ ഒരു ഗ്രാമ പഞ്ചായത്തിലെ 12 വാർഡുകളിലും വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ നടത്തി. വിവിധ ഗ്രാമ സഭാ യോഗങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് മെമ്പർ, പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, എന്നിവർ ഉൽഘാടനം ചെയ്തു. ഗ്രാമ സഭായോഗങ്ങളിൽ ചില വാർഡുകളിൽ സ്ത്രീകളുടെയും പട്ടികജാതിക്കാരുടെയും പങ്കാളിത്തം കുറവായിരുന്നു. എന്നിരുന്നാലും പൊതുവെ ഗ്രാമ സഭായോഗങ്ങൾ സജീവമായിരുന്നു. ഗ്രാമ സഭായോഗങ്ങളിൽ പങ്കെടുത്തവരുടെ ഇനം തിരിച്ച് കണക്കുകൾ താഴെക്കൊടുത്തിരിക്കുന്നു.

### പങ്കെടുത്തവരുടെ വിവരങ്ങൾ

| വാർഡ് | സ്ത്രീകൾ | പുരുഷന്മാർ | ഉദ്യോഗസ്ഥൻ | ആകെ എണ്ണം |
|---|---|---|---|---|
| 1 | 20 | 112 | 6 | 132 |
| 2 | 14 | 55 | 7 | 69 |
| 3 | 25 | 57 | 4 | 82 |
| 4 | 6 | 75 | 3 | 81 |
| 5 | 18 | 54 | 3 | 72 |
| 6 | 12 | 96 | 3 | 108 |
| 7 | 17 | 65 | 8 | 82 |
| 8 | 49 | 99 | 10 | 148 |
| 9 | 3 | 100 | 5 | 103 |
| 10 | 41 | 94 | 9 | 135 |
| 11 | 32 | 88 | 3 | 120 |
| 12 | 10 | 54 | 4 | 64 |
| ആകെ | 247 | 949 | 65 | 1196 |

20

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് |
| ഗ്രേഡ് | : | ( സ്പെഷൽ ഗ്രേഡ് ) |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | 1. കിഴക്കേത്തറ<br>2. കൊല്ലങ്കോട് നമ്പ്ര് 2<br>3. പയ്യല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊല്ലങ്കോട് ബ്ലോക്ക് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | വാർഡ് 5,6 |
| താലൂക്ക് | : | ചിറ്റൂർ |
| ജില്ല | : | പാലക്കാട് |
| നിയോജകമണ്ഡലം | : | കൊല്ലങ്കോട് |
| വിസ്തീർണ്ണം | : | 49.33സ്ക്വയർ മൈൽ |
| ജനസംഖ്യ( 1991ലെ സെൻസസ് പ്രകാരം) | : | 28323 |
| വാർഡുകൾ | : | 12 |
| പ്രസിഡണ്ട് | : | ശ്രീ. കെ. ശങ്കരൻ |
| വൈസ്പ്രസിഡണ്ട് | : | ശ്രീ. കെ. ബാലകൃഷ്ണൻ |
| സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. എ. രാധാകൃഷ്ണൻ |

### മെമ്പർമാർ

1. ശ്രീ. ടി.. വിശ്വനാഥൻ
2. ശ്രീ. ടി. എം. ഗുരുവായൂരപ്പൻ
3. ശ്രീ. എം. കമാലുദ്ദീൻ
4. ശ്രീ. സി. മണികണ്ഠൻ
5. ശ്രീ. എസ്. സുന്ദരരാജൻ
6. ശ്രീമതി. സരോജിനി
7. ശ്രീമതി. പി. എസ്. മംഗളലക്ഷ്മി
8. ശ്രീമതി. വി. എൻ. തങ്കമ്മാൾ
9. ശ്രീമതി. വി. കമലം

## സാമൂഹിക സാംസ്കാരിക ചരിത്രം

21

കൊല്ലങ്കോടിന്റെ പഴയ പേരാണ് " വേങ്ങനാട് ". പ്രാചീനകേരളത്തിൽ പതിനേഴുകളിൽ പതിനാലാമത്തെ നാടാണ് വേങ്ങനാട് എന്നാണു ചരിത്രം. കശ്യപക്ഷേത്ര മാഹാത്മ്യം എന്ന സംസ്കൃത കാവ്യത്തിൽ നികുലപുരം

രാജാവ് ധർമ്മവർമ്മൻ കുഷ്ഠരോഗ ബാധിതനായി പത്നീസമേതം ദേശാടനത്തിന്ന് പുരളം പരശുരാമന്റെ ഉപദേശം ശിരസ്സാ വഹിച്ച് ഇഷ്ടുമദി നദിയിൽ കുളിച്ച് രോഗമുക്തനാവുമ്പോൾ കാശ്യപന്റെ മകളും വിഷ്ണുപത്നിയുമായ ഇഷ്ടുമദി കാചാംകുറുശ്ശി ക്ഷേത്രത്തിൽ നിന്ന് നാലര കിലോമീറ്ററുള്ള തെന്മലയിൽ സീതാർകുണ്ടിൽ നിന്നുള്ള ജലപാതം , നദിയായി രൂപമെടുത്ത് ഹേമാംഗവർമ്മൻ എന്നുപേരായ പുത്രൻ ജനിക്കുകയും ശിശുവായ ഹേമാംഗവർമ്മൻ നദിയിലെ ഒഴുക്കിൽപ്പെട്ട് പോകുകയും കരക്കടിഞ്ഞ ഹേമാംഗവർമ്മനെ ഒരു കൊല്ലൻ വളർത്തുകയും ഹേമാംഗവർമ്മൻ പ്രായപൂർത്തിയായ സമയത്ത് പരശുരാമൻ അവിടെ എത്തി കൊല്ലങ്കോട് പയ്യലൂർ, വട്ടേക്കാട്, മുതലമട, വടവന്നൂർ എന്നീ അഞ്ചു പ്രദേശങ്ങൾ ചേർത്തി വേങ്ങുനാടിലെ രാജാവായി വാഴിക്കുകയും കൊല്ലനായ വളർത്തച്ഛന്റെ ഓർമ്മക്കായി ഹേമാംഗവർമ്മൻ വേങ്ങനാടിനെ അയസ്കാരപുരം എന്ന് പേരിടുകയും ചെയ്തു. ആയതുകൊണ്ട് "അയസ്കാരൻ" " കൊല്ലർ " അയസ്കാരപുരം എന്ന സംസ്കൃതവാക്കിന്റെ മലയാളമാണ് കൊല്ലങ്കാട്. ( രാജധാനി എന്നർത്ഥമുള്ള കൊല്ലവും, മുക്ക എന്നർത്ഥത്തോടുചേർന്ന കോടും ചേർന്നാണ് കൊല്ലങ്കോട് എന്ന സ്ഥലനാമം ഉത്ഭവിച്ചതെന്നാണ് പുരാണത്തിൽ പറയുന്നത്.

1792 ഫെബ്രുവരിമാസം 22ാം തീയ്യതി മലബാർ ബ്രിട്ടീഷ് ആധിപത്യത്തിൽ വരികയും 1792 മാർച്ച് 19ാം തീയ്യതി ടിപ്പുസുൽത്താനും കോൺവാലീസ് പ്രഭുവുമായി ഒപ്പുവെച്ച ശ്രീരംഗപട്ടണം തീരുമാനപ്രകാരം നടപടികൾ പൂർത്തിയാക്കുകയും ചെയ്തതായി ചരിത്ര രേഖയിൽനിന്നും മനസ്സിലാകുന്നു. ബ്രിട്ടീഷ് അധിവേശത്തിൽ വന്ന നാടിനെ ജോയിന്റ് കമ്മീഷണർമാർ രാജ്യം രാജാധിപത്യങ്ങളായും ദേശാധിപത്യങ്ങളായും വിഭജിക്കപ്പെട്ടുകിടക്കുകയാണെന്ന് അതിർനിർണ്ണയം ചെയ്തിരുന്നു. അന്ന് സാമൂതിരി രാജാവിന്റെ നേരിട്ടുള്ള മേൽകോയ്മയിലായിരുന്നു "കൊലെംഗുർ" എന്ന കൊല്ലങ്കോട്. സാമൂതിരി കുടുംബത്തിലെ പടിഞ്ഞാറേ കോവിലകം ശാഖയിൽപ്പെട്ട " രവിവർമ്മ " എന്ന ഒരു ഇളയ തമ്പുരാൻ തിരുവിതാംകൂറിലേക്ക് ഓടിപ്പോയ സാമൂതിരി സിംഹാസനാവകാശിയായ " കൃഷ്ണൻരാജയുടെ" പേരിൽ ടിപ്പുവുമായുള്ള യുദ്ധകാലത്തെ നാട്ടിലെ റവന്യൂ നടപടികൾ നോക്കിനടത്താനും ആനുപാതികമായ തുക യുദ്ധാവസാനം കമ്പനിക്കുനൽകാനും അധികാരപ്പെടുത്തുന്ന ഒരു തിട്ടൂരം കോയമ്പത്തൂരിൽവെച്ച് ജനറൽ "മെഡോസിൽ" നിന്നും സമ്പാദിച്ചിരുന്നു. ഈ രവിവർമ്മ തമ്പുരാൻ "ഹിന്ദുധർമ്മരക്ഷകൻ" എന്ന പേരിൽ സമാദരണീയനായിരുന്നു. പ്രസ്തുത തിട്ടൂരത്തിലെ വ്യവസ്ഥകൾക്കു കീഴിൽ 1792 ആഗസ്റ്റ് 18 ാം തീയ്യതി കിഴക്കേ കോവിലകം ശാഖയിൽപ്പെട്ട നാലാംമുറ രാജാവുമായി കമ്മീഷണർമാർ ഉണ്ടാക്കിയ ഉടമ്പടി പ്രകാരം 4,16,336.25 രൂപ പ്രതിഫലം നിശ്ചയിച്ച് സാമൂതിരിയുടെ പേരിൽ, ജാമ്യമായി വിട്ടുകൊടുത്ത പാലക്കാട്ടിലെ നാടുകളിൽ ഒന്നാണ് " കൊല്ലങ്കോട് ".

സാമൂതിരി പിടിച്ചെടുത്ത പാലക്കാട് താലൂക്കിലെ ഭാഗങ്ങൾ ഉൽപ്പെട്ട " നടുവട്ടം " നാട്ടിലെ അംശങ്ങളാണ് പഴയ കൊല്ലങ്കോട്ടിലെ കിഴക്കേത്തറ, പടിഞ്ഞാറേത്തറ.

മലബാർ ജില്ലയിൽ മദിരാശി സംസ്ഥാനത്തിൽപ്പെട്ട ഈ പ്രദേശം 21 . 12 . 1937 ലെ ആർ. ഒ. സി. നമ്പർ 31435 / 37 ഉത്തരവു പ്രകാരമാണ് കൊല്ലങ്കോട് പഞ്ചായത്തായി രൂപീകരിക്കപ്പെട്ടത്. അന്ന് കൂടുതൽ വിസ്തീർണ്ണമുണ്ടായിരുന്ന ഈ പഞ്ചായത്തിലെ സീതാർകുണ്ട് പ്രദേശം 1962 ലെ പഞ്ചായത്ത് പുനർനിർണ്ണയ പ്രകാരം നെല്ലിയാമ്പതി പഞ്ചായത്തിലേക്ക് മാറ്റുകയുണ്ടായി. ഈ പഞ്ചായത്തിന്റെ തെക്കുഭാഗം തെന്മലയും, വടക്കുഭാഗം ഗായത്രി പുഴയും,, കിഴക്കുഭാഗം മുതലമട ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് എലവഞ്ചേരി ഗ്രാമപഞ്ചായത്തുമാകുന്നു.

1938 ജൂലൈ 30ന് കൊല്ലങ്കോട് മുസാവരി ബംഗ്ലാവിലാണ് ( ഇപ്പോഴത്തെ ട്രഷറി ) ആദ്യമായി കൊല്ലങ്കോട് പഞ്ചായത്ത് പ്രവർത്തനമാരംഭിച്ചത്. അതിലെ ഭരണസമിതി അംഗങ്ങളുടെ പേർ താഴെ കൊടുക്കുന്നു.

1. ശ്രീ. കാദർസായ്‌വ് റാവുത്തർ
2. ശ്രീ. ചെറുമൻ കണ്ണൻ
3. ശ്രീ. വി. വേലുമേനോൻ

22

4. ശ്രീ. സി. കുഞ്ഞി അനന്തമേനോൻ
5. ശ്രീ. കെ. അച്ചുതൻനായർ
6. ശ്രീ. എം. വാസുദേവൻനായർ
7. ശ്രീ. കെ. വി. രാജഗോപാലയ്യർ
8. ശ്രീ. എൻ. നഞ്ചപ്പൻപിള്ള
9. ശ്രീ. നെന്മണിഅപ്പു
10. ശ്രീ. പി. ശങ്കുണ്ണിനായർ
11. ശ്രീ. ആർ. ശങ്കരമേനോൻ
12. ശ്രീ. സി. അപ്പുക്കുട്ടത്തരകൻ
13. ശ്രീ. പി. എം. കിട്ടു
14. ശ്രീ. കൃഷ്ണമേനോൻ

ഇതിൽ പ്രസിഡണ്ട് വേലുമേനോനും, വൈസ് പ്രസിഡണ്ട് വി. ശങ്കുണ്ണിനായരുമായിരുന്നു.

മറ്റു പ്രസിഡണ്ടുമാരുടെയും, അവരുടെ ഭരണകാലത്തെയും താഴെ സൂചിപ്പിക്കുന്നു.

| | | |
|---|---|---|
| ശ്രീ. പി. എസ്. നാരായണസ്വാമി അയ്യർ | : | 1940 |
| ശ്രീ. ആർ. ശങ്കരമേനോൻ | : | 1940 ഡിസംബർ മുതൽ 1953 വരെ |
| ശ്രീ. സി. വാസുദേവമേനോൻ | : | 20 . 06 . 53 മുതൽ 2 . 6 . 88 വരെ |
| ശ്രീ. എൻ. വേലായുധൻ | : | 2 . 6 . 88 മുതൽ 5 . 10 . 95 വരെ |
| ശ്രീ. കെ. ശങ്കരൻ | : | 5 . 10 . 1995 മുതൽ |

നിരവധി ക്ഷേത്രങ്ങളുള്ള പ്രദേശമാണ് കൊല്ലങ്കോട്. കശ്യപമഹർഷിയാൽ സ്ഥാപിക്കപ്പെട്ട തിരുകാച്ചാംകുറുശ്ശി ക്ഷേത്രം ഇവയിൽ പ്രസിദ്ധമാണ്. കശ്യപമഹർഷി തപസ്സുചെയ്ത ഗോവിന്ദമല, വനവാസകാലത്ത് സീത സ്നാനം ചെയ്ത സ്ഥലമായ സീതാർകുണ്ട് എന്നീ സ്ഥലങ്ങളും ഈ പഞ്ചായത്തിലാണ്. തമിഴ്നാട്ടിനോട് ചേർന്ന സ്ഥലമായതിനാൽ തമിഴ് കലർന്ന മലയാളമാണ് ജനങ്ങൾ സംസാരിക്കുന്നത്. കാച്ചാംകുറുശ്ശി ക്ഷേത്രത്തിന്നരികെ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കുഴിച്ച കിടങ്ങുകളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം. ആദ്യത്തെ പഞ്ചായത്ത് യോഗം നടന്ന മുസാവരി ബംഗ്ലാവിനുചുറ്റും ( ഇന്നത്തെ സബ് ട്രഷറി ഓഫീസ് ) കിടങ്ങുകളുടെ ഭാഗങ്ങൾ ഇന്നും കാണാവുന്നതാണ്. വെങ്ങുംനാട് കോവിലകവും കളരിയും പുരാതന കെട്ടിടങ്ങളാണ്. അവയിൽ മിക്കവാറും ഇന്ന് നാമാവശേഷമായിരിക്കുന്നു. സംസ്കൃത ശിരോമണി പണ്ഡിറ്റ് വി. ഗോപാലൻനായർ കൊല്ലങ്കോട്ടാണ് ജനിച്ചത്. അദ്ദേഹത്തിന്റെ ജന്മഗൃഹം കൊല്ലങ്കോട് തറയിലെ ഇരഞ്ഞിമന്ദത്തിന്നടുത്ത് സ്ഥിതി ചെയ്യുന്നു.

വെങ്ങുംനാട് കോവിലകം രാജാക്കന്മാർ സ്ഥാപിച്ച രാജാസ് ഹൈസ്കൂളും ധാത്രി ഗേൾസ് ഹൈസ്കൂളും ഇന്ന് മാനേജ്മെന്റ് മാറിയാലും നല്ലനിലയിൽ പ്രവർത്തിക്കുന്നു. രാജാസ് ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്ന മഹാകവി പി. കുഞ്ഞിരാമൻനായരുടെ സ്മാരകമായി പി. സ്മാരകകേന്ദ്രവും, അതിനോടനുബന്ധിച്ച് ഗ്രന്ഥശാലയും നടന്നുവരുന്നു. രാജാസ് ഹൈസ്കൂളിൽ കഥകളി പാഠ്യവിഷയമാക്കി നടത്തിയിരുന്നു. വിവിധ സമുദായങ്ങൾ നടത്തിവരുന്ന ഉത്സവങ്ങളും, കണ്യാർകളി, കൊല്ലങ്കോട് ആറാട്ട്, തിരുകാർച്ചാംകുറുശ്ശി ആറാട്ട് എന്നിവയും പ്രസിദ്ധമാണ്.

23

## ഭൂപ്രകൃതിയും വിഭവങ്ങളും

അവലംബം : _ വിഭവഭൂപടങ്ങൾ, റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം

ഭൂപ്രകൃതി അനുസരിച്ച് കൊല്ലങ്കോട് പഞ്ചായത്തിനെ മുഖ്യമായും മൂന്ന് മേഖലകളായി തിരിക്കാം. 1. സമതലം 2. ചെരിവുപ്രദേശം 3. താഴ്‌വരകൾ. ഒന്നാം മേഖലയിൽ 50% വും രണ്ടാം മേഖലയിൽ 20% വും മൂന്നാം മേഖലയിൽ 30% വും ഉൾപ്പെട്ടിരിക്കുന്നു.

ഈ പഞ്ചായത്തിനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പ്രധാനമായി കാർഷിക മേഖലയുടെ ശോചനീയ സ്ഥിതിയും താഴ്ന്ന ഉൽപാദനക്ഷമതയുമാണ്. രണ്ടാമത് രൂക്ഷമായ തൊഴിലില്ലായ്മ, മൂന്നാമത് വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുടെ പോരായ്മയുമാണ്. നാലാമത് സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തക്കുറവാണ്.

### സമതലം

വിസ്തൃതിയിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ പ്രദേശത്ത് മണ്ണ് പശിമരാശി മണ്ണും, മണൽ കലർന്ന മണ്ണും, കളിമണ്ണുമാണ്. ഇവിടെ കൂടുതലായും നെൽകൃഷി ചെയ്യുന്നു. സമാന്തരവിളകളായി നിലക്കടല, തെങ്ങ്, വാഴ, മാവ്, പച്ചക്കറി, ഇഞ്ചി, എന്നിവ കൃഷി ചെയ്യുന്നു. സമതല പ്രദേശത്തുകൂടിയാണ് കേരളത്തെയും, തമിഴ്നാട്ടിനേയും ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേ റോഡ് പോകുന്നത്. ഇത് പാലക്കാട് ചുരത്തിൽപ്പെട്ട പ്രദേശമായതിനാൽ വരണ്ട കാറ്റ് അനുഭവപ്പെടുകയും മഴ കുറവായി ലഭിക്കുകയും ചെയ്യുന്നു.

### ചെരിവുപ്രദേശം

വിസ്തീർണ്ണത്തിന്റെ 20% ഈ വിഭാഗത്തിൽപ്പെടുന്നു. കുത്തനെയുള്ള ചെരിവുകൾ ഈ ഭാഗത്ത് വളരെ കുറവാണ്. ഈ ഭാഗങ്ങളിൽ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. വൃക്ഷങ്ങൾ താരതമ്യേന കുറഞ്ഞുവരുന്നു. തെക്കേപുഴയുടെ തെക്കു ഭാഗത്താണ് ഇതിൽ കൂടുതലും. ഈ പ്രദേശത്ത് മണൽ കലർന്ന മണ്ണാണ്. ഈ ഭാഗത്ത് കൂടുതലും വെള്ളം കുത്തിയൊലിക്കുന്നതിനാൽ പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശത്ത് നെല്ലും കടലയും തെങ്ങും കൃഷി ചെയ്യുന്നു.

### താഴ്‌വര

ഈ ഭാഗത്ത് മണൽ കലർന്ന പൂഴി മണ്ണാണ് ഉള്ളത്. കൂടാതെ ചെമ്മണ്ണും ഉണ്ട്. മണ്ണ് കുത്തിയൊലിക്കുന്നതിനാൽ കൃഷിനാശം ഉണ്ടാകുന്നു. ഈ പ്രദേശത്ത് നെല്ല്, നിലക്കടല, തെങ്ങ്, പച്ചക്കറികൾ, മാവ്, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യുന്നു. പ്രത്യേക ജലസേചന സൗകര്യമില്ലാത്തതിനാൽ വിളവുകൾ താരതമ്യേന കുറവാണ്. ഈ വിഭാഗം തെന്മലയോടുചേർന്നു കിടക്കുന്നതിനാൽ ഗതാഗതസൗകര്യം വളരെ കുറവാണ്.

24

ജനപ്രകൃതി

അവലംബം : _ കാനേഷുമാരി 1991

1991 ലെ കാനേഷുമാരി കണക്കുപ്രകാരം കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 28,323 ആണ്. ഇതിൽ 13,640 പുരുഷന്മാരും 14,683 സ്ത്രീകളുമാണ്. ഇതിൽ പട്ടികജാതിക്കാർ 6263 ആണ്. അതായത് ജനസംഖ്യയുടെ 22.10% ആണ്. വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടികയിൽ കൊടുക്കുന്നു. ഈ ഗ്രാമപഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം 7176 ആണ്. അതായത് ശരാശരി വീടൊന്നിന് 7.2 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. ചതുരശ്ര കിലോമീറ്ററിന് 1410 ആണ് ജനസാന്ദ്രത.

പട്ടിക 2

| വാർഡ്നമ്പ്ര് | ജനസംഖ്യ ( 1991 ) | | ആകെ |
|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | |
| 1. | 1119 | 1104 | 2213 |
| 2. | 1237 | 1424 | 2661 |
| 3. | 1211 | 1254 | 2465 |
| 4. | 1186 | 1230 | 2416 |
| 5. | 1284 | 1230 | 2514 |
| 6. | 1187 | 1026 | 2213 |
| 7. | 1108 | 1094 | 2203 |
| 8. | 1103 | 1193 | 2296 |
| 9. | 1219 | 1307 | 2526 |
| 10. | 1194 | 1211 | 2405 |
| 11. | 1016 | 1207 | 2217 |
| 12. | 1084 | 1110 | 2194 |

100% സാക്ഷരത കൈവരിച്ച പഞ്ചായത്താണ്. 15 വയസ്സിനുമേൽ പ്രായമുള്ളവരിൽ 40% എസ്.എസ്.എൽ. സി. പാസായവരാണ്. ബിരുദധാരികൾ 2012 പേരുള്ളപ്പോൾ ബിരുദാനന്തരബിരുദവും പ്രൊഫഷണൽ ബിരുദവും നേടിയവരുടെ എണ്ണം 312 മാത്രമാണ്. വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനെ അപേക്ഷിച്ച് കുറവാണ് കാണുന്നത്. മൊത്തം ജനസംഖ്യയിൽ 25% പേർ കാർഷിക മേഖലയിൽ ജോലിചെയ്യുന്നവരാണ്. കൃഷിക്കാരും ചെറുകിട കൃഷിക്കാരും മൊത്തം ജനസംഖ്യയിൽ 15% മാത്രമാണ്. ഇതിൽ കൃഷിക്കാർ 1017ഉം കർഷകത്തൊഴിലാളികൾ 6737ഉം കൃഷിയോടനുബന്ധിച്ച മറ്റു പ്രവൃത്തിക്കാർ 969 പേരും മറ്റു തൊഴിലുകളിൽ 305 പേരും ജോലിചെയ്തു വരുന്നു.

25

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 11,108 പേർ സ്ഥിരം തൊഴിലാളികളും 760 പേർ ഭാഗിക തൊഴിലാളികളുമാണ്. തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള കണക്കുകൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു. ഇതിൽ

നിന്നും തെളിയുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവണത സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്കാണ്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 70% ആയിരിക്കുമ്പോൾ സ്ത്രീകളുടെ 30% മാത്രമാണ്. ഇതിൽ തന്നെ മൂന്നിൽ ഒന്നോളം പേർ ഭാഗിക തൊഴിൽകാരമാണ്. കുടുംബവുമായി ബന്ധപ്പെട്ട സ്ത്രീകൾ ചെയ്യുന്ന ഉൽപാദനപരമായ തൊഴിലുകൾ കാനേഷുമാരി കണക്കെടുപ്പുകൾ പരിഗണിക്കുന്നില്ല എന്നതാണ് ഈ വ്യത്യാസത്തിന് കാരണം. പ്രത്യക്ഷമായി വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നത് ഗൗരവപരമായ പ്രശ്നമാണ്.

പട്ടിക 3

| മുഖ്യതൊഴിലുകൾ | സ്ത്രീ | പുരുഷൻ | മൊത്തം |
|---|---|---|---|
| | 4251 | 6857 | 11108 |
| ഭാഗികതൊഴിലുകൾ | 422 | 338 | 760 |
| മൊത്തം | 4673 | 7195 | 11868 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 31.83% | 52.75% | 41.90% |

മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ 25% മാത്രമേ ഉള്ളുവെങ്കിലും കാർഷിക മേഖലയിൽ സ്ത്രീകളാണ് മുന്നിൽ നിൽക്കുന്നത്. കർഷകത്തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

മൊത്തം 2410 പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 80% പേരും പത്താം തരം പാസായിട്ടുള്ളവരാണ്. രജിസ്റ്റർ ചെയ്തവരിൽ 10ൽ ഒന്നോളം പേർ ഇപ്പോൾ പല തൊഴിലുകളിലും ഏർപ്പെട്ടവരാണ്. 5ൽ ഒന്നോളം പേർ പഠനത്തിലുമാണ്. അഭ്യസ്ത വിദ്യരല്ലാത്ത തൊഴിൽ രഹിതർ വളരെ ചുരുക്കുംപേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്യുന്നുള്ളൂ. ഇതെല്ലാം പരിഗണിച്ച് ഒരു മതിപ്പ് കണക്കെടുക്കുകയാണെങ്കിൽ തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയും ഉള്ളവരിൽ നാലിലൊന്നു ഭാഗം പേർക്ക് ജോലിയില്ലെന്നു കണക്കാക്കാം.

തൊഴിലില്ലായ്മ സ്ത്രീകളിലാണ് ഏറ്റവും രൂക്ഷമായിട്ടുള്ളത്. തൊഴിലെടുക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകളിൽ 50% പേർക്കും തൊഴിലില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവരിൽ 1312 പേർ സ്ത്രീകളാണ്.

പൊതുവെ പറഞ്ഞാൽ ജാതിയുടെയും സമൂഹത്തിന്റെയും സ്വാധീനം കുറഞ്ഞു വരികയാണ്, ഇത്തരം ചേരിതിരിവുകളല്ല സാമൂഹ്യജീവിതത്തിന്റെ അടിത്തറ. ആകെ ജനസംഖ്യയിൽ 75% ഹിന്ദുക്കളും 24.5% പേർ മുസ്ലീങ്ങളുമാണ്. ക്രിസ്ത്യൻ സമുദായം ആകെ ജനസംഖ്യയിൽ 0.5% മാത്രമാണ്. ഹിന്ദുക്കളിൽ ഭൂരിഭാഗവും അവർണ്ണരാണ്. പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 22% ത്തോളം വരും.

കാർഷിക മേഖലയിൽ ചെറുശതമാനം മാത്രമേ കൃഷിക്കാരായി കരുതുന്നുള്ളൂ. ചെറു ന്യൂനപക്ഷം മാത്രമേ ഭൂമിയെ ഇന്ന് മുഖ്യ വരുമാനമാർഗ്ഗമായി കാണുന്നുള്ളൂ. ചെറുകിട ഭൂഉടമസ്ഥരിൽ ഭൂരിപക്ഷവും മറ്റ് മേഖലകളിൽ മറ്റു പ്രവൃത്തികളിൽ ഏർപ്പെടുന്നവരാണ്. എന്നാൽ ഇവർ തങ്ങളുടെ പറമ്പിലും വയലിലും കൃഷിപ്പണി ചെയ്യുവാൻ കർഷകത്തൊഴിലാളികളെ കൂലിവേലക്ക് ഏർപ്പെടുത്തുകയും ചെയ്യുന്നു. അതീവ സങ്കീർണ്ണമായ ഒരു ചെറുകിട ഉൽപാദനവ്യവസ്ഥയാണ് കൊല്ലങ്കോട് പഞ്ചായത്തിൽ ഇന്ന് നിലവിലിരിക്കുന്നത്. വ്യവസായ മേഖലയിൽ ഭൂരിപക്ഷം ആളുകളും അന്യ ജില്ലകളിൽ ചെറുകിട സ്ഥാപനങ്ങളിലോ സ്വകാര്യമേഖലയിലോ ആണ് പണിയെടുക്കുന്നത്.

## ജലപ്രകൃതി

മഴയെ ആശ്രയിച്ചിട്ടുള്ള ഒരു കാർഷിക വൃത്തിയാണ് കൊല്ലങ്കോടിൽ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 1533.10 മില്ലിമീറ്റർ മഴ മാത്രമെ ലഭിക്കുന്നുള്ളൂ. വർഷപാതത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന മഴയുടെ 80% കാലവർഷത്തിൽ നിന്നാണെന്ന് കാണും. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. മഴ ഏറ്റവും കുറവ് മാർച്ച്, ഏപ്രിൽ, നവംബർ, ഡിസംബർ മാസങ്ങളിലുമാണ്. ജനുവരി ഫെബ്രുവരി മാസങ്ങളിൽ മഴ ഒട്ടും തന്നെ ലഭിക്കാറില്ല. വർഷകാലങ്ങളിൽ മഴവെള്ളം കുത്തിയൊലിച്ച് പാഴായിപ്പോകുകയും വേനൽകാലത്ത് ജലക്ഷാമം രൂക്ഷമായി അനുഭവപ്പെട്ട് വരികയും ചെയ്തുവരുന്നു. 26

തെന്മലയിൽ നിന്നും ഒഴുകിവരുന്ന ഏതാനും തോടുകളും 250 ഓളം കുളങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ. ആകെ തോടുകൾ 38.5 കിലോമീറ്റർ നീളം വരും. ഇതിൽ പ്രധാനം ചങ്ങനാറ _ തോട്ടങ്കരതോട്, മുണ്ടിയൻപറമ്പ്_കണ്ടൻചിറ തോട്, ചുട്ടിച്ചിറ_ ഏനമംഗലംതോട്, കടുക്കാംപള്ളം _ചീരനിത്തോട്, മാതക്കോട്തോട്, ചീളക്കാട്_ചിങ്ങൻചിറതോട് എന്നിവയാണ്. പ്രസ്തുത തോടുകളിൽ വർഷകാലങ്ങളിൽ വെള്ളംപൊങ്ങി തോട്ടിന്റെ ബണ്ട് ഇടിഞ്ഞ് നെൽപ്പാടങ്ങളിൽ മണൽ വന്ന് അടിയുക പതിവാണ്.

കുളങ്ങളിൽ ഏറ്റവും വലുത് മണികുണ്ഡവും പെരുങ്കുളംചിറയുമാണ്. 2.5 ഏക്കറയിൽ കൂടുതൽ വിസ്തൃതിയുള്ള 82 കുളങ്ങളും ഒരേക്കർ മുതൽ 2 ഏക്കറ വരെയുള്ള 78 കുളങ്ങളും 1 ഏക്കറിൽ താഴെ വിസ്തൃതിയിലുള്ള 90 കുളങ്ങളുമാണുള്ളത്.

കൂടാതെ തെന്മലയുടെ താഴ്വരയിൽ ഐതിഹാസികമായ സീതാർകുണ്ടിൽനിന്നുള്ള വെള്ളം എല്ലാ മാസങ്ങളിലും തോട്ടിൽകൂടി ഒഴുകി എത്താറുണ്ട്. താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭ ജലസമ്പത്തുള്ള കൊല്ലങ്കോട്ടിൽ ഭൂഗർഭജലം ഉപയോഗിച്ച് ഈ പഞ്ചായത്തിൽ 3 കുഴൽകിണറുകളിൽ നിന്നും പൊതു ടാപ്പുകൾ വഴി ശുദ്ധജല വിതരണവും 43 കുഴൽകിണറുകളിൽ ഹാൻഡ് പമ്പ് വഴി ശുദ്ധജല വിതരണവും നടത്തുന്നു. എന്നിരുന്നാലും പൊതുവെ കാർഷികാവശ്യത്തിന്നും ശുദ്ധജലത്തിന്നും ക്ഷാമം അനുഭവിച്ചുവരുന്നു.

## പ്രധാന കുളങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | പേര് | വാർഡ് | വില്ലേജ് |
|---|---|---|---|
| 1. | മുതലിയാർകുളം | 1 | കൊല്ലങ്കോട് 2 |
| 2. | അയ്യപ്പൻകുളം | 1 | കിഴക്കേത്തറ |
| 3. | ആണ്ടിക്കൊളുമ്പ്കുളം | 2 | കിഴക്കേത്തറ |
| 4. | കണ്ടൻചിറകുളം | 3 | കിഴക്കേത്തറ |
| 5. | കൊങ്ങൻചാത്തിക്കുളം | 5 | കിഴക്കേത്തറ |
| 6. | ചൊവ്വേരിക്കുളം | 4 | കിഴക്കേത്തറ |
| 7. | പുലിക്കോട്കുളം | 6 | കിഴക്കേത്തറ |
| 8. | വെലങ്ങാൻകുളം | 8 | കൊല്ലങ്കോട് 2 |
| 9. | മാനക്കോട്കുളം | 7 | കൊല്ലങ്കോട് 2 |
| 10. | കോതക്കുളം | 9 | കൊല്ലങ്കോട് 2 |
| 11. | ധർമ്മിക്കുളം | 9 | കൊല്ലങ്കോട് 2 |
| 12. | പോത്തൻചിറ | 10 | കിഴക്കേത്തറ |
| 13. | പാപ്പാർകുളം | 11 | കിഴക്കേത്തറ |
| 14. | മണികുണ്ഡം | 12 | കിഴക്കേത്തറ |

ഏകദേശം 17 ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം ലഭിക്കുന്നുണ്ട്. കാലികമായി മോശമല്ലാത്ത ജലം ലഭിക്കന്ന പ്രദേശങ്ങളുമുണ്ട്. തീരെ വെള്ളം ലഭിക്കാത്ത പ്രദേശവും ഈ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ട്. മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലാണ് ഏറ്റവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

കുന്നിൻപ്രദേശങ്ങളും ചെരിവുകളും ഉൾക്കൊള്ളുന്ന പയ്യലൂർ, മൂക്കർശ്ശൻകുന്ന്, മരുതി_കൊശവൻകോട്കുന്ന്, ചീരണി, കാളിക്കുളമ്പ്, നെടുമണി, മേട്ടുപ്പാളയം, ചെങ്കംപൊറ്റ, പുളിങ്കൂട്ടതറ, ചിക്കണാംപാറ നെടുമണി, ചാത്തംപാറ എന്നീ പ്രദേശങ്ങൾ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. ഈ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 67 സാധാരണകിണറുകളിൽ 25% കിണറുകളിലും ഉപ്പുകലർന്ന ജലമാണ് ലഭ്യമാകുന്നത്.

# കൃഷിയും ജലസേചനവും

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷികപഞ്ചായത്താണ്. ഇവിടുത്തെ 75% ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ഇവിടുത്തെ ഭൂപ്രകൃതിയെ മൂന്നായി തരംതിരിക്കാവുന്നതാണ്.

1. സമതലപ്രദേശം
2. താഴ്‌വര
3. ചെരിവുള്ള പ്രദേശം

ഇടവപ്പാതി മഴയാണ് ഇവിടെ കൂടുതൽ ലഭിക്കുന്നത്. കുറഞ്ഞ തോതിൽ തുലാവർഷവും ലഭിക്കാറുണ്ട്. ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ചിലപ്പോൾ ഇടമഴയും കിട്ടാറുണ്ട്.

കൃഷിക്കനുയോജ്യമായ പശിമരാശി മണ്ണ്, മണൽകലർന്ന മണ്ണ്, ചെമ്മണ്ണ്, എന്നീതരം മണ്ണാണ് ഇവിടെ ഉള്ളത്.

നമ്മുടെ പഞ്ചായത്തിൽ 2122 ഹെക്ടർ സ്ഥലത്ത് പലതരം കൃഷികൾചെയ്തുവരുന്നു.

1832 ഹെക്ടർ സ്ഥലത്ത് നെല്ലും 90 ഹെക്ടർ സ്ഥലത്ത് തെങ്ങും 30 ഹെക്ടർ സ്ഥലത്ത് വാഴയും 130 ഹെക്ടർ സ്ഥലത്ത് നിലക്കടലയും 40 ഹെക്ടർ സ്ഥലത്ത് മിശ്രിത വിളകളും കൃഷി ചെയ്തുവരുന്നു.നെല്ല് ഒന്നാം വിളക്ക് 1832 ഹെക്ടറിൽ 6412 ടണ്ണും ഉൽപാദനക്ഷമത ഒരു ഹെക്ടറിൽ 3500 കിലോഗ്രാമുമാണ്. രണ്ടാം വിള 1500 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന നെല്ലിന്റെ മൊത്തം ഉൽപാദനം 5600 ടണ്ണും ഉൽപാദനക്ഷമത ഹെക്ടറിൽ 3200 കിലോഗ്രാമും ആണ്. തെങ്ങുകൃഷി 90 ഹെക്ടർ കൃഷി ചെയ്ത് 63,00000 നാളികേരം മൊത്തം ഉൽപാദിപ്പിക്കുന്നു. 1 ഹെക്ടറിലെ ഉൽപാദനക്ഷമത 215 കി.ഗ്രാം ആണ്.

കൃഷി വികസനത്തിന്റെ ഭാഗമായി കൊല്ലങ്കോട് കൃഷിഭവനു കീഴിൽ 20 നെല്ലുൽപാദക പാടശേഖരസമിതികൾ പ്രവർത്തിച്ചു വരുന്നു. പുറമെ പഞ്ചായത്തുതലത്തിൽ ഒരു കേര വികസന സമിതിയുമുണ്ട്.

## നെല്ലുൽപാദകപാടശേഖര സമിതികൾ :

| | | | |
|---|---|---|---|
| 1. | വെലങ്ങാംപാടം | 2. | മാമണി |
| 3. | തോണ്ടേക്കാട് | 4. | വാഴപ്പുഴ |
| 5. | മാതക്കോട് | 6. | ചിരണി |
| 7. | കണ്ണൻകൊളുമ്പ് | 8. | നെന്മേനി |
| 9. | തേക്കിൻചിറ | 10. | എടച്ചിറ |
| 11. | പാലക്കോട് | 12. | ചണ്ടനാറ |
| 13. | ആണ്ടിക്കൊളുമ്പ് | 14. | തോട്ടങ്കര |
| 15. | മണലിപ്പാടം | 16. | വേലംപൊറ്റ |
| 17. | അരുവന്നൂർപറമ്പ് | 18. | കാരാട്ടുപാടം |
| 19. | പാതനാറ | 20. | അമ്പാട്ടുപാടം |

എന്നിവയാണ്.

28

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽകൂടി 7.32 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന ഗായത്രിപുഴയിൽ നിന്നും, സുമാർ 11 കിലോമീറ്റർ നീളം വരുന്ന പലകപ്പാണ്ടിപ്പുഴയിൽ നിന്നും, 4 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന സീതാർകുണ്ട് പുഴയിൽനിന്നും, 32 കിലോമീറ്റർ നീളം വരുന്ന വിവിധ തോടുകളിൽ നിന്നും, 250ൽപരം ചെറുതും വലുതുമായ കുളങ്ങളിൽനിന്നും, 30 കുഴൽക്കിണറുകളിൽനിന്നും, 40 തുറന്ന കിണറുകളിൽനിന്നും കൃഷിക്കാവശ്യമായ വെള്ളം ഉപയോഗിച്ചു വരുന്നു.

നമ്മുടെ പഞ്ചായത്തിൽ 61 ട്രാക്ടറുകളും 8 പവർടില്ലറുകളും 125 ൽ അധികം നാടൻ കലപ്പകളും 205 ൽപരം നാപ്സാക് സ്പ്രെയറുകളും 4 റോക്കർ സ്പ്രെയറുകളും 400 ൽ അധികം ഡീസൽ വൈദ്യുതി പമ്പ് സെറ്റുകളും ഒരുമെതി യന്ത്രവും ഒരു തെങ്ങുകയറ്റ യന്ത്രവും കൃഷി ആവശ്യത്തിന്ന് ഉപയോഗിച്ചുവരുന്നു.

പഞ്ചായത്തിൽ കാർഷിക സഹകരണ ബാങ്കിന്ന് പുറമെ 5 ഓളം രാസവള വിൽപ്പന ഏജൻസികൾ സജീവമായി പ്രവർത്തിച്ചുവരുന്നു. അതേപോലെ തന്നെ 5 ഓളം കീടനാശിനി വിൽപ്പനകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

കാർഷിക വായ്പാ രംഗത്ത് കൊല്ലങ്കോട് അഗ്രിക്കൾചറൽ സർവ്വീസ് സഹകരണ ബാങ്ക് സജീവമായി പ്രവർത്തിച്ചുവരുന്നു. നടപ്പുവർഷം കാർഷികവായ്പ മാത്രം 65 ലക്ഷം രൂപ ബാങ്ക് വിതരണം ചെയ്തിട്ടുണ്ട്. അതിന്നുപുറമെ ദേശസാൽകൃത ബാങ്കുകളും കാർഷിക വായ്പ അനുവദിക്കുന്നുണ്ട്.

കൊല്ലങ്കോട് പഞ്ചായത്തിൽ ഒരു ഹെക്ടറിന് താഴെ ഭൂമി കൈവശക്കാരായി 2674 കൃഷിക്കാരും 697 പേർ ഒരു ഹെക്ടറിനും 2 ഹെക്ടറിന്നും ഇടക്ക് കൃഷി ഭൂമി ഉള്ളവരും, 103 പേർ 2 ഹെക്ടറിന്ന് മീതെ കൃഷിഉള്ളവരുമാണ്. ആകെ 3474 കർഷക കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൃഷിത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

മുഖ്യ കൃഷി നെൽകൃഷി യാണ്. പണ്ടു മുതൽക്കുതന്നെ നെൽകൃഷി ചെയ്തു വന്നിരുന്നു. അന്ന് ഭൂമി വളരെ ഫലഭൂയിഷ്ടമായിരുന്നു. പുച്ചെമ്പാൻ, മട്ടച്ചെമ്പാൻ, മോടൻ, നവര അന്നചെമ്പാൻ, കഴമ, ചന്നിനായകം എന്നീ നാടൻ വിത്തിനങ്ങൾ മുമ്പ് കൃഷി ചെയ്തിരുന്നു. അവ ഇപ്പോൾ തീരെ അപ്രത്യക്ഷമായിരിക്കുന്നു. ഹരിത വിപ്ലവത്തിന്റെ തുടക്കവും പുതിയ അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും യന്ത്രവൽകരണവും താത്കാലികമാണെങ്കിലും നെൽകൃഷി ലാഭകരമാക്കി . എന്നാൽ അശാസ്ത്രീയമായ രാസവളപ്രയോഗവും ജൈവവളങ്ങളുടെ ലഭ്യതക്കുറവും മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തി..

വെള്ളത്തിന്റെ ദൗർലഭ്യം, രാസവളങ്ങളുടെ അമിത വില, രോഗകീട ബാധകൾ, പുതിയ തലമുറയുടെ കൃഷിയോടുള്ള മനോഭാവം, വേണ്ട സമയത്ത് വേണ്ടത്ര ജോലിക്കാരെ കിട്ടായ്മ, കൂടിയ കൂലി നിരക്ക്, അനാവശ്യമായ തൊഴിൽ തർക്കങ്ങൾ എന്നിവ കൃഷിക്കാരന് കൃഷിയോട് താൽപര്യം കുറയാൻ ഇടയാക്കി. പുറമെ ഉൽപാദന ചിലവിന്ന് അനുസൃതമായ വില കിട്ടായ്മ ഒരു കർഷക കുടുംബത്തിന്ന് മാന്യമായി ജീവിക്കാനുള്ള വരുമാനം കൃഷിയിൽ നിന്ന് ലഭിക്കില്ലെന്നുമായപ്പോൾ കൃഷിയോടുള്ള താൽപര്യം കുറഞ്ഞു. ആവശ്യമായ വെള്ളം കിട്ടാത്തതുകൊണ്ട് തുടർച്ചയായ കൃഷിനാശം, നാശം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കായ്ക എന്നിവ പൊതുവെ കർഷകരെ ഈ മേഖലയോടു വിമുഖരാക്കി. കാർഷിക രംഗത്തുണ്ടായ വളർച്ചയും തളർച്ചയും പഞ്ചായത്തിന്റെ മൊത്തം ജനജീവിതത്തെ ബാധിച്ചു. നാട്ടിന്റെ നട്ടെല്ലെന്ന് നമ്മെളെല്ലാവരും ഉൽഘോഷിക്കുന്ന കർഷകൻ എല്ലാതലത്തിലും അവഗണിക്കുന്ന വർഗ്ഗമായി മാറിയിരിക്കുന്നു.കർഷകവൃത്തി മാന്യമായ ഒരു പ്രവർത്തിയായി കണ്ട് കൃഷിക്കും കൃഷിക്കാരനും ഭാവിയെപ്പറ്റി പ്രതീക്ഷ നൽകുന്ന പ്രായോഗിക നടപടികൾ ഉണ്ടായാൽ മാത്രമേ ഈ മേഖല പുഷ്ടിപ്പെടുകയുള്ളു.

29

## പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

മുഖ്യഭക്ഷ്യവിളയായ നെൽകൃഷി വളരെയധികം പ്രധിസന്ധി നേരിടുകയാണ്. നെൽകൃഷി നേരിടുന്ന മുഖ്യപ്രശ്നം ജലദൗർലഭ്യവും ഉൽപ്പാദനത്തിന്ന് ന്യായമായ വിലകിട്ടായ്മയുമാണ്.

1. കൊല്ലങ്കോട് പഞ്ചായത്തിൽ കൃഷിക്ക് ജലസേചനസൗകര്യം ലഭിക്കുന്നത് ചുള്ളിയാർ ഡാമിൽ നിന്നാണ്. എന്നാൽ വേണ്ടത്ര വെള്ളം കിട്ടാത്തുകൊണ്ട് നെൽകൃഷി മുൻകാലങ്ങളിലൊക്കെനഷ്ടത്തിലാണ്കലാശിച്ചിട്ടുള്ളത്. ഇതിനുപരിഹാരമായി ചുള്ളിയാർ ഡാമിൽ വെള്ളം നിറക്കുവാൻ പര്യാപ്തമായിട്ടുള്ള മീൻകര - ചുള്ളിയാർ ലിങ്ക് കനാൽ ആഴം കൂട്ടുന്ന പ്രവർത്തി അടിയന്തിരമായി ചെയ്ത് ഡാം നിറക്കുവാനുള്ള സാഹചര്യംഉണ്ടാക്കണം.

2. പലകപ്പാണ്ടിവെള്ളം ചുള്ളിയാർ ഡാമിലേക്ക് തിരിച്ചുവിട്ട് ഡാം നിറക്കാനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാകണം.

3. സീതാർകുണ്ട് വെള്ളച്ചാട്ടത്തിനു താഴെ ചള്ളഭാഗത്ത് മിനി ഡാം നിർമ്മിച്ച് പഞ്ചായത്തിലെ മലയോരകൃഷിഭൂമിയെ വരൾച്ചയിൽ നിന്ന് രക്ഷിക്കണം.

4. പലകപാണ്ടി വെള്ളച്ചാട്ടത്തിനുതാഴെ ഒരു മിനി ഡാം നിർമ്മിച്ച് ചീളക്കാട്, വേലങ്കാട്, ലക്ഷ്മണൻചള്ള , പെരിങ്ങോട്ടുശ്ശേരി, ചിങ്ങൻചിറ തുടങ്ങിയ സ്ഥലങ്ങളിലെ 300 ഹെക്ടർ സ്ഥലത്ത് ഒരു പുവ്വൽ കൃഷി, ഇരുപൂവ്വൽ കൃഷി ചെയ്യുന്നതിന്ന് സഹായകരമായ നടപടി ഉണ്ടാകണം.

5. കുരിയാർകുറ്റി - കാരപ്പാറ പദ്ധതി എത്രയും വേഗം നടപ്പിലാക്കി ചുള്ളിയാർ ഡാം നിറക്കുകയും മലയോരകൃഷിഭൂമിക്ക് ജലസേചന സൗകര്യം ലഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും വേണം.

6-1 പഞ്ചായത്തിൻേറ വടക്കേ അതിർത്തിയായ ഗായത്രി പുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി പുഴക്കൽ തറ, കാര്യാണ്ടം, കാരാട്ടുപാടം, മാമ്പ്രപ്പാടം, എന്നീ പ്രദേശങ്ങളിലുള്ള 60 ഹെക്ടർ കൃഷിക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

2. 2-ാം വാർഡിൽ ചെങ്കംപൊറ്റ ഭാഗത്ത് ഒരു ചെക്ക്ഡാമം ലിഫ്റ്റ് ഇറിഗേഷനും നിർമ്മിച്ച് ചെങ്കംപൊറ്റ, തോട്ടങ്കര, പ്രദേശത്തെ 50 ഹെക്ടർ സ്ഥലത്ത് കൃഷി വരൾച്ചയിൽനിന്നും സംരക്ഷിക്കണം.

3. ഗായത്രി പുഴയിൽ ആനമാറി ഭാഗത്ത് ഒരു ചെക്ക്ഡാമും ലിഫ്റ്റ് ഇറിഗേഷനും ഏർപ്പെടുത്തി 50 ഹെക്ടർ സ്ഥലത്ത് കൃഷി സംരക്ഷിച്ച് എടുക്കാൻ സാധിക്കും.

4. പലകപ്പാണ്ടി പുഴയിൽ തേക്കിൻചിറ ഭാഗത്ത് ഒരു തടയണയും ലിഫ്ററ് ഇറിഗേഷൻ സൗകര്യവും ഉണ്ടാക്കി ചിളക്കാട്, പൂങ്കയം, പെരുങ്ങോട്ടുശ്ശേരി, തുടങ്ങി 70 ഹെക്ടർ സ്ഥലത്തും ജലസേചന സൗകര്യം ഏർപ്പെടുത്തണം.

5. മലയോര കൃഷി പ്രദേശമായ താമരപ്പാടം ഭാഗത്ത് പലകപ്പാണ്ടി പുഴയിൽ ഒരു തടയണയും ലിഫ്റ്റ് ഇറിഗേഷനും ഉണ്ടാക്കി സുമാർ 25 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തണം. 30

6. 9–ാം വാർഡൽ ചേകോൽകടവിൽ ഒരു തടയണ നിർമ്മിച്ചാൽ ലിഫ്റ്റ് ചെയ്യാതെതന്നെ 20 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാകും. 50വർഷം മുൻപ് ഈ സ്ഥലത്ത് കല്ലുകൊണ്ടുള്ള ഒരു തടയണ ഉണ്ടായിരുന്നതായി പഴയ കൃഷിക്കാർ അവരുടെ അനുഭവത്തിൽ നിന്ന് പറയുന്നു.

7. പലകപ്പാണ്ടി പുഴയുടെയും സീതാർകുണ്ട് പുഴയുടെയും സംഗമസ്ഥലമായ * കാക്ക കൊത്തും മടമ്പിൽ, ഒരു ചെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി യാതൊരു ജലസേചന സൗകര്യവും ഇല്ലാത്ത തോണ്ടക്കാട്, ആര്യംകൊളമ്പ്, പനംകാവ്, നാരങ്ങ, വെണ്ണക്കുറ, നടുപ്പാടം തുടങ്ങിയ സ്ഥലങ്ങളിലെ 100 ഹെക്ടർസ്ഥലത്തെ കൃഷിഭൂമി വരൾച്ചയിൽനിന്ന് രക്ഷിക്കുവാൻ കഴിയും. സീതാർകുണ്ട് പുഴയിലൂടെയും, ചുള്ളിയാർ ഡാമിൽനിന്നും ജലസേചനം ലഭിക്കുന്ന സമയത്ത് പലകപാണ്ടി പുഴയിലൂടെയും ധാരാളം വെള്ളം നിർദ്ദിഷ്ട സ്ഥലത്ത് ഒഴുകി എത്താറുണ്ട്.

8. ഈ പഞ്ചായത്തിൽ വലുതും ചെറുതുമായ ധാരാളം സ്വാകാര്യ കുളങ്ങൾ ഉണ്ട്. ഇത് മുഴവൻ ജലം സംഭരിച്ച് കൃഷിക്കുള്ള ജലസേചനത്തിനാണ് ഉപയോഗിച്ച് വരുന്നത്. ഇവയിൽ മിക്കതും മണ്ണു തൂർന്നും പായൽ മൂടിയും ശരിയായ തോതിൽ ജലം സംഭരിക്കാൻ കഴിയാറില്ല. ഇവ ആഴം കൂട്ടി പായൽ നീക്കം ചെയ്താൽ പൂർണ്ണമായ തോതിൽ മഴക്കാലത്ത് ജലം സംഭരിച്ച് വെക്കാൻ കഴിയുകയും കൃഷിഭൂമിയെ വരൾച്ചയിൽ നിന്നും സംരക്ഷിക്കുവാനും ഉൽപ്പാദന വർദ്ധനവിനും കർഷകതൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നതിനും ഒരു പരിധിവരെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും പ്രയോജന പ്രദമാകും.

| | | | | | | |
|---|---|---|---|---|---|---|
| 1 – ാം വാർഡിൽ | 10 | കുളങ്ങൾ | 7 – ാം | ,, | 13 | കുളങ്ങൾ |
| 2 – ാം ,, | 11 | ,, | 8 – ാം | ,, | 7 | ,, |
| 3 – ാം ,, | 10 | ,, | 9 – ാം | ,, | 17 | ,, |
| 4 – ാം ,, | 11 | ,, | 10 – ാം | ,, | 13 | ,, |
| 5 – ാം ,, | 9 | ,, | 11 – ാം | ,, | 10 | ,, |
| 6 – ാം ,, | 7 | ,, | 12 – ാം | ,, | 10 | ,, |

8. 10 – ാം വാർഡിൽ കടുക്കാംപളം തോട്ടിൽ നിലവിലുള്ള കരിങ്കൽ നിർമ്മിത തടയണ പുതുക്കി പണിത് മെച്ചമായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കുമാറാക്കണം.

9. കാലമൂടി – ചാത്തൻചിറ തോട്ടിൽ ഒരു തടയണ നിർമ്മിച്ച് കൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കണം.

10. സീതാർകുണ്ട് പുഴയിൽ നിലവിലുള്ള കല്ലണയുടെ കേടുപാടുകൾ തീർത്ത്, ജലസേചന ചാലുകളുടെ ചോർച്ചകൾ പരിഹരിച്ച്, മെച്ചമായ ജലസേചന സൗകര്യം ലഭ്യമാക്കണം. കല്ലണ ഇടതു ചാലിൽ വെണ്ണക്കൊറയിൽ നിന്നും നടുപ്പാടം വരെ ചാൽ ദീർഘിപ്പിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

11. ഈ പഞ്ചായത്തിലെ മിച്ചഭൂമിയായി സർക്കാർ കൈവശം വെച്ചിട്ടുള്ള പുലിക്കോട്ട് കുളം പഞ്ചായത്തിന് കൈമാറുകയും പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ സമീപ കൃഷികൾക്ക് ജലസേചന സൗകര്യം നടത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണം. മാത്രമല്ല റവന്യൂ രേഖകൾ പ്രകാരം സർക്കാരിൻെറ കൈവശമുള്ള എല്ലാ കുളങ്ങളും പഞ്ചായത്തിനു കൈമാറുകയും പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ കൃഷികാർക്ക് ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവുകയും വേണം.

31

12. ചുള്ളിയാർ ഡാമിൽ നിന്നും കൊല്ലങ്കോട് പഞ്ചായത്തിലെ കൃഷിഭൂമിക്ക് ജലസേചനം നടത്തുന്ന 1 ബി കനാൽ പൂർണ്ണമായും കോൺക്രീറ്റ് ചെയ്തും സുഖമമായി ജലസേചന സൗകര്യം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ചുള്ളിയാർ ഡാമിൽനിന്നും കൃഷിക്ക് വെള്ളം തുറന്നുകൊടുക്കുന്നതിനു മുമ്പായിട്ടുതന്നെ കനാലുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതുംനിർബന്ധമാക്കണം.

13. തെങ്ങ് കൃഷിക്ക് ഡ്രിപ്പ് ഇറിഗേഷനും സ്പ്രിംഗ്ളർ ഇറിഗേഷനും ഏർപ്പെടുത്തുന്നതിന് കൃഷികാർക്ക് സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.

14–1. ഈ പഞ്ചായത്തിലെ പലകപ്പാണ്ടി സീതാർകുണ്ട് പുഴകളുടെയുംകടുക്കാംപള്ളംമുതൽമാതക്കോട്‌വരെയുള്ള തോടിൻെറയും, പുലിക്കോട് വെള്ളനാറ തോടിൻെറയും, കണ്ടൻചിറ ചങ്ങനാറ തോട്ടങ്കര തോടിൻെറയും, കുതിരോട്ട് കൊളമ്പ് തോടിൻെറയും, മാരിപ്പാടം ചാത്തൻചിറ തോടിൻെറയും, ചാത്താൻപാറ മുരിക്കിൻകോട് തോടിൻെറയും, പുത്തൂർപാടം നെടുമണി തോടിൻെറയും സൈഡ് ഭിത്തി കെട്ടി മണ്ണ് ഒലിപ്പ് തടയുന്നതിനും, കൃഷിഭൂമിയിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

15–1. നെൽകൃഷിക്ക് അത്യുൽപ്പാദന ശേഷിയുള്ളതും കീടരോഗ പ്രതിരോധ ശക്തിയുള്ളതുമായ വിത്തിനങ്ങൾ കൃഷി തുടങ്ങുന്നതിനു മുമ്പായി തന്നെ കൃഷികാർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

2. എല്ലാ കൃഷിക്കും ജലസേചനത്തിന് ഉപയോഗിക്കുന്ന വൈദ്യുതി പമ്പുസെറ്റുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കണം.

3. കൃഷിക്ക് രോഗകീടബാധ ഉണ്ടാകുമ്പോൾ അത് പ്രധിരോധിക്കുന്നതിന് ഫലപ്രഥമായ ശാസ്ത്രീയ ഉപദേശങ്ങളും ഉപകരണങ്ങളും കീടനാശിനി, കുമിൾനാശിനി എന്നിവയും യഥാസമയം സബ്സിഡി നിരക്കിൽ കിട്ടുന്നതിന്നുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

4. രാസവളം കുറഞ്ഞ വിലക്ക് കൃഷിക്കാർക്ക് കിട്ടുമാറാക്കണം.

5. ട്രാക്ടർ, ടില്ലർ, ജലസേചനത്തിന് ഉപയോഗിക്കുന്ന പമ്പുസെറ്റുകൾ, കൊയ്ത്ത് മെതി യന്ത്രങ്ങൾ മുതലായവ ആവശ്യമുള്ള കൃഷിക്കാർക്ക് വാങ്ങുന്നതിന് സബ്സിഡി അനുവദിക്കണം.

6. ഉൽപാദന ചിലവിന് അനുസൃതമായി കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കണം. ഒരു കർഷക കുടുംബത്തിന് മാന്യമായി ജീവിക്കുന്നതിന് തൻെറ കൃഷിഭൂമിയിൽനിന്ന് വരുമാനം ലഭിക്കുന്നില്ലെങ്കിൽ ഏതൊരു കൃഷിക്കാരനും കൃഷി ഉപേക്ഷിച്ച് മറ്റ് തൊഴിൽ തേടിപ്പോകാൻ ഇടയാകും. ഇതുമൂലം നമ്മുടെ നാട്ടിന് ഭക്ഷ്യക്ഷാമം ഉണ്ടാകാനുള്ള സാദ്ധ്യതകൾ ഉണ്ടാകും.

7. എല്ലാ കാർഷിക വിളകൾക്കും ഇൻഷൂറൻസ് പദ്ധതിയുടെ പ്രയോജനം കിട്ടുന്നതിന് ഇൻഷൂറൻസ് നിയമവ്യവസ്ഥകൾ വളരെ ലളിതമാക്കണം.

8. പഞ്ചായത്ത് അതിർത്തിയിലെ പുഴകളിൽ നിന്ന് മണൽ വാരുന്നതുമൂലം കൃഷിക്ക് വളരെയേറെ ദോഷം സംഭവിക്കുന്നു. മണൽ വാരൽ നിരോധിക്കണം.

9. പഞ്ചായത്തിലെ കാർഷികവിളകൾക്ക് ഫലപ്രദമായി വളപ്രയോഗം നടത്താൻ മുഴുവൻ പാടശേഖരത്തിലും മണ്ണ് പരിശോധിച്ച് ഘടന നിശ്ചയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

10. വർഷങ്ങളായി അമിതമായി രാസവള പ്രയോഗംകൊണ്ട് ജൈവാംശം നഷ്ടപ്പെട്ട കൃഷിഭൂമി സംപുഷ്ടമാക്കുന്നതിന് കംപോസ്റ്റ് വളം ഉണ്ടാക്കി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി ഉണ്ടാവണം.

16–1. തെങ്ങ് കൃഷിക്കാർക്ക് അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈയ്കൾ സബ്സിഡി നിരക്കിൽ കിട്ടുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കണം.

2. തെങ്ങ് കൃഷിക്കാർക്ക് തെങ്ങ്കയറ്റ യന്ത്രവും തേങ്ങ പൊതിക്കുന്ന ഉപകരണവും സൗജന്യമായി ലഭിക്കണം.

3. നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

4. ഒരു നാളികേര സംസ്കരണശാല പഞ്ചായത്തുതലത്തിൽ സ്ഥാപിക്കണം.

17–1 തെൻമലയോരപ്രദേശത്ത് നിലക്കടല കൃഷി വ്യാപകമായി ചെയ്തുവന്നത് ഒന്നുരണ്ട് വർഷമായി വളരെ കുറഞ്ഞുപോയിട്ടുണ്ട്. രോഗകീട ബാധയും കാട്ടുപന്നിയുടെ ഉപദ്രവവും ആണ് നിലക്കടല കൃഷി കുറയാൻ കാരണം.

1. നിലക്കടലക്ക് വരുന്ന " ടിക്കാ " മുതലായ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. കാട്ടുപന്നിയുടെ ഉപദ്രവം കുറക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുക.

3. തമിഴ്നാട്ടിലെ കച്ചവടക്കാരുടെ ചൂഷണത്തിൽനിന്നും നിലക്കടല കൃഷിക്കാരെ രക്ഷപ്പെടുത്തുകയും ഉൽപ്പന്നത്തിന് 32

ന്യായവില കിട്ടുന്നതിനുള്ള നടപടികളും ഏർപ്പെടുത്തുക.

4. ഒരു നിലക്കടല സംസ്കരണശാല പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

18. അടുത്തകാലത്തായി മാവിൻ കൃഷി വ്യാപകമായി ചെയ്തുവരുന്നു. നല്ലയിനം മാവിൻതൈയ്കൾ ലഭിക്കുന്നതിനും ഉൽപ്പാദനത്തിന് ന്യായമായ വിലയും കിട്ടുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാവണം.

19. ഇഞ്ചി കൃഷി കുറഞ്ഞ തോതിൽ ചെയ്തു വരുന്നു. മൂടുചീയൽ രോഗം മൂലവും പ്രകൃതിക്ഷോഭം മൂലവും കൃഷി നാശം സംഭവിക്കുന്നു. പരിഹാര നടപടികളും നഷ്ടപരിഹാരവും ലഭ്യമാക്കണം.

20. വാഴ കൃഷിക്ക് കാറ്റുമൂലം നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

21. ഈ പഞ്ചായത്തിൽ മഴക്കാല പച്ചക്കറി കൃഷി വ്യാപകമായി ചെയ്തുവരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ വളരെ കുറഞ്ഞ തോതിലേ നടത്തിവരുന്നുള്ളു. മുൻകാലങ്ങളിൽ വേനൽക്കാല പച്ചക്കറി കൃഷി വ്യാപകമായി പുഴയോരങ്ങളിൽ നടന്നുവന്നിരുന്നു. എന്നാൽ ജലദൗർലഭ്യം മൂലവും രോഗകീടബാധമൂലവും വേനൽക്കാല പച്ചക്കറി കൃഷി പാടെ ഉപേക്ഷിച്ചിരിക്കുന്നു. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ലാഭകരമാക്കുന്നതിനും സഹായകരമായ നടപടികൾ ഉണ്ടാവണം.

1. കൃഷി വകുപ്പിൻെറ കീഴിൽ ഒരു പച്ചക്കറി സ്റ്റാൾ തുടങ്ങണം. ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾ കൃഷിവകുപ്പ് ന്യായമായ വിലക്ക് എടുക്കണം. ഇതുമൂലം ഉപഭോക്താവിന് ന്യായവിലക്ക് സാധനങ്ങൾ കിട്ടുകയും ഉൽപ്പാദകന് ന്യായമായ വില ലഭിക്കുകയും ചെയ്യും.

2. രോഗപ്രതിരോധശക്തിയുള്ള പച്ചക്കറി വിത്തിനങ്ങൾ ലഭ്യമാക്കണം.

3. കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ ശാസ്ത്രീയ പച്ചക്കറി കൃഷിചെയ്യുന്നതിനുള്ള ഉപദേശങ്ങൾ നൽകണം.

4. ഇപ്പോൾ തമിഴ്നാട്ടിൽ നിന്ന് പഞ്ചായത്തിലെ മൊത്തം ആവശ്യത്തിനുള്ള പച്ചക്കറികളിൽ 50 ശതമാനവും അമിതവിലക്കാണ് വാങ്ങിക്കൊണ്ടുവരുന്നത്. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കാൻ എല്ലാ നടപടികളും സ്വീകരിക്കണം.

22. കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർ ആഴ്ചയിൽ ഒരിക്കൽ എല്ലാ പാടശേഖരങ്ങളും സന്ദർശിച്ച് വിദഗ്ദ്ധ ഉപദേശങ്ങൾ നൽകണം.

23. ഡാമിൽ നിന്നും വെള്ളം കിട്ടാത്ത കൃഷിക്കാർക്കും വരൾച്ച ബാധിച്ച കൃഷി ഉടമകൾക്കും ജല നികുതി ഒഴിവാക്കണം.

24. ഗായത്രി എൽ. ബി. കനാലിൻെറ 16-500 മീറ്ററിൽ പയ്യലൂർ ബ്രാഞ്ച് കനാലിലൂടെ കൂടിയ തോതിൽ വെള്ളം ലഭിക്കുന്നതിന് ഒരു റഗുലേറ്റർ സ്ഥാപിക്കണം. 5 കിലോമീറ്റർ ദൂരം വരുന്ന വാലറ്റ പ്രദേശത്ത് വെള്ളം ലഭിക്കാൻ വളരെയേറെ പ്രയാസപ്പെടുന്നു.

25. കൊയ്ത്തുകാലത്ത് നെല്ലിന് വില ക്രമാതീതമായി താഴുന്നതുകൊണ്ട് നെല്ലിന് താങ്ങുവില പ്രഖ്യാപിച്ച് സംഭരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

26. ചുരിക്കാടുതോട്ടിൽ നിർമ്മിച്ചിട്ടുള്ള ചെക്ക് ഡാമിൻെറ ഷട്ടറുകൾ കേടുപാടുകൾ തീർത്ത് വെള്ളത്തിൻെറ ചോർച്ച തടയാനുള്ള നൾപടി സ്വീകരിക്കണം.

27. പയ്യലൂർ മൊക്കിൽനിന്ന് തെക്കോട്ടുള്ള കൃഷിഭൂമിക്ക് ജലസേചനം നടത്തുന്ന ഫീൽഡ് ചാല് വീടുകൾനിർമ്മിച്ചതുമൂലം ജലസേചന സൗകര്യം തടസ്സപ്പെട്ടിരിക്കുന്നു. അത് പുന:സ്ഥാപിച്ചു കിട്ടുന്നതിന്നുള്ള നടപടികൾ സ്വീകരിക്കണം.

28. പഞ്ചായത്തിലെ 4, 5, 9 വാർഡുകളിലെ 11ൽ അധികം കുന്നുകളിൽ ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക.

29. മേൽപ്പറഞ്ഞ 11 കുന്നുകളിലും നല്ലൊരു ഭാഗം കൃഷിക്ക് ആവശ്യമായ പച്ചിലതൂപ്പ് ലഭിക്കുന്ന മരങ്ങൾ വെച്ചുപിടിപ്പിക്കുക.

30. കാച്ചാംകുറിശ്ശി മുതൽ പറയംമ്പള്ളം വരെയുള്ള ചുള്ളിയാർ ഡാം എൽ. ബി. കനാലിൻെറ വീതികൂടിയ ഭാഗത്ത് പച്ചിലവളം ലഭിക്കുന്ന മരം വെച്ച് പിടിപ്പിക്കുക. ഭാവിയിൽ ഇത് കൃഷിക്കാർക്ക് ഉപകാരപ്രദമാകും.

31. തെൻമലയോരത്തെ കൃഷിഭൂമിയെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കുന്നതിന് മുൻകാലത്ത് ഉണ്ടായിരുന്ന പൊള്ളമടചാല്, തോണ്ടേക്കാട്ടുചാല് മുതലായവ പുന:സ്ഥാപിക്കേണ്ടതാണ്.

32. തെങ്ങു കൃഷിക്ക് മറ്റു ജില്ലകളിൽ നൽകിവരുന്ന സഹായങ്ങൾ പാലക്കാട് ജില്ലക്ക് ഇപ്പോൾ കിട്ടുന്നില്ല. അത് പാലക്കാട് ജില്ലക്കുകൂടി വ്യാപിപ്പിക്കണം.

33. കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ കൃഷിക്കാർക്കും ഭാവിയെക്കുറിച്ച് പ്രതീക്ഷിക്കുന്നതിന് 55 വയസ്സ് പൂർത്തിയാകുന്ന എല്ലാ കൃഷിക്കാർക്കും പെൻഷൻ അനുവദിക്കണം.

34. ചെരിഞ്ഞുകിടക്കുന്നതും തട്ടുതട്ടായി കിടക്കുന്നതുമായ കൃഷിയിടങ്ങൾ നിരപ്പാക്കുന്നതിന് ധനസഹായം അനുവദിക്കേണ്ടതാണ്.

# മൃഗസംരക്ഷണവും മൽസ്യബന്ധനവും

കാർഷികമേഖലയായ ഈ ഗ്രാമപഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുകാളകളെന്ന നിലയിലും, വണ്ടി വലിക്കുന്നതിനും, പാൽ ഉൽപാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്ക് ആവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സ് കന്നുകാലികളായിരുന്നു. കാലിവളർത്തൽ മുഖ്യ തൊഴിലാക്കിയ നിരവധി കുടുംബങ്ങൾ മുൻകാലത്ത് കൊല്ലങ്കോട് പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഒന്നാം വിള നെൽകൃഷി കഴിഞ്ഞാൽ വിശാലമായ പാടങ്ങളിലും, പറമ്പിലും കാലിമേക്കാനുള്ള സ്ഥലമായിരുന്നു. കാലികളെ കൂട്ടമായി മേക്കുന്ന പതിവാണ് പണ്ട് ഉണ്ടായിരുന്നത്. ഇന്നത്തെപോലെ വേലികെട്ടുകളോ മതിലുകളോ തെങ്ങുകൃഷിയോ അന്ന് ഉണ്ടായിരുന്നില്ല. അതിനാൽ ഓരോ സമയത്ത് വിശാലമായ വയലുകളിലും പറമ്പുകളിലും നൂറുകണക്കിന് കാലികളെ കൂട്ടായി മേക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പഞ്ചായത്തിലെ കുറച്ചുയർന്ന തലക്കാർ അവരുടെ കാലികളെ അവരുടെ പണിക്കാർക്ക് വളർത്താൻ ഏൽപ്പിക്കുന്ന രീതിയും അന്ന് നിലവിലുണ്ടായിരുന്നു. യന്ത്രവൽകൃത രീതിയിലുള്ള കൃഷി ഉപകരണങ്ങളുടെ വരവോടുകൂടി വളർത്തുകാളകളുടെ എണ്ണം ഗണ്യമായി കുറയുകയും ഇപ്പോൾ കൃഷി ആവശ്യത്തിനായി വളർത്തുകാളകളെ ഉപയോഗിക്കുന്ന പതിവ് ഇല്ലാതാവുകയും ചെയ്തുകൊണ്ടിരിക്കുന്നു.

കൂടാതെ പാടങ്ങളിൽ കെട്ടിടം പണിയും തെങ്ങ് കൃഷിയും മാവ് കൃഷിയും, നിലക്കടല, ഇഞ്ചി, പച്ചക്കറി മുതലായ കൃഷി ഇറക്കിയതോടെയും, കാലി മേക്കുന്ന പ്രവൃത്തിക്ക് തൊഴിലാളികളെ കിട്ടാത്തതിൻെറ അടിസ്ഥാനത്തിൽ കാലിസമ്പത്ത് ധന്യമായി കുറഞ്ഞുവന്നുകൊണ്ടിരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ പ്രധാനമായി പശു, എരുമ, ആട്, കാള എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. പക്ഷികളിൽ പ്രധാനം കോഴികളും.

വളർത്തുമൃഗങ്ങളും പക്ഷികളും

| | | | | |
|---|---|---|---|---|
| 1. | പശു | ലൈവ് സ്റ്റോക്ക് സെൻസസ് | – | 1996 |
| | | ക്രോസ് ബ്രെഡ് ക്യാറ്റിൽ എം. | – | 309 |
| | | എഫ് | – | 1760 |
| | | ഇൻ മിൽക്ക് | – | 623 |
| | | ആകെ | – | 2069 |
| | " | ഇൻഡിജീനസ് ക്യാറ്റിൽ എം | – | 220 |
| | | എഫ് | – | 1025 |
| | | ഇൻ മിൽക്ക് | – | 361 |
| | | ആകെ | – | 3314 |
| 2. | പോത്ത് | എം | – | 191 |
| | | എഫ് | – | 303 |
| | | ആകെ | – | 494 |

| | | |
|---|---|---|
| ചെമ്മരിയാട് | – | 167 |
| കോലാട് | – | 2230 |
| പന്നി | – | 44 |
| നായ | – | 1526 |
| മുയൽ | – | 30 |
| കുതിര | – | ഇല്ല |
| കഴുത | – | ഇല്ല |
| പൂവൻകോഴി + പിടകോഴി | – | 9904 |
| കോഴിക്കുഞ്ഞുങ്ങൾ | – | 2018 |
| ആകെ | – | 11922 |
| താറാവ് | – | 154 |
| താറാവ് കുട്ടി | – | 62 |
| ടർക്കി കോഴി | – | 24 |
| മറ്റുള്ളവ | – | 5 |

ഇപ്പോഴത്തെ കണക്ക് കഴിഞ്ഞ 50 വർഷത്തെ പ്രായമായവരിൽനിന്നും അറിവായ കണക്കുകൾ അനുസരിച്ച് അന്നത്തെതിൻെറ 10% ത്തിലും കുറവാണെന്ന് കാണും.

കാളവണ്ടി, കലപ്പ, എന്നിവയുടെ ഉപയോഗം ക്രമേണ ഇല്ലാതായികൊണ്ടിരിക്കുന്നു. ഇപ്പോഴുള്ള കന്നുകാലികളിൽ പകുതിയും അത്യുൽപ്പാദനശേഷിയുള്ളവയല്ലത്രെ.

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു വെറ്റിനറി ഡിസ്പ്പൻസറി ആണ്. ഇത് ഈ പഞ്ചായത്തിൻെറ ആവശ്യത്തിന് അപര്യാപ്തമാണ്.

ക്ഷീരവിപണനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടുണ്ടെന്ന് പറയുവാനാവില്ല. പഞ്ചായത്തിൽ ആകെ കൊല്ലങ്കോട് ക്ഷീരവ്യവസായസംഘം എന്ന പേരിൽ ഒരു സ്ഥാപനം മാത്രമാണ് ഉള്ളത്. ഇതിൽ ഒരു ദിവസം 850 മുതൽ 900 ലിറ്റർ വരെ പാൽ ശേഖരിക്കുന്നു. ഇതിൽ 700 ലിറ്റർ മുതൽ 800 ലിറ്റർ വരെ ഈ പഞ്ചായത്തിൽതന്നെ വിൽക്കുന്നു. ബാക്കി 100 ലിറ്റർ മുതൽ 200 ലിറ്റർവരെയുള്ള പാൽ മാത്രമാണ് പുറമെ അയക്കുന്നത്.

കാലിത്തീറ്റയുടെ ദൗർലഭ്യമാണ് കന്നുകാലി വളർത്തുകാർ നേരിടുന്ന പ്രധാന പ്രശ്നം. മേച്ചിൽ സ്ഥലം ഒട്ടും ഇല്ലാതായിട്ടുണ്ട്. നെൽകൃഷി ഗണ്യമായി കുറഞ്ഞതുകൊണ്ടും വൈക്കോൽ അന്യ ജില്ലകളിലേക്ക് കൊണ്ടുപോകുന്നതുകൊണ്ടും വൈക്കോലിന് വലിയ ക്ഷാമമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഇറച്ചികോഴി വളർത്തൽ സാമാന്യം ലാഭകരമായി നടക്കുന്നുണ്ടിവിടെ. ഇത്തരത്തിലുള്ള 3 യൂണിറ്റുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതേ സമയം മുട്ടകോഴി വളർത്തൽ വ്യവസായ അടിസ്ഥാനത്തിൽ നടത്തുന്ന ഒറ്റ യൂണിറ്റുപോലും ഇല്ല.

35

പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെട്ടു വരുന്ന ഒരു പ്രശ്നമാണ്. പഞ്ചായത്ത് വർഷം തോറും 5000 രൂപ ഈ ഇനത്തിന് ചിലവഴിച്ച് പട്ടികളെ പിടിച്ച് കൊന്ന് കുഴിച്ചു മൂടാറുണ്ടെങ്കിലും ആയതിൻെറ അളവ് കുറയുന്നില്ല.

## പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പന്നി, മുയൽ, എന്നിവ വളർത്തി അതിനെ വിറ്റഴിക്കാൻ വിപണി കണ്ടെത്തണം.
2. ആട്, പശു, കോഴി എന്നിവ വാങ്ങി തൊഴിൽ ചെയ്യാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. കാലിത്തീറ്റ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
4. മൃഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ് കാലാകാലങ്ങളിൽ നടത്തുക.
5. പടിഞ്ഞാറൻ മേഖലയിൽ പയ്യലൂർ ആസ്ഥാനമായി ഒരു മൃഗാസ്പത്രി / മൃഗഡോക്ടറുടെ സേവനം ഉപയുക്തമാക്കുക.
6. നല്ലയിനം സങ്കര വർഗത്തിൽപ്പെട്ട പശുകക്കുട്ടികളെ വാങ്ങിവളർത്തുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.
7. ഒരു കന്നുകാലി ചന്ത തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. ആധുനിക രീതിയിലുള്ള മാംസസംസ്കരണ യൂണിറ്റ് തുടങ്ങുക.
9. സീതാർകുണ്ട്, മാത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരു വന്യമൃഗസംരക്ഷണകേന്ദ്രം സ്ഥാപിക്കുക.
10. നിലവിലുള്ള മൃഗാസ്പത്രിയിൽ ആധുനിക സജ്ജീകരണങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

1. കൊല്ലങ്കോട് പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണസംഘം രൂപികരിക്കുക. ഓരോ വാർഡിലും ചുരുങ്ങിയത് 2 പാൽ സംഭരണ കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക. ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനുശേഷം മിച്ചം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

2. സഹകരണസംഘം മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

3. മൃഗചികിത്സ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് പയ്യലൂർ വില്ലേജിൽ ഒരു മൃഗാസ്പത്രി സ്ഥാപിക്കുക. നെൻമേനി ആനമാറി എന്നിവിടങ്ങളിൽ ഒരു സബ് സെന്റർ സ്ഥാപിക്കുക.

4. നിലവിലുള്ള മൃഗാസ്പത്രി ആധുനികവൽക്കരിക്കുക.

5. മുയൽ വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്നത് നന്നായിരിക്കും.

6. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായം, ബോധവൽക്കരണം എന്നിവ നൽകുക.

7. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളേയും പിടിച്ച് കൊന്ന് കുഴിച്ചുമൂടുക.

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന 30 കി. മീറ്ററോളം നീളമുള്ള തോടുകൾ 40 കുളങ്ങൾ അതിർത്തിയിലൂടെ ഒഴുകുന്ന ഗായത്രി പുഴയുടെ ഒരു ചെറിയ ഭാഗം ഇത്രയും ആണ് ഈ പഞ്ചായത്തിന്റെ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധന സാദ്ധ്യതകൾ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. കൂടാതെ ചെമ്മീൻകൃഷി സാദ്ധ്യതയുള്ള കുളങ്ങളും ഉണ്ട്.

മത്സ്യബന്ധനം മുഖ്യ തൊഴിലാക്കിയവർ ഈ പഞ്ചായത്തിൽ ഇല്ല. ഉപതൊഴിലായി സ്വീകരിച്ചവർ 200 ൽ താഴെ മാത്രമാണ്. ഇവർ തൊട്ടടുത്തുള്ള മീങ്കര എഫ്. എഫ്. ഡി. എ. യിൽ നിന്നും പുതുനഗരം മത്സ്യമാർക്കറ്റിൽ നിന്നും മത്സ്യം വളർത്തുന്നതിന് കുളങ്ങൾ വാടകക്ക് എടുത്തും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. സൗകര്യമുള്ള കുളങ്ങൾ ആഴം കൂട്ടി മത്സ്യ കൃഷി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
2. പഞ്ചായത്ത് തലത്തിൽ മത്സ്യകൃഷി ചെയ്യുന്നതിനാവശ്യമായ പരിശീലനവും സബ്സിഡി നിരക്കിൽ മത്സ്യകുഞ്ഞുങ്ങൾ ലഭിക്കാൻ വേണ്ട സഹായവും ചെയ്യുക.
3. വംശനാശം വന്ന നാടൻ മത്സ്യങ്ങൾക്ക് രോഗം പിടിപെടാതിരിക്കാൻ വേണ്ട പ്രതിരോധ നടപടികൾ വേണം.
4. മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
5. ചെമ്മീൻ കൃഷി തുടങ്ങാൻ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുക.
6. പഞ്ചായത്തിലെ മിച്ചഭൂമിയായ പുലിക്കോട് കുളത്തിൽ മത്സ്യ കൃഷി തുടങ്ങാൻ നടപടി സ്വീകരിക്കുക.

## സാദ്ധ്യതകൾ

1. നിലവിലുള്ള കുളങ്ങൾ ആഴം കൂട്ടിയാൽ മത്സ്യകൃഷി നടത്തുന്നതിന് സാധിക്കും.
2. കൊല്ലങ്കോട് ഇപ്പോഴുള്ള മീൻ വിപണനകേന്ദ്രം മെച്ചപ്പെട്ട നിലയിലാക്കുക.
3. ഈ തൊഴിലിൽ ഏർപ്പെടുന്നവർക്ക് സബ്സിഡി നിരക്കിൽ വണ്ടി, പെട്ടി എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.
4. മത്സ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സൗകര്യം പൊതുമാർക്കറ്റ് എന്നിവ സ്ഥാപിക്കുക. ( കൊല്ലങ്കോട് ചിക്കണാംപാറയിൽ ).
5. മത്സ്യമേഖലകൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. ദേശീയ മത്സ്യതൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടുത്തി മത്സ്യതൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുക.

നിലവിലുള്ള ബ്ലോക്ക്തല ക്ഷീരവികസന വകുപ്പ് ആഫീസുകളുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ഉണ്ടാകണം. ക്ഷീരവികസന വകുപ്പ് ആഫീസിലെ ഉദ്യോഗസ്ഥൻമാരുടെ ഒഴിവുകൾ നികത്തണം.

തീറ്റപ്പുൽ കൃഷിയിൽ ഏറ്റവും പുറകിലാണ് നമ്മുടെ പഞ്ചായത്ത്. തീറ്റപ്പുൽ കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും തെങ്ങിൻതോപ്പുകളിൽ ഇടവിളയായി തീറ്റപ്പുൽ, ചോളം, പയർ മുതലായവ കൃഷി ചെയ്യുന്നതിന് സഹായകരമായ നടപടികൾ ഉണ്ടാകണം.

ക്ഷീര ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഒരു വിപണനകേന്ദ്രം ഉണ്ടാകണം.

പാവപ്പെട്ടവർക്ക് വർഷത്തിൽ 20 പേർക്ക് വീതം കറവ പശുക്കളെ വാങ്ങുന്നതിന് ധനസഹായവും സബ്സിഡിയും നൽകണം.

കന്നുക്കുട്ടി പരിപാലന പദ്ധതിപ്രകാരം മൃഗസംരക്ഷണ വകുപ്പിൽനിന്നും കാലിത്തീറ്റ വിതരണം സബ്സിഡിയോടുകൂടി മിൽക്ക് സൊസൈറ്റി മുഖേന വ്യാപിപ്പിക്കണം.

കന്നുകാലികൾക്ക് മാസ്റ്റർ പോളിസി, ഇൻഷൂറൻസ് പദ്ധതി മുഖാന്തിരം ഉള്ള സംരക്ഷണം ലഭ്യമാക്കണം.

മൃഗസംരക്ഷണത്തെ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് ഒരു ട്രെയിനിങ്ങ് സെന്റർ കൊല്ലങ്കോട് ആസ്ഥാനമായി ഉണ്ടാകണം.

# വ്യവസായം

കൊല്ലങ്കോട്, വെങ്ങുനാട് കോവിലകം സ്ഥിതി ചെയ്തിരുന്ന ചരിത്ര പ്രാധാന്യമുള്ളതും പുരാണ പ്രസിദ്ധമായ കാച്ചാംകുറുശ്ശി ക്ഷേത്രംകൊണ്ട് അനുഗ്രഹീതവും ആണ്. കൊല്ലങ്കോട് പഞ്ചായത്ത് തെക്കേ ഇന്ത്യയിലെ പ്രസിദ്ധമായി പഴനി, ഗുരുവായൂർ എന്നി ദേവാലായങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാത ഈ പഞ്ചായത്തിൽകൂടി കടന്നു പോകുന്നു. അതുകൊണ്ടും തമിഴ്നാടുമായി കൂടുതൽ ബന്ധപ്പെട്ടുപോരുന്നതുകൊണ്ടും ഇവിടെ വിവിധ ഭാഷയും വേഷവും സംസ്കാരവും നിലനിൽക്കുന്നു. തന്മൂലം കൂടുതൽ വ്യവസായങ്ങൾ നടത്തുന്നതിന് സാദ്ധ്യതയുണ്ട്. വ്യാവസായിക രംഗത്തിന് ആവശ്യമായ വളരെയേറെ കാർഷിക വിഭവങ്ങളും തൊഴിൽ വിദഗ്ധരും ഇവിടെ ഉണ്ടെങ്കിലും മറ്റു പല കാര്യങ്ങളുടെ ലഭ്യത ഇല്ലായ്മമൂലം ഈ പഞ്ചായത്ത് വ്യാവസായിക രംഗത്ത് വേണ്ടത്ര നേട്ടം കൈവരിച്ചിട്ടില്ല..

ഈ പഞ്ചായത്തിലെ 80% ആളുകളും തൊഴിലാളികളാണ്. അതിൽ പകുതിയും വ്യവസായ തൊഴിലാളികളാണ്. ഇവരിൽ അധിക ഭാഗവും സ്ത്രീ തൊഴിലാളികളാണ്. പുരുഷനെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി വളരെ കുറവുമാണ്. അസംഘടിത മേഖലയായ ഈ പഞ്ചായത്തിലെ തൊഴിലാളികൾ ദേശീയ പ്രസ്ഥാനം, ബഹുജനപ്രസ്ഥാനം, ഭൂപരിഷ്കരണം, വിദ്യാഭ്യാസം, തൊഴിലാളി സംഘടന എന്നീ വിവിധ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് മെച്ചപ്പെട്ട നിലയിൽ എത്തിവരുന്നു. ഈ പഞ്ചായത്തിലെ നല്ല ഒരു വിഭാഗം വ്യവസായത്തൊഴിലാളികൾ അന്യനാടുകളിൽ ജോലിചെയ്തുവരുന്നു. ഇവിടത്തെ തൊഴിലാളികൾ തൊഴിലടിസ്ഥാനത്തിൽ ഓരോരോ തറകളായി താമസിച്ചുവരുന്നു എന്നത് ഒരു പ്രത്യേകതയാണ്. അതിനാൽ വ്യാവസായിക സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ വളരെ സൗകര്യം ഉള്ള ഒരു പ്രദേശമാണ് ഇത്.

ഇവിടത്തെ പ്രധാന വ്യവസായരംഗം നെല്ലുമായി ബന്ധപ്പെട്ടതാണ്. ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ ഏതാണ്ട് 20% വും ഈ തൊഴിലാളികളാണ്. അതിൽ പകുതിയിലധികം സ്ത്രീ തൊഴിലാളികളാണ്. ഈ മേഖലയിലെ സ്ഥാപനങ്ങൾ എല്ലാം സ്വകാര്യ വ്യക്തികളിൽ ഒതുങ്ങി നിൽക്കുന്നു. മാത്രവുമല്ല എല്ലാ ഉൽപന്നങ്ങളും കയറ്റുമതി ചെയ്യപ്പെടുകയും ചെയ്യുന്നു. വരൾച്ച വൈദ്യുതിയുടെ ലഭ്യതക്കുറവ് നിലം നികത്തി കെട്ടിടം നിർമ്മിക്കൽ വളത്തിന്റെ വില വർദ്ധനവ് ഭൂമി തരിശിടൽ എന്നീ പ്രധാന കാരണങ്ങളാൽ ഇവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. ഈ പഞ്ചായത്തിലെ സുരേന്ദ്ര റൈസ് മില്ലാണ് ആധുനിക സൗകര്യങ്ങളുള്ള ഒരു വ്യവസായ കേന്ദ്രം. കൂടാതെ ഈ പഞ്ചായത്തിൽ 9 ചെറുകിട റൈസ്മില്ലുകൾ പ്രവർത്തിച്ചു വരുന്നു. കൊല്ലങ്കോട് ഗായത്രി കോംപ്ലക്സിൽ ഉണ്ടായിരുന്ന റൈസ്മിൽ ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഇവിടത്തെ വ്യവസായത്തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക നമ്പർ 1 ൽ ചേർക്കുന്നു.

പട്ടിക 1

വ്യവസായസ്ഥാപനങ്ങളുടെ തരവും തൊളിലാളികളും

| തരം | തൊഴിലാളികൾ |
|---|---|
| നെല്ല് | 5737 |
| പച്ചക്കറി | 612 |
| നിലക്കടല | 421 |
| ബീഡി | 517 |
| കൈത്തറി | 316 |
| ഇഷ്ടിക_ഓട് | 653 |

| | |
|---|---|
| പുളി | 312 |
| കേരം | 1013 |
| മദ്യം ( പന, തെങ്ങ് ) | 427 |
| അലുവ | 65 |
| പടക്കം | 10 |
| പനമ്പ്, പായ, കുട, ഓല | 186 |
| മൺപാത്രം | 68 |
| റെഡിമെയ്ഡ് | 212 |
| പപ്പടം | 126 |
| പൂവ് | 121 |
| മരം, ഇരുമ്പ്, ഓട്, സ്വർണ്ണം | 574 |
| മുറുക്ക്, കൊണ്ടാട്ടം, അച്ചാർ | 312 |
| ക്ഷീരം | 1112 |
| തടി | 12 |
| വള | 38 |
| അച്ചടി | 48 |
| ഐസ് | 29 |
| കരിങ്കൽ | 318 |

കൊല്ലങ്കോട് പഞ്ചായത്തിലെ മിക്ക വാർഡിലും പച്ചക്കറി ഉൽപാദിപ്പിക്കുന്നു. എന്നാൽ ഇതിലുള്ള വിപണി സഹകരണടിസ്ഥാനത്തിലോ മറ്റുമേഖലയിലോ ഇല്ലാത്തതിനാൽ ഇതു മറ്റു ജില്ലകളിലേക്ക് കയറ്റി അയയ്ക്കുകയും ഇവിടത്തെ വ്യവസായികൾ വീണ്ടും അതിനെ വർദ്ധിച്ച നിരക്കിൽ വാങ്ങി വ്യവസായം നടത്തേണ്ടതായിവരികയും ചെയ്യുന്നു. പച്ചക്കറിക്ക് പറ്റിയ മണ്ണും കാലാവസ്ഥയും തൊഴിൽ വിദഗ്ധരും ഇവിടെ ഉണ്ട്. ജലദൗർലഭ്യം, സംഭരണശാലയുടെ അഭാവം സാമ്പത്തിക സഹായത്തിനുള്ള സാദ്ധ്യതക്കുറവ് ഇവ ഈ രംഗത്തെ തൊഴിലാളികളെ സാരമായി ബാധിച്ചിരിക്കുന്നു.

ഈ പഞ്ചായത്ത് കാർഷിക മേഖലയിൽപ്പെട്ടതായതിനാൽ ഇവിടെ ഏതാണ്ട് എല്ലാ വീടുകളിലും കന്നുകാലി വളർത്തൽ ഉണ്ട്. കൂടാതെ ഇവിടത്തെ 250 ഓളം ആളുകൾ ഇത് ഉപജീവനമാർഗ്ഗമായും ചെയ്തുവരുന്നു. എന്നാൽ ഇതിനുവേണ്ട സംഭരണ സ്ഥലമോ സംസ്കരണശാലയോ സഹകരണാടിസ്ഥാനത്തിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഇല്ല എന്ന് തന്നെ പറയാം. ക്ഷീര വ്യവസായത്തിന്ന് ഒരു സഹകരണ സംഘം കൊല്ലങ്കോട് പി. കെ. വില്ലേജിൽ നടന്നു വരുന്നു. ക്ഷീര വ്യവസായത്തിന് പ്രോത്സാഹനവും ശേഖരണവിതരണ ശാലയും ഈ പഞ്ചായത്തിൽ ഉണ്ടായാൽ ഇവിടത്തെ 500 ഓളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

കരിങ്കൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 312 തൊഴിലാളികൾ ഈ പഞ്ചായത്തിലെ 5 ക്വാറികളിലായി പണിയെടുത്തുവരുന്നു. അതിനാൽ ക്രഷറുകളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

39

ഇവിടത്തെ 400 ഓളം തൊഴിലാളികൾ ഇഷ്ടികപ്പണിയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചുവരുന്നു. ഈ പഞ്ചായത്തിലെ മൺതരം ഇഷ്ടിക, ഓട് ഇവ നിർമ്മിക്കുന്നതിന്ന് വളരെ യോജിച്ചതാണ്. എന്നാൽ ഇതിനുള്ള ഒരു തൊഴിൽ ശാല നാളിതുവരെ ഈ പഞ്ചായത്തിലില്ല. സാമ്പത്തിക സഹായത്തിന്റെ ലഭ്യതക്കുറവും സഹകരണാടിസ്ഥാനത്തിലോ പൊതുമേഖലയിലോ തൊഴിൽ ശാലകൾ ഇല്ലാത്തതിനാലും ഈ വിഭാഗത്തിലെ തൊഴിലാളികൾ ഏറിയകൂറും മറ്റ് ജില്ലകളെയും സംസ്ഥാനങ്ങളെയും ജോലിക്കുവേണ്ടി അഭയം തേടുന്നു. മാത്രമല്ല വില കൂടിയ കെട്ടിട നിർമ്മാണവസ്തുക്കൾ ഇവിടെ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. ഈ പഞ്ചായത്തിൽ ഒരു ഇഷ്ടിക നിർമ്മാണശാലയും ഓടു കമ്പനിയും സ്ഥാപിച്ചാൽ ഏതാണ്ട് 600 തൊഴിലാളി കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗമാവും. ധാരാളം സ്ത്രീ തൊഴിലാളികൾക്ക് ജോലി സാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു. കൂടാതെ മണ്ണെടുത്ത സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുവാനും കഴിയും.

നിലക്കടല ഉൽപാദനം ഈ പഞ്ചായത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. എന്നാൽ ശേഖരണ സ്ഥാപനമോ, സംസ്കരണ സ്ഥാപനമോ ഇല്ല. നിലക്കടലയിൽനിന്നും എണ്ണയെടുക്കുന്ന ഒരു കമ്പനി നിർമ്മിച്ചാൽ കാലിത്തീറ്റ ഉൽപാദനം സുഖമമാക്കാനും ധാരാളം തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാധിക്കും.

പുളി, പന എന്നീ വൃക്ഷങ്ങൾ സമൃദ്ധമായി വളരുന്ന കൊല്ലങ്കോട്ടിലെ രണ്ട് പ്രധാന വ്യവസായമാണ് പുളിയും മദ്യവും. എന്നാൽ ഇവയൊന്നും ശേഖരിച്ച് സംസ്കരിച്ച് ഉൽപന്നമാക്കാൻ ഇവിടെ ഒരു സംരഭവും ഇല്ല. പനങ്കള്ളിൽനിന്നും ചക്കര നിർമ്മാണം നടത്താൻ സാധിച്ചാൽ ഈ മേഖലയിലെ 400 ലധികം തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗമാവും.

50 മൺപാത്രനിർമ്മാണ തൊഴിലാളി കുടുംബം ഇവിടെ ഉണ്ട്. വിറകിന്റെ വിലക്കയറ്റം, യന്ത്രസാമഗ്രികൾ വാങ്ങുവാനുള്ള ധനസഹായക്കുറവ്, ലോഹപാത്രങ്ങളുടെ വമ്പിച്ച ഇറക്കുമതി എന്നിവ മൂലം ഈ തൊഴിലാളികൾക്ക് തൊഴിൽസാദ്ധ്യത കുറയുന്നു.

ഇവിടെ റെഡിമെയ്ഡ് തൊഴിൽ ഉപജീവനമാക്കിയ ചെറുപ്പക്കാരായ 50 ഓളം പുരുഷന്മാരും 60 ഓളം സ്ത്രീകളുമുണ്ട്. സഹകരണാടിസ്ഥാനത്തിലോ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ സംഭരണവിതരണ കേന്ദ്രം ഇവിടെ ഇല്ലാത്തതിനാൽ ഇവർ തമിഴ്നാട്, എറണാകുളം എന്നിവിടങ്ങളിലേക്ക് ചേക്കേറിയിരിക്കുന്നു.

നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന നാല് അച്ചടി ശാലകൾ ഇവിടെ ഉണ്ട്. 30 ലധികം തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു.

പാരമ്പര്യ തൊഴിലായ കൈത്തറി ഉൽപാദനം ഈ പഞ്ചായത്തിലെ പാവടി കേന്ദ്രമായി നടന്നു വരുന്നു. കൂടാതെ സി. ടി. പാളയം ഭാഗത്ത് ചെറിയ തോതിൽ കൈത്തറി ഉൽപാദനം നടന്നുവരുന്നു. ഈ മേഖലയിൽ 300 ലധികം തൊഴിലാളികൾ സഹകരണാടിസ്ഥാനത്തിലും കുടിൽ വ്യവസായാടിസ്ഥാനത്തിലും പണിയെടുത്തുവരുന്നു. ഇതിനുവേണ്ട അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ ലഭ്യമല്ലാത്തതിനാൽ തമിഴ്നാടിനെ ആശ്രയിക്കേണ്ടി വരുന്നു. കൂടാതെ ഈ രംഗം നഷ്ടമാവുന്നതിനും ഇടയാകുന്നു.

നല്ലനിലയിൽ പ്രവർത്തനം നടന്നു വരുന്ന മൂന്ന് ഐസ് ഫാക്ടറികൾ ഇവിടെ ഉണ്ട്. 150 തൊഴിലാളികൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവരുന്നു. വൈദ്യുതി ക്ഷാമവും ബാങ്ക് വായ്പയുടെ കുറവും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.

പനമ്പ്, പായ, കുട, ഓല തുടങ്ങിയവകൊണ്ട് തൊഴിലാളികളും മരം, ഇരുമ്പ്, സ്വർണ്ണം എന്നിവയിൽ പണിയെടുക്കുന്നവരുമായി 300 ലധികം കുടുംബങ്ങൾ ഇവിടെ ഉണ്ട്. ഇവർക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാകാത്തതുകൊണ്ടും അസംസ്കൃത പദാർത്ഥങ്ങളുടെ വിലക്കയറ്റം കൊണ്ടും തൊഴിൽ പ്രശ്നം നേരിടുന്നു. ഇവക്ക് സഹകരണ മേഖലയിലുള്ള ശാലകൾ തുറന്നാൽ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും.

നേരത്തെ നടന്നുവന്നിരുന്ന 3 തീപ്പെട്ടി കമ്പനികൾ സാമ്പത്തികത്തകർച്ച കാരണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മേട്ടുപ്പാളയം സി. ടി. പാളയം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സാധിച്ചിരുന്ന ഈ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിച്ചാൽ 150 തൊഴിലാളികൾക്ക് വീണ്ടും തൊഴിൽ ലഭിക്കും.

പൂവ് വ്യവസായത്തിൽ ഏർപ്പെട്ട 50 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വളരെ ലാഭകരമായ ഈ വ്യവസായത്തിന് അസംസ്കൃത പദാർത്ഥമായ പൂവിനുവേണ്ടി തമിഴ്നാടിനെ ആശ്രയിക്കേണ്ടി വരുന്നു. പുഷ്പ കൃഷിക്ക് പ്രോൽസാഹനം നൽകിയാൽ ഈ വ്യവസായം ലാഭകരമാക്കാനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിലുറപ്പുവരുത്താനും കഴിയും.

40

പപ്പട നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള 20 കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു. ഉഴുന്നിനും വെളിച്ചെണ്ണക്കും വില വർദ്ധിച്ചതും സംസ്കരണ കേന്ദ്രം ഇല്ലാത്തതും വിപണി ഇല്ലാത്തതും തൊഴിലാളികളെ നഷ്ടത്തിലെത്തിച്ചിരിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ ഇതിന് ഒരു സ്ഥാപനമുണ്ടായാൽ കൂടുതൽ സ്ത്രീ തൊഴിലാളികളുള്ള ഈ മേഖല മെച്ചപ്പെടും.

ഈ പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ മേഖലയിൽ ഇപ്പോൾ ഏതാനും വ്യക്തികൾ നടത്തുന്ന വർക്ക്ഷോപ്പുകൾ മാത്രമാണുള്ളത്. കാർഷികാവശ്യങ്ങൾക്ക് വേണ്ടതായ ഈ പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് ഈ മേഖലയെ പുഷ്ടി പ്രാപിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ പോസ്റ്റാഫീസിനു സമീപമുള്ള ഒരു വനിതാ കുടിൽ വ്യവസായ സൊസൈറ്റി മന്ദഗതിയിൽ പ്രവർത്തിച്ചു വരുന്നു. നെന്മേനിയിൽ നടന്നിരുന്ന ചന്ദനത്തിരി നിർമ്മാണം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

പട്ടിക 2

## സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായത്തെ സംബന്ധിച്ച വിവരങ്ങൾ

| | | എണ്ണം | | കൂലി | |
|---|---|---|---|---|---|
| വ്യവസായത്തിന്റെ തരം | എണ്ണം | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| കൈത്തറി | 3 | 626 | 27 | | |
| ക്ഷീരം | 1 | 272 | 11 | | |
| വനിതസ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ | 1 | 3 | 14 | | |

### പ്രശ്നങ്ങൾ

1. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഇല്ലായ്മ.
2. സാമ്പത്തികസഹായ ലഭ്യതയുടെ കുറവ്.
3. വൈദ്യുതി ക്ഷാമവും അനുമതി ലഭ്യമാകുന്നതിനുള്ള തടസ്സവും.
4. സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായശാലകളുടെ കുറവ്.
5. തൊഴിലാളികളുടെ കൂലിയിലുള്ള കുറവ്.
6. ഗതാഗതത്തിൽ ട്രെയിൻ സർവ്വീസില്ലാത്തത്തിന്റെ കുറവ്.
7. കൃഷികൾ ഇല്ലാത്തത് സ്ത്രീ തൊഴിലാളികൾക്ക് ബുദ്ധിമുട്ടുളവാക്കുന്നു.
8. പുരുഷനും സ്ത്രീക്കും കൂലിയിൽ വലിയ അന്തരം ഉണ്ട്. 60 - 30.

41

9. സംഭരണശാലകൾ ഇല്ലായ്മ.

10. സംസ്കരണശാലകൾ ഇല്ലായ്മ.

11. തൊഴിലാളികളുടെ വിദ്യാഭ്യാസക്കുറവ്.

12. ജലസംഭരണത്തിലുള്ള ബുദ്ധിമുട്ട്.

13. വിദ്യാഭ്യാസം ലഭിച്ചവരുടെ ഇടയിൽ ഈ തൊഴിലിലുള്ള വിമുഖത.

14. ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള അപാകത.

15. അനുവദിച്ചു കിട്ടുന്നതിലുള്ള സാമ്പത്തിക ആനുകൂല്യം ബാങ്കുകളിൽ നിന്നും ലഭിക്കുന്നതിലുള്ള കാലതാമസവും സാങ്കേതിക തടസ്സവും.

## സാദ്ധ്യതകൾ

1. പാരമ്പര്യതൊഴിലുകളായ പപ്പടനിർമ്മാണം, മുറുക്ക്, കൊണ്ടാട്ടനിർമ്മാണങ്ങൾ, അച്ചാറുനിർമ്മാണം, തെങ്ങോലകൊണ്ടുള്ള പായ നെയ്ത്ത്, പുൽപായ നെയ്ത്ത്, വട്ടി, കുട്ടനിർമ്മാണം, മൺപാത്രനിർമ്മാണം, പൂച്ചട്ടി നിർമ്മാണം, ഇവയുടെ നിലനിൽപ്പിന്നാവശ്യമായ സഹായങ്ങൾ ഖാദിബോർഡ്, മറ്റ് ഏജൻസികൾ എന്നിവയിൽനിന്ന് ലഭ്യമാകണം.

2. ചെറുകിടവ്യവസായങ്ങളായ ഹൽവ നിർമ്മാണം, മധുരപലഹാര നിർമ്മാണം, ബേക്കറിസാധനങ്ങളുടെ നിർമ്മാണം, ഇവയുടെ വികസനത്തിന്നാവശ്യമായ പദ്ധതികൾ ഉണ്ടാവണം.

3. കൈത്തറിമേഖലയിൽ ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്നു. അവർക്കാവശ്യമായ സഹായങ്ങൾ രണ്ടു സഹകരണ സംഘങ്ങൾ മുഖേനയാണ് ലഭിക്കുന്നത്. നെയ്തു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക രീതികൾ പഠിപ്പിക്കുന്നതിന്നാവശ്യമായ പരിശീലനവും വാർപ്പിംങ് യന്ത്രം തുടങ്ങിയ ഉപകരണങ്ങൾ നൽകാനും സംവിധാനം ഉണ്ടാവണം. ഇന്ന് ഉൽപാദിപ്പിക്കുന്ന മുണ്ടുകൾ, സാരികൾ, ബെഡ്ഷീറ്റുകൾ എന്നിവ കൂടാതെ ഉയർന്ന തരം ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാനും മാർക്കറ്റിംങ്ങിനും സംവിധാനം കാണേണ്ടിയിരിക്കുന്നു.

4. ബീഡി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം തൊഴിലാളികളുമുണ്ട്. അവരുടെ പ്രയത്നം മുഴുവൻ സ്വകാര്യ ഏജൻസികൾക്കാണ്. അതും തമിഴ്നാട്ടിൽ വേരുപിടിച്ചിരിക്കുന്നു. നിയമങ്ങൾ അനുയോജ്യമാക്കി ഈ വ്യവസായം സഹകരണമേഖലയിലാക്കിയാൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകും.

5. പുളി, മാങ്ങ, നെല്ലിക്ക, പപ്പായ ഇവ ധാരാളം കിട്ടുന്ന മേഖലയാണ് ഇവിടെ ഉള്ളത്. ഇവ മുഴുവൻ അന്യ സ്ഥലങ്ങളിലേക്കാണ് പോകുന്നത്. ഇവയുടെ ഉൽപാദനവും വിപണനവും നന്നാക്കിയാൽ ഈ മേഖലക്ക് ഭാവിയുണ്ട്.

6. തൊഴിലില്ലാത്ത ധാരാളം ചെറുപ്പക്കാർ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബനിയൻ നിർമ്മാണം എന്നിവയിൽ ജോലിക്കുപോവുന്നു. സഹകരണാടിസ്ഥാനത്തിൽ മേഖലകൾ കണ്ടെത്തി വ്യവസായകേന്ദ്രങ്ങൾ ഉണ്ടാകണം.

7. കൊല്ലങ്കോട് മുതലിയാർകുളത്തിനു സമീപം കെട്ടിയ ചെറുകിട അലുമിനിയ ഫാക്ടറി പ്രവർത്തിപ്പിക്കാൻ പറ്റുമെങ്കിൽ കുറേപേർക്ക് ആശ്വാസമാകും.

8. പയ്യല്ലൂരിൽ പദ്ധതിയിട്ട പേപ്പർ വ്യവസായശാല പ്രവർത്തിക്കാൻ വേണ്ടത് ചെയ്താൽ ആ വ്യവസായം അഭിവൃദ്ധിപ്പെടും.

9. പയ്യല്ലൂരിൽ തിരുകാച്ചാംകുറുശ്ശി ക്ഷേത്രത്തിന്നടുത്ത് പ്രവർത്തിക്കുന്ന പി. വി. സി. പൈപ്പ് ഫിറ്റിംഗ് ഉപകരണവ്യവസായശാലയുമായി ബന്ധപ്പെട്ട് അനുബന്ധവ്യവസായങ്ങൾ തുടങ്ങുവാൻ സാദ്ധ്യത ആരായണം. 40

10 ഇവിടെനിന്നും ഉൽപാദിപ്പിക്കുന്ന അരി, തേങ്ങ, നിലക്കടല എന്നിവ ഉപയോഗിച്ച് വ്യവസായകേന്ദ്രങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

11. അവിൽ, പൊരി, എന്നിവ ഉൽപാദിപ്പിക്കുന്ന ചെറുവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാനും നവീന രീതിയിൽ ഇതുപോലെയുള്ള കേന്ദ്രങ്ങൾ തുറക്കാനും ശ്രമിക്കണം.

12. പാൽ വ്യവസായികളെ സഹായിക്കാനും ഉദ്ധരിക്കാനും പദ്ധതികൾ കാണുകയും പാലുൽപ്പന്നങ്ങളുടെ ചെറുകിട യൂണിറ്റുകൾ തുറക്കുകയും ചെയ്യണം.

13. ആട്, താറാവ്, കോഴി, പന്നി എന്നിവയെ വളർത്തുന്നവർക്ക് അവരുടെ വ്യവസായാഭിവൃദ്ധിക്കാവശ്യമായ പരിപാടികൾ സഹകരണാടിസ്ഥാനത്തിൽ കണ്ടെത്തുകയും അവയുമായി ബന്ധപ്പെട്ട് അനുബന്ധ വ്യവസായ യൂണിറ്റുകൾ തുറക്കുകയും ചെയ്യണം.

14. തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് ചന്ദനത്തിരി നിർമ്മാണം, മെഴുകുതിരിനിർമ്മാണം, സോപ്പ് നിർമ്മാണം, കാലിത്തീറ്റ നിർമ്മാണം, പേപ്പർ കവർ നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം.

15. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ച് വിവിധ തൊഴിൽ കേന്ദ്രങ്ങൾ തുറക്കണം. ഇവക്കാവശ്യമായ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കണം.

16. കൈക്കുത്തരി, എണ്ണയാട്ടൽ തുടങ്ങിയ വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കാൻ പദ്ധതികൾ ഉണ്ടാവണം.

17. ഇവിടെനിന്നും പാഴ്‌വസ്തുക്കൾ വാങ്ങി തമിഴ്നാട്ടിലേക്ക് കൊണ്ടുപോയി വ്യവസായങ്ങൾ നടത്തുന്നു. ഈ വ്യവസായ കേന്ദ്രങ്ങൾ ഇവിടെ തുടങ്ങാനുള്ള സംവിധാനം ഉണ്ടാകണം.

18. മരം, ഇരുമ്പ് എന്നിവ കൊണ്ടുള്ള വീട്ടുപകരണ നിർമ്മാണകേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം.

19. വ്യവസായ സംരഭകരെ കണ്ടെത്തി വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

20. അച്ചടി വ്യവസായവുമായി ബന്ധപ്പെട്ട് പ്രിന്റിംഗ് പ്രസ്സുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവക്കാവശ്യമായ കടലാസ്, മഴി, തുടങ്ങിയ എല്ലാ സാധനങ്ങളും ലഭിക്കുന്നതിന്നാവശ്യമായ സംവിധാനം ഉണ്ടാകണം.

21. കിരങ്കൽതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായി ബന്ധപ്പെട്ട് ആ മേഖല അഭിവൃദ്ധിപ്പെടുത്താൻ ക്രഷർ തുടങ്ങിയവ നൽകാൻ സംവിധാനം ഉണ്ടാവണം.

22. സഹകരണാടിസ്ഥാനത്തിൽ ഒരു ഗാർമെന്റ് വ്യവസായശാല സ്ഥാപിക്കുകയും എല്ലാ വാർഡുകൾ തോറും അവയുടെ യൂണിറ്റുകൾ തുടങ്ങുകയും ചെയ്യുക. അവയുടെ വിപണനത്തിനും സംവിധാനം ചെയ്യണം.

23. ഇഷ്ടിക നിർമ്മാണം, ഓടു നിർമ്മാണം എന്നിവക്ക് വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുക.

24. നെൽകൃഷിയുമായി ബന്ധപ്പെട്ട് അനുബന്ധവ്യവസായ കേന്ദ്രങ്ങൾ തുടങ്ങുക. ഇവ വിവിധ വാർഡുകളിലെ , സൗകര്യം കണക്കിലെടുത്ത് ചെയ്യണം.

25. ഇരുമ്പുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളെ ഉൾപ്പെടുത്തി ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുക.

26. പി. വി. സി. പൈപ്പ് നിർമ്മാണശാല തുറക്കാനുള്ള സാദ്ധ്യത ആരായണം.

27. വ്യവസായ സംരഭകരെ കണ്ടെത്തുന്നതിനും കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഒരു ഏജൻസി രൂപീകരിക്കുക.

28. വ്യവസായ മേഖലയുടെ തുടർ പ്രവർത്തനത്തിന് ഒരു കർമ്മ സമിതി രൂപീകരിക്കുക.

29. കൊല്ലങ്കോട് പഞ്ചായത്ത് ഓഫീസിനടുത്തു സ്ഥിതിചെയ്യുന്ന വനിത ഇൻഡസ്ട്രിയൽ സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

30. സീതാർകുണ്ട് കേന്ദ്രമായി ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കാനും ടൂറിസ്റ്റ് വ്യവസായവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുക.

43

# വിദ്യാഭ്യാസം

പട്ടിണി കിടക്കുന്നവന് പഠിപ്പിക്കാൻ എളുപ്പമല്ല. പഠിപ്പിച്ചു എന്നിരിക്കട്ടെ പട്ടിണി കിടക്കുന്നവന് കിട്ടുന്ന വിജ്ഞാനം സ്വന്തം കുടിയിരുപ്പിൽ നിഷേധിക്കപ്പെട്ട സുരക്ഷിതത്വവും സുഖസൗകര്യങ്ങളും നേടിയെടുക്കുന്നതിന്നായിരിക്കും വിനിയോഗിക്കുക. വീട്ടിലെ സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നതിനൊത്ത് വിദ്യാഭ്യാസത്തിനുള്ള അവരുടെ ആവശ്യവും വർദ്ധിക്കും. ജീവിക്കാനുള്ളസൗകര്യങ്ങൾ ഇല്ലാതെ വിദ്യാഭ്യാസം മാത്രമായാൽ അതൃപ്തി കൂടുകയേ ഉള്ളു.

പണ്ടുകാലത്ത് എഴുത്തുപള്ളിക്കൂടങ്ങളുടെ കേന്ദ്രമായിരുന്നു കൊല്ലങ്കോട്. എഴുത്താശ്ശാന്മാർ അവരുടെ വീടുകളിൽ കുട്ടികളെ ഇരുത്തി പഠിപ്പിച്ചിരുന്ന പള്ളിക്കൂടങ്ങളുടെ സ്ഥിതി മാറുകയും വിദ്യാഭ്യാസ പ്രേമികളായിരുന്ന കരുമത്തിൽ രാഘവമേനോൻ സ്ഥാപിച്ച ഗ്രാൻഡ് എലിമെന്ററി സ്കൂളും സാഹിത്യകുശലൻ പണ്ഡിറ്റ് വി. ഗോപാലൻനായർ സ്ഥാപിച്ച ഇരിഞ്ഞിക്കൽ എലിമെന്ററി സ്കൂളും പ്രവർത്തിച്ചു. പിന്നീട് കൊല്ലങ്കോട് രാജാവിന്റെ കോവിലകത്തിന്നടുത്തുള്ള ഇന്നത്തെ കളരി കോവിലകത്തിന്റെ ഒരു ഭാഗത്ത് രാജകീയ കുടുംബനാഥനായ ദാത്രി വലിയ റാണി കോവിലകം ഗേൾസ് ഹൈസ്കൂൾ സ്ഥാപിച്ചു. ഈ വിദ്യാലയം മലബാർ ബോർഡ് ഏറ്റെടുക്കുകയും നെയ്തില്ലത്ത് ഇക്കുമേനോന്റെ സ്ഥലത്ത്കൊണ്ടുവരികയും ചെയ്തു. അതാണ് ഇന്നത്തെ രാജാസ് ഹൈസ്കൂൾ. വെങ്ങനാട് കോവിലകം രാജാവായിരുന്ന രാജാസേർ വാസുദേവ രാജാവിന്റെ കാലത്ത് ഒരു വൈസ്രോയി കൊല്ലങ്കോട് സന്ദർശിച്ചിരുന്നു. അദ്ദേഹത്തിനും പരിവാരങ്ങൾക്കും താമസിക്കാനായി ഇന്നത്തെ കോവിലകം സ്ഥലത്ത് രണ്ടു ഹാളുകൾ (കെട്ടിടങ്ങൾ) നിർമ്മിച്ചിരുന്നു. ആ ഹാളുകൾ പൊളിച്ചാണ് രാജാസ് ഹൈസ്കൂളിന്റെ പ്രധാനകെട്ടിടങ്ങൾ നിർമ്മിച്ചത്.

ശ്രീ. മാധവരാജാ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടായിരുന്ന കാലത്ത് കൊല്ലങ്കോട്ടെ വിദ്യാഭ്യാസ കാര്യത്തിൽ വളരെയേറെ പുരോഗതി വരുത്തിയിട്ടുണ്ട്. പഴയ ഇരഞ്ഞിക്കൽ സ്കൂളിന് ബോർഡ് ഏറ്റെടുത്ത് ഇന്നത്തെ രജിസ്റ്റാർ ഓഫീസിന്നടുത്ത് കുറ്റാംകുഴി സ്കൂൾ എന്നറിയപ്പെടുന്ന എലിമെന്ററി സ്കൂൾ, കൊല്ലങ്കോട് പഴയങ്ങാടിയിൽ ശ്രീ. നാരായണ തരകന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ബോർഡ് എലിമെന്ററി സ്കൂളും, വെള്ളനാറയിൽ സ്ഥാപിച്ച എലിമെന്ററി സ്കൂളും അദ്ദേഹമാണ് സ്ഥാപിച്ചത്. പിന്നീട് കുറ്റാംകുഴി സ്കൂളും സേർ രാജാ വാസുദേവ രാജാവിന്റെ മാനേജ്മെന്റിലുണ്ടായിരുന്ന പെരുമാൾ കോവിൽ എലിമെന്ററി സ്കൂൾ തുച്ഛമായ പ്രതിഫലം വാങ്ങി പെരുമാൾ കോവിൽ ദേവസ്ഥാനത്തിന്ന് കൈമാറിയ ശേഷം വെള്ളനാറ സ്കൂളും ചുറ്റുമുള്ള വിദ്യാലയങ്ങളുടെ പ്രവർത്തനം പഴയങ്ങാടിയിലുള്ള ബോർഡ് സ്കൂളിന് ബാധിച്ചതിനാൽ 1958 ൽ ഈ വിദ്യാലയവും അടച്ചുപൂട്ടി അങ്ങനെ സ്വകാര്യ വിദ്യാലയങ്ങളുടെ പ്രവേശനം മലബാർ ജില്ലാ ബോർഡിന്റെ സ്കൂളുകളെ നാമാവശേഷമാക്കി. ഇന്ന് സർക്കാർ മേഖലയിൽ ഈ പഞ്ചായത്തിൽ ഒരു വിദ്യാലയവും ഇല്ലെന്നുള്ളത് ശ്രദ്ധേയമാണ്. രാജാസ് ഹൈസ്ക്കൂളിനോടനുബന്ധിച്ച് അദ്ധ്യാപക ട്രെയിനിംഗ് സ്കൂൾ പ്രവർത്തനം ആരംഭിച്ചതോടെ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിലായ ഇരഞ്ഞിക്കൽ സ്കൂൾ മാധവരാജാ ഏറ്റെടുക്കുകയും ട്രെയിനിംഗ് സ്കൂളിനെ മോഡൽ സ്കൂളാക്കി മാറ്റുകയും ചെയ്തു. പിന്നീട് ഈ വിദ്യാലയം രാജാസ് ഹയർ എലിമെന്ററി സ്കൂൾ, രാജാസ് അപ്പർ പ്രൈമറി സ്കൂൾ, എന്നീ പേരുകളിൽ ഇരിഞ്ഞിമന്നത്തിനടുത്ത് ദേശപറമ്പിനരികെ പ്രവർത്തിച്ചു. പിന്നീട് മാധവരാജാവിന്റെ സ്ഥലമായ മാമ്പ്രപ്പാടത്ത് പുതിയ കെട്ടിടം കെട്ടി അതിലേക്ക് മാറ്റുകയും രാജാസ് അപ്പർ പ്രൈമറി, ധാത്രി അപ്പർ പ്രൈമറി എന്നീ പേരുകളിൽ പ്രവർത്തിക്കുകയും ചെയ്തു. അക്കാലത്ത് രാജാസ് ഹൈസ്കൂളിനെ വിഭജിക്കുകയും ധാത്രി അപ്പർ പ്രൈമറി സ്കൂളിനെ ധാത്രി ഗേൾസ് ഹൈസ്കൂളാക്കി ഉയർത്തുകയും ചെയ്തു. ഇപ്പോൾ ഈ വിദ്യാലയങ്ങൾ ആലത്തൂർ ബ്രഹ്മാനന്ദ യോഗിയുടെ മാനേജ്മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽപ്പെട്ട പയ്യലൂരിൽ ശ്രീ ഈശ്വരയ്യർ ഒരു എൽ. പി. സ്കൂൾ സ്ഥാപിച്ചു. ആ സ്കൂളിന് തിരുകാച്ചാംകുറുശ്ശി ദേവസ്വം ഏറ്റെടുത്താണ് ഇന്നത്തെ ടി. കെ. ഡി. യു. പി. സ്കൂൾ നിവലവിൽ വന്നത്. പുതു ഗ്രാമത്തെ ഗ്രാമസമൂഹം ഒരു എൽ. പി. സ്കൂളും, തെക്കേ പാവടിയിൽ മുത്തുവേൽ മുതലിയാർ സ്ഥാപിച്ച തിരുവള്ളുവർ എൽ. പി. സ്കൂളും, അച്ചനാംകോട്ടിലും നെന്മേനിയിലും ഓരോ എൽ. പി. സ്കൂളുകളും സ്വകാര്യമാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തനം തുടങ്ങുകയുംല ഇന്നും പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

44

വർഷങ്ങൾക്കു മുമ്പ് കൊല്ലങ്കോട്ടെ ധാത്രി വലിയ റാണിയും സഹോദരി രാധാദേവി ഇളയറാണിയും മുൻകൈയെടുത്ത് കാമ്പ്രത്തെ ശ്രീ ഗോപിനാഥമേനോന്റെ അശ്രാന്ത പരിശ്രമഫലമായി തുടങ്ങിയ ചിന്മയ നഴ്സറി സ്കൂൾ പടിപടിയായി ഉയർന്നാണ് ഇന്നത്തെ ചിന്മയ ഹൈസ്കൂളായത്. ഫാദർ വി. കെ. ജോണിന്റെ പരിശ്രമഫലമായി കിഴക്കേഗ്രാമത്തിൽ സെന്റ് പോൾസ് ഇംഗ്ലീഷ് സ്കൂൾ എന്ന പേരിൽ സ്ഥാപിച്ച ചെറു സ്ഥാപനം ഇന്ന് ഹൈസ്കൂളായി മാറിയിരിക്കുന്നു. ഈ രണ്ട് വിദ്യാലയങ്ങളിലും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിൽ പഠിക്കാനുള്ള സൗകര്യം കൈവന്നിട്ടുണ്ട്. ഈ പഞ്ചായത്തുകളിലുള്ള സ്കൂളുകളുടെ വിവരം താഴെ കൊടുക്കുന്നു. എല്ലാ വിദ്യാലയങ്ങളും സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലാണ്.

| നമ്പ്ര് | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1. | രാജാസ് ഹൈസ്കൂൾ കൊല്ലങ്കോട് | 750+66 = 816 | 31 |
| 2. | ധാത്രി ഗേൾസ് ഹൈസ്കൂൾ കൊല്ലങ്കോട് | 91 + 1300 = 1391 | 45 |
| 3. | പി. കെ. ഡി. യു. പി. സ്കൂൾ കൊല്ലങ്കോട് | 529 + 305 = 834 | 30 |
| 4. | ടി. കെ. ഡി. യു. പി. സ്കൂൾ പയ്യലൂർ | 270 + 258 = 528 | 19 |
| 5. | ടി. എ. എൽ. പി. സ്കൂൾ പാവടി | 168 + 178 = 346 | 07 |
| 6. | ഏ. എൽ. പി. സ്കൂൾ പുതുഗ്രാമം | 65 + 57 = 122 | 03 |
| 7. | ഏ. എൽ. പി. സ്കൂൾ നെന്മേനി | 166 + 170 = 336 | 11 |
| 8. | ഏ. എൽ. പി. സ്കൂൾ അച്ചനാംകോട് | 141 + 133 = 274 | 09 |
| 9. | അൺ എയ്ഡഡ് സ്കൂൾ സെന്റ്പോൾ ഹൈസ്കൂൾ | 257 + 118 = 375 | 12 |
| 10. | ചിന്മയ ഹൈസ്കൂൾ | 365 + 276 = 641 | 31 |
| | ആകെ | 2802 + 2861 = 5663 | 198 |

ഇതിൽ പുതുഗ്രാമം എൽ. പി. സ്കൂൾ മാനേജ്മെന്റിന്റെ പ്രശ്നം കാരണം അദ്ധ്യാപകരെ നിയമിക്കാതെ പ്രവർത്തനം മുരടിച്ചുനിൽക്കുകയാണ്. ഈ വിദ്യാലയം സർക്കാർ ഏറ്റെടുക്കുയോ മറ്റു സംവിധാനങ്ങൾ കാണുകയോ ചെയ്യേണ്ടതാണെന്ന് അഭിപ്രായമുണ്ട്. തിരുവള്ളുവർ എൽ. പി. സ്കൂൾ ഇന്നുള്ള സ്ഥലത്ത് വളരെ വിഷമിച്ചാണ് പ്രവർത്തിക്കുന്നത്. പുതുതായി സ്ഥലമുണ്ടാക്കി ഇതൊരു യു. പി. സ്കൂളാക്കണമെന്ന് അഭിപ്രായമുണ്ടായിട്ടുണ്ട്. അതേപ്രകാരം തന്നെ നെന്മേനി എൽ. പി. സ്കൂളും അച്ചനാംകോട് എൽ. പി. സ്കൂളും യു. പി. ആക്കിയാൽ സൗകര്യപ്രദമായിരിക്കുമെന്നുള്ള അഭിപ്രായങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

## വിദ്യാലയ സൗകര്യങ്ങൾ താഴെ കൊടുക്കുന്നു.

ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ സ്വകാര്യ വ്യക്തികളുടെ വകയായി നാല് ട്യൂട്ടോറിയൽ കോളേജുകളും, മൂന്ന് കംപ്യൂട്ടർ പഠനകേന്ദ്രവും ഉണ്ട്. ഇംഗ്ലീഷ് മീഡിയത്തിൽ ചിന്മയ വിദ്യാലയത്തിലും സെന്റ്

പോൾസ് . സ്കൂളിലും ക്ലാസ്സുകൾ നടത്തുന്നുണ്ട്. അഞ്ച് ടൈപ്പ് റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ട്. പഞ്ചായത്തതിർത്തിയിൽപെട്ട ആനമാറിയിൽ പഞ്ചായത്തിന്റെ വകയായി ഒരു നഴ്സറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലങ്കോട് പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിപ്പെട്ട " പി " സ്മാരക കലാ സാംസ്കാരിക കേന്ദ്രത്തിലെ വാദ്യകലാലയത്തിൽ വാദ്യം, കഥകളി എന്നിവ അഭ്യസിപ്പിക്കുന്നുണ്ട്. രണ്ട് ഹൈസ്കൂളുകളിലായി രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇവരുടെ ഉപരിപഠനത്തിന് നെന്മാറ, ചിറ്റൂർ, പാലക്കാട് കോളേജുകളെയും ട്യൂട്ടോറിയൽ കോളേജുകളെയുമാണ് ആശ്രയിക്കുന്നത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അത്യന്താപേക്ഷിതമായതുകൊണ്ട് നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിലും പ്ലസ്ടു അനുവദിക്കണമെന്ന അഭിപ്രായം പൊന്തിവന്നിട്ടുണ്ട്. കൂടാതെ വടവന്നൂർ, പല്ലശ്ശേന, എലവഞ്ചേരി, കൊല്ലങ്കോട് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസം നൽകുന്നതിന് ഒരു കോളേജ് കൊല്ലങ്കോട് സ്ഥാപിക്കണമെന്ന അഭിപ്രായവും വിവിധ കേന്ദ്രങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ട്. വിദ്യാലയ സർവ്വേയുടെ വിവരങ്ങൾ അനുസരിച്ച് ഹൈസ്കൂളുകളൊഴികെ മറ്റു വിദ്യാലയങ്ങളെ സ്ഥലസൗകര്യം, കുടിവെള്ള സൗകര്യം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, പാചകപ്പുര, പഠനോപകരണങ്ങൾ എന്നിവയുടെ പോരായ്മകളും ഉണ്ട്. വിറകിന്റെ ദൗർലഭ്യം ഉച്ചഭക്ഷണ വിതരണത്തെ സാരമായി ബാധിക്കുന്നതിനാൽ പുതിയതരം വിറക് അധികം ചിലവാകാത്ത അടുപ്പുകൾ ലഭ്യമായാൽ നന്നായിരിക്കും. കുട്ടികൾക്കിരുന്ന് പഠിക്കാനുള്ള ബഞ്ചുകൾ, ബോർഡുകൾ, അദ്ധ്യാപകർക്കുള്ള കസേര, മേശ തുടങ്ങിയവയും ചില വിദ്യാലയങ്ങളിൽ കുറവുള്ളതായി കാണുന്നു. മിക്ക പ്രൈമറി സ്കൂളുകളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കുട്ടികളായതിനാൽ അവരുടെ യൂണിഫോറം, പാഠപുസ്തകം, പഠനോപകരണങ്ങൾ തുടങ്ങിയവ പരിപൂർണ്ണമായും കാണുന്നില്ല. വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. അദ്ധ്യാപകരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പഞ്ചായത്തുതല ക്യാമ്പസുകൾ സജീവമാക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വികസന സമിതികൾ രൂപീകരിച്ചാൽ നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ട്. വിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്നും കാര്യക്ഷമമാക്കുന്നതിന്നും പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ വിവിധ വിഷയങ്ങളുടെ മേൽനോട്ടത്തിന്നായി പരിശോധനാ ഉദ്യോഗസ്ഥന്മാരെയും നിയമിപ്പിക്കുന്നത് ഈ രംഗത്ത് വിജയം കൈവരിക്കാൻ സാധിക്കുമെന്ന അഭിപ്രായമുണ്ട്. വിജയ ശതമാനത്തിൽ ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽ നല്ല നിലവാരം പുലർത്തുന്നുണ്ടെങ്കിലും കുറേക്കൂടി പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു. 1995-96 വർഷത്തിൽ കൊല്ലങ്കോട് ഉപജില്ലയിലെ ഹൈസ്കൂളുകളുടെ വിജയ ശതമാനക്കണക്കിൽ ധാത്രി ഗേൾസ് ഹൈസ്കൂൾ ഒന്നാം സ്ഥാനത്തെത്തിയത് അഭിമാനിക്കാവുന്ന നേട്ടമായി കാണുന്നു. ഈ വിദ്യാലയത്തിൽ ഒന്നാതരം മുതൽ, പ്രവർത്തിക്കുന്നതിനാൽ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പുരോഗതി കണക്കാക്കി എൽ. പി. വിഭാഗം വേർതിരിച്ച് ഒരു പ്രധാന അദ്ധ്യാപകന്റെ കീഴിൽ മാറ്റേണ്ടതായി കാണുന്നു.

## വിദ്യാഭ്യാസ പ്രശ്നങ്ങൾ

1. ഹൈസ്കൂളുകളിലെ വിജയശതമാനക്കുറവ് രാജാസ് ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം ഇല്ലാത്തക്കുറവ്.
2. വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിനാൽ ഡിവിഷൻ കുറവും അദ്ധ്യാപകരുടെ കുറവും കാണുന്നു.
3. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളുടെ പ്രവേശനം കൂടിവരുന്നു.
4. വിദ്യാലയങ്ങളുടെ സൗകര്യക്കുറവ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
5. പ്രൈമറി വിദ്യാലയങ്ങളിൽ വരുന്ന കുട്ടികളുടെ നിലവാരം താഴ്ന്ന് കാണുന്നതിനാൽ എല്ലാ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ചും പ്രീ - പ്രൈമറി ക്ലാസുകൾ ആവശ്യമാണെന്നു കാണുന്നു.
6. ശിശു വിദ്യാഭ്യാസത്തിന്നുവേണ്ട സൗകര്യങ്ങൾ മിക്ക പ്രദേശങ്ങളിലും ഇല്ലാതായിക്കാണുന്നു.

46

7. അംഗൺവാടികളുടെ കെട്ടിടങ്ങൾ, പഠനോപകരണങ്ങൾ, അടുക്കള, ചുറ്റുമതിൽ, കക്കൂസ്, കുടിവെള്ളം എന്നിവയുടെ കുറവ് അനുഭവപ്പെടുന്നു.
8. കലകളുടെ അഭ്യാസം അനൗപചാരിക വിദ്യാഭ്യാസം ഇവയുടെ സൗകര്യങ്ങൾ ഉണ്ടാക്കണം.
9. സാങ്കേതിക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നിവക്കുള്ള സൗകര്യമില്ല.
10. പഞ്ചായത്തിന് സ്വന്തമായുള്ള ആനമാറിയിലെ നഴ്സറി സ്കൂൾ എൽ. പി. സ്കൂളാക്കി ഉയർത്തിയാൽ പിന്നോക്കപ്രദേശമായ അവിടത്തെ വിദ്യാഭ്യാസ വികസനം ഉണ്ടാകും.
11. വിശദമായ സർവ്വേ നടത്തി പഞ്ചായത്തിലെ വാർഡുകളിൽ നഴ്സറി, ബാലവാടി, എൽ. പി. സ്കൂളുകൾ എന്നിവ തുടങ്ങണമെന്ന ആവശ്യകത കാണുന്നു.

## സാദ്ധ്യതകൾ

1. ഹൈസ്കൂളുകളിലെ വിജയശതമാനം ഉയർത്തുന്നതിന് ഹൈസ്കൂൾ അദ്ധ്യാപകന്മാരെയും പി. ടി. എ യും ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ മാസങ്ങളിലും ആയതിനുള്ള ചർച്ചകൾ സംഘടിപ്പിക്കണം.
2. ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തിക നികത്തണം.
3. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നിയമിക്കുന്ന അദ്ധ്യാപകർക്കുള്ള യോഗ്യത പൂർണ്ണമായും പാലിക്കുക.
4. വിദ്യാലയങ്ങളിലെ കെട്ടിടങ്ങളും മറ്റും എല്ലാവർഷവും അറ്റകുറ്റപ്പണികൾ നടത്തിയും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.
5. പ്രീ - പ്രൈമറി ക്ലാസ്സുകൾ വിദ്യാലയങ്ങളിൽ അനുവദിക്കുക.
6. അംഗൺവാടി കെട്ടിടങ്ങൾ സുരക്ഷിതത്വവും കാര്യക്ഷമവും ആക്കേണ്ടതാണ്.
7. നിർത്തലാക്കിയ അനൗപചാരിക വിദ്യാഭ്യാസം തുടർന്ന് അനുവദിക്കാവുന്നതാണ്.
8. പഞ്ചായത്തുവക ആനമാറിയിലുള്ള നഴ്സറി സ്കൂൾ എൽ. പി. സ്കൂളായി ഉയർത്താവുന്നതാണ്.
9. ഉൾപ്രദേശങ്ങളിൽ പുതുതായി അംഗണവാടികൾ, നഴ്സറി സ്കൂളുകൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

വിദ്യാലയങ്ങളിലുള്ള പി. ടി. എ യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സാക്ഷരതാ പ്രവർത്തനത്തിൽ ഈ പഞ്ചായത്ത് 100% ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും ആയത് പഴയ ആൾക്കാർക്ക് വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. ഇപ്പോഴും വിരൽ അടയാളം ഉപയോചിച്ചുവരുന്നു. ഇതിന്ന് പ്രതിവിധി എന്ന നിലയിൽ ബോധവൽകരണ പരിപാടികൾ നടത്താവുന്നതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. സ്വകാര്യമേഖലയിലെ എയിഡഡും അൺഎയിഡഡും ആയ വിദ്യാലയങ്ങൾക്കു പുറമെ നാല് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ സുമാർ എണ്ണായിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ട്യൂട്ടോറിയൽ കോളേജിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഉള്ളതെങ്കിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവംമൂലം ഈ ട്യൂട്ടോറിയൽ കോളേജുകളെതന്നെ ശരണം പ്രാപിക്കുന്നു. എസ്. എസ്. എൽ. സി. വിദ്യാഭ്യാസം കഴിഞ്ഞവർക്ക് കോളേജിലും മറ്റും പ്രവേശനം ലഭിക്കുന്നതിന്ന് പരിമിതികൾ ഉള്ളതുകൊണ്ട് കോളേജ് വിദ്യാഭ്യാസത്തിനും ട്യൂട്ടോറിയൽ കോളേജ്തന്നെ ഉപയുക്തമാവുകയാണ് പതിവ്. ഇതിന് പരിഹാരമായി സ്കൂൾ തലത്തിൽ പ്രീഡിഗ്രി ക്ലാസ്സുകൾ ഏർപ്പെടുത്തുകയോ കോളേജുകളിൽ പ്രീഡിഗ്രി സീറ്റുകൾ വർദ്ധിപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഇന്നത്തെ വിദ്യാഭ്യാസ മേഖലയിലെ പഠനം തൊഴിലധിഷ്ഠിത പഠനങ്ങൾക്കുകൂടി മുൻതൂക്കം നൽകിയിട്ടുള്ളതായാൽ കുറച്ചുകൂടി ഉപകാരപ്രദമായിരിക്കും.

# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഒരു ജനതയുടെ ആരോഗ്യത്തിന് ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിന്നായി 80% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 67 സാധാരണ കിണറുകളും സ്വകാര്യ വ്യക്തികളുടേതായി 4380 കിണറുകളും കൂടി ആകെ 4447 കിണറുകളുണ്ട്. അതിൽ 90% കിണറുകളും വേനൽക്കാലങ്ങളിൽ വറ്റുകയാണു പതിവ്. കൂടാതെ പഞ്ചായത്തിന്റെ അധീനതയിൽ 45 കുഴൽക്കിണറുകളുമുണ്ട്. അതിൽ 3 എണ്ണത്തിൽ മോട്ടോർ പ്രവർത്തിപ്പിച്ച് പൊതുടാപ്പുകൾ വഴി ജലവിതരണം നടത്തിവരുന്നു.

ഈ പഞ്ചായത്തിൽ ആകെ 175 പൊതുടാപ്പുകളാണ് നിലവിലുള്ളത്. എന്നിരുന്നാലും പഞ്ചായത്തിന്റെ വിസ്തൃതിയുടെ 80% പ്രദേശവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. പയ്യലൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിപഹരിക്കുന്നതിന്നായി 1983 വർഷത്തിൽ പയ്യലൂർ മാതക്കോട് എന്ന സ്ഥലത്ത് നിർമ്മിച്ച കുഴൽകിണറിൽനിന്നും പയ്യലൂരിന്റെ ഒരു ഭാഗത്ത് പൊതുടാപ്പുകൾ വഴി ശുദ്ധജലവിതരണം നടത്തുന്നതിന്ന് മോട്ടോർ ഘടിപ്പിച്ച് പമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നുവെങ്കിലും 1988 ഓടെ ഈ കുഴൽ കിണറിൽ വെള്ളമില്ലായതുകൊണ്ട് ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി. ഇതിനുപരിഹാരമായി ഈ പ്രദേശത്തെ ഒരു സ്വകാര്യ വ്യക്തിയുടെ കുഴൽകിണറിൽനിന്നും വെള്ളം പമ്പ് ചെയ്ത് പൊതുടാപ്പുകൾ വഴി ശുദ്ധജലവിതരണം നടത്തുന്നതിന് ഈ പഞ്ചായത്ത് ബഹു: സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി 1988 മുതൽ ശുദ്ധജലവിതരണം നടത്തിവരുന്നു. ഈ ഇനത്തിൽ മാത്രം പഞ്ചായത്തിന്ന് വർഷം തോറും 20,000 രൂപയോളം ചിലവുചെയ്തു വരുന്നു. കൂടാതെ കൊല്ലങ്കോട്, മുതലമട, വടവന്നൂർ എന്നീ പഞ്ചായത്തുകൾക്കായി കേരള വാട്ടർ അതോറിറ്റി എൽ. ഐ. സി. യുടെ സഹായത്തോടെ കൊല്ലങ്കോട് ചിക്കണാംപാറയിൽ 7.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്ക് നിർമ്മാണപ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഇതിനോടനുബന്ധിച്ച് മുതലമട പഞ്ചായത്തിലെ മീങ്കരയിൽ ഒരു ഫിൽടർടാങ്ക് പ്രവൃത്തിയും നടന്നുകൊണ്ടിരിക്കുന്നു. ഇവ പൂർത്തീകരിച്ചാലും ഈ ഗ്രാമപഞ്ചായത്തിലെ 50% ത്തോളം വരുന്ന ജനങ്ങൾക്കേ കുടിവെള്ളം ലഭിക്കുന്നതിന് സാദ്ധ്യതയുണ്ടാവുകയുള്ളു.

ഇപ്പോൾ ഈ ഗ്രാമപഞ്ചായത്തിൽ ശുദ്ധജലവിതരണത്തിന്നായി ഉപയോഗിക്കുന്ന സാധാരണ കിണറുകൾ, കുഴൽക്കിണറുകൾ, പൊതുടാപ്പുകൾ എന്നിവ സംബന്ധിച്ചുള്ള കണക്കുകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 1

ശുദ്ധജലസ്രോതസ്സുകൾ

| കിണറുകൾ | | | |
|---|---|---|---|
| പൊതുകിണറുകൾ | സ്വകാര്യകിണറുകൾ | കുഴൽകിണറുകൾ | മൊത്തംകിണറുകൾ |
| 67 | 4380 | 45 | 4447 |
| വേനൽക്കാലങ്ങളിൽ 80% കിണറുകളും വറ്റിപ്പോകും | വേനൽക്കാലങ്ങളിൽ 80% കിണറുകളും വറ്റിപ്പോകും | | |

48

## പട്ടിക 2
## കേരള വാട്ടർ അതോറിറ്റി മുഖാന്തിരം പഞ്ചായത്ത് നേരിട്ട് കുഴിച്ച കുഴൽകിണറുകളും മറ്റും

കെ. ഡബ്ലിയു. എ. പദ്ധതികൾ സി. ആർ. ഡബ്ലിയു. എസ്. എസ്.

| കുഴൽകിണറുകൾ | | | | |
|---|---|---|---|---|
| വാട്ടർ അതോറിറ്റി നിർമ്മിച്ച് പഞ്ചായത്തിന് കൈമാറ്റംചെയ്തത് | പഞ്ചായത്ത് നേരിട്ട് നിർമ്മിച്ചത് | കുഴൽകിണറുകളിൽ വാട്ടർസപ്ലൈ സ്കീമുള്ളത് | മൊത്തം ടാപ്പുകൾ | ഹൗസ് കണക്ഷൻ |
| 41 | 4 | 3 | 175 | ഇല്ല |

കുടിവെള്ളം ശേഖരിക്കുന്നതിന്നായി ഉൾപ്രദേശങ്ങളിലെ ജനങ്ങൾ ഒന്നുമുതൽ 2 കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

വിശേഷാൽ ഗ്രാമസഭാ യോഗങ്ങളിൽ നിന്നും ഉയർന്നുവന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ട് വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങൾ സൂക്ഷ്മ വിശകലനത്തിന്നായി ഇതിൽ ചേർക്കുന്നു.

## പട്ടിക 3
## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | പുതുഗ്രാമം | കെ. ഡബ്ലിയു. എ. പൈപ്പ് ലൈൻ നിലവിലുള്ളതിൽനിന്നും ശിവൻ കോവിൽ പിൻവശം വരെ ദീർഘിപ്പിക്കുക. |
| | മാമ്പ്രപ്പാടം ഹരിജൻകോളനി | പുളിങ്കൂട്ടത്തറയിൽനിന്നും പുതിയ പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| | പുഴക്കൽതറ | കോവിലകം മുക്കിൽനിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കുക. |
| | പെരുമാൾ കോവിൽഗ്രാമം | പുതിയ പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| | മൈലാപ്പ് കാരാട്ടുപാടം | പുഴക്കൽതറയിൽനിന്ന് പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| 2. | ചെങ്കംപൊറ്റ, പാറക്കളം, മീനിക്കോട്, വെള്ളാന്തറ ചെക്കാന്തറ | നിലവിലുള്ള പൈപ്പ്ലൈനുകളിൽനിന്നും പുതിയലൈൻ ദീർഘിപ്പിച്ച് കണക്ഷൻ നൽകുക. |
| | ത്രാമണി, മണ്ണാർകുണ്ട്, ചെറിയാണ്ടിക്കുളമ്പ്,തട്ടാമ്പൊറ്റ | പുതിയ സാധാരണകിണറോ കുഴൽകിണറോ നിർമ്മിക്കുക |

49

| | | |
|---|---|---|
| 3. | പാണത്തറ, ചെറിയകോവിൽ, വലിയകോവിൽ, പൊന്നനാടി, എരിക്കലാംകുളമ്പ് ലക്ഷംവീട് കോളനി, പാതനാറഹരിജൻ കോളനി, താടനാറ ലക്ഷം വീട് കോളനി, അക്കരപ്പാളയം പൂതർകുളമ്പ്, കണ്ടൻചിറ, ഏനമംഗലം, ചങ്ങനാറ, പനങ്കാവ് | ഗായത്രി പുഴയിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽനിന്നും കുടിവെള്ളം എത്തിക്കുകയോ അല്ലെങ്കിൽ പുതിയകിണറുകളോ കുഴൽകിണറുകളോ നിർമ്മിക്കുക |
| 4. | കുതിരമൂളി ഐ.എച്ച്.ഡി.പി കോളനി ബംഗ്ലാമേട് അച്ചനാങ്കോട്,ഇടച്ചിറ, മേലെച്ചുട്ടിച്ചിറ, കീഴെച്ചുട്ടിച്ചിറ, മാഞ്ചിറ, പാലക്കോട് | മാഞ്ചിറയിലുള്ള കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് കെ. ഡബ്ലിയു. എ. യുടെ പൈപ്പ് ലൈൻ നീട്ടുക. |
| | കുതിരോട്ടുകുളമ്പ് | പുതിയ കിണർ / കുഴൽകിണർ നിർമ്മിക്കുക. |
| 5. | പുത്തൻപാടം I.H.D.P കോളനി, വേങ്ങപ്പാറ തടിക്കാട്, കണ്ണൻകുളമ്പ് കൊട്ടക്കുറുശ്ശി, ചക്കുപറമ്പ് | പുതിയ കിണർ / കുഴൽകിണർ നിർമ്മാണം. |
| | നെന്മേനി, കിഴക്കേപ്പറമ്പ്, പറശ്ശേറി, ചുട്ടിച്ചിറക്കളം, പുത്തൻകളം, പേരോട്ട്കാവ് പീച്ചംപാടം | നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| 6. | എസ്.വി. സ്ട്രീറ്റ് തഹസിൽദാർ പാടം, കിഴക്കേ സി.ടി. പാളയം | കൊല്ലങ്കോട് - തൃശൂർ റോഡിൽ നിന്നും പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. സി.ടി പാളയം ലൈനിൽനിന്നും ദീർഘിപ്പിക്കുക |
| 7. | പുളിങ്കൂട്ടതറയുടെ പടിഞ്ഞാറ് ഭാഗം, തെക്കേ ചുരുക്ക്, ധാത്രി ഗേൾസ് ഹൈസ്കൂൾ വിവേകാനന്ദാകോളനി, അരുവനൂർപറമ്പ്,തറക്കളം പാറനാട്ട്പാടം, തെക്കേ ചുരുക്ക് | നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| 8. | പയ്യലൂർ ഗ്രാമം, തെക്കേ കമ്മാന്തറ, കവറത്തറ, കാവളക്കോട്,നായ്ക്കത്തറ, വിവേകാനന്ദനഗർ | നിലവുലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| 9. | മൂക്കർശ്ശൻകുന്ന് വാക്കോട്, ചീരണി, പൂളപ്പറമ്പ്. | പയ്യലൂർഭാഗത്തുള്ള പൈപ്പ്ലൈനിൽനിന്നും പൈപ്പ് ദീർഘിപ്പിച്ച് പൊതു ടാപ്പുകൾ സ്ഥാപിക്കണം |

50

| | | |
|---|---|---|
| | പണിക്കർപൊറ്റ,<br>ചാത്തൻപാറ,ആറുകാട്<br>മാമണി,മേലെചീരണി<br>ചക്രാട്ടുകുളമ്പ്, കുന്ദം<br>തച്ചക്കോറ,നായ്ക്കത്തറ,<br>കാടകൊളുമ്പ് | സാധാരണ കിണറുകളോ കുഴൽ കിണറുകളോ നിർമ്മിക്കുക. |
| 10. | കാളികൊളുമ്പ്,ചീരണി<br>വെള്ളനാറ,രണ്ടിലപ്പ,<br>വേലൻപൊറ്റ | വെള്ളനാറയിൽനിന്നും ചീരണി കാളികൊളുമ്പ് ഭാഗത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കണം. |
| | തറപ്പാടം<br>കുരുമൂച്ചിപറമ്പ് | പുതിയ കിണർ നിർമ്മിക്കണം. |
| | ഞെരിഞ്ഞൽ,പൊരിച്ചിക്കുളം<br>തച്ചമ്പാക്ക് | നിലവിലുള്ള പഞ്ചായത്ത് കിണർ ആഴം കൂട്ടണം |
| 11. | കിഴക്കേപ്പാവടി,മണലിപ്പാടം<br>നരിയക്കോട്,നെടുമണി,<br>കൊല്ലർമേട്,പുത്തൻപൊറ്റ<br>കല്ലുകുത്തി | മാഞ്ചിറയിലുള്ള കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. |
| | കുരുവിക്കൂട്ടുമരം,നെടുമണി,<br>കുതിരമൂളി | പുതിയ കുഴൽകിണർ നിർമ്മിക്കണം. |
| 12. | ചുട്ടിച്ചിറ,വള്ളികൊളുമ്പ്,<br>കടമ്പൻകാട് | സാധാരണ കിണർ നിർമ്മിക്കണം. |

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

### 1-ാം വാർഡ്

പുതുഗ്രാമം, പുഴയ്ക്കൽത്തറ, മാമ്പ്രപ്പാടം കാരാട്ടുപാടം, മൈലാപ്പ്തറ എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ കിഴക്കേഗ്രാമം മുതൽ ശിവൻ കോവിൽ വരെ ദീർഘിപ്പിച്ച് പരിഹരിക്കാവുന്നതാണ്.

### 2-ാം വാർഡ്

ചെങ്കംപൊറ്റ, പാറക്കളം, മീനിക്കോട്, വെള്ളാന്തറ, ചക്കാന്തറ എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പരിഹരിക്കാവുന്നതാണ്.

കൂടാതെ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന് സൗകര്യമില്ലാത്ത പ്രദേശങ്ങളായ മണ്ണാർകുണ്ട്, ചെറിയആണ്ടിക്കുളമ്പ്, തട്ടാംപൊറ്റ എന്നീ പ്രദേശങ്ങളിൽ നിലവിലുള്ള പഞ്ചായത്ത് കിണറുകൾ ആഴം കൂട്ടുകയും പുതിയ കിണറുകൾ നിർമ്മിക്കുകയും ചെയ്താൽ പരിഹരിക്കാവുന്നതാണ്.

51

3–ാം വാർഡ്

ഈ ഗ്രാമ പഞ്ചായത്തിലെ ഹരിജൻ കോളനികളും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുമായ പാതനാറ, ചെറിയകോവിൽ, വലിയകോവിൽ, പൊന്നനാടി, എരിക്കലാംകുളമ്പ്, ലക്ഷം വീട് കോളനി, പാതനാറ ഹരിജൻകോളനി, താടനാറ ലക്ഷംവീട് കോളനി, അക്കരപ്പാളയം, പൂതർകുളമ്പ്, കണ്ടൻചിറ, ഏനമംഗലം, ചങ്ങനാറ, പനങ്കാവ് എന്നീ സ്ഥലങ്ങൾ കുടിവെള്ളത്തിന് ക്ഷാമം അനുഭവപെടുന്ന പ്രദേശങ്ങളാണ്. പ്രസ്തുത സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ഗായത്രി പുഴയിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽനിന്നും ശുദ്ധജല വിതരണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ വക കിണറുകൾ ആഴം കൂട്ടിയും, പുതിയ കിണറുകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

4–ാം വാർഡ്

ഈ ഗ്രാമപഞ്ചായത്തിലെ കുതിരമൂളി IHDP കോളനി, ബംഗ്ലാമേട്, അച്ചനാംകോട്, ഇടച്ചിറ, മേലെചുട്ടിച്ചിറ, കീഴെചുട്ടിച്ചിറ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്നു. ഈ പ്രദേശങ്ങളിൽ കെ. ഡബ്ലിയു. എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പൊതു ടാപ്പുകൾ സ്ഥാപിച്ചാൽ പരിഹരിക്കാവുന്നതാണ്.

കൂടാതെ ഈ വാർഡിലെ കൊല്ലങ്കോട് പഞ്ചായത്തിന്റെയും മുതലമട പഞ്ചായത്തിന്റെയും അതിർത്തി പ്രദേശത്ത് സ്ഥിതിചെയ്യുന്ന കുതിരോട്ടുകുളമ്പ് ഹരിജൻകോളനിയിൽ പഞ്ചായത്ത് വക ഒരു സാധാരണ കിണറുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ കിണറിൽ വെള്ളം വറ്റുന്ന സ്ഥിതിയാണുള്ളത്. ആയതുകൊണ്ട് പ്രസ്തുത പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിന്നായി ഒന്നര കിലോമീറ്ററോളം ദൂരം നടക്കേണ്ടതായും വരുന്നു. ഈ പ്രദേശത്ത് സാധാരണ കിണർ കുഴിച്ചാൽ പാറപ്രദേശമായതിനാൽ പ്രയോജനപ്രദമല്ലാത്തതാവുന്നു. ഇവിടെ ഒരു കുഴൽകിണർ കുഴിച്ച് ഹാൻഡ് പമ്പ് സ്ഥാപിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

5–ാം വാർഡ്

ഈ ഗ്രാമപഞ്ചായത്തിലെ ചരിവുപ്രദേശമായതും തെന്മലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്നതുമായ പുത്തൻപാടം IHDP കോളനി വേങ്ങപ്പാറ, തടിക്കാട്, കണ്ണൻകുളമ്പ്, കൊട്ടക്കുറുശ്ശി, ചക്കുവരമ്പ്, പീച്ചംപാടം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നു. ഈ പ്രദേശങ്ങളിൽ പഞ്ചായത്തിന്റെ സാധാരണ കിണറുകൾ ഉണ്ടെങ്കിലും വേനൽക്കാലങ്ങളിൽ ഒന്നിലും വെള്ളം ലഭിക്കാറില്ല. ഈ പ്രദേശങ്ങളിൽ ഓരോ സാധാരണ കിണറുകളോ കുഴൽകിണറുകളോ കുഴിച്ചാൽ പ്രശ്ന പരിഹാരമാവും. കൂടാതെ തെന്മലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന ഐതിഹാസികമായ സീതാർകുണ്ടിൽ ഉള്ള ഒരു പാറയിടുക്കിൽ വേനൽക്കാലത്തുപോലും എല്ലായ്പ്പോഴും ഒരേ വിതാനത്തിൽ വെള്ളം നിൽക്കുന്ന സ്ഥലം സ്ഥിതിചെയ്യുന്നു. ഇത് വികസിപ്പിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

6–ാം വാർഡ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ ടൗൺ പ്രദേശമാണ്. ഇവിടെ പഞ്ചായത്തു വക 8 സാധാരണ കിണറുകളും 5 കുഴൽ കിണറുകളും 20 പൊതു ടാപ്പുകളും നിലവിലുണ്ട്. നെന്മേനി, കൊങ്ങൻചാത്തി, പെരുമാൾ കോവവിൽ എന്നീ കുഴൽ കിണറുകളിൽനിന്നും പൊതുടാപ്പുകൾ വഴി ശുദ്ധജല വിതരണം നടത്തിക്കൊണ്ടിരിക്കുന്നുവെങ്കിലും ഈ വാർഡിലെ പാവടി, തഹസിൽദാർപാടം, ചക്കാന്തറ, ചിക്കണാമ്പാറ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്നു. ഈ വാർഡിൽ തഹസിൽദാർപാടം, ചക്കാന്തറ, എസ്. വി. സ്ട്രീറ്റ് എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ചാൽ ഇതിന്ന് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഈ

ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ശുദ്ധജല വിതരണം വാട്ടർ ടാങ്കുകൾ ഇല്ലാതെ കുഴൽകിണറുകളിൽ നിന്നും നേരിട്ടാണ് പൊതുടാപ്പുകൾ വഴി വെള്ളമെത്തിക്കുന്നത്. ഇതുകാരണം ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നതിന് സാധിക്കാതെ വരുന്നു.

ചിക്കണാംപാറയിൽ സബ്ട്രഷറിക്കടുത്ത് കേരളാ വാട്ടർ അതോറിറ്റി എൽ.ഐ.സി. യുടെ സഹായത്തോടെ 7.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് പണിനടത്തിക്കൊണ്ടിരിക്കുന്നു. ആയതു പൂർത്തീകരിച്ചാൽ ടൗൺ പ്രദേശത്തെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## 7-ാം വാർഡ്

ഈ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളിലൊന്നാണിത്. ഈ വാർഡ് മൂന്ന് IHDP കോളനികളും മൂന്ന് ഹരിജൻ കോളനികളും സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്ത് പയ്യലൂർ കുഴൽക്കിണറിൽനിന്നും വെള്ളം പൊതുടാപ്പുകൾ വഴി വിതരണം ചെയ്തിരുന്നു. കഴിഞ്ഞ 7 വർഷമായി കുഴൽക്കിണർ ഡ്രൈ ആയി കിടക്കുന്നു. കൊല്ലങ്കോട് പെരുമാൾ കോവിലിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം ഉയർന്ന പ്രദേശമായ പയ്യലൂർ ഭാഗത്ത് എത്താത്തതിനാൽ ഇതിന് ബദൽ സംവിധാനം കെ.ഡബ്ലിയു.എ ഇതുവരെയും ഏർപ്പെടുത്താത്തുകൊണ്ട് ഈ പ്രദേശടെ സ്വകാര്യ വ്യക്തിയുടെ കുഴൽക്കിണറിൽനിന്നും വെള്ളഎ പമ്പ്ചെയ്ത് ശുദ്ധജല വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ കേരളാ വാട്ടർ അതോറിറ്റി സ്ഥലം പരിശോധിച്ച് കുഴൽക്കഇണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ചാൽ ഈ വാർഡിലെ പുളിങ്കൂട്ടത്തറ, കാരാട്ടുപാടം, മാമ്പ്രപ്പാടം, തെക്കേചുരുക്ക്, കമ്മാന്തറക്കളം, വാറനാട്ടുപാടം, ചൂലിക്കാട്, പയ്യലൂർമൊക്ക്, വിവേകാനന്ദ കോളനി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കും.

## 8-ാം വാർഡ്

ഈ വാർഡിലെ പയ്യലൂർ ഗ്രാമം തെക്കേകമ്മാന്തറ കവറത്തറ, കാവളക്കോട്, നായ ക്കത്തറ, വിവേകാനന്ദനഗർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നു. ഈ പ്രദേശത്തേക്ക് കെ.ഡബ്ലിയു.എ. യുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ചാൽ പരിഹരിക്കാവുന്നതാണ്.

## 9-ാം വാർഡ്

ഈ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന വാർഡാണിത്. ഈ വാർഡിൽ കേരളാ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ ഇതുവരെയും എത്തിയിട്ടില്ല. പഞ്ചായത്തുവക സാധാരണ കിണറുകൾ ജനുവരി മാസത്തിൽ തന്നെ ഉറവുവറ്റുകയാണ് പതിവ്. ഈ വാർഡിലെ കുന്ദം, മേലെചീരണി, പുരട്ടിൽകാവ്, മാമണി, തച്ചക്കോറ, പണിക്കർപൊറ്റ, ആശാരിപ്പാടം, കവറത്തറ, കാടകുളമ്പ്, ചക്രാട്ട്കുളമ്പ്, ചാത്തംപാറ എന്നീ പ്രദേശങ്ങളിൽ കിണർ അല്ലെങ്കിൽ കുഴൽകിണർ നിർമ്മിക്കേണ്ടതാണ്.

പയ്യലൂർ ആസ്ഥാനമായി ഒരു വാട്ടർ ഹെഡ് നിർമ്മിക്കുന്ന മാസ്റ്റർ പ്ലാൻ ബഹു: സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് മുഖേന നടന്നുവരുന്നുണ്ട്. ഈ പദ്ധതി എത്രയും വേഗം നടപ്പാക്കണം.

53

## 10-ാം വാർഡ്

ഈ വാർഡിലെ ചീരണി, കാളികുളമ്പ്, വെള്ളനാറ, പൊരിച്ചോളം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നു. പ്രസ്തുത പ്രദേശങ്ങളിൽ നിലവിലുള്ള കെ.ഡബ്ലിയു.എ. പൈപ്പ്ലൈൻ ദീർഘിപ്പിക്കുകയോ പുതിയ കുഴൽകിണർ കുഴിക്കുകയോ ചെയ്യേണ്ടതാണ്.

## 11-ാം വാർഡ്

ഈ വാർഡിലെ കിഴക്കേ പാവടി, മണലിപ്പാടം, നരിയക്കോട്, നെടുമണി, കൊല്ലർമേട്, പുത്തൻപൊറ്റ എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ സാധാരണ കിണറുകളോ കുഴൽകിണറുകളോ നിർമ്മിക്കണം.

കല്ലുകുത്തി, കൊല്ലർമേട്, നെടുമണി, പുത്തൻപൊറ്റ എന്നീ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മാഞ്ചിറയിലുള്ള കുഴൽക്കിണറിൽ മോട്ടോർ സ്ഥാപിച്ച് പൊതു ടാപ്പുകൾ ദീർഘിപ്പിക്കണം. നിലവിലുള്ള പൈപ്പ് ലൈനുകളിൽ നിന്നും ചിക്കണാംപാറ പള്ളിക്കു സമീപം വടക്കേപാവടി, പാവടി എന്നീ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കണം. മാട്ടുമൊന്ത പൈപ്പ് ലൈനിൽനിന്നും മണലിപ്പാടം ഹരിജൻകോളനിയിലേക്ക് പുതിയ പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. കല്ലുകുത്തി ഹരിജൻ കോളനിയിൽ ഒരു സാധാരണ കിണർ നിർമ്മിക്കണം.

## 12-ാം വാർഡ്

ഈ വാർഡിലെ ചുട്ടിച്ചിറ, വള്ളികൊളുമ്പ്, കടമ്പൻകാട് എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്നു. ഈ പ്രദേശങ്ങളിൽ സാധാരണ കിണറുകളോ കുഴൽകിണറുകളോ നിർമ്മിക്കണം.

## ആരോഗ്യം

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ 1937 ലാണ് ഒരു ഗവൺമെന്റ് ആശുപത്രി തുടങ്ങിയത് ( ലോക്കൽ ഫണ്ട് ഡിസ്പെൻസറി ). അതിനുമുമ്പ് ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് ചികിത്സക്കായി പ്രധാനമായും ആശ്രയിച്ചുവന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലുണ്ടായിരുന്നില്ല. ചരടു ജപിച്ചുകൊടുക്കുക, മന്ത്രം ചെയ്ത് ഊതുക, കാവുകളിലേക്ക് വഴിപാടുകൾ നേരുക തുടങ്ങി അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു പണ്ട് മുൻഗണന.

ആധുനിക ശാസ്ത്രവും ചികിത്സാ രീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലർ ഇത്തരം പ്രാകൃത രീതികൾ ഇപ്പോഴും അനുവർത്തിച്ചു വരുന്നു. 1951 ൽ സ്ഥാപിതമായ കൊല്ലങ്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമ സ്ഥാപനം. ഇന്ന് രോഗികളെ കിടത്തി ചികിത്സിക്കുന്ന മൂന്ന് സ്വകാര്യ ആശുപത്രികളും രോഗികളെ പരിശോധിച്ച് ചികിത്സിക്കുന്ന 4 ഡോക്ടർമാരും ഇവിടെ ഉണ്ട്. ആകെ ഇവിടെ 8 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവർക്കുപുറമെ സ്വകാര്യ മേഖലയിൽ ഹോമിയോ ചികിത്സ നടത്തുന്ന 2 സ്ഥാപനങ്ങളും 4 പാരമ്പര്യ വൈദ്യന്മാരും ഒരു പാരമ്പര്യ വിഷവൈദ്യരും ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ ഇതുവരെയും ഒരു ആയുർവ്വേദ ആശുപത്രി അനുവദിച്ചു കിട്ടിയിട്ടില്ല.

54

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഇതിനനുസൃതമായി ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്.

പ്രാഥമിക ആരോഗ്യരംഗത്ത് ഈ പഞ്ചായത്ത് സ്തുത്യർഹമായ സേവനം നടത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ 1962 മുതൽ ഒരു മെറ്റേർണിറ്റി സെന്റർ നടത്തി വന്നിരുന്നു. ഇതിനായി ഒരു നഴ്സിന്റെയും ആയയുടെയും സേവനം ഉപയുക്തമാക്കിയിരുന്നു. ഈ പഞ്ചായത്ത് പ്രദേശത്തുള്ള മുൻകാലങ്ങളിലെ ബാലവാടി കുട്ടികൾക്കും അമ്മമാർക്കും പാൽ, റൊട്ടി മുതലായവ സൗജന്യമായി നൽകി വന്നിരുന്നു. നിലവിലുണ്ടായിരുന്ന മെറ്റേർണിറ്റി സെന്റർ നേഴ്സും ആയയും സർവ്വീസിൽ നിന്ന് വിരമിച്ചതോടുകൂടി ആരോഗ്യരംഗത്ത് മറ്റു ആധുനിക സൗകര്യങ്ങൾ വന്നതോടുകൂടി പഞ്ചായത്തിലിപ്പോൾ ഈ തസ്തികയും സ്ഥാപനവും ഇല്ലാതായിരിക്കുന്നു.

ഈ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അത്യാവശ്യമായ മരുന്നുകളും മറ്റും സമയത്തിന് ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിലും ഡോക്ടർമാരുടെ സേവനം എല്ലാ സമയത്തും ലഭിക്കാത്തതിനാലും ആധുനികോപകരണങ്ങളുടെ ലഭ്യത ഇല്ലാത്തതിനാലും ഭൂരിഭാഗം രോഗികളും ജില്ലാ ആശുപത്രിയിലേക്ക് വിദഗ്ധ പരിശോധനക്കായി അയയ്ക്കുകയാണ് പതിവ്. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് കുഷ്ഠരോഗ ചികിത്സാ കേന്ദ്രവും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കഴിഞ്ഞ നാലു വർഷങ്ങളിൽ ചികിത്സക്കായി എത്തിയവരുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 1

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം ( എണ്ണം ) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാവിഭാഗവും | പകർച്ച വ്യാധികൾ | വിഷ പാമ്പുകടിച്ച് | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992–93 | 693 | 9176 | ഒപി | ഒപി | | | | |
| | | | 1600 | 250 | | | | |
| | | | 1 പി | 1 പി | – | – | 7326 | 9176 |
| | | | 15 | 10 | | | 668 | 693 |
| 1993–94 | 986 | 23380 | ഒപി | ഒപി | | | | |
| | | | 2200 | 580 | – | – | 20600 | 23380 |
| | | | 1 പി | 1 പി | – | – | 939 | 986 |
| | | | 25 | 22 | | | | |
| 1994–95 | 1017 | 25300 | ഒപി | ഒപി | | | | |
| | | | 3100 | 765 | | | | |
| | | | 1 പി | 1 പി | – | – | 21435 | 25300 |
| | | | 18 | 30 | | | 969 | 1017 |
| 1995–96 | 412 | 7282 | ഒപി | ഒപി 260 | | | | |
| | | | 1200 | | | | | |
| | | | 1 പി | 1 പി–2 | – | – | 5822 | 7282 |
| | | | 2 | | | | 405 | 412 |
| ആകെ | 3108 | 65138 | | | | | 55 | |

ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തി വെയ്പ് നടത്തിയതിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | | ഡി. പി. റ്റി. | | | | പോളിയോ | | | | ഡി.റ്റി. 4-6വയസ്സ് | | | മീസിൽസ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | ബി.സി.ജി. | 1ഡി | 2ഡി | 3ഡി | ബി.ഡി | 1ഡി | 2ഡി | 3ഡി | ബി.ഡി | 1ഡി | 2ഡി | 3ഡി | ബി.ഡി | |
| 1 വയസ്സിൽ | M90/F85 | 110/ | 115/ | 127/ | 84/ | 110/ | 115/ | 127/ | 84/ | 29/ | 43/ | 28/ | | 88male/ |
| താഴെ | | 111 | 109 | 117 | 81 | 111 | 109 | 117 | 81 | 30 | 35 | 23 | | 84Female |
| 1-3വയസ്സ് | | | | | | | | | | | | | | |
| 3-6വയസ്സ് | | | | | | | | | | | | | | |

ടെറ്റനസ് ടോക്സോയിസ് ( ടി. ടി. )

| ഗർഭിണികൾ | 1ഡി | 2ഡി | ബിഡി |
|---|---|---|---|
| | 85 | 94 | 56 |

പഞ്ചായത്തിലെ ജനന നിരക്ക് 790 ഉം മരണനിരക്ക് 176 ഉം ആണ്. ചാപിള്ള ജനനം 6 ഉം ശരാശരി കുടുംബ വലിപ്പം 7 ആണ്.

ഗ്രാമ സഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും, ആരോഗ്യപൂർണ്ണവുമായ ഒരു പഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

## സ്ഥാപനങ്ങളും സേവനങ്ങളും

കൊല്ലങ്കോട് പഞ്ചായത്തിലെ ആരോഗ്യരംഗത്ത് പൊതു സ്ഥാപനങ്ങൾ താഴെ പറയും പ്രകാരമാണ്.

1. പ്രാഥമിക ആരോഗ്യകേന്ദ്രം – 1
2. ഐ. പി. പി. ഉപകേന്ദ്രങ്ങൾ – 3

ഇവയിലെല്ലാംകൂടി 25 ജീവനക്കാരാണ് ഉള്ളത്.

### പട്ടിക 1 ( ആരോഗ്യം )
### പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രം

| നമ്പ്ര് | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | പ്രൈമറി ഹെൽത്സെന്റർ, കൊല്ലങ്കോട് | 2 | 1951 | 23 |
| 2. | ഐ. പി. പി. സബ്സെന്റർ, ആനമാറി ( താടനാറ ) | 3 | 1989 | 1 |
| 3. | ഐ.പി.വി. സബ്സെന്റർ, പയ്യലൂർ | 8 | 1978 | 1 |

56

## പഞ്ചായത്തിലെ സ്വകാര്യ ആരോഗ്യകേന്ദ്രം

| നമ്പ്ര് | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | പ്രശാന്ത് ക്ലിനിക് | 1 | 1971 | 9 |
| 2. | ശ്രീകൃഷ്ണ പോളി ക്ലിനിക് | 6 | 1990 | 4 |
| 3. | ആബിദ് ഹോസ്പിറ്റൽ | 6 | 1995 | 6 |

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. ആരോഗ്യസംരക്ഷണകാര്യത്തിൽ മരുന്നുകളോളമോ അതിലധികമോ പ്രാധാന്യം ബോധവൽകരണ പ്രവർത്തനങ്ങൾക്കുണ്ട് പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുക്തത എടുത്തു പറയേണ്ടതാണ്. ഇവയെ യഥാപൂർവ്വം ബോധ്യപ്പെടുത്തി ആരോഗ്യ രംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകേണ്ടതാണ്.

### കക്കൂസ്

പൊതു ജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ ആകെ 6576 വീടുകളിൽ 50% വീടുകളിലും (3188) വീടുകളിൽ നിലവിൽ കക്കൂസില്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു.

ഗ്രാമസഭകളുടെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരമാർഗ്ഗങ്ങളും താഴെ കാണും പ്രകാരം സംഗ്രഹിക്കാം.

| തടസ്സകാരണം | | പരിഹാരമാർഗ്ഗം |
|---|---|---|
| 1. സാമ്പത്തിക പരാധീനത | - | സർക്കാർ ഇപ്പോൾ നൽകി വരുന്ന സഹായങ്ങൾക്കു പുറമെ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾതുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. സ്ഥലപരിമിതി ( കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും ) | - | പൊതു കക്കൂസുകൾ ( സെപ്ടിക് ടാങ്ക് ) നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| 3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | - | ആരോഗ്യ ബോധവൽകരണ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെ ബന്ധപ്പെടുത്തി ചർച്ചാക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, വീഡിയോ പ്രദർശനം. |

### പരിസരശുചിത്വം

വ്യവസായശാലകൾ നാമമാത്രമായ ഈ പഞ്ചായത്തിൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരുന്നാലും ഈ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽനിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമവാസികളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിലെ ടൗൺ പ്രദേശത്തുള്ള നഗരവൽകരണ പ്രവണതയും, ജനസംഖ്യാ വർദ്ധനവുംമൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാനുള്ള സാദ്ധ്യതയുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിന് കൂടുതൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കുകയും ചെയ്യേണ്ടതാണ്.

വ്യവസായ വൽക്കരണത്തിൻെറ ഭാഗമായി സാധന സാമഗ്രികൾ മുഴുവനായി പ്ലാസ്റ്റിക് പേക്കറ്റുകളിൽ വരുന്നതുകൊണ്ട് ആയതിൻെറ പ്ലാസ്റ്റിക് കവറുകൾ പരിസരമാകെ ചിതറികിടക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ഇത് കത്തിച്ചുകളയുന്ന സമയത്തുള്ള പുക മാരകരോഗങ്ങൾക്ക് കാരണമാകുന്നു. ആയത് മണ്ണിൽ അടിഞ്ഞ് കിടന്ന് മണ്ണിലെ ജൈവഘടനയെത്തന്നെ താളം തെറ്റിക്കുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആഗോളാടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതാണ്.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെപറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ ടൗൺ പ്രദേശത്തുള്ള അഴുക്കുചാലിൽ വെള്ളം കെട്ടിനിന്ന് പരിസരമലിനീകരണം ഉണ്ടാവുന്നു. ആയത് പൊതുജനപങ്കാളിത്തത്തോടുകൂടി സമയാസമയങ്ങളിൽ വൃത്തിയാക്കുക. പഞ്ചായത്തതിർത്തികളിൽ വിൽപന നടത്തുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധനക്ക് വേണ്ടപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച് നടപടികൾ രൂപപ്പെടുത്തുക. അറവുശാലയിൽ പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെമാത്രം അറക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് " ഹെൽത്ത് കാർഡ് " സമ്പ്രദായം നടപ്പിലാക്കേണ്ടതുമാണ്. അങ്ങാടികൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽകരിക്കുകയും ചെയ്യുന്നതോടൊപ്പം അവ പാലിക്കാത്തവരിൽനിന്നും പിഴ ഈടാക്കുനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

വർഷക്കാലത്തും വരൾച്ചക്കാലത്തും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിൽ ക്ലോറിനേഷൻ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. ടൗൺ പ്രദേശങ്ങളിൽ കുപ്പികൾ കൂടിക്കിടക്കുവാൻ അനുവദിക്കാതിരുന്നാൽ ഈച്ചകൾ പെരുകുന്നത് ഫലപ്രദമായി തടയാനാവും.

അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റായി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കുവാനും വീട്ടിന്നടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക, വീടുകളിൽ ഡി. ഡി. ടി. തളിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാൽ കൊതുകു നശീകരണം ഫലപ്രദമാക്കാനാവും. ഈ പ്രവൃത്തിയിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാർക്കൊപ്പം സന്നദ്ധ സേവകരേയും ഉപയോഗപ്പെടുത്താവുന്നതാണ്.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

### കായിക പരിശീലനകേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിന്നും ഉതകുന്ന ഒരു കായിക പരിശീലന കേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നൽകുകവഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ സഹായകമാവും.

58

## പൊതുശ്മശാനം

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള മൂന്ന് പൊതു ശ്മശാനങ്ങൾക്കുപുറമെ പയ്യലൂർ, ഇടച്ചിറ, പെരുന്തറകോവിൽ എന്നീ സ്ഥലങ്ങളിലായി പുതിയ പൊതു ശ്മശാനങ്ങൾ പുതിയ നിർമ്മിക്കുക.

## ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്ത് വളരെ ഗുണംചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ, രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കുവാനും സഹായിക്കും. ആരോഗ്യപ്രവർത്തകരെയും സന്നദ്ധപ്രവർത്തകരെയും ഒരുമിച്ച് നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഇപ്പോൾ നിലവിലുള്ള നിയമാവലികൾ കാലോചിതമായി പുതുക്കി ആരോഗ്യ രംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാൻ ഉതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പാക്കേണ്ടതാണ്.

## പാരമ്പര്യവൈദ്യമേഖല

വാമൊഴിയുടെയും വരമൊഴിയുടെയും തലമുറകളിലൂടെ പകർന്നു കിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. രണ്ട് വൈദ്യ കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ആയുർവ്വേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തല ഔഷധസസ്യ സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത്തലത്തിൽ തരിശ്ശായിക്കിടക്കുന്നതും പുറംപോക്ക്സ്ഥലങ്ങളും ഇതിനായി ഉപയോഗിക്കാം.

പഞ്ചായത്ത് നിവാസികളുടെ പൊതുജനാരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, പുകയിലകൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുക വഴി ദാദാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും, ജില്ലാ നേത്ര ബാങ്കുമായി ബന്ധപ്പെട്ട പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ പ്രാധാന്യമർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും, സന്നദ്ധ സംഘടനകളെയും സംയോജിപ്പിച്ച് " ശുചിത്വം, ആരോഗ്യം " എന്ന സ്വപ്നം യാഥാർത്ഥ്യമായി മാറ്റുവാൻ നമുക്ക് കഴിയും. അതിനാകട്ടെ നമ്മുടെ ശ്രമം.

59

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ജനജീവിതത്തിന്റെ പുരോഗതിക്കും നാടിന്റെ വികസനത്തിനും മാറ്റിനിർത്താൻ പറ്റാത്തവിധം ഭാവിതലമുറയുടെ നന്മക്കുംവേണ്ടി റോഡുകൾ വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞവർ ആയിരുന്നു പൂർവ്വികന്മാർ. ഈ തിരിച്ചറിവിന്റെ പരിണാമഫലമായിരുന്നു ശ്രീവാസുദേവരവിവർമ്മ രാജാവിന്റെ പരിശ്രമഫലമായി പൊള്ളാച്ചി റെയിൽവേലൈൻ 1930 ആണ്ടിൽ സ്ഥാപിതമാക്കിയത്. 1937 ൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ രൂപീകരണവും റോഡുകളുടെ രംഗത്തും, വൈദ്യുതി രംഗത്തും വളരെയേറെ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. തൃശൂർ ഗോവിന്ദാപുരം റോഡ്, കോല്ലങ്കോട് പാലക്കാട് റോഡ്, കോവിലകമുക്ക്, ആലത്തൂർ റോഡ് എന്നിവ ഈ പഞ്ചായത്തിന്റെ പുരോഗമനത്തിന് സഹായകകരമാണ്. കൊല്ലങ്കോട് റെയിൽവേ സ്റ്റേഷൻ ടൗണിൽനിന്നും ഒന്നര കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നതുമാണ്. റെയിൽവേ കടന്നു പോകാത്ത ചുരുക്കം പഞ്ചായത്തുകളിൽ ഒരു പഞ്ചായത്താണ് കൊല്ലങ്കോട്. റെയിൽവേ സ്റ്റേഷന്റെ പേര് കൊല്ലങ്കോടാണെങ്കിലും അത് സ്ഥിതി ചെയ്യുന്നത് വടവന്നൂർ പഞ്ചായത്തിലാണ്. ഇപ്പോൾ പാലക്കാട് ദിണ്ടുക്കൽ റെയിൽവേ ലൈൻ മീറ്റർഗേജ് ആണ്. യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബ്രോഡ്ഗേജ് ആക്കി മാറ്റേണ്ടതായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വാഹനഗതാഗത യോഗ്യമായ റോഡുകൾ 102.4 കി. മീറ്ററാണ്. ഈ റോഡുകൾ തന്നെ അറ്റകുറ്റപണികൾ ചെയ്യേണ്ടതായിട്ടുണ്ട്. ടാർ റോഡുകളും മെറ്റൽ റോഡുകളുമാണ് കൂടുതൽ. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് ബസ്ഗതാഗതം നിയന്ത്രിക്കാനും പോക്കുവരവു നിയന്ത്രിക്കാനും ഒരു ബസ്സ്റ്റാന്റില്ല. ടാക്സി ഓട്ടോ സ്റ്റാന്റ് കൊല്ലങ്കോടു പഞ്ചായത്തിന്റെ ഹൃദയ ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ഏറെക്കുറെ ജനനിബിഡമായതും ഇടുങ്ങിയതുമായതുകൊണ്ട് യാത്രാവൈഷമ്യം അനുഭവപ്പെത്തുന്നുണ്ട്. ബസ്സ്റ്റാന്റിന്റെ ആവശ്യം പരമ പ്രധാനമാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ ടാർ ചെയ്തറോഡ് ഒരുകിലോമീറ്റർ മുതൽ മൂന്ന് കിലോമീറ്റർ വരെയുള്ള റോഡുകളുമുണ്ട്. സ്റ്റേറ്റ് ഹൈവേ റോഡുണ്ട്. നാഷണൽ ഹൈവേ റോഡില്ല. സ്റ്റേറ്റ് ഹൈവേ റോഡിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. ഇതോടൊപ്പംതന്നെ പുതിയ റോഡുകളുടെ ആവശ്യകത അനിവാര്യമാണ്. പുതിയ റോഡ ഏകദേശം 80 കിലോമീറ്റർ ആവശ്യമാണ്. റോഡുകളുടെ ശൃംഖല താരതമ്യേന മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. യഥാസമയം അറ്റകുറ്റപണികൾ നടത്താൻ ഫണ്ടിന്റെ ദൗർലഭ്യം ഒരു കാരണമാണ്. ഫണ്ടില്ല എന്നത് വികസനത്തിന് ഒരു വിലങ്ങുതടയാകുന്നു.

പഞ്ചായത്തിന്റെ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യം എന്നിവ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

പഞ്ചായത്തിന്റെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | വിസ്തീർണ്ണം | ബസ്മറ്റു സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1. | കൊല്ലങ്കോട് ടൗൺമുതൽ ഗായത്രി പുഴ വരെ | പി.ഡബ്ലിയു.ഡി. | 1 കി.മീ | 12 മീ. | ഉണ്ട് |
| 2. | ബ്ലോക്ക് ഓഫീസ് റോഡ് പോലീസ്സ്റ്റേഷൻമുതൽ | പഞ്ചായത്ത് | 300 മീ. | 8 മീ. | ഉണ്ട് |
| 3. | കുറ്റിക്കാണംമുതൽ ആനമാറി പുഴവരെ | പി.ഡബ്ലിയു.ഡി. | 3 കി.മീ. | 8. മീ. | ഉണ്ട് |

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | വിസ്തീർണ്ണം | ബസ്മറ്റു സൗകര്യങ്ങൾ |
|---|---|---|---|---|---|
| 4. | നെടുമണിമുതൽ മാഞ്ചിറവരെ എസ്.എച്ച്.27 കടന്നുപോകുന്നു | പി.ഡബ്ലിയു.ഡി. | 2 കി.മീ | 12 മീ. | ഉണ്ട് |
| 5. | പിള്ളക്കോട് മുതൽ മാത്തൂർ വരെ | പി.ഡബ്ലിയു.ഡി. | 5 കി..മീ. | 8 മീ. | ഉണ്ട് |
| 6. | ചിക്കണാംപാറമുതൽ പഴയങ്ങാടി വരെ എസ്.എച്ച്. 27 | പി.ഡബ്ലിയു.ഡി. | 2 കി.മീ. | 12 മീ. | ഉണ്ട് |
| 7. | പഴയങ്ങാടി മുതൽ അരവന്നൂർപറമ്പ് വരെ എസ്.എച്ച്.27 | പി.ഡബ്ലിയു.ഡി. | 1.5 കി.മീ | 12 മീ. | ഉണ്ട് |
| 8. | പയ്യലൂർമുക്ക് മുതൽ കാച്ചാംകുറുച്ചിവരെ | പി.ഡബ്ലിയു.ഡി. | 3 കി..മീ. | 8 മീ. | ഉണ്ട് |
| 9. | ചീരണി മുതൽ കാളികുളമ്പ് വരെ | പഞ്ചായത്ത് | 800 മീ. | 8 മീ. | ഉണ്ട് |
| 10. | വെള്ളനാറ മുതൽചീരണിവരെ പള്ളിമുതൽ പൊരിച്ചോളം വരെ | പഞ്ചായത്ത് | 1.5 കി..മീ. 800 മീ. | 8 മീ. | ഉണ്ട് |
| 11. | നെടുമണി മുതൽ ചിക്കണാംപാറ വരെ എസ്.എച്ച് 27 | പി.ഡബ്ലിയു.ഡി. | 1 കി. മീ. | 12 മീ. | ഉണ്ട് |

## പട്ടിക 2
## പഞ്ചായത്തിന്റെ ടാർചെയ്ത കട്ട് റോഡുകൾ

| വാർഡ് നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | വിസ്തീർണ്ണം | ബസ്മറ്റു സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1. | 1. കോവിലകമൊക്കുമുതൽ പെരുന്തിര കോവിൽ വരെ | പി.ഡബ്ലിയുഡി | 1.5 കി.മീ | 8 മീ. | ഉണ്ട് |
| | 2. ചിന്മയ സ്കൂൾ മുതൽ ആലംപള്ളംപാലം വരെ | പഞ്ചായത്ത് | 750 മീ. | 8 മീ | ഉണ്ട് |
| 2. | ചെങ്കപ്പൊറ്റമുതൽ തോട്ടങ്കരവരെ | പഞ്ചായത്ത് | 1 കി. മീ. | 8 മീ. | ഉണ്ട് |
| 3. | – | – | – | – | – |
| 4. | – | – | – | – | – |
| 5. | – | – | – | – | – |
| 6. | എസ്.വി. സ്ട്രീറ്റ് മുതൽ വെള്ളനാറതോട് വരെ | പഞ്ചായത്ത് | 1 കി.മീ. | 7 മീ. | ഉണ്ട് |
| 7 | – | – | – | – | – |
| 8. | – | – | – | – | – |
| 9. | – | – | – | – | – |
| 10. | – | – | – | – | – |
| 11 | – | – | – | – | – |
| 12. | – | – | – | – | – |

61

നമ്മുടെ പഞ്ചായത്തിൽ 1 മുതൽ 12 വരെയുള്ള വാർഡുകളിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും എലവഞ്ചേരി പഞ്ചായത്ത്, പല്ലശ്ശേന പഞ്ചായത്ത്, മുതലമട പഞ്ചായത്ത്, വടവന്നൂർ പഞ്ചായത്ത് ബന്ധിപ്പിക്കുന്ന രീതിയിൽ റോഡ് സൗകര്യം ഉണ്ടെങ്കിലും ഒറ്റപ്പെട്ട പ്രദേശം എന്ന നിലക്ക് പാത്തംപാറ കോളനിക്ക് റോഡ് ഗതാഗതം ഇല്ല. പുത്തംപാടം കോളനി, സീതാർകുണ്ട് എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന്നായി റോഡ് ഗതാഗതം വികസിപ്പിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

### 1. റെയിൽ ഗതാഗതം

ബ്രിട്ടീഷ് ഭരണകാലഘട്ടത്ത് കൊല്ലങ്കോട് തൃശൂർ റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന്നും യാത്രാക്ലേശം പരിഹരിക്കുന്നതിനുമായി സർവ്വേ നടത്തിയിരുന്നു. പ്രസ്തുത പ്രവർത്തനം പ്രാവർത്തികമാക്കേണ്ടതായിട്ടുണ്ട്. എന്നാൽ കൊല്ലങ്കോട്ടിൽനിന്ന് തൃശൂർ വരെ ബസ്യാത്ര വളരെ ക്ലേശകരവും തിരക്കുപിടിച്ചതുമാണ്. കൊല്ലങ്കോടുമുതൽ കോയമ്പത്തൂർ വരെ പുതിയ ബസ് സർവ്വീസ് തുടങ്ങേണ്ടതുമുണ്ട്. അത് യാത്രാക്ലേശം കുറക്കാൻ സഹായിക്കും. കൊല്ലങ്കോട് മുതൽ കോയമ്പത്തൂർ വരെയുള്ള റെയിൽ ഗതാഗതം ആവശ്യമാണ്. കൊല്ലങ്കോട്ടിൽനിന്നും പാലക്കാട്ടിലേക്കുള്ള ട്രെയിനുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.

### 2. റോഡ് നിർമ്മാണം

#### (എ) ടാർ റോഡുകളുടെ പ്രശ്നം :

നിലവിലുള്ള സ്റ്റേറ്റ് റോഡിന്റെ പ്രധാന പ്രശ്നം യാത്രാസൗകര്യത്തിന് റോഡുകൾ മെച്ചപ്പെട്ടവയല്ല. അപകടകരമായ വളവുകളും തിരുവുകളും കാരണം എന്നും വാഹനാപകടം സംഭവിക്കാറുണ്ട്. വീതികുറവ്, റോഡരികുകളുടെ നടപ്പാത ഇല്ലായ്മ, റോഡിന്റെ ഇരുവശങ്ങളിലുമായി ഓടകൾ ഇല്ലായ്മ, കാലാകാലങ്ങളിൽ അറ്റകുറ്റപണി നടത്താത്തതുകൊണ്ടും അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

#### (ബി) പുതിയ റോഡുകൾ :

കുതിരമൂളി മുതൽ പറയംപള്ളം വരെയുള്ള റോഡ് എത്രയും വേഗം ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക. ഈ ആവശ്യം 12, 4, 11 എന്നീ വാർഡുകളിലെ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ചെങ്കംപൊറ്റ മുതൽ ആനമാറി വരെയുള്ള റോഡ് യാത്രാ സൗകര്യം മെച്ചപ്പെടുത്താൻ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ 2, 3, 6 എന്നീ വാർഡുകളിലെ ഗ്രാമസഭകളിൽ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

കാവളക്കോട്-തോങ്ങയംകാട് റോഡ് ഗതാഗതയോഗ്യമാക്കി യാത്രാസൗകര്യത്തിന് മെച്ചപ്പെടുത്തണമെന്ന് 7, 8, 9 എന്നീ വാർഡുകളിലെ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ചിക്കണാംപാറ മുതൽ പള്ളംവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കി യാത്രാസൗകര്യത്തിന് മെച്ചപ്പെടുത്തണമെന്ന ആവശ്യം 6, 11, 2 എന്നീ വാർഡുകളിലെ ഗ്രാമ സഭകളിൽനിന്ന് ഉയർന്നു വന്നിട്ടുണ്ട്.

62

അരവന്നൂർ പറമ്പ് മുതൽ കരുമ്മത്ത മാതക്കോട് വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കി മെച്ചപ്പെടുത്തണമെന്നുള്ള ആവശ്യം 7, 8 എന്നീ വാർഡുകളിലെ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.

പാറക്കളംറോഡ് ഗതാഗതയോഗ്യമാക്കി യാത്രാസൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

### (സി) മെറ്റൽ റോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ

നമ്മുടെ പഞ്ചായത്തിൽ മെറ്റൽറോഡുകളുടെയും മൺറോഡുകളുടെയും താറുമാറായതും ഗതാഗതയോഗ്യമല്ലാത്തതുമായ റോഡുകളുടെ അറ്റകുറ്റപണി നടത്തുന്നതിനുവേണ്ട ഫണ്ടിന്റെ അഭാവം പ്രധാന പ്രശ്നമാണ്. മെറ്റൽ ടാർ ചെയ്യുവാനും നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.

(ഡി) പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള ഇടവഴികൾ മൺറോഡുകളാക്കി മാറ്റുന്നതിനും 1 മുതൽ 12 വാർഡുകളിലെ നിർദ്ദേശങ്ങളും ആവശ്യങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അനുബന്ധം ബി യിൽ ചേർക്കുന്നു.

### (ഇ) റോഡ് ശൃംഖലവ്യാപിപ്പിക്കുന്നതിന് ഉയർന്നുവന്ന പ്രാദേശിക പ്രശ്നങ്ങൾ

റോഡിന്റെ ശൃംഖല നാടിന്റെയും നാട്ടുകാരുടെയും നന്മക്കും പുരോഗതിക്കുംകൂടിയാണെങ്കിലും നിരവധി സാങ്കേതിക പ്രശ്നങ്ങളും പരിതസ്ഥിതി പ്രശ്നങ്ങളും തടസ്സമാകുന്നു. വളരെയേറെ ഫലവൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടതായി വരുന്നുണ്ട്. ഇതൊരു പ്രധാനപ്രശ്നമാണ്. ഇടവഴികൾ പറമ്പുകൾ വീതികൂട്ടി മാറ്റുമ്പോൾ വർഷങ്ങളായി തുടർന്നുവന്നിരുന്ന ശ്രമകരമായ വനവൽകരണ പ്രക്രിയയാണ് ഇതിലൂടെ തടസ്സപ്പെടുന്നത്. ഈ പരിതസ്ഥിതി മരനശീകരണവും മൺറോഡുകളുടെ ഇരുഭാഗത്തുമുള്ള ഉയർന്ന പറമ്പുകളുടെ മണ്ണിടിയുന്നതിനും മണ്ണൊലിപ്പിനും കാരണമാകുന്നു. താഴ്ന്ന പ്രദേശങ്ങളിലും സമതലങ്ങളിലും മൺറോഡുകളായിമാറിയ ഈ ഇടവഴികളിൽ വർഷക്കാലത്ത് അധികമുള്ള വെള്ളം താഴ്ന്ന പാടശേഖരങ്ങളിലേക്ക് ഒഴുകിപ്പോകുന്നതിന് സഹായകരമാവുന്നു. മൺറോഡുകളുടെ നിർമ്മാണംമൂലം ഈ ഒഴുക്കിനെ തടസ്സമായിട്ടുണ്ട്. ഇത്തരം റോഡുകൾ നീർക്കെട്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു. വർഷക്കാലത്ത് ഗതാഗതയോഗ്യമല്ലാത്തതായി ഈ റോഡ് മാറുന്നു. ഇതാണ് പ്രധാന പ്രശ്നം.

### സാദ്ധ്യതകൾ

ജനകീയ പദ്ധതിയിൽ നാം ലക്ഷ്യമിട്ടിരിക്കുന്ന വികസനപ്രവർത്തനങ്ങൾ അനിവാര്യമാണ്. അതിന്റെ സാദ്ധ്യതകൾ താഴെ പറയുന്നു.

1. കൊല്ലങ്കോട് തൃശൂർ റെയിൽവേ ലൈൻ പണി ഉടനടി നടപ്പിലാക്കുക.
2. കൊല്ലങ്കോട് പാലക്കാട് ബ്രോഡ്ഗേജ് ലൈനാക്കി യാത്രാസൗകര്യം മെച്ചപ്പെടുത്തുക.
3. പാലക്കാട് മുതൽ കോയമ്പത്തൂർ വരെ പുതിയ ലൈൻ ഉണ്ടാക്കി സൗകര്യം വർദ്ധിപ്പിക്കുക.

### റോഡ് ഗതാഗതം

63

1. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്ന പ്രശ്നങ്ങൾ ഉരുത്തിരിയുന്നു. ഗതാഗതത്തിനുള്ള റോഡുകൾ വളവുമൂലം ഒട്ടേറെ അപകടങ്ങൾക്ക് കാരണമാകുന്നു. കോവിലകമൊക്ക് അരവന്നൂർ പറമ്പ് കൊല്ലങ്കോട് ജങ്ക്ഷൻ എന്നീ പ്രദേശങ്ങളുടെ

പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്.

2. അപകടങ്ങൾ ഒഴിവാക്കുന്നതിന്നായി റോഡിന്റെ ഇരുവശങ്ങളിലുമായി ഓട്ടോ ടാക്സി പാർക്കിംഗ് ഒഴിവാക്കുക.

3. ടാർചെയ്തിട്ടുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുകയും റോഡിന്റെ ഉടനീളം നാലടി വീതിയെങ്കിലും നടപ്പാത നിർമ്മിക്കുക. കൈയേറ്റം ചെയ്യപ്പെട്ട പുറംപോക്ക് സ്ഥലങ്ങൾ ഒഴിപ്പിക്കുക. റോഡിന്റെ വശങ്ങളിൽ സ്ഥിരസ്വഭാവമുള്ള നിർമ്മാണപ്രവർത്തനം ഒഴിപ്പിക്കുക.

4. ഗതാഗതത്തിന് തടസ്സമുള്ള ഇലക്ട്രിക് പോസ്റ്റുകൾ ടെലിഫോൺ പോസ്റ്റുകൾ എന്നിവ മാർഗ്ഗതടസ്സം ഇല്ലാത്ത രീതിയിൽ മാറ്റി സ്ഥാപിക്കുക.

5. പുതിയ റോഡുകളുടെ നിർമ്മാണം ബസ്റ്റാന്റ് എന്നിവ ഗതാഗതതടസ്സവും ജനത്തിരക്ക് ഒഴിവാക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും കുരുവിക്കൂട്ടുമരം മുതൽ പയ്യലൂർ മൊക്കുവരെ ഒരു ബൈപാസ് റോഡ് നിർമ്മിക്കേണ്ടതാണ്. ( 2 കി. മീ. ) എന്നാൽ ഈ ഗ്രാമപഞ്ചായത്തിന്റെ ഒരു പരിധി വരെ അപകടങ്ങളും ജനത്തിരക്കും യാത്രാക്ലേശങ്ങളും നിയന്ത്രിക്കാൻ കഴിയുന്നതാണ്. വികസനത്തിനും തൊഴിൽ സാദ്ധ്യതക്കും വളരെയേറെ പ്രയോജനപ്പെടുന്നതാണ്.

6. കാവളക്കോട് തൊണ്ടയൻകാട് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി തെറ്റാൻപാറ ക്രോസ്ബാർ കൃഷിക്കാർക്ക് ഗുണകരമാണ്. ചെങ്കംപൊറ്റ, ആനമാറി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയാണെങ്കിൽ ബൈപാസ് റോഡിന് സൗകര്യമായിരിക്കും. കണ്ടൻചിറ തോട്ടിൽ നടപ്പാലം നിർമ്മിക്കുക. കടുക്കാംപള്ളം തോട്ടിൽ ഒരു നടപ്പാലം നിർമ്മിക്കുക. റോഡുകളുടെയും, തോടുകളുടെയും ഇരുവശങ്ങളിൽ കൾവർട്ട് നിർമ്മിക്കുക. ( മാരിപ്പാടം-ചീരണി ) കുതിരമൂളി ഇടച്ചിറ റോഡ് ഗതാഗതയോഗ്യമാക്കുക. നെന്മേനി തേക്കിൻചിറ റോഡ് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുക. ചാലക്കുടി, പൊള്ളാച്ചി, പാലക്കാട് കൊല്ലങ്കോട്, പാലക്കാട് പറമ്പിക്കുളം ബസ് സർവ്വീസ് ആരംഭിക്കുക. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

## മെറ്റൽറോഡുകളും പ്രധാന മൺറോഡുകളും

### 1. ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

നിലവിലുള്ള ടാർ ചെയ്യപ്പെടേണ്ട മെറ്റൽ റോഡുകളുടെ ദൂരം പട്ടിക 3 ൽ കൊടുക്കുന്നുണ്ട്-കിലോമീറ്റർ ഉണ്ട്. ഇതിൽനിന്നും പട്ടിക 3ൽ കാണിച്ചിട്ടുള്ള റോഡുകൾ ഗ്രാമസഭയിലൂടെ നിർദ്ദേശങ്ങൾ വന്നതാണ്.

പട്ടിക 3

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| വാർഡ്നമ്പർ | റോഡിന്റെപേര് | ടാർചെയ്യേണ്ട ദൂരം | വീതി |
|---|---|---|---|
| 1 | പുഴക്കൽത്തററോഡ് | | |
| | പുളിങ്കൂട്ടത്തറ റോഡ് | 1.5 കിലോമീറ്റർ | 4 മീറ്റർ |
| 2. | തോട്ടങ്കര ആനമാറിറോഡ് | 2 കിലോമീറ്റർ | 8 മീറ്റർ |
| | മേട്ടുപ്പാളയം പാറക്കുളം | 8 കിലോമീറ്റർ | 8 മീറ്റർ |

64

| വാർഡ്നമ്പർ | റോഡിന്റെപേര് | ടാർചെയ്യേണ്ട ദൂരം | വീതി |
|---|---|---|---|
| 3. | ആണ്ടിക്കുളമ്പ് ആനമാറി റോഡ് | 1 കിലോമീറ്റർ | 8 മീറ്റർ |
| 4. | കുതിരമൂളി ഇടച്ചിറ | 3 കിലോമീറ്റർ | 8 മീറ്റർ |
| 5. | പൊരിച്ചോളം നെന്മേനി | 1 കിലോമീറ്റർ | 8 മീറ്റർ |
| 6. | വെള്ളാന്തറ പാവടി | 250 മീറ്റർ | 4 മീറ്റർ |
| | ചിക്കണ്ണാംപാറ പള്ളം | 1 കിലോമീറ്റർ | 8 മീറ്റർ |
| 7. | അരവന്നൂർപറമ്പ് കരുമത്തിൻമാനക്കോട് | 1 കിലോമീറ്റർ | 8 മീറ്റർ |
| 8. | കാവളംകോട് തൊണ്ടയംകോട് | 6 കിലോമീറ്റർ | 8 മീറ്റർ |
| | കെ.എം.സി. വായനശാല പുരട്ടിൻകാവ് | 600 മീറ്റർ | 4 മീറ്റർ |
| | തെക്കേകമ്മാന്തറ റോഡ് | 300 മീറ്റർ | 4 മീറ്റർ |
| 9. | കാവളക്കോട് തൊണ്ടയിൻകാട് | 6 കിലോമീറ്റർ | 8 മീറ്റർ |
| | പുരട്ടിൻകാവ് കുന്നം | 1.250 കിലോമീറ്റർ | 8 മീറ്റർ |
| 10. | ഇല്ല | | |
| 11. | ഇല്ല | | |
| 12. | ഇല്ല | | |

## പട്ടിക 4
## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം | വീതി |
|---|---|---|---|
| 1. | പെരുന്തുർകോവിൽ | 50 കി.മീറ്റർ | 8 മീറ്റർ |
| | പുഴക്കൽതറ | 50 കി.മീറ്റർ | 6 മീറ്റർ |
| | മൈലാപ്പ് | 50 കി.മീറ്റർ | 6 മീറ്റർ |
| | നൊച്ചിറ, പുളിങ്കൂട്ടത്തറ | 50 കി.മീറ്റർ | 8 മീറ്റർ |
| 2. | തോട്ടക്കര | 1.25 കി.മീറ്റർ | 8 മീറ്റർ |
| | പള്ളം ചെക്കംപാറ | 1.00 കി.മീറ്റർ | 6 മീറ്റർ |
| | മീനിക്കോട്-മിൽറോഡ് | 0.50 കി.മീറ്റർ | 6 മീറ്റർ |
| | വെള്ളാന്തറ | 0.20 കി.മീറ്റർ | 4 മീറ്റർ |

65

പട്ടിക 4

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം | വീതി |
|---|---|---|---|
| 3. | പാണത്തറ, ആനമാറി | 1.5 കി.മീറ്റർ | 6 മീറ്റർ |
| | ആനമാറി ആനമാറി | 0.5 കി.മീറ്റർ | 6 മീറ്റർ |
| | കണ്ടചിറ | 0.5 കി.മീറ്റർ | 6 മീറ്റർ |
| | ചങ്ങനാറ ആനമാറി | 1 കി.മീറ്റർ | 6 മീറ്റർ |
| | മൈലക്കാവ് മേട് | | |
| 4. | ഇടച്ചിറ, കുതിരമൂളി | 1.00 കി.മീറ്റർ | 8 മീറ്റർ |
| | പാലക്കോട് | 1.00 കി.മീറ്റർ | 6 മീറ്റർ |
| | മാഞ്ചിറ-വെറ്റിലവെറി | 1.00 കി.മീറ്റർ | 6 മീറ്റർ |
| | തേക്കിൻഞ്ചിറ-ചിളക്കാട് | 1.00 കി.മീറ്റർ | 6 മീറ്റർ |
| | വായനശാല-ഇടച്ചിറ | 1.00 കി.മീറ്റർ | 6 മീറ്റർ |
| 5. | ഒടുകപ്പാറ-സീതാർകുണ്ട് | 3 കി.മീറ്റർ | 8 മീറ്റർ |
| | മരുതി പുത്തൻപാടം | 2 കി.മീറ്റർ | 6 മീറ്റർ |
| | പിച്ചംമ്പാടം | 1 കി.മീറ്റർ | 6 മീറ്റർ |
| | മാഞ്ചിറ, ചിങ്ങഞ്ചിറ | 3 കി.മീറ്റർ | 6 മീറ്റർ |
| 6. | അമ്പാട്ടുപാടം | | |
| | തറപ്പാടം, | 1.00 കി.മീറ്റർ | 6 മീറ്റർ |
| | പൊരിച്ചുകുളം | | |
| 7. | മുച്ചാർപൊറ്റ | 0.70 കി.മീറ്റർ | 6 മീറ്റർ |
| | ചുരിക്കാട് | | 8 മീറ്റർ |
| | അരുണ്ണൂർപറമ്പ്, ഓണർകോട് | 0.20 കി.മീറ്റർ | 6 മീറ്റർ |
| | അരുണ്ണൂർപറമ്പ്, കൊളമ്പ് | 0.70 കി.മീറ്റർ | 6 മീറ്റർ |
| 8. | ചാത്തൻചിറ, രണ്ടിലപ്പ | 0.60 കി.മീറ്റർ | 8 മീറ്റർ |
| | വിവേകാനന്ദകോളണി | 0.15 കി.മീറ്റർ | 8 മീറ്റർ |
| | കെ.എം.സി. വായനശാല കവറത്തറ | | |
| | കാടകൊളമ്പ്, ചീരണി | 2 കി.മീറ്റർ | 6 മീറ്റർ |
| | ഒടവഴി മുതലയാർകുളം | 600 മീറ്റർ | 4 മീറ്റർ |

66

## പട്ടിക 4
## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം | വീതി |
|---|---|---|---|
| 9. | ആശാരിപാടം | 500 മീറ്റർ | 6 മീറ്റർ |
| | പുരട്ടിൽകാവ്കുന്നം | 1 കി.മീറ്റർ | 6 മീറ്റർ |
| | കാച്ചാംകുർശ്ശി പണിക്കർപൊറ്റ | 1.5 കി.മീറ്റർ | 6 മീറ്റർ |
| | പൂളപ്പറമ്പ് മേലെചീരണി | 400 മീറ്റർ | 5 മീറ്റർ |
| 10. | വെള്ളനാറ, ചാത്തൻചിറ | 600 മീറ്റർ | 8 മീറ്റർ |
| | വേലംപൊറ്റ, മരുതാണി | 1.00 കി.മീറ്റർ | 6 മീറ്റർ |
| | കാളികൊളുമ്പ് ചെറുകോട് | 1.00 കി.മീറ്റർ | 8 മീറ്റർ |
| | പാലപ്പറമ്പ് കാളികൊളുമ്പ് | 750 മീറ്റർ | 6 മീറ്റർ |
| | കണ്ണൻകൊളമ്പ് പേടമുറി | 750 മീറ്റർ | 8 മീറ്റർ |
| | മരുതാണിചുരുക്ക് വേലംപൊറ്റ | 500 മീറ്റർ | 6 മീറ്റർ |
| 11. | പുത്തൻപൊറ്റ ഹരിജൻകോളനി | 500 മീറ്റർ | 6 മീറ്റർ |
| | കൊല്ലർകോട് കല്ല്കുത്തി പാതനാറ | 1.5 കി.മീറ്റർ | 6 മീറ്റർ |
| | ചന്തപേട്ട തെക്ക് പാവടി | 500 മീറ്റർ | 6 മീറ്റർ |
| | ചിക്കണാംപാറ മണലിപ്പാടം | 600 മീറ്റർ | 6 മീറ്റർ |
| | മാട്ടുമന്ത പാപ്പാർകുളം | 600 മീറ്റർ | 6 മീറ്റർ |
| | ചിക്കണാംപാറ കോട്ടപ്പാടം | 500 മീറ്റർ | 6 മീറ്റർ |
| | നെന്മേനി അച്ചനാംകോട് | 1 കി.മീറ്റർ | 6 മീറ്റർ |
| 12. | പിള്ളക്കോട് ഒണ്ടിവീരൻപൊറ്റ | 500 മീറ്റർ | 6 മീറ്റർ |
| | പേരോട്ട്കാവ് ചക്കുപറമ്പ് | 500 മീറ്റർ | 6 മീറ്റർ |
| | വിരുത്തിപുത്തൻപാടം ഇടച്ചിറ | 5 കി.മീറ്റർ | 6 മീറ്റർ |
| | ഇടച്ചിറ നീളിപ്പറമ്പ് | 400 മീറ്റർ | 6 മീറ്റർ |
| | ചുട്ടിച്ചിറ 4 സെന്റ് കോളനി | 200 മീറ്റർ | 6മീറ്റർ |
| | പറയംപള്ളം നീളിപറമ്പ് | 500 മീറ്റർ | 6 മീറ്റർ |

67

## 4. റോഡ് വികസനം

### വിവിധതരം റോഡുകൾ

സാധാരണ നടപ്പാത മുതൽ നാഷണൽ ഹൈവേ റോഡ്‌വരെ റോഡുകൾ എന്നു പറയുമെങ്കിലും ഇവ മൂന്ന് തരത്തിലുണ്ട്. ടാർറോഡ്, മെറ്റൽ റോഡ്, മൺറോഡ് എന്നിവയുടെ ശൃംഖലയെ റോഡ് ശൃംഖല എന്നുവിളിക്കാം. മിക്ക പദ്ധതികളും റോഡുകൾക്ക് പണം അനുവദിക്കുന്നത് റോഡുകളുടെ വീതി കണക്കാക്കിയാണ്. വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് കാണുന്നതും നന്നായിരിക്കും. റോഡുകളെക്കുറിച്ചുള്ള പട്ടികകളിൽ വീതി കൂടി കാണിച്ചിരിക്കുന്നതും ഈ ലക്ഷ്യം കണക്കിലെടുത്തുകൊണ്ടാണ്.

നമ്മുടെ പഞ്ചായത്തിൽ റോഡുകളുടെ രജിസ്റ്റർ അശാസ്ത്രീയ രീതിയിലും കാര്യക്ഷമമായി സൂക്ഷിക്കാതിരുന്നതിനാലും വികസന പ്രവർത്തനത്തിന് അടിസ്ഥാനമായി പരിഗണിക്കാൻ ആവാത്തതാണ്. എന്നാൽ ഈ പട്ടികപ്രകാരം വാർഡുകളുടെ മുൻഗണനാടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട നമ്പറുകൾ റോഡുകളുടെ മുൻഗണനയെ സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ റോഡുകളുടെ വ്യക്തമായ കണക്കുകൾ ഉണ്ടെങ്കിലും മുഴുവനായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ദൂരം, വീതി, ടാർചെയ്ത റോഡ്, ടാർചെയ്ത ദൂരം, മെറ്റൽ റോഡ്, മെറ്റൽ ചെയ്യേണ്ട ദൂരം, നിലവിലുള്ള ഓവുചാലുകളുടെ ദൂരം, റോഡ് സൈഡിലെ കൽവർട്ടുകളുടെ ദൂരം, പുതിയതായി കെട്ടേണ്ടതിന്റെ ദൂരം ചിലവഴിച്ച പൊതു ഫണ്ട് എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതുപോലെത്തന്നെ മൺറോഡുകളുടെ പരിതസ്ഥിതിയും.

## 5. പാരിസ്ഥിതിക പ്രശ്നങ്ങളും സാദ്ധ്യതകളും

മരം നശീകരണത്തിനും അതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും പരിഹരിക്കുന്നതിന്നായി മൺറോഡുകൾക്ക് പഞ്ചായത്ത് ഫണ്ടിൽനിന്ന് ചിലവഴിക്കുമ്പോൾ പുതുതായി നിർമ്മിക്കപ്പെട്ട റോഡിന്റെ ഇരുഭാഗങ്ങളിലുമായ മരങ്ങൾ നട്ടതായി ബോധ്യപ്പെട്ടതായി പഞ്ചായത്തിന് നിഷ്കർഷിക്കാവുന്നതാണ്. എല്ലാ റോഡുകളുടെയും മൺറോഡുകളുടെ നിർമ്മാണത്തിനും പിന്നിൽ ജനകീയസമിതികൾ ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത പ്രവർത്തനം ഗുണകരമായിരിക്കും. മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ഓടകളും കലിങ്കുകളും റോഡിന്റെ സൈഡ് കെട്ടുന്നതിന്ന് നിർമ്മിക്കേണ്ടതുണ്ട്. ഇത് തുടർന്ന് നിലനിർത്തുകയും വേണം. റോഡ് സൈഡുകളുടെ ആവശ്യമായ സ്ഥലങ്ങളിൽ 12 അടി വീതിയെങ്കിലും മൺറോഡുകൾക്കും മെറ്റൽറോഡുകൾക്കും വേണമെന്ന് തീരുമാനിക്കാവുന്നതാണ്.

### മണൽ പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കാനുള്ള പുതിയ നിർദ്ദേശം

സമതലങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും പുതിയ റോഡുകൾ ഉണ്ടാക്കുമ്പോൾ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. മണ്ണിട്ട് തൂർക്കാനും ഓടകളും സൈഡ് ഭിത്തികളും കെട്ടുന്നതിനും ടാറിംഗ് മെറ്റലിംഗ് എന്നിവ നടത്താനും ഭീമമായ ഫണ്ട് ആവശ്യമാണ്. സമനിരപ്പായ മൺറോഡ് തയ്യാറാക്കാനായി ഗ്രാമസഭകളിൽ ഒരുപാടു നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ റോഡ് വികസനത്തിന്ന് നിർണ്ണയമായും പരിസ്ഥിതി പ്രശ്നമാണ് കാരണം. ഇത് പരിഗണിക്കേണ്ടതായിട്ടുണ്ട്.

## മൺറോഡുകളുടെ വികസനവും നിർമ്മാണവും

അനുബന്ധം എ യിൽ പറഞ്ഞതുപ്രകാരം അറ്റകുറ്റപണികൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും എത്രയുംപെട്ടെന്ന് ശരിയാക്കേണ്ടതായിണ്ടുണ്ട്. ആവശ്യമായ ഫണ്ട് കിട്ടുന്ന മുറക്ക് മേൽപറഞ്ഞ റോഡുകൾ ചെയ്യാൻ കഴിയുന്നതാണ്. ഗ്രാമസഭയിൽ മുൻഗണനാ ക്രമത്തിലുള്ള റോഡുകൾ തിരഞ്ഞെടുത്ത് ഗതാഗത യോഗ്യമാക്കാൻ കഴിയാവുന്നതാണ്. നമ്മുടെ പഞ്ചായത്തിന്റെ തീരുമാനം അനുസരിച്ച് ഫണ്ടിൽനിന്ന് വാർഡുകൾക്ക് ചിലവഴിക്കുന്ന തുക വാർഡുകളുടെ ജനസംഖ്യക്ക് അനുപാതമായി തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

## ജനകീയ പദ്ധതിക്കും ജനശക്തിയും

റോഡുകളുടെ വികസനത്തിന് നമ്മുടെ പഞ്ചായത്തിൽ പൊതുഫണ്ടും, ഗ്രാന്റും മാത്രമാണ് വിനിയോഗിക്കാറുള്ളു എങ്കിലും ജനശക്തിയുടെ ഭാഗത്ത് വളരെ പിന്നിലാണ്. ശ്രമധാനത്തിലൂടെ പുതിയ റോഡുകൾ ഉണ്ടാക്കാൻ മുന്നോട്ടു വരേണ്ടതായിട്ടുണ്ട്. ഭീമമായ ഫണ്ടിന്റെ വിവരവും സുലഭമായ ആൾഫലവും ഉണ്ടെങ്കിൽ മാത്രമെ നമ്മുടെ മാർഗ്ഗം നടപ്പാവുകയുള്ളു. ചുരുങ്ങിയ ചിലവെങ്കിലും ജനശക്തിയിൽ നിന്ന് കിട്ടേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിൽ 688325 രൂപ മേൽപറഞ്ഞ പ്രവൃത്തിക്ക് ചിലവാക്കിയിട്ടുണ്ട് എങ്കിലും പൊതുജനങ്ങളിൽ നിന്ന് പറയത്തക്ക സാമ്പത്തിക സഹായം ഒന്നും ഉണ്ടായിട്ടില്ല. ഇനി ഗ്രാമസഭകളിലൂടെ ഈ രംഗത്ത് ജനങ്ങളെ ബോധവൽകരിക്കേണ്ടതായിട്ടുണ്ട്.

### അനുബന്ധം എ
### നിലവിലുള്ള റോഡുകൾ

ഗ്രാമസഭ റിപ്പോർട്ടുകൾ വാർഡിലെ മെമ്പർമാർ പ്രധാന പ്രവർത്തകർ എന്നിവരിൽനിന്നും ശേഖരിച്ച വിവരങ്ങൾ. കോഡ് ഇല്ലാത്ത വാർഡിനെയും തുടർന്നുള്ള വാർഡിലെ മുൻഗണനയും സൂചിപ്പിക്കുന്നു.

| വാർഡ് | നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ | ഇതുവരെ ചിലവഴിച്ച ഫണ്ട് | മെറ്റൽ ഓട, കലുങ്ക് | | | | | | | ഒരുവർഷം ശ്രമദാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യുന്നത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റ പണി | സംഭാവന രൂപ | ശ്രമദാന ദിനം | ആകെ രൂപ |
| | | PWD | | | TAR | | | | | | | | | | |
| 1. | 1. | തൃശൂർ, പൊള്ളാച്ചി | 1 | 8 | PWD | \ | | | | | | | | | |
| | 2 | കൊല്ലങ്കോട് പാലക്കാട് | 1 | 8 | PWD | \ | | | | | | | | | 41284/ |
| | 3. | നെച്ചിപ്പാത | 1 | 8 | | \ | | | | | | | | | |
| 2. | 1. | ചെങ്കംപൊറ്റ | 1 | 8 | | \ | | | | | | | | | 223623/– |
| | 2. | ബ്ലോക്ക് | 210M | 6 | | \ | | | | | | | | | 100000/– |
| 3. | 1. | ആനമാറി | 3.5 | 8 | PWD | \ | | | | | | | | | |
| | 2. | കോട്ടപ്പാടം | 1 | 8 | PWD | \ | | | | | | | | | |
| 4. | 1. | കുതിരമൂളി | 1.5 | 8 | PWD | \ | | | | | | | | | |
| | 2. | തേക്കിൻചിറ | 2 | 8 | PWD | \ | | | | | | | | | |
| 5. | 1. | കുരുവിക്കൂട്ടുമരം | 4 | 8 | PWD | \ | | | | | | | | | |
| 6. | 1. | കൊല്ലങ്കോട്ചിക്കണാംപാടി | 1 | 8 | PWD | \ | | | | | | | | | |
| 7. | 1. | പഴയങ്ങാടി,അരുന്നൂർപറമ്പ് | 1.5 | 8 | PWD | \ | | | | | | | | | |
| 8. | 1. | പയ്യല്ലൂർ, കാച്ചാകുറുശ്ശി | 3 | 8 | PWD | \ | | | | | | | | | |
| 9. | – | – | – | – | | | | | | | | | | | |
| 10. | 1. | ചീരണിക്കളിക്കുളമ്പ് | 3 | 8 | | \ | | | | | | | | | 413816/– |
| | 2. | വെള്ളനാറപൊരിച്ചിക്കുളം | 1 | 8 | | \ | | | | | | | | | 212212/– |
| 11. | 1. | നെടുമണി ചിക്കണാംപാറ | 1.5 | 8 | PWD | \ | | | | | | | | | |
| 12. | – | – | | | | | | | | | | | | | |

## അനുബന്ധം ബി
## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| നമ്പർ | നിർമ്മിക്കുന്ന പേര് | കോഡ് ഇല്ല | ദൂരം |
|---|---|---|---|
| 1. | പെരുന്തിരക്കോവിൽ<br>കാരാട്ടുപാടം | | 500 മീറ്റർ |
| | പുഴക്കൽത്തറ കാരാട്ടുപാടം<br>മൈലാപ്പ് പുഴക്കൽത്തറ | | 500 മീറ്റർ<br>500 മീറ്റർ |
| | പുഴക്കൽത്തറ,പുളിക്കൂട്ടത്തറ | | 750 മീറ്റർ |
| | നൊച്ചിപ്പാത-ധാത്രഹൈസ്കൂൾ | | 1 കി. മീറ്റർ |
| 2. | തോട്ടക്കര മണ്ണാർകുണ്ട്<br>പള്ളംചൊക്കംപൊറ്റ മിനിക്കോട് | | 1.25 കി. മീറ്റർ<br>1 കി. മീറ്റർ |
| | ത്രാമണി റോഡ്<br>മിനിക്കോട് നിൽറോഡ് | | 300. മീറ്റർ<br>500 മീറ്റർ |
| | വെള്ളാത്തറ പോലീസ്സ്റ്റേഷൻ | | 200 മീറ്റർ |
| 3. | പാണത്തറ ആനമാറി<br>ആനമാറി ഗായത്രിപ്പുഴ | | 1.5കി.മീ.<br>500 മീറ്റർ |
| | കണ്ടൻചിറ<br>തടനാറി കോളനി | | 500 മീ<br>500 മീറ്റർ |
| | പാതനാറ ലക്ഷംവീട് കോളനി<br>എരിക്കലാകുളമ്പ് | | 1 കി. മീറ്റർ |
| | ചങ്ങനാറ പലങ്കാവ്<br>ആനമാറി പുതർകുളമ്പ് | | 1 കി. മീറ്റർ<br>1 കി. മീറ്റർ |
| | ബംഗ്ലാവ് കണ്ടൻചിറ | | 1 കി. മീറ്റർ |
| 4. | ഇടച്ചിറ കുതിരോട്കുളമ്പ്<br>ബംഗ്ലാവ്മേട് കുതിരമൂളികിഴക്ക് | | 1 കി. മീറ്റർ<br>1 കി. മീറ്റർ |
| | മാഞ്ചിറ കണ്ടഞ്ചി<br>കടമ്പങ്ങാട് വെറ്റിലപ്പൊറ്റ | | 500 മീറ്റർ<br>1 കി. മീറ്റർ |
| | തേക്കിൻചിറ ചീളക്കാട്<br>ഇടച്ചിറ വായനശാല | | 1.5 കി. മീറ്റർ<br>1 കി. മീറ്റർ |
| | പാലക്കോട് ഇടച്ചിറ<br>നെടുമണി അച്ഛന്നങ്കോട് | | 1 കി. മീറ്റർ<br>1 കി. മീറ്റർ |
| 5. | ഒടുകപ്പാറ തടിക്കാട്സീതാർകുണ്ട് | | 3 കി. മീറ്റർ |
| | മരുതി പുത്തൻപാടം<br>താഴെപിച്ചൻപാടം പിള്ളക്കോട് | | 2 കി. മീറ്റർ<br>1 കി. മീറ്റർ |
| | മാത്തൂർ സീതാർകുണ്ട്<br>ചിങ്ങംചിറകോവിൽ | | 3.5 കി. മീറ്റർ<br>3 കി. മീറ്റർ |
| 6. | അമ്പാട്ടുപാടം തറപ്പാടം<br>പൊരിച്ചുകുളം | | 1 കി. മീറ്റർ |

7

| നമ്പർ | നിർമ്മിക്കുന്ന പേര് | കോഡ് ഇല്ല | ദൂരം |
|---|---|---|---|
| 7. | മൂപ്പാർപൊറ്റ ചൂരിക്കാട് | | 700 മീറ്റർ |
| | അരുവന്നൂർപറമ്പ് ഓണാർറോഡ് | | 200 മീറ്റർ |
| | അരുവന്നൂർപറമ്പ് കുറ്റാക്കുഴി | | 200 മീറ്റർ |
| | അരുവന്നൂർ പറമ്പ് കൊളമട | | 500 മീറ്റർ |
| 8. | ചാത്തമ്പി രണ്ടിലാപ്പ | | 600 മീറ്റർ |
| | വിവേകാനന്ദ കോളനി | | 150 മീറ്റർ |
| | കെ.എം.സി. വായനശാല, കവറത്തറ | | |
| | കടകുളമ്പ് ചീരണി റോഡ് | | 2കി. മീറ്റർ |
| | ഓടക്കുഴി മുതലിയാർകുളം റോഡ് | | 600. മീറ്റർ |
| 9. | പണിക്കർപൊറ്റ, ചാത്തൻചിറ | | 2 കി. മീറ്റർ |
| | കാച്ചാകുറുശ്ശി കനാൽവരമ്പ് | | |
| | മുതലമട പഞ്ചായത്ത് ബന്ധിപ്പിക്കുന്നത് | | 6 കി.മീ. |
| | കവറത്തറ- കാടക്കുളമ്പു വഴി ചീരണി | | 2.5 കി. മീറ്റർ |
| | സ്കൂൾമേട് മുക്കർച്ചാംകുന്ന് | | 500 മീ |
| | തച്ചക്കോറ കടുകൊട് | | 750 മീറ്റർ |
| | തോണ്ടേക്കാട് നാരങ്ങ | | 1 കി. മീറ്റർ |
| 10. | രണ്ടിലാപ്പ ചാത്തൻചിറ | | 600 മീറ്റർ |
| | വേലംപൊറ്റ മരുതാണി | | 1 കി. മീറ്റർ |
| | കാളികുളമ്പ് ചെറുകോട് | | 1 കി. മീറ്റർ |
| | പാലപ്പറമ്പ് കാളികുളമ്പ് | | 500 മീറ്റർ |
| | കണ്ണകുളമ്പ് പേടാമുറി | | 750 മീറ്റർ |
| | മരുതാണിച്ചുരുക്ക് വേലംപൊറ്റ | | 500 മീറ്റർ |
| 11. | പുത്തൻപൊറ്റ ഹരിജൻകോളനി | | 500 മീറ്റർ |
| | കൊല്ലൻമേട് കല്ലുകുത്തിപാതനാറ | | 1.5 കി. മീറ്റർ |
| | ചന്തപ്പേട്ട തെക്കേപാവടി | | 500 മീറ്റർ |
| | ചിക്കണംപാറ മണലിപ്പാടം | | 600 മീറ്റർ |
| | മാട്ടുമൊന്ത പവ്വാർകുളം, മണലിപ്പാടം ഡോബികോളനി | | 600 മീറ്റർ |
| | ചിക്കണാംപാറ കോട്ടപ്പാടം | | 500 മീറ്റർ |
| | നെടുമണി അച്ചന്നകോളനി | | 1 കി. മീറ്റർ |
| 12. | പിള്ളക്കോട് ഓണ്ടിവീരൻപൊറ്റ | | 500 മീറ്റർ |
| | പേരോട്ടുകാവ് ചാക്കുപറമ്പ് | | 500 മീറ്റർ |
| | വിക്കുന്നി പുത്തൂർപാടം, ഇടച്ചിറ റോഡ് | | 5 കി. മീറ്റർ |
| | ഇടച്ചിറ നീളിപ്പറമ്പ് | | 400 മീറ്റർ |
| | ചുട്ടിച്ചിറ 4 സെന്റ് കോളനി | | 200 മീറ്റർ |

71

# ഊർജ്ജം

1930 കളിൽ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ കൊല്ലങ്കോട് വേങ്ങനാട്ടു കോവിലകം വാസുദേവവർമ്മ രാജാവിന്റെ കൊട്ടാരത്തിലൂടെയാണ് കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ വിദ്യുചക്തി എത്തുന്നത്. ആധുനിക പുരോഗതിയുടെ അടിസ്ഥാനത്തിൽ ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ വൈദ്യതി ലഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ 110 കെ.വി. സബ്ബ് സ്റേറഷൻ തറകല്ലിട്ടുവെങ്കിലും അതിന്റെ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. ഇപ്പോൺ വൈദ്യുതി വിതരണം നടത്തികൊണ്ടിരിക്കുന്ന നെൻമാറ 110 കെ,വി സബ്ബ് സ്റേറഷനിൽ നിന്നും വെളയോടി 66 കെ.വി. സബ് സ്റേറഷനിൽ നിന്നുമാണ്. ഉപയോഗം വെച്ചുനോക്കുമ്പോൾ വ്യാപാര സ്ഥാപനങ്ങൾക്കും വ്യവസായ ശാലകൾക്കും വീടുകൾക്കും ഇന്ന് വിതരണം വളരെ അപരാപത്യമാണ്.

അതുകൊണ്ടുതന്നെയാണ് പഞ്ചായത്തിനെ കേന്ദ്രീകരിച്ച് 110 കെ.വി സബ്ബ്സ്റേറഷൻ അടിയന്തിരമായി പണിതുടങ്ങാൻ സർക്കാർ മുൻകൈയെടുക്കേണ്ടതാണ്. ഇപ്പോൺ അസിസ്ററൻറ് എക്സികുട്ടീവ് എഞ്ചിനീയർ മേജർ ഇലക്ട്രിക് സെക്ഷൻ സ്ഥിതി ചെയ്യുന്നത് അരനൂർ പറമ്പിലാണ് ഇവിടെ നിന്നു വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കളും കറൻറ് ചാർജ് അടയ്ക്കുന്നതിനു വേണ്ടി 2 മുതൽ 8 കി.മീ. വരെ സ്ഥിതി ചെയ്യുന്ന ഈ ആഫീസിൽ പോകേണ്ടതായി വരുന്നു.

ഗാർഹിക ആവശ്യത്തിന് 3292ഉം വ്യാപാരം 720 വ്യവസായികം 101 ഉം കാർഷികം 411 കെ.എസ്.ഇ.ബി. യുടെ ഗ്രാമ പഞ്ചയത്തിലെ മേജർ സെക്ഷൻ ആഫിസിലെ കണക്കു പ്രകാരം 24 ട്രാൻസ്ഫോർമർ ഗ്രാമ പഞ്ചയാത്തിൽ സ്ഥാപിച്ചിട്ടുണ്ട് 4 ഹരിജൻ കോളനികളും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയകണക്കനുസരിച്ച് സാധാരണ 30 എണ്ണവും CTP 8 എണ്ണവും OYC എഴുപത് എണ്ണവും അനുവദിക്കുന്നതായിട്ടുണ്ട്.

കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ തെരുവിളക്കുകളും മററു ആവശ്യങ്ങൾക്കായി പ്രതിമാസം 25000 രൂപയോളം ഫീസ് ഇനത്തിൽ അടക്കേണ്ടതായിവരുന്നു. പഞ്ചായത്ത് ഫണ്ടിന്റെ പരിമിതി വെച്ചു നോക്കുമ്പോൾ തുക കൂടുതലാണെങ്കിലും ഇനിയും ഇതിന്റെ പകുതിയോളം തുക ചിലവാക്കേണ്ടതായിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് സോഡിയം വേപ്പർ ലാംബ് 52 എണ്ണം സാധാരണ ബൾബ് 712ഉം ട്യൂബ് ലൈററ് 121 ഉം മേർക്കുറി ഒന്നും സ്ഥ:ാപിച്ചിട്ടുണ്ട്. ഇതിൻ തന്നെ 150ൽ പരം ബൾബുകളും 50 ഓളം ട്യൂബുകളും കത്തുന്നില്ല. കത്താത്തടക്കം ഫീസ് നൽകേണ്ടതായിവരുന്നു. അതു പോലെതന്നെ വേൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രാൻഫോർമർകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

കൊല്ലങ്കോട് ഗായത്രി പുഴയുടെ സമീപം വോൾട്ടേജ് പരിഹരിക്കുന്നതിനും ബ്യൂസ്ററർ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നിരുന്നാലും ഗ്രാമ പഞ്ചായത്തിൽ 100ൽ 60% ജനങ്ങളും ഭക്ഷണം പാകം ചെയ്യുന്നതിന് വിറകാണ് ഉപയോഗിക്കുന്നത് വിറകു കിട്ടാൻ വളരെ പ്രയാസമാണ്. കൂടാതെ ബയോ ഗ്യാസ് പ്ലാററുകളും സാധാരണ മണ്ണെണ്ണ കരി എന്നിവയും ഉപയോഗിച്ചുവരുന്നു.

വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി ഈ ഗ്രാമപഞ്ചായത്തിലെ മലയടിവാരത്തിൽ കൂടി കടന്നുപോകുന്ന ഉടമൻ ചോട്ടയിൽ നിന്നുള്ള 400 കെ.വി ലൈൻ കടന്നുപോകുന്നതുകൊണ്ട് 400 കെ.വി. സബ്ബ് സ്റേറഷൻ നിർമ്മിക്കുന്നതിനുള്ള പ്ലാൻ ചെല്ലാവുന്നതാണ്. ഭക്ഷണം പാകം ചെയ്യുന്നതിനു വേണ്ടി ദുർബല വിഭാഗക്കാരും കർഷക തോഴിലാളികൾക്കും സിവിൽ സപ്ലൈയ്സിൽ നിന്ന് മണ്ണെണ്ണ പെർമെററ് അനുവദിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിലുള്ള ഒരു വാർഡിലും മുഴുവൻ പ്രദേശങ്ങളിവും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

2. ഈ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മേജർ സെക്ഷൻ ആഫീസ് സ്ഥിതിചെയ്യുന്നതുകൊണ്ട് ഉപഭോക്താക്കൾ ഉണ്ടാകുന്ന പ്രശ്നങ്ങളും വിഷമങ്ങൾക്കു പുറമെ ജനപ്രതിനിധികൾക്കും സാമൂഹ്യ പ്രവർത്തകർക്കും പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ വിഷമം അനുഭവപ്പെടുന്നു.

3. വൈദ്യുതി വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധകുറവ് പ്രത്യേകിച്ച് മരചില്ലുകളും മുറിക്കാതിരിക്കുന്ന ഒരു സ്ഥിരം പ്രശ്നമായിട്ടുണ്ട്. 72

4. നമ്മുടെ പഞ്ചായത്തിൽ 40 ഹരിജൻ കോളനി  വൈദ്യുതീകരിക്കാനുണ്ട്.

5. ഒരു വാർഡിന് ശരാശരി 70 എണ്ണം തെരുവുവിളക്കുകളെയുള്ളു ചില വാർഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കാനായിട്ടുണ്ട്.

6. ബോർഡ് റെജിസ്ട്രേഷനുകളിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നുണ്ട് സാമ്പത്തികമായിട്ടുള്ളവർ സ്റെറപ്പ് ഉപയോഗിക്കുന്നതുകൊണ്ട് മററുള്ളവർക്ക് ദോഷം ചെയ്യാറുണ്ട്.

7. അനാസ്ഥകാരണം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുക്തത അഴിമതി എന്നിവയും ഉള്ളതാകുന്നു. ഇത് മാററിയെടുക്കേണ്ടതായിട്ടുണ്ട്

## സാദ്ധ്യതകൾ:

1. സെക്ഷൻ ആഫീസുകളിൽ റെജിസ്ററുകളിൽ കാണിച്ചിട്ടുള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥത്തിൽ വൈദ്യുതി ഉപയോഗിക്കുന്നത്. സമ്പന്നകുടുംബങ്ങളിലുള്ളവർ സ്ററപ്പ് ഉപയോഗിക്കുന്നതുകൊണ്ടും നിയന്ത്രണമില്ലാത്തതുകൊണ്ടും മററു വീടുകളിൽ ഓൾട്ടേജ് കുറയുന്നുണ്ട്. വൈദ്യുത വിതരണ രംഗങ്ങളിൽ വരുന്ന തക്കാറുകൾ മൂലം വൈദ്യുത നഷ്ടത്തിന് കാരണമാകുന്നുണ്ട് മരങ്ങളുടെ കൊമ്പുകൾ തട്ടി ലൈനുകളിൽ ഉണ്ടാകുന്ന തടസങ്ങൾ വൈദ്യുത വിതരണ രംഗത്ത് സ്ഥിരമായ സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി പ്രാദേശിക തലങ്ങളിൽ പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തു മുഴുവൻ പ്രദേശത്തും വെദ്യുതി എത്തിക്കാൻ ഉദ്ദേശം 20 കി.മി. 11.കെ.വി ലൈനുകളും വലിക്കേണ്ടതായിട്ടുണ്ട് 30 കി.മി. സിംഗിൾ ഫെയിസ് ലൈൻ വലിക്കേണ്ടതായിട്ടുണ്ട്. മിക്ക ഗ്രാമ സഭകളിലും തെരുവു വിളക്കിനു വേണ്ട നിർദ്ദേശങ്ങൾ ആവശ്യങ്ങളുടെ ഉപയോഗവും ഫണ്ടിൻേറ പരിമിതികളും കണക്കാക്കി ഗ്രാമ സഭകൾ തന്നെ ഇവിടെ എണ്ണം തിട്ടപെടുത്തേണ്ടതായിട്ടുണ്ട്. ഇലക്ട്രിസിററി ബോർഡിൻെറ പ്രവർത്തനം അഴിമതി ഇല്ലാതാക്കുന്നതിനു വേണ്ടി ജന പ്രതിനിധികൾ വിധേയമാക്കേണ്ടതട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്കം വൈദ്യുതി മേഖലയിൽ നിയന്ത്രണ ഉണ്ടാകണമെന്ന നിർദ്ദേശങ്ങൾക്കും പരിഹാരം കാണേണ്ടതായിട്ടുണ്ട്.

ഉപഭോക്താക്കളുടെ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി കൊല്ലങ്കോട് ഹൃദയ ഭാഗത്ത് ഒരു സബ് ആപീസ് ഏർപ്പെടുത്തേണ്ടതാണ് ആയതുകൊണ്ട് പകുതി ഭാഗം ഉപഭോക്താക്കളുടെ പ്രശ്നം പരിഹരിക്കുന്നതാണ്. പ്രസ്തുത ആഫീസ് സ്ഥാപിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ മിക്ക വീടുകളും പാചകത്തിന് വിറകാണ്. പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നവർ ഏകദേശം 20% വരും. ഒന്നാം വാർഡ് രണ്ടാം വാർഡ് പതിനൊന്നാം വാർഡ്.

പുകയില്ലാത്ത അടുപ്പുകളെ പററിയും സോളാർ വിളക്കുകളെ പററിയും അനേർട്ടിൻെറയും വൈദ്യുതി ബോർഡിൻെറയും സഹകരണത്തോടെ ഇവ രണ്ടിൻെറയും പ്രചരണത്തിനു വേണ്ടി വനിതാ സംഘടനകൾ മുഖേന ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. വൈദ്യുതി നഷ്ടം ഒഴുവാക്കാനാവാത്ത വീടുകളുടെ ദുർ ഉപയോഗം തടയാനും അപകടങ്ങൾ ഒഴുവാക്കാനും ബോർഡിൻെറ സഹകരണങ്ങൾ ബോധവൽക്കരണ പരിപാടി സംഘടപ്പിക്കേണ്ടതാണ്. ഈ രംഗത്തു പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാൻ വേണ്ടി ആഫീസും ഫീൻഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനവും സുധാര്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. നമ്മുടെ മുഴുവൻ പ്രദേശങ്ങളും നല്ലപോലെ സൂര്യ പ്രകാശം കിട്ടുന്നതുകൊണ്ട് വീടുകളുടെ ഉപയോഗത്തിനും തെരുവു വിളക്കുകൾക്കും സോളർ ലാമ്പുകളെ ആധാരമാക്കി ഒരു പഞ്ചായത്തു തല സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ വടക്കേ അതിർത്തി ഗായത്രി പുഴയിൽ നിന്ന് തെൻമലയിൽ നിന്നും ഒഴുകിവരുന്ന പലകപ്പാണ്ടി സീതാർകുണ്ട് എന്നീ പുഴകളുടെ സമീപമുള്ള കൃഷി സ്ഥലത്തേക്ക് ജല സേചന സൗകര്യം മേൽ പറഞ്ഞ പുഴകളിൽ നിന്നാണ് നടത്തുന്നത്. മിക്ക കൃഷിക്കാരും ഡീസൽ പമ്പ് ഉപയോഗിച്ചാണ് ജലസേചനം നടത്തുന്നത്. പ്രത്യേകിച്ചും പഞ്ചായത്തിലെ തോണ്ടേക്കാട് തേററാം പാറ പാലയങ്കാട് ആമ്പക്കോട് എന്നീ പ്രദേശങ്ങൾ. ഇവടേക്ക് പ്രത്യേക ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കണം. 4 വർഷം മുൻപ് തന്നെ വൈദ്യുതി ആഫീസുകളിൽ ഇതിനുവേണ്ട അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

വാർഡ് പുതിയ ലൈനുകൾ വലിക്കേണ്ടസ്ഥലങ്ങൾ ദൂരം
ലൈനിന്റെ സ്വഭാവം, ലൈനുകൾ ട്രാൻസ്ഫോർമർ, ചിലവ്

| നമ്പർ | പുതിയലൈനുകൾ വലിക്കേണ്ട സ്ഥലം | ലൈനിന്റെ ദൂരം | സ്വഭാവം | ട്രാൻസ്ഫോർമർ | പ്രതീക്ഷിക്കുന്ന ചിലവ് | ജനവിഹിതം രൂപ | സംഖ്യ |
|---|---|---|---|---|---|---|---|
| 1. | കാരാട്ടുപാടം ഹരിജൻ കോളനി, മമ്പ്രത്തുപാടം | 1 കി.മീ | 1 ഫേസ് | | 24,000 | 80മനു ഷ്യപ്രയത്നം | 8,000 |
| | പുഴക്കൽത്തറ | 0.5കി.മീ | ,, | | 20,000 | 70 ,, | 7,000 |
| 2. | മണ്ണൂർകുണ്ട് | 0.5 കി.മീ | ,, | വേണം | 20,000 | 70 ,, | 7,000 |
| | പാറക്കളം | 400 മീ | ,, | .. | 20,000 | 70 ,, | 7,000 |
| | പള്ളംകൊശവൻതറ | 300 മീ | ,, | ,, | 15,000 | 60 ,, | 6,000 |
| | ചെറിയാണ്ടികൊളമ്പ്ത്രാമണി | 0.5 മീ | ,, | ,, | 20,000 | 60 ,, | 7,000 |
| 3. | എരിക്കലകൊളമ്പ്ലക്ഷംവീട് കോളനി | 300 | ,, | | 15,000 | 60 ,, | 7,000 |
| | ആനമാറി പാണത്തറ, പനങ്കാവ് | 200 | ,, | | 12,000 | 50 ,, | 7,000 |
| 4. | ചിങ്ങംചിറ, ചീളക്കാട്, തേക്കിൻചിറ | 1 കി.മീ. | ,, | ,, | 24,000 | 80 ,, | 8,000 |
| | കുതിരമൂളി 1 എച്.ഡി.പി | 600 മീ | ,, | ,, | 20,000 | 70 ,, | 7,000 |
| 5. | വേങ്ങപ്പാറ സീതാർകുണ്ട് | 1.5കി.മീ | ,, | | 50,000 | 102 ,, | 16,000 |
| | മുത്തൻപാടം 1 എച്.ഡി.പി തോട്ടം | 0.5 ,, | ,, | | 20,000 | 70 ,, | 7,000 |
| | കണ്ണൻകുളമ്പ് | 500 മീ | ,, | | 20,000 | 70 ,, | 7,000 |
| 6. | ,, | ,, | ,, | ,, | | | |
| 7. | കരിമത്തിൽ മാതക്കോട് | 1 കി.മീ | ,, | | 24,000 | 70 ,, | 7,000 |
| | ചൂരിക്കാട് | 300 മീ | ,, | | 13,000 | 60 ,, | 5,000 |

74

| | | | | | | |
|---|---|---|---|---|---|---|
| 8. | കുശിത്വശന കോളനി | 0.5 കി.മീ | ,, | 15,000 | 60 ,, | 5,000 |
| | കവറത്തറ | 0.5 മീ | ,, | 15,000 | 60 ,, | 5,000 |
| 9. | ചാത്തൻപാറ | 1 കി.മീ | ,, | 25,000 | 80 ,, | 8,000 |
| | കുന്നം | 0.5 ,, | ,, | 20,000 | 70 ,, | 7,000 |
| | മാവണി | ,, | ,, | ,, | ,, ,, | ,, |
| 10. | വേലൻപൊറ്റ, പണിക്കത്ത് | | | | | |
| | വെള്ളനാറ | 0.5 കി.മീ | ,, | 20,000 | 70 ,, | 8,000 |
| | വെള്ളന്തറ | 200 മീ | ,, | 10,000 | 50 ,, | 6,000 |
| | ചെറ്റാറ തറപ്പാടം | 0.5 കി.മീ | ,, | 20,000 | 50 ,, | 8,000 |
| | രണ്ടിലപ്പ | 200 മീ | ,, | 8,000 | 30 ,, | 5,000 |
| 11. | നെടുമണി, പുത്തൻപൊറ്റ | 0.5 കി.മീ | ,, | 20,000 | 70 ,, | 8,000 |
| | മണലിപ്പാടം | 200 മീ | ,, | 8,000 | 50 ,, | 5,000 |
| 12. | പടിഞ്ഞാറെ ചുട്ടിച്ചിറ | 300 മീ | ,, | 9,000 | 60 ,, | 7,000 |
| | കോവലംപറമ്പ് | 200 മീ | ,, | 10,000 | 60 ,, | 7,000 |
| | 4 സെന്റ് കോളനി | 200 മീ | ,, | 10,000 | 60 ,, | 7,000 |

## മാർക്കറ്റ്

ഗ്രാമ പഞ്ചായത്തിൽ മാർക്കറ്റിംഗ് രംഗത്ത് മാങ്ങ, അരി, പുളി, എന്നിവയാണ് 50 വർഷങ്ങൾക്കു മുമ്പ്തന്നെ വിപണനരംഗത്ത് മാർക്കറ്റിംഗ് നടത്തിവന്നിരുന്നത് എന്നിരുന്നാലും നമ്മുടെ ഗ്രാമപഞ്ചായത്ത് അർത്തി പ്രദേശമായ തേമ്പാര അടിവാരത്ത് ഏറ്റവും അധികം നിലക്കടല കൃഷി ചെയ്ത് മാർക്കറ്റിംഗ് നടത്തിയിരുന്നു. നിലക്കടല, പുളി എന്നിവ ഇപ്പോൾ കുറഞ്ഞ തോതിൽ മാത്രമേ വിപണനം നടത്തുന്നുള്ളു. ഈ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങൾ തമിഴ്നാട്ടിനോട് ബന്ധപ്പെട്ടു കിടക്കുന്നതിനാൽ പണ്ടുമുതൽതന്നെ പച്ചക്കറികളും മറ്റു നിത്യോപയോഗ സാധനങ്ങളും ഇറക്കുമതി ചെയ്യുന്നതുകൊണ്ട് വിപണനം നടക്കുന്നതുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്ത് മറ്റ് മാർക്കറ്റിംഗ് രംഗത്ത് ഗ്രാമവാസികൾ, ഉണ്ടാക്കുന്നതിനും വിപണനം നടത്തുന്നതിനും മുന്നോട്ടു വരുന്നില്ല എന്നത് എടുത്തു പറയേണ്ടതായിട്ടുണ്ട്. മലയോരങ്ങളിൽ താമസിക്കുന്ന ചില കുടുംബാംഗങ്ങൾ ആയുർവേദ ഔഷധങ്ങൾക്കുവേണ്ടി നിർമ്മിക്കുന്ന പച്ചമരുന്നുണ്ടാക്കുവാനുതകുന്ന വേരുകൾ, ചെടികൾ എന്നിവ ശേഖരിച്ച് അന്യ ജില്ലകളിൽ കൊണ്ടുപോയി വിൽപന നടത്തി ഉപജീവനം നടത്താറുണ്ട്.

നെല്ല്, പുളി, നിലക്കടല, പച്ചക്കറി എന്നിവ ഇവിടെ പ്രധാന കൃഷിയാണെങ്കിലും ഇവ നമ്മുടെ ഗ്രാമത്തിൽ തന്നെ വിപണനം നടത്താൻവേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്.

75

ഈ കാര്യത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു വിപണനകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് വക ചിക്കണാംപാറയിൽ സ്ഥിതിചെയ്യുന്ന മാർക്കറ്റിംഗ് ഷോപ്പ് നല്ലനിലയിൽ ആഴ്ചച്ചന്ത നടത്തിവരുന്നു. അതിനോടനുബന്ധിച്ച് 8 പീടിക മുറികളുമുണ്ട്. എന്നിരുന്നാലും കച്ചവടക്കാരുടെയും മറ്റ് ഉപഭോക്താക്കളുടെയും ആവശ്യാനുസരണം വിപണനം നടത്താൻ പറ്റിയ സ്ഥാപനം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

**നമ്മുടെ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ ഗ്രാമസഭായോഗങ്ങളിൽ 1 മുതൽ 12 വാർഡുകളുടെ മാർക്കറ്റിംഗ് രംഗത്ത് ചെയ്യേണ്ടതായ നിർദ്ദേശങ്ങളും പ്രശ്നങ്ങളും താഴെ കാണിക്കുന്നു.**

1. ഗ്രാമ പഞ്ചായത്തിനെ കേന്ദ്രീകരിച്ച് ഒരു മാന്യ മാർക്കറ്റിംഗ് സെന്റർ സ്ഥാപിക്കണം.
2. നിലക്കടല സംഭരണിയിൽ വിപണനം നടത്തുന്നതിനും ഒരു കേന്ദ്രം ഉണ്ടാക്കണം.
3. പച്ചക്കറി, മറ്റു സാധനങ്ങൾ ഉണ്ടാക്കുന്നതിനും അത് വിൽപന നടത്തുന്നതിനും പ്രോത്സാഹനവും സർക്കാർ സബ്സിഡിയും നടപ്പിലാക്കണം.
4. നിലക്കടല കൃഷി ചെയ്യുന്നതിനും ന്യായമായ വില കിട്ടുന്നതിനും വിപണനം നടത്തുന്നതിനുംവേണ്ട നിർദ്ദേശങ്ങളും ധനസഹായവും അനുവദിക്കേണ്ടതാണ്.
5. സഹകരണ പൊതു വിതരണമേഖല മെച്ചപ്പെടുത്തണം. ദിവസച്ചന്ത വരണം.
6. സഹകരണമേഖലയിൽ ഒരു പൊതു മാർക്കറ്റ് തുടങ്ങണം.
7. നെല്ല് സഹകരണാടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് സംവിധാനം ഉണ്ടാക്കണം.
8. പച്ചക്കറി കൃഷിക്ക് കൃഷിഭവൻ മുഖേന സബ്സിഡിയും വിതരണവും അനുവദിക്കേണ്ടതാണ്.
9. പൊതുകുളങ്ങളിലും വ്യക്തികളുടെ കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ വളർത്താനും വിപണനം നടത്താനും സഹകരണാടിസ്ഥാനത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും മാർക്കറ്റിംഗ് നടത്താനും സംവിധാനം ഉണ്ടാക്കുക.
10. കൈത്തറി രംഗത്ത് പ്രോത്സാഹനവും കൈത്തറിതൊഴിലിന് സഹായവും അനുവദിക്കുക.
11. 10,9,8,7 എന്നീ വാർഡുകളെ കേന്ദ്രീകരിച്ച് പയ്യലൂർ ഭാഗത്ത് ഒരു ആഴ്ചചന്ത തുടങ്ങുന്നതിന് നടപടിയുണ്ടാക്കണം.

നമ്മുടെ പഞ്ചായത്തിൽ കോഴി വളർത്തൽ കറവപ്പശു വളർത്തൽ എന്നിവ പല പ്രദേശങ്ങളിലും സുലഭമായി നടത്തി വരുന്നുണ്ട്. അത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനും പുതിയ മേഖല ഉണ്ടാക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് വിവിധ ഡിപ്പാർട്ട്മെന്റ് മുഖേന ബോധവൽകരണവും സാമ്പത്തിക സഹായവും അനുവദിക്കേണ്ടതാണ്.

മലയോരപ്രദേശങ്ങളിൽ ചില കൃഷിക്കാർ ചെറുകിട പച്ചക്കറി സാധനങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. അത് പ്രോൽസാഹിപ്പിക്കുകയാണെങ്കിൽ ഈ ഗ്രാമപഞ്ചായത്തിനു തന്നെ വിതരണവും മാർക്കറ്റിംഗും നടത്താൻ പറ്റുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാൻ കഴിയുന്നതാണ്. നാളികേരം, ചുരുങ്ങിയ കൃഷിക്കാർ കൃഷി ചെയ്യുന്നു. എങ്കിലും ഇപ്പോൾ നാളികേരം വിപണനം നിർത്തി കള്ളുചെത്തി കള്ളുൽപാദിപ്പിക്കുന്ന രംഗത്തേക്ക് പോയിക്കൊണ്ടിരിക്കുന്നു. ഈ രംഗത്തെ നാളികേര കൃഷിക്കാർ രണ്ടു തട്ടുകളിലായി ചിന്നിക്കുന്നു. ഉൽപ്പന്നത്തിന്ന് വിലകിട്ടുന്നതുകൊണ്ട് കള്ള് ചെത്തിനുകൊടുത്താൽ ഉൽപന്ന ചിലവ് കുറയുകയും ഉദ്ദേശിക്കുന്ന വില കിട്ടുകയും ചെയ്യുന്നു. ഈ കാര്യത്തിൽ ഒരു പഠനം നടത്തി വേണ്ട നടപടി ചെയ്യേണ്ടതാണ്. മെച്ചപ്പെട്ട വരുമാനം കിട്ടുന്നതിന് വേണ്ടത് ചെയ്യുകയും ചെയ്യണം.

76

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരവും സാംസ്കാരികവുമായി മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് കൊല്ലങ്കോട് നമ്പർ 2, കിഴക്കേത്തറ, പയ്യലൂർ എന്നീ മൂന്ന് വില്ലേജുകൾ അടങ്ങിയതാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായക ഘടകമാണെങ്കിലും ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത് ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് വീടുകളിൽ ഒതുങ്ങി നിൽക്കുന്നു.

കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്നവരാണ് കൂടുതലും. അതുകൊണ്ട് തന്നെ ഇടത്തരം ചെറു വീടുകളാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. ഇതിൽ കൂടുതലും കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു.

പഞ്ചായത്തിലെ 7176 വീടുകളിൽ 491 വീടുകൾ ഒന്നിൽ കൂടുതൽ നിലകളുള്ളതും 361 വീടുകൾ കോൺക്രീറ്റും, 4245 വീടുകൾ ഓടും 2079 വീടുകൾ ഓലയുമാണ്. ഇതിൽ 624 വീടുകൾ മൊസൈക്ക് കഡപ്പ എന്നിവ കൊണ്ടും 1860 വീടുകൾ സിമന്റുകൊണ്ടും ബാക്കി വീടുകൾ മണ്ണുകൊണ്ടും തീർത്ത തറകളുള്ളതാണ്.

### വീടുകളുടെ തരംതിരിവു വാർഡുതലത്തിൽ

പട്ടിക 1

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലകളുള്ളകെട്ടിടം | കോൺക്രീറ്റ് | മേൽപുരയുടെ സ്വഭാവം | | മറ്റുള്ളവ | വിവിധഭവനനിർമ്മാണ പദ്ധതികൾകൊണ്ട് നിർമ്മിച്ച വീടുകൾ |
|---|---|---|---|---|---|---|---|
| | | | | ഓട് | ഓല | | |
| 1. | 773 | 275 | 30 | 713 | 68 | ഇല്ല | |
| 2. | 664 | 15 | 20 | 557 | 127 | 60ലക്ഷം വീടുകൾ | 15 |
| 3. | 571 | 10 | 15 | 413 | 158 | 20 * | 10 |
| 4. | 527 | 5 | 2 | 323 | 204 | – | 10 |
| 5. | 745 | 1 | 12 | 422 | 308 | 20 * | 15 |
| 6. | 776 | 135 | 140 | 593 | 43 | – | 5 |
| 7. | 674 | 15 | 47 | 457 | 170 | – | 17 |
| 8. | 537 | 20 | 55 | 428 | 54 | – | 8 |
| 9. | 608 | 2 | 6 | 423 | 185 | – | 18 |
| 10. | 649 | 1 | 6 | 514 | 129 | – | 10 |
| 11. | 561 | 12 | 8 | 421 | 135 | – | 20 |

77

1989-90 വർഷം മുതൽ ഈ കാലയളവുവരെ പഞ്ചായത്തിലെ 12 വാർഡുകളിലായി നിർമ്മിച്ച വീടുകളുടെ നിർമ്മാണച്ചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നുണ്ട്. ഈ കാലയളവിൽ ആർഭാടമായ വലിയ വീടുകളും നിർമ്മിച്ചിട്ടുണ്ട്.

പൊതു റോഡുകൾക്ക് സമീപമായി ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നതും വയൽ നികത്തി കെട്ടിടം പണിയുന്ന സ്ഥിതിയും പഞ്ചായത്തിൽ വ്യാപകമായി നടന്നുവരുന്നുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും കെ.എൽ.യു ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയായ ഈ പഞ്ചായത്തിനെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത ഇങ്ങനെ പോയാൽ കാർഷിക മേഖലയെ സാരമായി ബാധിക്കുന്നതാണ്.

ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാസഹകരണ ബാങ്ക് വടവന്നൂർ ഹൗസിംഗ് സൊസൈറ്റി എന്നിവയെ പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണ ജനങ്ങൾക്ക് ഉപകരിക്കാത്ത സ്ഥിതി നിലനിൽക്കുന്നു.

ഈ ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിനു താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീടുകൾക്ക് കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാം.

2. പലിശ നിരക്ക് 10% ആയി നിജപ്പെടുത്തുക.

ഈ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്തവർ ആണ്. സർക്കാരിന്റെ വിവിധ പദ്ധതികൾ മുഖേന പഞ്ചായത്തിൽ ലഭ്യമാകുന്ന വീടുകളുടെ എണ്ണം വളരെ അപര്യാപ്തമാണെന്നാണ് കാണുന്നത്.

സർക്കാർ ഭവന നിർമ്മാണ ബോർഡുകൾ വഴി ദുർബല ഇടത്തരം വിഭാഗങ്ങൾക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബലവിഭാഗങ്ങൾക്ക് മാത്രമായും അതും വളരെ പരിമിതമായവർക്ക് മാത്രമാണ് ലഭിക്കുന്നത്. ദുർബല വിഭാഗക്കാർക്ക് വീടു വെക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപ്പണിയാനുള്ള സഹായങ്ങളും വായ്പകളും ലഭ്യമല്ലാത്തതുകൊണ്ട് ഈ വിഭാഗക്കാർക്ക് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് സാധിക്കാതെ വരുന്നു.

ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുത്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉൽസാഹത്തോടെയും സമത ജനവിഭാഗങ്ങളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

78

പഞ്ചായത്തിന്റെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവിരം താഴെ കൊടുക്കുന്നു.

വിഭന ലഭ്യത പട്ടിക

| വർഷം | ജെ.ആർ.വൈ. | ഐ.എ.വൈ. | എം.വി.എസ് | പുനരധിവാസം | അൺടൈഡ്ഫണ്ട് | ആകെ |
|---|---|---|---|---|---|---|
| 1989 – 90 | 18 | 15 | – | – | – | 33 |
| 1990 – 91 | 13 | 18 | – | 35 | 10 | 76 |
| 1991 – 92 | 10 | 16 | – | – | – | 26 |
| 1992 – 93 | 12 | 5 | 25 | – | – | 42 |
| 1993 – 94 | 18 | 5 | 5 | – | – | 28 |
| 1994 – 95 | 8 | 7 | 19 | – | – | 34 |
| 1995 – 96 | 8 | 46 | 3 | – | – | 57 |
| ആകെ | 87 | 112 | 52 | 35 | 10 | 296 |

കൂടാതെ ഭവനനിർമ്മാണ ബോർഡിന്റെ വായ്പപ്രകാരം ഓളം വീടുകൾ ഈ കാലയളവിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ ജില്ലാ പട്ടിജാതി വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിലെ ഹരിജൻകോളനികളിൽ 1989–90 വർഷം മുതൽ 95–96 വരെ 46 വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.

ഭവനനിർമ്മാണബോർഡു വഴി ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലിനിരക്കിലെ ക്രമാതീതവുമായ വർദ്ധനവും നിമിത്തം പാവപ്പെട്ടവന്റെ " സ്വന്തമായൊരു വീട് " എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടാതെ ശേഷിക്കുന്നു. സർക്കാർ തലത്തിൽ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ കൊണ്ട് വീടുനിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

1983–84 കാലയളവിൽ വിദഗ്ധ തൊഴിലാളികൾക്ക് 40 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക് 25 രൂപയുമായിരുന്നു കൂലിനിരക്ക്. 95–96 കാലയളവാകുമ്പോഴേക്കും 125 രൂപയും 100 രൂപയുമായി വർദ്ധിച്ചിരിക്കുന്നു. സ്ത്രീ തൊഴിലാളികൾക്കും ഈ അനുപാതത്തിൽ കൂലി വർദ്ധനവ് വന്നിട്ടുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ് 87–88 കാലയളവിൽ 65 രൂപയായിരുന്നത് 95–96 വർഷത്തിൽ 185 രൂപയായി ഉയർന്നു. അതുപോലെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ എല്ലാ വിലകളും ഇന്ന് ക്രമാതീതമായി ഉയർന്നിരിക്കുന്നു. കൂലിനിരക്കിലും അതിനേക്കാൾ വെല്ലുന്ന സാധനസാമഗ്രികളുടെ വിലക്കയറ്റവും കാരണം വീട് നിർമ്മാണത്തിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന വായ്പകളുടെ ഗ്രാന്റുകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

റവന്യൂ വകുപ്പുവഴി പ്രകൃതിക്ഷോഭത്താൽ വീട്നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ പരിമിതമായവർക്കേ ഇത് ലഭിക്കുന്നുള്ളു. 79

പഞ്ചായത്തിലെ 27 ഹരിജൻ കോളനികളിലായി 543 കുടുംബങ്ങളും 6467 അംഗങ്ങളും താമസിക്കുന്നുണ്ട്.

പഞ്ചായത്തിലെ കുടിലുകളോടനുബന്ധമായി വീടുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീടുനിർമ്മിച്ചു നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. ഇതിനായി വാർഡ് തലത്തിലുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് ഇത് മാറ്റിയെടുക്കാൻ കഴിയൂവെന്ന് നാം തിരിച്ചറിയുന്നു. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടനകളെയും സംയുക്തമായി വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിയാൽ സർക്കാർ ഫണ്ടിനു പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച ഇതിന് പരിഹാരം കാണാവുന്നതാണ്.

## പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ തൊഴിലാളി വരെയുള്ളവരെ സംഘത്തിലൂടെ അനുവദിക്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി ( സന്നദ്ധ സംഘടന ) ഈ സംഘത്തെ ഏൽപ്പിക്കുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക.
3. നിർമ്മാണച്ചെലവ് 1,50,000 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് പരിധി ഏർപ്പെടുത്തുക.
4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
5. അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.
6. രജിസ്റ്റർ ഓഫീസിലെ അമിതമായ ഫീസ് ഒഴിവാക്കുക.
7. ഭൂരഹിതർക്ക് 4 സെന്റ് ഭൂമി വീതം വീടുനിർമ്മിക്കുന്നതിന് അനുവദിക്കുക.
8. ഹരിജൻകോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ( കുടിവെള്ളം, വെളിച്ചം, റോഡ് ) നിലവിലില്ല.
9. കെട്ടിടനിയന്ത്രണ നിയമം മൂലം പാവപ്പെട്ടവർക്ക് അവരുടെ ഉടമസ്ഥതയിലുള്ളതും 5 സെന്റിൽ താഴെയുള്ളതുമായ സ്ഥലങ്ങളിൽ വീടു നിർമ്മിക്കുന്നതിന് നിയമപരമായി സാധിക്കാതെ വരുന്നുണ്ട്.
10. ഇന്നത്തെ ഭൂമിയുടെ ക്രമാതീതമായ വിലക്കയറ്റംമൂലം സാധാരണക്കാർക്ക് സ്ഥലം വിലക്ക് വാങ്ങുന്നതിന് സാധിക്കാതെ വരുന്നു.

## സാദ്ധ്യതകൾ

1. ഇപ്പോഴുള്ള ഹൗസിംഗ് സൊസൈറ്റിയായ വടവന്നൂർഹൗസിംഗ് സൊസൈറ്റിയുടെ ഒരു ശാഖ കൊല്ലങ്കോട് തുടങ്ങണം.
2. സർക്കാരിൽനിന്നും അനുവദിക്കുന്ന ഭവനനിർമ്മാണ വായ്പകൾക്കുള്ള പലിശയിൽ ഇളവ് അനുവദിക്കാവുന്നതാണ്.
3. സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റ് തുക അപര്യാപ്തമാണ്. ആയതിന്ന് ഗുണഭോക്താക്കളുടെ ശ്രമദാനവും മറ്റും ഉപയോഗപ്പെടുത്താവുന്നതാണ്.
4. കെട്ടിട നിർമ്മാണ സാമഗ്രികൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലക്ക് ലഭ്യമാക്കാൻ സഹകരണസംഘങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
5. നിർമ്മിതികേന്ദ്രവുമായി സഹകരിച്ച് ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം സംബന്ധിച്ച ബോധവൽകരണ പരിപാടി ആവിഷ്കരിക്കുക.
6. ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീലനക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

80

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിതതൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവർമെണ്ടുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാവുന്നതാണ്.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന ഓഫീസും കൊല്ലങ്കോട് ബ്ലോക്കിൽ പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽകരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടതുണ്ട്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾമുഖേനയുള്ള പ്രവർത്തനംതന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണതൊഴിലാളികൾ, കർഷകതൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ, കൈത്തറിത്തൊഴിലാളികൾ എന്നിവരുണ്ടെങ്കിലും എല്ലാതൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസനകോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഓഫീസ് ചിറ്റൂർ ആകയാൽ വേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

വനിതാ വികസനകോർപ്പറേഷന്റെ കീഴിൽ ഇവിടെ കാര്യമായ പ്രവർത്തനം നടക്കുന്നില്ല. പൊതുപ്രവർത്തനരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിവില്ലെന്നതാണ് യാഥാർത്ഥ്യം.

സാമൂഹ്യക്ഷേമരംഗത്ത് ഈ പഞ്ചായത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. കൊല്ലങ്കോട് ബ്ലോക്കാഫീസ് മുഖേനയും സാമൂഹ്യക്ഷേമപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ വിവരം പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

### ഐ. ആർ. ഡി. പി. സർവ്വേ സഹായ ലഭ്യതകൾ

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | 58 | 137306 | 209880 |
| 1993-94 | 55 | 162365 | 229651 |
| 1994-95 | 53 | 206942 | 311100 |
| 1995-96 | 51 | 261334 | 652466 |
| | 217 | | 81 |

ഈ പഞ്ചായത്തിൽ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെയും സഹായധനം ലഭിച്ച കുടുംബങ്ങളുടെയും വിവരങ്ങൾ താഴെകൊടുക്കുന്നു.

പട്ടിക 2

| വാർഡ് | കുടുംബങ്ങളുടെ എണ്ണം | എസ്.സി/എസ്ടി കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്.സി/ എസ്.ടി | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലായവരുടെ എണ്ണം | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1. | 110 | 9 | 95 | 9 | 70 | 105 |
| 2. | 329 | 88 | 91 | 41 | 71 | 324 |
| 3. | 312 | 79 | 101 | 53 | 60 | 292 |
| 4. | 356 | 145 | 144 | 60 | 100 | 345 |
| 5. | 393 | 163 | 103 | 50 | 70 | 385 |
| 6. | 122 | 4 | 107 | 15 | 80 | 116 |
| 7. | 382 | 176 | 124 | 70 | 92 | 374 |
| 8. | 184 | 14 | 32 | 14 | 20 | 152 |
| 9. | 318 | 136 | 136 | 99 | 78 | 308 |
| 10. | 329 | 125 | 114 | 68 | 96 | 311 |
| 11. | 237 | 42 | 93 | 45 | 80 | 227 |
| 12. | 118 | 33 | 63 | 22 | 40 | 118 |
| ആകെ | 3160 | 1014 | 1202 | 546 | 857 | 3060 |

കൊല്ലങ്കോട് ബ്ലോക്കാഫീസിലെ ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള 3060 കുടുംബങ്ങളാണുള്ളത്. 1992-93 മുതൽ 1995-96 വരെയുള്ള കാലയളവിൽ 217 കുടുംബങ്ങൾക്കായി സബ്സിഡിയും വായ്പയുമായി 2171044 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്, ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപയെങ്കിലും ആയി ഉയർത്തേണ്ടിയിരിക്കുന്നു. ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുവദിച്ച് വായ്പ ലഭ്യമാക്കുന്നതിന് വളരെയധികം ഉദാസീനതയാണ് കൈക്കൊണ്ടുവരുന്നത്.

82

## പട്ടിക 3
## ഗ്രാമീണകൈതൊഴിൽ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പ്ര് | ഐ.ആർ.ഡി.പി പ്രകാരം ഗ്രാമീണകൈതൊഴിലാളി കളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1. | 4 | 3 | 1 |
| 2. | 4 | 3 | 1 |
| 3. | 3 | 1 | 2 |
| 4. | – | – | – |
| 5. | – | – | – |
| 6. | 4 | – | 4 |
| 7. | 12 | 6 | 6 |
| 8. | 35 | 6 | 29 |
| 9. | 12 | 3 | 9 |
| 10. | 4 | – | 4 |
| 11. | 5 | 2 | 3 |
| 12. | – | – | – |

## പട്ടിക 4
## ട്രൈസം പദ്ധതി പ്രകാരമുള്ള പട്ടിക

| വാർഡ് നമ്പ്ര് | പരിശീലനാ വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ ലഭിച്ചവരുടെ എണ്ണം | ഇതരതൊഴിലു കളിൽ ഏർപ്പെട്ടവർ | അവശേ ഷിക്കുന്നവർ |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |
| 3. | O' Level Computer | 1 | - | | |
| 4. | Electronics | 1 | - | | |
| 5. | Repairs of Electronics | 1 | - | | |
| 6. | Wireman Course | 1 | - | | |
| 7. | | | | | |
| 8. | O ' Level Computer | | | | |
| 9. | Wireman | 1 | | | |
| 10. | O ' Level Computer, Electronics | 2 | | | |
| 11. | Computer O' Level | 1 | | | |
| 12 . | Computer O' Level | 1 | | | |

## പട്ടിക 5
## ഡി. ഡബ്ല്യു. സി. ആർ. എ

| വാർഡ് | തൊഴിൽസംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ചകുറിപ്പ് |
|---|---|---|---|---|
| 3. | ടൈലറിംഗ് & ഗാർമെന്റ് മേക്കിംഗ് | 1994-95 | 10 | തരക്കേടില്ലാതെ നടക്കുന്നു |
| 3. | കറിപൗഡർ യൂണിറ്റ് | 1995-96 | 10 | തരക്കേടില്ലാതെ നടക്കുന്നു |

സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകൾകൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടികൾ കൈക്കൊള്ളണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വെ നടത്തണം.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്തഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും, ആയത് പൂർണ്ണമല്ല. അതിന് ഐ.ആർ.ഡി.പി.. സർവ്വേയിൽ ഇവരെ ഉൾപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിലെ 3-ാം വാർഡിലുള്ള ഡി.ഡബ്ല്യു.സി.ആർ.എയുടെ പ്രവർത്തനം തൃപ്തികരമല്ല. മറ്റു വാർഡുകളിൽ ഒന്നും തന്നെ ഈ പ്രവർത്തനങ്ങൾ ഇല്ല. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഈ പദ്ധതി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.

### ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ട്രൈസം പരിശീലന പട്ടിക ചുവടെ ചേർക്കുന്നു.

1992-93 വർഷം മുതൽ 95-96 വർഷം വരെ ഈ പഞ്ചായത്തിൽ 36 പേർക്ക് പരിശീലനം നൽകി. ഇതിൽ 23 പേർ വനിതകളാണ്. ട്രൈസം പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും അവർക്കിപ്പോൾ നൽകുന്ന സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ലെന്ന് പരാതി പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കണം.

### ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണ് ടൂൾകിറ്റ്. 84

1992-93 മുതൽ 94-95 വരെ ഈ പദ്ധതി പ്രകാരം ടൂൾ കിറ്റ് നൽകിയിട്ടില്ല. കൊല്ലങ്കോട് ബ്ലോക്കിൽനിന്നും ഈ പഞ്ചായത്തിന്റെ പരിധിയിലുള്ളവർക്ക് 15 പേർക്ക് ടൂൾകിറ്റ് നൽകിയിട്ടുണ്ട്. ഇത് വളരെ പരിമിതമാണ്. അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സിആർ.എസ്.പി. 91-92 വർഷം മുതൽ 95-96 വരെ ഈ പഞ്ചായത്ത് പ്രദേശത്തുള്ളവർക്ക് കൊല്ലങ്കോട് ബ്ലോക്കിൽനിന്നും 46 പേർക്ക് മാത്രമാണ് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

പട്ടിക 6

## സി. ആർ. എസ്. പി. കക്കൂസുകൾ അനുവദിച്ചത്

| | | | | | |
|---|---|---|---|---|---|
| 1992-93 | - | 7 എണ്ണം | 1993-94 | - | 14 എണ്ണം |
| 1994-95 | - | 10 എണ്ണം | 1995-96 | - | 15 എണ്ണം |

## വില്ലേജാപ്പീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പുകാര്യമായ പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ മുഖേന അപേക്ഷാഫോറങ്ങളും, അന്വേഷണ റിപ്പോർട്ടുകളും തയ്യാറാക്കി അയക്കുന്നതുകൊണ്ട് മേൽപറഞ്ഞതിന് ചെറിയൊരു പരിഹാരം ഉണ്ടെന്ന് പ്രതീക്ഷിക്കാം.

## പെൻഷനുകൾ സംബന്ധിച്ച്

**വിധവാ പെൻഷൻ** : പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ ഇപ്പോൾ പേർക്ക് ഈ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നു.

**വികലാംഗപെൻഷൻ** : ഈ പദ്ധതി പ്രകാരം വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ജില്ലാ ആശുപത്രിയിൽനിന്നും ഹാജരാക്കിയാൽ മാത്രമേ അപേക്ഷിക്കാൻ നിർവ്വാഹമുള്ളൂ. സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം പ്രയാസമുണ്ടാക്കുന്നുണ്ട്. ഇതിന്ന് വികലാംഗത്വം തെളിയിക്കാനുള്ള അധികാരം അതാത് താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം.

**കർഷകത്തൊഴിലാളി പെൻഷൻ** : ഇതുപ്രകാരം അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കാനുള്ള നടപടി ഉണ്ടാവണം. അനർഹരെ ഒഴിവാക്കേണ്ടതുമുണ്ട്. 85

തൊഴിലില്ലായ്മവേതനം : ഈ പഞ്ചായത്തിൽ തൊഴിലില്ലാവേതനം ലഭിക്കുന്ന 519 പേർ ഉണ്ട്. ഇതിന്ന് അർഹരല്ലാത്തവരും ഈ വേതനം കൈപ്പറ്റുന്നുണ്ട്.

## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

വിധവാ പെൻഷൻ – 90 വാർദ്ധക്യകാലപെൻഷൻ – 209

### അംഗൺവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായി പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൺവാടികൾ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 17 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൺവാടി എന്നാണ് ഐ.സി.ഡി.എസിന്റെ കണക്കെങ്കിലും ഈ പഞ്ചായത്തിൽ അത് നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. ആയതുകൊണ്ടുതന്നെ അംഗൺവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിൽ പ്രകടമാണ്. നിലവിലുള്ള അംഗൺവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും, രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു.

| ക്രമനമ്പർ | അംഗൺവാടികളുടെ പേര് | നമ്പർ | കെട്ടിടം സ്വന്തം / വാടക |
|---|---|---|---|
| 1. | കാരാട്ടുപാടം | കെ.ജി 1 | സ്വന്തംകെട്ടിടം |
| 2. | ചെങ്കംപൊറ്റ | കെ.ജി 2 | ,, |
| 3. | ചങ്ങനാറ | കെ.ജി 3 | ,, |
| 4. | ഇടച്ചിറ | കെ.ജി 4 | ,, |
| 5. | നെന്മേനി | കെ.ജി 5 | ,, |
| 6. | വേങ്ങപ്പാറ | കെ.ജി 6 | ,, |
| 7. | പാവടി | കെ.ജി 7 | വാടകകെട്ടിടം |
| 8. | വാണിയന്തറ | കെ.ജി 8 | സ്വന്തംകെട്ടിടം |
| 9. | കൊമ്പംകാട് | കെ.ജി 9 | ,, |
| 10. | മാതക്കോട് | കെ.ജി 10 | ,, |
| 11. | പൂളപ്പറമ്പ് | കെ.ജി 11 | ,, |
| 12. | ചീരണി | കെ.ജി 12 | ,, |
| 13. | ചെറ്റാറ | കെ.ജി 13 | ,, |
| 14. | നെടുമണി | കെ.ജി 14 | ,, |
| 15. | വെള്ളനാറ | കെ.ജി 15 | ,, |
| 16. | നെന്മേനി | കെ.ജി 16 | ,, |
| 17. | തോട്ടങ്കര | കെ.ജി 17 | സ്വന്തംകെട്ടിടംഇല്ല |

86

## നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസിയെക്കൊണ്ടോ, ജെ.ആർ.വൈ ഫണ്ടോ ഉപയോഗിച്ച് അംഗൺവാടികൾ സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയോ, ഉള്ളവയുടെ അറ്റകുറ്റപണി നടത്തുകയോ ചെയ്യുക.
2. വാർഡുകളിലെ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ പുതിയ അംഗൺവാടികൾ അനുവദിക്കുക.
3. ഡി.ഡബ്ലിയു.സി.ആർ.എ യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ ഒരു വിഹിതം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.
4. അംഗൺവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
5. ശാസ്ത്ര സാഹിത്യപരിഷത്ത് മുഖാന്തിരമുള്ള പുകയില്ലാത്ത അടുപ്പുകൾ അംഗൺവാടികളിൽ ഏർപ്പെടുത്തുക.
6. ശുചിത്വ പരിപാലനം അംഗൺവാടികൾ നടപ്പിലാക്കുക.
7. അംഗൺവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
8. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
9. പൊതുപ്രവർത്തനങ്ങളിൽ അംഗൺവാടി വർക്കറുടെയും ഹെൽപ്പറുടെയും സേവനം ഉപയുക്തമാക്കുക.

## ക്ഷേമനിധികളെ സംബന്ധിച്ച്

### കെട്ടിടതൊഴിലാളി ക്ഷേമനിധി :

പഞ്ചായത്തിന്റെ 5% പേർ കെട്ടിടനിർമ്മാണ രംഗത്ത് തൊഴിൽ എടുക്കുന്നുണ്ട്. അവരെ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും 55 വയസ്സിനുശേഷം പെൻഷൻ പദ്ധതി നടപ്പിലാക്കുക.

### ആഭരണതൊഴിലാളി ക്ഷേമനിധി :

ഈ പഞ്ചായത്തിൽ ആഭരണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ ചുരുക്കംപേരെ ഉള്ളുവെങ്കിലും അവരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

### വിദഗ്ധതൊഴിലാളി ക്ഷേമനിധി :

തയ്യൽ, ബാർബർ, കൊല്ലന്മാർ, ബീഡിത്തൊഴിലാളികൾ, കൊട്ടനെയ്ത്ത് തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്കും ക്ഷേമനിധിയുണ്ടെങ്കിലും ഈ മേഖലയിലെ മുഴുവൻ തൊഴിലാളികളെയും ഈ പദ്ധതിയിൽ അംഗങ്ങളായിട്ടില്ല.

87

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലെത്തിക്കുവാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്തുതലത്തിൽ കമ്മിറ്റി രൂപീകരിക്കണം. അതാത് ഗ്രാമസഭകൾ ഇതു സംബന്ധിച്ച് ബോധവൽകരണവും, അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

## പൊതുവിതരണം

ഈ പഞ്ചായത്തിലാകെ 16 പൊതുവിതരണ കേന്ദ്രങ്ങളാണുള്ളത്. ( റേഷൻഷാപ്പ് ) ഇതിന്റെ പ്രവർത്തനം സ്തുത്യർഹമല്ല. അനുദിനം സാധാരണക്കാരനെ പരാതിയുള്ള മേഖലയായ പൊതുവിതരണ കേന്ദ്രത്തെ 1966ലെ റേഷനിംഗ് ആക്ട് പ്രകാരമുള്ള റേഷൻഷാപ്പ് എന്നാക്കി മാറ്റണം. പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടായിരിക്കണം. പഞ്ചായത്തിൽ ജനസംഖ്യാനുപാതമായി കൂടുതൽ റേഷൻഷാപ്പുകൾ അനുവദിക്കണം.

ഈ പഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോർ വിപുലീകരിക്കേണ്ടതുണ്ട്.

ഉപഭോക്ത മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽകരിക്കാനും പഞ്ചായത്തിൽ ഉപഭോക്തസംരക്ഷണ സമിതി രൂപീകരിക്കണം.

ഈ ഗ്രാമ പഞ്ചായത്ത് സാമൂഹ്യക്ഷേമരംഗത്ത് സ്തുത്യർഹമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

പാവപ്പെട്ടവർക്ക് പുരകെട്ടിമേയുന്നതിനുള്ള ധനസഹായം എന്ന നിലക്ക് വർഷംതോറും 20,000 രൂപ 133 ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. കൂടാതെ വിദ്യാലയങ്ങളിലെ സാധുക്കളായ വിദ്യാർത്ഥികൾക്ക് യൂണിഫോറം, തുണി പ്രതിവർഷം 25,000 രൂപക്ക് നൽകുന്നു. വിദ്യാലയങ്ങളിലെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്നവർക്ക് കാഷ് അവാർഡ് നൽകി വരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് പ്രദേശത്തുള്ള പാവപ്പെട്ട രോഗികൾക്ക് മരുന്ന് വാങ്ങിക്കുന്നതിന്ന് പഞ്ചായത്തിൽനിന്ന് ഒരാൾക്ക് 50 രൂപ നിരക്കിലും ധനസഹായം നൽകിവരുന്നുണ്ട്.

88

# കല, സംസ്കാരം

തമിഴ്നാട്ടിനോട് ചേർന്നുകിടക്കുന്ന പ്രദേശമായതിനാൽ കൊല്ലങ്കോട് പഞ്ചായത്തിലെ സംസ്കാരത്തിന് തമിഴ്നാട് സംസ്കാരത്തിന്റെ സാദൃശ്യമുണ്ട്. ഇവിടെയുള്ള ജനവിഭാഗങ്ങൾ സാമുദായികാടിസ്ഥാനത്തിൽ തറകളിലും വിവിധ കേന്ദ്രങ്ങളിലും തിങ്ങിപ്പാർക്കുന്നു. ഉദാഹരണമായി കിഴക്കേത്തറ, പടിഞ്ഞാറേത്തറ, കോട്ടയമ്പലം, ആനമാറി, അച്ചനാംകോട്, നെന്മേനി, ചക്കാംതറ, കിഴക്കേഗ്രാമം, പുതുഗ്രാമം, പെരുമാൾകോവിൽ ഗ്രാമം, ശിവൻകോവിൽഗ്രാമം, തെലുങ്കുത്തറ, പാവടി, വാണിയന്തറ, കമ്മാന്തറ, പുളിങ്കൂട്ടത്തറ, പുഴക്കൽത്തറ, പയ്യലൂർതറ, അരുവണ്ണൂർതറ, പറച്ചേരിത്തറ, മയിലാപ്പുത്തറ, മേട്ടുപ്പാളയം, ചിക്കണാംപാറ, പാതനാറ, കുതിരമൂളി, നായാടികോളനി, വെള്ളാംതറ, തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ വിഭാഗം സമുദായക്കാരാണ് തിങ്ങിപ്പാർത്തിരുന്നത്. ഇന്ന് അതിന് മാറ്റം വന്നിട്ടുണ്ട്. ഈ തറകളിലെല്ലാം തന്നെ വിവിധ സമുദായക്കാർ ആചരിച്ചുപോന്ന ക്ഷേത്രങ്ങളും ഉണ്ട്. മാഞ്ചിറ, മാരിയമ്മൻക്ഷേത്രം, കോട്ടയമ്പല ശിവക്ഷേത്രം, അച്ചനാംകോട്, നെന്മേനി, പാവടി മാരിയമ്മൻക്ഷേത്രം, വെള്ളാന്തറ മാരിയമ്മൻക്ഷേത്രം, പാഞ്ചാലിയമ്മൻ ക്ഷേത്രം, കുണ്ടത്തു ഭദ്രകാളി ക്ഷേത്രം, മേട്ടുപ്പാളയം മാരിയമ്മൻക്ഷേത്രം, മഹിഷാസുര മർദ്ദിനിക്ഷേത്രം, ചക്കാന്തറ മാരിയമ്മൻ ക്ഷേത്രം, അയ്യപ്പൻകാവ്, വാണിയന്തറ മാരിയമ്മൻക്ഷേത്രം, പഴയങ്ങാടി മാരിയമ്മൻ ക്ഷേത്രം, സുബ്രഹ്മണ്യ ക്ഷേത്രം, പുളിങ്കൂട്ടുത്തറ കാമാക്ഷിയമ്മൻ കോവിൽ, പൊന്നുകെട്ടിയപാറ ഗണപതിക്ഷേത്രം ഇലഞ്ഞിമന്ദം, പുളിമന്ദം പുരട്ടിൽ ഭഗവതിക്ഷേത്രങ്ങൾ, പുഴക്കൽത്തറ ഭഗവതിക്ഷേത്രം, മയിലാപ്പ് മാരിയമ്മൻക്ഷേത്രം, മുതലിയാർകുളം ഗണപതിക്ഷേത്രം, പെരിങ്ങോടിയിൽ ശിവക്ഷേത്രം, അരുവന്നൂർപറമ്പ് ഭഗവതിക്ഷേത്രം, പയ്യലൂർ തിരുകാച്ചാംകുറുശ്ശിക്ഷേത്രം, പയ്യലൂർ പുരട്ടിൽ ഭഗവതിക്ഷേത്രം, പയ്യലൂർ മാരി യമ്മൻക്ഷേത്രം, പെരുമാൾകോവിൽക്ഷേത്രം, ശിവക്ഷേത്രം, കിഴക്കേഗ്രാമം ഗണപതിക്ഷേത്രം, ശിവക്ഷേത്രം, പുതുഗ്രാമം ശിവക്ഷേത്രം, കൃഷ്ണൻകടവ് ഗണപതിക്ഷേത്രം, തുടങ്ങിയ ഹിന്ദുക്ഷേത്രങ്ങൾ വളരെക്കാലം മുമ്പ് തന്നെ സ്ഥാപിച്ചതാണ്. ചിക്കണാംപാറ മുസ്ലീംപള്ളി, വെള്ളനാറപള്ളി, ആനമാറിപള്ളി, പയ്യലൂർപള്ളി, തുടങ്ങിയ മുസ്ലീം ദേവാലയങ്ങളും പണ്ടു മുതൽക്കുള്ള മുസ്ലീം ദേവാലയങ്ങളാണ്.

ഇവയോടനുബന്ധിച്ച് മതപഠനത്തിനുള്ള കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. മിക്ക ക്ഷേത്രങ്ങളോടനുബന്ധിച്ചും വിവിധ ഉത്സവങ്ങൾ നടക്കാറുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് കൊല്ലങ്കോട് ആറാട്ട്. കൊല്ലങ്കോട്തറ, പടിഞ്ഞാറേതറ, പുഴക്കൽത്തറ ദേശവിളക്കുകൾ, കാച്ചാംകുറുശ്ശി ആറാട്ട്, പയ്യലൂർ കൂത്ത്, ശൂരസംഹാരമഹോത്സവം, ശിവരാത്രി മഹോത്സവം, മാരിയമ്മൻ പൊങ്കലുകൾ, രഥോത്സവങ്ങൾ, മുളക്കൊട്ട് എന്നിവ പല കേന്ദ്രങ്ങളിലും നാദസ്വരക്കച്ചേരികൾ, കഥാപ്രസംഗങ്ങൾ, ഗാനമേള, പുറാട്ട്നാടകങ്ങൾ, തിരുവാതിരക്കളി, മാവിളക്ക്, കണ്യാർകളി, സർപ്പംപാട്ട്, പുള്ളുവൻപാട്ട് തുടങ്ങിയ കലാ പ്രകടനങ്ങൾ കാഴ്ചവെക്കുന്നുണ്ട്. കഠിനവേനൽക്കാലങ്ങളിൽനിന്നും മോചനം കിട്ടാനും മഴ പെയ്യിക്കാനുമായി ജംഗം സമുദായത്തിൽപ്പെട്ടവർ " ഗൊപ്പിയാളം " പാട്ടുമായി തെരുവു മുഴുവൻ നടക്കാറുണ്ട്. മാരിയമ്മൻ ഉത്സവങ്ങളോടനുബന്ധിച്ച് " കനൽചാട്ടം " എന്ന പരിപാടി കൂടി നടത്തിവരുന്നു. കൊയ്ത്തുകാലം കഴിഞ്ഞാൽ പട്ടികവർഗ്ഗക്കാരുടെ കലാരൂപമായ " പറയൻചേര് " എന്ന കലാരൂപം അവതരിപ്പിക്കാറുണ്ട്. ആയില്യം മകം ഉത്സവത്തിന്ന് പുള്ളുവൻ സമുദായക്കാർ പുള്ളുവൻപാട്ട് നടത്തിവരുന്നു. കൊല്ലങ്കോട് ദേശത്തെ നായന്മാർ, തരകന്മാർ, പത്തുകുടി സമുദായക്കാർ എന്നിവർ ചേർന്ന് നടത്തിവരുന്ന കണ്യാർകളി വേല എന്നിവ വളരെ പ്രസിദ്ധങ്ങളായിരുന്നു. ദേശക്കാരുടെ യോജിപ്പില്ലായ്മയും അലസതയും ഈ പുരാണ കലകളെ

89

തഴയപ്പെട്ടിരിക്കുന്നു. കണ്യാർകളിയുടെ ആശാന്മാരായിരുന്ന മന്ദത്ത് വീട്ടിൽ ശങ്കരപ്പണിക്കർ, കണ്ണൻകുട്ടിപ്പണിക്കർ, ചാമി നായർ, ബാലൻനായർ, ഏറാട്ട് രാമത്തരകർ എന്നിവരുടെ ശിക്ഷണത്തിൽ കണ്യാർകളി നടത്തിവരുന്നു. ദേവീപ്രസാദം, മാധവൻനായർ, കോലടി, കുമ്മി, ഓണക്കളി എന്നിവയുടെ പ്രധാന ആശാന്മാരായി അറിയപ്പെട്ടിരുന്നു. കൊല്ലങ്കോട്ടെ സാംസ്കാരികരംഗത്ത് കൊല്ലങ്കോട്ടെ രാജാക്കന്മാരും റാണിമാരും വിലയേറിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

മഹാഭാഗവതം, രാമായണം, ബ്രഹ്മസൂത്രം, ഭഗവത്ഗീത, ബദരീശ സ്തോത്രം എന്നിവ രചിച്ച സംസ്കൃത ഭാഷാ പണ്ഡിതൻ പണ്ഡിറ്റ് പി. ഗോപാലൻനായർ, സംസ്കൃത വിദ്വാൻ കാരാട്ടെ ശേഖരമേനോൻ, കഥകളി സംഗീതത്തിൽ പയ്യലൂർ രാമൻകുട്ടിനായർ, പയ്യലൂർ മണിയൻനായർ, വാദ്യവിദ്വാൻ ഈച്ചരമാരാർ, തായമ്പകവിദ്വാൻ ചക്രപാണി മാരാർ, നാദസ്വരവിദ്വാൻ പാളയം ഗോവിന്ദസ്വാമി, ചിത്രകലാ വിദഗ്ധയായ മഹാകവി കെ.കെ. രാജായുടെ ഭാര്യ കാമ്രത്തെ മീനുഅമ്മ, മലബാർ മേഖലയിൽ ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിച്ച മലബാർ ജില്ലാ ബോർഡ് പ്രസിഡണ്ട് മാധവരാജാ രാവുണ്ണിയാരത്ത് റാവു ബഹദൂർ ശേഖരമേനോൻ, തെക്കേ പാവടിയിൽ തിരുവള്ളുവർ തമിഴ് വിദ്യാലയം സ്ഥാപിച്ച മുത്തുവേൽ മുതലിയാർ, സ്വാതന്ത്ര്യ സമരസേനാനികളായിരുന്ന രംഗനാഥ മുതലിയാർ, ചക്കുങ്കൽ ദേവദാസമേനോൻ, ഗാന്ധിജിയോടൊപ്പം ദണ്ഡിയാത്രയിൽ പങ്കെടുത്ത ശ്രീ രാമലിംഗമുതലിയാർ, മഹാകവി ശ്രീ. പി. കുഞ്ഞിരാമൻനായർ, ദീർഘകാലം കൊല്ലങ്കോട് എം.എൽ.എ യും പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്ന ശ്രീ. സി. വാസുദേവമേനോൻ, സഹകരണരംഗത്തിന്റെയും സാംസ്കാരിക രംഗത്തിന്റെയും വക്താക്കളായിരുന്ന ആർ. കോമൻമേനോൻ, ശിവരാമമുതലിയാർ, ചൊക്കലിംഗമുതലിയാർ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മേധാവിയും കഥകളി തുടങ്ങിയ കലകൾക്ക് വിദ്യാഭ്യാസ രംഗത്ത് പ്രാധാന്യം നൽകിയ ദേശീയ അവാർഡ് ജേതാവ് വി. ആർ. സുബ്രമണ്യ അയ്യർ എന്നിവർ കൊല്ലങ്കോടിന്റെ അഭിമാനികളാണ്. ഗ്രാന്റുകൾ ലഭിക്കുന്നതിനും ലഭിക്കാത്തവയുമായി പ്രവർത്തിക്കുന്ന വായശാലകൾ, കലാസമിതികൾ, ആർട്സ് ക്ലബ്ബുകൾ, സ്പോർട്സ് ക്ലബ്ബുകൾ, മഹിളാ സമാജങ്ങൾ, കൊല്ലങ്കോട് പഞ്ചായത്ത് ഗ്രന്ഥശാല, വായനശാല എന്നിവ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു. വിവിധ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി മഹാകവി പി. സ്മാരക കലാസാംസ്കാരികകേന്ദ്രം, വാദ്യകലാകേന്ദ്രം എന്നീ സാംസ്കാരികകേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവിടത്തെ വിവിധ ക്ഷേത്രങ്ങളോടനുബന്ധിച്ച് അവിടത്തെ ദേശക്കാരായ സമുദായ പ്രവർത്തകർ മുൻകൈയെടുത്ത് വിവിധ ആഘോഷങ്ങൾ നടത്തി വരുന്നു. മിക്ക ആരാധനാലയങ്ങളും സമാദായക്കാരുടെയും അവരുമായി ഇണങ്ങിച്ചേരുന്ന സമുദായക്കാരുടേതുമാണ്. സ്ഥിരം വരുമാനമാർഗ്ഗമില്ലാത്തതിനാൽ എല്ലാ നല്ലവരായ ജനങ്ങളുടെയും ,സഹകരണത്തോടെയാണ് ഉത്സവങ്ങൽ നടത്തുന്നത്.

ഉത്സവങ്ങളെല്ലാം അതാതു സമുദായക്കാരുടെ ആചാരപ്രകാരം നടക്കുന്നു. വായനാശീലം വളർത്തുന്നതിനും ബുദ്ധിവികാസത്തിനുമുതകുന്ന വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കൂടുതൽ സൗകര്യങ്ങളും പ്രോത്സാഹനങ്ങളും നൽകേണ്ടതായി കാണുന്നു. കലാപരമായ പുരോഗതിക്കും നാടൻ കലകളുടെ പോഷണത്തിനും കലാകേന്ദ്രങ്ങൾ ഉണ്ടാവേണ്ടതായി കാണുന്നു. കൊല്ലങ്കോട്ടിന്റെ അഭിമാനിയായ പണ്ഡിറ്റ് പി. ഗോപാലൻനായരുടെ സ്മരണക്ക് ഒരു സാംസ്കാരിക കേന്ദ്രം ആരംഭിച്ചാൽ നന്നായിരിക്കും. സംഗീതം, നാടകങ്ങൾ, സ്പോർട്സ് എന്നിവയുടെ വികസനത്തിന് എല്ലാ വാർഡുകളിലെയും പ്രധാന കേന്ദ്രങ്ങളിലും കേന്ദ്രങ്ങൾ ഉണ്ടാവേണ്ടതാണ്. നിലവിലുള്ള ഗ്രന്ഥശാലകൾ, ക്ലാസുകൾ, കലാസമിതികൾ എന്നിവയുടെ നല്ല പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനം ഉണ്ടാവുകയും പുതിയ സ്ഥലങ്ങൾ കണ്ടുപിടിച്ച് എല്ലാ വാർഡുകളിലെ കേന്ദ്രങ്ങളിലും ഇത്തരം

90

കേന്ദ്രങ്ങൾ തുറക്കുകയും ഇവയിലെല്ലാം പൊതുറേഡിയോ, ടെലിവിഷൻ തുടങ്ങിയവ നൽകുകയും ചെയ്യേണ്ടതായി കാണുന്നു. ഇത്തരം സ്ഥാപനങ്ങൾ വനിതകൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കും ഉപകാരപ്രദമായിരിക്കും. ഈ പ്രവർത്തനംകൊണ്ട് ഇത്തരക്കാരുടെ ബുദ്ധിവികാസത്തിനും സ്വഭാവശുദ്ധിക്കും അച്ചടക്കത്തിനും വഴിതെളിയുമെന്ന് കാണുന്നു. പ്രാചീനകലാരൂപങ്ങളായ പുറാട്ടുകളി, കണ്യാർകളി, പാവക്കൂത്ത്, മുളക്കൊട്ട്, മാപ്പിളപ്പാട്ട്, നാദസ്വരം തുടങ്ങിയവയുടെ പോഷണത്തിന് കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ നന്നായിരിക്കും. അവശ കലാകാരന്മാർക്ക് വാർദ്ധക്യകാല പെൻഷൻ, മൺമറഞ്ഞ കലാകാരന്മാരുടെ കുടുംബാംഗങ്ങൾക്ക് സഹായധനം, പെൻഷൻ എന്നിവ അനുവദിക്കേണ്ടിയിരിക്കുന്നു.

1981 ൽ സ്ഥാപിച്ചതും ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നതുമായ " പി " സ്മാരകകലാ സാംസ്കാരിക കേന്ദ്രം വികസിപ്പിക്കുകയും ഗ്രന്ഥശാല, കഥകളി, വാദ്യകലകൾ എന്നിവയുടെ പോഷണത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യേണ്ടിരിക്കുന്നു. വിവിധാകേന്ദ്രങ്ങളുടെ ശ്രദ്ധ ഈക്കാര്യത്തിൽ പതിയേണ്ടതായി കാണുന്നു. കലകളുടെ പ്രോത്സാഹനാർത്ഥം ഒരു ഓഡിറ്റോറിയവും സ്ഥലം സംഭാവനയായി നൽകാൻ തയ്യാറുള്ള പ്രദേശങ്ങളിൽ സ്റ്റേഡിയവും ഉണ്ടാക്കാൻ നടപടികൾ ആരംഭിക്കേണ്ടതായി കാണുന്നു. കൊല്ലങ്കോട്ടിൽ ഒരു ജിംനേഷ്യവും, സീതാർകുണ്ട് കേന്ദ്രമാക്കി ഒരു ടൂറിസ്റ്റ് കേന്ദ്രവും സ്ഥാപിക്കേണ്ടതാണെന്ന് വിവിധ മേഖലകളിൽ നിന്നും ആവശ്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. വിവിധ ക്ഷേത്രങ്ങളുടെ പരിപാലനത്തിന് ഏകീകൃതമായ ഒരു പദ്ധതി ആവിഷ്കരിച്ചാൽ അവയുടെ നിലനിൽപ്പിന് സഹായകരമായിരിക്കും.

സാംസ്കാരികമായ ഉന്നതനിലവാരം പുലർത്തിയിരുന്ന പ്രദേശമായിരുന്നു കൊല്ലങ്കോട്. രാജകൊട്ടാരത്തിനോടനുബന്ധിച്ച് വളർന്നുവന്ന കലാരൂപങ്ങളാണ് കഥകളി, കണ്യാർകളി, ശാസ്ത്രീയ സംഗീതം, നൃത്തനൃത്യങ്ങൾ എന്നിവ. വിദ്യാലയത്തിലെ പഠ്യവിഷയമായിപോലും അവ വളർത്തി വന്നിരുന്നു. പ്രശസ്തനായ കാവുങ്കൽ ശങ്കരൻകുട്ടിപണിക്കർ ആശാന്റെ ശിക്ഷണത്തിൽ രാജാസ് ഹൈസ്കൂളിൽ അഭ്യസിച്ചിരുന്നു. കൂടാതെ പൗരാണിക കലകളായ തോറ്റംപാട്ട്, " ആര്യമാല " , നാടകം, പാവക്കൂത്ത് തുടങ്ങിയവ ഇന്ന് നാമമാത്രമായി വരികയാണ്. ജനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഐക്യബോധം വളർത്തിയെടുക്കുന്നതിനും സാംസ്കാരികമൂല്യങ്ങളുടെ വികസനം കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ.

ഇത്തരം കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് വാർഷിക കലാ കായിക സാംസ്കാരിക മത്സരങ്ങൾ നടത്തുന്നത് സഹായകമായിരിക്കും. ജനങ്ങൾക്ക് വായനാ ശീലം വളർത്തുന്നതിന് വിവിധ പ്രദേശങ്ങളിൽ ആഴ്ച തോറും പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം എന്ന അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി മഹാകവി പി സ്മാരകത്തോടനുബന്ധമായി ഒരു കലാലയം സ്ഥാപിക്കാവുന്നതാണ്.

ഗ്രന്ഥശാലകൾക്ക് കൂടുതൽ ഗ്രാന്റ് നൽകുക, ടി.വി. റേഡിയോ തുടങ്ങിയ ആധുനികരീതികൾ ഗ്രന്ഥശാലകൾക്കനുബന്ധമായി നടത്തുക. ഗ്രന്ഥശാലകളോടനുബന്ധമായി സാക്ഷരതാകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കലകളും പൂജകളും സാംസ്കാരിക പ്രഭാഷണങ്ങളും വളർത്തിയെടുക്കുന്നതിന് അവയെ ഏകോപിപ്പിക്കുവാൻ സഹായമായ വിധത്തിൽ ദേവസ്വംബോർഡുകളുടെ അധീനത്തിലാക്കുക. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് നടന്നിരുന്ന ഹരികഥ, ഓട്ടൻതുള്ളൽ, കഥാപ്രസംഗം, ചാക്യാർകൂത്ത് തുടങ്ങിയവ പുനരുദ്ധരിക്കേണ്ടതാണ്.

## അവലോകനം

പഞ്ചായത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് റിപ്പോർട്ടിന്റെ ആമുഖത്തിലും മറ്റും വിശദീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇതുസംബന്ധിച്ച് പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പട്ടിക താഴെ കൊടുക്കുന്നു.

### പട്ടിക-പഞ്ചായിന്റെ ഉടമസ്ഥതയിൽ ഉള്ളവ

| പേർ | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | മറ്റുബന്ധപ്പെട്ടപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| മഹാത്മാഗാന്ധി സ്മാരകവായനശാല & ഗ്രന്ഥശാല | 1943 | ഫസ്റ്റ് | 9015 | 183 | 16 ടി. വി. |

പഞ്ചായത്ത് വക ഗ്രന്ഥശാല & വായനശാലയിൽനിന്നും ദിവസവും 43 ഓളം പേർ പുസ്തകങ്ങൾ എടുത്തുവരുന്നു. 100 പേർ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നുണ്ട്. ഇത് കുറച്ചുകൂടി അഭിവൃദ്ധിപ്പെടുത്തിയാൽ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും. ഈ ഗ്രന്ഥശാല കേരളഗ്രന്ഥശാലാ സംഘത്തിൽനിന്നും വർഷംതോറും 1000 രൂപ ഗ്രാന്റ് ലഭിച്ചുവരുന്നു. ഈ ഗ്രാന്റ് തുക ഇന്നത്തെ പുസ്തക വിലയുമായി തട്ടിച്ചുനോക്കുമ്പോൾ തീരെ അപര്യാപ്തമാണ്. ഗ്രന്ഥശാലാ ഗ്രാന്റ് സംഖ്യ വർദ്ധിപ്പിക്കണം. വായനാശീലത്തിൽ ഈ പഞ്ചായത്തിൽ വനിതകൾ വളരെ പുറകിലാണ്. കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 8 വായനാശാലകൾക്കും മറ്റ് സൗകര്യമായ 9 വായനാശാലകൾക്കും പഞ്ചായത്തിൽനിന്ന് പത്രമാസികകൾ വിതരണം ചെയ്ത് വരുന്നുണ്ട്. ഇതിൽ പ്രതിവർഷം 25,000 രൂപ ബഹു : സർക്കാരിന്റെ അനുമതിയോടുകൂടി ചെലവുചെയ്തു വരുന്നു. 25,000 രൂപ വർഷത്തിൽ ഈ ആവശ്യത്തിന്നായി ചിലവുചെയ്യുന്നുണ്ടെങ്കിലും പത്രമാസികകളുടെ വിലവർദ്ധനവ് മൂലം ഓരോ വായനശാലകൾക്കും ഓരോ പത്രം മാത്രമേ നൽകാൻ സാധിക്കുന്നുള്ളു. ഗ്രാമസഭകളിൽനിന്ന് വായനശാലകൾക്ക് കൂടുതൽ പത്രമാസികകൾ അനുവദിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കൂടാതെ ഹരിജൻകോളനികളിലും വായനശാലകളിലും ടി. വി. അനുവദിച്ചുതരണമെന്ന നിർദ്ദേശവും പൊന്തിവന്നിട്ടുണ്ട്. ആയത് നൽകുന്നതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

92

## പഞ്ചായത്തിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും സ്വകാര്യവുമായ കലാസമിതികളുടെയും ക്ലബ്ബുകളുടെയും എണ്ണങ്ങൾ

| പേര് | അംഗീകൃത ക്ലബ്ബുകൾ | സ്വന്തമായ കെട്ടിടങ്ങൾ | റേഡിയോ,ടി.വി തുടങ്ങിയവ | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1. ഹരിജനോദ്ധാരണവായനശാല | അംഗീകൃതം | അതെ | റേഡിയോ | സാംസ്കാരികം |
| 2. കെ.എം.സി.എം വായനശാല | ,, | ,, | ,, | ,, |
| 3. ആശാൻ സ്മാരക വായനശാല | ,, | പഞ്ചായത്തിന്റെ | ,, | ,, |
| 4. മഹാകവി പി. സ്മാരകം | ,, | സ്വന്തം | ,, | ,, |
| 5. കൃഷ്ണപ്പിള്ളസ്മാരക വായനശാല | ,, | പഞ്ചായത്തിന്റെ | ,, | ,, |
| 6. ചൊക്കലിംഗമുതലിയാർ സ്മാരകവായനശാല | ,, | സ്വന്തം | ,, | ,, |
| 7. രാമലിംഗമുതലിയാർ സ്മാരകവായനശാല | ,, | ,, | ,, | ,, |
| 8. മഹാത്മാഗാന്ധി സ്മാരകവായനശാല & ഗ്രന്ഥശാല | ,, | പഞ്ചായത്തിന്റെ | ടി.വി. | ,, |
| 9. നെഹ്റു സ്മാരകവായനശാല | ,, | സ്വന്തം | ഇല്ല | ,, |
| 10. ശ്രീനാരായണഗുരു വായനശാല | ,, | ,, | ,, | ,, |
| 11. ഐക്യസമാജം വായനശാല | ,, | ,, | ,, | ,, |
| 12. ഇടച്ചിറ വായനശാല | ,, | പഞ്ചായത്തിന്റെ | ടി.വി. | ,, |
| 13. ചീരണിവായനശാല | ,, | കെട്ടിടംഇല്ല | ഇല്ല | ,, |
| 14. വെള്ളനാറ വായനശാല | ,, | ,, | ,, | ,, |

ടെലിവിഷൻമാദ്ധ്യമങ്ങളുടെ സ്വാധീനം ഈ ഗ്രാമപഞ്ചായത്തിൽ വിപുലമായ തോതിൽ അനുഭവപ്പെട്ടുവരുന്നുണ്ട്. കേബിൾ ടി.വി. നെറ്റ് വർക്ക്സ് രണ്ട് സ്വകാര്യമായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. അങ്ങിനെയുള്ള വീടുകളിൽ 8% വീടുകളിൽ മാത്രമാണ് ടി. വി. ഉള്ളത്. ഈ പഞ്ചായിൽ രണ്ട് സിനിമാശാലകൾ ഉണ്ട്. ഭൂരിഭാഗം ജനങ്ങളും സിനിമാ ആരാധകരാണെന്ന് പഞ്ചായത്തിന്റെ ഇതിൽനിന്നുള്ള വരുമാനത്തിൽനിന്ന് മനസ്സിലാകുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ കായികമായി പിന്നോക്കാവസ്ഥയിലാണ്. കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കേരളോത്സവം മുതലായവ നടത്താറുണ്ടെങ്കിലും ഉദ്ദേശിച്ച പ്രതിഫലം ലഭിക്കാറില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 11 ഇന പരിപാടിയിൽ ഒരു കളിക്കളം നിർമ്മിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച ഫലം ലഭിക്കാറില്ല. ടൗൺ പ്രദേശത്തോട് ബന്ധപ്പെട്ട സ്ഥലത്ത് ഒരു കളിക്കളം നിർമ്മിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. പഞ്ചായത്തിലെ രാജാസ് ഹൈസ്കൂളിൽ ഏകദേശം നല്ലനിലയിലുള്ള ഒരു കളിസ്ഥലം ഉണ്ട്. ഈ പഞ്ചായത്തിൽ ജിംനേഷ്യം, കളരി, കരാട്ടെ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ ഒന്നും തന്നെ ഇല്ല. സ്ത്രീകൾക്കായി പ്രത്യേകം കളിസ്ഥലം ഒന്നുംതന്നെയില്ല.

93

## പ്രശ്നങ്ങൾ

1. വായനശാലകളിൽ ആവശ്യത്തിനുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നില്ല,
2. ഗ്രന്ഥശാലകളിൽ നല്ലനിലവാരം പുലർത്തുന്ന പുസ്തകങ്ങൾ വളരെ കുറവാണ്. നല്ല നിലവാരം പുലർത്തുന്ന പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് പുസ്തക വില ക്രമാതീതമായി വർദ്ധിച്ചതുകൊണ്ട് ഗ്രാന്റ് സംഖ്യ കൂട്ടേണ്ടതാണ്.
3. പഴയഗ്രന്ഥങ്ങളും മറ്റും വായിക്കുന്നതിന് ഇന്നത്തെ തലമുറ വൈമുഖ്യം കാണിക്കുന്നു.
4. ടി.വി. / കേബിൾ ടി.വി. എന്നിവയുടെ പരിപാടികൾ കാണുന്നതിന് കൂടുതൽ സമയം ചിലവഴിക്കുന്നതുകൊണ്ട് പുസ്തകങ്ങൾ വായിക്കുന്നതിന് പുതിയ തലമുറ വിമുക്തത കാണിക്കുന്നു.
5. സിനിമാശാലകളിൽ ലൈംഗികപരമായി സിനിമാപ്രദർശനങ്ങൾ നടത്തുന്നതുകൊണ്ട് യുവജനങ്ങളെ ലൈംഗികതയിലേക്ക് ആകർഷിക്കുന്നു.
6. സിനിമാ, ടി.വി. കേബിൾ ടി.വി, മാദ്ധ്യമങ്ങളുടെ ബാഹുല്യംമൂലം യുവജനങ്ങൾ അസാന്മാർഗ്ഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നതിന് കൂടുതൽ സാദ്ധ്യതകൾ ഉളവാകുന്നു.
7. വിവാഹച്ചടങ്ങുകളിലും മറ്റും ഗൾഫ്പണത്തിന്റെ ആവാഹം കാരണം ധാരാളിത്തം പ്രകടമാകുന്നു.
8. കായിക വിനോദ സൗകര്യങ്ങളിൽ അപാകത അനുഭവപ്പെടുന്നു.

## സാദ്ധ്യതകൾ

1. വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ ആവശ്യാനുസരണം നൽകുക.
2. പ്രദേശികമായ പൊതുആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കണം.
3. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ കായിക വിനോദ സൗകര്യങ്ങളും സ്പോർട്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തണം.
4. കാലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കണം.
5. പഞ്ചായത്ത് പ്രദേശത്ത് വീഡിയോ ക്ലബ്ബുകൾ പഠനവിഷയങ്ങൾ സംബന്ധിച്ച് തുടങ്ങേണ്ടതാണ്.
6. സഹകരണാടിസ്ഥാനത്തിൽ ഫിലിംസൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്.
7. പഞ്ചായത്തിലുള്ള കലാസമിതികൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.
8. വിദ്യാർത്ഥികൾക്കും മറ്റുമായി കലാ കായിക സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുക.
9. നിലവിലുള്ള അനാചാരങ്ങൾക്കെതിരെ ബോധവൽകരണ സെമിനാറുകൾ സംഘടിപ്പിക്കണം.
10. മതസൗകര്യം വളർത്താനുള്ള ബോധവൽകരണ സെമിനാറുകൾ സംഘടിപ്പിക്കണം.
11. നിലവിലുള്ള നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കണം.

94

# വനിത

നമ്മുടെ ഗ്രാമപഞ്ചായത്തിലെ വനിതകളുടെ സാമൂഹ്യ പ്രവർത്തനമേഖലകളിൽ പങ്കാളിത്തം വിലയിരുത്തുമ്പോൾ പഴയ കാലഘട്ടത്തെക്കാൾ കുറഞ്ഞുവരുന്നതായിട്ടാണ് തോന്നുന്നത്. ഗ്രാമപഞ്ചായത്തിൽ ആദ്യകാലത്തെവനിത മെമ്പർ ശ്രീമതി കുഞ്ചി എന്നവരായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത്പോലും ധീരതയോടെ സാമൂഹ്യ തിന്മക്ക് എതിരെ പോരാടിയിരുന്നവരിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെതന്നെ നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ പേർകേട്ട കൊല്ലങ്കോട് രാജ്യകൊട്ടാരത്തിലെ ധാത്രി മഹാറാണിയും അതുപോലെ അദ്ധ്യാപന രംഗത്ത് ആദ്യത്തെ വനിതാ ഉദ്യോഗസ്ഥയും നേടിയെടുത്ത പഞ്ചായത്താണ് കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്. ആധുനികമായ പുരോഗമനം ലഭിച്ച ഈ കാലത്ത് ഉണർന്ന് രംഗത്ത് വരുന്നതിന് പകരം ഇന്നും വനിതകളുടെ ഭാഗത്ത് മാനാഭിമാനം പറഞ്ഞ് ചടഞ്ഞ് കൂടികഴിയുകയാണ്.

1991 സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 28623 - ൽ 14683 - സത്രീകളാണ്. എന്നാൽ സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ട ആവശ്യകത സൂചിപ്പിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് 20-ാം നൂറ്റാണ്ടിനേക്കാൾ കൂടുതൽ സ്ത്രീകളുടെ എണ്ണത്തിൽ കൂടുതൽ കാണുന്നു. എന്നിരുന്നാലും വിവാഹപ്രായം എത്തുന്നതുവരെ വിദ്യാഭ്യാസം നേടുകയും അതിനുശേഷം അടുക്കളയിലേക്ക് പോകേണ്ട ഗതികേട് ഉണ്ടാകുകയും ചെയ്യുന്നു.

ഉന്നത വിദ്യാഭ്യാസം ഉപരിപഠനം എന്നീ രംഗത്ത് സ്ത്രീകൾ 10 ശതമാനത്തിലാണ്. നമ്മുടെ പഞ്ചായത്തിലെ സ്ഥിതി ഉയർന്ന ഉദ്യോഗരംഗത്തും സ്ഥിതി ഇതുതന്നെയാണ്. അദ്ധ്യാപന രംഗത്ത് പുരുഷനെക്കാൾ സ്ത്രീകളുടെ എണ്ണം കൂടുതലാണ്.

തൊഴിൽ മേഖലയിൽ ഇവർക്ക് ക്രൂരമായ അവഗണന ഇന്നും തുടരുന്നു. എല്ലാ നിലയിലും ശക്തിപ്പെടുത്തണം. ഇവർക്കെതിരായി നിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല.

ചെറുകിട വ്യവസായങ്ങൾ സ്വയം തൊഴിൽ കോഴി വളർത്തൽ, അടുക്കള തോട്ടം, പശു വളർത്തൽ എന്നീ മേഖലയിൽ ഇവർക്ക് അനുകൂലമായി കേന്ദ്രീകരിച്ച് മുന്നേറികൊണ്ടുവരേണ്ടതാണ്.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പണ്ടത്തേക്കാൾ കൂടുതൽ തന്നെയാണ്. രാഷ്ട്രീയ രംഗത്തും സാമൂഹ്യ രംഗത്തും ഉദ്യോഗമണ്ഡലങ്ങളിലും ഇവരുടെ പങ്കാളിത്തം കൂടി വരുന്നുണ്ട്. എന്നാൽ കുടുംബകാര്യങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ പുരുഷൻമാരെക്കാൾ മുന്നിലാണ്.

ഉൽസവങ്ങൾ, അമ്പലങ്ങൾ, പള്ളികൾ, പൊതുചടങ്ങുകൾ എന്നിവയിൽ സ്ത്രീകളുടെ മുന്നേറ്റം തുടർന്നുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ഏറ്റവും കൂടതൽ പ്രലോഭനങ്ങൾക്ക് വഴിപ്പെട്ട് ജീവിത രംഗത്ത് കഷ്ടതകൾ അനുഭവിക്കുന്നതും സ്ത്രീകൾ തന്നെയാണ്.

ഈ കാലഘട്ടത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ത്രീകളുടെ ജീവിതത്തിൽ ഒരുപാട് മുറിപ്പാട് വരുത്തുകയുണ്ടായി. ചെറുപ്രായത്തിൽതന്നെ അവിഹിതമായ ബന്ധത്തിൽ ഏർപ്പെട്ട് നരക തുല്യമായി ജീവിക്കുന്നവരും ഉണ്ട്. അതുപോലെ തന്നെ അക്രമങ്ങൾ ചെറുത്ത് തോല്പ്പിച്ച് ജീവിക്കുവാനും മുന്നോട്ട് വരുകയുണ്ടായിട്ടുണ്ട്.

95

സാമ്പത്തിക ചുറ്റുപാടുകൾ ഉള്ള കുടുംബത്തിലെ സ്ത്രീകളിൽ കൂടുതലും പൊതുരംഗത്ത് കാണുന്നത് വിരളമാണ്. സാമ്പത്തിക ശേഷി കുറഞ്ഞ കുടുംബങ്ങളിലെ സ്ത്രീകൾ പോലും ഇപ്പോൾ സാമ്പത്തിക ചുറ്റുപാടുകൾ ഉള്ള രീതിയിൽ ജീവിതം ഉയർത്തിക്കൊണ്ടുവരുന്നതിനായി പെടാപാടുപെടുന്നതായി കാണാം.

സിനിമാ പ്രദർശനം മറ്റു മാദ്ധ്യമവാർത്തകളിലൂടെയും ഉള്ള പരസ്യങ്ങളിൽ സ്ത്രീകൾ അറിയാതെ പെട്ടുപോകുന്നു. ഈ കാലയളവിൽ നമ്മുടെ ഗ്രാമത്തിൽ സ്ത്രീസന്നദ്ധപ്രവർത്തരും മഹിളാസംഘടനകളും സ്ത്രീ മുന്നേറ്റത്തിന് മാതൃകാപരമായ പ്രവർത്തനം നടത്തിയതായി കാണുന്നില്ല.

സ്ത്രീ പീഡനങ്ങളും പ്രലോഭനങ്ങളിലും കഷ്ടതകൾ നമ്മുടെ പഞ്ചായത്തിലും തുടർന്നുകൊണ്ടിരിക്കുന്നു. ഏറ്റവും കൂടുതൽ തൊഴിൽ മേഖല കാർഷികരംഗത്താണ്. കൂലി സ്ത്രീ 30 രൂപയാണ്. വനിത, സൊസൈറ്റി, വനിത സഹകരണ സംഘം, മിൽമ, യൂണിറ്റ്, എസ് ടി. ഡി. ബൂത്ത്, നാഷണൽ സേവിംഗ്സ്കീം, പ്രൈവറ്റ് ഫൈനാൻസ്, ട്യൂട്ടോറിയൽ കോളേജ്, തുണിക്കടകൾ കാസറ്റ് കടകൾ എന്നീ മേഖലകളിലും സ്ത്രീകളുടെ തൊഴിൽ മേഖല വ്യാപിച്ചു കിടക്കുന്നു. കൂടാതെ തമിഴ്നാട്ടിലെയും റെഡിമെയ്ഡ് സെന്ററിലെയും സീസൺ കാലത്ത് ഇഷ്ടിക നിർമ്മാണ രംഗത്ത് കൂടുതൽ കാണാം.

## പ്രശ്നങ്ങൾ

തൊഴിൽ മേഖലയിൽ പുരുഷന്മാരേക്കാൾ സ്ത്രീകളുടെ എണ്ണം കൂടുതലും ആയതുകൊണ്ട് ഇവർക്ക് കൂലിയുടെ കാര്യത്തിലും പിന്നിലാണ്. കുറഞ്ഞ കൂലിയും ഭക്ഷണവും ഇപ്പോഴും നിലനിൽക്കുന്നു.

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖല പൂളി പാർസൽ കമ്പനി, കൈത്തറി, നെയ്ത്ത്, തുന്നൽകേന്ദ്രങ്ങൾ , റെഡിമെയ്ഡ് സെന്റർ എന്നീ മേഖലയിൽ കുറഞ്ഞ കൂലി നിരക്കാണ്. ഈ കാര്യത്തിൽ ബോധവൽകരണവും ലേബർ നിയമവും കർശനമാക്കേണ്ടതായിട്ടുണ്ട്. ജോലികൾ ഏറ്റെടുക്കുവാനുള്ള ധൈര്യക്കുറവ്, സമൂഹം തെറ്റിദ്ധരിക്കും എന്ന ധാരണ എന്നിവകൊണ്ടും തൊഴിൽരംഗത്ത് താൽപര്യക്കുറവ്. ജനസംഖ്യയിൽ പകുതിയോളം വരുന്നത് സ്ത്രീകളെന്ന് അറിയാതെ ഇരിക്കുന്നത് ബോധവൽകരണത്തിലൂടെ വനിതാക്ഷേമ കോർപ്പറേഷൻ വനിതകളുടെ പ്രശ്നം പഠിക്കാൻ സമിതികളെ ചുമതലപ്പെടുത്തിക്കൊണ്ടു വരണം.

തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ മനസിലാക്കാനും സമൂഹത്തിലെ സ്ത്രീ ജനങ്ങളുടെ പങ്ക് ഉത്തരവാദിത്വം എന്നീ കാര്യങ്ങൾ മറക്കാതെ അത് നേടിയെടുക്കുന്നതിനുവേണ്ടി വന്നാൽ ഒരു സമരമുറ തന്നെ നടത്തണം. സ്ത്രീകളെ മുന്നോട്ട് ഉയർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്.

## സാദ്ധ്യതകൾ

സ്ത്രീകൾക്ക് സമൂഹത്തിലെ പ്രശ്നങ്ങൾ പഠിക്കാനും പൊതുരംഗത്ത് ബന്ധപ്പെടുന്നതിനും അവർക്കായി പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കണം. രാഷ്ട്രീയ രംഗത്ത്, സാമ്പത്തിക രംഗത്ത് ഇവരുടെ പങ്ക് ഉയർത്തിക്കൊണ്ടു വരുന്നതിന് തടസ്സങ്ങൾ ഒഴിവാക്കേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിൽ മുൻപരിശീലനം ഉള്ള സ്ത്രീകളും സന്നദ്ധ പ്രവർത്തകരും മുന്നോട്ടു വരണം. ആത്മധൈര്യവും പരിചയക്കുറവ് പരിഹരിക്കുന്നതിനും സമൂഹത്തിലെ പ്രശനങ്ങളിൽ ഇടപെടുന്നതിനും വേണ്ട സഹായങ്ങൾ മുൻപരിശീലകർ നേതൃത്വം കൊടുക്കണം.

96

മാതൃസംഗമം, അയൽകൂട്ടങ്ങൾ, വനിതാ സെമിനാർ എന്നീ പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിൽ യൂണിറ്റ് സഹകരണാടിസ്ഥാനത്തിലും സ്ത്രീകളുടെ മാത്രമായ സ്ഥാപനങ്ങൾ കൊണ്ടുവരണം.

തൊഴിൽ തേടിപോകുന്ന സ്ത്രീ തൊഴിലാളികൾക്ക് റെഡിമെയ്ഡ് സെന്റർ, കുട്ടനെയ്ത്ത്, തുന്നൽപരിശീലനം, കറവപ്പശു വളർത്തൽ, മിൽമ യൂണിറ്റ് മറ്റും നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.

പായനെയ്ത്ത്, കൈത്തറിനെയ്ത്ത്, പപ്പട നിർമ്മാണം, പൂമാല കെട്ടൽ എന്നീ രംഗത്ത് തൊഴിൽ സാദ്ധ്യത കൂടുതൽ ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ വനിതാ സൊസൈറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിൽ സ്ഥാപനങ്ങൾ കൊണ്ടുവരാം.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ സ്ത്രീ തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിരക്ക് കൂട്ടേണ്ടതാണ്.
2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തനരംഗത്ത് വരുന്നില്ല.
3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ ഏറ്റെടുക്കുകയോ അതിന് വേണ്ടത്ര താൽപര്യവും കാട്ടുന്നില്ല.
4. തൊഴിൽ രംഗത്ത് പിടിച്ചുനിൽക്കാവുന്ന വിദ്യാഭ്യാസ യോഗ്യത ലഭിക്കുന്നില്ല.
5. തൊഴിൽ മേഖലയിലും പൊതുസംരംഭങ്ങളിലും സ്ത്രീകളോടുള്ള അവഗണന അവസാനിപ്പിക്കണം.
6. തൊഴിൽ രംഗത്ത് വേണ്ടത്ര പരിചയക്കുറവും അതിനുള്ള ആത്മധൈര്യവും വളർത്തിയെടുക്കണം.
7. സർക്കാർ പദ്ധതികളെക്കുറിച്ച് ബോധവൽകരണത്തിലൂടെ മുന്നോട്ട് കൊണ്ടുവരണം.
8. അംഗൺവാടികളിലും മറ്റ് ക്ഷേമരംഗത്തും പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ന്യായമായവേതനം ലഭിക്കണം.
9. സമൂഹത്തിലെ അന്ധവിശ്വാസവും അനാചാരത്തിലും ഇന്നും നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ ധാരാളമുണ്ട്, അത് മാറ്റിയെടുക്കണം.
10. കുടുംബങ്ങളിലെ സ്ത്രീകളോട് പുരുഷന്മാരുടെ പെരുമാറ്റത്തിൽ സാമൂഹ്യനന്മയും രാഷ്ട്രബോധത്തിലും താൽപര്യങ്ങൾ ഉണ്ടാക്കുക.
11. തൊഴിൽ അവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
12. സമൂഹത്തിൽ സ്ത്രീകളുടെ ഇടപെടലിനെ ന്യായമായ പരിഗണന നൽകുകയും പ്രോൽസാഹനം കൊടുക്കുകയും ചെയ്യുക.
13. വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.
14. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
15. കായികരംഗത്തും കലാരംഗത്തും ഇവരുടെ പ്രാധിനിത്യം മെച്ചപ്പെടുത്തുക.
16. വിധവാ, അഗതി, കർഷകത്തൊഴിലാളി പെൻഷൻ, സഹായ പദ്ധതി എല്ലാ അർഹരായ സ്ത്രീകൾക്കും നൽകുന്നതിന് നടപടി എടുക്കുക.
17. അംഗൺവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കുട്ടികളുടെ സൗകര്യത്തിൽ വിപുലപ്പെടുത്തുക.
18. സ്ത്രീകൾക്ക് എതിരായി ഉണ്ടാവുന്ന അക്രമങ്ങളിലും ചൂഷണങ്ങളിലും നിയമം മൂലം നടപടി കർശനമാക്കുക.

# സഹകരണം

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ

1. 2 വായ്പാ സഹകരണസംഘങ്ങൾ
2. 4 കൈത്തറി സഹകരണസംഘങ്ങൾ
3. 1 എംപ്ലോയീസ് സർവ്വീസ് സഹകരണസംഘം
4. ഒരു ഉപഭോക്തൃ സഹകരണസംഘം
5. ഒരു ഹരിജൻസർവ്വീസ് സഹകരണസംഘം
6. ഒരു വനിതാ സഹകരണസംഘം
7. ഒരി ലേബർ കോൺട്രാക്ട് സൊസൈറ്റി
8. ഒരു പനമ്പക്കര സഹകരണസംഘം
9. 3 സ്കൂൾ സഹകരണസംഘവും പ്രവർത്തിച്ചു വരുന്നു.

സഹകരണരംഗത്ത് നല്ലനിലയിലും മോശമായ നിലയിലും ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. 1922 ൽ ഐക്യനാണയസംഘം എന്ന പേരിൽ ഇന്നത്തെ കൊല്ലങ്കോട് അഗ്രികൾചറൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകൃതമായി പഞ്ചായത്തിലെ ജനങ്ങളുടെ നാനാവിധ ആവശ്യങ്ങൾക്ക് സഹായം ചെയ്തുകൊണ്ട് പാലക്കാട്ട് ജില്ലയിൽതന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്ന 11 സംഘങ്ങളിൽ ഒന്നായി ഈ സംഘം മാറിയിട്ടുണ്ട്. പ്രമുഖ സഹകാരിയായ ആർ. കോമൻമേനോൻ എന്ന അതികായന്റെ മേൽനോട്ടത്തിൽ 50 വർഷം നല്ലനിലയിൽ പ്രവർത്തിച്ച ഈ സംഘം ഇപ്പോൾ കെ.പി. ഗംഗാധരമേനോൻ പ്രസിഡണ്ടായി പ്രവർത്തനം തുടരുന്നു.

1946 ൽ ആർ. വാസുമേനോൻ പ്രസിഡണ്ടായി രൂപീകരിച്ച കൊല്ലങ്കോട് അർബൻ സർവ്വീസ് ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ഇപ്പോഴത്തെ പ്രസിണ്ട് ശ്രീ കരുകത്ത് ദേവദാസാണ്.

1964ൽ രൂപീകരിച്ച കിഴക്കേത്തറ വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ആദ്യത്തെ പ്രസിഡണ്ട് വടുവേൽ മുതലിയാരും ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. ആറുമുഖ മുതലിയാരാണ്. ഈ സംഘം കൈത്തറി മേഖലയിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

1938 ൽ സ്ഥാപിതമായ നെയ്തുകാർ പരസ്പര സഹായ സഹകരണ സംഘം കൈത്തറി രംഗത്ത് ഏറെക്കാലമായി പ്രവർത്തിച്ചുവരുന്നു. മേട്ടുപ്പാളയത്തിനു സമീപം ഒരു കൈത്തറി സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. ആദ്യത്തെ പ്രസിഡണ്ട് ചൊക്കലിംഗമുതലിയാരും ഇപ്പോഴത്തെ പ്രസിഡണ്ട് കെ. മരുതാചലവുമാണ്.

കൊല്ലങ്കോട് ആസ്ഥാനമായി ഒരു ക്ഷീരവ്യവസായ സഹകരണം കഴിഞ്ഞ 32 വർഷമായി പ്രവർത്തിച്ചു വരുന്നു. മുൻ പ്രസിഡണ്ട് കെ.പി. ഗംഗാധരമേനോനും ഇപ്പോഴത്തെ പ്രസിഡണ്ട് കെ. ബാലകൃഷ്ണനുമാണ്.

നമ്മുടെ പഞ്ചായത്തിലെ രാജാസ് ഹൈസ്കൂൾ, ധാത്രി ഗേൾസ്ഹൈസ്കൂൾ, പി.കെ.ഡി.യു.പി. സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി, കൺസ്യൂമർ സ്റ്റോർ, വനിതാ സഹകരണസംഘം, പനമ്പക്കര സഹകരണസംഘം എന്നിവ ഉണ്ടെങ്കിലും പ്രവർത്തനം നിർജ്ജീവമാണ്. 98

## പ്രവർത്തനരീതി

കൊല്ലങ്കോട് അഗ്രി : സർവീസ് കോപ്പറേറ്റീവ് കാർഷിക വായ്പാരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. 61 ലക്ഷം രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. സംഘത്തിൽ 8250 അംഗങ്ങളുണ്ട്. കൂടാതെ ചെറുകിട കച്ചവടക്കാർക്കും വസ്തു പണയത്തിനും സ്വർണ്ണപണയത്തിനും മറ്റുകാർഷികേതര ആവശ്യങ്ങൾക്കും കൂടി ആകെ മൂന്നരക്കോടി രൂപയോളം അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സംഘത്തിൽ അഞ്ച് രൂപയുടെ 24 ലക്ഷം രൂപക്കുള്ള ഓഹരികൾ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കൊല്ലങ്കോട് പഞ്ചായത്ത് പൂർണ്ണമായും പ്രവർത്തന പരിധിയായ സംഘത്തിൽ സുമാർ 3 കോടി രൂപയോളം പൊതുജനങ്ങളിൽനിന്ന് നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്.

കൊല്ലങ്കോട് അർബൻ കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി വായ്പാ വിതരണ രംഗത്ത് സജീവമായി പ്രവർത്തിച്ചു വരുന്നു. എലവഞ്ചേരി, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകൾ പ്രവർത്തന പരിധിയുള്ള ഈ സംഘത്തിൽ 5650 മെമ്പർമാർ ഉണ്ട്. പൊതുജനങ്ങളിൽനിന്ന് ഒരുകോടി രൂപയോളം നിക്ഷേപമായി സ്വീകരിച്ച് ഒരു കോടി ഇരുപതുലക്ഷത്തോളം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

കൊല്ലങ്കോട് കിഴക്കേത്തറ വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി നിലവിൽ 151 അംഗങ്ങൾ കൂട്ടായി 45 തറികൾ പ്രവർത്തിക്കുന്നു. അംഗങ്ങളുടെ ഓഹരി സംഖ്യ 1,08,275-00 രൂപയും, ഗവൺമെന്റ് ഷെയർ 3,44,0000 രൂപയും നബാർഡ് കാഷ് ക്രെഡിറ്റ് 3,48,000 രൂപയുമാണ്. ഈ തുറയാണ് മൊത്തം പ്രവർത്തന മൂലധനം.

കൊല്ലങ്കോട് വീവേഴ്സ് കോപ്പറേറ്റീവ് കൈത്തറി സഹകരണസംഘത്തിൽ 409 അംഗങ്ങളിൽ 87 പേര് ജോലി ചെയ്തുവരുന്നു. പ്രവർത്തന മൂലധനം 8,70000 രൂപയാണ്. കൂടാതെ കൈത്തറി രംഗത്ത് കൈത്തറി വികസനകോർപ്പറേഷന്റെ ഒരു സംഭരണകേന്ദ്രം പ്രവർത്തിച്ചുവരുന്നു. നെയ്ത്തുകാർക്ക് അവരുടെ തൊഴിലിന്നാവശ്യമായ നൂൽ നൽകി കൈത്തറി ഉൽപന്നങ്ങൾ നെയ്തു വാങ്ങിച്ച് അവ കേന്ദ്രഡിപ്പോയിലേക്ക് അയക്കുന്നു. ഇതിനോടനുബന്ധിച്ച് 90 അംഗങ്ങൾ ഉള്ളതിൽ 40 അംഗങ്ങൾ ജോലിചെയ്തുവരുന്നു.

## പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

കൊല്ലങ്കോട് അഗ്രിക്കൾച്ചറൽ സർവീസ് സഹകരണസംഘം വായ്പാ സഹകരണസംഘത്തിൽ കൃഷിക്കാർക്ക് കാർഷിക വായ്പ ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ധനസഹായത്തോടുകൂടി നൽകിവരുന്നു. എന്നാൽ പലകാരണങ്ങൾ കൊണ്ടും യഥാസമയം വായ്പ തിരിച്ചടക്കാൻ കൃഷിക്കാർക്ക് സാധിക്കാതെ വരുമ്പോൾ സംഘം ജില്ലാ ബാങ്കിലേക്ക് നിശ്ചിത സമയം വായ്പ അടക്കണം. ഇങ്ങനെ വരുമ്പോൾ സംഘത്തിന് പിരിഞ്ഞുകിട്ടേണ്ട തുക സ്വന്തം ഫണ്ടിൽനിന്ന് കൊടുത്തതായി കണക്കാക്കേണ്ടി വരും. സ്വന്തം ഫണ്ടാണെങ്കിൽ കൂടിയ നിരക്കിൽ നിക്ഷേപമായി സ്വീകരിച്ചതുമാണ്. ഇതുമൂലം സംഘങ്ങൾക്ക് വൻനഷ്ടം ഉണ്ടാവുന്നു. ഇതിന് പരിഹാരമുണ്ടാവണം.

വായ്പാ സഹകരണസംഘങ്ങൾക്ക് ചുരുങ്ങിയ പലിശക്ക് അപ്പക്സ് ബോഡികളിൽനിന്നും വായ്പാ സൗകര്യം ലഭ്യമാക്കണം.

ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ക്ഷീര കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പാലിന്ന് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

മിൽമ മുതലായപാൽ സംഭരണ സംവിധാനങ്ങൾ ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ഏർപ്പാടുണ്ടാവണം.

സഹകരാണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

വൻകിട മില്ലുകളുടെ ഉൽപന്നങ്ങളുമായി നമ്മുടെ കൈത്തറി ഉൽപന്നങ്ങൾ മത്സരിക്കേണ്ടി വരുന്നു. നാടൻ കൈത്തറി ഉൽപന്നങ്ങൾ പോലെ ഒറ്റനോട്ടത്തിൽ തോന്നിക്കുന്ന വൻകിടമില്ലുകളുടെ ഉൽപന്നങ്ങൾ കൈത്തറിമേഖലക്ക് ഭീഷണിയാണ്. ഈ പ്രശ്നത്തിന്ന് പരിഹാരം കാണണം.

ഉത്സവവേളകളിൽ കൈത്തറിക്ക് അനുവദിക്കുന്ന റിബേറ്റ് സംഖ്യ യഥാസമയം സംഘങ്ങൾക്ക് കിട്ടാതെ വരുന്നു. തന്മൂലം സുഗമമായി പ്രവർത്തനം നടക്കുന്നില്ല. ഉടനെ റിബേറ്റ് തുക കിട്ടുമാറാക്കണം.

പവർലൂമിൽ ഉൽപാദിപ്പിക്കുന്ന അയൽ സംസ്ഥാനത്തെ ഉൽപന്നങ്ങൾ നമ്മുടെ കൈത്തറി ഉൽപാദനങ്ങൾക്ക് വലിയ ഭീഷണിയായിരിക്കുന്നു. ഇതിന് പരിഹാരം കാണണം.

നെയ്ത് തൊഴിലാളികൾക്ക് വീട്, പണിശാല, തറിസാധനങ്ങൾ, കണ്ണട വാങ്ങിക്കൽ, പ്രസവാനുകൂല്യം എന്നീ കാര്യങ്ങളിൽ കാര്യക്ഷമമായ സഹായം ഉണ്ടാവണം.

പുതിയ ഡിസൈനുകൾ ആവിഷ്കരിക്കുന്നതിനും കളർ മുക്കുന്ന പ്രവർത്തിക്കും ഒരു പരിശീലനകേന്ദ്രവും ഒരു ഫാക്ടറിയും സ്ഥാപിക്കണം.

കൈത്തറി സഹകരണസംഘങ്ങളിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഉത്സവവേളകളിൽ എക്സിബിഷനുകൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം.

കൈത്തറി ഉൽപന്നങ്ങൾ ഉപയോഗിക്കേണ്ട ആവശ്യകതയെപ്പറ്റി ബോധവൽകരണ സെമിനാറുകൾ സംഘടിപ്പിക്കുക.

## പൊതുനിർദ്ദേശങ്ങൾ

1. സഹകരണമേഖലയിൽ ഒരു റെഡിമെയിഡ് വസ്ത്രനിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.
2. അലക്കുതൊഴിലാളികളുടെ ക്ഷേമത്തിന് ഒരു അലക്കുതൊഴിൽ സഹകരണ യൂണിറ്റ് സ്ഥാപിക്കണം.
3. കാർഷികോൽപന്നമായ നെല്ല് ഏതുകാലാവസ്ഥയിലും സംസ്കരിച്ച് എടുക്കുന്നതിന്ന് ഒരുമോഡേൺ റൈസ് മിൽ സ്ഥാപിക്കണം.
4. കറിപൗഡർ, കൊണ്ടാട്ടം, അച്ചാർ മുതലായ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കി വിതരണംചെയ്യുന്ന ഒരു സഹകരണ സംഘം തുടങ്ങണം.

100

5. നിലക്കടല, നാളികേരം മുതലായ കാർഷികോൽപന്നങ്ങൾ സംസ്കരിക്കുന്ന ഒരു വ്യവസായശാല സഹകരണമേഖലയിൽ സ്ഥാപിക്കണം.

6. മൺപാത്രനിർമ്മാണ സഹകരണസംഘം തുടങ്ങുക.

7. ബീഡിനിർമ്മാണ സഹകരണസംഘത്തിന്റെ യൂണിറ്റ് സ്ഥാപിക്കണം.

8. കുട്ട, വട്ടി, പനമ്പ് മുതലായ സാധനങ്ങൾ ഉണ്ടാക്കി വിറ്റ് ഉപജീവനം കഴിച്ചുവരുന്ന പരമ്പരാഗതതൊഴിലാളികളെ സഹായിക്കുന്നതിന് ഒരു സഹകരണ സംഘം രൂപീകരിക്കണം.

9. ഇഷ്ടിക നിർമ്മാണമേഖലയിൽ ഒരു സഹകരണസംഘം തുടങ്ങണം.

10. വനിതകൾക്കായി ഒരു ടൈലറിംഗ് സഹകരണസംഘം രൂപീകരിക്കണം.

11. ഇറച്ചിക്കോഴി മുട്ടക്കോഴി വളർത്തി വിൽപന നടത്തുന്ന ഒരു സഹകരണ സംഘം രൂപീകരിക്കണം.

12. ഖാദിബോർഡിന്റെ സഹായത്തോടെ ഒരു ഓടു നിർമ്മാണശാല സഹകരണമേഖലയിൽ സ്ഥാപിക്കണം

13. പയ്യലൂർ അംഗത്തിൽ കൊല്ലങ്കോട് അഗ്രി : സർവീസ് സഹകരണ സംഘം ബ്രാഞ്ച് നിർമ്മാണത്തിന് സ്ഥലം വാങ്ങിയയിടത്ത് ഉടൻ പ്രവൃത്തി ആരംഭിക്കണം.

14. നിർജ്ജീവമായിക്കിടക്കുന്ന ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി, കൺസ്യൂമർ സ്റ്റോർ, ഹരിജൻ സൊസൈറ്റി വനിതാ സഹകരണസംഘം, പനങ്ങക്കര സഹകരണസംഘം എന്നീ സംഘങ്ങൾ നിർജ്ജീവ അവസ്ഥയിലാണ് അവ പുനരുജ്ജീവിപ്പിച്ച് നല്ലനിലയിൽ പ്രവർത്തിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണം.

15. വീടുനിർമ്മിക്കുന്നവർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിന് ഒരു ഹൗസിംഗ് സൊസൈറ്റി സഹകരണമേഖലയിൽ രൂപീകരിക്കണം.

16. പുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും വിതരണം നടത്തുന്ന 3 സംഘങ്ങൾ വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഒരു കേന്ദ്രത്തിലാക്കി അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 22_10% പട്ടിക ജാതി വിഭാഗമാണ്. 6263 അംഗങ്ങളടങ്ങുന്ന കുടുംബമായി താമസിച്ചുവരുന്നു. പട്ടിക വർഗ്ഗ കുടുംബ അംഗങ്ങൾ 204 എണ്ണവുമുണ്ട്. ഇതിൽ 39 കോളനികൾ അംഗീകരിച്ചതും അംഗീകാരത്തിൽ നിർദ്ദേശിച്ചവ 26 എണ്ണവും കൂടി 65 കോളനികൾ ഉണ്ട്. പട്ടിക വർഗ്ഗക്കാർ താമസിക്കുന്നത് 3 കോളനിയും I.H.D.P പ്രകാരം 6 കോളനികളിലുമായി ഇവർ ഉപജീവനമാർഗ്ഗം നയിച്ചു വരുന്നു.

സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരാകേണ്ടിവന്ന ഇവരുടെ ജീവിത മാർഗ്ഗത്തിൽ കുറേ കാലങ്ങൾക്ക് ശേഷമാണ് സാമ്പത്തികമായും വിദ്യാഭ്യാസമായും സാമൂഹ്യമായും ഉണർവ്വ് കിട്ടിയതിൻെറ ഫലമായി 40% പുരോഗതി ഉണ്ടായിട്ടുണ്ട്. സമൂഹത്തിൽ താഴ്ന്ന വിഭാഗക്കാർ ആയതിനാൽ ഇവരുടെ ഇടയിൽ ഇന്നും പല രംഗങ്ങളിലും ഉണർന്ന് പ്രവർത്തിക്കുന്നതിന് അവരുടെ അപകർഷണാബോധം തടയായിരിക്കുന്നു. ഇത് മാററുന്നതിനുള്ള ത്രീവ്രപരിശ്രമം വേണ്ടതാണ്. എല്ലാ ജാതി മതസ്ഥരുടെയും, എല്ലാ പൊതു ചടങ്ങുകളിലും ബന്ധപ്പെട്ടു കൊണ്ടുവരുന്നതിൻെറ ഫലമായി ഇവരുടെ ജീവിത രീതിയിൽ നമ്മുടെ പഞ്ചായത്തിൽ വളരെയേറെ പുരോഗതി കൈവരിച്ചുവരുന്നതായി കാണുന്നുണ്ട്.

ഈ വിഭാഗത്തിൻെറ ഉയർച്ചയ്ക്ക് വേണ്ടി പല പദ്ധതികളും സർക്കാർ തലത്തിൽ ഉണ്ടെങ്കിലും ഇത് നടപ്പിലാക്കുന്നതിൻെറ സാങ്കേതിക കാരണങ്ങൾ കൊണ്ടും പ്രായോഗിക ബുന്ധിമുട്ടുകൾ കാരണവുമായി പദ്ധതി നേർവഴിക്ക് അനുകൂലമല്ലാതാകുന്നു. നിരവധി സൗജന്യമായ സാമ്പത്തിക സഹായങ്ങൾ കിട്ടുന്നു എങ്കിലും ഓരോ കോളനിവാസികൾക്കും കഷ്ടപ്പാടുകൾ ഏറെയാണ്. ഇവരെ കാര്യപ്രാപ്തിക്കാർ ആക്കുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തികൊണ്ടുവരണം. 1991 ലെ സെൻസസ്സ് പ്രകാരം കോളനികളിലൂടെ താമസിക്കുന്നവരുടെ എണ്ണം 6263 പട്ടിക ജാതി അംഗങ്ങളും 206 പട്ടിക വർഗ്ഗ കുടുംബങ്ങളും ഉണ്ട്. കോളനികളുടെ വിവരം 1_ാം പട്ടികയിൽ ചേർക്കുന്നു.

## വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്ത് 100 ശതമാനമാണെങ്കിലും ഇപ്പോഴും എഴുതാനും വായിക്കാനും അറിവില്ലാത്തവർ കോളനികളിൽ ഉണ്ട്. 10_ാം തരം കഴിഞ്ഞശേഷം പിന്നെ പഠിക്കുന്നതിന് പലകാരണങ്ങൾ കൊണ്ടും മുന്നോട്ടു വരാത്തതാണ് ഇവരുടെ ഇടയിൽ വലിയ പ്രശ്നം. പ്രായം ചെന്നവർ ഈ കാര്യത്തിൽ വലിയ താത്പര്യം കാണിക്കുന്നില്ല. ചെറു പ്രായത്തിൽ തന്നെ കുടുംബത്തിൻെറ ബാദ്ധ്യതയിൽ പെടുകയും പഠിപ്പു നിർത്തി മററു തൊഴിൽതേടി പോകേണ്ടതായും കൂലി വേലക്കും പോകുന്നു. എന്നാലും വിദ്യാഭ്യാസത്തിൻെറ വില മനസ്സിലാക്കുവാനും മക്കളെ പഠിപ്പിക്കുവാനും ശ്രമിക്കുന്നതായി കാണുന്നുണ്ട്. സർക്കാർ സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനവും പരിശ്രമവും നിർബന്ധങ്ങളും ഇവരുടെ മാററത്തിന് കൂടിയേ തീരൂ. ചെറിയ കുട്ടികളെ നോക്കുന്നതിന് പ്രായം ചെന്ന കുട്ടികൾ പഠനം നിർത്തിവെയ്ക്കുകയും പതിവാണ്. ഈ കാര്യത്തിൽ സഹായം, സാമ്പത്തികം, ബോധവൽക്കരണം, നിർബന്ധമായിട്ടുള്ള ഇടപെടൽ എന്നിവ ഉണ്ടാവേണ്ടതാണ്.

## തൊഴിൽ

പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ പ്രധാനമായും ഉള്ളതൊഴിൽ കാർഷിക രംഗത്ത് കൂലിവേലയാണ്. പണ്ടുകാലമുതൽ തല പണിക്കാരൻ, കാര്യസ്ഥൻ, മൂപ്പൻ, കൊത്തുകാരൻ, എന്നീ നിലകളിൽ സമൂഹത്തിൽ ജൻമിമാർ ഇട്ടിരുന്ന സ്ഥാനപേര് ഇന്ന് പാടെ ഇല്ലാതായിരിക്കുന്നു. കൂടാതെ കഴിഞ്ഞകാലഘട്ടങ്ങളിൽ കിട്ടുന്ന മഴയുടെയും വെള്ളത്തിൻെറയും ഭൂമി വെട്ടിനികത്തി വീട് വെയ്ക്കുന്നതിൻെറയും ഫലമായി തൊഴിൽ കൂടുതലായും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം നടത്തുന്നതിനായി അന്യ ജില്ലകളിലേയ്ക്ക് ചേക്കേറേണ്ടതായി വരുന്നുണ്ട്. ചില കോളനികളിൽ തേൻമാല അടിവാരം കാട്ടിൽ നിന്ന് ഉണങ്ങിയ വിറകും മരുന്ന് വേരുകളും ശേഖരിച്ച് വിൽപ്പന നടത്തി ജീവിക്കുന്നവരും ഉണ്ട്.

കെട്ടിട നിർമ്മാണ രംഗത്ത് കൂടുതലും തൊഴിൽ ചെയ്യുന്നവരാണ്. പട്ടിക ജാതിയിൽപ്പെട്ടവരിൽ കൂടുതൽ സ്ത്രീകളും തൊഴിൽ ചെയ്യുന്നവരാണ്. പുരുഷൻമാരിൽ കൂടുതൽ പേരും അലസൻമാരാണ്. പുതിയ തലമുറയിൽ പെട്ടവർ കാർഷിക രംഗത്ത് തൊഴിൽ ചെയ്യുന്നതിനോട് വെറുപ്പ് പ്രകടിപ്പിക്കുന്നതാണ് കണ്ടുവരുന്നത്. ഈ കാരണത്താൽ തമിഴ് രാജ്യത്തിൽ നിന്ന് കൂടുതൽ പേരും ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്നതായി കണ്ടുവരുന്നു. സീസൺ കാലങ്ങളിൽ തൊഴിലാളികളുടെ കുറവു മൂലം കൃഷിപ്പണി കാലാകാലങ്ങളിൽ നടത്താൻ കഴിയാതെ

102

വരുന്നു. പുരുഷൻമാർക്ക് 60 രൂപയും സ്ത്രീ തൊഴിലാളിക്ക് 30 രൂപയുമാണ് കൂലി. ഇത് വളരെ കുറവുമാണ് കെട്ടിട രംഗത്ത് 80 രൂപ പുരുഷനും സ്ത്രീക്ക് 50 രൂപയും നൽകി വരുന്നു. പായനെയ്ത്ത്, കൊട്ട, കുട, പരമ്പ്, പച്ചമരുന്ന് ശേഖരിച്ച് വിൽപ്പന, പുളി വാലി, നിലകടല, മണ്ണ് വെട്ട്, വിറകു കീറൽ, എന്നീ പല തൊഴിലുകളിലും കൂലി വേല ചെയ്ത് ജീവിതമാർഗ്ഗം നയിക്കുന്നവരാണ്. തൊഴിൽ ഉറപ്പുവരുത്തുന്നതിന് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങേണ്ടതായിട്ടുണ്ട്.

## പാർപ്പിടം

നമ്മുടെ ഗ്രാമത്തിൽ I.H.D.P കോളനികളിലും മററ് ഒററപ്പെട്ട ഹരിജൻ കോളനികളിലുമായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതി അല്ലാതെ സ്വന്തമായി വീട് വെയ്ക്കുന്നതിന് മുന്നോട്ടു വരുന്നവർ വളരെ വിരളമാണ്. JRY-SCP-CR-SP കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ്ഗ ബെൻഫയർ ഡിച്ചാർജ്മെൻറ് സർക്കാർ ഭവനനിർമ്മാണ കോർപ്പറേഷൻ എന്നിവയിലൂടെ ഇവർക്കു കിട്ടുന്ന സാമ്പത്തിക സഹായങ്ങൾ കൃത്യമായും വിനിയോഗിക്കാതെയും വകമാറി ചെലവുചെയ്യുന്നതിനാലും സർക്കാർ സഹായം കുറവുമൂലം സാമ്പത്തിക സഹായം ദുർവിനിയോഗം ചെയ്യുന്നവരാണ് കൂടുതൽ പേരും. നിലവിലുള്ള കോളനികളിൽ വൈദ്യുതി, റോഡ്, കക്കൂസ് എന്നീ കര്യങ്ങളിൽ പിന്നിലാണ്. നായാടി കോളനി, ചാത്തൻമ്പാറ, വാറനാട്ടു പാടം, തറക്കളം, പുത്തൻപാടം, കുതിരമൂളി, ദുരിതാശ്വാസ കോളനി എന്നിവയിൽ രണ്ടുപേർ മുതൽ പത്തു പേർ വീതം താമസിക്കുന്നുണ്ട്. ചില കോളനികളിൽ സൗകര്യകുറവുമൂലം ഒരു മുറിയിൽ തന്നെ എല്ലാം നടത്തിവരുന്നു. സർക്കാർ അനുവദിക്കുന്ന സാമ്പത്തിക സഹായത്തിൻെറ കുറവുമൂലം വീടുകളുടെ പണി പൂർത്തിയാക്കാൻ കഴിയാത്തവരും ഉണ്ട്. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ കോളനികൾ ദത്തെടുത്ത് പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. പട്ടിക വർഗ്ഗ കോളനികളിൽ സ്ഥലകുറവു മൂലം വളരെ ഏറെ കഷ്ടപ്പാടുകൾ സഹിക്കുന്നവരാണ്. പൊതു ടാപ്പുകൾ കുടി വെള്ളം പൊതു കക്കൂസുകൾ റോഡ് വിദ്യാഭ്യാസം, ചികിൽസാ സഹായം, സാമ്പത്തിക സഹായം എന്നിവയിൽ സർക്കാർ ഇവർക്കുവേണ്ടി പല പദ്ധതികളും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

കഴിഞ്ഞ ഗ്രാമസഭ റിപ്പോർട്ടു ചെയ്യേണ്ട പ്രശ്നങ്ങൾ

1. ഹരിജൻ കോളനികളിലെ അംഗൻവാടികളിൽ സൗകര്യങ്ങൾ തീരെ കുറവാണ്.

2. വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതു മൂലം ചെറുപ്രായത്തിൽ വിദ്യാഭ്യാസം നിലയ്ക്കുന്നു.

3. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിലാളികൾ കുറഞ്ഞു വരുന്നു. മററു തൊഴിലുകൾ തേടി പോകണം.

4. തൊഴിൽ സാദ്ധ്യതകൾ ഇല്ലാത്തതു കൊണ്ട് അപകർഷതാബോധവും മററു ചിന്താഗതിയും വളരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നു.

5. വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

6. വൈദ്യുതിയും കുടിവെള്ളവും ചികിൽസാ സൗകര്യവും ഇല്ല.

7. നിർദ്ധന കുടുംബാംഗങ്ങൾക്ക് വീടുവെയ്ക്കുന്നതിനും ചികിൽസയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധന സഹായത്തിൻെറ പോരായ്മ.

8. **I.R.D.P** മററു സഹായത്തിലും ഉള്ള സാങ്കേതിക പ്രശ്നങ്ങൾ

9. വിദ്യാസമ്പന്നരായ പട്ടികജാതി പട്ടികവർഗ്ഗ ചെറുപ്പക്കാർക്ക് സർക്കാർ നൽകുന്ന വായ്പാ ധന സഹായം ലഭിക്കുന്നില്ല.

10. വിവിധ സർക്കാർ പദ്ധതികളെകുറിച്ച് അറിവ് ലഭിക്കുന്നതിൻെറ കാലതാമസവും അറിവില്ലായ്മയും.

11. കട കെണിയിൽ അറിയാതെ പെട്ടുപോവുന്നു.

103

12. ബാദ്ധ്യതകൾ വിളിച്ചു വരുത്തി ജീവിതസുഖം തേടുന്നു.

## സാദ്ധ്യതകൾ

ഈ ഗ്രാമപഞ്ചായത്തിലെ പ്രധാന കോളനികളിൽ ചാത്തമ്പാറ കോളനി വൈദ്യുതീകരിക്കണം. കുടിവെള്ളം റോഡ് തൊഴിൽ ചെയ്യുന്നതിന് സഹായം എന്നിവ മുൻനിർത്തി ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകണം. നായടി കോളനി, എലിക്കലാ കുളമ്പ് കോളനി, മണ്ണർ കുന്ന് തോട്ടക്കര ദുഗിഗ്യാസ കോളനി വിവേകാനന്ദ കോളനി കുതിര മൂച്ചി, പുളപറമ്പ് രണ്ടില കാള്കുളമ്പ് പാണത്താറ, പാതരാറ, എന്നീ കോളനികളിൽ കൂടി വെള്ളം വൈദ്യുതി ചികിൽസാ സൗകര്യം ന്നെിവ ഉൾപ്പെടുത്തി ബോധവൽക്കരണവും മററു പദ്ധതികൾ?ക്ക് ആവശ്യമായ ഫണ്ട് പരിഹാരം എന്നിവ കണ്ടെത്തേണ്ടതായിട്ടുണ്ട്. 7,8,9,10 വാർഡുകളിലെ ഹരിജനങ്ങളുടെ ചികിൽസ സൗകര്യം കണക്കിലെടുത്ത് പയ്യന്നൂർ പ്രദേശത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കണം. വളരെ പ്രയോജനമായിരിക്കും 7_ാം മരുതിയുടെ തീരത്ത് ഹരിജൻ ഉപയോഗിക്കുന്ന ശ്മശാനവും വിപുലപ്പെടുത്തി സൗകര്യം ചെയ്യേണ്ടതാണ്.

2,3,4 വാർഡുകളിലെ ഹരിജനങ്ങളുടെ ശ്മശാനവും വികസിപ്പിച്ച് റോഡു ഗതാഗതം സൗകര്യമാക്കണം. ഗായത്രി പുഴയേരത്ത് ക്ഷേമ പ്രവർത്തന രംഗത്ത് സർക്കാർ പദ്ധതികളെകുറിച്ച് ഗ്രാമസേവകർ പട്ടികജാതി വികസന വകുപ്പ് പട്ടിജാതി കോർപ്പറേഷൻ എന്നീ വകുപ്പു മേധാവികളുടെ മേൽനോട്ടത്തിൽ കോളനികളിൽ ബോധവൽക്കരണം നടത്തിയാൽ വളരെ പ്രയോജനം ഉണ്ടാകുന്നതാണ്. ധനസഹായങ്ങളുടെ വിതരണവും നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്തു മുഖേനയാണ്.

പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി അടിയന്തിരമായും ചെയ്യേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

2. പായ നെയ്ത്ത് കോട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായിക അടിസ്ഥാനത്ത് സംഘടിപ്പിക്കുക.3. കോളനിയിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ഇതിന് എല്ലാ സഹായവും നൽകുക.

4. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുക.

5. പട്ടികജാതി പട്ടിവർഗ്ഗ ക്ഷേമ പ്രവർത്തനത്തിന് വായ്പകൾ കൊടുക്കുന്നത് ദുർവിനിയോഗം ചെയ്യുന്നതു തടയാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.

6. കൃഷിഭവനുകൾ മുഖേന ഇവർക്ക് കൃഷി ഭൂമികൾ വാങ്ങുന്നതിനും അതിൽ കൃഷി ഇറക്കുന്നതിന് സാമ്പത്തികസഹായം നൽകി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

7. വീട് വെയ്ക്കുന്നതിനും കക്കൂസ് മററി സൗകര്യങ്ങൾക്കും ധനസഹായത്തിൻെറ തുക വർദ്ധിപ്പിക്കുക.

8. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതിയെ ചുമതലപ്പെടുത്തുക.

9. ലക്ഷം വീടുകൾക്ക് അററകുററപണി ചെയ്യുന്നതിന് ഫണ്ട് അനുവദിക്കുകയും ഇപ്പോഴത്തെ മാനദണ്ഡം മാററുകയും ചെയ്യുക.

10. വീടു പുതുക്കുന്നതിനും അററകുററപണി ചെയ്യുന്നതിനും പലിശ രഹിത വായ്പകൾ നടപ്പിലാക്കുക.

11. ചാത്തമ്പാറ പുത്തൻപാടം എന്നീ കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മഴകാലങ്ങളിൽ തൊഴിൽ ചെയ്യുവാൻ പററാതെ വരുമ്പോൾ സാമ്പത്തിക സഹായം നടപ്പിലാക്കുക.

12. പട്ടിക ജാതി കോളനികളെ സംയോജിപ്പിച്ച് ബാലവാടികൾ സ്ഥാപിക്കുക.

13. പഠനം നിർത്തേണ്ടിവരുന്ന പട്ടിക ജാതി കുട്ടികളുടെ ജീവിത രീതി പഠിക്കാൻ സമിതിയെ നിയമിക്കുക

14. പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താനും സർക്കാർ മുൻകൈയെടുക്കുക.

104

15. പത്താം തരം പാസാകുന്ന പട്ടിക ജാതി വിദ്യാർത്ഥികളുടെ പഠനത്തിന് സർക്കാർ സഹായവും സൗകര്യങ്ങളെ ചെയ്തു കൊടുക്കുക.

16. ഹോസ്ററൽ സൗകര്യവും പാഠപുസ്തകങ്ങളെ സൗജന്യമായി അനുവദിക്കുക. പഠനം തുടങ്ങുന്നതിന് സർക്കാർ തലത്തിൽ ബോധവൽക്കരണം നടപ്പിലാക്കുക.

17. കോളനികളുടെ ഭാഗത്ത് മദ്യവിൽപ്പനയും മദ്യവിൽപ്പന ശാലയും ഒഴുവാക്കാൻ നടപടിയെടുക്കുക.

18. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് സൗജന്യമായി ഇൻഷ്വൂറൻസ് സ്കീം നടപ്പിലാക്കുക.

19. പുനരധിവാസ പദ്ധതികളുടെ ഹൗസിംഗ് കോളനി ഭവനനിർമ്മാണ ബോർഡ് മുഖാന്തരത്തിൽ ചുരുങ്ങിയ പലിശയ്ക്ക് നടപ്പിലാക്കുക.

20. സൗജന്യമായി വൈദ്യപരിശോധനയും ചികിൽസാ സഹായങ്ങളെ നടപ്പിലാക്കുക.

21. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് ക്ഷേമ കോർപ്പറേഷൻെറ പ്രവർത്തനത്തിന് പഞ്ചായത്തുകളിൽ യൂണിററ് തുടങ്ങുക.

22. വളർത്തു മൃഗങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും പാൽ സൊസൈററിയിലൂടെ വിതരണം ചെയ്യുവാനും നടപടിയുണ്ടാക്കുക.

## പട്ടിക II

| ക്രമനമ്പർ വാർഡ് | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| I1 | കാരാട്ടുപാടം | | |
| | പുഴയ്ക്കൽ തറ മാന്യപാടം | 23 | 73 |
| II1. | മണ്ണാർകുന്ന് ലക്ഷം വീട് | 16 | 53 |
| 2. | തോട്ടക്കര ലക്ഷം വീട് | 20 | 62 |
| 3. | ചെറിയ ആണ്ടികൊളുമ്പ് | 13 | 43 |
| 4. | മീനിക്കോട് | 6 | 32 |
| III1. | നായാടി കോളനി (1HDP) | 40 | 126 |
| 2. | എലിക്കലാ കുളമ്പ് | 12 | 46 |
| 3. | പൊന്നനാടി | 15 | 43 |
| 4. | താടത്തറ | 21 | 46 |
| 5. | പാത നാറ ലക്ഷം വീട് | 20 | 60 |
| IV1. | കുതിരമൂളി (IHDP) | 65 | 136 |
| 2 | കുരിരോട്ട കുളമ്പ് | 16 | 48 |
| 3. | മാത്തൂർ | 26 | 53 |
| V 1. | പുത്തൻമ്പാടം (IHDP) | 43 | 107 |
| 2. | തോട്ടം | 13 | 42 |
| 3. | മരുതി (SCP) | 33 | 111 |
| 4. | മണ്ണാമ്പള്ളം | 12 | 46 |

105

| | | | |
|---|---|---|---|
| V | ഇല്ല | | |
| VII 1. | മാമ്പ്രത്ത്പാടം | 18 | 43 |
| 2. | വാറനാട്ടുപാടം (IHDP) | 13 | 37 |
| 3. | തറക്കളം | 33 | 96 |
| 4. | ചാത്തൻമ്പാറ ചൂരിക്കാട് | 26 | 92 |
| VIII 1. | തേക്കേത്തറ പനങ്കാവ് | 12 | 31 |
| 2. | വിവേകാനന്ദ നഗർ | 15 | 48 |
| 3. | ദുരിതാശ്വാസ കോളനി | 13 | 36 |
| 4. | കാടകുളമ്പ് | 16 | -- |
| IX 1. | പുളപറമ്പ് | 23 | 62 |
| 2. | മാമണി | 18 | 41 |
| 3. | ചാത്തൻപാറ | 16 | 32 |
| 4. | കണക്കൻകാട് (IHDP) | 6 | 26 |
| 5. | കുന്നം തച്ചക്കൊറ | 12 | 34 |
| 6. | പണിക്കർപാറ | 27 | 68 |
| X 1. | പണിക്കന്ന് വെള്ളന്നാവേലംമ്പോറ | 23 | 61 |
| 2. | വെള്ളന്തറ | 28 | 64 |
| 3. | കാളികുളമ്പ് | 21 | 56 |
| 4. | ചെററാറ, താറച്ചാടം | 18 | 45 |
| 5. | ചീരണി | 17 | 48 |
| 6. | രണ്ടിലപ്പ | 12 | 39 |
| XI | നെടുമണി | 17 | 68 |
| 2. | മണലിപ്പാടം | 12 | 39 |
| XII 1. | ചുട്ടിച്ചിറ | 18 | 61 |
| 2. | കൊങ്ങൻച്ചാണി | 16 | 53 |
| 3. | ലക്ഷം വീട് കോളനി | 18 | 59 |

## പട്ടിക I

| ക്രമനമ്പർ വാർഡ് | അംഗീകാരത്തിന് നിർദ്ദേശിച്ച കോളനി | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| I 1. | പുഴക്കൽത്തറ മംമ്പ്രപാടം | 23 | 73 |

| | | | |
|---|---|---|---|
| II 1. | മീനിക്കോട് | 21 | 48 |
| 2 | ചെറിയണ്ടി കുളമ്പ് | 19 | 41 |
| III 1. | പാണത്തറ | 24 | 62 |
| IV 1. | അച്ചുനാങ്കോട് | 19 | 62 |
| 2 | പാലക്കോട് | 21 | 71 |
| 3. | തേക്കിൻഞ്ചിറ | 14 | 53 |
| V 1. | വേങ്ങപ്പാറ | 13 | 41 |
| 2 | ചാക്കുപറമ്പ് | 12 | 39 |
| 3. | പിച്ചമ്പാടം | 16 | 46 |
| 4. | പുത്തൻകളം കുറുമുച്ചി പറമ്പ് | 26 | 61 |
| 5. | ചിങ്ങംഞ്ചിറ | 11 | 36 |
| VI 1. | അമ്പാട്ടുപാടം | 13 | 42 |
| VII. | മാമ്പ്രന്ന്പാടം | 12 | 31 |
| 2 | ഓണർക്കോട് | 21 | 49 |
| 3. | കരുമത്തിൻമാതക്കോട് | 26 | 63 |
| VIII.1. | കവറത്തറ | 19 | 47 |
| 2 | കാടകൊളുമ്പ് | 24 | 61 |
| IX 1. | കുന്നം | 34 | 86 |
| 2 | ഞെരുണി | 21 | 62 |
| X | ഇല്ല | | |
| XI 1. | ബംഗ്ലാവ് മേട് | 14 | 41 |
| 2 | കല്ലുകുത്തി | 18 | 53 |
| XII 1. | വള്ളികുളമ്പ് | 27 | 67 |
| 2. | കിഴക്കേചട്ടിച്ചിറ | 19 | 61 |
| 3. | നീളിപറമ്പ് | 21 | 67 |
| 4. | ഒണ്ടിവിരൻപൊാറ | 12 | 38 |

107

# വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലയിലെ നിശ്ചലതയും കാർഷിക മേഖലയുടെ അപര്യാപ്തതയുമാണ്. കാര്യമായ ഒരു വ്യവസായ സ്ഥാപനവും കോല്ലങ്കോട് ഇല്ല. ഈ രംഗത്ത് മുന്നേററം നടത്തികൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താനാകണം.

കാർഷിക രംഗം ഇന്ന് മുരടിക്കുകയാണ്. കൃഷിനിലങ്ങൾ താമസപുരകളായി അനുദിനം മാറുകയാണ്. ഉൽപാദന ക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കർഷകതൊഴിലാളികളായി മാറുന്നു. രാസവള ഉപഭോഗം ഉണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. ഇതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപ്പെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകാർക്ക് നൽകിയാൽ ഗുണഫലങ്ങൾ നേടാനാകും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സമീപിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാണം നടത്തണം. സ്ററാമ്പ്ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായി എടുക്കണം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തിൽ എത്തുന്നത്. ജനസംഖ്യ, ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ പട്ടിക ജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമെ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാൻറുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇതാവശ്യമാണ്.

## പട്ടിക1. വരുമാനത്തിലെ വ്യതിയാനം

| ഇനം | 1991/92 | 95/96 | വ്യത്യാസം |
|---|---|---|---|
| 1. തൻവരുമാനം | | | |
| a) കെട്ടിട നികുതി | 134064.17 | 181888.40 | 13% |
| b) വിനോദ നികുതി | 382749.71 | 641350.72 | 18% |
| അധിക വിനോദ നികുതി | 231415.46 | 387376.23 | 18% |
| c) തൊഴിൽ നികുതി | 141790.00 | 130170.00 | ഒരു അർദ്ധവർഷം മാത്രമാണ് |
| 2. ഉപാധിരഹിത ഫണ്ട് | 183000.00 | 387500.00 | 21% |
| എസ്.സി.പി | 83000.00 | 160500.00 | 19.2% |
| ടി.എസ്.പി. | ഇല്ല | 5200.00 | --- |
| 3. ജെ.ആർ.വൈ | 656100.00 | 508300.00 | --- |
| 4. ഗ്രാൻറുകൾ | 89568.00 | 188219.00 | --- |
| 5. ആകെ വരവ് | 1833469.28 | 2647626.25 | 18% |
| ചെലവ് എസ്ററാബ്ലിഷ്മെൻറ് | 1727096.63 | 2534464.75 | 17% |

108

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ ഏകദേശ പട്ടിക വാർഡ് ക്രമത്തിൽ താഴെ കൊടുക്കുന്നു. ഇവരിൽ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്.

## ഗൾഫ് ജോലിക്കാർ

വാർഡ് തിരിച്ച കണക്ക്.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|
| | 21 | 10 | 4 | 9 | 5 | 14 | 9 | 21 | 12 | 17 | 9 | 6 |

ഈ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 8264.90/_ രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരെയും നികുതി വരിക്കാരാക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിട ഉടമസ്ഥത സംബന്ധിച്ച കാരണമാണ് ഇതിന് കാരണമായിട്ടുള്ളത്.

ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്ത് ലൈസൻസ് ആവശ്യമായി വരുമ്പോഴോ മാത്രം ലൈസൻസ് എടുക്കുന്ന സമ്പ്രദായമാണ് ഇപ്പോഴുമുള്ളത്.

കാർഷികവും അല്ലാത്തതുമായ കൂലിപണികളിൽ ഏർപ്പെടുന്നവരാണ് ജനങ്ങളിൽ മറ്റൊരു വിഭാഗം.

നിലവിലുള്ള നികുതികൾ ഇന്നത്തെ സാഹചര്യത്തിനൊത്ത് ഉയർത്തേണ്ടതുണ്ട്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നത്. ജനങ്ങൾ ഇതു മനസ്സിലാക്കിയാൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ വന്നിട്ടുള്ള ഗ്രാമസഭകളും വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

നികുതിയിനത്തിൽ തങ്ങളുടെ വരുമാനത്തിൻെറ ഒരു ചെറിയ ഭാഗം പഞ്ചായത്തിന് കൊടുക്കാൻ സാദ്ധ്യമാക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിലക്കയററം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറെറാരു ഭാരമാകരുത്. വരുമാനത്തിൻെറ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളൂ. അങ്ങനെ ആകുമ്പോൾ എല്ലാവരും അത് കൊടുക്കാൻ താത്പര്യമുള്ളവരാകൂ.

2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.

3. നികുതി കൊടുക്കുന്നത് വഴി തങ്ങളുടെ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. അതുകൊണ്ട് തന്നെ ചിലവിൻെറ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.

4. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് ഗ്രാമ സഭാപ്രതിനിധികളും പ്രതിനിധികളും തയ്യാറാവണം. ഇത് ഒരു വികസന പ്രവർത്തനമാണെന്ന് ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്കുണ്ടാവണം.

## കെട്ടിടനികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഡംബരതയും വില കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴുവാക്കാൻ നികുതി ഏൾപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്. വീട് അസ്സസ്മെൻറ് ചെയ്തത് എങ്ങിനെയാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. കാലപ്പഴക്കത്തിൻെറ അടിസ്ഥാനത്തിൽ നികുതി കുറയ്ക്കണമെന്ന നിർദ്ദേശം വരുമാനത്തോത് കുറയുമെന്നതിനാൽ

109

വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

## തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും മററും ജോലിചെയ്യുന്നവരിൽ നിന്നും മാത്രമെ ശരിയായ നിരക്കിൽ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. കൃഷിക്കാരുടെയും കച്ചവടക്കാരുടെയും തൊഴിൽ നികുതി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പൂർണ്ണമായും ലഭിക്കുന്നില്ല. തൊഴിലാളികളെ മുഴുവനായും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്യുറൻസ് സ്കീമിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും മററു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

## വിനോദ നികുതി

ഈ പഞ്ചായത്തിൽ രണ്ട് സിനിമാ തിയേററുകളാണുള്ളത്. പ്രസ്തുത തിയേററുകളിൽ നിന്നും വിനോദ നികുതി അധിക വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിൽ ഭീമമായ സംഖ്യ നികുതിയിനത്തിൽ ലഭിക്കുന്നുണ്ട്.

## മററ് ധനാഗമ മാർഗ്ഗങ്ങൾ

ഈ പഞ്ചായത്തിൽ പുഴ, തോട് പുറമ്പോക്കായി ധാരാളം ഭൂമിയുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്തുവാനുള്ള പ്രവൃത്തി നടത്തണം. ഇപ്പോൾ കുറെ പുറമ്പോക്ക് സ്ഥലത്ത് ലീസ് പിരിക്കുന്നത് റവന്യൂ വകുപ്പാണ്. മററുള്ള സ്ഥലത്തു നിന്നും പിരിക്കാറുമില്ല. ആയത് പഞ്ചായത്തിനെ ഏൽപ്പിക്കണം.

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, മാർക്കററുകൾ, അറവുശാല, കംഫർട്ട് സ്റേറഷൻ എന്നിവയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് ആയത് അഭിവൃദ്ധിപ്പെടുത്തിയാൽ സാധിക്കുന്നതായിരിക്കും.

## ഖനനം

നമ്മുടെ പഞ്ചായത്തിലെ പുഴയിൽ നിന്നും, പുഴയോരങ്ങളിൽ നിന്നും പ്രകൃതി വിഭവങ്ങൾ യാതൊരു നിയന്ത്രണവും ഇല്ലാതെ ചൂഷണവും ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. മണൽ വാരുന്നത് ഈ പഞ്ചായത്ത് നിരോധിച്ചിട്ടുണ്ടെങ്കിലും, ആയത് വകവെക്കാതെ ചിലർ ഇപ്പോഴും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുകയാണ് ചെയ്യുന്നത്. പരിതസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന നിയന്ത്രണാരഹിതമായ ചൂഷണം അവസാനിപ്പിക്കേണ്ടതാണ്.

## ബാങ്ക് ഫൈനാൻസിയേഴ്സ്

ഈ പഞ്ചായത്തിൽ 2 സഹകരണബാങ്കുകളും കനറാ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ധന ലക്ഷ്മി ബാങ്ക്, സ്റേററ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നെടുങ്ങാടി ബാങ്ക്, P.D.C. ബാങ്ക് എന്നിവയുടെ ശാഖകളുമുണ്ട്. കൂടാതെ കേരളാ സ്റേററ്റ് ഫിനാൻഷ്യൽ എൻററർപ്രൈസസ്, ഗവർമ്മെണ്ട് സർവ്വൻറ്സ് കോ_ഓപ്പറേറ്റീവ് ബാങ്ക് എന്നിവയും ഉണ്ട്. കൂടാതെ 1,2,6,11 എന്നീ വാർഡുകളിൽ സ്വകാര്യ ഫൈനാൻസിയേഴ്സും ഉണ്ട്.

നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 75_80 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്താക്ടിലൂടെ പഞ്ചായത്തുകൾ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു.

## ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുൽപ്പാദന പരമല്ലാത്ത രീതിയിലായിരുന്നു. പൊതുമരാമത്തിന് 50% ഭരണ ചെലവുകആന്മൾക്ക് 30% വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവയ്ക്ക് 20% വീതമാണ് പഞ്ചായത്ത് ഫണ്ട് ചിലവഴിക്കുന്നത്. ഇതിൽ പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്തു റോഡുകളുടെ റിപ്പയർ, ടാറിംങ്ങ് മുതലായവക്കാണ്. 5000/_ രൂപവീതം ചിലവഴിച്ചുകൊണ്ടുള്ള റിപ്പയർ

110

വർക്കുകൾ ഏതാണ്ട് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. പഴയ റോഡ് വീണ്ടും പഴയ സ്ഥിതിയിലാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള താൽക്കാലിക റിപ്പയൽ വർക്കുകൾ ഒരു ഗുണവും ചെയ്യുകയില്ല. പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണെന്ന് കാണാം.

പഞ്ചായത്തിലെ മണ്ണ് റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആ റോഡുകൾക്ക് ഇരുവശവുമുള്ള താമസക്കാർക്കായിരിക്കും മഴക്കാലം തുടങ്ങുന്നതിനു മുൻപ് റോഡുകളിലുള്ള ഡ്രൈനേജിന്റേതായ പ്രവർത്തനം വഴി ഉണ്ടാക്കണം. വെള്ളം ഒലിച്ചു പോകാൻ ചാലുകളില്ലാത്തതു കൊണ്ടാണ് റോഡുകൾ തോടുകളായി മാറുന്നത്.

## ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർത്തിയിരിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കാവുന്നതാണ്. ഇപ്പോൾ നിലവിലുള്ള നിരക്ക് വളരെ കുറവാണ്. ഇത് ഉയർത്തുന്നതോടൊപ്പം ഭൂമിയുടെതരം അനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. തരിശിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിയ്ക്കും വയൽ നികത്തി ഉണ്ടാക്കുന്ന പുരയിടത്തിന് പരമാവധി നികുതിയും, വയലുകൾക്ക് ഏററവും കുറവുമാണ് ഇടേണ്ടത്. ഇതൗ പിരിച്ചെടുക്കുന്നതിലെ നേരത്തെ കെട്ടിട നികുതിയുടെ കാര്യത്തിൽ പറഞ്ഞ സമീപനം സ്വീകരിക്കാവുന്നതാണ്. ഒരു വർഷത്തെ തന്നെ വ്യത്യസ്ഥ കാലങ്ങളിലാവണം നികുതി പിരിക്കേണ്ടത്. ജനങ്ങൾക്ക് ബുന്ധിമുട്ട് പരമാവധി കുറക്കാൻ ഇത് സഹായമാകും.

## ഷോപ്പിംങ്ങ് കോംപ്ലക്സ്

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഷോപ്പിംങ്ങ് സെൻറർ കെട്ടിടങ്ങൾക്ക് പുറമെ കൊല്ലങ്കോട് വലിയങ്ങാടിയിൽ ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തു വക മഹാത്മാഗാന്ധി സ്മാരക വായനശാല & ഗ്രന്ഥശാല കെട്ടിടം സ്ഥിതിചെയ്യുന്ന 50 സെൻറ് സ്ഥലത്ത് ആധുനിക രീതിയിൽ ഒരു ഷോപ്പിംങ്ങ് സെൻറർ നിർമ്മിച്ചാൽ പഞ്ചായത്തിന് നല്ല വരുമാനം ഉണ്ടാകുവാൻ സാധിക്കുന്നതായിരിക്കും.

## ബസ്സ് സ്ററാൻറ്

ഈ ഗ്രാമപഞ്ചായത്തിൽ ഒരു ബസ്സ് സ്ററാൻറ് ഇല്ലെന്നുള്ളത് വളരെ വിഷമതകൾ സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിൽ ബസ്സ് സ്ററാൻറ് ആവശ്യത്തിനായി അക്വയർ ചെയ്ത സ്ഥലം കൊല്ലങ്കോട് കേന്ദ്രമായി ഒരു NES ബ്ലോക്ക് വരുന്നതിന്റെ ആവശ്യത്തിലേയ്ക്കായി അന്നത്തെ പഞ്ചായത്ത് ഭരണസമിതി ബഹു: സർക്കാറിന്റെ അനുവാദത്തോടുകൂടി ബ്ലോക്കാഫീസ്സിന് സ്ഥലം കൈമാറുകയും ചെയ്തു. ഇന്നത്തെ ബ്ലേക്കാഫീസ്സ് നിൽക്കുന്ന സ്ഥലം പഞ്ചായത്ത് ബസ്സ് സ്ററാൻറ് നിർമ്മാണത്തിനുവേണ്ടി അക്വയർ ചെയ്തെടുത്തതാണ്. പ്രസ്തുത സ്ഥലം ബ്ലോക്കാഫീസ്സിനു നൽകിയതുകൊണ്ട് ബസ്സ് സ്ററാൻറ് നിർമ്മാണത്തിന് അനുയോജ്യമായ ഒരു സ്ഥലം പഞ്ചായത്ത് 1984ൽ കണ്ടെത്തിയിരുന്നുവെങ്കിലും ആയതിന് "വഴി" സംബന്ധിച്ച പ്രശ്നങ്ങൾ ഇതുവരെയും തരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ പഞ്ചായത്ത് ബസ്സ് സ്ററാൻറ് നിർമ്മാണത്തിന് ഉചിതമായ മറെറാരു സ്ഥലം നോക്കികൊണ്ടിരിക്കുന്നു. കൊല്ലങ്കോട് ടൗൺ പ്രദേശത്തെ വാഹനബാഹുല്യങ്ങളുടെ ക്രമാതീതമായ വർദ്ധനവുകാരണം എന്നും ടൗണിൽ ഗതാഗത തടസ്സം നിത്യ സംഭവമാണ്. ആയതിന് പരിഹാരമായി എത്രയും വേഗം ഒരു ബസ്സ് സ്ററാൻറ് നിർമ്മാണ

പ്രവൃത്തി തുടങ്ങേണ്ടതാണ്. ബസ്സ് സ്ററാൻറ് വന്നാൽ ഈ പഞ്ചായത്തിന് വർഷം തോറും നല്ലൊരു വരുമാനം ഈ ഇനത്തിൽ ലഭിക്കാൻ സാധിക്കും.

## ടൂറിസം

ഈ പഞ്ചായത്തിൽ ടൂറിസത്തിന് സാദ്ധ്യതയുണ്ട്. തെൻമലയുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ സീതാർകുണ്ടും താഴ്വരയും ഒരു ടൂറിസ്ററ് കേന്ദ്രമായി ഉയർത്തിയാൽ ടൂറിസ്ററുകളെ ആകർഷിക്കാൻ കഴിയും. തൻമൂലം പഞ്ചായത്തിനും സർക്കാറിനും വരുമാന മാർഗ്ഗമാകും.

## നാഷണൽ സേവിങ്ങ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15% മുതൽ 25% വിഹിതം പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണ സമിതിയും ഗ്രാമവാസികളും ഉൾപ്പെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യ നിക്ഷേപം (മഹിളാ പ്രധാന ഏജൻറ് മുഖേന) ഉണ്ടാക്കിയാൽ പഞ്ചായത്തിനും വരുമാനമാക്കാം. കൊല്ലങ്കോട് പഞ്ചായത്ത് ബജത്ത് പഞ്ചായത്ത് ആക്കാൻ ശ്രമിക്കേണ്ടതാണ്.

## മനുഷ്യാദ്ധ്വാനം

ഈ ഗ്രാമപഞ്ചായത്തിലെ ഏററവും പ്രധാനമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും മനുഷ്യ വിഭവ വികസന പ്രവർത്തനങ്ങൾ സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതിമത കക്ഷിചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം കൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരാശയമാണ്. പഞ്ചായത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ റോഡിൻെറ ഇരുവശവും താമസിക്കുന്നവർ മനസ്സുവെച്ചാൽ മതി. പഞ്ചായത്തിൻെറ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയുമാകാം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഗ്രാമസഭാ സമിതികൾ വിചാരിച്ചാൽ കഴിയും. പൂർണ്ണ സാക്ഷരരായ നമ്മുടെ പഞ്ചായത്തിൽ എല്ലാ ഗ്രാമസഭകളിലും എസ്. എസ്. എൽ. സി പാസ്സായവരും അതിനു മുകളിൽ യോഗ്യതയുള്ളവരും ധാരാളമുണ്ട്. നമ്മുടെ സമൂഹത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഇവർ വിചാരിച്ചാൽ മതി.

എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാററങ്ങൾ ഉണ്ടാകും.

മുകളിൽ എഴുതിയത് മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾ മുതൽകൂട്ടാവുന്ന ചില മേഖലയക്ക് മാത്രമാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ റോഡുണ്ടാക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും തോടുകൾ വെട്ടുന്നതിനും പരിസരമാലിന്യം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമൊക്കെയുള്ള നിർദ്ദേശങ്ങൾ ഉണ്ട്.

# ടൂറിസം

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള ഒരു പ്രധാന ടൂറിസ്ററുകളെ ആകർഷിക്കുന്നതിന് പററിയ ടൂറിസ്ററ് കേന്ദ്രം സീതാർകുണ്ഡ് വെള്ളച്ചാട്ടവും അതിനോട് അനുബന്ധിച്ച പ്രദേശവുമാണ്. പുരാതനമായി പറയുകയാണെങ്കിൽ രാമായണത്തിലെ രാമൻ രാമയുദ്ധകാലത്ത് രാമനും സീതയും വനവാസകാലത്ത് വിശ്രമത്തിനും കുളിക്കുവാനും ഉപയോഗിച്ചതായി പറയപ്പെടുന്ന സ്ഥലമാണ്. കൊല്ലങ്കോട് ടൗണിൽ നിന്ന് 6 കിലോമീററർ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന തെൻമാല അടിവാരവും അതിനോട് അനുബന്ധിച്ചുള്ള നെല്ലിയാമ്പതി മലകളും, നെല്ലിയാമ്പതി മലനിരകളിലൂടെ ഒഴുകി വരുന്ന നീരൊഴുക്ക് സീതാർകുണ്ഡ് വെള്ളച്ചാട്ടവും സീത കുളിച്ച കുളവും ഏതു വർഷക്കാലത്തും കെട്ടിനിൽക്കുന്ന വെള്ളം തടാകം പോലെ കാണാം. ഈ സ്ഥലം കാണുന്നതിന് വിദേശികളും മററു സംസ്ഥാനങ്ങളിലേയും ടൂറിസ്ററ്കാർ എത്താറുണ്ട്. പ്രസ്തുത വെള്ളച്ചാട്ടം സംരക്ഷിക്കാനും തടാകവും ചുററുമുള്ള സ്ഥലത്ത് പൂന്തോട്ടങ്ങളും വെച്ച് പിടിപ്പിച്ച് ആധുനിക രീതിയിലുള്ള ടൂറിസ്ററ് കേന്ദ്രം കെട്ടി സംരക്ഷിക്കുകയാണെങ്കിൽ കുറെ ചെറുപ്പക്കാർക്ക് തൊഴിലും ടൂറിസ്ററുകളെ ആകർഷിക്കുവാനും കഴിയും ആയതിനെ റോഡു ഗതാഗതം ഓടുകപാറ മുതൽ നിലവിലുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തി 4 കിലോമീററർ ദൂരം ചെന്നാൽ സീതാർകുണ്ഡ് എത്താവുന്നതാണ്. ബസ്സ് ഗതാഗതം ഉള്ള നെൻമേനി തേക്കിൻഞ്ചിറ വഴി _ മാത്തൂർ വഴി 3½ കിലോമീററർ സഞ്ചരിച്ചാലും സീതാർകുണ്ഡ് എത്താവുന്നതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ തന്നെ ടൂറിസ്ററുകളെയും ദൈവ വിശ്വാസികളെയും ആകർഷിക്കുന്ന ഗോവിന്ദമല ഇവിടത്തെ സ്ഥലം പരിശോധിക്കുകയാണെങ്കിൽ പുരാധനമായി കാശ്യപ, മഹർഷി തപസ്സു ചെയ്ത മലയാണ് തപസ്കാലത്ത് ഉപയോഗിച്ചതിൻെറ ചില അടയാളങ്ങൾ ഇപ്പോഴും ഇവിടെ പാറകളിൽ കാണാറുണ്ട്. ഇവിടെ തമിഴ് നാട്ടിൽ നിന്ന് ഓരോ വർഷവും അനേകായിരം വിശ്വാസികൾ എത്താറുണ്ട്. ഈ മലയിൽ ഒഴുകി വരുന്ന തീർത്ഥം കുപ്പികളിലും ഭരണികളിലും ശേഖരിച്ച് കന്നുകാലികൾക്കും മനുഷ്യർക്കും വരുന്ന രോഗത്തിന് തീർത്ഥം കൊടുത്താൽ ഭേദമാകുന്നു എന്നാണ് വിശ്വാസം. അതുകൊണ്ട് ഈ മലയ്ക്ക് പോകുന്ന പൈയ്യലൂർ റോഡ് മുതൽ 6 കിലോമീററർ സഞ്ചരിച്ചാൽ ഗോവിന്ദമലയെത്താവുന്നതാണ് അതുവരെയുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്താനും ടൂറിസ്ററുകളെ ആകർഷിപ്പിക്കുവാനും കഴിയുന്നതാണ്.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ടൗണിൽ നിന്ന് ചീരണി റോഡുമുതൽ 2 കിലോമീററർ സഞ്ചരിച്ചാൽ മരുതിപ്പുറ തുരങ്കം കാണാം. ഈ തുരങ്കത്തിന് ഒരു ഐതിഹ്യം ഉണ്ട്. കൊല്ലങ്കോട് രാജവാഴ്ച കാലത്ത്ഈ പറഞ്ഞ സ്ഥലം കാടായിരുന്നു. എന്നും പുലി ഈ പ്രദേശത്ത് വന്ന് ജനങ്ങളെ ശല്യപ്പെടുത്തുകയും കൊല്ലുകയും ചെയ്തിരുന്നു എന്നാണ് ഐതിഹ്യം. ഈ പുലി താമസിക്കുന്ന മരുതിപ്പുറയിലുള്ള തുരങ്കം ഏതാണ്ട് 800 മീററർ നീളത്തിലാണ് ഉള്ളത്. ഈ പുലിയുടെ ശല്യം തീർക്കുന്നതിനായി പുലിയെ പിടിക്കുവാനും കൊല്ലുവാനും വന്ന പുലികുത്തി മന്നാടിയാർ എന്നയാളും ഈ ഗ്രാമത്തിൻെറ ചരിത്രത്തിൽ മറക്കാതെ നിൽക്കുന്നു. ഈ തുരങ്കം സംരക്ഷിച്ച് ടൂറിസ്ററുകളെയും ആകർഷിക്കുവാൻ കഴിയാവുന്നതാണ്.

മാത്തൂർ, സീതാർകുണ്ഡ്, തേക്കിൻഞ്ചിറ എന്നീഭാഗങ്ങളിൽ പലതരം കാട്ടു മൃഗങ്ങളും കണ്ടുവരുന്നുണ്ട്. ആയതുകൊണ്ട് ഈ പ്രദേശത്തെ ഒരു വന്യജീവികേന്ദ്രമാക്കുകയും സംരക്ഷിക്കേണ്ടതുമാണ്. അനേകം സിനിമ മേൽപറഞ്ഞ സ്ഥലത്ത് വെച്ച് എടുക്കുകയുണ്ടായിട്ടുണ്ട്.

ടൂറിസ്ററ്കാരെ ആകർഷിക്കുവാനും ടൂറിസവും സർക്കാർ തലത്തിലും സീതാർകുണ്ഡ് വെള്ളച്ചാട്ടവും ഗോവിന്ദമലയും കാണുവാൻ വരുന്നവർക്ക് സൗകര്യ പ്രദമായി റോഡ് വെളിച്ചം മററും സൗകര്യങ്ങൾ എന്നിവയ്ക്ക് മുൻകൈയെടുക്കുകയാണെങ്കിൽ തൊഴിൽ സാദ്ധ്യത ഉണ്ടാകുവാനും തൊഴിൽ വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്.

ഈ പ്രദേശങ്ങളിൽ മയിൽ കാട്ടുകോഴി, എന്നീ പലയിനം പക്ഷികൾ കണ്ടുവരുന്നു. പുറമെ മാൻ, കാട്ടുപന്നി, കുരങ്ങ്, കരികുരങ്ങ്, മെരുക്, കേഴമാൻ, മുതലായ മൃഗങ്ങൾ കണ്ടുവരുന്നു.

മേൽ പ്രതിപാദിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ തെൻമലയുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന സീതാർകുണ്ഡ് പ്രദേശം ഒരു ടൂറിസ്ററ് കേന്ദ്രമാക്കി വികസിപ്പിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഉള്ളതുകൊണ്ട് ഈ പ്രദേശത്തെ ഒരു ടൂറിസ്ററ് കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കുന്നതിനും പഞ്ചായത്ത് കഴിഞ്ഞകാലങ്ങളിൽ ബഹു. സർക്കാരിനോട് അപേക്ഷിച്ചിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ 9_ാം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ഗ്രാമ പഞ്ചായത്തിലെ തെൻമല താഴ്വരയിൽ സ്ഥിതിചെയ്യുന്ന സീതാർകുണ്ഡ് പ്രദേശം ഒരു ടൂറിസ്ററ് കേന്ദ്രമായി വികസിപ്പിച്ച് എടുക്കുന്നതിന് നടപടികൾ കൈകൊള്ളേണ്ടതാണ്.

# ഉപസംഹാരം

ഇന്നത്തെ നിലവിലുള്ള വികസനസമീപനം അശാസ്ത്രീയമാണ്. റോഡും, പാലവും കുടിവെള്ളവും തെരുവുവിളക്കുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞു നിൽക്കുന്നു. ഉൽപാദന പ്രക്രിയ വികസനത്തിൽ നിന്ന് വളരെ അകലെയാണ്. കാർഷിക വ്യവസായമേഖലകളുടെ വളർച്ചയിലൂടെ മാത്രമേ വികസനം പൂർത്തിയാവുകയുള്ളൂ.

വികസനം ടിപ്പാർട്ടുമെൻറുകളുടെ കാലാകാലങ്ങളിലുള്ള പ്രവർത്തനത്തിൻെറ ഫലമായി മുരടിച്ചിരിക്കുകയാണ്. ഈ സ്ഥിതി മാറിയെതീരു. ജനപങ്കാളിത്തവും ജന ജാഗ്രതയും ഊട്ടി വളർത്തി വികസന പ്രക്രിയ ഊർജ്ജ സ്വലമാക്കുകയാണ് ഇന്നത്തെ ലക്ഷ്യം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിന്പുതിയ പാതകൾ വെട്ടി തുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാകണം. സർക്കാർതല ഏജൻസികളെ ഇണക്കി പററിയ പദ്ധതികൾ സമർപ്പിച്ചിട്ട് ഫണ്ട് സ്വരൂപിക്കാൻ വിഷമമുണ്ടാവില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തു നിഷ്ട സമീപനം പ്രായോഗികമാക്കണം.

സാമൂഹ്യ രാഷ്ട്രീയ രംഗത്തുള്ള എല്ലാത്തർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ ശരിയാം വണ്ണം വിലയിരുത്താത്തതാണ്. വസ്തു നിഷ്ടമായ തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നത് ഏതു തർക്കവിതർക്കങ്ങളും ഇല്ലാതാകും ഐക്യം വളർന്നുവരുകയും ചെയ്യും. വിഭവ ഭൂപടങ്ങൾ സർവ്വേ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തു നിഷ്ടമായ അടിത്തറ നൽകുന്നതാണ്.

ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണ്ണയിക്കാൻ മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാകണം.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ, ജലവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്ര പരമായ സാഹചര്യ ബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പു ചർച്ചകൾ നടത്തി എല്ലവിഷയങ്ങളിലും നിർദ്ദേശങ്ങൾ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ സമിതികൾക്ക് കഴിയും. സർക്കാറോ ഇതര ഏജ്സികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾക്ക് പറിച്ച് പ്രൊജക്ററുകൾ സമർപ്പിക്കുന്നതിന് അതാതു വിഷയങ്ങളിൽ വിദഗ്ദസംഘം സ്ഥിരമായി പ്രവർത്തിച്ചേ മതിയാവൂ.

സർക്കാർ നൽകുന്ന 40% പദ്ധതി വിഹിതം തന്നെ കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലയേക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാണ്. 9_ാം പദ്ധതിയുടെ വിഹിതത്തിൻെറ 40% തുക പഞ്ചായത്തുകൾക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ട്. കൂടാതെ 25% ജനവിഹിതം ലഭിക്കാൻ സാധിക്കുന്നതുമാണ് എന്നു പ്രതീക്ഷിക്കാം. വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിന് കാരണമാകാം എന്നതിന് സംശയമില്ല.

ആസൂത്രണം അടിത്തട്ടിൽ നിന്നും ഉണ്ടാവുന്നതുമൂലം ജനാഭിലാക്ഷം അനുസരിച്ച് വികസന പ്രക്രിയ പഞ്ചായത്തിലുണ്ടാവുമെന്നു പ്രതീക്ഷിക്കുന്നു. ജനകീയ ആസൂത്രണം ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ വേഗത്തിലും ഫലപ്രദമായും നടപ്പിലാക്കാനുള്ള സാമൂഹ്യായുധമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസന രേഖ സംപുഷ്ടമാക്കി കാര്യം സമ്പൂർണ്ണമായി നടപ്പാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തേണ്ടതാണ്. കക്ഷിരാഷ്ട്രീയത്തിനധീധമായി ജനത ഒററകെട്ടായി വികസനത്തിൻെറ രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്നും ഉയന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. ഗ്രാമസഭകളും ജനകീയശക്തിയിൽ ഗ്രാമവികസനത്തിനൊരു വേലിയേററം സൃഷ്ടിക്കുവാൻ നമുക്കു കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേററാൻ വളരെ വേഗം നമ്മുക്കുകഴിയുമെന്ന് പ്രത്യാശയോടെ ഈ സമഗ്ര വികസനരേഖ കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

114

# പ്രവർത്തനരേഖ

1995 ഒക്ടോബർ 2ന് കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൻെറ ഇന്നത്തെ ഭരണസമിധി അധികാരമേററത്

എല്ലാ രാഷ്ട്രീയ പാർട്ടി പ്രവർത്തകരേയും ക്ഷണിച്ചുകൊണ്ട് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നടന്ന സത്യ പ്രതിജ്ഞ ചടങ്ങിൽ ബഹുജനപങ്കാളിത്തം ധാരാളമായിരുന്നു. കക്ഷി രാഷ്ട്രീയത്തിനു അധീതമായി ഭരണം കാഴ്ചവയ്ക്കാമെന്നും വികസനരംഗത്ത് ജനകീയപങ്കാളിത്തം ഉറപ്പാക്കാമെന്നും പ്രസ്തുത ചടങ്ങിൽ പഞ്ചായത്ത് അംഗങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനം നടത്തുവാനുള്ള പ്രവൃത്തനങ്ങളാണ് പിന്നീട് നിരന്തരമായി നടത്തിയത്.

വ്യവസായികമായി പിന്നോക്കം നിൽക്കുന്ന പാലക്കാട് ജില്ലയിലെ ഒരു പഞ്ചായത്താണെന്ന തിരിച്ചറിവോടുകൂടി ചെറുകിട വ്യവസായങ്ങൾക്ക് മുൻതൂക്കം നൽകി കൊണ്ടുള്ള പ്രവർത്തനം നടത്തികൊണ്ടിരിക്കുന്നു.

കാർഷിക മേഖലയിലെ പിന്നോക്കാവസ്ഥ തരണം ചെയ്യുന്നതിനായി കാർഷിക വികസന സമിതികൾസംഘടിപ്പിക്കുകയുണ്ടായി. കൃഷിഭവൻെറ നേതൃത്വത്തിൽ ചിങ്ങം 1ന് കർഷകദിനം ആചരിച്ചു.

വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ സാധുക്കളായ കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണത്തിനായി ഒരു വിദ്യാർത്ഥിക്ക് 10 പൈസാ നിരക്കിൽ സാമ്പത്തികസഹായവും ഏററവും കൂടുതൽ മാർക്കോടുകൂടി എസ്സ്.എസ്.എൽ.സി.യിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്കും എല്ലാ വിദ്യാലയങ്ങളിലെയും L.P. U.P. വിദ്യാലയങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്കും കാഷ് അവാർഡും സാധുക്കളായ വിദ്യാർത്ഥികൾക്ക് യൂണിഫോം തുണിയും വിതരണം ചെയ്തു വരുന്നുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ ഭരണസമിതി അടിയന്തര പ്രധാന്യം കൽപ്പിച്ച് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയതായി 10 വാട്ടർടാപ്പുകൾ സ്ഥാപിക്കുകയും പുളിങ്കൂട്ടത്തറ പുതുഗ്രാമം എന്നീ സ്ഥലങ്ങളിലേയ്ക്ക് പൈപ്പു ലൈയൻ നിർമ്മിക്കുകയും ചെയ്തു. പയ്യലൂർ ഭാഗത്ത് ഈ കഴിഞ്ഞ വരൾച്ചാകാലത്ത് സ്വകാര്യ വ്യക്തിയുടെ കുഴൽകിണറിൽ നിന്നും പൊതു ടാപ്പുകൾ വഴി ശുദ്ധജല വിതരണം ചെയ്യുകയുണ്ടായി. കൂടാതെ പെരുമാൾ കോവിൽ ഗ്രാമത്തുള്ള കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച കുടിവെള്ളം എത്താത്തസ്ഥലങ്ങളിൽ വെള്ളം എത്തിച്ചുകൊടുക്കുകയും ചെയ്തു. കൂടാതെ ഇക്കഴിഞ്ഞ വരൾച്ച കാലത്ത് ജനപങ്കാളിത്തതോടുകൂടി ഗായത്രി പുഴ പ്രദേശങ്ങളിൽ താത്കാലിക തടയണകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുകയുണ്ടായി.

വൈദ്യുതിയുടെ കാര്യത്തിൽ ഈ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകാരമേററശേഷം പുതിയതായി 12 സോഡിയം വിളക്കുകൾ വിവിധ വാർഡുകളിൽ അത്യാവശ്യമുള്ള സ്ഥലത്ത് സ്ഥാപിക്കുകയും വൈദ്യുതി എത്താത്ത ഹരിജൻ കോളനികളിൽ തെരുവുവിളക്കുകൾ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

ആരോഗ്യരംഗത്ത് കൊല്ലങ്കോട് ആരോഗ്യ കേന്ദ്രത്തിൻെറ പഴയ ശോചനാവസ്ഥ മാററി രണ്ടു ഡോക്ടർമാരേയും സ്ററാഫുകളേയും നിയമിച്ച് പുതിയ വാർഡ് ഉൽഘാടനം ചെയ്യുകയും കെട്ടിടത്തിൻെറ എല്ല അററകുററ പണികളും നടത്തുകയും ചെയ്തു. കൂടാതെ ജപ്പാൻപനിയുടെ ഭീക്ഷണി നേരിടാനുള്ള ശ്രമത്തിൻെറ ഭാഗമായി പ്രതിരോധ മരുന്നുകൾ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി കൊതുക് നിയന്ത്രണ വിധേയമാക്കി.

### ജനകീയ സർവ്വേ പരിപാടി

ഗ്രാമ വികസനത്തിന് ശാസ്ത്രീയവും വസ്തു നിഷ്ടവുമായ അടിയന്തര പരിപാടി വികസന രംഗത്ത് നിലനിൽക്കുന്ന വിവേചനം ഓരോ വാർഡുകളിലേയും വിവേകരാഹിത്യവും നീക്കേണ്ടതും ആവശ്യമാണ്. കക്ഷിരാഷ്ട്രീയ പക്ഷപാതങ്ങൾ ഉതിക്കാനുള്ള ഉച്ചാശക്തി പ്രായോഗികവും അത്യാവശ്യവുമാണ്. അതിന് ഏററവും ഉചിതവും

പഞ്ചായത്ത് തല വിഭവങ്ങളെ സംബന്ധിച്ച സമഗ്രമായ പഠനമാണ്.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ പൊതു വിവരങ്ങൾ സർവ്വേ സാമൂഹിക സാമ്പത്തിക സർവ്വേ വിഭവ ഭൂപടന സർവ്വേ എന്നിവ വിവിധ ദിവസങ്ങളിലായി നടത്തുകയുണ്ടായി. ഈ പ്രവർത്തനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി 100 ഓളം പേർ പ്രവർത്തിച്ചു.

വിവിധ ഡിപ്പാർട്ടുമെന്റുകൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്കായി സമർപ്പിക്കാനും ഈ കാലയളവിൽ കഴിഞ്ഞു.

കൂടാതെ പഞ്ചായത്ത് ഈ കാലയളവിൽ 1995_96 വർഷത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വിവിധ മേഖലകളിലേയ്ക്കു 688325 രൂപ വികസന പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചു. പണമില്ലെന്ന് കരുതി പണിയെടുക്കാതിരിക്കുന്ന സമ്പ്രദായത്തിനു പകരം ബഹുജന സഹകരണങ്ങളുടെ നിരന്തരമായും വേഗതയിലും പ്രവർത്തിക്കുക എന്ന രീതിയാണ് ഭരണസമിതിയുടെ വികസനത്തിൽ സ്ഥിതീകരിച്ചിരിക്കുന്നത്. സന്നദ്ധത സേവകരുടെ ത്യാഗമനോഭാവം ഇതിന് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് തന്നെ ഭാവിയെ ശുദ്ധ പ്രതീക്ഷയോടെ വരവേൽക്കാൻ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.


**കെ. ശങ്കരൻ**

പ്രസിഡണ്ട്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്.

116

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്



## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ശ്രീ പി. കൊച്ചപ്പൻ മാസ്റ്റർ - കൺവീനർ
ശ്രീ. കെ. വാസുദേവൻനായർ
കെ. ശങ്കരൻ
എൻ. സുരേന്ദ്രനാഥൻ
കെ. ബാലകൃഷ്ണൻ
കെ. കുമാരൻ
ഗുരുവായൂരപ്പൻ
എം. കമാലുദ്ദീൻ
എ. രാധാകൃഷ്ണൻ
മംഗളലക്ഷ്മി ടീച്ചർ
കമലം
സരോജിനി
സുന്ദരരാജൻ
മണികണ്ഠൻ
വിശ്വനാഥൻ
വി.എൻ. തങ്കമ്മാൾ
കെ. മരുതാചലം

സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ
തങ്ങൾക്ക് ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമദരിദ്രനു പോലും അനുഭവപ്പെടുന്നൊരുഭാരതം;
ഉയർന്ന വർഗക്കാരോ, താഴ്ന്ന വർഗക്കാരോ
ഇല്ലാത്തൊരു ഭാരതം;
എല്ലാ സമുദായങ്ങളും,
പരിപൂർണ്ണരഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം;
കെട്ടിപ്പടുക്കുന്നതിന്നുവേണ്ടി ഞാൻ പ്രവർത്തിക്കും.

മഹാത്മാഗാന്ധി

PRINTED AT IMPRESSIONS PLKD. PH : 539785


# കൊടുവായൂർ ഗ്രാമ പഞ്ചായത്ത്

# ജനകീയാസൂത്രണം



# സമഗ്ര വികസന രേഖ


അധികാരം ജനങ്ങളിലേക്ക്


കേരളം
പാലക്കാട് ജില്ല
കൊടുവായൂർ

## PALAKKAD DISTRICT



## MAP OF KODUVAYUR GRAMA PANCHAYATH





# എൻെറ ജീവിതമാണ് എൻെറ സന്ദേശം


എഡിറ്റർ : E.T. ഗോവിന്ദൻക്കുട്ടി

എഡിറ്റോറിയൽ ബോർഡ് :

1. M. ഉണ്ണികൃഷ്ണൻ
2. K. തങ്കപ്രകാശ്
   സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
3. K. ശിവാനന്ദൻ
4. P.S. ശങ്കുണ്ണിമാസ്റ്റർ
5. A. ശിവദാസ്
6. A. മണികണ്ഠൻ
7. N.R. ശശിധരൻ
8. P.R.N. നമ്പൂതിരി
9. E. രമ



Layout by
**Ambal Computer DTP Systems**
Palakkad.

Printed by
**Ambal Quick Print Shop**
Sultanpet, Palakkad. Fone / Fax 522764


122

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | | ആമുഖം | 5 |
| 2 | | പഞ്ചായത്ത് പൊതുവിവരണം | 9 |
| 3 | | സാമൂഹിക സാംസ്ക്കാരിക ചരിത്രപഞ്ചാത്തലം | 10 |
| 4 | | ഭൂപ്രകൃതി... വിഭവങ്ങൾ.... | 13 |
| 5 | | സാമൂഹ്യ സാമ്പത്തിക മേഖലകൾ | 17 |
| | 1 | കൃഷിയും ജലസേചനവും | 18 |
| | 2 | മൃഗസംരക്ഷണം – മത്സ്യബന്ധനം | 25 |
| | 3 | വിദ്യാഭ്യാസം | 32 |
| | 4 | പൊതുജനാരോഗ്യം,കുടിവെള്ളം/പരിസരശുചിത്വം | 47 |
| | 5 | വ്യവസായം | 57 |
| | 6 | ഗതാഗതം – ഊർജ്ജം, മാർക്കറ്റ് | 64 |
| | 7 | പാർപ്പിടം– സാമൂഹ്യക്ഷേമം | 87 |
| | 8 | സംസ്ക്കാരം | 92 |
| | 9 | വനിത | 97 |
| | 10 | സഹകരണമേഖല | 100 |
| | 11 | പട്ടികജാതി വർഗ്ഗക്ഷേമം | 104 |
| | 12 | വിഭവസമാഹരണം | 108 |
| 6 | | ഉപസംഹാരം | 112 |


123

# കൊടുവായൂർ ഗ്രാമപഞ്ചായത്ത്
# ഭരണസമിതി അംഗങ്ങൾ



ലക്ഷ്മിക്കുട്ടി
പ്രസിഡൻറ്



എം. കൃഷ്ണൻ
വൈസ് പ്രസിഡൻറ്



തങ്കപ്രകാശ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



കെ. ലീലാവതി
മെമ്പർ



കെ. പാർവതി
മെമ്പർ



എസ്. രാജലക്ഷ്മി
മെമ്പർ



വി. കേശവൻ
മെമ്പർ



ടി. എം മുഹമ്മദ് ഫാറൂക്
മെമ്പർ



സി. കെ. മോഹൻദാസ്
മെമ്പർ



ഉമ്മർ ഫാറൂക്
മെമ്പർ



ശങ്കരൻ
മെമ്പർ

# 1

# ആമുഖം

## ആമുഖം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു നവയുഗം പിറക്കാൻ പോകുകയാണ്. താഴെത്തട്ടിൽ നിന്നുള്ള ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം. നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സ്വപ്നത്തിൻെറ സാക്ഷാത്ക്കാരമാണ്.

പൂർണ്ണമായ ജനപങ്കാളിത്തത്തോടെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും വിദഗ്ധരേയും ഉദ്യോഗസ്ഥരേയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയ ഒരു പ്രവർത്തനശൈലിയാണ് ജനകീയാസൂത്രണപ്രസ്ഥാനം. അതത് പ്രദേശത്തെ യോജിച്ച ഘടകങ്ങൾക്കനുസരിച്ച് ആപ്രദേശത്തെ ആവശ്യങ്ങൾക്കനുസരണമായ പദ്ധതികൾ തെരെഞ്ഞെടുക്കുന്നതിനുള്ള അവസരം ലഭ്യമാകുന്നു എന്നതാണ് ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള ഈ സമീപനത്തിൻെറ മേൻമ.

1947 ആഗസ്റ്റ് 15 ന് ബ്രിട്ടീഷ് ഭരണത്തിൽ നിന്നും നാം മോചിതരായെങ്കിലും ഭരണ, വികസന രംഗത്ത് അധികാര വികേന്ദ്രീകരണം പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്ന സത്യം ദുഃഖകരമാണ്. ആസൂത്രിതമായ സാമ്പത്തികവളർച്ച നേടുന്നതിൽ മാത്രം ലക്ഷ്യമിട്ടു മുന്നോട്ടുപോയ പദ്ധതികളിലെ പാളിച്ചകൾ പരിശോധിച്ചാൽ അതിലെ സത്യസ്ഥിതി നമുക്കു മലസ്സിലാക്കാം.

കേന്ദ്രീകൃതമായ ഭരണവ്യവസ്ഥക്ക് അനുയോജ്യമായ ബ്യൂറോക്രാറ്റിക് സംവിധാനമാണ് ഇതുവരെ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നത്. അതിരുകവിഞ്ഞ കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കോ ജനകീയാവശ്യങ്ങൾക്കോ അനുസൃതമായ സ്ക്കീമുകളല്ല പദ്ധതി യുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത്. അതിൻെറ ഫലമായി അഴിമതി, കാലതാമസം, നടപടി ക്രമങ്ങളുടെ സങ്കീർണ്ണത, ജനങ്ങളിൽ നിന്നുള്ള അന്യവൽക്കരണം തുടങ്ങി ഒരുപാടു, ന്യൂനതകൾ ഉണ്ടായി. ആയവ പരിഹരിച്ച് എല്ലാഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുക വഴി ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് ഉണ്ടാക്കി ഇന്നു ജനങ്ങളിൽ വ്യാപകമായി കാണുന്ന നിരാശ മാറ്റി അവരിൽ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും വളർത്താൻ ഈ പദ്ധതിക്കു കഴിയണം. അതിനുപ്രാരംഭമായി അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി നാടിൻെറ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തമുള്ള എറ്റവും അടുത്ത പ്രാദേശികസ്വയംഭരണ സമിതികൾ എന്ന നിലയിൽ പഞ്ചായത്തു സമിതികളെ ബന്ധപ്പെടുത്തിയാണ് ഇതു നടപ്പാക്കുന്നത്. അതിനുവേണ്ടി ഗ്രാമസഭകളിൽ കൂടി ജനപ്രാതിനിധ്യം ഉറപ്പാക്കി ഓരോഗ്രാമവും ഓരോ രാഷ്ട്രമായി കാണുകയെന്ന രാഷ്ട്ര പിതാവിൻെറ സ്വപ്നത്തെ യാഥാർത്ഥ്യമാക്കാൻ കഴിയും.

125

ജനകീയ പിന്തുണയോടുകൂടിയ ആസൂത്രണ പരിപാടിയെന്നത് പുതിയതല്ല. പ്രാചീന ഭാരതത്തിൻെറതായിരുന്നു എന്നതാണ് സത്യം. ഗാന്ധിജിക്കും എത്രയോകാലം മുമ്പുതന്നെ പഴയ പുസ്തകങ്ങളിൽ ആൽച്ചുവട്ടിലിരുന്ന് നിയമം നടത്തുന്ന കേസുകൾ വിസ്തരിക്കുന്ന, ദുഃഖങ്ങൾ പരിഹരിച്ചുകൊടുക്കുന്ന ഗ്രാമവൃദ്ധൻമാരുടെ പഴയ സമ്പ്രദായത്തിലേക്ക്, നമ്മുടെ തനിമയിലേക്കുള്ള തിരിച്ചുപോക്കുകൂടിയാണിത്. ജനകീയ ജനാധിപത്യം യഥാർത്ഥത്തിൽ നമ്മുടെ റിപ്പബ്ളിക്കിൻെറ കാതലായ ഭാഗമാണെന്ന് ഭരണഘടനയുടെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇന്ത്യയുടെ ഹൃദയം കാണണമെങ്കിൽ ഗ്രാമങ്ങളിൽ ചെല്ലണമെന്ന ഗാന്ധിജിയുടെ വാക്കുകളിലൂടെ ഇന്ത്യയുടെ പുരോഗമനം ഗ്രാമങ്ങളുടെ പുരോഗമനമാണെന്നു മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല. അത്തരം ലക്ഷ്യപ്രാപ്തിക്കു വേണ്ടി ആസൂത്രണ സംവിധാനത്തിൽ ഇന്ത്യയിലെ ലക്ഷോപലക്ഷം ഗ്രാമങ്ങളോടൊപ്പം നമ്മുടെ പഞ്ചായത്തിനും ലക്ഷ്യബോധത്തോടുള്ള സമീപനം കാഴ്ചവെക്കേണ്ടതുണ്ട്. ജനകീയാസൂത്രണ പദ്ധതിയുടെ അടിസ്ഥാന ഘടകമായ ഗ്രാമസഭാ കൺവെൻഷനുകൾ കൊടുവായൂർ പഞ്ചായത്തിലെ 11 വാർഡുകളിലുമായി 1996 സെപ്തംബർ 21 മുതൽ ഒക്ടോബർ 6 വരെയായി പൂർത്തീകരിച്ചു. മത, വർഗ്ഗ, ജാതിഭേദമെന്യേ ജനങ്ങൾ ചർച്ചയിൽ പങ്കെടുത്തു. ഗ്രാമസഭകൾ സജീവമായിരുന്നു. ചർച്ചയിൽ നിന്നും ഉയർന്നുവന്ന ജനകീയ നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ, സാധ്യതകൾ എന്നിവ അതാതു വികസന മേഖലയെ സംബന്ധിച്ച ഭാഗങ്ങളിൽ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## *കൊടുവായൂർ പഞ്ചായത്ത് - അല്പം ചരിത്രം*

പണ്ട് കൊടുവായൂർ പഞ്ചായത്ത് മലബാർ ജില്ലയിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ച മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ ഭരണത്തിൻ കീഴിലായിരുന്നു. എത്തനൂർ അംശം, കാക്കയൂർ അംശം, കൊടുവായൂർ അംശം, എന്നീ ഭാഗങ്ങൾ ചേർന്നാണ് കൊടുവായൂർ പഞ്ചായത്ത് രൂപീകൃതമായത്. സ്വാതന്ത്ര്യാനന്തരം ഡിസ്ട്രിക്റ്റ് ബോർഡ് മാറി എല്ലാ വില്ലേജിലും പഞ്ചായത്തായതോടെ കൊടുവായൂർ, എത്തനൂർ, കാക്കയൂർ, എന്നിങ്ങനെ മൂന്നു പഞ്ചായത്തുകൾ ഉണ്ടായി. 1961 ൽ ഈ മൂന്നു പഞ്ചായത്തുകളും കൂടിചേർന്ന് കൊടുവായൂർ പഞ്ചായത്ത് എന്ന നിലയിൽ ഒരു സ്പെഷൽ ഗ്രേഡ് രൂപീകൃതമായി. 1979- ൽ പുതുനഗരം പഞ്ചായത്ത് രൂപീകരിച്ചപ്പോൾ ഈ പഞ്ചായത്തിലെ അന്നത്തെ 1,2,3 വാർഡുകൾ പുതുനഗരം പഞ്ചായത്തിന് വിട്ടുകൊടുത്തു. കാക്കയൂർ പഞ്ചായത്ത് ഇപ്പോൾ ഈ പഞ്ചായത്തിലെ 6-ാം വാർഡും എത്തനൂർ പഞ്ചായത്ത് കൊടുവായൂരിലെ 7,8, ഉം വാർഡുകളായി.

പാലക്കാട് ജില്ലാ ആസ്ഥാനം ഇവിടെനിന്നും ഏകദേശം 12 കിലോമീറ്റർ വടക്കുമാറി സ്ഥിതിചെയ്യുന്നു. അതേ പോലെ തമിഴ്നാടുമായി അടുത്തു സ്ഥിതിചെയ്യുന്നതുകൊണ്ട് തമിഴ് ഭാഷ സംസാരിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ ആകെ 11 വാർഡുകളാണുള്ളത്. ഇവിടത്തെ ജനസംഖ്യയിൽ 12,658 പുരുഷൻമാരും 13,269 സ്ത്രീകളും ആകെ 25927 ജനങ്ങളാണുള്ളത്. പട്ടികജാതി വിഭാഗത്തിൽ പുരുഷൻമാർ 2466 ഉം സ്ത്രീകൾ 2543 ഉം കൂടി ആകെ 5009 പേരുണ്ട്.

ജനങ്ങൾ മിക്കവാറും കർഷകരും കർഷകത്തൊഴിലാളികളും പലവിധം കച്ചവടക്കാരുമാകുന്നു. ഒരു കുറഞ്ഞ വിഭാഗമേ ഉദ്യാഗസ്ഥരായുള്ളു. ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണം 20.61 s.q. k.m. റാണ്. ഈ പഞ്ചായത്തിൽ കൊടുവായൂർ ഒന്ന്, കൊടുവായൂർ രണ്ട് എന്നിങ്ങനെ രണ്ടു വില്ലേജുകളാണുള്ളത്.

126

## പഞ്ചായത്തിലെ സർക്കാർ ഓഫീസുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും.

| | |
|---|---|
| L.P. സ്ക്കൂൾ | - 5 |
| U.P സ്ക്കൂൾ | - 3 |
| ഹയർ സെക്കൻഡറിസ്ക്കൂൾ | - 1 |
| T.T.I | - 1 |
| B.Ed Centre | - 2 |
| പാരലൽകോളേജ് | - 4 |
| സഹകരണ ബാങ്ക് | - 2 |

ഇലക്ട്രിസിറ്റി ഓഫീസ്, ക്ഷേമനിധി ഓഫീസ്, ഷെഡ്യൂൾഡ് നാഷണലൈസ്ഡ് ബാങ്കുകൾ, സബ് രജിസ്ട്രാർ ഓഫീസ്, മൃഗാശുപത്രി, കൃഷിഭവൻ, വില്ലേജ് ഓഫീസ്, ICDS. ഓഫീസ്, വികലാംഗ സദൻ, പാൽസൊസൈറ്റി, ഹരിജൻ വെൽഫെയർ സൊസൈറ്റി, ഹെൽത്ത് സെൻറർ, മലമ്പുഴ അസി, എൻജിനീയർ ഓഫീസ്, അംഗൻ വാടികൾ എന്നിവയുണ്ട്.

കൂടാതെ ഈ പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളും രണ്ട് സന്നദ്ധസംഘടനകളും 14 ഓളം ക്ലബ്ബുകളും രണ്ട് സാക്ഷരതാ രജിസ്ട്രേഡ് ജനവിദ്യാകേന്ദ്രങ്ങൾ എന്നിവയും ഉണ്ട്.

പാലക്കാട് ജില്ലയിൽപെട്ട ഈ പഞ്ചായത്ത് ചിറ്റൂർ താലൂക്കിലും കൊല്ലങ്കോട്ടു ബ്ളോക്കിലും കൊല്ലങ്കോട് അസംബ്ളി നിയോജക മണ്ഡലത്തിലും പെടുന്നു. ശ്രീമാൻ E.T ഗോവിന്ദൻകുട്ടി അവർകളുടെ നേതൃത്വത്തിലുള്ള ഭരണസമിതി കൊടുവായൂർ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും ദേശീയ സമ്പാദ്യപദ്ധതിയിൽ അംഗങ്ങളാക്കി "ബചത് പഞ്ചായ"ത്താക്കി. 11-10-93 ന് പ്രഖ്യാപിച്ചു. 1992 - ൽ ഇന്ദിരാവികാസ് പത്ര വില്പനയിലൂടെ ഗ്രാൻറായി ലഭിച്ച 1,06500/ – രൂപയും ബചത് പഞ്ചായത്ത് ആക്കിയതിൻെറ ഗ്രാൻറ് തുകയും ചേർത്ത് കൊടുവായൂർ ഗ്രാമപീടികയിൽ ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുകയും അതിൽ നിന്നും 1080 / – രൂപ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കുകയും ചെയ്യുന്നു.

## കൊടുവായൂർ പഞ്ചായത്തിലെ മുൻ സാരഥികൾ :-

1. വിശ്വമണി അയ്യർ, കേരളപുരം
2. കുഞ്ഞിശങ്കരഗുരുക്കൾ, മൂത്താന്തറ.
3. ടി.കെ. കേലുക്കുട്ടി, തേങ്കുറുശ്ശി
4. പി.കെ. രാമസുബ്രഹ്മണ്യം, എത്തനൂർ
5. ഡോ. സി.കെ. നായർ, തോട്ടക്കാട്ടുതറ.
6. എ.എച്ച് മുഹമ്മദ് ഷാ തങ്ങൾ, പുതുനഗരം
7. ശ്രീ. എ. ഗോപാലകൃഷ്ണനെഴുത്തശ്ശൻ, കൊടുവായൂർ.
8. എ. ആറുമുഖൻ, നവക്കോട്
9. ഇ.ടി. ഗോവിന്ദൻ കുട്ടി, എത്തനൂർ പത്മ നിവാസ്.

127

## കൊടുവായൂർ പഞ്ചായത്തിലെ ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ :-

1. ശ്രീമതി. സി. ലക്ഷ്മിക്കുട്ടിയമ്മ (പ്രസിഡണ്ട്)
2. കൃഷ്ണൻ. M. (വൈസ് പ്രസിഡണ്ട്)
3. തങ്കപ്രകാശ്. കെ (സ്റ്റാൻ. ചെയർമാൻ)
4. എം. ഉമ്മർഫറൂക്ക് (മെംബർ)
5. രാജലക്ഷ്മി എസ് (മെംബർ)
6. ലീലാവതി .കെ (മെംബർ)
7. പാർവതി .കെ (മെംബർ)
8. കേശവൻ. വി. (മെംബർ)
9. സി.കെ. മോഹൻദാസ് (മെംബർ)
10. ശങ്കരൻ എം. (മെംബർ)
11. മുഹമ്മദ് ഫറൂഖ് ടി.എം. (മെംബർ)

അധികാര വികേന്ദ്രീകരണത്തിന്നും വികേന്ദ്രീകൃത ആസൂത്രണത്തിനും പുതിയ മാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി രൂപീകരിക്കപ്പെടുന്ന ചരിത്ര മുഹൂർത്തമാണിത്. ഗ്രാമസഭകളിലൂടെയും അയൽക്കൂട്ടങ്ങളിലൂടെയും സംജാതമായ ജനകീയ പങ്കാളിത്തം ഊട്ടിയുറപ്പിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിൻെറ സമഗ്ര വികസനം നേടിയെടുക്കാൻ നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം.

128

# 2

## പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : കൊടുവായൂർ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : കൊടുവായൂർ I ഉം II വില്ലേജ്. |
| ബ്ളോക്ക് പഞ്ചായത്ത് | : കൊല്ലങ്കോട് |
| താലൂക്ക് | : ചിറ്റൂർ |
| അസംബ്ളി മണ്ഡലം | : കൊല്ലങ്കോട് |
| വിസ്തീർണ്ണം | : 20.61. s.q. k.m. |
| അതിരുകൾ | |
| വടക്ക് | - തേൻകുറിശ്ശി |
| പടിഞ്ഞാറ് | - തേൻകുറിശ്ശി |
| തെക്ക് | - പല്ലശ്ശേന |
| കിഴക്ക് | - പുതുനഗരം, പെരുവമ്പ്. |
| വാർഡ് | - 11 എണ്ണം |
| ജനസംഖ്യ | - 25927 |
| പുരുഷൻ | - 12658 |
| സ്ത്രീകൾ | - 13269 |
| ജനസാന്ദ്രത | - 1258 |
| അക്ഷരാഭ്യാസമുള്ളവർ | |
| പുരുഷൻ | : 86.07 |
| സ്ത്രീകൾ | : 74. 05. |

129

# 3
# സാമൂഹിക സാംസ്ക്കാരിക ചരിത്രം

1956 വരെ മദ്രാസ് സ്റ്റേറ്റിൻെറ ഭാഗമായിരുന്ന കൊടുവായൂരിൻെറ പ്രാക്തന ചരിത്രം കുതിരവട്ടത്തു സ്വരൂപവുമായി ബന്ധപ്പെട്ടു കിടക്കുന്നു. കോഴിക്കോട് സാമൂതിരിയുടെ സാമന്തനായിരുന്ന കുതിരവട്ടത്തു നായരുടെ ഭരണത്തിൻ കീഴിലായിരുന്നു കൊടുവായൂരും സമീപപ്രദേശങ്ങളും. കുതിരവട്ടത്തു തമ്പുരാൻെറ ഭരണ സിരാകേന്ദ്രമായിരുന്ന എട്ടുകെട്ടും കോട്ടയും ഈ അടുത്ത കാലം വരെ നിലനിന്നിരുന്നു. അദ്ദേഹത്തിൻെറ ഭരദേവതയായ തിരുവിളയാനാടു ഭഗവതി ക്ഷേത്രത്തിൻെറ പടിഞ്ഞാറെ നടയിലുള്ള ഗോപുരം മാത്രം ഗതകാല പ്രതാപത്തിൻെറ ചരിത്രസാക്ഷിയായി ഇന്നു നിലകൊള്ളുന്നു.

കൊടുവായൂരിനു തൊട്ടുള്ള കാക്കയൂരിലെ കോട്ടമല പണ്ടു സാംസ്ക്കാരിക കേന്ദ്രമായിരുന്നു.. കോട്ടവായിൽ ഊര് - കൊടുവായിലൂരും പിന്നീട് കൊടുവായൂരും ആയി ലോപിച്ചിരിക്കാം. കൊടുവായൂരിൽ പണ്ടു 'മഗ്മ' എന്ന അതിർത്തിച്ചുങ്കം കർശനമായി യാത്രക്കാരെ തടഞ്ഞു നിർത്തി പിരിക്കുക പതിവായിരുന്നു. ക്ഷേത്രച്ചെലവിനത്തിലേക്കാണത്രെ ഈ പണം വിനിയോഗിച്ചിരുന്നത്. ബ്രിട്ടീഷ് ഭരണാരംഭത്താൽ കൊടുവായൂരിലെ അതിർത്തിച്ചുങ്കം'മഗ്മ' നിർത്തൽ ചെയ്തുകൊണ്ട് ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനി വിജ്ഞാപനം പുറപ്പെടുവിച്ചതായി പ്രസിദ്ധ പണ്ഡിതനും സ്ഥലനാമചരിത്രകാരനുമായ പി.വി.കെ. വാലത്ത് തൻെറ "കേരളത്തിലെ സ്ഥല ചരിത്രങ്ങൾ - പാലക്കാട് ജില്ല " എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

കൊടുവായൂർ ദേശത്തെ മിക്കവാറും സ്ഥലങ്ങൾ കുതിരവട്ടം വക ജൻമം ആണ്. മറ്റുള്ളവ കേരളപുരം ദേവസ്വം വകയുമായിരുന്നു. ഭൂപരിഷ്ക്കരണത്തോടെ ജൻമി കുടിയാൻ ബന്ധങ്ങളിൽ വന്ന ഉലച്ചിൽ കോട്ടയുടെ സുസ്ഥിതിയേയും ബാധിച്ചു. കല്ലടിക്കോടൻ മലകളിൽ തമ്പുരാൻ തീരത്ത കല്ലണയുടെ കടഭാരം കൂടിയായപ്പോൾ പിടിച്ചു നിൽക്കാനാകാതെ കോട്ടയുടെ കോട്ടയുടെ ഭരണഭാരം റിസീവറെ ഏല്പിച്ചുകൊണ്ട് ഒടുവിലത്തെ ഭരണാധികാരിയായ കുഞ്ഞുണ്ണിത്തമ്പുരാൻ പുലാപ്പറ്റയ്ക്ക് പോകുകയാണുണ്ടായത്.

പാലക്കാട്ടുശ്ശേരി രാജാവിൻെറ ആശ്രിതരായി പാണ്ടിനാട്ടിൽ നിന്നും കുടിയേറിയ തഞ്ചാവൂർ, ചിദംബരം, സേലം, തിരുനൽവേലി ബ്രാഹ്മണർ കൊടുവായൂരിൻെറ ചരിത്രത്തിൻെറയും

130

സംസ്ക്കാരത്തിന്റെയും ഭാഗമായി മാറി. സാമൂതിരി മഹാരാജാവിന്റെ ബഹുമാനാദരങ്ങൾക്ക് പാത്രമായ സുന്ദര ദീക്ഷിതരും അഗ്രഹാരങ്ങളെ സംഗീതസാന്ദ്രമാക്കിയ സംഗീതജ്ഞരും ഈ തിളക്കമാർന്ന ചരിത്രത്തിന്റെ ഭാഗമാണ്. ചിദംബരം ക്ഷേത്രത്തിന്റെ വാസ്തു മാതൃകയിൽ തീർത്ത കേരളപുരം വിശ്വനാഥ സ്വാമിക്ഷേത്രവും ധനുമാസക്കുളിരിൽ ആതിരാ ദർശനം നൽകുന്ന സാംബശിവൻ എഴുന്നെള്ളുന്ന രഥവും നമ്മുടെ സമ്പന്നമായ സംസ്ക്കാരസമന്വയത്തെ കാണിക്കുന്നു.

കൊടുവായൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന നൊച്ചൂർ അഗ്രഹാരത്തിലെ ക്ഷേത്രത്തോടനുബന്ധിച്ചുള്ള രഥോത്സവവും കൊയ്മാർ പാടത്ത് എല്ലാവർഷവും നടത്തിവരാറുള്ള ശൂരസംഹാര മഹോത്സവവും കാക്കയൂർ കോട്ട മലയിൽ പ്രാചീന കാലംമുതൽ നടത്തിവരാറുള്ള വിളക്കുത്സവവും കൊടുവായൂരിന്റെ സാംസ്ക്കാരികചരിത്രത്തോടുചേർന്നു കിടക്കുന്നു.

രണ്ടാം ചേരസാമ്രാജ്യകാലത്ത് നിലനിന്നിരുന്ന നാട്ടുകൂട്ടങ്ങളായ മന്ദങ്ങളിൽ അരങ്ങേറിയിരുന്ന കണ്യാർകളിയും പൊറാട്ടുവേഷവും പഴയ സാമൂഹികവ്യവസ്ഥിതിയിലേക്ക് വിരൽചൂണ്ടുന്നു. സമരസന്നദ്ധരായ ഒരു ജനതയുടെ ആയോധനകലയും അനുഷ്ഠാനകലയുമാണ് കണ്യാർകളി. ആത്മീയ വിഷയപ്രധാനമായ കണ്യാർഗാനങ്ങളും പുറം വിഷയങ്ങളെ ലൗകികകാര്യങ്ങളെ ആടി അവതരിപ്പി ക്കുന്ന പുറാട്ടു പാട്ടുകളും ഗവേഷണം അർഹിക്കുന്ന ചരിത്രവസ്തുതകൾ കൂടിയാണ്.

ടിപ്പുവിന്റെ പടയോട്ടത്തിന്റെ പാടുകൾ നരിക്കോട്ടുക്ഷേത്രത്തിലും ഒടുകംപാറ തിരു നാഗകുറിശ്ശി ക്ഷേത്രത്തിലും കോട്ടമലയിലും ദർശിക്കാവുന്നതാണ്. ഖിലാഫത്തു പ്രസ്ഥാനത്തിന്റെ പിന്നാലെ വന്ന മാപ്പിള ലഹള കൊടുവായൂരിനെ ബാധിച്ചിട്ടില്ല. കാർഷികരംഗത്തും വാണിജ്യരംഗത്തും ഒത്തൊരുമിച്ചു പ്രവർത്തിച്ചിരുന്ന ഹിന്ദു- മുസ്ലീം സമുദായാംഗങ്ങൾ അഭിമാനകരമായ സൗഹൃദമാണ് അന്നും പുലർത്തിയത്.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ വന്ന സാംസ്ക്കാരിക സാമൂഹിക മാറ്റങ്ങൾ കൊടുവായൂ രിലും സംഭവിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്താണ് ഈ മാറ്റം ആദ്യം ദൃശ്യമായത്. 1853- ൽ എലിമെന്ററി സ്ക്കൂളായി ആരംഭിച്ച കൊടുവായൂർ ഗവ. ഹയർ സെക്കന്ററിസ്ക്കൂളും 1912-ൽ ആരംഭിച്ച പെൺകുട്ടി സ്ക്കൂളും പള്ളിയിൽ ചാത്തുക്കുട്ടിമേനോൻ ആരംഭിച്ച കാക്കയൂർ സ്ക്കൂളും ഇന്നത്തെ ഹൈസ്ക്കൂളിന് വടക്കുഭാഗത്തായി പരമേശ്വരയ്യർ തുടങ്ങിയതും പിന്നീട് മാലുമന്ദാടിയാർ ആൽത്തറയ്ക്കടുത്ത് സ്ഥാപിച്ചതുമായ M.M.M.S.B.S ഉം കൊടുവായൂരിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1918-ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടശേഷം പ്രഗത്ഭരും പ്രശസ്തരുമായ ഒട്ടേറെ വ്യക്തികളെ സംഭാവനചെയ്ത ഹയർസെക്കണ്ടറിസ്ക്കൂൾ നമ്മുടെ വിദ്യാഭ്യാസ പുരോഗതിയുടേയും സംസ്ക്കാരത്തിന്റെയും നടുത്തൂൺ ആണ്. 1912-ൽ എത്തനൂരിൽ L.P. സ്ക്കൂളായി തുടങ്ങിയ ഡിസ്ട്രിക്റ്റ് ബോർഡ് സ്ക്കൂൾ ഇപ്പോൾ ഗവൺമെന്റു യു.പി. സ്ക്കൂളായി പ്രവർത്തിക്കുന്നു. കൂടാതെ, എ.എൽ പി. സ്ക്കൂൾ നൊച്ചൂർ എൽ. പി. സ്ക്കൂൾ വെട്ടുംപുള്ളി, എൽ. പി. സ്ക്കൂൾ എത്തനൂർ, എ.എൽ.പി. സ്ക്കൂൾ വടക്കുംപാടം എന്നിവയും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളാണ്.

വിദ്യാഭ്യാസത്തിലൂടെ കൈവന്ന നവോൻമേഷം സ്വാതന്ത്ര്യബോധത്തിനും തിരികൊളുത്തി. മഹാത്മാഗാന്ധിയുടെ വരവോടെയാണ് ബ്രിട്ടീഷുകാരുടെ ഒരു പ്രധാന കേന്ദ്രമായ കൊടുവായൂരിൽ സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശം എത്തിയത്. 1932-ൽ കൊടുവായൂരിൽ എത്തിയ മഹാത്മജി ആൽത്തറയുടെ പടിഞ്ഞാറുവശം ഉയർത്തിയ സ്റ്റേജിൽ നിന്നു പ്രസംഗിച്ചത് തച്ചങ്കോട്ടുകാരനായ വെള്ളയാണ്ടിക്കാരണവർ അനുസ്മരിക്കുന്നു. A.I.C.C മെമ്പർ ആയിരുന്ന പാറമ്പറമ്പത്ത് കുട്ടികൃഷ്ണ മേനോനായിരുന്നു മുപ്പതുകളിൽ സ്വാതന്ത്ര്യസമരങ്ങൾക്ക് മാർഗ ദർശനം നൽകിയത്.

131

1938-39 കാലഘട്ടങ്ങളിൽ കൊടുവായൂരിൽ നടന്ന ബീഡിത്തൊഴിലാളി സമരം മഹാത്മജിയുടെ വരവിൻെറ സന്ദേശം കൂടുതൽ ഉൾക്കൊണ്ടത് ഇവിടത്തെ സാധാരണ ജനങ്ങളാണെന്നതിനു തെളിവാണ്. സ്വാതന്ത്ര്യ സമരത്തിൻെറ അലകൾ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഇവിടത്തെ ബീഡിത്തൊഴിലാളികൾ നടത്തിയ സമരം കൊടുവായൂരിൻെറ ചരിത്രത്തിലെ നിർണ്ണായക ഘടകമാണ്. ഒരു കെട്ട് ഇലയും രണ്ടുമുക്കാൽ കൂലിയും കൂടുതൽ കിട്ടണമെന്ന മുദ്രാവാക്യത്തോടെ മുതലാളിത്തത്തിൻെറ കരാള ഹസ്തങ്ങളേ തച്ചുടയ്ക്കാൻ ആഗ്രഹിച്ച തൊഴിലാളികൾ മുതലാളിത്തത്തിനു പിന്നിൽ ശക്തമായി നിലനിന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പ്രത്യക്ഷമായിത്തന്നെ ആഞ്ഞടിച്ചു. സമരക്കാർ അനുഭവിച്ച യാതനകളും വേദനകളും അവിസ്മരണീയമായ ചരിത്ര സംഭാവനകളാണ്. ബ്രിട്ടീഷ് പട്ടാളം തോക്കും ലാത്തിയും കൊണ്ട് അടിച്ചമർത്താൻ ശ്രമിച്ച സന്ദർഭങ്ങളിൽ പലർക്കും ജീവനും സ്വത്തും നഷ്ടപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. ശേഷിച്ചവർ പലരും നാടുവിട്ടു പോയതായും ഇന്നത്തെ പ്രായംചെന്ന വ്യക്തികൾ ഓർക്കുന്നു. തുടർന്ന് സംഘടന ശക്തിപ്പെടുത്താനായി കർഷകപ്രസ്ഥാനത്തിന് രൂപം നൽകുകയും കൂടുതൽ ശക്തിയോടെ സമരസംരംഭങ്ങൾക്ക് വഴിതെളിക്കുകയും ചെയ്തു. 1957-59 വരെ ബീഡിതൊഴിലാളികളെ കേന്ദ്രീകരിച്ചുമാത്രം നിലനിന്നിരുന്ന ഈ വ്യാപാരകേന്ദ്രം സാമൂഹികരംഗത്തും വാണിജ്യരംഗത്തും ഇന്നുകാണുന്ന മുഴുവൻ പുരോഗമനത്തിനും കർഷക പരിഷ്ക്കരണ നിയമത്തോടു കടപ്പെട്ടിരിക്കുന്നു.


കൊടുവായൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ.S.K. മന്നാടിയാർ, പ്ലാത്തൂർ മില്ലിൻെറ ഉടമയായിരുന്ന ഭാസ്ക്കരമന്നാടിയാർ, കിഴക്കേത്തല നൂർമുഹമ്മദ് തുടങ്ങിയവരാണ് 40 കളിൽ ദേശീയ സമരത്തിന് നമ്മുടെ കൊടുവായൂരിൽ നേതൃത്വം നൽകിയത്. ഗുരുവായൂർ സത്യാഗ്രഹത്തിൻെറ ആവേശം നമ്മുടെ കൊടുവായൂരിലും ഇവരെത്തിച്ചു. കേരളപുരം ക്ഷേത്രത്തിൻെറ പടിഞ്ഞാറെ നടയിൽനിൽക്കുന്ന രണ്ടാമത്തെ ആലിനപ്പുറം നിന്നുമാത്രം ശ്രീകോവിൽത്തിരി കണ്ടിരുന്ന ഹരിജനങ്ങളെ ശ്രീകോവിലിനുള്ളിൽ കൊണ്ടുപോയി തൊഴുതിച്ചത് സാമൂഹിക ചരിത്രത്തിലെ തിളക്കമാർന്ന അധ്യായമാണ്. സ്വാതന്ത്ര്യസമരപോരാളികളായിരുന്നു ഇതിന് നേതൃത്വം നൽകിയത്. അയിത്തോച്ചാടനത്തിൻെറ ഭാഗമായി പന്തിഭോജനവും ഇവിടെ നടന്നിട്ടുണ്ട്.

മലബാർ ടെനൻസി നിയമത്തിൻെറയും കേരള ഭൂപരിഷ്ക്കരണ നിയമത്തിൻെറയും ഫലമായി കാർഷിക ഭൂ ഉടമാബന്ധങ്ങളിൽ വന്ന മാറ്റം സാമൂഹികരംഗത്ത് ശ്രദ്ധേയമാണ്. ജൻമിത്വം ഇല്ലാതാവുകയും കാർഷിക ബന്ധങ്ങളിൽ ഉലച്ചിൽ ഉണ്ടാവുകയും ചെയ്തു. ഭൂമി സ്വന്തമായി കിട്ടിയ വിഭാഗം സാമ്പത്തികമായി മുന്നേറുകയും സമ്പന്നമായൊരു മധ്യവർഗം സമൂഹത്തിൽ സംജാതമാവുകയും ചെയ്തു. 70- കളിൽ നടന്ന കർഷക സമരങ്ങളിലൂടെ അവകാശബോധമുള്ള ഒരു ജനസമൂഹം സംജാതമായി. നാലണകൂലിയും 18 ന് ഒന്ന് പതമ്പുമായി കഴിഞ്ഞിരുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് മാന്യമായ ജീവിത സാഹചര്യം പ്രദാനം ചെയ്തത് കർഷകത്തൊഴിലാളികളുടെ സംഘടനാശക്തിയാണ്. ജൻമിത്വത്തിൻെറ അദൃശ്യശക്തിയിൽ നിന്നും ബ്രിട്ടീഷുകാരുടെ ഉരുക്കുമുഷ്ടിയിൽ നിന്നും മോചനം നേടി തൊഴിലാളികളുടെ സംഘശക്തിയിൽ എത്തി നിൽക്കുന്ന ഒരു സമൂഹപരിവർത്തനമാണ് ഇവിടെ നാം കാണുന്നത്.

132

# 4.

# ഭൂപ്രകൃതിയും വിഭവങ്ങളും



**ഭൂപ്രകൃതി : –**

കൊടുവായൂർ പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പ് പൊതുവെ നോക്കിയാൽപടിഞ്ഞാറോട്ട് ചരിഞ്ഞ് കിടക്കുന്നതായിക്കാണാം. വാർഡ് അടിസ്ഥാനത്തിൽ കിഴക്കേത്തല, പെമ്പോത്തുകുളമ്പ്, വടക്കും പാടം, നവക്കോട് എന്നീ ഭാഗങ്ങൾ വടക്കു പടിഞ്ഞാറു ഭാഗത്തേക്ക് ചരിഞ്ഞു കിടക്കുന്നു. പിട്ടുപ്പീടിക, മീഞ്ചറക്കാട്, കാക്കയൂർ, വാക്കോട് ഈ ഭാഗങ്ങൾ പടിഞ്ഞാറോട്ടു ചരിഞ്ഞു കിടക്കുന്നു.

5-ാം വാർഡിലെ ഏകദേശം 2 മൈൽ വിസ്തൃതിയുള്ള 'കോട്ടമല' എന്നറിയപ്പെടുന്ന മലയാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ സ്ഥലം. ഇതിനു സമീപത്തായി പുന്നക്കോട് എന്നറിയപ്പെടുന്ന സ്ഥലത്ത് ഒരു കുന്നുണ്ട്. പൊതുവെ ഭൂമി നിമ്നോന്നതമാണ്. നിരപ്പായ തലങ്ങളും കാണപ്പെടുന്നു.

കരിമണ്ണ്, ചെമ്മണ്ണ്., മണൽമണ്ണ്, പശിമരാശി മണ്ണ് എന്നിവയാണ് പൊതുവേ കാണപ്പെടുന്ന മൺ തരങ്ങൾ. നിരപ്പായ സ്ഥലങ്ങളിൽ നെൽകൃഷിയാണ് പ്രധാനം. കരഭാഗങ്ങളിൽ തെങ്ങ്, മാവ്, പുളി, നെല്ലി, പ്ലാവ്, വേപ്പ്, തേക്ക്, ഈട്ടി, പന, മുള, വേങ്ങ തുടങ്ങിയ സസ്യജാലങ്ങളും പാഴ്മരങ്ങളായ മഞ്ഞപ്പാവട്ട, വാക, ആൽ തുടങ്ങിയവയും കണ്ടുവരുന്നു.

133

**ജലലഭ്യത :-**

പഞ്ചായത്തിൽ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ് ചെയ്യുന്നത്. കൂടാതെ മലമ്പുഴ, ചിറ്റൂർപ്പുഴ, മീങ്കര എന്നീ ജലസേചന പദ്ധതികളിലൂടെ ജലം ലഭിക്കുന്നു. എന്നാൽ ആവശ്യമായ സമയത്ത് ഈ ജലസേചന പദ്ധതികളിൽ നിന്നും വേണ്ടത്ര ജലം ലഭിക്കുന്നില്ല എന്നുള്ളത് ഒരു പോരായ്മയാണ്. ആയതിനാൽ പല കൃഷികളും വരൾച്ച ബാധിച്ച് നശിച്ചു പോകുന്നു. മീങ്കര ജലസേചനപദ്ധതിയിൽപ്പെട്ട ഒന്നാം വാർഡിലെ നൊച്ചൂർ, രണ്ടാം വാർഡിലെ പൂശാരികുളമ്പ്, എലന്തപ്പാടം, കണ്ണൻങ്കോട് എന്നീ പ്രദേശങ്ങളിൽ ജലസേചനം ഭാഗികമായേ ലഭിക്കുന്നുള്ളു.

ചിറ്റൂർ പുഴ പദ്ധതി പ്രദേശങ്ങളായ പത്താം വാർഡിലെ നെല്ലിക്കോട്, വടക്കുംപാടം, വീട്ടിയോട്, 11-ാം വാർഡിലെ നവക്കോട്, 4-ാം വാർഡിലെ വെട്ടുംപുള്ളി, ചെത്തിയോട്, കോളോട്, കൊരങ്ങോട്, 9-ാം വാർഡിലെ ചാന്തുരുത്തി, കുരുടൻ കുളമ്പ്, 6-ാം വാർഡിലെ വാക്കോട്, ചെറുതോട്, ഞായർറോഡ് എന്നിവിടങ്ങളിൽ ഭാഗികമായി മാത്രമേ വെള്ളം ലഭിക്കുന്നുള്ളു. തൻമൂലം ഈ ഭാഗങ്ങളിലെ രണ്ടാം വിള നെൽകൃഷി വരൾച്ച ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

ഈ പദ്ധതിയുടെ കീഴിൽ വരുന്ന പെരണ്ടിപ്പാടം, നാരായണൻ കാടുവഴി കൊങ്ങത്തുകുഴിവരെ കനാൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും ഒരിക്കൽപോലും ഈ പ്രദേശങ്ങളിൽ ജലം എത്തിയിട്ടില്ല എന്നുള്ളത് അത്യന്തം ഖേദകരമായ ഒരു വസ്തുതയാണ്.

ഈ പഞ്ചായത്തിൽ 54 ഏക്കർ സ്ഥലത്തുകൂടിതോട് ഒഴുകുന്നുണ്ട്. ഇതിൽ ഈച്ചരാംപാടത്ത് ഒരു തടയണ നിർമ്മിച്ച് ആ ഭാഗത്തെ ജലസേചനം കാര്യക്ഷമമാക്കിയിട്ടുണ്ട്. സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുകയാണെങ്കിൽ മഴക്കാലങ്ങളിൽ പാഴായിപോകുന്ന ജലം സംഭരിക്കാനും ജലസേചനസൗകര്യം വർദ്ധിപ്പിക്കാനും കഴിയും.

പഞ്ചായത്തിൽ ചെറുതും വലുതുമായി 99 ഓളം കുളങ്ങളുണ്ടെങ്കിലും ഇവയിൽ ഭൂരിഭാഗവും വേനൽക്കാലത്ത് വരണ്ടുപോകുന്നതായിക്കാണാറുണ്ട്. മഴക്കാലങ്ങളിൽ ലഭിക്കുന്ന ജലം കുളങ്ങളിലും തോടുകളിലും സംഭരിക്കുകയാണെങ്കിൽ വേനൽക്കാലങ്ങളിൽ ഒരു പരിധിവരെ കുളങ്ങളിലേയും കിണറുകളിലേയും ജലം സംരക്ഷിക്കാൻ കഴിയും.

പഞ്ചായത്തിൽ 42 കുഴൽ കിണറുകളുൾപ്പെടെ 200 പൊതു കിണറുകളുണ്ട്. ഇവയിലെ ജലം ഭൂരിഭാഗവും കുടിക്കുന്നതിനുപയോഗിക്കുന്നു. ഈ പഞ്ചായത്തിലെ കിണറുകളും കുളങ്ങളും യഥാസമയം കേടുപാടുകൾ തീർത്തു സംരക്ഷിച്ചാൽ മണ്ണൊലിപ്പ് തടയുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കഴിയും.

**കാലാവസ്ഥ :-**

പഞ്ചായത്തിൽ 120 c.m. നും 160 c.m. നും ഇടയ്ക്ക് മഴ ലഭിക്കുന്നുണ്ട്. ഈ വർഷം 138 cm മഴയാണ് ലഭിച്ചത്. ജൂൺമാസം മുതൽ ഒക്ടോബർ മാസം വരെ ഇവിടെ മഴലഭിക്കുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽ രാത്രി കാലങ്ങളിലും പ്രഭാതത്തിലും $20^{0}$ c വരെ മാത്രമേ ചൂടുള്ളു. എന്നാൽ ഏപ്രിൽ മെയ് മാസങ്ങളിൽ $41^{0}$c വരെ അത്യുഷ്ണം അനുഭവപ്പെടുന്നു.

ജൂൺ മുതൽ ഒക്ടോബർ വരെ - മഴക്കാലം

നവംബർ മുതൽ ഫെബ്രുവരി വരെ മഞ്ഞുകാലം

മാർച്ചു മുതൽ മെയ് വരെ ചൂടുകാലം

തുലാവർഷത്തെ അപേക്ഷിച്ച് കാലവർഷമാണ് ഇവിടെ കൂടുതൽ ലഭിക്കുന്നത്. ഇടമഴയായി ജനുവരിയിലും മെയ് മാസത്തിലും 4 സെ.മീ. വരെ മഴ ലഭിക്കാറുണ്ട്.

**മണ്ണ്:-**

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 20.61 Sq. k.m. ആണ്. പ്രധാനമായും ഇവിടെ പശിമരാശിമണ്ണാണ് കാണുന്നത്. കൂടാതെ ചില സ്ഥലങ്ങളിൽ ചുവന്നമണ്ണ്, മണൽചേർന്ന മണ്ണ് കളിമണ്ണ് എന്നിവ ചെറിയ തോതിൽ കാണുന്നുണ്ട്.

പൊന്നുമംഗലം, പുന്നക്കോട്, ചെത്തിയോട്, കല്ലോട്ടുകുളം, തച്ചങ്കോട്, തകരക്കാട്, മയിലാർ റോഡ്, കുന്നുകാട് എന്നീ പ്രദേശങ്ങളിൽ ഉയർന്നു നിൽക്കുന്ന പാറകൂട്ടങ്ങൾ കാണാം. കണ്ണങ്കോട്, നെല്ലിക്കോട്, ചെത്തിയോട്, കോളോട് ചാന്തുരുത്തി എന്നീ പ്രദേശങ്ങളിലെ മണ്ണ് ഇഷ്ടിക നിർമ്മാണത്തിന് യോജിച്ചതാകയാൽ ആ പ്രദേശങ്ങളിൽ വൻതോതിൽ ഇഷ്ടിക നിർമ്മാണം നടത്തിവരുന്നു.

**ഭൂവിനിയോഗം**

**ഭൂവിനിയോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| | |
|---|---|
| കൃഷിഭൂമി | 2159 ഏക്കർ |
| കാർഷികേതര ഭൂമി | 3210 ഏക്കർ |
| തരിശുഭൂമി | 635 ഏക്കർ |
| മൈതാനങ്ങൾ | 230 ഏക്കർ |
| റോഡുകൾ | 56 ഏക്കർ |
| തോടുകൾ | 54 ഏക്കർ |
| കുളങ്ങൾ | 22 ഏക്കർ |

പഞ്ചായത്ത് പ്രദേശത്തെ മുഖ്യവിള നെൽകൃഷിയാണ്. നെൽകൃഷിക്ക് ഉപയുക്തമായ ഏക്കർ കണക്കിന് ഭൂമി ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി നിരപ്പാക്കി കഷ്ണങ്ങളാക്കി വിൽക്കുന്ന സ്വഭാവം കണ്ടു തുടങ്ങിയിരിക്കുന്നു. ഇത് അടിയന്തിരമായി നിർത്തലാക്കിയില്ലെങ്കിൽ പാലക്കാടിന്റെ നെല്ലറയായ കൊടുവായൂർ ഗുരുതരമായ ഭക്ഷ്യക്ഷാമത്തെ അഭിമുഖീകരിക്കേണ്ടിവരും.

കഴിഞ്ഞവർഷം ഈ പഞ്ചായത്തിലെ നെല്പാടങ്ങളിൽ നിന്ന് ഒന്നാം വിളയായി 3234 മെട്രിക് ടൺ നെല്ലും ഉല്പാദിപ്പിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഉല്പാദന ക്ഷമത ഒന്നാംവിള 4000 kg ഹെക്ടർ രണ്ടാംവിള 3500 kg ഹെക്ടർ.

ഈ പഞ്ചായത്തിന്റെ വടക്കുഭാഗം പുതുനഗരം പെരുവെമ്പ് പഞ്ചായത്ത് അതിർത്തികളും തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ പല്ലശ്ശേന - തേങ്കുറിശ്ശി പഞ്ചാത്ത് അതിർത്തികളുമാണ്

**മനുഷ്യവിഭവങ്ങൾ**

പഞ്ചായത്തിൽ 12658 പുരുഷൻമാരും 13269 സ്ത്രീകളും ഉൾപ്പെടെ മൊത്തം 25927 പേരാണുള്ളത്. അതിൽ പുരുഷൻമാരുടെ സാക്ഷരത 86.07% വും സ്ത്രീകളുടേത് 74.5% വും ആണ്. പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ 2466 പുരുഷൻമാരും 2543 സ്ത്രീകളുമുൾപ്പെടെ ആകെ 5009 പേരാണുള്ളത്. ഇവരുടെ സാക്ഷരതാനിലവാരം 11% മാത്രമായിരുന്നത് ഇപ്പോൾ സാക്ഷരതാ യജ്ഞത്തിലൂടെ ഏതാണ്ട് സമ്പൂർണ്ണസാക്ഷരത്വം നേടിയിരിക്കയാണ്.

135

| | തൊഴിൽ സംബന്ധിക്കുന്ന വിവരം | പു. | സ്ത്രീ. | ആകെ |
|---|---|---|---|---|
| 1. | മുഴുവൻ സമയ തൊഴിലാളികൾ | 6247 | 2814 | 9061 |
| 2. | കൃഷിക്കാർ | | | 529 |
| 3. | കർഷകത്തൊഴിലാളികൾ | | | 3562 |
| 4. | ചെറുകിട വ്യവസായം | | | 1209 |
| 5. | മറ്റുള്ളവ | | | 229 |

പഞ്ചായത്തിലെ ഓലമേഞ്ഞ വീടുകളുടെ എണ്ണം കുറവാണ്. കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കാനുള്ള പ്രവണതയാണ് കൂടുതൽ ആളുകളിലുള്ളത്. 5% കെട്ടിടങ്ങൾ ഇരുനില കെട്ടിടങ്ങളാണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ സൗകര്യം സാമാന്യം തൃപ്തികരമാണ്. സ്വകാര്യമേഖയിലെ ഒരു ഉപരിവിദ്യാഭ്യാസ സ്ഥാപനമുൾപ്പെടെ ഇരുപതോളം വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ചില വാർഡുകളിൽ ഇനിയും വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ആസൂത്രണം നാം നടത്തേണ്ടതായിട്ടുണ്ട്.

136

5

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

# 5.1

# കൃഷിയും ജലസേചനവും



കൊടുവായൂർ ഗ്രാമപഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 20.61 Sq. k.m. ആണ് കൊടുവായൂർ പാലക്കാടിൻെറ നെല്ലറയായ ചിറ്റൂർ താലൂക്കിലെ ഫലഭൂയിഷ്ടമായ പ്രദേശങ്ങളിൽ പ്രധാനപ്പെട്ടതാണ് കൊടുവായൂർ പഞ്ചായത്ത് ഇവിടുത്തെ പ്രധാന കൃഷി നെല്ലാണ്. തെങ്ങ്, ഇഞ്ചി, കച്ചോലം, മാവ്, കശുമാവ്, മുതലായവയിൽ ഇടവിളകളായി കവുങ്ങ്, കുരുമുളക്, ഉഴുന്ന്, പയർ, കൊള്ള് (മുതിര) തുടങ്ങിയവും കൃഷിചെയ്യപ്പെടുന്നു.

ഈ പ്രദേശത്ത് മൈലാറോഡ്, കാക്കയൂർ, എത്തനൂർ ഭാഗങ്ങളിലൂടെ ഒഴുകുന്ന തോട് ജലസേചനത്തിന് ഉപയോഗപ്രദമാണ്. മലമ്പുഴ, ചിറ്റൂർപുഴ മീങ്കര എന്നീ ജലസേചനപദ്ധതികളിൽ നിന്ന് കൃഷിക്ക് വെള്ളം ലഭിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട ജലസേചനമാർഗം കുളങ്ങളാണ്. ജലസേചനം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഒരു വിളമാത്രമാണ് ലഭിക്കുന്നത്. ചിറ്റൂർപുഴ, മീങ്കര, ആയകെട്ട് പ്രദേശങ്ങളിൽ വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇടത്തരം കർഷകരും നാമമാത്രകർഷകരുമാണ് കൂടുതൽ പട്ടിക തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക -1

| | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | വൻകിട കർഷകർ (2ഹെക്ടറിനു മുകളിൽ) | 150 |
| 2. | ചെറുകിട കർഷകർ (1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ) | 500 |
| 3. | നാമമാത്ര കർഷകർ (1 ഹെക്ടറിന് താഴെ) | 600 |



138

ഏകദേശം 3500 കർഷകത്തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. സ്ത്രീത്തൊഴിലാളികളാണ് ബഹുഭൂരിപക്ഷവും ആദ്യകാലത്ത് കുളങ്ങളും തോടുകളുമായിരുന്നു പ്രധാന ജലസ്രോതസ്സുകൾ. മലമ്പുഴ ഡാമിൻെറ നിർമ്മാണത്തോടെ വെള്ളം ലഭ്യമാകുകയും കൂടുതൽ പ്രദേശങ്ങളിൽ രണ്ടുപുവ്വൽ കൃഷിയിറക്കാൻ കഴിയുകയും ചെയ്തപ്പോൾ കർഷകരിൽ പുതിയൊരു ഉണർവുണ്ടാവുകയും ചെയ്തു. ചിറ്റൂർപുഴ കനാൽനിർമ്മാണം ആശയോടെ വീക്ഷിച്ച കർഷകർ ആവശ്യത്തിന് ജലം ലഭിക്കാത്തതിനാൽ ഇന്ന് ആശങ്കയിലാണ്. ഈ കനാൽനിർമ്മാണത്തോടെ പരമ്പരാഗതമായി മലഉറവകൾ ഉപയോഗിച്ച് കൃഷിചെയ്തിരുന്ന കർഷകർക്ക് കനാലിൻേറയും ഉറവകളുടേയും ഗുണം ലഭ്യമാകാതെ നിരാശയിലായിരിക്കുകയാണ് കാക്കയൂർ ഭാഗത്തെ കർഷകർ. മീങ്കര ഡാമിൻെറ ഗുണഭോക്താക്കൾ വേണ്ടത്രവെള്ളം കിട്ടാത്തതിനാൽ കൃഷിയിറക്കാൻ കഴിയാതെ വിഷമിക്കുകയാണ്.

തെങ്ങാണ് മറ്റൊരു പ്രധാനകൃഷി. ഇതിൻെറ പ്രധാന സ്രോതസ്സുകൾ കുളങ്ങളും കിറുകളുമാണ്. ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളുടെ വിവരവും കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണവും താഴെകൊടുക്കുന്നു.

## പിട്ടിക -2

## വിസ്തീർണ്ണം ഹെക്ടറിൽ

| നെല്ല് | | തെങ്ങ് | കശുമാവ് | വാഴ | ഇഞ്ചി/കച്ചോലം | മാവ് | മരച്ചീനി |
|---|---|---|---|---|---|---|---|
| ഒരു പുവ്വൽ | രണ്ടു പുവ്വൽ | | | | | | |
| 68 | 1010 | 138 | 2 | 10 | 10 | 15 | 10 |

സമീപകാലത്തായി തെങ്ങുചെത്തി കള്ളെടുത്തു വരുന്നുണ്ട്. കിണറുകൾ കുഴിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിച്ച് തെങ്ങ് കൃഷി വികസിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ട്. കരിമ്പനകളേറെയും മൂപ്പെത്തുംമുമ്പേ തന്നെ മുറിച്ച് ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്നു. മുമ്പ് കെട്ടിട നിർമ്മാണത്തിന് ഏറെ ഉപയോഗിച്ചിരുന്ന മൂപ്പുള്ള കരിമ്പന ഇപ്പോൾ ഫർണിച്ചർ നിർമ്മാണത്തിന് അയൽ ജില്ലകളിലേക്ക് കൊണ്ടുപോകുന്നുണ്ട്. കരിമ്പനക്കള്ളുടെ ലഭ്യത താരതമ്യേന കുറഞ്ഞുവരുന്നു. മറ്റു വിളകളുടെ ഇടവിളയായി കുരുമുളക്, കവുങ്ങ്, ഉഴുന്ന്, കൊള്ള്, (മുതിര) എന്നിവയും ഏകദേശം 15 ഹെക്ടറിൽ കൃഷിചെയ്യുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കൃഷി പച്ചക്കറിയാണ്. കുറ്റിമുല്ല, കൂൺ, പട്ടുനൂൽകൃഷി, ഓർക്കിഡ് എന്നിവ പരീക്ഷണാടിസ്ഥാനത്തിലാണെങ്കിലും പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ കൃഷിചെയ്തു വരുന്നുണ്ട്. കൂടുതൽ വരുമാനം ലഭിക്കുന്ന ഈ കൃഷി വ്യാപകമാക്കേണ്ടതാണ്. പലജാതി മരങ്ങളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉണ്ട്. വിറകിനും കെട്ടിടനിർമ്മാണത്തിനും ഫർണിച്ചറിനും മറ്റും ഇവ ഉപയോഗിക്കുന്നു. പുളിക്ക് യോജിച്ച മണ്ണും കാലാവസ്ഥയുമാണ്. പുളിയുടെ വിപണനം പ്രധാനമായും അയൽസംസ്ഥാനത്തെ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. അതുപോലെതന്നെ നമ്മുടെ പഞ്ചായത്തിൽ വികസനസാധ്യതയുള്ള മറ്റൊരു കൃഷിയാണ് ഔഷധത്തോട്ടം. നെല്ലി ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി വെച്ചു പിടിപ്പിക്കുന്നത് നമ്മുടെ വരുമാനം വർദ്ധിപ്പിക്കുവാനും ആരോഗ്യം നിലനിർത്തുവാനും ഏറെ സഹായകമാണ്. പഞ്ചായത്തിൻെറ

തെക്കു പടിഞ്ഞാറെ ഭാഗത്ത് ഉള്ള കുന്നിൻ പ്രദേശങ്ങളിൽ മരം നട്ടുവളർത്തുന്നത് നല്ലതായിരിക്കും. ഈ പഞ്ചായത്തിൽ 195 ഏക്കർ വനഭൂമിയാണ് നിലവിലുള്ളത്. ഈ മേഖലയിലെ കാടുകളുടെ സംരക്ഷണം പ്രധാനമാണ്. ജലസേചനത്തിന് ഉപയോഗിക്കുന്ന കുളങ്ങൾ കിണറുകൾ എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## പട്ടിക - 3

| കുളങ്ങൾ | | കിണറുകൾ | തോട് |
|---|---|---|---|
| വലിയവ | ചെറിയവ | | |
| 54, | 39 | 200 | 54 ഏക്കർ സ്ഥലത്തുകൂടി ഒഴുകുന്നു. |

പഞ്ചായത്തിൽ ലഭ്യമായ വിവിധയിനം കാർഷികോപകരണങ്ങൾ താഴെ കൊടുക്കുന്നു.

## പട്ടിക -4

| ട്രാക്ടർ | ട്രില്ലർ | നാപസ്സാക്ക് സ്പ്രെയർ | തെങ്ങ്കയറ്റ് യന്ത്രം | മെതിയന്ത്രം | പമ്പ്സെറ്റ് |
|---|---|---|---|---|---|
| 13 | 4 | 25 | 4 | 1 | 63 |

ഈ പഞ്ചായത്തിലെ രണ്ടു വില്ലേജുകളിൽ അടിസ്ഥാനരജിസ്ട്രാർ അനുസരിച്ച് ഭൂമിയുടെ വിസ്തീർണം (എക്കറിൽ) താഴെ പറയും പ്രകാരമാണ്.

| പുരയിടം | നിലം | പുറമ്പോക്ക് | ആകെ |
|---|---|---|---|
| 3210 | 2159 | 635 | 6004 |

മുൻകാലങ്ങളിൽ സാമൂതിരി, കുതിരവട്ടം തുടങ്ങിയ ജൻമിമാരുടെ കൈവശമായിരുന്ന ഭൂമി കാർഷികബന്ധത നിയമം വന്നതോടെ അന്നത്തെ കുടിയാൻമാരുടെ കൈവശം വന്നു ചേർന്നു. അതുമൂലം വൻകിട കർഷകർ അപ്രത്യക്ഷരായി. വർഷങ്ങൾ കഴിഞ്ഞതോടെ സ്വത്തുവിഭജനം കൃഷിഭൂമിയുടെ വിഭജനത്തിലും അതുവഴി ചെറുകിട കർഷകരുടെ ആഗമനത്തിനും വഴിയൊരുക്കി. കൃഷി ഒരു തൊഴിലായി സ്വീകരിച്ചാൽ ജീവിതോപാധികൾ ലഭ്യമല്ലെന്ന സത്യം പലരേയും ഈ രംഗത്തുനിന്നും മറ്റുതൊഴിലുകളിലേക്ക് കുടിയേറുന്നതിന് പ്രേരിപ്പിച്ചു. കൃഷിച്ചെലവിൻെറ വർദ്ധനവും നെല്ലിൻെറ വിലക്കുറവും ഇടത്തട്ടുകാരുടെ ചൂഷണവും കൃഷി നഷ്ടത്തിലാക്കി. കൃഷിഭൂമികൾ തുണ്ടുതുണ്ടായതും അമിത രാസവളപ്രയോഗവും കൃഷിയുടെ ഉല്പാദനക്ഷമത കുറയുവാൻ കാരണമായി. ഇന്ന് തൊഴിലാ

140

ളികളുടെ ലഭ്യത ഈ രംഗത്ത് കുറുഞ്ഞുവരികയാണ്. ഇതുമൂലം കൃഷിഭൂമികൾ വാസസ്ഥലങ്ങളായി രൂപാന്തരപ്പെടുന്നു.

നാട്ടിൻപ്പുറങ്ങളിൽ കർഷകരുടെ ദേശീയോത്സവ പ്രതീതി ജനിപ്പിക്കുംവിധം കന്ന് തെളിമത്സരങ്ങൾ പഞ്ചായത്തിൻെറ കണ്ണക്കോട്-എത്തനൂർ ഭാഗങ്ങളിൽ നടന്നുവന്നിരുന്നു. ഇതിൽ പ്രത്യേക പരിശീലനം നൽകി ആരോഗ്യമുള്ള കാളകളേയും പോത്തുകളേയുമാണ് ഉപയോഗിച്ചിരുന്നത്. നല്ലവണ്ണം ഉഴുതുമറിച്ചതും വെള്ളം നിൽക്കുന്നതുമായ കണ്ടങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇതിനെ 'തെളിക്കണ്ടം' എന്നാണ് വിളിച്ചിരുന്നത്. ഒറ്റക്കാളകളേയും പോത്തുകളെയും ഇതേ രീതിയിൽ മത്സരത്തിൽ പങ്കെടുപ്പിച്ചിരുന്നു. ഇത്തരം മത്സരങ്ങളിൽ വിജയിക്കുന്നത് സമൂഹത്തിൽ പ്രത്യേക അംഗീകാരമായി കർഷകർ കണക്കാക്കിയിരുന്നു. എല്ലാവിധ കർഷകവിഭാഗങ്ങളും തൊഴിലാളികളും ഈ മത്സരങ്ങളിൽ ആവേശപൂർവം പങ്കെടുത്തിരുന്നു. കന്നിക്കൊയ്ത്ത് കഴിഞ്ഞുവരുന്ന തുടർമാസങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നത്. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് സമ്മാനങ്ങളും നൽകിയിരുന്നു.

നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ഇഞ്ചി, കച്ചോലം, വാഴ, തെങ്ങ് തുടങ്ങിയ കൃഷികളിലേക്ക് മാറിയ കർഷകർ ഇന്ന് അവിടേയും പ്രശ്നങ്ങൾ നേരിടുകയാണ്. അതിനാൽ കർഷകർ കാർഷികവൃത്തിയിൽ നിന്ന് മാറി കൃഷിഭൂമി വിറ്റുകൊണ്ടിരിക്കുന്നു. ഏകദേശം 15 ഹെക്ടർ സ്ഥലം ഹൗസിങ് പ്ലോട്ടുകളാക്കി മാറ്റപ്പെട്ടിട്ടുണ്ട്. കർഷകതൊഴിലാളികൾ നിർമ്മാണത്തൊഴിലാളികളായി മാറിയതുകൊണ്ട് യഥാസമയം കൃഷിയിറക്കാൻ പോലും കഴിയാതെ വരുന്നുണ്ട്.

ഈ പരിമിതികൾ മറികടന്ന് തൊഴിലിൻെറ മാന്യത ബോധ്യപ്പെടുത്തുന്നതിനും തൊഴിൽ ലാഭകരമാക്കിത്തീർക്കുന്നതിനും കൂട്ടായ യജ്ഞം ആവശ്യമാണ്. പഞ്ചായത്തിലെപ്പോലെ കർഷകന് സമൂഹത്തിൽ മാന്യത ലഭിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് ഇതിന് സഹായകമാകും. ഇപ്പോൾ കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രയോജനം പൂർണമായും അർഹരായ മുഴുവൻ കർഷകരിലും എത്തുന്നില്ല. കർഷകന് ഉല്പാദക പ്രോത്സാഹനമായി നൽകുന്ന തുക 250 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിക്കണം. അത് കർഷകന് ലഭ്യമാക്കുകയും വേണം. ഗ്രൂപ്പ് ഫാമിങ് കൂടുതൽ പ്രോത്സാഹിപ്പിക്കണം. നല്ലയിനം വിത്തുകൾ ലഭ്യമാക്കുക. കുറഞ്ഞ ചെലവിൽ കീടനാശിനികളും വളവും ലഭ്യമാക്കുക തുടങ്ങിയ പരിപാടികൾ തുടരുകയും കുറച്ചുകൂടി കർഷകോപകരണപ്രദമാക്കുകയും വേണം. സർക്കാർ കൃഷിവകുപ്പ് മുഖേന കർഷകർക്ക് ലഭ്യമാകുന്ന പ്രോത്സാഹനങ്ങൾ പാടശേഖരസമിതികൾ മുഖേന എല്ലാ കർഷകർക്കും എത്തിക്കുകയും കർഷകസമിതികൾ സജീവമാക്കുകയും ചെയ്യണം. ഇതിന് സഹായകമാകത്തക്കവണ്ണം പാടശേഖരസമിതികൾ ജനാധിപത്യസ്വഭാവത്തിൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

കാർഷികമേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. താരതമ്യേന കൂലി കുറവും ജോലിക്ലേശവും മാന്യതകുറഞ്ഞതാണെന്ന തോന്നലും വളർന്നുവന്നതിൽ വേണ്ടത്ര തൊഴിലാളികൾ ഈ മേഖലയിൽ ലഭ്യമല്ലാതിരിക്കുന്നതിനാൽ യഥാസമയം കൃഷിയിറക്കുന്നതിനും കീടനാശിനിപ്രയോഗത്തിനും മറ്റു ജോലികൾക്കും വിളവെടുപ്പിനുപോലും പ്രയാസം നേരിടുന്നു.

2. കനാൽവെള്ളം യഥാസമയം നൽകാത്തതുമൂലം വരൾച്ചബാധിച്ച് കൃഷി നശിക്കുന്നു. വരൾച്ചക്ക് ശേഷം വെള്ളം നൽകുമ്പോൾ കൃഷിയിടങ്ങൾ നനഞ്ഞെത്താൻ കൂടുതൽ വെള്ളം വേണ്ടി വരുന്നു. ആവശ്യാനുസരണമല്ല ജലവിതരണം എന്നതിനാൽ പലപ്പോഴും ഏറെ വെള്ളം പാഴായിപ്പോകുന്നു.

141

ആവശ്യത്തിനു വെള്ളം ലഭിക്കാത്തതിനാൽ രണ്ടാംവിളയിറക്കാതെ ഏറെ സ്ഥലം തരിശ്ശിടേണ്ടിവരുന്നു.

3. പാടശേഖരങ്ങളിൽ പലയിനം വിത്തുകൾ വ്യത്യസ്തസമയങ്ങളിൽ കൃഷിയിറക്കുന്നതുകൊണ്ട് കീടങ്ങളുടേയും ചാഴികളുടേയും മറ്റും ആക്രമണം ഉണ്ടാവുകയും അതുവഴി നശിക്കുന്നതിനും വിളവു കുറയുന്നതിനും ഇടയാക്കുകും ചെയ്യുന്നു.

4. മണ്ണുപരിശോധന നടത്തി വളപ്രയോഗത്തിന് മാർഗനിർദ്ദേശങ്ങൾ ലഭിക്കുന്നില്ല. ആവശ്യാനുസരണമുള്ള വളപ്രയോഗം നടത്താതതുമൂലം പാഴ്ച്ചെലവുണ്ടാക്കുകയും വിളവു കുറയുകയും ചെയ്യുന്നു.

5. വളങ്ങളുടേയും കീടനാശിനികളുടേയും ക്രമാതീതമായ വിലവർദ്ധനവ് വളപ്രയോഗത്തിനും കീടനാശിനിപ്രയോഗത്തിനും പ്രതിബന്ധമാവുകയും അതുവഴി കൃഷി നശിക്കുന്നതിനോ വിളവു കുറയുന്നതിനോ കാരണമാവുകയും ചെയ്യുന്നു.

6. തൊഴിലാളികളുടെ അഭാവം നേരിടുമ്പോൾ യന്ത്രവത്ക്കരണം നടപ്പാക്കാൻ കഴിഞ്ഞാൽ പ്രശ്നം പരിഹൃതമാക്കാം. എന്നാൽ ട്രാക്ടർ, ട്രില്ലർ, നടീൽ കൊയ്ത്ത്, മെതി യന്ത്രങ്ങൾ സ്പ്രെയറുകൾ മുതലായവ കൃഷിക്കാർക്ക് സ്വന്തമായോ കുറഞ്ഞ വാടകയ്ക്കോ ലഭിക്കുന്നില്ല എന്നത് കാർഷിക ജോലികൾ യഥാസമയം ചെയ്തു തീർക്കുന്നതിന് കഴിയാതാക്കുന്നു.

7. നമ്മുടെ പഞ്ചായത്ത് പരിധിയിൽ സാധ്യതയുള്ള മറ്റു കൃഷികൾക്ക് - ഇഞ്ചി, വാഴ, മരച്ചീനി. ഔഷധസസ്യങ്ങൾ, കൂൺ, കുറ്റിമുല്ല, തെങ്ങ് പച്ചക്കറികൾ മുതലായവക്ക് സാമ്പത്തിക പരാധീനതകൾ പ്രതിബന്ധം സൃഷ്ടിക്കുന്നു.

8. വിളവെടുപ്പ് കാലത്ത് വ്യാപാരികൾ സൃഷ്ടിക്കുന്ന വിലയിടിവും അളവിലെ ചൂഷണവും കുനിൻമേൽ കുരുവെന്ന പോലെ കൃഷിയിൽ നിന്നു പിന്തിരിയാൻ കർഷകരെ പ്രേരിപ്പിക്കുന്നു.

9. പാടശേഖരസമിതികളെ ജനാധിപത്യസ്വഭാവത്തിൽ, കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും കൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നീതിപൂർവ്വകമായി വിതരണം ചെയ്യുന്നതിനും കൃഷിരീതികളെക്കുറിച്ച് കർഷകരെ ബോധവത്ക്കരിക്കുന്നതിന് മാതൃകാപരമായി പ്രവർത്തിപ്പിക്കുന്നതിൽ കൃഷിഭവനുകൾ വീഴ്ച വരുത്തുന്നു.

വെള്ളം ലഭിക്കാതെ വിളവുണക്കം ബാധിപ്പിക്കുകയും രണ്ടാം വിളയിറക്കാതെ തരിശിടുകയും ചെയ്യുന്ന പ്രദേശങ്ങൾ താഴെപ്പറയുന്നവയാണ്. വടക്കുമ്പാടം, വാക്കോട്, ഒടുകമ്പാറ, ആനത്തോട്, കൊങ്ങത്തുംകുഴി, എത്തനൂർ - ഇരട്ടോട്, പൂളക്യകാട്, ആമ്പക്കുഴി, തൃണാക്കുറിശ്ശി, വെട്ടുമ്പുള്ളു ചാന്തിരുത്തി.

### *പരിഹാരമാർഗങ്ങൾ*

1. പാടശേഖസമിതികൾ ജനാധിപത്യസ്വഭാവത്തിൽ പുനഃസംഘടിപ്പിച്ച് ഓരോ ഇനം മേൽത്തരം വിത്ത്, ഒരേ സമയം വിത്തിറക്കി, കൂട്ടുകൃഷിസമ്പ്രദായം നടപ്പാക്കി കൃഷി ലാഭകരമാക്കണം.

2. യഥാസമയം കനാൽവെള്ളം തുറന്നുവിട്ട്, ആവശ്യാനുസരണം വിതരണം ചെയ്ത്, പാഴ്ച്ചെലവ് ഒഴിവാക്കി വിളവ് ഉണക്കമുണ്ടാകാതെ ഉല്പാദനം വർധിപ്പിക്കുന്നതിന് കൃഷിവകുപ്പും ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിച്ച് കൃഷി ലാഭകരമാക്കണം.

142

ശരിയായ രീതിയിൽ ജലവിതരണം ചെയ്യുന്നതുവഴി മിച്ചം വയ്ക്കാൻ കഴിയുന്ന ജലം ഉപയോഗിച്ച് തരിശിടുന്നതിന് ഒഴിവാക്കാനും ഉൽപ്പാദനം വർദ്ധിപ്പിച്ച് കൃഷിലാഭകരമാക്കാനും കഴിയണം.

3. മഴക്കാലത്ത് പരമാവധി ജലം പാഴായിപ്പോകാതെ പുരയിടങ്ങളിലും കുളങ്ങളിലും അണക്കെട്ടുകളിലും സംഭരിച്ച് വരൾച്ച ഒഴിവാക്കി കൃഷിയിൽ നിന്നും കൂടുതൽ ലാഭം ലഭ്യമാക്കണം.

4. കൂട്ടുകൃഷി നടപ്പാക്കി കീടങ്ങളുടെ ശല്യം കുറയ്ക്കുന്നതിനും കീടനാശിനി പ്രയോഗത്തിനുള്ള ചെലവ്കുറച്ചും കൃഷി ലാഭകരമാക്കണം.

5. മണ്ണു പരിശോധന നടത്തി മാർഗനിർദേശങ്ങൾ നൽകി മതിയായ അളവിൽ ആവശ്യമായ വളപ്രയോഗം നടത്തി വിളവ് വർദ്ധിപ്പിച്ച് കൃഷി ലാഭകരമാക്കണം.

6. കുളങ്ങളുടെ ആഴംകൂട്ടി, കൂടുതൽ ജലം സംഭരിച്ച്, ആവശ്യക്കാർക്ക് പമ്പ്സെറ്റ് സൗകര്യങ്ങൾ സൗജന്യനിരക്കിൽ നിൽകി, തരിശിടൽ ഒഴിവാക്കി കൃഷിലാഭകരമാക്കണം.

7. അമിതമായ രാസവളപ്രയോഗം ഒഴിവാക്കുന്നതിനും പച്ചിലവളം, കാലിവളം ജൈവവളം മുതലായവയുടെ മേൻമകളും അതിനുസഹായകമായ മാർഗങ്ങളും കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് കൃഷിവകുപ്പുദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കൃഷി ലാഭകരമാക്കണം.

8. വളങ്ങളുടേയും കീടനാശിനികളുടേയും ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അർഹരായവർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കണം.

9. ട്രാക്ടർ, ട്രില്ലർ, നടീൽ, കൊയ്ത്ത് - മെതി യന്ത്രങ്ങൾ സൗജന്യനിരക്കിൽ വാങ്ങുന്നതിനും വാടകയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് കൃഷി ലാഭകരമാക്കണം.

10. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കർഷകർക്ക് ചുരുങ്ങിയ പലിശയ്ക്ക് വായ്പ ലഭ്യമാക്കി കൃഷി വിപുലപ്പെടുത്തി കൂടുതൽ ലാഭകരമാക്കണം.

11. വിളവെടുപ്പ് കാലത്ത് വ്യാപാരികളുടെ ചൂഷണം ഒഴിവാക്കുന്നതിന് താങ്ങുവില നിശ്ചയിച്ച് സഹകരണസ്ഥാപനങ്ങൾ വഴി സംഭരിച്ച് കർഷകന് പരമാവധി വില ലഭ്യമാക്കി കൃഷി ലാഭകരമാക്കണം.

12. കൃഷി ലാഭകരമാക്കുന്നതിന് സഹായകമായ കാലിവളം ലഭ്യമാക്കുന്നിതിന് കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും പാലിന് ന്യായമായ വില ലഭ്യമാക്കുകയും വേണം.

13. പച്ചിലവളം ലഭ്യമാക്കുന്നതിന് ശീമക്കൊന്നയും മറ്റും വച്ചുപിടിപ്പിക്കുകയും നല്ലയിനം ഡെയിഞ്ചവിത്തുകളും മറ്റും നൽകി പ്രോത്സാഹിപ്പിച്ച് കൃഷി ലാഭകരമാക്കാം.

14. പച്ചക്കറികളുടേയും മറ്റും വിപണനത്തിന് സഹകരണസംഘം രൂപീകരിച്ച് ചൂഷണം ഒഴിവാക്കി കർഷകന് പരമാവധി വില ലഭ്യമാക്കണം.

15. ഓരോ പാടശേഖരക്കമ്മിറ്റിയും നല്ലയിനം വിത്തുകൾ ലഭ്യമാക്കുന്നതിനും വേണ്ടി കൃഷിഭവൻ നൽകുന്ന വിത്ത്, വളം, കീടനാശിനികൾ എന്നിവ ഉപയോഗിച്ച് കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ഉദ്യോസ്ഥൻമാരുടെ മേൽനോട്ടത്തിൽ കൃഷി ചെയ്യുകയും അങ്ങനെ ലഭിക്കുന്ന നെല്ല് വിത്താക്കി രൂപപ്പെടുത്തുകയും ചെയ്യുക.

143

തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തി, കൃഷി വിപുലപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിച്ച് ലാഭകരമാക്കി മാറ്റുമ്പോൾ കൂടുതൽ കൂലി നൽകി, കാർഷിക മേഖലയിലെ തൊഴിൽ ആകർഷകമാക്കി, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും രാജ്യത്തെ ഐശ്വര്യപൂർണമാക്കുന്നതിനും സഹായകമായ സെമിനാറും ബോധവൽക്കരണപരിപാടികളും ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കണം.

കർഷകനു 60 വയസ്സു തികയുമ്പോൾ ന്യായമായ പെൻഷൻ അനുവദിക്കാൻ നിയമനിർമ്മാണം കൊണ്ടു വരണം.

പഞ്ചായത്തിൽ വരൾച്ച നേരിട്ട പ്രദേശങ്ങളിൽ നടത്തേണ്ട നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

എത്തനൂർ ഇരട്ടോട് (പൂത്തറക്കാട്) വടക്കുമ്പാടം, വാക്കോട്, ആനത്തോട് ചാന്തുരുത്തി ഒടുകമ്പാറ, കൊങ്ങത്തുംകുഴി പ്രദേശങ്ങളിലെ ജലസേചനത്തിന് സഹായകമാകത്തക്കവിധം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.

ആമ്പക്കുഴി, തുണാക്കുറുശ്ശി, മയിലാറോഡ്, മണ്ണാന്തോട് ഇരട്ടോട് തോടുകൾ വീതികൂട്ടി തടയണ നിർമ്മിക്കണം.

കനാലുകൾ അറ്റകുറ്റപ്പണികൾ ചെയ്തും ആവശ്യമായ ഭാഗങ്ങളിൽ വശങ്ങൾ കെട്ടിയും വെള്ളം പാഴായിപ്പോകുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം.

സ്വകാര്യ-പൊതുകുളങ്ങളും കിണറുകളും കൂടുതലും ജലം സംഭരിക്കാൻ കഴിയുന്നവിധം ആഴംകൂട്ടുകയും അറ്റകുറ്റപ്പണികൾ നടത്തുകയും പുതിയ കുളങ്ങളും കിണറുകളും കുഴിച്ചും കൂടുതൽ പ്രദേശങ്ങൾ ജലസേചനയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഉദാരവ്യവസ്ഥകളിൽ വായ്പകൾ നൽകിയും സബ്സിഡി അനുവദിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കുളങ്ങൾ നികത്തുന്നത്, കർശനമായി തടയണം.

സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുന്നതിന് വിവിധ തലങ്ങളിൽ വിപുലമായ ചർച്ചകൾ നടത്തി പ്രായോഗികപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകുക എന്നതാണ് അടിയന്തിരമായ കടമ. അതു സാധ്യമാക്കാൻ കൂട്ടായി പ്രവർത്തിക്കാം.

144

# 5.2
# മൃഗസംരക്ഷണം, മത്സ്യബന്ധനം



മൃഗസംരക്ഷണത്തിലൂടെ പോഷകപ്രധാനമായ പാൽ, മുട്ട മാംസം മുതലായവ ഉൽപാദിപ്പിക്കുന്നു പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരുടേയും ഇടത്തരം കുടുംബങ്ങളുടേയും ഒരു ഉപജീവനമാർഗംകൂടിയാണ് ഈ തൊഴിൽ. ഇതുമൂലം വ്യാവസായിക ആവശ്യത്തിനുള്ള തോൽ, എല്ല്, ജലാറ്റിൻ, ഓക്സീൻ, കൊഴുപ്പ് മുതലായവയും ലഭിക്കുന്നു. ഔഷധവ്യവസായത്തിന് ആവശ്യമായ ഹോർമോൺ, വാക്സിൻ എൻസൈമുകൾ എന്നിവയുടെ ഉല്പാദനവും സാധ്യമാകുന്നു.

കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളം നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനും ഉള്ള മൃഗശക്തി മുതലായവ ലഭ്യമാകുന്നു. കൂടാതെ ബയോഗ്യാസ് (ഊർജ്ജസ്രോതസ്സ്) ഉല്പാദിപ്പിക്കാം. തൊഴിൽ സാധ്യത ഏറെയുള്ള ഒരു മേഖലയാണ് മൃഗസംരക്ഷണം. കന്നുകാലിസമ്പത്തിൻെറ 94% വും ഗ്രാമപ്രദേശങ്ങളിലായതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്മേഖല ശക്തമാക്കുകയും ചെയ്യും. ഈ മേഖലയിൽ 60% അധ്വാനവും സ്ത്രീകൾ തന്നെയാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ സ്ത്രീക്കു തൊഴിൽ സാധ്യതയും ഉണ്ടാകുന്നു.

കൊടുവായൂർ പഞ്ചായത്തിൽ 20-10-53 മുതൽ ഒരു വെറ്റിനറി ഫസ്റ്റ് എയിഡ് സെൻറർ പ്രവർത്തിച്ചുവന്നിരുന്നു. 26.8.75 ൽ ഇത് ഒരു വെറ്റിനറി ഡിസ്പെൻസറി ആയി ഉയർത്തി. ഇപ്പോൾ ഇവിടെ വെറ്റിനറി സർജൻ 1 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ1, അറ്റഡർ, സ്വീപ്പർ എന്നിവരടക്കം ആകെ 4 ജീവനക്കാർ ഉണ്ട്. വെറ്റിനറി ഡോക്ടർക്ക് താമസിക്കുന്നതിന് ഒരു ക്വാർട്ടേഴ്സ് ആശുപത്രിയോടു ചേർന്നു സ്ഥിതിചെയ്യുന്നുണ്ട്. പഞ്ചായത്ത് 33 ⅓ സെൻറ് സ്ഥലം ഡിസ്പെൻസറിക്ക് സൗജന്യമായി നൽകിയതിലാണ് സെൻററിൻെറ കെട്ടിടവും ക്വാർട്ടേഴ്സും നിലനിൽക്കുന്നത്.

145

പഞ്ചായത്ത് അതിർത്തിയിൽ സങ്കര ഇനത്തിൽപെട്ട കറവപ്പശുക്കളെയാണ് വളർത്തിവരുന്നത്. കാളകൾ പൊതുവെ കുറവാണ്. നിലം ഉഴുന്നതിന് ട്രാക്ടർ ഉപയോഗിക്കുന്നതുമൂലം മിക്കവാറും കാളകളുടെ ഉപയോഗം കുറഞ്ഞു. കാളവണ്ടിവലിക്കുന്നതിന് ഒരു ചെറിയ ശതമാനം കാളകളെ ഉപയോഗിച്ചുവരുന്നു.

കാലിവളർത്തലിന് മുഖ്യപ്രതിബന്ധം കാലിത്തീറ്റയുടെ വിലവർദ്ധനവും മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും ആണ്. മുഖ്യമായും ഇവിടെ ഉല്പാദിപ്പിക്കുന്ന വൈക്കോൽ പുറം ജില്ലകൾക്ക് കയറ്റി അയക്കുന്നു. ഇതിനാൽ തദ്ദേശീയ ഉപയോഗത്തിന് സാധനം ലഭിക്കാറില്ല. നാടൻ ഇനങ്ങളുടെ ഉല്പാദനശേഷികുറവായതിനാൽ സങ്കര ഇനം പശുക്കൾക്കും എരുമകൾക്കുമാണ് പ്രാധാന്യം നൽകുന്നത്. ബ്ളോക്ക് മുഖാന്തിരം IRDP ലിസ്റ്റിൽ പെട്ടവർക്കും മൃഗസംരക്ഷണവകുപ്പുമുഖേനയും സൗജന്യമായും ലോണുകളായും കറവപ്പശുക്കളെ നൽകി. പ്രോത്സാഹനം നടത്തി വരുന്നു. കാലികൾക്കു വരുന്ന അസുഖങ്ങൾക്കുവേണ്ടി ചികിത്സ വളരെ സൗകര്യപ്രദമായി ജനങ്ങൾക്ക് ലഭിക്കുന്നതിന് സംവിധാനം നിലവിൽഉണ്ട്. കാലാകാലങ്ങളിൽ മൃഗസംരക്ഷണവകുപ്പ് മുഖാന്തിരം സൗജന്യമായി കുത്തിവെയ്പുകൾ എല്ലാംതന്നെ ചെയ്തു വരുന്നു. കുളമ്പുദീനം എന്ന രോഗത്തിനുമാത്രം കർഷകൻെറ കൈയിൽനിന്ന് 50% മാത്രം മരുന്നിൻെറ വില ഈടാക്കുന്നു. മെച്ചമായ കന്നുകുട്ടികളെ കിട്ടുന്നതിന് കൃത്രിമബീജസങ്കലനങ്ങൾ മൃഗാശുപത്രിയിൽ നിന്ന് ചെയ്തു വരുന്നു. വന്ധ്യതാനിവാരണ ക്യാമ്പും മൃഗാശുപത്രിനടത്തുന്നു. പോത്തിൻ കുട്ടികൾ, കാളക്കുട്ടികൾ, കൊറ്റനാട്, നായ്ക്കൾ എന്നിവയ്ക്ക് അനന്തര തലമുറ ഉണ്ടാകാതെ ഇരിക്കുന്നതിനുള്ള വന്ധീകരണ ശസ്ത്രക്രിയ മൃഗാശുപത്രി നടത്തിവരുന്നു.

മൃഗാശുപത്രിയിൽ റഫ്രിജറേറ്റർ മൈക്രോസ്കോപ്പ് എന്നിവ ഉണ്ട്. ചെറിയ നിലയിൽ ഒരു ലാബും കർഷകപരിശീലനഹാളും ഒരു ഓപ്പറേഷൻ തിയേറ്ററും ഉണ്ടാക്കേണ്ടതാണ്. ആശുപത്രിയിൽ കൊണ്ടുവന്ന് ചികിത്സിക്കാൻ പറ്റാത്ത മൃഗങ്ങളെ യഥാസമയം പോയി നോക്കി നല്ല ചികിത്സ ലഭ്യമാക്കുന്നതിന് കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനും ഒരു വാഹനം ആശുപത്രിക്ക് ആവശ്യമാണ്. കർഷകർക്ക് ചികിത്സമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒരു പരിധിവരെ നികത്തുന്നതിനും യഥാസമയം സ്ഥലത്തു ചെന്ന് ചികിത്സിക്കുന്നത് മുഖേന നികത്താം.

പഞ്ചായത്ത് അതിർത്തിയിലെ പ്രായം ചെന്ന കർഷകരിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പണ്ടുകാലത്ത് എല്ലാ വീടുകളിലും കറവ കുറഞ്ഞനാടൻ പശുക്കളെ വളർത്തിയിരുന്നു. ഇവയെ ഒരുമിച്ചു മേക്കുന്നതിനും മേച്ചിൽ സ്ഥലങ്ങൾ ധാരാളമുണ്ടായിരുന്നു. കർഷകരുടെ മക്കൾ തന്നെയും ചിലപ്പോൾ കുറഞ്ഞ കൂലിക്ക് ആളുകളെയും ഇതിന് ഉപയോഗിച്ചിരുന്നു. തുടർന്നുവന്ന കാലങ്ങളിൽ ഭൂമിയുടെ ലഭ്യത കുറഞ്ഞതുകാരണം മേച്ചിൽ സ്ഥലങ്ങൾ തീരെ ഇല്ലാതായി. കൂട്ടംകൂട്ടമായി കർഷകർ വളർത്തിയിരുന്ന കാലിസമ്പത്ത് തീരെ കുറഞ്ഞുപോകുകയും ചെയ്തു. ടെമ്പോ, , ഓട്ടോ, ഇവയുടെ വരവോടെ കാളവണ്ടികളുടെ പ്രാധാന്യവും കുറഞ്ഞു. പ്രതിരോധ കുത്തിവെപ്പുകൾ നടത്തി രോഗങ്ങളെ കാര്യമായി നിയന്ത്രിക്കാറുണ്ട്. ഇപ്പോൾ അത്യുൽപാദനശേഷിയുള്ള പശുക്കളായതുകൊണ്ട് പാലിൽ നിന്ന് നല്ല വരുമാനം ലഭിക്കുന്നു.

പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ആടുകളെ വളർത്തിയിരുന്നു. ഇറച്ചിക്ക് ആവശ്യമായിട്ടാണ് വളർത്തിയിരുന്നത്. വളരെ പോഷകപ്രാധാന്യമുള്ള ആട്ടിൻ പാൽ ഇത്വഴി ലഭിച്ചിരുന്നു. ഇപ്പോൾ വളരെ കുറഞ്ഞരീതിയിൽ മാത്രമേ ലഭിക്കുന്നുള്ളു. പഞ്ചായത്തിൻെറ മിക്കപ്രദേശങ്ങളിലും കോഴിവളർത്തൽ ചെറിയ തോതിലുണ്ട്. മുട്ടക്കോഴികളാണ് ഇവ. ഇറച്ചികോഴി വളർത്തുന്ന പത്തോളം കേന്ദ്രങ്ങൾ ഇവിടെ ഉണ്ട്. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായക്കളെ പിടിച്ചു നശിപ്പിക്കാറുണ്ട്. കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് മൃഗസംരക്ഷണ വകുപ്പ് ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

146

മുട്ടക്കോഴികളെയും പശുക്കിടാരികളേയും സൗജന്യവിലയ്ക്ക് നൽകാറുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ രണ്ട് മോഡൽ ഡയറിയൂനിറ്റ് നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക യുണ്ടായി. കൂടാതെ തീറ്റപ്പുൽക്കൃഷിക്ക് ബാങ്കുമുഖാന്തിരം ലോൺ കൊടുക്കുകയുണ്ടായി.

പഞ്ചായത്തിൽ ഒരു പാൽ വിതരണ സൊസൈറ്റി ഉണ്ട്. സുമാർ 2500 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കുകയും ഇവിടെത്തന്നെ വിറ്റഴിക്കുകയും ചെയ്യുന്ന. കൂടാതെ 3 മിൽമ പാൽ വിതരണ യൂണിറ്റും ഉണ്ട്. സ്വകാര്യവ്യക്തികളും ഈ രംഗത്തു പ്രവർത്തിക്കുന്നു. തൈര്, നെയ്യ് എന്നിവ വിതരണം ചെയ്യുന്ന കച്ചവടക്കാരും ഇവിടെ ഉണ്ട്.

പഞ്ചായത്തിൻെറ പ്രതിവർഷം ഉല്പാദിപ്പിക്കപ്പെടുന്ന പാലിൻെറ അളവ് ആകെ 1.29, 66,900 ലിറ്റർ ആകുന്നു. ഈ പഞ്ചായത്തിൽ വർഷത്തിൽ 6 പ്രാവശ്യമെങ്കിലും ഗോരക്ഷാക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. ഇടത്തരം വരുമാനമുള്ള വീട്ടമ്മമാർക്ക് പ്രാധാന്യം കൊടുത്ത് പശു വളർത്തൽ നടത്തിയാൽ ഈ രംഗത്ത് കൂടുതൽ വരുമാനം വർദ്ധിപ്പിക്കാം.

ഈ രംഗത്ത് നിലവിലുള്ള പ്രധാന പ്രശ്നം കാലിത്തീറ്റയുടെ ചെലവുതന്നെ. ഒരു കാലിത്തീറ്റ മിശ്രിത യൂണിറ്റ് വരികയാണെങ്കിൽ കുറെ ചിലവുകൾ കുറയ്ക്കാം. കുറേ പേർക്ക് തൊഴിലവസരം ലഭ്യമാക്കുന്നു. ശാസ്ത്രീയമായ രീതിയിൽ പുല്ലുൽപാദിപ്പിക്കുന്ന ആവശ്യമായപുൽ വിത്തും സാമ്പത്തിക സഹകരണങ്ങളും കർഷകനു ലഭ്യമായാൽ മാത്രമേ അകിടു വീക്കരോഗം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കൂ. ഉല്പാദനരോഗങ്ങൾ, വന്ധ്യത, മുതലായ പ്രശ്നങ്ങളേയും കർഷകൻ അഭിമുഖീകരിക്കുന്നു. പാൽ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമുള്ള യൂണിറ്റുകളുടെ അഭാവവും ഒരു പ്രശ്നം തന്നെ.

താൽപ്പര്യമുള്ള കർഷകർക്ക് ചെറിയ യൂണിറ്റുകളായോ മോഡൽ ഡയറി യൂണിറ്റു പോലെ പശുക്കളെ വളർത്താൻ പദ്ധതികൾ നടപ്പാക്കണം. തൊഴുത്തു നിർമ്മിക്കുന്നതിനും പുൽക്കൃഷിചെയ്യുന്നതിനും തീറ്റ സബ്സിഡിയായി ലഭിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കണം.

പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവുശാല ഇല്ല. അറവു നടത്തുന്ന എട്ടുസ്ഥലങ്ങൾ ഉണ്ടെങ്കിലും ഒന്നും തന്നെ തീരെ ശുചിത്വമില്ലാത്തവയാണ്. ശാസ്ത്രീയമായ അറവു നടത്തി സഹകരണാടിസ്ഥാനത്തിൽ ഇറച്ചി സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നുത് വളരെ നന്നായിരിക്കും. വെറ്റനറി ഡോക്ടർ പരിശോധിച്ചു ഉറപ്പുവരുത്തിയ ഉരുക്കളെ മാത്രമേ അറക്കാവൂ. പ്രതിവർഷം ഈ പഞ്ചായത്തിൽ ആകെ ഉല്പാദിപ്പിക്കുന്ന മാംസം 28,200 kg ആണ്. ആകെ 18,06,000 രൂപയുടെ മാംസം ഉല്പാദിപ്പിക്കുന്നു.

മാംസോല്പാദനത്തിനായി അയൽസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇതിനായി സ്വയംപര്യപ്തത കൈവരിക്കുന്നതിന് ആടുവളർത്തൽ, പന്നിവളർത്തൽ, കന്നുകുട്ടിപരിപാലനം, മുയൽ വളർത്തൽ, കാട, ടർക്കി, താറാവ് മുതലായവ വളർത്താൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണം. മാംസോല്പാദന സഹകരണസംഘം തന്നെ ഇതിനുവേണ്ടി പ്രവർത്തനം തുടങ്ങണം. ശാസ്ത്രീയമായ അറവുശാലകൾ ബ്ളോക്കുതലത്തിലെങ്കിലും സ്ഥാപിക്കേണ്ടതാണ്. അറവുശാലകളിലെ ഉപോൽപ്പന്നങ്ങൾ സംസ്ക്കരിക്കാനുള്ള സംസ്ക്കരണ ശാലകൾ സ്ഥാപിക്കണം. മാംസോൽപാദനം, സംസ്ക്കരണം, വിപണനം ഇവയ്ക്ക് പരിശീലനക്ലാസുകൾ സംഘടിപ്പിക്കണം. ആടു വളർത്താനാവശ്യമായ തീറ്റ പ്ലാവ്, സുബാബുൾ, മുരിക്ക്, പ്ലാശ്, ശീമക്കൊന്ന മുതലായവ ലഭ്യമാക്കണം. അടുക്കള മുറ്റത്ത് കോഴി വളർത്തൽ പ്രോത്സാഹനം അർഹിക്കുന്നു.

141

കന്നുകാലികളിൽ നിന്ന് നല്ലൊരളവു ജൈവവളം ലഭിക്കുന്നു. ചാണകം, ആട്ടിൻകാഷ്ഠം, കോഴികാഷ്ഠം, മുതലായവ നല്ല വളമായും ചാണകം ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനും ഉപകരിക്കും. കന്നുകാലികളുടെ ആകസ്മികമരണം മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കാൻ സമഗ്ര ഇൻഷൂറൻസ് പദ്ധതി സൗജന്യ നിരക്കിൽ ഏർപ്പെടുത്തണം.

## *മത്സ്യബന്ധനം*

മുഖ്യമായും കുളങ്ങളിലാണ് നടത്തുന്നത്. നാടൻ മത്സ്യങ്ങൾ കൂടാതെ മത്സ്യവകുപ്പിൻെറ സഹായത്താൽ സുമാർ 25 കുളങ്ങളിൽ മത്സ്യം വളർത്തുന്നു. വേനൽക്കാലങ്ങളിൽ കൃഷിക്കായി വെള്ളം തുറന്നു വിടുന്നതു കാരണം തുടർച്ചയായി മത്സ്യക്കൃഷി നടത്താൻ സൗകര്യം ലഭിക്കാറില്ല. മുഖ്യമായ വിപണന കേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല. ഇടനില കച്ചവടക്കാർ മുഖാന്തിരമാണ് വില്പന നടത്തുന്നത്. കുളങ്ങൾ എല്ലാംതന്നെ സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളതാണ്. പഞ്ചായത്ത് നിയന്ത്രണത്തിലുള്ള കുളങ്ങളിൽ കരാർ അടിസ്ഥാനത്തിൽ മത്സ്യം വളർത്തുന്നതിന് ലേലം ചെയ്തു കൊടുത്തിട്ടുണ്ട്.

### കൊടുവായൂർ ഗ്രാമപഞ്ചായത്ത്

### പട്ടിക - 5

### പേ വിഷബാധ പ്രതിരോധവും ചികിത്സയും.

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവെയ്പ് നൽകിയവയുടെ എണ്ണം | – | – | – | 110 | – | – |
| കടിയേറ്റതിനു ശേഷം നടത്തിയവയുടെ എണ്ണം | – | 4 | – | – | – | – |

### കൊടുവായൂർ ഗ്രാമപഞ്ചായത്ത് കൃത്രിമ ബീജസങ്കലന വിവരങ്ങൾ

### പട്ടിക - 6

| വളർത്തുമൃഗം ഇനം | ആകെ എണ്ണം നടത്തിയവ. | കൃത്രിമ ബീജസംങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 - ലധികം തവണ ബീജസംങ്കലനം |
|---|---|---|---|
| പശു | 1803 | 1405 | 329 |
| കിടാരി | 800 | – | – |
| എരുമ | 245 | 82 | 17 |

148

കൊടുവായൂർ ഗ്രാമ പഞ്ചായത്ത്

# രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 1519 | 58 | 217 | - | - | 35 | | | | |
| 2 | ശ്വാസകോശസംബന്ധം<br>Respiratory Diseases | 280 | 24 | 50 | | - | 35 | | | | |
| 3 | ഉപാപചയ സംബന്ധം<br>Metabolic Diseases | 76 | 6 | - | | - | - | | | | |
| 4 | ത്വക് രോഗങ്ങൾ<br>Skin Diseases | 300 | - | - | | 3 | - | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency Diseases | 350 | - | 48 | - | - | 29 | | | | |
| 6 | പരാദരോഗങ്ങൾ<br>Parasitic Diseases | 380 | 24 | 24 | | | | | | | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological Disorders | 462 | 3 | 28 | | | | | | | |
| 8 | വന്ധ്യത<br>Infertility | 42 | - | - | | | | | | | |
| 9 | അകിടുവീക്കം<br>Mastitis | 80 | - | 4 | | | | | | | |
| 10 | മുടന്തൻപനി<br>Ephemeral Fever | 58 | - | - | | | | | | | |
| 11 | പകർച്ച വ്യാധികൾ<br>Contagion Diseases | - | - | | | | | | | | |

## വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 110 | 188 | 316 | 7 | 14 | |
| 2 | 447 | 919 | 713 | 4 | 2 | |
| 3 | 64 | 75 | 132 | - | 1 | |
| 4 | 248 | 12 | 633 | 2 | 5 | |
| 5 | 478 | 151 | 615 | - | - | |
| 6 | 302 | 18 | 722 | 3 | 2 | |
| 7 | 242 | 71 | 609 | - | 10 | 2 |
| 8 | 490 | 80 | 478 | - | - | |
| 9 | 80 | 76 | 111 | - | - | |
| 10 | 303 | 179 | 430 | - | - | |
| 11 | 211 | 80 | 372 | 4 | 6 | |

149

## കൊടുവായൂർ ഗ്രാമ പഞ്ചായത്ത്

## വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള - നാടൻ | | കാള - സങ്കരം | | പശു - നാടൻ | | പശു - സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | 3 | – | 5 | 7 | 25 | 21 | 35 | 1 | 1 | 1 | 47 | 48 | |
| 2 | – | 61 | – | – | 121 | 160 | – | – | 32 | 29 | 64 | 180 | 13 | |
| 3 | – | 16 | – | 5 | 29 | 35 | 17 | 20 | – | – | – | 87 | 43 | |
| 4 | – | 40 | – | 5 | 43 | 51 | 34 | 66 | – | 1 | 3 | 40 | 102 | |
| 5 | 4 | 41 | 2 | 8 | 86 | 34 | 43 | 93 | 16 | 52 | 18 | 145 | 195 | |
| 6 | – | 11 | – | 47 | 16 | 30 | 93 | 25 | 4 | 9 | 4 | 123 | 160 | |
| 7 | – | 4 | 2 | 21 | 11 | 33 | 100 | 160 | 10 | 2 | 7 | 131 | 77 | |
| 8 | 2 | 35 | – | 26 | 41 | 105 | 92 | 186 | 30 | | 52 | 224 | 146 | |
| 9 | 2 | 5 | – | 26 | 14 | 31 | 41 | 68 | 5 | 15 | 6 | 84 | 37 | |
| 10 | – | – | – | 15 | 29 | 16 | 44 | 105 | 7 | 7 | 4 | 65 | 91 | |
| 11 | – | – | – | – | – | – | 50 | 61 | 1 | 2 | 6 | 57 | 42 | |

150

*നിർദ്ദേശങ്ങൾ*


1. മൃഗസംരക്ഷണ വകുപ്പുമായി ആലോചിച്ച് സബ്സിഡി നിരക്കിൽ കന്നുകാലികളെ വിതരണം ചെയ്യൽ
2. ഇറച്ചിക്കോഴി വിതരണ യൂണിറ്റ് സ്ഥാപിക്കൽ
3. തീറ്റപുൽ കൃഷി, വളർത്തുമൃഗങ്ങൾക്ക് ഇൻഷൂറൻസ് കുറഞ്ഞ ചെലവിൽ ഏർപ്പെടുത്തൽ.
4. നല്ലയിനം കറവപശുക്കളെ വിതരണം ചെയ്യൽ.
5. സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി പദ്ധതി
6. വാർഡ് 6 - ൽ മൃഗാശുപത്രിയും പാൽ വില്പനകേന്ദ്രവും നടത്തുന്നതിന് സ്ഥലം സ്വരൂപിച്ച് നടത്തുന്നതിന് പദ്ധതി
7. ഗോബർഗ്യാസ് കർഷകർക്ക് നൽകാൻ പദ്ധതി
8. ശാസ്ത്രീയമായ അറവു ശാലക്ക് പദ്ധതി
9. മൃഗസംരക്ഷണ വകുപ്പിൻെറ ചികിത്സ Door to Door visting പദ്ധതി
10. മൃഗപരിപാലന ബോധവൽക്കരണ പദ്ധതി.
11. പാൽ സൂക്ഷിക്കുന്നതിനും പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള യൂണിറ്റ്.

*സാധ്യതകൾ*

1. ആവശ്യത്തിന് പശുക്കളെ വളർത്താൻ തയ്യാറായ സാധാരണകാർക്ക് മൃഗസംരക്ഷണ വകുപ്പുമുഖാന്തിരം കുറഞ്ഞ വിലക്ക് വിതരണം ചെയ്യണം.
2. ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവ വളർത്താൻ തയ്യാറായി ധാരാളം പേർ മുന്നോട്ടു വന്നിട്ടുണ്ട്. ഇവർക്ക് പ്രോത്സാഹനമായി മൃഗസംരക്ഷണ വകുപ്പിൻെറ നിയന്ത്രണത്തിൽ ഇത്തരം യൂണിറ്റുകൾ തുടങ്ങാൻ പദ്ധതി.
3. തീറ്റപുൽ കൃഷി വ്യാപകമാക്കാൻ കർഷകരെ പ്രേരിപ്പിക്കൽ.
4. ഒരു ആടുവളർത്തൽ കേന്ദ്രം 4-ാം വാർഡിൽ തുടങ്ങാൻ പദ്ധതി ആവിഷ്ക്കരിക്കണം.
5. സ്വകാര്യവ്യക്തികളുടെ കുളങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിനും പരിശീലനം കൊടുക്കുന്നതിനും, മറ്റും പദ്ധതി.
6. ശാസ്ത്രീയമായ ഒരു അറവുശാല തുടങ്ങുന്നതിന് പദ്ധതി.
7. വാർഡ് ആറിൽ ഒരു പാൽ വിൽപന കേന്ദ്രം തുടങ്ങാനും കൂടാതെ ഒരു മൃഗാശുപത്രി തുടങ്ങാൻ സ്ഥലം അനുവദിച്ചുകൊടുക്കുന്നതിനും പദ്ധതി.
8. വാർഡ് 7 ൽ ഒരു സബ്സെൻറർ സ്ഥാപിക്കാൻ പദ്ധതി.
9. കറവ പശുക്കളെ വിതരണം ചെയ്യുന്നതിനും പാൽ ഉൽപ്പാദകരെ സഹായിക്കാനുമുള്ള പദ്ധതി ആവിഷ്ക്കരിക്കൽ.
10. വാർഡ് 9 ൽ ആട്, മുയൽ എന്നിവ വളർത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും ക്ഷീരകർഷകർക്കും ഗോബർഗ്യാസ് തുടങ്ങുന്നതിനും പദ്ധതി.
11. വാർഡ് പത്തിൽ ആടു വളർത്തൽ പദ്ധതി. വളർത്തു മൃഗങ്ങൾക്കും ഇൻഷൂറൻസ് പദ്ധതി.
12. ഒരു പാൽ വിതരണ സഹകരണ സംഘവും മത്സ്യമാർക്കറ്റും തുടങ്ങുന്നതിന് പദ്ധതി.
13. പാൽ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഒരു യൂണിറ്റ്.

151

# 5.3
# വിദ്യാഭ്യാസം



പഴയ കൊടുവായൂർ - പുതുനഗരം പഞ്ചായത്ത് വിഭജിച്ച് കൊടുവായൂരും പുതുനഗരവും രണ്ട് പഞ്ചായത്തുകളായി പ്രവർത്തനം തുടങ്ങിയത് അടുത്തകാലത്താണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഒരു ഗവൺമെൻറ് പ്രൈമറി സ്ക്കൂളും 4 എയ്ഡഡ് പ്രൈമറി സ്ക്കൂളും ഒരു ഗവൺമെൻറ് യു.പി. സ്ക്കൂളും രണ്ട് എയ്ഡഡ് യു.പി. സ്ക്കൂളുകളും ഒരു ഗവ. ഹയർ സെക്കൻററി സ്ക്കൂളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഒരുB. Ed. സെൻറർ ഒരു എയിഡഡ് ടീച്ചേഴ്സ് ട്രെയിനിംഗ് സെൻറർ എന്നിവയാണ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ.

ഹോളിഫാമിലി സിസ്റ്റേഴ്സ് നടത്തുന്ന ഒരു സ്വാശ്രയ B.Ed വനിതാകോളേജും പാരലൽകോളേജും ഈ പഞ്ചായത്തിലുണ്ട്. ഇവ കൂടാതെ സ്ക്കൂൾ കോളേജ് ക്ലാസുകൾ നടത്തുന്ന 4 പാരലൽ കോളേജുകളുമുണ്ട്. 1952-53 ൽ ബോർഡ് മാപ്പിളസ്ക്കൂൾ കിഴക്കേത്തലയിൽ പ്രവർത്തിച്ചിരുന്നു.

പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായി സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന 5 നഴ്സറി സ്ക്കൂളുകൾ കൂടി ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ മിക്കതിലും വേണ്ടത്ര യോഗ്യതയുള്ള അദ്ധ്യാപകരോ സ്ഥലസൗകര്യങ്ങളോ മറ്റ് ഭൗതികസാഹചര്യങ്ങളോ ഇല്ല. ഇവയിൽ മിക്കതും ഇംഗ്ലീഷ്മാധ്യമത്തിൽ പഠനം നടക്കുന്നവയാണ്.

ഈ പ്രദേശത്തെ ഏറ്റവും പഴയ സ്ക്കൂളാണ് കഴിഞ്ഞ നൂറ്റാണ്ടിൽ എലിമെൻററി സ്ക്കൂളായി ആരംഭിച്ച കൊടുവായൂർ ഗവ. ഹയർ സെക്കൻററി സ്ക്കൂൾ. ആദ്യകാലത്ത് അദ്ധ്യാപകരും വിദ്യാർത്ഥികളും സവർണർ മാത്രമായിരുന്നു. തഞ്ചാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുടിയേറി പാർത്ത ബ്രാഹ്മണരുടേയും നായർ സമുദായത്തിൻെറയും കുത്തകയായിരുന്നു ഈ മണ്ഡലം. 1918-ൽ ഇത്, ഒരു ഹൈസ്ക്കൂളായി ഉയർത്തിയതോടുകൂടി സമീപപ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠനസ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു. അടുത്തകാലം വരെ സാങ്കേതിക കോഴ്സുകളായ

152

എഞ്ചിനീയറിംഗ്, വീവിംഗ് തുടങ്ങിയവയും ഉണ്ടായിരുന്നു. കേരളപ്പിറവിയോടുകൂടി അതുവരെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കീഴിലായിരുന്ന ഈ വിദ്യാലയം തുടർന്ന് 1990 ൽ ഇത് വീണ്ടും +2 കൂടി അനുവദിച്ച് ഹയർസെക്കൻററി സ്ക്കൂളായി തീർന്നു. പാലക്കാട് ജില്ലയിൽ അനുവദിച്ച സയൻസ് ഗ്രൂപ്പുള്ള ഹയർ സെക്കൻററിസ്ക്കൂൾ നമുക്ക് ലഭിക്കുവാൻ ഭാഗ്യമുണ്ടായി കേരളത്തിൽ 1990 - ൽ സർക്കാർ മേഖലയിൽ അനുവദിച്ച 18 ഹയർസെക്കൻററി സ്ക്കൂളുകളിൽ ഒന്നാണ് ഇതെന്ന് പ്രത്യേകം പ്രസ്താവ്യമത്രേ. ഈ വർഷം +2 വിദ്യാർത്ഥികൾക്കായി കമ്പ്യൂട്ടർ പഠനവും ആരംഭിച്ചു. 250 വിദ്യാർത്ഥികൾ പഠിക്കുന്ന കോഴിക്കോട് സർവ്വകലാശായുടെ ബി.എഡ് സെൻറർ പ്രവർത്തിക്കുന്നതും ഈ സ്ക്കൂൾ വളപ്പിനുള്ളിലാണ്. കുട്ടികളുടെ വർദ്ധനവും വിവിധ കോഴ്സുകളുടെ ബാഹുല്യവും നിമിത്തം സ്ക്കൂൾ ഇപ്പോൾ സെഷണൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഒരു നല്ല ലൈബ്രറിയും നല്ല ഒരു ലബോറട്ടറിയും ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. ഇതൊക്കെ വിദ്യാഭ്യാസനിലവാരത്തിൻെറ ഗുണക്കുറവിന് S.S.L.C. പരീക്ഷയുടെ വിജയശതമാനക്കുറവിന് കാരണമാകുന്നു. ഒരു കാലത്ത് കലാകായികരംഗങ്ങളിലും വിദ്യാഭ്യാസ നിലവാരത്തിലും വളരെ ഉന്നതനിലയിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം അനേകം പ്രഗത്ഭമതികളെ സൃഷ്ടിച്ചിട്ടുണ്ട്. ഇന്നത്തെ ഈ ശോചനീയാവസ്ഥ മാറ്റണമെങ്കിൽ സ്ക്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും അദ്ധ്യാപകർ അർപ്പണമനോഭാവത്തോടെ കൂടുതൽ ശ്രദ്ധിക്കുകയും വേണം. S.S.L.C പരീക്ഷയുടെ വിജയ ശതമാനം പ്രത്യേകചാർട്ടിൽ ചിത്രീകരിച്ചിട്ടുണ്ട്. മറ്റു വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്. ഹയർസെക്കണ്ടറി ക്ലാസിൻെറ വിജയശതമാനം ആശാവഹമല്ല. ജില്ലയിലെ മറ്റു പല സ്ക്കൂളുകളിൽ നിന്നും ഉയർന്നമാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടികൾ മെറിറ്റ് അടിസ്ഥാനത്തിലാണ് ഇവിടെ ചേരുന്നത്. ആയതിനാൽ + 2 ലെ വിജയ ശതമാനം വളരെ ഉയരേണ്ടതാണ്. +2 വിലെ അദ്ധ്യാപകരുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കണം.

യി.പി. വിഭാഗങ്ങളിൽ എറ്റവും കൂടുതൽ വിദ്യാർത്ഥികളും അദ്ധ്യാപകരും വളരെ പഴക്കമുള്ളതുമായ സ്ക്കൂൾ ആണ്. M.M.M.S.B. സ്ക്കൂൾ. ഇത് കൊടുവായൂർ ടൗണിൻെറ മദ്ധ്യഭാഗത്തുതന്നെ സ്ഥിതിചെയ്യുന്നു. ഇതിൻെറ മുൻ മാനേജരും ഹെഡ്മാസ്റ്ററും ആയിരുന്ന ശ്രീ. A.M.S. മന്ദാടിയർ ദേശീയ അദ്ധ്യാപക അവാർഡ് നേടിയ ഒരു മഹത് വ്യക്തിയാണ്. കൂടാതെ പള്ളിയിൽ ചാത്തുക്കുട്ടിമേനോൻ ആരംഭിച്ച കാക്കയൂരിലെ ദേവകി മെമ്മോറിയൽ സീനിയർ ബേസിക് സ്ക്കൂൾ കാക്കയൂർ ഭാഗത്ത് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് സഹായകമാണ്. സർക്കാർ മേഖലയിലുള്ള ഏക U.P സ്ക്കൂളാണ് എത്തനൂർ G.B.U.P സ്ക്കൂൾ. വളരെ പഴക്കം ഉള്ള ഈ വിദ്യാലയം അടുത്ത കാലം വരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ കൊടുവായൂർ പഞ്ചായത്തിൻെറ മുൻ പ്രസിഡൻറ് ശ്രീ. ഇ.ടി. ഗോവിന്ദൻക്കുട്ടിയുടെ നേതൃത്വഫലമായി ഒരു പുതിയ കെട്ടിടം സ്വന്തമായി നിർമ്മിക്കുകയും ഒരു ഷെഡ് പണിത് സ്ക്കൂൾ പൂർണ്ണമായി മാറ്റിസ്ഥാപിച്ചു. എന്നാൽ ഇപ്പോഴും ആവശ്യമുള്ളത്ര കെട്ടിടങ്ങൾ ഇല്ല. കൂടാതെ ഫർണിച്ചറും ഇല്ലാത്തതിനാൽ സ്ക്കൂൾ സെഷണൽ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. സ്ക്കൂളിൻെറ സുഗമമായ പ്രവർത്തനത്തിന് ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നത് അത്യാവശ്യമാണ്. കളിസ്ഥലം കുറവാണ്.

കൊടുവായൂർ കേരളപുരംഗ്രാമത്തിൽ വളരെ കാലമായി പ്രവർത്തിച്ചുവന്നിരുന്ന ഒരു എയിഡഡ് U.P സ്ക്കൂൾ ഉണ്ടായിരുന്നു. M.K.M സ്ക്കൂൾ. ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ക്കൂൾ നിറുത്തലാക്കി. പ്രൈമറി വിഭാഗത്തിൽ ഏറ്റവും പഴക്കമുള്ള വിദ്യാലയങ്ങളിൽ ഒന്നാണ് പെൺക്കുട്ടിസ്ക്കൂൾ എന്നറിയപ്പെടുന്ന G.B.L.P സ്ക്കൂൾ. 5-ാം തരമുള്ള അപൂർവ്വം ചില L.P സ്ക്കൂളുകളിൽ ഒന്നാണിത്. ഇതിൻെറ നിലനിൽപ്പിന് സർക്കാരിൻെറ ശ്രദ്ധ ആവശ്യമാണ്. കൊടുവായൂർ പഞ്ചായത്തിലെ ഏറ്റവും ശോചനീയമായ അവസ്ഥയിലുള്ള വിദ്യാലയമാണ് V.G.M. J.B സ്ക്കൂൾ, വെടും പുള്ളി. സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളാണിത്. അതുകൊണ്ടുതന്നെ അധികൃതർക്ക് ഈ

153

വിദ്യാലയത്തിൻെറ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കാണുന്നില്ല. കൊടുവായൂർ പഞ്ചായത്തിലെ നൊച്ചൂരുള്ള ഒരു L.P സ്ക്കൂൾ ആണ് D N M J B S ഈ സ്ക്കൂളിൻെറ ചുറ്റും സാമൂഹ്യമായി ഉയർന്ന നിലവാരത്തിലുള്ളവരാണെങ്കിലും അതിൻെറ പ്രതിഫലനം സ്ക്കൂളിൽ കാണുന്നില്ല. പഞ്ചായത്തിൻെറ വടക്കൻ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് J.BS വടക്കും പാടം ഇതിൻെറ പ്രവർത്തനം തരക്കേടില്ലാത്ത വിധത്തിൽ നടന്നു വരുന്നു. ഈ പഞ്ചായത്തിൻെറ പടിഞ്ഞാറെ അറ്റത്തു സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് A.L.P.S എത്തനൂർ വെസ്റ്റ്. നാലു ക്ലാസുകൾ മാത്രമുള്ള ഈ സ്ക്കൂളിന് ഭൗതീക സാഹചര്യം എല്ലാമുണ്ടെങ്കിലും അടുത്തുവന്നിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഇതിൻെറ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്നു. വനിതകൾക്ക് മാത്രമായി ഇവിടെ ഒരു TTI പ്രവർത്തിച്ചിരുന്നു. നിലവിൽ ട്രെയിനിംഗ് ഇല്ല. ഇവിടെ 40 പേർക്ക് ഒന്നാം വർഷവും രണ്ടാം വർഷവും 40 പേർക്കും കൂടി 80 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉണ്ട്. ഇപ്പോൾ ട്രെയിനിംഗ് നിലവിൽ ഇല്ലാത്തതിനാൽ ജീവനക്കാർ ആശങ്കയിലാണ്. ഈ പഞ്ചായത്തിൽ തന്നെ രണ്ട് B.Ed ട്രെയിനിംഗ് സെൻററുകളുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ ഒരെണ്ണവും മറ്റൊരെണ്ണം വനിതകൾക്കായി സ്വാശ്രയ ഹോളിഫാമിലിയുടെ B.Ed കോളേജും ആണ്. രണ്ടാം വാർഡിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി നാലു കിലോമീറ്ററിൽ കൂടുതൽ നടക്കേണ്ട സ്ഥിതി ഇന്നും നിലനിൽക്കുന്നു.

കൊടുവായൂർ പഞ്ചായത്തിൽ L.P വിഭാഗത്തിൽ 1115 ആൺകുട്ടികളും 1049 പെൺകുട്ടികളും കൂടി ആകെ 2164 പേർ പഠിക്കുന്നു. 5 മുതൽ 7 വരെയുള്ള ക്ലാസുകളിൽ 1079 ആൺകുട്ടികളും 1133 പെൺക്കുട്ടികളും കൂടി 2112 പേർ പഠിക്കുന്നു. ഹൈസ്ക്കൂൾ വിഭാഗത്തിൽ 992 ആൺകുട്ടികളും 966 പെൺകുട്ടികളുംകൂടി 1958 പേർ പഠിക്കുന്നു. കൂടാതെ +2 ,വിഭാഗത്തിൽ 82 ആൺകുട്ടികളും 58 പെൺകുട്ടികളുംകൂടി 140 പേർ പഠിക്കുന്നു കൊടുവായൂർ പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം 6474 ആണ്. ഇവിരിൽ 1601 പേർ പട്ടികജാതിക്കാറ് ആണ് [811 ആൺ 790 പെൺ]

കൊടുവായൂർ പഞ്ചായത്തിലെ നല്ലൊരു വിഭാഗം വിദ്യാർത്ഥികളും പല്ലാവൂർ, ചിൻമയമിഷൻ ചിറ്റൂർ വിജയമാതാ പാലക്കാട് ഭാരതമാതാ, കാണിക്കമാതാ, ആലത്തൂർ ഗുരുകുലം എന്നീ സ്ക്കൂളുകളിൽ പഠിക്കുന്നു. അവരുടെ എണ്ണം ലഭിച്ചിട്ടില്ല. കൂടാതെ സ്വാശ്രയ BEd വനിതാ കോളേജ്, പാരലൽ കോളേജ്, നഴ്സറി എന്നിവയിൽ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമായി ലഭിച്ചിട്ടില്ല.

കൊടുവായൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം വളരെ ശോചനീയ അവസ്ഥയിലാണ്. ഇതിൽ ഒരുമാറ്റം വരണമെങ്കിൽ വിദ്യാഭ്യാസ വകുപ്പും പഞ്ചായത്തും നാട്ടുകാരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. പലവിദ്യാലയങ്ങളിലും PTA ഉണ്ടെങ്കിലും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. PTA യുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ രക്ഷാകർത്താക്കൾ വിദ്യാലയങ്ങളുമായി ബന്ധപ്പെടേണ്ടതാണ്. വിദ്യാലയങ്ങളിലെ ആഘോഷങ്ങൾ പ്രത്യേകിച്ച് കായിക കലാ മത്സരങ്ങൾ എന്നിവയിൽ രക്ഷാകർത്താക്കളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്താൻ PTA ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ നിന്നും അച്ചടക്ക രാഹിത്യം ഒരു പരിധി വരെ ഇല്ലാതാക്കാൻ കഴിയും. കുട്ടികളുടെ Progress Card പഠന നിലവാരം എന്നിവയിൽ രക്ഷിതാക്കളുടെ ശ്രദ്ധ പ്രത്യേകം വേണ്ടതാണ്. പഠന നിലവാരം ഉയർത്തുന്നതിന് ഒരു കാലത്ത് സജീവമായിരുന്ന സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം സജീവക്കേണ്ടതുണ്ട്. സ്ക്കൂൾ അധികൃതരുടെ അനാസ്ഥ കാരണം നിലവാരതകർച്ച സംഭവിക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ മേൽ ഉദ്യോഗസ്ഥരുടെ പരിശോധന കർശനമായി നടത്തേണ്ടതാണ്. കൂടുതൽ വിദ്യാർത്ഥികളുള്ള ഹൈസ്ക്കൂളിൽ അക്കാഡമി കാര്യങ്ങൾ ശ്രദ്ധിക്കാൻ പ്രത്യേക ക്രമീകരണം ഉണ്ടാവേണ്ടതാണ്.

154

## പ്രശ്നങ്ങൾ / നിർദ്ദേശങ്ങൾ

1. G.B. L.P.S കൊടുവായൂരിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പ്രീ പ്രൈമറി ആരംഭിക്കുകയും 5-ാം തരം വരെയുള്ള പ്രസ്തുത സ്ക്കൂളിൽ 6, 7 ക്ലാസ്സുകൾ കൂടി അനുവദിക്കുക.
2. നാലു കിലോമീറ്ററിൽ കൂടുതൽ ദൂരം പ്രൈമറി വിദ്യാർത്ഥികൾക്ക് രണ്ടാം വാർഡിലും നടക്കേണ്ടിവരുന്ന 5, 8 വാർഡുകളിലും L.P. തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കൽ.
3. ജനങ്ങളുടെ സഹായവും ശ്രമദാനവും പ്രയോജനപ്പെടുത്തുക. അസംഘടിത ദരിദ്ര തൊഴിലാളികളുടെ മക്കൾക്ക് സ്ക്കോളർഷിപ്പ് അനുവദിക്കൽ.
4. 6.8,9, വാർഡുകളിൽ പ്രീ പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക.
5. നാലാം വാർഡിലുള്ള വെട്ടുംപുള്ളിസ്ക്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ശോചനീയവസ്ഥക്ക് പരിഹാരം കാണുക.
6. നൊച്ചൂർ DMJBS, എത്തനൂർ ALPS, GHSS കൊടുവായൂർ എന്നിവിടങ്ങളിലെ PTA പ്രവർത്തനം ശക്തിപ്പെടുത്തണം.
7. എത്തനൂർ U.P. സ്ക്കൂൾ അപ്പ് ഗ്രേഡ് ചെയ്ത് സെഷണൽ സമ്പ്രദായം ഒഴിവാക്കണം.
8. G.H.S.S കൊടുവായൂരിലെ സെഷണൽ സമ്പ്രദായം ഒഴിവാക്കൽ പദ്ധതി. അദ്ധ്യാപകരെ നിയമിക്കാൻ (All Subjects) പദ്ധതി. സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
9. G.B.U.P സ്ക്കൂളിന് കളിസ്ഥലം ഉണ്ടാക്കാൻ പദ്ധതി ക്രഷ് സമ്പ്രദായം ഏർപ്പെടുത്തണം.
10. വടക്കും പാടം ക്രഷിൽ കളിപ്പാട്ടങ്ങൾ വിതരണം ചെയ്യുന്നതിന് പദ്ധതി സ്ക്കൂൾ ക്ലാസുകളിൽ ഇടചുമർ നിർമ്മിക്കുക
11. നീന്തൽ താരങ്ങൾക്ക് പരിശീലന പദ്ധതി ആവിഷ്ക്കരിക്കൽ.
12. G.H.S S ൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ പദ്ധതി.
13. B. Ed ന് പ്രത്യേക സംവിധാനം ഉണ്ടാക്കണം.
14. വിദ്യാലയങ്ങളിലെ അനാവശ്യ സമരം ഒഴിവാക്കാൻ P T A ശ്രമിക്കണം.
15. പഞ്ചായത്തിലെ പാരലൽ കോളേജുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ.
16. ചെത്ത് തൊഴിലാളികളുടെ മക്കൾക്ക് സ്ക്കോളർഷിപ്പ് അനുവദിക്കുന്നതിന് പദ്ധതി.
17. G.L.P.S കൊടുവായൂർ, A L P S എത്തനൂർ, J B S വടക്കും പാടം എന്നീ സ്ക്കൂളുകൾ അപ്പ്ഗ്രേഡ് ചെയ്യുക.
18. സാക്ഷരതാക്ലാസുകൾ ആരംഭിച്ച് തുടർ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കുക.
19. കാക്കയൂർ പ്രദേശത്ത് ഒരു സർക്കാർ ഹൈസ്ക്കൂൾ അനുവദിക്കുക.

155


156

# ചെലവ് സംബന്ധിച്ച വിവരങ്ങൾ

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് എ | | | വരവ് ബി | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾ | ഉപകരണങ്ങൾ ലൈബ്രറി പുസ്തകങ്ങൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ - വിനോദങ്ങൾക്ക് | ശൗചാലയങ്ങൾക്ക് | ഉച്ചഭക്ഷണത്തിന് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | പിരിവിനങ്ങളിൽ | എൻഡോവ്മെന്റ് | പി. ടി. എ. ഫണ്ട് | മറ്റു മാർഗങ്ങളിലൂടെ വരവ് | ആകെ വരവ് |
| GBLPS Koduvayur | 750 | 500 | 100 | 100 | 300 | 250 | 5000 | 250 | | | | | | | | |
| ALPS Ethanur West | 1,850 | 800 | - | - | - | - | 4053 | - | | | | | | | | |
| MMMSBS | 7,000 | 8,000 | - | - | - | - | 7000 | - | 6081 | | 6081 | 4790 | | | | 4790 |
| GBUPS Ethanur | 50,000 | 10,000 | 5,000 | 2,000 | 1000 | 1000 | 20,000 | | | | | 521 | | 4000 | - | |
| DMSBS Kakkayur | 2,500 | 1000 | 250 | 500 | 125 | 250 | 15,000 | 2500 | 2500 | | 2500 | 2400 | 5000 | 4000 | | 16,400 |
| GHSS Koduvayur | 3,000 | 5,000 | 1000 | 5000 | 1000 | - | 4,000 | 7000 | 18000 | | 1800 | 17000 | 500 | 10,000 | - | 10,5500 |

# കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്ലാസ് | ആൺകുട്ടികൾ | | | എസ്. സി. എസ്. ടി. കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ [illegible] 5 വർഷം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | എസ്.സി/ എസ്. ടി | | | മറ്റുള്ളവർ | | | എസ്.സി/ എസ്. ടി | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 243 | 207 | 450 | 49 | 44 | 93 | 2 | 3 | 5 | – | – | – | | | | | | | 16 |
| 2 | 298 | 266 | 564 | 75 | 66 | 141 | 14 | 9 | 23 | 13 | 12 | 25 | | | | | | | 72 |
| 3 | 270 | 267 | 537 | 72 | 61 | 133 | 17 | 6 | 23 | 15 | 9 | 24 | 5 | 2 | 7 | | | | 38 |
| 4 | 304 | 309 | 613 | 76 | 76 | 152 | 14 | 5 | 19 | 15 | 6 | 21 | 3 | 4 | 7 | 1 | | 1 | 30 |
| 5 | 350 | 363 | 713 | 116 | 96 | 212 | 14 | 13 | 27 | 13 | 11 | 24 | 6 | 6 | 12 | 16 | 8 | 24 | 96 |
| 6 | 345 | 376 | 721 | 89 | 95 | 184 | 14 | 8 | 22 | 15 | 1 | 26 | 4 | 2 | 6 | 12 | 16 | 28 | 154 |
| 7 | 384 | 394 | 778 | 99 | 94 | 193 | 12 | 18 | 30 | 42 | 29 | 71 | 8 | 5 | 13 | 6 | 16 | 30 | 142 |
| 8 | 368 | 314 | 682 | 100 | 75 | 175 | 1 | – | 1 | 11 | 9 | 20 | | | – | 13 | 10 | 23 | 150 |
| 9 | 356 | 349 | 705 | 77 | 88 | 165 | 10 | 7 | 17 | 24 | 27 | 51 | | | – | – | 3 | 3 | 200 |
| 10 | 268 | 303 | 571 | 48 | 76 | 124 | – | – | – | – | – | – | | | | – | | | 156 |
| +2 | 82 | 58 | 140 | 10 | 19 | 29 | – | – | – | – | – | – | | | | | | | |
| ആകെ | | | 6474 | 811 | 790 | 1601 | 98 | 69 | 167 | 148 | 114 | 262 | 26 | 19 | 45 | 56 | 53 | 109 | 1066 |


എസ്. എസ്. എൽ. സി. വിജയശതമാനം
ജി. എച്ച്. എസ്. എസ്
32%
30%
24%
26%
92 - 93
93 - 94
94- 95
95 - 96
വർഷം

പട്ടിക 1

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാൻറ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡിത്തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) | |
|---|---|---|---|---|---|---|---|---|---|---|
| | ജി. ബി. എൽ. പി. എസ്. കൊടുവായൂർ | | 24 | | | | | | | |
| | എ. എൽ. പി. എസ്. എത്തന്നൂർ വെസ്റ്റ് | | 54 | | | | | | | |
| | ജി. ബി. യു. പി. എസ്, എത്തന്നൂർ | 15 | 145 | | | | | | | |
| | ഡി. എം. എസ്. ബി. എസ്, കാക്കയൂർ | | 217 | 21 | 27 | 1 | | | | |
| | ജി. എച്ച്. എസ്. എസ്, കൊടുവായൂർ | 4 | 608 | 58 | 6 | | | | | |

159

# സ്കൂളിൻെറ പൊതു വിവരം

| സ്കൂളിൻെറ പേര് | ഹൈസ്കൂൾ/ യു.പി/ എൽ.പി/ പ്രീ പ്രൈമറി | സ്കൂളിൻെറ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിൻെറ മൊത്തം വിസ്തീർണം | കളിസ്ഥലത്തിൻെറ വിസ്തീർണം | ഉപയോഗിക്കാത്ത സ്ഥലം | ഇത് കെട്ടിടങ്ങൾ, ചുറ്റുമതിൽ, ഫർണിച്ചർ റിപ്പയർ ആവശ്യമുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അദ്ധ്യാപക പോസ്റ്റ് | നിയമിതരായവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല അവധിയിലുള്ളവർ | | | | |
| ജി. എച്ച്. എസ്. എസ്, കൊടുവായൂർ | എച്ച്.എസ് | ✓ | | | | 1225 | 1151 | 2376 | 70 | 67 | 2 | 1 | 3 1/2ഏക്കർ | 2 1/2 ഏക്കർ | | കിണറ്റിൻെറയുംഫർ |
| ജി. എൽ. പി. എസ്. കൊടുവായൂർ | എൽ.പി | ✓ | | | | 114 | 106 | 220 | 8 | 8 | | | 40 സെൻറ് | – | | ണിച്ചർ റിപ്പയർ |
| എം. എം. എം. എസ്. ബി. എസ് | യു.പി | | ✓ | | | 951 | 947 | 1898 | 55 | 55 | | 1 | 75 സെൻറ് | 10 സെൻറ് | | |
| വി. ജി. എം.ജെ.ബി.എസ്,വെട്ടാംപുള്ളി | എൽ.പി | | ✓ | | | 64 | 64 | 128 | 4 | 4 | | | 1 ഏക്കർ | – | | ചുറ്റുമതിലില്ല |
| ഡി.എം.ജെ.ബി.എസ്, നൊച്ചൂർ | എൽ.പി | | ✓ | | | 113 | 106 | 219 | 8 | 8 | | | 35 സെൻറ് | 10 സെൻറ് | 8 സെൻറ് | റ റിപ്പയർ |
| ജെ. ബി.എസ്, വടക്കുംപാടം | എൽ.പി | | ✓ | | | 80 | 75 | 155 | 6 | 6 | | | 62 സെൻറ് | – | | ചുറ്റുമതിലില്ല |
| ജിബിയു.പി.എസ്. എത്തനൂർ | യു.പി | ✓ | | | | 277 | 248 | 525 | 17 | 16 | 1 | 1 | 1ഏ82സെൻ | – | | ഫർണിച്ചർ |
| ഡി.എം.എസ്.ബി.എസ്. കാക്കയൂർ | യു.പി | | ✓ | | | 354 | 429 | 783 | 25 | 25 | | | 1 ഏക്കർ | 3 ഏക്കർ | | ചുറ്റുമതിലില്ല |
| എ.എൽ.പി.എസ്, എത്തനൂർ | എൽ.പി | | ✓ | | | 64 | 54 | 118 | 4 | 4 | | | 55 സെൻറ് | 20 സെൻറ് | | താത്കാലിക |
| | | | | | | | | | | | | | | | | സ്റ്റാൻഡ് |
| | | | | | | | | | | | | | | | | ഫർണിച്ചർറിപ്പയർ |

പട്ടിക 3

## അക്കാദമിക് നിലവാരം

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | എസ്. എസ്. എൽ. സി. വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30%ൽ താഴെ കുട്ടികൾ | 30 - 40 മാർക്ക് നേടുന്നവർ | 40 - 50 ശതമാനം നേടുന്നവർ | 50 - 60 ശതമാനം നേടുന്നവർ | 60 %ത്തിൽ ശതമാനം നേടുന്നവർ | 91 - 92 കൂടുതൽ നേടുന്നവർ | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
| 3 | 499 | 170 | 94 | 69 | 73 | 93 | | | | | |
| 4 | 620 | 180 | 110 | 116 | 110 | 103 | | | | | |
| 5 | 704 | 297 | 121 | 93 | 87 | 107 | | | | | |
| 6 | 723 | 339 | 174 | 77 | 65 | 68 | | | | | |
| 7 | 757 | 375 | 153 | 75 | 74 | 85 | | | | | |
| 8 | 671 | 546 | 54 | 31 | 21 | 19 | | | | | |
| 9 | 687 | 575 | 47 | 42 | 16 | 7 | | | | | |
| 10 | 502 | 371 | 25 | 51 | 32 | 23 | | | | | |
| 95 - 96 SSLC പരീക്ഷ എഴുതിയവർ | 548 | 406 | 39 | 40 | 29 | 34 | | 32 | 30 | 24 | 26 |

162

പട്ടിക 4 കുട്ടകൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്കൂളിൻെറ പേര് | ഇന വിവരം | ജില്ലാ തലത്തിൽ | | | സംസ്ഥാന തലത്തിൽ | | | ദേശീയ തലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| ജി. എച്ച്. എസ്. എസ് കൊടുവായൂർ | നീന്തൽ | 27 | 5 | 32 | 3 | 3 | 6 | 2 | – | 2 |
| | ഹാൻറ് ബാൾ | 16 | – | 16 | 8 | – | 8 | 9 | – | 9 |
| | ക്രിക്കറ്റ് | 16 | – | 16 | 5 | – | 5 | 1 | – | 1 |
| | അത്‌ലറ്റിക്സ് | 42 | 9 | 51 | 12 | – | 12 | – | – | – |
| | സോഫ്റ്റ് ബാൾ | 12 | – | 12 | – | – | – | 7 | – | 7 |
| | ചെസ് | 1 | – | 1 | 1 | – | 1 | – | – | – |
| ഡി. എം. എസ്. ബി. എസ് കാക്കയൂർ | നീന്തൽ | – | 3 | 3 | – | – | – | 1 | – | 1 |
| | അത്‌ലറ്റിക്സ് | 1 | 0 | 1 | – | – | – | – | – | – |

| സ്കൂളിൻെറ പേര് | ആകെ ഡിവി. | കെട്ടിടം എണ്ണം | | | മുറികൾ എണ്ണം | | | റൂമുകൾ ആവശ്യമെങ്കിൽ എണ്ണം | ആവശ്യമായ കെട്ടിടം/മുറികൾ നിർമ്മിക്കാൻ സ്ഥലം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരേസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനിആവശ്യമുള്ളതിൻെറ എണ്ണം | നിലവിലുള്ള കക്കൂസിൻെറ എണ്ണം | ഉപയോഗശൂന്യമായ കക്കൂസിൻെറ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല. കിണർ-ടേപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ഇല്ല | ഡസ്ക് | ഇനി ആവശ്യമായവ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താത്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താത്കാലികം | | | | | | | | | | | | | | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ | |
| GBLPS, Koduvayur | 7 | 2 | | | 9 | - | - | 1 | y | 3 | 12 | - | 2 | - | y | y | y | - | - | y | 8 | - | - | | |
| DNMJBS Nochur | 7 | 3 | | | 11 | - | - | - | - | 2 | 10 | - | - | - | y | - | y | - | - | - | - | - | - | - | |
| VGMJBS Vettumpully | 4 | 4 | | | - | - | - | - | y | - | - | - | - | - | | | - | - | - | - | - | - | - | - | |
| JBS Vadakkumpadam | 5 | 1 | | | 2 | 4 | - | - | - | 2 | 10 | - | 1 | 1 | y | y | - | - | | - | - | - | - | - | |
| ALPS Ethanur West | 4 | 1 | | | 4 | - | - | - | - | 2 | 5 | - | 1 | - | y | - | y | - | y | 12 | - | - | - | - | |
| GBUPS Ethanur | 15 | 15 | | | 4 | - | 6 | 10 | y | 2 | 20 | 3 | - | 2 | - | - | - | y | | 30 | 50 | 10 | 10 | 4 | |
| MMMSBS Koduvayur | 44 | 3 | | | 47 | - | - | - | - | 4 | 50 | - | 2 | - | y | y | y | y | | - | - | - | - | - | |
| DMSBS Kakkayur | 20 | 5 | | | 21 | - | - | 2 | y | 4 | 5 | 2 | 1 | - | - | y | y | y | | 100 | 5 | 5 | 20 | - | |
| GHSS Koduvayur | 45 | 11 | | | 39 | - | 6 | 14 | y | 5 | 50 | - | 6 | 2 | y | y | y | y | - | 14 | 15 | 8 | 10 | 4 | |
| TTI Koduvayur | 1 | 1 | | | 6 | - | - | - | y | 2 | 15 | - | 3 | - | y | | - | y | | - | - | - | - | | |

പട്ടിക 6 - അക്കാദമിക് സൗകര്യങ്ങൾ

| | | | ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം | | | | | | | | | ബ്ലാക്ക് ബോർഡ് | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിൻെറ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തനം ഉണ്ട്/ഇല്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല · പ്രവർത്തനം ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ(മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട് / ഇല്ല | റേഡിയോ | ടേപ്പ് റിക്കാർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | 95 - 96 ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | [illegible] നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | [illegible] | [illegible] |
| | | | | | | | | | | | | | | | | 4 | | |
| GBLPS, Koduvayur | | ✓ | | | | | | | | | | 2 | 7 | 196 | | 4 | ✓ | ✓ |
| DNMJBS, Nochur | | | | | | | | | | | | | 7 | 196 | | | ✓ | |
| VGMJBS, Vettumpully | | | | | | | | | | | | 4 | 4 | 196 | | 4 | | |
| JBS, Vadakkumpadam | ✓ | | ✓ | ✓ | ✓ | | | | | | | 4 | 5 | 189 | 2 | 1 | ✓ | |
| ALPS, Ethanur | | | | | | | | | | | | 4 | 4 | 196 | | 5 | ✓ | |
| GBUPS, Ethanur | ✓ | | ✓ | | | | | | | | | 14 | 12 | 197 | 4 | | ✓ | ✓ |
| MMMSBS, Koduvayur | ✓ | ✓ | ✓ | | | | | | | | | | 50 | 196 | | | ✓ | ✓ |
| DMSBS, Kakkayur | ✓ | ✓ | ✓ | | | | | | | ✓ | | 21 | 21 | 196 | | 4 | ✓ | ✓ |
| GHSS, Koduvayur | ✓ | ✓ | ✓ | ✓ | ✓ | | | ✓ | ✓ | | ✓ | 21 | 24 | 223 | 12 | | | |
| TTI, Koduvayur | ✓ | ✓ | ✓ | | | | | ✓ | | | | | 6 | | | | | |

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| | H.SS/H.S | | | | | U.P.S | | | | | L.P.S | | | | | NURSARY | | | | സാങ്കേതിക വിദ്യാലയങ്ങൾ (എത്രതന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ. എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ. എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ. വക | സ്വകാര്യം | ആകെ | കൊമേഴ്സ്യൽ | സ്വകാര്യം | ആകെ | യൂണിവേഴ്സിറ്റി | സെൽഫ് ഫിനാൻസിങ് | ആകെ | സ്കൂൾ/കോളേജ് നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ - കോളേജ് ക്ലാസുകൾ നടത്തുന്നവ | |
| 1 | | | | 1 | 1 | 1 | 2 | - | - | 3 | 1 | 4 | - | 5 | 10 | - | - | 5 | 5 | 5 | 5 | - | 1 | 1 | 2 | 4 | 1 | 2 | |

164

165

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

പട്ടിക 8

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| സ്കൂളുകൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| H.S | 27 | 40 | 67 | 1225 | 1151 | 2376 | - | 1 | - | 1 |
| U.P.S | 15 | 82 | 97 | 1582 | 1624 | 3206 | 1 | 2 | 1 | 2 |
| L.P.S | 3 | 27 | 30 | 425 | 405 | 830 | 3 | 2 | 3 | 2 |
| TTI | - | 6 | 6 | | | | | | | |
| UN AIDED LPS | - | 18 | 18 | 110 | 131 | 241 | | 5 | | 5 |
| PRE-PRIMERY | - | 8 | 8 | 75 | 82 | 157 | | 5 | | 5 |
| TOAL | 45 | 181 | 226 | 3417 | 3393 | 6810 | 5 | 15 | 5 | 15 |

# 5.4
# കുടിവെള്ളവും പൊതുജന ആരോഗ്യവും / പരിസര ശുചിത്വവും

## കുടിവെള്ളം

ശുദ്ധമായ കുടിവെള്ളം ഏതൊരു പൗരൻെറയും അടിസ്ഥാനാവശ്യമാണ്. കൊടുവായൂർ ഗ്രാമപഞ്ചായത്തിൻ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. അധികവും സ്വകാര്യ കിണറുകൾ, പൊതു കിണറുകൾ, സ്വകാര്യ കുഴൽ കിണറുകൾ, പൊതുകുഴൽകിണറുകൾ, കേരളാ വാട്ടർ അതോററ്ററിയുടെ ശുദ്ധജല പൊതുവിതരണ ശൃംഖലകൾ എന്നിവയാണു കുടിവെള്ള ലഭ്യതക്കുള്ള സ്രോതസ്സുകൾ. മഴക്കാലത്ത് ധാരാളം ജലം ലഭിക്കുമെങ്കിലും വേനൽകാലത്ത് സ്രോതസ്സുകൾ കൂട്ടുതലും വറ്റിപോകുകയും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുകയും ചെയ്തുവരുന്നു.

പട്ടിക -1

| പൊതുകിണറുകൾ | | പൊതുകുഴൽ കിണറുകൾ | | K.W.A. ശുദ്ധജല വിതരണ ശൃംഖല | |
|---|---|---|---|---|---|
| വെള്ളം ലഭിക്കുന്നവ | വെള്ളം ലഭിക്കാത്തവ | വെള്ളം ലഭിക്കുന്നവ | വെള്ളം ലഭിക്കാത്തവ | പൊതു ടാപ്പുകൾ | |
| 30 | 4 | 32 | 9 | – | 104 |
| ആകെ | 34 | ആകെ | 41 | ആകെ | 104 |

166

1982 ൽ പൂർത്തിയായ K.W.A യുടെ 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ശുദ്ധജലവിതരണ പദ്ധതി കൊടുവായൂരിലെ ജനങ്ങൾ വളരെ ആഹ്ലാദപൂർവ്വം സ്വീകരിക്കുകയുണ്ടായി. കുടിവെള്ളക്ഷാമത്തിന്നു ആദ്യത്തെ കുറച്ചു വർഷങ്ങളിൽ ഇതു വലിയ ആശ്വാസമായിരുന്നെങ്കിലും ഇതിനായി പമ്പു ചെയ്തിരുന്ന കിണറ്റിൽ ജലലഭ്യത കുറഞ്ഞതോടെ ജനങ്ങൾ ഇന്നു വളരെ വിഷമിക്കുകയാണ്.

7-ാം വാർഡിലെ എത്തനൂർ നടക്കാവ് പ്രദേശത്ത് K.W.A. യുടെതായ ഒരു പമ്പിംഗ് സ്റ്റേഷനിൽനിന്നും 1991 മുതൽ കുടിവെള്ളം വിതരണം ചെയ്തുവരുന്നു. ഇതിൻെറ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമത്തിന്നു ചെറിയൊരു പരിഹാരം കാണാൻ ഈ പദ്ധതി സഹായമായിട്ടുണ്ട്.

പൈപ്പിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളം പലസ്ഥലങ്ങളിലും ജനങ്ങളുടെ അശ്രദ്ധമൂലം പാഴായിപോകുന്നുണ്ട്. അമൂല്യമായ കുടിവെള്ളത്തിൻെറ ദുർവിനിയോഗം തടയുവാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ മാത്രമെ കഴിയുകയുള്ളു.

## *ഗ്രാമസഭാ ചർച്ചകളിൽ കുടിവെള്ള ക്ഷാമത്തെക്കുറിച്ചുയർന്നു വന്ന പ്രശ്നങ്ങളും*

## *പരിഹാര നിർദ്ദേശങ്ങളും.*

വാർഡ് I

ഒന്നാംവാർഡിൽ കിഴക്കേത്തല പ്രദേശത്ത് കിണറുകളിലെ വെള്ളത്തിന് ഉപ്പുരസം അനുഭവപ്പെടുന്നുണ്ട്. ശുദ്ധജലത്തിനായി പൊതുടാപ്പുകളെയാണ് കൂടുതൽ പേരും ആശ്രയിക്കുന്നത്. നിലവിലുള്ള പൈപ്പു ലൈനുകൾ നീട്ടുകയും വീടുകളിലേക്ക് കണക്ഷനുകൾ നൽകുകയും ചെയ്താൽ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും.

വാർഡ് II

രണ്ടാം വാർഡിലെ പയ്യപ്പുള്ളി, കണ്ണങ്കോട് ഭാഗത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഈ ഭാഗങ്ങളിൽ ജലസ്രോതസ്സുകൾ കണ്ടെത്തി ടാങ്കുകൾ നിർമ്മിച്ച് ജലവിതരണ ശൃംഖലകൾ ഉണ്ടാക്കിയാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

ഇതിൻെറ പ്രവർത്തനങ്ങൾക്ക് ശ്രമദാനത്തിലൂടെ സഹായസഹകരണങ്ങൾ നൽകുവാനും ഇതിനുവേണ്ടി കിണറുകൾ കുഴിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി നൽകുവാനും ഇവിടത്തെ ജനങ്ങൾ തയ്യാറാണ്.

വാർഡ് III

മൂന്നാം വാർഡിൽ പെടുന്ന വടക്കേകളം- കർണ്ണകി നഗർ - പുല്ലാനിക്കാവ് പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. വടക്കേകളത്തിൽ ഒരു കിണർ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇത് വൃത്തിയാക്കുകയാണെങ്കിൽ 35 ൽ അധികം കുടുംബങ്ങൾക്കും കുടിവെള്ളം ലഭിക്കും. കർണ്ണകി നഗർ പുല്ലാനിക്കാവിൽ ഒരു പൊതു കിണർ കുഴിക്കുകയാണെങ്കിൽ പുല്ലാനിക്കാവ് ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

167

വാർഡ് V

നാലാം വാർഡിൽ കുരുകുളം, കൊരങ്ങോട്, കമ്മാന്തറ, ചെത്തിയോട്, മലയക്കോട്, കോളോട് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

മലയക്കോട് ഭാഗത്തുള്ള പഞ്ചായത്ത് കിണറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കുരുകുളം, കൊരങ്ങോട് ഭാഗത്ത് എത്തിക്കുകയാണെങ്കിൽ ഇവിടെയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. മറ്റു പ്രദേശങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുന്നതിലൂടെ മാത്രമേ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയുകയുള്ളു. കൊരങ്ങോട്പ്രദേശത്ത് ഒരു പഞ്ചായത്ത് കിണർ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. ഇത് ശുദ്ധീകരിച്ചാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് ഗുണം ചെയ്യും.

വാർഡ് V

അഞ്ചാം വാർഡിൽ നടുവം കുന്നം കോളനി, മാരാത്ത് പറമ്പ്, തുവ്വച്ചോട് കോളനി, കോളോട് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇവിടങ്ങളിൽ പൊതു കിണറുകൾ സ്ഥാപിച്ചാൽ ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകും. മൈലാറോഡ് പാലത്തിനു സമീപം ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തുകയാണെങ്കിൽ ഒടുകുംപാറ മൈലാറോഡ് നടുവം കുന്നം ഭാഗത്തേക്ക് ശുദ്ധജലം എത്തിക്കുവാൻ കഴിയും. കോളോട് ചെട്ടിത്തറ മലയക്കോട് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇവിടങ്ങളിലേയ്ക്ക് കോളോട് വരെ വരുന്ന പൈപ്പ് ലൈൻ നീട്ടുകയാണെങ്കിൽ ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കാനാവും.

വാർഡ് VI

ആറാം വാർഡിൽ തോണിപ്പാടം - കല്ലോട്ടുകുളം എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇവിടങ്ങളിൽ പൊതു കിണറുകൾ കുഴിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്. കാക്കയൂർ ക്ഷേത്രത്തിനു സമീപം ഒരു കിണർ കുഴിച്ച് ജലവിതരണ ശൃംഖലകൾ രൂപപ്പെടുത്തിയാൽ വലിയ ഒരളവുവരെ പ്രശ്നത്തിന് പരിഹാരമാകും.

വാർഡ് VII

ഏഴാം വാർഡിൽ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇതു പരിഹരിക്കുന്നതിന് തുറന്ന പൊതു കിണറുകൾ കുഴിക്കുകയും നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയും ചെയ്താൽ ഒരളവുവരെ പ്രശ്നപരിഹാരമാവും. മുത്തൻകാട് പ്രദേശത്തേക്ക് നിലവിലുള്ള പൈപ്പും ലൈൻ നീട്ടിയാൽ ഇവിടെയുള്ളവരുടെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് VIII

എട്ടാം വാർഡിലെ രാജീവ് കോളനി - മീഞ്ചിറക്കാട് തകരക്കാട് കിഴക്കേത്തല പ്രദേശങ്ങൾകുടിവെള്ളത്തിന് ബുദ്ധിമുട്ടനുഭവിക്കുന്നു. ഇതിൽ രാജീവ് കോളനിയിൽ ഒരു പൊതുകിണർ നിർമ്മിക്കുകയും മീഞ്ചിറക്കാട്ടിലേക്ക് പൈപ്പ് ലൈൻ നിർമ്മിക്കുകയും കിഴക്കേ തറയിൽ നിലവിലുള്ള കിണർ നന്നാക്കുകയും ചെയ്താൽ ജലക്ഷാമത്തിന് ഒരളവുവരെ പരിഹാരം കാണും.

വാർഡ് IX

ഒൻപതാം വാർഡ് പ്രദേശത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന നിരവധി പ്രദേശങ്ങൾ ഉണ്ട്. ചാന്തിരുത്തി കോളനി ഗ്രാമം കൊങ്ങത്തുകുഴി - പെരണ്ടിപാടം എന്നീ പ്രദേശങ്ങൾ ഇതിൽ വരുന്നുണ്ട്.

168

ഗ്രാമത്തിൽ കുറേ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ഉണ്ടെങ്കിലും ആവശ്യത്തിന് മതിയാകാറില്ല. പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുകയും ജലവിതരണ സമയം കൂട്ടുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ചാന്തിരുത്തി ഭാഗത്ത് പൊതുകിണറുകൾ ഉണ്ടെങ്കിലും മിക്കതും വേനൽക്കാലത്ത് വെള്ളം ലഭിക്കാത്തവയാണ്. വെള്ളം ലഭിക്കുന്നതിൽ ഉപ്പുരസം അനുഭവപ്പെടുന്നു. ആയതിനാൽ ചാന്തിരുത്തി ഭാഗത്ത് പൈപ്പ് ലൈൻ നീട്ടുകയാണെങ്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് X

പത്താം വാർഡിൽ കരുവന്നൂർതറ അയ്യപ്പക്ഷേത്രം പരിസരത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. പൈപ്പ് ലൈൻ നീട്ടുകയാണെങ്കിൽ പ്രശ്നം പരിഹരിക്കാനാവും. മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റു മുതൽ വടക്കുംപാടം നെല്ലിക്കോട് വളത്തുകാട് എന്നീ പ്രദേശങ്ങളിലേക്ക് പൈപ്പുലൈനുകൾ നീട്ടുകയാണെങ്കിൽ ഇവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ചെമ്പോത്തുകുളമ്പ് പ്രദേശത്ത് രണ്ട് പൊതുടാപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ ഇവിടത്തെ ക്ഷാമം പരിഹരിക്കാം. പലതും തകർന്നു കിടക്കുകയാണ്. ഇത് വൃത്തിയാക്കുന്നതിന് സന്നദ്ധപ്രവർത്തനം നടത്തുവാൻ ഇവിടത്തെ ജനങ്ങൾ തയ്യാറാണ്.

വാർഡ് XI

പതിനൊന്നാം വാർഡിൽ താഴെ പറയുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. കരുവന്നൂർ തറ, SBR മില്ലിനുസമീപം, മേക്കുതെരുവുവഴി, ആദം പുതൂർവഴി, പള്ളിതെരുവ്, നെടുങ്കുളം പ്രദേശം, പാലോട് എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുകയാണെങ്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കാനാവും. വാട്ടർ ടാങ്കിനു സമീപത്തുള്ളതും പച്ചക്കറിമാർക്കറ്റിനകത്തുള്ളതുമായ പഞ്ചായത്തു കിണറുകൾ വൃത്തിയാക്കിയാൽ വളരെ അധികം പേർക്ക് ഗുണകരമാകും.

## കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രധാന പൊതുപ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും.

### *പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ പൊതു കിണറുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നു.
2. സ്വകാര്യ കിണറുകൾ പലതും വേനൽക്കാലത്ത് വറ്റിപ്പോകുന്നു.
3. പല കുഴൽക്കിണറുകളിലേയും വെള്ളം ഉപയോഗയോഗ്യമല്ല. നിറവ്യത്യാസവും രുചിവ്യത്യാസവും അനുഭവപ്പെടുന്നുണ്ട്.
4. കുളങ്ങൾ നികത്തുന്നതും കുളത്തിലെ വെള്ളം കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നതും സമീപത്തുള്ള കിണറുകളിലെ വെള്ളം വറ്റിപ്പോകുന്നതിന് കാരണമാകുന്നു.
5. പൊതു ടാപ്പുകളിലെ വെള്ളം ദുരുപയോഗപ്പെടുത്തുന്നു
6. ജലലഭ്യത കൂടിയ പല കിണറുകളും വൃത്തിഹീനമായും ഉപയോഗശൂന്യമായും കിടക്കുന്നു.
7. അശുദ്ധമായ കുടിവെള്ള ഉപയോഗം മൂലം ജലജന്യരോഗങ്ങൾ പടർന്നു പിടിക്കുന്നു.

*പരിഹാരങ്ങൾ*

1. കിണർ കുഴിക്കുന്നതിനുള്ള സ്ഥാനങ്ങൾ സർവ്വേ നടത്തി നിശ്ചയിക്കുകയും ആഴം കുറഞ്ഞ കിണറുകൾ ആഴം കൂട്ടുകയും ചെയ്യുക.
2. കിണറുകൾക്ക് സമീപത്തുള്ള പറമ്പുകളിൽ മഴക്കാലത്തും ചെറിയ കുഴികളുണ്ടാക്കി വെള്ളം കെട്ടി നിർത്തുക. ഇത് കിണറ്റിൽ നീരുറവ വർദ്ധിപ്പിക്കും.
3. സമയാസമയങ്ങളിൽ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുക. വെള്ളം ലാബറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുക.
4. ജലസേചന പദ്ധതികളിലൂടെ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കുകയാണെങ്കിൽ കുളത്തിലെ വെള്ളം കൃഷിക്ക് ഉപയോഗിക്കേണ്ടി വരില്ല. കുളങ്ങൾ നികത്തുന്ന പ്രവർത്തനങ്ങളും തടയേണ്ടതാണ്. ഇങ്ങനെ ജലോപയോഗം ക്രമീകരിക്കാം.
5. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകവഴി ഇത് തടയാനാകും.
6. അവ വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും ജനകീയ കമ്മറ്റികൾ രൂപീകരിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
7. സമയാസമയങ്ങളിൽ സ്വകാര്യ പൊതു കിണറുകളിൽ ക്ലോറിനേഷൻ നടത്തുക. ചുരുങ്ങിയ ചെലവിൽ വെള്ളത്തിൻെറ ഗുണനിലവാരം പരിശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്ഥിരസംവിധാനം ഉണ്ടാക്കുക.

*പൊതുവായ ശുദ്ധജല പദ്ധതികൾക്കുള്ള ചില നിർദ്ദേശങ്ങൾ*

1. വെമ്പലൂർ തോടിന് സമീപപ്രദേശങ്ങളിൽ ജലലഭ്യതയ്ക്കുള്ള സാധ്യത കൂടുതലാണ്. ഇവിടെ ഒരു കിണർ നിർമ്മിച്ച് കൊടുവായൂർ പഞ്ചായത്തിലേക്ക് വെള്ളം എത്തിക്കുകയാണെങ്കിൽ കുടിവെള്ളക്ഷാമത്തിന് ആശ്വാസമാകും.
2. കാക്കയൂർ, കണ്ണങ്കോട് പ്രദേശങ്ങളിൽ തടയണകൾ നിർമ്മിച്ച് സമീപത്ത് കിണർ കുഴിക്കുകയാണെങ്കിൽ ചെറിയ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ചാൽ ഇവിടങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാനാവും.
3. നൊച്ചൂരിന് സമീപത്ത് കൂടി ഒഴുകുന്ന തോടിന് സമീപം കിണർ കുഴിച്ച് അവിടെനിന്നും പമ്പിംഗ് നടത്തുകയാണെങ്കിൽ 1, 10, 11 വാർഡുകളിലെ ശുദ്ധജലക്ഷാമം ഒരു പിരിധിവരെ പരിഹരിക്കാനാവും.
4. ചിറ്റൂർ പുഴയിൽ നിന്നും ശുദ്ധജലം പമ്പ്ചെയ്ത് പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലേയ്ക്ക് വിതരണം ചെയ്യുകയാണെങ്കിൽ വലിയൊരു ആശ്വാസമാകും.

# ആരോഗ്യം

കേരള സംസ്ഥാനം ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിൽ വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിൽ സർക്കാരിൻെറ ഇടപ്പെടലും ആരോഗ്യ പ്രവർത്തകരുടെ പ്രശംസനീയമായ പ്രവർത്തനവും മൂലം മഹാരോഗമെന്ന് പറയപ്പെടുന്ന മലമ്പനി വസൂരി എന്നിവ നിർമ്മാർജനം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നിരുന്നാലും അറിയപ്പെടുന്നതും അറിയപ്പെടാത്തുതുമായ പല പുതിയ മഹാരോഗങ്ങളും പടർന്നു പിടിച്ചു കൊണ്ടിരിക്കുന്നു എന്നത് ഭീതിജനകമാണ്.

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 - ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 25927 ആണ് എന്നാൽ 1981 - ലെ കണക്കുകളുമായി. താരതമ്യപ്പെടുത്തുമ്പോൾ പഞ്ചായത്തിലെ ജനനനിരക്ക് 15/1000 ആണ് എന്ന് അറിയുന്നു. മരണനിരക്ക് 7/1000 ഉം ആണ്. ആരോഗ്യ സംരക്ഷണ കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ജനനനിരക്കും മരണനിരക്കും ഗണ്യമായി കുറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതു പോലെ തന്നെ ശിശുമരണനിരക്ക് 8/1000 ഉം മരണനിരക്ക് 5/1000 ഉം മാതൃകാനിരക്ക് 5/1000 ആണെന്ന് കാണുന്നു.

രാഷ്ട്രത്തിൻെറ സമഗ്രമായ പുരോഗതിക്ക് മറ്റെല്ലാ വിഭവങ്ങളെയും പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് മനുഷ്യ വിഭവം ഇത് പൂർണ്ണമായി

ഉപയോഗിക്കുവാൻ കഴിയാതെ പാഴായി പോകുന്നത് രാഷ്ട്രത്തിന് വൻ നഷ്ടമാണ്. അകാലമരണവും നിത്യരോഗവും വർദ്ധിക്കുന്നതുമൂലം മനുഷ്യവിഭവത്തിന് വലിയകുറവ് സംഭവിക്കുന്നു പല തരത്തിലുള്ള കാരണങ്ങളാൽ മനുഷ്യർക്ക് രോഗം പിടിപ്പെടുന്നു. ഗോരാതുരതാനിരക്ക് പട്ടികപ്പെടുത്തിയാൽ ഇതിൻെറ വ്യക്തമായ ചിത്രം ലഭിക്കുന്നതാണ്.

## രോഗാതുരത

| ദാരിദ്ര ജന്യം | പരമ്പരജന്യം | തൊഴിൽജന്യം | മറ്റുള്ളവ |
|---|---|---|---|
| 22.7% | 11.35% | 5% | 60.95% |

ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ ദരിദ്രരായ ജനവിഭാഗങ്ങളുടെ അവസ്ഥ നമുക്ക് മനസിലാക്കാവുന്നതാണ്. രോഗികളാകുന്നതിൽ പ്രധാനകാരണം ദാരിദ്ര്യമാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു അതു പോലെ തന്നെ ശുചിത്വമില്ലായ്മ മൂലം രോഗങ്ങൾ പിടിപ്പെടാറുണ്ട്. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെയും വികസന പ്രവർത്തനങ്ങളുടെ ഗുണങ്ങൾ

സമൂഹത്തിലെ ഓരോ വ്യക്തിയിലേക്കും എത്തുമ്പോൾ മാത്രമേ രോഗാതുരത നിരക്ക് കുറക്കുന്നതിന് കഴിയുകയുള്ളു.

ആരോഗ്യസംരക്ഷണ പ്രവർത്തനരംഗത്ത് കൊടുവായൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വളരെയധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനം കൊടുവായൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററാണ് (സാമൂഹ്യ ആരോഗ്യ കേന്ദ്രം) 1956 മുതൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1991 ൽ സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. ഇതിന്റെ കീഴിൽ 6 സബ് സെൻററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

## സബ്സെൻററുകൾ

| വാർഡ് | പ്രദേശം |
|---|---|
| 1,10,11 | കൊടുവായൂർ മെയ്ൻ |
| 3,4,5 | വെട്ടും പുള്ളി |
| 2,3, | കണ്ണങ്കോട് |
| 8,9, | ഉമ്മത്തൻതൂപ്പ് |
| 7,8, | എത്തനൂർ |
| 6,7, | കാക്കയൂർ |

മാതൃശിശു മരണ നിരക്ക് കുറക്കാൻ ആയുർദൈർഘ്യം വർദ്ധിപ്പിക്കൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, പകർച്ചവ്യാധികൾ തടയൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളാണ് ഈ ആരോഗ്യകേന്ദ്രത്തിലൂടെ ഉണ്ടാവേണ്ടത്. സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 5 ഡോക്ടർമാർ അടക്കം 44 ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. എങ്കിലും സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് ഇവിടെ നിന്നും സേവനം ലഭിക്കുന്നില്ല. രോഗചികിത്സാരംഗത്ത് അലോപതിക്ക് തന്നെയാണ് ഇന്നും ഒന്നാം സ്ഥാനം. ഈ രംഗത്ത് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് പുറമെ മൂന്ന് സ്വകാര്യആശുപത്രികളും പ്രവർത്തിക്കുന്നു. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ട്. ഇതിനു പുറമെ 3 അലോപ്പതി ഡോക്ടർമാരും ഈ പഞ്ചായത്തിൽ സേവനം ചെയ്യുന്നു. ഭൂരിഭാഗം രോഗികളും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ആരോഗ്യരംഗത്ത് സ്വകാര്യ ഡോക്ടർമാരുടെ സേവനം പ്രയോജനപ്രദമാണ്.

രോഗനിർണയ പ്രവർത്തനത്തിന് മൂന്ന് സ്വകാര്യ ക്ലിനിക്കൽ ലാബറട്ടറികളും, സർക്കാർ തലത്തിൽ ഒന്നും പ്രവർത്തിക്കുന്നു. സർക്കാർ ലാബറട്ടറിയുടെ പ്രവർത്തനമില്ലായ്മ സാധാരണക്കാരായ രോഗികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് 6 അലോപതി മരുന്ന് കടകൾ പ്രവർത്തിക്കുന്നുണ്ട്.

അലോപ്പതിക്ക് പുറമെ മറ്റ് ചികിത്സാ സമ്പ്രദായങ്ങൾക്കും പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്നു. അതിൽ പ്രധാനം ആയുർവേദ വൈദ്യ സമ്പ്രദായമാണ്. പഞ്ചായത്തതിർത്തിയിൽ 6 ആയുർവേദ വൈദ്യൻമാർ ചികിത്സ നടത്തിവരുന്നു. ഇതിനോടൊന്നിച്ച് മരുന്നുകടകളും പ്രവർത്തിക്കുന്നു.

170

ഹോമിയോ ചികിത്സയും പ്രാധാന്യം നേടി വരുന്നു. പഞ്ചായത്ത് അതിർത്തിയിൽ 3 ഹോമിയോ ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. പാർശ്വഫലങ്ങൾ ഇല്ലാത്തതും ചിലവ് കുറഞ്ഞതുമായ ഈ ചികിത്സക്ക് ജനസമൂഹത്തിനിടക്ക് പ്രാധാന്യം കൂടിവരുന്നു.

സാധാരണ ജനസമൂഹത്തിനിടയിൽ അന്ധവിശ്വാസവും അബദ്ധധാരണകളും വളർത്തി അവരെ ചൂഷണം ചെയ്യുന്ന രോഗ ശമനം നടത്തുന്നു എന്ന പേരിൽ പ്രവർത്തിക്കുന്നു. നിരവധി കേന്ദ്രങ്ങളും ഉൾപ്രദേശങ്ങളിൽ ഉണ്ട്.

## ആരോഗ്യ പ്രവർത്തന കേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്വകാര്യം സർക്കാർ | എണ്ണം |
|---|---|---|---|
| 1. | സാമൂഹ്യ ആരോഗ്യകേന്ദ്രം | സർക്കാർ | 1 |
| 2. | സബ്സെന്ററുകൾ | സർക്കാർ | 6 |
| 3. | സ്വകാര്യ ആശുപത്രികൾ | സ്വകാര്യം | 3 |
| 4. | ആയുർവേദ വൈദ്യശാലകൾ | സ്വകാര്യം | 6 |
| 5. | അലോപ്പതി മരുന്ന് കടകൾ | സ്വകാര്യം | 6 |
| 6. | ഹോമിയോ ചികിത്സാ കേന്ദ്രങ്ങൾ | സ്വകാര്യം | 3 |
| 7. | ക്ലിനിക്കൽ ലാബറട്ടറികൾ | സർക്കാർ | 1 |
| | - do - | സ്വകാര്യം | 3 |
| 8. | എക്സ് റേ പ്ലാന്റ് | സർക്കാർ | 1 |
| | (പ്രവർത്തനം ഇല്ല) | സ്വകാര്യം | 1 |

കൊടുവായൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന വിവിധ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾ.

### *1. ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടി*

1992 ജനുവരി മുതൽ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഉദ്ദേശം കുഷ്ഠരോഗികളെയും രോഗലക്ഷണമുള്ളവരെയും കണ്ടെത്തി യഥാവിധി ചികിത്സ നിർണയിക്കുക എന്നതാണ്. ഇപ്പോൾ മോഡിഫൈഡ് ലെപർസി കൺട്രോൾ യൂണിറ്റ് പ്രവർത്തിക്കുന്നു. 21 ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

### *2. കുടുംബക്ഷേമപ്രവർത്തനങ്ങൾ*

5 അംഗൻവാടികൾക്കും 1 എന്ന നിലക്ക് സബ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ പ്രദേശങ്ങളിൽ വരുന്ന ഗർഭിണികൾ, അമ്മമാർ, 0-5 വയസുവരെയുള്ള കുട്ടികൾ എന്നിവർക്ക് വേണ്ട ആരോഗ്യപ്രവർത്തനങ്ങൾ നൽകുന്നുണ്ട്.

### 3. ദേശീയ മലേറിയ നിർമ്മാർജന പരിപാടി.

ഇന്ത്യയിൽ 1952 ൽ പ്രവർത്തനം ആരംഭിച്ചു. കൊതുക് നിർമാർജനം , രോഗനിർണയം ചികിത്സ എന്നിവയാണ് പ്രവർത്തനം.

### 4. ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി.

ക്ഷയരോഗ നിയന്ത്രണ പരിപാടി ദേശീയ തലത്തിൽ 1962 ൽ നിലവിൽ വന്നു. നവജാത ശിശുക്കളിൽ പ്രതിർരോധ കുത്തിവെപ്പും രോഗചികിത്സയും നൽകലാണ് ഉദ്ദേശം. ഇതിനു പുറമെ വയറിളക്കരോഗ നിയന്ത്രണ പരിപാടി, ഗുഹ്യരോഗ നിയന്ത്രണപരിപാടി, ,സാർവത്രികരോഗപ്രതിരോധ പരിപാടി ദേശീയ എയ്ഡ്ഡ് നിയന്ത്രണ പരിപാടി, അന്ധതാ നിയന്ത്രണ പരിപാടി ഗോയിറ്റർ നിർമാർജന പരിപാടി തുടങ്ങിയവ ഹെൽത്ത് സെൻററിൻെറ പ്രവർത്തനത്തിൽ പെടുന്നവയാണ്.

### പ്രശ്നങ്ങളും - നിർദ്ദേശങ്ങളും

കൊടുവായൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം പരിതാപകരമാണ്. 33 കിടക്കകളും 5 ഡോക്ടർമാരും 44 അനുബന്ധ ജോലിക്കാരും ഉള്ള ഈ സ്ഥാപനത്തിൽ ഒറ്റ രോഗിയെ പോലും കിടത്തി ചികിത്സിക്കാറില്ല. സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന രോഗികൾ അമിതലാഭം ഇച്ഛിക്കുന്ന സ്വകാര്യ ആശുപത്രിസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ആരോഗ്യ പ്രവർത്തകരുടെ സേവനം ജനങ്ങൾക്ക് ലഭ്യമാവുന്നില്ല. പരിസര ശുചീകരണം വ്യ.ക്തി ശുചീകരണം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും, മെഡിക്കൽ ക്യാമ്പുകളും വാർഡുകൾ കേന്ദ്രീകരിച്ചും, വികേന്ദ്രീകരിച്ചും നടത്തേണ്ടതുണ്ട്. എങ്കിൽ ആരോഗ്യരംഗത്ത് മെച്ചപ്പെട്ട മാറ്റങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ആവശ്യമായ സ്റ്റാഫില്ല. പാരപാമെഡിക്കൽ സ്റ്റാഫ് ആവശ്യത്തിനില്ല. അത് നികത്തണം ഡോക്ടർമാർ സബ് സെൻററുകളിൽ പോകേണ്ടതാണ്.

### പരിസരശുചിത്വം.: -

വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പരിസരശുചിത്വം. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ അർഹിക്കുന്ന ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തുന്നില്ല. 4956 കുടുംബങ്ങൾ താമസിക്കുന്ന പഞ്ചായത്തിൽ 60% ത്തോളം കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഇല്ല. കാരണം സാമ്പത്തിക പരാധീനതയും അറിവില്ലായ്മയും ആണ്. സമൂഹത്തിനിടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തി സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ എന്നിവയുടെ സാമ്പത്തിക, സാങ്കേതിക സാഹയത്തോടെ ജനപങ്കാളിത്തം ഉറപ്പ് വരുത്തി നടപ്പിലാക്കുമെങ്കിൽ എല്ലാ കുടുംബങ്ങൾക്കും സാനിട്ടറി ലാട്രിൻ (കക്കൂസ്) ൻെറ സൗകര്യം എത്തിക്കാവുന്നതാണ്.

രോഗാതുരതയിൽ 11-35% വരെ നിലനിൽക്കുന്നത് പരിസര ശുചീകരണത്തിൻെറ അഭാവം നിമിത്തമാണ്. കുട്ടികളിൽ കാണുന്ന വിരശല്യം മഞ്ഞപിത്തം പനി, വയറിളക്കം തുടങ്ങിയ പകർച്ച വ്യാധികൾ ഫലപ്രദമായി തടയുന്നതിന് പരിസര ശുചീകരണംകൊണ്ട് സാധിക്കുന്നതാണ്. അങ്ങിനെ വിലപ്പെട്ട മനുഷ്യ ജീവൻ സംരക്ഷിക്കുന്നതിനും കഴിയുന്നതാണ്. /7/

പഞ്ചായത്തിൻെറ പൊതുമാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലം ഹൃദയഭാഗത്താണ്. അതുകൊണ്ടുതന്നെ വളരെ വൃത്തിയുള്ളതായിരിക്കേണ്ടതുമാണ്. എന്നാൽ ചീഞ്ഞളിഞ്ഞ പച്ചക്കറി സാധനങ്ങളും മറ്റ് അവശിഷ്ടങ്ങളും റോഡിൽ നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്. ഇത്

മഴക്കാലങ്ങളിൽ വളരെ ഗുരുതരമായ വിധത്തിൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. റോഡിനരികത്തുള്ള ഓടകൾ നികന്ന് വെള്ളം ഒഴുകിപ്പോകാത്തതും ശുചീകരണപ്രവർത്തനത്തിൻെറ അപര്യാപ്തതയും ഒരു മുഖ്യകാരണമാണ്. ഇക്കാരണത്താൽ പരിസര ശുചീകരണം വളരെയേറെ ബാധിക്കപ്പെട്ടിരിക്കുന്നു. ശുചീകരണപ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ഒരു ട്രെയ്ലർ ട്രാക്ടർ ഗ്രാമപഞ്ചായത്ത് നൽകണം.

പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന ഹോട്ടലുകൾ, ലഘു ഭക്ഷണശാലകൾ, ശീതളപാനീയശാലകൾ, തുങ്ങിയവയിലെ ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ എന്നിവ ആരോഗ്യ പ്രവർത്തകർ നിരന്തരം പരിശോധനക്ക് വിധേയമാക്കേണ്ടതും ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതുമാണ്.


മഴക്കാലത്തും, വേനൽക്കാലത്തും ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ കിണറുകൾ തോറും ക്ലോറിനേഷൻ നടത്തുകയും, സാംക്രമിക രോഗങ്ങൾക്കെതിരെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

കൊടുവായൂർ ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിൽ 2 കംഫർട്ട്സ്റ്റേഷൻനുകളുണ്ട്. കുഴൽമന്ദം റോഡിൽ സ്ഥിതിചെയ്യുന്ന കംഫർട്ട് സ്റ്റേഷൻ വെള്ളത്തിൻെറ അഭാവത്തിൽ പ്രവർത്തിക്കുന്നില്ല. മാർക്കറ്റിനടുത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത കംഫർട്ട് സ്റ്റേഷൻ ഉപയോഗപ്രദമാക്കി മാറ്റിയാൽ ജനതിരക്കുള്ള ഈ ഭാഗത്ത് വളരെ പ്രയോജനപ്രദമായിരിക്കും.

സമൂഹത്തിലെ ആശ്രിത വിഭാഗമാണ് വൃദ്ധ ജനങ്ങൾ. ഇവരുടെ മാനസിക - ശാരീരിക പ്രശ്നങ്ങൾ തരണം ചെയ്യുന്നുതിന് ഒരു സ്ഥാപനത്തിൻെറ പ്രവർത്തനം ആവശ്യമാണ്. പരിശീലനം നേടിയ പ്രവർത്തകരുടെ സേവനം ഈ മേഖലയിൽ ആശ്വാസകരമാണ്. ഇതോടെ വൃദ്ധജനങ്ങൾ ഒരു സാമൂഹ്യബോദ്ധ്യത എന്ന ചിന്താഗതിക്കും മാറ്റം വരും.

പഞ്ചായത്തു തലത്തിൽ ഒരു ഹോമിയോ ആയുർവേദിക് ഡിസ്പെൻസറികൾ തുടങ്ങുന്നത് ആവശ്യമാണ്.

# 5.5
# വ്യവസായം



കാർഷിക പുരോഗതിയോടൊപ്പം വ്യവസായമേഖലയുടെ പുരോഗതിയും നമ്മുടെ സമ്പൽഘടന ശക്തിപ്പെടുത്തുന്നതിന് അനുപേക്ഷണീയ ഘടകമാണ്. എന്നാൽ നമ്മുടെ നാട്ടിലെ കാർഷികരംഗത്ത് മുരടിപ്പാണ് കാണുന്നത്. ഈ മുരടിപ്പ് വ്യവസായരംഗത്ത് മാന്ദ്യം ഉളവാക്കിയിട്ടുണ്ട്. കൂടാതെ പാശ്ചാത്തല സൗകര്യമായ വിദ്യുച്ഛക്തിയുടെ ദൗർലഭ്യം നിലവിലുള്ള വ്യവസായങ്ങളുടെ ഉല്പാദനത്തേയും ഉല്പാദനക്ഷമതയേയും കുറച്ചിട്ടുണ്ട്.

നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ സംരക്ഷിത സ്വഭാവമുള്ള ഗവർമെൻറ് ജോലിയോ കമ്പനി ജോലിയോ ആണ് ഇഷ്ടപ്പെടുന്നത്. വ്യവസായ രംഗത്തേക്ക് കടന്നു വരാൻ ഇവർ അത്ര താല്പര്യം കാണിക്കുന്നില്ല. വ്യവസായം തുടങ്ങാൻ വേണ്ടത്ര സാങ്കേതികമായ അറിവോ, നൈപുണ്യമോ മാനേജ് മെൻറ് പരിശീലനമോ ഇവർക്കില്ല. ശരിയായ ബോധവൽക്കരണവും, പ്ലാനിംഗും പഞ്ചായത്ത് തലത്തിൽ തന്നെ നടക്കേണ്ടിയിരിക്കുന്നു. കൂടുതൽ വിദ്യുച്ഛക്തി ഉപയോഗിച്ചിട്ടുള്ളതും കൂടുതൽ പണം മുടക്കം ആവശ്യവുമായ വൻകിട വ്യവസായത്തെക്കാൾ കുറഞ്ഞ മുതൽ മുടക്കിൽകുറഞ്ഞ വിദ്യുച്ഛക്തി ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങളാണ് തൊഴിലില്ലായ്മ പരിഹരിക്കാൻ ഉചിതമായമാർഗ്ഗം. ചെറുകിട വ്യവസായങ്ങൾക്ക് ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. എത്ര വ്യവസായംതുടങ്ങി എന്ന സ്ഥിതി വിവരക്കണക്കിൻെറ അടിസ്ഥാനത്തിലുള്ള പുരോഗതിയേക്കാൾ (Statisticaladvance) രജിസ്റ്റർ ചെയ്ത എത്ര വ്യവസായ യൂണിറ്റുകൾ യഥാർത്ഥത്തിൽ പ്രവർത്തിക്കന്നു. (functional advance) എന്നു കൂടി നാം വിലയിരുത്തേണ്ടിയിരിക്കുന്നു. നമ്മുടെ പാരമ്പര്യ കുടിൽ വ്യവസായങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ചിലത് അപ്രത്യക്ഷമാവുകയും

112

ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനവും ഉണ്ടാകേണ്ടതുണ്ട്.

പ്രാദേശിക വിഭവങ്ങളുടെയും, പ്രാദേശിക നൈപുണ്യത്തിൻെറയും പ്രാദേശിക ആവശ്യത്തിൻെറയും അടിസ്ഥാനത്തിൽ തുടങ്ങാൻ പറ്റുന്ന വ്യവസായങ്ങളുടെ പട്ടികയും കരടു രൂപരേഖയും പഞ്ചായത്ത് തലത്തിൽ തന്നെ വ്യവസായസംരഭകർക്ക് കിട്ടുവാൻസാധിക്കണം. വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ സഹായത്തോടെ ഇത് സംഘടിപ്പിക്കാൻ സാധിക്കും. സർവോപരിപുതിയ വ്യവസായസംരഭകരെ വ്യവസായമേഖലക്ക് ആകർഷിക്കുന്നതിനും നമുക്ക് സാധിക്കണം.

## *ചരിത്രം, അവലോകനവും.*

കാർഷിക മേഖലയായ കൊടുവായൂർ പഞ്ചായത്തിൽ വ്യവസായം മുൻപന്തിയിലാണെന്ന് പറയാൻ വയ്യ.കൊടുവായൂർ ടൗൺ പ്രദേശത്ത് കച്ചവടത്തിനാണ് പ്രാധാന്യം. എങ്കിലും കാർഷിക വിഭവങ്ങളെ ഉപയോഗിച്ച് ഇവിടെ വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അവയിൽ മുഖ്യമായും റൈസ് മില്ലുകൾ ആണ്. ജില്ലയിൽ നല്ലയിനം അരിഉല്പാദിപ്പിക്കന്ന ആധുനിക റൈസ് മില്ലുകൾ ഈ കൂട്ടത്തിൽ ഉണ്ട്.

പരമ്പരാഗതമായി പൊരി ഉല്പാദിപ്പിക്കുന്ന 50ഓളം കുടംബങ്ങൾ പഞ്ചായത്തിലെ 1-ാംവാർഡിലുള്ള വാണിയന്തറയിലുണ്ട്. പൊരി വിറ്റഴിക്കുന്നതിന് വലിയ ബുദ്ധിമുട്ടില്ല. ജില്ലക്ക് പുറത്ത് പൊരിക്ക് ധാരാളം ആവശ്യക്കാരുണ്ട്.

ഈ വ്യവസായത്തിൽ ഏകദേശം150 പേർക്ക് തൊഴിലവസരം ലഭിക്കുന്നുണ്ട്. കൊടുവായൂരിൽ ഉല്പാദിപ്പിക്കുന്ന അവിലിന് ജില്ലക്ക് പുറത്തും ധാരാളം മാർക്കറ്റുണ്ട്. സുമാർ 20 കൊല്ലം മുൻപ് വരെ ഈ പഞ്ചായത്തിൽ ബീഡി ഉല്പാദിപ്പിച്ചിരുന്ന പ്രശസ്ത ബീഡിക്കമ്പനികൾ ഉണ്ടായിരുന്നു. എന്നാൽ പ്രസ്തുത കമ്പനികൾ മിക്കതും കാലക്രമേണ പ്രവർത്തനരഹിതമായിട്ടുണ്ട്. ഈ മേഖലയിൽ 300ഓളം പ്രവർത്തകർ ഇന്ന് വിഷമസ്ഥിതിയിലാണ്. ഇവർക്ക് സ്ഥിരംതൊഴിൽ കിട്ടുന്നതിന്വേണ്ട വ്യവസായ സംരഭങ്ങൾ ആവശ്യമാണ്.

ഏതാണ്ട് 50 കൊല്ലം മുൻപ് വരെ ഈ പഞ്ചായത്തിൽസ്വകാര്യ മേഖലയിൽ നിർമ്മിച്ച് വന്നിരുന്ന റെഡിമെയ്ഡ് വസ്ത്രങ്ങൾ ജില്ലയിലെ പ്രധാന ആഴ്ചച്ചന്തകൾ ഉള്ള വാണിയംകുളം, പെരുമാങ്ങോട്, പട്ടാമ്പി, മണ്ണാർക്കാട്, കോങ്ങാട് എന്നിവിടങ്ങളിൽ വിറ്റഴിച്ചുവന്നിരുന്നു. ആഴ്ചച്ചന്തകളുടെ പ്രവർത്തനം ക്രമേണ പല സ്ഥലങ്ങളിലും മന്ദഗതിയിലായതു കൊണ്ട് പാലക്കാട് ജില്ലയിലും ജില്ലക്ക് പുറത്തുമുള്ള തുണിഷാപ്പുകളിലൂടെയാണ് വിറ്റഴിക്കുന്നത്. ഈ മാർക്കറ്റിംങ്ങ് സംവിധാനത്തിന് ബുദ്ധിമുട്ടുകളുണ്ട്. ഷാപ്പുടമകൾ റൊക്കം പണം പലപ്പോഴും നൽകാറില്ല. ഉല്പന്നങ്ങളുടെ വിറ്റ വില ഈടാക്കാൻ പലപ്രാവശ്യവും ഷാപ്പ് ഉമകളെ സമീപിക്കേണ്ടി വരുന്നു.

ജനറൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ മുപ്പതോളം ചെറുകിട വ്യവസായയൂണിറ്റുകൾ ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്നുണ്ട്.

നഗരവല്ക്കരണത്തിൻെറ ഭാഗമായി ധാരാളം വീടുകളും കെട്ടിടങ്ങളും നിർമ്മിച്ചു വരുന്ന കാലമാണ് ഇപ്പോൾ. ധാരാളം കെട്ടിട നിർമ്മാണസാധനങ്ങൾ ഇന്നാവശ്യമാണ്. പഞ്ചായത്തിൽ മിക്കവാറും എല്ലാം വാർഡുകളിലും ഇഷ്ടിക നിർമ്മാണം നടന്നു വരുന്നു. നാടൻ ഇഷ്ടികക്കു പുറമെ ഹോളോ ബ്രിക്സ്, റെഡിമെയ്ഡ് കട്ടിള, വാതിൽ, സിമൻറുല്പന്നങ്ങൾ എന്നിവക്ക് ധാരാളം ആവശ്യക്കാരുണ്ട്. ഇത്തരത്തിലുള്ള യൂനിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാനുള്ള സാദ്ധ്യതകൾ പരിശോധിക്കേതുണ്ട്. പൂമാല നിർമ്മിച്ചു വരുന്ന 50 ഓളം കുടുംബങ്ങൾ 11-ാം വാർഡിലുണ്ട്. ഇവരെ

സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ പൂമാല നിർമ്മിച്ചാൽ ഈ വ്യവസായം പരിപോഷിപ്പിക്കാൻസാധിക്കും.

പ്രാദേശിക വിഭവമായ പുളി ഇപ്പോൾ കുരു കളഞ്ഞ് ഉണക്കി വിറ്റു വരുന്നു. വ്യവസായാടിസ്ഥാനത്തിൽ പുളി സംസ്ക്കരിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ട്. മാങ്ങ ഇവിടെ ധാരാളം ലഭിക്കുന്നുണ്ട്.അത് കേരളത്തിന് പുറത്തും വിറ്റഴിക്കുന്നുണ്ട്. മാങ്ങ വ്യാവസായികാടിസ്ഥാനത്തിൽ സംസ്കരണത്തിന് സാദ്ധ്യതയുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായമായ വട്ടി, കൊട്ട, മുറം,കളിമൺ പാത്രം, ഓട്ട് പാത്രംഎന്നിവയുടെ നിർമ്മാണം മുൻകാലങ്ങളിൽ നല്ല നിലയിൽനടന്നിരുന്നു. ഇപ്പോൾ അസംസ്കൃത സാധനമായ മുള, നല്ലയിനം കളിമണ്ണ്, ഓട്എന്നിവയുടെ ദൗർലഭ്യം മൂലം ഈ വ്യവസായങ്ങൾ നാശോന്മുഖമായികൊണ്ടിരിക്കുന്നു. ഇപ്പോൾ ഏതാണ്ട് 20ഓളം പേരെ ഈ രംഗത്തുള്ളൂ.

## *വനിതാവ്യവസായ സഹകരണസംഘങ്ങൾ*

കാക്കയൂരിൽ ഒരു വനിതാ പ്രിൻറിംഗ് സഹകരണ സംഘം നടന്നുവരുന്നുണ്ട്. ഇതിൽ 5 സ്ത്രീകൾ ജോലി ചെയ്തു വരുന്നു. നവക്കോട് പ്രദേശത്ത് ഒരു വനിതാ വ്യവസായ സഹകരണ സ്ഥാപനമുണ്ട്. ഇതിൻെറ പ്രവർത്തനംമെച്ചപ്പെടുത്തേണ്ടതുണ്ട്. കാക്കയൂരിൽ ഒരു ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു. പ്രസ്തുത കേന്ദ്രത്തിൽ റെഡിമേയ്ഡ് ഗാർമെൻറ്സ് നിർമ്മിച്ചു വരുന്നു. 21പേർ ഇതിൽ ജോലി ചെയ്യുന്നു.

## *DWCRA*

എട്ടാം പദ്ധതി കാലത്ത് രണ്ട് യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങിയിട്ടുണ്ട്. ഇതിൽ 31 പേർതൊഴിലെടുക്കുന്നു. പഞ്ചായത്തിൽ കൂടുതൽ DWCRA യൂണിറ്റുകൾ തുടങ്ങാൻ വേണ്ട സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

## *മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്*

1974-75 കാലത്താണ് ഇവിടെ ഒരുമിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിതമായത്.കൊടുവായൂർ ടൗണിൽനിന്നും ഒരു കിലോമീറ്റർ അകലെ പാലക്കാട് റോഡരികിൽ ഇത്സ്ഥിതിചെയ്യുന്നു. പഞ്ചായത്തിൽ നിന്നും ഒരു ഏക്കർസ്ഥലം വ്യവസായ ഡിപ്പാർട്ടുമെൻറിന് സറണ്ടർ ചെയ്തു കൊടുത്താണ് ഇത് സ്ഥാപിച്ചത്. തൊള്ളായിരം ചതുരശ്ര അടിയിൽ 4 ഷെഡുകളും 600 ചതുരശ്ര അടിയിൽ 6 ഷെഡുകളും 300 ചതുരശ്ര അടിയിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസും ഇതിനുണ്ട്. ഇതിൻെറ ഭരണ ചുമതല ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് മിനി ഇൻഡട്രിയൽഎസ്റ്റേറ്റ്സഹകരണസംഘത്തിനാണ്.ഇടയ്ക്കു വെച്ച് ചിലയൂണിറ്റുകളുടെപ്രവർത്തനം മന്ദീഭവിച്ചു വെങ്കിലും ഇപ്പോൾ എല്ലാ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലുള്ള വ്യവസായയൂണിറ്റുകൾ എൻജിനീയറിംഗ് മെക്കാനിക്കൽ, ഷീറ്റ്മെറ്റൽ വിഭാഗത്തിൽപ്പെടുന്നു. 50 ഓളം പേർക്ക് പ്രത്യക്ഷമായും 20 ഓളം പേർക്ക് പരോക്ഷമായും ഇവിടെ തൊഴിൽ ലഭിക്കുന്നു.

ചെറുകിട വ്യവസായമായി രജിസ്റ്റർചെയ്യപ്പെട്ട വ്യവസായങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

174

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കാർഷികവിഭവങ്ങൾ അടിസ്ഥാനമാക്കിയുള്ളത് (റൈസ്മിൽ മുതലായ) | 36 |
| 2 | മരം ബന്ധപ്പെടുത്തിയുള്ളവ (സോമിൽമുതലായവ) | 5 |
| 3 | ടെക്സ്റ്റൽ അടിസ്ഥാനമാക്കിയുള്ളവ | 18 |
| 4 | എൻജിനീയറിംഗ് ഇലക്ട്രിക്കൽ | 31 |
| 5 | കെമിക്കൽ | 13 |
| | മറ്റുള്ളവ | 43 |
| | ആകെ | 146 |

931 പേർ മേൽപടി വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്ത് വരുന്നു. വീട്ടിൽ വെച്ചു നടത്തുന്ന വ്യവസായങ്ങളിലും പാരമ്പര്യ കുടിൽ വ്യവസായങ്ങളിലും കൂടി 278 പേർ ജോലി ചെയ്യുന്നു. മൊത്തം വ്യവസായമേഖലയിൽ 1209 പേർ തൊഴിലെടുക്കുന്നു. ഇതിൽ സ്ത്രീകൾ 250 പേരോളം വരും.

*പ്രശ്നങ്ങൾ*

1. വ്യവസായത്തിനെക്കാൾ കച്ചവടത്തിനാണ് കൊടുവായൂരിൽ പ്രാമുഖ്യം. വ്യവസായം തുടങ്ങാൻ വേണ്ട അറിവോ ബോധവല്ക്കരണമോവേണ്ടത്ര അളവിൽ നടന്നിട്ടില്ല.
2. പശ്ചാത്തല സൗകര്യമായ വിദ്യുച്ഛക്തിയുടെ ദൗർലഭ്യം നിലവിലുള്ള വ്യവസായങ്ങളുടെ ഉല്പാദനത്തെബാധിച്ചിട്ടുണ്ട്. ഈ അവസ്ഥ പുതിയവ്യവസായ സംരഭകരിൽ മടുപ്പുളവാക്കിയിട്ടുണ്ട്.
3. വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ഗവൺമെൻറ് ജോലിക്കുള്ള പരക്കം പാച്ചിലാണ്. അവർക്ക്വേണ്ടത് സംരക്ഷിതസ്വഭാവമുള്ള ജോലിയാണ്.
4. വ്യവസായം തുടങ്ങാൻ തയ്യാറായിട്ടുള്ള പുതിയ സംരഭകർക്ക് ആവശ്യമായസ്ഥലമോ കെട്ടിടമോഇല്ല.
5. പുളി, മാങ്ങ മുതലായ പ്രാദേശിക വിഭവങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങിയിട്ടില്ല.
6. ഓരോ വാർഡിലും വെവ്വേറെ റെഡിമേയ്ഡ് ഗാർമെൻറ്സ് വ്യവസായം തുടങ്ങാൻ നിർദ്ദേശങ്ങളുണ്ട്.
7. അസംഘടിതരും വേണ്ടത്ര പ്രവർത്തിയും ഇല്ലാത്ത ബീഡി തൊഴിലാളികളുടെ പ്രശ്നം.
8. ഇഷ്ടിക വ്യവസായം കൂടുതൽനല്ല നിലയിൽ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചപ്രശ്നങ്ങൾ
9. ഫർണീച്ചർ വ്യവസായംതുടങ്ങുന്നതിൻെറ കാര്യം
10. മെഴുകുതിരി, ചന്ദനത്തിരി, അച്ചാർ എന്നിവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ തുടങ്ങൽ
11. പരമ്പരാഗതമായ കുടിൽ വ്യവസായങ്ങളെ സംരക്ഷിക്കൽ.
12. ബേക്കറി വ്യവസായം തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ ആരായൽ.
13. റബ്ബർ അടിസ്ഥാനമാക്കിയുള്ള യൂണിറ്റുകൾ
14. പൂമാല നിർമ്മാണം.സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നത് സംബന്ധിച്ച്.
15. വ്യവസായ സഹകരണ സംഘങ്ങൾ DWCRA എന്നിവയുടെ പ്രശ്നങ്ങൾ.
16. ഒരു വ്യവസായ സംസ്ക്കാരത്തിൻെറ അഭാവം.

17. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ആധുനിക ടെക്നോളജി ഉപയോഗിച്ച്പുതിയ വ്യവസായങ്ങൾ തുടങ്ങൽ.

18. പഞ്ചായത്തിൽ ഒരു ഗ്രാമീണ ടെക്നോളജി കാറ്ററിംഗ് സെൻറർ തുടങ്ങൽ.

19. പൊരി വ്യവസായംനേരിടുന്ന പ്രശ്നങ്ങൾ.

20. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരെ വ്യവസായ രംഗത്തേക്ക് ആകർഷിക്കൽ.

21. ബ്ളോക്ക് തലത്തിൽ സ്വയം തൊഴിൽ എക്സ്ചേഞ്ചുകളുടെ ആവശ്യം.

*സാദ്ധ്യതകൾ*

1. വ്യവസായംതുടങ്ങാൻവേണ്ട ബോധവല്ക്കരണത്തിന് മാർഗ്ഗ നിർദ്ദേശത്തിനും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വ്യവസായ സമിതിരൂപീകരിക്കുക. പ്രസ്തുത സമിതിയിൽ വ്യവസായവകുപ്പ് ഉദ്യോഗസ്ഥൻമാർ, ബാങ്കിൻെറ പ്രതിനിധികൾ വ്യവസായപ്രമുഖർ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ എന്നിവർ ഉണ്ടായിരിക്കുന്നത് നല്ലതാണ്. പ്രാദേശിക വിഭവങ്ങളുടെയും വൈദഗ്ദ്ധ്യത്തിൻെറയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽതുടങ്ങാൻ സാധിക്കുന്ന വ്യവസായങ്ങളുടെ കരടുരൂപം (Project Profiles) തയ്യാർ ചെയ്ത് സംരഭകർക്ക് നല്കാൻ സമിതിക്ക് സാധിക്കേണ്ടതാണ്.

2. തൊഴിലില്ലായ്മ പരിഹരിക്കാൻ വ്യവസായവൽക്കരണം ആവശ്യമുണ്ട്.ആയതു കൊണ്ട് ചെറുകിട വ്യവസായങ്ങൾക്കാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കണം. കൂടുതൽ വൈദ്യുതി ആവശ്യമായുള്ള യൂണിറ്റുകൾക്ക് റജിസ്ട്രേഷൻ കൊടുക്കുന്നത് പ്രോത്സാഹിപ്പിക്കാതിരിക്കുക.

3. വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർക്ക് ചെറുകിട വ്യവസായം തുടങ്ങുന്നത്അഭിമാനമായി കരുതാൻവേണ്ട പ്രേരണ നല്കുക. സംരക്ഷിത സ്വഭാവമുള്ള ജോലിയെക്കാൾ വരുമാനം വർദ്ധിപ്പിക്കാനും ജീവിതനിലവാരം ഉയർത്തുവാനും ചെറുകിട വ്യവസായം തുടങ്ങിയാൽ സാധിക്കും എന്ന വസ്തുതയെപ്പറ്റി ബോധവല്ക്കരണം നടത്തുക.

4. പുതുതായി വ്യവസായം തുടങ്ങാൻ തയ്യാറായ സംരഭകർക്ക് അടിസ്ഥാനസൗകര്യമുള്ള സ്ഥലമോ കെട്ടിടമോ കൊടുവായൂരിൽ കിട്ടാൻ ബുദ്ധിമുട്ടാണ്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള മിനി എസ്റ്റേറ്റ് മോഡലിൽ ഒന്നോ രണ്ടോ മിനി എസ്റ്റേറ്റുകൾ കൂടി സ് ഥാപിക്കുക. ഇതിനായി ജില്ല വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടുക. ആവശ്യമായ സ്ഥലം പഞ്ചായത്ത് സൗജന്യമായി കൊടുക്കേണ്ടതാണ്.

5. കൊടുവായൂരിൽ സുലഭമായികിട്ടുന്ന പുളി മാങ്ങമുതലായ പ്രാദേശിക വിഭവങ്ങൾ സംസ്ക്കരിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സാദ്ധ്യതയുണ്ട്. ഇതിനാവശ്യമായ ടെക്നോളജി നേടാനും സംരംഭകരെ കണ്ടെത്താനുംശ്രമം വേണ്ടതാണ്. ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

6. ഓരോ വാർഡിലും റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റുകൾ തുടങ്ങാൻ നിർദ്ദേശങ്ങൾഉണ്ട്. എല്ലാ വാർഡുകളിലും വെവ്വേറെ തുടങ്ങുന്നതിനു പകരം കൊടുവായൂർ ടൗണിൽ ഒരുകേന്ദ്രീകൃതയൂണിറ്റും (മദർയൂണിറ്റ്) വാർഡുകളിൽ അതിൻെറ ബ്രാഞ്ചുകളും ഉണ്ടാക്കിയാൽ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കും. മദർ യൂണിറ്റിൽ ഫാഷൻ, ഡിസൈൻ മുതലായ കാര്യങ്ങളും അസംസ്കൃത സാധനങ്ങൾ വാങ്ങി ബ്രാഞ്ചുകളിൽ വിതരണം ചെയ്യുന്നതിനും ബ്രാഞ്ചുകളുടെ

115

ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനവും ഉണ്ടാവണം.വനിതകൾക്ക് ഈ വ്യവസായം തുടങ്ങാവുന്നതാണ്.

7. പഞ്ചായത്തിൽ വേണ്ടത്ര തൊഴിലവസരം ഇല്ലാത്തവരായ ബീഡിതൊഴിലാളികൾക്ക് പഞ്ചായത്തു തലത്തിൽ ഒരു വ്യവസായ സഹകരണസംഘം സ്ഥാപിച്ചാൽ അവരവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്.

8. ഇഷ്ടിക വ്യവസായം തരക്കേടില്ലാത്തവിധത്തിൽ ഇപ്പോൾ നടക്കുന്നുണ്ട്. പക്ഷേ നിലവാരം ഉയർത്തേണ്ടതുണ്ട്. ഇഷ്ടിക വ്യവസായികളുടെ ഒരുസംഘടന പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുന്നത്മേൽപടി പ്രശ്നം പരിഹരിക്കാൻ നല്ലതാണ്. കൂടാതെ മറ്റു ഭവന നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന കാര്യവും പരിശോധിക്കേണ്ടതാണ്.

9. മരത്തടി ഉപയോഗിച്ചുള്ള ഫർണീച്ചർ യൂണിറ്റുകൾക്ക് സാദ്ധ്യത കുറവാണ്. മരത്തിൻെറ ദൗർലഭ്യം മൂലമാണ് ഇത്. എന്നാൽ ഷീറ്റ് മെറ്റൽ വർക്കിന് സാദ്ധ്യതയുണ്ട്.

10. മെഴുകുതിരി ,ചന്ദനത്തിരി, സോപ്പ് എന്നിവ തുടങ്ങുന്നതിനും ഭക്ഷ്യ സാധനങ്ങൾ (മിക്ച്ചർ, പപ്പടം, ചിപ്പ്സ് മുറുക്ക്, അച്ചാർ, ജാം) ഉണ്ടാക്കുന്നതിനും വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ടാക്കുന്നതിന് സാദ്ധ്യതയുണ്ട്.

11. പരമ്പരാഗതകുടിൽ വ്യവസായങ്ങൾസംരക്ഷിക്കാൻ ആവശ്യമായ പരിപാടികൾ നിർദ്ദിഷ്ട പഞ്ചായത്തുതല വ്യവസായസമിതി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് ആവിഷ്കരിക്കേണ്ടതാണ്.

12. ടൗണിനോട് തൊട്ടുകിടക്കുന്ന വാർഡുകളിൽ 13, 11 ബേക്കറി വ്യവസായത്തിന് സാദ്ധ്യതയുണ്ട്.

13. റബ്ബർ അടിസ്ഥാനമാക്കി ടെഡ്റബർ, റബ്ബർബാൻറ് മുതലായവ തുടങ്ങുന്നതിന് സാദ്ധ്യത ഉണ്ട്.

14. 11-ാം വാർഡിൽ പൂമാല നിർമ്മിക്കുന്ന കുടുംബങ്ങളെ സംഘടിപ്പിച്ച് ഒരു സഹകരണ സംഘംതുടങ്ങാൻ സാദ്ധ്യത ഉണ്ട്.

15. ചെറുകിട വ്യവസായയൂണിറ്റുകൾ വ്യവസായസഹകരണ സംഘങ്ങൾ ഐ.ആർഡി.പി. ഡി.സി.ഡബ്ള്യൂ.സി.ആർ.എ. മുതലായ യൂണിറ്റുകൾക്ക് മാർക്കറ്റിംഗ് ഒരു തലവേദനയാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഗ്രാമീണമാർക്കറ്റിംങ്ങ് സെൻറർ തുടങ്ങുന്നത് ആലോചിക്കേണ്ട കാര്യമാണ്. വനിതാക്ഷേമത്തിന്കൂടുതൽ DWCRA യൂണിറ്റുകളും തുടങ്ങണം.

16. പഞ്ചായത്തിൽ ഒരുചെറുകിട വ്യവസായസമൂഹം വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്.

17. തൊഴിലില്ലായ്മ പരിഹരിക്കുന്നതിൻെറ ഭാഗമായി ആധുനികടെക്നോളജി ഉപയോഗിച്ച് വ്യവസായങ്ങളുടെ ഒരുശൃംഖല തന്നെ പഞ്ചായത്തിൽ സൃഷ്ടിക്കണം. പുതിയ സംരഭകരിൽ പട്ടികജാതിയിൽപെട്ടവരെയും വനിതകളെയും ഉൾപെടുത്തണം. ഏതെല്ലാം വ്യവസായങ്ങളാണ് തുടങ്ങേണ്ടതെന്ന് ഒരുവ്യവസായ സർവ്വെ മുഖാന്തിരം തിട്ടപ്പെടുത്തണം.

18. പഞ്ചായത്തു തലത്തിൽ ഒരു ടെക്നോളജികാറ്ററിംഗ് സെൻറർ തുടങ്ങുന്നതിനുള്ള സാദ്ധ്യതയുണ്ട്. പ്രസ്തുത സെൻററിൽ വയർമേൻ, ഇലക്ട്രീഷ്യൻ, പ്ളംബർ, റേഡിയോ. ടി.വി. മെക്കാനിക്കുകൾ, റഫ്റിജറേഷൻ മെക്കാനിക്കുകൾ എന്നിവരെ ഉൾപ്പെടുത്തണം. ആവശ്യപ്പെടുമ്പോൾ ഇവരുടെ

സേവനം മിതമായ പ്രതിഫലത്തിൻെറ അടിസ്ഥാനത്തിൽ ലഭ്യമാകുന്നത് സമൂഹത്തിന് അനുഗ്രഹമായിരിക്കും.

19. ഒന്നാംവാർഡിൽ ഉള്ള വാണിയത്തറയിൽ പൊരിവ്യവസായം നടത്തുന്നവരുണ്ട്. ഇവർക്ക് സ്ഥലസൗകര്യത്തിൻെറ കുറവുകൾ ഉണ്ട്. പൊരി ഉണ്ടാക്കുമ്പോൾ ഉണ്ടാക്കുന്ന മണം ചുറ്റുപാടുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. നിലവിലുള്ള പുക കുഴലുകൾ ഉയർത്തുകയോ മറ്റെന്തെങ്കിലും സംവിധാനംചെയ്യുകയോ ഈപ്രശ്നം പരിഹരിക്കുന്നതിനാവശ്യമാണ്.

20. ഗൾഫ് പ്രദേശങ്ങളിൽ ജോലിചെയ്യുന്ന 500ഓളം പേർ ഈ പഞ്ചായത്തിലുണ്ട്. ഇവരെ വ്യവസായ മേഖലയിലേക്ക് ആകർഷിച്ച് ചെറുകിടവ്യവസായം തുടങ്ങുന്നതിന് പ്രേരിപ്പിച്ചാൽ പഞ്ചായത്തിൽ ഒരു വ്യവസായ ശൃംഖല തന്നെ കെട്ടിപ്പടുത്തി ഈ പഞ്ചായത്തിനെ ഗ്രോത്ത്സെൻറർ ആക്കിമാറ്റാൻ കഴിയുന്നതാണ്.

21. സ്വയംതൊഴിൽ എക്സേഞ്ച് : ബ്ളോക്ക് തലത്തിൽ ഒരുസ്വയം തൊഴിൽ എക്സ്ചേഞ്ച് തുടങ്ങുന്നത് അഭികാമ്യമാണ്. അനുയോജ്യമായ പദ്ധതികൾ പ്രാദേശികമായ സംരഭസാദ്ധ്യതകൾ ഗുണഭോക്താക്കൾ എന്നിവരുമായി ബന്ധപ്പെടുത്തി ഒരുമാർക്കറ്റ് രേഖയുണ്ടാക്കുക എന്നതാണ് ആദ്യത്തെ നടപടി. രണ്ടാമതായി ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ റജിസ്ട്രേഷനാണ് ഗുണഭോക്താക്കൾ പദ്ധതികൾ സംരഭസാദ്ധ്യതകൾ എന്നിവയുടെ സംയോജനമാണ് അടുത്തപടി. ഗുണഭോക്താക്കളെ പദ്ധതികളും സംരഭങ്ങളും തെരഞ്ഞെടുക്കുന്നതിന് സഹായിക്കുക പരിശീലനം നൽകുക ധനസഹായത്തിനും മാർക്കറ്റിംഗിനും ഉള്ള വ്യക്തമായ ഉപദേശങ്ങൾ എന്നീകാര്യങ്ങൾ എക്സ്ചേഞ്ച് മുഖേന സാധിക്കേണ്ടതാണ്. ഇത്തരത്തിലുള്ള എക്സ്ചേഞ്ചുകൾ ബ്ളോക്ക് തലത്തിൽ രൂപീകരിക്കുന്നത് സ്വയം തൊഴിൽ പദ്ധതി സംരഭകരെ കണ്ടുപിടിക്കുന്നതിനും അവരെ സഹായിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമാണ്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് ഇതിന് രൂപം കൊടുക്കേണ്ടതാണ് കൊല്ലം ജില്ലയിൽ ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കി വരുകയാണ്. നമ്മുടെ ബ്ളോക്കിലും ഇത് പ്രാവർത്തികമാക്കാൻ സധിക്കുന്നതാണ്.

177

# 5-6
# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## റോഡുകൾ

### ആമുഖം

ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിൻെറ GO.MS 196/DD 28.12.1961 ൽ പ്രകാരമുള്ള ഉത്തരവിലാണ് കൊടുവായൂർ പഞ്ചായത്ത് രൂപീകൃതമായത്. ഇതിനു വളരെ മുമ്പുതന്നെ ഗതാഗത സൗകര്യമുണ്ടായിരുന്ന ഒരു പഞ്ചായത്താണിത്. തൃശൂർ ജില്ലയെ ബന്ധിപ്പിക്കുന്ന ഒരു റോഡ് പടിഞ്ഞാറോട്ടും കോയമ്പത്തൂരിനെ ബന്ധിപ്പിക്കുന്ന ഒരു റോഡ് കിഴക്കോട്ടും ഉണ്ടായിരുന്നു.ആ കാലത്തും ഈ റോഡ് ടാർ ഇട്ടതുമായിരുന്നു. കൊടുവായൂർ നെന്മാറ ആദ്യകാലങ്ങളിൽ വീതി കുറഞ്ഞ നടപ്പാത ആയിരുന്നു. കൊടുവായൂർ കുഴൽമന്ദം റോഡ് മൺറോഡ് ആയിരുന്നു. കൊടുവായൂർ-പാലക്കാട് റോഡ് ആദ്യകാലഘട്ടങ്ങളിൽ മെറ്റൽ ചെയ്തതായിരുന്നു. കൊടുവായൂർ പുതുനഗരം വഴിയുള്ള കൊല്ലങ്കോട് റോഡ് ടാർ ചെയ്തതായിരുന്നു. അന്ന് കൊടുവായൂർ പഞ്ചായത്തിൻെറ കീഴിലായിരുന്നു പുതുനഗരം പ്രദേശം. ചരക്ക് ഗതാഗതത്തിന് സർവ്വ സാധാരണമായി ഉപയോഗിച്ചിരുന്നത് കാളവണ്ടികളും പോത്തുവണ്ടികളും ആയിരുന്നു. ചരക്കുകൾ എത്തുന്നത് ദിവസങ്ങൾ വൈകിയാണ്.

പാലക്കാട് ജില്ലയുടെ തെക്ക് ഭാഗത്ത് കൊടുവായൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിൽ നിന്ന് ജില്ലയുടെ മറ്റ് രണ്ട് താലൂക്കുകളിലേക്ക് ഏതാണ്ട് തുല്യപ്രാധാന്യമുള്ള റോഡുകൾ

178

കടന്നു പോകുന്നുണ്ട്. ഈ പഞ്ചായത്ത് പ്രധാനമായും പച്ചക്കറിയുടെയും പലചരക്കിൻെറയും ജില്ലിയിലെ രണ്ടാമത്തെ വാണിജ്യകേന്ദ്രമാണ്. പഞ്ചായത്തിൽ നിന്നും കുഴൽമന്ദം ഭാഗത്തേക്കും ചിറ്റൂർ ഭാഗത്തേക്കും പാലക്കട് ഭാഗത്തേക്കും നെന്മാറ ഭാഗത്തേക്കും PWDറോഡുകൾ പോകുന്നുണ്ട്.17 കി.മീ.റോളം വരുന്നPWDറോഡ് മുഖ്യഗതാഗത മാർഗ്ഗവും കൂടിയാണ്. കൂടാതെ വാർഡ്തലങ്ങളിൽ പഞ്ചായത്തു വക മെറ്റൽ റോഡുകൾ സുമാർ 44 കി.മീ. ദുരവും ഉണ്ട്. മൺറോഡ് 28 കി.മീ. പക്കാ റോഡ് 25കി.മീ . ദൂരവും ഉണ്ട്. കൂടാതെ പഞ്ചായത്തിൽ നിന്നും പല്ലശ്ശേന ഭാഗത്തേക്കു പോകുന്ന ഒരു MLA റോഡും ഉണ്ട്. (പടിക്കൽപാടം പള്ളി മുക്ക്റോഡ്) ആ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

പഞ്ചായത്തിൻെറ തെക്കുഭാഗത്തു വരുന്ന കണ്ണംങ്കോടം പയ്യപ്പുള്ളി ഭാഗങ്ങൾ ഗതാഗതസൗകര്യം കുറഞ്ഞ സ്ഥലങ്ങൾ ആണ്. കൂടാതെ വികസനത്തിന് തടസ്സമായി നിൽക്കുന്ന മുഖ്യഘടകം ടൗണിലെ ഗതാഗതക്കുരുക്കാണ്. ഗ്രാമസഭകളിൽ എല്ലാ വിഭാഗങ്ങളിൽ നിന്നും മുഖ്യമായി ഉന്നയിക്കപ്പെട്ട ഒരു കാര്യം കുടിയുമാണ് ഇത്. പണ്ടുമുതലെ ഇവിടെത്തെ റോഡുകൾ ഇടുങ്ങിയതും വീതി കൂട്ടാൻ പറ്റാത്ത സാഹചര്യമുള്ളതും ആണ്. മുഖ്യമായ ഗ്രാമീണ റോഡുകൾ

1. തോട്ടക്കാട്ടുതറ വഴി പയ്യപ്പുള്ളി റോഡ്. 4 കി.മീ.

2. നൊച്ചൂരിൽ നിന്ന് ചെമ്പോത്തുകുളമ്പുവഴി ചോറക്കോട് പാലക്കാട് റോഡിൽ ചേരുന്നത് 3 കി.മീ.

3. മയിലാർ റോഡിൽനിന്നും ഒട്ടുകം പാറവഴി മാങ്ങോട്ടിലേക്കു പോകുന്ന 3 കി.മീ. റോഡ്.

4. കാക്കയൂരിൽ നിന്നും തച്ചംകോടുവഴി പല്ലശ്ശേന പോകുന്ന ഒരു റോഡ് 2കി.മീ. ആണ്. വാർഡുകളിലെ മിക്കറോഡും പിന്നോക്കാവസ്ഥയിലാണ്.

കൊടുവായൂരിൻെറ ഹൃദയ ഭാഗത്തു സ്ഥിതി ചെയ്യുന്ന പച്ചക്കറിമാർക്കറ്റിൽ ദിവസേന 15 ലോഡ് പച്ചക്കറിയും മറ്റും പല വ്യഞ്ജ വകകളും എത്തികംണ്ടിരിക്കുന്നു. ഈ വിഭവങ്ങൾ ഈ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലും സമീപ പഞ്ചായത്തുകളായ തേങ്കുറുശ്ശി, പല്ലശ്ശേന, നെന്മാറ, എരുമയൂർ എന്നീ സ്ഥലങ്ങളിലേക്കും ദിവസേന കൊണ്ട്പോയി കൊണ്ടിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിൻെറ മാർക്കറ്റിൽ ദിവസേന മണിക്കൂറുകളോളം ഗതാഗത തടസ്സമുണ്ടായിക്കൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥർക്കും രോഗചികിത്സക്കായി പോകുന്നവർക്കും ഉദ്യോഗാർത്ഥികൾക്കും ഈ ഗതാഗത തടസ്സം തീരാ ശാപമായിരിക്കുന്നു. ഈ തടസ്സം മാറ്റുന്നതിനായി കൊടുവായൂർ മെയിൻ റോഡിൽ കോട്ടപ്പടിമുതൽ മേലേപ്പള്ളി, കെ.എസ്.ഈ.ബി ആഫീസ് മുൻ വശത്തുകൂടി കുഴൽമന്ദം റോഡ് മുറിച്ചുകടന്ന് കരുവന്നൂർ തറവഴി പാലക്കാട് മെയിൻറോഡിൽ മുരളി ഹോസ്പിറ്റലിൻെറ മുൻവശം വരെ 8 മീറ്റർ വീതിയിൽ സുമാർ രണ്ടു കി.മീ. ദൂരത്തിൽ ബൈപ്പാസ് റോഡ് ആവശ്യമാണ്. ഇതിൽ മേലേപ്പള്ളി വരെയും ആവശ്യമായ 8 മീറ്റർ വീതിയിൽ വഴി വിട്ടു കിട്ടിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള സുമാർ 5 മീറ്റർ വീതിയുള്ള ടി പഞ്ചായത്തു റോഡ് വീതികൂട്ടിയാൽ ബൈപ്പാസിൻെറ പണിതീർക്കാനും ഗതാഗതക്കുരുക്ക് ഒഴിവാക്കാനും സാധിക്കും.

179

II പഞ്ചായത്തിലെ ടാർ റോഡുകളുടെ പട്ടിക.

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം കി.മീ. | വീതി മീ. | ബസ്സ് യാത്ര സൗകര്യം ഉണ്ട്/ ഇല്ല /മറ്റ് സൗകര്യം |
|---|---|---|---|---|---|
| 1 | കണ്ണംകോട്-പിട്ടുപീടിക | PWD | 5 കി.മീ | 8 മീ. | ഉണ്ട് |
| 2. | തച്ചമട-പാലക്കാട് മുക്ക് | PWD | 4കി.മീ. | 8 മീ. | ഉണ്ട് |
| 3. | പടിക്കൽപ്പാടം-പാലക്കാട്മുക്ക് | PWD | 1.5 കി.മീ. | 8 മീ. | ഉണ്ട് |
| 4. | പാലക്കാട്മുക്ക്-മന്നത്ത് കാവ്കുളം | PWD | 2.25 കി.മീ. | 8 മീ. | ഉണ്ട് |
| 5. | നവക്കോട് തോട്-ചന്തപ്പേട്ട | PWD | 1.5കി.മീ. | 8 മീ. | ഉണ്ട് |
| 6. | പടിക്കൽപ്പാടം-കണ്ണൻകോട് | PWD | 5കി.മീ. | 8 മീ. | ഇല്ല. |

III നിലവിലുള്ള ടാർ റോഡുകളുടെ പ്രധാന പ്രശ്നങ്ങളും സാദ്ധ്യതകളും. കേരളത്തിൻെറ പ്രധാന സാംസ്കാരിക തലസ്ഥാനമായ തൃശൂരിനേയും തമിഴ്നാട്ടിലെ വ്യവസായനഗരമായ കോയമ്പത്തൂരിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട പാത (SH27) കൊടുവായൂരിലൂടെ കടന്നു പോകുന്നു. ഇവിടെനിന്നും 10 കി.മീ. വടക്ക് ഭാഗത്തേക്ക് സഞ്ചരിച്ചാൽ ജില്ലയുടെ ഹൃദയഭാഗമായപാലക്കാട് നഗരത്തിലെത്താം.15കി.മീ.തെക്കുഭാഗത്ത് സഞ്ചരിച്ചാൽ നെന്മാറയിലെത്താം. 8 കി.മീ. പടിഞ്ഞാറ് ഭാഗത്ത് സഞ്ചരിച്ചാൽ കുഴൽമന്ദത്തെത്താം. പ്രസ്തുത വഴി തൃശൂർ-കോയമ്പത്തൂർ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നു.

*പ്രശ്നങ്ങൾ*

ധാരാളം വാഹനങ്ങൾസഞ്ചരിക്കുന്ന റോഡുകളുടെ പലഭാഗത്തും മഴക്കാലത്ത് വെള്ളം തങ്ങി നിൽക്കുന്നത് കൊണ്ട് അവ പൊട്ടിപ്പൊളിഞ്ഞ് പോകാറുണ്ട്. അവയുടെ വശങ്ങളിലെ ഓടകളുടെ അപര്യാപ്തതയാണ് പ്രധാനകാരണം. ഓടകൾ കെട്ടിയ ഭാഗത്ത് അവ യഥാവിധി സംരക്ഷിക്കപ്പെടുന്നില്ല.

എത്തനൂർ പാലത്തിനും എത്തനൂർ മരുതികാവിന് ഇടയ്ക്കുള്ള പ്രധാന പാതയിലെ വളവും അപകടസാദ്ധ്യതയുള്ളതാണ്.

ഗ്രാമപീടിക മുതൽ പാലക്കാട്മുക്ക് വരെയുള്ള പാത തിരക്കേറിയതാണ്. പ്രത്യേകിച്ച് സ്ക്കൂൾ സമയങ്ങളിൽ.

തൃശൂർ-ചിറ്റൂർ പ്രധാന പാതയിൽ പെട്രോൾ പമ്പിന് ഹൈസ്ക്കൂളിന് മുൻവശം.ടി.കെ തറ അപ്രോച്ച് റോഡിന്സമീപം സമീപം, നൊച്ചൂർബസ് വെയിറ്റിംഗ് ഷെഡ്ഡിന് സമീപം തുടങ്ങിയ സ്ഥലങ്ങളിൽ മഴക്കാലങ്ങളിൽ സ്ഥിരമായി വെള്ളം കെട്ടിനൽക്കാറുണ്ട്.

180

അങ്ങാടിയിലെ റോഡിൻെറ വീതികുറവും സ്ഥിരമായ ഗതാഗതക്കുരുക്കിന് ഇടവരുത്തുന്നു.

പ്രധാന പാതയുടെ ഇരുവശങ്ങളിലുമുള്ള ഇലക്ട്രിക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും ഗതാഗതതടസ്സമുണ്ടാക്കുന്നു.

പ്രധാന റോഡിൻെറ ഇരുവശങ്ങളിലും കാണപ്പെടുന്ന കാടുകളും ചെടികളും പുല്ലുകളുംറോഡ് വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

റോഡിൻെറ വശങ്ങളിൽ കട പുഴകാറായി നില്ക്കുന്ന മരങ്ങൾ ജനങ്ങൾക്ക് ഭീഷണിയാണ്

കേബിൾ ഇടുന്നതിന് വഴിയുടെ വശങ്ങളിൽ നീളെ ഉണ്ടാക്കുന്ന ചാലുകൾ യഥാസമയം മൂടാത്തത് അപകടങ്ങളെ വരുത്തി വെക്കുന്നു.

*സാദ്ധ്യതകൾ*

1 മെയിൻ റോഡിൽ എത്തനൂർ ബാലകൃഷ്ണാ റൈസ് മില്ലിനു മൻവശത്തുള്ള റോഡിനു കുറുകെ സ്ഥാപിച്ചിട്ടുള്ള ഓവ് വലുതാക്കണം ഇരുവശങ്ങളിലും 200 മീറ്റർ നീളത്തിൽ ഓടനിർമ്മിച്ച് മഴ കാലങ്ങളിലെ വെള്ളം ആട്ടു പാറ കുളത്തിൽചാടിച്ചാൽ ആ ഭാഗത്തെ വെള്ളക്കെട്ടും റോഡിൻെറ കേടും പരിഹരിക്കാൻ കഴിയും.

2 എത്തനൂർ കൃഷിഭവൻ മുതൽ കൊടുവായൂർ റോഡിൽ 300മീറ്റർ നീളത്തിൽ ഓട നിർമ്മിച്ചാൽ ആ ഭാഗത്തെ റോഡിൻെറ കേട് ഒഴിവാക്കാം.

3. എത്തനൂർ കുറുപ്പത്ത്കളം മുതൽ നടക്കാവു വരെയുള്ള റോഡിൻെറ പടിഞ്ഞാറു ഭാഗത്ത് 200മീറ്റർ നീളത്തിൽ ഓടനിർമ്മിക്കണം.

4 മെയിൻ റോഡിൻെറ ഒരു വശത്തു കരിമിപ്പൊട്ട കുളത്തിൻെറ സൈഡ് കെട്ടിയാൽ അപകടങ്ങൾ ഒഴിവാക്കാം. ഇവിടെ രണ്ട് പേരുടെ ജീവൻ അപഹരിക്കപ്പെട്ടതാണ്.

5 എത്തനൂർ G B U PS ൻെറ മുൻവശം മുതൽ മെയിൻ റോഡിൻെറ ഒരു വശത്ത് (വടക്കുഭാഗം)ഓട നിർമ്മിച്ച് കനാൽ പാലത്തിന് സമീപമുള്ള കലിങ്കിൽ എത്തിച്ചാൽ റോഡിൻെറ കേട് ഒരു പരിധിവരെ സംരക്ഷിക്കാം.

6. പിട്ടുപീടിക മുതൽ കൊടുവായൂർ ഗ്രാമപീടികവരെയുള്ള മെയിൻ റോഡിൽ നിലവിലുള്ള കലുങ്ക് വൃത്തിയാക്കുകയും ഓടനിർമ്മിക്കുകയും ചെയ്യുക.

7. ബൈപാസ്സ് മുതൽ പാലക്കാട് മുക്കു വരെയുള്ള മെയിൻ റോഡ് വീതികൂട്ടുകയോ, ബൈപ്പാസിൻെറ പണി പൂർത്തീകരിക്കുകയോ ചെയ്താൽ കൊടുവായൂരിലെ ഗതാഗത കുരുക്ക് ഒഴിവാക്കാം.

8. കൊടുവായൂർ ഹയർ സെക്കണ്ടറി സ്ക്കൂളിനു മുമ്പിൽ 20മീറ്റർ നിളത്തിൽ ഓട നിർമ്മിക്കണം. നിലവിലുള്ള കലിങ്കിൻെറ വീതി കൂട്ടണം. കൊടുവായൂർ ഹയർ സെക്കണ്ടറി സ്ക്കൂളിനു മുൻവശം മുതൽ ആൽത്തറ വരെ കിഴക്കു ഭാഗത്ത് നിലവിലുള്ള ഓടയ്ക്ക് മുകളിൽകൂടി സ്ലാബിട്ട് നടപ്പാതനിർമ്മിച്ചാൽ യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും വളരെ സൗകര്യമായിരിക്കും.

9. തൃശ്ശൂർ-ചിറ്റൂർ പ്രധാനപാതയിൽ പെട്രോൾ പമ്പിന് സമീപം, ഹൈസ്ക്കൂളിനു മുൻവശം, ടി.കെ. തറ അപ്രോച്ച് റോഡിന് സമീപം നൊച്ചീർ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡിന് സമീപം തുടങ്ങിയ സ്ഥലങ്ങളിൽ 1/2 അടി ഉയർത്തിയാൽ റോഡ്, കാലവർഷങ്ങളിലെ വെള്ളം മുങ്ങുന്നതിൽ നിന്ന് ഗതാഗത തടസ്സം പരിഹരിക്കാൻ കഴിയും.

[8]

10. പ്രധാന പാതയുടെ ഇരുവശങ്ങളിലും നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും മാറ്റി സ്ഥാപിക്കണം.

11. റോഡിൻെറ സമീപപ്രദേശങ്ങളിലെ അനാവശ്യ ചെടികളും മരങ്ങളും റോഡിൻെറ വീതിക്ക്വിഘാതം സൃഷ്ടിക്കുന്നതിനാൽ അവ വെട്ടിമാറ്റണം.

12. ടെലിഫോൺ കേബിളുകളുടെ ലൈൻ സംവിധാനം വഴിയുടെ വശങ്ങളിലെ ചാലുകൾ യഥാസമയം മൂടിവെക്കാത്തത് അപകട സാദ്ധ്യതയായി മാറുന്നു. കേബിൾട്രഞ്ചുകൾ മെച്ചപ്പെട്ടതാക്കാൻ ശ്രദ്ധിക്കണം.

13. മെയിൻ റോഡിൽ മണ്ണാന്തോടിനു കുറുകെയുള്ള പാലം പുതുക്കിപ്പണിയണം.

14. പാലക്കാട് മുക്ക് മുതൽ ഗോപിനാഥൻ ഡോക്ടറുടെ വീടിനു മുൻവശം വരെയുള്ള മെയിൻ റോഡ് ഒരടി ഉയർത്തിപ്പണിതാൽ മഴക്കാലത്തെ വെള്ളക്കെട്ടും റോഡിൻെറ കേടുപാടും ഇല്ലാതാക്കാൻകഴിയും.

15. കൊടുവായൂർ വാട്ടർ ടാങ്കിനു മുൻവശത്ത് പഞ്ചാത്തു റോഡിൽ നിന്നും വരുന്ന വെള്ളവും മാലിന്യങ്ങളും കുഴൽമന്ദം റോഡിൽ ഒഴിവുചാൽ അടഞ്ഞതു കൊണ്ട് മഴക്കാലങ്ങളിൽ വെള്ളകെട്ട് മൂലം റോഡ് നശിക്കുന്നു. ഓവു ചാൽ വൃത്തിയാക്കി റോഡ് സംരക്ഷിക്കണം.

16. കുഴൽമന്ദം റോഡിൽചിറ്റൂർ പുഴ സബ് കനാൽ മുതൽ ആദംപുതൂർചന്ദ്വരെയുള്ള തെക്ക് ഭാഗത്തു ഡ്രൈനേജ് ഉണ്ടാക്കിയാൽ റോഡിൻെറ കേട്പാട് ഒഴിവാക്കാം.

പിട്ടുപീടിക ഭാഗത്ത് ജി.ബി.യു.പി സ്ക്കൂളിന് സമീപം വടക്കു ഭാഗത്തേക്ക് ഇടതു ഭാഗം ചേർന്ന് ഡ്രൈനേജ് നിർമ്മിച്ച് മാരിയമ്മൻ കോവിലിന് സമീപമുള്ള കുളംവരെയും കാക്കയൂർ റോഡിൽ പിട്ടുപീടിക ജംങ്ഷൻ മുതൽ കൊടുവായൂർ ഭാഗത്തേക്ക് ഇടതു ഭാഗത്ത് കൂടിയും ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തിയാൽ റോഡ് നശിക്കുന്നതും വെള്ളക്കെട്ട് ഒഴിവാക്കാവുന്നതുമാണ്. കൊടുവായൂർ ഗ്രാമ പീടികയിൽ ഓട്ടോ ടാക്സി കാർ, ടാക്സി സ്റ്റാൻറ് മുഴുവൻ ടാർ ചെയ്തു സൗകര്യ പ്രദമാക്കണം.

## *IV പുതിയ റോഡുകൾ*

റോഡുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന സാദ്ധ്യതകൾ ഉരുത്തിരിയുന്നു.

1. കൊടുവായൂർ ചന്തപ്പുരയുടെ പിൻ ഭാഗത്തുകൂടി തോട്ടക്കാട്ടുതറ വഴി പടിക്കൽപ്പാടം കണ്ണങ്കോട് പല്ലശ്ശേന റോഡുമായി ബന്ധിപ്പിച്ചാൽ കണ്ണങ്കോട്, ഒടുകമ്പാറ എന്നീഭാഗങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് യാത്രാ ദൂരം കുറയ്ക്കാൻ ഒരു പരിധിവരെ സഹായകമാകും.

2. വാണിയന്തറ-നൊച്ചൂർ-ചെമ്പോത്തുകുളമ്പ് റോഡു ബന്ധിപ്പിക്കൽ

3. കിഴക്കേത്തല ശ്രീ രാം റൈസ് മില്ലിനു സമീപമുള്ള റോഡ് നൊച്ചൂർ ഗ്രാമറോഡിൽ ബന്ധിപ്പിക്കൽ.

4. കണ്ണങ്കോട് മുതൽ ഒടുകമ്പാറ വരെയുള്ള ഏകദേശം 1 കി.മീ.ദൂരം 8 മീ. വീതിയിൽ ഒരു പുതിയ റോഡ് നിർമ്മിക്കണം.

5. വെട്ടം പുള്ളിയിൽ നിന്നുള്ള റോഡുമുതൽ ഈച്ചരപാടം വഴി കരിഞ്ഞിലാങ്കോടുമായി ബന്ധിപ്പിക്കുക.

182

6. വടക്കമ്പാടം കരിപ്പാംകുളങ്ങരയിൽ നിന്നു മലമ്പുഴ കനാലിനെ ബന്ധിപ്പിക്കുന്ന വെസ്റ്റേൺ ഫ്ലട്ട്സ് സ്കീമിൽ പണിചെയ്തിട്ടുള്ള കനാൽ ബണ്ടിലേക്ക് ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കണം.

7. വടക്കുമ്പാടം മെയിൻ റോഡിൽ നിന്നുംസ്ക്കൂളിന്റെ പുറകിൽ കൂടി 3മീ.വീതിയിൽ ഒരു റോഡ് നിർമ്മിക്കൽ. സി.ടി. വിജയന്റെ മില്ലിന് മുൻഭാഗം മുതൽ മേലേക്കാട് വരെറോഡ് പണിയണം. ഇതിന് കനാൽ ബണ്ടിന്റെ അനുമതി ഇറിഗേഷൻ ഡിപ്പാർട്ടമെന്റിൽ നിന്നും ലഭിക്കാനുണ്ട്. ഗ്രാമ സഭകളിൽ പുതിയതായി നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുള്ള റോഡുകൾക്ക് ആവശ്യമായ ശ്രമദാനങ്ങൾ ഉണ്ടാകും.

8. തെക്കുപുറം-പനയം കുന്നം റോഡ്- പുതിയത് നിർമ്മിക്കണം. വാർഡ് 6

9. കരുവന്നൂർ തറയിൽ നിന്നും തേവർകുളം ഭാഗത്തേക്ക് റോഡ് നിർമ്മിക്കേണ്ടതാണ്.

## VII മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

### അനുബന്ധം സി.

| നമ്പർ | കോഡ് നമ്പർ | വാർഡ് | റോഡിന്റെ പേര് | മെറ്റൽ ചെയ്യേണ്ടദൂരം കി.മീ. | വീതി മീറ്റർ |
|---|---|---|---|---|---|
| 1 | 0201 | 2 | കൊളക്കുഴി - പൂശാരികുളമ്പ് | 0.500 | 3 |
| 2 | 0202 | 2 | കണ്ണങ്കോട് - ആമ്പക്കുഴി | 0.400 | 3 |
| 3 | 0203 | 2 | കണ്ണങ്കോട്- പെരകമ്പാടം | 0.300 | 3 |
| 4 | 0204 | 2 | കണ്ണങ്കോട് - തോട്ടംകുളമ്പ് റോഡ് | 0.300 | 3 |
| 5 | 0205 | 2 | കണ്ണങ്കോട് - എലന്തപ്പാടം | 0.500 | 4 |
| 6 A | 0301A | 3 | കോട്ടപ്പടി - കരുവന്നൂർതറ വഴി ബൈപ്പാസ്പാലക്കാട് റോഡ് | 2.000 | 8 |
| 6 A | 0301 | 3 | പയ്യപ്പുള്ളി നെറുകാട് | 0.100 | 3 |
| 7 | 0302 | 3 | തില്ലമന്നാട്ടുതറ - കൊയ്മാർ പാടം | 1.200 | 4 |
| 8 | 0303 | 3 | തോട്ടക്കാട്ടുതറ - കൊടുവായൂർ, കൊയ്മാർ പാടം | 0.450 | 4 |
| 9 | 0401 | 4 | കോലോത്ത് പറമ്പ് - മണിയൻപുള്ളി | 1.300 | 4 |
| 10. | 0402 | 4 | കോളോട് - ഹരിജൻ കോളനി | 0.850 | 4 |
| 11. | 0403 | 4 | മലയക്കോട്- ചെത്തിയോട് ഹരിജൻകോളനി | 1.100 | 5 |
| 12. | 0404 | 4 | മലയക്കോട് - ആണ്ടിറോഡ് | 0.400 | 4 |
| 13 | 0405 | 4 | മലയക്കോട് ഹരിജൻകോളനി വെട്ടുംമ്പുളി | 0.250 | 4 |
| 14 | 0406 | 4 | കോളോട് - തേക്കിൻകാട് | 0.600 | 4 |
| 15 | 0407 | 4 | കോളോട് - കാക്കയൂർ | 1.000 | 4 |

183

| | | | | | |
|---|---|---|---|---|---|
| 16. | 0408 | 4 | കോളോട് - വെട്ടുമ്പുള്ളി ഹരിജൻ കോളനി | 0.750 | 3 |
| 17. | 0501 | 5 | കോളോട് - മലയക്കോട് | 0.500 | 4 |
| 18. | 0502 | 5 | തേക്കിൻകാട്- ചെട്ടിത്തറ | 0.500 | 4 |
| 19. | 0503 | 5 | മയിലാർ റോഡ് തുവചുവട് ഹരിജൻ കോളനി | 1.000 | 5 |
| 20. | 0504 | 5 | മയിലാർ റോഡ് - ഒടുകംപാറ | 2.000 | 5 |
| 21. | 0505 | 5 | കോളോട് - കുമ്പാരത്തറ | 0.800 | 5 |
| 22. | 0506 | 5 | മയിലാർറോഡ് - നടുവംകുന്ന് | 0.120 | 8 |
| 23. | 0601 | 6 | കാക്കയൂർ ശ്മശാനം | 0.200 | 3 |
| 24. | 0602 | 6 | വാരക്കോട്- കുണ്ടുകാട് ജംമ്പൂരി - റോഡ് | 1.150 | 5 |
| 25. | 0603 | 6 | ചേരിക്കോട്- തെക്കുംപുറം ഹരിജൻകോളനി | 1.030 | 8 |
| 26. | 0604 | 5 | കാക്കയൂർ - നടുവം കുന്നം | 1.500 | 4 |
| 27 | 0605 | 6 | കാക്കയൂർ - പൊന്നുമംഗലം | 1.000 | 5 |
| 28 | 0606 | 6 | തച്ചൻകോട്- കോട്ടമല | 1.800 | 5 |
| 29 | 0607 | 6 | വാക്കോട്- ഞായറോഡ് ഹരിജൻകോളനി | 1.050 | 6 |
| 30 | 0608 | 6 | വാരക്കോട് അംഗൻ വാടി | 0.800 | 5 |
| 31 | 0609 | 6 | കുന്നംപുറം - പരുത്തിക്കുളം | 0.609 | 4 |
| 32 | 0610 | 6 | കാക്കയൂർ - കുന്നം പുറം | 0.800 | 5 |
| 33 | 061 | 6 | മീഞ്ചിറക്കാട് - തച്ചൻകോട് കനാൽ ബണ്ട് | 2.000 | 8 |
| 34 | 0701 | 7 | എത്തനൂർ - മാനാംകുളമ്പ് | 1.500 | 4 |
| 35 | 0702 | 7 | പുല്ലറോഡ് - കുണ്ടുകാട് | 1.100 | 3 |
| 36 | 0703 | 7 | എത്തനൂർ കനാൽപാലം - ചാന്തിരുത്തി | 1.350 | 4 |
| 37 | 0801 | 8 | എത്തനൂർ - കഴക്കേത്തറ | 0.800 | 4 |
| 38 | 0901 | 9 | കുരുടംകുളമ്പ് - ഗോകുലതെരുവ് | 0.300 | 5 |
| 39 | 0902 | 9 | പുതുതെരുവ് - കുരുടംകുളമ്പ് | 0.120 | 8 |
| 40 | 0903 | 9 | അമ്പലക്കുളം - തേർപറമ്പ് | 0.060 | 8 |
| 41 | 0904 | 9 | അമ്പലക്കുളം - ശിവാനന്ദ കോളനി | 0.080 | 7 |
| 42 | 0905 | 9 | ഇരട്ടതെരുവ് - മുക്കുപറമ്പ് | 0.200 | 6 |



184

## VIII ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | കോഡ് നമ്പർ | വാർഡ് | റോഡിന്റെ പേര് | ടാർചെയ്യേണ്ട ദൂരം കി.മീ | വീതി മീ. |
|---|---|---|---|---|---|
| 1 | 0101 | 1 | നൊച്ചൂർ- താനാർ കാട് | 1.8 | 6 |
| 2 | 0201 | 2 | ലക്ഷംവീട്-കണ്ണൻകോട് | 3 | 8 |
| 3 | 0202 | 2 | കരിഞ്ഞിലാംകോട്-പണ്ടാര മട | 3 | 8 |
| 4 | 0301 | 3 | കൊടുവായൂർ-തോട്ടക്കാട്ടുതറ | 1.1 | 5 |
| 5 | 0401 | 4 | ഹൈസ്ക്കൂൾ-കരിഞ്ഞിലാംകോട് | 1.5 | 5 |
| 6 | 0501 | 5 | കോളോട്-മൈലാറോഡ് | 4.5 | 8 |
| 7 | 0601 | 6 | തച്ചൻകോട്-പല്ലശ്ശേന | 0.800 | 6 |
| 8 | 0602 | 6 | കാക്കയൂർ-പല്ലശ്ശേന | 1.800 | 6 |
| 9 | 0701 | 7 | എത്തനൂർ-മരുതിക്കാവ് | 1.2 | 5 |
| 10 | 0801 | 8 | എത്തനൂർ-കൊരങ്ങോട് | 1.515 | 5 |
| 11 | 0501 | 9 | ചാന്തിരുത്തി-ചെട്ടിത്തറ പിട്ടപീടിക | 0.750 | 5 |
| 12 | 1001 | 10 | വടക്കുംപാടം-മെയിൻറോട് | 1.25 | 5 |
| 13 | 1002 | 10 | നൊച്ചൂർ -ചെമ്പോത്തുകുളമ്പ് | 0.600 | 4 |

## അനുബന്ധം D1

## വീണ്ടും ടാർ ചെയ്യേണ്ടവ

| | | | | | |
|---|---|---|---|---|---|
| 1 | 0601 | 6 | കാക്കയൂർ പോസ്റ്റ് ഓഫീസ് DMSBS | 1 കി.മീ. | 6 മീ. |
| 2 | 0602 | 6 | കാക്കയൂർ തച്ചംകോട് | 2 കി.മീ. | 8 മീ. |
| 2 | 0602 | 6 | ചാന്തിരുത്തിഹരിജൻ കോളനി ഗ്രാമപീടിക | 1 കി.മീ. | 8 മീ. |

185

## IX മെറ്റൽ ചെയ്യേണ്ട റോഡുകൾ

### അനുബന്ധം E.1

| നമ്പർ | കോഡ് നമ്പർ | വാർഡ് | റോഡിന്റെ പേര് | മെറ്റൽചെയ്യേണ്ട ദൂരം കി.മീ. | വീതി മീ. |
|---|---|---|---|---|---|
| 1 | 0801 | 8 | എത്തനൂർ-ആശാരിത്തറ | .300 | 3 |
| 2 | 0802 | 8 | പാലപ്പാറ-ഹരിജൻകോളനി | .250 | 3 |
| 3 | 0901 | 9 | രാജാകുളം-ഗോകുല സ്ട്രീറ്റ് | .400 | 3 |
| 4 | 0902 | 9 | ചാന്തിരുത്തി-വാൽപറമ്പ് | .270 | 3 |
| 5 | 0903 | 9 | ചാന്തിരുത്തി-പടിഞ്ഞാറേ മുറി | .270 | 3 |
| 6 | 1001 | 10 | വാരിയത്ത്-നെല്ലിക്കോട് | 1.200 | 4 |
| 7 | 1002 | 10 | നെല്ലിക്കോട്-കോണിക്കൻ പാടം | .260 | 3 |
| 8 | 1003 | 10 | വടക്കുംപാടം-ഹരിജൻകോളനി | .400 | 3 |
| 9 | 1004 | 10 | വടക്കംപാടം-നരിക്കോട് | .510 | 4 |
| 10 | 1101 | 11 | പറയൻകാട്-ഹരിജൻകോളനി | .405 | 3 |
| 11 | 1102 | 11 | നവക്കോട്-ആദംപുത്തൂർ | .300 | 3 |
| 12 | 1103 | 11 | നവക്കോട്-നെടുംകുളം റോഡ് | .150 | 3 |

186

## അനുബന്ധം E2

| | | | | | |
|---|---|---|---|---|---|
| 1 | 0501 | 5 | കോളോട്-മലയക്കോട്ട് | .500 | 4 |
| 2 | 0502 | 5 | കോളോട്-ചെട്ടിത്തറ | 1.000 | 6 |
| 3 | 0503 | 5 | കാക്കയൂർ-മണിയാർ കുളമ്പ് | 1.000 | 5 |
| 4 | 0504 | 5 | കാക്കയൂർ-കനാൽബഡ്യനടുവൻകുന്ന് | 1.000 | 8 |
| 5 | 0601 | 6 | വാക്കോട്-കണക്കുളം | .900 | 6 |
| 6 | 0602 | 6 | തച്ചൻകോട്-ചിറ്റൂർപുഴ കനാൽ ബണ്ട്-ഹരിജൻ കോളനി | 1.000 | 6 |
| 7 | 0603 | 6 | കുന്നുംപുറം-പരുത്തിക്കുളം | .600 | 4 |
| 8 | 0604 | 6 | തോണിപ്പാടം- മാരിയമ്മൻ കോവിൽ റോഡ് | .250 | 3 |
| 9 | 0605 | 6 | പാണമേട്-ചിറക്കാട് | .800 | 4 |
| 10 | 0901 | 9 | കൊങ്ങത്തുംകുഴി-കനാൽപറമ്പ് | .250 | 5 |
| 11 | 0902 | 9 | ചാന്തിരുത്തി പടിഞ്ഞാറെമുറിണ്ട. ഹരിജൻകോളനി | .150 | 3 |
| 12 | 1001 | 10 | വളത്തുകാട്-ചർണാത്തുകുളം റോഡ് | .300 | 3 |
| 13 | 1002 | 10 | വടക്കുമ്പാടം-അഹമ്മദ്ഷാ വീട്വരെ | .200 | 3 |
| 14 | 1003 | 10 | ചെടിമാർക്ക് മില്ല് മാളു എസ്റ്റേറ്റ് | .250 | 3 |
| 15 | 1004 | 10 | വടക്കുമ്പാടം-ഇടശ്ശേരികളം | .250 | 3 |

187

ഗ്രാമ സഭാ റിപ്പോർട്ടുകൾ വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നും ശേഖരിച്ചവ

# നിലവിലുള്ള റോഡുകൾ

കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ മുൻഗണനയെയും സൂചിപ്പിക്കുന്നു.

| വാർഡ് നമ്പർ | ക്രമ നമ്പർ / റോഡിന്റെ പേര് | ദൂരം കി. മീ | വീതി കി. മീ | ഒരു വർഷം ചിലവഴിച്ച പൊതുഫണ്ട് | മെറ്റൽചെയ്തത് | മെറ്റൽചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | 1 വർഷത്തിൽ ശ്രമദാനം: അറ്റകുറ്റപ്പണി | സംഭാവന | ശ്രമദാനം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 0705 | എത്തനൂർ തച്ചട - പിട്ടുപിടിക | 3 | 8 | | TAR | | | | | | | | | |
| 0101 | പുതുനഗരം പടിക്കൽ പാടം | 2 | 8 | | TAR | | | | | | | | | |
| 1103 | മന്ദത്ത്കാവ് കുളം - പാലക്കാട് മുക്ക് | 2 | 8 | | TAR | | | | | | | | | |
| 11003 | നവക്കോട് - ചന്തപ്പേട്ട | 3 | 8 | | TAR | | | | | | | | | |
| 0604 | കണ്ണങ്കോട് - പിട്ടുപിടിക | 5 | 8 | | TAR | | | | | | | | | |
| 0906 | പിട്ടുപിടിക - പാലക്കാട് മുക്ക് | 1.5 | 8 | | TAR | | | | | | | | | |
| 0101 | തനാച്ചർ - താനാർകാട് | 1.8 | 8 | 5000.00 | | | | ✓ | | ✓ | ✓ | | ✓ | |
| 0201 | പട്ടിക്കൽപാടം - കണ്ണൻകോട് | 5.0 | 8 | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0202 | ഓട്ടൂർക്കാട് - കണ്ണൻകോട് | 1.3 | 8 | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0303 | കരിഞ്ഞിലം കോട് - പണ്ടാരമട | 3 | 5 | 40000.00 | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0301 | കൽത്തറ - മുത്താൻതറ | .850 | 5 | 5000.00 | ✓ | | | ✓ | | | | | | |
| 0102 | കൊടുവായൂർ - തോട്ടക്കാട്ടുതറ | 1.1 | 5 | | ✓ | | | ✓ | | | | | | |
| 0401 | ഹൈസ്കൂൾ - കരിഞ്ഞിലം കോട് | 1.5 | 5 | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0402 | കോരഞ്ചോട് പിട്ടുപിടിക - മേലാർകോട് | 1.00 | 5 | | ✓ | | | ✓ | | ✓ | | | | |
| 0403 | കൊടുവായൂർ - കമ്മാന്തറ വെസ്റ്റ് | .3 | 5 | 5000.00 | ✓ | | | ✓ | | | | | | |
| 0501 | കോളോട് പിട്ടുപിടിക മയിലാർ റോഡ് | 4.050 | 8 | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0601 | കാക്കയൂർ - പല്ലശന | 1.7 | 8 | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0602 | കാക്കയൂർ - മുരിങ്ങമല | .3 | 8 | 5.000.00 | TAR | | | | | | | | | |
| 0701 | എത്തനൂർ - മരുതിക്കാവ് | 1.2 | 5 | | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0801 | എത്തനൂർ - തകരക്കാട് | 1.515 | 5 | 100000.00 | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 0901 | കേരളപുരം - ചാന്തിരുത്തി | 1.500 | 6 | | TAR | | ✓ | | | | ✓ | | ✓ | |
| 0902 | ഗോകുല സ്ട്രീറ്റ് - കൊടുവായൂർ | .660 | 8 | 5.000<br>25000.00 | | ✓ | | ✓ | | | ✓ | | ✓ | |
| 0903 | അമ്പലക്കുളം - പുതുരത്തെരുവ് | .375 | 5 | | | ✓ | | | | | ✓ | | ✓ | |
| 0904 | വിനായക - മുക്കുരത്തെരുവ് - മുക്കുപറമ്പ് | 750 | 6 | 3000.00 | ✓ | ✓ | | ✓ | | | ✓ | | ✓ | |
| 0905 | ചാന്തിരുത്തി - ചെട്ടിത്തറ പിട്ടുപീടിക | 0.750 | 5 | 5000.00 | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 1001 | വടക്കും പാടം മെയിൻ | 1.200 | 5 | | ✓ | | | ✓ | ✓ | | ✓ | | ✓ | |
| 1002 | കരുവന്നൂർത്തറ വെസ്റ്റ് - കരുവന്നൂർത്തറഈസ്റ്റ് | 1.700 | 5 | | ✓ | ✓ | | ✓ | | | ✓ | | ✓ | |
| 1003 | കരുവൂർത്തറ - മാപ്പിളത്തറ, | .500 | 5 | 3000.00 | ✓ | ✓ | | ✓ | | ✓ | ✓ | | ✓ | |
| 1004 | ചോക്കോട് - പെരുവമ്പ് | .315 | 5 | | | | | | | | ✓ | | ✓ | |
| 1005 | തനാച്ചൂർ - ചോമ്പോത്തുകുളമ്പ് | .600 | 4 | 5000.00 | ✓ | | | | | | ✓ | | ✓ | |

# നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ റോഡിൻെറ പേര് | ദൂരം കി. മീ | വീതി കി. മീ | ഒരു വർഷം ചിലവഴിച്ച പൊതുഫണ്ട് | അറ്റകുറ്റപ്പെട്ടത് | അറ്റകുറ്റംതീർത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | 1 വർഷത്തിൽ ശ്രമദാനം അറ്റകുറ്റപ്പണി | സംഭാവന | ശ്രമദാനം | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **മൺറോഡുകൾ അനുബന്ധം 5 ബി** | | | | | | | | | | | | | | |
| 0101 | നൊച്ചൂർ – പീച്ചിയോട് | .250 | 3 | | | | | | | | | | | | |
| 002 | കൊടുവായൂർ –ചക്കാന്തറ | .500 | 4 | 59996.00 | | | | | | | | | | | |
| 0103 | കൊടുവായൂർ – കിഴക്കേത്തല | .300 | 3 | | | | | | | | | | | | |
| 0104 | കൊടുവായൂർ – കിഴക്കേത്തല 2 | .225 | 4 | | | | | | | | | | | | |
| 0201 | കൊളക്കുഴി – പൂശാരിക്കുളമ്പ് | 500 | 3 | | | | | | | | | | | | |
| 0202 | പെരകംപാടം – പല്ലശ്ശന | .375 | 3 | | | | | | | | | | | | |
| 0203 | കണ്ണങ്കോട് – അമ്പക്കുഴി | .400 | 3 | | | | | | | | | | | | |
| 0301 | പയ്യപ്പുള്ളി – നെറുകാട് | .100 | 3 | | | | | | | | | | | | |
| 0302 | മൂത്താൻതറ – അത്തിച്ചുവട് | .120 | 3 | | | | | | | | | | | | |
| 0303 | മൂത്താതറ – കുന്നിൻപുറം | .060 | 3 | | | | | | | | | | | | |
| 0304 | തില്ലമന്നാട്ടതറ – കൊയ്മാർപാടം | 1.200 | 4 | | | | | | | | | | | | |
| 0305 | തോട്ടക്കാട്ടുതറ – കൊടുവായൂർ | 450 | 4 | | | | | | | | | | | | |
| 0306 | തോട്ടക്കാട്ടുതറ – കുളവരമ്പ് | 400 | 3 | | | | | | | | | | | | |
| 0307 | തോട്ടക്കാട്ടുതറ – ചക്കാന്തറ | 180 | 3 | | | | | | | | | | | | |
| 0401 | കോലോത്ത്പറമ്പ് – മണിയൻപുള്ളി | 1.300 | 4 | | | | | | | | | | | | |
| 0402 | കോളോട് – ഹരിജൻകോളനി | .880 | 4 | | | | | | | | | | | | |
| 0403 | മലയക്കാട് – ചെത്തിയോട് ഹരിജൻകോളനി | 1.100 | 5 | | | | | | | | | | | | |
| 0404 | മലയക്കാട് – റൗണ്ട് റോഡ് | .400 | 4 | | | | | | | | | | | | |
| 0405 | മലയക്കോട് ഹരി. കോളനി – വെളുമ്പുള്ളി | 250 | 3 | | | | | | | | | | | | |
| 0406 | കോളോട് – തേക്കിൻകാട് | 600 | 4 | 3000.00 | | | | | | | | | | | |
| 0407 | കോളോട് – കാക്കയൂർ | 1 കിമീ | 4 | 4000.00 | | | | | | | | | | | |
| 0408 | കൊരത്തോട് – വെട്ടുംപുള്ളി | 750 | 3 | | | | | | | | | | | | |
| 0601 | കാക്കയൂർ – ശ്മശാനം | 200 | 3 | | | | | | | | | | | | |
| 0602 | കുന്നുംപുറം – ചുണ്ടക്കാട് | 450 | 5 | 19850.00 | | | | | | | | | | | |
| 0603 | കുന്നുംപുറം – പരിത്തിക്കുളം | .300 | 3 | 54837 | | | | | | | | | | | |
| 0604 | എടക്കാട് – വാക്കോട് | .900 | 5 | 4000 | | | | | | | | | | | |
| 0605 | വാക്കോട് – കാക്കയൂർ | 150 | 3 | | | | | | | | | | | | |
| 0606 | വാക്കോട് – കുണ്ടുകാട് | 1.150 | 5 | | | | | | | | | | | | |
| 0607 | ചേരിക്കാട് – തോണിപ്പാടം | 1030 | 3 | 200000 | | | | | | | | | | | |
| 0608 | കാക്കയൂർ – നടുവൻകുന്നം | 1.500 | 4 | | | | | | | | | | | | |

18

# നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | 190<br>റോഡിൻെറ പേര് | നീളം കി. മീ | വീതി കി. മീ | ഒരു വർഷം ചിലവഴിച്ച പൊതുഫണ്ട് | മെറ്റൽചെയ്തത് | മെറ്റൽചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | 1 വർഷത്തിൽ ശ്രമദാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | അറ്റകുറ്റപ്പണി | സംരക്ഷണ | ശ്രമദാനം | ആകെ | |
| | **മൺറോഡുകൾ അനുബന്ധം 5 ബി** | | | | | | | | | | | | | | |
| 0609 | കാക്കയൂർ - പൊന്നുമംഗലം | 1.500 | 8 | | | | | | | | | | | | |
| 0610 | തച്ചൻകോട് - കോട്ടമല | 1.800 | 5 | | | | | | | | | | | | |
| 0701 | എത്തനൂർ - മാനാംകുളമ്പ് | 1.500 | 4 | 29700 | | | | | | | | | | | |
| 0702 | പുല്ലറോഡ് - കുണ്ടുകാട് | 1.100 | 3 | | | | | | | | | | | | |
| 0703 | മല്ലൻകുടം കനാൽ -ഉള്ളാട്ടിക്കൽ | .800 | 4 | | | | | | | | | | | | |
| 0704 | എത്തനൂർ - കയ്ക്കോളത്തറ | 550 | 4 | 1000.00 | | | | | | | | | | | |
| 0705 | എത്തനൂർ - പടിഞ്ഞാറേത്തറ | 450 | 4 | 5000 | | | | | | | | | | | |
| 0706 | പുളപ്പറമ്പ് - മന്നാംറോഡ് | .500 | 3 | 1000 | | | | | | | | | | | |
| 0707 | എത്തനൂർ - ഉണ്ണിയപ്പൻകാട് | .700 | 3 | | | | | | | | | | | | |
| 0708 | പുല്ലറോഡ് - എരഞ്ഞിക്കുളം | 300 | 4 | | | | | | | | | | | | |
| 0709 | എത്തനൂർ -കനാൽപാലം ചാന്തിരുത്തി | 1.350 | 4 | 139213 | | | | | | | | | | | |
| 0910 | മരുതിക്കാട് - വാൽപ്പറമ്പ് | .500 | 4 | | | | | | | | | | | | |
| 0711 | എത്തനൂർ - മുത്താൻതറ | 300 | 3 | | | | | | | | | | | | |
| 0712 | പുല്ലറോഡ് - മരുതിക്കാവ് | 250 | 4 | 209426 | | | | | | | | | | | |
| 0801 | എത്തനൂർ - കിഴക്കേത്തറ | 300 | 4 | 1000.00 | ✓ | | | | | | | | | | |
| 0802 | എത്തനൂർ - അമ്പാരിത്തറ | 300 | 3 | | ✓ | | | | | | | | | | |
| 0803 | എത്തനൂർ - വടക്കുംമുറി | 150 | 3 | | ✓ | | | | | | | | | | |
| 0804 | ടി. ബി. എത്തനാർ - കനാൽ | 500 | 4 | | ✓ | | | | | | | | | | |
| 0805 | പാലപ്പാറ - ഹരിജൻകോളനി | 250 | 3 | 1000.00 | ✓ | | | | | | | | | | |
| 0806 | എത്തനൂർ - മണിമാർകുളമ്പ് | 200 | 3 | | ✓ | | | | | | | | | | |
| 0807 | തകരക്കാട് - മേയലക്കീഴ് | 400 | 3 | | ✓ | | | | | | | | | | |
| 0901 | എത്തനൂർ - കൊണ്ടളശേരി | 100 | 3 | 33965.00 | ✓ | | | | | | | | | | |
| 0902 | പിട്ടുപിടിക - കുളപ്പുര | 350 | 5 | | ✓ | | | | | | | | | | |
| 0903 | രാജാകുളം ഗോകുല സ്ട്രീറ്റ് | 400 | 3 | 2000.00 | ✓ | | | | | | | | | | |
| 0904 | ചാന്തിരുത്തി - വാൽപറമ്പ് | 270 | 3 | | ✓ | | | | | | | | | | |
| 0905 | ചാന്തിരുത്തി - കിഴക്കേമുറി | 570 | 4 | | ✓ | | | | | | | | | | |
| 0906 | ചാന്തിരുത്തി - പടിഞ്ഞാറേമുറി | 270 | 3 | | ✓ | | | | | | | | | | |
| 1001 | പരിയത്ത് - നെല്ലിക്കോട് | 1.200 | 4 | | ✓ | | | | | | | | | | |
| 1002 | നെല്ലിക്കോട് - കോണിക്കാൻ പാടം | .280 | 3 | | ✓ | | | | | | | | | | |

# നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ റോഡിൻെറ പേര് | ദൂരം കി. മീ | വീതി കി. മീ | ഒരു വർഷം ചിലവഴിച്ച പൊതുഫണ്ട് | മെറ്റൽചെയ്തത് | മെറ്റൽചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | 1 വർഷത്തിൽ ശ്രമദാനം: അറ്റകുറ്റപ്പണി | സംഭാവന | ശ്രമദാനം | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1003 | വടക്കുംപാടം – ഹരിജൻ കോളനി | 400 | 3 | 61594.00 | | | ✓ | | | | | | | | |
| 1004 | വടക്കുംപാടം – കോങ്ങാട് റോഡ് | 400 | 3 | | | | ✓ | | | | | | | | |
| 1005 | വടക്കുംപാടം – ഇടശേരിക്കളം | 400 | 3 | | | ✓ | ✓ | | | | | | | | |
| 1006 | വടക്കുംപാടം – മാരിയമ്മൻ കോവിൽ | 175 | 3 | | | | ✓ | | | | | | | | |
| 1007 | വളത്തുകാട് – ചരണാത്തുകുളം | 275 | 3 | | | | ✓ | | | | | | | | |
| 1008 | വടക്കുംപാടം – നരിക്കോട് | 510 | 4 | | | | ✓ | | ✓ | | | | | | |
| 1009 | ചോരക്കാട് – വീട്ടിയോട് | 500 | 3 | | | | ✓ | | ✓ | | | | | | |
| 1010 | വടക്കുംപാടം – കരിപ്പൻകുളങ്ങര | 150 | 3 | | | | ✓ | | ✓ | | | | | | |
| 1101 | പറയൻകാട് – ഹരിജൻ കോളനി | 600 | 3 | | | | ✓ | | ✓ | | | | | | |
| 1102 | നവക്കോട് – പുതുപ്പള്ളിത്തെരുവ് | 105 | 3 | | | | ✓ | | ✓ | | | | | | |
| 1103 | നവക്കോട് – പറയൻകാട് | 075 | 3 | | | | ✓ | | ✓ | | | | | | |
| 1104 | നവക്കോട് – ആദംപുത്തൂർ | 300 | 3 | | | | ✓ | | | | | | | | |
| 1105 | നവക്കോട് – കരുവന്നൂർതറ | 100 | 3 | | | | ✓ | | | | | | | | |
| 061 | വാക്കോട് – ഞായറോഡ് | 1050 | 6 | | | | ✓ | | | | | | | | |
| 0612 | വാക്കോട് – കണങ്കുളം | .900 | 6 | | | | ✓ | | | | | | | | |
| 0613 | വാക്കോട് – അങ്കണവാടി | .800 | 5 | | | | ✓ | | | | | | | | |
| 0614 | തച്ചൻകോട് – ചിറ്റൂർപുഴ കൽ | 1000 | 6 | | | | ✓ | | | | | | | | |
| 0615 | വാക്കോട് – പരുത്തിക്കളം | 600 | 4 | | | | ✓ | | | | | | | | |
| 0616 | പുന്നക്കോട് – ചിറക്കോട് | 800 | 4 | | | | ✓ | | | | | | | | |
| 0502 | കോളോട് – മലയരക്കാട് | 500 | 4 | | | | ✓ | | | | | | | | |
| 0503 | കോളോട് – ചെട്ടിത്തറ | 1.000 | 6 | | | | ✓ | | | | | | | | |
| 0504 | തേക്കിൻകാട് –ചെട്ടിത്തറ | .500 | 4 | | | | ✓ | | | | | | | | |
| 0505 | മയിലാർറോഡ് – തുവച്ചോട് ഹരിജൻ കോളനി | .500 | 4 | | | | ✓ | | | | | | | | |
| 0506 | മയിലാർറോഡ് – ഒടുകം പാറ | 2.000 | 5 | | | | ✓ | | | | | | | | |
| 0507 | കാക്കയൂർ – മണിമാർക്കുളമ്പ് മയിലാർറോഡ് | 1.000 | 5 | | | | ✓ | | | | | | | | |
| 0508 | കോളോട് – കുമ്പാരത്തറ | .800 | 5 | | | | ✓ | | | | | | | | |
| 0509 | മയിലാർ റോഡ് – നടുവാംകുന്നം | 1.000 | 8 | | | | ✓ | | | | | | | | |
| 0510 | കാക്കയൂർ – കനാൽബണ്ട് | 0.100 | 8 | | | | ✓ | | | | | | | | |
| 0907 | ഇരട്ടത്തെരുവ് – മുക്കുപറമ്പ് | .200 | 6 | | | | ✓ | | | | | | | | |
| 0908 | കൊണ്ടത്തുകുഴി – കനാൽ വരമ്പ് | 250 | 5 | | | | ✓ | | | | | | | | |
| 0909 | ചാന്തിരുത്തി പടിഞ്ഞാമുറി – ന്യൂ ഹരിജൻ കോളനി | ..130 | 3 | | | | ✓ | | | | | | | | |

# നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി. മീ | വീതി കി. മീ | ഒരു വർഷം ചിലവഴിച്ച പൊതുഫണ്ട് | മെറ്റൽചെയ്തത് | മെറ്റൽചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | 1 വർഷത്തിൽ ശ്രമദാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | അറ്റകുറ്റപ്പണി | സംഭാവന | ശ്രമദാനം | ആകെ | |
| 0910 | ചാന്തിരുത്തി - കിഴക്കേമുറി , ചീർമ്പൻ കാവ് | 100 | 3 | | | ✓ | | | | | | | | | |
| 0911 | ചീർമ്പൻകാവ് - കളരി | 050 | 3 | | | ✓ | | | | | | | | | |
| 0912 | കുരുടൻകുളമ്പ് - ഗോകുലത്തുരുവ് | 380 | 5 | | | ✓ | | | | | | | | | |
| 0913 | മെയിൻറോഡ് - തൊട്ടിയത്തറ | .100 | 3 | | | ✓ | | | | | | | | | |
| 0914 | പുതുരത്തുരുവ് -കുരുടൻകുളമ്പ് റോഡ് | .120 | 8 | | | ✓ | | | | | | | | | |
| 0915 | ഗോകുലത്തുരുവ് - മാരിയമ്മൻ കോവിൽ | .120 | 3 | | | ✓ | | | | | | | | | |
| 0916 | അമ്പലക്കുളം - തെക്കുവരമ്പ് | 060 | 6 | | | ✓ | | | | | | | | | |
| 0917 | അമ്പലക്കുളം - ശിവാനന്ദാ കോളനി | .080 | 7 | | | ✓ | | | | | | | | | |
| 0918 | നവക്കോട് - നെടുംകുളം | .200 | 3 | | | ✓ | | | | | | | | | |
| 0919 | നടക്കാവ് - ആട്ടുപാറ | .300 | 3 | | | ✓ | | | | | | | | | |
| 0920 | പറയൻകുളമ്പ് - ഉമ്മത്തൻതോപ്പ് | .700 | 3 | | | ✓ | | | | | | | | | |
| 0921 | ഉമ്മത്തൻതോപ്പ് - കളംകാട് | .750 | 6 | | | ✓ | | | | | | | | | |

## X ജനപങ്കാളിത്തം

നിലവിലുള്ള വിവിധ വാർഡുകളിലെ മൺ റോഡുകളുടെ പലഭാഗങ്ങളും വീതി കുറഞ്ഞും കൂടിയതുമായിക്കാണുന്നു. ആവശ്യമായ സ്ഥലം വിട്ടു തരുകയാണെങ്കിൽ ഈ റോഡുകളുടെ വീതി കൂട്ടുന്നതിനു കഴിയും. അതിനാവശ്യമായ പ്രവർത്തനം അതാതു വാർഡു മെമ്പറന്മാരിൽ നിന്നുണ്ടാകണം.ജനങ്ങളുടെ സഹകരണം ഒന്നു കൊണ്ടു മാത്രമെ റോഡു വികസനം സാദ്ധ്യമാകുകയുള്ളു.

റോഡുകൾ ശുചിയായി സൂക്ഷിക്കുന്നില്ലാ എന്നുള്ളത് അത്യന്തം ഖേദകരമായ ഒരുസംഗതിയാണ്. പൊതു വഴികളിൽ ചപ്പുചവറുകൾ വലിച്ചെറിയുന്നതും തടയേണ്ടതാണ്.അല്ലാത്ത പക്ഷം പലവിധ പകർച്ചവ്യാധികളും പിടിപെടാൻസാധ്യതയുണ്ട്.

## 2. മൺറോഡുകൾ

### പരിതസ്ഥിതി പ്രശ്നങ്ങളും സാദ്ധ്യതകളും :

മര നശീകരണത്തിനും അതുമൂലമുണ്ടാകുന്ന പരിതസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമായി മണൽറോഡുകൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കപ്പെടുമ്പോൾ പുതുയതായി നിർമ്മിക്കപ്പെട്ടറോഡിൻെറ പാർശ്വങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ ശ്രദ്ധിക്കണം.

മണ്ണൊലിപ്പുണ്ടാകാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ കരിങ്കൽ പാളികൾ നിരത്തുന്നതും റോഡിന്ഓടകൾ നിർമ്മിക്കുന്നതും വളരെ ആശ്വാസകരമാണ്. പുതിയതായി നിർമ്മിക്കാൻ നിർദ്ദേശിച്ചുട്ടുള്ള റോഡുകളിൽ ഒന്നാം നമ്പരായി കൊടുത്തിട്ടുള്ള തോട്ടക്കാട്ടുതറ ഒടുകംപാറ കണ്ണൻകോട്വഴി അത്യന്താപേക്ഷിതമാണ്. മഴക്കാലങ്ങളിൽ പാടങ്ങളിൽ വെള്ളം നിറയുന്നതിനാൽ ഒടുകംപാറ കണ്ണങ്കോട് നിവാസികൾ ഒറ്റപ്പെടുന്നു. ഇതിനൊരു ശാശ്വത പരിഹാരമാണ് ഈ വഴി. കുറച്ചു ഭാഗം പണി നടന്നിട്ടുണ്ട്. ഇതിനും ആവശ്യമായ ജനപങ്കാളിത്തമുണ്ടാകണം. വളയേറെ കഷ്ടപ്പാടുകൾ സഹിച്ചാണ്. ഈ ഭാഗത്തുള്ള വിദ്യാർത്ഥികൾ കൊടുവായൂരിൽ വിദ്യ അഭ്യസിക്കാൻ എത്തുന്നത്.

ഈവഴി പണിതീരുകയാണെങ്കിൽ പല്ലശ്ശേനക്കുള്ള ഏറ്റവും ഹ്രസ്വമായ വഴിയായിരിക്കും. ഗതാഗതസൗകര്യം തീരെയില്ലാത്തതു മൂലം ഈ പ്രദേശങ്ങളെല്ലാം കൊണ്ടും പിന്നോക്കത്തിലാണ്. പണി തീർന്നിട്ടുള്ള ശിശു വിഹാർ ഗതാഗത സൗകര്യക്കുറവു മൂലം ഇപ്പോഴും പ്രവർത്തന രഹിതമായിരിക്കുന്നു.

റിപ്പോർട്ടിൻെറ ആദ്യഭാഗത്തു തന്നെ പരാമർശിക്കപ്പെട്ടിട്ടുള്ള കൊടുവായൂരിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ബൈപ്പരാസിൻെറ പണി കഴിവതും വേഗം തീർക്കേണ്ടതാണ്.

193

## ഉപസംഹാരം

ഒരു നാടിൻെറ വളർച്ചക്ക് അത്യാവശ്യമായി വേണ്ടത് ജനങ്ങളുടെ കായികവും ബുദ്ധിപരവുമായ ശക്തിയാണ്. എന്നിരുന്നാലും ഒറ്റ നോട്ടത്തിൽ വളർച്ച ദൃശ്യമാകുന്നത് ഗതാഗതസൗകര്യം, ഊർജ്ജത്തിൻെറ ലഭ്യത, വിപുലമായ വിപണനസാദ്ധ്യതകൾ എന്നിവയാണ്. കൊടുവായൂരിനെ സംബന്ധിച്ചു നോക്കിയാൽ ഇവിടം പച്ചക്കറിയുടേയും പല വ്യഞ്ജനങ്ങളുടേയും മറ്റും ഒരു പ്രധാനവിപണന കേന്ദ്രമാണ്.


ജനങ്ങളുടെ സഹകരണം കൂടുതലായി ഉണ്ടായാൽ ഇന്നു കാണുന്ന പല റോഡുകളുടേയും വിസ്തൃതി വർദ്ധിപ്പിക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിന് വാർഷിക വരുമാനമായി 2208864 രൂപ കണക്കിൽ തിട്ടപ്പെടുത്തിയിരിക്കുന്നു. അതിൽ കഴിഞ്ഞ ഒരു വർഷം 907985 രൂപ റോഡു വികസനത്തിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്ത വരുമാനത്തിൻെറ 2.4 ഭാഗമായി കാണാം.

ഈ പഞ്ചായത്തിൽ റോഡു വികസനത്തിനുവേണ്ടി ശ്രമദാനമായി പല നിർദ്ദേശങ്ങളും വന്നിരിക്കുന്നു. ഗ്രാമസഭകളിലെ ഇത്തരം വിലപ്പെട്ട നിർദ്ദേശങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പൂർണ്ണസഹകരണവും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണ്.

194

# ഊർജ്ജം



1953 ൽ കൊടുവായൂർ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തി. ആദ്യത്തെ ട്രാൻസ്ഫോർമർ ഗ്രാമപീടികയിൽ സ്ഥാപിച്ചു. പാലാക്കാട് വെണ്ണക്കര 110KVA സബ്സ്റ്റേഷനിൽ നിന്നും ആണ് തുടക്കത്തിൽ വൈദ്യുതി ലഭിച്ചിരുന്നത്. തുടർന്ന് കണ്ണമ്പുള്ളി സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി എടുത്തു വരുന്നു. ഇതിനിടയിൽ കൊടുവായൂരിലേക്ക് പ്രത്യേകമായി വലിച്ച കൊടുവായൂർ ഫീഡർ-(പാലക്കാട്-കൊടുവായൂർ) നഷ്ടപ്പെട്ടു .ഇതിന്റെ ഫലമായി തുടർച്ചയായ വൈദ്യുതി വിതരണം തടസ്സപ്പെട്ടു വരുന്നുണ്ട്. നിലവിലുള്ള വൈദ്യുതി ലൈൻ കൊടുവായൂർ പുതുനഗരം സെക്ഷൻ ഓഫീസ് പരിധിയിൽ ആണ് കിടക്കുന്നത്. പഞ്ചായത്ത് അതിർത്തിയിലുള്ള സെക്ഷൻ ഓഫീസ് മറ്റ്ഇതര പഞ്ചായത്തുകളുടെയും കൂടെമേൽനോട്ടം വഹിക്കേണ്ടുന്ന ഓഫീസാണ്. പഞ്ചായത്ത് അതിർത്തിയിൽ സെക്ഷൻ ഓഫീസ് നിലവിൽ ഉണ്ടെങ്കിലും നിയമാനുസൃതമായി സീനിയോറിറ്റി അടിസ്ഥാനത്തിൽ മാത്രമെ പഞ്ചായത്ത് ജോലികൾ നിർവ്വഹിക്കാൻ പറ്റുകയുള്ളു.

ഇപ്പോൾ പഞ്ചായത്ത് അതിർത്തിയിൽ ആകെ21 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. ആകെ ഉള്ള വിതരണത്തിൽ 2900 ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക മേഖലയിൽ 230 പേരുമാണ് ഉള്ളത്. വിണിജ്യത്തിന് 600 ഉപഭോക്താക്കളും വ്യവസായികമായ 90 കണക്ഷനും നിലവിൽ ഉണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ 13ഹരിജൻ കോളനികളിൽ 12 എണ്ണത്തിൽ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഇതിൽ 45ഓളം കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നല്കിവരുന്നു. ബാക്കിയുള്ളവർ പണം അടച്ച് വൈദ്യുതി ഉപയോഗിക്കുന്നു. പാലോട് ഹരിജൻകോളനി വൈദ്യുതീകരണം നടത്തിയിട്ടില്ല.

195

സ്ലാബ് അടിസ്ഥാനത്തിൽ 1മുതൽ 8 വരെ സ്ലാബുകളിൽ പെട്ടവരാണ്. വ്യവസായിക അടിസ്ഥാനത്തിൽ ഉപഭോക്താക്കൾ ഇല്ല. വിവിധ വാർഡുകളിലായി 675 ബൾബുകളും, ട്യൂബ് 105

ഉം 13 സോഡിയം വേപ്പർ ലൈറ്റുകളും ഉപയോഗിക്കുന്നു. പഞ്ചായത്ത അതിർത്തിയിൽ ഓഫീസിന് സ്വന്തം കെട്ടിടം നിലവിലില്ല സ്ഥലം വിലക്ക് ലിഭിക്കുന്നതായാൽ ഓഫീസ് നിർമ്മിക്കുന്നതാണ് എന്ന് അറിയുന്നു. ആവശ്യക്കാർ കണക്ഷൻ ലഭിക്കാൻ ധാരാളമായി കാത്തിരിക്കുന്നു. ഇതിൽ ഓർഡിനറി 150ഉംOTP 25OYAC 13എണ്ണം ബാക്കിആണ്. മെറ്റീരിയൽസ് ഇല്ലാത്തതാണ് ഇതിന്കാരണം. എട്ടാംപദ്ധതിയിൽ എത്തന്നൂർ നോർത്ത്, സൗത്ത്എന്നീ ഭാഗങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെൻറ് സിംഗിൾഫെയിസ് ത്രീഫെയ്സ് ആക്കി. 0.75 കി.മീ. ദൂരം വാണിയന്തറയിൽ പുതിയ 100 കെ.വി.ട്രാൻസർഫോർമർ സ്ഥാപിച്ചു. 0.8kmലൈൻ HT പുതിയതായി വലിക്കുകയും ചെയ്തു. നൊച്ചൂർ ഭാഗത്തുംഒരു പുതിയ 100 KV ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കോളോട് ഭാഗത്തും സിസ്റ്റം മെച്ചപ്പെടുത്തലിൻെറ ഭാഗമായി 1.5കി.മീ. 100 KV ട്രാൻശ്ഫോർമർ സ്ഥാപിച്ചു. കോട്ടപടി ഭാഗത്ത് വോൾട്ടേജ് മെച്ചപ്പെടുത്തൽ 0.25 കി.മീ.ലൈൻ വലിക്കുകയും 100 KV ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചൊയ്തു.

മൂത്താൻതറയിൽ 0.30കി.മീ. സിങ്കിൾ ഫേസ് ത്രീ ഫേസ് ആക്കി ഉയർത്തി.തോട്ടക്കാടുതറ വോൾട്ടേജ് മെച്ചപെടുത്താൻസിംഗിൾ ഫെയിസ് ത്രീ ഫെയ്സംആക്കുകയും ചെയ്തു.

ചാന്തുരുത്തി വോൾട്ടേജ് മെച്ചപ്പെടുത്താൻ 50 KVA 100 KVA ആക്കിയിട്ടുണ്ട്. ഉമ്മുത്തും തോപ്പ് ഭാഗത്ത് വോൾട്ടേജ് മെച്ചപ്പെടുത്താൻ 50 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. മേലെപ്പള്ളി 100 KVA ട്രാൻസ്ഫോർമർ 160 KVA ആക്കുകയും ചെയ്തു. ഗ്രാമ പീടികയിൽ സിസ്റ്റം ഇംപ്രൂവ്മെൻറ് ചെയ്തു. 100 KVA ആക്കുകയുംചെയ്തു. വടക്കും പാടം സിസ്റ്റം ഇംപ്രൂമെൻറിൻെറ ഭാഗമായി 50 KVA ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. മിനി ഇൻഡസ്റ്റ്രിയൽ ട്രാൻസ്ഫോർമർ ശക്തിപ്പെടുത്തൽ 100 KVA ആക്കിയിട്ടുണ്ട്.

മിനിമം ഗാരണ്ടി അടിസ്ഥാനത്തിൽ നാലുപേർക്ക് കൃഷി ആവശ്യത്തിനും വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്. കൂടാതെ ഒരു ജനവിദ്യാ കേന്ദ്രം വൈദ്യുതീകരിച്ചിട്ടുണ്ട്. വീട്ടിയോട് വെട്ടുപുള്ളി, പെരകംപാടം കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ കുടിൽ"ജ്യോതി"പ്രകാരം ഒരു പോയൻറ് വൈദ്യുതി നല്കാൻ നിലവിൽ സംവിധാനം ഉണ്ട്.

*പ്രശ്നങ്ങൾ*

1 പഞ്ചായത്തിലെ ഷരീഫ് കോളനിയിലും പാണത്തറ റോഡിലും വഴിവിളക്കുകളുട അഭാവം.

2. വടക്കകെളം ഭാഗത്ത് വൈദ്യുതി എത്താത്തത്.

3. ചിററോഡിലും, ചപ്പംപള്ളി റോഡിലേക്കു പോകുന്ന വഴിക്കും സ്ട്രീറ്റ്ലൈറ്റ് ഇല്ലാത്ത അവസ്ഥ.

4. ഇതുവരെ വൈദ്യുതി എത്താത്ത സ്ഥലങ്ങളായ, കോളോട്, പനങ്കാവ്തെരുവും, മലയക്കോട്, വളത്തുകാട്, നടുവൻ കുന്ന്, മലയിടുക്ക്, കാക്കയൂർ, മണ്ണാത്തറ, പയ്യപ്പുള്ളി, വടക്കേക്കളം, പയ്യപ്പുള്ളി പ്രദേശത്ത്വൈദ്യുതി എത്തിക്കുന്ന പ്രശ്നം.

5. തുവച്ചോട്, ഹരിജൻ കോളനിയിലും കോളോട് ചെട്ടിത്തറ ഭാഗത്ത് വൈദ്യുതി ഇല്ലാത്ത അവസ്ഥ പരിഹരിക്കൽ.

6. ഒടുകുംപാറ, പയ്യപ്പുള്ളി, ചെത്തിയോട് എന്നീ സ്ഥലങ്ങളിൽ വൈദ്യുതി ഇല്ലാത്ത അവസ്ഥ പരിഹരിക്കൽ.

7. തകരക്കാട്, എത്തന്നൂർ ഭാഗത്ത് സിംഗിൾ ഫെയിസ്ലൈൻ ത്രീഫെയ്സ് ലൈൻ ആക്കി മാറ്റൽ.

196

8. പാലോട്, പറയൻ കാട്, ഹരിജൻ കോളനി ഭാഗത്ത് വൈദ്യുതി എത്തിക്കുന്ന പദ്ധതി.
9. നവക്കോട് പള്ളി മുക്ക് ഒരുസോഡിയം വേപ്പർ ലാംബും സ്ഥാപിക്കൽ.
10. ശിവക്ഷേത്രം, കളരിസ്ഥലം, ചാത്തുരുത്തി, കൃഷ്ണൻകോവിൽ,വലിയകുളം, കാക്കൂര് അമ്പലം, ചേരിക്കോട്പള്ളി, തച്ചംകോട്, മൂത്താൻതറ, കുന്നുംപുറം എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി.
11. കുടിൽജ്യോതി പദ്ധതി കൂടുതൽ വ്യാപിക്കൽ
12. വോൾട്ടേജ് പൊതുവെ കുറവാണ്. കൂടെക്കൂടെ വൈദ്യുതി നിലക്കുന്നതിനും വ്യവസായത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇതിന്റെ മുഖ്യകാരണം വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗിക്കുന്നതിനാലും ലൈൻ ടച്ചിംഗ്കൊണ്ടുമാണ്. കൂടാതെ പ്രസരണ നഷ്ടം ഉണ്ട്.
13. വിറക് ലഭ്യത വളരെ കുറഞ്ഞതു കാരണം വിലകാര്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്.
14. ഗോബർഗ്യാസും, കാലിവളർത്തൽ വ്യാപകമായി ഇല്ലാത്തതിനാൽ ലഭ്യതയും സാങ്കേതിക പ്രശ്നങ്ങളും ഉണ്ടാകുന്നു.
15. സൗരോർജ്ജവിളക്കുകൾ വില അധികം ആയതിനാൽ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായിരിക്കുന്ന അവസ്ഥ.
16. കാറ്റിൽ നിന്നും വൈദ്യുത ഉല്പാദന പരിപാടി പഞ്ചായത്തിൽ നിലവിലില്ലാത്ത അവസ്ഥ.
17. പ്രഷർ കുക്കർ ഉപയോഗിക്കുന്നത് പ്രചരിപ്പിക്കൽ.
18. പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കൽ.

*നിർദ്ദേശങ്ങൾ.*

1. പഞ്ചായത്തിലെ ഷെറീഫ് കോളനി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
2. ചിറ റോഡിൽ വഴിവിളക്ക് സ്ഥാപിക്കൽ.
3. പയ്യപ്പള്ളി റോഡിൽ പോകുന്ന ജംഗഷനിൽ ഒരുവഴിവിളക്ക് സ്ഥാപിക്കുക.
4. ശിവക്ഷേത്രം, കളരിസ്ഥലം, ചാന്തുരുത്തി, കൃഷ്ണൻ കോവിൽ, വലിയകുളം എന്നീ ഭാഗങ്ങളിൽ നാല് സോഡിയം വേപ്പർ ലൈറ്റ് സ്ഥാപിക്കുക.
5. ചെമ്പോത്ത് കുളമ്പ് റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
6. മിനി എസ്റ്റേറ്റ് ചരണാത്തുകളം എന്നീ സ്ഥലങ്ങളിൽ വൈദ്യുതീകരണം. മണിയാർ കുളമ്പ്, കോളോട് ചെട്ടിത്തറ എന്നിവടങ്ങളിൽ വൈദ്യുതീകരണം.
7. വാട്ടർ ടാങ്കിന്റെ പുറക്വശത്തുള്ള സ്ഥലത്ത് ഒരു ട്യൂബ് ലൈറ്റ് സ്ഥാപിക്കുക.
8. മേലേപ്പള്ളി ജംഗ്ഷനിൽ ഒരു സോഡിയം വേപ്പർ ലൈറ്റ് സ്ഥാപിക്കൽ
9. അറബികോളേജ് റോഡിലും ആദം പുതൂർ റോഡിലും ഓരോ ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ.
10. നെടുക്കളം റോഡിൽ ലൈൻ വലിച്ച് വഴിവിളക്ക് സ്ഥാപിക്കൽ.

197

## വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ.

1. കോളോട് പറങ്കാവ്തെരുവ്, മലയക്കോട്, വളത്തുകാട്, നടുവൻ കുന്ന് പ്രദേശത്ത് പുതിയ 3 ഫെയിസ് ലൈൻ വലിക്കുന്നപദ്ധതി.
2. തുവച്ചോട് ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കുന്ന പദ്ധതി
3. കോളോട് ചെട്ടിത്തറ ഭാഗത്ത് വൈദ്യുതി എത്തിക്കുന്ന പദ്ധതി
4. കോളോട്, ചെത്തിയോട് ഭാഗത്ത് വൈദ്യുതി എത്തിക്കുന്ന പദ്ധതി.
5. ഒടുകുംപാറ, പയ്യപ്പുള്ളി ഭാഗത്ത് വൈദ്യുതി എത്തിക്കുന്ന പദ്ധതി.
6. എത്തന്നൂർ ഭാഗത്ത് സിംഗിൾ ഫെയിസ് ത്രീഫെയ്സ് ആക്കി ഉയർത്തൽ
7. തകരക്കാട് ഭാഗത്ത് സിംഗിൾ ഫെയിസ് ത്രീ ഫെയ്സ് ആക്കി ഉയർത്തൽ.
8. പാലോട്, പറയൻകാട് ഭാഗത്ത് വൈദ്യുതി എത്തിക്കുന്ന പദ്ധതി.
9. നവക്കോട് പള്ളിക്ക് മുൻവശത്ത് കുമ്മാട്ടിപ്പാറയിലും ഒരു സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കൽ.
10. വടക്കേക്കളം ഭാഗത്തു വൈദ്യുതി എത്തിക്കുന്ന പദ്ധതി.
11. നെല്ലിക്കോട്, കോണിക്കാംപാടം ഭാഗത്ത് വഴിവിളക്ക് സ്ഥാപിക്കാൻ പദ്ധതി, കൂടാതെ വളത്തുകാട് ഭാഗത്ത് വൈദ്യുതി എത്തിക്കുന്നതിനും പദ്ധതി.
12. പൊതു നിർദ്ദേശങ്ങളിൽ വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് നിലവിലുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും അധിക വൈദ്യുതി ഉപയോഗം കുറക്കുന്നതിനും ബോർഡിൻെറ സഹായത്താൽ പദ്ധതികൾ നടപ്പിലാക്കൽ.(ബോധവല്ക്കരണം ഉൾപ്പെടെ)
13. കന്നുകാലികളെ വളർത്തുന്ന കുടുംബങ്ങളിൽ ഗോബർഗ്യാസ് വിജയകരമായി നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കൽ.
14. വീടുകൾ തോറും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാൻ പ്രേരിപ്പിക്കുന്നതിനുള്ള പദ്ധതി.
15. വിറകിൻെറ ദൗർലഭ്യം പരിഹരിക്കാൻ വീട്ടു വളപ്പുകളിൽ മരം നട്ടുവളർത്താൻ പദ്ധതി ആവിഷ്ക്കരിക്കൽ
16. ഇന്ധനക്ഷമതയുള്ള സാങ്കേതിക അടുപ്പും നിർമ്മിക്കാൻ പ്രേരിപ്പിക്കുന്ന പദ്ധതി.
17. ഉമി മുതലായ വസ്തുക്കളെ ഇന്ധനമാക്കി ഉപയോഗിക്കുന്ന അടുപ്പിൻെറ പ്രചരണം.
18. വടക്കുംപാടം - പാലക്കാട് റോഡിൽ (മെയിൻ റോഡിൽ നിന്ന് വടക്കും പാടത്തേക്ക്) വഴിവിളക്ക് സ്ഥാപിക്കണം.
19. പിട്ടുപീടിക, കൊങ്ങെത്തും കുഴി, മുക്കുപറമ്പ് ഭാഗത്ത് വഴിവിളക്ക് സ്ഥാപിക്കൽ.
20. നടക്കാവ് മുതൽ തച്ചമടവരെ വഴിവിളക്ക്

198

# മാർക്കറ്റ്

അനവധി ചരിത്രസംഭവങ്ങൾക്ക് മൂകസാക്ഷിയായ കൊടുവായൂരിലെ പൊതു മാർക്കറ്റിനും അങ്ങാടിക്കും വളരെയധികം വർഷത്തെ നിറം മങ്ങാത്ത കഥകൾ പറയുവാനുണ്ട്. വർഷങ്ങൾക്കു മുമ്പ് ചില വ്യക്തികളുടെ മാത്രം ഉടമസ്ഥതയിലായിരുന്ന മാർക്കറ്റ് ഇന്നിപ്പോൾ വളരെയധികം പേരുടെ കൈവശമാണ്. കാർഷിക പരിഷ്ക്കരണ നിയമങ്ങളുടെ ഭാഗമായി സമൂഹത്തിലുണ്ടായ മാറ്റമാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. വർഷങ്ങൾക്കു മുൻപ് നടത്തി വന്നിരുന്ന മാറ്റക്കട സമ്പ്രദായം അവസാനിക്കുകയും വൻകിട കച്ചവടസ്ഥാനങ്ങൾ ഉയർന്നുവരികയുമുണ്ടായി. നിരവധി കച്ചവടക്കാരുടെ മോഹങ്ങളുടേയും മോഹഭംഗങ്ങളുടേയും ഉയർത്തെഴുന്നേൽപ്പിന്റെയും ചരിത്രങ്ങൾ ഈ മാർക്കറ്റിന് പറുയുവാനുണ്ട്.

ചെറിയ മാടക്കടകൾ മുതൽ വൻകച്ചവടം നടക്കുന്ന മൊത്തകച്ചവടക്കടളടക്കം 200 ന് മേൽ സ്ഥാപനങ്ങൾ കൊണ്ട് സമ്പുഷ്ടമാണ് കൊടുവായൂർ മാർക്കറ്റ്. ഇതിൽ 50 ൽ പരം പഞ്ചായത്ത് വക കടകളൊഴിച്ചാൽ ബാക്കിയെല്ലാം സ്വകാര്യ കച്ചവടസ്ഥാപനങ്ങളാണ്. പഴയ ഓടിട്ട കെട്ടിടങ്ങൾക്ക് പകരം കോൺക്രീറ്റ് കെട്ടിടങ്ങളും ഷോപ്പിംഗ് കോപ്ലക്സുകളും കൊണ്ട് അങ്ങാടിയുടെ മുഖഛായ മാറികൊണ്ടിരിക്കുകയാണ്.

പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ഒരു പച്ചക്കറി പലചരക്ക് മാർക്കറ്റാണ് കൊടുവായൂർ. എങ്കിലും കൂടുതൽ പ്രധാനം പച്ചക്കറിക്ക് തന്നെയാണ്. തമിഴ് നാട്ടിൽ നിന്നും ദിനംപ്രതി 70 ടണ്ണിലധികം പച്ചക്കറികൾ ഈ മാർക്കറ്റിൽ ക്രയ വിക്രയം നടത്തിവരുന്നുണ്ട്.

എന്നാൽ നാട്ടിൻപുറത്ത് ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ നാമമാത്രമായി മാത്രമേ ഈ മാർക്കറ്റിൽ വില്പന നടക്കുന്നുള്ള. ഉദ്ദേശ്യം 12 വർഷങ്ങൾക്കുമുമ്പ് ചൊവ്വാഴ്ച ദിവസങ്ങളിൽ ആഴ്ച ചന്ത നടന്നു വന്നിരുന്നു. 10 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ജനങ്ങൾ ഈ ദിവസം മാർക്കറ്റിൽ വന്ന് സാധനങ്ങൾ വാങ്ങിക്കുമായിരുന്നു. എന്നാൽ ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പരിഗണിച്ച് പഞ്ചായത്ത് വക മാർക്കറ്റ് നിർമ്മിക്കുകയും ദിവസച്ചന്തകളാക്കി മാറ്റുകയും ചെയ്തു. ഈ മാർക്കറ്റിന് 15 കിലോമീറ്റർ ചുറ്റളവിലുള്ള ചെറുകടകളിലേക്ക് ഇവിടെ നിന്നാണ് സാധനങ്ങൾ കൊണ്ടു പോകുന്നത്. വിശേഷ ആഘോഷസന്ദർഭങ്ങളിൽ ഇവിടെ വൻ തിരക്ക് അനുഭവപ്പെടാറുണ്ട്. വർഷങ്ങൾക്കു മുമ്പ് തന്നെ

199

വെറ്റില കച്ചവടത്തിൽ കൊടുവായൂരിന് പ്രമുഖ സ്ഥാനമാണുള്ളത്. ഇന്നും ആ സ്ഥാനം നിലനിർത്തിവരുന്നു.

ചില്ലറ വില്പനക്കടകളും മൊത്തക്കച്ചവടകടകളും ഇടകലർന്ന് നിലനിൽക്കുന്നതിനിടയിൽ മോടിയോടുകൂടി തലയിയർത്തി നിൽക്കുന്ന സ്വർണ്ണക്കടകൾ അങ്ങാടിയുടെ മാറ്റ് കൂട്ടുന്നു.

പാലക്കാട് ജില്ലയിലെ മറ്റ് പ്രധാന മാർക്കറ്റുകളുടെ ഇടയിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന കൊടുവായൂർ മാർക്കറ്റിനും വളരെ പരിമിതികളുണ്ട്.

*ഗ്രാമസഭാ നിർദ്ദേശങ്ങൾ*

പഞ്ചായത്ത് മാർക്കറ്റ് വളരെയധികം സ്ഥല പരിമിതി നേരിടുന്നു. ടൗണിൻെറ ഹൃദയഭാഗത്താണ് മാർക്കറ്റ് സ്ഥിതിചെയ്യുന്നത്. എന്നതുകൊണ്ട്. തിരക്കുള്ള സമയങ്ങളിൽ വലിയ വിഷമം അനുഭവപ്പെടുന്നു. മാർക്കറ്റ് റോഡ് വളരെ ഇടുങ്ങിയതാണ്. ഗതാഗതതടസ്സം നിത്യ സംഭവമാണ്.

മാർക്കറ്റ് നിൽക്കുന്ന സ്ഥലം പുനഃക്രമീകരിക്കുകയും പുതിയ കടകൾ നിർമ്മിക്കുകയും ചെയ്താൽ കൂടുതൽ സൗകര്യപ്രദമാകും. മാർക്കറ്റിനകത്തും അങ്ങാടിപ്രദേശവും മിക്ക സമയവും വൃത്തിഹീനമായാണ് കിടക്കുന്നത്. ജനപങ്കാളിത്തത്തോടെ ഈ പ്രശ്നത്തിന് പരിഹാരം കാണുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതു പോലെ മത്സ്യമാംസക്കടകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ഇവയെ മാർക്കറ്റിലെ ഒരു കേന്ദ്രത്തിലേക്ക് മാറ്റിയാൽ ശുചിത്വ പരിപാടികൾ നടത്തുന്നതിന് സൗകര്യപ്രദമായിരിക്കും.

പഞ്ചായത്തിൻെറതായ കാലിസ്ഥലങ്ങൾ ഹൈസ്ക്കൂളിനു മുമ്പിലുള്ള ബസ്സ്റ്റാൻഡ് പരിസരം എന്നിവിടങ്ങളിൽ ഉപഭോക്തൃ പങ്കാളിത്തത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ചാൽ ഇന്ന് നിലനിൽക്കുന്ന സ്ഥലപരിമിതിയുടേതായ പ്രശ്നങ്ങൾ പരിഹരിക്കാനാകും.


വളരെയധികം കച്ചവടസാധ്യതകളും വികസന സാധ്യതകളുമുള്ള കൊടുവായൂർ ഒരു സൂപ്പർ മാർക്കറ്റിൻെറ അഭാവം പ്രത്യേകം ശ്രദ്ധേയമാണ്. സഹകരണാടിസ്ഥാനത്തിൽ ഒരു സൂപ്പർമാർക്കറ്റ് ഇവിടെ രൂപീകരിക്കാവുന്നതാണ്. കൊടുവായൂരിൻെറ പശ്ചാത്തലത്തിൽ വൻ വിജയസാധ്യത ഇതിനുണ്ട്.

നിരവധി കച്ചവടക്കാർ സമ്പന്നതയുടെ പടവുകൾ ചവുട്ടിക്കയറുമ്പോഴും മറ്റുചിലർ പരാജയത്തിൻെറ കയ്പു നീരു കുടിച്ച് തകർന്നു വീഴുന്ന സമയത്തും വിജയത്തിൽ അമിതാഹ്ലാദം പ്രകടിപ്പിക്കാതെ പരാജയത്തിൽ സ്വയം തകർന്നടിയാതെ കൊടുവായൂർ മാർക്കറ്റ് അതിൻെറ മുന്നോട്ടുള്ള പ്രയാണം അക്ഷീണം തുടരുകയാണ്.

200

# 5.7

# ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം



## *ഭവനനിർമ്മാണം*

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഉൾപ്പെട്ട കൊടുവായൂർ പഞ്ചായത്ത് വിവിധ ജാതിയിൽപെട്ട ജനങ്ങൾ ഒരുമിച്ചു താമസിക്കുന്ന പ്രദേശമാണ്. എല്ലാ സമുദായങ്ങളും തമ്മിൽ സൗഹാർദ്ദപരമായ സഹവർത്തിത്വം പുലർത്തിപ്പോരുന്നു.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 25927 ആണ്. താമസയോഗ്യമായ 4956 വീടുകളുണ്ട്. ഈ പഞ്ചായത്തിലെ 11 വാർഡുകളിലുമായി നിലവിലുള്ള കെട്ടിടങ്ങളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| ഇരുനില കെട്ടിടങ്ങൾ | കോൺക്രീറ്റ് കെട്ടിടങ്ങൾ | ഓടിട്ടത് | മറ്റുള്ളവ. |
|---|---|---|---|
| 606 | 614 | 4445 | 1866 |

ഇവ കൂടാതെ ജവഹർ റോസ്ഗാർ യോജന (ജെ.ആർ.വൈ) . ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) . മില്യൻവെൽ പദ്ധതി എന്നിവ മുഖേന ആകെ 154 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഹൗസിങ്ങ് കോളനിയിൽ 22 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. പുതുതായി നിലങ്ങൾനികത്തി വീട് വക്കുന്ന പ്രവണത ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ളവരിൽ എഴുപതു ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി വീടുകൾ ഉണ്ട്. പ്രത്യേകം ചേരി പ്രദേശങ്ങൾ ഒന്നും തന്നെ ഇല്ല. താഴ്ന്ന വരുമാനക്കാർ താമസിക്കുന്ന കോളനികൾ ഉണ്ട്. ഇവയിൽ സ്വന്തമായി സ്ഥലം ഉള്ളവരുമുണ്ട്. വാസ്തുശില്പമാതൃകയിലുള്ള പുതിയ കെട്ടിടങ്ങൾ ഒന്നും തന്നെ ഇപ്പോൾ നിർമ്മിക്കുന്നില്ല. പഴയ മാതൃകയിലുള്ള പല കെട്ടിടങ്ങളും പൊളിച്ചുവിറ്റു കൊണ്ടിരിക്കുകയാണ്.

പുതിയ കെട്ടിടങ്ങളിൽ 75 ശതമാനവും കോൺക്രീറ്റ് മേൽക്കൂര ഉള്ളതാണ്. ഇത് കെട്ടിട നിർമ്മാണത്തിൻെറ ചിലവ് കുത്തനെ വർദ്ധിക്കുന്നതിന് വഴി തൊളിയിക്കുന്നു. ചിലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറഞ്ഞു വരികയാണ്. കെട്ടിട നിർമ്മാത്തിനാവശ്യമായ മരം,

201

പനയുടെ കഴുക്കോൽ മണൽ മുതലായവയുടെ ദൗർലഭ്യവും വില കൂടുതലും കോൺക്രീറ്റ് മന്ദിരങ്ങളുടെ പിന്നാലെ പായുന്നതിന് ജനങ്ങളെ നിർബന്ധിതരാക്കുന്നു. കെട്ടിട നിർമ്മാണ രംഗത്ത് കൂടുതൽ പണം മുടക്കുന്ന പ്രവണത തടയേണ്ടത് നമ്മുടെ സാമ്പത്തിക വികസലത്തിന് അത്യന്താപേക്ഷിതമാണ്.

കുറഞ്ഞ ചിലവിൽ നാട്ടിൽ ലഭ്യമായ വസ്തുക്കളുപയോഗിച്ച് വീടുകൾ നിർമമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രങ്ങൾ സാങ്കേതിക അറിവ് ലഭ്യമാക്കുന്നുണ്ട്. അത്തരം വീടുകളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും കെട്ടിടനികുതി ഇളവുകളുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണരംഗത്ത് 10 ൽ താഴെ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്ത് പുറമേ നിന്നുള്ള തൊഴിലാളികളും ഏർപ്പെടുന്നുണ്ട്. സാമാന്യം ഭേദപ്പെട്ട കൂലി നിരക്കാണ് ഈ മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ലഭ്യമാകുന്നത്. കെട്ടിട നികുതി പഞ്ചായത്തിൻെറ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ എല്ലാവർക്കും സ്വന്തമായി വീടുകൾ ഇല്ല.
2. പഞ്ചായത്തിലെ വൃദ്ധമന്ദിരത്തിന് സ്വന്തമായി കെട്ടിടമില്ല.
3. പഞ്ചായത്തിൽ അഗതി മന്ദിരങ്ങൾ ഇല്ല.
4. വൃദ്ധ വികലാംഗ സദനത്തിൽ ആവശ്യം വേണ്ടതായ സൗകര്യങ്ങൾ ഇല്ല.
5. പഞ്ചായത്തിൽ സ്വന്തമായി വീടുവക്കുവാൻ ആഗ്രഹമുള്ള ഭൂരഹിതർക്ക് 4 സെൻറ് ഭൂമിയെങ്കിലും ലഭ്യമാക്കുന്നുണ്ട്.
6. പഞ്ചായത്തിലെ എല്ലാ കൈവശഭൂമിക്കാർക്കും പട്ടയം ലഭ്യമല്ല. അതിനാൽ വീട് വയ്ക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കുന്നില്ല.
7. കുറഞ്ഞ വിലക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ ഇല്ല.

*സാദ്ധ്യതകൾ*

1. പഞ്ചായത്തിലെ എല്ലാവർക്കും സ്വന്തമായി വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക
2. പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരം തുടങ്ങുക.
3. പഞ്ചായത്തിൽ അഗതി മന്ദിരങ്ങൾ തുടങ്ങുക
4. വൃദ്ധ വികലാംഗ സദനത്തിൽ വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനോട് ആവശ്യപ്പെടുക.
5. ഭൂരഹിതർക്ക് 4 സെൻറ് ഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. വീട് വക്കുവാൻ അപേക്ഷ നൽകുന്ന എല്ലാവർക്കും വീട് വക്കുന്നതിന് അനുമതി നൽകുക.

പാർപ്പിടം എല്ലാ മനുഷ്യരുടേയും ജീവജാലങ്ങളുടേയും ആവശ്യമാണ്. സ്വന്തമായ ഒരു വീട് എല്ലാവരുടേയും ഒരു സ്വപ്നമാണ്. അത് യാഥാർത്ഥ്യമായാൽ ഒരു പരിധി വരെ നമുക്ക് സന്തോഷിക്കാം. അതിനുള്ള പരിശ്രമത്തിൽ വിവിധ വകുപ്പുകളും വ്യക്തികളും, സംഘടനകളും ഒരുമിച്ച് കൈ കോർത്ത് പ്രവർത്തിക്കുവാൻ ശ്രമിക്കാം.

202

# 5

# സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ വകുപ്പിന്റെ 13 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഒരു വൃദ്ധസദനവും പ്രവർത്തിക്കുന്നു. കൊല്ലങ്കോട് I.C.D.S പ്രോജക്റ്റിന്റെ കീഴിൽ 8 അംഗൻവാടികളും കുഴൽമന്ദം I.C.D.S സിന്റെ കീഴിൽ 5 അംഗൻവാടികളും ആണ് പഞ്ചായത്തിലെ 6 വയസ്സിന് താഴെയുള്ള 75% കുട്ടികളും അംഗൻവാടികളിൽ പോകുന്നുണ്ട്. പഞ്ചായത്തിൽ I R D P സർവ്വേ അനുസരിച്ച് 2233 പേർ ദാരിദ്ര്യരേഖക്ക് താഴെയുണ്ട്. ഈ പഞ്ചായത്തിൽ 23 ചെറുകിട കർഷകരും 131 പരിമിത കർഷകരും ഉണ്ട്. I R D P പദ്ധതിപ്രകാരം 295 പേർക്ക് സഹായം നൽകിയിട്ടുണ്ട്. ഇതിൽ 125 പേർ S C വിഭാഗത്തിൽ പെട്ടതാണ്. കൂടാതെ ട്രൈസം ട്രെയിനിംഗ് പദ്ധതിപ്രകാരം റേഡിയോമെക്കാനിസം, വയറിംഗ് T.V റിപ്പ യർ എന്നിവക്ക് പരിശീലനം നൽകിവരുന്നു. ഇങ്ങിനെ ട്രെയിനിംഗ് നടത്തിയതിൽ 24 പേർ ഇപ്പോൾ wage employees ആയി ജോലി ചെയ്തു വരുന്നു.

D W C R A പദ്ധതിപ്രകാരം പഞ്ചായത്തിൽ വനിതകളുടെ രണ്ട് യൂനിറ്റ് പ്രവർത്തിക്കുന്നു. 31 പേർ ഇതിൽ ജോലി ചെയ്തു വരുന്നു. ഗ്രാമീണ തൊഴിലാളികൾക്ക് അവരുടെ ജോലി എളുപ്പത്തിൽ നിർവഹിക്കുന്നതിന് ടൂൾ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. JRY,MWS,IAY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 138 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് C R S P 36 എണ്ണം നിർമ്മിച്ചു വരുന്നുണ്ട്. കൂടാതെ SC/ST വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠന ഉപകരണങ്ങളും യൂനിഫോറവും വിതരണം ചെയ്തു വരുന്നു. മില്ല്യൻ വെൽ പദ്ധതിപ്രകാരം 21 കിണറുകൾ കുഴിച്ചു നൽകിയിട്ടുണ്ട്.

വികലാംഗ, വൃദ്ധ, സദനത്തിൽ 55 വയസിന് മേലുള്ള 17 പേരുണ്ട്. 25 പേർക്ക് സൗകര്യമുള്ള താണ്. ഇത് വാടകകെട്ടിടത്തിലാണ് പ്രവർത്തിപ്പിക്കുന്നത്. ഇവരുടെ ആഹാരം ഉൾപ്പെടെയുള്ള എല്ലാ ചിലവുകൾ കൂടി ഒരാൾക്ക് 180 രൂപ വെച്ച് ഗവൺമെന്റിൽ നിന്നും ലഭിക്കുന്നു. ബാക്കി ആവശ്യങ്ങൾ മുൻ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള സുഹൃദ് സമിതി നിർവ്വഹിക്കുന്നു. കൊടുവായൂർ CHC യിലെ ഡോക്ടർ ആഴ്ചയിൽ ഒരിയ്ക്കൽ കൊടുവായൂർ സദനം സന്ദർശിക്കാറുണ്ട്. ഇപ്പോൾ ഇവിടെ ഒരു സൂപ്രണ്ട്, ഒരു കുക്ക്, ഒരു പ്യൂൺ എന്നിവരാണുള്ളത്. ഇവിടെ ഒരു വാച്ച് മേന്റെ അഭാവം വളരെ വ്യക്തമായി അനുഭവപ്പെടുന്നു. പഞ്ചായത്തിൽ വിവിധ വിഭാഗങ്ങളിൽ പെട്ട പെൻഷൻകാരുണ്ട്. ഇതിൽ കർഷകതൊഴിലാളി പെൻഷൻ, 450 പേർക്കും അഗതി പെൻഷൻ 155 പേർക്കും വിധവാ പെൻഷൻ 91 പേർക്കും വിതരണം ചെയ്തു വരുന്നു.

203

*പ്രശ്നങ്ങൾ :-*

1. നിലവിലുള്ള അംഗൺവാടികൾക്ക് എല്ലാറ്റിനും കെട്ടിടങ്ങൾ ഇല്ലാതെ വളരെ ദയനീയാവസ്ഥയിലാണ്. പയ്യപ്പുള്ളയിൽ പുതുതായി അനുവദിച്ച അംഗൺവാടിക്ക് സ്വന്തമായി കെട്ടിടമില്ല.

2. 6 വയസിന് താഴെയുള്ള കുട്ടികളെ അംഗൺവാടികളിൽ എല്ലാ വീടുകളിൽ നിന്നും അയക്കുന്നില്ല. പഞ്ചായത്തു തലത്തിൽ പോഷകാഹാര അസുഖങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ട്.

3. പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പ്രതിരോധ കുത്തിവെയ്പുകൾ അറിവില്ലായ്മ മൂലം നടത്തുന്നില്ല.

4. ദാരിദ്ര്യ നിർമ്മാജനത്തിന് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാവരിലും എത്തിചേരാത്ത അവസ്ഥയുണ്ട്.

5. പല വാർഡുകളിലും I R D P ലിസ്റ്റിൽ അർഹതയുള്ളവരുടെ പേരുകൾ ചേർത്തിട്ടില്ല. ഇതുമൂലം ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നവർക്ക് നടപടികൾ എടുക്കണം.

6. പഞ്ചായത്തു തലത്തിൽ വരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾ അറിയുന്നില്ല ഇതിൻെറ ഫലമായി ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കണം.

7. പഞ്ചായത്തിലെ ശുചീകരണസംവിധാനം കുറ്റമറ്റതാക്കാൻ വേണ്ട നടപടികൾ എടുക്കണം.

8. 1. തച്ചംകോട്, 2, കൂമളം കാട് 3,അമ്പലപറമ്പ്, വെട്ടുംപുള്ളി, പുല്ലറോഡ് എന്നീ സ്ഥലങ്ങളിൽ പുതിയതായി അംഗനവാടികൾ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

9. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് വേണ്ട സഹായം നൽകുന്നുണ്ടെങ്കിലും കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി എടുക്കണം.

10. 10-ാം വാർഡിലെ അംഗൻവാടി കെട്ടിടം പുതുക്കി പണിയുകയും ലാട്രിൻ നിർമ്മിക്കാനും പദ്ധതിവെണം.

11. 11-ാം വാർഡിൽ അംഗൻവാടിക്ക് ചുറ്റുമതിൽ കക്കൂസ്, വെള്ളം, കളിപ്പാട്ടം എന്നിവയുടെ അഭാവം.

*സാധ്യതകൾ*

1. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ താമസിക്കുന്ന I R DP ലിസ്റ്റിൽ പെടാത്ത കുടുംബങ്ങളെ ലിസ്റ്റിൽ പെടുത്തുന്നതിന് സംവിധാനം ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കണം.

2. പഞ്ചായത്തു തലത്തിൽ വരുന്ന വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ടത്ര വിവരങ്ങൾ ഗ്രഹിക്കുന്നതിനും പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻററ് തുടങ്ങണം. (Single man information Centre)

3. പഞ്ചായത്തിലെ ശുചീകരണപ്രവർത്തി ശരിയായി നടത്തുന്നതിന് ഒരു ട്രില്ലർ ട്രെയിലർ വാങ്ങിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം.

204

4. എല്ലാ അംഗൻവാടികൾക്കും സ്വന്തമായ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുന്നതിനും, പോരായ്മകൾ പൊതുജനസഹകരണത്തോടെ നികത്തുന്നതിനും പദ്ധതി.

5. പഞ്ചായത്തു തലത്തിൽ 6 വയസിനു താഴെയുള്ള കുട്ടികളെ എല്ലാം അംഗൻവാടിയിൽ എത്തിക്കുന്നതിന് ആരോഗ്യ സംരക്ഷണത്തിനും പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിനും പോഷകാഹാര കുറവ് നികത്തുന്നതിനും പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തൽ.

6. അംഗൻവാടികൾ സേവനം ഉറപ്പു വരുത്തുന്നതിന് പുതുതായി തച്ചംകോട്, കുമളങ്കാട് അമ്പലപറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ അംഗൻവാടി പണിയാൻ പദ്ധതി. ചുറ്റുമതിൽ ഇല്ലാത്ത അംഗൻവാടികളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പദ്ധതി .

7. വനിതകൾക്കായി 10 D WC R A യൂനിറ്റ് പുതിയതായി സ്ഥാപിക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം.

8. ട്രൈസം പരിശീലനം ലഭിച്ചവർക്ക് സ്വന്തമായി ചെറുകിട യൂണിറ്റ് തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കൽ.

9. വനിതകൾക്കായി ദേശീയ സമ്പാദ്യ പദ്ധതികൾ ആരംഭിക്കാൻ സംവിധാനം ഏർപ്പെടുത്തൽ.

10. ധന സഹായങ്ങൾ ആവശ്യമുള്ളവരെ കണ്ടെത്താനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്താനും പദ്ധതി ആവിഷ്ക്കരിക്കൽ.

11. കുഴൽമന്ദം ബ്ളോക്കിലുള്ള കൊടുവായൂർ പഞ്ചായത്തിലെ അഞ്ചു അംഗൻവാടികളെ കൊല്ലങ്കോട് ബ്ളോക്കിൽ ചേർക്കാൻ വേണ്ടനടപടി സ്വീകരിക്കണം.

12. അംഗൻ വാടികൾ റിപ്പയർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.

13. റേഷൻ ഷോപ്പുകൾ പഞ്ചായത്ത് ഏറ്റെടുത്ത് സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

14. ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കണം.

15. പഞ്ചായത്തുതലത്തിൽ ഉപഭോക്തൃസംരക്ഷണസമിതി ഉണ്ടാക്കണം.

205

# 5.8
# സംസ്ക്കാരം

## അവലോകനം

കാർഷിക ജീവിതവുമായി ഇഴുകിച്ചേർന്ന നാടൻ കലാ രൂപങ്ങളും തമിഴ് സംസ്ക്കാരവുമായി ബന്ധപ്പെട്ട അനുഷ്ഠാന കലകളും കൊണ്ട്സമ്പന്നമാണ് കൊടുവായൂരിന്റെ സാംസ്ക്കാരിക രംഗം. മകരക്കൊയ്ത്ത് കഴിഞ്ഞപാടങ്ങളിൽ അരങ്ങു കണ്ടെത്തുന്ന പൊറാട്ടു നാടകങ്ങളും വലിയപുത്തരിയൂണിന്റെ പശ്ചാത്തലത്തിൽ ഓണത്തേക്കാൾ കേമമായി ആഘോഷിക്കുന്ന ആയില്യം-മകവും നാട്ടിൻപുറത്തെ സാംസ്ക്കാരിക തനിമയെ വിളിച്ചോതുന്നു. അരിപ്പൊടിക്കോലങ്ങൾ കൊണ്ട് അലംകൃതമായ അഗ്രഹാരങ്ങളും ധനുമാസത്തെ തിരുവാതിരക്കുളിരിൽ നാടിനെയാകെ ഉണർത്തുന്ന രഥോത്സവവും സാംസ്ക്കാരിക സമന്വയത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. ഗ്രീഷ്മകാല കൊടുംചൂടിന്റെ നടുവിൽ നിർനിദ്രമായ രാവുകളെ ആസ്വാദ്യമാക്കുന്ന കണ്യാർകളിയും കുംഭക്കളിയും തോറ്റം പാട്ടുകളും ഗ്രാമീണ ജീവിതത്തിന്റെ ഊടും പാവുമായ കലാരൂപങ്ങളാണ്. വിഷുവേലയോടെ പൂരക്കാലത്തിന് യാത്ര പറഞ്ഞ് കാലവർഷാരംഭത്തോടെ പട്ടുപണികൾക്കും പാടത്തുപണികൾക്കും ആരംഭം കിറിക്കുന്ന ഗ്രാമീണ ജനതയാണ് ഈ നാടിന്റെ സാംസ്ക്കാരിക ഭൂമിക.

## ഉത്സവങ്ങൾ

### 1.രഥോത്സവം

ഓണം, വിഷു, തിരുവാതിര, ശിവരാത്രി, റംസാൻ, ക്രിസ്സുമസ്സ്, ബക്രീദ്, ദീപാവലി, നബിദിനം, ജന്മാഷ്ടമി തുടങ്ങിയവയെ കൂടാതെ ആഘോഷിക്കുന്ന കൊടുവായൂരിന്റെ ദേശീയോത്സവമായി കണക്കാക്കുന്ന ഒരു ഉത്സവമാണ് രഥോത്സവം.കൊടുവായൂർ ആഗ്രഹാരങ്ങൾക്കു മദ്ധ്യെയുള്ള ശിവക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഇത് ആഘോഷിക്കുന്നത്. 400 വർഷങ്ങൾക്കുമുൻപ് നമ്മുടെ നാട്ടിലെ തച്ചുശാസ്ത്രവിദഗ്ദ്ധർ പണിതീർത്ത ദേവരഥങ്ങൾ നമ്മുടെ ശില്പകലാവൈഭവത്തിന്റെ മായാത്ത തെളിവുകളായി അവശേഷിക്കുന്നു. ധനുമാസത്തിലെ തിരുവാതിരനാൾ ദേവന്മാർ രഥത്തിലേറുകയും രണ്ടുദിവസങ്ങളിൽ ഉച്ചക്കുശേഷം അഗ്രഹാര പ്രദക്ഷിണം ചെയ്ത് സന്ധ്യയോടെ നിലയ്ക്കു

206

നിൽക്കുന്നതോടെ പ്രധാന ആഘോഷം പൂർത്തിയാകുന്നു. തുടർന്ന് രാത്രിയിൽ കുളത്തേരും ഉണ്ടാകും. രഥോത്സവത്തോടനുബന്ധിച്ച് സംഗീതോത്സവവും ഉണ്ടാകാറുണ്ട്. ഒരാഴ്ചയോളം നീണ്ടുനിൽക്കുന്ന രഥോത്സവം കൊടുവായൂരിൻെറ പ്രത്യേകതയാണ്.

തമിഴ് സംസ്ക്കാരവുമായി ബന്ധമുള്ളതു കൊണ്ടാകാം ദീപാവലിയും പൊങ്കലും തൃക്കാർത്തികയും കൊടുവായൂർ ജനത ആഘോഷിക്കുന്നുണ്ട്.

## കണ്യാർകളി

പാലക്കാട്-ചിറ്റൂർ-ആലത്തൂർ താലൂക്കുകളിൽ വാമലയ്ക്കും തെന്മലയ്ക്കും ഇടയിൽ 37 ദേശങ്ങളിൽ ആഘോഷിക്കുന്ന കണ്യാർകളി കൊടുവായൂരിൽ വിപുലമായ തോതിൽത്തന്നെ ആഘോഷിക്കാറുണ്ട്. സഹ്യപർവ്വതത്തിലെ പ്രകൃതിദത്തമായതുറസ്സിലൂടെ സംക്രമിച്ചെത്തിയ പാണ്ടിനാടിൻെറ സംസ്ക്കാരം ഇവിടത്തെ ഭാഷയേയുംസംസ്ക്കാരത്തേയും ഏറെ സ്വാധീനിക്കുന്നുണ്ടെന്നതിനുള്ള ഒരു ഉത്തമ തെളിവാണ് ഈ ഗ്രാമീണ കലാരൂപം. മകരക്കൊയ്ത്തുകഴിഞ്ഞ് പാടങ്ങൾ ഒഴിഞ്ഞുകിടക്കുന്ന ഇടവേളയിലാണ് കൃഷീവലരായ ജനത ഈ കലാരൂപം അഭ്യസിക്കുകയും അരങ്ങേറുകയും ചെയ്യുന്നത്. ഗ്രാമത്തിലെ ആബാലവൃദ്ധം പുരുഷ പ്രജകളും ഒരുമിച്ച് ഒരു പന്തലിൽ ചടുലതാളങ്ങളോടെ ചുവടുവെച്ചു കളിക്കുന്ന ഈ അനുഷ്ഠാനകലാരൂപം സാമൂഹിക ഒത്തു ചേരലിനാണ്പ്രാധാന്യം നൽകുന്നത്. സംവാഹകരും ആസ്വാദകരും പ്രധാനമായും സമൂഹത്തിലെ പ്രതിനിധികളാണെന്നതിനാൽ ഇത്രകണ്ട് ജനകീയമായ മറ്റൊരു കലാരൂപം പാലക്കാട് ജില്ലയിൽ വേറെ ഇല്ലെന്ന് നിസ്സംശയം പറയാം.

## കുമ്മാട്ടി

സാമുദായികാചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന അനവധി നാടൻ കലാരൂപങ്ങൾ നിലനിൽക്കുന്ന ഒരു പഞ്ചായത്താണ്ഇത്. എത്തനൂർ കുമ്മാട്ടി സുപ്രസിദ്ധമായ ഒരു ഉത്സവമാണ്. മകരക്കൊയ്ത്തിനുശേഷം ആഘോഷിക്കുന്ന വേല, പൂരങ്ങളോടു ചേർന്നാണ് കുമ്മാട്ടിയും ആഘോഷിക്കുന്നത്. മിക്ക ഉത്സവങ്ങളും ക്ഷേത്രങ്ങളോടു ചേർന്ന് ആഘോഷിക്കുന്ന അനുഷ്ഠാന കലകൾ കൂടിയാണ്. സാമുദായിക മൈത്രിയെ അരക്കിട്ടുറപ്പിക്കുന്ന ഒരു പാടു ചടങ്ങുകൾ കുമ്മാട്ടി, വേല, പൂരാഘോഷങ്ങളുടെ കൂടെ കാണാം.

ആരാധനാലയങ്ങളിലെ ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന കലാപരിപാടികളാണ് ഇന്നത്തെകലാ പ്രവർത്തനങ്ങൾ. നൃത്തവും നാടകവും ഗാനമേളയും കഥാപ്രസംഗവുമൊക്കെ ആസ്വദിക്കുന്ന ഒരു ജനതയാണിവിടെ. കർണ്ണാടക സംഗീത രംഗത്ത് അഭിമാനത്തിന് വകയേകുന്ന പല മഹാപ്രതിഭകളും മൺമറഞ്ഞുപോയ നാടാണിത്. നാദസ്വര വിദ്വാനായ ബാലസുന്ദരത്തിൻെറ സംഗതി തന്നെ.

## മതവിഭാഗങ്ങൾ

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങൾ ഈ നാട്ടിൽ ഇടകലർന്നു ജീവിക്കുന്നു. മിക്ക ഉത്സവങ്ങളും ഹിന്ദു ആരാധനാലയങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്നതാണെങ്കിലും ഇതിലെല്ലാം മതവിവേചനമില്ലാത്ത സഹകരണമാണ് ജനങ്ങളിൽ നിന്നുള്ളത്. കൊടുവായൂരിനടുത്തുള്ള പല്ലൻച്ചാത്തന്നൂരിലെ തെരുവത്തുപള്ളി നേർച്ചക്ക് ഇവിടന്ന് ഒട്ടനവധിപേർ പങ്കെടുക്കുന്നതം മതസൗഹാർദ്ദം നിലനിൽക്കുന്നതിൻെറ തെളിവാണ്. ഹിന്ദു ആരാധനായലങ്ങളും മസ്ലീം

207

ആരാധനാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. കൊടുവായൂർ മേലേപ്പള്ളി പള്ളി നേർച്ചയിൽ ജാതിമതഭേദമില്ലാതെ എല്ലാവരും പങ്കെടുക്കുന്നുണ്ട്.

### ജാതിഘടന

വിവിധ ജാതിക്കാർ കൂട്ടംകൂട്ടമായി താമസിക്കുന്ന തറകൾ ഈ നാടിന്റെ പ്രത്യേകതയാണ്. ബ്രാഹ്മണ അഗ്രഹാരങ്ങൾ, നായർതറ, കമ്മാന്തറ, ചക്കാത്തറ, മൂത്താൻതറ, കണക്കത്തറ, ചെട്ടിത്തറ തുടങ്ങിയവ ഉദാഹരണമാണ്. തൊഴിലുമായിബനന്ധപ്പെട്ട് ജാതി ഉണ്ടായെന്നതിന് തെളിവായി ഈ പ്രത്യേകതയെ കണക്കാക്കാം. എല്ലാതറകളിലും ആരാധനാലയങ്ങളും അവയോടു ചേർന്നുള്ള ഉത്സവങ്ങളും ഉണ്ട്. പ്രധാനമായും കൃഷിയുമായി ബന്ധപ്പെട്ട പല ആചാരങ്ങളും ഇന്നും നടത്തുന്ന ജനവിഭാഗങ്ങളുണ്ട്.

### സാസംസ്ക്കാരിക സ്ഥാപനങ്ങൾ.

കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പന്ത്രണ്ട് കലാസമിതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയിൽ പലതും സ്പോർട്ട്സ്ക്ലബ്ബുകളും വായനശാലകളാണധികവും. സാംസ്ക്കാരിക രംഗത്ത് ഒട്ടേറെ പ്രവർത്തന പാരമ്പര്യമുള്ള അനവധി ക്ലബ്ബുകൾ ഇവിടെയുണ്ട്. ഗ്രന്ഥശാലാരംഗം വളരെ ശുഷ്കമാണ്. പഞ്ചായത്തിനോടുചേർന്നുള്ള ഒരു ഗ്രന്ഥശാല മാത്രമേ നമുക്കുള്ളു. 3027 പുസ്തകങ്ങളും 167അംഗങ്ങളും ഇതിലുണ്ട്. ഇതിൽ 47പേർവനിതാഅംഗങ്ങൾ ആണ്. വിദ്യാഭ്യാസസ്ഥാപനങ്ങളോടു ബന്ധപ്പെട്ടു നടത്തുന്ന കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ശാസ്ത്രസാഹിത്യപരിഷത്ത് കൊടുവായൂർ യൂനിറ്റ് സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുന്നുണ്ട്. പാലക്കാടുജില്ലയിലെ വികലാംഗ വൃദ്ധസദനം ഈ പഞ്ചായത്തിലെ തോട്ടക്കാട്ടുതറയിൽ പ്രവർത്തിച്ചു വരുന്നു. സാമൂഹികമായോ സാമ്പത്തികമായോ ഉള്ള ചേരിതിരിവുകളോ വർഗ്ഗീയ കലാപങ്ങളോ ഇവിടെ ഇല്ലെന്നതും കൊടുവായൂരിന്റെ ജനജീവിതം പൊതുവപെ ശാന്തമാണെന്നതിനുള്ള തെളിവാണ്.

### III കായികരംഗം

കായികരംഗത്ത്വളരെ പ്രശസ്തമായപാരമ്പര്യം കൊടുവായൂരിനുണ്ട്. മലബാർ ഡിസ്ട്രിക്ട്ബോർഡിന്റെ കീഴിലാരംഭിച്ച കൊടുവായൂർ ഹൈസ്ക്കൂൾ ഒട്ടേറെ കായിക താരങ്ങൾക്ക് ജന്മം നൽകിയിട്ടുണ്ട്. ക്രിക്കറ്റ്, ഫുഡ്ബോൾ, വോളിബോൾ, നീന്തൽരംഗത്ത് അധീരത്വം എന്നും കൊടുവായൂരിന് തന്നെയായിരുന്നു. കായികരംഗത്തിന്റെ ആവേശം ഇന്നത്തെ തലമുറയും തുടരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളോടു ചേർന്ന കളിസ്ഥലങ്ങൾ കൂടാതെ കൊടുവായൂർ പഞ്ചായത്തിന്പൊതുവായ ഒരു കളിസ്ഥലവും ഓപ്പൺ എയർതിയേറ്ററും ഉണ്ട്.

കാർഷിക സംസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിൽ വികസോന്മുഖമായ പല കാര്യങ്ങളും ഉണ്ട്. അവ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

208

## മാദ്ധ്യമസർവ്വേ

### പ്രചാരണം

| | | |
|---|---|---|
| ദിനപ്പത്രങ്ങൾ | - | 1800 |
| ദ്വൈവാരിക | - | 52 |
| വാരിക | - | 151 |
| ബാലസാഹിത്യം | - | 125 |
| മാസിക | - | 250 |
| ലൈബ്രറികൾ | - | 1 |
| വായനശാല | - | 16 |

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| LPS | - | 5 |
| UPS | -- | 3 |
| H.S | - | 1 |
| TTI | - | 1 |
| BEd | - | 2 |
| പാരലൽ കോളേജ് | - | 4 |
| നഴ്സറി | - | 4 |

### ക്ലബ്ബുകൾ

1 കലാകേളി, വടക്കുംപാടം

2. C H M ആർട്ട്സ് ക്ലബ്ബ്,കിഴക്കേത്തല

3. ധന്യതോട്ടക്കാട്ടുതറ

4. ചാരുത ക്ലബ്ബ് കാക്കയൂർ

5. രാപ്പാടി, പട്ടിക്കൽപറമ്പ്

6. ജീനിയസ്,മൈലാർകോട്

7. ഭാവന ചെമ്പോത്തുകുളമ്പ്

8 KDA കേരളപുരം

9. മിനി ചാന്തിരുത്തി

10 KTDA കുരുവന്നൂർതറ

11 YMRC എത്തനൂർ കിഴക്കേത്തറ

209

12 ബ്രദേഴ്സ് മീഞ്ചറക്കാട്

13 ക്ലബ്ബ് പാലപ്പാറ

14 ദർശന കൊടുവായൂർ

15 Y K V വാക്കോട് കാക്കയൂർ

16 ഉദയ ക്ലബ്ബ് പൂളപ്പറമ്പ്

17 യുവചൈതന്യ എത്തനൂർ

18 പുലരി കിഴക്കേത്തല

*പ്രശ്നങ്ങൾ*

1 5, 6, 7, 9 വാർഡുകളിൽവായനശാല ഇല്ലായ്മ

2 ഒന്നാംവാർഡിൽസാംസ്ക്കാരിക കേന്ദ്രം

3. 7-ാം വാർഡിൽ കല്യാണമണ്ഡപം ആവശ്യം

4. 11-ാം വാർഡിലെഓപ്പൺ എയർ തിയേറ്റർ ജനകീയസമിതിയുടെ മേൽ നോട്ടത്തിൽ പ്രവർത്തനം

5. 4, 5, 6, 8, 9, 10, 11 വാർഡുകളിൽ ടെലിവിഷൻ ഇല്ലായ്മ.

6. ക്ലബ്ബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങളുടെ അഭാവം

7. ഹയർസെക്കണ്ടറി സ്ക്കൂളിൻെറ കളിസ്ഥലം പൊതു ഉപയോഗങ്ങൾക്ക് ലഭ്യമല്ലായ്ക.

*സാദ്ധ്യത*

1· നിലവിലുള്ള ക്ലബ്ബുകളെ സമുദ്ധരിക്കാം

2. വാർഡിൽ ഒരു സാംസ്ക്കാരിക കേന്ദ്രം. ഇത് ജനകീയം ആവണം. കലാപാരമ്പര്യത്തെ പരിപോഷിപ്പിക്കുന്നതും ആകണം ഇത്. ഒരു വാർഡിലെ ജനവിദ്യാകേന്ദ്രവും ആകണം. പൊതു ടി.വി. സെറ്റും വായനശാലയും ഗ്രന്ഥശാലയും ഇവിടെ വേണം. ഓണക്കാലത്ത് കേരളോത്സവം ഇവിടെയാണ് നടക്കേണ്ടത്.

3 നാടൻകലകൾ കണ്യാർകളി പുറാട്ടുനാടകം, പുള്ളുവൻപാട്ട്, ആര്യമാല, നല്ലമ്മപ്പാട്ട്, തോറ്റംപാട്ട്, അയ്യപ്പൻ പാട്ട്, മുളക്കൊട്ട്. കുംഭക്കളി, പറവാദ്യം തുടങ്ങിയ അനുഷ്ഠാന കലകളെ തനിമയോടെ നിലനിറുത്താനുള്ള ശ്രമങ്ങൾ നടത്തണം.

4 വാദ്യസംഗീത പരിശീലനത്തിനുള്ള സൗകര്യം ഹൈസ്ക്കൂളിൽ സൃഷ്ടിക്കണം.

5. കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ശ്രമം വേണം. മുതിർന്നവരുടെ സന്നദ്ധസേവനവും പഞ്ചായത്ത് സ്റ്റേഡിയത്തിൻെറ സാദ്ധ്യതകളും പ്രയോജനപ്പെടുത്തണം.

210

# 5-9
# വനിതാക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ വനിതകൾ13269 ആണ്. പുരുഷൻമാരെക്കാൾ കൂടുതലാണ്. സാമൂഹ്യ മേഖലയിൽസ്ത്രീകളുടെ പങ്കാളിത്തം പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. നിലവിലുള്ള പല സാമൂഹ്യ പ്രശ്നങ്ങളിൽ നിന്നും സ്ത്രീ സമൂഹം വേറിട്ടു നിൽക്കുന്നു. എന്നാൽ തൊഴിലിൻെറ കാര്യത്തിൽ കാർഷിക രംഗത്ത് ഗണ്യമായൊരു ശതമാനം സ്ത്രീകൾ ഉണ്ടായിരുന്നു. ഈ രംഗത്തിൻെറ മുരടിപ്പ് മൂലം ശാരീരികമായി കൂടുതൽ അദ്ധ്വാനമുള്ള കെട്ടിട നിർമ്മാണ രംഗത്തും ജോലി തേടിപ്പോകുന്ന സാഹചര്യം സംജാതമായിരിക്കുന്നു. കുറെപേർ ക്വാറിയിലും റോഡുകൾ പോലെയുള്ള മരാമത്ത് പണികൾക്കും പോകുന്നു. അപകടസാദ്ധ്യതയുള്ള ഇത്തരം ജോലികളിൽ നിന്ന് അവരെ തിരികെ കാർഷിക രംഗത്ത് കൊണ്ടു വരുന്നതിന് സാഹചര്യം ഉണ്ടാക്കേണ്ടതാണ്. വിദ്യാസമ്പന്നരായ സ്ത്രീകളുടെയിടയിൽ ജോലി ചെയ്യുന്നത് ഒരു ചെറിയ ശതമാനം മാത്രമാണ്.

സാങ്കേതിക രംഗത്തുംസേവനരംഗത്തും പ്രത്യേക പരിശീലനം നേടിയ വനിതകൾ പോലും തൊഴിൽ മേഖലയിലേക്ക് കടന്നു വരുന്നില്ല. വിദ്യാഭ്യാസത്തിന് എല്ലാ ആനുകൂല ഘടകങ്ങൾ ഉണ്ടെങ്കിൽപ്പോലും നല്ലൊരു വിഭാഗം പെൺ കുട്ടികൾ പഠിപ്പ്ഇടക്കു വെച്ച്നിർത്തിപ്പോകുന്നു. ചില സമുദായങ്ങളിൽസ്ത്രീകൾ പൊതുരംഗത്തു വരുന്നത് സാമൂഹ്യമായി അംഗീകാരം ലഭിക്കാത്തകാരണവും വിദ്യാഭ്യാസ കുറവു മൂലവുമാണെന്ന് പരിശോധിച്ചാൽ കാണാൻകഴിയും.

പരമ്പരാഗതകുടിൽ വ്യവസായങ്ങളിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട് - പരമ്പ്, കൊട്ട മുതലായ നിർമ്മാണത്തിൽ -പപ്പടം, മുറുക്ക് മുതലായ രംഗങ്ങളിലുമാണ് ഇത്ചെയ്യുന്നത്-പൊതുവെ പുരുഷൻമാർക്ക് ആധിപത്യമുള്ളചെറുകിടവ്യവസായരംഗത്തിൽ അല്പം ചില വ്യവസായങ്ങളിൽ സ്ത്രീസമൂഹം കടന്നു വരുന്നുണ്ട്. മുഖ്യമായും പഞ്ചായത്തിലെസ്ത്രീ തൊഴിലാളികൾ കാർഷികരംഗത്താണ്.

നിലവിലുള്ളസാമൂഹ്യക്ഷേമ വകുപ്പിൻെറ പ്രവർത്തനങ്ങളാലും സാക്ഷരതാ പ്രവർത്തനം മൂലവും സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം ഉണ്ടായിട്ടുണ്ട്. കൂട്ടായി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ ഉണ്ടായാൽ കുടുംബത്തിൻെറ ആരോഗ്യസ്ഥിതിയും സാമ്പത്തിക രംഗത്തും മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതായി തെളിഞ്ഞിട്ടുണ്ട്.

സാക്ഷരതാ രംഗത്ത് സ്ത്രീകളുടെ പങ്ക് നിർണ്ണായകമായിരുന്നു. DWCR, വനിതാവികസന കോർപ്പറേഷൻ തുടങ്ങിയവയുടെപ്രവർത്തനങ്ങൾ കാരണം വ്യവസായ രംഗത്ത് പഞ്ചായത്തിലെ സ്ത്രീ സമൂഹം പ്രവർത്തന മേഖല കണ്ടെത്തിയിട്ടുണ്ട്-ടെയ്ലറിംഗ് ഭക്ഷ്യ, സംസ്കരണം, കളിമൺ പാത്ര

211

നിർമ്മാണം, കരകൗശല വസ്തുക്കൾ, കൈത്തറി, മെഴുകുതിരി, ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, കുറ്റിമുല്ല, ആട്, ഓർക്കിഡ്, കൂൺ, കോഴിവളർത്തൽ, മുയൽ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, കുട, തീപ്പെട്ടി വ്യവസായം,ചെരിപ്പു നിർമ്മാണം എന്നീ രംഗങ്ങളിൽ സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ പഞ്ചായത്തടിസ്ഥാനത്തിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. ഇതിന്സാമൂഹ്യ സന്നദ്ധ സംഘടനകളും, ബന്ധപ്പെട്ട വകുപ്പുകളുടെസഹകരണവും ഉറപ്പു നൽകേണ്ടിയിരിക്കുന്നു. വിപണി കണ്ടെത്താനും,സാമ്പത്തികസഹായം നൽകുന്നതിനും സർവ്വദാ ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

പല പദ്ധതികൾ ഉണ്ടെങ്കിലും ഇതിനെപ്പറ്റിയുള്ള അറിവ് വികലമായതിനാൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവരെക്കൂടി ഉൾപ്പെടുത്തിയിരിക്കണംപഞ്ചായത്ത് അടിസ്ഥാനപ്പെടുത്തി വിവിധ തുറകളിൽ വനിതകൾക്ക് ഓറിയന്റേഷൻട്രെയിനിംഗ് കോഴ്സ് നൽകേണ്ടിയിരിക്കുന്നു. ഇങ്ങിനെ വിവിധതൊഴിൽ ശാഖകളിൽ പ്രവർത്തിക്കുന്ന വനിതകളെ ഉൾപ്പെടുത്തി അനുഭവ സമ്പത്ത്കൈമാറുന്നതിനും പുതിയമേഖലകൾ കണ്ടെത്താനും കഴിയുന്നതാണ്.

സാമൂഹ്യ ഉച്ചനീചത്വങ്ങൾ വിദ്യാഭ്യാസമില്ലാത്തസ്ത്രീകളുടെയിടയിൽ പ്രകടമായി കണ്ടുവരുന്നു. സ്ത്രീധന സമ്പ്രദായം പാടെ മാറ്റേണ്ട ഒരു സാമൂഹ്യപ്രശ്നമാണ്. എല്ലാം വിധ ജനവിഭാഗങ്ങളിൽ നിന്നും ഇതിന് പിൻതുണ ലഭിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ മഹിളാസമാജങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്- രാഷ്ട്രീയരംഗത്തും വ്യക്തമായനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.- പഞ്ചായത്തു പ്രദേശത്ത് പെൺകുട്ടികൾക്കു മാത്രമായി ഒരു ഹൈസ്ക്കൂൾ ആവശ്യമുണ്ട്-അംഗൻവാടിതലങ്ങളിൽ സ്ത്രീകൾക്കു മാത്രമായി ഓരോ കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്.ഈ കമ്മറ്റികളിൽ മുലയൂട്ടുന്ന അമ്മമാരുടെയും, ഗർഭിണികളുടെ കാര്യത്തിലും പ്രത്യേകം പരിചരണവും ബോധവൽക്കരണവും ഉറപ്പുവരുത്തുന്നു. മഹിളാസമാജങ്ങൾ പഞ്ചായത്ത് തലത്തിൽനടന്നുവരുന്നു.കലാ, കായിക മത്സരങ്ങളിൽ പങ്കാളികളായി വരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്നു. പഞ്ചായത്തിലും മറ്റ് സാമ്പത്തിക സഹകരണ സ്ഥാപനങ്ങളിലും ഭരണകർത്താക്കളായിസ്ത്രീകൾ രംഗത്തുണ്ട്.

*പ്രശ്നങ്ങൾ*

1. ഇടത്തരം വരുമാനക്കാരായ കുടുംബങ്ങളിലും, താഴ്ന്ന വരുമാനക്കാർക്കിടയിലും, സ്ത്രീകളുടെ തൊഴിൽഒരു മുഖ്യ പ്രശ്നമാണ്. ഈ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ സംരഭങ്ങൾ തുടങ്ങേണ്ടയാവശ്യമുണ്ട്. ഒന്നാം വാർഡിലുള്ള വനിതകൾ ഒരു തൊഴിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നു.
2. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആവശ്യാനുസരണംക്രഷുകളില്ലാത്ത പ്രശ്നമുണ്ട്.
3. വനിതാ സഹകരണ സംഘങ്ങൾ ഇല്ലാത്ത അവസ്ഥ.
4. വനിതകൾക്ക് വിവിധസാമൂഹ്യവിഷയങ്ങളിൽ ബോധവൽക്കരണത്തിന്റെ ആവശ്യകത.
5. അച്ചാർ, കുട,മെഴുകുതിരി, റെഡിമേഡ് നിർമ്മാണം എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വനിതകളുടെ പ്രശ്നങ്ങൾ.
6. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഇല്ലാത്തഭാഗങ്ങളിലുള്ള വനിതകളുടെ പ്രശ്നങ്ങൾ.
7. സ്ത്രീധന പ്രശ്നങ്ങളിൽവിഷമം അനുഭവിക്കുന്ന വനിതകളുടെ വിഷമങ്ങൾ.
8. പഞ്ചായത്ത് അതിർത്തിയിൽ പൂമാല നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളുടെ പ്രശ്നങ്ങൾ.

212

9. സാമൂഹ്യമായിപിന്നോക്കം നില്ക്കുന്ന വനിതകളുടെ പ്രശ്നങ്ങൾ.

*സാദ്ധ്യതകൾ*

1. പഞ്ചായത്തിലെ ഗ്രാമസഭകളിൽ ഉന്നയിച്ചപരിപാടികൾ ആരംഭിക്കാൻ സഹകരണാടിസ്ഥാനത്തിൽ വിവിധോദ്ദേശ തൊഴിൽ സഹകരണ സംഘങ്ങൾ വാർഡുകൾതോറും തുടങ്ങാൻ പദ്ധതി ആവിഷ്ക്കരിക്കൽ.
2. സഹകരണ അടിസ്ഥാനത്തിൽ ബ്രഷ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് ഒരുസൊസൈറ്റി രൂപീകരിക്കൽ പദ്ധതി.
3. ഒന്നാം വാർഡിലും പതിനൊന്നാംവാർഡിലുംക്രഷ്തുടങ്ങാൻ പദ്ധതി.
4. ഒരു വനിതാ പ്രിൻറിംഗ് പ്രസ്സും, കൊട്ടതുന്നൽയൂനിറ്റും, കുറ്റിമുല്ല, ഓർക്കിഡ്, അച്ചാർ, മെഴുകുതിരി എന്നീവ്യവസായങ്ങൾ ഓരോ വാർഡിലും തുടങ്ങാൻപദ്ധതി.
5. സ്ത്രീ ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നതിന് വാർഡുകൾ തോറും വനിതാ ബോധവൽക്കരണ സെൽ തുടങ്ങാൻ പദ്ധതി.
6. പഞ്ചായത്തിലെ മുഖ്യതൊഴിൽ മേഖലയായ റെഡിമേഡ് വസ്ത്ര നിർമ്മാണം വിപുലമായ തോതിൽ തുടങ്ങാൻ പദ്ധതി.
7. മഹിളാസമാജങ്ങൾക്ക് പ്രവർത്തനത്തിൽ വേണ്ട സഹകരണങ്ങൾ ചെയ്തു കൊടുക്കാൻ സ്ഥിരം പഞ്ചായത്ത്തല സമിതി.
8. തൊഴിൽ തുറകളിലുള്ള ചൂഷണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പദ്ധതി.

213

# 5-10
# സഹകരണമേഖല

കേരളത്തിൽ ആദ്യകാലങ്ങളിൽ രൂപീകൃതമായ ബാങ്കുകളിൽ ഒരെണ്ണമാണ് കൊടുവായൂർ അർബ്ബൻബാങ്ക്. രജിസ്റ്റർ ചെയ്ത വർഷം 1913 ബാങ്കിങ്ങ് റഗുലേഷൻ ആക്ട് അനുസരിച്ച് റിസർവ്വ് ബാങ്കിൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. സഹകരണസംഘങ്ങൾ ആരംഭിക്കാൻ കാരണം ഇന്ത്യയിലുണ്ടായ ഭക്ഷ്യക്ഷാമം മൂലമാണ്. കൂടാതെ സർക്കാർ തലത്തിൽസംഘങ്ങൾ രൂപീകരിക്കാൻ 1914 ൽ നിയമം നിലവിൽ വന്നു. 10അംഗങ്ങൾ ചേർന്ന ഒരു സംഘം ഉണ്ടാക്കാമെന്ന നിബന്ധനയിലും പിന്നീട് 25 വ്യത്യസ്ഥ കുടുംബങ്ങൾ ചേർന്ന് രൂപീകരിക്കാനും നിയമമായി.അതിനുശേഷം ക്രഡിറ്റ് മേഖലയിലും നോൺ ക്രഡിറ്റ് മേഖലയിലും വിവിധോദ്ദേശ മേഖലകളിലും സംഘങ്ങൾ രൂപീകരിക്കാൻ തുടങ്ങി.കൂടാതെ സഹകരണ പ്രസ്ഥാനം എന്ന ചിന്താഗതി ഉടലെടുത്തു. തുടർന്ന് അതിൻെറ ഫലമായി കാർഷികമേഖല മെച്ചപ്പെടുത്തുന്നതിനും കർഷകരെ സഹായിക്കുന്നതിനും സർവ്വീസ് സോസൈറ്റി രൂപീകൃതമായി. പിന്നീട് വിപണന മേഖലയിൽ കുത്തക കച്ചവടക്കാരുടെ മേധാവിത്വം അവസാനിപ്പിക്കുന്ന ശ്രമത്തിൻെറഭാഗമായി സഹകരണ സ്റ്റോർതുടങ്ങി.

പഞ്ചായത്തിലെ ക്ഷീരകർഷകരെ സഹായിക്കുന്നതിനും ജനങ്ങളുടെ അവശ്യവസ്തുവായ പാൽ സംഭരിച്ചു വിതരണം ചെയ്യുന്നതിന് ക്ഷീരസഹകരണ സംഘം രൂപീകരിച്ചു. പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി പട്ടിക ജാതിസർവ്വീസ്സ ഹകരണസംഘം രൂപീകൃതമായി.

പച്ചക്കറികച്ചവടക്കാരെ സഹായിക്കുന്നതിലേക്കായി പച്ചക്കറി സഹകരണ സംഘം രൂപീകരിച്ചു. തൊഴിലറിയുന്ന വനിതകളുടെ തൊഴിൽപ്രശ്നം പരിഹരിക്കുന്നതിന് ഒരു വ്യവസായസഹകരണസംഘം രൂപീകരിച്ചു.കൂടാതെ ടെയിലറിങ്ങ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കായി ഒരു ടെയിലറിങ്ങ് സഹകരണ സംഘം രൂപീകരിച്ചു. പഞ്ചായത്തിൽസഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് ഒരു അപ്പക്സ് സഹകരണ സംഘമായി ജില്ലാ ബാങ്കിൻെറ ശാഖ പ്രവർത്തിക്കന്നുണ്ട്.

## *ക്രഡിറ്റ് സഹകരണസംഘങ്ങൾ*

കൊടുവായൂർസർവ്വീസ് സഹകരണ ബാങ്ക് കൊടുവായൂർ പഞ്ചായത്ത് മുഴുവനും, തേൻകുറിശ്ശി പഞ്ചായത്തിൻെറ കുറച്ചു ഭാഗവും പുതുനഗരം പഞ്ചായത്തും ആണ്.എ.ക്ലാസ്സ് അംഗങ്ങൾ 7346 ഉം, ബി.ക്ലാസ്സ് 340 അംഗങ്ങൾ ഉണ്ട്. പഞ്ചായത്തിലെകർഷകരെ സഹായിക്കുന്ന, ക്രോപ്പ് ലോൺ, മദ്ധ്യകാല വായ്പ, ദീർഘകാല വായ്പ, ഹ്രസ്വകാല വായ്പയും നൽകുന്നു. സ്വർണ്ണ പണ്ട പണയത്തിൻമേലുംകടം കൊടുത്തു വരുന്നു. രാസവളം, കീടനാശിനി എന്നിവയഥാസമയം നൽകുന്നു. ഓണച്ചന്തനടത്തുന്നുണ്ട്.

214

വ്യക്തിവായ്പകൾ കൊടുത്തുവരുന്നു. എല്ലാവരിൽ നിന്നും വിവധതരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. നിക്ഷേപവായ്പ നൽകാറുണ്ട്. ഡിപ്പോസിറ്റ് ലോക്കർ ഉണ്ട്. ഡെയിലി കളക്ഷൻ പരിപാടിയുണ്ട്.

### *കോ-ഓപ്പറേറ്റീവ് അർബ്ബൺ ബാങ്ക്ലിമിറ്റഡ്*

പട്ടണ പ്രദേശങ്ങളിലെ തൊഴിലില്ലാത്ത യുവജനങ്ങൾക്ക് സ്വയംതൊഴിലിന് വായ്പകൾ നൽകി സഹായിക്കുക എന്നതാണ് ഇതിൻെറ ഉദ്ദേശ്യം. ഇതിൻെറ പ്രവർത്തന പരിധി ചിറ്റൂർ താലൂക്കാണ്. അംഗങ്ങൾ 4619, പൊതുജനങ്ങളിൽ നിന്ന് വിവിധ തരം നിക്ഷേപങ്ങൾ സ്വീകരിക്കാറുണ്ട്. അംഗങ്ങൾക്ക് എസ്.ടി. ലോൺ, പേർസണൽ ലോൺ, ഡെയിലി കളക്ഷൻ, ഒ.ഡി. എന്നീ വായ്പകൾ നൽകാറുണ്ട്. മറ്റ് പ്രത്യേക വായ്പകളും നൽകാറുണ്ട് ഗോൾഡ് ലോൺ, എംയടി.എൽ.സി.സി.എൽ തുടങ്ങിയ മറ്റ് വായ്പേതര പ്രവർത്തനങ്ങൾ നടത്താറില്ല.

### *പട്ടികജാതി സർവ്വീസ് സഹകരണ സംഘം.*

പഞ്ചായത്തിൻെറ മുഴുവൻ പ്രവർത്തന പരിധി ആയി 764 അംഗങ്ങൾ അടങ്ങി രജിസ്റ്റർചെയ്തിട്ടുള്ള സംഘമാണ് കൊടുവായൂർ പട്ടികജാതി സർവ്വീസ് സഹകരണസംഘം.

പഞ്ചായത്തിലെ പിന്നോക്ക വിഭാഗക്കാരായ പട്ടികജാതിക്കാരുടെ പുരോഗതി ലക്ഷ്യമാക്കികൊണ്ട് പ്രവർത്തിക്കുന്നു. അംഗങ്ങൾക്ക് ഹ്രസ്വകാല വായ്പ നൽകുന്നു.കൂടാതെതൊഴിൽ സാദ്ധ്യതുണ്ടാകന്ന മേഖലകൾകണ്ടെത്തി അർഹരായവർക്ക് ലോൺകൊടുത്തു വരുന്നു. വിവിഹ ആവശ്യങ്ങൾക്കും മറ്റും കസേര, മേശ മുതലായവ വാടകക്ക് നൽകിവരുന്നു. ഇതിലെ അംഗങ്ങൾ മറ്റ് സഹകരണ സംഘങ്ങളിലും അംഗങ്ങൾ ആണ്.

### *നോൺക്രെഡിറ്റ് സഹകരണസംഘങ്ങൾ*

ക്ഷീര സഹകരണ സംഘം. ഇത് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. മുഖ്യമായും ക്ഷീരകർഷകരെ സഹായിക്കുകയും ഉല്പാദന മേഖലയുംവിതരണ മേഖലയും അഭിവൃദ്ധി പ്പെടുത്തുകയെന്നതാണ്. കൂടാതെ ക്ഷീരകർഷകർക്ക് കന്നുകാലിതീറ്റ, പോഷകാഹാരസാധനങ്ങൾ ഇവ വിതരണംചെയ്തു വരുന്നു. കന്നുകാലി പ്രദർശനവും നടത്താറുണ്ട്. കന്നുക്കുട്ടി പരിപാലന പരിപാടി സംഘത്തിലൂടെ നടത്തുന്നുണ്ട്.

### *സഹകരണസ്റ്റോർ*

കോടുവായൂർ ടൗണിൽ അത്യാവശ്യ സാധനങ്ങൾ മിതമായ വിലക്ക് സാധാരണക്കാർക്ക് നൽകണം എന്ന ആശയത്തോടെ തുടങ്ങിടയതാണ്. ചില പ്രതിബന്ധംകാരണം പല വ്യഞ്ജന സാധനങ്ങളുടെ വില്പന നിറുത്തി ഇപ്പോൾ തുണിത്തരങ്ങൾ, വിദ്യാർത്ഥികൾക്ക് നോട്ട്ബുക്ക്, കുട, ബാഗ് തുടങ്ങിയവ വില്പന നടത്തുന്നുണ്ട്. വിപണന രംഗത്തും പഞ്ചായത്തിലെ ഒരു നല്ല സ്ഥാപനമായിനി ലകൊള്ളുന്നു. ജനങ്ങൾക്ക് വിതരണ മേഖലയിൽ വിശ്വാസം നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

### *പച്ചക്കറി സഹകരണസംങവും വനിതാ സഹകരണ സംഘവും*

ഇവ രണ്ടും നാമമാത്രമായെ പ്രവർത്തിക്കുന്നുള്ളു എന്ന് അറിയുന്നു. കൂടാതെ ഹൈസ്ക്കൂൾ, യ ു.പി.സ്ക്കൂൾ എന്നിവ കേന്ദ്രമാക്കി വിദ്യാർത്ഥി സഹകരണസ്റ്റോർ പ്രവർത്തിച്ചു വരുന്നു.

215

*പ്രശ്നങ്ങൾ*

1. പൊരി തൊഴിലാളികൾക്ക് ഒരുസഹകരണ സംഘം ആവശ്യമാണ്
2. ക്ഷീര വ്യവസായ സഹകരണസംഘവും ശക്തിപ്പെടുത്തണം. 2, 5, 6, 7, 8, 10 വാർഡിൽ
3. ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കൽ
4. ടെയിലറിംഗ് സഹകരണ സംഘം 4, 5, 6, 7, 8, 9 വാർഡിൽ സ്ഥാപിക്കൽ
5. മറുക്കു സഹകരണ സംഘം
6. കാർഷിക ഉല്പന്നങ്ങൾ ഏറ്റെടുക്കൽ സംബന്ധിച്ച്.

*നിർദ്ദേശങ്ങൾ*

1. 50കുടുംബങ്ങൾ പൊരിയുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നു. അവർക്കു ഒരു സഹകരണസംഘം തുടങ്ങിയാൽ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. ഈ തൊഴിൽ ഒരു പ്രത്യേക സ്ഥലത്ത് അതിനുവേണ്ട ചൂളയും മറ്റും ഉണ്ടാക്കി ഉല്പാദനവും വിതരണവും ഊർജ്ജിതപ്പോടുത്താൻ കഴിയും.
2. ഇപ്പോൾ ഒരു ക്ഷീരവ്യവസായസഹകരണ സംഘം 9-ാം വാർഡിൽ പ്രവർത്തിക്കുന്നു. ഇത് ഉപഭോക്താക്കൾക്കു വേണ്ടി കൊടുവായൂർ കേരളപുരം ഗ്രാമത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്ത് വളരെ വിസ്തീർണ്ണമുള്ളതുകൊണ്ട് എല്ലാ സ്ഥലങ്ങളിലേയും പാൽസംഭരിക്കാനും വിപണനം നിർവ്വഹിക്കാനും വളരെ ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നു. ആയതുകൊണ്ട് ഈസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പുതിയ ക്ഷീര വ്യവസായ സംഘങ്ങൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ വിയിരുത്തുകയും യുക്തമെന്ന് തോന്നിയാൽ പുതിയ സംഘങ്ങൾ തുടങ്ങുകയും വേണം.
3. കൊടുവായൂർ പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘം ഇല്ല. ഈ സംഘം ഉണ്ടാവുകയാണെങ്കിൽ പഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദശിക്കുന്ന വീടുകളുടെ പണികൾക്കു വളരെ സഹായകരമായിരിക്കും.
4. ഇപ്പോൾ പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘത്തിന്നു പുറമെ ഒരു സംഘം കൂടി തുടങ്ങിയാൽ സ്ത്രീകൾ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ, മുറുക്കു വ്യവസായം, ചിപ്സ്, പപ്പടം മുതലായ വ്യവസായങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കും.
5. കാർഷിക ഉല്പന്നങ്ങൾ ഇപ്പോൾ കൊടുവായൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖാന്തിരം വിപണനം നടത്തുന്നുണ്ട്. അതിൽ ഇപ്പോൾ നെല്ലു മാത്രമെ എടുക്കുന്നുള്ളു. ഈ ബാങ്ക് ബാക്കിയുള്ള കാർഷിക ഉല്പന്നങ്ങളും കൂടി എടുക്കുകയാണെങ്കിൽ വേറെ ഇതിനായി പ്രത്യേക സംഘം ആവശ്യമില്ല.

216

# സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| 5 | 4 | 3 | 2 | 1 | | |
|---|---|---|---|---|---|---|
| Vanitha Co-operative Printing Press | Harigen Service Society KDY. | Sheera Vivasaya Co-op. Society. KDV | Urban Bank Koduvayur | Service Co-op.Bank KDY. | Concem's Name | |
| കൊടുവായൂർ | കൊടുവായൂർ പഞ്ചായത്ത് | കൊടുവായൂർ പഞ്ചായത്ത് | പി റ്റൂർ താലൂക്ക് | കൊടുവായൂർ പുതുനഗരം വെമ്പല്ലൂർ | പ്രവർത്തന പരിധി | |
| അൺ ക്രെഡി | ക്രെഡിറ്റ് | അൺക്രെഡിറ്റ് | അൺ ക്രഡിറ്റ് | ക്രഡിറ്റ് | ക്രെഡിറ്റ് / നോൺക്രഡിറ്റ് | |
| 27.3.96 | 08.11.64 | 12.6.63 | 19.13 | 5.8.46 | പ്രവർത്തനം ആരംഭിച്ച വർഷം | |
| 10 | 764 | 1093 | 4619 | എ. 7346<br>ബി. 340 | ആകെ അംഗങ്ങൾ | |
| 2000/- | 10/- | 10/- | 50/- | 5/- | ഒരു ഓഹരി വിലയുടെ | |
| 2000/- | 300000/- | 1 ലക്ഷം | 15 ലക്ഷം | 2.310000/- | അംഗീകൃത ഓഹരി മൂലധനം | |
| 16400/-<br>36000/- | 7373/- | 127670/- | 683620/- | 2012596/- | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | |
| ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | സർക്കാർ ഓഹരി ഉണ്ടോ ഉണ്ടെങ്കിൽ ലഭിച്ച തുക | |
| 120000/- | 9300/- | 5000/- | 100000/- | 100000/- | പരമാവധി കടം എടുക്കാനുള്ള തുക | |
| | 1000/- | - | 549339 ലക്ഷം | 261. ലക്ഷം | സ്ഥിരം | അംഗങ്ങളുടെ നിക്ഷേപം |
| | | | 14939953.34 | 32 ലക്ഷം | ഹ്രസ്വകാലം | |
| | | | 4481574.91 | 1799875 | കാർഷിക വായ്പകൾ | നൽകിയ വായ്പകൾ |
| | | 695000/- | 2168304.43 | 2700000000/- | മറ്റു വായ്പകൾ | |
| | | | 8355407/- | പി.ഡി.സി. ബാങ്ക് കൊമേഴ്സ്യൽ | സ്വഭാവം | സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ |
| | | | ഗോൾഡ് ലോൺ | 11 ലക്ഷം | തുക | |
| | എസ്.ടി ലോൺ | കറവപ്പശു വാങ്ങൽ | 40.09111 ലക്ഷം | കാർഷിക ലോൺ | സ്വഭാവം | നൽകിയ വായ്പകൾ കുടിശ്ശിക കിട്ടാനുള്ളവ |
| | 23336/- | 5000,000 | ഗോൾഡ് ലോൺ<br>എം.ടി ലോൺ<br>സി.സി. ലോൺ<br>എച്ച്. പി. ലോൺ | 6.2 ലക്ഷം<br>39.0 ലക്ഷം | തുക | |
| 33000/- | 5,000/- | 157 587 / 47 | 1192743.68 | 9 ലക്ഷം | തസ്തിക | ചിലവുകൾ |
| 2000/- | 2400/- | 12802/85 | 558659.25 | 3.3 | മറ്റു ചിലവുകൾ | |

# 5-11
# പട്ടിക ജാതി-പട്ടിക വർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ ആകെ 5009 പട്ടിക ജാതിക്കാർ താമസിച്ചുവരുന്നു. ഇതിൽ 2466 പുരുഷൻമാരും 2543 സ്ത്രീകളും ആണ്. മുഖ്യമായും പഞ്ചായത്തിലെ ഹരിജനങ്ങൾ അംഗീകൃത കോളനികളായ 19 എണ്ണത്തിൽ ആണ് താമസിക്കുന്നത്. ഇതിൽ മൂന്നെണ്ണം IHDP കോളനികളാണ്. പഞ്ചായത്തിലെ 18% ത്തോളം പട്ടിക ജാതിക്കാർ ആണ്. പതിനാറോളം ഹരിജൻ കോളനികൾ വൈദ്യുതി ബോർഡ് വൈദ്യുതീകരിച്ചിട്ടുണ്ട്. കോളനികളിൽ താമസിച്ചുവരുന്നവരുടെ പൊതു സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, റോഡ്-കക്കൂസ് എന്നിവ പൂർണ്ണമല്ല. കൂടാതെ കോളനികളിൽ പുറത്ത് താമസിക്കുന്നവർക്ക് 50% ത്തോളം പൊതുസൗകര്യങ്ങൾ ലഭ്യമാണ്. പഞ്ചായത്ത്, ബ്ളോക്ക് എന്നിവയുടെ സഹായത്താൽ JRY Million Well, IAY എന്നീ പദ്ധതി പ്രകാരം സുമാർ 150 ഓളം വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്.

വിദ്യാഭ്യാസപരമായി പഞ്ചായത്ത് ഈ ബ്ളോക്കിൽ മുൻപന്തിയാലാണ്. പട്ടികജാതിക്കാരും, മറ്റു വിഭാഗക്കാരോടൊപ്പം ഉയർന്നു വരുന്നു. എങ്കിലും കണ്ണങ്കോട്, പോഴുംകാട് തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ വളരെ ദൂരെ ആയതിനാൽ പ്രൈമറി വിദ്യാഭ്യാസത്തിന്വിഷമം അനുഭവപ്പെടുന്നു.കൂടാതെ പ്രായം ചെന്ന ആളുകൾക്ക് വിദ്യാഭ്യാസം കുറവാണ്. ഈ വിഭാഗത്തിൽ സ്ത്രീകളും ഇപ്പോൾ വിദ്യാഭ്യാസത്തിന് മുന്നോട്ടുവരുന്നുണ്ട്.

തൊഴിൽപരമായി കൂടുതൽ ആളുകളും കാർഷിക പ്രവൃത്തികളിൽ ആണ് ഏർപ്പെട്ടിരിക്കുന്നത്. കൂടാത അടുത്തകാലത്തായി കുറെപേർ കെട്ടിടനിർമ്മാണ രംഗത്തുംജോലിചെയ്യുന്നു. കാർഷിക മേഖലയിലുള്ള മുരടിപ്പ് കാരണം ഈ വിഭാഗത്തിന് തൊഴിൽദിനങ്ങൾ കുറഞ്ഞു വരുന്നുണ്ട്. കാർഷിക മേഖലയിൽ പുരുഷൻമാർക്ക് 60രൂപയും സ്ത്രീകൾക്ക് 40 രൂപയും കൂലി ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു എസ്.സി സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. കാർഷിക മേഖലയിൽ സീസൺ ആയിട്ടാണ്തൊഴിൽ എന്നതിനാൽ മിക്കവാറും മറ്റു മേഖലയിൽ ജോലി തേടിപോകുന്നതിന് കാരണമാണ്. ആയതിനാൽ ഈ മേഖലയിൽ സ്ഥിരം തൊഴിൽ ലഭിക്കത്തക്കരീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

പഞ്ചായത്തിൽ IRDP ലിസ്റ്റിൽപ്പെട്ട ഹരിജനങ്ങൾ 6581 കുടുംബങ്ങൾ ഉണ്ട്. 125 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 450 പേർക്ക് സ്വന്തമായ സ്ഥലവും വീടുമുള്ളവരാണ്. ട്രൈസം പദ്ധതി പ്രകാരം 15 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസപരമായി ഉന്നതി ലഭിച്ചവർ ഉള്ള സ്ഥലങ്ങൾ കുറവാണ്.

218

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിൽ ചില വാർഡുകളിൽ ഭവനരഹിതരായ പട്ടികജാതികുടുംബങ്ങളുണ്ട്.
2. IRDP ലിസ്റ്റ് പുനഃപരിശോധിക്കുകയും അർഹരായവരെ ചേർക്കലും
3. താഴ്ന്ന വരുമാനക്കാർക്ക് വീട് വൈദ്യുതീകരിക്കുന്നതിനുള്ള സംവിധാനം.
4. പഞ്ചായത്തിലെ എല്ലാ കോളനികളും IHDP ആയി ഉയർത്തൽ
5. ഹരിജൻ കോളനി കേന്ദ്രീകരിച്ച് ഓരോ വ്യവസായ യൂനിറ്റുകളും ചെറുപ്പക്കാരായ യുവതി യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് ചെറുകിട വ്യവസായ യൂനിറ്റുകളും വ്യവസായ സഹകരണ സംഘങ്ങളും സ്ഥാപിക്കുന്നകാര്യം.
6. എല്ലാ ഹരിജൻകോളനികളിലും ടി.വി.സെൻററിൻെറ അഭാവം
7. ആരോഗ്യ പ്രശ്നങ്ങളിൽ ബോധവൽക്കരണം ഇല്ലായ്മ.
8. കുടിവെള്ള ക്ഷാമം നേരിടുന്ന കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്ഥിരം സംവിധാനത്തിൻെറ അഭാവം.
9. വിദ്യാഭ്യാസപരമായ ഗുണനിലവാരം ഉയർത്തൽ/കൊഴിഞ്ഞുപോക്ക് തടയൽ എന്നിവക്ക്നടപടിയും പാഠപുസ്തക വിതരണവും, ലെംസം ഗ്രാൻറ് വർദ്ധനവ്ല്ലാത്ത അവസ്ഥ.
10. പട്ടിക ജാതിക്കാർ നേരിടുന്നസാമൂഹ്യമായ ഉച്ചനീചത്വങ്ങൾ.
11. അർഹമായ അനുകൂല്യങ്ങൾ യഥാ സമയത്ത് ലഭിക്കാതിരിക്കുന്ന അവസ്ഥ.
13. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള അനുകൂല്യനടപടിത്വരിതപ്പെടുത്തൽ
14. IHDPഅല്ലാത്ത കോളനികളിൽ കക്കൂസ്സ്ഥാപിക്കൽ
15. അന്ധവിശ്വാസ, അനാചര പ്രവർത്തനങ്ങളിൽ ബോധവൽക്കരണ സമ്പ്രദായം.
16. ഹരിജൻ കോളനികളിലെ വനിതാക്ഷേമ പരിപാടി ത്വരിതപ്പെടുത്തൽ
17. കലാ-കായിക വാസനകളിൽ പ്രോത്സാഹനമില്ലായ്മ.
19. കോളനികളിൽ വായനശാല ഇല്ലായ്മ.

*സാദ്ധ്യതകൾ*

പഞ്ചായത്തുതലത്തിലുള്ള വിവിധ ഡിപ്പാർട്ടമെൻറ്കളിലുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാസമയംവിവരം ലഭിക്കുന്നതിനുള്ള വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു "സഹായകസംവിധാനം"(Guiding Centre) സ്ഥാപിക്കുക. ഇത് മുഖാന്തിരം ആവശ്യക്കാർ പഞ്ചായത്തുമായി ബന്ധപ്പെട്ടാൽ ആവശ്യമായ സഹായം ലഭിക്കുമാറാകണം. (മാർഗ്ഗ നിർദ്ദേശം)

സ്വന്തമായി സ്ഥലമുള്ളവരും കോളനിക്കു പുറമെ താമസിക്കുന്നവരുമായ ഇടത്തരം വരുമാനക്കാർക്ക് ഭവനസൗകര്യം ലഭ്യ.മാകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

219

ആകെയുള്ള ഹരിജൻ കുടുംബങ്ങളിൽ 8% കോളനികൾക്ക് പുറമേ താമസിക്കുന്നവർക്ക് ആനുകൂല്യങ്ങൾ കൃത്യതയോടെലഭ്യമാകാൻ പര്യാപ്തമാകും.

ഘട്ടംഘട്ടമായി അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികൾ IHDP കോളനികളായി ഉയർത്തുകയും താഴെപ്പറയുന്ന ചാന്തുരുത്തി, പാലോട്, വടക്കംമ്പാടം, ഞായറോഡ്, പുളപ്പറമ്പ്, പരുത്തിക്കുളം, പാലപ്പാറ, ചൊമ്പോത്തുകുളമ്പ്, കുരുടൻകുളമ്പ്, കോളോട്, ചെത്തിയോട്, പേഴുംകാട്, വാക്കോട്, പയ്യപ്പുള്ളി, വടക്കേക്കളം, കരിഞ്ഞിലാംകോട്, വല്ലടി, കൊയ്മാർപാടം, പുല്ലറോഡ്,തേവർപ്പാടം, വളത്തുകാട്, ചരണാത്തുകളം, നെടുങ്കുളം, മുക്കുപ്പറമ്പ്, തോണിപ്പാടം, കല്ലോട്ടുകുളം, നടുവം കുന്നം, തുവച്ചോട്, മണ്ണാത്തറ, കൂമളൻകാട്, പൊന്നുമംഗലം ഇവർക്കു ജീവനോപാധികൾ നൽകാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവനോപാധിയായ കാർഷികരംഗത്ത് മുരടിപ്പ് നേരിടുന്നതിനാൽ ഇതിന് പരിഹാരമായി പ്രാദേശിക വിഭവങ്ങളും പ്രാദേശിക വൈദഗ്ദ്ധ്യവും ഉപയോഗിച്ചുകൊണ്ട് ചെറുകിട വ്യവസായ യൂനിറ്റുകളും വ്യവസായസഹകരണ സംഘങ്ങളും സ്ഥാപിക്കുകയാണെങ്കിൽ തൊഴിൽ സാധ്യത കൂട്ടുന്നതാണ്. ഈമേഖല ഊർജ്ജിതമാക്കാൻ രണ്ട് മേഖലകളാക്കിതിരിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തന ക്ഷമമാക്കണം.

കോളനികളിലെ ശുചിത്വം വർദ്ധിപ്പിക്കുന്നതിന് സാംക്രമിക രോഗങ്ങൾ ഇല്ലായ്മചെയ്യാനുംവീടൊന്നിന് ചിലവു കുറഞ്ഞ കക്കൂസുകൾ ലഭ്യമാക്കുകയും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ മെഡിക്കൽ വകുപ്പിന്റെ സഹകരണത്തോടെ മാസത്തിലൊരിക്കൽ നടത്തുകയുംചെയ്യുക.

കോളനികളിലെ എല്ലാ വീടുകളിലും ബ്ളോക്ക് മുഖേന ധനസഹായവും ലഭ്യമാക്കി വൈദ്യുതീകരണം തൃപ്തികരമാക്കാൻ സൗകര്യപ്പെടുത്തുക. ഒപ്പം പുകയില്ല അടുപ്പ് സ്ഥാപിക്കുകയും ചെയ്യുക.

സാമ്പത്തികപരാധീനതമൂലം മറ്റു സാമൂഹ്യപ്രശ്നം മൂലവും ഇടയ്ക്കുവെച്ച് പഠിത്തം നിർത്തിപ്പോകുന്ന വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസം നൽകിസെക്കണ്ടറി തലം വരെ പി.ടി.ഐ.ശ്രദ്ധ ചെലുത്തി അവരെ മുഖ്യ ധാരയിലേക്ക് എത്തിക്കാനുള്ള ശ്രമം നടത്തുക.

പഞ്ചായത്തിലെ ഒറ്റപ്പെട്ടു കിടക്കുന്നതും, അനുകൂല്യങ്ങൾ ലഭിക്കാത്തതുമായ പൊന്നുമംഗലം, നെല്ലിമേട്, നടുവൻകുന്നം, കൂമളൻകാട്, തേവർപാടം, കോണിക്കമ്പാടം എന്നീ പ്രദേശങ്ങളെ കോളനിയായി ഉയർത്തണം.

തൂവചോട് ഹരിജൻകോളനികളിൽ വൈദ്യുതിഎത്തിക്കണം.

കോളനി നിവാസികളുടെകുടുംബത്തിൽഒരു പുനർസർവ്വെയുടെ അടിസ്ഥാനത്തിൽ ഉൾപ്പെട്ടലിസ്റ്റ് പരിശോധിച്ച് മറ്റുള്ളവരെക്കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾക്ക്മുൻതൂക്കം നൽകുക.

പഞ്ചായത്തിലെ കോളനി നിവാസികളായ വനിതകൾക്ക്നേരിടുന്ന അസമത്വങ്ങളും, അന്ധവിശ്വാസങ്ങളും അവസാനിപ്പിക്കാൻ നടപടിയും ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കാൻ പദ്ധതി.

അംഗീകരിച്ച കോളനികളിൽ ശ്രവണ-ദൃശ്യ മാദ്ധ്യമം(T.V.സെറ്റ്) അനുവദിച്ച് വായനശാലകൾ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ലഭ്യമാക്കിയാൽ ബോധന സമ്പ്രദായം പര്യാപ്തമാക്കാം.

220

വേനൽക്കാലങ്ങളിൽകുടിവെള്ള ക്ഷാമം പരിഹരിക്കാൻ കുഴൽകിണറുകൾ (നെല്ലിക്കോട്) സ്ഥാപിച്ച് ജല സൗകര്യം ലഭ്യമാക്കണം.

പട്ടിക ജാതിക്കാർ നേരിടുന്ന ഉച്ചനീചത്വങ്ങൾ ഒഴിവാക്കുന്നതിന്കലാ-കായിക മത്സര വേദികൾ പൊതു ഉത്സവങ്ങൾ മറ്റ് സാമൂഹ്യരാഷ്ട്രീയ വേദികൾ എന്നിവയിൽ സജീവമായി പങ്കാളിത്തം നൽകാൻ അവസരം ഒരുക്കുക.

പ്രത്യേക ഘടക പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിന് പലിശരഹിത വായ്പ നൽകി കൊണ്ട് തൊഴിൽസാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ത്വരിതപ്പെടുത്തിയാൽ വളരെ പ്രയോജനപ്രദമാകുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് പഞ്ചായത്തു തലത്തിൽ പരിശീലന പരിപാടി (ടർണർ, കാർപ്പെൻററി, വെൽഡർ, പ്രസ്സ് കംമ്പോസ്സിങ്ങ്, ടി.വി. റേഡിയോമെക്കാനിക്ക് ഫിറ്റർ) ഇത്തരം മേഖലകളിൽ സൗകര്യപ്പെടുത്തുക. ഓറിയൻറൽകോഴ്സ്

221

# 5-12
# വിഭവസമാഹരണം

കൊടുവായൂർ പഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. എങ്കിലും വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽചെറുകിട വ്യവസായങ്ങളും ഇടത്തരം വ്യവസായങ്ങളും ഇവിടെ ഉണ്ട്. ഇരുപതോളം റൈസ്മില്ലുകളും പ്രവർത്തിക്കുന്നു. പഞ്ചായത്തിൻെറ മുഖ്യവരുമാനമാർഗ്ഗം നികുതിയും വിവിധ ഗ്രാൻറുകളും ആണ് തൊഴിൽനികുതി, കെട്ടിടനികുതി, വിനോദനികുതി, ലൈസൻസ് ഫീ, ചന്ത, ഷോപ്പിംഗ് കോംപ്ളക്സ് തുടങ്ങിയവയിൽ നിന്നുള്ള വരുമാനവുമാണ്. ഇതിൽ നല്ലൊരു ശതമാനം ശമ്പളിനത്തിൽ ചിലവാകുന്നു.

പഞ്ചായത്തിൻെറ നിലവിലുള്ള വരുമാനം ഉയർത്തുക എന്നത് പരമ പ്രധാനമായ ഒരു വിഷയമാണ്. പൊതുജനങ്ങളായസാധാരണക്കാരുടെ നികുതിഭാരം അധികരിക്കാതെ നോക്കുകയും എന്നാൽ സമ്പന്നരുടെ കൈകളിൽ നിന്ന്അത് ശ്രദ്ധാപൂർവ്വം ഈടാക്കുകയും വേണം.

കെട്ടിടനികുതി ഇനത്തിൽ പഞ്ചായത്ത് നികുതി നിശ്ചയിക്കുന്നത് വാടക അടിസ്ഥാനത്തിലാണ്. എന്നാൽ ഇതിന് പുറമേ കെട്ടിടത്തിൻെറ ആധുനിക സൗകര്യവും ആഡംബര വസ്തുക്കളുടെ ഉപയോഗവും കൂടി കണക്കെടുത്തെങ്കിൽ ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. മതിപ്പ് വില കൂടാതെആധുനിക സൗകര്യങ്ങൾകൂടെ കണക്കിലെടുക്കേണ്ടതാണ്. പഞ്ചായത്തിൽ കെട്ടിടനികുതി ഇനത്തിൽ ആകെ വരുമാനം 3,55,389 രൂപയാണ്. ഇതിന് പുറമെ പഞ്ചായത്തിൽ നമ്പർ ഇടാത്ത കെട്ടിടങ്ങളില്ല എന്ന് ഉറപ്പ് വരുത്തുകയും വേണം.

മറ്റൊരു വരുമാനമാർഗ്ഗം തൊഴിൽ നികുതിയാണ്. ഇത്സർക്കാർ സ്ഥാപനങ്ങളിലും മറ്റ് അംഗീകൃത സ്ഥാപനങ്ങളിലുമുള്ള ജീവനക്കാരുടേതാണ്. എന്നാൽ മുഴുവൻ കച്ചവടക്കാരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നിയമനടപടി എടുക്കേണ്ടതാണ്. ലൈസൻസ് ഫീയുടെ പുറമെ ഈ തൊഴിൽ നികുതി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്.

മറ്റൊരു മുഖ്യ ഇനം ലൈസൻസ് ഫീ ആണ്. ഇത് കണക്കാക്കുമ്പോൾ കച്ചവടത്തിൽ ഉണ്ടാകുന്നൊരു വർഷത്തെ ടേൺ ഓവർ അടിസ്ഥാനത്തിൽ പിരിക്കേണ്ടതാണ്. ഈ ഇനത്തിൽ നല്ലൊരു ശതമാനം തുക വൻകിട കച്ചവടക്കാരിൽ നിന്ന് ഈടാക്കാവുന്നതാണ്.

പഞ്ചായത്തിൻെറ മറ്റൊരു വരുമാനമാർഗ്ഗം ചന്തയാണ്. വർഷ്തോറും ഇത് ലേലം ചെയ്ത് വരുന്നു.

മറ്റൊരു വരുമാന മാർഗ്ഗം വിനോദനികുതിയാണ്. സിനിമാ പ്രദർശനത്തിൽ നിന്നും നല്ലൊരു ശതമാനംതുക പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു സിനിമാ തിയേറ്റർ മാത്രമാണുള്ളത്.

222

പ്രദർശനാടിസ്ഥാനത്തിലാണ് നികുതി ഈടാക്കുന്നത്. ഇത് സീറ്റിൻെറ അടിസ്ഥാനത്തിൽ വാർഷിക കോംമ്പൗണ്ടിംഗ് അടിസ്ഥസ്ഥാനത്തിൽ കണക്കാക്കി .ഈടാക്കുന്നതിന് നടപടി സ്വീകരിച്ചാൽ നല്ലതായിരിക്കും. കൂടാതെ മറ്റ് നികുതിയിനങ്ങൾ ചോർന്ന് പോകുന്നത് തടയേണ്ടതാണ്.

മറ്റൊരു വരുമാന മാർഗ്ഗം ആധാരങ്ങൾ രജിസ്റ്റർ ചെയ്ത തുകയിൽ 25%സർക്കാരിൽ നിന്ന് ലഭിക്കുന്നു. സ്റ്റാമ്പു ഡ്യൂട്ടി ഇനത്തിൽ 75% വും പഞ്ചായത്തിന് ലഭിക്കുന്നു. ഇത് യഥാസമയം ലഭിക്കേണ്ടതുണ്ട്.

അടുത്ത വരുമാനമാർഗ്ഗം പഞ്ചായത്ത് തലത്തിലുള്ള ക്വാറികളും മണൽ വാരലുമാണ്. എന്നാൽ ക്വാറികൾ സ്വകാര്യ ഉടമസ്ഥതയിലാണ്. മണൽ വാരൽ തോട്ടിൽ വളരെ കുറഞ്ഞ തുകക്കാണ് ലേലം പോകുന്നത്. കാലിസ്ഥലങ്ങൾ കച്ചവടത്തിനായി ലേലം ചെയ്തും വരുമാനമുണ്ട്.

സർക്കാർ ഗ്രാൻറ് യഥാസമയം ലഭിക്കാത്തതുകാരണം വികസന പ്രവർത്തനങ്ങൾ മുരടിച്ചു പോകുന്നുണ്ട്. ഇത് സമയാസമയങ്ങളിൽ തന്നെ ലഭിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

നമ്മുടെപഞ്ചായത്ത് ഒരു ബജറ്റ് പഞ്ചായത്ത് ആണ്. 4500 അക്കൗണ്ടൻറുകളുണ്ട്. കൂടാതെ പഞ്ചായത്തിൽ MSYപദ്ധതിയിലും പഞ്ചായത്ത് 100% വും അക്കൗണ്ടുണ്ട്. പഞ്ചായത്തിൻെറ പരിധിയിൽ താഴെപ്പറയുന്ന ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു. SBT, സൗത്ത് ഇന്ത്യൻ ബാങ്ക്, കാത്തലിക്ക് സിറിയൻ ബാങ്ക്, നെടുങ്ങാടിബാങ്ക്, ലോഡ്കൃഷ്ണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കിൻെറശാഖ, അർബ്ബൻ ബാങ്ക്, സർവ്വീസ് കോപ്പാറേറ്റീവ് ബാങ്ക് എന്നിവയാണ്. ഈ ബാങ്കിനുപുറമെ ചിറ്റി ഫണ്ടുകളും സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്നു.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിൻെറ വരുമാനങ്ങൾ പ്രവർത്തനങ്ങൾക്ക് തികയാത്ത അവസ്ഥ.
2. മറ്റ് സാമ്പത്തിക ഏജൻസികളുടെ ഭാഗത്തുനിന്നും ധനസഹായംലഭിക്കാനുള്ള വിഷമം
3 കാലാകാലങ്ങളിൽ വർദ്ധിച്ചുവരുന്ന ഭരണ ചിലവ്
4. പഞ്ചായത്ത് ശുചീകരണ പ്രവർത്തിയിൽ ചിലവ് കൂടി വരുന്നപ്രശ്നം.
5. സർക്കാർനിശ്ചയിക്കുന്ന പൊതു പദ്ധതികൾക്കായി തുക വിനിയോഗിക്കൽ
6. കെട്ടിടനികുതി കണക്കാക്കുന്നതിൽ വരുന്ന പാളിച്ചകൾ
7. കെട്ടിടനികുതി അസസ്സ്മെൻറ് ചെയ്യുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്ന് ടെക്കനിക്കൽ സ്റ്റാഫ് ഇല്ലാത്തതിൻെറ അഭാവം.
8. പഞ്ചായത്ത് ബിൽഡിംഗ് റെൻറ് സമയാസമയങ്ങളിൽ ലഭിക്കാത്തതു കൊണ്ടുള്ള സാമ്പത്തികനഷ്ടം.
9. പഞ്ചായത്ത് അതിർത്ഥിയിൽ പാർക്കു ചെയ്യുന്ന ടാക്സി വാഹനങ്ങൾക്ക് നികുതി ഈടാക്കാതെ വരുന്ന നഷ്ടം.
10. പഞ്ചായത്തിന് സ്ഥലം ടൗണിൽ ഉണ്ടായിട്ടും ഷോപ്പിംഗ് കോംപ്ലക്സ്കെട്ടി വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ പറ്റാത്തതുകൊണ്ടുള്ള നഷ്ടവും പണിയുന്നതിന് വിവിധ സാമ്പത്തിക ഏജൻസികളുടെ തടസവും.
11.

223

ഏഴിന പരിപാടിയിൽ നിർമ്മിച്ച ഒരു ഓപ്പൻ എയർ സ്റ്റേഡിയം കാര്യമായ വാടകലഭിക്കാത്ത അവസ്ഥ.

12. ജലവിതരണം പഞ്ചായത്തിൻെറ കൈവശം ഇല്ലാത്തതു മൂലം ഹൗസിംഗ് കണക്ഷൻ കൊടുക്കാൻ പറ്റാതെയും കുടിവെള്ളത്തിന് ചിലവു കൂടിയ മറ്റ്പദ്ധതികൾ അടിയന്തിരമായി ചെയ്തു കൊണ്ടിരിക്കുന്നതു കൊണ്ടുവരുന്ന ചിലവുകൾ.

13. നികുതി നല്കേണ്ട മറ്റ് മേഖലകൾ പഞ്ചായത്ത് അതിർത്തിയിൽ പുതിയതായി ഒന്നും തന്നെ ഉയർന്നു വരാത്ത അവസ്ഥ.

14. പഞ്ചായത്ത് ഡ്രെയിനേജുകളും മറ്റും വൃത്തി ആക്കുന്നതിന് പഞ്ചായത്തിനു വരുന്ന ഭാരിച്ചചിലവ്.

15. കുടിവെള്ളത്തിന് വേണ്ടിവരുന്ന പഞ്ചായത്തിലെ കുഴൽ കിണറുകൾ വൃത്തി ആക്കുന്നതിന് വേണ്ടി വരുന്ന ചിലവുകൾ.

16. കാലാ കാലങ്ങളിൽ കൂടി വരുന്ന ഭരണ ചിലവുകൾ.

*സാദ്ധ്യതകൾ*

1. നികുതികൾശാസ്ത്രീയ അടിസ്ഥാനത്തിൽ ഉയർന്ന വരുമാനക്കാർക്ക് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. വൻകിട വീടുകൾക്ക് സൂപ്പർ ടാക്സ് ഈടാക്കാൻ പദ്ധതി ആവിഷ്ക്കരിക്കൽ.

2. കെട്ടിട നികുതിയുടെ അപാകതകൾ പരിഹരിക്കുന്നതിന് കെട്ടിടത്തിൻെറ തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ നികുതി കണക്കാക്കേണ്ടതാണ്.

3. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിൻെറ വിലയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

4. പഞ്ചായത്തിൻെറ ഹൃദയഭാഗങ്ങളായ ചിറ്റൂർറോഡ്, കുഴൽമന്ദംറോഡ്, മാർക്കറ്റ്, ബസ്സ്റ്റാൻറ് പരിസരം എന്നിവടങ്ങളിലുള്ള പഞ്ചായത്ത് കാലിസ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുയാണേങ്കിൽ പഞ്ചായത്തിന് നല്ലൊരു വരുമാനമായിരിക്കും.

5. പാലക്കാട്റോഡിൽ മിനി ഇൻഡസ്ട്രീസിനുസമീപം പഞ്ചായത്ത് വക കാലിസ്ഥലത്ത് കല്യാണമണ്ഡപം സ്ഥാപിക്കുകയാണെങ്കിൽ അതിൽ നിന്നുള്ള വാടക പഞ്ചായത്തിനു വരുമാനമാക്കാം.

6. മേൽപ്പറഞ്ഞ പദ്ധതികൾക്കുള്ള ഫണ്ട് പഞ്ചായത്ത് അതിർത്തിയിലുള്ള ബാങ്കുകളിൽ നിന്നു വായ്പയായി ലഭിച്ചാൽ ഉചിതമായിരിക്കും.

7. ജനകീയ സമിതികൾ മുഖാന്തിരം മരാമത്തു പണികൾ നടത്തുന്നതായാൽ കൃത്യമായും, സുതാര്യമായും പദ്ധതികൾ നടപ്പിലാക്കാൻ കഴിയും.

8. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ആഘോഷ പരിപാടികൾക്ക് ഒരു തനി ഫണ്ട് ഏർപ്പെടുത്തിയാൽ ജനറൽ ഫണ്ടിൽ നിന്നും പണം വിനിയോഗിക്കുന്നത് ഒഴിവാക്കാൻ കഴിയും.

9. പഞ്ചായത്തിൻെറ മരാമത്ത് പണികളുടെ ആവർത്തന ചിലവ് കുറയ്ക്കുന്നതിന് സ്ഥായിയായി നിൽക്കുന്ന പണികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കണം.

224

10. പ്രദർശന നികുതിപ്രദർശന ശാലകളിലെ സീറ്റിൻെറ അടിസ്ഥാനത്തിൽ ആക്കിയാൽ നികുതി പരിവിലെ ക്രമക്കേട്ഒഴിവാക്കാം.

11. പഞ്ചായത്തിൽ നിർത്തിയിടുന്ന വാടക വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.

12. ഗൾഫ്, മറ്റ് വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരുടെ സഹായത്താൽ നാട്ടിൽ വികസന പ്രവർത്തനങ്ങളും തൊഴിൽ മേഖലയും കണ്ടെത്തുന്നതിനും അവരുടെ സേവനം നേരായ രീതിയിൽ ഉപയോഗിക്കുന്നതിന്നുമുള്ള പദ്ധതി.

13. പഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനങ്ങൾ കായികഅദ്ധ്വാനവും മറ്റുസഹായങ്ങളും വിഭവങ്ങളായി നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

225

# ഉപസംഹാരം

ഒൻപതാംപദ്ധതിയുടെ അടങ്കൽതുകയുടെ 35 മുതൽ 40 ശതമാനം വരെ താഴെത്തട്ടിലുള്ള ആസൂത്രണത്തിനായി മാറ്റി വെയ്ക്കണമെന്നാണ് പ്ലാനിംഗ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വമ്പിച്ച ഉത്തരവാദിത്തമാണ് വരാൻപോകുന്നത്. നാളിതുവരെ ശീലിച്ചതിൽ നിന്നും വ്യത്യസ്ഥമായിവരുന്ന കാര്യമാകയാൽ അർപ്പണ മനോഭാവവും കഠിനാധ്വാനത്തിനുള്ള തയ്യാറെടുപ്പും നടത്തേണ്ടതുണ്ട്. അതിവിപുലമായ ജനകീയ പിന്തുണയാർജ്ജിച്ച് ജനപങ്കാളിത്തത്തോടെ ഈ കടമകൾ നിർവ്വഹിക്കാൻ നമുക്ക് സാധിക്കുമെന്നു പ്രത്യാശിക്കാം.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല. ഫണ്ടുകണ്ടെത്താൻ ഗ്രാമപഞ്ചായത്തിനു കഴിയണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തിയും മറ്റും ആസുത്രണം യാഥാതർത്ഥ്യമാക്കാൻ ശ്രമിക്കണം.

വികസനോപാധികളെ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ലക്ഷ്യം കൈവരിച്ചാൽ മാത്രമേ ആസൂത്രണം അർത്ഥവത്താവൂ. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു കർമ്മമേഖലയാക്കി, ജനോപകാരപ്രദമായ പദ്ധതികൾ സാമൂഹ്യപ്രതിബദ്ധത യോടെ നടപ്പിൽ വരുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനായി കക്ഷിരാഷ്ട്രീയത്തിനതീതമായി വർണ്ണവർഗ്ഗ വ്യത്യാസമില്ലാതെ ഒറ്റകെട്ടായി നമുക്ക് ശ്രമിക്കാം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ അനധിവിദൂര ഭാവിയിൽ നമുക്കു കഴിയുമെന്ന പ്രതീക്ഷയോടെ ഈ സമഗ്ര വികസനരേഖ വിശദമായ വിശകലനത്തിനും വിലപ്പെട്ട നിർദേശങ്ങൾക്കുമായി കൊടുവായൂർ ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

226



# കൊടുവായൂരിൻെറ സാംസ്കാരിക പൈതൃകം

227

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**ചെയർമാൻ**

: ശ്രീ.കെ. തങ്ക പ്രകാശ്

**കൺവീനർ**

: ശ്രീ.എം ഉണ്ണികൃഷ്ണൻ

**കൃഷി-ജലസേചനം**

: ശ്രീ. മുഹമ്മദ് ചെല്ലപ്പ
: ശ്രീ. ജോസ്കുര്യൻ
: ശ്രീ. ഇ.ടി. ചന്ദ്രൻ
: ശ്രീ. സുകുമാരൻ(കൃഷി അസ്സി.)
: ശ്രീ. അശോകൻ സി.
: ശ്രീ. എം.കൃഷ്ണൻ

**മത്സ്യബന്ധനം -മൃഗപരിപാലനം**

ശ്രീമതി മേഴ്സി വെറ്റിനറി ഡോക്ടർ
: ശ്രീ. ശിവാനന്ദൻ കെ.
: ശ്രീ. സി.കെ. മോഹൻദാസ്

**വിദ്യാഭ്യാസം**

: ശ്രീ. പി.ആർ. എൻ. നമ്പൂതിരി
: ശ്രീ. എൻ. ഭാസി
: ശ്രീമതി. ജയശ്രീ എം.
: ശ്രീ. മണികണ്ഠൻ എം.എസ്
: ശ്രീ. ടി.എം. മുഹമ്മദ് ഫാറൂക്ക്

**ആരോഗ്യംകുടിവെള്ളം**

: ശ്രീ. എ.ശിവദാസ്
: ശ്രീ. റോബർട്ട്
: ശ്രീ. അശോകൻ സി.

**ഗതാഗതം-ഊർജ്ജം-മാർക്കറ്റ്**

: ശ്രീ. പി.എസ്. ശങ്കുണ്ണി മാസ്റ്റർ
: ശ്രീ. മണികണ്ഠൻ എ.
: ശ്രീ. കൃഷ്ണമൂർത്തി (KSEB)
: ശ്രീ. എ. ശിവദാസ്
: ശ്രീ. മുരളീ ധരൻ

**ഭവന നിർമ്മാണം സാമൂഹ്യക്ഷേമം**

: ശ്രീ. മുഹമ്മദ്നജീബ്
: ശ്രീ. ശിവാനന്ദൻ കെ.
: ശ്രീ. മഹാദേവൻ (VEO)

**സംസ്ക്കാരം -കായിക രംഗം**

: ശ്രീ. എൻ.ആർ.ശശിധരൻ
: ശ്രീ. പി.രാമനുണ്ണി
: ശ്രീ. എസ്.ശിവദാസ്
: ശ്രീ. എം.ശങ്കരൻ

**വ്യവസായം**

: ശ്രീ. എം.ഉണ്ണികൃഷ്ണൻ
: ശ്രീ. എ. ആറുമുഖൻ
: ശ്രീ. എം. ഉമ്മർ ഫാറൂക്ക്

**വനിതാ ക്ഷേമം**

: ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ സി.
: ശ്രീമതി രമ. ഇ
: ശ്രീമതി പാർവ്വതി കെ.
: ശ്രീമതി ലീലാവതി കെ.
: ശ്രീമതി. രാജലക്ഷ്മി എസ്

**സഹകരണമേഖല**

: ശ്രീ. വി. ക്രൃഷ്ണൻ കുട്ടി
: ശ്രീ. എ.മണികണ്ഠൻ
: ശ്രീ. പി.എസ്. ശങ്കുണ്ണി മാസ്റ്റർ

**പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം**

മണികണ്ഠൻ എ.
: ശ്രീ.ബാലകൃഷ്ണൻ
: ശ്രീ.കേശവൻ വി.

**വിഭവസമാഹരണം**

: ശ്രീ. തങ്കപ്രകാശ് കെ.
: ശ്രീ. ഇ.ടി. ഗോവിന്ദൻകുട്ടി
: ശ്രീ.ശിവാനന്ദൻ കെ.
: ശ്രീ.ബേബി ഫിലിപ്പ്

**ചരിത്രം**

: ശ്രീ. എൻ.ആർ. ശശിധരൻ
: ശ്രീ. രഘു കെ.
: ശ്രീ. സന്തോഷ് കുമാർ
: ശ്രീ. ശിവദാസ്

228

- ഒൻപതാം പദ്ധതി ജനകീയ പദ്ധതി ☐
- അഴിമതി രഹിതമായ വികസന പ്രക്രിയ ☐
- ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം ☐
- ഒൻപതാം പദ്ധതിയുടെ 35–40% വിഹിതം ഗ്രാമപഞ്ചായത്തിന് ☐
- ഗ്രാമസഭകളിലൂടെ പ്രശ്ന പരിഹാരം ☐
- എല്ലാ തുറകളിലും ബഹുജന പങ്കാളിത്തം ☐
- ഗ്രാമങ്ങൾക്ക് പുത്തനുണർവ് ☐

# 48

## മണിക്കൂറിനുള്ളിൽ ഡോർ ഡെലിവറി

**ആവശ്യാനുസരണം മരം കൊണ്ടുള്ള കട്ടിള, ജന്നൽ, മറ്റു ഫർണിച്ചർ എന്നിവ ആധുനിക യന്ത്ര സജ്ജീകരണങ്ങളുപയോഗിച്ച് ആവശ്യക്കാർക്ക് താത്പര്യമുള്ള മരത്തിൽ ഓർഡർ ചെയ്ത് 48 മണിക്കൂറിനുള്ളിൽ നിർമ്മിച്ച് സൈറ്റിൽ എത്തിക്കുന്നു.**



ബന്ധപ്പെടുക

# കാർത്തിക് വുഡ് ഇൻഡസ്ട്രീസ്


മേരിയൻ കോളേജിനു പിൻവശം
കൊടുവായൂർ, പാലക്കാട്

***ഇലക്ട്രോണിക് യുഗത്തിലൊരു സുവർണാവസരം***

230

Phone : 352487
353446


# മുതലമട ഗ്രാമപഞ്ചായത്ത്



നകീയാസൂത്രണം

മഗ്രവികസന രേഖ

കുമരകം ഗ്രാമപഞ്ചായത്ത് വാർഡുകൾ - 13.



# മുതലമട
# ഗ്രാമപഞ്ചായത്ത്
# വികസനരേഖ



" എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും "

**മഹാത്മാഗാന്ധി**

**ജില്ലാ പരിശീലകർ**

**ടി.കെ. രാമകൃഷ്ണൻ ( കൺവീനർ )**
**എ.സി. ദാവൂദ്**
**എം.എ.ജൈലാവുദീൻ**
**എൻ. പക്കീർമുഹമ്മദ്**
**എ. ഷേക്ക് മുസ്തഫ**

# ഉള്ളടക്കം

ആമുഖം

ഭൂപ്രകൃതി

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

ക്ഷീരവ്യവസായം

വ്യവസായം

വിദ്യാഭ്യാസം

ആരോഗ്യം

ഗതാഗതം

ഊർജ്ജം,

പാർപ്പിടം

സാമൂഹ്യക്ഷേമം

സംസ്കാരം

വനിത

സഹകരണം

മാർക്കറ്റ്

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിഭവസമാഹരണം

ടൂറിസം

ഉപസംഹാരം

235

# ഗ്രാമപഞ്ചായത്ത് ഭരണസമിതി



എ. കണ്ടമുത്തൻ
(പ്രസിഡണ്ട്)



അയിഷ സുലൈമാൻ
(വൈസ് പ്രസിഡണ്ട്)



സി. കൃഷ്ണൻ
(സ്റ്റാന്റിങ്ങ്കമ്മിറ്റി ചെയർമാൻ)



എ. ബദറുന്നീസ



എൻ. കെ. ഷാഹുൽഹമീദ്



വി. പ്രേമ



എം. മുഹമ്മദ്ബഷീർ



പി. ഗംഗാധരൻ



എ. ദേവി



ആർ. രാജാറാം



എം. ശ്രീധരൻ



കെ. ഭാഗ്യം



എസ്.വി. ശെൽവൻ

# ആമുഖം

സ്വതന്ത്രഭാരതം അമ്പതാം പിറന്നാൾ ആഘോഷിക്കുവാൻ തയ്യാറെടുക്കുകയാണ്. ബ്രിട്ടീഷ് അടിമത്വത്തിൽ നിന്ന് മോചനം നേടിയിട്ട് 49 വർഷം കഴിഞ്ഞു. അര നൂറ്റാണ്ടിനിടയിൽ "8" പഞ്ചവൽസരപദ്ധതികൾ പൂർത്തിയായി വരുന്നു. ഒരുപാട് വികസനങ്ങൾ ഉണ്ടായി. കാർഷിക വ്യാവസായിക രംഗങ്ങളിൽ കാര്യമായ വളർച്ച ഉണ്ടായി. എന്നാൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ മാറിമാറിവന്ന സർക്കാറുകൾ തയ്യാറായില്ല. പഞ്ചായത്തുകൾക്ക് അധികാരം ലഭിക്കാൻ പോലും 1994 വരെ കാത്തിരിക്കേണ്ടിവന്നു. അധികാരം മുഴുവൻ കേന്ദ്രീകരിച്ചതിനാൽ പദ്ധതികളുടെ ആസൂത്രണത്തിന് വികേന്ദ്രീകരണം ഇല്ലായിരുന്നു. മുകളിൽ നിന്ന് തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കി. അതിനാൽ തന്നെ ജന സാമാന്യത്തിൻെറ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിക്കാൻ പദ്ധതികൾക്കായില്ല.

73, 74 ഭരണഘടന ഭേദഗതികൾ പുതിയ ചിന്താഗതികൾ പ്രദാനം ചെയ്തു. ആസൂത്രണത്തിൽ പുതിയ രീതി പരീക്ഷിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. "താഴെ നിന്നും മുകളിലേക്ക്" എന്നതായി പുതിയ ആസൂത്രണ സമ്പ്രദായം. സാധാരണ ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും പറയാൻ അവസരം നൽകി. അതിനനുസരിച്ച് പദ്ധതികൾക്ക് രൂപം നൽകാൻ തീരുമാനിച്ചു. അങ്ങിനെ "ഒമ്പതാം പദ്ധതി ജനകീയ പദ്ധതി " എന്ന പുത്തൻ ആശയം നിലവിൽ വന്നു. അധികാരത്തോടപ്പം സമ്പത്തും താഴെ തട്ടിലേക്ക് വീതം വെച്ച് നൽകുന്നു. ഇങ്ങിനെ ലഭിക്കുന്ന 40% ഫണ്ട് പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തും. പൊതുജനങ്ങളുടെ സംഭാവന, സന്നദ്ധപ്രവർത്തനം എന്നിവയിലൂടെ പദ്ധതികൾ പൂർത്തികരിക്കും. അതോടെ പദ്ധതികളുടെ പൂർത്തീകരണത്തിലും മേൽനോട്ടത്തിലും പരിശോധനയിലും പൊതുജനങ്ങൾക്ക് മുൻകൈ ലഭിക്കും. അഴിമതിയും ധൂർത്തും ഒഴിവാക്കാൻ ഇത് വഴി നൽകും.

ജനകീയ ആസൂത്രണത്തിൻെറ പഞ്ചായത്ത്തല പരിപാടി 9/96 ൽ ആരംഭിച്ചു. ഭരണ സമിതിയുടെ നേതൃത്വത്തിൽ പ്രമുഖ വ്യക്തികളുടെ യോഗം വിളിച്ച് പഞ്ചായത്തിൽ ഈ പദ്ധതികൾക്ക് വേണ്ട ജനകീയ അടിത്തറ ഉണ്ടാക്കി. ഒന്നാംഘട്ട പരിശീലനം 22-9-1996 ന് നടന്നു. പരിശീലനത്തിൽ 100 പേർ പങ്കെടുത്തു. ഗ്രാമസഭകളുടെ സംഘാടനത്തിന് നോട്ടീസ്, ബാനർ, പോസ്റ്റർ, മൈക്ക് എന്നിവയിലൂടെ പ്രചാരണം നൽകി. വിവിധ രാഷ്ട്രീയ പ്രവർത്തകർ പങ്കെടുത്ത ഗൃഹസന്ദർശനം കൗതുകമുണർത്തിയ പരിപാടിയായിരുന്നു. ഗ്രാമസഭകൾ 100 നും 200നും ഇടയിൽ ജനങ്ങൾ പങ്കെടുത്തിരുന്നു. ആദിവാസി മേഖലകളിലെ പങ്കാളിത്വവും സ്ത്രീകളുടെ സജീവ സാന്നിദ്ധ്യവും ശ്രദ്ധേയമായിരുന്നു. ഗ്രാമസഭകൾക്കിടയിൽ വിവരശേഖരണവും പഠന പര്യടനവും നടന്നു. പുതിയ ഒരുപാട് കാര്യങ്ങൾ പഞ്ചായത്തിനെ കുറിച്ച് അറിയാൻ ഈ പഠനങ്ങൾ സഹായിച്ചു. രണ്ടാംഘട്ട പരിശീലനം 6-11-96 ന് നടന്നു. അതിനുശേഷം വികസന റിപ്പോർട്ടിൻെറ പണി തുടർന്നു.

ഇനിയുള്ള ദിവസങ്ങളിൽ പഞ്ചായത്ത് വികസന സമിതി, പ്രവർത്തക സമിതി, വാർഡ് വികസന സമിതി എന്നിവ നിലവിൽ വരും. അതോടൊപ്പം ഓരോ വില്ലേജിനും തനത് സമിതികളും രൂപീകരിക്കണം. ഏത് ജോലിയും ചെയ്യാൻ സന്നദ്ധരായ ഒരു വിഭാഗം ജനങ്ങൾ പഞ്ചായത്തിൽ ഉണ്ടാവണം. ജനകീയാവശ്യങ്ങൾ പരിഹരിക്കാനുള്ള സാദ്ധ്യതകൾ പരമാവധി നാം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിന് വേണ്ടി നമുക്കൊരുമിച്ച് ഈ പുതിയ വഴി യിലൂടെ സഞ്ചരിക്കാം.

## പൊതുവിതരണം

| | | |
|---|---|---|
| പേര് | - | മുതലമട |
| വില്ലേജുകൾ | - | മുതലമട I |
| | | മുതലമട II |
| ബ്ലോക്ക് | - | കൊല്ലങ്കോട് |
| താലൂക്ക് | - | ചിറ്റൂർ |
| അസംബ്ലി മണ്ഡലം | - | കൊല്ലങ്കോട് |
| വിസ്തീർണ്ണം | - | 66.76 ച.കി.മീ. |
| അതിരുകൾ | - | കിഴക്ക് - തമിഴ്നാട് |
| | | വടക്ക് - പട്ടഞ്ചേരി, വടവന്നൂർ |
| | | തെക്ക് - തെന്മല |
| | | പടിഞ്ഞാറ് - കൊല്ലങ്കോട് |
| ജനസംഖ്യ | - | 33935 |
| പുരുഷൻമാർ | - | 16957 |
| സ്ത്രീകൾ | - | 16978 |
| ജനസാന്ദ്രത | | |
| അക്ഷരാഭ്യാസമുള്ളവർ | - | 62% |
| വാർഡുകൾ | - | 13 |
| പ്രസിഡണ്ട് | - | എ. കണ്ടമുത്തൻ |
| വൈ. പ്രസിഡണ്ട് | - | ആയിഷാ സുലൈമാൻ |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | - | സി. കൃഷ്ണൻ |

## മുതലമടയുടെ ചരിത്രം

മുതലമട, മദിരാശി, സംസ്ഥാനത്തിൻെറ ഭാഗമായിരുന്നു. തനതു ചരിത്രം 200 വർഷങ്ങൾക്കു മുമ്പാണ് ആരംഭിക്കുന്നത്. ടിപ്പുസുൽത്താൻെറ പടയോട്ടകാലം. പാലക്കാട് കോട്ട സ്ഥാപിച്ചതിനു ശേഷം ഇവിടെയും ഒരു കോട്ട സ്ഥാപിച്ചു. തിരിഞ്ഞ് കൊളുമ്പിന് കിഴക്ക് പാറക്കൽ ചള്ളക്ക് പടിഞ്ഞാറ് ഭാഗത്തുമായി ഇടിഞ്ഞു പൊളിഞ്ഞ് കിടക്കുന്ന ഈ കോട്ടയിലെ കല്ലുകൾ പാലക്കാട്ടെ കോട്ടയുടെ അതേ അളവിലും വലിപ്പത്തിലുമാണ്. ഈ കോട്ടയുടെ സംരക്ഷണത്തിന് "12 പഠാണി" കുടുംബങ്ങളെ ഇതിൻെറ പരിസരങ്ങളിൽ താമസിപ്പിച്ചിരുന്നു. ഉറുദു സംസാരിക്കുന്ന ഇവരുടെ സന്തതി പരമ്പരകൾ ഇന്നും മുതലമടയിലെ പല സ്ഥലങ്ങളിൽ കാണാം.

ബ്രിട്ടിഷ് ഭരണകാലത്ത് ഈ കോട്ട കച്ചേരിയായി മാറി. കൊല്ലങ്കോട് രാജാവിൻെറ ഭരണത്തിൻെറ ഒരു കേന്ദ്രമായിരുന്നു ഈ കോട്ട. ഇക്കാലത്താണത്രെ ഈ കോട്ടക്ക് മുതലക്കോട്ട എന്ന പേര് വന്നത്. ഈ പ്രദേശങ്ങളിൽ ചതുപ്പുനിലങ്ങളായിരുന്നു അധികവും. ഇവിടെ പകൽ സമയത്ത് പോലും മുതലകൾ ധാരാളമുണ്ടായിരുന്നതാവാം ഈ പേർ വരാനുണ്ടായ കാരണമെന്ന് പറയപ്പെടുന്നു. പിന്നീട് ഈ പേര് ലോപിച്ച് മുതലമട എന്നായതാവാം. ഈ പ്രദേശങ്ങളിലെ സ്ഥലനാമങ്ങളെല്ലാം തന്നെ ജന്തുനാമങ്ങളുമായി ബന്ധപ്പെട്ടതാണ്. ആനമാറി, കുതിരമൂളി, പോത്തമ്പാടം, നരിപ്പാറചള്ള എന്നിവ ചില ഉദാഹരണങ്ങൾ മാത്രമാണ്.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ തുടക്കം പറയുന്നതിന് മുമ്പ് അന്ന് നിലവിലിരുന്ന സമ്പ്രദായങ്ങൾ അനുസ്മരിക്കാതെ വയ്യ. സവർണ്ണ മേധാവിത്വം മുതലമടയിൽ ശക്തമായിരുന്നു. അവരുടെ ശിങ്കിടികളും ഇത് ശക്തമായി നിലനിർത്താൻ ശ്രമിച്ചു. താഴ്ന്ന ജാതിക്കാരുടെ വിവാഹത്തിന് ധരിച്ചിരുന്ന കറുത്ത വസ്ത്രം, ഹരിജന സ്ത്രീകൾ ധരിക്കുന്ന പിച്ചള വളകൾ, മാറ്മറക്കാൻ പാടില്ലായ്മ, ചായക്കടകളിലെ പ്രത്യേക പാത്രങ്ങൾ എന്നിവ നിർബന്ധമായ രീതികളായിരുന്നു. തൊഴിലാളികളുടെ അടിമത്വം നിലനിന്നിരുന്നു. കുടിവെള്ളം, കുളം, വഴി എന്നിവ വേറെവേറെയായിരുന്നു.

കേരളത്തിൻെറ മറ്റുഭാഗങ്ങളിൽ ശ്രീ നാരായണഗുരു – ചട്ടമ്പിസ്വാമികൾ എന്നിവരുടെ നേതൃത്വത്തിൽ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചപ്പോൾ ഇവിടെയുള്ള വിദ്യാസമ്പന്നർ ഇതിലാകൃഷ്ടരായി. സവർണ്ണ മേധാവിത്വത്തിനെതിരെ ആദ്യമായുണ്ടായ പ്രതിഷേധം 1932ൽ ആയിരുന്നു. ഒരു സവർണ്ണ മേധാവിയുടെ കുട എറിഞ്ഞ് പൊളിച്ചതിലൂടെ നിലവിലുള്ള രീതിയുടെ നേരെയുള്ള പ്രതിഷേധം രേഖപ്പെടുത്തുകയായിരുന്നു. പിന്നീട് പ്രധാനപ്പെട്ട ഒരു സംഭവം 1942 ൽ ആയിരുന്നു. എ. കെ. ഗോപാലൻ നയിച്ച ഒരു ജാഥ പുളിയന്തോണിയിൽ എത്തിയിരുന്നു. ഇതിനോടനുബന്ധിച്ച് സർവ്വ ജാതിക്കാരും പങ്കെടുത്ത പന്തിഭോജനം നടന്നു. ഇതിൽ പാറക്കൽ ചിദംബരമേനോൻ, വിശ്വനാഥമേനോൻ, മായൻ, പി.സി. നാരായണൻ, പി.എൻ.കൃഷ്ണൻ എന്നിവർ പങ്കെടുത്തിരുന്നു. ഇതോടെ ഇവിടുത്തെ ചാർത്തുകുടിയാന്മാരായ കർഷകരിൽ ഒരു വിഭാഗം ഇത്തരം പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പുലർത്തി. മുതലമടയിലെ ആദ്യ എസ്.എൻ.ഡി.പി ശാഖ 1944 ൽ സ്ഥാപിച്ചു. വി ജി. സുകുമാരൻ, രാഘവൻ വക്കീൽ, ഗോപാലൻ വക്കീൽ എന്നിവരായിരുന്നു ഇതിന് നേതൃത്വം നൽകിയവർ. ഇക്കാലത്ത് കേരളത്തിന്റെ മറ്റു പ്രദേശങ്ങളിൽ സജീവമായ സംഘടിത പ്രസ്ഥാനങ്ങൾ ഉയർന്നു വന്നപ്പോൾ വിദ്യാഭ്യാസം കുറവായിട്ടുപോലും മുതലമടയിൽ ഈ ആശയങ്ങൾക്ക് മുളപൊട്ടാൻ കഴിഞ്ഞിരുന്നു എന്ന് പറയാതെ വയ്യ.

ദേശീയ സ്വാതന്ത്ര്യസമരം ഇന്ത്യയിലെങ്ങും ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചപ്പോൾ മുതലമടയിലും ഇതിന്റെ അലയൊലികൾ ഉണ്ടായി. വിദ്യാസമ്പന്നരായ കുടിയാന്മാരിൽ ചിലർ ഒളിഞ്ഞും തെളിഞ്ഞും ഇതിൽ ബന്ധപ്പെട്ടു. സ്വാതന്ത്ര്യ സമരത്തിന്റെ സമരാഗ്നി മുതലമടയിൽ ജ്വലിപ്പിച്ചതിൽ പാറക്കൽ വാസുമേനോനുള്ള പങ്ക് പ്രധാനമാണ്. ഇദ്ദേഹം തന്റെ മുഴുവൻ സമയവും മുതലമടയിലും കൊല്ലങ്കോടുമെല്ലാം ഈ പ്രസ്ഥാനം വളർത്തുന്നതിനുവേണ്ടി സദാ പ്രയത്നിച്ചുപോന്നു. 1942ൽ ഗാന്ധിജിയെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിച്ച് പഴയ അദ്ധ്യാപക നേതാവായിരുന്ന സുകുമാരനുണ്ണി നയിച്ച ജാഥ വന്നിരുന്നു. ഇതിൽ പങ്കെടുത്ത ചെന്താമരാക്ഷൻ, പ്രകാശമേനോൻ, വെള്ളപ്പരാവുത്തർ എന്നിവരെ വിദ്യാലയത്തിൽനിന്ന് ഒരാഴ്ചക്കാലം സസ്പെൻഡ് ചെയ്തിരുന്നു. വിദേശവസ്തുക്കളുടെ ബഹിഷ്കരണം, ഖാദി വസ്ത്രധാരണം, അയിത്തോച്ചാടനം എന്നീ ആശയങ്ങൾ ശക്തമാവുകയും പി.എൻ. കൃഷ്ണനെപ്പോലെയുള്ള വിദ്യാസമ്പന്നർ ഇതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

മുതലമടയിലെ കർഷകരുടെയും തൊഴിലാളികളുടെയും രംഗത്തുനടന്ന മുഴുവൻ പ്രക്ഷോഭങ്ങളും സംഘടിപ്പിച്ചതിന്റെ പിന്നിലെ മുഖ്യ പ്രേരക ശക്തി നാരായണൻകുട്ടിമേനോനായിരുന്നു. ബീഡിത്തൊഴിലാളികളിലാണ് സംഘടനാബോധം ആദ്യം ഊട്ടിയുറപ്പിച്ചത്. ഇവർ കർഷകമേഖലയിലെ പ്രശ്നങ്ങളിലും സേവനവേതനവ്യവസ്ഥകളിലും ശ്രദ്ധ ചെലുത്താൻ തുടങ്ങി. ഈ രംഗത്ത് ഏ.എം. ഇബ്രാഹിം, പി.എ.ഷെയ്ക്ക് മുഹമ്മദ്, എൻ.എ. റഹ്മാൻ, പി.എ. ഷാഹുൽഹമീദ് എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. അന്ന് നിലവിലുണ്ടായിരുന്ന കൂലി പുരുഷന് നാലണയും സ്ത്രീക്ക് 2.5 അണയുമായിരുന്നു. സമൂഹത്തിൽ കർഷകരും, തൊഴിലാളികളും അനുഭവിച്ച യാതനകളും കുറഞ്ഞ കൂലി നിരക്കും തൊഴിലാളികളെ സംഘബോധത്തിലേക്ക് നയിച്ചു.

239

1950 കളിൽ പുതിയ സംഘങ്ങൾ രൂപംകൊള്ളാൻ തുടങ്ങി. പുതിയ പ്രവർത്തകർ മുതലമടയിൽ താവളമടിച്ചു. 1952ൽ ആദ്യമായി തൊഴിലാളികളും കർഷകരും ചേർന്നു കർഷകസംഘം സ്ഥാപിക്കപ്പെട്ടു. മായൻ, പി.സി. നാരായണൻ, മാധവൻ മാസ്റ്റർ എന്നിവരായിരുന്നു സജീവപ്രവർത്തകർ. പിന്നീട് തദ്ദേശീരായ ടി.ചാത്തു, കെ.പി.പള്ളി, പി.സി. പഴണൻ, എം. വാസു, എ.ചെല്ലപ്പൻ എന്നിവർ നേതൃത്വനിരയിലേക്ക് ഉയർന്നുവന്നു. തൊഴിലാളി സംഘടിക്കാൻ തുടങ്ങിയത് പ്രധാനമായും ആർ.കൃഷ്ണൻ ആലത്തൂർ മണ്ഡലത്തിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ചതോടെയാണ്. ജന്മിയുടെ ആജ്ഞയെ ധിക്കരിച്ച് കുടിയാന്റെ കൂളൻകുട്ടിയെ ആട്ടിക്കൊണ്ട് പോയ ജന്മിക്കെതിരെ പൊതുജനങ്ങളുടെ ശക്തമായ ചെറുത്തുനിൽപ് തെളിയിച്ച ആദ്യസംഭവമാണ് കൂളൻകുട്ടി സമരം. നിലവിലുള്ള ജന്മിത്വത്തിന്റെ മർദ്ദനരീതികൾക്കെതിരെ സാധാരണ മനുഷ്യന് പ്രതികരിക്കാൻ കഴിയുമെന്നും അതിനുള്ള ശക്തി സമൂഹത്തിനുണ്ടെന്നും ഇത് തെളിയിച്ചു. തുടർന്ന് നിരവധി സമരങ്ങളിലൂടെയും ചെറുത്ത് നിൽപുകളിലൂടെയും ജനകീയ നിര കെട്ടിപ്പടുക്കാൻ ഈ സംഘടനകൾക്ക് കഴിഞ്ഞു.

മദിരാശി നിയമസഭയിൽ കെ.പി.ആർ. ഗോപാലന്റെ നേതൃത്വത്തിൽ അതിക്രമിച്ചുകയറിയ 40 പേർ പാട്ടം നിജപ്പെടുത്തൽ, കൃഷി, കുടിയിരിപ്പ് സ്ഥിരമാക്കൽ എന്നിവക്ക് വേണ്ടി മുദ്രാവാക്യം മുഴക്കി. തുടർന്ന് രാജാജിയുടെ സർക്കാർ 1954ൽ " മലബാർ ടെന്റൻസി ആക്ട് " പാസാക്കി. ഇതിനെ തുടർന്ന് പാട്ടം നിജപ്പെടുത്തുകയും കുടിയാന്മാരെ സ്ഥിരപ്പെടുത്തുകയും മറ്റും ഉണ്ടായി. കർഷകത്തൊഴിലാളി സംഘടന നിലവിൽവന്നത് 1956 ലാണ്. 1991 മുതൽ 96 വരെ എം.എൽ.എ ആയിരുന്ന ടി. ചാത്തു നേതൃത്വനിരയിൽ സ്ഥിരപ്രതിഷ്ഠ നേടിയത് ഈ കാലഘട്ടത്തിലാണ്. ഇതിനെ തുടർന്ന് 1967 വരെയുള്ള കാലഘട്ടത്തിൽ നിരവധി സമരങ്ങളുണ്ടായി. അതിനനുസരിച്ച് തൊഴിലാളികളുടെ കൂലിയിലും ജീവിത നിലവാരത്തിലും കാര്യമായ മുന്നേറ്റം ഉണ്ടായി.

മുതലമടയിലെ പാട്ടക്കുടിയാന്മാരായിരുന്ന കർഷകർ അനുഭവിച്ച യാതനകൾ വർണ്ണനാതീതമായിരുന്നു. കാലം മുഴുവൻ പാടത്തുംപറമ്പിലും ജോലിചെയ്തുണ്ടാക്കിയ വിളവു മുഴുവൻ പാട്ടം അളന്ന് ഒഴിഞ്ഞ കൈയോടെയും തളർന്ന മനസ്സോടെയും ഈ മണ്ണിൽ പുഴുവിനെപ്പോലെ ജീവിച്ച കർഷകന്റെ ചിരകാലാഭിലാഷമായിരുന്നു ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുക എന്നത്. 1970 ലാണ് കേരളത്തിൽ ഭൂപരിഷ്കരണനിയമം നിലവിൽ വന്നത്. മണ്ണിൽ പണിയെടുക്കുന്നവന് മണ്ണ് സ്വന്തമായി. ഭൂവുടമ സമ്പ്രദായം അടിമുടി മാറി. ഇന്നലെ വരെ ചെളിപുരണ്ട കൈയ്യുമായി കണ്ണീരിൽ കുളിച്ചുനിന്ന കർഷകൻ സന്തോഷവാനായി. ധാരാളം ആളുകൾ പുതിയ ഉടമകളായി മാറി. ജന്മി കുടിയാൻ വ്യവസ്ഥക്ക് വിപ്ലവകരമായ മാറ്റം വന്നു. കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിലും ഗുണപരമായ മാറ്റം വന്നു. മുതലമടയിലാകെ സാമൂഹ്യമായും സാമ്പത്തികമായും പുത്തൻ ഉണർവ് ഇതോടെ നിലവിൽവന്നു. കർഷകനും കർഷകത്തൊഴിലാളിയും കൂടുതൽ സുഖകരമായ ജീവിതം നയിക്കാൻ ഇടവന്നു. ഇതോടെ കേരളത്തിലെ ജനങ്ങളുടെ ഇടയിലുള്ള സാമ്പത്തിക അന്തരം കുറയുകയും വികസനം കുറേയൊക്കെ സന്തുലിതമാവുകയും ചെയ്തു.

വിദ്യാഭ്യാസ കാര്യങ്ങൾ മുതലമടയിൽ ആരംഭിച്ചത് 1910 ലാണ്. അനൗപചാരിക എഴുത്തുപള്ളികളും എഴുത്താശ്ശാന്മാരും ഓലയിലെഴുതി പഠിക്കുന്ന രീതിയും തുടങ്ങിയത് ഇക്കാലത്താണ്. വലിയചള്ള, ആനമാറി, ചേനപ്പന്തോട്ടം, ഗോവിന്ദാപുരം എന്നിവിടങ്ങളിൽ എഴുത്തുപള്ളികളുണ്ടായിരുന്നു. ആദ്യ അനൗപചാരിക സ്ഥാപനം വലിയചള്ളയിലായിരുന്നു. പി. നാഗുമണി മാസ്റ്ററായിരുന്നു മുതലമടയിലെ ആദ്യത്തെ അദ്ധ്യാപകൻ. 1919 ലാണ് ആദ്യമായി ഔപചാരിക വിദ്യാലയം നിലവിൽ വന്നത്. ജി.എൽ.പി.എസ്. മുതലമട എന്ന പേരിൽ നണ്ടൻകിഴായയിലായിരുന്നു ഈ സ്ഥാപനം. തുടർന്ന് കാലഗണനയനുസരിച്ച് കുറ്റിപ്പാടം, ചള്ള, എം.എ.എൽ.പി.എസ് പള്ളം, ആട്ടയാമ്പതി, നാഗർപാടം എ.എൽ.പി.എസ്. പുതൂർ, എ.എൽ.പി.എസ്. ചമ്മണാംപതി, മൂച്ചൻകുണ്ട്, തൂണക്കടവ്, തേക്കടി എന്നീ പ്രാഥമിക വിദ്യാലയങ്ങൾ നിലവിൽ വന്നു. പിന്നീട് എ.എൽ.പി.എസ്.ചമ്മണാംപതി സാങ്കേതിക കാരണങ്ങളാൽ നിന്നുപോയി. ഈ പഞ്ചായത്തിലെ ഏക യു.പി.എസ് നണ്ടൻകിഴായയിൽ സ്വകാര്യമേഖലയിലാണ്.

1957 ലായിരുന്നു മുതലമട ഹൈസ്കൂൾ നിലവിൽവന്നത്. ഇതോടെ ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായി. ഇതുമൂലം ധാരാളം കുട്ടികൾ പഠിക്കാൻ തുടങ്ങി. സ്ഥലം എം.എൽ.എയും നാട്ടുകാരും ശക്തമായി

പ്രവർത്തിച്ചതിന്റെ ഫലമായി 1957ലെ സർക്കാരിന് ഹൈസ്കൂൾ അനുവദിക്കേണ്ടിവന്നു. ഇതിനെതുടർന്ന് മുതലമട വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടം തന്നെ നടത്തി. ദശാബ്ദങ്ങളായി വിദ്യയുടെ വെളിച്ചം നിഷേധിച്ചിരുന്ന കുഗ്രാമങ്ങളിൽനിന്ന് ബിരുദധാരികളും ഡോക്ടർമാരും എഞ്ചിനീയർമാരും ഉണ്ടായി. ഇപ്പോൾ മുതലമടയിലെ ഏറ്റവും വലിയ പ്രശ്നം ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. തൊഴിലധിഷ്ഠിതമായ സാങ്കേതിക സ്ഥാപനങ്ങളും മറ്റ് ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

ആദ്യമായി പഞ്ചായത്ത് രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടന്നത് 1954ലായിരുന്നു. കൈപൊക്കി വോട്ട് ചെയ്യലായിരുന്നു രീതി. ആദ്യപ്രസിഡണ്ട് പി.നാഗുമണി മാസ്റ്ററായിരുന്നു. എൻ.എസ്. വെള്ളപ്പറാവുത്തർ, എൻ.സി. നാരായണപ്പണിക്കർ, ഇ.എം. പങ്ങുണ്ണി, കെ.പി.പള്ളി, കെ.ഹനീഫറാവുത്തർ, എ.വാസു, എ.സി. കിട്ടു, ടി.ചാത്തു, പി. കാളിയപ്പകൗണ്ടർ, എം. വീരൻ, കെ. മയിൽ സ്വാമി കൗണ്ടർ, എം. സുബ്ബയകൗണ്ടർ, ആർ. ആറാവു എന്നിവരായിരുന്നു മെമ്പർമാർ. 22,163 മുതൽ ഭരണസമിതിയില്ലാതായി സ്പെഷ്യൽ ഓഫീസർ നിയമിക്കപ്പെട്ടു.

17.12.1963ൽ എൻ.എ. അസ്സൻമുഹമ്മദ് റാവുത്തരുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി നിലവിൽവന്നു. പി.വി.ജോൺ, സി.മാരൻമേസ്ത്രി, കെ.അപ്പുക്കുട്ടൻ, പി.കെ.തിരുമലചെട്ടി, എ. വീരപ്പൻചെട്ടി, ടി.കണ്ടു, കെ. വാസു, കെ.പി. പള്ളി, എ. തങ്കവേലു എന്നിവരായിരുന്നു മെമ്പർമാർ. ആദ്യ വനിതാമെമ്പറായി വി.എ. പാറുക്കുട്ടിയെ നാമനിർദ്ദേശം ചെയ്തു. 23,44ന് പ്രസിഡണ്ട് നിര്യാതനായി. കെ.പി. പള്ളി താൽക്കാലിക പ്രസിഡണ്ടായി. 10.7.75ന് നടന്ന തിരഞ്ഞെടുപ്പിൽ പി.കെ. തിരുമല സ്വാമി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1979 ടി. ചാത്തു പ്രസിഡണ്ടായി. എൻ.എ. മുഹമ്മദ് യൂസഫ്, പി.കെ. ജയരാജ്, കെ. വേലുസ്വാമി, എം. ശ്രീധരൻ, ടി. സരോജിനി, അപ്പാപയ്യൻ, എം. ബാലഗുരുസ്വാമി, എ. കണ്ടമുത്തൻ, എസ്. വേലുസ്വാമി, ഇ.പി. ചെന്താമരാക്ഷൻ എന്നിവരുടെ ഭരണം 27984 വരെയായിരുന്നു. 22.10.84 മുതൽ 28.1.88 വരെ സ്പെഷ്യൽ ഓഫീസറായിരുന്നു ഭരണം നടത്തിയിരുന്നത്.

29.1.88 ന് കെ. വാസു പ്രസിഡണ്ടായി പുതിയ ഭരണസമിതി നിലവിൽ വന്നു. മനോൻമണി ഗംഗാധരൻ, കെ.പി. നാഗരാജൻ, കെ.വി. ദൊരസ്വാമി, ശൈലജഗംഗാധരൻ, എ. വാസു, പി.എം.അബ്ദുൾ അസീസ്, കെ.കെ. രാമദാസ്, കെ. സേതു, എസ്. വേലുസ്വാമി, ബാലഗുരുസ്വാമി, എം. ശ്രീധരൻ എന്നിവരടങ്ങിയ സമിതിയെ 10.2.94ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാക്കി.

23.9.95ന് പഞ്ചായത്ത്രാജ് നിയമമനുസരിച്ചുള്ള ഇലക്ഷൻ നടന്നു. എ. കണ്ടമുത്തന്റെ നേതൃത്വത്തിൽ 13 അംഗ ഭരണസമിതി നിലവിൽവന്നു. സി. കൃഷ്ണൻ, എ. ബദറുന്നീസ, എൻ.കെ. ഷാഹുൽഹമീദ്, ആയിഷ സുലൈമാൻ, എം. മുഹമ്മദ് ബഷീർ, വി.സി. പ്രേമ, പി. ഗംഗാധരൻ, എ. ദേവി, ആർ. രാജാറാം, കെ. ഭാഗ്യം എസ്.വി. ശെൽവൻ, എം. ശ്രീധരൻ എന്നിവരടങ്ങിയ സമിതിയാണ് ഇപ്പോൾ ഭരണം നടത്തിവരുന്നത്.

ആദ്യത്തെ പഞ്ചായത്ത് ഓഫീസ് കാമ്പ്രത്ത്ചള്ളയിലായിരുന്നു. 1969 ലാണ് ഇന്നത്തെ ഓഫീസ് നിലവിൽവന്നത്. കണ്ടുവപ്പൻ സംഭാവനയായി നൽകിയ സ്ഥലത്ത് സർക്കാർ കെട്ടിടം നിർമ്മിച്ചു. 23.6.69ന് അന്നത്തെ പഞ്ചായത്ത് മന്ത്രി അവുക്കാദർക്കുട്ടി നഹയാണ് ഇന്നത്തെ ഓഫീസ് ഉത്ഘാടനം ചെയ്തത്. തുടർന്ന് വന്ന കാലങ്ങളിൽ ലൈബ്രറി, കമ്മ്യൂണിറ്റിഹാൾ എന്നിങ്ങനെ പഞ്ചായത്ത്വക സ്ഥാപനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ ചരിത്രം പൂർത്തിയാക്കുന്നതിന്നുമുമ്പ് ഇവിടെ കുറച്ചുകാലങ്ങൾക്കുമുമ്പ് സംഭവിച്ച ദുരന്തത്തെപ്പറ്റി പറയാതെ വയ്യ. 1977 ലെ തുലാവർഷക്കാലത്ത് തെന്മലയുടെ താഴ്വരയിൽ മൊണ്ടിപ്പതി, ചേപ്പക്കാടിലുമുണ്ടായ ഉരുൾപൊട്ടൽ മുതലമടയിലെന്നല്ല കേരളം മുഴുവൻ ദു:ഖത്തിലാണ്ട സംഭവമാണ്. ഇതിൽ 33 പേരാണ് മരിച്ചത്. ചുള്ളിയാർ ഡാമിലേക്ക് ഒലിച്ചുവന്ന വന്യമൃഗങ്ങളും പശുക്കളുമെല്ലാം ഏറെയാണ്. ഇവിടത്തുകാരുടെ ഓർമ്മയിൽ ഇന്നും പേടിപ്പെടുത്തുന്ന സംഭവമായി ഇത് വളരെക്കാലം നിൽക്കുമെന്ന് തീർച്ചയാണ്. വനമേഖലയിലുണ്ടായ നശീകരണപ്രവർത്തനങ്ങളാണ് ഈ അപകടത്തിന് വഴിതെളിയിച്ചത്.

241

# ഭൂപ്രകൃതി

പാലക്കാട് ചുരത്തിൽ തെക്കു കിഴക്കുഭാഗത്തായി തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്താണ് മുതലമട. ദശാബ്ദങ്ങൾക്കുമുമ്പ് ഈ പഞ്ചായത്തിന്റെ മുക്കാൽഭാഗവും വനപ്രദേശമായിരുന്നുവത്രെ. പഞ്ചായത്തിന്റെ തെക്കുഭാഗം മുഴുവനുമായി കാണുന്ന മലനിര വനപ്രദേശമാണ്. ലോകപ്രസിദ്ധമായ പറമ്പിക്കുളം വന്യമൃഗസംരക്ഷണകേന്ദ്രം ഈ പഞ്ചായത്തിലാണ്. ഈ വനപ്രദേശത്ത് ആന, കടുവ, പുലി, കരടി, കാട്ടുപോത്ത്, വിവിധയിനം മാനുകൾ എന്നിവയുണ്ട്. മറ്റെങ്ങും കാണാൻ കഴിയാത്ത അപൂർവ്വയിനം പക്ഷികൾ ഇവിടെ കാണപ്പെടുന്നു. സുപ്രസിദ്ധ പക്ഷിശാസ്ത്രജ്ഞനായിരുന്ന ഡോ : സലിംഅലി പല പ്രവശ്യം നിരീക്ഷണത്തിനുപയോഗിച്ച പക്ഷിസങ്കേതം കൂടിയാണിത്. ഏഷ്യയിലെ ഏറ്റവും വലുത് എന്നറിയപ്പെടുന്ന കന്നിമാരി തേക്ക് ഇവിടെയാണ്.

പഞ്ചായത്തിന്റെ തെക്ക് തെന്മലയും കിഴക്ക് തമിഴ്നാടും വടക്ക് പട്ടഞ്ചേരി, വടവന്നൂർ പഞ്ചായത്തുകളും പടിഞ്ഞാറ് കൊല്ലങ്കോട് പഞ്ചായത്തും സ്ഥിതിചെയ്യുന്നു. മൊത്തം വിസ്തീർണ്ണം 66.76 ച.കി.മീ. ആണ്.

ഭൂപ്രകൃതിയനുസരിച്ച് മുതലമടയെ നാലുമേഖലകളായി തിരിക്കാം
1. മലപ്രദേശം 2. താഴ്വാരം 3. കുന്നിൻപ്രദേശം 4. സമതലം.

പഞ്ചായത്തിന്റെ തെക്കുഭാഗത്തായി നീണ്ടുകിടക്കുന്ന, തെന്മല നിര പശ്ചിമഘട്ടത്തിന്റെ ഭാഗമാണ്. അതിനു താഴെയായി സ്ഥിതിചെയ്യുന്ന താഴ്വാരം പഞ്ചായത്തിന്റെ വടക്കുഭാഗത്തായി സമതലപ്രദേശം സ്ഥിതിചെയ്യുന്നു. സമതലത്തിനും താഴ്വാരത്തിനും ഇടയിലാണ് കുന്നിൻപ്രദേശം. അത് കിഴക്കുപടിഞ്ഞാറ് ഒരു നിരയായി കാണപ്പെടുന്നു.

ഫോറസ്റ്റ് സോയിൽ, ഏക്കൽകലർന്ന കരിമണ്ണ്, ചെമ്മണ്ണ്, ചുക്കാൻമണ്ണ് ( പ്രധാനമായും ക്ഷാരഗുണമുള്ള മണ്ണ് ) എന്നിവയാണ് പ്രധാനമണ്ണിനങ്ങൾ.

## ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം മുതലമടയിലെ ആകെ ജനസംഖ്യ 33935 ആണ്. ഇതിൽ 16957 പുരുഷന്മാരും 16978 സ്ത്രീകളുമാണ്. ആകെ 6725 വീടുകൾ ഉണ്ട്. ശരാശരി വീടൊന്നിന് 5 ആളുകളുമുണ്ട്. ജനസാന്ദ്രത ആണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 5902 ആണ്. ഇതിൽ 2901 പുരുഷന്മാരും 3801 സ്ത്രീകളുമാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 2399 പേരുണ്ട്. ഇതിൽ 1201 പേർ പുരുഷന്മാരും 1198 സ്ത്രീകളുമാണ്. പഞ്ചായത്തിലെ സാക്ഷരത 62.5% ആണ്. പുരുഷന്മാരുടെ സാക്ഷരത 70.35% . 20 സ്ത്രീകളുടെ സാക്ഷരത 54.73% ആണ്. വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്ത് പിന്നോക്കാവസ്ഥയാണ്.

രണ്ടായിരമാണ്ടിൽ ആകെ ജനസംഖ്യ 38250 ആകും എന്നുകരുതുന്നു. തൊഴിലില്ലായ്മ പഞ്ചായത്തിലനുഭവപ്പെടുന്ന ഒരു പ്രധാന പ്രശ്നമാണ്. കാർഷികമേഖലയിലെ തൊഴിലാളികൾ മറ്റുമേഖലകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതായി കാണപ്പെടുന്നു. ഇത് ഈ മേഖലയെ വളരെ തളർത്തുന്ന ഒരു പ്രശ്നമാണ്.

മലയാളം, തമിഴ് എന്നിവയാണ് മുഖ്യഭാഷകൾ. കൂടാതെ തെലുങ്കു സംസാരിക്കുന്ന ന്യൂനപക്ഷക്കാരും ഉണ്ട്. അതിലുപരി ലിപികളില്ലാത്ത ഭാഷകൾ സംസാരിക്കുന്ന പട്ടികവർഗ്ഗം പട്ടികജാതി മറ്റു പിന്നോക്ക

242

സമുദായക്കാരും ഈ പഞ്ചായത്തിലുണ്ട്. കിഴക്കൻഭാഗത്തുള്ളവരിൽ അധികം പേരും തമിഴ് സംസ്കാരവുമായി ബന്ധപ്പെട്ടവരാണ.

## ജലപ്രകൃതി

ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചിരിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. അന്തർസംസ്ഥാന നദീജല പദ്ധതിയായ പറമ്പിക്കുളം ആളിയാർ ചുള്ളിയാർ മീങ്കര എന്നീ അണക്കെട്ടുകളും ഈ പഞ്ചായത്തിലാണ്. ചെറുതും വലുതുമായ 150 ഓളം കുളങ്ങളും 3 കിലോമീറ്റർ മുതൽ 100 മീറ്റർ വരെയുള്ള തോടുകളും ഈ പഞ്ചായത്തിലുണ്ട്. 12 ഏക്കറോളം വിസ്തീർണ്ണമുള്ള കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. മഴക്കാലത്ത് ശക്തമായും വേലൽക്കാലത്ത് വറ്റാതെയും ഒഴുകിക്കൊണ്ടിരിക്കുന്ന പലകപ്പാണ്ടി വെള്ളച്ചാട്ടം ഈ പഞ്ചായത്തിലെ തെന്മലയിലെ ഒരു മനോഹരദൃശ്യം കൂടിയാണ്. കൂടാതെ നിരവധി വെള്ളച്ചാട്ടങ്ങൾ മഴക്കാലത്ത് തെന്മലയിൽ കാണാവുന്നതാണ്. മണിയാർപതി, ചപ്പക്കാട് എന്നിവിടങ്ങളിലേക്ക് ഒഴുകി എത്തുന്ന നാഗർഊറ്റ് ഒരിക്കലും വറ്റാത്ത ജലസ്രോതസ്സാണ്. കരടിക്കുന്നിന്റെ കിഴക്ക് ഭാഗത്തുകാണപ്പെടുന്ന വറ്റാത്ത ഉറവയും നാഗർഊറ്റ് എന്നുതന്നെ അറിയപ്പെടുന്നു. ചുള്ളിയാരിൽ വന്ന് പതിക്കുന്ന നീലംകാച്ചിപ്പുഴയും തെന്മലയിൽനിന്ന് ഉൽഭവിച്ച് കൊല്ലങ്കോട്ടേക്ക് ഒഴുകുന്ന ചുക്കരിയാറും പഞ്ചായത്തിന്റെ വിരിമാറിലൊഴുകുന്ന ഗായത്രി പുഴയുമാണ് ഈ പഞ്ചായത്തിലെ പ്രധാന പുഴകൾ. ഭൂഗർഭജലത്തിന്റെ അളവ് ഈ പഞ്ചായത്തിൽ വ്യത്യസ്ഥപ്പെട്ട അളവിൽ കണ്ടുവരുന്നു. ചമ്മണാംപതി, മൂച്ചൻകുണ്ട് നീളിപ്പാറ, ഗോവിന്ദാപുരം, മാമരത്ത് കോളനി എന്നിവിടങ്ങളിൽ ജലപീഠം വളരെ താഴെയാണ്.

കുടിവെള്ളത്തിനായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളിലെ ജലത്തെയാണ്. ഭൂരിഭാഗം സ്ഥലങ്ങളിൽ ക്ഷാരഗുണമുള്ള ജലമാണ് കിണറുകളിൽനിന്ന് ലഭിക്കുന്നത്. മിക്കകിണറുകളും വേനലിൽ വറ്റിപ്പോകുന്ന അവസ്ഥയും നിലനിൽക്കുന്നു. മഴയുടെ ലഭ്യത കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

### ലഭിക്കുന്ന മഴയുടെ ശരാശരി അളവ്

| മാസം | മഴ മി..മീറ്ററിൽ |
|---|---|
| ജനുവരി | 16 |
| ഫെബ്രുവരി | 18 |
| മാർച്ച് | – |
| ഏപ്രിൽ | 88.2 |
| മെയ് | 46.2. |
| ജൂൺ | 520.15 |
| ജൂലൈ | 718.0 |
| ആഗസ്റ്റ് | 204.5 |
| സെപ്തംബർ | 230.3 |
| ഒക്ടോബർ | 292.5 |
| നവംബർ | 135.1 |
| ഡിസംബർ | – |

2269.0

243

# കൃഷിയും ജലസേചനവും

" സ്വന്തം നെറ്റി വിയർത്തിട്ടാണ് ഓരോരുത്തരും
ജീവിക്കുന്നതെങ്കിലും ഭൂലോകം സ്വർഗ്ഗമാവില്ല "

നൂറ്റാണ്ടുകൾക്ക് മുമ്പ് കാട്ടുകിഴങ്ങുകളും പഴവർഗ്ഗങ്ങളും അന്വേഷിച്ച് തിന്ന് ജീവിച്ച മനുഷ്യൻ തന്റെ ജീവിതചരിത്രത്തിൽ നേടിയ ഒരു വിജയമാണ് കൃഷി. കൂട്ടായി ജീവിക്കുക എന്ന സമൂഹചിന്ത വന്നപ്പോൾ അവൻ കാട്ടിലേക്ക് കയറി ആഹാരം തേടുന്ന പ്രാകൃത രീതി ഉപേക്ഷിച്ചു. സ്വന്തം മാളത്തിന്നടുത്തുനിന്ന് ബാക്കിവന്ന പഴവർഗ്ഗങ്ങൾ ഉപേക്ഷിച്ചപ്പോൾ പിന്നീട് അവ മുളച്ച് മരമാവുകയും പഴങ്ങളുണ്ടാവുകയും ചെയ്തപ്പോഴാവാം പ്രകൃതമനുഷ്യനിൽ കൃഷി എന്ന ആശയം മുളപൊട്ടിയത്. ചരിത്ര മുഹൂർത്തങ്ങളിലൂടെ കടന്നുവന്ന ഈ രീതി ഇന്ന് " ടിഷ്യുകൾചർ " വരെ എത്തി നിൽക്കുകയാണ്.

മുതലമട തികച്ചും ഒരു കാർഷിക ഗ്രാമമാണ്. മുൻകാലങ്ങളിൽ ഇവിടത്തെ പ്രധാനകൃഷികൾ നെല്ല്, ചോളം, തിന, കോറ, കരിമ്പ്, തോണ്ടപയർവർഗ്ഗങ്ങൾ, നിലക്കടല എന്നിവയായിരുന്നു. ക്രമേണ നിലക്കടല കൂടുകയും ധാന്യവിളകൾ കുറയുകയും ചെയ്തുവരികയാണ്. നിലക്കടലയുടെ വില കൂടുകയും കർഷകത്തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്തപ്പോൾ ധാന്യവിളകൾ കൂടി പറമ്പ് കൃഷിയിൽ രണ്ടാം വിളയിൽ പരുത്തിയും വ്യാപകമായിരുന്നു.

ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയെ നാലായിതിരിക്കാം. മലമ്പ്രദേശം തെക്ക് ഭാഗവും അതിനു താഴെ താഴ്വാരവും കുന്നിൻപ്രദേശങ്ങളും സമതലങ്ങളുമാണ്. സമതലങ്ങൾ മുഴുവൻ നെല്ല്, കടല, തെങ്ങ്, മാവ് എന്നിവ കൃഷി ചെയ്തുവരുന്നു. മലമ്പ്രദേശങ്ങളിലും താഴ്വരകളിലും തെങ്ങും മാവുകളുമാണ് കൃഷി ചെയ്യുന്നത്. ഈ പ്രദേശങ്ങളിൽ തിരുവിതാംകൂറിൽനിന്ന്‌വന്ന കുടിയേറ്റ കർഷകർ കൂട്ടമായി റബ്ബർകൃഷി പരിശോധിച്ചെങ്കിലും മണ്ണ്, കാലാവസ്ഥ എന്നിവ യോജിക്കാത്തതുകൊണ്ട് ഉപേക്ഷിച്ചു. ഇവിടത്തെ ഭൂമിയിലധികവും വെങ്ങുനാട് കോവിലകം, ഗുരുവായൂർ ദേവസ്വം, സാമൂതിരികോവിലകം വകയായിരുന്നു. " വള്ളം " എന്ന ഒരു നാട്ടുകണക്ക് വിസ്തീർണ്ണത്തിൽ നിലവിലുണ്ടായിരുന്നു. നാലേക്കർ ഭൂമിയാണ് ഒരു"വള്ള"മെന്നു കണക്കാക്കിയിരുന്നത്. രണ്ട് രൂപ വള്ളവരിയായിരുന്നു നികുതി. പന്ത്രണ്ടുവർഷത്തിലൊരിക്കൽ പൊളിച്ചെഴുത്ത് എന്ന ഒരു രീതിയും പറമ്പ്കൃഷിയിൽ നിലനിന്നിരുന്നു. നെൽകൃഷി മുഴുവൻ പാട്ടകൃഷിയായിരുന്നു. പാട്ടം അടക്കാത്തവരെയും ഭൂഉടമകളെ ധിക്കരിച്ചവരെയു് ഉടൻ ഒഴിവാക്കിയിരുന്നു. പറമ്പ്കൃഷി അധികവും തമിഴ്നാട്ടിൽനിന്നുള്ള വൻകിട കർഷകരായിരുന്നു നടത്തിയിരുന്നത്.

## വിളക്രമം-കാർഷികമുറകൾ

ഒന്നാം വിളയായി നിലക്കടലയും രണ്ടാംവിളയായി പരുത്തിയും കൃഷിചെയ്തിരുന്നു. കോറ, ചാമ, കുതിരവാലി എന്നിവ രണ്ട് വിളകളിലും ഇടകലർത്തി കൃഷിചെയ്തിരുന്നു. വിഷു കഴിഞ്ഞ ഉടനെ ഒന്നാം വിള പണിതുടങ്ങിയിരുന്നു രണ്ടാംവിള ഓണത്തിന്ന് ശേഷമായിരുന്നു. ചിറ്റനി, മട്ട, പൂച്ചെമ്പാൻ, ചെങ്കഴമ, പാപ്പാർമണിയാർ, ആനക്കൊമ്പൻ എന്നിവയായിരുന്നു പ്രധാനനെൽവിത്തുകൾ. കൃഷിനാശം വരുത്തുന്ന പന്നി, പോത്ത് മുതലായ മൃഗങ്ങളെ ഓടിക്കാൻ പറ്റിയ മുണ്ടംപുള്ളി എന്ന ഒരു ഓവുകളുള്ള നെൽവിത്ത് മലയോരങ്ങളിൽ കൃഷിചെയ്തിരുന്നു. ഇതിന്റെ കതിർ മുള്ളൻപന്നിയുടെ മുള്ളുപോലെ നിൽക്കുന്നതിനാൽ മൃഗങ്ങൾ നശിപ്പിച്ചിരുന്നില്ല. ഔഷധഗുണമുള്ള " നവരനെല്ല് " ഇവിടങ്ങളിൽ കൃഷിചെയ്തിരുന്നു. കാലിവളം മാത്രമുപയോഗിച്ചായിരുന്നു കൃഷി ചെയ്തിരുന്നത്.

244

കേരളപ്പിറവിക്കുശേഷം ഈ പഞ്ചായത്തിൽ രണ്ട് ഡാമുകളുണ്ടായി. തന്മൂലം വിളവിലും വിസ്തീർണ്ണത്തിലും ഗുണപരമായ മാറ്റമുണ്ടായി. പുതിയതരം നെൽവിത്തുകളും രാസവളങ്ങളും കാർഷികമേഖലയിൽ ഒരു മുന്നേറ്റത്തിന് വഴിയൊരുക്കി. ഭൂവുടമ സമ്പ്രദായത്തിൽ 1970 നുശേഷം ഭൂപരിഷ്കരണ നിയമം നിലവിൽവന്നപ്പോൾ വിപ്ലവകരമായ മാറ്റമുണ്ടായി. ഇതോടെ കർഷകരെല്ലാം ഭൂവുടമകളായി മാറി. ക്രയവിക്രയ സ്വാതന്ത്ര്യം വർദ്ധിച്ചു. പുതിയ സാമൂഹ്യമാറ്റങ്ങൾ ജീവിതരീതികളിലും സാമ്പത്തികനിലയിലും സമൂലമാറ്റങ്ങൾ വരുത്തി. കൃഷിരീതിയിലും വിളക്രമത്തിലും ആധുനിക രീതികൾ കർഷകൻ സ്വായത്തമാക്കി. അതുമൂലം വിവിധഇനത്തിലും ഇടവിളകൾ കൃഷിചെയ്യാൻ തുടങ്ങി. കശുമാവ്, മാവ്, ഇഞ്ചി എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

പട്ടിക 1

വിളവ് - വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല് | 1684.85 ഹെക്ടർ |
| 2. | പയർ | 265 ,, |
| 3. | എള്ള് | 5 ,, |
| 4. | പച്ചക്കറികൾ | 50 ,, |
| 5. | തെങ്ങ് | 750 ,, |
| 6. | മരച്ചീനി | 75 ,, |
| 7. | വാഴ | 76 ,, |
| 8. | കുരുമുളക് | 25 ,, |
| 9. | പ്ലാവ് | 5 ,, |
| 10. | കശുമാവ് | 200 ,, |
| 11. | മാവ് | 500 ,, |
| 12. | കവുങ്ങ് | 20 ,, |
| 13. | ഇഞ്ചി | 25 ,, |
| 14. | മഞ്ഞൾ | 45 ,, |
| 15. | പരുത്തി | 95 ,, |
| 16. | മൾബറി | 10 ,, |
| 17. | കരിമ്പ് | 50 ,, |
| 18. | നിലക്കടല | 300 ,, |

245

പട്ടിക 1

## ഭൂവിവരം

| നമ്പർ | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1. | നിലം | 1330.0429 ഹെക്ടർ |
| 2. | പുരയിടം | 5010.7757 ,, |
| 3. | പുറമ്പോക്ക് | 857.3723 ,, |
| 4. | തരിശ് | ഇല്ല |

നെൽകൃഷി ലാഭകരമല്ലാതായതോടുകൂടി കർഷകർ പാടങ്ങളിൽ മറ്റു കൃഷികൾക്ക് ഉപയോഗിക്കാൻ തുടങ്ങി. ഇഞ്ചി, വാഴ എന്നിവയും കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്. കർഷകർ തൊഴിലാളികളുടെ പുതിയതലമുറ ഈ തൊഴിലുകളിൽനിന്ന് വിട്ടുനിൽക്കുകയാണ്. തെങ്ങ്കൃഷി കൂടിവരുന്നതും കെട്ടിടംപണിക്ക്വേണ്ടി ഉപയോഗിക്കുന്നതിനാലും നെൽകൃഷി രംഗത്ത് പ്രശ്നമുണ്ട്. മാവ്കൃഷി ഈ പഞ്ചായത്തിൽ വ്യാപകമായി തുടങ്ങിയിട്ടുണ്ട്. അധികം താമസിയാതെ മുഴുവൻ പറമ്പുകളും മാവ്കൃഷിയായി മാറും. കൃഷിയുടെ കാര്യത്തിൽ പുതിയതലമുറ ലാഭാധിഷ്ഠിതമായ ഒരുമനോഭാവം പുലർത്തിവരുന്നു എന്ന കാര്യത്തിൽ സംശയമില്ല. കാർഷിക രംഗത്തെ മനുഷ്യപ്രയത്നം കുറഞ്ഞുവരികയും യാന്ത്രിക കൂടിവരികയുമാണ്. കാളപ്പൂട്ട് എന്ന പഴയ കർഷകസങ്കൽപം തീർത്തും മറയാൻ അധികം താമസമില്ല. കന്നുകാലികളില്ലാതായതോടുകൂടി ജൈവവളം ഇല്ലാതായി. ഇതുമൂലം കൂടുതൽ രാസവളങ്ങൾ ഉപയോഗിക്കേണ്ടിവരുന്നു. ഇത് ഭൂമിയുടെ വളക്കൂറ് നഷ്ടപ്പെടാൻ കാരണമായിട്ടുണ്ട്. ഉൽപാദനക്ഷമത നെൽകൃഷിയിൽ കുറഞ്ഞുവരുന്നുണ്ട്. കിണറുപയോഗിച്ച് കൂടുതൽ ഭൂമി നെൽകൃഷി ചെയ്യുന്നുണ്ട്.

## നെൽകൃഷി പട്ടിക

| | | |
|---|---|---|
| ഒന്നാം വിള | : | 1684.85 ഹെക്ടർ |
| രണ്ടാം വിള | : | 1436.43 ഹെക്ടർ |

ഈ പഞ്ചായത്തിലുപയോഗിക്കുന്ന വിത്തുകൾ മുഴുവനും സങ്കരയിനമാണ്. അവയുടെ ഉൽപാദനക്ഷമത ഹെക്ടറിന് 3600 കി.ഗ്രാം ആണ്. ഇത് ക്രമമായി കുറഞ്ഞു വരികയാണ്. 5 വർഷം മുമ്പ് 4000 കി.ഗ്രാം വരെ വിളവ് ലഭിച്ചിരുന്നതാണ്. കർഷകർ കൃഷിഭവനിൽനിന്ന് കിട്ടുന്ന വിത്തുകൾ ഉപയോഗിക്കാൻ ശ്രമിക്കുന്നുണ്ട്. നടീൽവസ്തുക്കളുടെ വിതരണം കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

1993–94ൽ വിതരണം ചെയ്തനെൽവിത്തിന്റെ അളവ് 3000 കി.ഗ്രാം ആണെങ്കിൽ 95–96 വർഷത്തിൽ 4180 കി.ഗ്രാം ആയിട്ടുണ്ട്. മാവിൻതൈ വിതരണത്തിൽ ഇത് പ്രത്യക്ഷമായി കാണാം. 93–94ൽ 230 ആണെങ്കിൽ

95-96ൽ 13750 ആണ്. എന്നാൽ തെങ്ങിൻതൈ വിതരണം പര്യാപ്തമല്ല.

## വളം

സഹകരണമേഖലയിൽനിന്നും സ്വകാര്യമേഖലയിൽ രണ്ടുവളം വിൽപനകേന്ദ്രങ്ങൾ ഉണ്ട്. ഇവിടെ രാസവളങ്ങൾ 90% ഉം ഉപയോഗിക്കുന്നുണ്ട്. ജൈവവളം വളരെ കുറവായിട്ടാണ് ഉപയോഗിക്കുന്നത്. വളപ്രയോഗം നടത്തുന്നത് ശാസ്ത്രീയമായിട്ടല്ല. മണ്ണ് പരിശോധന ഫലപ്രദമായി ചെയ്യുകയും വളപ്രയോഗത്തിൽ ശാസ്ത്രീയ ഉപദേശം നൽകുകയും ചെയ്യണം. നെല്ല്, കടല, പച്ചക്കറികൾ എന്നിവയിലും മാവിലും വ്യാപകമായ കീടനാശിനിപ്രയോഗം നടത്തുന്നുണ്ട്. ഇതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നിരവധിയാണ്. തവള, ഞെണ്ട് മിത്രകീടങ്ങൾ എന്നിവയുടെ വിനാശവും പ്രകൃതിയുടെ സന്തുലിതാവസ്ഥയും തകരാറിലാക്കിയിട്ടുണ്ട്.

## കാർഷികോപകരണങ്ങൾ

പാടശേഖരക്കമ്മിറ്റികൾ വഴി പലതരം കാർഷികഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ട്രാക്ടർ അഞ്ചെണ്ണവും ട്രില്ലർ നാലെണ്ണവും സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇവ പാടശേഖരങ്ങളിൽ മുഴുവൻ കർഷകർക്കും ഉപയോഗിക്കാൻ പറ്റിയ വിധത്തിൽ ലഭിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്. പാടശേഖരസമിതികൾ ഈ പഞ്ചായത്തിലും സജീവമായിട്ടുണ്ടെങ്കിലും കേരകർഷകസമിതികളും മാവ് സമിതികളും നിലവിൽ വരണം. പാടശേഖര സമിതികളുടെ പ്രവർത്തനം ജനകീയ പങ്കാളിത്തത്തോടെ പുനരവലോകനം ചെയ്യണം.

### 8 ാം പഞ്ചവൽസര പദ്ധതി കാലത്ത് മുതലമട കൃഷിഭവൻ വഴി കർഷകർക്ക് ലഭ്യമാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

| ക്രമനമ്പർ | ഇനം | ചെലവാക്കിയരൂപ |
|---|---|---|
| 1. | നെൽകൃഷി | 2496518 |
| 2. | ഗ്രൂപ്പ് ഫാമിംഗ് പദ്ധതി | 952552 |
| 3. | കോക്കനട്ട് ഗ്രൂപ്പ് മാനേജ്മെന്റ് | 12375 |
| 4. | സമഗ്ര നാളികേര വികസനം | 392500 |
| 5. | സീഡ് പ്രോഗ്രാം | 40000 |
| 6. | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 91700 |
| 7. | പച്ചിലവള വികസന പരിപാടി | 63800 |
| 8. | സമഗ്ര കശുമാവ്വികസനം | 6160 |
| 9. | സുഗന്ധവിള വികസനം | |
| 10 | പയറുവർഗ്ഗ വികസനം | 5850 |

8 ാം പഞ്ചവൽസര പദ്ധതി കാലത്ത് മുതലമട കൃഷിഭവൻ വഴി കർഷകർക്ക് ലഭ്യമാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

| ക്രമനമ്പർ | ഇനം | ചെലവാക്കിയരൂപ |
|---|---|---|
| 11. | എസ്.സി.പി പദ്ധതി | 237326 |
| 12. | ഐ.എച്ച്.ഡി.പി. കോളനി | 10000 |
| 13. | ടി.എസ്.പി. പദ്ധതി | 5025 |
| 14. | സംയോജിത നെൽകൃഷി വികസന പദ്ധതി | 384015 |
| 15. | പയറുവർഗ്ഗ വികസനം | - |
| 16. | പച്ചക്കറി കിറ്റ് | 543 |
| 17. | ഇഞ്ചികൃഷി വികസനം | - |
| 18. | ഊർജ്ജിത കടലവികസന പദ്ധതി ( സി.സി.എസ് ) | - |
| 19. | അറിഡ് സോൺ പദ്ധതി ( സി.സി.എസ് ) | 352100 |
| 20. | റജുവിനേഷൻ-മാവിൻതൈകൾ | 175000 |
| 21. | ഊർജ്ജിത കടലകൃഷി വികസന പദ്ധതി | 177000 |
| 22. | പച്ചക്കറികൃഷി-സ്കൂൾകുട്ടികളുടെ പങ്കാളിത്തം | - |
| | ആകെ | 5402474 |

## കൂലിനിരക്ക്

ഈ പഞ്ചായത്തിലെ തൊഴിലാളികളിൽ അധികവും കർഷകത്തൊഴിലാളികളാണ്. 8476 പേരാണ് ഈ വിഭാഗത്തിൽ. മൊത്തം ജനസംഖ്യയുടെ 25% വരും പുതിയ തലമുറയിൽപ്പെട്ടവർ ഈ രംഗത്തേക്ക് വരാൻ മടിക്കുന്നുണ്ട്. പുരുഷന്മാരുടെ കൂലി 60 രൂപയും സ്ത്രീകളുടേത് 35 രൂപയുമാണ്.

## കാർഷിക വായ്പ

ഒരു സഹകരണ ബാങ്കടക്കം നാല് ബാങ്കുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്ക് തന്നെയാണ് ഏറ്റവും കൂടുതൽ വായ്പ നൽകുന്നത്. മറ്റ് ബാങ്കുകൾ നാമമാത്രമായിട്ടാണെങ്കിലും വായ്പ നൽകുന്നുണ്ട്.

വാർഷിക വായ്പ 75,32,961 രൂപയാണ്

സർക്കാർ നഴ്സറികൾ ഈ പഞ്ചായത്തിൽ ഒന്നും ഇല്ലാത്തതിനാൽ കൃഷിഭവനെ ആശ്രയിക്കുകയല്ലാതെ മറ്റു വഴികളില്ല. വളരെയധികം പ്രതീക്ഷയോടെ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പരിശോധനാ

248

വിഷയമാക്കേണ്ടതാണ്. സംസ്ഥാന വിത്തുൽപാദനകേന്ദ്രം 1 മുതലമടയിൽ ഉണ്ട്. എന്നാൽ ഇവിടെനിന്ന് ആവശ്യമുള്ള കർഷകർക്ക് വിത്തുകൾ ലഭ്യമല്ല. ഈ പഞ്ചായത്തിലേക്ക് ആവശ്യമായ വിത്തുകൾ ഉൽപാദിപ്പിച്ച് നൽകുന്നതിന് കേന്ദ്രം ശ്രമിക്കേണ്ടതാണ്. ജനകീയ സമിതികൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലും പരിശോധനയിലും ഇടപെടണം.

## കാർഷികമേഖലയിലെ പ്രശ്നങ്ങൾ

1. മേൽത്തരം വിത്ത് വിതരണം പര്യാപ്തമല്ല.
2. യാന്ത്രിക യന്ത്രങ്ങളുടെ കുറവ്.
3. രാസവളം, കീടനാശിനി, ജൈവാണുവളം എന്നിവ സംയോജിതമായി ലഭിക്കുന്നില്ല.
4. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.
5. വിപണനമേഖലയുടെ അപര്യാപ്തത.
6. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്.
7. തൊഴിലാളികളുടെ കുറവ്.
8. സംസ്കരണകേന്ദ്രങ്ങളുടെ കുറവ്.
9. പ്രകൃതിക്ഷോഭങ്ങളുടെ നഷ്ടം നികത്താനുള്ള പ്രവർത്തനങ്ങളുടെ കുറവ്.
10. കാർഷിക പ്രോൽസാഹനം ഇല്ല.

## നിർദ്ദേശങ്ങൾ

1. മുതലമടയിൽ ആവശ്യമായ വിത്തുകൾ വിത്തുൽപാദന കേന്ദ്രംവഴി ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക.
2. ട്രാക്ടർ, ട്രില്ലർ എന്നിവ ആവശ്യാനുസരണം കർഷകർക്കു നൽകിയിട്ടുണ്ട്. എന്നാൽ മെതി യന്ത്രം, നടീൽയന്ത്രം എന്നിവ പാടശേഖര സമിതികൾ വഴി വിതരണം ചെയ്യണം.
3. രാസവളം, കീടനാശിനി, ജൈവാണുവളം എന്നിവക്ക് സബ്സിഡി നൽകണം. സഞ്ചരിക്കുന്ന മണ്ണ് പരിശോധനകേന്ദ്രം മുതലമടയിൽ വേണം. ഇതിലൂടെ മണ്ണ് പരിശോധന കാര്യക്ഷമമാക്കാൻ കഴിയും.
4. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ജനകീയ സമിതി രൂപീകരിച്ച് പ്രവർത്തിക്കുക. പഞ്ചായത്തിലെ മുഴുവൻ കാർഷിക പ്രവർത്തനങ്ങളും ഈ സമിതി പരിശോധന നടത്തണം.
5. കാർഷിക ഉൽപന്നങ്ങൾ വിൽക്കാൻ പറ്റിയ സഹകരണ സംഭരണകേന്ദ്രങ്ങൾ തുടങ്ങണം.
6. ജൈവവളത്തിനെ സംബന്ധിക്കുന്ന ബോധവൽകരണം നടത്തുക.
7. കാർഷികതൊഴിൽ പരിശീലനവും സഹായവും നൽകുക.
8. കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഉണ്ടാക്കണം. ഉദാ:- വൈക്കോൽ, മുള, മാങ്ങ സംസ്കരണം.
9. യഥാസമയങ്ങളിൽ സഹായസഹകരണങ്ങൾ നൽകാൻ ഡിപ്പാർട്ട്മെന്റുകൾ തയ്യാറാകണം.
10. പച്ചക്കറി ഉൽപാദനത്തിന് പുതിയ സംരംഭങ്ങൾ വേണം. വേനൽകാലത്ത് ജലസേചനം വഴിയായാൽ നല്ലതാണ്.

249

11. നെൽപാടങ്ങളുടെ വരമ്പിലും മറ്റും തെങ്ങ്, മാവ് എന്നിവ വെക്കുന്നത് കുറക്കാൻ നടപടി സ്വീകരിക്കണം.

12. പറമ്പിൽ ഔഷധസസ്യങ്ങളുടെ തോട്ടങ്ങൾ ഉണ്ടാക്കണം.

13. കീടനാശിനികളുടെ ഉപയോഗത്തിൽ മാറ്റം വരുത്തണം. ജൈവകീടനാശിനികൾ ഉപയോഗിക്കാൻ പഠിപ്പിക്കണം.

14. ഇൻഷൂറൻസ് പദ്ധതികൾ വ്യാപകമാക്കണം.

15. കർഷകസഹായത്തിനുള്ള വരുമാനപരിധി കുറക്കുക.

16. സഹകരണബാങ്കിനോടനുബന്ധിച്ച് കൊപ്രസംസ്കരണകേന്ദ്രവും വിപണനകേന്ദ്രവും സ്ഥാപിക്കുക.

17. ഫ്ലോറി കൾചർ, കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് എന്നിവയുടെ നഴ്സറികൾ തുടങ്ങണം.

19. കൂൺകൃഷി പ്രോത്സാഹനം നൽകുക.

19. ഏകീകൃത കൂലിനിരക്ക് സമ്പ്രദായവും പഞ്ചായത്ത് തലത്തിലുള്ള കർഷക അവാർഡുകളും നടപ്പിലാക്കുക.

20. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി " അഗ്രോ ക്ലിനിക്കുകൾ " സ്ഥാപിക്കണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടത്തിപ്പിലും പരിശോധനയിലും ജനകീയ സമിതി നിലവിൽ വരണം. പദ്ധതിയുടെ പ്ലാനിംഗിലും വീഴ്ചകൾ പരിഹരിക്കുന്നതിലും ഈ സമിതി സജീവമായി ഇടപെടണം. ഇതിലൂടെ പുത്തൻ കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ സമിതിക്ക് കഴിയണം.

## ജലസേചനം

പ്രാകൃതമനുഷ്യൻ ഗോത്രങ്ങളായി താമസിക്കുന്നതോടെ കൃഷിസമ്പ്രദായം നടപ്പിൽവന്നെങ്കിലും അന്നുമുതൽ കൃഷിക്കുവേണ്ട ജലസേചനം എന്ന ആശയവും പ്രാബല്യത്തിൽവന്നു കാണണം. പ്രകൃതിയിലെ ജലവിഭവങ്ങൾക്ക് ആസൂത്രിതമായി തന്നെ ഉപയോഗിച്ച് ആവശ്യങ്ങൾ നടത്തിപ്പോന്നിരുന്നു. കാലത്തിന്റെ പടയോട്ടത്തോട്ടത്തോടുകൂടി മാറ്റങ്ങൾ പലതും വന്നു. ചരിത്രം സൃഷ്ടിക്കപ്പെട്ടു. ജനപ്പെരുപ്പം കൂടി.. ആവശ്യങ്ങൾ കൂടി. പക്ഷെ നമ്മുടെ ആവശ്യങ്ങളേക്കാൾ ആർത്തിക്ക് സ്ഥാനം കൂടി. ആസൂത്രണത്തിന് പിഴവുകൾ വന്നു. ഈ ചരിത്ര സത്യത്തിന് സാക്ഷ്യം കുറിക്കുന്ന ജലസേചനസംഭരണികൾക്ക് 125 കൊല്ലത്തെ പഴക്കം ഏറ്റുവാങ്ങി. ഇന്നും മുതലമടയിൽ ഒരു മാപ്പുസാക്ഷിയെപ്പോലെ നിൽക്കുന്നു. 1. പുളിയന്തോണി 2. പാറക്കൽചള്ള അണക്കെട്ട്. ഈ അണക്കെട്ടുകളിലെ ജലവും മഴവെള്ളവുമാണ് പണ്ടത്തെ കൃഷിക്ക് ഉപയോഗിച്ചിരുന്നത്. ഈ പഞ്ചായത്തിലെ പ്രതികൂല സാഹചര്യങ്ങളിൽ കൃഷിചെയ്യാൻ ഇവിടത്തെ കുളങ്ങൾ പ്രധാനമായ പങ്കുവഹിച്ചിരുന്നു എന്നത് കുളങ്ങളുടെ ബാഹുല്യം കാണിക്കുന്നു. ഈ പഞ്ചായത്തിൽ 160 ഓളം കുളങ്ങളുണ്ട്. 12 ഏക്കർ മുതൽ 50 സെന്റ് വരെയുള്ള വിസ്താരമുള്ള കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു കിലോമീറ്റർ മുതൽ 2 കിലോമീറ്റർ വരെ നീളമുള്ള തോടുകളുണ്ട്. കൂടാതെ ചെറുപുഴകളും നീരുറവുകളും കിണറും ധാരാളം ഉണ്ട്. ഇതെല്ലാം ഉപയോഗിച്ച് മുതലമടയിൽ കൃഷി നടത്തിയിരുന്നു.

കൂടുതൽ ഭൂമി കൃഷിക്ക് ഉപയോഗിച്ചു തുടങ്ങിയപ്പോൾ ജലസേചനസൗകര്യങ്ങൾ കണ്ടെത്തേണ്ടി വന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് തുടങ്ങിയ മീങ്കര ഡാം, അതിനുശേഷം തുടങ്ങിയ ചുള്ളിയാർ ഡാം കൃഷിമേഖലയിൽ മുതലമട പഞ്ചായത്തിലും അടുത്ത പഞ്ചായത്തുകളിലും കാര്യമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ രണ്ട് ഡാമുകളിൽനിന്നും അതിന്റെ ആയക്കെട്ട് ഏരിയയിൽ കൂടി 570 കിലോമീറ്റർ നീളത്തിൽ സഞ്ചരിച്ച് മുതലമടയിലും അയൽ പഞ്ചായത്തുകളിലെയും കൃഷിഭൂമികളെ പ്രകൃതി നൽകിയ അമൃത് പകർന്ന് മനുഷ്യന്റെ അപ്പത്തിന് സഹായിക്കുന്നുണ്ട്.

250

എന്നാൽ പ്രകൃതിയെ മനുഷ്യൻ അമിതമായി ചൂഷണം ചെയ്യുകയും പാലക്കാട്ട് ചുരത്തിൽ സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്തായതിനാലും കാലാവസ്ഥയിൽ സമൂലമാറ്റം സംഭവിച്ചു. അതുകാരണം ജലവിഭവം കുറയുകയും ആവശ്യത്തിന്ന് മതിയാവാത്ത സ്ഥിതിവരികയും ചെയ്തു. പുതിയ സംരംഭങ്ങൾ വന്നപ്പോൾ പഴയതു നാം പലതും ശ്രദ്ധിക്കാതെ പോയി. ജലദൗർലഭ്യത കൂടി കൃഷിക്കും കുടിവെള്ളത്തിനുപോലും പ്രശ്നമായി. എന്നാൽ നമ്മുടെ നാട്ടിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റുന്ന പ്രകൃതികനിഞ്ഞു തന്ന നീരുറവകളും ജലസംഭരണികളും അതിനുദാഹരണമാണ്. ഇതു നാം വേണ്ടവിധം സംരക്ഷണ ബുദ്ധിയോടെ ഉപയോഗിക്കണം. എന്നും വറ്റാത്ത നാഗുർഊറ്റുകൾ ചളിമൂടിക്കിടക്കുന്ന കുളങ്ങൾ, എന്നും വറ്റാത്ത കുളങ്ങളും ഉണ്ട്. പാപ്പാൻചള്ള പരുത്തിക്കാട്ടിലെ കുളം, പാറക്കുണ്ടിലെ ആനക്കുണ്ട്, മുതലമടയിലെ കുന്നിനുതാഴെയുള്ള കുളം എന്നിവ ചിലതുമാത്രം. ഈ പഞ്ചായത്തിലെ ചെറുഅരുവികളും, തോടുകളും, പുഴകളും പുതിയ രീതിയിൽ ഉപയോഗിക്കാനുള്ള ഒരു ജനകീയാസൂത്രണം ആവശ്യമാണ്. കൂടാതെ ഈ പഞ്ചായത്തിലെ കുരിയാർകുറ്റി, കാരപ്പാറ പദ്ധതി നടപ്പാക്കിയാൽ നമ്മുടെ ജലസേചന സൗകര്യം കൂടും. അതുപോലെ അനേകായിരം ഏക്കൽ സ്ഥലം കൃഷിക്ക് ഉപയുക്തമായി മാറ്റാം. അതോടൊപ്പം അത് ഒരു മിനി ഹൈടൽ പ്രൊജക്ട് ആയി സ്ഥാപിക്കുകയും ചെയ്യാം.

## പ്രശ്നങ്ങൾ

1. ചുള്ളിയാർ ഡാം യഥാസമയം നിറക്കുന്നില്ല.
2. മുതലമടയിലെ കുളങ്ങൾ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല.
3. ചെക്ക്ഡാമുകൾ ആവശ്യമുള്ള സ്ഥലത്ത് അവ ഇല്ല.
4. ലിഫ്ട് ഇറിഗേഷൻ നടത്തുന്നില്ല.
5. കനാലുകളുടെ സംരക്ഷണം പോര.
6. കുഴൽകിണറുകൾ സ്ഥാപിക്കുന്നത് ശാസ്ത്രീയമായി നടപ്പാകുന്നില്ല.
7. പറമ്പിക്കുളം ആളിയാർ പദ്ധതിയിലെ കരാർ വ്യവസ്ഥകൾ സമയോചിതമായി പുതുക്കുന്നില്ല.
8. ലിങ്ക്കനാൽ സംരക്ഷണം തൃപ്തികരമല്ല.
9. തുപ്പണകളിൽ പുതിയ സംവിധാനങ്ങളില്ല, മേച്ചിറ ഭാഗത്ത് ഒരു സബ് കനാൽ ഇല്ല.
10. ജലസംഭരണികൾ സംരക്ഷണതയിലല്ല.
11. പഞ്ചായത്തിലെ നീരുറവകൾ വേണ്ടവിധം ഉപയോഗിക്കുന്നില്ല.
12. ഡാമുകളുടെ ചളി നീക്കാനുള്ള സംരംഭം ഇല്ല.

## പരിഹാരനിർദ്ദേശങ്ങൾ

1. ലിങ്ക് കനാൽ വഴി ചുള്ളിയാർ ഡാം നിറക്കണം.
2. മുതലമടയിലെ കുളങ്ങൾ സംരക്ഷിക്കണം.
3. ചെക്ക്ഡാമുകൾ വേണ്ട സ്ഥലങ്ങളിൽ നിർമ്മിക്കണം.
4. ലിഫ്ട് ഇറിഗേഷൻവഴി നടത്താവുന്ന സ്കീമുകൾ നടപ്പാക്കാൻ ശ്രദ്ധിക്കണം, കള്ളിയൻപാറ, ഗോവിന്ദാപുരം, പുളിയൻതോണി എന്നിവിടങ്ങളിൽ ആകാം.

257

5. ആന്തിച്ചിറയിലെ തടയിണ പുതുക്കിപ്പണിയണം.

6. പഞ്ചായത്തിലെ കനാലുകൾ സിൽറ്റ്‌വാരി വേണ്ടവിധം സ്ലാബിട്ട് സംരക്ഷിക്കപ്പെടണം.

7. കുഴൽകിണറുകൾ സ്ഥാപിക്കുന്നതിന് മുമ്പ് ശാസ്ത്രീയ പഠനം നടക്കണം.

8. അന്തർസംസ്ഥാന ജലവിഭവങ്ങളെ ഉപയോഗിക്കാനുള്ള സംയോജിത പ്രവർത്തനങ്ങൾ നടത്തണം.

9. ചുള്ളിയാർ, മീങ്കര ലിങ്ക് കനാൽ സംരക്ഷണം നടത്തണം.

19. തുപ്പണകളിൽ ( പള്ളം പാറക്കൽചള്ള ) ചീർപ്പുകൾ ഇടണം.

11. ജലസംഭരണികളിൽ ചളിമാറ്റി വേണ്ടവിധം ഉപയോഗിക്കണം.

12. മുതലമട പഞ്ചായത്തിലെ നീരുറവകളായ് നാകൂർ ഊറ്റുകൾ വേണ്ടവിധം ഉപയോഗിക്കണം.

13. പരുത്തിക്കാട്ടിലെ വലിയ ഏരി വൃത്തിയാക്കി ജലസംഭരണിയാക്കണം.

14. മേച്ചിറയിലെ കൃഷിസ്ഥലങ്ങൾക്ക് ജലസേചന സൗകര്യം ഇല്ലാത്തതിനാൽ അവിടെ ചുള്ളിയാർ എൽ.ബി. കനാലിൽനിന്നും ഒരു സബ്കനാൽ നിർമ്മിച്ച് കള്ളിയൻപാറയിലേക്ക് തിരിച്ചുവിടുകയാണെങ്കിൽ അനേകം ഏക്കർ നെൽകൃഷി സംരക്ഷിക്കാനും മറ്റു കൃഷികൾക്കും പുതിയ ഭൂമി കൃഷിക്ക് ഉപയുക്മാക്കാനും സാധിക്കും. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

15. ഡാമുകളുടെ സംഭരണികൾ മണ്ണൊലിപ്പ് മൂലം ശേഷികുറഞ്ഞുവരുന്നു. ഇത് പരിഹരിക്കപ്പെടണം.

16. മാമ്പള്ളം, മല്ലൻകൊല്ലുമ്പ്, ആനമാറിപ്പുഴ, കാമ്പ്രത്ത്ചള്ള, കൊലായ്പാറ, ഏഴുകണ്ണിത്തോട് എന്നിവിടങ്ങളിൽ തടയിണകൾ നിർമ്മിക്കാൻ സാദ്ധ്യതകളെക്കുറിച്ച് ശാസ്ത്രീയ പഠനം ആവശ്യമാണ്.

17. എല്ലാ വാർഡുകളിലെയും തോടുകൾ മണ്ണൊലിപ്പിനു വിധേയമായിക്കൊണ്ടിരിക്കുന്നത് സംരക്ഷിക്കപ്പെടണം.

18. ജലക്ഷാമം അനുഭവപ്പെടുന്നതിന് പ്രദേശങ്ങളിൽ ഗള്ളിട്രെഞ്ച് നിർമ്മിക്കാനുള്ള ബോധവൽകരണവും സഹായവും നൽകണം.

മുതലമട പഞ്ചായത്തിലെ ജലസേചന പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി എല്ലാ വാർഡുകളിലും ഒരു ജനകീയ ജലഉപയോഗ കമ്മിറ്റി ഉണ്ടാക്കുകയും അതാത് സ്ഥലങ്ങളിലെ കനാലുകളുടെ അറ്റകുറ്റപണികൾ ജനകീയമായി നടത്താനുള്ള ഒരു പുതിയ സംവിധാനം വളർത്തിയെടുത്ത് ഉൽപാദനക്ഷമത കൂട്ടാനും സഹായ പ്രവർത്തനങ്ങൾ നടത്തണം.

കുര്യാർകുറ്റി, കാരപ്പാറ പദ്ധതി എത്രയുംവേഗം തുടങ്ങണം. ഇതിലൂടെ പാലക്കാട് ജില്ലയുടെ കാർഷികമേഖല ഒരു കുതിച്ചുചാട്ടം നടത്തും. പലകപ്പാണ്ടിവെള്ളച്ചാട്ടത്തിൽനിന്ന് ഒഴുകിപ്പോകുന്ന വെള്ളം സംഭരിച്ച് ചുള്ളിയാർഡാം നിറക്കുകയോ ബദൽ സംവിധാനം ഉണ്ടാക്കുകയോ വേണം. ഇതിലൂടെ മുതലമടയിലെയും സമീപ പഞ്ചായത്തുകളിലെയും ജലസേചന സൗകര്യങ്ങൾ വർദ്ധിക്കുന്നതാണ്.

ചുള്ളിയാർ പുഴയിൽ കരിപ്പാലിച്ചള്ള എന്നിവിടങ്ങളിൽ തടയണ നിർമ്മിക്കണം.

252

## മൃഗസംരക്ഷണം

### ആമുഖം

മുതലമട പഞ്ചായത്ത് പഴയകാലത്ത് ഏകദേശം 75 വർഷത്തിനുമുമ്പ് നാടൻകന്നുകാലികളെയാണ് വളർത്തിയിരുന്നത്. പാലിനെ ഉദ്ദേശിച്ച് മാത്രമല്ല, കൃഷിക്ക് ഉപയോഗിക്കത്തക്ക ജൈവവളം കിട്ടുന്നതിനുകൂടി കന്നുകാലികളെയും, ആട്, കോഴി, പന്നി തുടങ്ങിയ മൃഗങ്ങളെയും വളർത്തിയിരുന്നു. അന്ന് കൃഷി ചെയ്യുന്ന സ്ഥലങ്ങൾ കൂടുതലായിരുന്നതുകൊണ്ടും രാസവളങ്ങളുടെ ദൗർലഭ്യംമൂലവും ജൈവവളങ്ങളെ കൃഷിക്കാർക്ക് കൂടുതലായി ആശ്രയിക്കേണ്ടിവന്നു. ഓരോ വീട്ടിലും കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് കന്നുകാലികളുടെ എണ്ണവും താരതമ്യേന കൂടുതലായിരുന്നു. ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന വാഹനങ്ങൾ കുറവായതിനാൽ കൃഷി സ്ഥലങ്ങൾ ഉഴുന്നതിനും സാധനങ്ങൾ കടത്തുന്നതിനും മൃഗങ്ങളെ കൂടുതലായി ഉപയോഗിച്ചിരുന്നു. വിപണനസൗകര്യങ്ങൾ കുറവായതിനാൽ കൃഷി സ്ഥലങ്ങൾ ഉഴുന്നതിനും സാധനങ്ങൾ കടത്തുന്നതിനും മൃഗങ്ങളെ കൂടുതലായി ഉപയോഗിച്ചിരുന്നു. വിപണനസൗകര്യങ്ങൾ കുറവായതിനാൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മിക്കവാറും അതാത് വീടുകളിൽത്തന്നെ ഉപയോഗിക്കുകയും മിച്ചം വരുന്നവകൊണ്ട് തൈര്, മോര്, തുടങ്ങിയ ഉൽപന്നങ്ങൾ ഉണ്ടാക്കി അവിടെത്തന്നെ ഉപയോഗിക്കുകയാണ് പതിവ്. ഇറച്ചിക്കുവേണ്ടിയും മുട്ടക്കുവേണ്ടിയും വളർത്തിയിരുന്ന മൃഗങ്ങൾ പൊതുവിൽ കുറവായിരുന്നു. അന്ന് കൃത്രിമ ബീജസങ്കലനം വ്യാപകമായി ഇല്ലാതിരുന്നതുമൂലം നാടൻ വിത്തുകാളകളെ ഉപയോഗിച്ച് പ്രത്യുൽപാദനം നടത്തുക പതിവായിരുന്നു. അന്ന് മൃഗചികിത്സാ കേന്ദ്രങ്ങൾ വളരെ കുറവായിരുന്നു. നല്ല ജനുസ്സിൽപ്പെട്ട മൃഗങ്ങളും കുറവായിരുന്നു. രോഗപ്രതിരോധത്തിനുള്ള കുത്തിവെയ്പുകൾ സാധാരണമായിരുന്നില്ല. അതുമൂലം പല പകർച്ചവ്യാധികളും പിടിപെട്ട് കന്നുകാലികൾ പെട്ടെന്ന് ചത്തുപോകുകയും തദ്വാര കർഷകർക്ക് ഭീമമായ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. സങ്കരയിനം കോഴി, താറാവ് തുടങ്ങിയവ ഇല്ലാതിരുന്നതുമൂലം മുട്ടയുൽപാദനം, ഇറച്ചി തുടങ്ങിയവയും വളരെ കുറവായിരുന്നു. അക്കാലത്ത് ബയോഗ്യാസ് പ്രവർത്തനപഥത്തിൽ ഇല്ലാതിരുന്നതുമൂലം കന്നുകാലികളുടെ ചാണകം കൃഷിക്കാർ നേരിട്ട് വളമായി ഉപയോഗിക്കുക പതിവായിരുന്നു. സമീകൃത ആഹാരത്തിന്റെ കുറവും അറിവില്ലായ്മയും മൂലം പുല്ല്, വൈക്കോൽ, പച്ചവെള്ളം എന്നിവ മാത്രമാണ് കന്നുകാലികൾക്ക് കൊടുത്തിരുന്നത്. ആധുനിക രീതിയിലുള്ള ചികിത്സകൾ ഇല്ലാതിരുന്നതുമൂലം നാടൻ ചികിത്സകൾ നടത്തിയിരുന്നു. തൈപൊങ്കൽ, മാട്ടുപൊങ്കൽ തുടങ്ങിയ ഉത്സവങ്ങൾക്ക് കൃഷിക്കാർ പശുക്കളെയും കാളകളെയും പൂജിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഇത് ഇപ്പോഴും തുടർന്നുവരുന്നു. കൂടാതെ കാളയുടെ കൊമ്പിൽ പണംകെട്ടി പൂമാല മുതലായവ കഴുത്തിൽ അണിയിച്ച് കാളപ്പോർ ( ജല്ലിക്കെട്ട് ) നടത്തിയിരുന്നു. കൊത്തുകോഴികളെ ഉപയോഗിച്ച് കോഴി അങ്കം നടത്തുന്ന പതിവ് ഉണ്ടായിരുന്നു. പ്രവർത്തി എടുക്കുന്ന മൃഗങ്ങൾ അതിന്റെ ശേഷി നഷ്ടപ്പെട്ടാൽ ശ്രദ്ധിക്കാതെ ചത്തുപോകുക പതിവായിരുന്നു. തുകൽ ഉപയോഗിക്കുക പതിവായിരുന്നില്ല. ചില പ്രത്യേക സ്ഥലങ്ങളിൽ മാത്രം ചില വർഗ്ഗത്തിൽപ്പെട്ടവർ ചത്തമൃഗത്തിന്റെ മാംസം ഭക്ഷണമായി ഉപയോഗിക്കുകയും അതിന്റെ തോൽ വാദ്യോപകരണങ്ങൾക്ക് വേണ്ടി ഉപയോഗിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് ഇവിടെ അറവുശാലകൾ ഒന്നും ഉണ്ടായിരുന്നില്ല. പേപ്പട്ടി വിഷബാധയുള്ള മൃഗങ്ങൾ മറ്റുള്ളവരെ കടിച്ചാൽ നാട്ടുചികിത്സകൾ മാത്രമാണ് ഉണ്ടായിരുന്നത്. പേപ്പട്ടി വിഷബാധ നിർമ്മാർജ്ജനം ചെയ്യാൻ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ

253

നശിപ്പിക്കുവാനും പ്രതിരോധകുത്തിവെയ്പ് നടത്തുവാനും സംവിധാനം ഉണ്ടായിരുന്നില്ല.

## സമീപകാലത്ത് വന്നിട്ടുള്ള മാറ്റങ്ങൾ

സങ്കരയിനത്തിൽപ്പെട്ട കന്നുകാലികളെയാണ് സമീപകാലത്ത് കൃഷിക്കാർ കൂടുതലായും വളർത്തുന്നത്. കൃത്രിമബീജസങ്കലനം വഴി നാടൻ പശുക്കളെ സങ്കരജനനത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന പ്രക്രിയയാണ് ഇപ്പോൾ നടത്തുന്നത്. മുതലമട മൃഗാസ്പത്രിയിലും മൂച്ചൻകുണ്ട് കൃത്രിമ ബീജസങ്കലന ഉപകേന്ദ്രത്തിലും ഗാഢശീതീകരണത്തിൽ സൂക്ഷിച്ചിട്ടുള്ള ബീജമാത്രകൾ കൃത്രിമ ബീജസങ്കലനത്തിന് ഉപയോഗിക്കുന്നു. ഇതുമൂലം ജനിക്കുന്ന പശുക്കുട്ടികളെ കർഷകർ നല്ലനിലവാരത്തിൽ തീറ്റയും മറ്റു പരിചരണവും നൽകുന്നതുമൂലം പ്രസവത്തിൽ ഉൽപാദനം ഗണ്യമായി വർദ്ധിക്കുകയും ഇതുമൂലം പാലിന്റെയും അതുമായി ബന്ധപ്പെട്ട ഉൽപന്നങ്ങളുടെയും അളവു കൂടുകയും കർഷകർക്ക് സാമ്പത്തികമായും ആരോഗ്യപരമായും നേട്ടം ഉണ്ടാക്കുകയും ചെയ്യുന്നു. രാസവളങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടും കൃഷിസ്ഥലങ്ങൾ ചുരുങ്ങിയതുമൂലവും വളം പ്രതീക്ഷിച്ച് വളർത്തുന്ന മൃഗങ്ങൾ താരതമ്യേന കുറവാണ്. ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ കൂടുതലുള്ളതുകൊണ്ട് കൃഷി ആവശ്യത്തിനും ഭാരം വലിക്കുന്നതിനും മൃഗങ്ങളെ വളരെ ചുരുങ്ങിയ തോതിൽ മാത്രമേ ഉപയോഗിക്കുന്നുള്ളു. ഭക്ഷണ സാധനങ്ങളുടെ ദൗർലഭ്യംമൂലവും പോഷകാഹാരത്തിന്റെ ആവശ്യകത കൂടുതലും ആയതുകൊണ്ട് മാംസം, മുട്ട എന്നിവ ഉൽപാദിപ്പിക്കുന്ന ആടുവളർത്തൽ പന്നിവളർത്തൽ, പോത്തിൻകുട്ടി വളർത്തൽ, കാളക്കുട്ടി വളർത്തൽ, മുയൽ, കാട, ടർക്കി, താറാവ് എന്നിവ കൂടുതലായി വളർത്തുന്നു. ബ്രോയിലർ കോഴികളെ വളർത്തി മാംസ ഉൽപാദനം നടത്തുന്നുണ്ട്. ഉൽപാദനക്ഷമത കുറഞ്ഞ കന്നുകാലികളെ മാംസത്തിന്വേണ്ടി കൂടുതലായി ഉപയോഗിക്കുന്നുണ്ട്. ഇവിടെ തോൽ സംസ്കരണത്തിനുള്ള സൗകര്യക്കുറവുമൂലം അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കപ്പെടുന്നു. സങ്കരജനം പശു, എരുമ എന്നിവയിൽനിന്നു ഉൽപാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയും മറ്റും സ്വകാര്യവ്യക്തികൾക്ക് വിറ്റഴിക്കാനുള്ള സൗകര്യം ഉണ്ട്. ആയതുമൂലം ക്ഷീരകർഷകർക്ക് സാമ്പത്തികമായി നേട്ടവും ഒരു ഉപതൊഴിൽ എന്ന നിലയിലും പശുപരിപാലനം ശ്രദ്ധ ആകർഷിക്കുന്നു. മൃഗചികിത്സക്കുള്ള സൗകര്യങ്ങൾ ഉള്ളതുകൊണ്ട് അകാരണമായി മൃഗങ്ങൾ ചത്തുപോകുന്നില്ല. പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം ചെയ്യിപ്പിക്കുന്നതുമൂലം പകർച്ചവ്യാധികൾ ഒരു പരിധിവരെ തടഞ്ഞുനിർത്തുവാൻ സാധിക്കുന്നു. വിറകിന്റെയും മണ്ണെണ്ണയുടെയും കുക്കിംഗ് ഗ്യാസിന്റെയും ദൗർലഭ്യം മൂലവും ജനസംഖ്യാവർദ്ധനവ്മൂലവും വൈദ്യുതിക്ഷാമവുംകൊണ്ട് വീടുകളിലെ ആഹാരംപാകംചെയ്യുന്നതിനും അത്യവശ്യം വിളക്കുകൾ കത്തിക്കുന്നതിനുംവേണ്ടി ചാണകം ഉപയോഗിച്ച് ബയോഗ്യാസ് ഉപയോഗിക്കുന്നുണ്ട്. സമീകൃത കാലിത്തീറ്റ ഇവിടെ കർഷകർ കന്നുകാലികൾക്ക് ആഹാരമായി കൊടുക്കുന്നത്മൂലം പോഷകാഹാരക്കുറവ് നികത്തുന്നതിനും പാൽ ഉൽപാദനം കൂട്ടുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സാധിക്കുന്നു.

തീറ്റപുൽകൃഷി ഗണ്യമായി വർദ്ധിച്ചതുമൂലം കാലിത്തീറ്റയുടെ അളവ് കുറക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലെ വിളവെടുപ്പിന്ശേഷം ഇന്നും കർഷകർ ഉൽസാഹത്തോടെ മാട്ടുപൊങ്കൽ പോലെയുള്ള ഉൽസവങ്ങൾ നടത്തുകയും പശുക്കളെ പൂജിക്കുകയും ചെയ്യുന്നു. കൂടാതെ, കാളവണ്ടിയോട്ട മത്സരങ്ങൾ നടത്തുന്നുണ്ട്. ഏകദേശം 10 ഓളം അറവ്ശാലകൾ ഇവിടെ ഉണ്ട്. ആധുനിക രീതിയിലുള്ള യാതൊരു സംവിധാനവും ഇല്ലാതെയാണ് ആടുമാടുകളെ അറക്കുന്നത്. ഇതുമൂലം ഗുണമേന്മയുള്ള മാംസം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല. കൂടാതെ, മാംസ പരിശോധനയില്ലാത്തതുമൂലം പലവിധ പകർച്ചവ്യാധികൾ കഴിക്കുന്ന ആളുകൾക്ക് പകരുവാനുള്ള

സാധ്യതയും ഉണ്ട്. കന്നുകാലികൾക്ക് ഇൻഷുറൻസ് എടുക്കുവാനുള്ള സൗകര്യം ഉള്ളതുമൂലം കർഷകർ അവരുടെ മൃഗങ്ങളെ കുറച്ചെങ്കിലും ഇൻഷ്വർ ചെയ്യാറുണ്ട്. പേപ്പട്ടിവിഷബാധ ഏൽക്കാതിരിക്കുവാനുള്ള പ്രതിരോധ കുത്തിവെയ്പ് മൃഗങ്ങൾക്ക് ചെയ്തുകൊടുക്കുന്നതിന് മൃഗാശുപത്രികൾ മുഖേന സാധിക്കുന്നുണ്ട്. കൂടാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കു തിനുള്ള സംവിധാനം പഞ്ചായത്തിനുണ്ട്. മൃഗസംരക്ഷണ വകുപ്പിൽനിന്നും പേപ്പട്ടി വിഷബാധ നിർമ്മാർജ്ജന പദ്ധതി പ്രകാരം സെമിനാറുകൾ, ബോധവൽകരണ ക്ലാസ്സുകൾ എന്നിവ നടത്താറുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഐ.എച്ച്.ഡി.പി. കോളനികളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി മൃഗസംരക്ഷണ വകുപ്പിൽനിന്നും ആട്, കോഴി എന്നിവ വിതരണം ചെയ്യാറുണ്ട്. രണ്ടോ അതിലധികമോ പ്രാവശ്യം ബീജസങ്കലനം നടത്തിയിട്ടും ചെനപിടിക്കാത്തതും രണ്ട് വയസ്സുകഴിഞ്ഞിട്ടും മതിയുടെ ലക്ഷണം കാണിക്കാത്തതുമായ കിടാക്കളെയും വിദഗ്ധ ഡോക്ടർമാർ പരിശോധിച്ച് വന്ധ്യതക്കുള്ള കാരണം കണ്ടുപിടിച്ച് ചികിത്സക്ക് നിർദ്ദേശിക്കുന്നു. ( വന്ധ്യതാ നിവാരണക്യാമ്പ് ) കൂടാതെ ഗോരക്ഷാക്യാമ്പും നടത്തുന്നുണ്ട്. കൃഷിക്കാരുടെ ബോധവൽകരണത്തിനായി ചർച്ചാക്ലാസ്, കന്നുകാലിപ്രദർശനം, സെമിനാർ എന്നിവ നടത്തുന്നുണ്ട്.

മുതലമട പഞ്ചായത്തിലെ കന്നുകാലികളെ ചികിത്സിക്കാനുള്ള സൗകര്യവും സംരക്ഷണവും ഇല്ലാതിരുന്നതുമൂലം 23.9.1958 ൽ പുതൂരിൽ എം. നാച്ചിമുത്തു കൗണ്ടർ അദ്ദേഹത്തിന്റെ അച്ഛന്റെ സ്മരണക്കായി കെട്ടിടം കെട്ടികൊടുത്ത് മൃഗസംരക്ഷണ വകുപ്പിന് കൈമാറി മൃഗാസ്പത്രി പ്രവർത്തിച്ചുവരികയാണ്. ഉദ്ദേശം 23 സെന്റ് സ്ഥലമുണ്ട്. ഇതിനോടനുബന്ധിച്ച് റിണ്ടർവെസ്റ്റ് ഇറാഡിക്കേഷൻ സ്കീനിന്റെ ചെക്ക്പോസ്റ്റും പ്രവർത്തിക്കുന്നു. കാമ്പോണ്ട് മതിൽ കെട്ടിയിട്ടുണ്ട്. 16.8.1979 ൽ ഒരു വെറ്ററിനറി സർജൻ ചാർജെടുത്ത് പ്രവർത്തിച്ചുവരികയായിരുന്നു. വെറ്റിനറി സർജന്റെ തസ്തിക ഉയർത്തി ഒരു സീനിയർ വെറ്റിനറി സർജൻ ( അസി. ഡയറക്ടർ ) 8.3.1996 ൽ ചാർജെടുത്ത് പ്രവർത്തിക്കുന്നു.

## കഴിഞ്ഞ 8 ാം പഞ്ചവൽസരപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ

ഈ സ്ഥാപനത്തിന്റെ പേരിൽ 94-95 സാമ്പത്തിക വർഷത്തിൽ പള്ളം ഐ.എച്ച്.ഡി.പി കോളനിയിൽ തെരഞ്ഞെടുത്ത പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട 50 കുടുംബങ്ങൾക്ക് 3 വീതം മുട്ടക്കോഴികളെ സൗജന്യമായി വിതരണം ചെയ്തു. 95-96 സാമ്പത്തിക വർഷത്തിൽ ഇതേ കോളനിയിലെ തെരഞ്ഞെടുക്കപ്പെട്ട 16 കുടുംബങ്ങൾക്ക് രണ്ടാടുകൾ വീതവും ഇതിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അഞ്ച് കുടുംബങ്ങൾക്ക് ഓരോ ആടിനെയും അങ്ങനെ ആകെ 37 ആടുകളെ സൗജന്യമായി ഇൻഷ്വർ ചെയ്ത് വിതരണം ചെയ്തു. ആകെ ചിലവ് രൂപ 26400/- . ഈ സാമ്പത്തികവർഷം ( 96-97 ) കൊട്ടപള്ളം ഐ.എച്ച്.ഡി.പി. കോളനിയിൽ എസ്.സി.പി.സ്കീം നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഫണ്ട് ലഭിച്ചിട്ടില്ല. ഫണ്ട് ലഭ്യമായാൽ ആടുകളെ വാങ്ങി സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

8 ാം പഞ്ചവൽസര പദ്ധതിയിൽ ഈ പഞ്ചായത്തിന് അനുവദിച്ചിരുന്ന സംഖ്യ പൂർണ്ണമായും ചിലവഴിച്ചിട്ടുണ്ട്.

ഈ സാമ്പത്തികവർഷം ഒരു വന്ധ്യതാ നിവാരണക്യാമ്പും ഒരു തുടർക്യാമ്പും ഒരു ഗോരക്ഷാക്യാമ്പും നടത്തുന്നുണ്ട്. കൂടാതെ പേപ്പട്ടി വിഷബാധനിർമ്മാർജ്ജന പദ്ധതിപ്രകാരം സെമിനാർ, ചർച്ചാക്ലാസ് തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ബോധവൽകരണ ക്ലാസും നടത്തുന്നുണ്ട്.

235

## ഗ്രാമസഭയിൽനിന്നും വന്നിട്ടുള്ള പ്രശ്നങ്ങൾ

1. മുതലമട പഞ്ചായത്തിലെ എല്ലാവാർഡുകളിലും വെറ്റിനറി ആശ്പത്രി സ്ഥാപിക്കണം.
2. ആട്, മാട്, കോഴി എന്നിവയെ ആദായകരമായി വളർത്തുവാനുള്ള സാഹചര്യങ്ങൾ ഏർപ്പെടുത്തുക.
3. തീറ്റപ്പുൽകൃഷി, തൊഴുത്തുകൾ മുതലായ അനുബന്ധകാര്യങ്ങൾക്ക് സബ്സിഡിയും നിർദ്ദേശവും പരിശീലനവും നൽകുക.
4. നല്ല സങ്കരഇനം കന്നുകുട്ടികളെ കർഷകർക്ക് നൽകുക.
5. കോഴി ( മുട്ട, മാംസം ) പന്നി, ആട്, കാട, വെള്ളമുയൽ എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും ആയത് വിൽപന നടത്തുന്നതിനും ഉള്ള വിപണനകേന്ദ്രം ഉണ്ടാക്കുക.
6. പാലിന് വിലകൂട്ടണം, തീറ്റക്ക് വില കുറക്കണം.
7. തീറ്റപ്പുൽകൃഷിക്ക് വേണ്ട ആനുകൂല്യങ്ങളും നിർദ്ദേശങ്ങളും നൽകുക. ( വിത്ത്, വളം )
8. കറവപ്പശുക്കൾക്ക് ആരോഗ്യപരമായ കാര്യങ്ങൾക്ക് വേണ്ടി നല്ലയിനം തീറ്റയും വേണ്ടപ്പെട്ട സാധനങ്ങളും സഹകരണസംഘങ്ങൾ വഴി വിതരണം നടത്തണം.
9. ബീജദാനകേന്ദ്രം എല്ലാവാർഡിലും ആവശ്യത്തിന് അനുവദിക്കുക.
10. ഗോബർഗ്യാസ് പ്ലാന്റിന് ആനുകൂല്യങ്ങൾ കൂട്ടുക.
11. തൊഴിലില്ലാത്ത യുവാക്കൾക്കും യുവതികൾക്കും ഡയറിഫാം, ഗോട്ഫാം, പിഗറിഫാം, പൗൾട്രി ഫാം എന്നിവ തുടങ്ങുന്നതിന് സാമ്പത്തിസഹായവും സബ്സിഡിയും ട്രെയിനിംഗും നിർദ്ദേശങ്ങളും നൽകുക.
12. മൃഗസംരക്ഷണവകുപ്പിൽനിന്നും ട്രെയിനിംഗ്, സെമിനാർ മുതലായവ നടത്തുക.
13. കാലിത്തീറ്റ ഫാക്ടറി നിർമ്മിച്ച് കർഷകർക്ക് ന്യായമായ വിലക്ക് കാലിത്തീറ്റ വിതരണം ചെയ്യുക.
14. പഞ്ചായത്തിലെ എല്ലാ വീടുകളിലും 25 കോഴികൾ അടങ്ങിയ ഒരു യൂണിറ്റ് തുടങ്ങി അതിൽനിന്നും കിട്ടുന്ന മുട്ടകൾ വിപണനം നടത്തുന്നതിന് ഒരു കേന്ദ്രം ഈ പഞ്ചായത്തിൽ തുടങ്ങുക.
15. ഇറച്ചിക്കോഴി വളർത്തുന്നതിന് സാമ്പത്തിക സഹായം, ആനുകൂല്യങ്ങൾ, നിർദ്ദേശങ്ങൾ ഇവ നൽകുക.
16. മുയൽകുഞ്ഞുങ്ങളും പട്ടിക്കുഞ്ഞുങ്ങളും സൗജന്യനിരക്കിൽ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
17. വലിയചള്ളയിൽ ഒരു ആനന്ദ് മോഡൽ പാൽ സൊസൈറ്റി തുടങ്ങുക.
18. മൃഗാസ്പത്രികളുടെ സബ്സെന്ററുകൾ വഴി എല്ലാ വാർഡിലും ബീജാധാനവും പ്രതിരോധ കുത്തിവെയ്പും നടത്തുക.
19. കോഴി വളർത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിലൂടെ പ്രതിരോധ കുത്തിവെയ്പും നിർദ്ദേശങ്ങളും ട്രെയിനിംഗും നൽകുക.
20. സങ്കരഇനം പശുക്കുട്ടികളെ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക.
21. ചമ്മണാംപതിയിൽ വെറ്റിനറി ആശുപത്രി സ്ഥാപിക്കുക.
22. ക്ഷീരകർഷകർ ധാരാളമുള്ള പൂച്ചൻകുണ്ട്, പുതൂർ, ചമ്മണാംപതി, ആട്ടയാംപതി, വലിയചള്ള ഭാഗത്ത് സബ്സെന്റർ സ്ഥാപിക്കുക.
23. ഡയറിഫാമുകൾ തുടങ്ങുന്നതിന് യുവാക്കൾക്ക് പ്രാതിനിധ്യം നൽകുക.
24. ഇറച്ചിവിപണനം ( കോഴി, ആട്, മുയൽ ) സഹകരണ സ്ഥാപനാടിസ്ഥാനത്തിൽ തുടങ്ങണം.

256

25. നല്ല സങ്കരയിനം ആട്ടിൻകുട്ടികൾ, കോഴിക്കുഞ്ഞുങ്ങൾ, പശുക്കുട്ടികൾ, മുയൽകുഞ്ഞുങ്ങൾ എന്നിവ കർഷകർക്ക് സൗജന്യമായി നൽകണം.

മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ

1. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ ഏറ്റെടുത്ത് നടത്തുക.
2. ദൈനംദിനപ്രവർത്തനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.
3. മേശ, കസേര, അലമാര, മരുന്ന് സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് തുടങ്ങിയവ നൽകുക.
4. ദൂരപ്രദേശങ്ങളുമായി കർഷകരെ ബന്ധപ്പെടേണ്ടതുള്ളതുകൊണ്ട് ടെലിഫോൺ അനുവദിക്കുക.
5. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഒരു വാഹനം ( ജീപ്പ് ) അനുവദിക്കുക.
6. ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന ലൈഫ് സ്റ്റോക്ക് ഇൻസ്പെക്ടർ, പാർട്ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഉടനടി നികത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
7. കാലാനുസൃതമായി തസ്തികകൾ സൃഷ്ടിക്കുക.
8. ആശുപത്രി ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുക.
9. ആവശ്യാനുസരണം മരുന്നുകളും കുത്തിവെയ്പിനുള്ള വാക്സിനുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

## പരിഹാരമാർഗ്ഗങ്ങൾ

1. മുതലമട പഞ്ചായത്ത് ഒരു വലിയ വിസ്തൃതിയുള്ള പഞ്ചായത്തായതിനാൽ ഇപ്പോഴുള്ള മൃഗാശുപത്രിക്ക് പുറമെ ഒരു മൃഗാശുപത്രി കൂടി ( പോത്തംപാടം / കാമ്പ്രത്ത്ചള്ള ) സ്ഥാപിക്കണം. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
2. ആട്, മാട്, കോഴി എന്നിവയെ ആദായകരമായി വളർത്തുവാൻ തീറ്റക്ക് സബ്സിഡി ഏർപ്പെടുത്തണം.
3. തീറ്റപ്പുൽകൃഷി വിപുലീകരണം തൊഴുത്ത് നിർമ്മിക്കുന്നതിന് സബ്സിഡി അനുവദിക്കണം.
4. നല്ല സങ്കരയിനം കന്നുകുട്ടികളെ കർഷകർക്ക് നൽകണം.
5. മുട്ട, ഇറച്ചി തുടങ്ങിയവ വിപണനം നടത്തുന്നതിന് വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
6. തീറ്റപുൽകൃഷി വികസിപ്പിക്കുവാൻ വിത്ത്, വളം തുടങ്ങിയവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
7. പാലുൽപാദനം കൂട്ടുന്നതിനായി കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം.
8. രണ്ടോ മൂന്നോ ബീജാധാന കേന്ദ്രങ്ങൾ തുടങ്ങണം.
9. ഗോബർ ഗ്യാസ് പ്ലാന്റ് വ്യാപകമായി ഉപയോഗിക്കുന്നതിനായി സബ്സിഡി ഗണ്യമായി വർദ്ധിപ്പിക്കണം.
10. തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ബാങ്കുകൾ മുഖേന വായ്പകൾ ലഭിക്കുവാനും ഡയറിഫാം, ഗോട്ഫാം, പിഗറിഫാം, പൗൾട്രിഫാം എന്നിവ സ്ഥാപിക്കണം.
11. കർഷകരെ ജില്ലാതലത്തിൽ നടത്തുന്ന ട്രെയിനിംഗിന് അയക്കേണ്ടതാണ്.
12. ഈ പഞ്ചായത്തിലെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ചെറുകിട കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.
13. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുടുംബങ്ങളിൽ 25 മുട്ടകോഴികളടങ്ങിയ യൂണിറ്റ് നൽകി

( സബ്സിഡി നിരക്കിൽ ) അതിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന മുട്ട, ഇറച്ചി തുടങ്ങിയവ വിൽപനക്ക് രണ്ടോ മൂന്നോ മാർക്കറ്റിംഗ് സൊസൈറ്റി മുഖേന വിൽപന നടത്തണം. ഇതുമൂലം കർഷകർക്ക് സാമ്പത്തികനേട്ടവും പോഷകാഹാരക്കുറവും നികത്താൻ സാധിക്കും.

14. ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കാൻ ബാങ്കുകളിൽനിന്നും സാമ്പത്തികസഹായവും ലഭ്യമാക്കണം.

15. മുയൽകുഞ്ഞുങ്ങളെയും പന്നിക്കുട്ടികളെയും വളർത്തി ആദായമുണ്ടാക്കാൻ താൽപര്യമുള്ള കർഷകർക്ക് പ്രത്യേക ട്രെയിനിംഗ് നൽകി മേൽപറഞ്ഞവ ലഭ്യമാക്കണം.

16. നല്ല സങ്കരയിനം ആട്ടിൻകുട്ടികൾ, മുയൽകുഞ്ഞുങ്ങൾ, താറാവുകുഞ്ഞുങ്ങൾ എന്നിവ കർഷകർക്ക് സൗജന്യമായി നൽകണം.

17. മൃഗാശുപത്രിയുടെ ദൈനംദിനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും അതുമൂലം കർഷകർക്ക് എല്ലാവിധത്തിലുമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രിയുടെ സേവനം എല്ലാവർക്കും ലഭിക്കുന്നതിനുംവേണ്ടി കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ, കുടിവെള്ളക്ഷാമം, ഫർണീച്ചർ ആന്റ് എക്യുപ്മെന്റസ്, മരുന്ന്, വാക്സിൻ, ടെലിഫോൺ, വാഹനം ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തൽ ക്വാർട്ടേഴ്സ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

18. ഈ പഞ്ചായത്തിലെ എല്ലാ കന്നുകാലികളെയും ആടുകളെയും സൗജന്യമായി ഇൻഷ്വർ ചെയ്യണം.

19. പേവിഷനിർമ്മാർജ്ജനത്തിൽ ജനപങ്കാളിത്തത്തോടെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവെയ്പ് ഏർപ്പെടുത്തി ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കണം.

20. മൃഗസംരക്ഷണമേഖലയിൽ അനുസ്യൂതമായ വികാസം ഉണ്ടായിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മൃഗസംരക്ഷണമേഖല കാര്യമായി പുരോഗമിച്ചുവരികയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിച്ച് ഈ മേഖലയിൽ മുഴുവൻ സമയതൊഴിൽ തേടുന്നവരുടെയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടെയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ദരിദ്ര ജനവിഭാഗങ്ങളുടെ പ്രത്യേകിച്ചും പട്ടികജാതിക്കാർ , ആദിവാസികൾ തുടങ്ങിയവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ മേഖല വളരെയധികം പ്രയോജനപ്പെടും. തൊഴിൽ രഹിതരായ ഗ്രാമീണസ്ത്രീകളെ മൃഗസംരക്ഷണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സാമ്പത്തികശേഷി കൈവരിക്കാൻ സഹായിക്കുന്നു. കേരളത്തിലെ സമ്പദ്ഘടനയുടെ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94% വും ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. ഉൽപാദന ഉപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനോടൊപ്പം

അടുത്ത പദ്ധതികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.
2. പേവിഷ നിയന്ത്രണ പദ്ധതി.
3. കാലിവസന്ത നിർമ്മാർജ്ജനപദ്ധതി.
4. കാലിരോഗ നിയന്ത്രണ പദ്ധതി.
5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണസേവനങ്ങൾ.
6. പന്നിവളർത്തൽ വികസനപദ്ധതി.
7. ആടുവളർത്തൽ.

8. വികസനവും പരിശീലനവും, വിജ്ഞാനവ്യാപനവും.
9. കാലിത്തീറ്റ മിശ്രണം.
10. സമീകൃതാഹാര നിർമ്മാണം.
11. മുയൽ ഉൽപാദന പദ്ധതി
12. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പരിപാടി.
13. വീട്ടുവളപ്പിലെ കോഴിവളർത്തൽ.
14. താറാവുകൃഷി വികസനം / കാടയുൽപാദനം.
15. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ
16. വാക്സിൻ നിർമ്മാണം
17. രോഗഗവേഷണം
18. സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും.

തുടങ്ങിവ നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിൽ സംശുദ്ധമായ ഇറച്ചി ലഭ്യമാക്കുന്നതിൽ ഇറച്ചി പരിശോധന നിർബന്ധമാക്കേണ്ടതാണ്. അറവ്ശാലകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് യോഗ്യതയുള്ളതിൽ മാത്രം ലൈസൻസ് ഏർപ്പെടുത്തണം. ഇതുമൂലം മാംസം കഴിച്ചാൽ ഉണ്ടാകുന്ന പല രോഗങ്ങളും തടയാൻ സാധിക്കും. പഠനസംഘത്തിന്റെ യാത്രയിൽ ഇപ്പോഴും കർഷകർ ആധുനികരീതിയിലുള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ തുലോം കുറവാണ്. അതുമൂലം ഉൽപാദനവും, ആദായവും കുറവാണ്. യഥാർത്ഥ ബോധവൽകരണവും ശാസ്ത്രീയാടിസ്ഥാനത്തിലുള്ള മൃഗസംരക്ഷണവും അവലംഭിച്ചാൽ ഈ രംഗത്ത് ഗണ്യമായ പുരോഗതി എല്ലാതലത്തിലും ഉണ്ടാകുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. മുതലമട കിഴക്ക് ക്ഷീര സഹകരണസംഘത്തിന്റെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനം പൂർണ്ണമാക്കുക. ഇവിടെ ഉണ്ടാക്കുന്ന കാലിത്തീറ്റ ഈ പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും കിട്ടാൻ പറ്റുന്ന വിധത്തിൽ കാമ്പ്രത്ത്ചള്ളയിൽ ഒരു വിൽപനശാല തുടങ്ങുക.

2. താലിത്തീറ്റയുടെ വിലയിൽ സബ്സിഡി ഏർപ്പെടുത്തുക.

3. ഈ പഞ്ചായത്തിലെ 5 വാർഡുകളിലെ പ്രധാന വരുമാനമാർഗ്ഗം പാലുൽപാദനമാണ്. പഞ്ചായത്തിലെ മുഴുവൻ വീടുകളും ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് പഞ്ചായത്തിനെ ഡയറി പഞ്ചായത്താക്കി മാറ്റുവാൻ ശ്രമിക്കുക.

4. ആശുപത്രിയുടെ സേവനം ഏതുസമയത്തും ലഭിക്കുന്നതരത്തിൽ സംവിധാനം ഉണ്ടാക്കുക.

259

# ക്ഷീരവ്യവസായം

## ആമുഖം

ഏകദേശം 75 വർഷങ്ങൾക്കുമുമ്പ് ക്ഷീരവികസനം ഇന്നത്തെപ്പോലെ പുരോഗമിച്ചിരുന്നില്ല. കർഷകർ മാത്രമാണ് ഉഴാനും അത്യാവശ്യം വണ്ടി വലിക്കാനും കന്നുകാലികളെ വളർത്തിയിരുന്നത്. അതിൽ പശുക്കളുമുണ്ടായിരുന്നു. പശുക്കളിൽ നിന്നും കിട്ടുന്ന പാൽ വീടുകളിൽ കൊണ്ടുചെന്ന് ഉഴക്ക്, ഉരി, നാഴി എന്ന കണക്കിൽ വിറ്റ് ബാക്കിവരുന്ന പാലിനെ തൈര്, മോര്, അത്യാവശ്യം നെയ്യ് എന്നിവ ഉണ്ടാക്കിയിരുന്നു. അന്ന് കാലത്ത് തണ്ണീർപന്തലുകൾ ധാരാളം ഉണ്ടായിരുന്നു. തണ്ണീർപന്തലുകളിൽ ദാഹിച്ചുവരുന്ന വഴി യാത്രക്കാർക്ക് മോരുംവെള്ളം കൊടുക്കുന്ന പതിവുണ്ടായിരുന്നു. അതൊരു പുണ്യമായും കരുതിയിരുന്നു.

വിപണന സൗകര്യങ്ങൾ നന്നേ കുറവായതുകൊണ്ട് ഉൽപാദനം കൂട്ടുവാൻ ആരും മുതിർന്നില്ല. പാലിന്റെ പോഷകഗുണങ്ങളെ കുറിച്ചുള്ള അറിവില്ലായ്മകൊണ്ട് രോഗികൾക്കോ, കുട്ടികൾക്കോ, ഗർഭിണികൾക്കോ പാൽ കൊടുക്കുന്ന പതിവ് വളരെ വിരളമായിരുന്നു.

## മാറ്റങ്ങൾ

ഈ പഞ്ചായത്തിൽ സഹകരണസംഘത്തിന്റെ കീഴിൽ മുതലമട കിഴക്ക്, മുതലമട പടിഞ്ഞാറ് എന്നീ രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ ഉണ്ട്. മുതലമട കിഴക്ക് ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ ബ്രാഞ്ചായി മൂച്ചൾകുണ്ടിൽ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നു. സ്വകാര്യവ്യക്തികൾ പാൽ വ്യാപാരം നടത്തുന്നുണ്ട്. സഹകരണസംഘങ്ങൾ വഴി പാൽ വാങ്ങാനും ആ പാൽ സെന്ററുകളിൽ എത്തിക്കാനും അവർ അതിന് വിപണനം നടത്തുവാനും സൗകര്യമുണ്ട്. ജനസംഖ്യാവർദ്ധനവും കാപ്പി, ചായ കുടിക്കുന്നവരുടെ എണ്ണം കൂടുതലും പാൽ കൊണ്ട് പാൽഗോവ പോലെ പലതരത്തിലുള്ള സാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നതും പാലുൽപാദനം കൂടാൻ കാരണമായി.

മാത്രമല്ല, പാൽ വിറ്റ് ഉപജീവനം നടത്തുന്നവരുടെ കുടുംബങ്ങൾ കൂടുതലാവുകയും മിൽമ പോലെയുള്ള വിപണനകേന്ദ്രങ്ങളിൽനിന്ന് പാലിന് ന്യായമായ വില ലഭിക്കുകയും ചെയ്യുന്നുണ്ട്. പാൽ ഉൽപാദനം കൂട്ടുന്നതിനുവേണ്ടി സർക്കാർ പല ക്ഷേമപദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കറവപ്പശുക്കളെ വാങ്ങിക്കുവാൻ സൊസൈറ്റികൾ മുഖാന്തിരം സബ്സിഡി ലോണുകളും, തൊഴുത്ത് കെട്ടാൻ ധനസഹായം, തീറ്റപ്പുൽ വളർത്താൻ ധനസഹായം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ സൗജന്യമായി പശുക്കളെ വിതരണം, സമീകൃത ആഹാരം സങ്കരഇനം പശുക്കുട്ടികളുടെ വിതരണംപോലെയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. കന്നുകാലി പ്രദർശനം, കന്നുകാലി ഇൻഷ്വറൻസ് മുതലായവ ക്ഷീരവ്യവസായ വികസനത്തിനും കാരണങ്ങളാണ്. മായം ചേർക്കാത്ത ശുദ്ധമായ പാൽ ലഭ്യമാവാൻ സംവിധാനങ്ങളും ഇന്നുണ്ട്.

8ാം പഞ്ചവൽസരപദ്ധതിയിൽ സർക്കാർ ക്ഷീരവ്യവസായ സഹകരണ രംഗത്ത് നടപ്പിലാക്കിയ കാര്യങ്ങളും 9ാം പഞ്ചവൽസരപദ്ധതിയിൽ നടത്തേണ്ട കാര്യങ്ങളും പട്ടികയിൽ സൂചിപ്പിക്കുന്നു.

260

## പട്ടിക 1

### മുതലമട ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പ് 8 ാം പഞ്ചവൽസര പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

| പദ്ധതികൾ | 8ാംപഞ്ചവൽസര പദ്ധതിയിൽ ഇതു വരെനടപ്പിലാക്കിയവ | | 8ാംപഞ്ചവൽസര പദ്ധതിയിൽ ഇതു വരെനടപ്പിലാക്കാനുള്ള | | 8ാംപഞ്ചവൽസര പദ്ധതിയിൽആകെ നടപ്പിലാക്കുന്നവ | |
|---|---|---|---|---|---|---|
| | ധനസഹായം | എണ്ണം/ വിസ്തീർണ്ണം | ധനസഹായം | എണ്ണം/ വിസ്തീർണ്ണം | ധനസഹായം | എണ്ണം/ വിസ്തീർണ്ണം |
| മാതൃകഡയറിഫാം | 42000.00 | 6 എണ്ണം | 7,000.00 | 1 എണ്ണം | 49000.00 | 7 എണ്ണം |
| മാതൃകാ കന്നുകാലിതൊഴുത്ത് നിർമ്മാണം | 26,250.00 | 30 ,, | 7500.00 | 6 ,, | 33,750.00 | 36 ,, |
| ക്ഷീരകർഷകസമ്പർക്കപരിപാടി | 5,000.00 | 20 ,, | 2,000.00 | 10 ,, | 7,000.00 | 30 ,, |
| ക്ഷീരോൽപന്നനിർമ്മാണ പ്രദർശനപരിപാടി | 2,000.00 | 20 ,, | 1,000.00 | 10 ,, | 3,000.00 | 30 ,, |
| കന്നുകാലിപ്രദർശനം | 900.00 | 1 ,, | 900.00 | 1 ,, | 1,800.00 | 2 ,, |
| പുൽകൃഷിവികസന പരിപാടി | 48,966.00 | 56എച്.എ. | 15,750.00 | 19.2എച്.എ. | 64,716.00 | 75.2എച്.എ |
| ഹേ നിർമ്മാണം | 1,200.00 | 6 എണ്ണം | 200.00 | 1 എണ്ണം | 1,400.00 | 7 എണ്ണം |
| സൈലേജ് നിർമ്മാണം | 1,250.00 | 2 ,, | – | – | 1,250.00 | 2 ,, |
| വൈക്കോൽസമ്പുഷ്ടീകരണം ( സെൻട്രൽ ഗവ: ഫണ്ട് ) | 50,000.00 | 100 ,, | 25,000.00 | 50 ,, | 75,000.00 | 75 ,, |
| പ്രത്യേകഘടകപദ്ധതി | 18,000.00 | 3 ,, | 35,000.00 | 5 ,, | 53,000.00 | 8 ,, |
| വാണിജ്യാടിസ്ഥാനത്തിൽപുൽകൃഷി | 15,000.00 | 1എച്.എ. | – | – | 15,000.00 | 1എച്.എ. |
| ക്ഷീരോൽപന്നനിർമ്മാണ വിപണനയൂണിറ്റ് | 43,000.00 | 2യൂണിറ്റ് | 21,750.00 | 1യൂണിറ്റ് | 65,250.00 | 3യൂണിറ്റ് |
| ക്ഷീരോൽപന്നഫാക്ടറി | – | – | 3 ലക്ഷം | ,, | 3 ലക്ഷം | 1 ,, |
| | (തുക ജോ.അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. പ്രസിഡണ്ട് & ഡെപ്യൂട്ടി ഡയറക്ടർ) | | | | | |
| പരിശോധനോപകരണങ്ങൾ | 15,000.00 | 1 എണ്ണം | 15,000.00 | 1 എണ്ണം | 30,000.00 | 2 എണ്ണം |
| പാൽപാത്രങ്ങൾ | 1,400.00 | 1 ,, | – | – | 14,000.00 | 1 ,, |
| മിനറൽമിക്ചർ സബ്സിഡിനിരക്കിൽ | 3.636.00 | 435കി.ഗ്രാം | 1,200.00 | 150കി.ഗ്രാം | 4,836.00 | 585കി.ഗ്രാം |
| വൈറ്റമിൻസപ്ലിമെന്റ് സബ്സിഡിനിരക്കിൽ | 4,676.00 | 191bottles | 560.00 | 20bottles | 5,236.00 | 211bottles |
| ശുദ്ധമായ പാലുൽപാദനകിറ്റുകൾ സബ്സിഡിനിരക്കിൽ | 180.00 | 18 എണ്ണം | 750.00 | 50 എണ്ണം | 930.00 | 68 എണ്ണം |

പട്ടിക 2

മുതലമട ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസനവകുപ്പ് 9 ാം പഞ്ചവൽസര പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ

| ക്രമനമ്പർ | പദ്ധതികൾ | ധനസഹായം | എണ്ണം / വിസ്തീർണ്ണം |
|---|---|---|---|
| 1. | മാതൃകാഡയറിഫാം | 7 ലക്ഷം | 100 എണ്ണം |
| 2. | മാതൃകാകന്നുകാലിതൊഴുത്ത് നിർമ്മാണം | 1.25 ലക്ഷം | ,, |
| 3. | ക്ഷീരകർഷക സമ്പർക്കപരിപാടി | 5,000.00 | 25 ,, |
| 4. | ക്ഷീരോൽപന്നനിർമ്മാണപ്രദർശനപരിപാടി | – | – |
| 5. | കന്നുകാലിപ്രദർശനം | 18,000.00 | 2 ,, |
| 6. | പുൽകൃഷിവികസനപരിപാടി | 45,000.00 | 60എച്.എ. |
| 7. | ഹേ നിർമ്മാണം | 4,000.00 | 20 എണ്ണം |
| 8. | സൈലേജ് നിർമ്മാണം | – | – |
| 9. | വൈക്കോൽ സംപുഷ്ടീകരണം | | |
| | ( സെൻട്രൽ ഗവ; ഫണ്ട് ) | (സെൻട്രൽ ഗവ; ഫണ്ട്) | |
| 10. | പ്രത്യേകഘടകപദ്ധതി | 3.5 ലക്ഷം | 50 എണ്ണം |
| 11. | വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി | 15,000.00 | 1എച്.എ |
| 12. | ക്ഷീരോൽപന്നനിർമ്മാണവിപണനയൂണിറ്റ് | – | – |
| 13. | ക്ഷീരോൽപന്നഫാക്ടറി | – | – |
| 14. | പരിശോധനോപകരണങ്ങൾ | – | – |
| 15. | പാൽപാത്രങ്ങൾ | 14,000.000 | 10 എണ്ണം |
| 16. | മിനറൽമിക്സ്ചർ സബ്സിഡിനിരക്കിൽ | 4,800.00 | 600 കി.ഗ്രാം |
| 17. | വൈറ്റമിൻ സപ്ലിമെന്റ് സബ്സിഡിനിരക്കിൽ | – | – |
| 18. | ശുദ്ധമായ പാലുൽപാദനകിറ്റുകൾ സബ്സിഡിനിരക്കിൽ | – | – |

262

## ഗ്രാമസഭയിൽനിന്നും വന്നിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### പ്രശ്നങ്ങൾ

1. കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ സൊസൈറ്റികൾ എടുക്കുകയോ അതിനുള്ള സെന്ററുകളോ ആവശ്യത്തിനില്ല.
2. തീറ്റപുൽകൃഷിക്ക് ആവശ്യമായ ആനുകൂല്യങ്ങളും നിർദ്ദേശങ്ങളും ലഭിക്കുന്നില്ല.
3. പ്രതിരോധകുത്തിവെയ്പ് കാലാകാലങ്ങളിൽ നടക്കുന്നില്ല.
4. സംഘടിപ്പിക്കുന്ന സെമിനാറുകൾ എല്ലാ ഉൽപാദകർക്കും പ്രയോജനം കിട്ടുന്നില്ല.
5. ആനുകൂല്യങ്ങൾ കർഷകർക്ക് നേരിട്ടെത്തുന്നില്ല.
6. കൃത്രിമബീജസങ്കലനം വിജയപ്രദമാകുന്നില്ല.

### നിർദ്ദേശങ്ങൾ

1. ഡയറിഫാമുകൾ തുടങ്ങുന്നതിന് യുവതീയുവാക്കൾക്ക് മുൻഗണന നൽകുക.
2. പാൽ എടുക്കുന്ന സബ്സെന്ററുകൾ കൂടുതൽ തുടങ്ങുക.
3. പാലിന് വിലകൂട്ടണം. തീറ്റക്ക് വിലകുറക്കണം.
4. തീറ്റപ്പുൽകൃഷിക്ക് വേണ്ട ആനുകൂല്യങ്ങളും, നിർദ്ദേശങ്ങളും നൽകുക.
5. ഡയറി എക്സ്റ്റൻഷൻ ഓഫീസ് കാമ്പ്രത്തുചള്ളയിൽ തുടങ്ങണം.
6. കറവപ്പശുക്കൾക്ക് നല്ലയിനം തീറ്റയും, വേണ്ടപ്പെട്ട സാധനങ്ങളും സഹകരണസംഘം വഴി നൽകണം.
7. ബീജാധാനകേന്ദ്രം എല്ലാവാർഡിലും ഉണ്ടാക്കുക.
8. പ്രതിരോധകുത്തിവെയ്പ് കാലാകാലങ്ങളിൽ നടത്തുക.
9. പാൽ സൊസൈറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.
10. കാലിത്തീറ്റ ഫാക്ടറി വിപുലീകരിച്ച് കാലിത്തീറ്റ ന്യായമായ വിലക്ക് കർഷകർക്ക് ലഭ്യമാക്കുക.
11. വലിയചള്ളയിൽ ഒരു " ആനന്ദ്മോഡൽ " പാൽ സൊസൈറ്റിയുണ്ടാക്കണം.
12. വാർഡുകൾ തോറും ബോധവൽകരണത്തിന്നായി സെമിനാറുകൾ നടത്തണം.
13. സാധാരണ ഉൽപാദകർക്ക് സർക്കാരിൽനിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയുവാനുള്ള ബോധവൽകരണം നടത്തണം.
14. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ സൊസൈറ്റികൾ എടുക്കണം.
15. കൃത്രിമബീജസങ്കലനം നൂറുശതമാനം വിജയപ്രദമാണെന്ന് ഉറപ്പ് വരുത്തണം.
16. വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഈ തൊഴിലിലേക്ക് ആകർഷിക്കാൻ പ്രോൽസാഹനം നൽകുക.
17. സൊസൈറ്റിയിൽ പാലൊഴിക്കുന്ന എല്ലാവർക്കും മെമ്പർഷിപ്പ് നൽകണം.

മുതലമട ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന കർഷക-കർഷകത്തൊഴിലാളികൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ എന്നിവരുടെ ജീവിതവഴിയാത്രയിൽ വലിയ പുരോഗതി ഉണ്ടാവുന്ന, ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗണ്യമായ സ്വാധീനത്തെ മനസ്സിൽകരുതി പ്രതിപാദിച്ചിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഇതിലുണ്ട്. പുത്തൻ വികസന സംസ്കാരം ഉൾക്കൊള്ളാൻ നാം എല്ലാവരും തയ്യാറാവേണ്ടതാണ്.

# മത്സ്യകൃഷി

## ആമുഖം

മുതലമട പഞ്ചായത്തിൽ സുമാർ 75 വർഷം മുമ്പ് പുഴ, തോട്, കുളം മുതലായ ജലാശയങ്ങളിൽ പ്രകൃത്യാൽ ഉള്ള മത്സ്യങ്ങളായ ചൊടിയൻ, മൊയ്യ്, കടുക്, ചിക്വാള, പോട്ട, ആരൽ, മനങ്ങ്, പുളാൻ, പരൽ, മുതലായ മത്സ്യങ്ങളെ പ്രത്യേക വിഭാഗത്തിൽപെട്ട ആളുകൾ കുരുത്തി, ഒറ്റൽ, വിശുവല, ചൂണ്ട, ഒഴുക്കുവല, ഊത്തുഉളി മുതലായ മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിച്ച് പിടിക്കുകയും കൂടകളിൽ ആക്കി വീടുകളിലും ചന്തസ്ഥലങ്ങളിലും കൊണ്ടുപോയി വിപണനം നടത്തുകയും അങ്ങനെ അത് ഒരു ഉപജീവനമാർഗ്ഗമായി തീരുകയും ചെയ്തിരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യം പിടിക്കുന്നവർ സ്വന്തമായി നിർമ്മിക്കുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്തിരുന്നു. ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത കാരണം കടൽമത്സ്യത്തിന്റെ വരവ് അക്കാലങ്ങളിൽ നന്നേ കുറവായിരുന്നു. മീൻപിടുത്തക്കാർക്ക് സർക്കാരിൽനിന്നും ഇന്നു കിട്ടുന്ന രീതിയിലുള്ള പ്രോത്സാഹനങ്ങളോ സാമ്പത്തിക സഹായങ്ങളോ അന്നുണ്ടായിരുന്നില്ല. അവർ സംഘടിതരും ആയിരുന്നില്ല. കൂടുതൽ ആൾക്കാർ മീൻപിടുത്ത രംഗത്തേക്ക് വന്നിരുന്നതുകൊണ്ടും ദൈനംദിന ചൂഷണത്തിന്റെ ഫലമായി മത്സ്യസമ്പത്ത് കുറയുകയും ചെയ്തതിനാൽ അവരുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. കൂടാതെ ജലാശയങ്ങളിൽ മത്സ്യങ്ങളെ വളർത്തുന്നരീതി അന്ന് നിലവിലുണ്ടായിരുന്നില്ല. ജലസംഭരണികളുടെ ആവിർഭാവത്തോടുകൂടി പുഴകളും തോടുകളും വേനൽക്കാലങ്ങളിൽ ശുഷ്കമായിരുന്നതിനാൽ മത്സ്യം പിടിച്ച് ഉപജീവനം കഴിച്ചിരുന്നവർ വിഷമത്തിലായിരുന്നു.

## സമീപകാലമാറ്റങ്ങൾ

ആദ്യകാലങ്ങളിൽ പ്രകൃതിയിലുള്ള മത്സ്യവിഭവങ്ങൾ പിടിച്ച് ജനങ്ങൾ ഭക്ഷിക്കുകയായിരുന്നുവല്ലോ ? അന്ന് മത്സ്യം വളർത്തി അവയെപിടിച്ച് ഭക്ഷിക്കുക എന്നരീതി ഇല്ലായിരുന്നു. എന്നാൽ കാലം പുരോഗമിക്കുംതോറും ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുകയും മത്സ്യവിഭവം പ്രകൃതിയിലുള്ളത് തികയാതെ വരികയും ചെയ്തപ്പോൾ ജനങ്ങൾക്ക് പോഷകാഹാരക്കുറവ് പരിഹരിക്കാൻ സർക്കാരിന് പുതിയ രീതികൾ ആവിഷ്കരിക്കേണ്ടിവന്നു.

ഇതിനുവേണ്ടി നിലവിലുള്ള ഉൾനാടൻജലാശയങ്ങളിൽ ശാസ്ത്രീയ മത്സ്യകൃഷി ആരംഭിക്കുവാൻ സർക്കാർ പദ്ധതികൾ നടപ്പിലാക്കി. അങ്ങനെ 1976 മുതൽ മത്സ്യകർഷക വികസന ഏജൻസികൾ നിലവിൽ വന്നു. എളുപ്പത്തിൽ വളരുന്നതും രോഗപ്രതിരോധ ശക്തിയുള്ളതും സ്വാദിഷ്ടവും പോഷകസമൃദ്ധവുമായ കട്ല, രോഗ്, മൃഗാല മുതലായ മത്സ്യങ്ങളും വിദേശത്ത്നിന്ന് കൊണ്ടുവന്ന് വളർത്തുന്ന ഇനങ്ങളായ സൈഫർനസ്, ഗ്രാസ്കാർപ്പ്, സിൽവർകാർവ് എന്നീ മത്സ്യങ്ങളും ഇവിടത്തെ ജലാശയങ്ങളിൽ കൃഷിചെയ്യുവാൻ ആരംഭിച്ചു. പാലക്കാട് ജില്ലയിൽ മുതലമട പഞ്ചായത്തിലെ മീങ്കര ഡാം ആസ്ഥാനമാക്കി 1976ൽ " മത്സ്യ കർഷക വികസന ഏജൻസി " നിലവിൽവന്നു. ഏജൻസിയോടനുബന്ധിച്ച് മത്സ്യക്കുഞ്ഞുൽപാദനകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

264

മേൽപറഞ്ഞഇനം വളർത്തുമത്സ്യങ്ങളിൽ സൈഫർനൈസ് ഒഴിച്ച് ബാക്കിയുള്ളവ സ്വന്തമായി കുഞ്ഞുൽപാദനം നടത്താത്തവ ആയതിനാൽ അവയെ ഹോർമോൺ ഉപയോഗിച്ച് പ്രേരിത പ്രജനനം നടത്തിവരുന്നു. ഇതുമൂലം ഇടുന്ന മുട്ടകൾ മുഴുവനും കുഞ്ഞുങ്ങളായി കർഷകർക്ക് വിതരണം നടത്താൻ സാധിക്കുന്നുണ്ട്. ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ച് ജനങ്ങളെ ബോധവൽകരണം നടത്തുവാൻ തുടങ്ങിയതിന്റെ ഫലമായി കർഷകർ കുളങ്ങളിൽ വളർത്തുമത്സ്യങ്ങളെ വളർത്തുവാൻ തുടങ്ങി. കൂടാതെ ഡാമുകളിലും മത്സ്യം വളർത്തുവാൻ തുടങ്ങുകയും അവയെ സഹകരണാടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവരെ ഏൽപിക്കുകയും മത്സ്യകൃഷിയും മത്സ്യബന്ധനവും വിപണനവും സഹകരണ സംഘങ്ങൾ നടത്തുവാൻ തുടങ്ങുകയും ചെയ്തു. ഇങ്ങനെ കുളങ്ങളിലും ഡാമുകളിലും ഏരികളിലും മത്സ്യം വളർത്തൽ തുടങ്ങിയതുമൂലം മത്സ്യംപിടിക്കുന്നവർക്ക് തൊഴിലും ഉപജീവനമാർഗ്ഗവും കിട്ടാൻ തുടങ്ങി. മത്സ്യത്തൊഴിലാളി ക്ഷേമസംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചതുമുതൽ ഈ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് വീടുവെയ്ക്കാൻ, വിവാഹം എന്നിവക്ക് സഹായം നൽകുന്നുണ്ട്. കൂടാതെ ഇൻഷ്വറൻസ് ചെയ്തവർക്ക് പ്രസ്തുത ക്ഷേമനിധിയിൽനിന്ന് പണവും ലഭിച്ചുവരുന്നുണ്ട്. പ്രത്യേകഘടക പദ്ധതിയിൽ ഗിരിവർഗ്ഗ പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി മത്സ്യബന്ധനോപകരണങ്ങൾ നൽകുകയും വീട് വെച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## 8 ാം പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികൾ

മീങ്കര കേന്ദ്രമായി 1976ൽ രൂപീകൃതമായ മത്സ്യകർഷക വികസന ഏജൻസി പാലക്കാട് ജില്ലയിലെ മൊത്തം പ്രവർത്തനത്തിനായി നിലകൊള്ളുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് സ്വന്തമായ ഒരു മത്സ്യക്കുഞ്ഞുൽപാദന കേന്ദ്രവും ഉണ്ട്. ഈ കേന്ദ്രത്തിൽനിന്നും ഈ കാലയളവിൽ 6,36,850 കട്‌ല, രോഗു, മൃഗാല സൈപ്പർനസ് മുതലായ മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചു. ഇതിൽ മുതലമട പഞ്ചായത്തിൽ നിന്നും അംഗങ്ങളായി ചേർന്ന 20 പേരുടെ 20 കുളങ്ങളിലായി 64950 മത്സ്യകുഞ്ഞുങ്ങളെ വളർത്താനായി നൽകിയിട്ടുണ്ട്. മാത്രമല്ല, ഇവിടെനിന്നും ഉൽപാദിപ്പിക്കുന്ന മത്സ്യകുഞ്ഞുങ്ങൾ ജില്ലയിലെ മറ്റുപഞ്ചായത്തുകൾക്കും നൽകുന്നുണ്ട്. മത്സ്യകുഞ്ഞിന്റെ വിലയിനത്തിൽ ഈ പഞ്ചായത്തിലെ മത്സ്യകർഷകർക്ക് 3116 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

1.50 ഏക്കർ വരുന്ന ഒരു പുതിയകുളം നിർമ്മിക്കുന്നതിനായി 63,000 രൂപ ബാങ്ക്ലോൺ ലഭ്യമാക്കി. ഇതിന്റെ സബ്സിഡിയായി 12,000 രൂപ കർഷകർക്ക് നൽകി. പഞ്ചായത്തിൽ 54 പേർക്ക് പദ്ധതിവർഷത്തിൽ ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകുകയും ഈ ഇനത്തിൽ സ്റ്റൈപ്പന്റ് ആയി 9450 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

## ഫിഷറീസ് സഹകരണസംഘങ്ങൾ

മീങ്കര ഡാം കേന്ദ്രമായി മുതലമട പഞ്ചായത്തിലെ മുഴുവൻ വാർഡുകളും പ്രവർത്തനമേഖലയായി ഒരു പട്ടികജാതി / പട്ടികവർഗ്ഗ റിസ്സർവോയർ ഫിഷറീസ് സഹകരണസംഘം 1984 മുതൽ പ്രവർത്തിക്കുന്നു. ഈ സംഘം ഫിഷറീസ് വകുപ്പിന്റെ കീഴിലാണ്. ഈ സംഘം മുഖേന അവിടത്തെ മത്സ്യത്തൊഴിലാളികളും മെമ്പർമാരും ആയവർക്ക് പരഗലുകൾ വിവിധതരം കണ്ണിവലിപ്പുള്ള വലകൾ എന്നീ മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്നു.

എസ്.സി.സി.പി. / ടി.എസ്.പി പദ്ധതി പ്രകാരം ഈ സംഘത്തിലെ 35 അംഗങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുത്തു. ( പട്ടികജാതിക്കാർക്ക് 26ഉം വർഗ്ഗക്കാർക്ക് 9ഉം. ).

മത്സ്യക്കുഞ്ഞുൽപാദനത്തിനായി 13 നഴ്സറികൾ അടങ്ങുന്ന മിനി ഹാച്ചറിയും ഒരു കിണറും പമ്പും സംഘത്തിനുവേണ്ടി ഒരു ഓഫീസ് ബിൽഡിംഗും പണിചെയ്തു.

സംഘാഗങ്ങൾക്കും ( പുരുഷൻ ) അവർഅയക്കുന്ന വനിതകൾക്കും മത്സ്യകുഞ്ഞുൽപാദനത്തിൽ പരിശീലനം നൽകി.

പ്രത്യേക ഘടക പദ്ധതി പ്രകാരം ഫാസ്റ്റ് ഫുഡ്, കിയോസ്ക്ക് തുടങ്ങുന്നതിനുള്ള പരിശീലനം നേടിയവർക്ക് സ്റ്റാൾ തുടങ്ങുവാനുള്ള സാമഗ്രികൾ വാങ്ങിക്കൊടുത്തു. കൊല്ലങ്കോട് സ്റ്റാൾ പ്രവർത്തനം ആരംഭിച്ചു. സംഘാംഗങ്ങളായ 31 വീട്ടുകാർ താമസിക്കുന്ന മത്സ്യഗ്രാമത്തിൽ ഒരു കമ്മ്യൂണിറ്റിഹാളും വാട്ടർടാങ്കും നിർമ്മിച്ചു.

## ഗ്രാമസഭയിൽനിന്നും വന്നിട്ടുള്ള പ്രശ്നങ്ങൾ

1. മത്സ്യക്കുഞ്ഞുങ്ങളും മത്സ്യത്തീറ്റ, മത്സ്യകൃഷിക്കുവേണ്ട മറ്റുപകരണങ്ങൾ തുടങ്ങിയ നിർദ്ദേശങ്ങൾ എല്ലാവാർഡിലും നടപ്പിലാക്കുക, സബ്സിഡി ആനുകൂല്യങ്ങൾ നൽകുക.
2. ചെമ്മീൻകൃഷി പ്രോത്സാഹനം നടത്തി ട്രെയിനിംഗ് നിർദ്ദേശം, ആനുകൂല്യം ഇവ നൽകുക.
3. മത്സ്യത്തൊഴിലാളികൾക്ക് വീടുവെക്കുന്നതിനും മക്കൾക്ക് വിദ്യാഭ്യാസ സൗകര്യത്തിനും സാമ്പത്തിക സഹായം നൽകുക.
4. 69 മത്സ്യത്തൊഴിലാളികളുടെ വീടുകൾ വയറിംഗ് ചെയ്തു തീർത്തു. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഉടൻ അനുവദിക്കുക. സൗജന്യ വൈദ്യുതി സ്കീമിൽ ഉൾപ്പെടുത്തുക.
5. കോൾഡ് സ്റ്റോറേജ് വലിയ ചള്ളയിൽ തുടങ്ങണം.
6. ഇറച്ചി വിപണനം ( കോഴി, ആട്, മുയൽ ) മത്സ്യവിപണനം തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
7. മത്സ്യകൃഷിക്ക് എഫ്.എഫ്.ഡി.എ. വഴി ട്രെയിനിംഗ് നൽകി സാമ്പത്തിക സഹായം നൽകണം.
8. സെമിനാറുകൾ വാർഡുതോറും നടത്തണം.

## പരിഹാരമാർഗ്ഗങ്ങൾ

1. മത്സ്യകുഞ്ഞുങ്ങളുടെ വിലയുടെ 25% സബ്സിഡിയായി പുതിയ കർഷകർക്ക് നൽകി വരുന്നുണ്ട്. 94-95ലെ പുതുക്കിയ " പാറ്റേൺസ് ഓഫ് റെസിസ്റ്റൻസ് " പ്രകാരം മത്സ്യവിത്ത്, മത്സ്യത്തീറ്റ, വളം, മത്സ്യരോഗചികിത്സ എന്നീ ചിലവുകൾക്കും ഏറ്റവും കൂടിയത് 4,000 രൂപ ( ഹെക്ടറിന് ) ഒരു കർഷകന് ഒരിക്കൽമാത്രം കൊടുക്കാൻ വ്യവസ്ഥയുണ്ട്. പക്ഷേ ഇത് എല്ലാവർഷവും കൊടുക്കുവാൻ നടപടി ഭാവിയിൽ ഉണ്ടാകേണ്ടതാണ്.

266

2. ശുദ്ധജലത്തിൽ വളർത്താവുന്ന കൊഞ്ച് ( ചെമ്മീൻ ) ഈ പഞ്ചായത്തിൽ പരീക്ഷണാർത്ഥം വളർത്തി അത് വിജയപ്രദമായിട്ടുണ്ട്. ചെമ്മീൻ കൃഷി ചെയ്യുവാൻ കർഷകർ മുന്നോട്ടുവരികയാണെങ്കിൽ മത്സ്യകർഷക വികസന ഏജൻസി കുളം നിർമ്മിക്കാനുള്ള ലോൺ ലഭ്യമാക്കിക്കൊടുക്കുന്നതും സബ്സിഡി കൊടുക്കുന്നതും സാങ്കേതിക പരിജ്ഞാനം നൽകുന്നതുമാണ്.

3. മത്സ്യത്തൊഴിലാളികളുടെ പുരോഗതിക്കായി ഫിഷർമാൻ വെൽഫെയർ മത്സ്യത്തൊഴിലാളി ക്ഷേമനിധി എന്ന ഒരു സ്ഥാപനം തൃശൂരിൽ പാട്ടുരാക്കൽ എന്നസ്ഥലത്ത് സ്ഥിതിചെയ്യുന്നു. സംസ്ഥാനം മുഴുവനും ഈ സ്ഥാപനത്തിന് പ്രവർത്തനമേഖല ഉണ്ട്. ഈ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്ന മത്സ്യത്തൊഴിലാളിക്ക് വീടുവെക്കുന്നതിനും വിവാഹം, വിദ്യാഭ്യാസം എന്നിവക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. ഇൻഷ്വർ ചെയ്യുന്ന തൊഴിലാളിക്ക് മരിച്ചാലും അംഗഭംഗം സംഭവിച്ചാലൊ സാമ്പത്തിക സഹായം ലഭിക്കും.

4. ശാസ്ത്രീയ മത്സ്യകൃഷിയിൽ മത്സ്യകർഷക വികസന ഏജൻസി വർഷം മുഴുവനും പരിശീലനം നൽകി വരുന്നുണ്ട്. മത്സ്യകർഷക വികസന ഏജൻസിയിൽ അംഗമായിട്ടുള്ള കർഷകനോ അല്ലെങ്കിൽ അയാൾ സ്പോൺസർചെയ്യുന്ന രണ്ടുപേർക്കോ ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നേടാൻ അർഹതയുണ്ട്. അപേക്ഷിക്കുന്ന എല്ലാവർക്കുംതന്നെ പരിശീലനം നൽകുന്നതാണ്.

5. സെമിനാറുകൾ ഇപ്പോൾ ബ്ലോക്ക്തലത്തിൽ നടത്തിവരുന്നുണ്ട്. ഭാവിയിൽ പഞ്ചായത്തുതലത്തിലും വാർഡ്തലത്തിലും നടത്താവുന്നതാണ്.

## അടുത്ത പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്

1. പുതിയ കർഷകരെ കണ്ടുപിടിച്ച് വികസനഏജൻസിയിൽ അംഗങ്ങളാക്കുക.
2. ഇതുവരെ മത്സ്യകൃഷിചെയ്യാതെ തരിശ്ശായി കിടക്കുന്ന ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുക.
3. സാധാരണ മത്സ്യകൃഷിക്കുപുറമെ പശു, പന്നി, താറാവ് എന്നിവ കൂടി ഉൾപ്പെടുത്തി സംയോജിത മത്സ്യകൃഷിനടപ്പിലാക്കുക.
4. ബണ്ടുകൾ പൊളിഞ്ഞും കണകൾ നിറഞ്ഞും കിടക്കുന്ന കുളങ്ങൾ നന്നാക്കുവാൻ ബാങ്ക്ലോൺ ലഭ്യമാക്കുക.. നിയമാനുസൃതം സബ്സിഡി നൽകുക.
5. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുവാൻ ധനസഹായം ലഭ്യമാക്കുക. ആയതിന് സബ്സിഡി നൽകുക.
6. ശാസ്ത്രീയ മത്സ്യകൃഷി അഭിരുചിയുള്ളവർക്ക് പരിശീലനം നൽകുക. ഇതിന് സ്റ്റൈപ്പന്റ് നൽകുന്നതാണ്.
7. കൊഞ്ച് ( ചെമ്മീൻ ) കൃഷിയിൽ താൽപര്യമുള്ളവർക്ക് പ്രത്യേക ഊന്നൽ നൽകി കൊഞ്ചുകൃഷി വ്യാപകമാക്കുക
8. സെമിനാറുകൾ സംഘടിപ്പിച്ച് വിവിധ ഏജൻസികൾ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും നൽകുന്ന സേവനങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെ സംബന്ധിച്ചും അവരെ ബോധവൽകരിക്കുക.
9. മത്സ്യത്തീറ്റ ഫാക്ടറിനിർമ്മിക്കുവാൻ മുന്നോട്ടു വരുന്നപക്ഷം അതുനടപ്പിലാക്കുക. ഇതിന് സർക്കാർ സഹായം ലഭിക്കുന്നതാണ്.
10. രണ്ട് വാർഡിന് ഒരു പാൽസഹകരണ സൊസൈറ്റി എന്ന തത്വം സ്വീകരിച്ച് നടപ്പാക്കണം.
11. പാൽ സംഭരിക്കുന്നതിന് ഒരു ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കണം.

267

# വ്യവസായം

വ്യാവസായിക രംഗത്ത് പറയാൻമാത്രമുള്ള യാതൊരുവിധ സംരംഭങ്ങളും ഈ പഞ്ചായത്തിലുണ്ടായിട്ടില്ല. കുറച്ച് കടല മില്ലുകളും അരിയുൽപാദന മില്ലുകളും മാത്രം. കുടിൽ വ്യവസായ രംഗത്ത് ചുണ്ണാമ്പുനീറ്റലും മൺപാത്രനിർമ്മാണവും ഉണ്ടായിരുന്നെങ്കിലും ചുണ്ണാമ്പുവ്യവസായം പരിപൂർണ്ണമായും ഇല്ലാതായി. മൺപാത്ര നിർമ്മാണം പേരിനുമാത്രം ഇന്നും തുടരുന്നു. മുറം, കൂട, പരമ്പ് എന്നിവ വീട്ടിലിരുന്ന് നിർമ്മിച്ച് പൊള്ളാച്ചിചന്തയിൽകൊണ്ടുപോയി വിൽക്കുന്ന രീതി പ്ലാസ്റ്റിക് യുഗത്തിന്റെ വരവോടെ അവരുടെ തൊഴിൽ സാദ്ധ്യതയും ഇല്ലാതായി.

മുതലമടയിൽ സമീപകാലത്തുണ്ടായ ഏറ്റവും വലിയ വ്യവസായകേന്ദ്രം പേപ്പർമില്ലാണ്. പഴയകടലാസുകളുരച്ച് പൾപ്പാക്കി വീണ്ടും കടലാസുണ്ടാക്കുന്ന യൂണിറ്റാണിത്. 1984–85 ൽ തുടങ്ങിയ ഈ സ്ഥാപനത്തിൽ 80 തൊഴിലാളികളുണ്ട്. അസംസ്കൃത വസ്തു കടലാസായതിനാൽ കാർഷികമേഖലയിൽ ഈ സ്ഥാപനം വലിയ സ്വാധീനം ചെലുത്തുന്നില്ല. തെങ്ങ് മുതലമടയിൽ വ്യാപകമായതിനെതുടർന്ന് ചിലർ ചകിരിമില്ലുകൾ സ്ഥാപിച്ചു. കുറഞ്ഞ കൂലിയിൽ തൊഴിലാളികളെ ലഭിക്കുന്നതും കമ്പനിയുടെ സ്ഥാപിക്കലിന് കാരണമായിട്ടുണ്ടാവാം.

വ്യവസായ രംഗത്ത് മുന്നേറിയ തമിഴ്നാടിനോട് ചേർന്നുനിൽക്കുന്ന പഞ്ചായത്താണിത്. എങ്കിലും ഇവിടെ വ്യവസായം തുടങ്ങൽ ആരും തയ്യാറാകുന്നില്ല. പഞ്ചായത്തിലനുഭവപ്പെടുന്ന ഊർജ്ജ പ്രതിസന്ധി, ജലക്ഷാമം, സ്ഥലത്തിന്റെ വില, തരിശുഭൂമിയുടെ കുറവ് എന്നിവയാണ് പ്രധാനകാരണങ്ങൾ. വ്യവസായികളെ ആകർഷിക്കാൻ പറ്റിയ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുകയും സാമ്പത്തിക സഹായം ലഭിക്കാൻ വഴി കാണുകയല്ലാതെ വഴിയില്ല.

## ഗ്രാമസഭയിൽ വന്ന പ്രധാന പ്രശ്നങ്ങൾ

1. വനിതകൾക്ക് പറ്റിയ വ്യവസായ സംരംഭങ്ങളില്ല.
2. കരിങ്കല്ല് ക്വാറികൾ ഉപയോഗിക്കാൻ കഴിയുന്നില്ല.
3. പുൽപായ നിർമ്മാണ യൂണിറ്റ് ഇല്ല.
4. പ്രാദേശിക വിഭവങ്ങൾ സംസ്കരിക്കാൻ അവസരമില്ല.
5. ഇഷ്ടിക നിർമ്മാണത്തിന് പൊതുസംരംഭങ്ങളില്ല.
6. കൊപ്ര സംസ്കരണ യൂണിറ്റില്ല.
7. കയർ നിർമ്മാണ യൂണിറ്റില്ല.
8. ഊർജ്ജപ്രതിസന്ധി–ജലക്ഷാമം
9. വ്യവസായം തുടങ്ങാൻ തയ്യാറുള്ളവരുടെ കുറവ്

268

10. മാർക്കറ്റിംഗ് രംഗത്തെ വിപണന പ്രചരണ പ്രശ്നങ്ങൾ

11. മത്സ്യ മാംസ സംസ്കരണ യൂണിറ്റില്ല.

## നിർദ്ദേശങ്ങൾ

1. റെഡിമെയ്ഡ്, കയർ, പായ, കറിപൗഡർ മുതലായവ നിർമ്മിക്കുന്ന വനിതാസഹകരണ സംഘങ്ങൾ പഞ്ചായത്തിൽ തുടങ്ങുക.
2. മെറ്റൽ ക്രഷ് യൂണിറ്റ് ആരംഭിക്കുക.
3. മാമ്പഴം കൊപ്ര എന്നിവ സംസ്കരിക്കുന്ന യൂണിറ്റ് തുടങ്ങുക.
4. സഹകരണമേഖലയിൽ ഓട്, ഇഷ്ടിക, ഫാൻസിടൈൽസ് എന്നിവ നിർമ്മിക്കുന്ന കമ്പനികൾ സ്ഥാപിക്കുക.
5. ഗ്രാമങ്ങളിൽ ഉണ്ടാകുന്ന ഉൽപന്നങ്ങൾ വിൽക്കാൻ പറ്റിയ മാതൃസംഘങ്ങൾ ജില്ലാതലത്തിലുണ്ടാവണം.
6. വ്യവസായ സംരംഭകരെ ഏകോപിപ്പിക്കാൻ ബ്ലോക്ക്, പഞ്ചായത്ത്, ജില്ലാതലങ്ങളിൽ സംവിധാനം വേണം.
7. വൈദ്യുതിക്ഷാമം ജലക്ഷാമം എന്നിവ പരിഹരിക്കാൻ പറ്റുന്നപദ്ധതികൾ ആവിഷ്കരിക്കണം.
8. നേരത്തെ തുടങ്ങിയ മിനി എസ്റ്റേറ്റുകളുടെ നില പരിശോധിച്ച് പരിഷ്കരിക്കണം. പുതുതായി വ്യവസായ ഗ്രോത്ത് സെന്റർ ആരംഭിക്കുക.
9. ജനകീയാടിത്തറയുള്ള വ്യവസായ സംസ്കാരം വളർത്തണം.
10. ഫാസ്റ്റ് ഫുഡ് സർവീസസ് യൂണിറ്റ്.
11. ഇഡലി, വട, ദോശ, തുടങ്ങിയ ആഹാരസാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഇൻസ്റ്റൻ മിക്സ് നിർമ്മിക്കുന്ന യൂണിറ്റ്.
12. പപ്പടനിർമ്മാണം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. മിൽക്ക്പ്രൊഡക്ട് യൂണിറ്റ് തുടങ്ങുക.
13. പിഗ്ഗറിഫാം തുടങ്ങുക.
14. മെറ്റൽപോളിഷ് യൂണിറ്റ് ഇലക്ട്രിക് ചിമ്മിണി യൂണിറ്റ്, ടർപ്പന്റൈൻ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുക.
15. ഗ്രാനൈറ്റ് പോളിഷിംഗ് ( എക്സ്പോർട്ട് ഓറിയന്റൽ ) യൂണിറ്റ്, ടൂറിസ്റ്റ് ഹോട്ടൽ, റബ്ബറൈസ്ഡ് കയർ, മാട്രസ്സ് യൂണിറ്റ്, കോക്കനട്ട് ഷെൽ പൗഡർ എന്നീ യൂണിറ്റുകൾ തുടങ്ങുക.

തൊഴിലെടുക്കാൻ പറ്റിയ ധാരാളം ജനങ്ങളുള്ള ഈ പഞ്ചായത്തിൽ വ്യവസായ വളർച്ചയിലൂടെ സമ്പദ്ഘടനയിൽ ഒരു മുന്നേറ്റം നടത്താനാകും. ഇത് നാടിന്റെയും ജനങ്ങളുടെയും ജീവിത നിലവാരം ഉയർത്തും ഇതിന് സമയബന്ധിതമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പഞ്ചായത്ത് വികസനസമിതി തയ്യാറാകണം.

269

# വിദ്യാഭ്യാസം

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിന്റെ തെക്കുകിഴക്കുഭാഗത്തായി തമിഴ്നാട് അതൃത്തി പ്രദേശത്ത് സ്ഥിതിചെയ്യുന്നതും വലിപ്പത്തിൽ കേരളത്തിൽ രണ്ടാംസ്ഥാനത്തുനിൽക്കുന്നതും 143 ച.മൈൽ വിസ്തീർണ്ണമുള്ളതുമായ ഒരു പഞ്ചായത്താണ് മുതലമട. പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് പ്രാമുഖ്യമുള്ള ഒരു പഞ്ചായത്താണിത്.

80 ഓളം വർഷങ്ങൾക്കുമുമ്പ് ആശാന്മാരുടെ കുടിപ്പള്ളിക്കൂടങ്ങളും, പൂഴിയിൽ എഴുത്തും, ഓലയിൽ എഴുതി പഠിപ്പിക്കലുമായിരുന്നു അന്നത്തെ സമ്പ്രദായം. അക്കാലത്ത് ഔപചാരികവിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. വലിയചള്ള, ആനമാറി, ചേനപ്പൻതോട്ടം, പള്ളം, ഗോവിന്ദാപുരം എന്നിവിടങ്ങളിൽ എഴുത്തുപള്ളിക്കൂടങ്ങൾ അനൗപചാരികവിദ്യാലയങ്ങളായി പ്രവർത്തിച്ചിരുന്നു. ഔപചാരിക വിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തുകാർക്ക് കൊല്ലങ്കോട്ടോ ചിറ്റൂരോ പോകുക മാത്രമായിരുന്നു പോംവഴി. ജന്മികളുടെയോ, ചാർത്തുകുടിയാന്മാരുടെയോ മക്കൾക്കുമാത്രമായിരുന്നു അങ്ങിനെയുള്ള വിദ്യാഭ്യാസം നേടുവാനുള്ള അവകാശം. ഈ വിഭാഗത്തിൽപ്പെടാത്തവരുടെ കുട്ടികൾ ഔപചാരികമായ ഈ വിദ്യാഭ്യാസത്തിനു ശ്രമിച്ചതുമൂലം ശാരീരികമായും മാനസികമായും ഏറെ പീഢനങ്ങൾ അവർക്ക് അനുഭവിക്കേണ്ട വന്നിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു. ഈ നാട്ടിലെ ആദ്യത്തെ അനൗപചാരിക അദ്ധ്യാപകൻ ശ്രീ. പി. നാഗുമണി മാസ്റ്ററായിരുന്നു.

ഈ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചത് 1919ൽ ജി.എൽ.പി.എസ്. മുതലമട എന്ന പേരിൽ നണ്ടൽകിഴായ എന്ന സ്ഥലത്തായിരുന്നു. ഇതോടെ മുതലമടയിലെ ഔപചാരിക വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുകയായി. ആദ്യകാല അദ്ധ്യാപകരിൽ ശ്രീമാന്മാർ പി. നാഗുമണി മാസ്റ്റർ, പിള്ളമാസ്റ്റർ എന്നിവർ ചിരസ്മരണീയരാണ്. ഇവർ മിഠായിപ്പൊതിയുമായി വീടുകൾ കയറിയിറങ്ങി വിദ്യാർത്ഥികളെ വിദ്യാലയത്തിലേക്ക് ആകർഷിച്ചുകൊണ്ടുവന്നിരുന്നു എന്ന കാര്യം ഈ നാട്ടുകാർ ഇന്നും കൗതുകപൂർവ്വം സ്മരിക്കുന്നു.

തുടർന്ന് ജി.എം.എൽ.പി.എസ് മുതലമട ( 1924 ) ജി.എൽ.പി.എസ്.ചള്ള ( 1926 ) എം.എ.എൽ.പി.എസ് പള്ളം ( 1954 ) എ.എൽ.പി.എസ്. ആട്ടയമ്പതി ( 1954 ) എം.ജി.എൽ.പി.എസ് മുവലക പുതൂർ ( 1955 ) എ.എൽ.പി.എസ്. ചെമ്മണാംപതി ( 1956 ) എ.എൽ.പി.എസ് നാഗർപാടം ( 1968 ) ജി.എൽ.പി.,എസ്. മൂച്ചൻകുണ്ട് ( 1981 ) എന്നീ വിദ്യാലയങ്ങൾ സ്ഥാപിതമായി. അതിനുശേഷം ട്രൈബൽ മേഖലകളായ തൂണക്കടവ്, തേക്കടി എന്നിവിടങ്ങളിൽ ട്രൈബൽ വെൽഫയർ എൽ.പി. സ്കൂളുകളും ആരംഭിച്ചു. ഇതിൽ ചെമ്മണാംപതിയിലുണ്ടായിരുന്ന എ.എൽ.പി.എസ് പ്രവർത്തനം നിലച്ചതിനുശേഷമാണ് മൂച്ചൻകുണ്ടിൽ സർക്കാർ എൽ.പി. സ്കൂൾ വന്നത്.

ഈ പഞ്ചായത്തിലെ ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് ആശാവഹമായി ഒരു ഹൈസ്കൂൾ സ്ഥാപിതമായത് 1957 ലായിരുന്നു. ശ്രീ. പി. നാഗുമണി മാസ്റ്ററുടെ വകയായി കാമ്പ്രത്തുചള്ളയിലുള്ള ഒരു ഓലപ്പുരയിലാണ് ഈ ഹൈസ്കൂൾ സ്ഥാപിതമായത്. നൂറോളം വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് വളർന്ന് പന്തലിച്ച് 3000 ത്തോളം വിദ്യാർത്ഥികൾ 50 ഡിവിഷനുകളിലായി പഠിക്കുന്ന ഒരു മഹാവിദ്യാലയമായി തീർന്നിരിക്കുന്നു. തമിഴ്, മലയാളം മീഡിയങ്ങൾ സമാന്തരമായി പ്രവർത്തിക്കുന്ന മുതലമട ഗവ: ഹൈസ്കൂളിന്റെ വളർച്ച ചാരിതാർത്ഥ്യ

210

ജനകമാണ്. ഹൈസ്കൂൾ സ്ഥാപിക്കുവാൻ വേണ്ടി പ്രവർത്തിച്ചവരിൽ പ്രമുഖർ അന്നത്തെ സ്ഥലം എം.എൽ.എ ശ്രീ. പി. ബാലചന്ദ്രമേനോനും കൂടാതെ വിദ്യാഭ്യാസ തൽപരരായ ഒരുപറ്റം നാട്ടുകാരുമായിരുന്നു. അവരുടെ അക്ഷീണമായ പ്രവർത്തനഫലമായാണ് ഈ വിദ്യാലയം ജന്മമെടുത്തത്. ഈ ഹൈസ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. അനന്തകൃഷ്ണയ്യരായിരുന്നു. ഈ ഹൈസ്കൂൾ ചുള്ളിയാർമേട്ടിലേക്ക് സ്വന്തം സ്ഥലത്ത് മാറ്റി സ്ഥാപിക്കുവാനും പുതിയ കെട്ടിട്ടങ്ങൾ നിർമ്മിപ്പിക്കുവാനും അഹോരാത്രം യത്നിച്ച അന്നത്തെ ഹെഡ്മാസ്റ്ററും സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവുമായ ശ്രീമാൻ വി.. ഗോപാലമേനോനെയും സ്ഥലം സംഭാവനയായി നൽകിയ വെങ്ങനാട്ടുകോവിലകം ധാത്രി വലിയ റാണിയെയും ഈ നാട്ടുകാർ ആദരപൂർവ്വം സ്മരിക്കുന്നു.

മുതലമട ഗവ : ഹൈസ്കൂൾ സ്ഥാപിതമായതോടുകൂടി ദശാബ്ദങ്ങളായി അറിവിന്റെ വെളിച്ചം നിഷേധിക്കപ്പെട്ടുകിടന്ന അനേകായിരങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം സംജാതമായി. തമിഴ്നാടിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പഞ്ചായത്തായതിനാൽ പല വിദ്യാലയങ്ങളിലും തമിഴ് മീഡിയം ക്ലാസുകൾ കൂടി സമാന്തരമായി നടക്കുന്നു. പുതൂർ, ആട്ടയാമ്പതി, ചള്ള, മുച്ചൻകുണ്ട് എന്നീ എൽ.പി.. വിദ്യാലയങ്ങളിലും മുതലമട ഗവ: ഹൈസ്കൂളുകളിലുമായി 1 മുതൽ 10 വരെ ക്ലാസ്സുകളിൽ തമിഴ് മീഡിയം ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്നു.

മുതലമട ഗവ: ഹൈസ്കൂളിലെ ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് 1964 ൽപുറത്തുവന്നു. എന്നാൽ ഉപരിപഠനത്തിനുവേണ്ടി ഇന്നും ഇവിടുത്തെ വിദ്യാർത്ഥികൾക്ക് 25 ഉം 30 ഉം വരെ കിലോമീറ്ററുകൾ സഞ്ചരിച്ച് നെന്മാറ, ചിറ്റൂർ, പാലക്കാട് എന്നിവിടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്.

ഈ പഞ്ചായത്തിലെ 4 ാം വാർഡിൽ തങ്ങൾകിഴായ എന്ന സ്ഥലത്ത് സി.എച്ച്എം.കെ.എസ്.എം യു.പി.എസ്. എന്ന പേരിൽ ( 1979 ) ഒരു അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിതമായി. കൂടാതെ 24 അംഗൺവാടി കേന്ദ്രങ്ങളും ആട്ടയാമ്പതിയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൻ കീഴിൽ ഒരു നഴ്സറി വിദ്യാലയവും നിലവിൽ വന്നു. തങ്ങൾകിഴായയിൽ ക്രസന്റ് നഴ്സറി എന്ന പേരിൽ അംഗീകാരം ലഭിച്ചിട്ടില്ലാത്ത ഒരു സ്ഥാപനവും, ചുള്ളിയാർമേട്ടിൽ നാഷണൽ ട്യൂട്ടോറിയൽ, ഖാദരിയ്യ ട്യൂട്ടോറിയൽ എന്നീ പേരുകളിൽ രണ്ട് സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നു എന്ന കാര്യവും വിസ്മരിക്കുന്നില്ല. അംഗൺവാടി കേന്ദ്രങ്ങളും മുസ്ലീം പള്ളികളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മദ്രസകൾ എന്നിവയും വിദ്യാഭ്യാസ രംഗത്ത് തങ്ങളുടെ സേവനം കാഴ്ചവെക്കുന്നു.

35000 ത്തോളം ജനസംഖ്യയുള്ള മുതലമട പഞ്ചായത്തിൽ 10 എൽ.പി. സ്കൂളുകൾ ഒരു യു.പി. സ്കൂൾ, ഒരു ഹൈസ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. ഈ വിദ്യാലയങ്ങളിൽ 3813 ആൺകുട്ടികളും, 2819 പെൺകുട്ടികളും, അടക്കം 5832 കുട്ടികൾ അറിവിന്റെ വെളിച്ചം നേടിക്കൊണ്ടിരക്കുന്നു. ഈ സ്ഥാപനങ്ങളിൽ 74 അദ്ധ്യാപകരും 100 അദ്ധ്യാപികമാരും ഉൾപ്പെടെ 174 പേർ സേവനമനുഷ്ടിച്ചുകൊണ്ടിരിക്കുന്നു.

### പ്രശ്നങ്ങൾ

സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ഈ വിദ്യാലയങ്ങളിൽനിന്ന് ഗണ്യമായ തോതിൽ വിദ്യാർത്ഥികൾ ഇടക്ക് പഠിപ്പുനിർത്തി കൊഴിഞ്ഞുപോകുന്നു എന്ന ദു:ഖസത്യം നാം മറന്നുകൂടാ.

27

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പുതിയ എൽ.പി. സ്കൂളുകൾ സ്ഥാപിക്കണമെന്ന ഗ്രാമസഭകളുടെ ശക്തമായ ആവശ്യം നിലനിൽക്കുമ്പോൾതന്നെ പല കാരണങ്ങളാലും സ്കൂളുകളിൽ ഡിവിഷൻ കുറഞ്ഞുകൊണ്ടിരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

ഇന്ന് ഈ വിദ്യാലയങ്ങളിലെ പഠനനിലവാരം പൊതുവെ തൃപ്തികരമല്ല. ഭൗതീകവും സാമ്പത്തീകവും സാങ്കേതികവുമായ നിരവധി പ്രശ്നങ്ങളാണ് ഇതിനുകാരണം. ജനകീയ ആസൂത്രണ പദ്ധതി നടപ്പിലാക്കുന്നതോടെ ഈ ദുരവസ്ഥകൾക്ക് മാറ്റമുണ്ടാവുമെന്ന് ശുഭാപ്തി വിശ്വാസത്തോടെ നമുക്ക് പ്രവർത്തിക്കാം.

ഈ പഞ്ചായത്തിലെ അദ്ധ്യാപക വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള വിവരങ്ങളും കുട്ടികളെ സംബന്ധിച്ച വിശദവിവരങ്ങളും അറിയുന്നത് നന്നായിരിക്കും. പട്ടിക എ യും ബി യും നോക്കുക.

### പട്ടിക എ
### അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റുസൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണീച്ചർ | |
| സ്കൂളുകൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളത് | വേണ്ടത്ര ഇല്ലാത്തത് | വേണ്ടത്ര ഉള്ളത് | വേണ്ടത്ര ഇല്ലാത്തത് |
| H. S | 15 | 17 | 32 | 657 | 621 | 1278 | – | 1 | – | 1 |
| U. P. S | 19 | 30 | 49 | 1006 | 862 | 1868 | 1 | – | – | 1 |
| L. P. S | 40 | 52 | 92 | 1339 | 1327 | 2666 | 6 | 4 | – | 10 |
| പ്രീ. പ്രൈമറി | 0 | 1 | 1 | 11 | 9 | 20 | – | 1 | – | 1 |
| ആകെ | 74 | 100 | 174 | 3013 | 2819 | 5832 | 7 | 6 | – | 13 |

212

## പട്ടിക ബി.
## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | ആകെകുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റ് പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | | 13 14 | 15 | | 16 | 17 | 18 | 19 20 |
| 1 | 292 | 288 | 580 | 73 | 92 | 165 | - | - | - | - | - | - | 0 | 1 | 1 | 2 | - | 2 | 3 |
| 2 | 370 | 361 | 731 | 91 | 115 | 206 | 5 | 5 | 10 | 22 | 14 | 36 | 3 | 3 | 6 | 8 | 6 | 14 | 20 |
| 3 | 318 | 298 | 616 | 81 | 85 | 166 | 5 | 5 | 10 | 24 | 11 | 35 | 1 | - | 1 | 3 | 1 | 4 | 5 |
| 4 | 324 | 305 | 629 | 86 | 89 | 175 | 5 | 10 | 15 | 26 | 16 | 42 | 1 | - | 1 | 3 | 3 | 6 | 7 |
| 5 | 361 | 257 | 618 | 82 | 58 | 140 | 5 | 2 | 7 | 25 | 14 | 39 | 5 | 6 | 11 | 6 | 7 | 13 | 24 |
| 6 | 352 | 318 | 670 | 78 | 58 | 136 | 6 | 3 | 9 | 22 | 14 | 36 | 3 | 4 | 7 | 5 | 9 | 14 | 21 |
| 7 | 336 | 314 | 650 | 70 | 53 | 123 | 15 | 8 | 23 | 26 | 23 | 49 | 2 | 3 | 5 | 7 | 4 | 11 | 16 |
| 8 | 277 | 214 | 491 | 52 | 36 | 88 | 7 | 5 | 12 | 23 | 16 | 39 | 8 | 5 | 13 | 6 | 9 | 15 | 28 |
| 9 | 220 | 198 | 418 | 34 | 33 | 67 | 8 | 7 | 15 | 24 | 17 | 41 | 2 | 4 | 6 | 7 | 6 | 13 | 19 |
| 10 | 136 | 148 | 284 | 22 | 26 | 48 | | | | | | | | | | 2 | 0 | 2 | 2 |
| | 2986 | 2701 | 5687 | 669 | 645 | 1314 | 56 | 45 | 101 | 192 | 125 | 317 | 25 | 26 | 51 | 49 | 45 | 94 | 145 |

273

## മുതലമട പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തുതകളും പ്രശ്നങ്ങളും

വാർഡ് 1 : ഈ വാർഡിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ജി.എം.എൽ.പി.എസ് മുതലമട. ഇതിന് സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല. 1924 ൽ ആരംഭിച്ച് 72 വർഷങ്ങൾ പിന്നിട്ടിട്ടും ഈ ദുരവസ്ഥ മാറ്റാൻ സാധിച്ചില്ല എന്ന ദുഃഖ സത്യം നിലനിൽക്കുന്നു. സ്ഥലവും കെട്ടിടവും സ്വന്തമായി ഉണ്ടാക്കേണ്ടതാണ്. ഇവിടുത്തെ പി.ടി.എ, മാതൃസംഗമം എന്നിവ സജീവമല്ല. സജീവമാക്കാൻ വേണ്ടത് ചെയ്യണം.

വാർഡ് 2 : ഇവിടെയുള്ള എം.എ.എൽ.പി.എസ്.പള്ളം എന്ന സ്വകാര്യ വിദ്യാലയമാണ് ഈ വാർഡിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനം. ഇവിടെ ആവശ്യമായത്ര കളിസ്ഥലം, മൂത്രപ്പുര, കുടിവെള്ളം എന്നിവക്കുള്ള അപര്യാപ്തത പ്രശ്നമായവശേഷിക്കുന്നു. തികച്ചും അനാരോഗ്യകരമായ ഒരു ചുറ്റുപാടിലാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. വൈദ്യുതീകരിച്ചിട്ടില്ല. പി.ടി,.എ, മാതൃസംഗമം എന്നിവ കാര്യമായി പ്രവർത്തിക്കുന്നില്ല. ഈ ദുരവസ്ഥകൾ പരിഹരിക്കണം.

വാർഡ് 3 : ഈ വാർഡിൽ ഒരു മേഖലയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല.

വാർഡ് 4 : ഈ വാർഡിലാണ് ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയമായ ജി.എൽ.പി.എസ്. മുതലമട 1919 ൽ സ്ഥാപിതമായത്. 75 വർഷങ്ങൾക്കുശേഷം മാത്രമാണ് ഈ സ്ഥാപനത്തിന്ന് സ്വന്തമായി 60 സെന്റ് സ്ഥലം വാങ്ങാൻ കഴിഞ്ഞത്. ഇപ്പോഴും വാടകക്കെട്ടിടത്തിൽ സെഷണൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനമാണ് ഇത്. ഈ സ്കൂളിന് ഇപ്പോൾ സ്വന്തം സ്ഥലത്ത് 5 മുറികൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ആവശ്യമായിട്ടുള്ള കെട്ടിടം, കുടിവെള്ളം, മൂത്രപ്പപര, ചുറ്റുമതിൽ എന്നിവ അടിയന്തിരമായും ഏർപ്പെടുത്തേണ്ടതാണ്. വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. പി.ടി.എ, മാതൃസംഗമം എന്നിവ സജീവമായി പ്രവർത്തിക്കുന്നു. ദീർഘകാലം ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ച അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് അർഹനായ ശ്രീ. പി. കൊച്ചപ്പൻ മാസ്റ്റർ ഈ വിദ്യാലയത്തിൽനിന്നാണ് വിരമിച്ചത്. സ്കൂൾ പി.ടി.എ യുടെ ശ്രമഫലമായി വിദ്യാലയത്തിന് സ്ഥലം, കെട്ടിടം, ഫർണീച്ചർ എന്നിവ ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ജി.എൽ.പി.എസ്. മുതലമടക്ക് സ്ഥലം വാങ്ങിയത് അന്നത്തെ പി.ടി.എ. പ്രസിഡണ്ട് എൻ.കെ.ഷാഹുൽഹമീദിന്റെ നേതൃത്വത്തിലായിരുന്നു. കെട്ടിടം വി.എസ്.വിജയരാഘവൻ എം.പി.യുടെ ഫണ്ടിൽനിന്നാണ്.

നാലാംവാർഡിൽതന്നെ സ്ഥിതി ചെയ്യുന്നതും സ്വകാര്യമേഖല ലുള്ളതുമായ ഏക യു.പി.സ്കൂളാണ് സി.എച്ച്.എം കെ.എസ്.എം യു.പി.എസ്. നണ്ടൻകിഴായ. ഈ വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ്. പി.ടി.എ. മാതൃസംഗമം എന്നിവ സജീവമായി പ്രവർത്തിക്കുന്നില്ല. ഈ സ്ഥാപനം വൈദ്യുതീകരിച്ചിട്ടില്ല.

വാർഡ് 5 : ഈ വാർഡിൽ വിദ്യാലയങ്ങൾ ഒന്നുംതന്നെയില്ല. ട്രൈബൽ ഏരിയയിലുള്ള കള്ളിയമ്പാറയിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയമെങ്കിലും അത്യാവശ്യമാണ്.

274

വാർഡ് 6 : ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ജി.എച്ച്.എസ്. മുതലമട ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. 5 മുതൽ 10 വരെ ക്ലാസ്സുകളിലായി തമിഴ്-മലയാളം മീഡിയങ്ങളിൽ 3000 ത്തോളം കുട്ടികൾ വിദ്യ അഭ്യസിക്കുന്ന ഈ സ്ഥാപനമാണ് പഞ്ചായത്തിലെ ഏക ഉന്നതപഠനകേന്ദ്രം. പുതിയ കെട്ടിടം നിർമ്മിക്കുവാൻ വേണ്ടി പി.ടി.എ. പ്രസിഡണ്ടും എം.എൽ.എ യുമായിരുന്ന ടി. ചാത്തു ചെയ്ത സേവനം പ്രത്യേകം സ്മരണീയമാണ്. കെട്ടിടങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും അപര്യാപ്തമാണ്. യഥാസമയം അദ്ധ്യാപക നിമനം നടന്നുകിട്ടാത്തത് ഈ വിദ്യാലയത്തിന്റെ ഒരു തീരാ ശാപമാണ്. പി.ടി.എ വളരെ സജീവമായി പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിന് അത്യന്താപേക്ഷിതമായ ഹയർസെക്കണ്ടറി വിദ്യാലയത്തിനുവേണ്ടി പി.ടി.എ പല പ്രവശ്യം നിവേദനങ്ങൾ നടത്തിയിട്ടും സാധിതപ്രായമാകാതെ കിടക്കുന്ന ഒരു പൊതുപ്രശ്നമായി ഇതു മാറിയിരിക്കുന്നു. ഈ വിദ്യാലയത്തിന് അനുവദിച്ച കമ്പ്യൂട്ടർ കോഴ്സ് ഇതുവരെ ആരംഭിച്ചിട്ടില്ല. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല. ഇവകൾ എത്രയും വേഗം നടപ്പാക്കേണ്ടതാണ്. കൂടാതെ ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുന്ന സ്കൂളിന്റെ സ്ഥലം നിരപ്പാക്കി കളിസ്ഥലത്തിന്റെ വിസ്തൃതി കൂട്ടേണ്ടതാണ്. പി.ടി..എ യുടെ സജീവമായ ശ്രമഫലമായി കെട്ടിടം, ഫർണീച്ചർ കഞ്ഞിപ്പുര, കക്കൂസ്, ചുറ്റുമതിൽ, ശുദ്ധജലവിതരണം മുതലായവ ഏർപ്പെടുത്തിക്കഴിഞ്ഞു. ചില സാമൂഹ്യവിരുദ്ധർ സ്കൂൾ ഉപകരണങ്ങൾ നശിപ്പിക്കുക, സ്കൂളും പരിസരവും മലീമസമാക്കുക, തുടങ്ങിയവ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനൊരു പ്രതിവിധി കണ്ടേ മതിയാവു.

6 ാം വാർഡിലെ മറ്റൊരു സർക്കാർ വിദ്യാലയമാണ് ജി.എൽ.പി.എസ്.ചള്ള. ഈ സ്കൂളിന് സ്ഥലം സംഭാവനചെയ്തത് ടി. കണ്ടുവും പാലക്കാട് മാർക്കറ്റിംഗ് സൊസൈറ്റിയുമാണ്. മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡണ്ട് സി. ഗംഗാധരന്റെ സഹായം പ്രത്യേകം സ്മരണീയമാണ്. 1926 ൽ സ്ഥാപിതമായ ഈ വിദ്യാലയം കൊല്ലങ്കോട് ഉപജില്ലയിലെ ഏറ്റവും വലിയ എൽ.പി. വിദ്യാലയമാണ്. കെട്ടിടങ്ങൾ അപര്യാപ്തമാണ്. ഒരു വശത്തുചുറ്റുമതിൽ ഇല്ല. യഥാസമയം അദ്ധ്യാപക നിയമനം നടക്കാത്തത് ഈ സ്കൂളിനെയും തീരാശാപം പോലെ പിന്തുടരുന്നു. തമിഴ്-മലയാളം മീഡിയം ക്ലാസുകൾ സമാന്തരമായി നടക്കുന്ന ഈ സ്കൂളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട അനേകം വിദ്യാർത്ഥികൾ പഠിക്കുന്നു. പറമ്പിക്കുളം തേക്കടി തുടങ്ങിയ ആദിവാസി മേഖലകളിൽ പ്രഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികളുടെ ഉപരിപഠനാർത്ഥം ചള്ള എൽ.പി. സ്കൂളിന്റെ വകസ്ഥലത്ത് ഒരു ട്രൈബൽ വെൽഫെയർ ഹോസ്റ്റൽ സ്ഥാപിക്കുകയാണെങ്കിൽ തൊട്ടടുത്ത മുതലമട ഹൈസ്കൂളിൽ ചേർന്ന് 10 ാംതരം വരെയുള്ള പഠനം പൂർത്തിയാക്കുവാൻ അവർക്ക് സാധിക്കും. പി.ടി.എ സജീവമാണ്. ഇതിന്റെ ശ്രമഫലമായി വാട്ടർടാങ്ക്, കെട്ടിടം, ചുറ്റുമതിൽ എന്നിവ സംഘടിപ്പിച്ചു. ഈ വിദ്യാലയത്തിലും സാമൂഹ്യദ്രോഹികളുടെ നശീകരണപ്രവർത്തനം തുടരുന്നു. ഇതിനൊരു പോംവഴി കാണേണ്ടിയിരിക്കുന്നു.

വാർഡ് 7 : ഈ വാർഡിൽ ഒറ്റ വിദ്യാലയവുമില്ല.. പിന്നോക്കാവസ്ഥയിൽ കിടക്കുന്നതും മലയോരപ്രദേശവും ആദിവാസിമേഖലകൾ ഉള്ളതുമായ ഈ വാർഡിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയമെങ്കിലും സ്ഥാപിക്കേണ്ടതാണ്.

വാർഡ് 8 : ഈ വാർഡിലും വിദ്യാലയങ്ങളൊന്നും ഇല്ല. ഇവിടെ വടക്കേചള്ളയിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിച്ചു കിട്ടണമെന്ന് ഗ്രാമസഭയിൽ ആവശ്യം പൊന്തിവന്നിട്ടുണ്ട്.

വാർഡ് 9 : ഈ വാർഡിൽ സ്ഥിതിചെയ്യുന്ന രണ്ട് സ്വകാര്യ വിദ്യാലയങ്ങളാണ് എ.എൽ.പി.എസ്. ആട്ടയാമ്പതിയും എ.എൽ.പി.എസ്. നാഗർപാടവും. ആട്ടയാമ്പതി സ്കൂളിന്റെ നടത്തിപ്പ് തൃപ്തികരമല്ലെന്നും അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും ഗ്രാമസഭയിൽ ശക്തമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഈ സ്കൂളിലെ ഭൗതികസാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. പി.ടി.എ, മാതൃസംഗമം എന്നിവ ഒട്ടും തൃപ്തികരമായല്ല പ്രവർത്തിക്കുന്നത്. നാഗർപാടം എ.എൽ.പി. സ്കൂളിൽ ആവശ്യത്തിന് കെട്ടിടമുണ്ടെങ്കിലും കുടിവെള്ളക്ഷാമം ഉണ്ട്.

275

കളി സ്ഥലമുണ്ട്. വൈദ്യുതീകരിച്ചതാണ്. ഈ വാർഡിലെ നിവിളുംതോട് ഭാഗത്ത് ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വാർഡ് 10 : ഈ വാർഡിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് ജി.എൽ.പി.എസ്. മൂച്ചൻകുണ്ട്. സ്ഥലം നൽകിയത് ചെടയപ്പകൗണ്ടർ എന്ന സുബ്ബയ്യകൗണ്ടർ ആണ്. തുടങ്ങിയത് മലയാളം മീഡിയം സ്കൂളായിട്ടാണെങ്കിലും കാലക്രമത്തിൽ മലയാളം മീഡിയത്തിൽ കുട്ടികൾ ഇല്ലാതെ വരികയും തമിഴ്മീഡിയം ക്ലാസ്സുകൾ മാത്രം നടക്കുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുകയുമാണിപ്പോൾ. ഈ വിദ്യാലയത്തിന് ഓഫീസ് റൂമോ, ചുറ്റുമതിലോ ഇല്ല. നിലവിലുള്ള ഷെഡ്ഡിൽ മഴക്കാലത്ത് ക്ലാസുകൾ നടത്തുവാൻ നിർവാഹമില്ലാത്ത അവസ്ഥയാണിപ്പോൾ. ഷെഡ്ഡിന്റെ സൈഡ് മറക്കാനും കഞ്ഞിപ്പുര, ഓഫീസ് റൂം എന്നിവ നിർമ്മിക്കുവാനും ഒട്ടും അമാന്തിച്ചുകൂടാ. ഏകദേശം 15 കിലോമീറ്റർ സ്ഥലത്ത് മറ്റ് ഉന്നതവിദ്യാലയങ്ങൾ ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ ഈ വിദ്യാലയം ഒരു യു.പി. സ്കൂളായി ഉയർത്തേണ്ടതാവശ്യമാണ്. പി.ടി.എ യുടെ ശ്രമഫലമായി കിണർ, മൂത്രപ്പുര, എന്നിവ നിർമ്മിക്കുവാനും സാധിച്ചിട്ടുണ്ട്.

വാർഡ് 11 : ഈ വാർഡിലെ സ്വകാര്യമേഖലയിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് എം.ജി.എൽ.പി.എസ്. മൂവ്വലകപുതൂർ. വൈദ്യുതിയും കുടിവെള്ളവുമുണ്ടെങ്കിലും കളിസ്ഥലം തീരെ അപര്യാപ്തമാണ്. പൊതുവെ അനാരോഗ്യകരമായ ചുറ്റുപാടിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂൾ പി.ടി.എ പ്രവർത്തനക്ഷമമല്ല.

11 ാംവാർഡിലെ അംബേദ്കർ കോളനിയിൽ ഒരു എൽ.പി.സ്കൂളിന്റെ അഭാവം ഗുരുതരമായി അനുഭവപ്പെടുന്നു. കോളനി നിവാസികളിൽ ബഹുഭൂരിപക്ഷവും പിന്നോക്കാവസ്ഥയിലായതുകൊണ്ട് ഒരു സാമൂഹ്യബോധവൽകരണം അത്യന്താപേക്ഷിതമാണ്.

വാർഡ് 12 : ഈ വാർഡിൽ ഒരു വിദ്യാലയവുമില്ല. ട്രൈബൽമേഖലയിലുള്ള വളരെ വിസ്തൃതമായ ഒരു പ്രദേശമാണിത്. ഇവിടെ ഒരു സ്വകാര്യവിദ്യാലയമുണ്ടായിരുന്നത് നിലവിലില്ലാതായിട്ട് വളരെ വർഷങ്ങളിയി. ഇവിടെയും ഒരു വിദ്യാലയം അത്യാവശ്യമാണ്.

വാർഡ് 13 : ഈ പഞ്ചായത്തിന്റെ കേന്ദ്രത്തിൽനിന്ന് 85 കിലോമീറ്റർ ദൂരത്തിൽകിടക്കുന്നതും തമിഴ്നാട്ടിൽകൂടി സഞ്ചരിച്ച് എത്തേണ്ടതുമായ ഒരു വാഡാണിത്. വനപ്രദേശത്ത് ട്രൈബൽ മേഖലയിലുള്ള രണ്ട് വിദ്യാലയങ്ങൾ ഇവിടെയുണ്ട്. GTWLPS തുന്നക്കടവ് GTWLPS തേക്കടി എന്നിവയാണ് ഇവകൾ. തൂണക്കടവിൽ ഹോസ്റ്റൽ സൗകര്യം ഉണ്ട്. കുരിയാർകുറ്റിയിൽ ഉണ്ടായിരുന്ന ട്രൈബൽ വിദ്യാലയം നിർത്തലാക്കി. തൂണക്കടവിനോട് ചേർത്ത സാഹചര്യത്തിൽ ഈ വിദ്യാലയം ഒരു യു.പി. സ്ക്കൂളായി ഉയർത്തേണ്ടത് ഒരു ആവശ്യം മാത്രമാണ്. ആവശ്യത്തിന് കെട്ടിടം ഉണ്ടെങ്കിലും വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ഒന്നുംതന്നെ ഇല്ല. വൈദ്യുതിയിൽ ഹോസ്റ്റൽ സൗകര്യവുമുണ്ട് എന്നത് ആശ്വാസകരം തന്നെ. ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല.

GTWLPS തേക്കടിയിൽ ആവശ്യത്തിനുള്ള കെട്ടിടമുണ്ട്. പക്ഷെ ഉൽഘാടനം നടത്തുന്നതും കാത്തിരിക്കുകയാണ്. അദ്ധ്യാപകർക്ക് ക്വാർട്ടേഴ്സ് സൗകര്യമുണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യമില്ല. മറ്റു ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. സർക്കാർ മേഖലയിലെ വിദ്യാലയങ്ങളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന പ്രവണത വനമേഖലയായ ഈ പ്രദേശത്ത് കൂടുതലാണ്. ഇവിടുത്തെ പഠനനിലവാരത്തകർച്ചയുടെ മുഖ്യകാരണവും ഇതുതന്നെയാവാം.

സ്കൂളുകളിൽ ഇപ്പോഴുള്ള ഭൗതിക സൗകര്യങ്ങളുടെ വിവരം ( പട്ടിക സി യിൽ ) താഴെകൊടുക്കുന്നു. അവ നമ്മുടെ പഞ്ചായത്തിലെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

276

# പട്ടിക സി
## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറി നിർമ്മിക്കാൻ സ്ഥലമുണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുരയൊന്നിന് ആനുപാതികമായ കുട്ടികളുടെ എണ്ണം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസൗകര്യമുണ്ട്/ഇല്ല കിണർ/പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർറൂം | നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ | ഇനി ആവശ്യമുള്ളവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | മറ്റ് ഫർണീച്ചർ |
| ജിഎൽപിഎസ് മുതലമട | 14 | വാടക 2 സ്ഥിരം 1 | - | - | വാടക 8 സ്ഥിരം 5 | - | - | 14 | ഉണ്ട് | ഇല്ല | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 20 | 25 | 5 | 5 | 1സെറ്റ് |
| ജിഎംഎൽപിഎസ്. മുതലമട | 7 | 2 | - | - | 9 | - | - | - | - | 2 | 10 | - | - | - | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 3 | 25 | 5 | 5 | കസേര2 മേശ 1 |
| ജിഎൽപിഎസ്. ചള്ള | 20 | 4 | - | - | 18 | - | - | 4 | ഉണ്ട് | 3 | 50 | | 1 | ഇല്ല | " | ഉണ്ട് | ഇല്ല | ഇല്ല | " | 10 | - | - | - | - |
| ജിഎൽപിഎസ്. മൂചൻകുണ്ട് | 4 | - | 1 | - | 4 | - | - | 3 | " | 2 | 10 | - | 1 | " | " | ഇല്ല | " | " | " | - | 10 | 2 | 3 | ചരിവു മേശ 1 |
| എംജിഎൽപിഎസ്എം പുതൂർ | 12 | 3 | - | - | 13 | - | - | - | - | 3 | 20 | | ഇല്ല | " | " | ഉണ്ട് | " | " | " | - | 25 | 12 | 12 | ബോക്സ്2 4കസേര |
| എഎൽപിഎസ്. ആട്ടയാമ്പതി | 8 | 5 | - | - | 13 | - | - | - | - | 2 | 10 | 2 | " | " | ഇല്ല | ഇല്ല | ഉണ്ട് | " | ഉണ്ട് | - | - | - | - | 5കസേര |
| എഎൽപിഎസ്. നാഗർപാടം | 7 | 3 | - | - | - | 9 | - | - | ഉണ്ട് | 3 | 4 | 1 | " | - | " | " | " | " | ഇല്ല | - | 25 | 1 | 1 | 1പെട്ടി |
| എംഎഎൽപിഎസ്പള്ളം | 7 | 3 | - | - | 8 | - | - | 2 | " | ഇല്ല | - | 2 | " | - | " | " | ഇല്ല | " | " | 25 | 25 | 8 | 10 | 4സെറ്റ് |
| സിഎച്ച്എംകെഎസ്എംയുപിഎസ് നണ്ടൻകിഴായ | 14 | 5 | - | - | 16 | - | - | - | " | 2 | 5 | 1 | 1 | - | " | " | താൽകാലികം | ഉണ്ട് | " | 20 | 20 | - | - | റാക്ക്2 കസേര2 മേശ2 അലമാര2 |
| ജിഎച്ച്എസ്. മുതലമട | 50 | 4 | 2 | 1 | 39 | 11 | ഇല്ല | 10 | ഉണ്ട് | 4 | 4 | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | ഇല്ല | 110 | 80 | 15 | 5 | അലമാര6 ഡസ്ക് മേശ6 കസേര6 സ്റ്റൂൾ4 |

271

എല്ലാ പ്രൈമറി സ്കൂളുകളിലും ഉച്ചക്കഞ്ഞിവിതരണം നടക്കുന്നുണ്ടെങ്കിലും സർക്കാരിൽനിന്നും ലഭിക്കുന്ന നാമമാത്രമായ തുകകൊണ്ട് ഇത് നടത്തിക്കൊണ്ടുപോകാൻ വമ്പിച്ച പാചകക്കൂലി, വിറക് വില, പലവ്യഞ്ജനച്ചിലവ് എന്നിവ അനുവദിക്കുന്നില്ല. ഈ ഇനത്തിൽ പഞ്ചായത്തിൽ നിന്ന് ലഭിക്കണമെന്ന ആവശ്യം നിലിൽക്കുന്നു. പരിഹാരം കാണേണ്ടതുണ്ട്.

## പഠനനിലവാരം

ഈ പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം പൊതുവെ തൃപ്തികരമല്ല. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, രക്ഷിതാക്കളുടെ നിരക്ഷരത, സാമ്പത്തിക പിന്നോക്കാവസ്ഥ, അദ്ധ്യാപകരുടെ ആത്മാർത്ഥതക്കുറവ്, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വിദ്യാലയങ്ങളുടെ അനാകർഷണീയത ഇവയെല്ലാം പഠന നിലവാരത്തകർച്ചക്ക് കാരണമാണെന്ന് വിശ്വസിക്കുന്നു. ഈ പഞ്ചായത്തിലെ ഹൈസ്കൂളായ ജി.എച്ച്.എസ്. മുതലമടയിലെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനത്തിന്റെ നിരക്കുകൾ സൂചിപ്പിക്കുന്നത് പഠനനിലവാരം താഴോട്ട് പോകുന്നു എന്നതിന്റെ തെളിവാണ്. അക്കാദമിക് നിലവാരം സംബന്ധിച്ച പട്ടിക ഡി താഴെ ചേർക്കുന്നു.

പട്ടിക ഡി

9.5 അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്

| | | കുട്ടികളുടെ പൊതുനിലവാരം | | | | | എസ്.എസ്.എൽ.സി. വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ് | ആകെ | 30% താഴെ കുട്ടികൾ | 30–40 മാർക്ക് നേടുന്നവർ | 40–50 മാർക്ക് നേടുന്നവർ | 50%–60% നേടുന്നവർ | 60%ൽ കൂടുതൽ നേടുന്നവർ | 91–92 | 92–93 | 93–94 | 94–95 | 95–96 |
| 3 | 583 | 153 | 172 | 92 | 96 | 80 | | | | | |
| 4 | 625 | 191 | 165 | 91 | 77 | 101 | | | | | |
| 5 | 618 | 190 | 116 | 209 | 55 | 48 | | | | | |
| 6 | 670 | 177 | 235 | 165 | 54 | 39 | | | | | |
| 7 | 650 | 234 | 144 | 172 | 63 | 37 | | | | | |
| 8 | 491 | 210 | 32 | 207 | 20 | 22 | | | | | |
| 9 | 418 | 140 | 125 | 127 | 12 | 14 | | | | | |
| 10 എഴുതിയവർ | 284 | | | | | | | | | | |
| ആകെ | 4339 | 1295 | 989 | 1063 | 377 | 341 | 47% | 43% | 43% | 43% | 43% |

218

പട്ടികജാതി പട്ടികവർഗ്ഗം എന്നിവയിൽപ്പെട്ട വിദ്യാർത്ഥികൾക്കും മറ്റുപിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്കും വേണ്ടി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തികാനുകൂല്യങ്ങൾ തീരെ അപര്യാപ്തമാണ്. വളരെക്കാലംമുമ്പ് നടപ്പിലാക്കിയ ഈ ആനുകൂല്യവിതരണം കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 25% ത്തോളം ഹരിജൻ ഗിരിജൻ വിദ്യാർത്ഥികളുണ്ട്. ഇവരുടെ ഉന്നമനത്തിനുവേണ്ടി സർക്കാരിന്റെ സത്വരശ്രദ്ധപതിയേണ്ടിയിരിക്കുന്നു. ഇതുപോലെത്തന്നെ മുസ്ലീം പെൺകുട്ടികൾക്കും നാടാർ വിഭാഗം മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നിവർക്കുള്ള ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിക്കണം.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യകത

ഈ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും വർഷംതോറും 300 ഓളം കുട്ടികൾ ഉപരിപഠനത്തിന് പോകുന്നുണ്ട്. ഇവിടുത്തെ വിസ്തൃതിയുടെ പ്രത്യേകത കാരണം 50 ഓളം കിലോമീറ്ററുകൾ യാത്ര ചെയ്തുവേണം ചിലവിദ്യാർത്ഥികൾക്ക് ഉന്നതപഠനം നേടാൻ. പ്രത്യേകിച്ചും തമിഴ് വിഭാഗം വിദ്യാർത്ഥികൾക്ക് ചിറ്റൂർ കോളേജല്ലാതെ മറ്റു നിർവ്വാഹമില്ല. പ്രതികൂലമായ പരിതസ്ഥിതികൾ നിമിത്തം ഈ പഞ്ചായത്തിൽനിന്ന് സാങ്കേതികവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും നേടുന്നവരുടെ എണ്ണം തുലോം വിരളമാണ്. ഈ സാഹചര്യത്തിൽ മുതലമട ഗവ: ഹൈസ്കൂൾ കേന്ദ്രീകരിച്ച് ഒരു ഹയർസെക്കണ്ടറി സ്കൂളും കമ്പ്യൂട്ടർ ട്രെയിനിംഗ്സെന്ററും കൂടാതെ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും സ്ഥാപിക്കണമെന്ന ഗ്രാമസഭകളുടെ ശക്തമായ ആവശ്യം ന്യായീകരിക്കത്തക്കതാണ്.

## ഗ്രാമസഭകളിലൂടെ

1 മുതൽ 13 വരെയുള്ള എല്ലാ വാർഡുകളിലും സ്ഥിതിചെയ്യുന്ന എൽ.പി, യു.പി സ്കൂളുകളിലും കെട്ടിടം,. കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, ഫർണീച്ചർ പഠനോപകരണങ്ങൾ എന്നിവ പര്യാപ്തമായ തോതിലില്ല.

വിദ്യാലയങ്ങളിലെ അദ്ധ്യാപകരക്ഷാ കർതൃസമിതികളുടെ പ്രവർത്തനം ശക്തമാക്കുകയും മാതൃസംഗമങ്ങൾ നടത്തപ്പെടാത്ത വിദ്യാലയങ്ങളിൽ ആയത് സംഘടിപ്പിക്കേണ്ടതുമാണ്.

പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനാവശ്യമായ കോളേജ്, ഹയർസെക്കണ്ടറി,, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ അടിയന്തിര പ്രാധാന്യം നൽകി ഏർപ്പെടുത്തേണ്ടതാണ്.

കുറ്റിപ്പാടം, പള്ളം, നാഗർപാടം, ആട്ടയാമ്പതി, എം. പുതൂർ, മൂച്ചൻകുണ്ട് എന്നീ എൽ.പി. വിദ്യാലയങ്ങൾ യു.പി. വിദ്യാലയങ്ങളായി ഉയർത്തണമെന്ന് ഗ്രാമസഭകൾ ശക്തമായ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

നാവിളുംതോട്, പുതൂർ അംബേദ്കർ കോളനി, വടക്കേചള്ള എന്നീ സ്ഥലങ്ങളിൽ ഓരോ എൽ.പി. സ്കൂളുകൾ വേണമെന്ന ആവശ്യം ഗ്രാമസഭകളിൽ പൊന്തിവന്നു.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ അംഗൺവാടികൾ, നഴ്സറിവിദ്യാലയങ്ങൾ, ഡേ കെയർ സെന്ററുകളുകൾ സ്ഥാപിക്കുകയും നിലവിലുള്ള അംഗൺവാടികെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ തീർക്കുകയും ആവശ്യമായ കളിക്കോപ്പുകളും മറ്റവശ്യ വസ്തുക്കളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുകയുണ്ടായി.

279

എല്ലാവാർഡുകളിലും വനിതാ തുന്നൽപരിശീലന കേന്ദ്രങ്ങളും കൈത്തൊഴിൽ പരിശീലനകേന്ദ്രങ്ങളും ഏർപ്പെടുത്തണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

വിദ്യാലയ വർഷാരംഭത്തിൽതന്നെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുക. പാഠപുസ്തകം, നോട്ട്പുസ്തകം, ബാഗ്, കുട, യൂണിഫോം തുണി മുതലായവ ലഭ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഗ്രാമസഭകളിൽ പൊന്തിവന്ന മറ്റൊരാവശ്യം. മേൽ സൂചിപ്പിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നു വന്നവയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗ്രാമസഭ സത്വരശ്രദ്ധ ചെലുത്തേണ്ടതാണ്.

കഴിഞ്ഞ 80 വർഷത്തെ വിദ്യാഭ്യാസ ചരിത്രത്തിൽ വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. " സാക്ഷരത " പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമായി നടക്കുകയുണ്ടായി. എന്നിരുന്നാലും ഈ പഞ്ചായത്തിന്റെ കിടപ്പും പട്ടികജാതി – പട്ടികവർഗ്ഗ പിന്നോക്കാവസ്ഥയും പഞ്ചായത്തിന്റെ വലിപ്പവും തമിഴ് – മലയാളം ഭാഷാസങ്കരവൈകല്യവും സാക്ഷരതാപ്രവർത്തനത്തിന്റെ ഫലപ്രാപ്തി ഉദ്ദേശിച്ചത്ര എത്തിയില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു.

കഴിഞ്ഞ 5 വർഷത്തെ വിദ്യാർത്ഥികളുടെ പ്രവേശനനിരക്ക് പരിശോധിച്ചാൽ വർഷംതോറും വിദ്യാലയത്തിൽചേരുന്ന കുട്ടികളുടെ എണ്ണം ക്രമാനുക്രമം കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. ഇതിനുള്ള മുഖ്യകാരണങ്ങളിൽ ഒന്ന് ജനനനിയന്ത്രണംതന്നെ. ജന്മസ്ഥലം വിട്ട് അന്യസ്ഥലങ്ങളിൽ കൂലിവേലക്കുപോവുന്ന പാവപ്പെട്ടവരായ മാതാപിതാക്കളോടൊപ്പം അവരുടെ മക്കളും താമസംമാറ്റേണ്ടിവരുന്നത് ഇവിടത്തെ പ്രത്യേകതയാണ്. അത്തരം കുട്ടികളുടെ പഠനം ഇടക്ക് നിന്നുപോകുന്നു. കൊഴിഞ്ഞുപോക്കിൽ അധികവും ഇത്തരം കുട്ടികളാണ്. സാമ്പത്തിക പരാധീനതയാണ് ഇതിനൊക്കെ ആധാരം. അദ്ധ്യാപക വൃത്തിയിൽ അദ്ധ്യാപികമാരുടെ എണ്ണംവർദ്ധിച്ചും അദ്ധാപകന്മാരുടെ എണ്ണം ശോഷിച്ചുംകൊണ്ടിരിക്കുന്ന ഒരു പ്രവണതയാണിവിടെ ഉള്ളത്. ഉള്ളവരിൽ തദ്ദേശീയരായ അദ്ധ്യാപകർ എണ്ണത്തിൽ കുറവാണ്.

കലാ–സാംസ്കാരിക രംഗങ്ങളിൽ ഈ പ്രദേശം പിന്നോക്കാവസ്ഥയിലാണ്. അത് സ്കൂൾ വിദ്യാർത്ഥികളിലും പ്രതിഫലിച്ചുകാണുന്നു. എന്നാൽ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച ചുരുക്കം വിദ്യാർത്ഥികളെ വിസ്മരിക്കുന്നില്ല.

അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ സംഘാടനത്തിലും പ്രവർത്തനത്തിലും മുൻപന്തിയിൽ നിൽക്കുന്നത് സർക്കാർ വിദ്യാലയങ്ങളാണ് എന്ന വസ്തുത അഭിനന്ദനീയമാണ്. സ്കൂൾ കോംപ്ലക്സുകൾ ഉദ്ദേശിച്ചരീതിയിൽ ഇതുവരെ നടന്നിട്ടില്ല. ഡി.പി. ഇ.പി. പദ്ധതി ആശാവഹമായി പുരോഗമിക്കുന്നു.

ഗ്രാമസഭകളിൽ ഉയർന്നുവന്നതും പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ ഉന്നമനത്തിന് അത്യന്താപേക്ഷിതവുമായ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കി നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിച്ച് എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടാൻ കഴിയുമാറാകട്ടെ എന്ന് നമുക്ക് ആശിക്കാം.

" ശാരീരിക പ്രവൃത്തികളെ പുച്ഛിക്കുന്ന
വിദ്യാർത്ഥി സമൂഹം നാടിനെ
മുന്നോട്ട് നയിക്കില്ല. "

ഗാന്ധിജി

280

# ആരോഗ്യം

കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നാണ് മുതലമട. ഇത് തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്നു. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിപ്രദേശങ്ങളിൽ കൂടുതലായി നിവസിക്കുന്നത് തമിഴ് വംശജരാണ്. ഈ പ്രദേശങ്ങളിൽ മലയാളികളും കുറവല്ല. ഇരുകൂട്ടരുടെയും സങ്കരമായ ജീവിതരീതിയും ഇഴുകിച്ചേർന്നുള്ള ജീവിതവും ഇവിടുത്തെ പ്രത്യേകതയാണ്. കുന്നും മലകളും താഴ്വരകളുമുള്ള ഇവിടെ നിർധനരായ പട്ടികജാതി – പട്ടികവർഗ്ഗക്കാരുടെ കോളനികൾ ധാരാളമുണ്ട്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നോക്കത്തിലാണ് ഇക്കൂട്ടർ. ആയതിനാൽ ആരോഗ്യത്തിന്റെ കാര്യത്തിലും ഇവർ പിന്നിൽ തന്നെ. വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം ഇവർ അജ്ഞരും അന്ധവിശ്വാസികളുമാണ്. വിവിധ ആചാരങ്ങളും അന്ധവിശ്വാസങ്ങളും ഇവരെ വാരിപ്പുണർന്നിരിക്കുന്നു. മുൻകാലങ്ങളിൽ രോഗങ്ങൾ വന്നാൽ രോഗികൾക്ക് ശരിയായി ചികിത്സ ലഭിക്കാനുള്ള സാഹചര്യം ഇവിടെ ഉണ്ടായിരുന്നില്ല. ആയതിനാൽ അന്ധവിശ്വാസികളായ ഇവിടുടെ ജനങ്ങൾ ദൈവങ്ങൾക്ക് നേർച്ചനേരുക, ഊതുക, മാനസികരോഗങ്ങൾ ബാധിച്ച രോഗികളെ പ്രേതബാധയാണെന്നു ധരിച്ച് കൊട്ടിപ്പാടി ഒഴിപ്പിക്കുക, മന്ത്രവാദതകിട് മുതലായവയെ ആശ്രയിച്ചിരുന്നു. നാട്ടുവൈദ്യന്മാരെ ആശ്രയിക്കുന്നതും പതിവായിരുന്നു. കുഷ്ഠം, ക്ഷയം, വസൂരി, മലമ്പനി, മുതലായ മാരകരോഗങ്ങൾ പിടിപെട്ടാൽ രോഗി മുൻജന്മം ചെയ്തപാപം കൊണ്ട് ഈ ജന്മത്തിൽ അയാൾക്ക് നൽകിയ ശിക്ഷയാണെന്ന്പോലും വിശ്വസിച്ചിരുന്നു. വസൂരി പിടിപെട്ടാൽ അത് മാരിയമ്മയുടെ കോപം നിമിത്തം സംഭവിച്ചതാണെന്ന് ഇന്നും ഇവിടത്തെ ചില ആളുകൾ വിശ്വസിക്കുന്നുണ്ട്. ഇത്തരം അന്ധവിശ്വാസങ്ങൾ നിമിത്തം ധാരാളം ആളുകൾ മേൽപറഞ്ഞ രോഗങ്ങൾനിമിത്തം മുൻകാലങ്ങളിൽ ദാരുണമായി മരിക്കുവാനിടയായിട്ടുണ്ട്.

മീങ്കര, ചുള്ളിയാർ എന്നീ ഡാമുകൾ നിർമ്മിക്കുന്നതിനുമുമ്പ് ഇവിടുത്തെ ആളുകളെ ജലക്ഷാമം വളരെ രൂക്ഷമായി ബാധിച്ചിരുന്നു. എന്നാൽ ഇന്നും സ്ഥിതി അത്ര മെച്ചമല്ല. അതുകൊണ്ടുതന്നെ ഓരോവർഷവും ശുദ്ധജലത്തിന്റെ അപര്യാപ്തത മൂലം ധാരാളം ആളുകൾക്ക് ഛർദ്ദി, അതിസാരം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് എന്നീ രോഗങ്ങൾ പിടിപെടുന്നു.

പഞ്ചവത്സര പദ്ധതികളുടെ ആവിർഭാവത്തോടുകൂടി കേരളത്തിന് ലഭിച്ച വികസനത്തിന്റെ ഭാഗമായി ചെറിയൊരംശം ഈ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. വിദ്യാഭ്യാസത്തിലുണ്ടായ പുരോഗതിയും ആരോഗ്യപരമായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. അതുവഴി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരു പരിധിവരെ ഇല്ലായ്മ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

1964 ൽ ഒരു ആയുർവേദ ആശുപത്രിയും 1978 ൽ ഏപ്രിൽ മാസം 12 ാം തീയതി ഒരു പ്രൈമറി ഹെൽത് സെന്ററും ഈ പഞ്ചായത്തിന്റെ കീഴിൽ നിലവിൽവന്നു. കൂടാതെ 1988 ൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തോടു ചേർന്നുകൊണ്ട് ഒരു ഐ.പി വാർഡും ആധുനിക ചികിത്സാ സൗകര്യങ്ങളും 7 കുടുംബക്ഷേമകേന്ദ്രങ്ങളും നിലവിൽ വന്നതോടെ ഇവിടത്തെ ആളുകൾക്ക് ആരോഗ്യപരമായ നേട്ടങ്ങളും ചികിത്സകളും ലഭിച്ചു തുടങ്ങുകയുണ്ടായി. ഇത് ആരോഗ്യരംഗത്തെ ഒരു മുന്നേറ്റമായി കണക്കാക്കാം. കൂടാതെ അമ്മമാരുടെയും ഗർഭിണികളുടെയും പോഷകാഹാര നിലവാരം ഉയർത്താൻ ആരോഗ്യപരമായ ഉപദേശങ്ങൾവഴി നല്ല ചികിത്സകൾ നേടിക്കൊടുക്കുവാനും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന 24 അംഗൺവാടികളുടെ സേവനത്തിന്റെ കാര്യവും മറക്കാവുന്നതല്ല.

പ്രതിരോധ കുത്തിവെയ്പ്, ഗർഭിണികളുടെ ശുശ്രൂഷ, പകർച്ചരോഗങ്ങൾ കുറയ്ക്കൽ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പരിസരശുചിത്വം എന്നിവയുടെ കാര്യത്തിൽ ഒട്ടൊക്കെ പുരോഗതി

കൈവരിക്കുവാൻ ആരോഗ്യ പ്രവർത്തനങ്ങളുടെ ശ്രമഫലമായി കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പമുള്ള രേഖകൾ പരിശോധിച്ചാൽ അത് നമ്മൾക്ക് ബോധ്യപ്പെടുന്നതാണ്.

എന്നാൽ മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്താൽ ചികിത്സാരംഗത്തും സേവനരംഗത്തും മറ്റുമുള്ള പോരായ്മകൾ മനസ്സിലാകും. ഡോക്ടർമാരുടെ അഭാവം മറ്റ് ആരോഗ്യപ്രവർത്തകരുടെ നിഷ്ക്രിയത, എന്നിവമൂലം ഇവിടത്തെ ജനങ്ങൾക്ക് വേണ്ടത്ര ചികിത്സാസഹായം ലഭിക്കുന്നില്ല എന്നുതന്നെ പറയാം. പാരാമെഡിക്കൽ സ്റ്റാഫുകളുടെ അഭാവവും ഇവിടെയുണ്ട്. അതിലുപരി ജനങ്ങളെ ആരോഗ്യവിദ്യാഭ്യാസത്തിലൂടെ ബോധവാന്മാരാക്കിയാൽ മാത്രമേ അവർക്കവരുടെ ചികിത്സാരംഗത്തെയും പൊതുജനാരോഗ്യരംഗത്തെയും അവകാശങ്ങളെക്കുറിച്ച് ബോധ്യപ്പെടുകയുള്ളൂ. ഈ മാറ്റം ഉണ്ടാകാതെ എന്തെല്ലാം പുരോഗതി കൈവരിച്ചാലും ഇവിടത്തെ ജനതക്ക് അത് വേണ്ടത്ര ഗുണം ചെയ്യുകയില്ല. ഇതെല്ലാം കൈവരിക്കുവാൻ നമുക്ക് ഉണ്ടായ അവസരമാണ് 9-ാം പദ്ധതിയിലൂടെ ലഭിച്ചിട്ടുള്ളത്. ഈ ആവശ്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കേണ്ടത് ഇവിടത്തെ ജനങ്ങളുടെ കടമയും പ്രതിബദ്ധതയുമാണ്.

## മുതലമട പഞ്ചായത്തിലെ ആരോഗ്യക്ഷേമ സ്ഥാപനങ്ങളും അവയുടെ സേവനങ്ങളും

പ്രാഥമിക ആരോഗ്യകേന്ദ്രം – 11 ( 2 )
ഗവ : ആയുർവേദ ഡിസ്പെൻസറി – 11 ( 2 )
ഐ.പി.പി. – എഫ്. ഡബ്ലിയു കേന്ദ്രങ്ങൾ – 7

### പട്ടിക 1 ( ആരോഗ്യം )

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യകേന്ദ്രം, മുതലമട | 6 | 1978 | 13 |
| 2. | ഐ.പി.പി. കേന്ദ്രം, കുറ്റിപ്പാടം | 1 | 1985 | 2 |
| 3. | ഐ.പി.പി. കേന്ദ്രം, മല്ലൻകുളമ്പ് | 2 | 1985 | 1 |
| 4. | ഐ.പി.പി. കേന്ദ്രം, പള്ളം | 2 | 1985 | 1 |
| 5. | പറയൻപള്ളം ഐ.പി.പി. കേന്ദ്രം | 6 | 85 | 2 |
| 6. | ഐ.പി.പി. കേന്ദ്രം, ചെമ്മണാംപതി | 12 | 1985 | 2 |
| 7. | ഐ.പി.പി. കേന്ദ്രം, നാവിളുംതോട് | 9 | 1994 | 1 |
| 8. | എഫ്.ഡബ്ലിയു.സി പുതൂർ | 11 | 1985 | 11 |
| നമ്പർ | സ്വകാര്യആശുപത്രി / ക്ലിനിക് | | | |
| 1 | അലോപ്പതി-കുറ്റിപ്പാടം, കാമ്പ്രത്ത്ചള്ള, പോത്തമ്പാടം | 1, 3 | – | 6 |
| 2. | ആയുർവേദം-പോത്തംപാടം | 3 | – | 2 |
| 3. | ഹോമിയോ – പോത്തംപാടം നണ്ടൻകിഴായ | 3 | – | 3 |
| 1. | ഗവ : ആയുർവേദഡിസ്പെൻസറി, മീങ്കര | 9 | 1964 | 4 |

282

## കക്കൂസ്

ഈ പഞ്ചായത്തിൽ 90% ആളുകളും മലവിസർജ്ജനത്തിന് തുറന്ന പ്രദേശങ്ങളാണ് ഉപയോഗിച്ച് വരുന്നത്. കാരണം കക്കൂസുകൾ വീടുകളിൽ ഇല്ലാത്തതുതന്നെ. സാമ്പത്തിക പരാധീനതയും അജ്ഞതയും ആരോഗ്യബോധമില്ലായ്മയും ഇതിന് കാരണമാകുന്നു. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിൽ ഓരോവർഷവും ഛർദ്ദി, അതിസാരം, വിരരോഗങ്ങൾ, ഉദരരോഗങ്ങൾ എന്നിവ നിമിത്തം ധാരാളം ആളുകൾ ചികിത്സക്കെത്താറുണ്ട്. ചികിത്സ തേടാതെ പ്രയാസപ്പെടുന്നവരെയും കാണാം. തുറന്ന പ്രദേശങ്ങളിൽ മലവിസർജ്ജനം നടത്തുക വഴി മഴക്കാലങ്ങളിൽ മലിനജലം കെട്ടാത്തകിണറുകൾ. കുളങ്ങൾ, കൈത്തോടുകൾ എന്നിവയിൽ ഒലിച്ചിറങ്ങുകയും ഇത്തരം ജലാശയങ്ങളിലെ വെള്ളം ഉപയോഗിക്കുന്ന ആളുകൾക്ക് പകർച്ച വ്യാധികൾ പിടിപെടുകയും അത് അതിവേഗം പടർന്നുപിടിക്കുകയും ചെയ്യുന്നു.

ജനങ്ങളെ ഇതിൽനിന്നും മോചിപ്പിക്കുവാൻ ആരോഗ്യ വിദ്യാഭ്യാസം നൽകുകയും പഞ്ചായത്തിന്റെ സഹായത്തോടുകൂടി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുകയുംവേണം. അതുപയോഗിക്കുവാൻ അവരെ പഠിപ്പിക്കുകയും വേണം. ചിലവു കുറഞ്ഞരീതിയിൽ കക്കൂസുകൾ നിർമ്മിച്ചുപയോഗിക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം. അതിനായി ക്ലോസറ്റിന്റെ രൂപത്തിൽ വാർത്തെടുത്ത കോൺക്രീറ്റ് സ്ലാബുകൾ പഞ്ചായത്തുവഴി വിതരണം ചെയ്യണം. ഈ മാർഗ്ഗങ്ങൾ നമ്മുടെ പഞ്ചായത്തിലെ ജനസേവകരായ ക്ലബ്ബുകാർക്കും ചെയ്യാവുന്നതാണ്.

| തടസ്സകാരണങ്ങൾ | പരിഹാരം |
|---|---|
| സാമ്പത്തികപ്രയാസം | പഞ്ചായത്തുവഴി കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തികസഹായം നിർധനരായ ആളുകൾക്ക് ചെയ്തുകൊടുക്കുക. |
| ആരോഗ്യവിദ്യാഭ്യാസത്തിന്റെ അഭാവം | ചെലവുകുറഞ്ഞ കക്കൂസ് നിർമ്മിക്കേണ്ട രീതിയിൽ അതിന്റെ ഉപയോഗവും ഗുണവും ദോഷവും ജനങ്ങളെ പഠിപ്പിക്കുക. |

## പരിസരശുചീകരണം

പരിസരശുചിത്വത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന് പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇനിയും വളരെയേറെ പ്രയത്നങ്ങൾ ഇക്കാര്യത്തിൽ ചെയ്യേണ്ടതുണ്ട്. ചപ്പുചവറുകൾ ഉപയോഗശൂന്യമായ അവശിഷ്ടങ്ങൾ എന്നിവ നിക്ഷേപിക്കുവാനുള്ള കമ്പോസ്റ്റ് പിറ്റോ വേണ്ടത്ര ഡെസ്റ്റ്ബിനുകളോ ഒന്നും തന്നെയിവിടെ ഇല്ല. സ്റ്റേഷനറി/കടകൾ, ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, ചെറുകിട വർക്ക്ഷോപ്പുകൾ മുതലായ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ധാരാളം അവശിഷ്ടങ്ങൾ തുറന്ന സ്ഥലങ്ങളിലും റോഡിന്റെ അരികിലും ജനവാസങ്ങളുള്ള സ്ഥലങ്ങളിലുമാണ് നിക്ഷേപിക്കുന്നത്. ഇത് സർവ്വസാധാരണമായതിനാൽ ഈച്ചകൾ, കൊതുകുകൾ, എലികൾ, ബാക്ടീരി യ, വൈറസ്, ഫംഗസ്, അമീബിയ മുതലായ കീടങ്ങളും ജന്തുക്കളും പെറ്റുപെരുകുകയും അത് പരിസരശുചിത്വത്തിന് ഹാനികരമാവുകയും ചെയ്യുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആളുകൾക്ക് പലതരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കുവാൻ കാരണമാവുന്നു. മലമ്പനി, മന്ത്, ജപ്പാൻപനി, എലിപ്പനി, ഡെങ്കിപ്പനി, വയറിളക്കം ( കോളറ ) മുതലായ രോഗങ്ങൾ പടർന്നുപിടിക്കുവാനും കാരണമാകും.

ഗോവിന്ദാപുരം, ചെമ്മണാംപതി, പള്ളം, തൊട്ടിയത്തറ, നടുപതിപ്പാറ എന്നീ പ്രദേശങ്ങളിൽ നിത്യം ഛർദ്ദി, അതിസാരം കണ്ടുവരാറുണ്ട്. പൊതുജനാരോഗ്യനിയമം പാലിക്കാത്ത ഇറച്ചിക്കടകൾ ഹോട്ടലുകൾ, സോഡാഫാക്ടറികൾ മധുരപലഹാരകടകൾ എന്നിവയും നാനാതരം രോഗങ്ങൾ വരുത്തിത്തീർക്കുന്നു. ഇവരെ ആരോഗ്യപ്രവർത്തകർ ഉപദേശിക്കുന്നുണ്ടെങ്കിലും ശരിയായവിധം ശുചിത്വം പാലിക്കുന്നില്ല എന്നതാണ് സത്യം. ഇതിന് കാലഹരണപ്പെട്ട നിയമത്തിനും ചെറിയൊരു പങ്കുണ്ട്. മദ്രാസ് പബ്ലിക്ഹെൽത് ആക്ടും തിരുവിതാംകൂർ-കൊച്ചിൻ പബ്ലിക് ഹെൽത് ആക്ടും സംയോജിപ്പിച്ചുകൊണ്ട് കേരളത്തിന് തനതായ ഒരു പൊതുജനാരോഗ്യനിയമം നിർബന്ധമായും നടപ്പിൽ വരുത്തേണ്ടതാണ്. ശുചിത്വമില്ലാത്ത ഭക്ഷണപദാർത്ഥങ്ങൾ കടകളിൽനിന്നും കഴിക്കുന്നതുമൂലം ഭക്ഷ്യവിഷബാധ ചിലർക്കെങ്കിലും ഇവിടെ പിടിപെട്ടിട്ടുണ്ട്. മറ്റൊരു കാര്യം പൊതുസ്ഥലങ്ങളിലും റോഡിന്റെ സമീപത്തും പരിസരം മലിനമാകുന്ന രീതിയിൽ ജനങ്ങൾ കന്നുകാലികളുടെ ചാണകം നിക്ഷേപിക്കുക പതിവാക്കിയിട്ടുണ്ട്. ഇത് നിയമംമൂലം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ആരോഗ്യബോധമില്ലാത്ത വീടുകളിൽ കന്നുകാലിത്തൊഴുത്തും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കാതിരിക്കുന്നതായും ഇവിടങ്ങളിൽ കാണാം. ഇത് പൊതുജനാരോഗ്യത്തിന ഒരു ഭീഷണിയാണ്. നണ്ടൻകിഴായ, കാമ്പ്രത്ത്ചള്ള, ആട്ടയാമ്പതി എന്നീ പ്രദേശങ്ങളിൽ റോഡുവക്കിലുള്ള അഴുക്കുചാല് വൃത്തിഹീനമായി നിറഞ്ഞുനിൽക്കാറുള്ളത് ഒരു പതിവു കാഴ്ചയാണ്. മേൽപറഞ്ഞ മാരകമായ പകർച്ച വ്യാധികൾ പടർന്നുപിടിക്കുവാനും പൊതുജനങ്ങൾക്ക് ദുർഗന്ധം ഉണ്ടാക്കുവാനും ഇടയാക്കുന്നു. ഇത് പരിഹരിക്കുവാൻ ഒരു ഡ്രൈനേജ് സിസ്റ്റം ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെത്തന്നെ ഡിച്ചുകളിലെ നിറഞ്ഞുകവിഞ്ഞ ചളികൾ കോരിയെടുത്ത് അത് പ്രവർത്തനക്ഷമമാക്കുകയും വേണം. കൂടാതെ പഞ്ചായത്തുനിർദ്ദേശിക്കുന്ന ഒരു സ്ഥലത്ത് അറവുശാലയും മാർക്കറ്റും നിർമ്മിക്കുകയും അത് നിയമാനുസൃതമായി നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയുംവേണം. വ്യവസായ സ്ഥാപനങ്ങളിൽനിന്നും പുറത്തെറിയുന്ന അവശിഷ്ടങ്ങൾ നിക്ഷേപിക്കാൻ പഞ്ചായത്ത് ഒരു സംവിധാനം കണ്ടെത്തണം. കിണറുകൾ ക്ലോറിനേഷൻ ചെയ്യുക, ഡി.ഡി.റ്റി തളിച്ച് കൊതുകുകളെ നശിപ്പിക്കുക തുടങ്ങിയവ പഞ്ചായത്തുവഴി നിർബന്ധമാക്കുക.

## പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

### കായികപരിശീലനകേന്ദ്രം

ഇവിടത്തെ യുവാക്കളുടെ കായിക ശേഷി വർദ്ധിപ്പിക്കുവാൻ ഉതകുന്നതരത്തിൽ ഒരു കായിക പരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ജിംനേഷ്യൻ കേന്ദ്രം സ്ഥാപിക്കുകയാണെങ്കിൽ ഇവിടത്തെ യുവാക്കൾക്ക് അതൊരു നേട്ടം തന്നെയായിരിക്കും. കായിക ശേഷി വർദ്ധിപ്പിക്കുന്നതുവഴി പുതിയ കായികതാലങ്ങളെ സംഭാവന ചെയ്യുവാനും നമുക്ക് കഴിഞ്ഞെന്നുവരും. വിദ്യാലയങ്ങളിൽ കുട്ടികൾക്ക് കായിക പരിശീലനം നിർബന്ധമാക്കുക, ക്ലബ്ബുകൾക്ക് കായിക മത്സരം നടത്തുന്നതിനുവേണ്ട പ്രോത്സാഹനം ചെയ്യുകയും വേണം. കായികശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതും അത്യാവശ്യമാണ്.

### പൊതുശ്മശാനം

നമ്മുടെ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടെങ്കിലും അത് പലതരത്തിലുള്ള തകരാറുകൾമൂലം വിഷമകരമായി കിടക്കുന്നു. എങ്കിലും ജനങ്ങൾ അതാണ് ശവസംസ്കാരത്തിനായി ഉപയോഗിക്കുന്നത്. തൊട്ടിയത്തറയിലെ ഈ ഒരു ശ്മശാനം മതിയാകുന്നില്ല. കാരണം വിസ്തൃതിയാർന്നു കിടക്കുന്ന ഈ പഞ്ചായത്തിന്റെ മറ്റുപ്രദേശങ്ങളിൽ മരിക്കുന്നവരുടെ ശവംസംസ്കരിക്കുവാൻ കിലോമീറ്ററുകൾ നടന്ന് ഇവിടെ എത്താൻ കഴിയാത്ത

284

വിധമാണ് ഈ ശ്മശാനത്തിന്റെ കിടപ്പ്. അതുകൊണ്ട് തൊട്ടിയത്തറയിലെ ശ്മശാനം മതിൽകെട്ടി ജനങ്ങൾക്ക് മഴക്കാലത്തുനിൽക്കുവാനും മറ്റുമുള്ള സൗകര്യം ഏർപ്പെടുത്തി സംരക്ഷിക്കണം. മുതലമട പഞ്ചായത്തിന്റെ തെക്കുകിഴക്കായിക്കിടക്കുന്ന മൂച്ചൻകുണ്ട് എന്ന സ്ഥലത്ത് ഒരു പൊതു ശ്മശാനം പഞ്ചായത്ത് ഏർപ്പെടുത്തുകയും വേണം. 10 ാം വാർഡ് ആട്ടയാംപതിയിലുള്ള ശ്മശാനത്തിലേക്കുള്ള റോഡ് ശരിപ്പെടുത്തി. കർഷകർ കൈയ്യേറിയിരിക്കുന്ന ഈ ശ്മശാനം ജനങ്ങൾക്ക് ശവം സംസ്കരിക്കുവാൻ വേണ്ടരീതിയിൽ പഞ്ചായത്ത് വിഘാതം ഒഴിവാക്കിക്കൊടുക്കുകയുംവേണം.

മറ്റൊരു കാര്യം പഞ്ചായത്തിൽ ശവം വെക്കുവാനുള്ള ഒരു വാഹനം ഏർപ്പെടുത്തണം എന്നുള്ളതാണ്. അനാഥ ശവങ്ങൾ, നിർധനരായ ആളുകളുടെ ആത്മഹത്യാ ശവങ്ങൾ എന്നിവ വഹിക്കുവാൻ ഇത് അത്യാവശ്യമാണ്.

## വയോജന ആരോഗ്യകേന്ദ്രം

ഇവിടത്തെ വയോജനങ്ങളെ പുനരധിവസിപ്പിക്കുവാൻ നമ്മുടെ പഞ്ചായത്തിൽ ഒരു വയോജന സംരക്ഷണകേന്ദ്രം സ്ഥാപിക്കണം. അതോടൊപ്പംതന്നെ അഗതികളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കണം. ഈ വയോജനകേന്ദ്രത്തിൽ അവരുടെ മാനസികോല്ലാസത്തിനായി വായനശാല, ടി. വി, പൂന്തോട്ടം എന്നിവ സൗകര്യപ്പെടുത്തിക്കൊടുക്കണം. ഇതിനായി ഇവിടത്തെ വ്യവസായ സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്.

## ഹെൽത്ത്കാർഡ് സംവിധാനം

വ്യവസായശാലകളിൽ പണിയെടുക്കുന്നവർക്കും വിദ്യാലയങ്ങളിലെ കുട്ടികൾക്കും കച്ചവട സ്ഥാപനങ്ങളിലെ ജോലിക്കാർക്കും ഹെൽത് കാർഡ് വിതരണം ചെയ്യേണ്ടതാണ്. ഈ കാർഡിൽ ഒരു വ്യക്തിയുടെ രക്തഗ്രൂപ്പ്, രോഗവിവരണങ്ങൾ, വ്യക്തിയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ, ഒരു വ്യക്തി മുമ്പ് സ്വീകരിച്ച ചികിത്സാ വിധികൾ എന്നിവ ഈ കാർഡിൽ രേഖപ്പെടുത്തിയിരിക്കും. ഈ കാർഡ് ഒരു വ്യക്തിയുടെ ആരോഗ്യ നിലവാരത്തിന്റെ നിർണ്ണയനത്തെ സാധൂകരിക്കുന്നു.

പഞ്ചായത്തിലുള്ള മുഴുവൻ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ഹെൽത്ത്കാർഡ് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടായാൽ നന്ന്. കാരണം ഓരോ കുടുംബത്തിന്റെയും ആരോഗ്യനിലവാരം തിട്ടപ്പെടുത്തുവാനും ഡോക്ടർക്കും ഗൃഹസന്ദർശനം നടത്തുന്ന ആരോഗ്യപ്രവർത്തകർക്കും ആ വ്യക്തിക്കുതന്നെ പെട്ടെന്ന് ഗുണംചെയ്യും.

## പുതിയ ആരോഗ്യകേന്ദ്രങ്ങളുടെ ആവശ്യകത

നമുക്ക് 2 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 2 ആയുർവേദ ഡിസ്പെൻസറികളും മാത്രമേയുള്ളു. ഇത് നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും മതിയായ അർത്ഥത്തിൽ ചികിത്സ ലഭിക്കുവാൻ അപര്യാപ്തമാണ്. ചെമ്മണാംപതി ഏരിപ്പാടം, മല്ലൻകുളമ്പ്, എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് വിദൂരത കാരണം ചികിത്സാകേന്ദ്രങ്ങളിൽ എത്തുവാനും ചികിത്സ എടുക്കുവാനും കഴിയാതെ വരുന്നു. ആയതിനാൽ മേൽപറഞ്ഞ പ്രദേശങ്ങളിൽ ചികിത്സാപ്രഥമായ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും.

285

മുതലമട – ചുള്ളിയാർമേട് ഗവ : പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. ഇവിടെ എത്താറുള്ള ഡോക്ടർമാർ പല കാരണങ്ങളും കണ്ടെത്തി സ്ഥലം മാറ്റി പോകുകയോ

നീണ്ട ലീവുകളെടുത്ത് പോവുകയോ ആണ് പതിവ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു വിരാമമിടുവാൻ കഴിഞ്ഞെങ്കിലേ ഇവിടത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെക്കൊണ്ട് ജനങ്ങൾക്ക് ഗുണം ഉണ്ടാവുകയുള്ളു.

ചെമ്മണാംപതി കുടുംബക്ഷേമകേന്ദ്രം കേടുപാടുതീർത്തു നന്നാക്കിക്കൊടുക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. അതുപോലെതന്നെ നാവിളുംതോട് കുടുംബക്ഷേമകേന്ദ്രം ഉത്ഘാടനം ചെയ്യാതെ വർഷങ്ങളായി പണി തീർന്നു കിടക്കുന്നു. പഞ്ചായത്ത് ഇടപെട്ട് ഉദാസീനത മാറ്റി ആ കെട്ടിടം പ്രവർത്തനക്ഷമമാക്കണം. 10 ാം വാർഡ് ആട്ടയാംപതിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുവാൻ ജയൻ എന്ന വ്യക്തി 5 സെന്റ് സ്ഥലവും ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുവാൻ ശക്തിവേൽ എന്ന വ്യക്തി 3 സെന്റ് സ്ഥലവും സംഭാവനചെയ്യാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ പഞ്ചായത്ത് വേണ്ടതായ നപടികൾ സ്വീകരിക്കണം.

പിന്നെ ഒരു അത്യാവശ്യ കാര്യം വിഷചികിത്സാ കേന്ദ്രമാണ്. ഇത് പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ചോ പഞ്ചായത്താഫീസിനോടനുബന്ധിച്ചോ ഈ ചികിത്സാ കേന്ദ്രം ജനങ്ങൾക്ക് ഒരു അനുഗ്രഹമായിരിക്കും, ഇവിടത്തെ ആളുകളുടെ സ്വപ്നമാണ് ഈ സ്ഥാപനം. പഞ്ചായത്ത് മുൻകൈയെടുത്ത് ചെയ്യണം. അടുത്ത കാലത്തായി സർപ്പ ധ്വംസനമേറ്റ് ആളുകൾ ചികിത്സ കിട്ടാതെ മരിക്കാനിടയായിട്ടുണ്ട്.

പറമ്പിക്കുളം കേന്ദ്രമാക്കി ആദിവാസി മേഖലകളിൽ ആഴ്ചയിൽ ഒരു പ്രവശ്യം ചെല്ലുന്ന ഒരു സഞ്ചരിക്കുന്ന ആശുപത്രി വേണം.

1964 ൽ തുങ്ങിയ ആയുർവേദ ഡിസ്പെൻസറി 90 സെന്റ സ്ഥലത്തോടുകൂടിയ ഒരു പഴയ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഡിസ്പെൻസറിയിൽ 10 കിടക്കകളോടുകൂടി കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുമെങ്കിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപരമായിത്തീരും. 9 ാം പഞ്ചവൽസരപദ്ധതിയിൽ മേൽ സൂചിപ്പിച്ചകാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കണമെന്ന് ഇന്നാട്ടിലെ - നമ്മുടെ പഞ്ചായത്തിലെ ജനങ്ങൽ ആവശ്യപ്പെടുന്നു.

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ്തിരിച്ച സ്ഥിതിവിവരങ്ങളും

| വാർഡ് നമ്പർ | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ച്വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | | | |
| 1 | 1 | 1 | വയറിളക്കം മഞ്ഞപ്പിത്തം ടൈഫോയിഡ് | ആരോഗ്യപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം | രണ്ടാഴ്ചയിൽ ഒരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. |
| 2 | 1 | - | പൊക്കൻപനി ചർദ്ദ്യതിസാരം മഞ്ഞപ്പിത്തം | ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം മെച്ചപ്പെടുത്തുക | ഡോക്ടറുടെ സേവനം ലഭ്യമാക്കുക. |
| 3 | - | 4 | മഞ്ഞപ്പിത്തം ചർദ്ദ്യതിസാരം | ആരോഗ്യപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. | ബോധവൽകരണ ക്ലാസ്സുകൾനടത്തുക, പഞ്ചായത്തിന്റെ സഹായത്തോടെ കക്കൂസ്നിർമ്മിച്ചു കൊടുക്കുക. |

286

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ്തിരിച്ച സ്ഥിതിവിവരങ്ങളും

| വാർഡ് നമ്പർ | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ച്‌വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | | | |
| 4 | – | 1 | മഞ്ഞപ്പിത്തം പൊക്കൻപനി അതിസാരം ആസ്ത്മ | ആരോഗ്യപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. | ബോധവൽകരണ ക്ലാസ്സുകൾനടത്തുക, പഞ്ചായത്തിന്റെ സഹായത്തോടെ കക്കൂസ്നിർമ്മിച്ചു കൊടുക്കുക. |
| | | | ടൈഫോയ്ഡ് ഇൻഫ്ലുവൻസ പനി, വയറിളക്കം | ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം ഊർജ്ജിതപ്പെടുത്തുക. | കമ്പോസ്റ്റ്പിറ്റ് നിർമ്മിക്കുക,കക്കൂസ് പഞ്ചായത്തിന്റെ സഹായത്തോടെ ചെയ്തുകൊടുക്കുക. ശുദ്ധജലവിതരണം നടത്തണം. |
| 5 | 1 | 1 | ഇൻഫ്ലുവൻസ പനി, വയറിളക്കം | ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം ഊർജ്ജിതപ്പെടുത്തുക. | ശുദ്ധജലവിതരണം നടത്തണം. ആഴ്ചയിലൊരിക്കൽ ഡോക്ടറുടെസേവനം ലഭ്യമാക്കണം |
| 6 | 1 | – | വയറിളക്കം, ടൈഫോയ്ഡ് | ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം ഊർജ്ജിതമാക്കണം | ശുദ്ധജലവിതരണം നടപ്പിലാക്കണം വിഷചികിത്സാകേന്ദ്രം നിർമ്മിക്കണം ഡോക്ടറുടെസേവനം സ്ഥിരമായിലഭ്യമാക്കണം |
| 7. | – | – | കുഷ്ഠം,ക്ഷയം ചർദ്ദ്യതിസാരം | കുടുംബക്ഷേമപ്രവർത്തനം ഊർജ്ജിതമാക്കണം | പരിസരശുചീകരണം നടപ്പിലാക്കുക. പൊതുകക്കൂസ് നിർമ്മിക്കുക. ബോധവൽകരണം |
| 8. | 1 | – | ചർദ്ദ്യതിസാരം മഞ്ഞപ്പിത്തം | ആരോഗ്യപ്രവർത്തനം ഊർജ്ജിതമാക്കണം | പരിസരശുചീകരണം ബോധവൽകരണം വിഷചികിത്സാകേന്ദ്രം തുടങ്ങണം ഒരു സബ്സെന്റർവേണം |

287

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ്തിരിച്ച സ്ഥിതിവിവരങ്ങളും

| വാർഡ് നമ്പർ | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ച്വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | | | |
| 9 | 2 | – | ഛർദ്ദ്യതിസാരം | ശുദ്ധജലത്തിന്റെ അപര്യാപ്തത കക്കൂസുകൾ വീടുകളിൽഇല്ല | ശുദ്ധജലസൗകര്യം ഏർപ്പെടുത്തുക കക്കൂസുകൾ പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച് കൊടുക്കുക. |
| 10 | 1 | – | ഛർദ്ദ്യതിസാരം | ശുദ്ധജലക്ഷാമം | ശ്മശാനംവേണം ബോധവൽകരണം ശുദ്ധജലലഭ്യത പരിസരശുചിത്വം ശ്മശാനത്തിലേക്കുള്ള പാതസൗകര്യപ്പെടുത്തുക |
| 11 | 1 | – | ഛർദ്ദ്യതിസാരം | നിലവിലുള്ളകുടുംബ ക്ഷേമകേന്ദ്രം പ്രവർത്തനക്ഷമമല്ല ശുദ്ധജലക്ഷാമം രൂക്ഷമാണ് | കുടുംബക്ഷേമകേന്ദ്രം പ്രവർത്തിപ്പിക്കണം ആരോഗ്യ ബോധവൽകരണം ഡ്രൈനേജ്സൗകര്യം ഡസ്റ്റ്ബിൽഎന്നിവ സൗകര്യപ്പെടുത്തണം പേപ്പട്ടിശല്യം നിയന്ത്രിക്കുക. ശുദ്ധജലവിതരണം നടത്തുക |
| 12 | 1 | – | വയറിളക്കം | ആരോഗ്യപ്രവർത്തനം മെച്ചപ്പെടുത്തണം സാമൂഹ്യവിരുദ്ധരുടെ ദ്രോഹങ്ങൾനിർത്തലാക്കണം കുടുംബക്ഷേമകേന്ദ്രത്തിന്റെ കേടുപാടുകൾ തീർക്കണം വിഷചികിത്സാകേന്ദ്രമില്ല ശുദ്ധജലമില്ല. | കുടുംബക്ഷേമ കേന്ദ്രത്തിൻെനില മെച്ചപ്പെടുത്തുക പൊതുജനസഹകരണം ലഭ്യമാക്കുക. ശുദ്ധജലവിതരണം നടപ്പിലാക്കുക. വിഷചികിത്സാകേന്ദ്രം നിർമ്മിക്കുക. |

288

## കുടിവെള്ളം

5 ഡാമുകൾ ഉള്ള പഞ്ചായത്താണ് മുതലമട എങ്കിലും ഇവിടത്തെ ആളുകളെ എന്നും അലട്ടുന്ന ഒരു പ്രശ്നമാണ് കുടിവെള്ളം. മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളാണ് ഏറെ പ്രയോജനകരമായ ഇവിടത്തെ രണ്ട് ഡാമുകൾ. എന്നിരുന്നാലും വേനൽക്കാലങ്ങളിൽ ഇവിടുത്തെ ആളുകൾ ജലക്ഷാമം മൂലം വളരെ പ്രയാസപ്പെടുന്നു. ലോറികളിൽ കൊണ്ടുവരുന്ന കുടിവെള്ളത്തെ ആശ്രയിച്ചാണ് ഇവിടുത്തെ ആളുകൾ വേനൽകാലം തള്ളിനീക്കുന്നത്. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിപ്രദേശങ്ങളിൽ കുടിനീര് കിട്ടാതെ ജനം എന്നും വലയുകയാണ്. ഗോവിന്ദാപുരം അംബേദ്കർ കോളനിയിലെ 200 ഓളം പട്ടികവർഗ്ഗക്കാർ അവിടത്തെ ഒരു കുഴൽകിണറിനെയാണ് ആശ്രയിക്കുന്നത്. ചുരുക്കം ചിലർ കൊക്കർണികളിൽ ഇറങ്ങിച്ചെന്ന് വെള്ളം എടുത്തുപയോഗിക്കുന്നു. ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശവും ജനങ്ങളുമാണ് അംബേദ്കർ കോളനിയിൽ അധിവസിക്കുന്നവർ. കുളിക്കാനും കുടിക്കാനും നിത്യോപയോഗത്തിനാവശ്യമായ വെള്ളംപോലും അവർക്ക് കിട്ടാറില്ല. പരിസരമലിനീകരണം കൊണ്ട് വൃത്തിഹീനമായ കോളനിപ്രദേശമാണ് അംബേദ്കർ കോളനി. ആരോഗ്യവിദ്യാഭ്യാസവും, സൗകര്യങ്ങളും അവർക്ക് നൽകി അവരെ പുരോഗതിയിൽ എത്തിക്കുവാൻ എന്തെല്ലാം പഞ്ചായത്തിനുചെയ്യാൻകഴിയുമോ അതെല്ലാം ചെയ്യേണ്ടതാണ്.

ഇവിടത്തെ കുടിവെള്ള പ്രശ്നം ഒരു സാധാരണ സംഭവമായി കണക്കാക്കാതെ നമ്മുടെ പഞ്ചായത്തിന്റെ ജലക്ഷാമം പരിഹരിക്കുവാൻ അംബേദ്കർകോളനി, പുതൂർ എന്നിങ്ങനെ ജലക്ഷാമപരമായ പ്രദേശങ്ങളിൽ കുഴൽകിണറുകൾ, കിണറുകൾ എന്നിവ നിർമ്മിച്ച് ജലക്ഷാമം പരിഹരിച്ച് ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. കുടിവെള്ളപ്രശ്നം നിലനിൽക്കുന്ന പ്രദേശങ്ങളിൽ പ്രാദേശിക സൗകര്യങ്ങൾ ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുക.

2. നാഗറൂട്ടുകൾ പരിഷ്കരിച്ച് ചപ്പക്കാട്-ചമ്മണാംപതി ഭാഗങ്ങളിൽ കുടിവെള്ളത്തിനുപയോഗിക്കുക.

3. കോളനികളിലെ കിണറുകളും കുഴൽകിണറുകളും വൃത്തിയാക്കുക.

4. മഴക്കാലങ്ങളിൽ കിണറുകൾ ശുദ്ധീകരിക്കുന്നതിന് പറ്റിയ പ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തകർ നടത്തണം.

5. കുടിവെള്ളം വൃത്തിയാക്കി സൂക്ഷിക്കാൻ ജനങ്ങളെ പഠിപ്പിക്കുക.

289

# ഗതാഗതം

മനുഷ്യപുരോഗതിയുടെ ചരിത്രത്തിൽ പുത്തൻ നാഗരികതകളും സംസ്കാരങ്ങളും കടന്നുവന്ന വഴികളാണ്. ഗതാഗതമാർഗ്ഗങ്ങൾ. നാടുകൾ തമ്മിലുള്ള അകലം കുറക്കാനും വിവിധ സംസ്കാരങ്ങൾ ഇടപഴകാനും നമ്മുടെ മുൻഗാമികൾ ഗതാഗതമാർഗ്ഗങ്ങൾ ഉപയോഗിച്ചു. അങ്ങനെയാണ് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും അവന്റെ താവളം ഇവിടെ കണ്ടെത്തിയത്.

ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാനവഴി 200 കൊല്ലം പഴക്കമുള്ള റോഡാണ്. കൊല്ലങ്കോടുനിന്നും ആനമാറി പള്ളം, തച്ചൻകൊളുമ്പ്, പാറക്കൻചള്ള, മത്തിരംപള്ളം വഴി ഗോവിന്ദാപുരത്ത് അവസാനിക്കുന്ന ഈ റോഡ് ചരിത്രത്തിന്റെ കാൽപാടുകൾ ഒരുപാട് പതിഞ്ഞതാണ്. പൊള്ളാച്ചി എന്ന പ്രധാന നഗരത്തിലേക്ക് കാളവണ്ടികളും കച്ചവടക്കാരും സഞ്ചരിച്ചിരുന്നത് ഇതു വഴിയാണ്. പിന്നീട് വന്ന മക്കാർവട്ടിറോഡ് ഒരു പ്രധാന പാതയാണ്. മാക്കാർ റാവുത്തർ എന്നുപേരുള്ള ഒരാളാണ് ഈ വഴി ഉണ്ടാക്കാൻ ഏറ്റവും താൽപര്യമെടുത്തത്. നാട്ടുകാരെയും വിദ്യാർത്ഥികളെയുമെല്ലാം സംഘടിപ്പിച്ചുകൊണ്ട് തികച്ചും ജനകീയ പങ്കാളിത്തത്തോടെ ഈ പഞ്ചായത്തിൽ സ്ഥാപിച്ച ആദ്യത്തെ റോഡാണിത്. ചരിത്രപരമായി ചിലകാരണങ്ങൾ ഇതിന് പറയാനുണ്ടെങ്കിലും ഇതിന്റെ പിന്നിലുണ്ടായ ജനകീയ മുന്നേറ്റം കാണാതിരുന്നുകൂടാ. ഇന്നും ഈ റോഡ് ഉപയോഗിക്കുന്നുണ്ട്. എന്നാൽ ആദ്യം ഉണ്ടാക്കിയ റോഡ് ഇന്ന് ആരും ഉപയോഗിക്കുന്നില്ല. കൊല്ലങ്കോട്നിന്ന് നേരിട്ട് പൊള്ളാച്ചിയിലേക്ക് പുതിയ റോഡ് വന്നിട്ട് ഏകദേശം 80 കൊല്ലമായിട്ടുണ്ടാവും.

ഈ പഞ്ചായത്തിലെ ആകെ റോഡുകൾ 149.680 കി.മീ. ആണ്. ശരാശരി റോഡിന്റെ നീളം 3 കി.മീ വരില്ല. ടാർ ചെയ്തറോഡുകൾ 3.500 കീ.മീ. പി.ഡബ്ലി.യു.ഡി. വക 58 കി.മീറ്ററുമുണ്ട്. ടാർചെയ്തറോഡിന്റെ ശരാശരി അളവ് വളരെ കുറവാണെന്ന് കാണാം. അന്തർസംസ്ഥാന ഗതാഗത മാർഗ്ഗമായ തൃശൂർ-ഗോവിന്ദാപുരം റോഡാണ് ഏറ്റവും പ്രധാനം. ഇതിന്റെ കിഴക്കേ അറ്റമായ ഗോവിന്ദാപുരം സംസ്ഥാനത്തിന്റെ അതിർത്തിയാണ്. രണ്ട് സംസ്ഥാനത്തിന്റെയും ധാരാളം ബസ്സുകൾ ഇവിടെ വന്ന് തിരിച്ചുപോകുന്നുണ്ട്. ഈ പഞ്ചായത്തിലെ പ്രധാന വാഹനകേന്ദ്രം കാമ്പ്രത്ത്ചള്ളയാണ്. കാർ, ജീപ്പ്, ഓട്ടോ, ടെംപോ എന്നിങ്ങനെ വിവിധ വാഹനങ്ങൾ ഇവിടെ കേന്ദ്രീകരിച്ചിരിക്കുന്നു.

## 1. ടാർറോഡുകൾ

പ്രശ്നങ്ങൾ :

ടാർ റോഡുകളുടെ എണ്ണം കുറവാണ്. ഇനിയും ധാരാളം റോഡുകൾ ടാർ ചെയ്യാൻ പാകത്തിലുണ്ട്. ഉള്ള റോഡുകളുടെ ഗുണനിലവാരം ഒരു പ്രശ്നമാണ്. കുണ്ടും കുഴിയും നിറഞ്ഞ വാഹനഗതാഗതം പ്രയാസം നിറഞ്ഞതായിരുന്നു. വശങ്ങളിലെ ചാലുകൾ അടഞ്ഞുപോയതിനാലും ചാലുകൾ നിർമ്മിച്ചിട്ടില്ലാത്തതിനാലും മഴക്കാലമായാൽ റോഡുകൾ വേഗം കേടുവരുന്നു. ചുള്ളിയാർഡാമിലേക്കും മീങ്കര ഡാമിലേക്കും പോകുന്ന റോഡ് ജലസേചനവകുപ്പിന്റെ ആയതിനാൽ യഥാസമയത്ത് അറ്റകുറ്റപണികൾ നടത്താത്തതിനാൽ യാത്ര ദുഷ്കരമായിരിക്കുന്നു.

## 2. മെറ്റൽറോഡ്

പ്രശ്നങ്ങൾ :

ഏതാണ്ട് എല്ലാറോഡുകളും ടാർ ചെയ്യണമെന്ന് ഗ്രാമസഭകളിൽ ആവശ്യപ്പെടുകയുണ്ടായി. ചില റോഡുകൾ കുറച്ചുമാത്രം മെറ്റലിട്ട് നിർമ്മിച്ചിട്ടുണ്ട്. അവ പൂർത്തിയാക്കണം. പെരിഞ്ചിറ-കാടൻകുറുശ്ശിറോഡ്,

290

പാപ്പൻചള്ള-പാറക്കൻചള്ള റോഡ് എന്നിവയുടെ നിർമ്മാണം വളരെ ശക്തമായ ആവശ്യങ്ങളാണ്. ഇത്തരം റോഡുകളിൽ നിരത്തിയിരിക്കുന്ന കല്ലിന്റെ അളവ് കുറഞ്ഞിരിക്കുന്നതും പ്രധാനപ്രശ്നമാണ്. വേഗം കേടുവരാൻ ഇതു കാരണമാകുന്നു.

### 3. മൺറോഡ്

പ്രശ്നങ്ങൾ :

ഈ പഞ്ചായത്തിലധികവും മൺറോഡുകളാണ്. ഇവയുടെ അറ്റകുറ്റപണികൾക്ക് പഞ്ചായത്തിന്റെ വരുമാനത്തിൽ ഭൂരിഭാഗവും ചിലവാക്കേണ്ടിവരുന്നുണ്ട്. ഇത് സമയബന്ധിതമായി മെറ്റലാക്കുന്നതാവണം നയം. ഗ്രാമസഭകളിലും ഈ ആവശ്യം വന്നിരുന്നു. ഇടവഴികളെല്ലാം റോഡാക്കി മാറ്റണമെന്ന നിർദ്ദേശങ്ങൾ ഉണ്ടാകുന്നുണ്ട് പക്ഷേ പ്രദേശികമായിത്തന്നെ ഇതിന് ജനകീയ രീതികൾ കണ്ടെത്തണം. കൂടാതെ ഇങ്ങനെ ഉണ്ടാക്കുന്ന റോഡുകൾ കേടുപാടു തീർക്കുന്നതും ഈ സമിതികളായാൽ പല പ്രശ്നങ്ങളും ഇല്ലാതാവും. പലപ്പോഴും ഇത്തരം റോഡുകൾ മണ്ണൊലിപ്പിനും കാരണമാവാറുണ്ട്. അതുപോലെത്തന്നെ പാടങ്ങൾക്ക് നടുവിലൂടെ ഉണ്ടാക്കുന്ന റോഡുകൾ പലപ്പോഴും ജലക്കെട്ടുകൾ ഉണ്ടാക്കുന്നു. അതിനാൽ ഇനിയുണ്ടാക്കുന്ന റോഡുകളുടെ പഠനം അത്യാവശ്യമാണ്.

നിലവിലുള്ള റോഡുകളുടെ പട്ടിക അവസാനം ചേർത്തിട്ടുണ്ട്.

### ഗ്രാമസഭാപ്രശ്നങ്ങൾ

1. ഗോവിന്ദാപുരം - പാലക്കാട് റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സില്ല.
2. പൊള്ളാച്ചി - തൃശൂർ കെ.എസ്.ആർ.ടി.സി. എണ്ണം പോര.
3. പറമ്പിക്കുളം - കൊല്ലങ്കോട് ബസ്സില്ല.
4. വെള്ളാരംകടവ് - പാലക്കാട് ബസ്സില്ല.
5. വിദ്യാലയങ്ങൾക്കുമുമ്പിൽ ഹംപില്ല.
6. അതിർത്തിറോഡുകളിൽ ചെക്ക്പോസ്റ്റുകൾ എല്ലായിടങ്ങളിലും ഇല്ല.

### നിർദ്ദേശങ്ങൾ

1. ഗോവിന്ദാപുരം - പാലക്കാട്, പൊള്ളാച്ചി - തൃശൂർ, പറമ്പിക്കുളം - കൊല്ലങ്കോട് റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കണം.
2. ചുള്ളിയാർമേട് - ചുള്ളിയാർഡാം റോഡ് പി.ഡബ്ലിയുഡി ഏറ്റെടുക്കണം.
3. നിലവിലുള്ള റോഡുകൾ ടാറിടുകയും മെറ്റലിടുകയും വേണം.
4. പുഴകളിലും തോടുകളിലും ആവശ്യമായ സ്ഥലങ്ങളിൽ പാലം വേണം.
5. വിദ്യാലയങ്ങൾക്കു മുമ്പിൽ ഹംപ് സ്ഥാപിക്കണം.
6. പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് മുമ്പ് ശാസ്ത്രീയ പഠനം നടത്തണം.
7. പരിഹാരപ്രശ്നങ്ങളും പരിശോധിക്കണം.
8. അറ്റകുറ്റപണികളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തണം.
9. റോഡ്, പാലം, ഇവ മാത്രമാണ് വികസനമെന്ന കാഴ്ചപ്പാടിന് മാറ്റംവേണം.
10. പറമ്പിക്കുളത്തേക്ക് മുതലമടയിൽനിന്ന് റോഡുണ്ടാക്കുക.

291

## റോഡുകൾ

| നമ്പർ | പേര് | ടാർനീളം | മെറ്റൽനീളം | മണ്ണ്നീളം | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1 | അഞ്ജനംചിററോഡ് | 1 കി.മീ. | 3.800 | – | ടാർചെയ്യണം |
| 2. | പോത്തംപാടം–മേച്ചിറ | – | 1.800 | 3.400 | ടാർ, മെറ്റൽ |
| 3. | പോത്തംപാടം–ആന്തിച്ചിറ | – | 0.273 | 0.367 | ടാർ, മെറ്റൽ |
| 4. | പെരിഞ്ചിറ–കാടൻകുറുശ്ശി | – | – | 1.600 | മെറ്റൽ |
| 5. | കാമ്പ്രത്ത്ചള്ള–ആനമാറി | – | – | 2.400 | മെറ്റൽ |
| 6. | തൊട്ടിത്തറ–മക്കാർപ്പെട്ടി | – | 4.400 | – | ടാർ |
| 7. | മല്ലൻകൊളുമ്പ്–റെയിൽവേ | – | 2.800 | – | ടാർ |
| 8. | പാറക്കുളമ്പ്–മല്ലൻകൊളുമ്പ് | – | 0.800 | – | ടാർ |
| 9. | പാറക്കുളമ്പ്–കാട്ടുപാടം | – | 1.100 | – | ടാർ |
| 10 | മിനുക്കംപാറ | – | 2.800 | – | ടാർ |
| 11. | പള്ളം–നായക്കൻചള്ള | – | 1.040 | – | ടാർ |
| 12. | കിഴക്കേക്കാട് | – | 0.600 | 1.600 | ടാർ മെറ്റൽ |
| 13. | വലിയചള്ള–കരിപ്പാലിച്ചള്ള | – | 1.000 | 0.600 | ടാർ |
| 14. | വലിയചള്ള–വടക്ക് | – | 1.000 | – | ടാർ |
| 15. | വലിയചള്ള തെക്ക് | – | – | 1.000 | മെറ്റൽ |
| 16. | പാപ്പൻചള്ള–വടക്കേചള്ള | – | – | 1.000 | മെറ്റൽ |
| 17. | തുമ്പിലേറി | – | 0.178 | 0.222 | മെറ്റൽ |
| 18. | ആട്ടയാമ്പതി–കരടിക്കുന്ന് | – | – | 4.600 | ടാർ |
| 19. | കുറുക്കൻകുന്ന് | – | 2.000 | 1.600 | ടാർ |
| 20. | പുതൂർ – കരടിക്കുന്ന് | – | – | 0.800 | |
| 21. | പുതൂർ – ഉർക്കളം | – | – | 0.600 | |
| 22. | പുതൂർ – കാളിക്കോവിൽ | – | – | 0.600 | |
| 23. | പുതൂർ –പാൽപാത | – | 0.800 | – | ടാർ |
| 24. | കരിമണ്ണക്കാട്–ചുക്കൻപതി | – | – | 1.800 | |
| 25. | ചെമ്മണാംപതി–പുതുമുടി | – | – | 1.800 | |
| 26. | തൊട്ടിച്ചിപ്പതി–മൂച്ചൻകുണ്ട് | – | – | 1.000 | |
| 27. | മൂച്ചൻകുണ്ട്–രംഗപുരം | – | 2.000 | 1.600 | ടാർ |
| 28. | മൂച്ചൻകുണ്ട് | – | – | 1.000 | |
| 29. | ഒട്ടൻചള്ള–കന്നിമാരി | – | 0.719 | 0.081 | |
| 30. | പുതൂർ–മണിയാറംചള്ള | – | 0.410 | 0.390 | |
| 31. | പള്ളം–പട്ടർപള്ളം | – | 0.500 | 1.500 | |
| 32 | പുളിയൻതോണി–ഏനാറ | – | 0.600 | – | |
| 33. | മീങ്കര–പാറക്കൻചള്ള | – | 1.000 | 1.000 | ടാർ |
| 34. | ഗോവിന്ദാപുരം–റൗണ്ട് | – | 0.200 | – | ടാർ |

292

| | | | | | |
|---|---|---|---|---|---|
| 35. | ദ്രാമ്പിച്ചള്ള | – | – | 0.400 | |
| 36. | പരുവക്കുളം | – | – | 0.600 | |
| 37. | കുണ്ടലക്കുളമ്പ് | – | – | 0.800 | |
| 38. | പോത്തംപാടം–തെക്കേക്കാട് | – | – | 0.400 | |
| 39. | ഇടുക്ക്പ്പാറ–മലയടിവാരം | – | – | 0.400 | |
| 40. | ഇടച്ചിറ–കള്ളിയംപാറ | – | 2.400 | – | ടാർ |
| 41. | ഊനൂർപള്ളം | – | – | 0.400 | |
| 42. | മുണ്ടിയൻപറമ്പ് | – | – | 0.400 | |
| 43 | ചെട്ടിക്കൗണ്ടർ–ചപ്പക്കാട് | – | – | 3.100 | |
| 44. | ആനക്കട്ടിമേട്–കിളവൻപുതൂർ | – | – | 3.400 | |
| 45. | നീലിപ്പാറ–ആലംപാളയം | – | 0.800 | 2.600 | |
| 46. | ചുക്കൻപതി–ഊർക്കളം | – | – | 1.600 | |
| 47. | പരുത്തിക്കാട് | – | 0.600 | – | |
| 48. | അണ്ണാനഗർ | – | – | 2.000 | |
| 49. | ചമ്മണാംപതി–കിഴവൻപുതൂർ | – | – | 2.400 | |
| 50. | നാഗർപാടം | – | – | 1.600 | |
| 51. | നാഗർപാടം–നന്ദിയോട് | – | – | 0.400 | |
| 52. | ആട്ടയാമ്പതി–മത്തിരംചള്ള | – | – | 0.400 | |
| 53. | ചെമ്മണംതോട് | – | 0.800 | – | |
| 54. | കുളത്ത്കാട്–മലയടിവാരം | | | 3.600 | |
| 55. | കുണ്ടൻതോട്–മലയടിവാരം | | 3.000 | | ടാർ |
| 56. | കല്ലുകുട്ടി–കൊച്ചുകുട്ടി | | | 0.800 | |
| 57. | മിനുക്കംപാറ–കൊറക്കലാംതോട് | | | 2.400 | |
| 58. | പറയമ്പള്ളം–ഇടച്ചിറ | | | 2.200 | |
| 59. | താണിപ്പാറ–പാത്തിപ്പാറ | | | 4.800 | |
| 60. | കുരങ്ങ്തോട്–കരടിക്കുന്ന് | – | – | 0.800 | |
| 61. | മേച്ചിറ–ചുക്കിരിയാവ | – | – | 1.600 | |
| 62 | രംഗപുരം–മൊണ്ടിപതി | | | 0.800 | |
| 63. | തൊട്ടിത്തറ–റൗണ്ട് | | | 0.400 | |
| 64. | തുമ്പിലേറി–പാറക്കൽചള്ള | | | 1.200 | |
| 65. | വടക്കേചള്ള–മുതലമട | | | 0.400 | |
| 66. | കൊച്ചുകുടി–പറയംപള്ളം | | | 1.600 | |
| 67. | ചെറിയപതി–മലയടിവാരം | | | 7.750 | മെറ്റൽ |
| 68. | മൗനണ്ണൻചള്ള | | | 0.400 | |
| 69. | പാറക്കൽചള്ള–ചെമ്മണംതോട് | | 0.500 | 0.500 | |
| 70. | പുളികുണ്ടി–പുതുമുടി | | 0.800 | 0.200 | |
| 71. | കൊരക്കലാംതോട്–ചപ്പക്കാട് | | | 4.800 | |
| 72. | ചപ്പക്കാട്–താവളം | | | 5.200 | |
| 73. | കുറ്റിപ്പാടം–കനാൽറോഡ് | | 1.300 | | ടാർ |

| | | | | | |
|---|---|---|---|---|---|
| 74. | വാരിക്കാട്ട്കുളമ്പ് | | | 1.200 | |
| 75. | മിനുക്കംപാറകോളനി | | | 0.200 | |
| 76. | മാമ്പള്ളം-നിലമ്പതി | | 1.500 | | ടാർ |
| 77. | പാപ്പാൻചള്ള_കുരങ്ങ്തോട് | | | 2.000 | |
| 78. | നണ്ടൻകിഴായ-ആനമാറി | | 0.850 | | ടാർ |
| 79. | ആട്ടയാമ്പതി-റൗണ്ട് | | 0.125 | 0.075 | |
| 80. | ചപ്പക്കാട് ഹൗസിംഗ്കോളനി | | | 0.630 | |
| 81. | അംബേദ്കർകോളനി ഉൾവശം | | 0.452 | | |
| 82. | മാമ്പള്ളം-മക്കാർപട്ടി | | 2.380 | | |
| 83. | ചപ്പക്കാട്-ഹരിജൻകോളനി | | | 0.450 | |
| 84. | തൊട്ടിത്തറ-ഏരിപ്പാടം | | | 0.400 | |
| 85. | പത്തിചിറ-കൊട്ടപ്പള്ളം | | | 0.750 | |
| 86. | വെള്ളാരംകടവ് | | | 0.120 | |

## റെയിൽവേ ഗതാഗതം

ഒലവക്കോടുനിന്ന് മധുരവരെ നീണ്ടുകിടക്കുന്ന റെയിൽവേ പാത മുതലമട വഴി കടന്നുപോകുന്നു. 1922 ലാണ് ഇത് നിലവിൽ വന്നത്. ഈ പഞ്ചായത്തിൽ മുതലമടയിൽ ഒരു റെയിൽവേ സ്റ്റേഷനും ഉണ്ട്. പഴണിയിലേക്ക് പോകുന്ന തീർത്ഥാടകർ ഈ വണ്ടി വളരെക്കാലം മുമ്പ്തന്നെ ഉപയോഗിച്ചിരുന്നു. ഇടക്കുവെച്ച് ഈ വണ്ടി നിർത്താൻ ശ്രമിച്ചിരുന്നെങ്കിലും ജനങ്ങളുടെ സമ്മർദ്ദംമൂലം തീരുമാനം മാറ്റിയതാണ്. മീറ്റർഗേജ് ആയ ഈ ലൈൻ ബ്രോഡ്ഗേജ് ആക്കി മാറ്റണം. യാത്രക്കാർ കുറവാണെങ്കിലും ഇവിടുത്തുകാരിൽ കുറെയാളുകൾ ആശ്രയിക്കുന്നതാണീ റെയിൽവെ പാത. ഭാവിയിൽ മാങ്ങസംസ്കരണവും മറ്റും വിപുലമാകുമ്പോൾ നമ്മുടെ പഞ്ചായത്തിലെ റെയിൽവേ ഗതാഗതത്തിന്റെ വ്യാപ്തി കൂട്ടേണ്ടിവരും. ഗുരുവായൂർ കൊല്ലങ്കോട് ലൈൻ വേണം. കേരള അതിർത്തി പ്രദേശമായ ഗോവിന്ദാപുരത്ത് ഒരു ബസ്റ്റാന്റ് നിർമ്മിച്ചാൽ യാത്രക്കാർക്ക് സൗകര്യവും പഞ്ചായത്തിന് വരുമാനവും ഉണ്ടാകും അതിനോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സുകളും സ്ഥാപിക്കാവുന്നതാണ്. അന്തർസംസ്ഥാന റൂട്ടായതിനാൽ വാടക മുറികൾ ഉണ്ടാക്കി വാടകക്ക് കൊടുക്കുന്നതും ആലോചിക്കാവുന്നതാണ്.

ചുള്ളിയാർഡാമിലേക്കുള്ള ഇറിഗേഷൻ വകുപ്പിന്റെ റോഡും ചുള്ളിയാർ ഡാമിൽനിന്ന് വെള്ളംകടവിലേക്കുള്ള ഇ.ബിന്റെ റോഡും പി.ഡബ്ലിയുഡി. ക്ക് കൈമാറ്റം ചെയ്ത ആ റോഡ് ഗതാഗതയോഗ്യമാക്കണം.

തൃശൂരിൽനിന്നും ആനമാറി കുറ്റിപ്പാടം വഴി മീനാക്ഷിപുരത്തേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണം.

294

# ഊർജ്ജം

ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1966ൽ ആണ്. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. ഗാർഹിക വ്യവസായിക കാർഷിക രംഗങ്ങളിൽ വൈദ്യുതിയുടെ ഉപയോഗം ഏറിവരികയാണ്. എങ്കിലും ഇനിയും എത്താത്ത കുഗ്രാമങ്ങളും ഉണ്ട്. വിസ്തൃതി കൂടുതലായതിനാൽ എല്ലാ ഗ്രാമങ്ങളിലും വൈദ്യുത ലൈൻ എത്തിക്കാൻ സാമ്പത്തിക പ്രയാസം ഉണ്ട്. വീടുകൾ കൂട്ടമായി കഴിയുന്ന സങ്കേതങ്ങൾ അകലം കൂടിയതിനാൽ ലൈൻ വലിക്കാനുള്ള അസൗകര്യവും പ്രധാന പ്രശ്നമാണ്.

## വൈദ്യുത കണക്ഷൻ പട്ടിക

| | | | | | |
|---|---|---|---|---|---|
| ഗാർഹികം | – | 2413 | വ്യാപാരം | – | 335 |
| വ്യാവസായികം | – | 100 | കാർഷികം | – | 958 |

## സ്ട്രീറ്റ് ലൈറ്റുകൾ

ബൾബ് – 427 ട്യൂബ് – 105 സോഡിയം – 15 വൈദ്യുതീകരിച്ചു.

ഹരിജൻ കോളനികൾ – 13 ട്രാൻസ്ഫോമർ – 48 വൈദ്യുതീകരിക്കാത്തവ – 19

ഈ പഞ്ചായത്തിലേക്ക് വൈദ്യുതി നാട്ടുകാൽ സബ്സ്റ്റേഷനിൽനിന്നും വിളയോടി സബ്സ്റ്റേഷനിൽനിന്നും വരുന്നതാണ്. ട്രാൻസ്ഫോമറുകൾ അധികവും ലോഡ് കൂടുതലാണ്. അതുകൊണ്ട് വോൾട്ടേജ് ക്ഷാമം നിത്യ സംഭവമാണ്. ഈ സംഭവം ഗുരുതരമായി ഗ്രാമസഭകളിൽ വന്നതാണ്. ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയും ചർച്ചയിൽ ശക്തിയായി വന്നതാണ്. വൈദ്യുത ചോർച്ചയും ഒരു വലിയ പ്രശ്നമാണ്. അനധികൃതമായി ചെമ്മണാംപതി പ്രദേശങ്ങളിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ടെന്ന് ഗ്രാമവാസികളിൽ പരാധി വന്നിരുന്നു.

## പ്രശ്നങ്ങൾ

1. അധികം തെരുവു വിളക്കുകളും യഥാസമയം കത്തുന്നില്ല.
2. ഹരിജൻ കോളനികൾ പലതും വൈദ്യുതീകരിച്ചിട്ടില്ല.
3. വരുമാനം നോക്കാതെ ചാർജ്ജ് പിരിക്കുന്നു.
4. കേടുവന്ന ട്രാൻസ്ഫോമറുകൾ
5. വോൾട്ടേജ് ക്ഷാമം
6. ജീവനക്കാരുടെ നിസഹകരണം.
7. ഒന്നാം വാർഡിൽ സോഡിയംബൾബ് ഇല്ല.

295

## പരിഹാര നിർദേശങ്ങൾ

1. തെരുവുവിളക്കുകൾ വേണ്ട സ്ഥലങ്ങൾ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി സ്ഥാപിക്കുക.
2. ഹരിജൻ കോളനികൾ വൈദ്യുതീകരണം നടത്തുക.
3. കേടുവന്ന ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കുക
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 110 KV സ്റ്റേഷൻ മുതലമടയിൽ തുടങ്ങുക.
5. ജീവനക്കാരുടെ സേവനം വിലയിരുത്താൻ പഞ്ചായത്ത്തല സംവിധാനം ഉണ്ടാക്കുക. ഉപദേശസമിതി രൂപീകരിച്ച് പരാധികൾ പരിശോധിച്ച് പരിഹാരം കാണുക.
6. വൈദ്യുത ചോർച്ച തടയാൻ ജനകീയ സമിതികൾ രൂപീകരിക്കുക.
7. കുരിയാർകുറ്റി, കാരപ്പാര പദ്ധതിയിൽ വൈദ്യുതിയുൽപ്പാദനം കൂടിചേർക്കുക.
8. സൗരോർജ്ജം വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

## ഗാർഹികഊർജ്ജം

ഈ പഞ്ചായത്തിലെ കുടുംബങ്ങളിൽ അധികവും ഉപയോഗിക്കുന്നത് വിറകാണ്. രൂക്ഷത കൂടിയ അടുപ്പുകളുടെ സന്ദേശം വേണ്ടത്ര എത്തിയിട്ടില്ല. കോളനികളിൽവെച്ച് കൊടുക്കാത്തവപോലും ശരിയായി ഉപയോഗിക്കുന്നില്ല. അമിതമായ വനനശീകരണം മൂലം വിറകിന് തൊട്ടാൽപൊള്ളുന്ന വിലയാണ്. അതിനാൽ സാധാരണക്കാരൻെറ വരുമാനത്തിൻെറ നല്ലൊരുഭാഗം വിറകിനുവേണ്ടി ചെലവാക്കേണ്ടിവരുന്നു. കൂടാതെയുള്ള മരങ്ങൾ വെട്ടുന്നതിനാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറിലാകുന്നു. ഗോബർ ഗ്യാസ് നല്ല രീതിയിലാണെങ്കിലും ജനങ്ങൾ ഇത് സ്വീകരിക്കാൻ മടികാണിക്കുന്നു. വ്യാപകമായ പ്രചരണവും സബ്സിഡിയും നൽകി ഇത് ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കണം. എൽ.പി.ജി. ഗ്യാസ് ഈ രംഗത്ത് വന്ന പുരോഗമനമാണെങ്കിലും ഇന്നും സാധാരണക്കാരൻെറ ഇന്ധനം വിറകാണ്. അതിനാൽ പുകയില്ലാത്ത അടുപ്പുകൾ വിപുലമായി സ്ഥാപിക്കുകയും പ്രചരണം നടത്തുകയും വേണം. പഞ്ചായത്തുതലത്തിൽ വികസനസമിതികളുടെ പ്രവർത്തനത്തിലൂടെ ഇത് സാധിക്കാവുന്നതാണ്.

പുകയില്ലാത്ത അടുപ്പുകളുടെ സ്ഥാപനത്തിലൂടെ കുടുംബങ്ങൾക്ക് ഉണ്ടാക്കാവുന്ന ലാഭത്തെ കുറിച്ചും അവബോധം ഉണ്ടാക്കണം. അങ്ങനെ പഞ്ചായത്തിലെ ആളുകളുടെ ചെലവ് കുറക്കാനും സമ്പാദ്യം ഉണ്ടാക്കാനും കഴിയും. അതുപോലെതന്നെ കുറെചെറുപ്പക്കാർക്ക് അടുപ്പ് നിർമ്മാണ പരിശീലനം നൽകുകയും അടുപ്പ് ഉണ്ടാക്കാനുള്ള പരിശീലനം നൽകുകയും ചെയ്യാം. ഇങ്ങനെ വന്നാൽ മൺകലങ്ങൾ ഉണ്ടാക്കുന്നവരുടെ തൊഴിൽ സാദ്ധ്യത കൂടുന്നതാണ്.

പട്ടിക

കുടുംബങ്ങൾ - 6928 - വിറക് - 6700 ഗ്യാസ് - 200

മണ്ണെണ്ണ - 28 - പുകയില്ലാത്ത അടുപ്പുകൾ - 500

296

# പാർപ്പിടം

ചരിത്രകാലംമുതൽ മഴയും, തണുപ്പും വെയിലും, ഏൽക്കാതെ ജീവിക്കുക എന്നത് മനുഷ്യൻെറ പ്രാഥമികാവശ്യമായിരുന്നു. മരങ്ങളിലും, ഗുഹകളിലും ജീവിച്ച മനുഷ്യൻ അവൻെറ പാർപ്പിട സങ്കൽപം ക്രമേണ മാറി മാറി ഇന്ന് ബഹുനില കോൺക്രീറ്റ് സൗധങ്ങളിലെത്തി നിൽക്കുന്നു. ഈ സങ്കൽപം സമൂഹത്തിലെ തൻെറ മാന്യതയുടെ ഒരളവുകോലായിപോലും പരിഗണിക്കപ്പെടുന്നു. എന്തുതന്നെയായാലും ഏതൊരു മനുഷ്യൻെറയും സ്വപ്നമാണ് സ്വന്തമായ ഒരു വീട്.

സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ ആദ്യകാല പാർപ്പിട ചരിത്രം പരിശോധിച്ചാൽ കൊച്ചുകൊച്ചു കൂരകളിലായിരുന്നു പലരുടെയും താമസം. പനയോലയും, കയ്യിൽ കിട്ടിയ മരങ്ങളും ഉപയോഗിച്ച് തീർത്ത വീടുകളായിരുന്നു. കുമാരനാശാൻ പാടിയതുപൊലെ "വൃത്തവും കോണും ചതുരവുമില്ലതിൽ എത്തിനൊക്കിയിട്ടില്ല ശിൽപി തന്ത്രം" ഇത്തരം ചെറ്റകുടിലുകളായിരുന്നു ഭൂരിഭാഗവും. അപൂർവ്വം വീടുകൾമാത്രം ആവശ്യത്തിന് സൗകര്യങ്ങളുള്ളവയായിരുന്നു. ഇത് അധികവും സമ്പന്നരുടേത് മാത്രമായിരുന്നു. അന്ന് നിലനിന്നിരുന്ന സാമൂഹ്യസാമ്പത്തിക ചുറ്റുപാടുകൾ നല്ല വീട് പണിയാൻ അവസരം നൽകിയില്ല. ഈ വിലക്കുകളെല്ലാം കാലത്തിൻെറ കുത്തൊഴിക്കിൽ പൊട്ടിതകർന്ന് പോയി. ആദ്യകാലത്ത് നിർമ്മിച്ച ഓലപ്പുരകൾക്ക് പനയോലകൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. പാലക്കാടിൻെറ മുഖമുദ്രയായിരുന്ന കരിമ്പനകൾ തെങ്ങുകൾക്ക് വഴിമാറുമ്പോൾ ക്രമേണ തെങ്ങോലപ്പുരകളും നിർമ്മിക്കാൻ തുടങ്ങി. ഇന്ന് ഓലപ്പുരകൾ വളരെ ചുരുക്കം കുടുംബങ്ങൾക്ക് മാത്രമാണുള്ളത്. ഈ പഞ്ചായത്തിലെ വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

1-14 (എ) കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ 1995-96 Ref. E

| വാർഡ് | കെട്ടിടങ്ങളുടെഎണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | ഒന്നിൽകൂടുതൽനിലയുള്ളകെട്ടിടങ്ങൾ | കോൺക്രീറ്റ് | ഓട് | ഓല |
| 1. | 929 | 4 | 23 | 553 | 349 |
| 2. | 622 | 2 | 19 | 376 | 225 |
| 3. | 568 | 5 | 15 | 364 | 184 |
| 4. | 569 | 3 | 27 | 371 | 166 |
| 5. | 701 | - | 08 | 312 | 381 |
| 6. | 959 | 5 | 103 | 529 | 322 |
| 7. | 868 | - | 23 | 162 | 683 |
| 8. | 703 | - | 18 | 328 | 357 |
| 9. | 949 | 2 | 15 | 395 | 537 |
| 10. | 970 | 2 | 44 | 357 | 576 |
| 11. | 1027 | 3 | 23 | 369 | 632 |
| 12. | 1081 | - | 20 | 206 | 855 |
| 13. | 941 | 1 | 69 | 332 | 539 |
| ആകെ | 10885 | 27 | 407 | 4654 | 5797 |

297

ആൾ താമസമുള്ള ഓലപ്പുരകൾ 600 ന് താഴെ മാത്രമാണ്. ബാക്കി ഓലപ്പുരകൾ തൊഴുത്തുകളോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കുന്നവയാണ്. ഇടത്തരം കുടുംബങ്ങൾ ഓട്ടുപ്പുരകളിലാണ് താമസിച്ചിരുന്നത്. ഇപ്പോൾ നിർമ്മിച്ച് വരുന്ന വീടുകളിൽ ആനുപാതീകമായ വർദ്ധന കോൺക്രീറ്റ് വീടുകളാണ്. പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി. റോഡിൻെറ രണ്ടു വശങ്ങളിലും വീടുകൾ പണിയാൻ താൽപര്യപ്പെടുന്നു. കൂടാതെ വയലുകൾ നികത്തിയും വീടുകൾ പണിയുന്ന പ്രവണത കണ്ടുവരുന്നു. കൂട്ടുകുടുംബവ്യവസ്ഥയുടെ പ്രശക്തി നഷ്ടപ്പെട്ട് കൊച്ചുകൊച്ചുകുടുംബങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. അതനുസരിച്ച് വീടുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിസ്തൃതമായ ഈ പഞ്ചായത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നത് പള്ളം, കുറ്റിപ്പാടം, നണ്ടൻകിഴായ, പോടമ്പാടം, കാമ്പ്രത്ത്ചള്ള, വലിയ ചള്ള, ആട്ടയാംപതി, മൂവുലകപുതൂർ, ഗോവിന്ദാപുരം, ചമ്മണാംപതി, മൂച്ചകുണ്ട് എന്നിവിടങ്ങളിലാണ്.

ഈ പഞ്ചായത്തിൽ 32 അംഗീകൃത കോളനിയുണ്ട്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ താമസിക്കുന്നതും മറ്റു വിഭാഗക്കാർ താമസിക്കുന്നതുമുണ്ട്. ഈ കോളനികളിലെ വീടുകളുടെ സ്ഥിതി പരിതാപകരമാണ്. നിർമ്മാണത്തിനുശേഷം അറ്റകുറ്റപണികൾ തീർത്തും നടത്താത്തതാണ് മിക്ക വീടുകളും.

## പ്രധാന പ്രശ്നങ്ങൾ

1. വീടും സ്ഥലവും ഇല്ലാത്തവരുമുണ്ട്.
2. ഓലപ്പുരകൾ ഉണ്ട്.
3. ലക്ഷം വീടുകളുടെ നില പരിതാപകരമാണ്.
4. പട്ടയം ഇല്ലാത്തവരുണ്ട്.
5. ഭവന നിർമ്മാണ വായ്പാ സൗകര്യകുറവ്.
6. കെട്ടിട നിർമ്മാണ സാധനങ്ങളുടെ കുറവ്, വില വർദ്ധനവും
7. ഭൂമിയുടെ വിലവർദ്ധനവ്.
8. വിദഗ്ദ തൊഴിലാളികളുടെ കുറവ്.

ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും സർക്കാർ നൽകുന്ന വീടുകൾ ആവശ്യത്തിന് തികയുന്നില്ല. ഫണ്ടിൻെറ അപര്യാപ്തത ഒരു പ്രശ്നമാണ്. ഇങ്ങനെ അനുവദിച്ച വീടുകളിൽ അറ്റകുറ്റ പണികൾ നടക്കുന്നില്ല.

11–5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് | വീട്ആവശ്യമുള്ള കുടുംബങ്ങളുടെഎണ്ണം URDPസർവ്വേപ്രകാരം | വിവിധപരിപാടികളിലൂടെ അനുവദിച്ചവീടികൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചവീടു കളുടെഎണ്ണം | അനുവദിക്കേണ്ടവ |
|---|---|---|---|---|---|
| 1. | 85 | 49 | 42 | 7 | 349 |
| 2. | 69 | 37 | 17 | 20 | 225 |
| 3. | 107 | 16 | 15 | 1 | 184 |
| 4. | 75 | 58 | 33 | 25 | 166 |
| 5. | 75 | 21 | 16 | 5 | 381 |
| 6. | 122 | 42 | 30 | 12 | 322 |
| 7. | 42 | 40 | 25 | 15 | 183 |
| 8. | 69 | 27 | 21 | 6 | 357 |
| 9. | 50 | 24 | 21 | 3 | 537 |
| 10 | 150 | 141 | 138 | 21 | 855 |

298

പർപ്പിട നിർമ്മാണ രംഗത്ത് വിവിധ പ്രദേശങ്ങൾ നിലനിൽക്കുന്നു. കൂലിയുടെ കാര്യത്തിൽ തന്നെ കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വലിയ കുതിച്ചു കയറ്റം ഉണ്ടായി. അതിവിദഗ്ദരായ തൊഴിലാളികൾ പലരും വിദൂര സ്ഥലങ്ങളിൽപോയി പണിയെടുക്കുന്നു. വർദ്ധിച്ച കൂലിയും കിട്ടുന്നു. അതിനുപുറമെ കെട്ടിടനിർമ്മാണ രംഗത്തെ സാധന സാമഗ്രികളുടെ വില കയറ്റവും ഗുരുതരമായ പ്രശ്നമാണ്. സിമൻെറ്, മണൽ, കമ്പി, ഇഷ്ടിക എന്നിവയുടെ വിലയിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കാര്യമായിതന്നെ വർദ്ധനവ് ഉണ്ടായി. സർക്കാർ അനുവദിക്കുന്ന പദ്ധതികൾക്ക് നൽകുന്ന ഫണ്ട് അപര്യാപ്തമാണ്. ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികളുടെ അനുപാതം കുറയുന്നു.

## ഭവന നിർമ്മാണ രംഗം മെച്ചപ്പെടുത്താൻ പറ്റിയ മാർഗ്ഗ നിർദ്ദേശം

1. ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. വിദഗ്ദതൊഴിലാളികളും സാധനസാമഗ്രികളും സംഘം മുഖേന ലഭ്യമാക്കണം.

2. ഈ സഹകരണസംഘത്തിൽ നിർമ്മാണ വിഭാഗം, പരിശീലന വിഭാഗം പരിശോധന വിഭാഗം എന്നിവ ഉണ്ടായിരിക്കണം. സർക്കാർ പദ്ധതികൾ നടപ്പിലാക്കാൻ പറ്റിയ ഏജൻസിയായി വർത്തിക്കണം.

3. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികളിലെ സഹായ ധന നിരക്കുകൾ പുതിക്കി നിശ്ചയിക്കുക.

4. വായ്പാ സൗകര്യങ്ങൾ ലളിതമാക്കണം.

5. ചെലവ് കുറഞ്ഞ വീടുകളുടെ പ്രചരണം ശക്തമാക്കണം.

6. കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയിൽ ലഭിക്കാൻ പദ്ധതിയുണ്ടാവണം.

7. ഈ രംഗത്തു പ്രവർത്തിക്കുന്ന ഒരു നേഷണലൈസ് ബാങ്കിൻെറ ശാഖ പ്രവർത്തിക്കണം.

8. നിലവിലുള്ള ബാങ്കുകൾ ഭവന നിർമ്മാണ വായ്പകൾ നൽകാൻ നടപടി സ്വീകരിക്കണം.

ഈ രംഗങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറുള്ള സന്നദ്ധസംഘങ്ങൾ നിലവിൽവരണം. അവരിലൂടെയാവണം വരും കാലങ്ങളിൽ വിപുലമായ ഭവനനിർമ്മാണ പ്രവർത്തനം നടത്തേണ്ടത്. ഈ പ്രവർത്തനം രണ്ടുതരം മാറ്റങ്ങൾ ഉണ്ടാക്കും. ഒന്ന് ജനസാമാന്യത്തിൻെറ സംഘബോധം ഉണരും. മറ്റൊന്ന് സാങ്കേതിക വൈദഗ്ധ്യം കൂടും. ദാരിദ്ര്യം അനുഭവിക്കുന്നവരിൽ നിന്നുള്ള ആളുകൾക്ക് ഈ പദ്ധതികളിൽ തൊഴിൽ നൽകാൻ കഴിയും. അടുത്ത പഞ്ചവത്സരപദ്ധതിയിലൂടെ ഈ ഗ്രാമത്തിൻെറ മുഴുവൻ പാർപ്പിട പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

299

# സാമൂഹ്യക്ഷേമം

" സമൂഹത്തിൽ അസമത്വം വേണമെന്ന് പറയാൻ
ഒരു ദൈവവും അത്ര ക്രൂരനല്ലല്ലോ "

– ഗാന്ധിവചനം

സമൂഹത്തിലെ ദാരിദ്ര്യരേഖക്കുതാഴെ ജീവിക്കുന്ന അനേകലക്ഷം ജനങ്ങളെ ഉദ്ധരിക്കുന്ന ഒരു പ്രക്രിയയാണ് സാമൂഹ്യക്ഷേമപ്രവർത്തനവും. അതിന് അടിസ്ഥാനഘടകമായ പദ്ധതികളും. സമൂഹത്തിലെ സംഘടിത തൊഴിലാളികളെയും അസംഘടിത തൊഴിലാളികളെയും സംഘടിപ്പിച്ച് നിലവിലുള്ള പദ്ധതികളെ ശരിയാംവണ്ണം ഉപയോഗിപ്പിക്കാൻവേണ്ടിയുള്ള ഒരു ജനകീയ പ്രസ്ഥാനമായി വികസനത്തെ നാം മാറ്റിയെടുക്കണം. അതിന് എല്ലാ ജനവിഭാഗത്തിന്റെയും സകല രാഷ്ട്രീയ കക്ഷികളുടെയും ആത്മാർത്ഥതയും സഹകരണവും അനിവാര്യമാണ്. എന്നാൽ മാത്രമെ സമൂഹത്തിൽ ക്ഷേമം നേടിയെടുക്കാൻ നമുക്ക് സാധിക്കുകയുള്ളു.

സാമൂഹക്ഷേമ പദ്ധതികളെ കേന്ദ്രസംസ്ഥാന സർക്കാരുകൾ നടത്തുന്ന പദ്ധതികളെന്നും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടത്തുന്ന പദ്ധതികളെന്നും രണ്ടായി തരംതിരിക്കാം. സമൂഹത്തിൽ വ്യത്യസ്ഥതലങ്ങളിൽ അസന്തുലിതാവസ്ഥ മാറ്റിയെടുക്കാൻ അനേകം പ്രത്യേക സ്ഥാപനങ്ങൾതന്നെ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി വികസന കോർപ്പറേഷൻ പിന്നോക്കസമുദായ വികസന കോർപ്പറേഷൻ എന്നിവ അവക്ക് ഉദാഹരണമാണ്.

ഈ പഞ്ചായത്തിൽ ദാരിദ്ര നിർമ്മാർജ്ജനത്തിനായി ബ്ലോക്കിലൂടെ നടത്തുന്ന അനേകം സാമൂഹ്യക്ഷേമപദ്ധതികൾ ഈ പഞ്ചായത്തിൽ വി.ഇ.ഒ സർക്കിളുകളിൽ നടത്തിപ്പോരുന്നു. ഇത് മറ്റ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളേക്കാൾ വളരെ കൂടുതലായി ഈ പഞ്ചായത്തിന് ലഭ്യമാകുന്നു.

നിലവിലുള്ള ക്ഷേമപദ്ധതികളുടെ നടത്തിപ്പിൽ പല അപര്യാപ്തതകളും കാണുന്നു. പദ്ധതികളെക്കുറിച്ചുള്ള അജ്ഞത, കിട്ടിയാൽ ലക്ഷ്യബോധമില്ലായ്മ, അർഹതപ്പെട്ടവർക്ക് തക്കസമയത്ത് ലഭിക്കുന്നില്ല, ഉപയോഗപ്പെടുത്തുമ്പോൾ സാങ്കേതിക നൂലാമാലകൾ, ലഭിച്ചുകഴിഞ്ഞാൽ ദുർവിനിയോഗം ചെയ്യൽ, സഹായധനം ഒഴിച്ച് വായ്പ തിരിച്ചടക്കുകയില്ല, പദ്ധതികളിൽ ജനകീയതയും സുതാര്യതയും ഇല്ലാത്ത നടത്തിപ്പ് എന്നിവ എടുത്തുപറയത്തക്ക ചില കാര്യങ്ങൾ മാത്രമാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ നടത്തുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായ ഈ പഞ്ചായത്തിൽ നടക്കുന്നില്ല. മുതലമട പഞ്ചായത്തിലും കർഷകത്തൊഴിലാളികൾ, തോട്ടംതൊഴിലാളികൾ, ഗ്രാമീണ കരകൗശലത്തൊഴിലാളികൾ, കെട്ടിട നിർമ്മാണതൊഴിലാളികൾ എന്നിവരെല്ലാം ഉണ്ടെങ്കിലും അവരെല്ലാവരും ക്ഷേമനിധി ബോർഡിന്റെ കീഴിൽ അംഗങ്ങളായിട്ടില്ല. കൂടാതെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെയും പരമ്പരാഗത തൊഴിലാളികളുടെയും മരംകയറ്റത്തൊഴിലാളികളുടെയും അവസ്ഥ ഒട്ടും മെച്ചപ്പെട്ടതല്ല.

വനിതാവികസന കോർപറേഷന്റെയും വികലാംഗക്ഷേമ പ്രവർത്തനത്തിന്റെയും പിന്നോക്കസമുദായ വികസനകോർപ്പറേഷന്റെയും പ്രവർത്തനം അർഹമായ തോതിൽ ഈ പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. ഇതിനുകാരണം ഇതിന്റെ ഓഫീസുകളെല്ലാം തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്നതുകൊണ്ട് സാമാന്യജനത്തിന് അവരുടെ

പ്രശ്നവുമായി ഈ ഓഫീസുകളുമായി എളുപ്പം ബന്ധപ്പെടാൻ സാദ്ധ്യമല്ല. കൂടാതെ മേൽപറഞ്ഞ കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അജ്ഞതയും മറ്റൊരു കാരണമാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ അർഹമായ തോതിൽ ലഭിക്കുന്നില്ല. മൊത്തം ജനസംഖ്യയുടെ 17.63% വരുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേമപദ്ധതികൾ അവരുടെ ജനസംഖ്യാനുപാതത്തിൽ ലഭിക്കുവാൻ വേണ്ട സംവിധാനം ഉണ്ടാകണം.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏകദേശം എല്ലാരംഗങ്ങളിലും കൂടുതൽ വിശാലമായ രീതിയിലും സാമ്പത്തിക രീതിയിലും മെച്ചപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നത് ബ്ലോക്കുവഴിയാണ്. വിവിധ പഞ്ചായത്തിൽ മൂന്ന് വി.ഇ.ഒ സർക്കിൾ വഴി നടപ്പാക്കുന്നുണ്ട്. ഇതിനെകുറിച്ച് വിലയിരുത്തുമ്പോൾ ജനങ്ങൾ ഈ പദ്ധതിയെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല എന്നു കാണുന്നു. പദ്ധതികളിലൂടെ നേടിയെടുക്കുന്ന ജീവനോപാധികളെ ദുർവിനിയോഗം ചെയ്യുന്ന പ്രവണത കൂടിവരുന്നു. ഈ അവസ്ഥ മാറ്റിയെടുക്കണമെങ്കിൽ ഈ പദ്ധതികളുടെ നടത്തിപ്പിലും സംരക്ഷത്തിലും പഞ്ചായത്ത് തലത്തിലും വാർഡ്തലത്തിലും ഒരു ജനകീയ സംരക്ഷണസമിതി പ്രവർത്തിക്കണം. കഴിഞ്ഞ കാലങ്ങളിൽ ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ മൊത്തം 3721 ആണെന്ന് സർവേ കണക്കുകൾ കാണിക്കുന്നു. നാളിതുവരെ 830 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. അതിൽ 380 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്.

### മുതലമട ഗ്രാമപഞ്ചായത്ത് 11. 1 IRDP 1 പ്രകാരം ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരുടെ പട്ടിക

| വാർഡ് | സർവേ പ്രകാരം കണ്ടെത്തിയവരുടെ ആകെഎണ്ണം | ഇതിൽ എസ്.സി/ എസ്.ടി വിഭാഗത്തിൽ പെട്ടവർ | നാളിതുവരെ സഹായിച്ച കുടുംബങ്ങൾ | ഇതിൽ എസ്.സി/ എസ്.ടി കുടുംബങ്ങൾ | സഹായംവഴി ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയവർ | ഇനിസഹായിക്കാനുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 412 | 147 | 104 | 76 | 10 | 402 |
| 2 | 318 | 85 | 71 | 29 | 6 | 308 |
| 3 | 367 | 127 | 49 | 20 | 5 | 362 |
| 4 | 388 | 118 | 80 | 31 | 9 | 379 |
| 5 | 287 | 73 | 140 | 44 | 11 | 276 |
| 6 | 244 | 148 | 64 | 38 | 6 | 238 |
| 7 | 238 | 68 | 57 | 17 | 4 | 234 |
| 8 | 193 | 70 | 75 | 30 | 3 | 190 |
| 9 | 153 | 85 | 86 | 38 | 9 | 144 |
| 10 | 510 | 231 | 74 | 39 | 8 | 508 |
| 11 | 254 | 130 | 30 | 18 | 5 | 246 |
| 12 | 357 | 309 | | | | 357 |
| ആകെ | 3721 | 1591 | 830 | 380 | 76 | 3654 |

301

ഈ മഹത്തായ ക്ഷേമപദ്ധതികൾ ഒന്നുംതന്നെ അവുഭവിക്കാൻപറ്റാത്ത മുതലമട പഞ്ചായത്തിലെ ഒരു വാർഡാണ് പറമ്പിക്കുള വനപ്രദേശം. ഇവിടെ ഭൂരിപക്ഷവും പട്ടികവർഗ്ഗത്തിൽപെട്ട കുടുംബങ്ങളാണ്. ഈ വാർഡ് സ്ഥിതിചെയ്യുന്നത് വനപ്രദേശമായതിനാലും ഇവിടേക്ക് എത്തിപ്പെടാൻ തമിഴ്നാട്ടിനെ ആശ്രയിക്കുന്നതുകൊണ്ടും സാമ്പത്തിക സ്ഥാപനങ്ങൾ ഇവിടെയുള്ളവരെ സഹായിക്കാൻ മുൻ വരുന്നില്ല.

പറമ്പിക്കുളത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഇവിടേക്ക് എത്തിപ്പെടാൻ കേരളത്തിലൂടെ ഗതാഗതമാർഗ്ഗം ഉണ്ടാവണം. ആ വാർഡിൽതന്നെ ഒരു ധനകാര്യ സ്ഥാപനത്തിന്റെ സ്റ്റാറ്റലൈറ്റ് ബ്രാഞ്ച് തുടങ്ങി പ്രവർത്തനം ആരംഭിക്കണം. ഈ വാർഡിൽ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വം ഉപയോഗപ്പെടുത്തണം.

IRDP യുടെ ഒരു ഘടകപദ്ധതിയാണ് DWCRA. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ദാരിദ്ര്യരേഖക്ക് താഴെയുള്ള സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ഉന്നമനമാണ്. സ്ത്രീകളിൽ സംഘബോധവും നേതൃത്വ സ്വഭാവവും സമ്പാദ്യശീലവും വളർത്തിയെടുക്കലാണ് ഈ പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശിക്കുത്. ഈ പഞ്ചായത്തിൽ 11 മഹിളാ യൂണിറ്റുകൾക്ക് വായ്പയും ധനസഹായവും നൽകിയിട്ടുണ്ട്. ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുകയാണെങ്കിൽ ഒരു സത്യം പ്രത്യേകം മനസ്സിലാക്കാം. മിക്ക യൂണിറ്റുകളും പ്രവർത്തിക്കുന്നില്ല എന്നുള്ളതാണത്. വായ്പയും സഹായധനവും ലഭിച്ചുകഴിഞ്ഞാൽ യൂണിറ്റുകൾ പ്രവർത്തനരാഹിത്യത്തിലേക്ക് വഴുതിവീഴുകയും അവർ തമ്മിലുള്ള ഐക്യമില്ലായ്മയും ചെയ്യുക ഒരു പൊതു സ്വഭാവമായി കണ്ടുവരുന്നു. ഇത് മാറ്റിയെടുത്ത് സജീവമായി ഈ യൂണിറ്റുകളെ പുനർജനിപ്പിക്കാനും ഇനിയുള്ള യൂണിറ്റുകളെയെങ്കിലും ശരിയാംവണ്ണം പ്രവർത്തിപ്പിക്കാനും ജനകീയ പങ്കാളിത്തവും ഒരു സാമൂഹ്യ സംരക്ഷണവും അനിവാര്യമാണ്. അതിന് ഇനി വരുന്ന കാലങ്ങളിലെ വാർഡ്തല വികസനസമിതികളും പഞ്ചായത്തുതല ജനകീയ സഭകളും പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കാം.

### 11.4. DWCRA പ്രകാരം രൂപപ്പെട്ട തൊഴിൽസംരഭ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | സംഖ്യ | | പ്രവർത്തനക്ഷമത |
|---|---|---|---|---|---|---|
| | | | | വായ്പ | സഹായധനം | |
| 1 | നെല്ല്കുത്ത് | 1986-87 | 15 | 28000 | 17000 | ഇല്ല |
| 2 | പുൽപായനിർമ്മാണം | 1991-92 | 14 | 24500 | 17500 | ഭാഗികം |
| 5 | നെല്ലകുത്ത് | 1986-87 | 15 | 30000 | 15000 | ഇല്ല |
| 6 | ജെല്ലിനിർമ്മാണം | 1996-97 | 10 | | | തുടങ്ങിയിട്ടില്ല |
| 9 | പായനെയ്ത്ത് | 1985-86 | 15 | 10005 | 14995 | ഭാഗികം |
| 10 | പശവളർത്തൽ | 1996-97 | 10 | 11000 | 40000 | ആരംഭിച്ചു |
| 11 | കയർനിർമ്മാണം | 1993-94 | 10 | 30000 | 30000 | ഇല്ല |
| 9 | പായനെയ്ത്ത് | 1986-87 | 15 | 30000 | 18000 | ഇല്ല |
| 8 | നെല്ലകുത്ത് | 1986-87 | 15 | 30000 | 15000 | ഇല്ല |
| 9 | പശുവളർത്തൽ | 1996-97 | 10 | 110000 | 40000 | തുടങ്ങിയിട്ടില്ല |
| 10 | | | | 400505 | 206495 | |

302

ഈ പഞ്ചായത്തിൽ ആകെ 10 DWCRA യൂണിറ്റുകൾകൂടി 400505 രൂപ വായ്പയും 206495 രൂപ ധനസഹായവും നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കാണാം.

IRDP യുടെ മറ്റൊരു ഘടക പദ്ധതിയാണ് ട്രൈസം. ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത് 18 വയസ്സുമുതൽ 35 വയസ്സുവരെ പ്രായമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ സംരഭങ്ങൾക്ക് പരിശീലനവും സാമ്പത്തിക സഹായവും ചെയ്തുകൊടുത്ത് അവരെ സമൂഹത്തിൽ സ്വയംതൊഴിൽ സജ്ജമാക്കുകയാണ്. മുതലമട പഞ്ചായത്തിൽ ഈ പദ്ധതിയുടെ കീഴിൽ മുൻകാലങ്ങളിൽ 38 യുവതീയുവാക്കൾക്ക് ഇതിന്റെ കീഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. അതിൽ 24 മഹിളകളെ ബ്ലോക്കും ഡി.ഡബ്ലിയു.സി.ആർ.എ യൂണിറ്റിൽ തൊഴിൽ സംരംഭങ്ങൾക്ക് സഹായധനവും വായ്പയും നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 14 പേർ സംരംഭങ്ങളിൽ സ്വയംതൊഴിൽ കണ്ടെത്തിയില്ല. അതിന് കാരണങ്ങൾ പലതാണ്. പരിശീലനത്തിന്റെ ഗുണനിലവാരം മോശമായിരുന്നു എന്ന് പരിശീലനം നേടിയിരുന്നവർ തന്നെ പറയുന്നു. പരിശീലനം നേടിയവർക്ക് തൊഴിൽ തുടങ്ങാനുള്ള മാനസികനിലവാരം ഉയർന്നിട്ടില്ല. യുവതീ യുവാക്കൾ ഇതിനെ ഒരു സ്റ്റൈപ്പന്റ് പദ്ധതിയായി കാണുന്നു. ഇതുമൂലം ലക്ഷ്യം വഴിമാറുന്നു എന്നുകാണാം. സംരംഭകർക്ക് തൊഴിൽപരമായ ഒരു സാമൂഹ്യസുരക്ഷിതത്വം ജനകീയമായി ലഭിക്കുന്നില്ല. ഈ സ്ഥിതി മാറണമെങ്കിൽ ഇതിന്റെ ആദ്യം മുതൽ അവസാനംവരെ ഈ പദ്ധതിക്ക് ഒരു സാമൂഹ്യസംരക്ഷണവും ജനകീയ താൽപര്യവും മേൽനോട്ടവും ഉണ്ടായിരിക്കണം. അതിനായി പഞ്ചായത്ത്തലത്തിലും ബ്ലോക്ക്പഞ്ചായത്ത്തലത്തിലും ജില്ലാപഞ്ചായത്ത്തലത്തിലും ഒരു ജനകീയസംരക്ഷണ വൈദഗ്ധ്യപോഷണക്കമ്മിറ്റി ഉണ്ടാവണം.

കൂടാതെ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തിലെ എല്ലാ യുവജന സന്നദ്ധ സംഘടനകളും സഹകരിച്ച് പ്രവർത്തിച്ചാൽ വളരെ നല്ലനേട്ടങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ ആദ്യാവസാനം വരെ ജനകീയ സ്വഭാവം നിലനിർത്താൻ പഞ്ചായത്തുതല തൊഴിൽവൈദഗ്ധ്യക്കമ്മറ്റികൾ രൂപീകരിച്ച് ബോധവൽകരണം നടത്തണം. അങ്ങനെ ചെയ്തു പ്രവർത്തിക്കുകയാണെങ്കിൽ ഈ ക്ഷേമപ്രവർത്തനങ്ങളെ സ്ഥായിയായി നിലനിർത്താനും അതുവഴി തൊഴിൽ സേനയുടെ എണ്ണം കുറക്കാനും നാടിന്റെ അഭിവൃദ്ധിക്ക് യുവജനങ്ങളുടെ ശക്തിയെ ശരിയാംവണ്ണം തിരിച്ചുവിടാൻ ഇനിയുള്ള കാലത്തെങ്കിലും പറ്റുമെന്ന് ഉറപ്പിക്കാം.

303

• • • • • • • • • • • •

## 11.2 ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | തീപ്പെട്ടിനിർമ്മാണം | 1 | | 1 | |
| 2 | പായനെയ്ത്ത് | 14 | 14 | | |
| ,, | ടൈപ്പ്റൈറ്റിംഗ് | 2 | 2 | | |
| ,, | ഇലക്ട്രോണിക്സ് | 2 | | 2 | |
| ,, | കംപ്യൂട്ടർ | 1 | | | 1 |
| ,, | നെയ്ത്ത് | 1 | | 1 | |
| 3 | ഇലക്ട്രോണിക്സ് | 1 | | 1 | |
| 4 | ആട്ടോമെക്കാനിക് | 1 | 1 | | |
| 5 | നെയ്ത്ത് | 1 | | 1 | |
| 6 | റേഡിയോ,ടി.വി.മെക്കാനിക് | 1 | | 1 | |
| ,, | പൈപ്പ് വർക്ക് | 1 | | 1 | |
| ,, | കംപ്യൂട്ടർ | 1 | | 1 | |
| 7 | വെൽഡിംഗ് | 1 | | | 1 |
| ,, | നെയ്ത്ത് | 1 | | | 1 |
| ,, | ഇലക്ട്രോണിക്സ് | 1 | | | 1 |
| 8 | കമ്പോസിംഗ് | 1 | 1 | | |
| ,, | മോട്ടോർഡ്രൈവിംഗ് | 1 | 1 | | |
| ,, | വെൽഡിംഗ് | 2 | | 2 | |
| ആകെ | | 34 | 17 | 13 | 4 |

ഇതിലേക്ക് യുവതീ യുവാക്കളെ ആകർഷിക്കണമെങ്കിൽ പരിശീലനത്തിന്റെ ഗുണം മെച്ചപ്പെടുത്താൻ ശ്രമിക്കണം. പരിശീലന സമയത്തെ സ്റ്റൈപ്പൻ കൂട്ടണം. പരിശീലനം പോരാതെ വന്നാൽ കാലദൈർഘ്യം നീട്ടിക്കൊടുക്കണം.

304

പരമ്പരാഗത ഗ്രാമീണകരകൗശല തൊഴിലാളികളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും അവരുടെ അദ്ധ്വാനം കുറക്കാനുംവേണ്ടി അവർക്ക് ആധുനിക തൊഴിലുപകരണം നൽകുന്ന ഒരു പരിപാടി കൂടി ബ്ലോക്കിൽ നടപ്പാക്കുനുണ്ട്. ഈ പഞ്ചായത്തിൽ കഴിഞ്ഞകാലങ്ങളിൽ ആർ.എ.പി. പ്രകാരം ആകെ 20 പേർക്ക് ഈ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുള്ള ഗ്രാന്റ് 3500 രൂപയിൽനിന്നും 5000 രൂപയാക്കി ഉയർത്തണം. ഈ പദ്ധതിയിൽകൂടി ആനുകൂല്യം ലഭിക്കാത്തവർക്കുകൂടി ഇതിനെ എത്തിച്ചുകൊടുക്കുകയും വേണം.

## മുതലമട ഗ്രാമപഞ്ചായത്ത് ആർ.എ.പി. 11.9 ഗ്രാമീണതൊഴിലുകാർക്ക് ആധുനിക ഉപകരണം നൽകൽ

| വാർഡ് | ആർ.ഡി.ഡി.പി പ്രകാരം ആർ.എ.പി കളുടെ എണ്ണം | ഉപകരണംനൽകിയവരുടെ എണ്ണം | ഇനി അർഹതയുള്ളവർ |
|---|---|---|---|
| 1 | 7 | 4 | 3 |
| 5 | 2 | | 2 |
| 6 | 1 | 1 | |
| 7 | 3 | 2 | 1 |
| 8 | 2 | 1 | 1 |
| 10 | 2 | 1 | 1 |
| 11 | 3 | | 3 |
| ആകെ | 20 | 9 | 11 |

ദാരിദ്ര്യരേഖക്ക്താഴെയുള്ളവർക്ക് പാർപ്പിടം ഉണ്ടാക്കാനുള്ള ഗ്രാന്റ് കക്കൂസ് നിർമ്മാണത്തിനുള്ള ഗ്രാന്റ് കൃഷിഭൂമിയുടെ വികസനത്തിനുവേണ്ടിയുള്ളജലസേചനത്തിനുള്ള കിണറുകൾ കുഴിക്കാനുള്ള ഗ്രാന്റ് എന്നിവ കൂടി ബ്ലോക്കിൽനിന്നും നൽകുന്ന സാമൂഹ്യക്ഷേമ പ്രവർത്തനത്തിൽപെടുന്നു. കൂടാതെ ഐ.എച്.ഡി.പി. കോളനികളിൽ പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കാനുള്ള ഗ്രാന്റും അനുവദിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായ പഠനോപകരണങ്ങൾ നൽകുന്നു. മഹിളാ സമാജങ്ങൾക്ക് നഴ്സറി തുടങ്ങുവാനുള്ള പരിപാടികൾ സാമൂഹ്യവനവൽകരണ പരിപാടിയിൽ നൽകിയിരുന്നു. ഇത് ഇപ്പോൾ നടത്തുന്നില്ല. ഈ പരിപാടി കുറച്ചുകൂടി സാങ്കേതികമായ പരിശീലനം നൽകി മഹിളാ സമാജങ്ങൾക്ക് ഈ പഞ്ചായത്തിൽ സ്ഥിരമായ നഴ്സറികൾ തുടങ്ങാനുള്ള പ്രവർത്തനം വേണം. ഇതിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടാവണം.

305

മുതലമട പഞ്ചായത്തിന്റെ മറ്റുവിഭാഗത്തിൽപ്പെട്ടവരുടെ വീടുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ഹരിജൻ വിഭാഗത്തിൽപ്പെട്ടവരേക്കാൾ ഓപ്പുരകൾ കണ്ടുവരുന്നത് മറ്റുവിഭാഗത്തിൽപ്പെട്ടവരുടെതാണ്. അതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുവെക്കാനുള്ള ഗ്രാന്റുകൾ കൂടുതലായി അനുവദിച്ചുകിട്ടേണ്ടതുണ്ട്. ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ ധാരാളം ഉള്ള ഒരു പഞ്ചായത്തായതിനാൽ ഈ പഞ്ചായത്തിൽ കക്കൂസുകൾ കൂടുതൽ അനുവദിക്കണം. കൂടാതെ അവയുടെ ഗ്രാന്റ് 2000 രൂപയിൽ നിന്ന് 3500 രൂപയാക്കി ഉയർത്തുകയും വേണം. കക്കൂസ് ഉപയോഗിക്കുന്നതിനെകുറിച്ച് സമഗ്രമായ ഒരു ബോധവൽകരണ പരമ്പര തന്നെ എല്ലാവാർഡുകളിലും നടത്തണം. ഈ ബോധവൽകരണ ക്യാമ്പുകളിൽവെച്ചുതന്നെ ഓരോ വാർഡിലുള്ള കക്കൂസ് നിർമ്മാണത്തിനുള്ള അപേക്ഷകൾ സ്വീകരിക്കണം. ഇത് ഒരു തീവ്രയത്ന പരിപാടിയായി ഏറ്റെടുത്ത് പ്രാവർത്തികമാക്കണം. നിരുപാധിക ഫണ്ട് ഉപയോഗിച്ച് ഇത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട ഒരു പ്രവർത്തിയായി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയും വരുന്ന 5 വർഷംകൊണ്ട് ഇത് പൂർത്തീകരിക്കാൻ ശ്രമിക്കുകയും വേണം.

## വില്ലേജാഫീസുകൾ വഴി നടത്തുന്ന ക്ഷേമപദ്ധതികൾ

ഈ പഞ്ചായത്തിൽ വില്ലേജ് ആഫീസുകൾ വഴി അനേകം ക്ഷേമപദ്ധതികൾ നടപ്പാക്കാനുണ്ട്. നിർധനരായ വിധവകളുടെ വിവാഹത്തിനുള്ള ധനസഹായം, വാർധക്യകാല പെൻഷനുകൾ, അഗതി പെൻഷനുകൾ, വികലാംഗപെൻഷനുകൾ, കർഷകതൊഴിലാളി പെൻഷൻ എന്നിവയാണ് അവ. ഈ ക്ഷേമപദ്ധതികളുടെ നടത്തിപ്പിന്നുവേണ്ടി ഇവ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കുകയും അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കുകയും കാലതാമസമില്ലാതെ നടപ്പാക്കാനും ഇത് വളരെ സഹായിക്കും.

വിധവ പെൻഷൻ അനുവദിക്കുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാവണം. അതുപോലെ വികലാംഗ പെൻഷനുകൾക്ക് സർട്ടിഫിക്കറ്റ് നേടുവാൻ പറ്റാത്തതിനാൽ അനേകം വികലാംഗർ അവരുടെ ക്ഷേമപദ്ധതികൾ അപേക്ഷിക്കാൻ പറ്റാതെ ഇരിക്കുന്നു. ഇതിന് മറ്റുപാധികൾ കാണേണ്ടിയിരിക്കുന്നു. ഇത് നൽകേണ്ട വിദഗ്ദ ഡോക്ടർ ആഴ്ചയിലോ മാസത്തിലോ ഒരു ദിവസം പഞ്ചായത്തിലെ ഹെൽത് സെന്ററിൽ ക്യാമ്പിംഗ് നടത്തുന്നത് ഉചിതമായിരിക്കുന്നു.

ഈ പഞ്ചായത്തിൽ കർഷകത്തൊഴിലാളി പെൻഷൻ ധാരാളം നൽകി വരുന്നുണ്ട്. അർഹരായ എല്ലാ കർഷകതൊഴിലാളികൾക്കും ഈ ക്ഷേമപദ്ധതി നേടാൻ വേണ്ടി ഇതിന്റെ തിരഞ്ഞെടുപ്പും നടത്തിപ്പും ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കണം.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായി പ്രവർത്തിക്കുന്ന ഒരു ഘടകമാണ് അംഗൺവാടികൾ. മുതലമട പഞ്ചായത്തിൽ 13 വാർഡുകളിലായി 24 അംഗൺവാടികൾ പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൺവാടി എന്ന ആശയത്തിൽ നോക്കിയാൽ 35000 ത്തോളം വരുന്ന ജനസംഖ്യയുള്ള മുതലമട പഞ്ചായത്തിന് ഇനിയും 11 അംഗൺവാടികൾ വേണം. അതിന്റെ ആവശ്യകതയെക്കുറിച്ച് പഞ്ചായത്ത് തീരുമാനമെടുക്കണം,. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ ഭാഗമായി അംഗൺവാടികളുടെ പ്രവർത്തനം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കുട്ടികളെ അങ്ങോട്ടാകർഷിക്കുന്നില്ല. രക്ഷിതാക്കളുടെ ഇടയിൽ ഒരു അസന്തുഷ്ടത

പ്രകടമായി കാണുന്നു. സ്വന്തമായി കെട്ടിടമില്ലായ്മ, ഉള്ളവ അറ്റകുറ്റപണികൾ ചെയ്യാത്തവയും കളിപ്പാട്ടങ്ങളുടെ പോരായ്മ ജീവനക്കാർക്ക് അനാകർഷമായ ശമ്പളം ഇവയെല്ലാംകൂടി പൊതുവെ അംഗൺവാടികളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കി മാറ്റണം.

## നിർദ്ദേശങ്ങൾ

1. അംഗൺവാടികളുടെ കെട്ടിടത്തിലെ അറ്റകുറ്റപണികൾ പഞ്ചായത്തുകൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കണം.
2. സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്ഥലങ്ങളിൽ ജനകീയമായി പ്രശ്നപരിഹാരം കാണണം. പഞ്ചായത്തുകൾ അതിന് നേതൃത്വം നൽകണം.
3. പോഷകാഹാരത്തിന് കൊടുക്കുന്ന സംഖ്യ കൂട്ടണം.
4. അംഗൺവാടികളിൽ അനെർട്ട് അടുപ്പുകൾ വെക്കണം.
5. വർക്കർമാരുടെയും ഹെൽപർമാരുടെയും ശമ്പളത്തെക്കുറിച്ച് പുനർചിന്ത ആവശ്യമാണ്.
6. അവരുടെ ജോലിക്കനുസൃതമായ സാമൂഹ്യനിലയെക്കുറിച്ച് ചിന്തിക്കണം.
7. ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ അംഗൺവാടി തുടങ്ങുന്നതിന് പഞ്ചായത്ത് നിർദ്ദേശങ്ങൾ പാലിക്കണം.
8. സ്ഥലമില്ലാത്ത സ്ഥലത്ത് പഞ്ചായത്ത് സ്ഥലമോ മിച്ചഭൂമിയോ ഉപയോഗപ്പെടുത്താൻ പറ്റുമോ എന്നു ചിന്തിക്കണം.

### 8–1 അംഗൺവാടികളുടെ വിവരം

| ക്രമനമ്പർ | അംഗൺവാടികളുടെ വിവരങ്ങൾ | എണ്ണം | |
|---|---|---|---|
| | പഞ്ചായത്ത് ജനസംഖ്യ | 33935 | 1991ലെ സെൻസസ് |
| | പുരുഷന്മാർ | 16957 | |
| | സ്ത്രീകൾ | 16978 | |
| | പട്ടികജാതി | 5902 | |
| | പട്ടികവർഗ്ഗം | 2399 | |
| | അംഗൺവാടികളുടെ എണ്ണം | 24 | |
| | ഒരുവയസിനു താഴെയുള്ള കുട്ടികൾ | 540 | |
| | 1–2 വയസ് പ്രായമുള്ള കുട്ടികൾ | 576 | |
| | 2–3 വയസ് പ്രായമുള്ള കുട്ടികൾ | 601 | |
| | 3–5 വയസ് പ്രായമുള്ള കുട്ടികൾ | 1240 | |
| | ഗർഭിണികളുടെ എണ്ണം | 259 | |
| | മുലയൂട്ടുന്ന അമ്മമാരുടെഎണ്ണം | 280 | |
| | കഴിഞ്ഞവർഷത്തെ ജനങ്ങൾ | 96 | |
| | അനുപൂരക പോഷണം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 2417 | |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 259 | |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 280 | 307 |

പഞ്ചായത്തിലെ സാധാരണലഘുവായ പോഷണക്കുറവുള്ള കുട്ടികളെന്നും, മിതമായ പോഷണക്കുറവുള്ളവയെന്നും ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികളെന്നും വയസ് തിരിച്ചുള്ള കണക്കുകൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു. ഗുരുതരമായ പോഷണക്കുറവ് ആൺകുട്ടികളിൽ കൂടുതൽ കണ്ടുവരുന്നു എന്ന് കണക്കുകൾ കാണിക്കുന്നു.

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിനു താഴെ | 28 | 39 | 33 | 32 | 30 | 48 | 1 | – |
| 1 മുതൽ 3 വയസ് | 33 | 32 | 31 | 28 | 22 | 28 | 1 | – |
| 3 മുതൽ 6 വയസ്വരെ | 30 | 48 | 26 | 46 | 20 | 30 | 2 | – |

ഈ പഞ്ചായത്തിൽ അനേകം കെട്ടിടനിർമ്മാണതൊഴിലാളികളും മറ്റുകൈതൊഴിലാളികളുമുണ്ട്. ഇവരെ അപകട ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും അതോടൊപ്പം അവരെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡിൽ അംഗമാക്കുകയും വേണം. അത്തരക്കാരുടെ ഒരു പഞ്ചായത്തുതല സർവേനടത്തി തൊഴിൽ നികുതി ഏർപ്പെടുത്താൻ പറ്റുമോ എന്നു ചിന്തിക്കണം.

ഈ പഞ്ചായത്തിൽ 13 വാർഡുകളിലായി 14 പൊതുവിതരണ ഷാപ്പുണ്ട്. ഈ റേഷൻകടകൾ പൊതുവിതരണ ഷാപ്പുകളായെങ്കിലും പൊതുവിതരണം കാര്യക്ഷമമായി നടക്കുന്നില്ല. പലവ്യഞ്ജനങ്ങളുടെ വിതരണം ഈ സ്ഥാപനങ്ങൾ വഴി തീരെ നടത്തുന്നില്ല. അതിനായി ഈ പഞ്ചായത്തിൽ കാമ്പ്രത്ത് ചള്ളകേന്ദ്രമാക്കി ഒരു മാവേലി സ്റ്റോർ അത്യാവശ്യമാണ്. കൂടാതെ ഈ പഞ്ചായത്ത് വളരെ വിസ്തൃതമായതിനാൽ അതിനോടൊപ്പം ഒരു മൊബൈൽ സ്റ്റോറും ആവശ്യമാണ്. ചില സ്ഥലങ്ങളിൽ റേഷൻഷാപ്പുകളുടെ ദൂരം ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നുണ്ട്. പ്രത്യേകിച്ച് ഓട്ടൻചള്ള നാഗർപാടം നാവിളുംതോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരു റേഷൻഷാപ്പും എം. പുതൂർറേഷൻ ഷാപ്പിൽ 600 ലേറെ കാർഡുകൾ ഉണ്ട്. അതിനാൽ അംബേദ്കർ കോളനി കേന്ദ്രമാക്കി ഒരു റേഷൻ കട കൂടി അനുവദിക്കുന്നതും ഉചിതമായിരിക്കും. പൊതുവിതരണ ഷാപ്പുകളിൽ പഞ്ചായത്തുകളുടെ ഇടപെടൽ വേണ്ടവിധം ശക്തമാകണം.

308

എല്ലാവർക്കും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ പ്രകൃതിയിൽ മതിയാംവണ്ണം വിഭവങ്ങൾ ഉണ്ട്. പക്ഷേ അത് സന്തുലിതമായി ഉപയോഗിക്കാൻ നാം ആരും പഠിച്ചിട്ടില്ല. അത്യാവശ്യങ്ങളേക്കാൾ ആർത്തിയെ പൂർത്തീകരിക്കാൻ

നാം മുതിരുന്നു. തൽഫലമായി വിഭവങ്ങളുടെ പോഷണം നമ്മെ പ്രതിസന്ധിയിൽ എത്തിക്കുന്നു എന്ന് നാം പലരാജ്യങ്ങളിലും കണ്ടുവരുന്ന വസ്തുതയാണ്. അതിനാൽ വികസനം എന്ന കാഴ്ചപ്പാടിൽ ആർത്തിവെടിഞ്ഞ് അത്യാവശ്യങ്ങളെ പൂർത്തീകരിക്കാനും അതുവഴി ഭാവിതലമുറക്ക് നാം മാർഗ്ഗവും നിർദ്ദേശവും വഴികാട്ടികളും ആയിത്തീരാൻ നമ്മുടെ നാടിന്റെ വിഭവങ്ങളെ നമുക്കാവശ്യത്തിന് ഉപയോഗിക്കാൻ ഈ ജനകീയാസൂത്രണ ആശയത്തിന് കഴിയുമെങ്കിൽ നമ്മുടെ സാമൂഹ്യക്ഷേമത്തിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## പ്രശ്നങ്ങൾ

1. അംഗൺവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.
2. സാമൂഹ്യക്ഷേമപദ്ധതികൾ സമാസമയം ലഭിക്കുന്നില്ല.
3. പെൻഷനുകൾ തക്കസമയത്ത് ലഭിക്കുന്നില്ല
4. പലവ്യഞ്ജനസാധനങ്ങൾ റേഷൻഷാപ്പുകൾ നടത്തുന്നില്ല.
5. ചാരായം അനധികൃതമായി വിൽക്കുന്നു.
6. നിരക്ഷരത എല്ലാവാർഡുകളിലും കണ്ടുവരുന്നു.
7. സർക്കാർ ഏറ്റെടുത്ത മിച്ചഭൂമികൾ വിതരണം നടത്തുന്നില്ല.
8. പൊതുശ്മശാനങ്ങൾ വാർഡുകളിലില്ല.
9. ഐ.ആർ.ഡി.പി. വരുമാനം എല്ലാവർക്കും ലഭിക്കുന്നില്ല.
10. ചപ്പുചവറുകൾ വേണ്ടവിധം സംസ്കരിക്കുന്നില്ല.
11. എല്ലാവർക്കും കക്കൂസില്ല.
12. ദുർബല വിഭാഗക്കാർക്ക് എല്ലാവർക്കും ഭവനങ്ങളില്ല.
13. വിതരണം നടത്താത്ത പഞ്ചായത്ത് കോളനികളുണ്ട്.
14. തൊ;ഴിൽസംരംഭങ്ങളില്ല.
15. സ്ത്രീകൾ പൊതുരംഗത്ത് സജീവമാകുന്നില്ല.
16. സർക്കാർ കുളങ്ങൾ പൊതുനന്മക്കുവേണ്ടി ഉപയോഗിക്കുന്നില്ല.

## പരിഹാരങ്ങൾ

1. അംഗൺവാടികളുടെ പ്രവർത്തനം സജീവമാക്കാൻ വേണ്ട നടപടികൾ എടുക്കുക. 309
2. സാമൂഹ്യക്ഷേമ പദ്ധതികൾ സമാസമയം എത്തിച്ചുകൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

3. പെൻഷൻ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് വിതരണംചെയ്യുകയും അർഹതപ്പെട്ടവരെ പഞ്ചായത്ത് തന്നെ തിരഞ്ഞെടുക്കുക.

4. മുതലമട പഞ്ചായത്തിൽ കാമ്പ്രത്ത്ചള്ളയിൽ ഒരു മാവേലി സ്റ്റോർ വേണം. കൂടാതെ അതിന്റെ കീഴിൽ ഒരു സഞ്ചരിക്കുന്ന മാവേലിസ്റ്റോറും വേണം.

5. റേഷൻകടകൾ വേണ്ട സ്ഥലത്ത് പുതുതായി ആരംഭിക്കുക.

6. അനധികൃതമായ ചാരായ വിൽപന നടത്തുന്നതിനെതിരെ നിയമനടപടികളും സന്നദ്ധസംഘടനകളെ ബോധവൽകരണ പ്രവർത്തനത്തിൽ രംഗത്തിറക്കുക.

7. തുടർസാക്ഷരതാപ്രവർത്തനം സന്നദ്ധസംഘടനകളെ ഏൽപിക്കുക.

8. മിച്ചഭൂമി വിതരണം നടപ്പിലാക്കുക.

9. പൊതുശ്മശാനം വേണ്ട വാർഡുകളിൽ നടപ്പിലാക്കണം.

10. ഐ.ആർ.ഡി.പി. സർവേയിൽ എല്ലാവരെയും ഉൾപ്പെടുത്താൻ പദ്ധതിയുടെ വരുമാന പരിധി ഉയർത്തുക.

11. ചപ്പുചവറുകൾ സംസ്കരിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

12. കക്കൂസ് നിർമ്മാണത്തിന് ഗ്രാന്റുകൾ അനുവദിക്കുക.

13. വീട്വെക്കാനുള്ള സ്ഥലം പഞ്ചായത്തിലുള്ളതിനെ വിതരണം നടത്തണം.

14. മഹിളാസഹകരണസംഘങ്ങൾ പഞ്ചായത്ത്തലത്തിൽ നടത്തുന്നതിന് സംബന്ധിച്ച സാദ്ധ്യതകളെകുറിച്ച് പഠനം നടത്തണം.

15. സ്ത്രീകളെ പൊതുരംഗത്ത് പ്രവർത്തിപ്പിക്കാൻ വേണ്ട ബോധവൽകരണം നടത്തുക.

16. പഞ്ചായത്തിൽ സർക്കാർ കുളങ്ങൾ ഉണ്ടെങ്കിൽ അത് പൊതുപയോഗത്തിനുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കണം.

17. അതാത് സ്ഥലത്തെ റോഡുകളുടെ സംരക്ഷണം ജനകീയ പ്രവർത്തനംകൊണ്ട് സംരക്ഷിക്കാനും നന്നാക്കാനും ശ്രമിക്കുക.

18. ഉപഭോഗസംസ്കാരം വിട്ട് ഉൽപാദന സംസ്കാരം വളർത്തിയെടുക്കാൻ ജനകീയശക്തി ഉപയോഗിക്കാൻവേണ്ട സംഘടിത പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

310

# സംസ്കാരം

ഏകദേശം 200 വർഷങ്ങൾക്കുമുമ്പായി സ്വന്തമായി ചരിത്രം രൂപപ്പെടുത്തുന്ന മുതലമട പഞ്ചായത്ത് ആദ്യകാലത്ത് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. അടർന്ന വനപ്രദേശങ്ങളും വെള്ളംകെട്ടിനിൽക്കുന്ന കുഴികളും നിറഞ്ഞതായിരുന്നു ഈ പ്രദേശം. മുതലകളുടെ ആവാസ കേന്ദ്രമായതിനാൽ മുതലമട എന്ന പേരിലറിയപ്പെട്ടു.

വൈവിദ്ധ്യമാർന്ന പ്രദേശിക സ്ഥലനാമചരിത്രം മുതലമടക്കുണ്ട്. മൃഗങ്ങളുടെ പേർചേർത്ത് ആനക്കുഴിക്കാട്, പോത്തംപാടം, നരിപാറചള്ള എന്നസ്ഥലനാമങ്ങളുണ്ടായി. കൂട്ടായ കൃഷിനിലങ്ങൾക്ക് " ചള്ള " എന്ന പേര് ചേർത്ത് കാമ്പ്രത്ത്ചള്ള, വടക്കേചള്ള, വലിയചള്ള എന്ന സ്ഥലനാമങ്ങളുണ്ടായി. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ " ചിറ " എന്ന പേരിലറിയപ്പെട്ടതിനാൽ പത്തിച്ചിറയും മേച്ചിറയും സ്ഥലനാമങ്ങളായി. സ്ഥലവാസികളായ പ്രധാനികളുടെ പേരിന്റെ കൂടെ " പതി " ചേർത്ത് രൂപപ്പെട്ടതാണ് ആട്ടയാംപതിയും ചുക്കൻപതിയും മൊണ്ടിപ്പതിയും.

മൂന്ന് ഉലകുമരം നിന്ന സ്ഥലം മൂവുലകുപുതൂർ ആയി. താഴ്ന്ന പ്രദേശം പള്ളം ആയി. ഇതിനുദാഹരണമാണ് പള്ളവും, ഒന്നൂർപള്ളവും. ചപ്പക്കാട്, തെക്കേക്കാട്, കാട്ടുപാടം എന്നിവ ഭൂപ്രദേശമായ കാടിനെയും പാടത്തെയും സൂചിപ്പിക്കുന്നു.

ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് പാറക്കൽചള്ളയുടെ പടിഞ്ഞാറുഭാഗത്ത് തച്ചൻകുളമ്പിൽ നിർമ്മിച്ച കോട്ടയുടെ അവശിഷ്ടങ്ങളും ചരിത്രമാറ്റങ്ങളെ നിശബ്ദമായി നോക്കി പന്തലിച്ചുനിൽക്കുന്ന പേരാൽമരവും പനങ്കൂട്ടവും കാലഘട്ടത്തിന്റെ പഴക്കത്തെ നമുക്ക് അറിയിച്ചുതരുന്ന ചരിത്ര സ്മാരകങ്ങളാണ്. ഏകദേശം മുക്കാൽഭാഗം പഴയ മലബാറിലും വടക്കുഭാഗത്തുള്ള കാൽ ഭാഗം തിരുകൊച്ചിയിലും ഉൾപ്പെട്ടിരുന്ന സ്ഥലമാണ് മുതലമട പഞ്ചായത്ത്.

തമിഴ്നാടും മുതലമടയും ബന്ധിപ്പിക്കുന്ന പൊള്ളാച്ചി-തൃശൂർറോഡും, പൊള്ളാച്ചി-പാലക്കാട് റെയിൽഗതാഗതവും മുതലമടയിൽ തമിഴ്സംസ്കാരത്തിന്റെ വേരുകൾ പിടിക്കാൻ കാരണമായി. കിഴക്കൻപ്രദേശത്തെ വെങ്ങുനാട് കോവിലകം ഭൂമിവെട്ടിത്തെളിയിച്ച് തമിഴ് വംശജർ വന്നുചേർന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചയുടെ ഫ്യൂഡൽമുതലാളിവർഗ്ഗ സർവാധിപത്യത്തിന്റെയും കിരാതവാഴ്ചയുടെ ദുഃഖാനുഭവങ്ങളും മുൻകാലങ്ങളിൽ അനുഭവിച്ചവരാണ് ഈ പ്രദേശത്തുകാർ. സവർണമേധാവിത്വം സമ്പന്നരുടെ ക്രൂരഭരണം, നാടുവാഴികളുടെ കണ്ണിൽചോരയില്ലാത്ത അതിക്രമങ്ങൾ, അവരെ തൃപ്തിപ്പെടുത്താൻവേണ്ടി ഏതക്രമവും നടത്താൻ മടിക്കാത്ത ശിങ്കിടികളുടെ പരാക്രമം എന്നിവക്ക് സാക്ഷ്യം വഹിച്ച സ്ഥലമാണ് മുതലമട.

മൈലുകൾക്കപ്പുറത്ത്വെച്ച് കുപ്പായംഊരി ചുരുട്ടിപ്പിടിച്ചാണ് ജന്മിയെ കാണാൻ പോവുക. കുപ്പായം ഊരിയില്ലെങ്കിൽ മർദ്ദിക്കപ്പെടും. കടയിൽ ഒന്നിച്ചിരുന്ന് ചായ കുടിക്കാനോ കിണറ്റിൽനിന്ന് കുടിവെള്ളം എടുക്കാനോ

അനുവദിക്കാതെ മാറ്റിനിർത്തപ്പെട്ട ദു:ഖിതവർഗ്ഗം ഇവിടെ ഉണ്ടായിരുന്നു. മർദ്ധിച്ചനുസരിപ്പിച്ച് ജോലിചെയ്യിപ്പിക്കുന്ന ക്രൂരതയും ഇവിടെ ഉണ്ടായിരുന്നു. പശുപെറ്റാൽ ജന്മിയുടെ കാരസ്ഥന്മാർ വന്ന് പ്രതിഫലം നൽകാതെ ഭീഷണിപ്പെടുത്തി പശുവിനെ ജന്മിയുടെ വീട്ടിലേക്ക് കൊണ്ടുപോകുന്ന അനീതിക്കെതിരായി പുളിയന്തോണിയിലെ 50 ഓളം പേർചേർന്ന് ചേറ്റുകത്തിയുമായി നേരിട്ട് ഈ അക്രമത്തെഅവസാനിപ്പിച്ചു. പാരമ്പര്യമായി ഹിന്ദുക്കളും മുസ്ലീംങ്ങളും ഒരേ കുടുംബംപോലെ ഐക്യബോധത്തോടും പരസ്പരം സ്നേഹിച്ചും കഴിഞ്ഞിരുന്നു. മുസ്ലീം വിഭാഗത്തിന്റെ ആദ്യത്തെ പള്ളിയായ ആനമാറി പള്ളിയും സമീപത്തുതന്നെ സ്ഥിതിചെയ്യുന്ന കോട്ടയമ്പലം ശിവക്ഷേത്രവും പുരാതനമായി ഹിന്ദുക്കളും മുസ്ലീംങ്ങളും ആരാധനയിലും ജീവിതമേഖലയിലും ഇണങ്ങിക്കഴിഞ്ഞിരുന്നു എന്നതിന്റെ ഉത്തമോദാഹരണങ്ങളാണ്.

ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്തിനുശേഷം ആനമാറി പള്ളി നിർമ്മിക്കപ്പെട്ടു. അതിനോടനുബന്ധിച്ച് " പഠാണി " കുടുംബങ്ങളും മറ്റ് മുസ്ലീം കുടുംബങ്ങളും ഇവിടെ താമസംതുടങ്ങി. ജനപ്പെരുപ്പത്തിന് അനുസൃതമായി പ്രദേശിക സ്ഥലങ്ങളിൽ മുസ്ലീം പള്ളികളും അമ്പലങ്ങളും മറ്റ് ആരാധനാ സ്ഥലങ്ങളും രൂപംകൊണ്ടു.

ക്രിസ്തുദാസ ആശ്രമത്തിന്റെ കുഴൽമന്ദത്തുള്ള ബിഷപ്പ് എബ്രഹാം ജൂബിലിമെമ്മോറിയലിന്റെ ഒരു ശാഖ 1953 ജൂലായിൽ നണ്ടൻകിഴായ കുളത്തുമേട്ടിൽ തുടങ്ങി. ഫാദർ പി. ജോൺ വർഗ്ഗീസിന്റെ നേതൃത്വത്തിലുള്ള പ്രസ്തുത സ്ഥാപനത്തിൽ ഡോ. മിസ്. ഏലിയാമ്മയും നഴ്സുമാരായ ഏലിയാമ്മമാത്യു, കുഞ്ഞമ്മ, അന്നമ്മചാണ്ടി, തങ്കമ്മ എന്നിവർ ചേർന്ന് ആതുരസേവനരംഗത്ത് പ്രവർത്തനം തുടങ്ങി. പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽപെട്ട ഇവർ സുവിശേഷപ്രവർത്തനവും ഇതോടൊപ്പം നടത്തിയിരുന്നു. മുതലമട പഞ്ചായത്തിൽ ആദ്യം വന്ന ക്രിസ്ത്യാനികൾ ഇവരാണ്.

ആദ്യകാലംമുതൽ തുടർന്നുനടന്നുവരുന്ന ഒരു ഉത്സവമാണ് പുളിയന്തോണി മാരിമ്മൻ പൊങ്കൽ. സമീപവാസികളായ എല്ലാവരും വാദ്യഘോഷങ്ങളോടും ദീപങ്ങളോടുകൂടി ഇതിൽ പങ്കുചേരുന്നു. ഭക്തിപൂർവ്വം തീക്കുണ്ടത്തിൽ നടക്കുന്ന ആചാരവും ഉണ്ടായിരുന്നു. കിഴക്കൻപ്രദേശത്തുള്ള മീങ്കരയിലെ ഭദ്രകാളിയമ്മൻകോവിലും കൂടുതൽ പഴക്കമുള്ള ആരാധനാ സ്ഥലമാണ്. ഉത്സവകാലങ്ങളിൽ പോത്ത്, ആട്, തുടങ്ങിയ മൃഗബലി നടത്താറുണ്ടായിരുന്നു. നിയമതടസ്സം വന്നതോടുകൂടി ബലി നിർത്തലാക്കി. വർഷംതോറും നടത്തുന്ന ഉത്സവത്തിൽ ഭൂരിഭാഗം തമിഴ് സംസാരിക്കുന്ന ജനങ്ങളും സമീപവാസികളും ഐക്യത്തോടെ പങ്കുചേരുന്നു. തമിഴ്നാട്ടിന്റെ ഉത്സവങ്ങളായ തൈപൊങ്കൽ ദീപാവലി എന്നിവയും തമിഴ് വംശജർ ആഘോഷിക്കുന്നു. പ്രാദേശികമായി അതാതു സ്ഥലങ്ങളിൽ പൊങ്കൽ അയ്യപ്പൻവിളക്ക് എന്നിവ വിപുലമായി ഇപ്പോൾ ആഘോഷിക്കുന്നു.

ഉത്സവദിവസങ്ങളിൽ രാത്രി കലാപരിപാടികൾ നടത്തുക പതിവാണ്. മുൻകാലങ്ങളിൽ സാധാരണക്കാർ ആസ്വദിച്ചിരുന്ന കലാവിഭാഗമാണ് " പൊറാട്ടുക്കളി ". ഒഴിഞ്ഞ വയൽ ഭാഗങ്ങളിലോ, പൊതുസ്ഥലങ്ങളിലൊ പൊറാട്ടുക്കളി നടത്തും. കാര്യമായ രംഗസംവിധാനങ്ങളൊന്നുമില്ലാതെ മേൽഭാഗം പന്തലിട്ടതും മൂന്നുഭാഗവും തുറന്നിട്ടതുമായ അരങ്ങിലാണ് ചെണ്ട, വാദ്യഉപകരണത്തോടെ കളിക്കുക. കുറവൻ-കുറത്തി, മണ്ണാൻ-മണ്ണാത്തി തുടങ്ങിയ ജാതിപ്പേരോടുകൂടി പാടിആടിക്കളിക്കും. പാട്ടിനാണ് പ്രധാന്യം. സമകാലീന രാഷ്ട്രീയ സമുദായ മാറ്റങ്ങളെ പാട്ട് രൂപത്തിൽ അവതരിപ്പിച്ചിരുന്നു. രാഷ്ട്രീയ ബോധം സാധാരണക്കാരനിൽ വളർത്താൻ



312

പാലംതോണി വേലായുധന്റെ പൊറാട്ടുകളി പ്രയോഗിക്കപ്പെട്ടു. ഇതിനുപുറമെ ആര്യമാല, പവളക്കൊടി, ഹരിശ്ചന്ദ്ര, നല്ലതങ്കാൾ, സത്യവാൻ സാവിത്രി എന്നീ നാടകങ്ങളും അവതരിപ്പിക്കാറുണ്ടായിരുന്നു. ഇതിനായി തമിഴ്നാട്ടിലെ നാടക ഗ്രൂപ്പുകളെ കൊണ്ടുവരാറുണ്ടായിരുന്നു. പ്രദേശികമായി പള്ളം, തെക്കേക്കാട്, പോത്തംപാടം എന്നീഭാഗങ്ങളിൽ ചിലർ നാടകം രൂപപ്പെടുത്തു അവതരിപ്പിച്ചിരുന്നു.

1956ൽ തന്നെ ഓന്നൂർപള്ളം സത്രമാക്കി നവകേരള കലാസമിതി നിലവിൽവന്നു. " ജീവിതം ഒരു കൊടുങ്കാറ്റ് " എന്ന നാടകം പലയിടങ്ങളിൽ പ്രദർശിപ്പിച്ചു. ചെണ്ടമേളക്കാരായ സി. ചെല്ലൻ, കുഞ്ചുമണി, മലയൻ എന്നിവർ ഓന്നൂർ പള്ളത്തുണ്ടായിരുന്നു. ഹാർമോണിയ വിദഗ്ധനായ കെ. പഴണിമല, മൃദംഗ വിദഗ്ധനായ എ. പഴണിമല എന്നിവർ വലിയ പള്ളയിൽ ജീവിച്ചിരുന്നു.

കൊയ്ത്തുകാലത്ത് നെൽകതിർ ചുരുട്ടിക്കൂട്ടികൂടയാക്കി പ്രത്യേക ആരാധനാസ്ഥലങ്ങളിൽ കൂട്ടമായി ചെന്ന് ഉത്സവം നടത്താറുള്ള കതിർ ഉത്സവം കാലപ്പഴക്കത്തിൽ ഇല്ലാതായി എന്നുവേണം പറയാൻ. എരണിക്കാവിലായിരുന്നു കതിർ ഉത്സവം ആഘോഷിച്ചിരുന്നത്. നണ്ടൻകിഴായയുടെ വടക്കുഭാഗത്ത് കൂട്ടമായി താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വർഷംതോറും കവറ ആറാട്ട് നടത്താറുണ്ട്. പട്ടം കിട്ടിയ ആനകളെ ചെണ്ടമേളത്തോടുകൂടി എഴുന്നള്ളിക്കുന്നത് ഒരു പ്രത്യേക ചടങ്ങാണ്. കാർഷിക വിഭാഗത്തിലെ ഒരു ഉത്സവമായ കാളവണ്ടിയോട്ടമത്സരം നണ്ടൻകിഴായ ഫാർമേഴ്സ് ക്ലബ്ബ് വകയായി കുറേക്കൊല്ലങ്ങളായി നടത്തിവരുന്നു. അന്യസംസ്ഥാനങ്ങളിലെ കാളവണ്ടി പ്രേമികളും ഇതിൽ പങ്കെടുക്കാറുണ്ട്.

പുള്ളുവൻപാട്ട് ഇപ്പോൾ പ്രചാരം കുറഞ്ഞ കലയാണ്. ഉടുക്ക്കൊട്ടിപാട്ട് ഉത്സവകാലങ്ങളിലുള്ള ഒരു ചടങ്ങാണ്. പാട്ടുപാടി ഭരണിക്ക്പോകുന്നതും ശബരിമലക്കുപോകുന്നതും ഇവിടുത്തെ സംസ്കാരവുമായ ബന്ധപ്പെട്ട ചടങ്ങുകളാണ്. കാളവണ്ടികളിൽ തെരുവത്ത്പള്ളിക്കും തിരുമൂർത്തിമലക്ക് പോകുന്നതും ഒരു ഇഷ്ടസാദ്ധ്യ ആചാരമായി കണക്കാക്കുന്നു.

1198 സ്ത്രീകളും 1201 പുരുഷന്മാരുംകൂടി ആകെ 2399 പേർ 400 കുടുംബങ്ങളിലായി മുതലമട പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി താമസിക്കുന്ന വിഭാഗമാണ് പട്ടികവർഗ്ഗക്കാർ. ഇവർ സംസാരിക്കുന്ന ഭാഷ, "കറിവിനാളു" ലിപി ഇല്ല. പതി എന്ന നാമകർമ്മത്തിൽ ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന ഇവർ പരിസരം വൃത്തിയായി സൂക്ഷിക്കുന്നു. നിസാര കാരണങ്ങൾക്കുപോലും വിവാഹബന്ധം വിഛേദിക്കപ്പെടുന്നു. പുനർവിവാഹം സാധാരണമാണ്. പച്ചില മരുന്നുകളിലും മന്ത്രവാദത്തിലും കൂടുതൽ വിശ്വസിക്കുന്നു. കൂട്ടത്തിൽ ഒരാൾ മരിച്ചാൽ അയാൾ ഉപയോഗിച്ച എല്ലാ സാധനങ്ങളും അടക്കംചെയ്യുന്ന സ്ഥലത്ത് നിക്ഷേപിച്ച് താമസം കൂട്ടത്തോടെ പുതിയ സ്ഥലത്തേക്ക് മാറ്റുന്നു. അമ്പും വില്ലും ആചാരങ്ങൾക്കായി ഉപയോഗിക്കുന്നു. ജനനം, വിവാഹം, ഉത്സവങ്ങൾ മുതലായവക്ക് അന്തംവിട്ട് ആടിപാടുന്നു. മുമ്പുണ്ടായിരുന്ന കുലംനോക്കി വിവാഹം ചെയ്യൽ ഇപ്പോൾ ഇല്ല. മറ്റുവർഗ്ഗക്കാരുമായി ഇണങ്ങാതെ തനതായ രീതിയിൽ ഒറ്റപ്പെട്ടുജീവിക്കാനാണ് ഇവർക്കുതാൽപര്യം. എറവാള സ്ത്രീകൾ കല്ലുമാല ഉപയോഗിച്ചാണ് മാറു മറച്ചിരുന്നത്. ആഹാരത്തിൽ ഞണ്ട് ഉപയോഗിക്കാറുണ്ട്. വർഗ്ഗപരമായ ഗാനങ്ങൾ പാടുന്നതിൽ പ്രവീണ്യമുള്ളവരാണ് സ്ത്രീകളും പുരുഷന്മാരിൽ മിക്കവരും. ഇവരുടെ പതികളിൽ വെളിച്ചപ്പാടുകൾക്ക് പ്രധാന്യം നൽകുന്നു. പിശാചുബാധ നീക്കൽ, കൂടോത്രം ചെയ്യൽ, മന്ത്രവാദംനടത്തൽ,

3/3

രോഗചികിത്സ ചെയ്യൽ എന്നിവക്കെല്ലാം വെളിച്ചപ്പാട് പ്രാപ്തനാണെന്ന് ഇവർ വിശ്വസിക്കുന്നു. വിവാഹത്തിന് "കൊവലു", ചെണ്ട, പ്രാഞ്ചിമരം തുടങ്ങിയ വാദ്യഘോഷങ്ങൾ മുഴക്കി പാടിആടും. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഇവർ പ്രത്യേകജീവിതരീതിയാണ് കൈക്കൊണ്ടിട്ടുള്ളത്.

ഇസ്ലാം മതസ്തർ സന്തോഷപൂർവം ഓരോ വർഷവും ആഘോഷിക്കുന്ന രണ്ട് പുണ്യദിനങ്ങളാണ് റംസാൻ മാസത്തിലെയും തുൽഹജ്ജ് മാസത്തിലെയും ഈദുൽഫിത്തറും, ഈദുൽഅസ്ഹായും. പുതുവസ്ത്രമണിഞ്ഞ് പള്ളിയിൽചെന്ന് നമസ്കരിക്കുന്നതാണ് പ്രധാനചടങ്ങ്. റംസാൻ ആഘോഷത്തിനുമുമ്പുള്ള ഒരു മാസത്തെ നോൽമ്പ് വ്രതവും ബക്രീദിന് ബലികർമ്മവും ഇതിനോടനുബന്ധിച്ചുള്ള ചടങ്ങുകളാണ്. പണ്ടത്തെ മുസ്ലീം വിഭാഗങ്ങൾക്ക് വരനെ ആനയിക്കാൻ കോൽക്കളിയും കരിമരുന്ന് പ്രയോഗവുമുണ്ടായിരുന്നു. ഇപ്പോൾ ഈ ആചാരം നടത്താറില്ല.

ആദ്യകാലത്ത് ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത് ദിനമണി തമിഴ് പത്രമായിരുന്നു. പിന്നീട് മലയാളത്തിൽ മാതൃഭൂമി പ്രചാരത്തിൽവന്നു. നവജീവൻ പത്രമുണ്ടായിരുന്നുവെങ്കിലും പിന്നീട് ഇല്ലാതായി. മുതലമടയിൽ പ്രചാരത്തിലുള്ള ദിനപത്രങ്ങൾ മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി, മാധ്യമം, ദേശാഭിമാനി മംഗളം എന്നീ മലയാളപത്രങ്ങളും ദിനതന്തി, ദിനമണി, ദിനകരൻ എന്നീ തമിഴ് പത്രങ്ങളുമാണ്. ഏറ്റവും കൂടുതൽ പ്രചാരമുള്ളത് മലയാള മനോരമയാണ്.

ഇവിടെ പ്രചാരത്തിലിരിക്കുന്ന വാരികകൾ മലയാള മനോരമ, മാതൃഭൂമി, മംഗളം, കേരളശബ്ദം, ബാലരമ, മഹിളാരത്നം, വനിത, കളിക്കൂടുക്ക എന്നിവയും തമിഴിൽ റാണി, ആനന്ദവികിടൻ, കുമുദം,എന്നിവയും ആണ്. ഇവയുടെ കണക്ക് അനുബന്ധം ഒന്ന് എ യിൽ ചേർത്തിട്ടുണ്ട്. ഏറ്റവും കൂടുതൽ പേർ വായിക്കുന്ന വാരികകൾ മലയാളമനോരമയും മംഗളവുമാണ്. വായനാരംഗത്തെ അഭിരുചി മാറ്റേണ്ടിയിരിക്കുന്നു. സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്ന മാസികകൾ കൂടുതൽ പ്രചരിപ്പിക്കണം. സാംസ്കാരിക വളർച്ചക്ക് വെളിച്ചംവീശേണ്ട ലൈബ്രറികൾ കുറവാണ്. വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്ത പഞ്ചായത്ത്വക ലൈബ്രറി ഒന്നുമാത്രമാണുള്ളത്. സ്ഥിരം സൗകര്യങ്ങൾ ഉള്ളതും ഇല്ലാത്തതുമായ 24 വായനശാലകളും ക്ലബ്ബുകളും ഈ പഞ്ചായത്തിലുണ്ട്. ചിലത് സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പേർ നിലനിർത്താൻ വേണ്ടി മാത്രമുള്ള സ്ഥാപനങ്ങളും ഉണ്ട്. നിലവിലുള്ള 14 വായനശാലകളുടെയും ക്ലബ്ബുകളുടെയും പേരുകൾ അനുബന്ധമായ 1 ബി യിൽ ചേർത്തിട്ടുണ്ട്.

വിഷമങ്ങളെ പിന്നിട്ട മുതലമട പഞ്ചായത്തിൽ സാംസ്കാരിക വളർച്ചക്ക് വളമേകാൻ പുത്തൻതലമുറ രൂപംകൊള്ളുന്നു. ഇവിടെയുള്ള 10 എൽ.പി.സ്കൂളിലും യു.പി. സ്കൂളിലും ഒരു ഹൈസ്കൂളിലുമായി 3013 ആൺകുട്ടികളും 2819 പെൺകുട്ടികളും കൂടി 5832 കുട്ടികൾ വിദ്യ അഭ്യസിക്കുന്നു. സന്തോഷപൂർവ്വം സ്മരിക്കാവുന്ന കാര്യമാണ്. മുതലമട പഞ്ചായത്തിന്റെ ഭാവിയിൽ സർവവിധ ഐശ്വര്യങ്ങളും ഉണ്ടാക്കാൻ ഈ വളർന്നു വരുന്ന തലമുറക്ക് കഴിയും എന്ന് നമുക്കാശിക്കാം.

ഈ പഞ്ചായത്തിലെ അംഗീകൃത രാഷ്ട്രീയ കക്ഷികൾ ഇന്ത്യൻനാഷണൽ കോൺഗ്രസ്സ്, സി.പി.ഐ(എം) സി.പി.ഐ, ബി.ജെ.പി. ആർ.എസ്.പി, മുസ്ലീംലീഗ്, ജനതാദൾ, പി.ഡി.പി. എന്നിവയാണ്.

## നിർദ്ദേശങ്ങൾ

1. എല്ലാവാർഡുകളിലും വായനശാലകൾ സ്ഥാപിച്ച് ദിനപത്രങ്ങളും വാരികകളും സൗജന്യമായി ലഭ്യമാക്കണം.
2. എല്ലാവാർഡുകളിലും റേഡിയോ, ടി.വി. കേന്ദ്രങ്ങൾ തുറക്കുക.
3. എല്ലാ വാർഡുകളിലും ആർട്സ് സ്പോർട്സ് ക്ലബ്ബ് സ്ഥാപിക്കുകയും ഐക്യബോധത്തോടെ അവയെ കാര്യക്ഷമമാക്കുകയും ചെയ്യുക.
4. കലാ-സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക. അവയുടെ വളർച്ചക്കുവേണ്ട പ്രോത്സാഹനം നൽകുക.
5. കഥകളി, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം, ഭരതനാട്യം തുടങ്ങിയ ക്ലാസ്സിക്കൽ ദൃശ്യകലകൾ പഠിക്കാൻ സൗകര്യം ഏർപ്പെടുത്തുക.
6. മൃദംഗം, വീണ, വയലിൻ തുടങ്ങിയ വാദ്യോപകരണങ്ങൾ പഠിക്കാൻ സൗകര്യമേർപ്പെടുത്തുക.
7. പഞ്ചായത്തിലെ വനിതാ സംഘടനകളുടെ ഐക്യനില സൃഷ്ടിക്കുക. പൊതുരംഗങ്ങളിൽ വനിതകൾക്ക് പ്രോത്സാഹനം നൽകുക.
8. സാഹിത്യാഭിരുചി വളർത്താൻ സെമിനാറുകൾ ശിൽപശാലകൾ സംഘടിപ്പിക്കുക. കൈയ്യെഴുത്ത് മാസികകൾ പ്രസിദ്ധീകരിക്കുക.
9. ചിത്രകല, സംഗീതം എന്നിവ പരിപോഷിപ്പിക്കുക. പ്രദർശനങ്ങളും ശിൽപശാലകളും സംഘടിപ്പിക്കുക, സംഗീത കച്ചേരികൾ സംഘടിപ്പിക്കുക.
10. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നാടൻകലകളെ പ്രോത്സാഹിപ്പിക്കുക.

## കായികരംഗം

കായികരംഗത്ത് അടുത്തുപറയാവുന്ന നേട്ടങ്ങൾ മുതലമട പഞ്ചായത്തിലില്ല. ഇന്ത്യൻ ടീമിലോ സംസ്ഥാന ടീമിലോ കായിക രംഗത്ത് പ്രശോഭിക്കുന്ന വ്യക്തികളെ രൂപപ്പെടുത്താൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രത്യേകം ശ്രദ്ധചെലുത്തി വളർന്നുവരുന്ന യുവപ്രതിഭകളെ കായികരംഗത്ത് ഉയർത്തേണ്ടിയിരിക്കുന്നു. കായിക സംസ്കാരം വളർത്തിയെടുത്താൽ കൂടുതൽ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് സാദ്ധ്യതയുണ്ടാവും. കേരളോത്സവം കൂടുതൽ പൊതുജനങ്ങളെ പങ്കെടുപ്പിച്ച് ജനകീയമാക്കണം. സ്കൂൾതലത്തിൽ കായികാഭിരുചി വളർത്തി വിദ്യാർത്ഥികളെ ആകർഷിക്കേണ്ടതാണ്. സർക്കാർ തലത്തിലുള്ള പദ്ധതികൾ പലതും വേണ്ട രീതിയിൽ ഇവിടെ നടപ്പാകുന്നില്ല.

ജില്ലാതലത്തിൽ മികച്ച വോളിബോൾ കളിക്കാരനായി ശോഭിച്ച് അക്കാരണത്താൽ ഇന്ത്യൻ നേവിയിൽ ചേർന്ന ഒരു കായികതാരമാണ് സി.എ.വത്സൻ. അതേപോലെ മികച്ച ഓട്ടക്കാരനായ എ.ബോസ് ഒരു കായികാദ്ധ്യാപകനായി ജോലി ചെയ്യുന്നു.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ആധുനിക സൗകര്യത്തോടെ ഒരു കളിസ്ഥലം നിർമ്മിക്കുക.
2. പരിശീലനത്തിനുതകുന്ന ഒരു നീന്തൽകുളം സ്ഥാപിക്കുക.

315

3. കായികരംഗത്തെ പ്രതിഭകളെ വളർത്താൻവേണ്ട ഉപകരണങ്ങളും ഉപദേശകരും ലഭ്യമാക്കുക.

4. പഞ്ചായത്തിമകത്തുള്ള ക്ലബ്ബുകൾതമ്മിലും പുറത്തുള്ള പഞ്ചായത്തുക്ലബ്ബുകളുമായി ടൂർണ്ണമെന്റ് സംഘടിപ്പിക്കുക.

5. കാളവണ്ടിയോട്ട മത്സരം, കാളപ്പൂട്ട് മത്സരം പോലുള്ള പ്രാചീന ഗ്രാമീണ കാർഷിക മത്സരങ്ങൾക്ക് പ്രോത്സാഹനം നൽകുക.

## അനുബന്ധം 1 എ

## മുതലമട പഞ്ചായത്തിൽ പ്രചാരമുള്ള ദിനപത്രങ്ങൾ

1 ദിനപത്രത്തിന്റെ പേര് എണ്ണം

| | | |
|---|---|---|
| 1. | മലയാളമനോരമ | 260 |
| 2. | മാതൃഭൂമി | 250 |
| 3. | ദേശാഭിമാനി | 50 |
| 4. | മാധ്യമം | 25 |
| 5. | മംഗളം | 15 |
| 6. | കേരളകൗമുദി | 6 |

2. തമിഴ്ദിനപത്രങ്ങൾ

| | | |
|---|---|---|
| 1. | ദിനതന്തി | 60 |
| 2. | ദിനമണി | |
| 3. | ദിനകരൻ | |

3. വാരികകൾ

| | | |
|---|---|---|
| 1. | മലയാളമനോരമ | 350 |
| 2. | മംഗളം | 250 |
| 3. | വനിത | 60 |
| 4. | ബാലരമ | 50 |
| 5. | മഹിളാരത്നം | 40 |
| 6. | കളിക്കുടുക്ക | 25 |
| 7. | പൂമ്പാറ്റ | 20 |
| 8. | കേരളശബ്ദം | 10 |
| 9. | മാതൃഭൂമി | 25 |
| 10. | കേരളകൗമുദി | 6 |
| 11. | യുറീക്ക | |
| 12. | ശാസ്ത്രകേരളം | |

4. തമിഴ്വാരികകൾ

| | | |
|---|---|---|
| 1. | റാണി | 10 |
| 2. | ആനന്ദവികടൻ | 5 |
| 3. | കുമുദം | 5 |

## അനുബന്ധം 1 ബി

## മുതലമട പഞ്ചായത്തിലെ വായനശാലകളും ക്ലബ്ബുകളും

1. ഗാന്ധിജി യുവസംഘടന, പോത്തംപാടം
2. നാഷണൽ കൾചറൽ സെന്റർ, കാമ്പ്രത്തുചള്ള
3. സംഗമം സാംസ്കാരിക സമിതി,, നണ്ടൻകിഴായ
4. ടീം ഫാർമേഴ്സ്, മുതലമട ( വെള്ളാരംകടവ് )
5. സാരഥി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പാപ്പാൻചള്ള
6. നെഹ്റു ചിൽഡ്രൻസ് ക്ലബ്ബ്, പോത്തംപാടം ( പെരിഞ്ചിറ )
7. ഗായത്രി സാംസ്കാരിക സമിതി, മുതലമട ( ചുള്ളിയാർമേട് )
8. നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചുള്ളിയാർഡാം
9. കൃഷ്ണപ്പിള്ള മെമ്മോറിയൽ റീഡിംഗ് റൂം, ചെമ്മണ്ണത്തോട്.
10. ഹരിത മഹിളാ സമാജം, പോത്താംപാടം
11. എ.കെ.ജി. മെമ്മോറിയൽ റീഡിംഗ്റൂം, ഞാവളത്തോട്.
12. സി.എച്ച്. കണാരൻ വായനശാല, തേക്കടി
13. ചൈതന്യ വായനശാല, ചേനപ്പൻതോട്ടം.
14. ഗാന്ധിജി ബാലസംഘം, പോത്തംപാടം



316

# വനിത

ഒരു കാലത്ത് സമൂഹത്തിലെ വളരെയധികം അടിമത്തം ഏറ്റുവാങ്ങി അടുക്കളയുടെ പുകക്കുരുക്കിൽ കഴിഞ്ഞുകൂടി അനേക മഹത് വ്യക്തികളെ വളർത്തി നാടിന് സംഭാവന ചെയ്തുകൊടുത്ത സ്ത്രീ ഇന്ന് സമൂഹത്തിന്റെ മുന്നിൽ തങ്ങൾക്ക് അനുയോജ്യമായ അംഗീകാരത്തിനുവേണ്ടി പല വനിതാവിമോചന പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നതുകാണാം. എന്നാൽ ഇതൊന്നും ഞങ്ങൾക്ക് ബാധകമല്ല എന്ന നിലയിൽ കഴിഞ്ഞുകൂടുന്ന സ്ത്രീകളാണ് മുതലമട ഗ്രാമ പ്രദേശത്തെ വനിതകൾ. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ മുതലമടയിൽ തീരെ ഇല്ലെന്നു തന്നെ പറയാം.

മുതലമടയിലെ മൊത്തം ജനസംഖ്യയിൽ 50.03% മാത്രമേ വനിതകളുള്ളു. ഇത് സ്റ്റേറ്റ് അനുപാതത്തേക്കാൾ കുറവാണ്. ഇത് ആകെയുള്ള പുരുഷന്മാരേക്കാൾ 21 സ്ത്രീകൾ കൂടുതലാണ്. ദേശീയ പ്രസ്ഥാന കാലം മുതൽ ഈ പഞ്ചായത്തിൽ സ്ത്രീകൾ പൊതുരംഗത്ത് ഇറങ്ങി പ്രവർത്തിച്ചിട്ടില്ല. ഈ സാമൂഹ്യരംഗത്തുള്ള സ്ത്രീ പങ്കാളിത്തക്കുറവ് ഇന്നും പഞ്ചായത്തിൽ പൊതുരംഗത്ത് പ്രകടമായി കാണാം. വിദ്യാഭ്യാസരംഗത്തിലും സ്ത്രീകൾ പറയത്തക്കനേട്ടങ്ങളൊന്നും നേടിയെടുത്തു എന്നുപറയാൻ സാദ്ധ്യമല്ല. ദശാബ്ദങ്ങളോളം അടിമത്തം പേറിനടന്ന സമൂഹത്തിന് പല മേഖലകളും വേണ്ടത്ര പ്രതിനിധ്യം നേടിയെടുക്കാൻ സാധിച്ചില്ല. രാഷ്ട്രീയ സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ മുതലമട പഞ്ചായത്തിൽ തീരെ ഇല്ലെന്ന് തന്നെ പറയാം.

നിയമപരമായി സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെത്തന്നെ വിദ്യാഭ്യാസം നേടാൻ അവകാശം ഉണ്ടെങ്കിലും ഈ ഗ്രാമത്തിലെ വനിതകളുടെ നിരക്ഷരതയും നേതൃത്വ അഭാവവും കാരണം വനിതകൾ പൊതുവെ അടുക്കള ജോലി പ്രധാന തൊഴിലാക്കി കഴിഞ്ഞുകൂടി.

ഈ കാലഘട്ടത്തിലും വനിതകൾ പൊതുരംഗത്തേക്ക് ഇറങ്ങിപ്രവർത്തിക്കാൻ വൈമനസ്യം കാണിക്കുന്നു. എങ്കിലും അദ്ധ്വാനത്തിൽ സ്ത്രീകൾ ഒട്ടും പിന്നിലല്ലെന്ന് കണക്കുകൾ കാണിക്കുന്നു. മൊത്തം തൊഴിൽമേഖലയിലെ പുരുഷന്മരേക്കാൾ സ്ത്രീകളാണ് കൂടുതൽ. ഇത് 59% ത്തോളം വരും ഇതിൽ കൂടുതലും കാർഷികമേഖലയിലാണ് കണ്ടുവരുന്നത്. കെട്ടിട നിർമ്മാണരംഗത്ത് സ്ത്രീകൾ കൂടുതൽ ജോലി എടുക്കുന്നുണ്ട്. അദ്ധ്യാപക രംഗത്ത് വനിതാ അദ്ധ്യാപകർ പുരുഷന്മാരെക്കാൾ കൂടുതലാണ്. കാർഷിക മേഖലയിലും സ്ത്രീകൾ നേതൃത്വം നൽകി വരുന്നുണ്ട്. ഈ രംഗത്ത് ബോധവൽകരണം ആവശ്യമാണ്. അതുപോലെ ചെറുകിട വ്യവസായം സ്വയം തൊഴിൽ സംരംഭങ്ങൾ എന്നീ മേഖലകളിലും വനിതകൾ പുറകോട്ടുനിൽക്കുന്നു. ഈ രംഗങ്ങളിൽ സ്ത്രീകളെ പങ്കെടുപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ ജനകീയ ബോധവൽകരണം ആവശ്യമാണ്.

ഈ പഞ്ചായത്തിൽ ആദ്യത്തെ നിർദ്ദേശകമെമ്പർ 1964 ൽആയിരുന്നു. വി.എ. പാർവതി അതിനുശേഷം തിരഞ്ഞെടുത്ത വനിതാമെമ്പർ ഉണ്ടായിരുന്നുവെങ്കിലും അവരാരുംതന്നെ നേതൃത്വനിരക്ക് വന്നിട്ടില്ല. എന്നാൽ സാക്ഷരതാ കാലഘട്ടം മുതൽ സ്ത്രീകൾക്കിടയിലെ നിരക്ഷരത കുറക്കാനും അവരുടെ സംഘടിത ബോധത്തെക്കുറിച്ചും അൽപസ്വൽപം ബോധം ഉണ്ടായിട്ടുണ്ട്. പുതിയ ജനകീയാസൂത്രണ പരിപാടിയിൽ പങ്കാളികളാവാൻ സ്ത്രീകൾ ആരംഭദശയിൽ മുന്നോട്ടുവന്നെങ്കിലും അത് തുടർന്ന് നിലനിർത്താൻ സാധിച്ചില്ല.

ഈ പഞ്ചായത്തിൽ മൊത്തത്തിൽ സ്ത്രീകൾ പൊതുരംഗത്തേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ അവരുടെ സംഘബോധത്തെക്കുറിച്ച് ബോധ്യപ്പെടുത്താനും അവർക്ക് വരുമാനമാർഗ്ഗം ഉണ്ടാക്കി സാമ്പത്തിക ഭദ്രത വളർത്താനും ഉതകുന്ന രീതിയിൽ അവരെ ബോധവൽകരിക്കേണ്ട ആവശ്യം വന്നിരിക്കുന്നു. അടുക്കളത്തോട്ടം, കോഴിവളർത്തൽ, 317

മതൃശിശു സംരക്ഷണ പദ്ധതികൾ സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള അവബോധവും സംഘടനാ ബോധവും വളർത്തിയെടുക്കാൻ വേണ്ട പഞ്ചായത്തുതല ജനകീയാസൂത്രണം വഴി നടപ്പാക്കാൻ ശ്രമിക്കണം.

നമ്മുടെ പഞ്ചായത്തിലെ DWCRA യൂണിറ്റുകൾ ഉണ്ട്. അതിൽ മിക്കതും പ്രവർത്തനരഹിതമാണ്. ഈ യൂണിറ്റുകളെ കൂടുതൽ പ്രവർത്തനക്ഷമതയുള്ളവയാക്കിത്തീർക്കാനുള്ള ബോധവൽകരണം സംഘാടനം ഉണ്ടാക്കണം.

ഇപ്പോൾ മുതലമട പ്രദേശത്തിലെ വിദ്യാഭ്യാസം വളർന്ന് വന്നതോടെ വനിതാസാക്ഷരതയും കൂടി.. എന്നാലും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വനിതകളുടെ പങ്ക് തൃപ്തികരമല്ല. ഹൈസ്കൂൾ തലത്തിലും, പ്രീഡിഗ്രി തലത്തിലും ഉയർന്ന വിജയശതമാനം വനിതകളാണെങ്കിലും സാങ്കേതികരംഗത്ത് ഇത് കുറവാണ്. ബി.എഡ്, ടി.ടി.സി എന്നീ രംഗത്തുമാത്രമേ സ്ത്രീകൾക്ക് പ്രാതിനിധ്യമുള്ളു. ഈയടുത്ത കാലത്ത് ഗിരിവർഗ്ഗക്കാരുടെ സംസ്കാരത്തെക്കുറിച്ച് പി.എച്ച്.ഡി എടുത്തിട്ടുള്ള എം. പുതൂരിലെ വിജയലക്ഷ്മിയുടെ കഴിവ് മുതലമടയിലെ വനിതകൾക്കിടയിലെ വിദ്യാഭ്യാസരംഗത്തുള്ള ഒരു മുതൽ കൂട്ടാണെന്ന് പറയാം.

## പ്രശ്നങ്ങൾ

സ്ത്രീകളുടെയിടയിലും തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കൂടാതെ ഒരേ ജോലിക്ക് വ്യത്യസ്ഥ കൂലി നിരക്ക് സ്ത്രീകളെ മാനസികമായ പീഡിപ്പിക്കുന്ന പ്രവണതകളാണ്. തങ്ങളെ ഏൽപ്പിക്കുന്ന ജോലി ഭംഗിയായി ചെയ്തുതീർക്കാനുള്ള കഴിവും ഉത്തരവാദിത്തബോധമുള്ള സ്ത്രീകളെ പ്രോത്സാഹപ്പെടുത്തി മുന്നോട്ട് കൊണ്ടുവരുന്നില്ല എന്നത് സ്ത്രീകളെത്തന്നെ അവഹേളിക്കുന്നു എന്നതിനെ കാണിക്കുന്നു. സ്ത്രീകൾക്ക് അവരുടെ അവകാശബോധമില്ലായ്മയും അത് നേടിയെടുക്കാൻ വേണ്ട സംഘബോധം വനിതകളിലില്ല. പുതിയ സംവിധാനത്തിൽ ഈ ന്യൂനതകൾ പരിഹരിക്കാൻ ശ്രമിക്കണം. സ്ത്രീകളുടെ ഇടയിൽതന്നെ സംഘടിത പ്രവർത്തനം കണ്ടുവരുന്നില്ല. ഈ സ്ഥിതി മാറ്റിയെടുക്കാൻ ഇന്ന് സംവരണത്തിലൂടെ ഭരണരംഗത്ത് എത്തിപ്പെട്ട വനിതകളെങ്കിലും മുൻകൈയെടുത്തു പ്രവർത്തിക്കുവാൻ താൽപര്യം കാണിക്കണം. വനിതാ തൊഴിൽ യൂണിയനുകളും വനിതാ പരിശീലന സഹകരണസംഘങ്ങളും ഈ പഞ്ചായത്തിലില്ല. ഇവ രൂപീകരിക്കണം. DWCRA യൂണിറ്റ് സംഘങ്ങൾ ഉണ്ടാവണം. ഉൽപന്നങ്ങൾക്ക് വിപണനമേഖലയോ ജനകീയ സംരക്ഷയോ ഇല്ല. സ്വയംതൊഴിൽ സംരംഭങ്ങൾ വനിതാ വ്യവസായ സംഘങ്ങൾ എന്നിവയെക്കുറിച്ച് പരിശീലനം നൽകുന്നില്ല.

## പ്രശ്നങ്ങൾ

1. വനിതാ സംരംഭങ്ങൾക്ക് നേതൃത്വമില്ല.
2. വനിതാ സഹകരണ സംഘങ്ങളില്ല.
3. ഒരേ ജോലിക്ക് വ്യത്യസ്ഥകൂലിനിരക്ക്
4. വനിതാ ആരോഗ്യസംരക്ഷണസമിതികളില്ല
5. കാർഷികതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മാതാക്കളുടെ കുട്ടികൾക്ക് സംരക്ഷണത്തിന് എല്ലാവാർഡുകളിലും ഒരോന്ന്പോലും ഇല്ല
6. സ്ത്രീകളുടെ നിരക്ഷരത സംഘാടനത്തെ പ്രതികൂലമായി ബാധിക്കുന്നു.

318

## പരിഹാരങ്ങൾ

1. വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക
2. എല്ലാവാർഡുകളിലും വനിതാ തൊഴിൽ സംരംഭങ്ങളെ സംരക്ഷിക്കാനുള്ള ഒരു സാമൂഹ്യ സംരക്ഷണ സമിതികൾ ഉണ്ടാക്കുക
3. പഞ്ചായത്ത്തലത്തിൽ വനിതകളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് സംഘാടനം പരിശീലനം മേൽനോട്ടം വിപണനം എന്നിവ ഏറ്റെടുത്ത് നടത്തുക.
4. എല്ലാ വാർഡുകളിലും ക്രഷ് രൂപീകരിക്കുക.
5. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ജനകീയാസൂത്രണംവഴി നടപ്പാക്കുക.
6. ഒരേ ജോലിക്ക് തുല്യവേതനം നടപ്പാക്കുക.
7. വനിതകൾക്കുമാത്രമായി നടത്തുന്ന സർക്കാർ പദ്ധതികളെക്കുറിച്ച് ബോധവൽകരണം നടത്തുക.

മുതലമട പഞ്ചായത്തിൽ വനിതാക്ഷേമത്തിനായ എല്ലാ വാർഡുകളിലും ഓരോ വനിതാക്ഷേമ വികസനസമിതികൾ 'രൂപീകരിച്ച് പ്രവർത്തിച്ചാൽ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ക്ഷേമകാര്യത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### 11 - 4 DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽസംരഭങ്ങളുടെഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | റൈസ് പ്രൊസെസിംഗ് | 86-87 | 15 | ഇല്ല |
| 2 | പായനെയ്ത്ത് | 91-92 | 14 | ഭാഗികം |
| 3 | - | - | - | - |
| 4 | - | - | - | - |
| 5 | റൈസ് പ്രൊസെസിംഗ് | 86-87 | 15 | ഭാഗികം |
| 6 | ജെല്ലിമേക്കിംഗ് യൂണിറ്റ് | 95-96 | 10 | പ്രവർത്തനമുണ്ട് |
| 7 | - | - | - | - |
| 8 | റൈസ് പ്രൊസെസിംഗ്യൂണിറ്റ് | 80-87 | 10 | ഭാഗികമായി പ്രവർത്തനമുണ്ട് |
| 9 | കോറഗ്രാസ് മാറ്റ്‌വിയറിംഗ് | 85-86 | 15 | ,, |
| | ഡയറി യൂണിറ്റ് | 80-87 | 10 | പ്രവർത്തനം തുടങ്ങുന്നു. |
| 10 | പശുവളർത്തൽ | 1995-96 | 10 | പ്രവർത്തന ക്ഷമതഇല്ല |
| 11 | - | - | - | - |
| 12 | - | - | - | - |

319

# സഹകരണം

ഇന്ത്യയിലെ കർഷകനെയും സാധാരണക്കാരനെയും ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടിയാണ് സഹകരണപ്രസ്ഥാനം ആരംഭിച്ചത്. 1904 ലെ സഹകരണ നിയമമനുസരിച്ചാണ് സഹകരണസംഘങ്ങൾ നിലവിൽ വന്നത്.

ഈ പഞ്ചായത്തിലെ ആദ്യ സഹകരണസംഘം നിലവിൽവന്നത് 1946 ലാണ്. കൊല്ലങ്കോട് PCCSC Producers Consumers Co-operative society യുടെ പ്രവർത്തനം നിലച്ചപ്പോൾ അതിലുണ്ടായിരുന്ന ആസ്തി ബാധ്യതകളും മെമ്പർമാരും കൂടി മുതലമട സർവീസ് സഹകരണ ബാങ്ക് രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചു. ആദ്യ പ്രസിഡണ്ട് നാരായണയ്യരായിരുന്നു. കാർഷിക കാർഷികേതര മേഖലകളിൽ ഇവിടത്തെ ജനങ്ങളെ സേവിച്ചുകൊണ്ട് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ മുൻ പ്രസിഡണ്ടുമാരുടെ സേവനം എടുത്തുപറയേണ്ടതാണ്. പാലക്കാട് ജില്ലയിലെ സഹകരണബാങ്കുകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്ന ഒന്നാണിത്.

ഈ ബാങ്കിൽ 18,700 മെമ്പർമാരുണ്ട് ആകെ ഓഹരി മൂലധനം 27,19699 രൂപയാണ്. ഡെപ്പോസിറ്റ് 4 കോടി 10 ലക്ഷം രൂപയാണ്. കഴിഞ്ഞ വർഷത്തിൽ കാർഷികമേഖലയിൽ 75,32,961 രൂപയും കാർഷികേതരമേഖലയിൽ 3,36,37,973 രൂപയും പ്രത്യേക വായ്പയിനത്തിൽ 12,47,000 രൂപയും ബാങ്ക് കടം കൊടുത്തിട്ടുണ്ട്. ഇപ്പോൾ ബാങ്കിന് രണ്ട് ശാഖകൾ ഉണ്ട്. മൂവുലകുപുതൂരും നണ്ടൻകിഴായയിലും പൊതുവെ ബാങ്കിന്റെ പ്രവർത്തനം മെച്ചമാണെങ്കിലും ചില പോരായ്മകളില്ലാതെയില്ല. ഗ്രാമസഭകളിൽ വന്ന ഏറ്റവും പ്രധാന പരാതി മുഴുവൻ ആളുകൾക്കും അംഗത്വം നൽകുന്നില്ലെന്നാണ്. അതുപോലെ കാർഷികേതര വായ്പകൾ നൽകാൻ മടിക്കുന്നുവെന്നും ചർച്ചയിൽ പൊന്തിവന്നു.

അംഗത്വത്തിന്നപേക്ഷിക്കുന്ന മുഴുവൻ പേർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ അംഗത്വം നൽകാൻ സംഘം ശ്രമിക്കേണ്ടതാണ്. ചെറുകിട വായ്പകളായ വ്യവസായം, കച്ചവടം എന്നീ ആവശ്യങ്ങൾക്ക് വായ്പ നൽകുന്ന കാര്യത്തിലും ബാങ്ക് കൂടുതൽ ശ്രദ്ധ ചെലുത്തണം. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുവേണ്ട ഫണ്ടിൽ ഏജൻസിയായി ബാങ്ക് പ്രവർത്തിക്കണം. നാട്ടുകാരുടെ ബാങ്ക് നാടിന്റെ വികസനത്തിന്ന് ഇത് ചവിട്ടുപടിയാകണം. അപ്പോഴാണ് പഞ്ചായത്ത് രാജ് സങ്കൽപങ്ങൾക്ക് അർത്ഥം ഉണ്ടാവുക.

1984 ൽ ആരംഭിച്ച പട്ടികജാതി സഹകരണസംഘത്തിൽ ആകെ 908 അംഗങ്ങളുണ്ട്. ഓഹരിമൂലധനം 11080 രൂപയാണ്. ഈ സംഘം കാർഷിക കാർഷികേതരാവശ്യങ്ങൾക്കായി ഇതുവരെ 12220 രൂപയും 36000 രൂപയും യഥാക്രമം വായ്പ നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥാപനം നൽകുന്ന വായ്പ 1000രൂപയാണ്. ഓഹരിയുടെ മുഖവില വർദ്ധിപ്പിച്ച് ലോൺതുക 3000 രൂപയെങ്കിലും ആയി നിജപ്പെടുത്തണം. ഇപ്പോഴത്തെ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമമാക്കണം. പട്ടികവർഗ്ഗമേഖലയിലുണ്ടായിരുന്ന വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. ഇത് പുനർജീവിപ്പിക്കുവാൻ ശ്രമം നടത്തണം.

തേക്കടി പട്ടികവർഗ്ഗ സംഘത്തിന്റെ മുഖ്യലക്ഷ്യം വനവിഭവങ്ങൾ സംഭരിക്കുകയാണ്. 326 ആദിവാസികളാണിതിന്റെ അംഗങ്ങൾ. തേക്കടിയിലാണ് ആസ്ഥാനം. തേൻ, കുങ്കില്യം, പട്ടകാട്ട്മഞ്ഞൾ, മെഴുക്, ചീവയ്ക്ക എന്നിവ ഇവിടെ സംഭരിക്കുന്നു. സഹകരണ ഫെഡറേഷനാണ് വിൽപന നടത്തുന്നത്. ഏത് മേളയിലും പറമ്പിക്കുളം തേൻ വിൽപനയേറിയ ഒരു ഉൽപന്നമാണ്.

സംഭരിക്കുന്ന വസ്തുക്കൾ കൊണ്ടുവരാനുള്ള യാത്രാപ്രശ്നം ഇന്നും പരിഹരിക്കാതെ കിടക്കുകയാണ്. തമിഴ്നാട്ടിലൂടെകൊണ്ടുവരേണ്ടതിനാൽ പല സാങ്കേതിക പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. സംഘത്തിലെ ജീവനക്കാർ അവിടെയുള്ളവരല്ലാത്തതും പ്രശ്നമാണ്. സംഘത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനം തൃപ്തികരമാണെന്ന് പറയാൻ വയ്യ.

ചമ്മണാംപതി വഴി തേക്കടിയിലേക്കും പറമ്പിക്കുളത്തേക്കും ഒരു റോഡുണ്ടായാൽ യാത്രാപ്രശ്നം പരിഹരിക്കാം. സെക്രട്ടറിമാരായി ആദിവാസികൾതന്നെ നിയമിതരായാൽ പ്രവർത്തനത്തിലെ അപാകതകൾ ഒരളവ് വരെ കുറയും. പ്രശ്നങ്ങൾ പരിഹരിച്ചാൽ വളരെയധികം സാദ്ധ്യതയുള്ള ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റാം. ഇതിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോറും സംഘടിപ്പിക്കാവുന്നതാണ്.

മുതലമട പഞ്ചായത്തിലെ പാൽ സഹകരണസംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധേയമാണ്. മുതലമടയിൽ രണ്ട് സംഘങ്ങളുണ്ട്. മുതലമട കിഴക്കും മുതലമട പടിഞ്ഞാറും. മുതലമട കിഴക്ക് സംഘം 1968 ൽ രൂപീകരിച്ചതാണ്. ഇതിൽ 1004 അംഗങ്ങളുണ്ട്. ഓഹരി മൂലധനം 20,000 രൂപയാണ്. പ്രതിദിനം 5000 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. 500 ലിറ്റർ പ്രാദേശികമായി വിൽപന നടത്തുന്നുണ്ട്. 4500 ലിറ്റർ മിൽമയിലേക്ക് കൊണ്ടുപോവുകയാണ്. സംഘം വക കാലിത്തീറ്റ ഫാക്ടറിയിൽ ക്ഷീരോൽപന്ന നിർമ്മാണയൂണിറ്റും ഉണ്ട്. വനിതകളുടെ സഹകരണസംഘം സംഘത്തിന്റെ കീഴിലുണ്ട്. പാൽഉൽപന്നങ്ങൾ ഉണ്ടാക്കുന്ന ഈ സംഘം നല്ല ഒരു മാതൃകയാണ്. വിശാലമായ തോട്ടം പുല്ല് വളർത്താൻ വേണ്ടി സംഘം ഉണ്ടാക്കിയിട്ടുണ്ട്. ഈ സംഘത്തിൻെറ ഒരു ശാഖ മുച്ചൻകുണ്ടിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

സംഘത്തിൻെറ അംഗങ്ങൾക്ക് കനറാ ബാങ്കിൽനിന്നും കോപ്പറേറ്റീവ് സഹകരണത്തിൽനിന്നും ധാരാളം പശുക്കൾ വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഏറ്റവും നല്ല സംഘങ്ങളിൽ ഒന്നാണീസംഘമെങ്കിലും പാലെടുക്കുന്ന കാര്യത്തിലും അംഗങ്ങളെ ചേർക്കുന്ന കാര്യത്തിലും ചില ഗ്രാമസഭകളിൽ വന്നിട്ടുണ്ട്. കൂടുതൽ പാലെടുക്കുന്ന കേന്ദ്രങ്ങൾ തുടങ്ങി മുതലമടയിലെ മുഴുവൻ കർഷകരേയും സംഘത്തിൻെറ പരിധിയിൽകൊണ്ടുവരണം. അങ്ങനെ വന്നാൽ ഈ പഞ്ചായത്ത് ഒരു ഡയറി പഞ്ചായത്തായി മാറ്റാൻ കഴിയും. വിശാലമായ പഞ്ചായത്തിൽ കാലിവളർത്തിന് നല്ല സാദ്ധ്യതയുണ്ട്. ഉപതൊഴിലെന്ന രീതിയിൽ നിന്ന് ഈ വ്യവസായം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും വരുമാനമാർഗമായി മാറുമെന്നതിൽ സംശയമില്ല.

## നിർദ്ദേശങ്ങൾ

1. ഇഷ്ടികനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
2. പച്ചക്കറി, പുഷ്പഫല, പട്ടുനൂൽപുഴു സംഘങ്ങൾ സ്ഥാപിക്കുക.
3. ഫർണീച്ചർ നിർമ്മാണസംഘം രൂപീകരിക്കുക.
4. കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
5. പുൽപ്പായ, കയറുൽപ്പാദന സംഘങ്ങൾ സ്ഥാപിക്കുക.
6. തടികടയൽ സംഘം രൂപീകരിക്കുക.
7. മിൽമാപ്ലാൻറ് സ്ഥാപിക്കുക.
8. വനിതകളുടെ പപ്പട നിർമ്മാണ സംഘങ്ങൾ സ്ഥാപിക്കുക.
9. മുതലമടയിൽ ഒരു നാളികേര സംഘം രൂപീകരിക്കുക.

321

# മാർക്കററ്

മീങ്കര ഡാം പണിയുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ നിന്നുള്ള കച്ചവടക്കാർ നടത്തിയിരുന്ന ചന്തകൾ മീങ്കരയിൽ നിലവിലിരുന്നു. ഇത് 1975 വരെ നിലനിന്നു. പല വ്യഞ്ജനങ്ങളും ഉണക്കമീനും, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുമായിരുന്നു പ്രധാന വിൽപന വസ്തുക്കൾ. പൊള്ളാച്ചി ചന്തയെ ആശ്രയിച്ചാണ് വിപണനം നടന്നത്. അടുത്തകാലത്തായി മുതലമട പഞ്ചായത്തിൻെറ കീഴിൽ ഒരു ആഴ്ച ചന്ത വന്നു. ചില തൽപരകക്ഷികളുടെ പ്രവർത്തനങ്ങളുടെ ഫലമായി ചന്ത നിന്നുപോയി.

നെല്ല്, കടല, പരുത്തി, ചോളം, മാങ്ങ, നാളികേരം, പച്ചക്കറികൾ, മുളക് തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന കാർഷിക ഉൽപന്നങ്ങൾ. ഇവ വാങ്ങുവാനും വിൽക്കുവാനും ഉള്ള യാതൊരുവിധ വ്യവസ്ഥാപിത മാർഗ്ഗങ്ങളും ഇല്ലായിരുന്നു. സ്വകാര്യകച്ചവടക്കാർ മാത്രമാണ് ഈ രംഗത്ത് ഉണ്ടായിരുന്നവർ. മുതലമടയിലെ പച്ചക്കറി പൊള്ളാച്ചിയിലേക്ക് കൊണ്ടുപോയി വീണ്ടും മുതലമടയിലേക്ക് കടയിൽ വിൽപ്പനക്ക് വരുന്ന വിചിത്രമായ അവസ്ഥ ഇപ്പോഴും തുടരുന്നു. ഇതിനാൽ കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. സാധാരണക്കാരന് കുറഞ്ഞ വിലയിൽ ലഭിക്കുമായിരുന്ന വസ്തുക്കൾ ഇടത്തട്ടുകാരൻെറ ലാഭവും ചേർത്തുതൊട്ടാൽ പൊള്ളുന്ന വിലയായി മാറുന്നു.

ഇതോടൊപ്പം ഇടത്തട്ടുകാരായ കച്ചവടക്കാരും സ്ഥാപനങ്ങളും വിചാരിച്ചാൽ സാധനങ്ങൾ മാർക്കററിൽ വിൽക്കാൻ കഴിയാത്ത അവസ്ഥയും നിലനിന്നിരുന്നു. കർഷകന് മിതമായ വില ലഭിക്കുന്നതിനും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ല സാധനങ്ങൾ കിട്ടുന്നതിനും പററിയ വിധത്തിലുള്ള വിപണന കേന്ദ്രങ്ങൾ മുതലമടയിൽ തുറക്കണമെന്ന നിർദ്ദേശം ഏതാണ്ടെല്ലാ ഗ്രാമസഭകളിലും ഉണ്ടായി.

ദിവസംതോറും കർഷകന് തൻെറ ഉൽപന്നങ്ങൾ കൊണ്ടുവന്ന് വിൽക്കാവുന്ന ഒരു മാർക്കററ് മുതലമടയിൽ ഉണ്ടാവണം. അങ്ങനെ വന്നാൽ ഈ ഉൽപന്നങ്ങൾ തന്നെ മുതലമടയിലെ കച്ചവടക്കാർക്ക് വാങ്ങി വിൽപന നടത്താവുന്നതാണ്. അതോടെ പട്ടണങ്ങളെ കേന്ദ്രീകരിച്ചുള്ള കച്ചവടതന്ത്രങ്ങൾ അമ്പേ പരാജയപ്പെടുകയും ചെയ്യും. പച്ചക്കറി വിൽപനക്കുവേണ്ടി പഞ്ചായത്തിൻെറ നേതൃത്വത്തിൽ തന്നെ സഹകരണ രീതിയിലോ, വാർഡ് സമിതിയുടെ കീഴിലോ ഒന്നിലധികം സ്റ്റാളുകൾ തുറക്കാവുന്നതാണ്. ഇവിടെ കർഷകരിൽ നിന്നും വാങ്ങാനും ഉപഭോക്താവിന് വിൽക്കാനും സംവിധാനം ഉണ്ടാക്കാം.

ആഴ്ചയിലൊരിക്കൽ വിപുലമായ ഒരു ചന്ത മുതലമടയിലെ കാമ്പ്രത്തുചള്ള കേന്ദ്രമാക്കി ആരംഭിക്കണം. ഈ ചന്തയുടെ നിയന്ത്രണം പഞ്ചായത്ത് നേരിട്ടാവണം. നേരത്തെ പരാജയപ്പെടുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ച് പ്രവർത്തനങ്ങളിൽ മാററം വരുത്തണം.

ഇതോടൊപ്പം മത്സ്യവിപണന രംഗത്തും മുതലമടയിൽ സംരംഭങ്ങൾ വേണം. ഫിഷറീസ് സൊസൈറ്റികളുടെ സ്റ്റാളുകൾ മുതലമടയിലും ആരംഭിക്കാവുന്നതാണ്. ദിവസംതോറും മൽസ്യം, മാംസ്യം എന്നിവ വിൽപ്പന നടത്താൻ പറ്റിയ ആധുനിക രീതിയിലുള്ള വിപണന കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഇങ്ങനെ കാർഷിക വിളകളും മറ്റ് വസ്തുക്കളും വൽപന നടത്താൻ പറ്റിയ ഒരു പുതിയ വിപണന ശൃംഖല പഞ്ചായത്തിലുടനീളം സ്ഥാപിക്കാൻ ഈ ജനകീയാസൂത്രണ പദ്ധതി കാരണമാവണം. കേരളത്തിലെ ഏററവും വലിയ പഞ്ചായത്തുകളിലൊന്നായ മുതലമടയിൽ ഒരു മാവേലി സ്റ്റോറും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ ആവശ്യം സുപ്രധാനമായതും പഴക്കമേറിയതുമാണ്.

ഈ പഞ്ചായത്തിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വരുംകാലത്ത് ഉണ്ടാകാൻ ഇടയുള്ള ഉൽപ്പാദന വർദ്ധനവ് ഉൾക്കൊള്ളുവാൻ കഴിയുന്ന വിധത്തിൽ നമ്മുടെ മാർക്കറ്റിംഗ് സമ്പ്രദായം പരിഷ്കരിക്കേണ്ടതുണ്ട്. നാം ദിവസവും ഏകദേശം 5000 കോഴിമുട്ടകൾ ഭക്ഷിക്കുന്നുണ്ട്. ഇത്രമാത്രം നാം ആസൂത്രിതമായി ഉൽപാദിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിനെ മാസത്തിൽ ഒന്നര ലക്ഷം രൂപ (1.50 ലക്ഷം) ലാഭമുണ്ടാക്കാൻ കഴിയുന്നതാണ്. ഇതിനപ്പുറത്താണ് തമിഴ് നാട്ടിൽ നിന്ന് നാം സമയം നോക്കി കാത്തിരിക്കുന്ന തക്കാളി മുതൽ മുല്ലപ്പൂവ് വരെയുള്ള സാധനങ്ങളുടെ കഥ.

സ്വകാര്യ കച്ചവടക്കാരുടെമാത്രം കുത്തകയായ പല വ്യഞ്ജന കച്ചവടം ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. വില നിലവാരത്തിലും, ഗുണനിലവാരത്തിലും ഗുണപരമായ മാറ്റം ഉണ്ടാവാൻ സഹകരണ മേഖലയിൽ ഒരു ഡിപ്പാർട്ട്മെൻറൽ സ്റ്റോർ തുടങ്ങുന്നതും വളരെ നന്നായിരിക്കും.

322

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഭാരതത്തിൻെറ ചരിത്രം ആർഷസംസ്കാരമാണെന്ന് പറയുമ്പോൾതന്നെ മണ്ണിൽ പണിയെടുത്ത് ഈ നാടിൻെറ സമ്പത്ത് വർദ്ധിപ്പിച്ച താഴ്ന്ന വർഗ്ഗക്കാരൻെറ ചരിത്രമല്ലയെന്ന സത്യം നാം വൈകിയാണെങ്കിലും അംഗീകരിക്കേണ്ടിവരും. തൻെറ നാടിനും മുതലാളിക്കും വേണ്ടി നട്ടതും കൊയ്തതും മെതിച്ചതും എല്ലാം അവനാണ്. പക്ഷെ അധികാരത്തിൻെറ അകത്തളങ്ങളിൽ അവൻ എന്നും അന്യനായിരുന്നു. തൊട്ടുകൂടായ്മ തീണ്ടികൂടായ്മ എന്നിവ അവനൊപ്പം ചുവട്പോലെ കൂടെയുണ്ടായിരുന്നു. ഒരുപാട് അരുതായ്മകളിലൂടെ ഈ പട്ടിക ജാതി പട്ടികവർഗ്ഗക്കാർ കടന്നുപോയി.

മുതലമടയുടെ ജനസംഖ്യയിൽ ഏകദേശം 17% ഇന്നും ഇവരാണ്. ഇവരുടെ ജീവിതരീതി കാലത്തിൻെറ മാറ്റം കൊണ്ട് കുറെയൊക്കെ മാറിയെങ്കിലും മാറാതെ ഇന്നും നിലനിൽക്കുന്നു. ആചാരങ്ങൾ ധാരാളമുണ്ട്. ശ്രീ നാരായണഗുരു, അയ്യങ്കാളി എന്നിവരുടെ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ കേരളത്തിലെങ്ങും പുതിയ മാറ്റങ്ങൾ ഉണ്ടാക്കിയപ്പോൾ ഇവിടെ ശക്തമായ ചലനങ്ങൾ ഉണ്ടായില്ല. 1956-നു ശേഷമാണ് ഈ രംഗത്ത് നേരിയമാറ്റങ്ങൾ ആരംഭിച്ചത്. പന്തിഭോജനം, വളയൂരൽ മുതലായവ ഒരു കാലഘട്ടത്തിൻെറ ഉറയൂരലായി നമുക്ക് പരിഗണിക്കാവുന്നതാണ്. മുതലമടയുടെ പടിഞ്ഞാറുഭാഗത്ത് മാത്രമാണ് ഈ ചലനമെങ്കിലും ഉണ്ടായത്. എന്നാൽ തമിഴ് മേഖലയിലൊക്കെ ഈ മാറ്റം വരാൻ വീണ്ടും വളരെ സമയം വേണ്ടിവന്നു. എന്നാലിന്നു ഇവിടങ്ങളിൽ അപൂർവ്വമായിട്ടാണെങ്കിലും തീണ്ടായ്മയും മറ്റും നിലനിൽക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസം

വ്യാപകമായി വിദ്യാലയങ്ങളുണ്ടായപ്പോഴാണ് ഈ വിഭാഗത്തിൽപെട്ടവർ വിദ്യാഭ്യാസ രംഗത്ത് പ്രവേശിച്ചത്. നിരക്ഷരരായ മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഈ രംഗത്തേക്ക് നയിച്ചുവെങ്കിലും വേണ്ടത്ര സഹായവും പ്രോത്സാഹനവും ഇല്ലാത്തതിനാൽ അത്ര വിജയിച്ചില്ല. എന്നാൽ 80 കൾക്ക്ശേഷം മുതലമടയിലെങ്ങും ധാരാളം കുട്ടികൾ വിദ്യാലയങ്ങളിൽ വരികയും ഉയർന്ന വിദ്യാഭ്യാസം നേടുകയുണ്ടായി. ബിരുദവും സാങ്കേതികവൈദഗ്ദ്യവും നേടിയവർ ഈ മേഖലയിൽ കോളനികളായി താമസിക്കുന്ന സ്ഥലങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങളും സാക്ഷരതാ പ്രവർത്തനങ്ങളും വേണ്ടതാണ്.

## തൊഴിൽ

ഇന്നും പ്രധാന തൊഴിൽ കാർഷികമേഖലയിലാണ്. അപൂർവ്വം ചിലർ മാത്രമാണ് പാരമ്പര്യ തൊഴിലുകൾ ചെയ്യുന്നത്. വർദ്ധിച്ച്വരുന്ന കെട്ടിട നിർമ്മാണ മേഖലയിൽ ഇവരുടെ പുതിയ തലമുറ ചേക്കേറുന്നുണ്ട്. ചില സമുദായക്കാർ മാത്രം ചെയ്തിരുന്ന കൊട്ട നെയ്ത്, പായ നെയ്ത്, ഓലകുട നിർമ്മാണം എന്നിവ കൈമോശം വന്നുകൊണ്ടിരിക്കുന്ന തൊഴിലുകളാണ്. ഈ രംഗത്ത് സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ടുള്ള സഹകരണ സംഘങ്ങൾ തുടങ്ങാവുന്നതാണ്

323

## ഭവനനിർമ്മാണ രംഗം

സർക്കാർ നൽകുന്ന വിവിധ പദ്ധതികളിലൂടെ ഏകദേശം 60% പട്ടികജാതി പട്ടിക വർഗ്ഗത്തിനും ആവശ്യമായ വീടുകൾ ലഭിച്ചിട്ടുണ്ട്. മുൻകൂട്ടി പണം മുടക്കി കാര്യങ്ങൾ ചെയ്യാൻ കഴിയാതിരിക്കുന്നതുമൂലവും ഉദ്യോഗസ്ഥരുടെ നിസ്സഹകരണം മൂലവും ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല. ഈ രംഗത്ത് ഗുണഭോക്താക്കളായ വീട്ടുകാരെ ബോധവൽക്കരിക്കേണ്ടതും അത്യാവശ്യമാണെന്ന് സംശയമില്ല.

## ആരോഗ്യം

ആരോഗ്യകാര്യങ്ങളിലുള്ള അറിവില്ലായ്മയും മനസിൽ ഉറച്ചുപോയ അന്ധവിശ്വാസങ്ങളും ഒരളവുവരെ മാറിയിട്ടുണ്ടെങ്കിലും ഇന്നും വിട്ടുപോന്നിട്ടില്ല. പട്ടിക വർഗ്ഗക്കാരുടെ ഇടയിലെ മൂപ്പൻ പൂശാരി സമ്പ്രദായങ്ങൾ ചികിത്സാരംഗത്ത് ഇന്നും തുടരുകയാണ്. എങ്കിലും തങ്ങളുടെ കുട്ടികളെ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നതിനും മറ്റും പുതിയ തലമുറ താൽപര്യം കാണിക്കുന്നുണ്ട്. കോളനികളായി താമസിക്കുന്ന സ്ഥലങ്ങളിൽ ചികിത്സാ സൗകര്യം കിട്ടുന്നതിനുവേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ശുചിത്വവും ആരോഗ്യ ശീലങ്ങളും ഉണ്ടാക്കാൻ ബോധവൽക്കരണ ക്യാമ്പുകളും തുടർപ്രവർത്തനങ്ങളും ആവശ്യമാണ്. സന്നദ്ധ സംഘടനകൾക്ക് ഈ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. വീടും സ്ഥലവും ഇല്ല.
2. ഉപരിപഠന സൗകര്യകുറവ്.
3. ഹോസ്റ്റൽ സൗകര്യം ഇല്ല.
4. സാക്ഷരതാ നിലവാരം കുറവ്.
5. അന്ധവിശ്വാസവും അജ്ഞതയും കൂടുതൽ.
6. സ്ഥിരമായി തൊഴിലില്ല.
7 സാമ്പത്തിക പിന്നോക്കാവസ്ഥ.

## പരിഹാരങ്ങൾ

324

1. പുതിയ IHDP കോളനികൾ സ്ഥാപിക്കുക. സ്ഥലവും വീടും നൽകുക.

2. SC/ST പോക്കറ്റുകളിൽ വിദ്യാലയങ്ങൾ തുടങ്ങുക. കുട്ടികൾ കുറവാണെങ്കിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളെങ്കിലും സ്ഥാപിക്കുക.

3. ഹോസ്റ്റൽ സ്ഥാപിക്കുക. - പുസ്തകം, വസ്ത്രം, പഠന സാമഗ്രികൾ എന്നിവ സൗജന്യമായി നൽകുക.

4. തുടർ സാക്ഷരത വിദ്യാഭ്യാസവും ബോധവൽക്കരണവും തുടർ പരിപാടിയാക്കുക.

5. മഹിളാസമാജങ്ങൾ, സഹകരണസംഘങ്ങൾ, എന്നിവ വഴി കുടിൽ വ്യവസായങ്ങൾ തുടങ്ങുക. (കൊട്ട നെയ്ത്ത്, റെഡിമെയ്ഡ്, ക്ഷീരോൽപന്നം, അച്ചാറുകൾ, കറിപൗഡറുകൾ, പപ്പടം, ചോക്ക്, മെഴുകുതിരി എന്നിവ)

6. സാമ്പത്തിക സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ കാര്യക്ഷമമാക്കുക.

7. നിലവിലുള്ള പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം വ്യാപകമാക്കുക.

8. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സൗകര്യം മെച്ചപ്പെടുത്തുക.

9. കുടിവെള്ളം പ്രാദേശികമായി സൗകര്യപ്പെടുത്തുക.

10 എല്ലാതരം വായ്പകളുടെയും അനുവാദം, പരിശോധന എന്നിവ പഞ്ചായത്തിന് നൽകുക.

11. കോളനി റോഡുകളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.

12. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുവാൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഇടപെടുക.

13. ലക്ഷം വീട് കോളനികൾ പുതുക്കി പണിയുക.

14. കോളനികളിൽ ബാലവാടികളും, നഴ്സറികളും തുടങ്ങുക.

15. വായന ശാലയിൽ ജനശിക്ഷണനിലയങ്ങളും കോളനികളിൽ തുടങ്ങുക.

16. അംബേദ്കർ കോളനിയിൽ ആരോഗ്യ വിദ്യാഭ്യാസം തുടർപദ്ധതിയാക്കുക.

17. ഇവരുടെ തനത് കലകൾ സംരക്ഷിക്കുക.

18. പട്ടിക വർഗ്ഗക്കാർക്കായി ഒരു സഹകരണ സംഘം ചെമ്മണാംപതിയിൽ സ്ഥാപിക്കുക.

18. വട്ടി, കൊട്ട, മുറം, പനമ്പ് മുതലായവ നെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുക. അവർക്കായി ഒരു സഹകരണസംഘവും ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുവാനുള്ള കേന്ദ്രവും സ്ഥാപിക്കുക.

325

# വിഭവ സമാഹരണം

മുതലമട പഞ്ചായത്തിലെ മൊത്ത വിസ്തൃതിയുടെ 63.30% കൃഷിക്കായി ഭൂമി ഉപയോഗിക്കുന്നു. ഇതിൽ നെൽകൃഷി ചെയ്യുന്ന സ്ഥലം വെറും 17.69% മാത്രമാണ്. ബാക്കി തോട്ടവിളകളും മറ്റു കടല, പരുത്തി, ഇടവിളയായി സോയാബീൻ എന്നിവ കൃഷി ചെയ്തുവരുന്നു. എന്നാൽ കേരളത്തിൽ മറ്റു ജില്ലകളിലെന്നപോലെ കാർഷികരംഗത്ത് ഒരു മുരടിപ്പ് അനുഭവപ്പെട്ടുതുടങ്ങി. പലരും കാർഷിക മേഖലയെ ഉപേക്ഷിച്ചമട്ടായി മാറിയിരിക്കുന്നു. ഇതിനു കാരണം പലതായി ചൂണ്ടികാണിക്കാൻ കഴിയും. കാർഷികമേഖലയെപോലെതന്നെ ഈ പഞ്ചായത്തിലെ വ്യവസായ മേഖലയും മുരടിപ്പ് അനുഭവിക്കുന്നു. അതിനു കാരണം പ്രധാനമായും ഊർജ്ജപ്രതിസന്ധിയാണ്. മറ്റൊന്ന് കാർഷികമേഖലയിലെ ഉൽപന്നങ്ങളെ മുഴുവൻ വിഭവങ്ങളാക്കി ഉപയോഗിക്കാൻ പറ്റാത്ത വ്യവസായങ്ങളാണ് മിക്ക വ്യവസായങ്ങളും കാർഷിക മേഖലയിൽ ഇന്ന് ഉൽപാദനക്ഷമത കുറഞ്ഞതുകാരണമാണ് കാർഷികമേഖലയെ കയ്യൊഴിയാൻ കർഷകർ തയ്യാറായത്. ഇനി ഈ പരിതസ്ഥിതിയിലും കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നത്തിന് ന്യായമായ വില കിട്ടാതെ വരികയും മറിച്ച് ഉൽപാദന ചിലവ് കൂടുകയും ചെയ്തു. അതുകാരണം നെൽപാടങ്ങൾ നികത്തി തെങ്ങ് കൃഷി ചെയ്യാൻ കർഷകർ തുടങ്ങി. ഇവിടെ ഇന്നുൽപാദിപ്പിക്കുന്ന നാളികേരം മുഴുവനും ഉപയോഗിക്കുന്ന ഒരു വ്യവസായ സംരംഭം ഇവിടെ ഇല്ല. പണ്ടു തുടങ്ങിയ പല വ്യവസായങ്ങളും ഇന്ന് അനിശ്ചിതത്വം നേരിടുന്നു. പുതിയ വ്യവസായ സംരംഭങ്ങൾ ഈ മേഖലക്ക് വരുന്നതുമില്ല.

കാർഷിക വ്യവസായ മേഖലയിലെ മുരടിപ്പ് മാറ്റി അതിനെ ഒരു നവജീവൻ നൽകണമെങ്കിൽ ജനകീയാസൂത്രണം വഴി പഞ്ചായത്തുകൾ നേരിട്ട് ഇടപെട്ട് വസ്തുതകൾ മനസ്സിലാക്കി തടസ്സങ്ങൾ നീക്കാനുള്ള ഒരു സംരംഭം തുടങ്ങണം. കാർഷിക മേഖലയിലെ വിഭവങ്ങൾ ഉപയോഗിച്ച് തുടങ്ങാനുള്ള പുതിയ വ്യവസായങ്ങളുടെ ആവിഷ്കരണങ്ങളെക്കുറിച്ച് പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തനം ജനകീയമാക്കണം. ഉൽപാദനത്തിനും വിപണനത്തിനും ഒരു ജനകീയ സംരക്ഷണ ചുമതലയുള്ള സംവിധാനമായി പഞ്ചായത്തുകൾ മാറണം. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നേരിട്ടുള്ള ഇടപെടലുകൾ ഇനി ജനകീയാസൂത്രണം വഴി നേടിയെടുക്കുമെന്ന് പ്രത്യാശിക്കാം. ഈ പുതിയ വീക്ഷണത്തിൽ സർക്കാർ ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കാനും പുതിയ രീതിയിൽ ഗ്രാന്റുകൾ അനുവദിക്കാനുള്ള മാനദണ്ഡം സ്വീകരിക്കാനും പഞ്ചായത്ത് ഭരണസമിതികൾ നിർദ്ദേശം വെക്കണം. ഗ്രാന്റുകൾ അനുവദിക്കുന്നത് ജനസംഖ്യാടിസ്ഥാനത്തിലായിരിക്കണം.

ഈ പഞ്ചായത്തിൽ ഗൾഫ് മേഖലയിലെ പണത്തിന്റെ സ്വാധീനം പറയത്തക്കതായി ഒന്നുംതന്നെയില്ല. ആയതുകൊണ്ട് അത്തരക്കാരുടെ പക്കൽനിന്നുള്ള സാമ്പത്തിക വിഭവ സമാഹരണം പ്രതീക്ഷക്ക് അവകാശമില്ല.

ഈ പഞ്ചായത്തിൽ കച്ചവടക്കാരുടെ സ്വാധീനവും സാമ്പത്തിക ഇടപെടലും ഗണ്യമായിത്തന്നെ കണക്കാക്കാവുന്നതാണ്. ചെറുകച്ചവടക്കാരും വൻകച്ചവടക്കാരും ധാരാളം ഉള്ള ഒരു പഞ്ചായത്താണ് മുതലമട. കച്ചവടക്കാർക്കുവേണ്ട ഒരു വിഭവ ചന്തയായി മുതലമട മാറിയിരിക്കുന്നു. എന്നാൽ ഇവരെ ഉപയോഗിച്ച് നമ്മുടെ കാർഷിക വിഭവങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പുതു വ്യവസായ സംരംഭങ്ങൾക്ക് പുതിയ മാനങ്ങൾ പഞ്ചായത്ത് ജനകീയമായി ആസൂത്രണം വഴി നടപ്പിലാക്കാൻ ശ്രമിക്കണം.

326

ഒരു നാടിന്റെവികസനത്തിന് ഊന്നുവടിയായി നിലകൊള്ളുന്നത് അവിടത്തെ വിഭവങ്ങളെ ആസൂത്രിതമായി ഉപയോഗിക്കുവാനുള്ള ആ നാടിന്റെ ജനതയുടെ സംഘടിതമായ പ്രവർത്തനമാണ്. അതിനായി മുതലമട പഞ്ചായത്തിൽ യഥേഷ്ടം ഉപയോഗിക്കാനുള്ള മാനുഷിക ശക്തിതന്നെ ഉണ്ട്. ആ മാനുഷിക ശക്തിയെ വേണ്ടവിധം സംഘടിപ്പിച്ച് അനുയോജ്യമായ രീതിയിൽ സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനത്തിന് പുതിയ ജനകീയാസൂത്രണം പഞ്ചായത്തുകൾക്ക് കഴിയണം.

മുതലമട പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദ നികുതി, പ്രദർശനനികുതി, ലൈസൻസ് ഫീസ് എന്നിവയാണ്. ഇവ കൂടാതെ പദ്ധതി വകയിലും നിരുപാധിക എന്ന ഇനത്തിൽകൂടിയും ആകുന്നു. ഓരോ ഇനത്തിലുമുള്ള വരവ് കാണിച്ചുകൊണ്ടുള്ള പട്ടികകൾ അവസാനം ചേർക്കുന്നതാണ്.

പട്ടികകൾ

1.23 1.25 1.17 1.22 1.16 1.15 1.24

ഇന്നുനിലവിലുള്ള നികുതി ഘടന പരിഷ്കരിക്കാനും പുതിയ നികുതികൾ നിർദ്ദേശിക്കാനും പറ്റുന്ന ഒരു ജനകീയാസൂത്രണത്തെക്കുറിച്ച് ചിന്തിക്കണം. പുതിയ നികുതികൾ നിർദ്ദേശിക്കുമ്പോഴും അത് ജനങ്ങൾക്ക് ഭാരമുള്ളതാകാതെ ശ്രദ്ധിക്കണം. വരുമാനമനുസരിച്ചുള്ള ഒരു നികുതി നിർദ്ദേശം ഉണ്ടാവണം. ഇങ്ങനെ ഈടാക്കുന്ന നികുതികൾ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനാണെന്നുള്ള ബോധം ജനങ്ങളിൽ ഉണ്ടാക്കാനുള്ള ഒരു ജനകീയ സമീപനം വേണം. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിടനികുതി ഇനത്തിലും തൊഴിൽനികുതി ഇനത്തിലും പിരിഞ്ഞുകിട്ടേണ്ട തുക ബാക്കി കാണുന്നു. ഇത് മൊത്തം കിട്ടേണ്ട തുകയുടെ 12% ആകുന്നു. അതുപോലെ തൊഴിൽ നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട ബാക്കി 5.63% ആയിക്കാണുന്നു. ഈ പരിതസ്ഥിതിയിൽ നികുതികൾ പിരിച്ചെടുക്കാൻ ജനകീയാസൂത്രണത്തിന്റെ ഭാഗ്യമായി വരുന്ന വാർഡ് വികസനസമിതികളെകൂടി പങ്കാളികളാക്കി നികുതി പിരിച്ചെടുക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം. പുതുതായി നികുതികൾ ചുമത്തേണ്ട മേഖലകളെക്കുറിച്ച് ആലോചിക്കുമ്പോൾ സ്വകാര്യമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ കണ്ടെത്തി അവരുടെ തൊഴിൽനികുതി കൂടി ഈടാക്കണം. ഈ പഞ്ചായത്തിലെ ബിൽഡിംഗ് റഗുലേഷൻ ആക്ട് നടപ്പാക്കാൻ പറ്റുമോ എന്ന് പരിശോധിക്കണം. വഴിയോരങ്ങളിൽ അനധികൃതമായി കച്ചവടം നടത്തുന്ന കച്ചവടക്കാരുടെ പേരിലും നികുതി ഈടാക്കണം. നമ്മുടെ പഞ്ചായത്തിൽ അനവധി കോറികൾ ഉണ്ട്. ഈ കോറികൾ പഞ്ചായത്തുതലത്തിൽ ഏറ്റെടുത്ത് നടത്താൻ പറ്റുമോ എന്ന് ചിന്തിക്കണം. അങ്ങനെ ചെയ്യുന്നപക്ഷം തൊഴിൽ സംരംഭം വളർത്തിയെടുക്കാനും. പഞ്ചായത്തിന്റെ പദ്ധതികൾ നടത്തിപ്പിന്ന് വിഭവങ്ങൾ സമാഹരിക്കാനും സഹായകരമായിരിക്കും.

ജനകീയാസൂത്രണംവഴി ഇനിവരുംകാലങ്ങളിൽ വികസന പ്രവർത്തനങ്ങളിൽ മനുഷ്യയത്നവും, സമ്പത്തും, സ്ഥലവും വിഭവമായി സ്വരൂപിക്കാനും ഉപയോഗിക്കാനുംവേണ്ടി പഞ്ചായത്ത്തലത്തിലും, വാർഡ്തലത്തിലും ജനകീയ വാർഡ് സമിതികളെ ഉപയോഗിക്കണം.

വിഭവസമാഹരണത്തിൽ സാമ്പത്തിക സ്ഥാപനങ്ങളെക്കൂടി ഉപയോഗപ്പെടുത്തി വികസന പ്രക്രിയയിൽ പങ്കാളികളാക്കണം. ഈ പഞ്ചായത്തിലെ ദേശസാൽകൃതബാങ്കിന്റെ ആവശ്യകതയെക്കുറിച്ച് ആലോചിക്കണം. ഈ അവസരത്തിൽ 1946 ൽ ആരംഭിച്ച നമ്മുടെ പഞ്ചായത്തിലെ പ്രാഥമിക സഹകരണബാങ്കിന്റെ പ്രവർത്തനം വികസന പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളികളാക്കാൻ പറ്റുമോ എന്ന് പരിശോധിക്കണം. ജനകീയ ആസൂത്രണം

വഴി ഈ പഞ്ചായത്തിന്റെ ബാങ്കായി മാറ്റിയെടുത്ത് വികസനരംഗത്ത് വിഭവ സമാഹരണത്തിലും ആസൂത്രണത്തിലും ആ ആസൂത്രണപ്രവർത്തനത്തിലും കൂടുതൽ സഹകരിപ്പിക്കാൻ പറ്റുമോ എന്ന് ചിന്തിക്കണം.

9 ാം പഞ്ചവത്സര പദ്ധതി നടത്തിപ്പുകാലത്ത് വിഭവസമാഹരണത്തിലും ആസൂത്രണത്തിലും പ്രവർത്തനത്തിലും നമ്മുടെ പഞ്ചായത്ത് വാർഡുസമിതികളെ ഉപയോഗിച്ച് കൂടുതൽ കാര്യക്ഷമതയോടെ പുതിയ ജനകീയ പ്രവർത്തനശൈലി തുടങ്ങുമെന്ന് പ്രത്യാശിക്കാം.

പഞ്ചായത്തിന്റെ വാർഷിക വരുമാനം 95-96ൽ 15,42,525 രൂപയാണ്. എന്നാൽ ചിലവ് 15,71,950 രൂപയാണ്. വാർഷിക കമ്മി 29425 രൂപയാണ്. വർഷംതോറും ഈ കമ്മിറ്റി നിലനിൽക്കുകയാണ്. ഇത് പരിഹരിക്കുവാൻ ഊർജ്ജിതമായി നികുതി പിരിച്ചെടുക്കുകയും സർക്കാർ ഗ്രാന്റ് നൽകുന്ന രീതി പരിഷ്കരിക്കുകയും വേണം. നികുതി ഘടനയുടെ പരിഷ്കാരവും പഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്. മാറിവരുന്ന പരിതസ്ഥിതിയിൽ പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെങ്കിൽ വരുമാനം കൂട്ടാതെ വഴിയില്ല.

### 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref : C. B.

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 174626.91 | 153275.76 | 21351.15 |
| സർവ്വീസ് ചാർജ്ജ് | 8813.69 | 7735.24 | 1078.45 |
| തൊഴിൽനികുതി | 169105 | 159543 | 9562 |
| വാഹനനികുതി | - | - | - |
| വിനോദ നികുതി | 47400 | 47400 | - |
| പ്രദർശന നികുതി | 2792 | 2792 | - |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ് | 698 | 698 | - |
| ചന്ത വരവ് | - | - | - |
| ലാൻറ് സെസ്സ് | - | - | - |
| ലൈസൻസ് ഫീസ് | 7532 | 7000.25 | 531.75 |
| കെട്ടിട നികുതി സർചാർജ് | - | - | - |
| വസ്തുകൈമാററ നികുതി 75% | 190945 | 190945 | - |
| വസ്തുകൈമാററ നികുതി 25% | - | - | - |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | 77936.80 | 77936.80 | - |
| സംഭാവന | - | - | - |
| ഡെപ്പോസിററ് | 43750 | 43750 | - |
| മററുള്ളവ | 851449 | 851449 | - |
| ആകെ | 15,75,048 | 15,42,525 | 32,523 |

328

## 1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽനിന്നും അനുവദിച്ച തുക

Ref : Q

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതരവിഹിതം | |
| മൃഗസംരക്ഷണം | | 350 | |
| ആരോഗ്യം | | 24368 | |
| കൃഷി | | 567000 | |
| പി.ഡബ്ലിയു.ഡി | | 72250 | |
| ഹരിജനക്ഷേമം | | 16812 | |
| മറ്റുള്ളവ | | 134320 | |
| ആകെ | | 815100 | |

## 1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

Ref : R

| വാർഡ് | വ്യവസായം, വ്യാപാരം | സ്ഥാപനങ്ങളുടെ എണ്ണം | | മറ്റുള്ളവ | ആകെ | ആകെഫീസ് |
|---|---|---|---|---|---|---|
| | | ഹോട്ടലുകൾ | സാധാരണകടകൾ | | | |
| 1 to 13 | 63 | 3 | 97 | 94 | 257 | 7532 |

## 1.25 പൊതു സാമ്പത്തിക നില

Ref : B

| | പൊതുകണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 2251600 | 497100 | 31000 |
| ചിലവ് | 1754500 | 324000 | 31000 |

329

## 1.26 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

**Ref : Work Bill Register**

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാൻറ് തുക | പഞ്ചായത്ത്ഫണ്ട് | ആകെ |
| റോഡ് | 422800 | 422800 | – | 422800 |
| തോട് | – | – | – | – |
| കെട്ടിടം | 21254 | 21254 | – | 21254 |
| നടപ്പാലം | – | – | – | – |
| മറ്റുള്ളവ | 124000 | 124000 | – | 124000 |
| ആകെ | 568054 | 568054 | – | 568054 |

## 1.16 ഗ്രാൻറ് വിവരങ്ങൾ

**Ref : ഗ്രാൻറ് റജിസ്റ്ററും സ്പെഷൽ ഗ്രാൻറ് റജിസ്റ്ററും**

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതികൾ 25%രൂപ | 75% രൂപ | SPI ഗ്രാൻറ് രൂപ | JRY രൂപ | അൺട്രൈഡ്ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| തുക 45903 | – | 231000 | 50000 | 190945 | – | 532000 | 418500 | 1468348 |

330

## 1.15 ലേലവരുമാനം സംബന്ധിച്ച്

Ref : ലേല രജിസ്റ്റർ

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ്കോംപ്ലക്സ് കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| - | 780 | - | - | - | - | - | 780 |

## 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ

Ref : C B ( 1995 - 96

| ഇനം | തുക |
|---|---|
| ഭരണം | 6,57000 |
| പൊതുമരാമത്ത് | 5,94822 |
| വിദ്യാഭ്യാസം | 20271 |
| ജലവിതരണം,കടകൾ,പൊതുജനാരോഗ്യം | 10823 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 103548 |
| മറ്റുള്ളവ | 185486 |
| ആകെ | 1571950 |

331

# ടൂറിസം

പാലക്കാട്ടുചുരത്തിന്റെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു പ്രദേശമാണ് മുതലമട. ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്താണ് പശ്ചിമഘട്ടത്തിന്റെ ഭാഗമായ തെന്മല. ഇവിടെയാണ് പ്രസിദ്ധമായ പറമ്പിക്കുളം വന്യമൃഗസംരക്ഷണകേന്ദ്രം സ്ഥിതിചെയ്യുന്നത്. ഈ മനോഹരപ്രദേശം പ്രകൃതിയുടെ വരദാനമാണ്. നൈസർഗ്ഗികവും വെച്ചുപിടിപ്പിച്ചതുമായ ഒരു വിസ്തൃത വനപ്രദേശം ഇവിടെയുണ്ട്. വളരെ വിശാലമായ ഒരു ഭാഗം നിത്യഹരിതവനമാണ്. ആന, കാട്ടുപോത്ത്, പുലി, കടുവ, കരടി, പന്നി, വരയാട്, ചെന്നായ്, കുറുക്കൻ, വിവിധയിനം മാനുകൾ മുതലായവ ഈ വനത്തിലുണ്ട്. വനപ്രദേശത്ത് ചെന്നാൽ ഈ മൃഗങ്ങളെ നേരിട്ട് കാണാൻ കഴിയും. അതൊരു ഹൃദ്യമായ അനുഭൂതി തന്നെയാണ്. അനവധി അപൂർവയിനം പക്ഷികളും ഇവിടെയുണ്ട്. പക്ഷിശാസ്ത്രജ്ഞനായ ഡോ. സലീംഅലി നിരീക്ഷണത്തിനുപയോഗിച്ച ഒരു പ്രദേശംകൂടിയാണ് പറമ്പിക്കുളം. ഇവിടെ തൂണക്കടവിനടുത്തുള്ള കന്നിമാരിതേക്ക് ഏഷ്യയിലെത്തന്നെ ഏറ്റവും വലുതും വളരെ പഴക്കം ചെന്നതുമായ ഒന്നാണത്. ഈ മരത്തിന് ഏകദേശം 10 മീറ്റർ ചുറ്റളവുണ്ട്.

പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപള്ളം, എന്നീ അണക്കെട്ടുകൾ ഇവിടത്തെ മനോഹാരിതക്ക് മാറ്റുകൂട്ടുന്നു. ഇടതൂർന്നു നിൽക്കുന്ന വനങ്ങൾ സ്വൈര്യവിഹാരം നടത്തുന്ന മൃഗങ്ങൾ, വനങ്ങളാൽ ചുറ്റപ്പെട്ട അണക്കെട്ടുകൾ. പ്രകൃതി കനിഞ്ഞുനൽകിയ ഈ മനോഹര കാഴ്ചകണ്ട് മതിമറന്ന് നിൽക്കാത്തവർ ആരുമില്ല. പറമ്പിക്കുളം അണക്കെട്ടിലൂടെ ബോട്ടിംഗ് നടത്താനും വാഹനങ്ങളിൽ വനാന്തർഭാഗത്ത് കടന്നുചെന്ന് നിരീക്ഷണം നടത്താനും പാടികളിൽ കയറിഇരുന്ന് ചുറ്റും വീക്ഷിക്കാനുമെല്ലാം ഫോറസ്റ്റ് വകുപ്പ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. എന്നാൽ ഏഷ്യയിലെപോലും പ്രസിദ്ധമായ ഈ സങ്കേതം കണ്ടിട്ടുള്ള മുതലമടക്കാർപോലും ന്യൂനപക്ഷമാണ്. ഇവിടെ എത്തിച്ചേരണമെങ്കിൽ തമിഴ്നാട് സംസ്ഥാനത്തിലൂടെ യാത്ര ചെയ്യണം. ചുറ്റിവളഞ്ഞുള്ള ഈ യാത്ര സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ധാരാളമാണ്.

മീങ്കര, ചുള്ളിയാർ എന്നീ അണക്കെട്ടുകൾ ഈ പഞ്ചായത്തിലാണ്. ഈ രണ്ട് അണക്കെട്ടുകളും ഹൃദയഹാരിയായ ദൃശ്യം നൽകുന്നു. ഏകദേശം 15 വർഷങ്ങൾക്കുമുമ്പ് ഈ രണ്ട് അണക്കെട്ടുകൾക്ക് താഴെയും മനോഹരമായ പൂന്തോട്ടങ്ങൾ ഉണ്ടായിരുന്നു. കൂടാതെ കുട്ടികൾക്ക് കളിക്കുവാനുള്ള പാർക്കുകളും ആകർഷകമായ ശിൽപങ്ങളും ഇവിടെയുണ്ടായിരുന്നു. ധാരാളം ആളുകൾ സന്ദർശകരായി ഇവിടങ്ങളിലെത്തിയിരുന്നു. എന്നാൽ ഇന്ന് ഇവിടെ സന്ദർശകരില്ല. പഴയ പൂന്തോട്ടങ്ങളും കുട്ടികളുടെ പാർക്കും ശിൽപവുമെല്ലാം ഓർമ്മകളിൽ മാത്രമായ അവശേഷിക്കുന്നു. തെന്മലയുടെ താഴ്വരയിലാണ് ചുള്ളിയാർ അണക്കെട്ടു സ്ഥിതിചെയ്യുന്നത്. പച്ചപുതച്ചുനിൽക്കുന്ന മലനിരയുടെ താഴെയുള്ള വിശാലമായ ഈ ജലപ്പരപ്പ് ഹൃദയാകർഷകമായ ഒരു കാഴ്ച തന്നെയാണ്. ഈ അണക്കെട്ടിന്റെ കിഴക്കു ഭാഗത്തുള്ള സ്ഥലത്തിൽ എത്തിച്ചേരുന്ന ദേശാടനപക്ഷികളാണ് സൈബീരിയൻകൊക്ക്,ഏരണ്ട എന്നിവ.

വെള്ളാരംകടവിന് തെക്കുകിഴക്കുള്ള വനപ്രദേശത്ത് മയിലുകൾ കണ്ടുവരുന്നു. വർണ്ണഭംഗിയുള്ള പീലിവിടർത്തിയാടുന്ന മയിലുകളെ ഇവിടെ കാണാൻ കഴിയും. പ്രകൃതിയുടെ ഒരു മയിൽ സങ്കേതമാണിത്. പുതൂരിനു തെക്കുള്ള കരടിക്കുന്നിനുമുകളിൽനിന്നും മുതലമട പഞ്ചായത്തും പരിസരവും സുന്ദരമായി വീക്ഷിക്കാൻ കഴിയും. മീങ്കര, ചുള്ളിയാർ അണക്കെട്ടുകൾ നൽകുന്ന ഭംഗിയേറിയ കാഴ്ചയും ഇവിടെനിന്ന് കാണാം.

ചുള്ളിയാർഡാമിന്റെ തെക്കുപടിഞ്ഞാറായി തെന്മലയോടു ചേർന്നു കിടക്കുന്ന ഏറ്റവും വലിയ കുന്നാണ് കിളിമല. വനങ്ങൾക്കിടയിലൂടെ, നീരൊഴുക്കിനിടയിലൂടെ ഈ കുന്നിനു മുകളിൽ കയറുന്നത് ഒരു അനുഭൂതി തന്നെയാണ്. കുന്നിനുമുകളിൽനിന്നും പാലക്കാടുജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളുടെയും മനോഹരമായ കാഴ്ച വീക്ഷിക്കാൻ സാധിക്കും. എന്നാൽ കുന്നിനു മുകളിലേക്ക് കയറുന്ന നിലവിലുള്ള വഴി ഒട്ടും സൗകര്യപ്രദമല്ല.

മഴക്കാലമായാൽ വെള്ളിക്കസവുകൾപോലെ ഒഴുകുന്ന അനേകം വെള്ളച്ചാട്ടങ്ങൾ തെന്മലയിൽ കാണാം. തെന്മലയുടെ പടിഞ്ഞാറുഭാഗത്തായി കാണുന്ന ഏറ്റവും വലിയ വെള്ളച്ചാട്ടമാണ് പലകപ്പാണ്ടി. ഹൃദയസ്പർശിയായ ഈ വെള്ളച്ചാട്ടം ആരെയും ആകർഷിച്ചുപോകും. വർഷം മുഴുവനും വെള്ളം ഇതിലൂടെ ഒഴുകിപ്പോകുന്നു. ഈ വെള്ളച്ചാട്ടത്തിന് താഴെ എത്തിപ്പെടാൻ സൗകര്യമായ വഴികളില്ല.

ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാനും അങ്ങനെ എത്തുന്നവരെ ആനന്ദിപ്പിക്കാനും മുതലമടക്കുകഴിയും. ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാൻ വളരെയധികം സാദ്ധ്യതകൾ ഉള്ളവയാണ് മേൽപറഞ്ഞ പറമ്പിക്കുളം, മീങ്കര, ചുള്ളിയാർ, കരടക്കുന്ന്, കിളിമലക്കുന്ന്, പലകപ്പാണ്ടി എന്നിവ. ദൗർഭാഗ്യവശാൽ മുതലമടയിലെ പ്രകൃതി സൗന്ദര്യത്തെ പുറംലോകം അറിയുന്നില്ല. ടൂറിസംമേഖലയിലുണ്ടാവുന്ന വളർച്ച പഞ്ചായത്തിന് നല്ല വരുമാന സാദ്ധ്യത ഉണ്ടാക്കും. കൂടാതെ ഈ മേഖലയുമായി ബന്ധപ്പെട്ട് അനേകം ആളുകൾക്ക് തൊഴിൽ ലഭിക്കാൻ ഇടയാക്കുമെന്നതിലും സംശയമില്ല. അനുബന്ധവ്യവസായങ്ങളുടെ വളർച്ചക്കും ഇത് സഹായകമാവും.

## മുതലമടയിലെ ടൂറിസംമേഖലയുടെ വളർച്ചക്ക് പരിഗണിക്കാവുന്ന നിർദ്ദേശങ്ങൾ

1. മുതലമടയിലൂടെത്തന്നെ പറമ്പിക്കുളത്തേക്ക് ഒരു റോഡ് നിർമ്മിക്കേണ്ടിയിരിക്കുന്നു. ഒപ്പം വാഹന സൗകര്യവും ഏർപ്പെടുത്തണം. ചെമ്മണാംപതി തേക്കടി വഴിയായിട്ട് റോഡ് നിർമ്മിക്കേണ്ടതാണ്.
2. വനംവകുപ്പ് പറമ്പിക്കുളത്ത് സന്ദർശകർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ വളരെ കുറവാണ്. അത് വിപുലമാക്കണം. വനം ചുറ്റിക്കാണാനും അണക്കെട്ടിൽ ബോട്ട്യാത്ര നടത്താനുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
3. ടൂറിസ്റ്റുകൾക്ക് പറമ്പിക്കുളത്ത് താമസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. കെ.ടി.ഡി.സിയുടെ റസ്റ്റോറന്റും ഇവിടെ സ്ഥാപിക്കണം.
4. മീങ്കര അണക്കെട്ടിനു താഴെ പൂന്തോട്ടം, കുട്ടികൾക്കായുള്ള പാർക്ക് എന്നിവ നിർമ്മിക്കണം. സന്ദർശകർക്കായുള്ള ബോട്ട് യാത്രാ സൗകര്യം ഏർപ്പെടുത്തണം. ഒരു ഫിഷ് അക്വേറിയവും സ്ഥാപിക്കണം.
5. ചുള്ളിയാർ അണക്കെട്ടിനുതാഴെ ഒരു പൂന്തോട്ടവും കുട്ടികൾക്കായുള്ള പാർക്കും (അമ്യൂസിംഗ് പാർക്ക്) നിർമ്മിക്കണം. ഡാം ചുറ്റിക്കാണുന്ന തരത്തിൽ കുട്ടികൾക്കായുള്ള ഒരു ട്രെയിനും റോപ്‌വേയും സ്ഥാപിക്കണം.
6. ചുള്ളിയാർഡാമിൽ ചെറിയ മ്യൂസിയം, സ്നേക്ക് പാർക്ക് എന്നിവ സ്ഥാപിക്കണം.
7. വെള്ളാരംകടവിൽ ഒരു മയിൽ സങ്കേതമായി മാറ്റണം.
8. കിളിമലയുടെ താഴെ എത്താവുന്നതരത്തിൽ റോഡുനിർമ്മിക്കുകയും കുന്നിനുമുകളിൽ കയറാവുന്ന തരത്തിൽ നടപ്പാത സൗകര്യമാക്കുകയും വേണം.
9. പലകപ്പാണ്ടി, കിളിമല, ചുള്ളിയാർ, ചപ്പക്കാട്, കരടിക്കുന്ന്, പറമ്പിക്കുളം എന്നീ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുകയും ഗതാഗതസൗകര്യം ഏർപ്പെടുത്തുകയും വേണം.
10. മുതലമടയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നടത്തണം.

## പഞ്ചായത്ത്കമ്മിറ്റി നിർദ്ദേശങ്ങൾ

1. തമിഴ്നാടുവഴി പറമ്പിക്കുളത്തേക്കുപോകുമ്പോൾ വാഹനങ്ങൾക്കും ടൂറിസ്റ്റുകൾക്കും പ്രവേശനഫീസെന്നനിലയിൽ ഭീമമായ സംഖ്യ തമിഴ്നാട് സർക്കാർ ഈടാക്കുന്നു. മുതലമട-പറമ്പിക്കുളം റോഡ് നിർമ്മിച്ചാൽ ഈ വരുമാനം മുഴുവൻ നമുക്ക് ലഭ്യമാകും
2. മുതലമട പറമ്പിക്കുളംറോഡ് വനഭൂമിയെ നശിപ്പിക്കാതിരിക്കാൻ സാധനങ്ങൾ കടത്തും നിരോധിച്ചുകൊണ്ടും ടൂറിസ്റ്റുകൾക്കും മറ്റുള്ളവർക്കും യാത്രക്ക് മാത്രമായി ടി റോഡ് നിയന്ത്രിക്കണം.

333

# ഉപസംഹാരം

അടുത്ത കാലത്തായി കേരളത്തിലുണ്ടായിട്ടുള്ള ഗുരുതരമായ വികസന പ്രതിസന്ധി ഗൗരവമായി ചർച്ച ചെയ്തു വരികയാണ്. കാർഷിക വ്യവസായ രംഗങ്ങളിൽ വളർച്ച മുരടിപ്പ് വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം തകർച്ച ഇവയാണ് കേരളത്തിലെ ഗുരുതര പ്രശ്നങ്ങൾ. ഇതിൻെറ കാര്യകാരണങ്ങളിലേക്ക് ചെല്ലുമ്പോൾ മൂന്ന് കാരണങ്ങൾ കണ്ടെത്തുവാൻ കഴിയും. 1. ആസൂത്രണത്തിലെ കേന്ദ്രീകരണം 2. ഉദ്യോഗസ്ഥൻമാരുടെ മാത്രം നിയന്ത്രണം. 3. ജനകീയ പങ്കാളിത്തം കുറവ്.

ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റിയ സാഹചര്യം പഞ്ചായത്ത്രാജ് ഭരണസംവിധാനം പ്രദാനം ചെയ്തു. ഭരണഘടനാപരമായി തന്നെ അധികാരം വികേന്ദ്രീകരിച്ചപ്പോൾ ആസൂത്രണ പ്രക്രിയയും വികേന്ദ്രീകരിക്കാനവസരം ലഭിച്ചു. അങ്ങനെയാണ് ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്നത്. ഇതോടെ സാധാരണക്കാരനും വികസന പ്രക്രിയയിൽ പങ്കാളിത്തം വരികയാണ്. സുതാര്യമായ പദ്ധതികളിൽ അഴിമതിയുടെ അംശം പരിപൂർണ്ണമായും ഇല്ലാതാക്കാൻ കഴിയും.

ഏതു വികസനത്തിനും പണം ആവശ്യമാണ്. നമ്മുടെ പഞ്ചവൽസര പദ്ധതികളുടെ 40% ഫണ്ട് പഞ്ചായത്ത് സമിതികൾക്ക് ലഭിക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകൾക്ക് ഏകദേശം 25% സംഖ്യ ലഭിക്കുന്നതാണ്. ഇത് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് വലിയ മാറ്റം വരുത്തും. ജനകീയ പങ്കാളിത്തം ഉള്ളതിനാൽ ഫണ്ട് കുറവായ പദ്ധതികളിൽ സന്നദ്ധ പ്രവർത്തനം സാമ്പത്തിക സമാഹരണം എന്നിവയാൽ പ്രവർത്തി മുഴുവിക്കാതാകും.

ഓരോ ഗ്രാമത്തിൻെറയും സാദ്ധ്യതകളും പോരായ്മകളും വിവിധ സർവ്വെകളിലൂടെ നാം മനസിലാക്കിയതിനാൽ ഈ വിവരങ്ങൾ വികസന പ്രവർത്തനത്തിന് സഹായിക്കുന്ന അടിസ്ഥാന വിവരങ്ങളാവും. ഇതിൻെറ അടിസ്ഥാനത്തിൽ ഏത് പദ്ധതികളിൽ എത്ര പണം ചെലവാക്കണമെന്ന് തീരുമാനിക്കാൻ വികസന സമിതിക്ക് കഴിയും. സ്വയം പദ്ധതികൾ ഉണ്ടാക്കുകയും പ്രവർത്തനം നടത്തുകയും ചെയ്യുന്ന സന്നദ്ധരായവരുടെ ഒരു സംഘം പഞ്ചായത്തുകളിൽ വളർന്ന് വരും. ഇത് ജനങ്ങളുടെ കൂട്ടായ്മക്കും സംഘബലത്തിനും വഴി നൽകും. ഇതിലൂടെ രാജ്യത്തിൻെറ ഐക്യവും ഊട്ടി വളർത്താൻ കഴിയും. മാത്രമല്ല ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ക്രമമായ വളർച്ചയുണ്ടാക്കാൻ കഴിയും.

ഈ പദ്ധതികളുടെ പ്രവർത്തനത്തിൽ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളും ഒന്നിച്ച് നിന്നേ തീരൂ. പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം വളർത്തിയെടുക്കണം. ഇവിടെയാണ് രാഷ്ട്രീയ കക്ഷികളുടെ വിലപ്പെട്ട സംഭാവനകൾ ഉണ്ടാകേണ്ടത്. വികസനം നാടിൻെറ പൊതു പ്രശ്നമായതിനാൽ ഇതിൽ കക്ഷിരാഷ്ട്രീയത്തിന് സ്ഥാനമില്ല. കക്ഷിരാഷ്ട്രീയത്തിനതീതമായി നാം ഒരുമിച്ച് പ്രവർത്തിച്ചാൽ 21-ാം നൂറ്റാണ്ടിലേക്ക് നടന്നടുക്കുന്ന നമ്മുടെ ഗ്രാമങ്ങൾ "മാവേലി നാടായി" മാറുമെന്ന് കാണാൻ പ്രയാസമില്ല. അതിലൂടെ സ്വയം സമ്പന്നമായ ഗ്രാമങ്ങൾ എന്ന ഗാന്ധിജിയുടെ സ്വപ്നം പൂർത്തിയാക്കാൻ നമുക്ക് കഴിയും.

334

ഇത്തരം ഒരു പ്രത്യാശയോടെ മുതലമട പഞ്ചായത്തിൻെറ വികസന രേഖ വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ ചർച്ചയും വിശകലനവും നടത്തി ഇത് സമ്പുഷ്ടമാക്കണമെന്നഭ്യർത്ഥിക്കുന്നു.





PRINTED AT IMPRESSIONS PLKD. PH : 539785

# കോർ ഗ്രൂപ്പ്

| | | |
|---|---|---|
| കൺവീനർ | : | ടി.കെ. രാമകൃഷ്ണൻമാസ്റ്റർ |
| കൃഷി, ജലസേചനം | : | 1. പ്രൊ : ചാമി<br>2. വി. ആലിമുഹമ്മദ്മാസ്റ്റർ<br>3. കെ.കെ. സിജി<br>4. എം. പ്രസാദ് |
| വിദ്യാഭ്യാസം | : | 1. എൻ. പക്കീർമുഹമ്മദ് മാസ്റ്റർ<br>2. എം.ജി. പവിത്രൻ മാസ്റ്റർ<br>3. പുഷ്കരൻ മാസ്റ്റർ<br>4. പി.ടി. രാജമ്മ ടീച്ചർ |
| ആരോഗ്യം, കുടിവെള്ളം,ശുചിത്വം | : | 1. എം. നാരായണൻ എച്.ഐ. മുതലമട<br>2. സുരേഷ് ( ഫാർമസിസ്റ്റ് )<br>3. സി. സത്യഭാമ ( അംഗൺവാടിടീച്ചർ ) |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | : | 1. ബാലകൃഷ്ണപിള്ള, ( വെറ്റിനറി ഡോക്ടർ)<br>2. രാമചന്ദ്രൻ, ( എഫ്.എഫ്.ഡി.എ )<br>3. കെ. വേലുച്ചാമി മാസ്റ്റർ |
| ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം | : | 1. എ.സി. ദാവൂദ് വി.ഇ.ഒ മുതലമട<br>2. ചന്ദ്രവല്ലിക്കുട്ടിടീച്ചർ<br>3. കുഞ്ചുമണി. എം |
| പട്ടികജാതി, പട്ടികവർഗ്ഗ, വനിതാക്ഷേമം | : | 1. പി.വി.ലളിത ( എൽ.വി.ഇ.ഒ മുതലമട )<br>2. മനോമണി ( അംഗൺവാടി വർക്കർ )<br>3. വള്ളിയമ്മ |
| സംസ്കാരം, കായികരംഗം | : | 1. എ. ഷേയ്ക്കുമുസ്തഫ മാസ്റ്റർ<br>2. സി. ആറുമുഖൻ<br>3. കെ. സുന്ദരൻ |
| വ്യവസായം, ഊർജ്ജം, മാർക്കറ്റ് | : | 1. എസ്. സുനിൽ ( വ്യവസായ ഓഫീസർ )<br>2. വി. മണി<br>3. ഹക്കിം |
| സഹകരണം, വിഭവസമാഹരണം, ഗതാഗതം | : | 1. എൻ.എൻ. മുഹമ്മദ് കാസിം ( യു.ഡി.സി )<br>2. എസ്. പോൾ ദുരൈ മാസ്റ്റർ<br>3. ശിവകുമാർ |
| നാട്ടറിവ് - ചരിത്രം | : | എം.എ. ജൈലാവുദ്ദീൻ മാസ്റ്റർ<br>എ.സി. ദാവൂദ് ( വി.ഇ.ഒ )<br>ടി.കെ. രാമകൃഷ്ണൻ മാസ്റ്റർ<br>എൻ. പക്കീർ മുഹമ്മദ് മാസ്റ്റർ<br>എ. ഷേയക്ക്മുസ്തഫ മാസ്റ്റർ |

പാലക്കാട് ജില്ല


മണ്ണാർക്കാട് താലൂക്ക്
ഒററപ്പാലം താലൂക്ക്
പാലക്കാട് താലൂക്ക്
ആലത്തൂർ താലൂക്ക്
ചിററൂർ താലൂക്ക്
W
N
E
S



# പുതുനഗരം ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ

# സമഗ്ര വികസനരേഖ

337

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

### പുതുനഗരം ഗ്രാമ പഞ്ചായത്ത്
### ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ



"നമ്മളാണ് ഭരണവും നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ നൻമ തിൻമ തീർക്കുക"
"ഇവിടെ നമ്മളുണരുക... ഇവിടെ നമ്മളുയരുക...
ഇവിടെയെന്ത് വേണമെന്ന് നമ്മൾ നിശ്ചയിക്കുക.."




എഡിറ്റർ

എം. സെയ്ത്മുഹമ്മദ് മാസ്റ്റർ

എഡിറ്റോറിയൽ സ്റ്റാഫ്

അലിമുഹമ്മദ്. എം
സുനിൽകുമാർ. ആർ
അബ്ദുൾ സലാം. ടി. എ
കെ. എം. മുഹമ്മദ് ഹമീം
കെ. എം. സൗക്കത്തുള്ള
നൂർജഹാൻ ടീച്ചർ
യു. ഇ. ബദറുദ്ദീൻ
കെ. വേലുണ്ണി
ജി. എം. സഹാവുദീൻ

കവർ ഡിസൈൻ

ബിനു അറയ്ക്കൽ
ഷിബി ഇസ്മായിൽ

ഡി. ടി. പി. & ലേ ഔട്ട്

അമ്പാൾ കമ്പ്യൂട്ടർ
ഡി. ടി. പി. സിസ്റ്റംസ്,
പാലക്കാട്

പ്രിന്റിംഗ്

അമ്പാൾ ക്വിക് പ്രിൻറ് ഷോപ്പ്
പാലക്കാട്. ഫോൺ/ഫാക്സ് 522764

339

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

| | |
|---|---|
| ചെയർമാൻ | **അലിമുഹമ്മദ് എം. (ഡി. ആർ. പി)**<br>സീനിയർ ലക്ചറർ, ഭൂമിശാസ്ത്ര വിഭാഗം<br>ഗവ: കോളേജ്, ചിറ്റൂർ. |
| കൺവീനർമാർ | **സുനിൽ കുമാർ രാജാമണി (ഡി. ആർ. പി)**<br>റിസർച്ച് ഫെല്ലോ<br>മധുര കാമരാജ് യൂണിവേഴ്സിറ്റി, മധുര |
| | **ടി. എ. അബ്ദുൾ സലാം (ഡി. ആർ. പി)**<br>ഓവർസിയർ<br>കുരിയാർകുറ്റി കാരപ്പാറ പ്രൊജക്ട്<br>കൊഴിഞ്ഞാമ്പാറ |
| ഡി. ആർ. പി.<br>മെമ്പർമാർ | കെ. കൃഷ്ണൻകുട്ടി<br>എ. അക്ബർ<br>കെ. എം. സൗക്കത്തുള്ള<br>എം. ഗുലാം റസ്സൂൽ |

## പഠന പര്യടനത്തിൽ പങ്കെടുത്തവർ

സിസ്റ്റർ ആനീസ് മാത്യു
പ്രീത
ജിഷ
റോഷ
ഗുരുവായൂരപ്പൻ
ഗിരി
സമീന
സുരേഷ്. പി. എം
അബ്ബാസ്
പ്രസാദ്
ബാലഗണപതി
സി. മണി

കെ. എ. അലാവുദീൻ
പഴണിയാണ്ടി മാസ്റ്റർ
എം. എം. ഹുസൈൻ മാസ്റ്റർ
ടി. എം. അബ്ദുൾ ജബാർ
പി. സി. അയ്യപ്പൻ
വിശ്വനാഥൻ
മുഹമ്മദ് ഇസ്സാക്ക്
സുരേഷ്
പീർ മുഹമ്മദ്

## ദ്വിതീയ സ്ഥിതി വിവര ശേഖരണം (സെക്കണ്ടറി ഡാറ്റ)

ജയപ്രകാശ് (യു. ഡി. സി, പുതുനഗരം ഗ്രാമപഞ്ചായത്ത്)
ഗുലാം റസൂൽ
സുജിത് കുമാർ. ആർ
പ്രേമകുമാരി. എ
വിജയലക്ഷ്മി
മണിമേഖല
വസന്ത
കമലം
ജന്നത്ത്
ബദറുന്നീസ

ഹൈ–റോജനീസ്
സജിതമ്മാൾ
വെങ്കടാചലം (എ.ഇ, കെ. എസ്. ഇ. ബി)
പി. എ. അബ്ദുൾ നാസർ
എച്ച്. ഇസ്മയിൽ
എസ്. നാസർ
മുകുന്ദൻ (വി. ഇ. ഒ)
സെയ്ത് മുഹമ്മദ് ( വി. ഇ. ഒ)
ജെസ്സി ചാക്കോ (ക്ഷീര വികസന ഓഫീസർ)
കൃഷി ഭവൻ, വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥർ

## മാപ്പുകൾ തയ്യാറാക്കിയവർ

സിജു ജോർജ്
ആദം കുട്ടി
ഷിസി ഇസ്മയിൽ
ഷൈൻ ഷങ്കർ ദാസ്
പ്രമോദ്. എ. കെ.
ബിനു അറയ്ക്കൽ
സുജിത് കുമാർ. ആർ
അബു താഹിർ
സുമയ്യ

## നാട്ടറിവ് ചരിത്രം ശേഖരിച്ചവർ


യു. ഇ. ബദറുദീൻ സാഹിബ്
പഴണിയാണ്ടി മാസ്റ്റർ
കെ. എം. സൗക്കത്തുള്ള

# ഭരണസമിതി

## പുതുനഗരം ഗ്രാമ പഞ്ചായത്ത്



യു. നൂർജഹാൻ ടീച്ചർ
(പ്രസിഡൻറ്)



കെ. വേലുണ്ണി
(വൈസ് പ്രസിഡൻറ്)



ഉഷാ കൃഷ്ണദാസ്
(ചെയർ പേഴ്സൺ,
സ്റ്റാൻഡിംഗ് കമ്മിറ്റി)



കെ. എം. മുഹമ്മദ് തമീം
(സെക്രട്ടറി)

## പുതുനഗരം ഗ്രാമ പഞ്ചായത്ത്



എ. സുലൈമാൻ
(മെമ്പർ)



ജി. എം. സഹാബുദീൻ
(മെമ്പർ)



എ. വി. ജലീൽ
(മെമ്പർ)



എൻ. ജൈലാബുദീൻ
(മെമ്പർ)



പി. ശശികല
(മെമ്പർ)

എം. അബ്ദുള്ളാഷാ തങ്ങൾ
(മെമ്പർ)

# ഉള്ളടക്കം


I ഭാഗം ഒന്ന്

1 ആമുഖം........ 11

2 പഞ്ചായത്ത്:പൊതുവിവരണം........ 13

3 സാമൂഹിക-സാംസ്കാരിക ചരിത്രം........ 17

4 ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം........ 21

II ഭാഗം രണ്ട്

സാമൂഹിക-സാമ്പത്തിക മേഖലകൾ........

1 കൃഷിയും ജലസേചനവും........ 27

2 മൃഗസംരക്ഷണവും മത്സ്യബന്ധനവും........ 41

3 വ്യവസായം........ 47

4 വിദ്യാഭ്യാസം........ 51

5 കുടിവെള്ളവും പൊതുജനാരോഗ്യവും........ 61

6 ഗതാഗതം, ഊർജം, മാർക്കറ്റ്........ 69

7 പാർപ്പിടവും സാമൂഹ്യക്ഷേമവും........ 75

8 സംസ്കാരം........ 87

9 വനിത........ 93

10 സഹകരണം........ 97

11 പട്ടികജാതി പട്ടികവർഗക്ഷേമം........ 99

12 വിഭവാമാഹരണം........ 103

III ഉപസംഹാരം........ 107


344

# ഭാഗം ഒന്ന്

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം
4. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

# 1

## ആമുഖം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഒമ്പതാം പദ്ധതി ജനകീയ ആസൂത്ര പദ്ധതിയാക്കി മാറ്റുവാൻ ആസൂത്രണബോർഡ് എടുത്ത തീരുമാനം സ്വാഗതം ചെയ്യപ്പെടേണ്ട ഒന്നാണ്. സ്വാതന്ത്ര്യം കിട്ടി 49-വർഷങ്ങൾ കടന്നുപോയി. എന്നാൽ ജനങ്ങളുടെ യാഥാർത്ഥ ആവശ്യം മനസ്സിലാക്കുന്നതിനുള്ള ഒരു ശ്രമവും ഇതുവരെ ഉണ്ടായിട്ടില്ല. ആസൂത്രണവും അധികാരവും മേൽതട്ടിൽ തന്നെ കേന്ദ്രീകരിക്കപ്പെട്ടിരുന്നു. ഇതു കാരണം ജനകീയാവശ്യങ്ങൾ നിരാകരിക്കപ്പെട്ടു. "ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ" എന്ന സ്വപ്നം തിരഞ്ഞെടുപ്പിൽ മാത്രം ഒതുങ്ങിനിന്നു. പഞ്ചായത്തീരാജ് ഭേദഗതി നിയമത്തിലൂടെ ജനങ്ങൾക്ക് അധികാരം കൈമാറുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. പ്രസ്തുത നിയമം നടപ്പിലാക്കിയതിനുശേഷം കേരളത്തിലെ പഞ്ചായത്ത് മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകൾ 1995 സെപ്റ്റംബർ മാസത്തിൽ നടക്കുകയുണ്ടായി. ഒക്ടോബർ 2-ാം തിയതി ഗ്രാമപഞ്ചായത്തു ഭരണ സമിതികൾ അധികാരമേറ്റു.

അധികാരം മുഴുവനായും പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ലെങ്കിലും അതു നൽകുന്നതിൻെറ മുന്നോടിയായി ആസൂത്രണം മുകളിൽ നിന്നു തുടങ്ങുന്നതിനുപകരം താഴെതട്ടിൽ നിന്നു തുടങ്ങുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. തുടർന്നുള്ള പരിശീലനങ്ങൾക്ക് ശേഷം ജനങ്ങളുടെ പ്രാദേശിക തലത്തിലുള്ള വികസന ആവശ്യങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ഇക്കഴിഞ്ഞ സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ കേരളത്തിലെ ഗ്രാമങ്ങളിൽ ഗ്രാമസഭാ ഘോഷങ്ങളായിരുന്നു. നാടും വീടും ഉണർന്ന് സമൂഹത്തിൻെറ വികസനത്തെ കുറിച്ച് കൂട്ടായിരുന്നുചിന്തിച്ചും ചർച്ചചെയ്തു പുതിയ പുതിയ നിർദ്ദേശങ്ങൾ എടുക്കുകയുമുണ്ടായി. ഗ്രാമസഭാ ചർച്ചകളിലൂടെ കണ്ണോടിച്ചാൽ നമുക്ക് കാണുവാൻ സാധിക്കുന്നത് ഒരു പുതിയ വികസന സംസ്കാരം കേരളത്തിൽ പിറവിയെടുക്കുവാൻ പോവുന്നതാണ്.

ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും തുല്യ പങ്കാളിത്തം, ജാതി-മത രാഷ്ട്രീയ ഭിന്നതകൾക്കതീതമായി ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് ഉറപ്പാണ്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നല്കിയാൽ ജനതാല്പര്യം സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നുവരുന്നുണ്ട്. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ, സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കുവാൻ

പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും തൃപ്തികരവുമായി നിർവഹിക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതി യുടെ എല്ലാ കൈവഴികളും നിയന്ത്രിക്കുവാൻ കഴിയുകയും ചെയ്യും.

പുതുനഗരം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് സെപ്റ്റംബർ 17-ാം തീയതിയോടുകൂടിയാണ്. ജനകീയാസൂത്രണത്തെ സംബന്ധിച്ച പരിശീലനമാണ് നടന്നത്. തുടർന്ന് സെപ്റ്റംബർ 21മുതൽ ഒക്ടോബർ 6 വരെ വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് അതതുവാർഡുകളിലെ വികസന പ്രശ്നങ്ങളെ വിലയിരുത്തി സാധ്യതകളും നിർദ്ദേശങ്ങളും കണ്ടെത്തി. തുടർന്ന് സെക്കൻററി ഡാറ്റ ശേഖരിക്കുന്നതിന് വിവിധ കമ്മിറ്റികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഒക്ടോബർ 17ന് ജനാധികാര കലാജാല പഞ്ചായത്തിൻെറ അഞ്ച് കേന്ദ്രങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ഒക്ടോബർ 16, 17 തീയതികളിൽ പഠനപര്യടനം (Transect walk) ചിറ്റൂർ കോളേജിലെ ബിരുദാനന്തര ഭൂമിശാസ്ത്ര വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടത്തുകയുണ്ടായി. പഞ്ചായത്തിലെ വിവിധ മേഖലകളുടെ മാപ്പുകളും തയ്യാറാക്കി.

നവംബർ 4-ാം തീയതി നടന്ന രണ്ടാംഘട്ട പരിശീലനത്തിനു ശേഷം നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസന റിപ്പോർട്ട് തയ്യാറാ ക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിച്ചു. 22-11-96 വെള്ളിയാഴ്ച വികസന റിപ്പോർട്ട് പൂർത്തിയാക്കി. 23-11-96 ന് ചേർന്ന ഗ്രാമ പഞ്ചായത്ത് ഭരണ സമിതി റിപ്പോർട്ട് ഐക്യകണ്ഠേന അംഗീകരിച്ചു. നവംബർ 30-ാം തീയതി ശനിയാഴ്ച പുതുനഗരം മുസ്ലീം ഹൈസ്ക്കൂളിൽ വെച്ചു നമ്മുടെ പഞ്ചായത്തിൻെറ വികസന സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

പുതുനഗരം ഗ്രാമപഞ്ചായത്തിലെ ബഹുജനരാഷ്ട്രീയ ബോധത്തിൻെറയും സന്നദ്ധസേവന മനസ്തിതിയുടെയും അടിത്തറ യിൽ, പൂർവ്വകാല സേവകരുടെ ഉത്തമപാരമ്പര്യ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാൻ, ചരിത്രത്തിൻെറ വർത്തമാന ദശസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിനുള്ള ആഹ്ലാദത്തോടെ "പുതുനഗരം ഗ്രാമ പഞ്ചായത്തിൻെറ സംഗ്രവികസന രേഖ" നാളെയുടെ ചരിത്രം യാഥാർ ത്ഥ മാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

347

# 2


## പുതുനഗരം ഗ്രാമപഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : പുതുനഗരം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : പുതുനഗരം |
| ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | : പുതുനഗരം |
| ബ്ളോക്ക് പഞ്ചായത്ത് | : കൊല്ലങ്കോട് |
| താലൂക്ക് | : ചിറ്റൂർ |
| അസംബ്ളി മണ്ഡലം | : കൊല്ലങ്കോട് |
| വിസ്തീർണ്ണം | : 9.24 ച.കി.മീ |
| ജനസംഖ്യ | : 15691 (1991) |
| പുരുഷൻ | : 7783 |
| സ്ത്രീ | : 7908 |
| അക്ഷരാഭ്യാസമുള്ളവർ | : 10617 |
| ജനസാന്ദ്രത | : 1698 ആളുകൾ / ച. കി.മീ. |
| വാർഡുകൾ | : 9 |

**അതിരുകൾ :**

| | |
|---|---|
| വടക്ക് | : പെരുവെമ്പ് പഞ്ചായത്ത് (പാലക്കാട് താലൂക്ക് ) |
| തെക്ക് | : വടവനൂർ പഞ്ചായത്ത് ( ചിറ്റൂർ താലൂക്ക് ) |
| കിഴക്ക് | : ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയും പട്ടഞ്ചേരി പഞ്ചായത്തും |
| പടിഞ്ഞാറ് | : കൊടുവായൂർ, പല്ലശ്ശേന പഞ്ചായത്തുകൾ. |
| പ്രസിഡന്റ് | : യു. നൂർജഹാൻ ടീച്ചർ |
| വൈസ് പ്രസിഡന്റ് | : കെ. വേലുമണി |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : ഉഷാ കൃഷ്ണദാസ് |
| മെമ്പർമാർ | : എസ്. സുലൈമാൻ, ജി.എം. സഹാബുദ്ദീൻ, എ.വി. ജലീൽ, എം. അബ്ദുള്ള ഷാതങ്ങൾ, എൻ. ജൈലാബുദ്ദീൻ, പി. ശശികല |
| സെക്രട്ടറി | : കെ.എം. മുഹമ്മദ് തമീം. |


348



പുതുനഗരം ഗ്രാമ പഞ്ചായത്ത്
N
പാലക്കാട്ടിലേക്ക്
കൊടുവായൂരിലേക്ക്
1
2
3
4
5
6
7
8
9
ചിറ്റൂർ - തത്തമംഗലം മുനിസിപ്പാലിറ്റി
വടവന്നൂർ പഞ്ചായത്ത്.
പല്ലശ്ശന
കൊല്ലങ്കോട്ടേക്ക്.
SCALE
mts 200 100 0 200 400 600 800 1000 mts

ചിത്രം 1

# ചൂണ്ടനഗരം ഗ്രാമ പഞ്ചായത്ത്
## ഭൂമിശാസ്ത്രപരമായ സ്ഥാനം



1 Cm = 1.25 KM

ചൂണ്ടനഗരം ഗ്രാമ പഞ്ചായത്ത്.

# 3

# സാമൂഹ്യ സംസ്ക്കാരിക പശ്ചാത്തലം.

പുതുനഗരത്തിൻെറ സാമൂഹിക - സാംസ്ക്കാരിക ചരിത്രം - ഏതാണ്ട് ക്രി.പി. 1400 മുതൽ ആരംഭിച്ചതായിട്ടാണ് പഴമക്കാരിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ കാലഘട്ടത്തിൽ പാലക്കാട് രാജാക്കൻമാരുടെയും കുതിരവട്ടം നാടുവാഴി ജൻമികളുടെയും അഭ്യർത്ഥനയുടെ ഫലമായി തമിഴ്നാട്ടിൽ നിന്ന് ചെട്ടിയാർ വംശരായ കച്ചവടക്കാർ ഇവിടെ കുടിയേറ്റം ആരംഭിച്ചു.

ഇതോടുകൂടി പുതുനഗരം ദേശത്തിൻെറ ചരിത്രം തുടങ്ങുകയായി. കുടിയേറിയ ജനങ്ങൾ പല ഗ്രൂപ്പുകളായി പല ഭാഗത്തും താമസം തുടങ്ങി. ഇതിൻെറ അടയാളമാണ് അടുത്ത കാലം വരെ നിലനിന്നിരുന്ന ചെട്ടിയാർ കുളവും അതോടനുബന്ധിച്ചുള്ള സത്രവും, മറ്റ് അമ്പലങ്ങളും ചെട്ടിയാർമാർ ഇവിടെ കുടുംബമായി താമസിച്ച് അടയ്ക്കയും തുണിയും മറ്റു സാധനങ്ങളും പല ഭാഗത്തും വില്പന നടത്തിയിരുന്നു. അവരുടെ ഉത്സവ പറമ്പാണ് കോമുട്ടി മൈതാനം (ഫെഡറൽ ബാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലം) എന്ന പേരിൽ അറിയപ്പെട്ടിരുന്നത്.

ഈ കാലഘട്ടത്തിൽ കരിപ്പോടുഭാഗത്ത് തമിഴ്നാട്ടിൽ നിന്ന് മന്നാടിയാർ വിഭാഗത്തിൽപെട്ട ഒരു ജനവിഭാഗം കൂടി വന്നു താമസം തുടങ്ങി. ചെറുകിട കച്ചവടവും ചെറിയ കൈത്തൊഴിലുകളിലും ഏർപ്പെട്ട് അവർ ഉപജീവനം കഴിച്ചിരുന്നു.

ഇതിനെല്ലാം മുമ്പുതന്നെ കുതിരവട്ടം നാടുവാഴികളുടെ കാര്യസ്ഥൻമാരായ നായൻമാരും അവരുടെ കൃഷി സംരക്ഷണത്തിനായി മറ്റു മലയാളി ജനവിഭാഗങ്ങളും ചെറിയ ചെറിയ ഗ്രൂപ്പുകളായി പല ഭാഗത്തും താമസിച്ചിരുന്നു.

ഈ കാലഘട്ടത്തിൽ തമിഴ്നാട്ടിലെ മുസ്ലീങ്ങൾ ഇവിടെ കൂട്ടം കൂട്ടമായി വന്ന് താമസം തുടങ്ങി. അവരുടെ വരവോടുകൂടി പഴയ താമസക്കാരായ ചെട്ടിയാർമാരുടെ നല്ലൊരു വിഭാഗം പാലക്കാട്ടിലേക്കും മറ്റും ചേക്കേറി. ഇവിടെ വന്ന് താമസം തുടങ്ങിയ മുസ്ലീം ജനവിഭാഗത്തിൽ നല്ലൊരു വിഭാഗം നെയ്ത്ത് പാരമ്പര്യ.തൊഴിലായി ഏറ്റെടുത്തവരാണ്. മറ്റൊരു ചെറിയ വിഭാഗം കച്ചവടക്കാരും ആയിരുന്നു. കച്ചവടകേന്ദ്രമാണെന്ന് മനസ്സിലാക്കി കർണ്ണാടകത്തിൽ നിന്ന് കന്നടം മാതൃഭാഷയായുള്ള ഒരു ചെറിയ സമൂഹം ഇവിടെ കുടിയേറിയിരുന്നു. അവർ മൺപാത്രം നിർമ്മാണത്തിൽ ഏർപെട്ടാണ് ഉപജീവനം കഴിച്ചുവന്നത്.

പുതിയ സ്ഥലത്ത് പുതിയ ജനവിഭാഗങ്ങളുടെ പ്രത്യേകിച്ചു തമിഴ് മുസ്ലീം ജനവിഭാഗങ്ങളുടെ കുടിയേറ്റമായതിനാൽ ഏതാണ്ടു ക്രി. പി. 1500 നു മുമ്പു തന്നെ പുതിയ നഗരം എന്നർത്ഥം വരുന്ന പുതുനഗരം എന്ന തമിഴ്ശൈലിയുള്ള പേരുണ്ടായി.

351

ഈ കാലയളവിൽ ഈ പ്രദേശത്തിൻെറ ഭരണ ചുമതല കുതിരവട്ടം ജൻമിനാടുവാഴികൾക്കായിരുന്നു. അതിനുശേഷം ടിപ്പുസുൽത്താൽ വന്നിരുന്നുവെങ്കിലും ഒരു സ്ഥിരമായ ഭരണം ഏർപ്പെടുത്താൻ കഴിഞ്ഞില്ല.

ഏതാണ്ട് ക്രി. പി. 1860 ഓടുകൂടി ബ്രിട്ടീഷുകാർ ഗ്രാമഭരണവും നികുതിപിരിവും ഏർപ്പെടുത്തി. ഈ പ്രദേശത്തിൻെറ നികുതിപിരിവ് മേലെത്തെരുവിൽ 'അധികാരിവീട്' എന്നറിയപ്പെട്ടിരുന്ന വീട്ടിലെ കുടുംബകാരണവർക്കായിരുന്നു. അതിനു ശേഷം പുതുനഗരം ഗ്രാമത്തെ കൊടുവായൂർ അംശത്തിൽ ഉൾപ്പെടുത്തി. പിന്നീട് രണ്ടും കൂടിയുള്ള സംയോജിത പ്രദേശമായിട്ടാണ് ഭരണം നടത്തിയിരുന്നത്.

ശിപായിലഹളക്കു ശേഷം നടന്ന ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി നടന്ന സമരങ്ങളിൽ പുതുനഗരത്തിലെ ജനങ്ങളും അവരുടെ പങ്കും വഹിക്കുകയുണ്ടായി. ഉദാഹരണമായി 1944- ലെ കൂലി കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ ചെടിമാർക്ക് ബീഡിതൊഴിലാളി സമരം . ഈ സമരം ചില ദിവസങ്ങൾകൊണ്ട് ബ്രിട്ടീഷുകാർക്കെതിരായുള്ള സ്വാതന്ത്ര്യ സമരമായി രൂപാന്തരപ്പെടുകയാണുണ്ടായത്. ഈ സന്ദർഭങ്ങളിൽ ജൻമിമാർക്ക് എതിരായിട്ടുള്ള കുടിയാൻമാരുടെ സമരവും നടന്നതായി പഴമക്കാർ പറയുന്നു. കർഷക തൊഴിലാളി സമരത്തെപറ്റി പറയുമ്പോൾ ഈ പ്രദേശത്ത് 1970 - ൽ നടന്ന കർഷകതൊഴിലാളി സമരവുംകൂടി രേഖപ്പെടുത്തേണ്ടതുണ്ട്. കരിപ്പോടു ചെട്ടിയത്തു കൊളുമ്പു കളത്തിലും വാരിയത്തുകളത്തിലും ഈ സമരം ഏതാണ്ട് ഒന്നരകൊല്ലം വരെ നീണ്ടുനിന്നു. 1988 - ൽ പുതുനഗരം റെയിൽവെസ്റ്റേഷൻ നിർത്തലാക്കിയതിനെനിതരെ സംഘടിപ്പിച്ച ബഹുജന പ്രക്ഷോഭത്തിൻെറ ഫലമായി നിർത്തൽ ചെയ്ത റെയിൽവെസ്റ്റേഷൻ പുനഃസ്ഥാപിക്കുകയുണ്ടായി.

ജനകീയ സമരങ്ങൾ ശക്തിപ്പെട്ടതോടുകൂടി ബ്രിട്ടീഷുകാർ ജനങ്ങൾക്ക് ചെറിയ തോതിൽ അധികാരം വിട്ടുകൊടുക്കുവാൻ തയ്യാറായി. അതിൻെറ ഭാഗമായി കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ കൈപൊക്കി ആൾക്കാരെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. പുതുനഗരം ദേശത്തിൻെറ പ്രതിനിധിയായി ജനാബ് അസ്സാൻ റാവുത്തരേയും മറ്റും തിരഞ്ഞെടുത്തതായി സ്ഥലത്തെ കാരണവൻമാരിൽ നിന്ന് അറിയാൻ കഴിഞ്ഞു.

സ്വാതന്ത്ര്യാനന്തരം മദ്രാസ് അസംബ്ളി പാസാക്കിയ നിയമം അനുസരിച്ച് പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി പഞ്ചായത്തു സമിതികൾ നിലവിൽ വന്നു. കൊടുവായൂർ പഞ്ചായത്ത് സമിതിയിൽ പല കാലഘട്ടങ്ങളിലായി ജനാബ് - മുഹമ്മദ് ഷാ തങ്ങൾ, NSN മുഹമ്മദ് കനിസാഹിബ്, ജനാബ് - എ.കെ അബ്ദുൾ ഖാദർ, ശ്രീമാൻ കെ.വി.കുമാരൻ, ശ്രീ.കെ. രാമചന്ദ്രൻ (കണ്ണനോട്), തുടങ്ങിയവരാണ് പുതുനഗരത്തെ പ്രതിനിധീകരിച്ച് കൊടുവായൂർ ഭരണസമിതിയിൽ ഉണ്ടായിരുന്നുത്.

ഓരോ പഞ്ചായത്തിലും ഒരു ഡിസ്പെൻസറിയും ഹൈസ്ക്കൂളും സ്ഥാപിക്കുക എന്നത്.

കേരളാ ഗവൺമെൻറ് നയമായി അംഗീകരിച്ചിരുന്നു. ഇതു സാധിച്ചെടുക്കണമെങ്കിൽ പുതുനഗരം ഒരു പ്രത്യേക പഞ്ചായത്ത് രൂപീകരിക്കേണ്ടത് ഒരു ആവശ്യമായിത്തീർന്നു. സാംസ്ക്കാരി സാമൂഹികരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുസ്ലീം ലീഗ് ഈ പ്രവൃത്തി കൂടി ഏറ്റെടുത്ത് നടത്തുവാൻ 1977- ൽ തീരുമാനിച്ചു.

അതിൻെറ പ്രവർത്തനവുമായി അന്നത്തെ മുസ്ലീംലീഗും എല്ലാ വിഭാഗം ജനങ്ങളും കൂടി നടത്തിയ ശ്രമങ്ങളെത്തുടർന്ന് 1979 - നവംബറിൽ അന്നത്തെ പഞ്ചായത്ത് വകുപ്പു മന്ത്രിയയായിരുന്ന ജനാബ് - നഹാസാഹിബ് പുതുനഗരത്തെ കൊടുവായൂരിൽ നിന്നു വേർപ്പെടുത്തി ഒരു പ്രത്യേകം പഞ്ചായത്ത് രൂപീകരിച്ചതായി ഉത്തരവു (GO (MS) 248 / 79 / L.A and SWNdl 27 -10 - 1979)പുറപ്പെടുവിച്ചു.

352

ആദ്യത്തെ പഞ്ചായത്തു ഭരണസമിതിയിൽ ജനാബ് M.H. മുഹമ്മദ് ഷാ തങ്ങളെ പ്രസിഡണ്ടായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. ഭരണസമിതിയിൽ N.S.N മുഹമ്മദ് ഗനി സാഹിബ്, യു.ഇ. ബദറുദ്ദീൻ, കെ. പി. അബ്ദുൾ മജീദ്, എ. വെള്ള, കെ.വി. കുമാരൻ, സി.എം. മുഹമ്മദ് യൂസഫ്, ഇന്ദിര. പി. മേനോൻ എന്നിവർ അംഗങ്ങളാണ്. 1980 - ൽ നടന്ന തിരഞ്ഞെടുപ്പിൽ ജനാബ് എം.എം. അബ്ദുൾ വഹാബ് ഹാജിപ്രസിഡൻറും, എം.എം. ഫറൂഖ്, വൈസ് പ്രസിഡണ്ടും, എസ്.എസ്. മുഹമ്മദ് ഹനീഫ, എസ്. ഷാഹുൽ ഹമീദ്, പി.എ. അബ്ദുൾ ജബ്ബാർ, ആർ. ചിന്നക്കുട്ടൻ, ശ്രീമതി. തങ്ക, ആർ നാരായണൻ എന്നിവർ അംഗങ്ങളുമായി ഭരണസമിതി നിലവിൽ വന്നു. 1988 ലെ തിരഞ്ഞെടുപ്പിൽ യു.ഇ. ബദറുദ്ദീൻസാഹിബ് പ്രസിഡണ്ടും, യു. ശാന്തകുമാർ വൈസ് പ്രസിഡണ്ടും, കെ.എ. കാദർമുഹമ്മദ്, ശ്രീമതി. സാറാ ഉമ്മ, എൻ.എ. ഷെയ്ക്കു മുസ്തഫ, ശ്രീമതി. സരോജനി നാരായണൻ, ശ്രീ. ഷൺമുഖൻ, ശ്രീ.കണ്ടൻ എന്നിവർ ഉൾപ്പെടുന്ന ഭരണസമിതി പഞ്ചായത്തുഭരണം നിർവഹിക്കുകയുണ്ടായി. 1995 - സെപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത് ശ്രീമതി യു. നൂർജഹാൻ ടീച്ചറാണ്. വൈസ് പ്രസിഡണ്ടായി കെ. വേലുമണി മെമ്പർമാരായി എസ്. സുലൈമാൻ ജി.എം. സഹാബുദ്ദീൻ, എ. വി. ജലീൽ, എം. അബ്ദുള്ള ഷാ തങ്ങൾ, എൻ. ജൈലാബുദ്ദീൻ ശ്രീമതി. ശശികല ശാന്തകുമാർ, ശ്രീമതി ഉഷാകൃഷ്ണദാസ് എന്നിവരെയും തിരഞ്ഞെടുത്തു. പഞ്ചായത്തീരാജ് നിയമമനുസരിച്ച് സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സനായി ശ്രീമതി ഉഷാ കൃഷ്ണദാസിനെയും തിരഞ്ഞെടുത്തു.

നിലവിലുള്ള ഭരണസമിതിക്കാണ് ജനകീയ ആസൂത്രണത്തിൻെറ മേൽനോട്ടം വഹിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുള്ളത്.

ഈ ചരിത്രകാലഘട്ടത്തിനിടയ്ക്കാണ് 1918 - ൽ പള്ളിബസാറിൽ ഒരു എലിമെൻററി സ്ക്കൂളും കരിപ്പോട് ഒരു എൽ. പി. സ്ക്കൂളും, 1944 ൽ പുതുനഗരം പോലീസ് സ്റ്റേഷനു സമീപം ഒരു ജി.എൽ. പി സ്ക്കൂളും സ്ഥാപിതമായത്. തമിഴ്വംശജർക്ക് ഭൂരിപക്ഷമുള്ള ഈ പ്രദേശത്തെ ജനങ്ങൾക്ക് മലയാള ഭാഷയിലൂടെ അറിവുനേടാൻ ഇതു സഹായകമായി . 1932 - ൽ ഈ പ്രദേശത്തുകൂടി ആദ്യമായി തീവണ്ടിഗതാഗതം (പാലക്കാട് - പൊള്ളാച്ചി) ആരംഭിച്ചത് ഇവിടെയുള്ള മരം - മാങ്ങ, പുളി, അടയ്ക്ക, മത്സ്യം തുടങ്ങിയ കച്ചവടങ്ങളുടെ അഭിവൃദ്ധിക്ക് സഹായകമായിത്തീർന്നത് രേഖപ്പെടുത്തത്തക്കതാണ്.

*പുത്തനങ്ങാടിയ്ക്കു പുതുജീവനേകുവാൻ*
*പുതുയുഗം പിറവിയെടുക്കയായ് മാളോരേ....*
*പുകയുന്ന കലികാല ജീവിതക്കാടുകൾ*
*പുഷ്പിത സൗരഭം വീശുന്ന കാലമായ് !*

353

# 4

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി.



പശ്ചിമഘട്ടത്തിലെ പാലക്കാടു ചുരത്തിൻെറ മദ്ധ്യഭാഗത്തു കൂടി ഒഴുകുന്ന ഭാരതപ്പുഴയുടെ പോഷകനദിയായ ശോകനാശിനിപുഴയിൽ നിന്നും 5 k.m. പടിഞ്ഞാറു കിടക്കുന്ന ഭാഗമാണ് പുതുനഗരം പഞ്ചായത്ത് പാലക്കാടു ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്തുള്ള ചിറ്റൂർ താലൂക്കിൻെറ പടിഞ്ഞാറു ഭാഗത്ത് കൊല്ലങ്കോടു ബ്ളോക്കിൽപ്പെടുന്നു പുതുനഗരം പഞ്ചായത്ത്. ഉത്തര അക്ഷാംശം $10^{0}$ 39 ′ നും $10^{0}$ 41′ നും കിഴിക്കേ രേഖാംശം $76^{0}$ 41′ നും $76^{0}$ 43′ ഇടയിൽ പാലക്കാടു ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്താണ് പുതുനഗരം പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വടക്ക് - പെരുവെമ്പ് പഞ്ചായത്തിലെ അത്തിയം പാടം തോടും, കിഴക്ക് ഉയർന്ന സമതലപ്രദേശവും, തെക്ക്, ഗായത്രിബ്രാഞ്ച് കനാലും, പടിഞ്ഞാറ് - നൊച്ചൂർ തോടും, തെക്കുപടിഞ്ഞാറ് - പല്ലശ്ശന പഞ്ചായത്തും അതിരുകളാണ്. ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണം 9.24 ച. കി.മീ. ആണ്.

ഭൂപ്രകൃതി അനുസരിച്ച് പുതുനഗരം പഞ്ചായത്തിനെ നാലു മേഖലകളായി തരം തിരിക്കാം. സോസർ ആകൃതിയിലുള്ള പാലക്കാടു ജില്ലയുടെ മദ്ധ്യഭാഗത്തു സ്ഥിചെയ്യുന്ന പുതുനഗരം പഞ്ചായത്തിൽ കുന്നിൻ ചരിവുകളോ, മലകളോ ഇല്ല. എങ്കിലും ഒന്നു രണ്ടു ഉയർന്ന പാറപ്രദേശങ്ങൾ ഈ പ്രദേശത്ത് ദൃശ്യമാണ്. പഞ്ചായത്തിലെ കരിപ്പോട് തറ, കുന്നം കാട്, കിഴക്കെതല പോലീസ് സ്ട്രീറ്റ്, പള്ളിതെരുവ്, വടക്ക് തെരുവ് തെക്കത്തിവട്ടാരം, നെല്ലിമേട് എന്നീപ്രദേശങ്ങൾ ഉയർന്ന സമതലവും പഞ്ചായത്തിൻെറ മദ്ധ്യഭാഗം, അടിച്ചറതോടിൻെറ ഇരുവശവും താഴ്വര പ്രദേശവുമാണ്. പഞ്ചായത്തൻറെ ഭൂരിഭാഗം പ്രദേശങ്ങൾ സമതല പ്രദേശവുമാണ്. പാമ്പൂരാം പാറ ഭാഗത്ത് മാത്രമാണ് പാറ ഉയർന്ന് നിൽക്കുന്ന പ്രദേശം കാണുന്നത്. ഈ പ്രദേശത്തെയാണ് ഇവിടെ കുന്നിൻമണ്ട എന്ന് കാണിച്ചിരിക്കുന്നത്. (ചിത്രം രണ്ട് ഭൂപ്രകൃതി കാണുക.)

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ തരം തിരിക്കുവാൻ കഴിയില്ല. കാരണം ഉയർന്ന പ്രദേശങ്ങൾ എന്നു പറയുന്ന സ്ഥലങ്ങളുടെ ഉയരം മൊത്തം 20 മീറ്ററിൽ കൂടുതൽ വരുന്നില്ല. പഞ്ചായത്തിൻെറ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 110 മീറ്റർ ആണ്. ഏറ്റവും ഉയരം കൂടിയ പ്രദേശം കുന്നംകാടാണ്. ഇതിനു 125 മീറ്ററിൽ കൂടുതൽ ഉയരം കാണില്ല. പൊതുവിൽ പഞ്ചായത്തിൻെറ വടക്കും തെക്കും ഭാഗങ്ങൾ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് സമനിരപ്പാണ്.


***ജലപ്രകൃതി***

വർഷത്തിൽ ശരാശരി 2397 mm മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. പഞ്ചായത്തിൻെറ പടിഞ്ഞാറ് നൊച്ചൂർ തോടും തെക്ക് അടിച്ചിറ തോടും ഒഴുകുന്നുണ്ട്. തോടുകളുടെ ആകെ നീളം 4k.m. വരും. ഇതിൽ പ്രധാന തോട് അടിച്ചിറ തോടാണ്. കൂടാതെ 86 കുളങ്ങളും കൂടി ചേർന്നതാണ് ഉപരിജലസ്രോതസ്സുകൾ. പ്രധാനകുളങ്ങളെ കുറിച്ചുള്ള വിവരങ്ങൾക്ക് ചിത്രം മൂന്ന് കാണുക. ഏകദേശം 6. ച.കി.മീ. പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നുണ്ട്.

354


## പുതുനഗരം ഗ്രാമ പഞ്ചായത്ത്

# ഭൂപ്രകൃതി



# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## ജലവിഭവ ഭൂപടം




ചിത്രം 3

കാലികമായി മോശമായ ജലം ലഭിക്കുന്ന പ്രദേശങ്ങൾ വടക്കേ അറ്റത്ത് കിടക്കുന്ന ജനങ്ങൾ തിങ്ങിപാർക്കുന്ന തെരുവുകളിലും, കുന്നംകാട്, കരിപ്പോടു തറ പ്രദേശങ്ങളിലുമാണ്. മാർച്ച്, ഏപ്രിൽ , മെയ് മാസങ്ങളിലാണ് ഏറ്റവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നത്.

***ജനപ്രകൃതി***

1991 - ലെ സെൻസസ് കണക്കുകൾ പ്രകാരം പുതുനഗരം പഞ്ചായത്തിലെ പഞ്ചായത്തിലെ ജനസംഖ്യ 15691 ആയിരുന്നു ഇതിൽ 7783 പുരുഷൻമാരും 7908 സ്ത്രീകളുമാണുള്ളത്. പുരുഷൻമാരെ അപേക്ഷിച്ച് 125 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 2368 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 6.62 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ച.കി.മീറ്ററിന് 1698 ആയിരുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 1422 ആണ്. പട്ടികജാതി പട്ടിക വർഗ്ഗ ജനസംഖ്യ 2243 ആണ്. ഇതിൽ പുരുഷൻമാരും 1127 സ്ത്രീകളുമുണ്ട്. ആകെ ജനങ്ങളിൽ 10617 പേർ സാക്ഷരരാണ്. വാർഡ് തലത്തിലെ ജനസംഖ്യാ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

വാർഡുതല ജനസംഖ്യാ വിവര പട്ടിക

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | SC/ST |
|---|---|---|---|---|
| I | 908 | 1180 | 2088 | 302 |
| II | 951 | 890 | 1841 | 89 |
| III | 773 | 794 | 1567 | ഇല്ല |
| IV | 851 | 860 | 1711 | ഇല്ല |
| V | 668 | 619 | 1239 | 381 |
| VI | 592 | 647 | 12339 | 381 |
| VII | 903 | 817 | 1720 | 328 |
| VIII | 1117 | 1168 | 2285 | 530 |
| IX | 1020 | 993 | 1953 | 498 |
| ആകെ | 7783 | 7908 | 15691 | 2243 |

വിദ്യാഭ്യാസരംഗത്ത് പാലക്കാട് ജില്ലയിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പുതുനഗരം. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം 1967- നു ശേഷം വളരെയധികം വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലേ ഇതിനൊരു പരിഹാരമാവുകയുള്ളൂ. തൊഴിൽ മേഖലകളിൽ വിവിധ ജാതിയിലുള്ള ജനങ്ങൾ ഒന്നിച്ച് ജോലി ചെയ്യുന്നത് ഈ പ്രദേശത്ത് കാണാൻ സാധിക്കുന്നുണ്ട്.

ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരമല്ലാത്തതും, പാരമ്പര്യതൊഴിൽ മേഖലകളായ തുണിനെയ്ത്തിൻെറ നാശവും ബീഡിവ്യവസായമേഖലയിലെ മുരടിപ്പും മറ്റുതൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ മുൻകാലങ്ങളിൽ നിലനിന്നിരുന്നുവെങ്കിലും സ്വാതന്ത്രസമരവും മറ്റു തൊഴിൽ സമരങ്ങളും മതനിരപേക്ഷാസംസ്ക്കാരത്തിൻെറ വളർച്ചക്ക് സഹായകരമായി. ഇതിൻെറ ഫലമായി മതനിരപേക്ഷാ സംസ്ക്കാരം ജനങ്ങളുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൊഴിൽ മേഖലകളിൽ വിവിധ ജാതിയിലുള്ള ജനങ്ങൾ ഒന്നിച്ചു ജോലി ചെയ്യുന്നത് ഈ പ്രദേശത്ത് കാണുവാൻ സാധിക്കുന്നുണ്ട്.

357

# ഭാഗം രണ്ട്

## സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. ഗതാഗതം, ഊർജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി പട്ടികവർഗക്ഷേമം
12. വിഭവ സമാഹരണം

358

# 1

# കൃഷിയും ജലസേചനവും



പൂതുനഗരം തികച്ചും ഒരു കച്ചവട ഗ്രാമമാണ്. ഉയർന്ന സമതലങ്ങളും അടിച്ചിറതോടിനോട് ചേർന്നുള്ള താഴ്വരകളും ചേർന്നതാണ് ഇവിടുത്തെ ഭൂപ്രദേശം. ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരി ഭാഗവും തിങ്ങിത്താമസിക്കുന്നത് പുതുനഗരം ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 5, 6 വാർഡുകളിലാണ്. ഈ ഭാഗത്തെ ജനങ്ങളിലധികവും കച്ചവടവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളിലാണ് പ്രവർത്തിക്കുന്നത്. 6, 7, 8, 9 വാർഡുകളിലാണ് കൃഷിഭൂമിയും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവരും ജീവിക്കുന്നത്. മുഖ്യ കൃഷി നെല്ല്, തെങ്ങ് എന്നിവയാണ്. ഇടവിളകളായി വരമ്പുകളിൽ പയർ, വെണ്ട, തുവര, മുതലായവയും പറമ്പുകളിലും വീടുവളപ്പിലും കിഴങ്ങുകളും കൃഷിചെയ്ത് വരുന്നു.


സമുദ്രനിരപ്പിൽ നിന്നും ഏകദേശം 110 മീറ്റർ ഉയരത്തിൽ കിടക്കുന്ന പുതുനഗരം ഗ്രാമപഞ്ചായത്ത് പൊതുവായി ഒരു സമതല പ്രദേശമാണ്. ഭൂപ്രദേശത്തിൻെറ നിമ്നോന്നതയിൽ വലിയ വ്യത്യാസം കാണുവാൻ സാധിക്കാത്തതിനാൽ നിമ്നോന്നതയെ അടിസ്ഥാനമാക്കി തരംതിരിച്ചിട്ടില്ല. എങ്കിലും സൗകര്യത്തിനായി പ്രാദേശികാടിസ്ഥാനത്തിൽ ഉയർന്ന സമതലം, കുന്നിൻമണ്ട, താഴ്വര, എന്നീ 3 വിധത്തിൽ തരംതിരിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 9.24 ചതുരശ്ര കിലോമീറ്റർ വരും. പഞ്ചായത്തിൻെറ വടക്കും തെക്കുമുള്ള ഭാഗങ്ങൾ സമനിരപ്പിലുള്ളതാണ്. മധ്യഭാഗം താഴ്വരപ്രദേശവുമാണ്. പഞ്ചായത്തിലെ എല്ലാം നീരൊഴുക്കുകളും അടിച്ചിറതോടുമായിട്ടാണ് സന്ധിക്കുന്നത്.

ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി കൈവശം ഉള്ളവരാണ്. ഇത് സംബന്ധിച്ച വിവരം താഴെക്കൊടുക്കന്നു. (ചിത്രം നാല് കാണുക.)

359

## പുതുനഗരം ഗ്രാമ പഞ്ചായത്ത്.

## കൈവശ ഭൂമി വിസ്തീർണ്ണം.




ചിത്രം 4

പട്ടിക

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 765 |
| 2 | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ | 177 |
| 3 | രണ്ടു ഹെക്ടറിനു മുകളിൽ | 70 |

ആളോഹരി കൃഷിഭൂമി .05 ഹെക്ടറാണ്. അതേ സമയം സംസ്ഥാനത്തിൻേറത് .07 ആണ്.

ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതിന് മൻപ് കൃഷിഭൂമിയുടെ ഭൂരിഭാഗം ഉടമസ്ഥരും വൻകിടക്കാരായ ജൻമിമാരിൽ നിക്ഷിപ്തമായിരുന്നു. അതുകൊണ്ട് തന്നെ ശ്രദ്ധയും പരിചരണവും നെൽകൃഷിക്കായിരുന്നു ലഭിച്ചിരുന്നത്. മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകൾ കുളങ്ങൾ എന്നിവ സംരക്ഷിച്ചും കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു.

പഞ്ചായത്ത് ഭൂപ്രദേശത്തിൻെറ ഏകദേശം 45% നെൽകൃഷി ചെയ്യുന്ന വയലുകളാണ്. അവ ഏകദേശം 402 ഓളം ഹെക്ടർ വരും. ഇതിൽ 340 ഹെക്ടർ ഭൂമിയും സമതലപ്രദേശമാണ്. ഇതിൽ 7-ാം വാർഡിലാണ് ഏറ്റവും കൂടുതൽ നെൽകൃഷി ചെയ്യുന്നത്. 3, 4, 5 വാർഡുകളിൽ കൃഷിഭൂമി തീരെയില്ല. ഈ പ്രദേശങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തെരുവുകളും കച്ചവട സ്ഥാപനങ്ങളുമാണുള്ളത്. ഭൂമി സംബന്ധിച്ച വിവരത്തിന് ചിത്രം അഞ്ചും പതിനൊന്നും കാണുക.


ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവച്ച് സംരക്ഷിച്ച്, വരുന്നുണ്ടെങ്കിലും തോടുകളുടെ ബണ്ടുകൾ ഭിത്തികെട്ടി സംരക്ഷിക്കാത്തത് കാരണം കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. മീൻകര, മൂലത്തറ (R.B.C) വഴി കിട്ടുന്ന ജലം ഡിസംബർ ജൂൺമാസങ്ങളിൽ ജലസേചനത്തിന് ലഭിക്കുന്നു. പക്ഷേ ജലം അപര്യാപ്തമാണ്. നാടൻ ജലസേചന ഉപകരണങ്ങൾ വളരെ ദുർബലമായേ ഉപയോഗിക്കാറുള്ളു. കീട നിയന്ത്രണത്തിന് കീടനാശിനികളാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്.

തെങ്ങ് കൃഷിയോട് ഈ പ്രദേശത്തെ കൃഷിക്കാർക്ക് അടുത്തകാലം വരെ താൽപര്യമുണ്ടായിരുന്നില്ല. കാർഷികോല്പന്നങ്ങൾക്ക് വിപണന കേന്ദ്രമോ, സംഭരണ കേന്ദ്രമോ ഇവിടെ ഇല്ലാത്തതിനാൽ കർഷകർ നേരിട്ട് ഇടത്തട്ടുകാർ മുഖേനയുമാണ് ഇവ വിറ്റഴിച്ചിരുന്നത്. ഭൂപരിഷ്ക്കരണം നടപ്പിലായതോടെ കൃഷിഭൂമി ലഭിച്ച കർഷകർ നെൽകൃഷിയോടൊപ്പം വയൽവരമ്പുകളിലും ഉയർന്നപൊറ്റകളിലും തെങ്ങ് കൃഷി ചെയ്യുവാൻ തുടങ്ങി. ഉയർന്ന കൂലി നിരക്കും കർഷകതൊഴിലാളികളുടെ അഭാവവുമാണ് കൃഷിക്കാരെ നെൽകൃഷിയിൽ നിന്നും അകറ്റിയത്. ഈ പഞ്ചായത്തിൽ റോഡരികിലുള്ള കൃഷിനിലങ്ങൾ നികത്തുന്ന പ്രവണത അടുത്തകാലത്ത് മാത്രമാണ് കാണപ്പെട്ട് തുടങ്ങിയത്. ഇതിൻെറ പിന്നിൽ റിയൽഎസ്റ്റേറ്റ് ഏജൻറുമാരുടെ സംഘമാണ് പ്രവർത്തിക്കുന്നത്. പച്ചക്കറികൃഷി പൊതുവേ കർഷകർക്കിടയിൽ സ്വീകാര്യമായി കാണുന്നില്ല. ഈ പ്രദേശത്തിൻെറ പച്ചക്കറി ആവശ്യം മുഴുവനും തമിഴ്നാട് വഴിയാണ് ലഭിക്കുന്നത്. വിള ഇനങ്ങളുടെ വിവരത്തതിന് ചിത്രം ആറ് കാണുക.

നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാരുടെ മക്കൾ ആധുനിക വിദ്യാഭ്യാസം തേടി വിവിധ കാർഷികേതര മേഖലകളിൽ പ്രവർത്തിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ തോടുകൾ എന്നിവ സംരക്ഷിച്ചു പോന്നിരുന്ന അവസ്ഥക്ക് മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞ് നാശമായിപ്പോയിക്കൊണ്ടിരിക്കുകയാണ്.


361

## പുതുനഗരം ഗ്രാമ പഞ്ചായത്ത്
## ഭൂമി സംബന്ധിച്ച വിവരങ്ങൾ




ചിത്രം 5

## പുതുനഗരം ഗ്രാമ പഞ്ചായത്ത്
## പുറമ്പോക്ക് വിവരം ഹെക്ടറിൽ.




ചിത്രം 11



പുതുനഗരം പഞ്ചായത്ത്
വിള ഇനങ്ങൾ
N
-INDEX-
നെല്ല്
തെങ്ങ്
അടക്ക
വാഴ
മറ്റുള്ളവ
തരിശ്
SCALE
mts 200 100 0 200 400 600 800 1000 mts
ചിത്രം 6

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 924 ഹെക്ടറാണ്. ഉയർന്ന സമതലം, കുന്നിൻ മണ്ട, താഴ്വര, തോട് എന്നിവയായാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട ഭൂവിനിയോഗ ചിത്രം കാണുക. (ചിത്രം രണ്ട് )

പുതുനഗരം പഞ്ചായത്തിൽ വിവിധതരത്തിലുള്ള മണ്ണിനങ്ങൾ കാണപ്പെടുന്നു. പ്രധാനമായി ചെമ്മണ്ണ്, ചെമ്മൺമണൽ, ചെളിമണ്ണ്, കരിമണൽ എന്നിവയാണ്. (ചിത്രം എട്ട് കാണുക)

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ നെല്ലാണ് പരമ്പരാഗതമായി കൃഷിചെയ്ത് വരുന്നത്. അടിച്ചിറ, പ്രദേശങ്ങളിൽ റബർകൃഷി ആരംഭിച്ചിട്ടുണ്ട്. വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ്, കവുങ്ങ് എന്നിവ ചില ഭാഗങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. (ചിത്രം ഏഴ് കാണുക)
നെൽകൃഷിയുടെ ഉൽപ്പാദനം ഹെക്ടറിന് 2.48 ടൺ ആണ്. തെങ്ങിൻെറ വാർഷിക ഉൽപ്പാദനക്ഷമത ഹെക്ടറിൽ 14400 എണ്ണമാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ഈ പ്രദേശങ്ങളിൽ തെങ്ങ് കൃഷി മാത്രമായി ചെയ്യുന്നതായി കാണുന്നില്ല. ശരാശരി ഒരേക്കറിൽ 80 തെങ്ങാണ് നിലവിലുള്ളത്.

## വളം

കൃഷിക്കുപയോഗിക്കുന്നതിൽ 90% വും രാസവളങ്ങളാണ്. രാസവളങ്ങളുടെ ഉപയോഗം അമിതചെലവ് ഉണ്ടാക്കുന്നു. മണ്ണ് പരിശോധന നടത്തുന്നുണ്ടെങ്കിലും, അതിൻെറ വിവരങ്ങൾ കൃഷിക്കാരെ അറിയിക്കാത്തത് മൂലം പരിശോധനാടിസ്ഥാനത്തിലുള്ള വളപ്രയോഗം നടത്തുവാൻ കൃഷിക്കാർക്ക് സാധിക്കുന്നില്ല. വള വിൽപന കേന്ദ്രങ്ങളിൽ ഒന്ന് സ്വകാര്യമേഖലയിലും ഒന്ന് സഹകരണ അടിസ്ഥാനത്തിലുമാണ്. വളവിൽപ്പനയുടെ വിവരം ലഭ്യമല്ല.

## കീടനാശിനികൾ

നെല്ല്, പച്ചക്കറി, തെങ്ങ്, വാഴ, മാവ് എന്നിവയ്ക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ച് വരുന്നത്. കൃഷിഭവനിൽ നിന്നുള്ള സേവനങ്ങൾ കൃഷിക്കാർക്ക് ശരിയായ രീതിയിൽ ലഭിക്കാത്തത് കാരണം കീടനാശിനി ഉപയോഗിക്കുന്നതിൽ മുൻകരുതലുകളോ, ശാസ്ത്രീയമായ രീതിയോ അവലംബിക്കുന്നില്ല.

## കാർഷികോപകരണങ്ങൾ

പാടശേഖരക്കമ്മിറ്റികൾക്കായി കൃഷിഭവൻമുഖേന നൽകിയ കാർഷികോപകരണങ്ങളുടെ വിവരം പട്ടികയിൽ കൊടുക്കുന്നു.


**പട്ടിക**

| ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്പ് സ്റ്റാക്ക് സ്പ്രേയർ | മറ്റുള്ളവ | മെതി യെന്ത്രം | തെങ്ങ്കയറ്റ് യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|
| 5 | 4 | 190 | 5 | 25 | 1 | 2 | 1 | 1 |

365

# പുതുനഗരം ഗ്രാമ പഞ്ചായത്ത്


## മണ്ണിനങ്ങൾ




ചിത്രം 8

366

## പുതുനഗരം ഗ്രാമ പഞ്ചായത്ത്
## വിള വിസ്തീർണവിവരം




ചിത്രം 7

## പാടശേഖര സമിതികൾ

പാടശേഖര സമിതികളായ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 10 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. പലതും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുള്ള പരാതി. പാടശേഖര സമിതികൾ താഴെപ്പറയുന്നവയാണ്.

1. കരിപ്പോട് തറ
2. തോട്ടുമേട്
3. ഇല്ലത്ത്കൊളുമ്പ്
4. വാരിയത്ത്കളം
5. വടകരപ്പാല
6. ആന്തൂർപ്പാടം
7. പാലയ്ക്കാംപാടം
8. കാണൂർകളം
9. പടിക്കൽപ്പാടം
10. പാമ്പൂരാൻ പാറ

## കൂലിനിരക്ക്

ഈ പഞ്ചായത്തിലെ കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരുകയാണ്. പുതിയ തലമുറ വിദ്യാഭ്യാസം നേടിയതോടെ കൃഷിയോടുള്ള ആഭിമുഖ്യം കുറവായിക്കാണുന്നു. അഞ്ഞൂറോളം കുടുംബങ്ങളെ കൃഷിയോടനുബന്ധിച്ചിട്ടുള്ള ജോലിയിൽ ഏർപ്പെട്ടിട്ടുള്ളൂ. കാർഷിക തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷന് 60 രൂപയും സ്ത്രീകൾക്ക് 35 രൂപയുമാണ്.

## കാർഷിക വായ്പ

ഒരു സഹകരണ സ്ഥാപനമടക്കം 3 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇതുകൂടാതെ, ചിറ്റൂർ താലൂക്ക് കാർഷിക വികസന ബാങ്കിൽ നിന്നും വർഷംതോറും കാർഷിക ലോണുകൾ നൽകാറുമുണ്ട. കൃഷിക്ക് വേണ്ടി അനുവദിക്കുന്ന ലോണുകൾ മറ്റാവശ്യത്തിനുപയോഗിക്കുന്നുണ്ടെന്നാണ് പൊതുവേ അഭിപ്രായം. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

## ജലസേചനം


പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് ഈ പഞ്ചായത്തിൽ കൃഷി നടത്തുന്നത്. ജൂൺ മുതൽ ആഗസ്റ്റ്വരെ ലഭിക്കുന്ന കാലവർഷം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷം, വടക്ക് കിഴക്കൻ മൺസൂൺ തുടങ്ങിയവയിൽ ശരാശരി 2172 മില്ലീ മീറ്റർ മഴ ലഭിക്കുന്നു. ജലസേചനസൗകര്യവിവരത്തിന് ചിത്രം ഒൻപത് കാണുക.

പഞ്ചായത്തിലെ ആകെയുള്ള ഒരു തോട് അടിച്ചിറതോടാണ്. ഈ പഞ്ചായത്ത് പ്രദേശത്തിലെ ചെറ്നീരൊഴുക്കുകൾ അടിച്ചിറതോടിലും നൊച്ചൂർ തോടുകളിലുമാണ് ചേരുന്നത്. മൊത്തം തോടുകളുടെ നീളം 4 മീറ്റർ വരും.

368


# വൃത്തനഗരം ഗ്രാമ പഞ്ചായത്ത്

## ജലസേചനസൗകര്യ വിവരം.




ചിത്രം ൧

പൂത്തനഗരം ഗ്രാമ പഞ്ചായത്ത്
കുളങ്ങളുടെ വിവരം (വാർഡുതലത്തിൽ)




ചിത്രം 10

## കുളങ്ങൾ

വലുതും ചെറുതുമായ 86 കുളങ്ങൾ ഉണ്ട്. (ചിത്രം പത്ത് കാണുക) പക്ഷേ കുളങ്ങളൊന്നും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല മുൻകാലങ്ങളിൽ ഇവ വേനൽക്കാല പച്ചക്കറി കൃഷിക്കുപയോഗിച്ചിരുന്നു. മിക്ക കുളങ്ങളും വേനൽക്കാലത്ത് വറ്റിപ്പോവുന്നവയാണ്.

## കൃഷിഭവൻ

പുതുനഗരം ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ 1987 ലാണ് നിലവിൽ വന്നത്. വളരെ പ്രതീക്ഷയോട് കൂടി ആരംഭിച്ച കൃഷിഭവൻെറ പ്രവർത്തനം തൃപ്തികരമല്ല. ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസിസ്റ്റൻറ്മാരുമുള്ള കൃഷിഭവൻെറ പ്രവർത്തനം കാർഷിക മേഖലയിൽ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കൃഷിഭവനിൽ ഒരു അസിസ്റ്റൻറിൻെറ കുറവുണ്ട്.

## പ്രശ്നങ്ങൾ

1. മൂലത്തറ, മീൻകര, കനാലുകളിൽ നിന്നുള്ള ജലസേചനം തൃപ്തികരമല്ല. ശോചനീയാവസ്ഥയിലാണ് കനാലുകൾ
2. കൃഷിയെ ബാധിക്കുന്ന കീടരോഗങ്ങൾ മുഞ്ഞ, ഓല കരിച്ചിൽ, ചാഴി, ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, നീരുറുഞ്ചിക്കുടിക്കുന്ന പ്രാണികൾ എന്നിവയാണ്.
3. രാസവളപ്രയോഗം, കീടനാശിനിപ്രയോഗം, ജൈവവളപ്രയോഗവും ശാസ്ത്രീയമല്ല.
4. കൃഷി ഉൽപ്പന്നങ്ങൾക്ക് വിപണിയില്ല.
5. സംഭരണവും, വിതരണവും, ഉൽപ്പന്നവിലയും തൃപ്തികരമല്ല.
6. കാർഷികതൊഴിലാളികളുടെ ദൗർലഭ്യം കാർഷികരംഗത്തെ പ്രധാനപ്രശ്നമാണ്.
7. നെല്ലുല്പാദനക്ഷമത മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് കുറവാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിൻെറ സാമ്പിളുകൾ എടുത്തുകൊണ്ടുപോയത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗത്തെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കൃഷിഭവന് കഴിയണം. കൃഷിഭവൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ എല്ലാ വിഭാഗം കർഷകർക്കും ലഭ്യമാക്കണം.
2. തോടുകളും കനാലുകളും നവീകരിക്കുകയും അവയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യണം.
3. നെല്ല് സംഭരണങ്ങൾ സഹകരണ കേന്ദ്രങ്ങൾ വഴി നടത്തണം അതുവഴി വിലനിലവാരം പിടിച്ചുനിർത്തണം.
4. ജൈവവളങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.
5. ഇടവിളകളും വേനൽക്കാല പച്ചക്കറി കൃഷിക്കും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം.
6. ഗുണമേൻമയുള്ള വിത്തിനങ്ങൾ ലഭ്യമാക്കണം.
7. കാർഷികമേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യമുണ്ട്. പരിഹരിക്കുവാൻ യന്ത്രവൽക്കരണ സഹായങ്ങൾ ലഭ്യമാക്കുക.

371

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പശു, എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വളർത്തു മൃഗങ്ങൾ. നാടൻ കോഴികളാണ് ഏറിയപങ്കും വീടുകളിൽ കണ്ടുവരുന്ന വളർത്തു പക്ഷി. ഏകദേശം 65% വീടുകളിലും കോഴികളെ വളർത്തിവരുന്നുണ്ട്. 30% വീടുകളിൽ ആടുകളേയും വളർത്തിവരുന്നു. ഇവിടെ ഇപ്പോൾ 885 പശുക്കളേയും 38 എരുമകളേയും 7755 കോഴികളേയും വളർത്തി വരുന്നുണ്ട്. താറാവ് ആകെ 29 എണ്ണം മാത്രമേ ഉള്ളൂ. കൂടാതെ സ്വകാര്യ മേഖലയിൽ രണ്ട് ഹാച്ചറി ഫാം പ്രവർത്തിച്ചു വരുന്നു.

1 മുതൽ 5 വരെ വാർഡുകളിൽ ജനങ്ങൾ വളരെ തിങ്ങിപ്പാർക്കുന്നതു കൊണ്ട്. ഈ പ്രദേശങ്ങളിൽ കാലി വളർത്തൽ ശ്രമകരമാണ്. ആയതിനാൽ പ്രസ്തുത വാർഡുകളിൽ കന്നുകാലികളെ വളരെ ചുരുക്കം ചില വീടുകളിൽ മാത്രമേ വളർത്തുന്നുള്ളൂ. 6 മുതൽ 9 വരെ വാർഡുകൾ ഗ്രാമപ്രദേശങ്ങളും, നെൽപ്പാടങ്ങൾ ഉൾക്കൊണ്ട പ്രദേശങ്ങളും ആയതുകൊണ്ട്, കൂടുതലല്ലെങ്കിലും ചെറിയ രീതിയിൽ കന്നുകാലികളെ സംരക്ഷിച്ചു വരുന്നു. പട്ടികയും ചിത്രം 12 ഉം 20 ഉം കാണുക.

വളർത്തു മൃഗങ്ങൾ


| മൃഗങ്ങളുടെ ഇനം | 1996 എണ്ണം |
|---|---|
| പശു | 885 |
| എരുമ | 38 |
| ആട് | 850 |
| കോഴി | 7755 |
| താറാവ് | 29 |

അവലംബം സെക്കൻററി ഡാറ്റ

കൃഷിയാവശ്യങ്ങൾക്ക് യന്ത്രസാമഗ്രികളേയും ചരക്കുകൾ കടത്തുന്നതിന് ലോറി, ടെമ്പോ എന്നീ വാഹനങ്ങളെ ആശ്രയിക്കുന്നതു കൊണ്ടും, കാളവണ്ടി ആരും തന്നെ ഉപയോഗിക്കാത്ത സാഹചര്യമായതിനാലും, കാളകളെ വീടുകളിൽ സംരക്ഷിച്ചു വരുന്നില്ല. മേച്ചിൽപ്പുറങ്ങളോ, ആവശ്യത്തിന് പുല്ല്, വൈയ്ക്കോൽ എന്നിവയുടെ ലഭ്യതയോ ഇല്ലാത്തതാണ് പൊതുവിൽ കാലികളെ വളർത്തുന്നതിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുന്ന ഘടകം. പഞ്ചായത്തിൽ മൊത്തം സംഭരിക്കുന്ന പാലിൻെറ അളവ് ലഭ്യമല്ല. ആകെയുള്ളത് മൂന്ന് പാൽ വിതരണ സഹകരണ സംഘങ്ങളാണ്. ഇവയുടെ പ്രവർത്തനവും വളരെ ശോച്യാവസ്ഥയിലാണ്. ഉത്പ്പാദകരെ മുഴുവൻ അംഗങ്ങളാക്കി വീടുകളിൽ

372

## പുതുനഗരം ഗ്രാമ പഞ്ചായത്ത്
## വളർത്തു മൃഗങ്ങളുടെ സംഖ്യ




ചിത്രം 12

പോയി പാൽ സംഭരിച്ച് നല്ല നിലയിലുള്ള പ്രവർത്തനം നടത്തി സംഭരണശേഷി കൂട്ടിയാൽ മാത്രമേ സഹകരണ സംഘങ്ങളെ ലാഭകരമായ രീതിയിലാക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ പുതുനഗരത്ത് ഉദ്പ്പാദിപ്പിക്കുന്ന പാലിൽ നല്ലൊരു ശതമാനം, കൊടുവായൂരിലുള്ള സൊസൈറ്റികളാണ് സംഭരിച്ച് കൊണ്ട് പോകുന്നത്. ഇവിടെയുള്ള സൊസൈറ്റികൾ നേരിട്ട് വീടുകളിൽ പോയി പാൽ സംഭരിക്കാത്തതു കൊണ്ട് ഉദ്പ്പാദകർ തന്നെ നേരിട്ട് അടുത്ത വീടുകളിലേക്ക് വിതരണം ചെയ്തു വരുന്നു.

പഞ്ചായത്തിൽ 'മൃഗാശുപത്രി' എന്നൊന്നില്ല. ആകെയുള്ളത് കരിപ്പോടിലുള്ള ഒരു സബ് സെൻററാണ്. ഇതിൽ ചികിത്സാ സൗകര്യങ്ങൾ വളരെ പരിമിതമാണ്. കൂടാതെ ഇതിലൂടെ പഞ്ചായത്തിൻെറ എല്ലാ സ്ഥലങ്ങളിലുള്ളവർക്കും സേവനം ലഭിയ്ക്കുന്നല്ല. പഞ്ചായത്തിലുള്ള മുഴുവൻ ആളുകളും ആശ്രയിക്കുന്നത് പെരുവെമ്പ്, കൊടുവായൂർ, ചിറ്റൂർ എന്നീ പ്രദേശങ്ങളിലുള്ള മൃഗാശുപത്രികളെയാണ്. ആവശ്യത്തിന് ചികിത്സ ലഭ്യല്ലാത്തതുകൊണ്ട് രോഗം മൂർച്ഛിച്ച് കന്നുകാലികൾ ചത്തുപോകാറുമുണ്ട്.

കന്നുകാലികൾക്ക് സാധാരണയായി കുളമ്പുദീനം, അടപ്പൻ, അകിടുവീക്കം, വയറിളക്കം എന്നീ രോഗങ്ങളാണ് കണ്ടുവരുന്നത്. ശുചിത്വം ഇല്ലായ്മയും തൊഴുത്തുകളുടെ പോരായ്മയും, കാലികളെക്കുറിച്ചുള്ള പൊതു അറിവില്ലായ്മയുമാണ് രോഗങ്ങൾ കൂടാനും, കാലികൾ ചത്തൊടുങ്ങാനും കാരണം. കൃത്രിമ ബീജസങ്കലനത്തിൻെറ വിവരത്തിന് ചിത്രം 13 കാണുക

പഞ്ചായത്തിൽ മൊത്തം 15 ഗോബർഗ്യാസ് പ്ലാൻറുകൾ ഉണ്ട്. അറ്റകുറ്റപ്പണികൾ ചെയ്യാത്തതുകൊണ്ട് പലതും പ്രവർത്തന യോഗ്യമല്ല. ഗോബർ ഗ്യാസ് പ്ലാൻറുകളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തി സർക്കാർ സാമ്പത്തിക സഹായത്തിലൂടെ കൂടുതൽ വീടുകളിൽ ഗോബർഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാവുന്നതാണ്.

ഇറച്ചിക്കോഴി വില്പ്പന കേന്ദ്രങ്ങൾ ധാരാളം ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ ഇറച്ചിക്കോഴികളെ തമിഴ്നാട്ടിൽ നിന്നും വാങ്ങിയാണ് കച്ചവടം ചെയ്തു വരുന്നത്. നല്ല നിലയിൽ കച്ചവടവും നടന്നു വരുന്നുണ്ട്. ആയതിനാൽ കച്ചവടാവശ്യത്തിനായി സഹകരണാടിസ്ഥാനത്തിൽ കോഴികളെ ഉദ്പ്പാദിപ്പിച്ച് വിതരണം ചെയ്താൽ വൻ വിജമായിരിക്കും.


വളരെയധികം ലാഭം ലഭിയ്ക്കുന്ന ഒരു തൊഴിൽ മേഖലയാണ് മുയൽ വളർത്തൽ. ഇറച്ചി ആവശ്യങ്ങൾക്ക് മുയൽ വളർത്തൽ ലാഭകരവും കൂടിയാണ്. ഇതിനെ വളർത്തുന്നതിനു വേണ്ടിയുള്ള കൂടിനും മറ്റും സാമ്പത്തിക സഹായവും സർക്കാർ തലത്തിൽ ചെയ്തുകൊടുത്ത് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

***<u>പ്രശ്നങ്ങൾ</u>***

1. വായ്പ അടിസ്ഥാനത്തിലുള്ള കന്നുകാലി വിതരണം സമയത്തിനും, ആവശ്യക്കാർക്കും ലഭിയ്ക്കുന്നില്ല. തീറ്റപ്പുൽ കൃഷി വ്യാപകമല്ല.
2. പാൽ സൊസൈറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല.
3. കന്നുകാലി ചികിത്സാ സൗകര്യം കുറവാണ്.
4. കോഴിവസന്തയ്ക്കുള്ള ചികിത്സാ സൗകര്യം ഇല്ല.
5. പേപ്പട്ടി ശല്ല്യം കൂടുതലായി അനുഭവപ്പെടുന്നു.
6. കാലിത്തീറ്റ വളരെ വിലക്കൂടുതലാണ്.

374

## പുതുനഗരം ഗ്രാമ പഞ്ചായത്ത്
## കൃത്രിമബീജ സങ്കലന വിവരം




315

ചിത്രം 13

*സാദ്ധ്യതകൾ*

1. ആവശ്യക്കാർക്ക് സർക്കാർ ധനസഹായത്തിലൂടെയുള്ള കന്നുകാലി വായ്പ ലഭ്യമാക്കുക. ഇതിനായി ആവശ്യക്കാരെ കണ്ടു പിടിച്ച് ബോധവൽക്കരണം നടത്തി, കന്നുകാലി വളർത്തലിനെ പ്രോത്സാഹിപ്പിക്കുക.
2. നിലവിലുള്ള പാൽ സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ ഫലവത്താക്കുക. ഉദ്പ്പാദകരെ നേരിൽ കണ്ട് പാൽ സംഭരിക്കുക. എല്ലാ വാർഡുകളിലും ഓരോ പാൽ സൊസൈറ്റികൾ സ്ഥാപിച്ച് ക്ഷീരവികസനം നടപ്പിലാക്കുക. ആവശ്യത്തിൽ കൂടുതൽ വരുന്ന പാൽ, സൊസൈറ്റികൾ തന്നെ മറ്റ് ഉല്പ്പന്നങ്ങളാക്കി മാറ്റിയെടുക്കുക.
3. കന്നുകാലി ചികിത്സക്കായി ഒരു മൃഗാശുപത്രി സ്ഥാപിക്കുക. നിലവിലുള്ള സബ്സെൻറർ കൂടാതെ കരിമൻചാല, സത്രവട്ടാരം എന്നീ പ്രദേശങ്ങളിൽ ഓരോ സബ്സെൻററുകൾ സ്ഥാപിക്കുക.
4. മൃഗാശുപത്രിയിലൂടെ കോഴികൾക്കും ചികിത്സ നടത്തുക. സഹകരമാടിസ്ഥാനത്തിൽ ഒരു കോഴിയുല്പാദനകേന്ദ്രം തുടങ്ങി, കോഴി വ്യാപാര സ്ഥാപനങ്ങൾക്ക് കോഴികളെ വിതരണം ചെയ്യുക. സഹകരണസ്ഥാപനങ്ങൾ മുഖേന തന്നെ കൊഴിവളർത്തുന്ന വീടുകളിലേക്ക് കോഴിത്തീറ്റ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കുക.
5. സ്വന്തമായി കുളങ്ങൾ ഉള്ളവരെ താറാവ് വളർത്താൻ പ്രോത്സാഹിപ്പിക്കുക.
6. പുതുനഗരം ടൗണിൽത്തന്നെ മത്സ്യമാർക്കറ്റും, മാംസ മാർക്കറ്റും പ്രവർത്തിക്കുന്നതുകൊണ്ട്, അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികൾ കൂടുതൽ കണ്ടുവരുന്നു. ഇവറ്റകളെ കണ്ടു പിടിച്ച് കൊല്ലുവാൻ സമയബന്ധിത പരിപാടികൾ സ്വീകരിക്കണം.
7. പാൽ സൊസൈറ്റികൾ മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക. സൗജന്യമായി തീറ്റപ്പുൽ വിത്ത് വിതരണം ചെയ്യുക. ഈ പ്രദേശത്ത് അധികമായി കണ്ടു വരുന്ന വൈയ്ക്കോലിൻെറ കയറ്റുമതി നിയന്ത്രിക്കുക.

*മത്സ്യബന്ധനം*

പുതുനഗരം പ്രദേശങ്ങളിൽ പുഴയോരങ്ങളോ, തീരപ്രദേശങ്ങളോ ഇല്ലാത്തതുകൊണ്ട് മത്സ്യബന്ധനം ഇല്ല. ഈ പഞ്ചായത്തിൽ മൊത്തം ചെറുതും വലുതുമായ 86 കുളങ്ങളുണ്ട്. ഇതിൽ രണ്ടോ മൂന്നോ കുളങ്ങളിൽ മാത്രമേ നല്ലയിനം മത്സ്യങ്ങളെ വളർത്താറുള്ളു. ഇതും സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. മറ്റു കുളങ്ങളിൽ നാടൻ മത്സ്യങ്ങൾ കണ്ടു വരുന്നു. കൃഷിയിടങ്ങളിൽ രാസവളങ്ങളും, കീടനാശിനികളും ഉപയോഗിക്കുന്നതു കൊണ്ട് നാടൻ മത്സ്യങ്ങൾ ഏറിയ പങ്കും നശിച്ചുകൊണ്ടിരിക്കുന്നു.

പുതുനഗരം ഗ്രാമപഞ്ചായത്തിൽ പള്ളിക്കട പ്രദേശത്ത് ഒരു മത്സ്യമാർക്കറ്റ് പ്രവർത്തിച്ചു വരുന്നു. കേരളത്തിൻെറ കടൽത്തീരങ്ങളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും മത്സ്യങ്ങളെ കൊണ്ടുവന്നാണ് ഇവിടെ വിപണനം നടത്തുന്നത് പുതുനഗരം ഗ്രാമപഞ്ചായത്തിലുള്ളവരും കൂടാതെ പരിസരപ്രദേശങ്ങളിലേയും ആളുകൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. പുതുനഗരം ഗ്രാമപഞ്ചായത്തിൻെറ മുഖ്യ വരുമാന മാർഗ്ഗം കൂടിയാണ് മത്സ്യവിപണനം. മാർക്കറ്റിൽവരുന്ന പ്രധാന മത്സ്യങ്ങൾ അയല, മത്തി, ചെമ്പാൻ, ഏട്ട എന്നിവയാണ്.

നിലവിൽ ഒരു മത്സ്യക്കച്ചവട സഹകരണ സൊസൈറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൻെറ പ്രവർത്തനം കാര്യക്ഷമമല്ല. നിലവിലുള്ള മത്സ്യമാർക്കറ്റ് നിമിത്തം ടൗണിൽ ജനങ്ങൾക്ക് കൂടുതൽ

376

ബുദ്ധിമുട്ടേണ്ടി വരുന്നു. ശുചീകരണം തൃപ്തികരമായ രീതിയിലല്ലാത്തതാണ് കാരണം. കൂടാതെ മാംസമാർക്കറ്റും ഇതിനോടൊപ്പം പ്രവർത്തിച്ചുവരുന്നു. ഇതിരണ്ടും പ്രത്യേകം, പ്രത്യേകം സ്ഥലങ്ങളിലായി പ്രവർത്തിപ്പിക്കേണ്ടത്. ആവശ്യമാണ്. മാർക്കറ്റിൽ മത്സ്യം വരാത്തപ്പോൾ വിപണനക്കാർ വളരെ ബുദ്ധിമുട്ടി കഴിയേണ്ടി വരുന്നു.

*പ്രശ്നങ്ങൾ*

1. മത്സ്യമാർക്കറ്റിന്റെ സൗകര്യമില്ലായ്മ.
2. സ്ഥിരമായി മത്സ്യം ലഭിയ്ക്കുന്നില്ല.
3. കുളങ്ങളിൽ മത്സ്യങ്ങളെ വളർത്തുന്നില്ല.
4. മത്സ്യത്തൊഴിലാളി ക്ഷേമ സൊസൈറ്റി പ്രവർത്തിക്കുന്നില്ല.
5. മാർക്കറ്റിലുള്ള പരിമിതമായ കക്കൂസ് സൗകര്യം.


*സാദ്ധ്യതകൾ*

1. നിലവിലുള്ള മത്സ്യമാർക്കറ്റ് കൂടുതൽ വിസ്തൃതിയുള്ള മറ്റൊരു പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുക. കൂടുതൽ വാഹനങ്ങളും, ആൾക്കാരും വന്നു പോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. പൊതുവഴികളിലും മറ്റുമുള്ള മത്സ്യവിപണനം കർശനമായി നിരോധിക്കുക.
2. സർക്കാർ തലത്തിൽ തന്നെ മത്സ്യം സംഭരിച്ച് ഏജൻറ്മാർക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഏകദേശം എല്ലാ സീസണിലും മത്സ്യം കിട്ടാനുള്ള സംവിധാനം ചെയ്യുക.
3. സ്വകാര്യ കുളങ്ങളെ അരികുകൾ കെട്ടി സംരക്ഷിച്ച് മത്സ്യം വളർത്തുവാൻ സൗകര്യം ചെയ്യുക. നെൽപ്പാടങ്ങളുമായി നേരിട്ടുള്ള ബന്ധം ഒഴിവാക്കി പമ്പിങ് സിസ്റ്റം ഏർപ്പെടുത്തുക. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സഹകരമ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുക. മത്സ്യത്തീറ്റയും വിതരണം ചെയ്യുക. ഇതെല്ലാം തന്നെ മത്സ്യകൃഷി സഹഃസംഘങ്ങളുടെ അധീനതയിൽ കൊണ്ടുവരണം.
4. മത്സ്യത്തൊഴിലാളി ക്ഷേമ സൊസൈറ്റി രൂപീകരിക്കുക. സൊസൈറ്റി മുഖാന്തിരം മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിലെ സ്ത്രീകൾക്കും സ്വയം തൊഴിൽ സാദ്ധ്യതകൾ ഏർപ്പെടുത്തുക. മത്സ്യം ലഭിയ്ക്കാത്ത സമയങ്ങളിൽ മറ്റ് വരുമാന മാർഗ്ഗങ്ങളും സൊസൈറ്റി മുഖാന്തിരം നടപ്പിലാക്കുക.
5. മത്സ്യമാർക്കറ്റിൽ മൂത്രപ്പുരയും, കക്കൂസും നിർബന്ധമായും സ്ഥാപിക്കുക. വിപണനം കഴിഞ്ഞാലുടൻ മാർക്കറ്റ് വൃത്തിയാക്കി ശുചിത്വം പാലിയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

387

# 3


# വ്യവസായം



പുതുനഗരം പഞ്ചായത്ത് മേഖലയിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പും അതിനുശേഷം ഏകദേശം 1970 വരെയും മുഖ്യമായി ഉണ്ടായിരുന്ന ഒരു പരമ്പരാഗത തൊഴിലാണ് കൈത്തറി നെയ്ത്ത് വ്യവസായം. ഇതുപോലെ തന്നെയാണ് ബീഡിവ്യവസായവും മൺപാത്രനിർമ്മാണവും. എന്നാൽ നിലവിൽ കൈത്തറി വ്യവസായം പാടെ ഇല്ലാതെയായിരിക്കുന്നു. അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാത്തതും വിപണനകേന്ദ്രത്തിൻെറ പോരായ്മയും ഉല്പന്നത്തിന് മതിയായ വില ലഭിക്കാത്തതുമാണ് ജനങ്ങളെ ഇതിൽ നിന്നും പിന്തിരിപ്പിച്ചത്. ബീഡിവ്യവസായം കുറഞ്ഞു എങ്കിലും ഇപ്പോഴും ഏകദേശം 10% ജനങ്ങളുടെ മുഖ്യവരുമാനം ബീഡി നിർമ്മാണം തന്നെയാണ്. നാമാവശേഷമായികൊണ്ടിരിക്കുന്ന മൺപാത്രനിർമ്മാണം ഇപ്പോൾ രണ്ട് കുടുംബങ്ങളിൽ മാത്രമാണ് നിലനിർക്കുന്നത്. ആധുനിക ഉൽപ്പന്നങ്ങളായ സ്റ്റീൽ, പ്ലാസ്റ്റിക് എന്നിവയുടെ തള്ളികയറ്റവും മൺപാത്രങ്ങളുടെ വിലയിടിവും ഈ മേഖലയെ നാമാവശേഷമാക്കി. പഴയ വ്യവസായത്തിൻെറ സ്ഥിതി ഇങ്ങനെയൊക്കെയാണെങ്കിലും പഞ്ചായത്ത് പ്രദേശം പുത്തൻ വ്യവസായ സംരഭങ്ങളുമായി മുന്നോട്ടുപോയികൊണ്ടിരിക്കുകയാണ്. സ്വകാര്യമേഖലയിൽ വളരെ പെട്ടെന്ന് പുരോഗമിച്ചു കൊണ്ടിരിക്കുന്ന വ്യവസായ യൂണിറ്റുകളാണ് സോപ്പുനിർമ്മാണവും കോഴി ഹാച്ചറി സെൻററും. സോപ്പുനിർമ്മാണത്തിൻെറ അസംസ്കൃത വസ്തു ഉല്പാദിപ്പിക്കുന്ന ഒരു കേന്ദ്രവും തുടങ്ങി ഒരു വർഷമെ ആയിട്ടുള്ളൂ. നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു പ്ലാസ്റ്റിക് ഫാക്ടറിയും പുതുനഗരം ഗ്രാമപഞ്ചായത്തിലുണ്ട്. കൂടാതെ പുൽപ്പായനെയ്ത്ത്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പ്ലാസ്റ്റിക് സഞ്ചി നിർമ്മാണം, ചാക്ക് നിർമ്മാണം, ഫർണീച്ചർ നിർമ്മാണം എന്നീ കുടിൽ വ്യവസായങ്ങളും പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സഹകരണ അടിസ്ഥാനത്തിൽ തുടങ്ങിയ യൂണിറ്റുകളാണ് നൂൽ നിർമ്മാണ കേന്ദ്രവും തീപ്പെട്ടി നിർമ്മാണ ശാലയും, പുൽപ്പായ നെയ്ത്ത്

378

# പുതുനഗരം ഗ്രാമ പഞ്ചായത്ത്
## വ്യവസായ ശാലകളുടെ സ്ഥാനം




* ഈർച്ച മില്ലുകൾ
• റൈസ് മില്ലുകൾ
മറ്റു വ്യവസായ സ്ഥാപനങ്ങൾ

379

ചിത്രം 14

ശാലയും ഇവയിൽ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ ആറ് മരവ്യവസായ ശാലകളും ഒരു ഡസനോളം റൈസ് മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വ്യവസായ ശാലകളുടെ സ്ഥാനമറിയുന്നതിന് ചിത്രം 14 കാണുക. കുടിൽ വ്യവസായങ്ങളിൽ മുഖ്യ പങ്കു വഹിക്കന്നത് സ്ത്രീ തൊഴിലാളികളാണ്. കാർഷികമേഖലയിൽ വ്യവസായങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ചെറിയ തോതിൽ മാങ്ങ, പുളി എന്നീ ഭക്ഷ്യവസ്തുക്കൾ പല ഭാഗങ്ങളിൽ നിന്നായി സ്വകാര്യ.വ്യക്തികൾ സ്വരൂപിച്ച് കയറ്റി അയയ്ക്കുന്നത് മാത്രമെയുള്ളൂ. ഈ രംഗത്ത് പുളി, മാങ്ങ എന്നിവയുടെ സംസ്ക്കരണ വ്യവസായത്തിന് സാധ്യതയുണ്ട്.

വിദ്യാഭ്യാസപരമായി വളരെ പിന്നിൽ നിൽക്കുന്നതും ജനങ്ങൾ തിങ്ങിപാർക്കുന്നതുമായ പഞ്ചായത്തിൽ വൈദ്യുതി, ഗതാഗതരംഗത്ത് പുരോഗതി സമീപകാലത്താണ് ഉണ്ടായത്. നിത്യോപയോഗ സാധനങ്ങളുടെ കൂടിയ വിപണന കേന്ദ്രമായ പുതുനഗരം ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി ഒന്നും തന്നെ ഇല്ല.

വ്യാവസായികമായി ഉന്നതനിലവാരം പുലർത്താനുള്ള എല്ലാ ഘടകങ്ങളും പുതുനഗരം ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും താഴെ കാണിക്കുന്ന പ്രശ്നങ്ങൾ സംരംഭകരെ നിരുൽസാഹ പ്പെടുത്തുകയാണ്. തൊഴിൽ ചെയ്യുവാൻ താൽപ്പര്യമുള്ളവർ മറ്റ് സ്ഥലങ്ങളിലേക്ക് കുടുംബസമേതം മാറി പോകുകയാണ്. (തിരുപ്പൂർ, കോയമ്പത്തൂർ എന്നീ മേഖലകൾ)

*പ്രശ്നങ്ങൾ :-*

1. കുടിൽ വ്യവസായങ്ങളിലെ കുറഞ്ഞ വേതന നിരക്കും അവക്കുവേണ്ട അസംസ്കൃത പദാർത്ഥങ്ങളുടെ വില കൂടുതലും ദൗർലഭ്യതയും.
2. വിപണന കേന്ദ്രങ്ങളുടെ ഇല്ലായ്മ.
3. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും സാങ്കേതിക പരിശീലനത്തിൻെറ അഭാവങ്ങളും.
4. ഫർണിച്ചർ വ്യവസായത്തിന് വേണ്ട തടി ന്യായവിലക്ക് ലഭിക്കുന്നില്ല.
5. വ്യാവസായിക ബോധവൽക്കരണം ലഭിക്കുന്നില്ല.
6. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യത്തിന് പ്രോൽസാഹനം ലഭിക്കുന്നില്ല.
7. ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നില്ല.

കുടിൽ വ്യവസായ മേഖലയിൽ വളരെ കുറഞ്ഞ കൂലി നിരക്കാണ്. പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾക്ക് വളരെ തുച്ഛമാണ് കൂലി നൽകുന്നത്. ഇതു കാരണത്താൽ അന്യപ്രദേശങ്ങളിലേക്കാണ് ഇവിടത്തെ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികൾ പോകുന്നത്. ഇതുമൂലമാണ് ചെറുകിട കുടിൽ വ്യവസായങ്ങൾ തുടക്കത്തിൽ തന്നെ മുടങ്ങി പോകുന്നതം.

*സാധ്യതകൾ.*

1. പുതുനഗരം നിവാസികളുടെ പരമ്പരാഗത തൊഴിലായ തുണിനെയ്ത്ത് പുനരുജ്ജീവിപ്പിക്കാൻ സഹകരണാടിസ്ഥാനത്തിൽ ഒരു സ്പിന്നിങ്ങ് മിൽ സ്ഥാപിക്കുക.
   ഈ നിർദ്ദേശം 1980 കളിലെ സർക്കാരിൻെറ പരിഗണനയിൽ ഉണ്ടായിരുന്നതാണ് ഇതിന് പ്രാമുഖ്യം നൽകണം.
2. തീപ്പെട്ടി നിർമ്മാണം, ചാക്ക് നിർമ്മാണം, പായ നെയ്ത്ത്, നൂൽ, റെഡിമേയ്ഡ് വസ്ത്രനിർമ്മാണം എന്നീ വ്യവസായ മേഖലകളിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതലായി പ്രവർത്തിക്കുന്നത്.

380

ഇവർക്ക് വളരെകുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. ഇക്കാരണത്താൽ തൊഴിലാളികളെ സമയത്തിനും ആവശ്യത്തിനും ലഭ്യമല്ല. ആയതിനാൽ നിയമനിർമ്മാണത്തിലൂടെ മതിയായ വേതനം നൽകുന്നതിനുള്ള സംവിധാനം ചെയ്യുക.

3. നിലവിലുള്ള സ്ത്രീ, പുരുഷ വേതന നിരക്കിലുള്ള അന്തരം കുറയ്ക്കുക.
4. കുടിൽ വ്യവസായങ്ങളെ സർക്കാർ ധനസഹായത്തിലൂടെ പരിപോഷിപ്പിക്കുകയും വേണ്ടുന്ന അസംസ്കൃത പദാർത്ഥങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
5. കുടിൽ വ്യവസായത്തിലൂടെയുള്ള ഉൽപ്പന്നങ്ങൾക്ക് പൊതുവിപണനകേന്ദ്രം സ്ഥാപിച്ച് അതിലൂടെ വിതരണം നടത്തുക.
6. സംരംഭകർക്ക് വ്യവസായങ്ങൾ തുടങ്ങാനുള്ള സർക്കാർ സഹായം വേണ്ട സമയത്തിന് ലഭ്യമാക്കുക. സ്ഥാപനം തുടങ്ങികഴിഞ്ഞാലും ആവശ്യമെങ്കിൽ വീണ്ടും ധനസഹായം ലഭിക്കുന്നതിനുള്ള സംവിധാനം ചെയ്യുക.
7. അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിത ചെറുപ്പക്കാരെ സാങ്കേതിക പരിശീലനം നൽകി വ്യാവസായിക മേഖലകളിൽ ഉപയോഗപ്പെടുത്തുക. ഇതിലൂടെ നമ്മുടെ വ്യാവസായിക മേഖല പരിപോഷിപ്പിക്കാം.
8. സഹകരണ അടിസ്ഥാനത്തിൽ തടികൊണ്ടുള്ള ഫർണിച്ചർ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ സർക്കാർ ധനസഹായം ചെയ്യുക. ഇതിന് വേണ്ടിയുള്ള തടി മിതമായ വിലയ്ക്ക് ലഭ്യമാക്കുക. പൊതുവിപണനകേന്ദ്രത്തിലൂടെ വിതരണം ചെയ്യുക.
9. വ്യാവസായിക ബോധവൽക്കരണം ശാസ്ത്രീയമായ രീതിയിൽ നടത്തുക. ഇതിൽ കൂടുതൽ ജനങ്ങളെ പങ്കെടുപ്പിച്ച് പുതിയ വ്യവസായങ്ങൾ നടത്തുന്നതിന് വേണ്ടി ജനങ്ങൾക്ക് ആവേശവും ധൈര്യവും നൽകുക.
10. മുടങ്ങികിടക്കുന്ന വനിതാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക.
11. മത്സ്യമാംസ സംസ്കരണ വ്യവസായത്തിന് സാധ്യതകളുള്ളതിനാൽ പ്രത്യേക മേഖലകളിൽ മത്സ്യമാംസ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കുക.
12. തുകൽ വ്യവസായ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
13. സഹകരണാടിസ്ഥാനത്തിൽ തുന്നൽ പരിശീലനം ലഭിച്ച വനിതകളെ ഉൾപ്പെടുത്തി റെഡിമെയ്ഡ് & എംബ്രോയഡറി യൂണിറ്റുകൾ പുതുനഗരം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക.

*നാട്ടിൽ മുളയ്ക്കണം നട്ടാൽ കിളുർക്കണം*
*നാട്ടുകാരേൽക്കണം പദ്ധതികൾ*

*നൂറുനാട്ടിൽനിന്നുമൂറിത്തെളിഞ്ഞവ*
*ഒന്നിച്ചു ചേർക്കണം പിന്നെ നമ്മൾ*

381

# 4

# വിദ്യാഭ്യാസം



തെക്കെ മലബാറിന്റെ അതിർത്തി പ്രദേശമായ കൊല്ലങ്കോടു നിന്നും എട്ട് കിലോമീറ്റർ വടക്കു ഭാഗത്തു കിടക്കുന്ന പുതുനഗരം ഭൂമിശാസ്ത്രപരമായി പാലക്കാടു ചുരത്തിന്റെ മദ്ധ്യഭാഗത്തായിട്ടാണ് സ്ഥിതിചെയ്യുന്നത്. പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനമായ ഗവ. വിക്ടോറിയ കോളേജിൽനിന്ന് 13 കിമീ. തെക്കായും ഗവ : ചിറ്റൂർ കോളേജിൽ നിന്ന് അഞ്ച് കി.മീ. പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന പുതുനഗരം വിദ്യാഭ്യാസപരമായി പിന്നോക്കമായിരുന്നു. 1979 വരെ കൊടുവായൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന പുതുനഗരം സാക്ഷരതയിലും, വിദ്യാഭ്യാസ സമ്പന്നരുടെ ലഭ്യതയിലും വളരെ പിന്നിലാണ്.


മുസ്ലീംങ്ങളെ വിദ്യാഭ്യാസപരമായി മുന്നോക്കം കൊണ്ടു വരുന്നതിന് ലക്ഷ്യം വച്ച് ബ്രിട്ടീഷ് ഗവർമെന്റ് ആവിഷ്ക്കരിച്ച മാപ്പിള സ്ക്കൂളുകളാണ് ഈ പ്രദേശത്തെ വിദ്യാഭ്യാസരംഗത്തെ തുടക്കം. 1918 - ൽ ആണ് പുതുനഗരത്തിൽ ആദ്യമായി ഒരു എലിമെന്ററി സ്ക്കൂൾ പള്ളി ബസാറിൽ ആരംഭിച്ചത്. തുടർന്ന് സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പുതുനഗരം പോലീസ് സ്റ്റേഷനു സമീപം 1944 - വർഷത്തിൽ ഒരു ഗേൾസ് എൽ.പി. സ്ക്കൂൾ സ്ഥാപിതമായി. തുടർന്ന് ആൺകുട്ടികൾക്കു കൂടി സ്ക്കൂളിൽ പ്രവേശനം നൽകിത്തുടങ്ങി. എലിമെന്ററി വിദ്യാഭ്യാസത്തിനു ശേഷം ദൂരസ്ഥലങ്ങളിലേക്ക് പോകുന്നതിനുള്ള യാത്രാസൗകര്യം കുറഞ്ഞതിനാൽ ഭൂരിപക്ഷവും വിദ്യാഭ്യാസ രംഗം വിടേണ്ടി വന്നു. L.P. U.P. H.S. വിഭാഗത്തിലെ പെൺകുട്ടികളുടെ അനുപാതം അറിയുന്നതിന് ചിത്രം 17 കാണുക.

പിന്നീട് മലബാർ, ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ 1946 - 47 ൽ ഒരു എയ്ഡഡ് യു.പി. സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. പ്രസ്തുത യു.പി. സ്ക്കൂൾ ആണ് 1976 ൽ ഒരു ഹൈസ്സ്ക്കൂളായും 1995

382

പുതുനഗരം ഗ്രാമപഞ്ചായത്ത്

L.P, U.P, H.S വിഭാഗത്തിലെ പെൺകുട്ടികൾ




383

ചിത്രം 17

# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## സ്കൂളുകളുടെ സ്ഥാനം




ചിത്രം 15

ൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻററിയായും രൂപം പ്രാപിച്ചത്. സ്ക്കുളുകളുടെ സ്ഥാനം ചിത്രം 15 ൽ കൊടുത്തിരിക്കുന്നു.

എട്ടു പതിറ്റാണ്ടു കാലത്തെ ദൈർഘ്യമുള്ള പുതുനഗരത്തെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യകാല പതാക വാഹകരിൽ പ്രധാനികളാണ്. സർവ്വ ശ്രീ. രാമയ്യർ, തമ്പിമാസ്റ്റർ, ഇബ്രാഹിംമാസ്റ്റർ അത്തികുട്ടി മാസ്റ്റർ, നൂർകുട്ടി മാസ്റ്റർ, ഷെയ്ക്ക് പരീദം മാസ്റ്റർ, മാധവൻ മാസ്റ്റർ തുടങ്ങിയവർ. സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്ത് കാര്യമായ മുന്നേറ്റത്തിന് പുതുനഗരം സാക്ഷ്യം വഹിക്കുകയുണ്ടായില്ല. പുതുനഗരം നിവാസികളിൽ ഭൂരിഭാഗവും തമിഴ്നാട്ടിൽ നിന്നു കുടിയേറിപ്പാർത്തവരും, തമിഴ് വംശജരായ കച്ചവടക്കാരും, താഴ്ന്ന വരുമാനക്കാരായ തൊഴിലാളികളുമായിരുന്നതിനാൽ വിദ്യാഭ്യാസ രംഗം 1970 വരെ മുരടിച്ചുതന്നെ നിന്നു. ഇന്ന് 16000 - ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ ആറ് വിദ്യാലയങ്ങളിലായി 5000 - ത്തോളം വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 149 .

സാമൂഹ്യ - സാമ്പത്തിക കാരണങ്ങളാൽ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കു വച്ച് പഠനം നിർത്തുന്നുണ്ട്. 1995 - 96 വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ വിവരം.(ചിത്രം-19 കാണുക)

ആകെയുള്ള സ്ക്കൂളുകളിൽ മൂന്നെണ്ണം സർക്കാർ മേഖലയിലാണ്. ഒരു എയ്ഡഡ് യു.പി. അറ്റാച്ച്ഡ് ഹൈസ്ക്കൂളും, ഒരു എയ്ഡഡ് എൽ.പി. അറ്റാച്ച്ഡ് യു.പി. സ്ക്കൂളും, ഒരു അൺ എയ്ഡഡ് എൽ.പി. സ്ക്കൂളും ഈ പഞ്ചായത്തിലുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ, മൂന്നു ട്യൂട്ടോറിയൽ കോളേജുകളും ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടും ഒരു സ്വകാര്യ കമ്പ്യൂട്ടർ സെൻററും ഇവിടെ പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിനായി പാലക്കാട്ടുള്ള ഐ.റ്റി.ഐ. ഐ.റ്റി.സി. എന്നിവയെയാണ് ആശ്രയിക്കുന്നത്. തൊട്ടടുത്തുള്ള മുൻസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന ഗവ : കോളേജ് ചിറ്റൂർ, പാലക്കാടുള്ള എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജ്, ഗവ : പോളിടെക്നിക് മുതലായവയെ ഉന്നത വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നു.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം (ചിത്രം 16 ൽ ) ഇതിനു പുറമെ സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ നൂറോളം കുട്ടികൾ തൊട്ടടുത്ത മുൻസിപ്പാലിറ്റിയിലുള്ള വിജയമാതാ കോൺവെൻറ്, ചിൻമയാ വിദ്യാലയം, തത്തമംഗലം, പല്ലാവൂർ എന്നിവിടങ്ങളിൽ പോകുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ 95-96 വർഷത്തെ കണക്കുകൾ പരിശോധിയ്ക്കുമ്പോൾ M.H.S. ഒഴികെയുള്ള വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ജനന നിരക്കിലുള്ള കുറവ് അടുത്ത സ്ഥലങ്ങളിലെ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയഭ്രമം, ഇവയൊക്കെ കാരണമാകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം അറിയുന്നതിന് ചിത്രം 18 കാണുക.


നിലവിലുള്ള ഹൈസ്ക്കൂൾ പഞ്ചായത്തിൽ തന്നെ സ്ഥിതി ചെയ്യുന്നതിനാൽ കുട്ടികൾക്ക് കൂടുതൽ ദൂരം നടക്കേണ്ടി വരുന്നില്ല. മാത്രമല്ല, വിദ്യാർത്ഥി സമരങ്ങൾ ഈ സ്ഥാപനത്തിൽ ഇല്ലാത്തതിനാൽ സമീപ പഞ്ചായത്തുകളിലെ ധാരാളം വിദ്യാർത്ഥികൾ ഇവിടെ പഠിയ്ക്കുവാൻ വരുന്നു. പാമ്പൂരാംപാറ പ്രദേശത്തുള്ള കുട്ടികൾക്ക് മാത്രമാണ് ഒരു കി.മീ. അധികം സഞ്ചരിക്കേണ്ടിവരുന്നത് അവിടെ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കണമെന്ന് അഭിപ്രായപ്പെടുന്നു.

385

പുത്തനഗരം ഗ്രാമ പഞ്ചായത്ത്

വിദ്യാർത്ഥികൾ.


സ്കൂൾ അടിസ്ഥാനത്തിൽ



INDEX

- M.H.S. പുത്തനഗരം.
- K.S.B.S. കരിപ്പോട്ട്.
- G.L.P.S. വെസ്റ്റ്.
- G.L.P.S. ഈസ്റ്റ്.
- ഇസ്ലാമിക് സ്കൂൾ.
- G.L.P.S. കരിപ്പോട്ട്


ചിത്രം 16


പുതുനഗരം പഞ്ചായത്ത്
പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾ
1800
1600
1400
1200
1000
800
600
400
200
L.P
U.P
H.S
വിഭാഗം
INDEX
മറ്റുള്ളവർ
SC/ST
ചിത്രം 18

387

## പുത്തനഗരം പഞ്ചായത്ത്


## പഠനം നിർത്തിയ വിദ്യാർത്ഥികൾ.




ചിത്രം 19

# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## S.S.L.C വിജയശതമാനം




ചിത്രം 20

വിദ്യാലയങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നുള്ളതാണ്. 149 ൽ 104 പേർ. അദ്ധ്യാപകരിൽ ഭൂരിഭാഗവും ഇൻ സർവീസ് കോഴ്സിന് വിധേയമായിട്ടില്ല. എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി കണക്ഷനും, കുടിവെള്ള സൗകര്യവും ഉണ്ട്. രണ്ട് വിദ്യാലയങ്ങളിൽ കക്കൂസ് സൗകര്യം ഇല്ല. കളിസ്ഥലം ദൃശ്യശ്രാവ്യ ഉപകരണങ്ങൾ മിക്ക വിദ്യാലയങ്ങളിലും ലഭ്യമായിട്ടില്ല.

വിദ്യാലയങ്ങളിലെ പഠന നിലവാരം പൊതുവെ തൃപ്തികരമാണ്. പുതുനഗരം എം.എച്ച്. എസ് ലെ ഏതാനും വർഷത്തെ വിജയ ശതമാനം. (ചിത്രം 20 കാണുക)

*പ്രശ്നങ്ങൾ*

1. പുതുനഗരം എം.എച്ച്.എസ്. ലെ എസ്.എസ്. എൽ.സി വിജയ ശതമാനം താരതമ്യേന കുറവാണ്. അത് പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
2. പല സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
3. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്.
4. പാമ്പൂരാംപാറ ഭാഗത്തെ കുട്ടികൾ വിദ്യാഭ്യാസത്തിനായി കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
5. ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
6. കാട്ടുത്തെരുവ്, ജി.എൽ.പി.എസ് ൽ ഭൗതിക സൗകര്യങ്ങൾ വേണ്ടത്രയില്ല.
7. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിത പരിപാടികളൊന്നും നടപ്പിലാക്കുന്നില്ല.
8. അദ്ധ്യാപകരിൽ കൂടുതലും വനിതകൾ ആണെന്നത് പല വിദ്യാലയങ്ങളുടേയും പാഠ്യേതര പ്രവർത്തനങ്ങളെ ബാധിയ്ക്കുന്നു.

*നിർദ്ദേശങ്ങൾ :-*

1. അംഗൻ വാടികളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക.
2. കാട്ടുത്തെരുവ് എൽ.പി, യു.പി യായി ഉയർത്തുക.
3. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിയ്ക്കുവാൻ നടപടിയെടുക്കുക.
4. എം.എച്ചം എസിൽ എൻ.സി.സി. എൻ.എസ്.എസ്, സ്കൗട്ട് എന്നീ പ്രസ്ഥാനങ്ങൾ ആരംഭിക്കുക.
5. പി.ടി എ. കളും, എം.ടി.എ. കളും സജീവമാക്കുവാൻ യത്നിക്കുക.
6. പാമ്പൂരാം പാറ പ്രദേശത്ത് ഒരു എൽ.പി. സക്കൂൾ ആരംഭിക്കുക.
7. പഞ്ചായത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകളുള്ള ഒരു സ്ഥാപനം ആരംഭിക്കുക.
8. എം.എച്ച് .എസ് നോടനുബന്ധിച്ച് +ടൂ (സയൻസ്) കോഴ്സുകൾ ആരംഭിക്കുക. വി.എച്ച്.എസ്.സി. യോടനുബന്ധിച്ച് മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.
9. പുതുനഗരം എം.എച്ച്.എസ്.ലീഡ് സ്ക്കൂളാക്കി ഈ പഞ്ചായത്തിലെ മറ്റു സ്ക്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഡി.പി.ഇ.പി. പദ്ധതിയിൽ ഉൾപ്പെടുത്തുക.

390

# 5

# കുടിവെള്ളവും പൊതുജന ആരോഗ്യവും



## ആരോഗ്യം

ആദ്യകാലത്ത് തമിഴ് സിദ്ധവൈദ്യന്മാരാണ് ഈ പ്രദേശത്തെ ജനങ്ങളെ ചികിത്സിച്ചുകൊണ്ടിരുന്നത്.വളയക്കാരതെരുവിലെ മൊട്ടവീട്ടിലെ വൈദ്യന്മാരും പെരുന്തേനി തെരുവിലെ 'ഖനി' വൈദ്യർ കുടുംബത്തിൽപെട്ട വൈദ്യന്മാരുമാണ് ഈ രംഗത്തെ പ്രമുഖർ. അവരുടെ പാരമ്പര്യരീതിയിലുള്ള സിദ്ധ വൈദ്യവും രോഗ നിർണ്ണയവും പ്രസിദ്ധമാണ്. കൂടാതെ കരിപ്പോടു ഭാഗത്തെ 'കമ്മണ്ണ' ഗുരുക്കളും പത്മനാഭ വൈദ്യരും ഈ രംഗത്ത് നടത്തിയ സേവനം പ്രശംസനീയമാണ്. ഇതിനുപുറമെ മന്ത്രം ജപിക്കലും ചരടുകെട്ടലും പതിവുപോലെ പലഭാഗത്തും മുൻപെന്നത്തെപ്പോലെ ഇന്നും നടന്നുവരുന്നു. ഈ പ്രദേശം കൊടുവായൂർ പഞ്ചായത്തിൻെറ കീഴിലായിരുന്നപ്പോൾ ആഴ്ചയിൽ രണ്ടുദിവസം ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഡോ. സുബ്രഹ്മണ്യയ്യർ ഇവിടെ സന്ദർശിച്ച് ചികിത്സ നടത്തിയിരുന്നു. ജനങ്ങൾ ചികിത്സയ്ക്കുവേണ്ടി കൊടുവായൂർ, പാലക്കാട് മുതലായ സ്ഥലങ്ങളിലുള്ള ആശുപത്രികളെ ആശ്രയിച്ച് വന്നിരുന്നു.

പുതിയതായി രൂപീകൃതമായ പുതുനഗരം പഞ്ചായത്ത് ഈ പ്രശ്നം ശ്രദ്ധാപൂർവ്വം പഠിക്കുകയും ഇവിടെ ആശുപത്രി സ്ഥാപിക്കുവാൻ എം.എം. അബ്ദുൾവഹാബ് ഹാജി പ്രസിഡൻറായിരുന്ന ഭരണസമിതി മുൻകയ്യെടുത്ത് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിൻെറ ഫലമായി 1981ൽ വടക്കെ തെരുവിൽ ഒരു വാടകകെട്ടിടത്തിൽ ഗവ: ഡിസ്പെൻസറി പ്രവർത്തിക്കുവാൻ തുടങ്ങി. പഞ്ചായത്തു ഭരണസമിതിയും മറ്റു രാഷ്ട്രീയ പാർട്ടികളും കൂടി സംയുക്തമായി ഒരു കമ്മിറ്റി രൂപീകരിച്ച് ആശുപത്രി കെട്ടിട നിർമ്മാണത്തിൻെറ പ്രവർത്തനം ആരംഭിച്ചു. ജനാബ് എ.വി.എം. വഹാബ് സാഹിബ് തൻെറ അമ്മമായ എ.വി.എം. ഖദീജ ബീവിയുടെ ഓർമ്മയ്ക്കായി 66 സെൻറ് സ്ഥലവും അമ്പതിനായിരം

391

രൂപയും കമ്മിറ്റിയ്ക്ക് സംഭാവന ചെയ്തു. കൂടാതെ പഞ്ചായത്തു ഫണ്ടും വ്യക്തികളുടെ സംഭാവനയും ഉപയോഗിച്ച് ആശുപത്രിയ്ക്ക് അനുയോജ്യമായ ഒരു കെട്ടിടം നിർമ്മിച്ചു. 1983ൽ പുതിയ കെട്ടിടത്തിൽ എ.വി.എം. ഖദീജ മെമ്മോറിയൽ ഗവ. റൂറൽ ഡിസ്പെൻസറി പ്രവർത്തനം തുടങ്ങി. ജനാബ് എം.എം. അബ്ദൽ വഹാബ് ഹാജിയായിരുന്നു ഈ സമയത്ത് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രസിഡൻറ്.


പഞ്ചായത്ത് പ്രദേശത്ത് ഒരു ആശുപത്രി ഉണ്ടെങ്കിലും ജനങ്ങളുടെ ആരോഗ്യപ്രവർത്തനം മെച്ചപ്പെട്ടതാണെന്ന് അവകാശപ്പെടാനില്ല. 1995ൽ ജനനനിരക്ക് ആയിരത്തിന് ഇരുപത്തിമൂന്നും മരണനിരക്ക് ആയിരത്തിന് 6.5ഉം ആയിരുന്നു. 1955ൽ 349 ജലജന്യരോഗങ്ങളും 410 വായുജന്യ രോഗങ്ങളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കൂടാതെ പലവകകളിലായി 2559 രോഗികളെ പ്രൈമറി ഹെൽത്ത് സെൻററിൽ ചികിത്സിച്ചതായി അവരുടെ വാർഷിക റിപ്പോർട്ടിൽ പറയുന്നു. നിലവിലുള്ള പ്രൈമറിഹെൽത്ത് സെൻറർ 66 സെൻറ് സ്ഥലം മാത്രമുള്ളതായതുകൊണ്ട് ഗവൺമെൻറ് അനുവദിച്ച വാർഡുകൾ നിർമ്മിക്കുവാൻ കഴിയാതെ വിഷമിക്കുകയാണ്. 34 സെൻറ് സ്ഥലം കൂടി വാങ്ങിച്ചേർത്താൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള വാർഡുകൾ നിർമ്മിക്കുവാൻ കഴിയുന്നതാണ്.

കൂടാതെ കുഷ്ഠരോഗത്തിന്നായി കുഷ്ഠരോഗ നിവാരണരംഗത്ത് ഒരു ഹെൽത്ത് വിസിറ്ററും പ്രവർത്തിക്കുന്നുണ്ട്. അവരുടെ റിപ്പോർട്ടിൽ 1995-ൽ 18 കുഷ്ഠരോഗികളെ ചികിത്സിച്ച് ഭേദപ്പെടുത്തിയതായി കാണുന്നു. പഞ്ചായത്തിൽ സ്ഥായിയായ രോഗബാധിതരുടേയും പകർച്ചവ്യാധി വിവരങ്ങൾക്കും ചിത്രം ഇരുപത്തൊന്ന് കാണുക. രോഗപ്രതിരോധ രംഗത്ത് രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും നാല് പബ്ളിക് ഹെൽത്ത് നഴ്സ്മാരും പ്രവർത്തിക്കുന്നു. ഇവരുടെ മേൽനോട്ടത്തിനുള്ള ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ലാത്തതുകൊണ്ട് പുതിയതായി സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാരുടെ മേൽനോട്ടത്തിനായി ലേഡിഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും, സൃഷ്ടിക്കേണ്ടതുണ്ട്. ജനസംഖ്യ അനുസരിച്ച് രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൂടി സൃഷ്ടിക്കേണ്ടതുണ്ട്. ഇത് കൂടാതെ ആരോഗ്യ രംഗം അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ഫീൽഡ് ജീവനക്കാർക്ക് അനുവദിച്ച പ്രാഥമിക ചികിത്സയ്ക്കുള്ള മരുന്നുകൾ കൂടി വാങ്ങി വിതരണം നടത്തേണ്ടതാണ്.


ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളിൽകൂടിയും ജനസമ്പർക്കത്തിൽ കൂടിയും ജനങ്ങളുടെ ആരോഗ്യപരമായ അറിവു വളർത്താവുന്നതാണ്. പഞ്ചായത്തിലെ കക്കൂസുള്ള വീടുകളുടെ കണക്ക് അറിയുന്നതിന് ചിത്രം 22 കാണുക.

| Sl. No. | പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | എ.വി.എം. ഖദീജ മെമ്മോറിയൽ പ്രൈമറി ഹെൽത്ത് സെൻറർ | 4 | 1981 | 9 |
| 2 | ഫാമിലി വെൽഫെയർ സെൻറർ | 2 | 1967 | JPHN : 1<br>JHI : 1 |
| 3 | ഫാമിലി വെൽഫെയർ സെൻറർ | 8 | 1985 | JPHN : 1 |
| 4 | ഫാമിലി വെൽഫെയർ സെൻറർ<br>392 | 6 | 1994 | JPHN : 1<br>JHI : 1 |

## പുതുനഗരം ഗ്രാമ പഞ്ചായത്ത് സ്ഥായിയായ രോഗബാധിതർ





## പകർച്ചവ്യാധി വിവരങ്ങൾ




ചിത്രം 21


## കക്കൂസുകളുള്ള വീടുകളുടെ വിവരം.



- ഉള്ളത്
- ഇല്ലാത്തത്.

## വൈദ്യുതീകരിച്ച വീടുകളുടെ വിവരം.

- ഉള്ളത്
- ഇല്ലാത്തത്.



ചിത്രം 22

NB : ജനസംഖ്യക്ക് അനുസരിച്ച് ഒരു JPHN നും രണ്ടു JHI മാരെയുംപുതിയതായി നിയമിക്കേണ്ടതുണ്ട്. പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു സ്റ്റാഫ് നേഴ്സിൻെറ ഒഴിവുണ്ട്.

## കക്കൂസ്

ആരോഗ്യരംഗത്ത് കുടിവെള്ളത്തെക്കാൾ പ്രാധാന്യം കക്കൂസിനുണ്ട്. നല്ല കക്കൂസും ശുദ്ധമായ കുടിവെള്ളവും ഉണ്ടായാൽ 45% രോഗങ്ങൾ നിയന്ത്രണമായി എന്നാണ് കണക്ക്. പഞ്ചായത്തിൽ വയറിളക്കം, വിരശല്യം, മഞ്ഞപ്പിത്തം മുതലായ രോഗങ്ങൾ കണ്ടുവരുന്നു. കക്കൂസിൻെറ അഭാവംകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്. 1995ൽ 2639 വീടുകൾ ഉണ്ട്. ഇവയിൽ അമ്പതു ശതമാനം വീടുകളിലും ശരിയായ കക്കൂസ് ഇല്ല.

ഇവിടത്തെ ആരോഗ്യരംഗത്ത് ഇത് ഒരു വലിയ പ്രശ്നമാണ്. ആരോഗ്യ വിദ്യാഭ്യാസക്ലാസ്സുകളിൽ കൂടി കക്കൂസിൻെറ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം. സന്നദ്ധ സംഘടനകളും പഞ്ചായത്തുസമിതിയും എല്ലാംകൂടി സഹകരിച്ച് പ്രവർത്തിക്കണം.

## നിർദ്ദേശങ്ങൾ

1. അടുത്ത ഒരു വർഷത്തെ പഞ്ചായത്തു വികസന ഫണ്ടു മുഴുവനായും ഈ പ്രദേശത്തെ വീടുകളൽ കക്കൂസ് നിർമ്മിക്കുവാൻ വിനിയോഗിക്കുക.
2. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ അംഗൺവാടികൾ കേന്ദ്രീകരിച്ച് നടത്തുക.
3. ജനങ്ങൾ കൂടുതലായി ബസ്സ് കാത്തുനിൽക്കുന്ന സ്ഥലമായ പുതുനഗരം കിഴക്കേത്തല ജംഗ്ഷനിലും പള്ളി ബസാറിലും, കരിപ്പോട് ജംഗ്ഷനിലും മലമൂത്രവിസർജ്ജനത്തിനും കുളിക്കാനുള്ള സൗകര്യത്തിനുംകൂടി ഓരോ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കേണ്ടതാണ്.
4. ഇവിടെ നല്ല രീതിയിലുള്ള ആധുനിക സെപ്റ്റിക് ടാങ്കും മൂത്രപ്പുരയും കുളിമുറിയും ഉണ്ടായിരിയ്ക്കണം.
5. പുരുഷന്മാർക്കും സ്ത്രീകൾക്കും അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
6. നല്ല രീതിയിലുള്ള കുഴൽകിണറുകളിൽ മോട്ടോർ ഘടിപ്പിച്ച് ആവശ്യാനുസരണം വെള്ളം എത്തിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.
7. പുതുനഗരം പഞ്ചായത്തിൽ പി.ഡബ്ളിയു.ഡി. റോഡിൻെറ ഇരുവശങ്ങളിലുമുള്ള അഴുക്കുചാലുകൾ സമയബന്ധിതമായി വൃത്തിയാക്കേണ്ടതാണ്.
8. പഞ്ചായത്ത് പ്രദേശത്തിലെ തെരുവുകളിലുള്ള ഡ്രൈനേജുകൾ വൃത്തിയാക്കേണ്ടതാണ്.

## കുടിവെള്ളം

ജനങ്ങളുടെ ആരോഗ്യമാണ് രാജ്യത്തിൻെറ സമ്പത്ത്. രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് നമ്മുടെ ആരോഗ്യരംഗത്തുള്ള പ്രവർത്തനം നടത്തേണ്ടത്. ഈ ലക്ഷ്യത്തിന് കുടിവെള്ളത്തിന് മുഖ്യ പങ്കാണ് ഉള്ളത്. ശുദ്ധജലം എല്ലാവർക്കും എത്തിക്കാൻ കഴിഞ്ഞാൽ ജലജന്യരോഗത്തിനു പരിഹാരമായി. നമ്മുടെ പഞ്ചായത്തിൽ 702 സ്വകാര്യകിണറുകളും 19 പഞ്ചായത്തു കിണറുകളും കൂടി ആകെ 721 കിണറുകളുണ്ട്. കൂടാതെ 13 കുഴൽകിണറും 41 ശുദ്ധജല പൊതുടാപ്പും 212 സ്വകാര്യ ടാപ്പുകളും അടങ്ങുന്നതാണ് നമ്മുടെ ജലവിതരണ സംവിധാനം. എന്നാലും മുപ്പത്തിഅഞ്ചു ശതമാനത്തിലധികം വരുന്ന സ്ഥലങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. (ഒന്നാം പട്ടിക കാണുക) പഞ്ചായത്തു പരിധിയിൽ കുഴൽകിണറുകൾ വഴി മൂന്നുസ്ഥലത്തും ചിറ്റൂർപുഴ പദ്ധതിയും കൂടി ആകെ നാലു പദ്ധതികൾ KWA നടത്തിവരുന്നു. (പരിഹാര നിർദ്ദേശങ്ങൾക്ക് പട്ടിക 2 കാണുക)

395

| പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | | |
| 12 | 7 | 599 | 103 | 13 | 734 |

NB : പൊതുടാപ്പുകൾ 41+ സ്വകാര്യ ടാപ്പുകൾ 212 = 253

## പട്ടിക 2
## കുടിവെള്ള പ്രശ്നമേഖലകളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാര നിർദേശം |
|---|---|---|
| 1 | പോലീസ് ക്വാർട്ടേഴ്സ് പരിസരം | ചിറ്റൂർപുഴ വെള്ളം പുതിയ പൊതുടാപ്പുകൾ വഴി എത്തിക്കുക. |
| 2. | വെള്ളയമ്മ കോളനി | - Do - |
| 3. | തെക്കത്തിവട്ടാരവും റെയിൽവേ സ്റ്റേഷൻ പരിസരവും. | പുതിയ കുഴൽകിണർ നിർമ്മിച്ച് പൈപ്പുകൾവഴി ആവശ്യമുള്ള ഭാഗങ്ങളിൽ എത്തിക്കുക. |
| 4. | പുതുപ്പള്ളിതെരുവ്, കട്ടയൻതെരുവ് പ്രദേശം | നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം കൂട്ടുകയും പൊതുകിണർ ശുചിയാക്കുകയും ചെയ്യുക. |
| 5. | കാട്ടുതെരുവ്, കരുമഞ്ചല പ്രദേശം | ബോറിംഗ് കിണറുകൾ രണ്ടെണ്ണം വീതം പൊതുസ്ഥലത്ത് നിർമ്മിക്കുക. |

### നിർദ്ദേശങ്ങൾ

1 പുതുനഗരം കൊടുവായൂർ പഞ്ചായത്തു പ്രദേശങ്ങൾക്കുവേണ്ടി ചിറ്റൂർപുഴയിൽ നിർദ്ദിഷ്ട സമഗ്രശുദ്ധജലവിതരണപദ്ധതിക്കു രൂപരേഖ തയ്യാറായതായി അറിയുന്നു. പ്രസ്തുത പദ്ധതി നടപ്പിലായാൽ ഈ പ്രദേശത്തിൻെറ ശുദ്ധജലക്ഷാമത്തിന് പരിഹാരമാകും. ഇതിന് അടിയന്തിര പ്രാധാന്യം കൊടുക്കുക.

2. 1980 ൽ വെള്ളത്തിനുവേണ്ടി നടത്തിയ പരിശോധനയിൽ പാപ്പാംകളം മുഹമ്മദലിരാവുത്തരുടെ കൈവശമുള്ളതും ഈശലവട്ടാരത്തിൽ സ്ഥിതിചെയ്യുന്നതുമായ പൊട്ടക്കുളത്തിൻെറ അടിഭാഗത്ത് ധാരാളം വെള്ളമുള്ളതായി കണ്ടെത്തി ഭൂമിക്കടിയിൽ ഏതാണ്ട് 4 മീറ്റർ വീതിയിൽ പുഴപോലെ വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഈ വെള്ളം രൂക്ഷമായ

396

വേനൽക്കാലത്തും കുറവു വരുകയില്ലെന്നുള്ളതും ഒരു പ്രത്യേകതയാണ്. ആ ഭാഗത്ത് ഒരു സമഗ്ര സർവ്വേ നടത്തി പഞ്ചായത്തിൻേറതായ ശുദ്ധജലപദ്ധതി നടപ്പിൽ വരുത്തിയാൽ ശുദ്ധജലവിതരണത്തിനു പരിഹാരമായി.

3. സ്വകാര്യ ടാപ്പുകൾ നൂറിലധികം പുതിയതായി നൽകിയിരിയ്ക്കുന്നതിനാൽ നിലവിലുള്ള പമ്പിംഗ് സമയം 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കുക.

## പരിസര ശുചിത്വം

പാലക്കാട് ജില്ലയിൽ ഏറ്റവും വലിയ മത്സ്യമാർക്കറ്റാണ് പുതുനഗരം മത്സ്യമാർക്കറ്റ്. ഇത് പരിസര മലിനീകരണത്തിന് ഒരു പ്രധാന വഴിയായി തീരുന്നു. മറ്റു പഞ്ചായത്ത് പ്രദേശങ്ങളെക്കാൾ പരിസര മലിനീകരണത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതായി വരുന്നു. അതിനാൽ മാർക്കറ്റിലും, അതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലും തൂപ്പു ജോലിക്കാരെ കൂടുതലായി നിയമിക്കേണ്ടതുണ്ട്. ഇത് കൂടാതെ വാർഡൊന്നിന് രണ്ടാളുകൾ വച്ച് പരിസരം വൃത്തിയാക്കുന്നതിന് നിയമനം നടത്തേണ്ടതാണ്. കൂടാതെ മത്സ്യമാർക്കറ്റിലും പരിസരത്തും ദിവസവും ബ്ളീച്ചിംഗ് പൗഡർ ഉപയോഗിച്ച് വൃത്തിയാക്കേണ്ടതാണ്.

റോഡ്വക്കിൽ ഒഴിഞ്ഞ മീൻ കൊട്ടകൾ ഇറക്കിവയ്ക്കുന്നവരുടെ പേരിൽ കർശനമായ താക്കീത് നൽകേണ്ടതാണ്. അതിനൊരു പ്രത്യേക സ്ഥലം ഏർപ്പെടുത്തണം. ദിവസവും അടിഞ്ഞുകൂടുന്ന ചപ്പുചവറുകൾ പഞ്ചായത്തിൻെറ ഒരു ഉൾഭാഗത്ത് നിക്ഷേപിച്ച് തീ വെയ്ക്കേണ്ടതാണ്. റോഡ് വക്കുകളിൽ പല ഭാഗത്തും വേസ്റ്റ് നിക്ഷേപിക്കാനുള്ള തൊട്ടികൾ സ്ഥാപിക്കേണ്ടതാണ്. ഹോട്ടൽ, ഐസ്ഫാക്ടറി, മീൻ മാർക്കറ്റ് മുതലായവ സന്ദർശിച്ച് ശുചീകരണ പ്രവർത്തനത്തിനുള്ള തക്ക നടപടികൾ എടുക്കുവാൻ ആരോഗ്യപ്രവർത്തകരോട് നിർദ്ദേശിക്കേണ്ടതാണ്.

പഞ്ചായത്ത് കിണറുകളിലും, പൊതുകിണറുകളിലും ആവശ്യാനുസരണം ക്ലോറിനേഷൻ നടത്താൻ നിർദ്ദേശിക്കേണ്ടതും, അതിനുള്ള ബ്ളീച്ചിംഗ് പൗഡർ വാങ്ങി നല്കേണ്ടതുമാണ്. നിലവിലുള്ള മാർക്കറ്റിലെ അറവുശാലകൾ ജനവാസമില്ലാത്ത മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.


അറവുശാലയിൽ ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കാൻ "സാനിറ്ററി ഡിസ്പോസൽ മെത്തേഡ് " അനുസരിച്ച് ഒരു കുഴി നിർമ്മിക്കേണ്ടതും അവിടെ വേസ്റ്റ് നിക്ഷേപിക്കേണ്ടതുമാണ്. പലഭാഗത്തായി ചിന്നിചിതറി കിടക്കുന്ന മാംസവില്പന ശാലകളേയും മത്സ്യവില്പനശാലകളേയും ഇപ്പോൾ നിലവിലുള്ള മാർക്കറ്റിൽ തന്നെ നടത്താൻ നിർദ്ദേശിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. കരിപ്പോടിലുള്ള പൊതുസ്മശാനം കാലോചിതമായി പരിഷ്ക്കേണ്ടതാണ്.
2. അംഗൻവാടി കേന്ദ്രങ്ങളിൽ കൂടി വീട്ടമ്മമാർക്ക് മാസംതോറും ആരോഗ്യ വിദ്യാഭ്യാസമുള്ള ക്ലാസ്സുകൾ നടത്തേണ്ടതാണ്.
3. ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ഹെൽത്ത് കാർഡ് സിസ്റ്റം നടപ്പാക്കേണ്ടതാണ്. പഞ്ചായത്തു പരിപൂർണ അധികാരമുള്ള ഒരു പൊതുജനാരോഗ്യ നിയമം നടപ്പിൽ വരുത്തുവാൻ വേണ്ടി അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

397

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



പുതുനഗരം ഗ്രാമപഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഗലയുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 33.79 കി.മി. ആണ്. ഇതിൽ 14.36 കി.മി. മാത്രമേ ടാർ ചെയ്തിട്ടുള്ളു. പഞ്ചായത്തിൻെറ കീഴിലുള്ള റോഡ് ദൈർഘ്യം 24.19 കി.മി. ആണ്. കഴിഞ്ഞ കുറെ വർഷങ്ങളായി പഞ്ചായത്തിൽ പുതുതായി റോഡുകളൊന്നും നിർമ്മിച്ചിട്ടില്ല. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 3,659,803 രൂപ ചിലവഴിച്ചിട്ടുണ്ട്, ശരാശരി 3.6 കി.മീ/ ച.കി.മി. റോഡുണ്ട്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. മൊത്തം റോഡിൻെറ നീളം കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 2 മീ. റോഡു മാത്രമേ ഉള്ളൂ.

റെയിൽപ്പാത കടന്നു പോകുന്ന കേരളത്തിലെ ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് പുതുനഗരം പഞ്ചായത്ത് 1932 ൽ പാലക്കാട് - പൊള്ളാച്ചി റെയിൽവേവന്നപ്പോൾ അതിലെ ഒരു പ്രധാന സ്റ്റേഷനായിരുന്നു പുതുനഗരം, പഞ്ചായത്തിലാകെ 3 കി.മീ.നീളത്തോളം റെയിൽവെ പാതയുണ്ട്. പുതുനഗരത്തിലെ മരം, മാങ്ങ, പുളി, മത്സ്യം, അടയ്ക്ക തുടങ്ങിയ കച്ചവടങ്ങളുടെ പുരോഗതിക്ക് നിസ്തൂലമായ പങ്കാണ് ഈ റെയിൽവേപ്പാത വഹിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ ദൂരം വീതി, യാത്രാ സൗകര്യങ്ങൾ എന്നിവയുടെ വിവരണത്തിന് പട്ടിക കാണുക.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും, റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല. ആവശ്യത്തിനുള്ള ഫണ്ടില്ലായ്മ എല്ലാ റോഡുകളുടെ

398

വികസനത്തിനും വിലങ്ങുതടിയാകുന്നു. ടാർ ചെയ്യേണ്ട റോഡുകളുടെയും മെറ്റൽ ചെയ്യേണ്ട റോഡുകളും, പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെയും വിവരത്തിന് പട്ടിക കാണുക.

*പ്രശ്നങ്ങൾ*

## റെയിൽവേ ഗതാഗതം

യാത്രാ സൗകര്യങ്ങളിൽ റെയിൽവേ യാത്രയ്ക്ക് ഉണ്ടായിരുന്ന പ്രാമുഖ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നതാണ് നാം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. അടുത്തകാലം വരെയുള്ള പുതുനഗരം ഗ്രാമപഞ്ചായത്തിലെ റെയിൽവേപ്പാത കൂടുതൽ ആളുകൾ യാത്രയ്ക്കായി ഉപയോഗിച്ചിരുന്നു. യാത്രാക്കൂലി പലതവണ വർദ്ധിപ്പിച്ചതും, കാലാന്തരമായ മാറ്റങ്ങൾ റെയിൽവേ അധികൃതർ പുതുനഗരം റെയിൽവേ സ്റ്റേഷനിൽ നടത്താത്തതും, സ്വകാര്യ ബസ് സർവ്വീസുകളുടെ അധിപ്രസരവും റെയിൽ യാത്രാക്കാരുടെ എണ്ണത്തിൽ കുറവുണ്ടാക്കി. വരുമാനക്കുറവ് എന്ന കാരണം പറഞ്ഞ്, ഈ സ്റ്റേഷൻ നിർത്തലാക്കുവാൻ ശ്രമിച്ചത് ബഹുജന പ്രക്ഷോഭത്തെത്തുടർന്ന് പ്രസ്തുത നീക്കത്തിൽ നിന്നും അധികൃതർ പിൻമാറുകയുണ്ടായത് പ്രസ്താവ്യമാണ്.

*സാദ്ധ്യതകൾ*

റെയിൽവേയാത്ര ആകർഷകമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. പാലക്കാട് പൊള്ളാച്ചി റെയിൽവെ ലൈൻ ബ്രോഡ്ഗേജ് ആക്കുക. പാലക്കാട് മുതൽ മീനാക്ഷിപുരം വരെയുള്ള റെയിൽവേ പാത പാലക്കാട് ഡിവിഷനോട് ചേർക്കുക. ഈ സ്റ്റേഷനിൽ നിന്നും റിസർവേഷൻ ബർത്തുകൾക്ക് ക്വാട്ട വർദ്ധിപ്പിക്കുക. റെയിൽവേ സ്റ്റേഷനിലെ ലാട്രിൻ, സ്റ്റേഷനുകളിലേക്ക് ഫോൺ ചെയ്യുവാനാവശ്യമായ പി&ടി ഫോൺ, പ്ലാറ്റ് ഫോം മേൽക്കൂര എന്നിവ സ്ഥാപിക്കുക. തുടങ്ങിയ പ്രവർത്തനങ്ങൾ വഴി റെയിൽവേ സ്റ്റേഷൻെറ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുക. ഗുഡ്സ് ഷെഡ് പുനഃസ്ഥാപിക്കുക. റെയിൽവേ സ്റ്റേഷൻ റോഡും, ഗുഡ്സ് ഷെഡ് റോഡും ടാർ ചെയ്യുക.

## റോഡ് ഗതാഗതം

*പ്രശ്നങ്ങളും, സാദ്ധ്യതകളും*

1. എം.എച്ച്.എസ് സ്ക്കൂൾ പ്രദേശാതിർത്തികളിലെ റോഡുകളിൽ അപകട സാദ്ധ്യതകൾ ഉള്ളതിനാൽ ഹംബും, സൈൻ ബോർഡും സ്ഥാപിക്കുക.
2. ഏറ്റവും ചുരുങ്ങിയ ദൂരം കൊണ്ട് ചിറ്റൂർ - തത്തമംഗലം മുൻസിപ്പാലിറ്റിയെ ബന്ധിപ്പിക്കുന്ന കരിപ്പോട് - പിലാപ്പുള്ളി റോഡ് ഉടൻ മെറ്റൽ ചെയ്ത് ടാർ ചെയ്യുക. ധാരാളം ജനങ്ങൾ ഈ റോഡ് ഗതാഗതത്തിന് ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിലെ 8 മീറ്റർ വീതിയുള്ള ഏക റോഡാണിത്. പുതുനഗരം ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാന ജംഗ്ഷനായ കരിപ്പോടു നിന്ന് ആരംഭിയ്ക്കുന്ന ഈ റോഡ് അടിയന്തിര പ്രാധാന്യത്തോടെ ടാർ ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിലെ ആളുകൾക്കു പുറമെ അടുത്ത പഞ്ചായത്തുകളായ വടവന്നൂർ, പട്ടഞ്ചേരി എന്നിവിടങ്ങളിലെ ആളുകൾ ബസ് യാത്രയ്ക്കായി ബസ്സ്റ്റോപ്പിലെക്ക് വരുന്നതിന് ആശ്രയിക്കുന്നത് ഈ റോഡിനെയാണ്. ഈ റോഡിൻെറ വടവന്നൂർ പഞ്ചായത്തിൽ ഉൾപെടുന്ന ഭാഗം മെറ്റൽ ചെയ്ത് കഴിഞ്ഞിരിക്കുന്നു.

399

# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## റോഡുകളുടെ വിവരം

| വാർഡ് | റോഡിൻെറ പേര് | റോഡിൻെറ ദൂരം കി. മീ | റോഡിൻെറ വീതി മീറ്റർ | റോഡിൻെറ സ്വഭാവം ടാർ | റോഡിൻെറ സ്വഭാവം കോൺക്രീറ്റ് | റോഡിൻെറ സ്വഭാവം മെറ്റൽ | റോഡിൻെറ സ്വഭാവം ചരൽ | ചിലവ് രൂപ |
|---|---|---|---|---|---|---|---|---|
| 1 | കൊശക്കട റോഡ് | 0.603 | 3.05 | | | | ✓ | – |
| | സ്വത്രവട്ടാരം റോഡ് | 0.804 | 3.60 | | | | ✓ | – |
| | കച്ചേരി വട്ടാരം റോഡ് | 0.806 | 3.60 | | | | ✓ | 180 |
| | പാട്ടച്ചേറ റോഡ് | 0.804 | 4.87 | | | | ✓ | – |
| | നൊച്ചിയോട് റോഡ് | 0.150 | 400 | ✓ | | | | – |
| 2 | ഈശല വട്ടാരം റോഡ് | 0.502 | 3.60 | | | | ✓ | 177 |
| | ചന്തപ്പേട്ട വട്ടാരം റോഡ് | 0.603 | 3.60 | | | | ✓ | 21779 |
| | പുതുപ്പള്ളിത്തെരുവ് റോഡ് | 0.603 | 7.50 | | | ✓ | | 1000 |
| | എം. എച്ച്. എസ്. കട്ടയം സ്ട്രീറ്റ് റോഡ് | 0.200 | 8.00 | ✓ | | | | – |
| | മായൻ വീട് റോഡ് | 0.804 | 3.60 | | | ✓ | | 165 |
| | വളയക്കാരത്തെരുവ് റോഡ് | 0.301 | 3.60 | | | | ✓ | 2 |
| 3 | മീരാഞ്ചി വട്ടാരം റോഡ് | 0.905 | 4.25 | | | ✓ | | 199 |
| | മീൻകട വട്ടാരം റോഡ് | 0.402 | 4.25 | | | ✓ | | – |
| | തെക്കത്തി വട്ടാരം റോഡ് | 1.206 | 4.00 | ✓ | | | | 200 |
| | മണ്ണുവട്ടാരം റോഡ് | 0.603 | 4.25 | | | | ✓ | 407 |
| | പുതുനഗരം റെയിൽവെ സ്റ്റേഷൻ റോഡ് | 0.402 | 7.00 | | ✓ | ✓ | | 17251 |
| | പള്ളിത്തെരുവ് റോഡ് | 0.502 | 6.00 | | | | ✓ | 1140 |
| 4 | കാട്ടുവാസപ്പള്ളിത്തെരുവ് റോഡ് | 0.301 | 7.00 | | | | ✓ | 866 |
| | കട്ടയം തെരുവ് റോഡ് | 0.301 | 7.00 | | | | ✓ | 84 |
| | മേലെത്തെരുവ് റോഡ്2 | 0.402 | 7.00 | | | | | 242 |
| 5 | പിലാത്തൂർ വടക്കേത്തെരുവ് | 1.005 | 4.25 | | | ✓ | | 200 |
| | തെക്കത്തിബാവത്തെരുവ് | 0.301 | 6.00 | | | | ✓ | 198 |

400

# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## റോഡുകളുടെ വിവരം

| വാർഡ് | റോഡിന്റെ പേര് | റോഡിന്റെ ദൂരം കി. മീ | റോഡിന്റെ വീതി മീറ്റർ | റോഡിന്റെ സ്വഭാവം ടാർ | കോൺക്രീറ്റ് | മെറ്റൽ | ചരൽ | ചിലവ് രൂപ |
|---|---|---|---|---|---|---|---|---|
| | ഉണ്ണൻചാത്തകുളമ്പ് റോഡ് | 0.502 | 7.00 | | | | | 335 |
| | പെരുന്തേനി റോഡ് | 0.402 | 8.00 | | | | | 100 |
| | കാട്ടുത്തെരുവ് റോഡ് | 0.804 | 4.80 | | | | | 1006 |
| 6 | മോഡേൺകാട്ടുത്തെരുവ് | 0.402 | 7.02 | | | | | 88 |
| | നായ്ക്കത്തറ റോഡ് | 0.603 | 3.60 | | | | | – |
| | കൊടുവായൂർ മാങ്ങോട് റോഡ് | 1.609 | 4.80 | ✓ | | | | – |
| | മാങ്ങോട് കരിഞ്ഞിലാങ്ങോട് | 0.800 | 4.80 | | | | | 375 |
| 7 | കാരാട്ടുകുളമ്പ് വിരിഞ്ഞിപ്പാടം | 1.407 | 4.80 | | | ✓ | | – |
| | മാങ്ങോട് കരിപ്പോട് | 2.010 | 4.80 | | | ✓ | | – |
| | അടിച്ചിറ ചുണ്ണാമ്പുത്തറ | 0.804 | 4.25 | | | ✓ | | 36047 |
| 8 | കരിപ്പോട് തറ റോഡ് | 1.206 | 4.25 | | ✓ | | | – |
| | കരിപ്പോട് വാരിയത്തുകുളം | 1.206 | 3.60 | | | | | 180 |
| | കരിപ്പോട് മൂങ്ങപ്പുള്ളി കുളമ്പ് | 0.323 | 4.80 | | | | | – |
| 9 | ഇല്ലത്തുകുളമ്പ് റോഡ് | 0.301 | 3.60 | | | ✓ | | – |
| | ചെട്ടിയത്തുകുളമ്പ് കരിപ്പോട റോഡ് | 1.407 | 8.00 | | | ✓ | | 1160 |
| | കൊല്ലത്തുകുളമ്പ് | 0.301 | 3.60 | | | | | 120 |
| | പൂന്തോണി റോഡ് | 0.402 | 3.60 | | | ✓ | | 356 |

## ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം കി. മീ | വീതി മീറ്റർ |
|---|---|---|---|
| 5 | ഉന്നൻചാത്ത തെരുവ് | 0.502 | 7.0 |
| 9 | കരിപ്പോട് - പിലാപ്പുള്ളി | 1.500 | 8.0 |
| 5 | കാട്ടുത്തെരുവ് | 0.804 | 4.8 |
| 2 | വില്ലേജ് ആപ്പീസ് റോഡ് | 0.200 | 7 |
| 5 | പള്ളിത്തെരുവ് റോഡ് | 0.200 | 6 |
| 6 | കാട്ടുത്തെരുവ് വിരിഞ്ഞിപ്പാടം | 1.000 | 8 |
| 5 | മലങ്കുഷാപള്ളി റോഡ് | 0.230 | 6 |
| 8 | കരിപ്പോട് തറ റോഡ് | 2.000 | 5 |
| 8 | മുണ്ടപ്പുള്ളി കുളമ്പ് | 0.500 | 6 |

# പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉമസ്ഥത | ദൂരം കി. മീ | വീതി മീറ്റർ | ബസ്/മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | പുതുനഗരം - പുന്തോണി | പി. ഡബ്ല്യു. ഡി | 3 | 8 | ഉണ്ട് |
| 2 | കോഴിക്കട - നൊച്ചൂർ | " | 3 | 8 | ഉണ്ട് |
| 3 | കൊടുവായൂർ - മാങ്ങോട് | " | 1.6 | 4.8 | ഇല്ല |
| 4 | മാങ്ങോട- കരിപ്പോട് | " | 2 | 4.8 | ഇല്ല |

402

## മെറ്റൽ ചെയ്ത് ടാർ / കോൺക്രീറ്റ് ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | ദൂരം കി. മീ | വീതി . മീ |
|---|---|---|---|
| 9 | കരിപ്പോട് – പിലാപ്പുള്ളി | 1.5 | 8 |
| 9 | കരിപ്പോട് – നടുവത്തുകുളമ്പ് | 1 | 4 |
| 9 | കരിപ്പോട് – ചെട്ടിയത്തുകുളമ്പ് | 1 | 4 |
| 5 | പിലാത്തൂർ റോഡ് | 0.3 | 4.25 |
| 6 | മാങ്ങോട് – പണിക്കുളമ്പ് (കരിഞ്ഞിലാങ്കോട്) | 0.85 | 4.80 |
| 5 | പിലാത്തൂർ ലിങ്ക് റോഡ് | 0.2 | 5 |
| | മോഡേൺ കാട്ടുത്തെരുവ് | 0.4 | 4.25 |
| 6 | (ജി. എൽ. പി. എസ്. വെസ്റ്റ്) | | |
| 9 | കരിമൻചാല – നായ്ക്കത്തറ | 0.6 | 6 |
| 9 | മൂച്ചിക്കലോരം റോഡ് | 0.15 | 5 |
| 8 | കൊല്ലത്തുകുളമ്പ് റോഡ് | 2 | 6 |
| 8 | വാരിയത്തുകുളം – ഇല്ലത്തു കുളമ്പ് | 2 | 6 |
| 7 | പാമ്പൂരംപാറ ഹരിജൻ കോളനി റോഡ് | 0.8 | 5 |
| 2 | വീട്ടിയോട് റോഡ് | 0.8 | 5 |

## പുതുതായി നിർമിക്കേണ്ട മൺറോഡുകൾ

| | | | |
|---|---|---|---|
| 2 | വില്ലേജാഫീസ് റോഡ് | 200 | |
| 5 | കട്ടയംതെരുവ് ഉന്നൻ ചാത്തൻ തെരുവ് റോഡ് | 1000 | |
| 6 | ചങ്കരൻ ഹരിജൻ കോളനി | | |
| 6 | പടിയ്ക്കൽപാടം കീഴ്ക്കുളം | 400 | |
| 9 | വടകരപ്പാല നടുവത്തു കുളമ്പ് | 1500 | |
| 7 | ആന്തൂർക്കളം റോഡ് | 1250 | |
| 7 | ആന്തൂർക്കളം റോഡ് | 200 | |

3. എല്ലാ K.S.R.T.C ഫാസ്റ്റ് പാസഞ്ചർ, എക്സ്പ്രസ് ബസ്സുകൾക്കും, കരിപ്പോട് ജംഗ്ഷനിലും, നെല്ലിമേട്ടിലെ ഹോസ്പിറ്റലിനു മുൻവശവും, ' 'റിക്വസ്റ്റ് സ്റ്റോപ്പ്'' ' അനുവദിയ്ക്കുക.
4. പുതുനഗരത്തിൻെറ, കൊല്ലങ്കോട് റോഡിൽ കുളത്തുമ്മേടും, കൊടുവായൂർ റോഡിൽ നെല്ലിമേടും, പെരുവെമ്പ് റോഡിൽ മാരിയമ്മൻ കോവിലും, ചിറ്റൂർ റോഡിൽ കൊശക്കടയും ഫെയർ സ്റ്റേജായി പുനഃർനിർണ്ണയിക്കുക.
5. കൊല്ലങ്കോട് റൂട്ടിലെ അടിച്ചിറയിലെ ഫെയർ സ്റ്റേജ് കരിപ്പോട് ജംഗ്ഷനിലേക്കു മാറ്റി പുനഃർനിർണയിക്കുക.
6. കൊടുവായൂർ വഴി പാലക്കാട്ടേയ്ക്ക് ഓരോ പത്ത് മിനുട്ടിനും ബസ് സർവ്വീസുകൾ ആരംഭിയ്ക്കുക.
7. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.
8. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടിക തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിയ്ക്കുക.

## ഊർജ്ജം

പുതുനഗരം ഗ്രാമ പഞ്ചായത്തിലെ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാവുന്നത് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ് എന്നതാണ്. നിലവിൽ പാലക്കാട് വെണ്ണക്കര ഭാഗത്തു നിന്നും വിതരണം ചെയ്യുന്ന 110 kv ലൈനാണ് പുതുനഗരം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലായി 12 ട്രാൻഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ട്രാൻസ്ഫോർമറുകളെല്ലാം തന്നെ ചുരുങ്ങിയ കപ്പാസിറ്റിയുള്ളവയാണ്. ഗ്രാമപഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ വൈദ്യുതി ലൈനുകൾ എത്താത്ത സ്ഥലങ്ങളുമുണ്ട്. ഉള്ള പ്രദേശങ്ങളിൽ തന്നെ വോൾട്ടേജ് തീരെയില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആകെ 128 അറുപത് വാട്ട് ബൾബുകളും 146 - നൂറ് വാട്ട് ബൾബുകളും, 51 ട്യൂബുകളും, പതിനൊന്ന് - 250 വാട്ടിൻെറ സോഡിയം വേപ്പർ ബൾബുകളും പഞ്ചായത്തിൻ സ്ഥാപിച്ചുട്ടുണ്ട്. ഇതിനെല്ലാം കൂടി പഞ്ചായത്ത് പ്രതിമാസം 6528 രൂപ വൈദ്യുതി ചാർജ്ജ് അടച്ചു വരുന്നുണ്ട്. എന്നാൽ ഇത്രയും തെരുവു വിളക്കുകളിൽ പകുതിയിൽ കൂടുതൽ ലൈറ്റുകളും പ്രവർത്തിക്കാറില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പരിശോധിച്ചതിൽ നിന്ന് എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നവയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ കൊടുക്കുന്ന വൈദ്യുതി കണക്ഷനുകളനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ ശേഷി ഉയർത്തുന്നില്ല. ട്രാൻസ്ഫോർമറുകളുടെ സ്ഥാനത്തിനും വൈദ്യുത ലൈനുകളുടെ വിവരത്തിനും ചിത്രം 23, 24 കാണുക.

പുതുനഗരം ഗ്രാമപഞ്ചായത്തിലെ മിക്ക വീടുകളിലും വിറകുപയോഗിച്ചുള്ള അടുപ്പുകളാണ് ഉപയോഗിക്കുന്നത്. 15- ഓളം ഗോബർഗ്യാസ് ഉപയോഗിക്കുന്നുണ്ട്. ഇടത്തരക്കാരും ഉയർന്ന വരുമാനക്കാരും L P G, മണ്ണെണ്ണ സ്റ്റൗവ്, ബയോഗ്യാസ് പ്ലാൻറ് എന്നിവയാണ് ഉപയോഗിക്കുന്നുത്. 10 ഓളം കുടുംബങ്ങളിൽ ബയോഗ്യാസ് പ്ലാൻറ് ഉണ്ടെങ്കിലും അവ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിൻെറ കേടുപാടുകൾ തീർക്കാൻ മതിയായ സാങ്കേതിക വിദഗ്ധർ ഇവിടെയില്ല.


***പ്രശ്നങ്ങൾ***

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ലൈനുകളിൽ തടസ്സം ചെയ്യുന്ന മരച്ചില്ലകൾ യഥാസമയം അധികൃതർ മുറിച്ചു മാറ്റുന്നില്ല.
3. സ്ട്രീറ്റ് ലൈറ്റുകൾ വേണ്ടത്ര ഇല്ല.

404

# പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത്.

## പവർലൈൻ മാപ്പ്





SCALE

405

# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## വൈദ്യുതി ട്രാൻസ്ഫോർമറുകളുടെ സ്ഥാനം



4. പാചകവാതകഗ്യാസ് പുതുനഗരം ഗ്രാമ പഞ്ചായത്തിൽ വിതരണം ഇല്ല .
5. സ്റ്റൌപ്പിന്റെ ഉപയോഗം മറ്റുള്ളവർക്കു ദോഷം ചെയ്യുന്നു.
6. ട്രാൻസ് ഫോർമറുകളുടെ എണ്ണക്കുറവും കപ്പാസിറ്റിയുടെ പോരായ്മയും പ്രശ്നങ്ങളാണ്.
7. ഗോബർഗ്യാസ്, ബയോഗ്യാസ് പ്ലാൻറുകളുടെ അറ്റകുറ്റ പണികൾക്കുള്ള വിദഗ്ധരുടെ കുറവ്.
8. വൈദ്യുത ലൈനുകൾ ശരിയായ രീതിയിലല്ല സ്ഥാപിച്ചിരിക്കുന്നത്.
9. പുതുനഗരം ഗ്രാമപഞ്ചയത്ത് പ്രദേശത്തുള്ള വാഹനങ്ങൾക്കാവശ്യം പെട്രോളിയം ഉല്പന്നങ്ങൾക്കം കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

*സാധ്യതകൾ.*

1 പഞ്ചായത്തിലെ എല്ലാം വീടുകളിലും വൈദ്യുതി എത്തിക്കുക.
2. വൈദ്യുതി ലൈനുകളുടെ തടസ്സം യഥാസമയം നീക്കുക.
3. സ്ട്രീറ്റു ലൈറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ വേണ്ടത്ര സ്ഥാപിക്കുക.
4. ഗാർഹിക ആവശ്യങ്ങൾക്കും വ്യാവസായികശാലകൾക്കും പ്രത്യേകം പ്രത്യേകം വൈദ്യുതി ലൈനുകൾ സ്ഥാപിക്കുക.
5. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
6. പടിയ്ക്കൽ പാടത്ത് പമ്പ്ഹൗസിനോടനുബന്ധിച്ച് നിർദ്ദിഷ്ട ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് ഇവിടത്തെ കുടിവെള്ള വിതരണത്തിന് ഇടയ്ക്കിടെ ഉണ്ടാവുന്ന സ്തംഭനം ഒഴിവാക്കുക.
7. ദക്ഷത കൂടിയ അടുപ്പുകളെക്കുറിച്ചുള്ള ബോധവത്ക്കരണം നടത്തി എല്ലാ വീടുകളിലും അതു സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
8. ബയോഗ്യാസ്, ഗോബർഗ്യാസ് പ്ലാൻറുകൾക്ക് വരുന്ന കെടുപാടുകൾ തീർക്കുവാൻ വേണ്ടിയുള്ള വിദഗ്ദരുടെ സേവനം ലഭ്യമാക്കുക.
9. പ്രവർത്തിക്കാത്ത സ്ട്രീറ്റ് ലൈറ്റുകൾ നന്നാക്കുക.
10. പാചകവാതക ഗ്യാസ് വിതരണത്തിനു വേണ്ടിയുള്ള ഏജൻറുമാരെ ഏർപ്പെടുത്തുക.
11. പുതുനഗരം ഗ്രാമപഞ്ചായത്തിലെ വാഹനങ്ങളുടെ ആവശ്യത്തിനുള്ള പെട്രോളിയം ഉല്പന്നങ്ങൾക്കുവേണ്ടി ഒരു പെട്രോൾ ബാങ്ക് സ്ഥാപിക്കുക.

## മാർക്കറ്റ്

*പ്രശ്നങ്ങളും സാധ്യതകളും*

ദിവസചന്തകളോ ആഴ്ചചന്തകളോ മാസചന്തകളോ പുതുനഗരം ഗ്രാമ പഞ്ചായത്തിലില്ല. ഇത് ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങളുടെ ആവശ്യം പൂർത്തീകരിക്കുന്നതിന് തടസ്സമാവുകയാണ്. നിലവിലുള്ള ഏക മാർക്കറ്റായ മത്സ്യമാംസ മാർക്കറ്റ് വളരെ ശോചനീയാവസ്ഥയിലാണ്. നിലവിലുള്ള മത്സ്യ വിപണനം പൊതു നിരത്തിലാണ് നടത്തുന്നത്. നിലവിലുള്ള മത്സ്യ മാംസ മാർക്കറ്റിനെ പച്ചക്കറി - മാംസമാർക്കറ്റിനെ പച്ചക്കറി - മാംസ മാർക്കറ്റാക്കി മത്സ്യ മാർക്കറ്റ് കൂടുതൽ സ്ഥലവും സൗകര്യവും ഉള്ള ഭാഗത്തേക്ക് മാറ്റേണ്ടതാണ്. സ്വയം തൊഴിൽ സംരഭകരുടെ ഉല്പന്നങ്ങൾക്ക് ഒരുവിപണന കേന്ദ്രം നിർബന്ധമായും കാണേണ്ടിയിരിക്കുന്നു. സഹകരണാടിസ്ഥാന ത്തിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. പുതുനഗരം കാടുത്തെരുവിലും, കരിപ്പോട് ജംഗ്ഷനിലും ആഴ്ചചന്തകൾ നടത്തുവാനുള്ള സംവിധാനം ചെയ്യണം.

407

# 7
# പാർപ്പിടവും സാമൂഹ്യക്ഷേമവും




പുതുനഗരംഗ്രാമപഞ്ചായത്തിൽ 2639 വീടുകളാണ് നിലവിലുള്ളത്. 1991 ൽ ഇത് 2532 ആണ്. ഇതിൽ 108 ടെറസ്സും 196 ഓലമേഞ്ഞതും 2335 ഓടിട്ട വീടുകളുമാണ് ഉള്ളത്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നൂറിലധികം വീടുകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വീടുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ (ചിത്രം 25 കാണുക)

408

ഗ്രാമ
# പുതുനഗരം പഞ്ചായത്ത്

## വീടുകളുടെ എണ്ണം (വാർഡുതലത്തിൽ)




തോത്

175 വീടുകൾ

SCALE

mts 200 100 0 200 400 600 800 1000 mts

ചിത്രം 25

താഴെപട്ടിക കൊടുത്തിരിക്കുന്നു.

| വാർഡ് നമ്പർ | ആകെ വീട് | ഓടിട്ടത് | ടെറസ്സ് | ഓലമേഞ്ഞത് |
|---|---|---|---|---|
| 1 | 367 | 334 | 22 | 11 |
| 2 | 270 | 239 | 27 | 4 |
| 3 | 212 | 200 | 2 | 10 |
| 4 | 286 | 271 | 4 | 11 |
| 5 | 175 | 142 | 16 | 17 |
| 6 | 397 | 311 | 18 | 68 |
| 7 | 432 | 398 | 9 | 25 |
| 8 | 175 | 150 | 1 | 24 |
| 9 | 325 | 290 | 9 | 26 |
| ആകെ | 2639 | 2335 | 108 | 196 |

ആഅവലംബം : – സെക്കൻററി ഡാറ്റ - 1996)

ഗ്രാമസഭ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ ആയിരത്തോളം കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്. ഇവർ എല്ലാ വിഭാഗത്തിലും പെടുന്നവരാണ്. ഇവിടെ നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ വസ്തുക്കൾ ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന നാടൻ ഇഷ്ടികകളുടെയും ഇവിടെ നിന്നു തന്നെ ലഭിക്കുന്ന മര ഉരുപ്പടികളുമാണ് ഭൂരിഭാഗം പേരും ഉപയോഗിക്കുന്നത്. ഗൾഫ് വരുമാനം ഈ പഞ്ചായത്തിൻെറ ഭവന നിർമ്മാണ മേഖലയിൽ സ്വാധീനം ചെലുത്തുന്നില്ല. പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള വീടുകളിൽ 88.8 ശതമാനം ഓടിട്ടതും 4.09.% ടെറസ്സും, 7.42% ഓലമേഞ്ഞതുമാണ് . അടിയന്തിരമായി മാറ്റം ആവശ്യമുള്ളതും ഓലമേഞ്ഞ വീടുകളിലാണ്. അവ ഏതാണ്ട് 7.42% വരും. കൂടാതെ സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സ്ഥലമില്ലാത്തവർക്ക് സ്ഥലവും ധനസഹായവും ആവശ്യമാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ വെളിച്ചം വീശുന്നു.(ചിത്രം 26 കാണുക)

വടവന്നൂരിൽ പ്രവർത്തിക്കുന്ന വടവന്നൂർ ഹൗസിംഗ് സഹകരണ സംഘമാണ് ഇവിടത്തെ കെട്ടിട നിർമ്മാ ണരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനം. സംഘം നൽകിയ ഭവന വായ്പയിൽ 30- ഓളം വീടുകൾ പുതുനഗരം പഞ്ചായത്തിലാണ്. സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 150 - ഓളം വീടുകൾ മാത്രമാണ് പണി തീർന്നിട്ടുള്ളത്. ഈ പഞ്ചായത്തിൽ പാടം നികത്തി വീട് നിർമ്മിക്കുന്ന പ്രവണത വ്യാപകമല്ലെങ്കിലും ചെറിയ തോതിൽ പടിക്കൽ, പാടം വിരിഞ്ഞിപാടം, പൂന്തോണി, എന്നീ ഭാഗങ്ങളിൽ കാണുന്നുണ്ട്. ഇവിടത്തെ നിർമ്മാണ തൊഴിലാളികളിൽ പുരുഷൻമാർക്ക് നൂറും സ്ത്രീകൾക്ക് 45 രൂപയുമാണ് കൂലിനിരക്ക്. നിർമ്മാണതൊഴിലാളികളിൽ ഭൂരിഭാഗവും അടുത്ത നഗരങ്ങളിലാണ് പണി ചെയ്യുന്നത്.


ഈ പഞ്ചായത്തിൽ മാങ്ങോടം, വീട്ടിയോട്, എന്നീ സ്ഥലങ്ങളിൽ ലക്ഷം വീട് കോളനികളുണ്ട്. പുതുതായി കോളനികൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥലങ്ങൾ ഇവിടെയുണ്ട്. ആന്തൂർക്കളം, കൊല്ലത്ത്കുളമ്പ്, അടിച്ചിറ ഇറക്കം, കരുമൻ ചോല, പടിക്കൽപ്പാടം വാരിയത്ത് കളം നെച്ചിയോട്, പാമ്പൂരാൻ പാറ, വിരിഞ്ഞിപ്പാടം, വാരിയത്ത് കളം, ചെട്ടിയത്ത് കൊളുമ്പ് എന്നിവിടങ്ങളിൽ ഹരിജൻ

410

പുതുനഗരം ഗ്രാമ പഞ്ചായത്ത്

വീടുകളുടെ തരംതിരിവ്

(വാർഡ് തലത്തിൽ)





ചിത്രം 26

411

പൂജനാഗരം ഗ്രാമപഞ്ചായത്ത്

I.R.D.P സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം




ചിത്രം 27

കോളനികളും, മാങ്ങോട്, കാരാട്ടുകുളമ്പ് ,കൊങ്ങിണി, പടിക്കൽപ്പാടം, പണിക്കുളമ്പ് എന്നീ സ്ഥലങ്ങളിൽ കോളനി നിർമ്മിക്കുവാൻ പറ്റിയ സ്ഥലങ്ങളുമാണ്.

സാമൂഹ്യക്ഷേമ പദ്ധതികൾ രണ്ടുവിധത്തിലാണ് പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതം. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗക്കാർക്കുള്ള പെൻഷൻ ധനസഹായ പദ്ധതികളുമാണവ. 1992 ലെ I.R.D.P സർവ്വേപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1472 ആണ്. പ്രതിവർഷം ശരാശരി 41 കുടുംബങ്ങൾക്ക് മാത്രമാണ്I.R.D.P. പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചത്. അർഹരായവരിൽ വളരെ ചെറിയൊരു വിഭാഗം കുടുംബങ്ങൾക്ക് മാത്രമേ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളു. I.R.D.P.സർവ്വെ പ്രകാരം ദാരിദ്ര്യ രേകയ്ക്കം താഴെയുള്ളവരുടെ വിവരം ചിത്രം 27-ൽ കൊടുത്തിരിക്കുന്നു.

ഈ പഞ്ചായത്തിൽ വിവിധ ധനസഹായം ലഭിക്കുന്നവർ ധാരാളമുണ്ട് വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, തൊഴിലില്ലായ്മവേതനം, കർഷകതൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്നവരുടെ എണ്ണം കൃത്യമായി ലഭ്യമല്ല. അർഹരായവർക്ക് സഹായം ലഭിക്കുന്നില്ല എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതോടൊപ്പം. തന്നെ സഹായം അനുവദിച്ചവർക്ക് അത് കൃത്യമായി ലഭിച്ചുവരുന്നുമില്ല. നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളും ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമാക്കേണ്ടതുണ്ട്.

പുതുനഗരം പഞ്ചായത്തിൽ തെരഞ്ഞെടുപ്പും വാർഡ് പുനഃസംഘടിപ്പിക്കുന്നതിന് മുമ്പ് എല്ലാ വാർഡിലും അംഗൻവാടികൾ ഉണ്ടായിരുന്നു. വാർഡ് വിഭജനത്തെതുടർന്ന് 3,9, വാർഡുകളിൽ അഗൻവാടി പ്രവർത്തിക്കുന്നില്ല. സ്വന്തം കെട്ടിടമില്ലാത്ത അംഗൻവാടികൾ 1,6, വാർഡുകളിലാണ്. പഞ്ചായത്തിലെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ കുറവുണ്ട്. കളിക്കോപ്പുകളും മറ്റും ഏർപ്പെടുത്തേണ്ടതുണ്ട്.അംഗൻ വാടികളുടെ സ്ഥാനമറിയുന്നതിന് ചിത്രം 28 കാണുക.

*<u>പ്രശ്നങ്ങൾ -</u>*

1. നിർമ്മാണതൊഴിലാളികളെ കിട്ടാൻപ്രയാസപ്പെടുന്നു.
2. ദുർബ്ബല വിഭാഗക്കാർക്ക് ഭവന നിർമ്മാണ പദ്ധഥി ഫലപ്രദമായി നടപ്പിലാക്കുന്നില്ല.
3. ട്രൈസം പദ്ധതിപ്രകാരം പരിശീലനം പഞ്ചായത്ത് പ്രദേശങ്ങളിൽ നല്കുന്നില്ല. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നില്ല.
4. അവശ വിഭാഗങ്ങളിൽ ധനലഹായം അനുവദിച്ചവർക്ക് ലഭിക്കുന്നില്ല.
5. പലക്ഷേമ പദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമമല്ല.


*<u>നിർദ്ദേശങ്ങൾ</u>*

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ പൊതുമേഖല ധനകാര്യ സ്ഥാപനമായ ബാങ്കുകളുടെ സമീപനം തൃപ്തികരമാക്കണം.
2. ഭവന നിർമ്മാണ പദ്ധതികൾ പഞ്ചായത്ത് മുഖേന കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം.
3. അംഗനവാടികളോനുബന്ധിച്ച് പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കണം.
4. വിവിധ ധനസഹായ പദ്ധതികളിൽ കൂടി ധനസഹായം അനുവദിച്ചവർക്ക് യഥാസമയം സഹായം ലഭ്യമാക്കുവാൻ വേണ്ടത് ചെയ്യണം.

413

# പുതുനഗരം ഗ്രാമ പഞ്ചായത്ത്

## അംഗൻവാടികളുടെ സ്ഥാനം.





ചിത്രം 28

SCALE

mts 200 100 0 200 400 600 800 1000 mts

## ഗ്രാമ
## പുതുനഗരം പഞ്ചായത്ത്

## പൊതുവിതരണ കേന്ദ്രങ്ങളുടെ സ്ഥാനം





ചിത്രം 29

415

പുതുനഗരം ഗ്രാമപഞ്ചായത്ത്


പൊതുവിതരണകേന്ദ്രത്തിൽ വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ

(1൯൯5-൯6)





ചിത്രം 30

## പെരുങ്ങനഗരം ഗ്രാമപഞ്ചായത്ത്
## കാർഡ് ഉടമകളുടെ എണ്ണം.




പൊതുവിതരണകേന്ദ്രങ്ങളിലൂടെ
വിതരണം ചെയ്ത മണ്ണെണ്ണയുടെ അളവ്.




സ്കെയിൽ 1 cm = 10000 ലിറ്റർ.

417

ചിത്രം 31

### *പൊതുവിതരണം*

പൊതുവിതരണ മേഖലയിൽ പുതുനഗരം ഗ്രാമപഞ്ചായത്തിൽ 6 റേഷൻ ഷോപ്പുകളുണ്ട്. ഇതിൽ മൊത്തം 2384 കാർഡുകളാണ് ഉള്ളത്. കൂടാതെ ഒരു മാവേലി സ്റ്റോറും ഈ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. സാധാരണക്കാരൻെറ മുഖ്യ ആശാകേന്ദ്രമായ പൊതു വിതരണ കേന്ദ്രങ്ങൾ വിതരണത്തിൽ വളരെ പിന്നിലാണ്. പേരിൽ ന്യായവില ഷാപ്പ് എന്നാണെങ്കിലും, നായ വിലയ്ക്ക് സാധനങ്ങൾ ലഭിക്കമെങ്കിലും ആവശ്യത്തിനും, വൃത്തിയുള്ളതുമായ ഭക്ഷ്യവസ്തുക്കൾ സാധാരണക്കാരന് ന്യാ വില ഷാപ്പിൽ നിന്നും ലഭിയ്ക്കാറില്ല. സാധാരണക്കാരുടെ ആവശ്യത്തിന് പ്രവർത്തിക്കുന്ന ഷാപ്പുകൾ എല്ലാം തന്നെ വിതരണക്കാരൻെറ സൗകര്യത്തിനും, ആവശ്യത്തിനും മാത്രമായി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. പൊതു വിതരണ കേന്ദ്രങ്ങളുടെ സ്ഥാനം ചിത്രം 29 കാണുക. സെക്കൻററി ഡാറ്റ സ്വരൂപിച്ചപ്പോൾ എ. ആർ. ഡി. നം. 77-ൽ നിന്നും ലഭിച്ച വിതരണം ചെയ്ത സാധനങ്ങളുടെ കണക്കുകൾ വിശ്വാസയോഗ്യമല്ലാത്തതാണ്. ചിത്രം 30. മുകളിൽ കാണിച്ച രീതികളെല്ലാം തന്നെ മാറ്റി ജനങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുവിതരണ കേന്ദ്രങ്ങളെ മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്.
കാർഡ് ഉടമകളുടെ എണ്ണത്തിന് ചിത്രം 31 കാണുക.

### *പ്രശ്നങ്ങൾ*

1. നിലവിലുള്ള കടകളിൽ കാർഡുകളുടെ എണ്ണം വളരെ കൂടുതലാണ്.
2. സമയാസമയങ്ങളിൽ ആവശ്യക്കാർക്ക് സാധനങ്ങൾ ലഭിക്കാറില്ല.
3. നിശ്ചയിച്ച സമയങ്ങളിൽ കടകൾ തുറന്ന് പ്രവർത്താക്കാറില്ല.
4. ജനങ്ങളോട് വിതരണക്കാരുടെ പെരുമാറ്റരീതി വളരെ മോശം.
5. വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണം വളരെ മോശം.
6. കുളത്തുമേട് 127-ാം നമ്പർ പൊതുവിതരണം കേന്ദ്രം പ്രവർത്തിക്കുന്നില്ല.

### *സാദ്ധ്യതകൾ*

1. പുതുനഗരം ഗ്രാമപഞ്ചായത്തിൽ റേഷൻ ഷാപ്പുകളുടെ എണ്ണം വാർഡുകൾക്ക് ഒന്ന് എന്ന നിലയിൽ വർദ്ധിപ്പിക്കുക.
2. ജനങ്ങളുടെ ആവശ്യത്തിനും കൃത്യസമയത്തിനും ഭക്ഷ്യസാധനങ്ങൾ ലഭിക്കത്തക്ക രാതിയിൽ പ്രവർത്തനം ഊർജ്ജിതമാക്കുക.
3. ജനങ്ങളുടെ ആവശ്യപ്രകാരമാണ് ഷാപ്പുകൾ പ്രവർത്തിക്കേണ്ടത് എന്ന കാര്യത്തെ കുറിച്ച് ഷാപ്പ് ഉടമമകളെ ബോധവൽക്കരിക്കുക. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക.
4. 127-ാം നമ്പർ പൊതുവിത രണ കേന്ദ്രം കുളത്തമേട്ടിൽ പുനഃസ് ഥാപിക്കുക.

418

# 8
# സംസ്ക്കാരം

പ്പുതുനഗരം ഗ്രാമപഞ്ചായത്തിൽ ഹിന്ദു - മുസ്ലീം സംസ്കാരത്തിൻെറ വിവിധവശങ്ങൾ കാണുവാൻ സാധിക്കും. സാംസ്കാരികമായി ഈ പ്രദേശം തമിഴ്സംസ്കാരവുമായി കൂടുതൽ ബന്ധപ്പെട്ടു കിടക്കുന്നു. അതിനുള്ള പ്രധാന കാരണം പുതുനഗരം പഞ്ചായത്തിൻെറ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും തമിഴ്നാട്ടിൽ നിന്നും കുടിയേറിപാർത്തവരാണ് എന്നതാണ്. ഈ പ്രദേശത്തിലെ ജനങ്ങളുടെ വിവാഹ, മരണാനന്തര ചടങ്ങുകൾ, മറ്റുഘോഷങ്ങൾ എന്നിവയിൽ തമിഴ്സംസ്കാരവുമായി ബന്ധപ്പെട്ട ആചാരങ്ങളും സമ്പ്രദായങ്ങളും കണ്ടുവരുന്നുണ്ട്.

സ്വാതന്ത്ര്യത്തിനുമുമ്പ് ദേശീയപ്രസ്ഥാനമായ കോൺഗ്രസ്, മുസ്ലീംലീഗ് തുടങ്ങിയ പ്രസ്ഥാനങ്ങളും പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും, മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രവർത്തിച്ചിരുന്നതിൻെറ ഫലമായി ജനങ്ങളെ സാംസ്കാരികബോധം വളർന്നുവരികയുണ്ടായി. വിദ്യാഭ്യാസപരമായി വളരയധികം പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് അനൗപചാരിക വിദ്യാഭ്യാസം ബീഡികമ്പനികളിലെ തൊഴിലാളികൾ സ്വമേധയാ നടത്തിയിരുന്നു. ഇതിനു നേതൃത്വം വഹിച്ചിരുന്നത് പരേതനായ വേലുമുഹമ്മദ് മാസ്റ്ററാണ്. 1918-ൽ ആരംഭിച്ച പള്ളിബസാറിലെ ജി.എൽ.പി.എസ്. ആണ് ഔപചാരിക വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്. പിന്നീട് പുതുനഗരത്ത് 1940-ൽ "വാലിബർ മുന്നേറ്റ സംഘം" ആരംഭിക്കുകയും അതിൻെറ കീഴിൽ ഒരു വായനശാലയും, ഗ്രന്ഥശാലയും നടത്തുകയുണ്ടായി. തുടർന്ന് അഭ്യസ്ഥവിദ്യരുടെ ഒരു സംഘം, "യങ്മൻസ് ഫോർവേഡിങ് അസോസിയേഷ"ൻെറ പ്രവർത്തനവും ഈ രംഗത്ത് എടുത്തുപറയത്തക്കതാണ്. 1947ൽ രൂപംകൊണ്ട "മുസ്ലീം യങ്മൻസ് ഫോർവേർഡിങ് അസ്സോസിയേഷൻ" മുസ്ലീം യൂത്ത് ലീഗായി 1969ൽ രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഈ രംഗത്ത് മുസ്ലീം യൂത്ത് ലീഗ് വായനശാലകളും, ഗ്രന്ഥശാലകളും ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു.

419

പുതുനഗരം പഞ്ചായത്തിൽ രണ്ടാംവാർഡിൽ പഞ്ചായത്തിനോടനുബന്ധിച്ച് ഒരു സാംസ്കാരികനിലയമുണ്ട്. സ്ഥിരം ഉദ്യോഗസ്ഥരില്ലാത്തതിനാൽ അതിൻെറ പ്രയോജനം ലഭിക്കുന്നില്ല. മറ്റു സംസ്കാരിക സ്ഥാപനങ്ങളായി വിവിധ മതവിഭാഗങ്ങളിൽ അമ്പലങ്ങളോടും, പള്ളികളോടുമനുബന്ധിച്ച് ദേശകമ്മിറ്റികളും പള്ളിമഹല്ലു കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്. അതതു ജനവിഭാഗങ്ങളുടെ സാംസ്കാരിക ഉന്നമനത്തിന് കാര്യമായ സംഭാവനകൾ ഈ പ്രസ്ഥാനങ്ങൾ നൽകിവരുന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന ആഘോഷങ്ങൾ ഓണം, വിഷു, ഈദുൽഫിത്തർ, ഈതുൽ അതുഹ, ക്രിസ്തുമസ് എന്നിവയാണ്. ചന്ദനക്കുടം, വിഷുവേല, പൊങ്കൽ, അയ്യപ്പൻവിളക്ക് എന്നീ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് നാടൻ കലാരൂപങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. അതിൽ പ്രധാനപ്പെട്ടത് ആന എഴുന്നള്ളിപ്പ്, പൊറാട്ടുനാടകം, കുംഭക്കളി, കരിവേഷം, കണ്ണ്യാർകളി എന്നിവ ഏർപ്പെടുത്താറുണ്ട്.

പുതുനഗരം പഞ്ചായത്തിൽ ആകെ 9 വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ 1, 6, 9 എന്നീ വാർഡുകളിൽ വായനശാല പ്രവർത്തിക്കുന്നില്ല. ഇവയെല്ലാം സ്ഥലത്തെ സന്നദ്ധസംഘടനകളുടെ പേരിൽ പ്രവർത്തിക്കുന്നവയാണ്. അവിടുത്തെ പ്രസിദ്ധീകരണങ്ങളിൽ ദിനപത്രം പഞ്ചായത്തു മുഖേനയാണു വിതരണം ചെയ്യുന്നത്. ഈ വായനശാലകളിലൊന്നിലും ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നില്ല. അതേസമയം പുതുനഗരം ഇസ്ലാമിക് കൾച്ചറൽ ട്രസ്റ്റിൻെറയും, കേരള നദ്‌വത്തുൽ മുജാഹിദീൻ പുതുനഗരം ശാഖയുടെയും ആഭിമുഖ്യത്തിൽ ഓരോ ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

ഗ്രന്ഥശാലകൾക്കു പുറമേ പഞ്ചായത്തിൽ 8 കലാകായികക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. മിക്കവക്കും സ്വന്തം കെട്ടിടങ്ങളില്ല. പ്രവർത്തനം ഭാഗികമാണ്. ടെലിവിഷൻ ശൃംഖലയുടെ വ്യാപനം ഈ പ്രദേശത്ത് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് മങ്ങലേറ്റിട്ടുണ്ട്. പഞ്ചായത്ത് വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും സാസ്ക്കാരിക സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

പുതുനഗരം പഞ്ചായത്തിൽ വിതരണം ചെയ്യുന്ന ദിനപ്പത്രം, വാരിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ വിതരണ വിവരത്തിന് ചിത്രം 32, 33, 34 കാണുക. ഈ ചിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നത് ഇവിടുത്തെ ജനങ്ങളിൽ ഗൗരവപൂർണ്ണമായ വായന കുറവാണെന്നാണ്.

ഈ പ്രദേശത്തെ വിവിധ ജനവിഭാഗങ്ങൾ വളരെയധികം സൗഹൃദപരമായാണ് ജീവിക്കുന്നത്. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള സംഘട്ടനങ്ങളിൽ ഏർപ്പെടുമ്പോഴും ഇവിടുത്തെ ജനവിഭാഗങ്ങൾ കാര്യങ്ങളെ നിശബ്ദരായി വീക്ഷിക്കുന്നതായാണ് കാണുന്നത്. എല്ലാ വിഭാഗക്കാരുടെ ഉൽസവങ്ങളിലും, എല്ലാ വിഭാഗം ജനങ്ങളും പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദേശത്തെ ജനങ്ങളിൽ 95% വും അന്ധവിശ്വാസങ്ങളിലും, അജ്ഞത കാരണം പ്രാകൃത ആചാരങ്ങളിലും വിശ്വസിക്കുന്നവരാണ്. ഇതിൻെറ പ്രധാന കാരണം വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയാണ്.


ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് മുസ്ലീങ്ങളാണ്. ഹിന്ദുമതത്തിൽപ്പെട്ടവരും നല്ലൊരു ശതമാനമുണ്ട്. നാമമാത്രമാണെങ്കിലും ക്രിസ്തുമതത്തിൽപ്പെട്ടവരും ഈ പഞ്ചായത്തിലുണ്ട്.

സ്വാതന്ത്ര്യത്തിനു മുമ്പ് ഈ ഗ്രാമത്തിലെ പ്രബല രാഷ്ട്രീയ കക്ഷി മുസ്ലീംലീഗായിരുന്നു. ഇന്ന് ഈ പാർട്ടിയെ കൂടാതെ സി.പി.എം, ഇന്ത്യൻ നാഷണൽ ലീഗ്, കോൺഗ്രസ്സ്, സി.പി.ഐ, ബി.ജെ.പി, ജനതാദൾ എന്നീ രാഷ്ട്രീയ പാർട്ടികളുമുണ്ട്. എന്നാൽ മതപരമോ, രാഷ്ട്രീയപരമോ ആയ സംഘട്ടനങ്ങളിൽ നിന്ന് ഈ ഗ്രാമം തീർത്തും മോചിതമാണെന്നതിൽ നമുക്കഭിമാനിക്കാം.

426


## പുതുനഗരം ഗ്രാമപഞ്ചായത്ത്

ദിനപത്രങ്ങളുടെ വിതരണ വിവരം.




ചിത്രം 32


... പഞ്ചായത്ത്.
വാരികകളുടെ വിവരം.





ചിത്രം 33

## പുതൂനഗരം ഗ്രാമപഞ്ചായത്ത്

### വനിതാ പ്രസിദ്ധീകരണം.




### ബാല പ്രസിദ്ധീകരണങ്ങൾ.




423

ചിത്രം 34

കായികരംഗത്ത് കാര്യമായ സംഭാവനകളൊന്നും ഈ പഞ്ചായത്തിനു നൽകുവാൻ സാധിച്ചിട്ടില്ല. ടെലിവിഷന്റെ അതിപ്രസരം പുതിയ തലമുറയെ കായികരംഗത്ത് നിന്നും അകറ്റിയിട്ടുണ്ട്. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെ പലതും വേണ്ടരീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ താൽപര്യമില്ലായ്മയും, ബന്ധപ്പെട്ടവരുടെ സ്വജനപക്ഷപാതവും മൂലമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. 1, 6, 9 വാർഡുകളിൽ വായനശാലകളില്ല, ഒരു വാർഡിലും ഗ്രന്ഥശാലകളില്ല. പഞ്ചായത്തു ഗ്രന്ഥശാല നിർജീവമാണ്.
2. സാക്ഷരതാ പ്രവർത്തനം നിർജീവമായിരുന്നു. തുടർസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനിരതമല്ല.
3. കായികരംഗത്ത് പ്രാചീനമായ കളികൾ നിന്നുപോയിരിക്കുന്നു.
4. കലാസാഹിത്യാഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം അടഞ്ഞുകിടക്കുന്നു.
5. സ്ക്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്കു പ്രോത്സാഹമില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളുള്ള ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.
2. 1, 6, 9 വാർഡുകളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ വായനശാലകളും, ഗ്രന്ഥശാലകളും ഏർപ്പെടുത്തുക.
3. സാക്ഷരത പുനരുജ്ജീവിപ്പിക്കുവാൻ ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക.

പുതുമയുടെ പുലരികൾ പൂക്കട്ടെ.....
പുരോഗതിയുടെ പൂങ്കാറ്റ് വീശട്ടെ.....
നമുക്ക് നാടെങ്ങും നന്മയുടെ ഞാറുകൾ,
നട്ടുവളർത്താം, നമ്മുടെ നാളെയ്ക്ക് !

424

# 9
# വനിത

വനിതകളുടെ ഉന്നമനത്തിനായി സർക്കാർ വിവധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ടെങ്കിലും അതൊന്നുമറിയാതെ ഇപ്പോഴും കുടുംബിനികളായി ഒതുങ്ങി ക്കഴിയുന്നവരാണ് ഭൂരിപക്ഷം വനിതകളും. ഇന്നും ഇവരുടെ ചിന്താഗതി അടിമയാണെന്നും അബലയാണെന്നുമുള്ള ധാരണയിലാണ് കടന്നുപോകുന്നത്. പുതുനഗരം ഗ്രാമപഞ്ചായത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല.


സ്ത്രീ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കാവസ്ഥയാണ് നിലവിലുള്ളത്. പുതുനഗരം ഗ്രാമപഞ്ചായത്ത് മുസ്ലീങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. സ്ത്രീ വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കാത്ത സമ്പ്രദായമാണ് 1976നു മുമ്പുവരെ ഉണ്ടായിരുന്നത്. കൂടാതെ, ഭൗതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകാതെയും, സ്ത്രീ വിദ്യാഭ്യാസത്തിന് വിരുദ്ധമായ ചില തെറ്റിദ്ധാരണകൾ മുസ്ലീംകൾക്കിടയിൽ ഉണ്ടായിരുന്നതിനാലും സ്ത്രീകൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നിലായിരുന്നു. എന്നാൽ ആ തെറ്റിദ്ധാരണകളെല്ലാം മാറി സാമൂഹികവും സാംസ്കാരികവുമായ ഉയർച്ചയ്ക്ക് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ് എന്ന് മനസ്സിലാക്കിയ രക്ഷാകർത്താക്കൾ മക്കൾക്ക് വിദ്യാഭ്യാസം നൽകി വരുന്ന കാഴ്ചയാണ് ഇപ്പോൾ കണ്ടുവരുന്നത്. പുതുനഗരം ഗ്രാമപഞ്ചായത്തിലെ സ്ക്കൂളുകളിലെല്ലാം തന്നെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം ഏകദേശം തുല്യമാണ്. പുതുനഗരം ഗ്രാമപഞ്ചായത്തിൽ സ്ത്രീ അനുപാതം 1016 ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്.

വാർഡുകൾതോറും വനിതാസംഘടനകൾ നിലവിലുണ്ടെങ്കിലും എല്ലാം തന്നെ നിർജ്ജീവമാണ്.സംഘടനകളുടെ പ്രവർത്തനത്തിനാവശ്യമായ പ്രോത്സാഹനങ്ങൾ ലഭിക്കാറില്ല എന്നതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ത്രീകളുടെ മാത്രം നിയന്ത്രണത്തിൽ മുപ്പതു ശതമാനത്തോളം കുടുംബങ്ങൾ കഴിയുന്നുണ്ട്. ഇതിൽ ഏറിയ പങ്കും കുടുംബനാഥ കൂലിപ്പണിക്ക് പോയാണ് കഴിയുന്നത്. സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ വനിതകൾക്കായി പലപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒന്നും തന്നെ ഫലവത്തായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ദാരിദ്ര്യം അനുഭവിക്കുന്ന വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി തുടങ്ങിയ ഡി. ഡബ്ള്യൂ സി. ആർ എ യൂണണിറ്റകളെല്ലാം നിർജ്ജീവാവസ്ഥയിലാണുള്ളത്. വ്യാവസായിക മേഖലയിലും കാർഷിക മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും സ്ത്രീ തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിരക്കാണ് ഇന്നുള്ളത്. നിർബ്ബന്ധമായും വേതന നിരക്ക് വർദ്ധിപ്പിച്ചാൽ മാത്രമെ എല്ലാ മേഖലകളിലും സ്ത്രീകളുടെ പ്രാതിനിധ്യം കൂടുകയുള്ളൂ. സ്ത്രീകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങളിൽ ആവശ്യാനുസരണമുള്ള ഭേദഗതികൾ വരുത്തി സ്വയം തൊഴിൽ സംരംഭകരായ സ്ത്രീകൾക്ക് സാങ്കേതിക പരിശീലനം നല്കി പ്രോത്സാഹിപ്പിക്കേണ്ടത് വനിത ഉന്നമനത്തിന് അത്യന്താപേക്ഷിതമാണ്.

425


## പുതുനഗരം ഗ്രാമപഞ്ചായത്ത്

അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)




സ്കെയിൽ - 1.c.m = 100 അമ്മമാർ.

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)



സ്കെയിൽ 1.c.m = 100

അംഗവൈകല്യമുള്ളവരുടെയും മന്ദബുദ്ധികളുടെയും എണ്ണം.




സ്കെയിൽ 1.c.m = 10

426

പുതുനഗരം ഗ്രാമ പഞ്ചായത്ത്-

പ്രായാടിസ്ഥാനത്തിൽ സ്ത്രീ ദമ്പതിമാരുടെ

എണ്ണം



സൂചിക

പ്രായക്രമം

- 15-19
- 20-24
- 25-29
- 30-34
- 35-39
- 40-44

1cm = 50 എണ്ണം.

ചിത്രം 36

## പ്രശ്നങ്ങൾ

1. വനിതകളുടെ വേതനം എല്ലാ മേഖലയിലും പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. തുല്യ ജോലിക്ക് തുല്യവേതനം എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.
2. വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യത്തിന് പ്രോത്സാഹനവും പ്രാതിനിധ്യവും ലഭിക്കുന്നില്ല.
3. വനിതകൾക്ക് മാത്രമായി സാങ്കേതിക പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല
4. അടുക്കളതോട്ടം, കാലിവളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ വനിതകളുമായി ബന്ധപ്പെട്ട സംരഭങ്ങൾക്ക് ആവശ്യവസ്തുക്കളും സർക്കാർ സഹായവും ലഭ്യമല്ല.
5. സർക്കാറിൽ നിന്നുള്ള സഹായപദ്ധതികൾ ഏതൊക്കയാണെന്നുള്ള അറിവില്ലായ്മ. പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള ധൈര്യക്കുറവ്.


## നിർദ്ദേശങ്ങൾ

1. തുല്യജോലിക്ക് തുല്യവേതനം എന്ന വ്യവസ്ഥ നിർബ്ബന്ധമായും നടപ്പിൽവരുത്തുക.
2. വനിത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനവും പ്രോത്സാഹനവും നൽകുക.
3. ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ മാത്രമായി ഉയർന്ന നിലവാരത്തിൽ സാങ്കേതിക പരിശീലനം നൽകുക.
4. അടുക്കളതോട്ടങ്ങൾക്കായുള്ള വിത്തുകൾ കൃഷി ആപ്പീസുകൾ മുഖേന സൗജന്യമായി വിതരണംചെയ്യുക കൂടാതെ വായ്പയായി കോഴികളെയും കന്നുകാലികളെയും നൽകുക.
5. വനിത സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ച് വാർഡുകൾ തോറുമോ, അംഗൻവാടികൾ കേന്ദ്രമാക്കിയോ ബോധവല്ക്കരണപരിപാടികൾ സംഘടിപ്പിക്കുക.
6. ഡി. ഡബ്ള്യൂ സി. ആർ. എ യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പദ്ധതികളെക്കുറിച്ച് വ്യാപകമായ ബോധവല്ക്കരണം വനിതകൾക്കിടയിൽ നടത്തുക.

ഒരു വിരലിൻതുമ്പിൽ തൂങ്ങി ഒതുങ്ങാനല്ല.....
ഒരു ചിറകിൻ ഇരുളിൽ കൂടിയിരിക്കാനല്ല.....
വീടായൊരു നാടുപുലർത്താൻ പെണ്ണിന്ന് കരുത്തുണ്ടെന്ന്
നാളേയ്ക്കൊരു തിരിവയ്ക്കാനായ്... അധികാരം കൈയ്യേൽക്കൂ...

# 10

# സഹകരണം



വ്യാവസായികവും കാർഷികവുമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് പുതുനഗരം ഗ്രാമപഞ്ചായത്ത്. ഈ പ്രദേശത്തുള്ളവർക്ക് സ്വന്തമായി ഒരു സഹകരണബാങ്ക് എന്ന സ്വപ്നം ഇതുവരേക്കും സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല. ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന സഹകരണബാങ്ക് കൊടുവായൂർ സർവ്വീസ് സഹകരണബാങ്കിൻെറ ഒരു ശാഖയാണ്. ഇവിടെ കാർഷിക ആവശ്യങ്ങൾക്കും മറ്റും വായ്പ കൊടുത്തുവരുന്നുണ്ട്. കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പയ്ക്കുമായി കൂടുതലായും ജനങ്ങൾ ഇവിടത്തെ ഇന്ത്യൻ ബാങ്കും ഫെഡറൽ ബാങ്കിനേയും കാർഷിക വികസന ബാങ്കിനേയുമാണ് സമീപിക്കുന്നത്.

പുതുനഗരം പ്രദേശത്ത് ആദ്യമായി സ്ഥാപിച്ച സഹകരണസ്ഥാപനമാണ് പുതുനഗരം ഗ്രാമവ്യവസായ സഹകരണസംഘം. പുതുനഗരം നിവാസികളുടെ പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും കണക്കിലെടുത്ത് മുസ്ലീംലീഗിൻെറ നേതാക്കൻമാരായ S.S. ഹനീഫാ റാവുത്തർ, N.S.N. മുഹമ്മദ്ഘനി സാഹിബ്, N.K. ഹൈദരലി, A. സദക്കത്തുള്ള, M.M. ഫറൂക്ക്, V.A. ഹബീബുള്ള, R.A. ഗുലാംറസൂൽ, V.S. മുഹമ്മദ്യൂസഫ് തുടങ്ങിയ ചേർന്ന് 1981 കാലഘട്ടത്തിൽ ഒരു സഹകരണസംഘത്തിന് രൂപം നൽകുകയും സംസ്ഥാന ഖാദിബോർഡിൻെറ കീഴിൽ പുതുനഗരം ഗ്രാമവ്യവസായ സഹകരണസംഘം രൂപീകരിക്കുകയും ചെയ്തു. തീപ്പെട്ടിയായിരുന്നു സംഘത്തിൻെറ ഉൽപ്പന്നം. തുടക്കത്തിൽ പ്രദേശത്തുള്ള തൊഴിൽരഹിതരായ സ്ത്രീകൾക്ക് ഇതുമൂലം ഒരു ദശാബ്ദത്തോളം കാലം തൊഴിൽ ലഭിച്ചിരുന്നു. പിന്നീട് സാമ്പത്തിക പരാധീനത കാരണത്താൽ സംഘത്തിൻെറ പ്രവർത്തനം മുരടിച്ചിരുന്നു. ഇപ്പോഴെതാനും വ്യക്തികൾക്ക് ജോലി നൽകികൊണ്ട് തൃപ്തികരമല്ലാത്ത രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മുകളിൽ കാണിച്ചവ കൂടാതെ 13 സഹകരണ സ്ഥാപനങ്ങൾ കൂടി ഈ പ്രദേശത്ത് നിലവിലുണ്ട്. പുൽപ്പായ നിർമ്മാണ യൂണിറ്റ് രജിസ്റ്റർ ചെയ്തുവെങ്കിലും പ്രവർത്തനം ഇപ്പോൾ നിർജീവമാണ്. വളരെ ഉയർന്ന നിലയിലല്ലെങ്കിലും ഒരുവിധം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങളാണ് SC/ST ചാക്കു സൊസൈറ്റി, ക്ഷീര വ്യവസായ

.സഹകരണ സംഘം എന്നിവ. സഹകരണാടിസ്ഥാനത്തിൽ 13ഓളം സ്ഥാപനങ്ങളുണ്ടെങ്കിലും എല്ലാംതന്നെ പ്രവർത്തനങ്ങളിൽ സജീവമല്ലെന്ന് പറയാം. ഇതു കൂടാതെ ചിറ്റൂർ താലൂക്ക് ആട്ടോറിക്ഷാ സഹകരണ സംഘം, പുതുനഗരം പഞ്ചായത്ത് വനിതാ സഹകരണസംഘം, പാലക്കാട് ജില്ലാവനിതാ ബാങ്ക്, കേരള സംസ്ഥാന വനിതാ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി പ്രമോട്ടിങ്ങ് കമ്മിറ്റികൾ രൂപീകരിച്ച് കോപ്പറേറ്റീവ് രജിസ്ട്രാർക്ക് അനന്തര നടപടികൾക്കായ് റിപ്പോർട്ടുകൾ അയച്ചുകൊടുത്ത് കാത്തിരിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**


1. സഹകരണ സ്ഥാപനങ്ങളെല്ലാം തന്നെ വളരെ നല്ല നിലയിൽ തുടങ്ങുന്നു എങ്കിലും ഇടയ്ക്കുവച്ച് പ്രവർത്തനം മന്ദഗതിയിലാവുകയും തുടർന്ന് നിശ്ചലമാവുകയുമാണ് പതിവ്.
2. ആവശ്യത്തിന് സർക്കാർ ഗ്രാൻറ് ലഭിക്കുന്നില്ല.
3. സ്ഥാപനങ്ങൾക്കുള്ള ഗ്രാൻറ് ലഭിക്കുകയാണെങ്കിൽതന്നെ ആവശ്യത്തിൽ കുറവു വരുന്നു.
4. സൊസൈറ്റികൾ മുഖാന്തിരമുള്ള ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമില്ല.
5. സഹകരണസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കായ് വരുന്ന അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യത.
6. സഹകരണസ്ഥാപനങ്ങളുടെ രാഷ്ട്രീയവൽക്കരണം പ്രധാന പ്രശ്നമാണ്.

**സാധ്യതകൾ**

1. സഹകരണസ്ഥാപനം തുടങ്ങി അതിൻെറ പ്രവർത്തനങ്ങളെ സമയാ സമയങ്ങളിൽ സർക്കാർ ഏജൻറുമാർ നിരീക്ഷിക്കണം.
2. സഹകരണസ്ഥാപനത്തിൻെറ നല്ല പ്രവർത്തനങ്ങൾക്കായ് സ്ഥാപനത്തിൻെറ മെമ്പർമാരേയും ഭരണം നടത്തുന്ന ബോർഡിലെ ഭരണകർത്താക്കളെയും ബോധവൽക്കരിക്കണം.
3. സഹകരണസ്ഥാപനത്തിൻെറ ആവശ്യത്തിനുള്ള സർക്കാർ ഗ്രാൻറ് വേണ്ട സമയത്ത് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
4. സഹകരണസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കായ് വേണ്ടി വരുന്ന അസംസ്കൃത പദാർത്ഥങ്ങളെ ന്യായവിലയ്ക്ക് ലഭ്യമാക്കുക.
5. ഉൽപ്പന്നങ്ങൾക്ക് ഒരു പൊതുവിപണന കേന്ദ്രം നിശ്ചയിച്ച് വിപണനം നടത്തുക.
6. സഹകരണസ്ഥാപനങ്ങളുടെ അംഗത്വം രാഷ്ട്രീയമുഖം നോക്കാതെ ഈ പ്രദേശത്തിൽ അർഹതയുള്ള എല്ലാവർക്കും ലഭിക്കത്തക്ക രീതിയിൽ നടപ്പിലാക്കുക.
7. പുതിയതായി തുടങ്ങുവാനിരിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ രജിസ്ട്രേഷനും മറ്റു നടപടികളും ഉടനെ നടത്തി വളരെ പെട്ടന്നു തന്നെ സ്ഥാപനം നടപ്പിൽ വരുത്തുക.
8. സഹകരണസ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്തു ബോർഡിൻെറ മേൽനോട്ടത്തിൽ കൊണ്ടുവരുകയും ജനകീയവൽക്കരണം നടത്തുകയും വേണം.

# 11

# പട്ടികജാതി - പട്ടികവർഗ്ഗം



പുതുനഗരം പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 14.29% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമാണ്. 529 പട്ടികജാതി കുടുംബവും ഒരു പട്ടികവർഗ്ഗ കുടുംബവും ഇവിടെയുണ്ട്. 12 അംഗീകൃത കോളനികളിൽ 211 കുടുംബങ്ങളും 10 സങ്കേതങ്ങളുമായി ആകെ 529 കുടുംബങ്ങൾ ഉൾക്കൊണ്ട പുതുനഗരം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 2244 ആണ്. 3,4 വാർഡുകളിൽ പട്ടികജാതി, പട്ടികവർഗ്ഗവിഭാഗ കുടുംബങ്ങൾ ഇല്ല. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ വാർഡടിസ്ഥാനത്തിൽ ചിത്രം 37ൽ കൊടുത്തിരിക്കുന്നു.


വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് ഈ പ്രദേശത്തെ പട്ടികജാതി വിഭാഗത്തിന് പുരോഗതി ഉണ്ടായിട്ടില്ല. ഈ വിഭാഗം മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് മോചനം നേടിയിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നു.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലായ്മ അവരുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. എന്നാൽ സർക്കാർ നൽകുന്ന നിരവധി ആനുകൂല്യങ്ങൾ ഭാഗികമായി ഉണ്ടാക്കിയിട്ടുണ്ടെങ്കിലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

# വൃന്ദനഗരം പഞ്ചായത്ത്.

## പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ
(വാർഡു തലത്തിൽ)

N




മറ്റുള്ളവ ◐ SC/ST ജനസംഖ്യ

432

SCALE

m/s 100 0 200 400 m/s

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി.ക്കുശേഷം തുടർന്നു പഠിക്കുന്നതിന് ഇവർ താൽപ്പര്യം കാണിക്കുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96-97 വർഷത്തിൽ 923 പട്ടികജാതി വിദ്യാർത്ഥികൾ പുതുനഗരം ഗ്രാമപഞ്ചായത്തിൽ പഠനം നടത്തുന്നുണ്ട്. 96-97 വർഷത്തിൽ എൽ.പി., യു.പി, ഹൈസ്ക്കൂളുകളിലായി 31 കുട്ടികൾ പഠനം നിർത്തി. എസ്.എസ്.എൽ.സി യ്ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ ഉടൻ മാറ്റി എടുക്കേണ്ടതാണ്.

## തൊഴിൽ

ഈ വിഭാഗങ്ങളിലെ കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി ജീവിക്കാനുള്ളതൊഴിലിനുവേണ്ടി കെട്ടിട നിർമ്മാണം ചാക്കു തുന്നൽ, മാങ്ങ, പുളി, തുന്നൽപണി, പായനെയ്ത്ത് എന്നീ മേഖലകളിലേക്ക് എത്തിചേർന്നുകൊണ്ടിരിക്കുന്നു. ഈ മേഖലയിൽ പുരുഷന് 100 രൂപയും സ്ത്രീക്ക് 65 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷികേതര മേഖലകളിലേക്ക് മാറികൊണ്ടിരിക്കുന്നു. കാർഷികമേഖലയിലേക്ക് ഇവരുടെ സേവനം ലഭിക്കുന്നതിന് ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. കാർഷികമേഖലയിലെ തൊഴിൽ സാധ്യത സീസണുകളിലായതിനാൽ മറ്റു സമയങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള തൊഴിൽ സംരംഭങ്ങൾ കൂടി ആരംഭിക്കേണ്ടതുണ്ട്.

## പാർപ്പിടം

ധാരാളം പട്ടികജാതി വിഭാഗങ്ങളിലുള്ള കുടുംബങ്ങൾക്ക് സ്വന്തമായി വീടുകളില്ലെന്നാണ് ഗ്രാമസഭകളിൽ നിന്ന് ഉയർന്ന ചർച്ചകളിൽ നിന്നും മനസ്സിലാവുന്നത്. വീടില്ലാത്തവർക്ക് വീട് വെക്കുന്നതിനുള്ള സ്ഥലവും സ്ഥലമുള്ളവർക്ക് വീടിനുള്ള സാമ്പത്തികസൗകര്യവും ചെയ്യേണ്ടതുണ്ട്. വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം അപര്യാപ്തമായതിനായതിനാൽ വീട്പണി പൂർത്തിയാക്കാൻ മിക്കവർക്കു സാധിക്കുന്നില്ല. അതുപോലെതന്നെ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിലും നില മോശമാണ്. പല വീടുകളിലും കക്കൂസുകളില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. കോളനികൾ ഉൾപ്പെടെ ഒറ്റപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമസഭാ റിപ്പോർട്ട് പ്രകാരം 300 ഓളം വീടുകളും 400 ഓളം കക്കൂസുകളും അനുവദിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
2. കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. മറ്റുമേഖലകളിൽ തൊഴിലിനായി പോകുന്നു.

433

.3. എല്ലാവർക്കും സ്വന്തമായി വീടും, സ്ഥലവുമില്ല. വീടിനുള്ള ധനസഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. കുടിവെള്ളം, വൈദ്യുതി എന്നിവ ആവശ്യത്തിനില്ല.

5. ആരോഗ്യ സംരക്ഷണ സംവിധാനം ഇല്ല.

6. IRDP പദ്ധതിയും മറ്റു പദ്ധതികളും ഫലവത്തായി ഉപയോഗിക്കുന്നില്ല.

7. ക്ഷേമപദ്ധതികളെക്കുറിച്ചു വേണ്ടത്ര അറിവില്ല.

8. സ്വകാര്യ ബ്ളേഡുകമ്പനികളുടെ ചൂഷണത്തിന് ഇവർ വിധേയരാവുന്നു.

## നിർദ്ദേശങ്ങൾ

1. എല്ലാ കോളനികളിലും വഴിവിളക്കും, റോഡും ആവശ്യമാണ്.

.2. ഹരിജൻ കോളനികളിലും സങ്കേതങ്ങളിലും രൂക്ഷമായ ജലക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം.

3. SC, ST കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.

4. പട്ടികജാതി കോളനികളിലും, സങ്കേതങ്ങളിലും ബാലവാടികളും, അംഗണവാടികളും നഴ്സറികളും ഏർപ്പെടുത്തുക.

5. കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

6. കോളനികളിലും സങ്കേതങ്ങളിലും ടി.വി. സെൻററുകൾ സ്ഥാപിക്കുക.

7. വടക്കേകളം, പടിക്കൽപ്പാടം, കൊല്ലത്തുകൊളുമ്പ്, നടുവത്തുകൊളുമ്പ്, അടിച്ചിറ, വിക്കാപ്പ്, ചെട്ടിയത്തുകൊളുമ്പ് പാമ്പൂരാംപാറ, തമ്പാൻകൊളുമ്പ് വാരിയത്ത്കളം, കാട്ടുതെരുവ്, ആന്തൂർകളം എന്നീ സങ്കേതങ്ങൾ IHDP കോളനിയായി മാറ്റി വികസനങ്ങൾ ത്വരിതപ്പെടുത്തുക.

കന്നും, കരിയും, കർഷകനും
കേരളനാടിൻ നട്ടെല്ല് !
വികസനത്തിൻ തൂണുകൾ താങ്ങും,
തൊഴിലാളികളുടെ തോളെല്ല് !

# 12

# വിഭവസമാഹരണം

നമ്മുടെ ഗ്രാമപഞ്ചായത്ത് ഒരു കച്ചവടപ്രദേശമാണ്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഒരു വൻകിട വ്യവസായ സ്ഥാപനത്തിൻെറ അപര്യാപ്തത പ്രകടമാണ്. ഈ രംഗത്ത് ഒരു മുന്നേറ്റം നടത്തി വിഭവസമാഹരണം നടത്തേണ്ടതാണ്. ബാങ്കുകളുടെ നിസ്സഹകരണം, വൈദ്യുതിയുടെ അപര്യാപ്തത, വിദഗ്ദതൊഴിലാളികളുടെ അഭാവം, വ്യാവസായിക സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നു. ഇത് പരിഹരിച്ച് വിഭവ സമാഹരണത്തിന് ആക്കം കൂട്ടണം.

കാർഷികരംഗത്തെ മുരടിപ്പ് മാറ്റണം, നെൽപ്പാടം നികത്തുന്ന പ്രവണത അവസാനിപ്പിക്കണം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. രാസവള ഉപയോഗം മാറ്റി ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം വർദ്ധിപ്പിക്കുവാൻ സാധിക്കില്ല.

സർക്കാർ ഗ്രാൻറുകൾ ജനസംഖ്യാനുപാതികമായി വിതരണം നടത്തണം. പഞ്ചായത്തിനർഹമായ സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് തുടങ്ങിയവ പഞ്ചായത്ത് തലത്തിൽ തന്നെ പിരിച്ചെടുക്കണം. അതുവഴി ഫണ്ടിൻെറ ദുരുപയോഗം തടയുവാൻ സാധിക്കും.

## പട്ടിക വരുമാനത്തിലെ വ്യതിയാനം

| | ഇനം | 1991-92 | 1995-96 | വ്യത്യാസം | % |
|---|---|---|---|---|---|
| I | തനത് വരുമാനം | | | | |
| | എ. കെട്ടിട നികുതി | 91396 | 152975 | 61579 | 40.00 |
| | ബി. വിനോദ നികുതി | 35948 | 46225 | 10277 | 22.00 |
| | സി. തൊഴിൽ നികുതി | 74455 | 67135 | 7320 | -11.00 |
| II | ഉപാതിരഹിത ഫണ്ട് | 209400 | 174734 | 34666 | 20.00 |
| | " എസ്സ്.സി.പി | 51400 | 116000 | 64600 | 56.00 |
| III | ജെ.ആർ.വൈ | 363135 | 362695 | -440 | -0.12 |
| IV | ഗ്രാൻറുകൾ, സംഭാവനകൾ | 158000 | 133014 | -24986 | -18.00 |
| V | ആകെ വരവ് | 601039 | 1094999.90 | 69043 | 6.56 |
| | ചെലവ് എസ്റ്റാബ്ളിഷ്മെൻറ് | 231844 | 396814 | 164970 | |

435

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 12426.75 രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതികൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വരുന്ന വാർഡ് വികസന സമിതികളും, വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താവാൻ പുതുനഗരത്തിന് കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിൻെറ ഒരു ചെറിയ ഭാഗം പഞ്ചായത്തിന് കൊടുക്കാൻ സാധ്യമാക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വരുമാനത്തിൻെറ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളൂ. അങ്ങനെയാവുമ്പോൾ എല്ലാവരും അത് കൊടുക്കുവാൻ താൽപര്യമുള്ളവരാകും.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കണം.
3. നികുതി കൊടുക്കുന്നത് വഴി തങ്ങളും പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ട് തന്നെ ചിലവിൻെറ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
4. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് മെമ്പർമാരും വാർഡ് വികസന സമിതികളും തയ്യാറാവണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് ജനങ്ങളെ ബോധ്യപ്പെടുത്തുവാനുമുള്ള സംവിധാനം പഞ്ചായത്താഫീസിൽ ഉണ്ടാവണം.

## കെട്ടിട നികുതി

കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമല്ല. അസ്സസ്സ്മെൻറ് കമ്മിറ്റി രൂപീകരിക്കണം. നികുതി കണക്കാക്കുന്നതിന് സ്ലാബ് ഏർപ്പെടുത്താം നികുതിപിരിവ് വാർഡുകളിൽ മുൻകൂട്ടി അറിയിച്ച് സ്ഥലവും തീയതിയും നിശ്ചയിച്ച് പിരിക്കണം.

## തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. ആയത്, അടിസ്ഥാന ശമ്പളത്തിൻെറ അടിസ്ഥാനത്തിൽ കണക്കാക്കണം. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളേയും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൻെറ കീഴിൽ കൊണ്ട്വരുകയും, അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത്, കച്ചവടക്കാർക്കും നിർമ്മാണതൊഴിലാളികൾക്കും മറ്റുതൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

436

## വിനോദ നികുതി

സിനിമാതീയേറ്ററിൽ നിന്നും വിനോദനികുതി പിരിക്കുവാനുള്ള ഇന്ന് നിലവിലുള്ള സംവിധാനം മാറ്റി ടിക്കറ്റ് കളക്ഷൻ അടിസ്ഥാനത്തിൽ പിരിച്ചെടുക്കണം. കേബിൾ ടി.വി. കണക്ഷനുള്ളവരിൽ നിന്നും വിനോദ നികുതി പിരിച്ചെടുക്കാവുന്നതാണ്. പഞ്ചായത്തിലുള്ള മൈതാനങ്ങളിൽ ഗ്യാലറി നിർമ്മിച്ച് അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താം. അതിനായി പള്ളി മൈതാനത്തിൻെറ പടിഞ്ഞാറേ ഭാഗം ഉപയോഗപ്പെടുത്താം.

## ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കൊടുവായൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ ഓരോ ശാഖകളുണ്ട്. സ്വകാര്യ ഫൈനാൻസിംഗ് ഏജൻസികളുടെ കണക്ക് കൃത്യമായി ലഭ്യമല്ല. രജിസ്റ്റർ ചെയ്ത ഫൈനാൻസിംഗ് ഏജൻസികളുടെ കണക്ക് കൃത്യമായി ലഭ്യമല്ല. രജിസ്റ്റർ ചെയ്ത ഫൈനാൻസിയേഴ്സ് ഇവിടെ പ്രവർത്തിക്കുന്നില്ല. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ വളരക്കുറവാണ്. ഈ പഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്ന നിക്ഷേപത്തിൻെറ 75% എങ്കിലും ഈ പഞ്ചായത്തിൽ വിവധ ഭാഗങ്ങളിലായി 100 കണക്കിന് സ്വകാര്യബ്ളേഡ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് കൂടാതെ തമിഴ്നാട്ടിൽ നിന്ന് വരുന്ന സഞ്ചരിക്കുന്ന ബ്ളേഡ്കമ്പനികളും ഇവിടെ കൊള്ളപ്പലിശയ്ക്ക് പണം കടം നൽകി വരുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ കാരണം സാധാരണ ജനങ്ങൾ നിത്യ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുന്നു. വികസനസ്വപ്നം സാക്ഷാത്ക്കരിക്കണമെങ്കിൽ ഈ രംഗത്ത് നിയമാനുസൃതമായ വായ്പാ സഹകരണ സംഘങ്ങൾ വിവിധ തൊഴിൽ ചെയ്യുന്നവരുടെ മേഖലകളിൽ ഉണ്ടാവണം.

## ചിലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ഇതുവരെ ചിലവഴിക്കപ്പെട്ടിരിക്കുന്നത് തീരെ പ്രത്യുൽപ്പാദനപരമല്ലാത്ത രീതിയിലായിരുന്നു. പൊതുമരാമത്തിന് 23 ശതമാനവും ഭരണച്ചിലവുകൾക്ക് 30 ശതമാനവും, വിദ്യാഭ്യാസം സാമൂഹ്യക്ഷേമം എന്നിവയ്ക്ക് 2 ശതമാനവും വീതമാണ് പഞ്ചായത്ത് ഫണ്ട് ചിലവഴിച്ചത്. ഇതിൽ പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ നിർമ്മാണം എന്നിവയ്ക്കായിരുന്നു. പഞ്ചായത്തിൽ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഗുണനിലവാരമില്ലായ്മ പഞ്ചായത്തിൻെറ വിഭവചോർച്ചയ്ക്ക് കാരണമാണെന്ന് കാണാം. തെരുവുകളിൽ നിർമ്മിക്കുന്ന അഴുക്ക് ചാലുകൾ ഉപയോഗശൂന്യവും വൃത്തിഹീനവും കുപ്പകളും മാലിന്യങ്ങളും നിക്ഷേപിക്കുന്ന കേന്ദ്രങ്ങളായി മാറുകയും ചെയ്യുന്നു. അവ ഈ പ്രദേശത്തിൽ പ്രത്യേകിച്ചും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ അരോഗ്യരംഗത്ത് ഭീഷണിയായും മാറിക്കൊണ്ടിരിക്കുന്നു.

## ഭൂനികുതി

ഭൂനികുതി പിരിച്ചു പഞ്ചായത്തിനെ ഏൽപ്പിക്കണം. അതുതന്നെ ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. വയൽ നികത്തിയെടുക്കുന്ന പുരയിടത്തിനു പരമാവധി നിരക്കും, വയലുകളുക്ക് ഏറ്റവും കുറവായിരിക്കണം. വിവിധയിനം നികുതി ഒരു വർഷത്തിൽ വ്യത്യസ്ത സമയങ്ങളാൽ പിരിച്ചിടുക്കുകയും അങ്ങിനെ ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി ഒഴിവാക്കേണ്ടതുമാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു ബസ്സ്റ്റാൻറ് സ്ഥാപിക്കണം. നിലവിലുള്ള ഷോപ്പിംഗ് സെൻററിൻെറ വാടക കാലോചിതമായി പരിഷ്കരിക്കണം. മാവേലി സ്റ്റോറിനോടനുബന്ധിച്ചുള്ള ഷോപ്പിംഗ് സെൻററി

437

നുമുകളിൽ മുറികൾ സ്ഥാപിച്ചു വരുമാനം വർദ്ധിപ്പിക്കാം. ഓട്ടോ, ടാക്സി, ടെമ്പോ, ലോറി മുതലായവ പാർക്കുചെയ്യുന്നതിന് പാർക്കിംഗ് സ്റ്റാൻറ് ഉണ്ടാക്കുകയും അവയിൽ നിന്ന് നികുതി വസൂലാക്കുകയും ചെയ്യണം.

ഗ്രാമചന്ത ഏർപ്പെടുത്തണം അതിൽകൂടി വരുമാനം വർദ്ധിപ്പിക്കാം. അതിനായി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായ പള്ളിമൈതാനത്തിൻെറ കിഴക്കുവശം ചെറിയ സ്റ്റാളുകൾ നിർമ്മിക്കണം. കരിപ്പോടു ജംഗ്ഷനിൽ ചന്ത ഏർപ്പെടുത്തുന്നതിനുള്ള സംവിധാനം ചെയ്യാം. പക്ഷേ അത്തരം പ്രവർത്തികൾ ആരംഭിക്കുന്ന ആരോഗ്യസംരക്ഷണത്തിന് മുൻതൂക്കം നൽകണം.

കച്ചവട ലൈസൻസ് ഫീസ് കൃത്യമായി പിരിച്ചെടുക്കണം. അത് ശാസ്ത്രീയമായി പരിഷ്കരിക്കണം. അതിൽ ദാരിദ്രരേഖയ്ക്ക് കീഴിൽ വരുന്ന ചെറുകിട കച്ചവടക്കാരെ ഒഴിവാക്കണം. വാർഡ്തോറുമുള്ള കച്ചവടക്കാരുടെ കണക്ക് ശേഖരിക്കണം.

പുതുനഗരം മത്സ്യ മാംസ മാർക്കറ്റിൽ നിന്നും പിരിക്കുന്ന സ്റ്റാൾ ഫീസ് കാലോചിതമായി പരിഷ്കരിക്കണം. ഈ പഞ്ചായത്തിൽ മാർക്കറ്റിൽ കൂടി വിതരണം ചെയ്യുന്ന മത്സ്യം പെട്ടിയടിസ്ഥാനത്തിലോ തൂക്കം കണക്കാക്കിയോ നികുതി ഏർപ്പെടുത്താം. ആട്, മാട് മാംസം വില്പനയ്ക്ക് നികുതിയും അവ ഓരോ എണ്ണത്തിനും നികുതി ഏർപ്പെടുത്തണം. ആരോഗ്യവകുപ്പിൻെറ ലൈസൻസോടുകൂടി മാത്രമേ ആട്, മാട്, മാംസവിതരണം നടത്തുവാൻ പാടുള്ളൂ. ഈ രംഗത്ത് അഴിമതിയ്ക്കുള്ള പഴുതുകൾ അടച്ച് വരുമാനം വർദ്ധിപ്പിക്കണം. NSS പദ്ധതി ഉപയോഗിച്ച് പരമാവധി നിക്ഷേപം വർദ്ധിപ്പിക്കണം. അങ്ങനെ ലഭിക്കുന്ന നിങ്ങളുടെ 15 - 25% ഈ പഞ്ചായത്തിൻെറ വികസനത്തിന് ലഭിക്കും. അതുകൊണ്ട് അതിനായി ഭരണസമിതിയും, സാമൂഹ്യപ്രവർത്തകരും ശ്രമിച്ച് സമ്പാദ്യനിക്ഷേപം വർദ്ധിപ്പിച്ചാൽ പഞ്ചായത്തിന് വരുമാനമായി.

## മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യവിഭവം തന്നെയാണ്. ജാതിമത ചിന്തകൾക്കതീതമായി നമ്മുടെ നാടിൻെറ വികസനത്തിന് തൻെറ അധ്വാനം കൊണ്ട് സംഭാവന നൽകാനുള്ള പ്രഖ്യാപനങ്ങൾ ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്. അത് മഹത്തരമാണ്. അതു ഗുണപരമായു പയോഗിക്കുവാൻ പഞ്ചായത്ത് ശ്രമിക്കണം.

പഞ്ചായത്തിലെ സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ഈ പഞ്ചായത്തിലെ സ്കൂളുകളെ D.P.E.P യിൽ ഉൾപ്പെടുത്തുക.

എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് പുതുനഗരം. അതുകൊണ്ട് തന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാവുന്നത്.

നാട്ടിനു വേണ്ടൊരു പദ്ധതി നമ്മൾ
നാട്ടിൽ നിന്നു തുടങ്ങേണം
ആസൂത്രണവും ജനതതിയൊന്നായ്
കൂടിയിരുന്നു നടത്തേണം.

# 3

# ഉപസംഹാരം

നമ്മുടെ ഇന്നത്തെ വികസന സമീപനം ശാസ്ത്രീയമല്ല, ജനവിരുദ്ധവുമാണ്. റോഡും, പാലവും, കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം മാറണം. ഉൽപ്പാദന പ്രക്രിയ വികസന വീക്ഷണത്തിൽ നിന്ന് മാറി നില്ക്കുകയാണ്. കാർഷിക-വ്യാവസായിക മേഖലയുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന തന്ത്രമാണ് നമുക്കാവശ്യം.

വികസനം വിവിധ വകുപ്പുകളുടെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങി കിടക്കുന്ന അവസ്ഥ മാറിയേ തീരൂ. സാർവ്വത്രികമായ അഴിമതിയിൽ നിന്നും വികസനരംഗം വിമോചിപ്പിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസനപ്രക്രിയ ഊർജ്ജ്വസലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിനുള്ള പുതിയ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി യോജിച്ച പദ്ധതികൾ സമർപ്പിച്ച് ഫണ്ടു ലഭ്യമാക്കണം.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ഠമായ സമീപനം പ്രായോഗികമാക്കണം. അവ തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ വിലയിരുത്തണം. അതിനായി വിഭവ ഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ, എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തുനിഷ്ടമായ അടിത്തറയാണ് നൽകുന്നത്. അതുവഴി സാമൂഹിക - രാഷ്ട്രീയ രംഗത്തുള്ള തർക്കങ്ങൾക്കു പരിഹാരമാവും.

ആസൂത്രണം അർത്ഥവത്താവുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. ജനകീയവും, കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി, ചരിത്ര സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ സമിതികൾക്ക് കഴിയും. സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിയ്ക്കുവാൻ ജാഗ്രത

പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ച് പ്രൊജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദസംഘം സ്ഥിരമായി പ്രവർത്തിക്കണം.

സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതവും, 25% ജനജീവിതവും കൂടിചേർന്നാൽ പ്രതിവർഷം പഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക ഇപ്പോൾ ലഭിച്ചുകൊണ്ടിരിയ്ക്കുന്നതിനേക്കാൾ കാര്യമായ വർദ്ധനയുണ്ടാകും. ഈ തുക നമ്മുടെ പഞ്ചായത്തിന്റെ വികസനരംഗത്തെ കുതിച്ചുചാട്ടത്തിന് കാരണമാവും എന്നുറപ്പാണല്ലോ ?

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേൽപ്പോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസനമുന്നേറ്റം നേടാവുന്നത്. ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല മറിച്ച് ജനോപകപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ "സമഗ്രവികസനരേഖ" സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. നാം കക്ഷിരാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി വികസന രാഷ്ട്രീയത്തിൽ മുഴുകിയാൽ, യഥാർത്ഥ ജനകീയ രാഷ്ട്രീയം ഉയർന്ന് വരുമെന്നത് സ്വാഭാവികം മാത്രം. നമ്മുടെ പഞ്ചായത്തിലെ വികസന രംഗത്ത് അയൽക്കൂട്ടങ്ങളുടെ - ഗ്രാമസഭകളുടെയും - ജനകീയ ശക്തിയിൽ, നമ്മുടെ ഗ്രാമപഞ്ചായത്തിലെ വികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്കു കഴിയും, കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ "സമഗ്രവികസനരേഖ" പുതുനഗരം ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ ചർച്ചയ്ക്കും പരിഷ്കരണത്തിനും വേണ്ടി.

ആത്മാഭിമാനക്കൊടിക്കൂറ പൊക്കുവാൻ

കൂട്ടുകാരേ... നമുക്കൊത്ത് ചേരാം

കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരു

കാലമിതാ നമ്മളുടെ മുന്നിലെത്തി....

8440

അധികാരം ജനങ്ങളിലേക്ക്



# പഞ്ചായത്ത് രാജ്

## ജനങ്ങളാൽ
## ജനങ്ങൾക്കുവേണ്ടി

441


OFFICE OF THE GRAMAPANCHAYATH

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേയ്ക്ക്

## ജനകീയാസൂത്രണ
## സമഗ്ര വികസനരേഖ

# വടവന്നൂർ ഗ്രാമപഞ്ചായത്ത്




443

444

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

## ജില്ലാ പരിശീലകർ

1. എം.രാജി ടീച്ചർ (കൺവീനർ) വടവന്നൂർ
2. എ.സി.അപ്പുമാസ്റ്റർ (റിട്ട: ഹെഡ്മാസ്റ്റർ) ആലങ്കോടി
3. എം.ഗോപിനാഥൻ മാസ്റ്റർ, വടവന്നൂർ
4. കെ.രാമനാഥൻ മാസ്റ്റർ, നേരുകുളം
5. എം.കലാധരൻ മാസ്റ്റർ, ചേർങ്ങോലി
6. ബി.പരമേശ്വരകുറുപ്പ്, ചിറ്റൂർ
7. ചാമി മാസ്റ്റർ, കൊല്ലങ്കോട്

## സഹായികൾ

1. കെ.മണികണ്ഠൻ മാസ്റ്റർ, വടവന്നൂർ
2. ടി.എ.ഭാർഗ്ഗവിയമ്മ, മാവിൽകൊളുമ്പ്
3. യു.പ്രസന്ന സേതുമാധവൻ (ബ്ലോക്ക് മെമ്പർ) വടവന്നൂർ
4. കെ.പങ്കജാക്ഷൻ, കൊല്ലൻപൊറ്റ
5. കെ.മുരളി, കൊഞ്ഞൻകോട്
6. എൻ.അപ്പുക്കുട്ടൻ, പ്ലാപ്പുള്ളി
7. ആർ.രാധാകൃഷ്ണൻ, പൂന്തോണി
8. സി.മാണിയ്ക്കൻ, പ്ലാപ്പുള്ളി
9. തങ്കം മേനോൻ, വടവന്നൂർ
10. പി.അപ്പുകുട്ടൻ, പഴയകളം
11. ആർ.ഗംഗാധരൻ, മാവിൽകൊളുമ്പ്
12. എം.രാധാമേനോൻ, വടവന്നൂർ
13. കെ.ഗിരീശൻ, വടക്കേകളം
14. ഇ.കെ.മോഹനൻ, പൊക്കുന്നി
15. ലുക്മാൻ, തങ്കയം
16. ബി.മോഹനൻ, വടക്കേകളം

444

OFFICE OF THE VADAVANNUR GRAMAPANCHAYATH

# വടവന്നൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേയ്ക്ക്

## ജനകീയാസൂത്രണ
## സമഗ്ര വികസനരേഖ

# ഉള്ളടക്കം


| | പേജ് |
|---|---|
| 1. ആമുഖം | 5 |
| 2. സാമൂഹിക സാംസ്കാരിക ചരിത്രം | 7 |
| 3. ഭൂപ്രകൃതിയും വിഭവങ്ങളും | 11 |
| 4. കൃഷി | 12 |
| 5. ജലസേചനം | 17 |
| 6. മൃഗസംരക്ഷണം | 21 |
| 7. മത്സ്യബന്ധനം | 25 |
| 8. വിദ്യാഭ്യാസം | 26 |
| 9. കുടിവെള്ളം | 31 |
| 10. പൊതുജനാരോഗ്യം | 34 |
| 11. വ്യവസായം | 37 |
| 12. ഗതാഗതം | 42 |
| 13. ഊർജ്ജം | 48 |
| 14. ഭവനനിർമ്മാണം | 52 |
| 15. സാമൂഹ്യക്ഷേമം | 55 |
| 16. സംസ്കാരം | 60 |
| 17. വനിതാ ക്ഷേമം | 64 |
| 18. സഹകരണം, മാർക്കറ്റ് | 69 |
| 19. പട്ടികജാതിക്ഷേമം | 70 |
| 20. വിഭവ സമാഹരണം | 73 |
| 21. ഉപസംഹാരം | 76 |


446

# വടവന്നൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി




കെ.ഭാഗ്യം
പ്രസിഡന്റ്



പി.ജയപ്രകാശ്
വൈസ്പ്രസിഡന്റ്



കെ.അനന്തകൃഷ്ണൻ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ




വി.മണി




സി.വേലപ്പൻ



വി.സുമതി




വി.വിജയൻ



ടി.ജയശങ്കർ



എ.ശോഭന



രാധാകൃഷ്ണൻ
സെക്രട്ടറി

447

# ആമുഖം

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജ്' എന്ന ആശയം ജനകീയാസൂത്രണത്തിലൂടെ സഫലീകരിയ്ക്കുവാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു പുതിയ യുഗം തുറക്കുകയാണ്. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ തുടക്കം തന്നെ ജനങ്ങളിൽ വലിയ പ്രതീക്ഷകൾക്ക് ജന്മം നല്കിയിരിക്കുകയാണ്. താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം. കഴിഞ്ഞ കാലങ്ങളിൽ ഉന്നത ഉദ്യോഗസ്ഥതലങ്ങളിൽ മാത്രം ഒതുങ്ങിനിന്ന ആസൂത്രണം ഇന്ന് താഴെത്തട്ടിലുള്ള ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണ് ജനകീയാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒമ്പതാം പദ്ധതിയുടെ 35 മുതൽ 40% വരെ താഴെ തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് പ്ലാനിങ്ങ് ബോർഡിന്റെ കാഴ്ചപ്പാട്. നമ്മുടെ പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ലഭിക്കുന്ന ഫണ്ട് ജനപങ്കാളിത്തത്തോടെ അതായത് ശ്രമദാനവും ഉൾപ്പെടുത്തിക്കൊണ്ട്, 'ഇടത്തട്ട്' ഒഴിവാക്കി ലഭിക്കുന്ന ഫണ്ടിന്റെ 110% താഴെത്തട്ടിലെത്തിക്കുവാൻ സാധിക്കുന്നു. കൂടാതെ ജനങ്ങൾക്ക്, നമ്മുടെ കയ്യിൽ എന്തുണ്ട്? നമുക്ക് എന്ത് സഹായിക്കുവാൻ കഴിയും? മുൻഗണന ഏത് പദ്ധതിയ്ക്ക് നല്കണം എന്ന് തീരുമാനം എടുക്കുവാൻ കഴിയുന്നു. മുൻകാലങ്ങളിൽ പ്രാദേശിക പരിഗണന കൂടാതെയുള്ള ഫണ്ടുകൾ ലാപ്സാകുകയാണ് പതിവ്. എന്നാൽ വരും നാളുകളിൽ ഫണ്ടുകൾ യാതൊരു കാരണവശാലും പാഴാകാനുള്ള സാദ്ധ്യതയില്ല. കക്ഷിരാഷ്ട്രീയ ഭേദമന്യേയുള്ള നമ്മുടെ ജനകീയ ആസൂത്രണപ്രസ്ഥാനം ലോകത്തിന് തന്നെ ഒരു മാതൃകയാണ്.

ഒമ്പതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി 12.9.96 മുതൽ 14.9.96 വരെ നല്ലേപ്പുള്ളിയിൽ വെച്ച് നടന്ന ജില്ലാതല പരിശീലന ക്ലാസ്സിൽ രണ്ട് പുരുഷൻമാരും ഒരു വനിതയുമടക്കം മൂന്നു പേർ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിന്ന് പങ്കെടുത്തു. അതിൽ ഒരാൾ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്നു. കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് മെമ്പർ എന്നിവരും പങ്കെടുത്തു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിനായി പഞ്ചായത്തുതല സംഘാടകസമിതി രൂപീകരണത്തിനുവേണ്ടി, പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സന്നദ്ധ സംഘടന പ്രവർത്തകരുടേയും, പൗരമുഖ്യന്മാരുടേയും ഒരു യോഗം 17.9.96ന് വിളിച്ചുകൂട്ടി, പഞ്ചായത്ത്തല സ്വാഗതസംഘം രൂപീകരിച്ചു. തുടർന്ന് 21.9.96ന് പഞ്ചായത്ത് തല ഏകദിന പരിശീലന ക്ലാസ് നടന്നു. ഈ ക്ലാസ്സിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളെ കൂടാതെ 67 പുരുഷൻമാരും 5 വനിതകളും പങ്കെടുത്തു.

ഗ്രാമസഭകളുടെ പ്രചരണാർത്ഥം 28.9.96ന് പഞ്ചായത്തിലുടനീളം മൈക്ക് പ്രചരണം നടത്തി. അന്ന് വൈകുന്നേരം പഞ്ചായത്തിലെ പ്രധാന കേന്ദ്രമായ വടവന്നൂർ ജങ്ഷനിൽ നിന്ന് വാദ്യഘോഷത്തോടെ ആരംഭിച്ച വിളംബര ജാഥ ഊട്ടറയിൽ അവസാനിച്ചു. ഇതിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ വിവിധവകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ, അദ്ധ്യാപിക-അദ്ധ്യാപകന്മാർ, ഗൈഡ്സ്, ഹൈസ്ക്കൂൾ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ, ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തകർ, പൗരമുഖ്യർ എന്നിവർ പങ്കെടുത്തു. ഇതേതുടർന്ന് 28.9.96 മുതൽ 13.10.96 വരെ വിവിധ ഗ്രാമസഭകൾ നടന്നു. 878 പുരുഷന്മാരും 272 വനിതകളും ഉൾപ്പെടെ ആകെ 1150 പേർ പങ്കെടുത്തു. മിക്ക ഗ്രാമസഭകളും മെച്ചപ്പെട്ട ഗുണനിലവാരം പുലർത്തുന്നതായിരുന്നു.

ഗ്രാമസഭകളെ വിലയിരുത്തുമ്പോൾ 208 പ്രതിനിധികൾ പങ്കെടുത്ത ഒന്നാം വാർഡ് ഗ്രാമസഭയിലാണ് ജനപങ്കാളിത്തം കൂടുതൽ കണ്ടത്. ഈ വാർഡിൽ ഗ്രാമസഭയ്ക്ക് മുന്നോടിയായി പഞ്ചവാദ്യത്തോടുകൂടിയ പ്രഭാതഭേരി നടത്തിയിരുന്നു. 50 സ്ത്രീകൾ പങ്കെടുത്ത നാലാം വാർഡ് ഗ്രാമസഭയിലാണ് സ്ത്രീ പങ്കാളിത്തം കൂടുതൽ കണ്ടത്. പൊതുവേ ഗ്രാമസഭകളെല്ലാം സജീവമായിരുന്നു.

കൃഷി, ജലസേചനം, പൊതുജനാരോഗ്യം, ഗതാഗതം, കുടിവെള്ളം എന്നീ മേഖലകളിലായിരുന്നു കൂടുതൽ ചർച്ചകളും നിർദ്ദേശങ്ങളും നടന്നത്.

കൊല്ലങ്കോട് ബ്ലോക്ക്തല കലാജാഥയുടെ ഉദ്ഘാടനം 15.10.96ന് വടവന്നൂർ ജങ്ഷനിൽ വെച്ച് കൊല്ലങ്കോട് ബ്ലോക്ക് പ്രസിഡന്റ് നിർവ്വഹിച്ചു. മൂന്ന് കേന്ദ്രങ്ങളിലായി നടത്താൻ ഉദ്ദേശിച്ച കലാജാഥ മഴ കാരണം പൂർണ്ണമായ ഫലപ്രാപ്തിയിലെത്തിയില്ല.

24.10.96 മുതൽ 26.10.96 വരെ നടന്ന രണ്ടാംഘട്ട പരിശീലനത്തിൽ ഒരു റിട്ടയേർഡ് ഹെഡ്മാസ്റ്ററടക്കം 7 അദ്ധ്യാപകർ പങ്കെടുത്തു. കൂടാതെ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, ബ്ലോക്ക് മെമ്പർമാർ എന്നിവരും പങ്കെടുത്തു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ വിശദീകരണത്തിനും, സഹകരണത്തിനും വേണ്ടി പഞ്ചായത്തിലെ വിവിധതല ഉദ്യോഗസ്ഥരുടേയും, അദ്ധ്യാപിക, അദ്ധ്യാപകരുടേയും ഒരു യോഗം 30.10.96ന് വിളിച്ചുകൂട്ടി. പഞ്ചായത്ത് വികസനസെമിനാർ വിജയിപ്പിക്കുന്നതിനുവേണ്ടി 1.11.96 ന് പഞ്ചായത്ത്തല സംഘാടക സമിതി വിളിച്ചുകൂട്ടുകയും അതിൽനിന്ന്, സാമ്പത്തികം, പരിപാടി, ഭക്ഷണം പ്രചരണം എന്നിവയ്ക്കുള്ള നാല് സബ്കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. തുടർന്ന് 2.11.96 ന് പഞ്ചായത്ത്തല ഏകദിന പരിശീലനം നടന്നു. കാലത്ത് ഉദ്ഘാടനത്തിനു ശേഷം വീഡിയോ പ്രദർശനവും അതിനെക്കുറിച്ചുള്ള വിശദീകരണങ്ങളും ഉച്ചയ്ക്ക് ശേഷം ജില്ലാതല പരിശീലകർ വിവധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകളും നടത്തി. 36 പുരുഷന്മാരും, 8 സ്ത്രീകളും, 5 ജില്ലാപരിശീലകരും, 3 ബ്ലോക്ക് ഉദ്യാഗസ്ഥന്മാരും, ഭരണസമിതി അംഗങ്ങളും പങ്കെടുത്തു. 6 വനിതകളും, 19 പുരുഷന്മാരും അടങ്ങിയ പഠനയാത്ര 4.11.96 ന് കാരപ്പറമ്പിൽ നിന്ന് തുടങ്ങി മുല്ലയ്ക്കൽകൊളുമ്പിൽ അവസാനിച്ചു. പഠനയാത്ര 4 ഗ്രൂപ്പുകളാക്കി തിരിച്ച് പഞ്ചായത്തിന്റെ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുകയും വിഭവഭൂപടം നിർമ്മിക്കുകയും ചെയ്തു.

മേൽപറഞ്ഞ മുന്നൊരുക്കങ്ങളാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയത്തിനു വേണ്ടി നമ്മുടെ പഞ്ചായത്തിൽ നടത്തിയത്.

## പഞ്ചായത്തിന്റെ പൊതുവിവരണം

1961 ഡിസംബർ 28ാം തിയ്യതിയിലെ 19,610-ാം നമ്പർ ഗവൺമെന്റ് ഓർഡർ പ്രകാരമാണ് നമ്മുടെ വടവന്നൂർ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. അഞ്ച് ഭരണസമിതികളാണ് പിന്നീട് നിലവിൽ വന്നത്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് അഴകപ്പാടത്ത് അച്ചുതൻ നായർ ആണ്. അതിന് ശേഷം ബാലമേനോൻ, കൊച്ചുക്കുട്ടമേനോൻ, രാമചന്ദ്രമേനോൻ, കൂത്തമ്പാക്ക വി.നാരായണൻ, കോഴികൊത്തി കെ.മാധവൻ, വി.കൃഷ്ണകുമാർ, സി.വേലപ്പൻ, കെ.ചന്ദ്രൻ എന്നിവർ നമ്മുടെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കെ.ഭാഗ്യം പ്രസിഡന്റായി ഇപ്പോഴുള്ള 9 അംഗ ഭരണസമിതി നിലവിൽ വന്നു.

വടക്ക് പുതുനഗരം പഞ്ചായത്തും, ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയും; തെക്ക് കൊല്ലങ്കോട് പഞ്ചായത്തും; കിഴക്ക് പട്ടഞ്ചേരി, മുതലമട എന്നീ പഞ്ചായത്തുകളും; പടിഞ്ഞാറ് പല്ലശ്ശേന പഞ്ചായത്തുമാണ് നമ്മുടെ പഞ്ചായത്തിന്റെ അതിരുകൾ.

വടവന്നൂർ വില്ലേജ് മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. IVാം നമ്പർ ബ്ലോക്ക് ഡിവിഷനിൽ (വടവന്നൂർ, സ്ത്രീസംവരണം), പഞ്ചായത്തിലെ 1,4,5,6,7,8,9 എന്നീ വാർഡുകളും Vാം നമ്പർ ബ്ലോക്ക് ഡിവിഷനിൽ (കൊല്ലങ്കോട്, പട്ടികജാതി - പട്ടികവർഗ്ഗം സ്ത്രീസംവരണം) 2,3 വാർഡുകളും ഉൾപ്പെടുന്നു. ഈ രണ്ടു ഡിവിഷനുകളും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ പെടുന്നു. നമ്മുടെ താലൂക്ക് ചിറ്റൂരും ജില്ല പാലക്കാടും ആണ്. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 17ാം നമ്പർ ഡിവിഷനിൽ (പട്ടഞ്ചേരി സ്ത്രീ സംവരണം) ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്. അസംബ്ലി മണ്ഡലം ചിറ്റൂർ ആണ്.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 6.62 സ്ക്വയർ മൈലുകളാണ്. മൊത്തം ജനസംഖ്യ 16,010 പേർ (91 സെൻസസ്). അതിൽ 7794 പുരുഷന്മാരും 8216 സ്ത്രീകളും ആണ്. 9 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 3ാം വാർഡ് പട്ടികജാതി-പട്ടികവർഗ്ഗം-സ്ത്രീ സംവരണവും, 7ാം വാർഡ് പട്ടികജാതി-പട്ടികവർഗ സംവരണവും 6,8 എന്നീ വാർഡുകൾ വനിതാസംവരണവും ആണ്.

1994-'95 ൽ ജില്ലയിൽ സ്വാശ്രയ പഞ്ചായത്തുകളായി 8 എണ്ണം തെരഞ്ഞെടുത്തു. അതിൽ ഒന്ന് നമ്മുടെ പഞ്ചായത്താണ്. ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കല്യാണമണ്ഡപം നിർമ്മിക്കുവാൻ തീരുമാനിക്കുകയും, ജില്ലാ കലക്ടർ അതിനുവേണ്ട അനുമതിയും സാമ്പത്തികസഹായവും നല്കുകയും ചെയ്തു. അതിനു വേണ്ട സ്ഥലം റെജിസ്റ്റർ ചെയ്യുകയും എസ്റ്റിമേറ്റിനായി ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുകയും ചെയ്തു.

രണ്ടാം ഗ്രേഡ് ആയ നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ഇറിഗേഷൻ ഓഫീസ്, പ്രൈമറി ഹെൽത്ത് സെന്റർ, മൃഗാശുപത്രി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, വില്ലേജ് ഓഫീസ്, ഗ്രാമ വികസന ഓഫീസ്, പോസ്റ്റ് ഓഫീസ്, PWI ഓഫീസ് (റെയിവേ), 2 റെയിൽവേ സ്റ്റേഷനുകൾ, പട്ടാപാസ്ബുക്ക് ഓഫീസ്, ഫോറസ്റ്റ് ഓഫീസ് എന്നിങ്ങനെ 14 ഓഫീസുകൾ നിലവിൽ ഉണ്ട്.

സംസ്ഥാനത്തെ രണ്ടാമത്തെ ബചത് പഞ്ചായത്താണ് നമ്മുടേത്.



449

# സാമൂഹിക സാംസ്കാരിക ചരിത്രം

'വടവന്നൂർ' എന്ന പേര് വടകന്നികയുടെ ഊര് എന്നർത്ഥം വരുന്ന വടകന്നികയൂർ എന്ന പദത്തിന്റെ ഉത്ഭവമാണെന്ന് ഊഹിക്കപ്പെടുന്നു. വടകന്നികയൂർ വടകന്നൂരായും പിന്നീട് വടവന്നൂരായും മാറിയതായിരിക്കാം. ഈ പേരിനോട് സാമ്യമുള്ള മറ്റൊരു സ്ഥലമുള്ളതുകൊണ്ടാണ് റെയിൽവെ സ്റ്റേഷന് 'വടകന്നികാപുരം' എന്ന് നാമകരണം ചെയ്തതെന്ന് കരുതുന്നു. വെങ്ങുനാട് നമ്പിടികളുമായി - കൊല്ലങ്കോട് സൊരൂപവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് വടവന്നൂരിന്റെ ചരിത്രപാശ്ചാത്തലം.

വടവന്നൂർ പ്രദേശത്തെ 'കുമ്മാട്ടി ഉത്സവം' വളരെ പ്രസിദ്ധമാണ്. ഇതു എന്നു തുടങ്ങിയെന്ന് കൃത്യമായി പറയുവാൻ കഴിയുന്നില്ല. ജന്മിത്വവും ജാതി വ്യവസ്ഥയും നിലവിലുണ്ടായിരുന്ന കാലത്ത് ഒരു കാർഷികോത്സവമായിട്ടാണ് കുമ്മാട്ടിയും അതുമായി ബന്ധപ്പെട്ട ചടങ്ങുകളും നടത്തിയിരുന്നത്. വടവന്നൂരിൽ കുടികൊള്ളുന്ന മന്ദത്തുമുത്തിയെ കേന്ദ്രീകരിച്ചാണ് ഈ ഉത്സവം കൊണ്ടാടുന്നത്.

അയിത്താചാരം നിലവിലുണ്ടായിരുന്ന അന്ന് നായർ സമുദായക്കാർ 'പൂക്കുമ്മാട്ടിയും' മറ്റു സമുദായക്കാർ 'ഓലക്കുമ്മാട്ടിയും' എടുക്കണമെന്നാണ് ആചാരം. കാലപ്രവാഹത്തിൽ അയിത്തോച്ചാടന പ്രസ്ഥാനം ശക്തി പ്രാപിക്കുകയും കമ്മ്യൂണിസ്റ്റ് ചിന്താഗതിക്ക് വേരുറയ്ക്കുകയും ചെയ്തതോടുകൂടി വാട്ടയാർ പൊന്നൻ എന്നയാളുടെ നേതൃത്വത്തിൽ 'ഈഴവർ' പൂക്കുമ്മാട്ടിയുമെടുത്ത് അയ്യപ്പൻ കാവിലെത്തി (വൈദ്യശാലക്കു സീപം). വിപ്ലവകരമായ ഈ ആശയത്തിന് ബുദ്ധിപരമായ നേതൃത്വം കൊടുത്തത് പാലക്കാട് എം.പി.ആയിരുന്ന ശ്രീ.പി.ബാലചന്ദ്രമേനോൻ ആണ്, സ്വാഭാവികമായും ആചാര തർക്കത്തിന്റെ പേരിൽ സംഘർഷം സംജാതമാവുകയും 16 വർഷക്കാലം വടവന്നൂരിൽ കുമ്മാട്ടി ആഘോഷിക്കാതിരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ തർക്കത്തിന്റെ പാശ്ചാലത്തിൽ ഹൈക്കോടതിക്കു പുറത്തുവെച്ചുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് ഇപ്പോൾ നടത്തിവരുന്ന ആചാരക്രമങ്ങളോടെ കുമ്മാട്ടി ആഘോഷിക്കുന്നു. സവർണ്ണ വിഭാഗത്തിനും അവർണ്ണ വിഭാഗത്തിനും (ഈഴവരാദി മറ്റു പിന്നോക്ക സമുദായക്കാരും, പട്ടികജാതി വാഭാഗക്കാരും) കുമ്മാട്ടി ഇത്സവങ്ങൾ കടന്നുപോകുന്ന വഴിയും സമയക്രമവും ധാരണയായിട്ടുണ്ട്.

മകരത്തിൽ കതിരുത്സവവും കുംഭത്തിൽ കുമ്മാട്ടിയും, മീനത്തിൽ ചക്കക്കള്ളൻ വേലയും, കണ്യാർക്കളിയും നടത്തിവരുന്നു. ഒന്നിടവിട്ട വർഷങ്ങളിലാണ് ഇതാഘോഷിക്കുന്നത്. ജനങ്ങൾക്കിടയിലെ ഐക്യം മറ്റു പ്രദേശക്കാരെക്കാളും കൂടുതലായി വടവന്നൂർ നിവാസികൾക്കുണ്ടാകാൻ കാരണം അനുഭവങ്ങൾ അവർക്കു നല്കിയ സഹിഷ്ണുതയാണ് എന്ന് വ്യക്തമാകുന്നു. ജാതിമതഭേദമന്യേ എല്ലാവരും ഒത്തൊരുമിച്ച് ഈ ഉത്സവങ്ങൾ ആഘോഷിക്കുന്നു.

ആലങ്ങോടിയിലുള്ള പുതുക്കുളിക്കാവ് ക്ഷേത്രത്തിൽ 14 ദിവസം നീണ്ടുനില്ക്കുന്ന 'കൂത്ത്' നടത്തിയിരുന്നതായി പഴമക്കാർ പറയുന്നു. മന്ദത്തും, മഴൂർക്കാവിലും കണ്യാർകളി നടത്തിവന്നിരുന്നു.

വടവന്നൂർ പഞ്ചായത്തിലെ ആലമ്പള്ളം ഗ്രാമത്തിലുള്ള ക്ഷേത്രങ്ങളിൽ എല്ലാവർഷവും 'രഥോത്സവം' ഭംഗിയായി നടത്തിവരുന്നു. ഈ പഞ്ചായത്തിലുള്ള മറ്റു ചെറുഗ്രാമങ്ങളിലുള്ള ആരാധനാലയങ്ങളോടനുബന്ധമായി ചരിത്രപരമായ ആഘോഷങ്ങൾ നടക്കുന്നുണ്ട്. ഊട്ടറ അയ്യപ്പൻവിളക്കും പൊക്കുന്നി അയ്യപ്പൻവിളക്കും മറ്റു വിളക്കുത്സവങ്ങളും ഈ പഞ്ചായത്തിന്റെ എടുത്തുപറയാവുന്ന പ്രത്യേകതകളാണ്.

സ്വാതന്ത്ര്യസമരകാലത്തിനു മുൻപുതന്നെ ഇവിടെ നിലവിലുണ്ടായിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഇല്ലാതാക്കാൻ ശ്രമിച്ച പ്രമുഖന്മാർ വടവന്നൂരിലും ഉണ്ടായിരുന്നു. സ്വാതന്ത്ര്യസമര സേനാനികളായി എടുത്തു പറയാവുന്നവർ 1. വിശ്വനാഥമേനോൻ 2. പാറയ്ക്കൽ വാസുമേനോൻ 3. മഠത്തിൽ പങ്കുമേനോൻ 4. അഴകപ്പാടത്ത് കൊച്ചപ്പൻ നായർ 5. പാലാട്ട് തങ്കപ്പൻ നായർ 6. ഏറാത്ത് കുട്ടികൃഷ്ണൻ നായർ 7. തോടമ്പാത്ത് വാസുദേവൻ നായർ എന്നിവരാണ്.

ജാതിയുടെ പേരിൽ പല അനാചാരങ്ങളും ഇവിടെ നിലനിന്നിരുന്നു. അതിന്റെ വിഷമതകൾ അനുഭവിച്ചിരുന്ന ഭൂരിപക്ഷം ജനങ്ങൾ ഇപ്പോൾ അതിൽനിന്നെല്ലാം വിമുക്തരാണെന്നു പറയാം. രാഷ്ട്രീയ ചാന്താഗതിയുടെ വളർച്ചയും സാധാരണക്കാരുടെ ജീവിതരീതിയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വൻകിട ഭൂവുടമകൾ വളരെ കുറവാണ്. പക്ഷെ, ചെറുകിട കർഷകരും നാമമാത്ര കർഷകരും ധാരാളമുണ്ട്. കാർഷികത്തൊഴിലാളികളാണ് ഭൂരിഭാഗം ജനങ്ങളും. കച്ചവടക്കാരും വ്യവസായികളും സർക്കാർ ജീവനക്കാരും താരതമ്യേന കുറവാണ്.

വിവിധതരം ട്രേഡ് യൂണിയനുകൾ ഈ പഞ്ചായത്തിലുണ്ട്. ദേശീയ-പ്രാദേശിക രാഷ്ട്രീയ പാർട്ടികളും ഉണ്ട്. കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ്, ജനദാദൾ, ബി.ജെ.പി മുസ്ലീം ലീഗ് മുതലായവയുടെ പ്രവർത്തകരെല്ലാം ഈ പഞ്ചായത്തിൽ ഉണ്ട്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്, ബ്രാഹ്മണ സമാജം, വിശ്വകർമ്മസമാജം കണക്കൻ മഹാസഭ പട്ടികജാതി സംഘടന തുടങ്ങിയ സാമുദായിക സംഘടനകളും ഇവിടെയുണ്ട്.

ഈ പഞ്ചായത്തിലെ ആദ്യത്തെ അദ്ധ്യാപകൻ പുളിക്കൽ നാരായണൻ നായരാണ്. ആദ്യത്തെ വിദ്യാലയം 1890 ൽ സ്ഥാപിച്ച എയ്ഡഡ് എലിമെന്ററി ബോയ്സ് സ്കൂളാണ്. ഇപ്പോൾ അതിന്റെ പേര് എ.എം.എം.യു.പി.സ്കൂൾ എന്നാണ്. പഞ്ചായത്തിലെ ചില പ്രദേശങ്ങൾ വിദ്യാഭ്യാസപരമായി മുൻപിലാണെങ്കിലും ഭൂരിഭാഗവും പിന്നോക്കാവസ്ഥയിൽ തന്നെയാണ്.

1962-64 കാലത്താണ് സർക്കാർ മേഖലയിൽ ഒരു ആസ്പത്രിയുണ്ടായത്. അതിന്റെ പേര് വടവന്നൂർ പ്രൈമറി ഹെൽത്ത് സെന്റർ എന്നാണ്. കമ്മ്യൂണിറ്റി പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് ആസ്പത്രിയുടെ പ്രവർത്തനം തുടങ്ങിയത്. വടവന്നൂർകാരനായ A.C.കുഞ്ഞുണ്ണിരാജയുടെ സ്മരണക്കായി ഒരു പ്രസവ വാർഡ് മേല്പടി ആസ്പത്രിക്ക് വേണ്ടി നിർമ്മിച്ചിട്ടുണ്ട്. വേണ്ടത്ര ചികിത്സാ സൗകര്യങ്ങളില്ലാത്തതിനാൽ ഈ സ്ഥാപനം പൊതുജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. കൂത്തമ്പാക്കയിലും, പെരുമ്പടാരയിലും രണ്ട് പ്രൈമറി സബ്സെന്ററുകൾ ഉണ്ട്

ഈ പഞ്ചായത്തിൽ ആയുർവേദ ചികിത്സാരീതി ആദ്യമായി തുടങ്ങിയത് വടക്കേപ്പാട്ട് നാരായണനായരാണ്. അദ്ദേഹത്തിന്റെ പിൻഗാമികളുടെ ആസ്പത്രിയാണ് ഇന്ന് വൈദ്യശാലയിൽ പ്രവർത്തിക്കുന്നത് മുൻപ്പറഞ്ഞ വൈദ്യരുടെ ഒരു പ്രധാന ശിഷ്യനായ അപ്പാവുവൈദ്യർ സ്ഥാപിച്ച ഒരു വൈദ്യശാല ഊട്ടറയിൽ ഉണ്ട്. പൊതുവെ ആരോഗ്യ പരിപാലന സൗകര്യങ്ങൾ കുറവാണ്.

സംസ്കൃത പണ്ഡിതനായ കോരാത്ത് നാരായണമേനോൻ വടവന്നൂരിന്റെ സന്തതിയാണ്. ഇന്ത്യൻ സിനിമ് രംഗത്തും ദേശീയ രാഷ്ട്രീയത്തിലും ശ്രദ്ധേയനായിരുന്ന മരുതൂർ ഗോപാലൻ രാമചന്ദ്രൻ (എം.ജി.ആർ) വടവന്നൂർ സ്വദേശിയാണ്.

ഈ പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റ് ശ്രീ അച്ചുതൻ നായരായിരുന്നു. ആദ്യത്തെ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് പാറയ്ക്കൽ രാമചന്ദ്രമേനോനായിരുന്നു. ഇന്നത്തെ സർവ്വീസ് സഹകരണ ബാങ്ക് നിർമ്മിച്ചത് 2.8.1946 ലാണ്. സഹകരണ മേഖലയിലെ മറ്റൊരു സ്ഥാപനമാണ് ക്ഷീരോല്പാദക വ്യവസായസംഘം. ചിറ്റൂർ താലൂക്കിന്റെ ഒരു ഹൗസിംഗ് സൊസൈറ്റി ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

6.4.1932 ലാണ് വടകന്നികാരപുരം ട്രെയിൻ ഹാൾട്ട് സ്റ്റേഷൻ നിലവിൽ വന്നത്. ഇതിന് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഒരു റെയിവെ സ്റ്റേഷനും ഒരു ഹാൾട്ടു സ്റ്റേഷനുമുള്ള ഒരേയൊരു പഞ്ചായത്താണ് നമ്മുടേത്.

ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ഈ പഞ്ചായത്തിൽ കാർഷികരംഗം മെച്ചപ്പെട്ടു. പക്ഷെ, കുടിയാന്മാർ ഭൂവുടമകളായതോടെ അവരുടെ അദ്ധ്വാനശീലം കുറയുകയും ജീവിതച്ചെലവുകൾ വർദ്ധിക്കുകയും ചെയ്തു. തന്റെ മക്കളെ കൃഷിപ്പണിയിൽ പ്രാപ്തനാക്കാനോ, വിദ്യാസമ്പന്നരാക്കാനോ ശ്രദ്ധിച്ചില്ല. കർഷകന്റെ അദ്ധ്വാനശീലക്കുറവ് ഇല്പാദനച്ചെലവ് വർദ്ധനയും, നെല്ലിനു വില കിട്ടായ്കയും, കർഷകത്തൊഴിലാളികളുടെ ദൗർല്ലഭ്യവും ഇന്ന് കർഷകനെ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു.

കാർഷിക മേഖലയിലെ അമിതമായ രാസവള പ്രയോഗവും ജൈവ-ജീവാണു വളങ്ങളുടെ ഉപയോഗമില്ലായ്മയും ഈ മേഖലയെ മുരടിപ്പിച്ചിട്ടുണ്ട്. നെൽകൃഷിയെ ഒരു ഉപതൊഴിലായി കണക്കാക്കുന്നതായും കാണുന്നു. കാർഷിക മേഖലയിലെ ഈ താല്പര്യക്കുറവ് പല യുവാക്കൾക്കും തൊഴിലില്ലായ്മക്ക് വഴിയൊരുക്കുന്നു. ഇതിന്നാവശ്യമായ ബോധവൽക്കരണം പുതിയ പദ്ധതിയിൽ ഉണ്ടായിരിക്കണം.

പ്രാദേശിക നാടൻകലകളായ പൊറാട്ടു നാടകം കണ്യാർകളി, അയ്യപ്പൻ പാട്ട്, തോറ്റം പാട്ട്, മാരിയമ്മൻ കളി, കുംഭക്കളി എന്നിവ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. അതിനൊരു പരിഹാരം അത്യാവശ്യമാണ്.

താഴ്ന്ന വരുമാനക്കാരേയും പട്ടിക ജാതി വിഭാഗക്കാരേയും ഉയർത്തിയാൽ മാത്രമെ ഈ പഞ്ചായത്തിലുള്ളവരുടെ ശരാശരി ജീവിതനിലവാരം മെച്ചപ്പെടുകയുള്ളു. കൂടാതെ പൊതുവെയുള്ള തൊഴിലില്ലായ്മക്കും പാർപ്പിട പ്രശ്നങ്ങൾക്കു, സ്ത്രീ വിമോചനം-സ്ത്രീ പങ്കാളിത്തം തുടങ്ങിയവക്കും പരിഹാരം കാണണം. ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ആലമ്പള്ളം ഗ്രാമസമൂഹത്തിലെ തേര് 4 തലമുറയായി വളരെ ഭംഗിയായി നടന്നുവരുന്നു. ഏകദേശം 50 വർഷമായി വടലൂർ രാമലിംഗസ്വാമികളുടെ ആശയാദർശങ്ങൾ നടപ്പാക്കാൻ ഊട്ടറ റെയിൽവേസ്റ്റേഷനു സമീപം സത്യസമരസ്യശുദ്ധ സന്മാർഗ്ഗ സംഘം പ്രവർത്തിച്ചുവരുന്നു.

451

## വടവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ വിഭവ ഭൂപടം

| ഭൂപകൃതി | ചരിവ് | സമതലം | ചരിവ് | സമതലം | ഉയർന്ന സമതലം | സമതലം | ഉയർന്ന സമതലം | ചരിവുതലം | ചരിവുതലം | തരിശു ഭൂമി | സമതലം |
|---|---|---|---|---|---|---|---|---|---|---|---|
| മൺതരം | പുളി മണ്ണ് | മണൽ കലർന്ന പുളി മണ്ണ് | എക്കൽ മണ്ണ് | മണൽ കലർന്ന പുളിമണ്ണ് എക്കൽ മണ്ണ് | മണൽ കലർന്ന പുളിമണ്ണ് എക്കൽ | മണൽ മണ്ണ് | എക്കൽ മണ്ണ് | എക്കൽ മണ്ണ് | കരി മണ്ണ് | ചെമ്മണ്ണ് | എക്കൽ മണ്ണ് |
| സസ്യാവരണം | നെല്ല് തെങ്ങ് ഇടവിള | നെല്ല് തെങ്ങ് പലതരം വൃക്ഷം | നെല്ല് തെങ്ങ് | നെല്ല് തെങ്ങ് പലതരം വൃക്ഷം വാഴ | നെല്ല് തെങ്ങ് പുളിമരം ഇടവിള | നെല്ല് തെങ്ങ് ഇടവിള | നെല്ല് തെങ്ങ് | നെല്ല് തെങ്ങ് വാഴ | നെല്ല് തെങ്ങ് ഇടവിള | തെങ്ങ് മാവ് | നെല്ല് തെങ്ങ് മാവ് മൺബറി മത്സ്യകൃഷി |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | ചെമ്മണ്ണ് | |
| ജലവിഭവം | പുഴ കാര പാറ തോട് | കിണർ കുളം | കുഴൽകിണർ, കുളം | വറ്റാത്ത കുളം | കുഴൽ കിണർ ഉപയോഗ ശൂന്യം | വറ്റാത്ത കുളം കിണർ ഗായത്രി മൂലത്തറ കനാൽ | കുളം | വറ്റാത്ത കുളം 2 എണ്ണം. | ടാപ്, കുളം കിണർ | കുളം കിണർ | കുളം കിണർ |

### ഭൂപകൃതിയും വിഭവങ്ങളും

നമ്മുടെ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം സമതലപ്രദേശമാണെങ്കിലും വടക്കു പടിഞ്ഞാറ ഭാഗത്തേക്ക് ചെറിയ ചരിവ് കാണപ്പെടുന്നു. നീരൊഴുക്ക് പ്രധാനമായും ഈ ഭഗത്തേക്ക് ആണ്. കുന്നുകളും മലകളും തരിശു ഭൂമിയും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കളിമണ്ണ്, പുളിമണ്ണ്, മണൽ കലർന്ന കളിമണ്ണ്, മണൻ കലർന്ന പുളിമണ്ണ്, മണൽമണ്ണ്, കരിമണ്ണ്, ചെമ്മണ്ണ്, എക്കൽമണ്ണ് എന്നിവ കാണപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ ജല ലഭ്യത ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവല്ല. എന്നാൽ ചില കാലങ്ങളിൽ കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാവനം, കാർഷകാവശ്യത്തിന് ആവശ്യമായ ജലലഭ്യത ഉറപ്പ്വരുത്തുന്നില്ല. തുലാവർഷം പൊതുവെ കുറച്ചു മാത്രമേ നമുക്ക് ലഭ്യമാകുന്നുള്ളു.

452

പഞ്ചായത്തിൽ 70 പറ്റാത്ത കുളങ്ങളുണ്ട്. പൊതു കിണറുകളുടെ എണ്ണം 41 ആണ്. പഞ്ചായത്തിൽ പൊക്കുന്നി - പൂന്തോണിത്തോട്, വട്ടച്ചിറ കൂത്തംപാക്ക, കാരപ്പറമ്പ് തോട്, ചെന്നിയംപള്ളം, കീഴച്ചിറ, അകംപാടം തോട് എന്നിവ ഒഴുകുന്നു. ഗായത്രി പുഴ നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്നു. കുടിവെള്ളക്ഷാമം രൂക്ഷമല്ലെങ്കിലും പൂർണ്ണമായി കുടിവെള്ളം ആവശ്യാനുസരണം ലഭ്യമല്ല. ചിലയിടങ്ങളിൽ കൃഷിയാവശ്യത്തിന് ജല ലഭ്യത കുറവ് അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലവും ഇരുപൂവൽ നെൽകൃഷി ചെയ്യുന്നതിന്നുപയോഗിച്ചുവരുന്നു. കാട്ടുപ്രദേശം തീരെ ഇല്ല. തരിശ് ഭൂമി നാമമാത്രമായി മാത്രമെ കാണപ്പെടുന്നുള്ളു. പഞ്ചായത്തിൽ 80 ശതമാനം നെൽകൃഷിയും 10 ശതമാനം തെങ്ങുകൃഷിയും, 2 ശതമാനം ഇഞ്ചികൃഷിയും, നാലു ശതമാനം പയർകൃഷിയും ഒരു ശതമാനംവാഴകൃഷിയും, ഒരുശതമാനം കരിമ്പ്, ഒരുശതമാനം പച്ചകറി, ഒരു ശതമാനം ഫലവൃക്ഷങ്ങൾ എന്നിവയും കൃഷിചെയ്തുവരുന്നു. സാധാരണ മറ്റു പഞ്ചായത്തുകളിൽ കണ്ടുവരുന്ന പക്ഷികൾ ഇവിടേയും കണ്ടുവരുന്നു. സാധാരണ ജന്തു ജീവികൾ കൂടാതെ കുറുക്കൻ, കാട്ടുപൂച്ച എന്നിവയും ഇവിടെ കണ്ടുവരുന്നു.

വേനൽകാലം കൂടുതൽ അനുഭവപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ മഴയാണ് കാർഷികമേഖലയെ നിയന്ത്രിക്കുന്നത്. കാലവർഷം മതിയായ തോതിൽ ഉണ്ടെങ്കിലും തുലാവർഷം പലപ്പോഴും നമ്മെ ചതിക്കാറുണ്ട്. ഇടമഴ പൊതുവെ കുറവാണ്. ചൂടും കാറ്റും കൂടുതൽ അനുഭവപ്പെടുന്ന പഞ്ചായത്താണ് നമ്മുടേത്.

നമ്മുടെ പഞ്ചായത്തിലെ ഏകദേശം 60% പേരും തൊഴിലാളികളാണ്. ഏകദേശം 40% കർഷകത്തൊഴിലാളികളും 20% മറ്റ് മേഖലകളിൽ തൊഴിൽലെടുക്കുന്നവരുമാണ്. 15% മുതൽ 20% വരെ തൊഴിൽ രഹിതർ പഞ്ചായത്തിലുണ്ട്. 3464 പേരാണ് നമ്മുടെ പഞ്ചായത്തിലെ ആകെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ. അതിൽ 1860 ആൺകുട്ടികളും 1604 പെൺകുട്ടികളും ഉൾപ്പെടുന്നു. പൊതുവെ സാങ്കേതിക വിദ്യാഭ്യാസം തേടുന്നവരുടെ എണ്ണം വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസം നേടുന്നവരും കുറവായിട്ടാണ് നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നത്. തൊഴിലില്ലായ്മ പൊതുവെ അനുഭവപ്പെടുന്നതായി കണ്ടുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ പാരിസ്ഥിക പ്രശ്നങ്ങൾ പൊതുവെ കുറവാണെങ്കിലും ചിലയിടങ്ങളിൽ മണ്ണൊലിപ്പും, വെള്ളക്കെട്ടും, അനുഭവപ്പെടുന്നു. വട്ടച്ചിറ തോടിന്റെ ഇരുവശത്തും, കൂട്ടാലപ്പാടം തോടിന്റെ ഇരുവശത്തും വെള്ളക്കെട്ടും, മണ്ണൊലിപ്പും അനുഭവപ്പെടുന്നു. പൂന്തോണി ഭാഗത്ത് ഗായത്രി റൈസ് മില്ലിൽ നിന്ന് തോടിലേയ്ക്ക് ഒഴുക്കുന്ന ചാരം, ചണ്ട് എന്നിവ അതിന് താഴെയുള്ള പ്രദേശത്ത് അതായത് മീനിക്കോട് ഭാഗത്ത് കിണറ്റിലെ വെള്ളം ദുർഗന്ധവും കരിവെള്ളവുമാക്കുന്നു. പൊതുവെ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞുവരുന്നതായാണ് കണ്ടുവരുന്നത്.

453

# ഭൂപ്രകൃതിയും വിഭവങ്ങളും

നമ്മുടെ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം സമതലപ്രദേശമാണെങ്കിലും വടക്കു പടിഞ്ഞാറ് ഭാഗത്തേക്ക് ചെറിയ ചരിവ് കാണപ്പെടുന്നു. നീരൊഴുക്ക് പ്രധാനമായും ഈ ഭാഗത്തേക്ക് ആണ്. കുന്നുകളും മലകളും തരിശു ഭൂമിയും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കളിമണ്ണ്, പുളിമണ്ണ്, മണൽ കലർന്ന കളിമണ്ണ്, മണൽ കലർന്ന പുളിമണ്ണ്, മണൽമണ്ണ്, കരിമണ്ണ്, ചെമ്മണ്ണ്, എക്കൽമണ്ണ് എന്നിവ കാണപ്പെടുന്നു. ജില്ലയിലെ നമമുടെ പഞ്ചായത്തിൽ ജല ലഭ്യത മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവല്ല. എന്നാൽ ചില കാലങ്ങളിൽ കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം, കാർഷികാവശ്യത്തിന് ആവശ്യമായ ജലലഭ്യത ഉറപ്പ് വരുത്തുന്നില്ല. തുലാവർഷം പൊതുവെ കുറച്ചു മാത്രമേ നമുക്ക് ലഭ്യമാകുന്നുള്ളു. പഞ്ചായത്തിൽ 70 വറ്റാത്ത കുളങ്ങളുണ്ട്. പൊതു കിണറുകളുടെ എണ്ണം 41 ആണ്. പഞ്ചായത്തിൽ പൊക്കുന്നി - പൂന്തോണിത്തോട്, വട്ടച്ചിറ കുത്തംപാക്ക, കാരപ്പറമ്പ് തോട്, ചെന്നിയംപള്ളം, കീഴച്ചിറ, അകംപാടം തോട് എന്നിവ ഒഴുകുന്നു. ഗായത്രി പുഴ നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്നു. കുടിവെള്ളക്ഷാമം രൂക്ഷമല്ലെങ്കിലും പൂർണ്ണമായി കുടിവെള്ളം ആവശ്യാനുസരണം ലഭ്യമല്ല. ചിലയിടങ്ങളിൽ കൃഷിയാവശ്യത്തിന് ജല ലഭ്യത കുറവ് അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലവും ഇരുപൂകൽ നെൻകൃഷി ചെയ്യുന്നതിന്നുപയോഗിച്ചുവരുന്നു. കാട്ടുപ്രദേശം തീരെ ഇല്ല. തരിശ് ഭൂമി നാമമാത്രമായി മാത്രമെ കാണപ്പെടുന്നുള്ളു. പഞ്ചായത്തിൽ 80 ശതമാനം നെൽകൃഷിയും 10 ശതമാനം തെങ്ങുകൃഷിയും, 2 ശതമാനം ഇഞ്ചികൃഷിയും, നാലു ശതമാനം പയർകൃഷിയും ഒരു ശതമാനം വാഴകൃഷിയും, ഒരുശതമാനം കരിമ്പ്, ഒരുശതമാനം പച്ചക്കറി, ഒരുശതമാനം ഫലവൃക്ഷങ്ങൾ എന്നിവ കൃഷിചെയ്തുവരുന്നു. സാധാരണ മറ്റു പഞ്ചായത്തുകളിൽ കണ്ടുവരുന്ന പക്ഷികൾ ഇവിടെയും കണ്ടുവരുന്നു. സാധാരണ ജന്തു ജീവികൾ കൂടാതെ കുറുക്കൻ, കാട്ടുപൂച്ച എന്നിവയും ഇവിടെ കണ്ടുവരുന്നു.

വേനൽകാലം കൂടുതൽ അനുഭവപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ മഴയാണ് കാർഷികമേഖലയെ നിയന്ത്രിക്കുന്നത്. കാലവർഷം മതിയായ തോതിൽ ഉണ്ടെങ്കിലും തുലാവർഷം പലപ്പോഴും നമ്മെ ചതിക്കാറുണ്ട്. ഇടമഴ പൊതുവെ കുറവാണ്. ചൂടും കാറ്റും കൂടുതൽ അനുഭവപ്പെടുന്ന പഞ്ചായത്താണ് നമ്മുടേത്.

നമ്മുടെ പഞ്ചായത്തിലെ ഏകദേശം 60% പേരും തൊഴിലാളികളാണ്. ഏകദേശം 40% കർഷകത്തൊഴിലാളികളും 20% മറ്റ് മേഖലകളിൽ തൊഴിൽലെടുക്കുന്നവരുമാണ്. 15% മുതൽ 20% വരെ തൊഴിൽ രഹിതർ പഞ്ചായത്തിലുണ്ട്. 3464 പേരാണ് നമ്മുടെ പഞ്ചായത്തിലെ ആകെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ. അതിൽ 1860 ആൺകുട്ടികളും 1604 പെൺകുട്ടികളും ഉൾപ്പെടുന്നു. പൊതുവെ സാങ്കേതിക വിദ്യാഭ്യാസം തേടുന്നവരുടെ എണ്ണം വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസം നേടുന്നവരും കുറവായിട്ടാണ് നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നത്. തൊഴിലില്ലായ്മ പൊതുവെ അനുഭവപ്പെടുന്നതായി കണ്ടുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പൊതുവെ കുറവാണെങ്കിലും ചിലയിടങ്ങളിൽ മണ്ണൊലിപ്പും, വെള്ളക്കെട്ടും, അനുഭവപ്പെടുന്നു. വട്ടച്ചിറ തോടിന്റെ ഇരുവശത്തും, കുട്ടാലപ്പാടം തോടിന്റെ ഇരുവശത്തും വെള്ളക്കെട്ടും, മണ്ണൊലിപ്പും അനുഭവപ്പെടുന്നു. പുന്തോണി ഭാഗത്ത് ഗായത്രി റൈസ് മില്ലിൽ നിന്ന് തോടിലേയ്ക്ക് ഒഴുക്കുന്ന ചാരം, ചണ്ട് എന്നിവ അതിന് താഴെയുള്ള പ്രദേശത്ത് അതായത് മീനിക്കോട് ഭാഗത്ത് കിണറ്റിലെ വെള്ളം ദുർഗന്ധവും കരിവെള്ളവുമാകുന്നു. പൊതുവെ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞുവരുന്നതായാണ് കണ്ടുവരുന്നത്.

454

# കൃഷി

വടവന്നൂർ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. വർദ്ധിച്ചുവരുന്ന ഉല്പാദന ചെലവും, കുറഞ്ഞുവരുന്ന ഉല്പാദനവും, വിപണിയുടെ അനിശ്ചിതത്വവും കാർഷികമേഖലയെ, പ്രത്യേകിച്ചും നെൽകൃഷിയെ, പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകരുടെ ജീവിത നിലവാരം ദൈനംദിനം തകർന്നുകൊണ്ടേയിരിക്കുന്നു.

ജന്മി, കുടിയാൻ സമ്പ്രദായം ഇവിടെ മുൻകാലങ്ങളിൽ ഇവിടെ നിലനിന്നിരുന്നു. കുടിയാന്മാർ ഒരു നിശ്ചിത പാട്ടം ജന്മിമാർക്ക് കൊടുക്കേണ്ടതുണ്ട്. കുടിയാന്മാർക്ക് കൃഷിഭൂമിയിൽ സ്ഥിരാവകാശം ഇല്ലാത്തതുകൊണ്ട് ഒരു വർഷത്തിൽ അവസാനിക്കുന്ന ഹ്രസ്വകാലവിളകളിൽ കർഷകർ ശ്രദ്ധിച്ചിരുന്നു. വടവന്നൂരിലെ മുഖ്യ വിള നെല്ലാണ്. ജന്മിമാരുടെ അധികാരവും, നിയന്ത്രണവും കാർഷികമേഖലയിലുള്ളവരെ അടിമത്വത്തിൽ ആഴ്ത്തിയിരുന്നു. ചുരുക്കം ചില ജന്മിമാർ കൃഷി നേരിട്ട് നടത്തിയിരുന്നു. അക്കാലത്ത് മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. തോടുകൾ, കുളങ്ങൾ എന്നിവ ജലസേചനത്തിന് പ്രയോജനപ്പെടുത്തിയിരുന്നു.

ഗ്രാമപഞ്ചായത്തിലെ സമതല പ്രദേശങ്ങളിൽ, നെല്ല്, ഒന്നാം വിളയായും, രണ്ടാം വിളയായും കൃഷി ചെയ്തിരുന്നു. അക്കാലത്ത് പറമ്പുകളിൽ മോടൻ, ചാമ, മുതിര, ഉഴുന്ന്, ചെറുപയർ, കടല, എള്ള് എന്നിവ കൃഷി ചെയ്തിരുന്നു. മുൻകാലങ്ങളിൽ ഏറെ പ്രചാരത്തിലുണ്ടായിരുന്ന പച്ചില വളച്ചെടിയാണ് കൊഴിഞ്ഞിൽ. മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്ന വിത്തിനങ്ങൾ പൂച്ചമ്പാൻ, മട്ടചമ്പാൻ, അന്നച്ചമ്പാൻ, ചിറ്റേനി, ചെറുമണിയൻ, കൊടിയൻ, ആര്യൻ, നവര, കഴമ, ആനക്കൊമ്പൻ, ചന്നിനായകം തുടങ്ങിയ.

ഇടക്കാലത്ത് കർഷകരെ ആകർഷിച്ചതും ഉല്പാദനശേഷി കൂടിയതുമായ വിത്തിനങ്ങളാണ്.

നെൽകൃഷിക്കായ് നിലം ഒരുക്കുന്നതിന് കർഷകൻ മെരുക്കിയെടുത്ത കാളകളേയും, പോത്തുകളേയും പ്രയോജനപ്പെടുത്തിയിരുന്നു. അക്കാലത്തെ കാർഷികോപകരണങ്ങളാണ് കരിയും, നുകവും, ചവിട്ടുമരം ഊച്ച, നവിരി, കട്ടമരം, പനയേരി തുടങ്ങിയവ. ഉഴവുമൃഗങ്ങളെ നിയന്ത്രിച്ചിരുന്നത് സമർത്ഥരായ പുരുഷ തൊഴിലാളികളാണ്. പുലർക്കാലെയുള്ള ആ ഉഴവു പാട്ട് പഴമക്കാരുടെ മനസ്സിൽ ഇന്നും മായാതെ കിടക്കുന്നു.

കേരളപ്പിറവിയോടെയാണ് കുടിയാന്മാരായ കൃഷിക്കാർക്ക് കൈവശ ഭൂമിയിലുള്ള അവകാശം ഉറപ്പായത്. അതോടുകൂടിയാണ് ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ് തുടങ്ങിയ തോട്ടവിളകൾ കൃഷിചെയ്യാൻ തുടങ്ങിയത്.

മുൻകാലങ്ങളിൽ കർഷക തൊഴിലാളിയുടെ സാമ്പത്തിക സ്ഥിതി പരിതാപകരമായിരുന്നു. പുരുഷതൊഴിലാളിക്ക് ഒരു ദിവസം മൂന്ന് ഇടങ്ങഴി നെല്ലും, സ്ത്രീ തൊഴിലാളിക്ക് രണ്ട് ഇടങ്ങഴി നെല്ലും, ആണ് കൂലിയായി ലഭിച്ചിരുന്നത്. പതിനഞ്ചിനൊന്ന് എന്ന രീതിയിലാണ് പതം (പതമ്പ്) നൽകിയിരുന്നത്; ആധുനികവും, യന്ത്രവൽകൃതവും ആയ കൃഷി സമ്പ്രദായത്തിന്റെ പ്രചാരത്തോടുകൂടി ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉല്പാദന ചെലവിലെ വൻ വർദ്ധനവ് കൃഷിക്കാർക്ക് നഷ്ടത്തിന്റെ കണക്കാണ് സമ്മാനിക്കുന്നത്.

## നെൽകൃഷി

വടവന്നൂർ ഗ്രാമ പഞ്ചായത്തിലെ മൂന്നിൽ രണ്ടുഭാഗം പ്രദേശങ്ങളിലെ പ്രധാന വിള നെല്ലാണ്. ബാക്കിവരുന്ന പ്രദേശങ്ങൾ പുരയിടങ്ങളും, പറമ്പുമാണ്. നല്ലയിനം നെൽവിത്തുകളും, രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് കൃഷി ചെയ്യുന്നുണ്ടെങ്കിലും നെൽകൃഷി ലാഭകരമാകുന്നില്ല. ജൈവ വളങ്ങളുടെ അഭാവവും, രാസവളങ്ങളുടെ അശാസ്ത്രീയമായ ഉപയോഗവും മണ്ണിന്റെ ഫലഭൂയിഷ്ഠി കുറച്ചിരിക്കുന്നു. ഗുണമേന്മയേറിയ നെൽവിത്തുകൾ ശാസ്ത്രീയമായി കൃഷി ചെയ്യുമ്പോൾ മുഞ്ഞ തുടങ്ങിയ രോഗങ്ങൾ നെൽകൃഷിക്ക് ഭീഷണി സൃഷ്ടിക്കുന്നു. തന്മൂലം ഉല്പാദനത്തിൽ സാരമായ കുറവുണ്ടാകുന്നു. തുണ്ടു തുണ്ടു കൃഷിഭൂമിയിൽ വ്യത്യസ്ഥ വിത്തിനങ്ങൾ വ്യത്യസ്ഥ സമയങ്ങളിൽ കൃഷിചെയ്യുന്നത് പൊതുജലസേചന സംവിധാനങ്ങളെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം കൃഷിസമ്പ്രദായങ്ങൾ കീടബാധ വർദ്ധിപ്പിക്കാനും, വിത്തുകളുടെ മൂല്യശോഷണത്തിനും, എലിമൂലമുള്ള കൃഷിനാശത്തിനും വഴിയൊരുക്കുന്നു. മേൽപറഞ്ഞ പ്രതകൂല സാഹചര്യങ്ങൾ നെൽകൃഷിയെ നാശോന്മുഖമാക്കിത്തീർക്കുന്നു.

കർഷകത്തൊഴിലാളികളുടെ കുറവ് ഈ മേഖലകളിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പുതിയതലമുറയിലുള്ളവർ ജീവിതരീതിയിൽ മാറ്റം വരുത്തുകയും, ആദായകരമായ തൊഴിലുകളായ കെട്ടിട നിർമ്മാണം, ഇഷ്ടികനിർമാണം തുടങ്ങിയ മേഖലകളിലേക്ക് നീങ്ങുന്നതുമൂലം കാർഷിക തൊഴിൽ രംഗം സ്തംഭനാവസ്ഥയിൽ എത്തി നിൽക്കുകയാണ്.

455

### പ്രശ്നങ്ങൾ

1. നെൽകർഷകർക്ക് പെൻഷൻ ലഭിക്കുന്നില്ല.
2. കാർഷികവിളകളുടെ ഉല്പാദന കുറവ്.
3. നെല്ലുല്പാദനബോണസ്സിന്റെ അപര്യാപ്തത.
4. പ്രകൃതിക്ഷോഭം മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത
5. നെല്ലിന്റെ വിലക്കുറവ്.
6. രാസവളങ്ങൾക്കും, കീടനാശിനികൾക്കും മുമ്പുണ്ടായിരുന്ന സബ്സിഡി ലഭിക്കുന്നില്ല.
7. കൃഷി സംബന്ധമായ ബോധവൽക്കരണം എല്ലാ കർഷകരിലും എത്തുന്നില്ല.
8. സഹകരണ സംഘങ്ങളുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല.
9. കർഷക തൊഴിലാളികളുടെ കുറവ്.
10. പഞ്ചായത്തിൽ മണ്ണു പരിശോധനാ സൗകര്യം ഇല്ല.
11. കർഷകർക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം.
12. തോടുകൾക്കിരുവശവും സ്ഥിതിചെയ്യുന്ന പാടശേഖരങ്ങളുടെ ഗതാഗത പ്രശ്നം.
13. നെൽകൃഷിക്ക് ഇൻഷൂറൻസ് പദ്ധതി ഇല്ല.
14. പച്ചകറികളുടെ വിലക്കയറ്റം.
15. കർഷകരുടെ കൂട്ടായ്മയില്ലായ്മ (ഗ്രൂപ്പ് ഫാമിങ്ങിന്റെ) കുറവ്.
16. കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർ കൃഷിഭൂമി സന്ദർശിക്കുന്നില്ല.
17. പുഷ്പകൃഷിയുടെ അഭാവം.
18. ആവശ്യപ്പെടുന്ന കർഷകർക്ക് നല്ലയിനം തെങ്ങിൻ തൈകൾ ലഭിക്കുന്നില്ല.
19. നെൽകൃഷി ചെയ്യുന്നതുമൂലം കൃഷിക്കാർ കടക്കെണിയിൽ വീഴുന്നു.
20. മാതൃകാ കൃഷിഫാമിന്റെ കുറവ്.
21. ധാന്യസംഭരണശാലകളുടെ കുറവ്.
22. ജീവാണുവളം, ജൈവവളം എന്നിവയുടെ കുറവ്.
23. കൊപ്രസംസ്കരണ കേന്ദ്രത്തിന്റെ കുറവ്.
24. വിളക്കുകെണികളുടെ ദൗർലഭ്യം.
25. പരിസരമലിനീകരണം കൃഷിക്ക് ഭീഷണിയാകുന്നു.
26. കൊപ്ര താങ്ങുവിലയിലെ അപര്യാപ്തത.
27. തെങ്ങുകൃഷിക്കാവശ്യമായ കിണർ, മോട്ടോർ എന്നിവയുടെ സബ്സിഡി നിരക്കിലെ കുറവ്.
28. ഫലവൃക്ഷം തൈകളുടെ കുറവ്.
29. ദരിദ്ര കർഷകർക്ക് കൃഷിയിറക്കാൻ കഴിയുന്നില്ല.
30. നല്ലയിനം തേക്കിൻ തൈകൾ കൃഷിഭവൻ വഴി ലഭിക്കുന്നില്ല.
31. രാസവളങ്ങൾ സഹകരണസംഘങ്ങൾ വഴി എല്ലാ കർഷകർക്കും ലഭ്യമല്ല.
32. മണ്ണൊലിപ്പ് തടയാൻ സംവിധാനം ഇല്ല.
33. തരിശുഭൂമി കൃഷിയോഗ്യമല്ല.
34. ഒമ്പതാം വാർഡിൽ പാടശേഖര സമിതിയില്ല.
35. ലാഭകരമായ വിള കൃഷിചെയ്യാൻ കർഷകന് സ്വാതന്ത്ര്യം വേണം.

456

## നിർദ്ദേശങ്ങൾ

1. യാതൊരു ഉപാധിയും കൂടാതെ എല്ലാ നെൽകൃഷിക്കാർക്കും പെൻഷൻ അനുവദിക്കേണ്ടതാണ്.
2. ഗുണമേന്മയുള്ളതും, കലർപ്പില്ലാത്തതും, അത്യുത്പാദന ശേഷിയുള്ളതും ആയ നെൽവിത്തുകളും, പയറിനങ്ങളും, പച്ചക്കറി വിത്തുകളും മറ്റു നടീൽ വസ്തുക്കളും കൃഷിഭവൻ മുഖേന സൗജന്യനിരക്കിൽ വിളയിറക്കുന്നതിന്നു മുമ്പായിതന്നെ വിതരണം നടത്തേണ്ടതാണ്.
3. കർഷികോല്പാദനച്ചിലവിന്റെ അടിസ്ഥാനത്തിൽ നെൽകൃഷിയോട് വിടപറയുന്ന കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാൻ ഉല്പാദന ബോണസ്സ് കാലാനുസൃതമായി വർദ്ധിപ്പിക്കുകയും, അത് പണമായിത്തന്നെ നല്കാനും, അർഹരായ കർഷകർക്കു അത് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും സംവിധാനം ഉണ്ടാകണം.
4. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സത്വര സാമ്പത്തിക സഹായം അർഹരായ കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തണം.
5. കാർഷികച്ചെലവിന്റെ അടിസ്ഥാനത്തിൽ നെല്ലിന് താങ്ങുവില നൽകേണ്ടതാണ്.
6. രാസവളങ്ങൾക്കും കീടനാശിനികൾക്കും 1996 ലെ നിരക്കിലെങ്കിലും സബസിഡി അനുവദിക്കേണ്ടതാണ്.
7. എല്ലാതരം കൃഷികളെ സംബന്ധിച്ചും ആവശ്യമായ കർഷകർക്ക് ഫലപ്രദമായ ബോധവൽക്കരണം നടത്തേണ്ടതാണ്.
8. കർഷകരുടെ നെല്ലും, മറ്റു കാർഷികോല്പന്നങ്ങളും സഹകരണ സംഘങ്ങൾ വഴി വാങ്ങുകയും വില്പന നടത്താനുള്ള സംവിധാനം ഉണ്ടാകുകയും ചെയ്യുക.
9. നെൽകൃഷിയെ രക്ഷിക്കാൻ നടീൽ യന്ത്രം, കൊയത്തു യന്ത്രം മെതിയെന്ത്രം എന്നിവ സബ്സിഡി നിരക്കിൽ നല്കുക.
10. കൃഷിഭവനോടനുബന്ധിച്ച് മണ്ണുപരിശോധനാകേന്ദ്രം തുടങ്ങേണ്ടതാണ്.
11. കൃഷിയാവശ്യത്തിന് വൈദ്യുതിക്ക് അപേക്ഷ നൽകിയാൽ അവ നൽകിയതിന്ന് ഏറ്റവും മുന്തിയ പരിഗണന നല്കേണ്ടതും, എല്ലാ തരം കൃഷിക്കും വൈദ്യുതി സൗജന്യമായി നല്കേണ്ടതുമാണ്.
12. തോടിന് ഇരുവശത്തുമായി കിടക്കുന്ന പാടശേഖരങ്ങളിൽ ട്രാക്ടർ കടന്നുപോകുന്നതിന്നാവശ്യാമായ പാലങ്ങൾ നിർമ്മിക്കേണ്ടതാണ്.
13. നെൽകൃഷിക്ക് ഇൻഷുറൻസ് സൗകര്യം ഉണ്ടാകണം. അത് കർഷകർക്ക് നേരിട്ട് ചെയ്യുന്നതിന് അനുമതി നല്കേണ്ടാതാണ്.
14. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറിത്തോട്ടം ആരംഭിക്കേണ്ടതാണ്. കർഷകൻ ഉല്പാദിപ്പിക്കുന്ന പച്ചക്കറി വാങ്ങുന്നതിനും വില്പന നടത്തുന്നതിന്നും ആവശ്യമെങ്കിൽ ലേല ചന്ത നടത്തുന്നതിനും സംവിധാനം ഉണ്ടാകണം.
15. ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കണം. ഓരോ തരം വിത്ത് ഒരേ സമയത്ത് കൃഷി ചെയ്യുന്നതിന്നും പച്ചക്കറി കൃഷിയും പയറുകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും ജലസേചനത്തിനും കൂട്ടായ്മ ഏറെ പ്രയോജനം ചെയ്യും.
16. കൃഷിവകുപ്പ് ഉദ്യാഗസ്ഥന്മാർ പാടശേഖരസമിതികളുടെ സഹകരണത്തോടെ കൃഷിഭൂമികൾ സന്ദർശിച്ച് കർഷകർക്കാവശ്യമായ ഉപദേശവും പ്രോത്സാഹനവും നല്കേണ്ടതാണ്.
17. കുറ്റിമുല്ല തുടങ്ങിയ പുഷ്പകൃഷി പഞ്ചായത്തിലെ എല്ലാ വർഡിലും വ്യാപിപ്പിക്കാനും, ഉല്പാദിപ്പിക്കുന്ന പുഷ്പങ്ങൾക്ക് വിപണി കണ്ടെത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.
18. ആവശ്യപ്പെടുന്ന കർഷകർക്ക് മികച്ച ഇനം തെങ്ങിൻതൈകൾ നല്കാൻ സംവിധാനം ഉണ്ടാകണം.
19. കൃഷിച്ചെലവിന്നനുസൃതമായി കാർഷിക കടങ്ങളുടെ വായ്പാ പരിധി വർദ്ധിപ്പിക്കുകയും ലാഭകരമല്ലാത്ത കൃഷി ചെയ്യുന്ന കർഷകരിൽ നിന്ന് കൂടുതൽ പലിശ നിരക്ക് ഈടാക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കർഷകരുടെ സഹകരണത്തോടെ വായ്പകൾ കൃത്യസമയത്ത് തിരിച്ചടപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾ ശ്രദ്ധിക്കേണ്ടതും കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കേണ്ടതുമാണ്.
20. പഞ്ചായത്തിലോ ബ്ലോക്ക് തലത്തിലോ മാതൃകാ കൃഷി ഫാമുകൾ ആരംഭിക്കേണ്ടതാണ്.

457

21. വാർഡടിസ്ഥാനത്തിലോ പഞ്ചായത്തടിസ്ഥാനത്തിലോ ധാന്യ സംഭരണ ശാലകൾ ആരംഭിക്കേണ്ടതാണ്.

22. ജൈവവള പ്രയോഗരീതി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അശാസ്ത്രീയമായ രാസവളപ്രയോഗങ്ങളും കീടനാശിനികളുടെ ഉപയോഗവും മൂലം പലയിടങ്ങളിലും മണ്ണ് മരിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായ പച്ചിലവളച്ചെടികളുടെ വിത്തുകൾ കർഷകർക്ക് സൗജന്യ നിരക്കിൽ എത്തിക്കാനും അവ കൃഷി ചെയ്യാനും കർഷകരിൽ സമ്മർദ്ദം ഉണ്ടാകണം. ജീവാണുവള നിർമ്മാണകേന്ദ്രം വടവന്നൂരിൽ തുടങ്ങാൻ താല്പര്യമെടുക്കേണ്ടതാണ്.

23. കൊപ്ര സംസ്കരണ കേന്ദ്രത്തിന്റെ ആവശ്യകതയും, വിപണനത്തിനുള്ള സൗകര്യവും ഉണ്ടാകണം. ഇളനീർ പാക്കറ്റ് നിർമ്മാണ കേന്ദ്രവും നിർമ്മിക്കേണ്ടതാണ്.

24. കീടബാധയുള്ള സ്ഥലങ്ങളിൽ വിളക്കുകെണികൾ സ്ഥാപിക്കാൻ കർഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

25. പൂന്തോണി ഗായത്രി മോഡേൺ റൈസ് മില്ലിൽ നിന്നുള്ള വായു മലിനീകരണവും പൂന്തോണി അകമ്പാടം തോട്ടിൽ യാതൊരു നിയന്ത്രണവുമില്ലാതെ പുറന്തള്ളുന്ന പതിരും, ചാരവും, അഴുക്കുവെള്ളവും തോട്ടിലെ വെള്ളം അശുദ്ധമാക്കുകയും ഈ ജലം ഉപയോഗിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് വിവരണാതീതമായ നാശനഷ്ടങ്ങൾക്കിടവരുത്തുകയും, തോടിനടുത്തുള്ള കിണറുകളിലെ (മേലേ മീനിക്കോട്, മുണ്ടപ്പുള്ളി കൊളുമ്പ്) വെള്ളം അശുദ്ധമായിത്തീരുകയും ചെയ്യുന്നു. മനുഷ്യനും കൃഷിക്കും ഒരുപോലെ ദോഷം ചെയ്യുന്ന മില്ലുകൾക്കെതിരെ നിയമനടപടികൾ തുടങ്ങാൻ സമയം വൈകിപ്പോയി.

26. കൊപ്രയുടെ താങ്ങുവില പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്.

27. തെങ്ങുകൃഷിക്കാവശ്യമായ കിണർ, മോട്ടോർ എന്നിവയ്ക്കുള്ള സബ്സിഡി നിരക്ക് 50% ആയി ഉയർത്തേണ്ടതാണ്.

28. ഫലവൃക്ഷത്തൈകൾക്ക് നഴ്സറി ആരംഭിക്കണം

29. ദരിദ്രകർഷകർക്ക് വിത്തും, വളവും സൗജന്യമായി നല്കണം.

30. നല്ലയിനം തേക്കിൻ തൈകൾ കൃഷിഭവൻ വഴി വിതരണം നടത്താൻ സംവിധാനം ഉണ്ടാകണം.

31. പഞ്ചായത്തിലേക്കാവശ്യമായ രാസവളങ്ങൾ സഹകരണസംഘം വഴി എല്ലാ കർഷകർക്കും ലഭ്യമാക്കേണ്ടതാണ്.

32. മണ്ണൊലിപ്പ് തടയാൻ പഞ്ചായത്തു തലത്തിൽ സംവിധാനം ഉണ്ടാവണം.

33. ചമ്പക്കുളത്തുള്ള ഒന്നര ഏക്കറയോളം തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കേണ്ടതാണ്.

34. ഒമ്പതാം വാർഡിൽ പാടശേഖരസമിതി രൂപികരിക്കണം.

35. ലാഭകരമായ ഏതു കൃഷിയും ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

## സാദ്ധ്യതകൾ

ഒന്നാം വിളയ്ക്കു മുമ്പ് സമതല പ്രദേശങ്ങളിൽ പയറു വർഗ്ഗകൃഷി ഫലപ്രദമായി നടപ്പാക്കേണ്ടതാണ്. ആവശ്യമെങ്കിൽ ജലസേചന സൗകര്യവും ഉറപ്പുവരുത്തണം. മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുത്താനും കർഷകരുടെ ഭീമമായ നഷ്ടം കുറയ്ക്കാനും ഇതുമൂലം സാധിക്കുന്നതാണ്. ഏപ്രിൽ, മെയ് മാസങ്ങൾക്കുള്ളിൽ വിളവെടുക്കാൻ കഴിയുന്ന വിത്തിനങ്ങൾ ഉപയോഗിക്കേണ്ടതാണ്. പഞ്ചായത്തിലെ വറ്റാത്ത കുളങ്ങൾ, ബണ്ട് കെട്ടി മോട്ടോർ സ്ഥാപിച്ച് സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി, കടല, പയറുവർഗ്ഗങ്ങൾ എന്നിവ കർഷകരുടെ കൂട്ടായ്മയോടെ നടത്താവുന്നതാണ്. കുളം വൃത്തിയാക്കുന്നതിന്നും, ഭിത്തി കെട്ടുന്നതിന്നും സർക്കാർ തലത്തിൽ ശ്രമം ആവശ്യമാണ്. മറ്റു ജില്ലകളിലേക്ക് ചാരവും കാലിവളവും കയറ്റി പോകുന്നത് അടിയന്തിരമായി തടയണം. ജലസേചന സൗകര്യമുള്ള കൃഷിക്കാർക്ക്, തെങ്ങുകൃഷിയും വാഴകൃഷിയും ആരംഭിക്കാവുന്നതാണ്.

കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കണം. പാലുല്പാദനത്തിൽ ആവേശകരമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അതിനുള്ള സാഹചര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം. നെൽകൃഷി നഷ്ടത്തിൽ വരുന്ന കർഷകർക്ക് അതു നികത്താൻ സമിശ്ര കൃഷിരീതി നടപ്പാക്കേണ്ടതാണ്.


തെങ്ങിൻ തോട്ടങ്ങളിൽ ഗ്രാമ്പു, കൊക്കോ, ജാതി, കവുങ്ങ് എന്നിവ കൃഷി ചെയ്യാവുന്നതാണ്. വാഴത്തോട്ടങ്ങളിൽ കപ്പ കൃഷി ഫലപ്രദമായി നടപ്പാക്കാൻ കഴിയും. കൃഷിസ്ഥലത്ത് വരമ്പുകളിൽ തെങ്ങ് കൃഷിചെയ്യാൻ സാദ്ധ്യതകൾ ഏറെയുണ്ട്. തരിശുഭൂമിയിൽ കശുമാവ്, മാവ്, തേക്ക് എന്നിവ കൃഷിചെയ്യുന്നത് ലാഭകരമാണ്.

458

സമിശ്ര കൃഷി സമ്പ്രദായത്തിലൂടെ കർഷകരുടെ നില മെച്ചപ്പെടുത്താൻ കഴിയും. സഹകരണാടിസ്ഥാനത്തിൽ പുളി സംസ്കരണത്തിന് വളരേയേറെ സാദ്ധ്യതകൾ ഉള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. അതിനുള്ള ശ്രമം ആരംഭിക്കേണ്ടതാണ്.

ഈ രീതിയിൽ പ്രവർത്തനം നീങ്ങിയാൽ വരുന്ന അഞ്ചു കൊല്ലം കൊണ്ട് നമ്മുടെ പഞ്ചായത്തിൽ ഐശ്വര്യപൂർണ്ണമായ കർഷകരെ വാർത്തെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൃഷി (ഗ്രാഫിക്)




459

# ജലസേചനം

പഞ്ചവത്സരപദ്ധതികൾ ആരംഭിക്കുന്നതിനു മുമ്പ് വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ജലസേചന സൗകര്യം ഉണ്ടായിരുന്നില്ല. പുഴ, തോടുകൾ, കുളങ്ങൾ, ആപൂർവ്വം ചില കിണറുകൾ എന്നിവ കൃഷി ആവശ്യത്തിനു പ്രയോജനപ്പെടുത്തിയിരുന്നു. 'തേക്കുകൊട്ട' ഉപയോഗിച്ചാണ് ആദ്യകാലങ്ങളിൽ ജലം അല്പം ഉയർന്ന നിരപ്പിൽ എത്തിച്ചിരുന്നത് ക്രമേണ ഓയിൽ എൻജിനുകളും ഇലക്ട്രിക് മോട്ടോറുകളും പ്രചാരത്തിൽ വന്നു. അങ്ങനെ നാം ആഗ്രഹിക്കുന്ന ഭാഗങ്ങളിൽ വെള്ളം എത്തിക്കുവാനും കുളങ്ങളുടേയും തോടുകളുടേയും പ്രയോജനം 100% ഉറപ്പുവരുത്താനും കഴിഞ്ഞു. പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനഫമായി ഗായത്രി പ്രൊജക്ടും, ചിറ്റൂർ പുഴ പദ്ധതിയും വടവന്നൂരിന് പരമാവധി പ്രയോജനപ്പെട്ടു. വടവന്നൂരിൽ ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങൾ നാമമാത്രമായി.

വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ നീർക്കെട്ടനുഭവപ്പെടുന്നുണ്ട്. തോടുകളുടെ ബണ്ട് തകർന്ന് സമീപത്തുള്ള പാടശേഖരങ്ങളിൽ കനത്ത കൃഷി നാശം സംഭവിക്കാറുണ്ട്. പുഴകളിലേയും തോടുകളിലേയും മണലെടുപ്പ് ജലത്താഴ്ചയ്ക്ക് കാരണമായിട്ടുണ്ട്. ഗായത്രിപ്പുഴയിൽ ഒരു തടയണ നിർമ്മിച്ചിട്ടുണ്ട്. ജലസേചനത്തിനുള്ള കനാലുകളിൽ ചോർച്ച അനുഭവപ്പെടുന്നുണ്ട്. ആ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്.

ദീർഘകാലമായി പരിഗണിക്കപ്പെടാതെ കിടക്കുന്ന കുരിയാർകുറ്റി-കാരപ്പാറ പദ്ധതി, നടപ്പിലാക്കുകയും പലകപ്പാണ്ടി പദ്ധതികൾക്ക് ജീവൻ കൊടുക്കുകയും ചെയ്താൽ വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ജലസേചന സൗകര്യം പ്രവചനാതീതമായ തലങ്ങളിലേക്ക് ഉയരുകയും പാലക്കാട് ജില്ല 'കേരളത്തിന്റെ പഞ്ചാബ്' ആയിത്തീരുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. ഇക്കാര്യത്തിൽ കേരള സർക്കാരിന്റെ സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. ജലക്ഷാമം അനുഭവപ്പെടുന്നു.
2. ജലസേചന കനാലുകളുടെ ഇരുവശവും വെട്ടിയെടുക്കുന്നു.
3. കൃഷിക്ക് എല്ലായിടത്തും ആവശ്യമായ വെള്ളം ലഭ്യമല്ല.
4. തോട് കവിഞ്ഞ് നീർക്കെട്ട് അനുഭവപ്പെടുന്നു.
5. ഫെബ്രുവരിമാസം അവസാനം വരെ കൃഷിക്ക് ജലം ലഭ്യമല്ല.
6. മൂലത്തറ-മീങ്കര കനാലുകളിലെ ജലനഷ്ടം
7. ജലത്താഴ്ച അനുഭവപ്പെടുന്നു (മടത്തനാറ)
8. മുട്ടു ചിറ തോട്ടിലെ അധികജലം നിലവിലുള്ള ചെക്ക് ഡാമിൽ നിന്ന് കനാൽ നിർമ്മിച്ച് മീങ്കര R.B.C കനാലിൽ ഇത്രകാലമായിട്ടും എത്തിച്ചിട്ടില്ല.
9. ആവശ്യമായ സമയത്ത് ജലം ലഭിക്കുന്നില്ല.
10. ആവശ്യപ്പെടുന്ന കർഷകർക്ക് കിണറുകൾക്കും പമ്പുസെറ്റുകൾക്കും ധനസഹായം ലഭിക്കുന്നില്ല.
11. മൂലത്തറ കനാലിന്റെ (തങ്കയം മുതൽ വടവന്നൂർ അതിർത്തി) ഇരുവശത്തുള്ള വീടുകൾ നീരുറവു മൂലം കഷ്ടപ്പെടുന്നു.
12. കർഷകർക്കാശ്വാസം ലഭിക്കുന്നില്ല.
13. ബ്രാഞ്ച് കനാലുകൾ തകർന്നു കിടക്കുന്നു.
14. ഫീൽഡ് ബൂത്തുകളിൽ ജലചോർച്ച അനുഭവപ്പെടുന്നു.
15. പൊക്കുന്നി ശിവക്ഷേത്രക്കുളത്തിന്റെ സവിശേഷത
16. മിച്ചഭൂമിക്കുളങ്ങൾ പ്രയോജനപ്പെടുന്നില്ല.
17. വാൽക്കോട് ഭാഗത്ത് കൃഷിക്ക് ജലം ലഭിക്കുന്നില്ല.
18. പഞ്ചായത്തിലെ മലയാമ്പള്ളം ജലസംഭരണിയിൽ നിന്നും ആവശ്യമായ ജലം ലഭിക്കുന്നില്ല.
19. വാൽക്കോട് ഭാഗത്ത് കൃഷിക്ക് ജലം ലഭിക്കുന്നില്ല.
20. ഡ്രൈനേജിന്റെ അപര്യാപ്തത

460

21. ആലമ്പള്ളം തടയണകൊണ്ടുള്ള പ്രയോജനം പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.
22. മടത്തനാറയിൽ ലിഫ്റ്റ് ഇറിഗേഷൻ ഇല്ല.
23. വട്ടച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
24. പണ്ടാരക്കാട് തോട്ടിൽ തടയണ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയിട്ടില്ല.
25. മുക്കണം ചിറ, മഗ്ഗർ പിടാരി കുളങ്ങൾ കലക്ടറുടെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
26. തടയണകളുടെ അഭാവം
27. തങ്കയം ആമിന റൈസ്മില്ലിനടുത്തുള്ള സ്ല്യൂയസ് (മൂലത്തറ കനാൽ) വഴി ജലം വേണ്ടത്ര ലഭ്യമല്ല.
28. കച്ചറ ഭാഗത്ത് ജലസേചനസൗകര്യം ഇല്ല.
29. പുന്തോണി, അകംപാടം തോട്ടിൽ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തിയിട്ടില്ല.
30. കൂത്തമ്പാക്ക് തടയണ ജലസേചനത്തിന് പര്യാപ്തമല്ല.
31. കല്ലയണയില്ല.
32. സത്രം കൈച്ചാൽ ഇരുവശത്തും കെട്ടിയിട്ടില്ല.
33. പലകപ്പാണ്ടി പദ്ധതിയും കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയും മുൻഗണന നൽകി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം.

## നിർദ്ദേശങ്ങൾ

1. ഗായത്രിപ്പുഴയിലെ അധികജലം പുളിയന്തോണി തടയണ വഴി ആവശ്യാനുസരണവും പ്രായോഗിക ബുദ്ധിയോടെയും തുറന്നു വിടുകയും മഴ കൂടുതലുള്ള സമയത്ത് നിയന്ത്രിക്കുകയും ചെയ്യുകയാണെങ്കിൽ ഈ പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും ജലക്ഷാമം അനുഭവപ്പെടുകയില്ല.
2. ജലസേചന കനാലുകളുടെ ബണ്ടുകൾ കയ്യേറ്റം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്തണം.
3. കുളങ്ങൾ ആഴം കൂട്ടി പാർശ്വഭിത്തികൾ കെട്ടി ജലസംഭരണിശഷി വർദ്ധിപ്പിക്കുകയും ചെയ്യണം. ആവശ്യമായ ഇടത്ത് മോട്ടോറുകൾ സ്ഥാപിക്കുക.
4. പഞ്ചായത്തിലെ പ്രധാന തോടുകളിൽ പാർശ്വഭിത്തികൾ നിർമ്മിക്കുകയും ജലനിർഗ്ഗമനസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം.
5. വടവന്നൂർ പഞ്ചായത്തതിർത്തിവരെ ഫെബ്രുവരിമാസാവസാനം വരെ ജലം ലഭ്യമാക്കണം.
6. മൂലത്തറ-മീങ്കര കനാലുകളിലെ ജല ചോർച്ച തടയാൻ കനാലിനകത്ത് സ്ലാബിടേണ്ടതാണ്.
7. ഗായത്രിപ്പുഴയിലും വടവന്നൂർ പഞ്ചായത്തിലെ പ്രധാന തോടുകളിലും പ്രയോജനപ്രദങ്ങളായിടത്ത് തടയണ നിർമ്മിക്കേണ്ടതാണ്.
8. മുട്ടുചിറ തടയണയിലെ അധികജലം ഒരു കനാൽ നിർമ്മിച്ച് അതുവഴി മീങ്കര കനാലിൽ എത്തിച്ചാൽ തോടിനു താഴെയുള്ള പാടശേഖരങ്ങളിലെ നീർക്കെട്ടിന് പരിഹാരവും R.B.C യിലൂടെ ഒഴുകുന്ന ജലം വടവന്നൂർ പഞ്ചായത്തിലെ കനാൽ സംവിധാനമുള്ള എല്ലാ പ്രദേശങ്ങളിലും ജലലഭ്യത എല്ലാക്കാലവും ഉറപ്പുവരുത്താൻ കഴിയും.
9. മെയ് 10 നകം ഞാററടി തയ്യാറാക്കുന്നതിനായി ഡാമിൽനിന്നും വെള്ളം വിട്ടുതരേണ്ടതാണ്.
10. മുൻപ് ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും കൊടുക്കാതിരിക്കുകയും ആനുകൂല്യം ലഭിക്കാത്തവർക്ക് മുൻഗണനാക്രമത്തിൽ അത് അനുവദിക്കുകയും ചെയ്യുക.
11. മൂലത്തറ കനാലിന്റെ സൈഡ് കെട്ടിയും കനാലിനകത്ത് സ്ലാബിട്ടും പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്.
12. കർഷകരിൽ നിന്നും ജലനികുതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
13. കാലാകാലങ്ങളിൽ ബ്രാഞ്ച് കനാലുകളിൽ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.
14. ഫീൽഡ് ബൂത്തുകളിൽ ജലച്ചോർച്ച തടയാൻ സ്ലാബിടേണ്ടതാണ്.

461

15. അകമ്പാടം തോടിന്റെ ഇരുവശവും കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ചാൽ ജലം പരമാവധി പ്രയോജനപ്പെടുത്താം.
16. പഞ്ചായത്തിലെ മിച്ചഭൂമികുളങ്ങൾ ആഴംകൂട്ടി ജലസംഭരണശേഷി വർദ്ധിപ്പിച്ച് അവിടെ മത്സ്യകൃഷി കരാർ അടിസ്ഥാനത്തിൽ നടത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
17. പൊക്കുന്നി ശിവക്ഷേത്രക്കുളത്തിൽ നിന്നും തുടങ്ങി പഞ്ചായത്ത് അതിർത്തിയായ മുണ്ടപ്പള്ളിക്കുളമ്പ് തോട്ടിന് പാർശ്വഭിത്തി കെട്ടി കൃഷി സംരക്ഷിക്കേണ്ടതാണ്.
18. മലയാമ്പള്ളം ജലസംഭരണിയിൽ മിങ്കരപദ്ധതിയിലെ ജലം നിറയ്ക്കൽ സംവിധാനം.
19. കാവളംകോട് ഭാഗത്ത് ബ്രാഞ്ച് കനാൽ, വാൽക്കോട് വരെ നീട്ടുകയും, കാഡാവർക്ക് ഏർപ്പെടുത്തുകയും വേണം.
20. മാരാഞ്ചിറഭാഗത്തുകൂടെ ഒഴുകിവരുന്ന ജലം അത്തിക്കുറിശ്ശി കൊളമ്പ് പാടത്തുകൂടി അകമ്പാടം തോട്ടിലേക്കൊഴുക്കി നീർക്കെട്ട് ഒഴിവാക്കണം.
21. ആലമ്പള്ളത്ത് ചെക്ക്ഡാമിനടുത്ത് 50 H.P. മോട്ടോർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി മിക്കമാസങ്ങളിലും ജലസേചനസൗകര്യം ലഭ്യമാക്കുവാൻ കഴിയും. തന്മൂലം കുടിവെള്ളപ്രശ്നത്തിന് പരിഹാരം ലഭിക്കും.
22. മടത്തനാറയിൽ തടയണ കെട്ടി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം.
23. തടയണ കെട്ടി വട്ടച്ചിറ തോട്ടിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കണം.
24. പണ്ടാരക്കോട് തോട്ടിൽ തടയണ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തേണ്ടതാണ്.
25. മുക്കണം ചിറയിൽ നിന്നുള്ള അധികജലം കുറ്റിക്കാട്ടുകുളമ്പിലുള്ള കുളത്തിലേക്കും ബാക്കിവരുന്ന ജലം അകമ്പാടം തോട്ടിലേക്കും എത്തിക്കുന്നതിനു വേണ്ടി ഇരുവശവും കോൺക്രീറ്റ് ചെയ്ത ചാലുകൾ നിർമ്മിക്കണം.
26. കീഴേച്ചിറ, കല്ലൻ ചിറ, പെരുമ്പടാരം I, II (കുറുപ്പത്ത് പാടം) തുടങ്ങിയ സ്ഥലങ്ങളിൽ പ്രയോജനപ്രദമായ വിധത്തിൽ തടയണകൾ നിർമ്മിക്കേണ്ടതാണ്.
27. സ്ലൂയിസ് ആവശ്യാനുസരണം വലുതാക്കണം.
28. മുലത്തറ കനാലിൽ കച്ചറ ഭാഗത്ത് സ്ലൂയിസ് നിർമ്മിച്ച് ജലസേചന സൗകര്യം ഉറപ്പുവരുത്തേണ്ടതാണ്.
29. പൂന്തോണി അകമ്പാടം തോടിൽ റെയിൽവേപാതയ്ക്കും പടിഞ്ഞാറുഭാഗത്ത് അനുയോജ്യമായ സ്ഥലത്ത് തടയണകെട്ടി ലിഫ്റ്റ് ഇറിഗേഷൻ നടത്തേണ്ടതാണ്.
30. കുത്തമ്പാക്ക് തടയണയിൽ ചീർപ്പുസിസ്റ്റം ഉണ്ടാക്കണം.
31. കൂട്ടാലപ്പാടം പെരുമ്പിടാരത്തോട്ടിൽ സൗകര്യപ്രദമായ ഭാഗത്ത് ഒരു കല്ലണ കെട്ടണം.
32. കൊടുന്തിരപ്പുള്ളി അകമ്പാടത്ത് നിന്ന് ആരംഭിക്കുന്ന കൈച്ചാൽ ഇരുവശവും കെട്ടേണ്ടതാണ്.
33. മുക്കണം ചിറയുടെയും മഴൂർപിടാരിക്കുളത്തിന്റെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നതിനായി കലക്ടറുടെ ജലനിധി പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

### സാദ്ധ്യതകൾ

1. പഴയകുളങ്ങൾ നികത്തുന്ന പ്രവണത ആപൂർവ്വമായിട്ടെങ്കിലും കണ്ടുവരുന്നുണ്ട്. അതിനെ നിരുത്സാഹപ്പെടുത്താവുന്നതും വറ്റാക്കുളങ്ങൾ ആഴം കൂട്ടി ജലസംഭരണശേഷി വർദ്ധിപ്പിക്കാവുന്നതുമാണ്.
2. കൃഷ്ണൻകടവ് മടത്തിനാറ ഭാഗങ്ങളിൽ തടയണ നിർമ്മിക്കേണ്ടതാണ്.

462

## കുളങ്ങളെ സംബന്ധിക്കുന്ന പട്ടിക

| വാർഡ് | സ്വകാര്യ കുളം | പൊതുകുളം | വറ്റുന്നത് | വറ്റാത്തത് | ആകെ |
|---|---|---|---|---|---|
| 1 | 8 | 2 | - | 10 | 10 |
| 2 | 16 | - | 9 | 7 | 16 |
| 3 | 20 | - | 13 | 7 | 20 |
| 4 | 9 | 3 | 6 | 6 | 12 |
| 5 | 13 | - | 9 | 4 | 13 |
| 6 | 21 | 1 | 6 | 16 | 22 |
| 7 | 14 | 1 | 9 | 6 | 15 |
| 8 | 21 | - | 13 | 8 | 21 |
| 9 | 9 | 1 | 4 | 6 | 10 |

463

# മൃഗസംരക്ഷണം

വടവന്നൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന കൃഷി നെല്ലായതുകൊണ്ട് കാർഷിക വൃത്തിയുടെ ഭാഗമായി കന്നുകാലികളെ വളർത്തിയിരുന്നു. കൃഷിക്കാരുടെ കളങ്ങളോടനുബന്ധിച്ച് കന്നുകാലികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുകൂടിയ കാലിത്തൊഴുത്തുകൾ നിർമ്മിച്ചിരുന്നു. മുൻ കാലങ്ങളിൽ നിലമൊരുക്കാനായി, പോത്ത്, കാള, എരുമ തുടങ്ങിയ മൃഗങ്ങളെ ഇണക്കി വളർത്തിയതായി കാണാവുന്നതാണ്. യാത്രയ്ക്കും ഭാരംവലിക്കാനും കാളവണ്ടികൾ പ്രയോജനപ്പെടുത്തിയിരുന്നു. പാലിന്റെ ആവശ്യത്തിനായി മിക്ക കർഷകരും ഇതോടൊപ്പം പശുക്കളെയും വളർത്തിയിരുന്നു. ആലമ്പള്ളം ഗ്രാമവാസികളും സ്വന്തം ആവശ്യത്തിനായി പശുക്കളെയും, എരുമകളെയും വളർത്തിയിരുന്നു. താഴ്ന്ന വരുമാനക്കാരുടെയും കർഷകതൊഴിലാളികളും ഉപതൊഴിലായി ആടുകളെയും, കോഴികളെയും മാംസത്തിനും മുട്ടയ്ക്കും വേണ്ടി വളർത്തിയിരുന്നു.

കന്നുകാലികളുടെ പരിപാലനത്തിനായി 10 മുതൽ 20 വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് നിയോഗിച്ചിരുന്നത്. അവരാണ് കന്നുകാലികളുടെ പരിചാരകന്മാർ. കാലിത്തീറ്റകളായി പുല്ല്, വൈക്കോൽ, തവിട്, കടലപിണ്ണാക്ക്, പരുത്തിക്കൊട്ട തുടങ്ങിയവ ഉപയോഗിച്ചുവരുന്നു. പ്രസവിച്ച പശുക്കൾക്കും എരുമകൾക്കും കാർഷികർ വിദഗ്ധമായ പരിചരണം നൽകിയിരുന്നു. അതുപോലെ കടുത്ത ജോലികൾ ചെയ്യേണ്ടിവരുന്ന പോത്തുകൾക്കും കാളകൾക്കും മികച്ച ആഹാരം നൽകിയിരുന്നു. അലഞ്ഞു നടന്നു വിള നശിപ്പിക്കുന്ന കാലികളെ പഞ്ചായത്തിൽ മന്ദപുള്ളിക്കടുത്ത ആലയിൽ ഏല്പിച്ചിരുന്നതായും പിഴയെടുക്കിയാൽ മാത്രം ഉടമകൾക്ക തിരിച്ചേല്പിച്ചതായും അറിയാം.

മൃഗ സംരക്ഷണത്തിനായി 1956 മുതൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. രോഗപരിപാലനത്തിന്നായി മൃഗഡോക്ടറും ബന്ധപ്പെട്ട ജീവനക്കാരും ഉണ്ട്. ബീജദാനത്തിനായി ആദ്യകാലങ്ങളിൽ നല്ലയിനം വിത്തുകാളകളേയും നല്ലയിനം പോത്തുകളേയും ആശുപത്രിയിൽ വളർത്തിയിരുന്നു. തകർന്ന കെട്ടിടങ്ങളും ആശുപത്രിയിലെ അസൗകര്യങ്ങളും ജീവനക്കാരെയും, കന്നുകാലി വളർത്തുന്നവരെയും ഒരുപോലെ വിഷമിപ്പിക്കുകയാണ്.

1965 മുതൽ വടവന്നൂർ ക്ഷീര വികസന സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാലിൽ നല്ലൊരുഭാഗം സംഘംവഴി ശേഖരിക്കുകയും വിതരണം നടത്തകയും ചെയ്യുന്നുണ്ട്. ഗ്രാമത്തിൽ എല്ലായിടത്തും ക്ഷീരകർഷകരുണ്ടെങ്കിലും അവരുല്പാദിപ്പിക്കുന്ന പാൽ മുഴുവൻ ശേഖരിക്കാനും വില്പന നടത്തുവാനും ഉള്ള സംവിധാനം ഇപ്പോഴില്ല. പാൽ സംസ്ക്കരണത്തിനുള്ള സംവിധാനമില്ലായ്മ ക്ഷീര കർഷകർക്ക് സാമ്പത്തിക നഷ്ടവും സംഘത്തിന് വികസനമില്ലായ്മയും വരുത്തി തീർക്കുന്നു. ക്ഷീരകർഷകരെ ചൂഷണം ചെയ്യുന്ന സ്വകാര്യ പാൽ വില്പനക്കാർ ഇപ്പോഴും ഒരു വെല്ലുവിളിയും ചോദ്യചിഹ്നവുമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്.

## പ്രശ്നങ്ങൾ

1. അത്യുല്പാദന ശേഷിയുള്ള പശുക്കളെ കിട്ടാനില്ല.
2. അപ്കോസിന്റെ ആവശ്യകത.
3. ക്ഷീരകർഷകർക്ക് പെൻഷനില്ല.
4. വിപണനത്തിലെ അപര്യാപ്തതയും ചൂഷണവും.
5. മുട്ടയും മാംസവും വേണ്ടത്ര ലഭിക്കുന്നില്ല.
6. തൊഴുത്തു നിർമ്മാണത്തിനും പശുക്കളെ വാങ്ങുന്നതിനും വായ്പ ലഭ്യമല്ല.
7. കോഴി വളർത്തലിന് പ്രോത്സാഹനം ലഭിക്കുന്നില്ല.
8. മൃഗാശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങളില്ല.
9. കാലിത്തീറ്റയുടെ വിലകൂടുതലും മേച്ചിൽ പുറങ്ങളുടെ കുറവും.
10. മൃഗാശുപത്രിയിലെ സേവന സൗകര്യങ്ങൾ മെച്ചമല്ല.
11. വെറ്റിനറി സബ്സെന്റർ ഇല്ല.
12. കന്നുകാലികൾക്ക് ആരോഗ്യത്തിന്റെ അപര്യാപ്തത.
13. മൃഗഡോക്ടറുടെ സേവനം വാർഡുതലത്തിൽ ലഭ്യമല്ല.
14. മൃഗഡോക്ടറുടെ സേവനം മുഴുവൻ സമയം ലഭ്യമല്ല.
15. മാംസത്തിനുവേണ്ടി മുയൽ, ആട്, പന്നി എന്നിവയ്ക്ക് വളർത്തൽ കേന്ദ്രങ്ങൾ ഇല്ല.

464

16. ബീജസങ്കലന കേന്ദ്രങ്ങളുടെ കുറവ്.

17. ചില്ലിംഗ് പ്ലാന്റിന്റെ അഭാവം.

## നിർദ്ദേശങ്ങൾ

1. നല്ലയിനം പശുകുട്ടികളേയും പശുക്കളേയും കർഷകർക്ക് ലഭ്യമാക്കണം.
2. പഞ്ചായത്തിലെ ഒരു ക്ഷീര വ്യവസായ സംഘത്തിന് പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകരുടെയും താല്പര്യം സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ട് വാർഡുകൾ സംയോജിപ്പിച്ച് ആവശ്യമായിടത്ത് ആപകോസിന്റെ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങേണ്ടതാണ്. അതിലൂടെ കർഷകർക്ക് ഉല്പാദന ബോണസും മറ്റു നിരവധി ആനുകൂല്യങ്ങലും ലഭിക്കുന്നതാണ്.
3. ഉപാധികൾ കൂടാതെ മുഴുവൻ ക്ഷീര കർഷകർക്കും പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടായിരിക്കണം.
4. കർഷകർ നൽകുന്ന പാലിന്റെ അളവിലുള്ള ചൂഷണം തടയാൻ സംവിധാനം ഉണ്ടാകണം. ഉല്പാദിപ്പിക്കുന്ന പാൽ എല്ലായ്പ്പോഴും വിപണനം നടത്താൻ കഴിയാത്ത അവസ്ഥ ഒഴിവാക്കണം. പാലിന്റെ വിലവ്യതാസം കർഷകരെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്നു. 'പാലിനു പലേടത്തും പലവില' ഇതവസാനിപ്പിക്കാൻ ഗവൺമെന്റുതന്നെ മുൻകൈയ്യെടുക്കണം.
5. ആവശ്യമായിടങ്ങളിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം. ആടുവളർത്തലിന് പ്രോത്സാഹനം ഉറപ്പു വരുത്തണം. മാംസത്തിനുവേണ്ടിയുള്ള കാലിവളർത്തൽ പ്രോത്സാഹിപ്പിക്കണം.
6. താല്പര്യമുള്ള കർഷകർക്ക് ബാങ്കുകളിൽ നിന്ന് തൊഴുത്തുനിർമ്മാണത്തിനും, പശുക്കളെ വാങ്ങുന്നതിനും കുറഞ്ഞനിരക്കിൽ വായ്പാസൗകര്യം ലഭ്യമാക്കണം.
7. നല്ലയിനം കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകിയും, കോഴികൾക്കു കുത്തിവയ്പ്പിനുള്ള സൗകര്യമുണ്ടാക്കി കൊടുത്തും താല്പര്യമുള്ള കർഷകർക്ക് സാമ്പത്തികവും സാങ്കേതികവും ശാസ്ത്രീയവുമായ സഹായം ഉറപ്പുവരുത്തിയും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
8. മൃഗാശുപത്രികളിൽ വൈദ്യുതി നിർബന്ധമായും ഉണ്ടായിരിക്കണം. മൈക്രോസ്കോപ്പ്, ഫ്രിഡ്ജ്, ഇൻക്യുബേറ്റർ ഇവ നിർബന്ധമായും ഉണ്ടായിരിക്കണം. ആവശ്യമായ മരുന്നുകളും ഉണ്ടായിരിക്കണം. നിലം പതിക്കാറായ ആശുപത്രി കെട്ടിടം പുതുക്കി പണിയണം. ആശുപത്രിക്ക് ചുറ്റുമതിൽ ഉണ്ടാക്കണം. ജീവനക്കാർക്കുമുഴുവൻ കോർട്ടേഴ്സ് സൗകര്യം ഉണ്ടായിരിക്കണം. മൂത്രപ്പുര, കക്കൂസ് ഇല്ല. കൃത്രിമ ബീജസങ്കലന കേന്ദ്രം സൗകര്യപ്രദമാക്കണം.
9. പിണ്ണാക്ക്, കാലിത്തീറ്റ, വൈക്കോൽ, കുറഞ്ഞവിലയ്ക്ക് കിട്ടാനുള്ള സംവിധാനം വേണം. പുൽകൃഷി വ്യാപിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
10. ആവശ്യമായ മരുന്നുകൾ മൃഗാശുപത്രിയിൽ ഉണ്ടായിരിക്കണം. മൃഗഡോക്ടറുടെ സേവനം എല്ലാസമയത്തും കിട്ടുമാറാക്കണം.
11. പാഞ്ചായത്തിൽ ആവശ്യമായിടത്ത് സബ്സെന്ററുകൾ തുടങ്ങണം.
12. കർഷകർക്ക് വ്യാപകവും ഫലപ്രദവുമായ ബോധവൽക്കരണം നടത്തണം.
13. മൃഗഡോക്ടറുടെ സേവനം വാർഡുതലത്തിൽ ലഭിക്കത്തക്കവിധം സബ്സെന്ററുകൾ സ്ഥാപിക്കണം.
14. മൃഗഡോക്ടറുടെ സേവനം പ്രവൃത്തിസമയങ്ങളിൽ ലഭിക്കത്തക്കവിധം പുനഃക്രമീകരിക്കുകയോ, ഒന്നിൽ കൂടുതൽ ഡോക്ടറെ നിയമിക്കുകയോ ചെയ്യണം.
15. പഞ്ചായത്തിൽ താല്പര്യമുള്ള കർഷകർക്ക് മാംസത്തിനുവേണ്ടി മൃഗങ്ങളെ വളർത്തുന്നതിന് പ്രോത്സാഹനവും സഹായവും നൽകേണ്ടതാണ്. വിപണന സൗകര്യവും ഏർപ്പെടുത്തണം.
16. വാർഡുതലത്തിൽ ബീജസങ്കലന കേന്ദ്രങ്ങൾ ആവശ്യമാണ്.
17. 3000 ത്തിലധികം പശുക്കൾ പഞ്ചായത്തിലുണ്ട്. അധികമായി ഉല്പാദിപ്പിക്കുന്ന പാലിന് വിപണിയില്ല. അതുകൊണ്ട് വടവന്നൂർ കേന്ദ്രമായി ഒരു ചില്ലിംഗ് യൂണിറ്റ് തുടങ്ങേണ്ടതാണ്.
18. മൃഗാശുപത്രയിലെ ജീവനക്കാർക്ക് വാഹനസൗകര്യം ഏർപ്പെടുത്താവുന്നതാണ്.

465

## പട്ടിക. 1

## വളർത്തുമൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | എണ്ണം | 1996 |
|---|---|---|
| പശു | 587 | |
| കന്നുകുട്ടികൾ | 39 | |
| എരുമ | 66 | |
| കാള (ഉഴവ്) | 174 | |
| ആട് | 791 | |
| കോഴി | 6893 | |
| താറാവ് | 1268 | |
| കലർപ്പ് | 58 | |

### സാധ്യതകൾ

1. നെൽകൃഷി നഷ്ടത്തിലായതോടുകൂടി കർഷകർക്ക് ലാഭകരമായി പാലുല്പാദിപ്പിക്കാനുള്ള താല്പര്യം കാണുന്നുണ്ട്. തൊഴുത്ത്, പുല്ല്, വൈക്കോൽ തുടങ്ങിയവ സുലഭമാണ്. ക്ഷീരോല്പാദനം വളരെയേറെ വർദ്ധിപ്പാക്കാൻ വടവന്നൂരിൽ ഏറെ സാധ്യതകൾ ഉണ്ട്.
2. സ്വകാര്യമേഖലയിൽ കാന്നുകാലിഫാമുകൾക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.
3. മാംസത്തിന്റെ ആവശ്യത്തിന്നായി കോഴിവളർത്തൽ കേന്ദ്രങ്ങളും, പന്നിവളർത്തൽകേന്ദ്രങ്ങളും, തുറക്കാവുന്നതാണ്. മുയൽ വളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലത്ത് മാംസമാർക്കറ്റ് തുടങ്ങാവുന്നതാണ്.
4. ക്ഷീരോല്പന്ന സംസ്ക്കരണത്തിന് അനുയോജ്യമായ ഒരു സഹകരണ സംഘം വടവന്നൂരിൽ ആരംഭിക്കാവുന്നതാണ്.
5. കാളക്കുട്ടികളെ നല്ലപോലെ ആഹാരം കൊടുത്ത് മാംസത്തിന്റെ ആവശ്യത്തിനുവേണ്ടി വളർത്തിയാൽ കുറഞ്ഞ കാലം കൊണ്ട് കൂടിയ ആദായം പ്രതീക്ഷിക്കാവുന്നതാണ്.
6. മൃഗ സംരക്ഷണത്തിന് വളരെയേറെ പ്രാധാന്യം കൊടുക്കുന്ന വടവന്നൂർ ഗ്രാമപഞ്ചായത്തിൽ കാലിത്തീറ്റ നിർമ്മാണത്തിന് വളരെയേറെ സാധ്യതകാണുന്നുണ്ട്. അസംസ്കൃത സാധനങ്ങളുടെ ലഭ്യത ലാഭകരമായി വ്യവസായം തുടർന്ന് നടത്താൻ കഴിയുമെന്നതിന് തെളിവാണ്. വിപണി വലിയൊരു പ്രശ്നമാവുകയില്ല. പുളി സംസ്ക്കരണത്തിന് പ്രാധാന്യമുള്ള വടവന്നൂരിൽ പുളിങ്കുരുശേഖരിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. കൊയ്ത്തുകഴിഞ്ഞാൽ പാടങ്ങളിൽ ഇടവിളയായി എള്ള് കൃഷി ചെയ്യാവുന്നതാണ്. ആവശ്യമുണ്ടെന്നു വന്നാൽ ചോളവും, കപ്പയും കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. ഉണക്കമത്സ്യവും കടലപിണ്ണാക്കും മാത്രമേ കൊണ്ടുവരേണ്ടതുള്ളു. അതുകൊണ്ടു കാലിത്തീറ്റ ഫാക്ടറി ഇവിടെ തുടങ്ങാൻ താല്പര്യമെടുക്കേണ്ടതാണ്.

466

7. ബയോ ഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതാനാവശ്യമായ സാഹചര്യമുള്ള വീടുകളിൽ അത് ആരംഭിക്കാൻ പ്രേരിപ്പിക്കേണ്ടതാണ്.

8. മുട്ടക്കോഴി വളർത്തലിന് പ്രോത്സാഹനം നൽകേണ്ടതാണ്. ആശുപത്രിയിൽ നിന്ന് അതിന്നാവശ്യമായ സഹായസഹകരണം ഉറപ്പുവരുത്തണം. ഇത് വനിതകൾക്കൊരു തൊഴിൽ സാധ്യതയാണ്. അതോടൊപ്പം തന്നെ വീടുകളിൽ സാധാരണ രീതിയിൽ പരിമിതമായ തോതിൽ മുട്ടക്കോഴികളെ വളർത്താൻ പ്രോത്സാഹനം നൽകാവുന്നതാണ്.

9. മൃഗാശുപത്രിയോടനുബന്ധിച്ച് പശുക്കളിലെ വന്ധ്യതാ നിവാരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

### നടപ്പു പദ്ധതികളുടെ അവലോകനം:

8-ാം പദ്ധതികാലത്ത് 202025 രൂപ വകക്കൊള്ളിച്ചിരുന്നു. അതിൽ 1,40,770 രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 41,225 രൂപയുടെ പദ്ധതി ഇനി ബാക്കിനിൽക്കുന്നു.

### 9-ാം പദ്ധതികാലത്ത് ഈ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

- 2 ലക്ഷം രൂപയുടെ ഒരു ചില്ലിംഗ് യൂണിറ്റ്,
- 7,000 രൂപാവച്ച് 100 മാതൃകാഡയറിഫാം,
- 1250 രൂപാവച്ച് 50 മാതൃകാകന്നുകാലി തൊഴുത്ത്.
- 5,000 രൂപയുടെ പുൽകൃഷിവികസന പരിപാടി, 1,75,000 രൂപയുടെ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതി സബ്സിഡി നിരക്കിൽ 4,000 രൂപയുടെ മിനറൽ മിക്ചർ വിതരണം.

467

# മത്സ്യബന്ധനം

വടവന്നൂരിൽ വളരെയേറെ വറ്റാകുളങ്ങളുണ്ട്. നാട്ടു കുളങ്ങളിലെല്ലാം വളരെയേറെ നാടൻ മത്സ്യങ്ങളായ വരാൽ (കണ്ണൻ), പരൽമീൻ, മൊയ്മീൻ, ചീക്, കടുക്, മനങ്ങ് തുടങ്ങിയവ വളർന്നിരുന്നു. കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നതുവരെ, വെള്ളമുള്ള നെൽപ്പാടങ്ങളിലും (ചിങ്ങം, കന്നിമാസങ്ങളിൽ) തോടുകളിലും പുഴകളിലും നാടൻ മത്സ്യങ്ങൾ ധാരാളം കാണുമായിരുന്നു.

മത്സ്യബന്ധനത്തിന് അക്കാലങ്ങളിൽ ചൂണ്ട, വല, കുരുത്തി, ഒറ്റൽ, തോട്ട തുടങ്ങിയവ ഉപയോഗിച്ചിരുന്നു. അടുത്തകാലത്തുണ്ടായ മത്സ്യരോഗം പല മത്സ്യയിനങ്ങളെയും വംശനാശത്തിനിടയാക്കും വിധം ഭീകരമായിരുന്നു.

കാലവർഷാരംഭത്തോടെ വറ്റാകുളങ്ങളിലേക്ക് പുതുമഴ പെയ്തുണ്ടാകുന്ന വെള്ളം തിരിച്ചുവിട്ട് മീൻ പിടിക്കുന്ന സമ്പ്രദായം കൗതുകമുണർത്തുന്ന കാര്യമാണ്. മകീരം, തിരുവാതിര, ഞാറ്റുവേലകളിലാണ് ഇങ്ങനെ സംഭവിക്കുന്നത്. കുളത്തിലേക്കുള്ള നീരൊഴുക്കിനെതിരെ കൂട്ടംകൂട്ടമായുള്ള മത്സ്യങ്ങളുടെ കുതിച്ചുകയറ്റം വല്ലാത്തൊരു പ്രതിഭാസമാണ്.

ശുദ്ധജലമത്സ്യകൃഷിക്ക് വളരെയേറെ സാധ്യതയുണ്ടെങ്കിലും മത്സ്യകൃഷി നടത്താൻ പലകർഷകരും മടികാണിക്കുകയാണ്. രാത്രികാലങ്ങളിലെ മത്സ്യമോഷണമാണ് കർഷകരെ മത്സ്യകൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

## പ്രശ്നങ്ങൾ

1. മത്സ്യമാർക്കറ്റില്ല.
2. മത്സ്യ ബന്ധനത്തിനാവശ്യമായ ഉപകരണങ്ങൾ സബ്സിഡിനിരക്കിൽ ലഭ്യമല്ല.
3. മത്സ്യങ്ങൾ കുളങ്ങളിൽ നിന്നും കളവു പോകുന്നു.
4. മത്സ്യകൃഷിക്കാവശ്യമായ ധനസഹായം ലഭ്യമല്ല.
5. മത്സ്യകർഷകർക്ക് പെൻഷനില്ല.
6. മിച്ചഭൂമികുളങ്ങൾ മത്സ്യകൃഷി ചെയ്യാതെ ഉപയോഗശൂന്യമായി കിടക്കുന്നു.
7. മത്സ്യതൊഴിലാളികൾക്ക് മറ്റു ജില്ലകളിൽ ലഭിക്കുന്നതുപോലെ ആനുകൂല്യങ്ങൾ ഇവിടെ ലഭ്യമല്ല.
8. നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ സബ്സിഡിനിരക്കിൽ ലഭ്യമല്ല.
9. മത്സ്യകൃഷിക്കാവശ്യമായ മത്സ്യതീറ്റ ലഭ്യമല്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് ആരംഭിക്കണം.
2. മത്സ്യബന്ധനോപകരണങ്ങൾ സബ്സിഡിനിരക്കിൽ ലഭ്യമാക്കണം.
3. മത്സ്യകൃഷിക്കാർക്ക് ഇൻഷുറൻസ് നടപ്പാക്കുക. കളവു നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ സംവിധാനം ഉണ്ടാകണം.
4. മത്സ്യകൃഷി നടത്തുന്നവർക്ക് ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കേണ്ടതാണ്.
5. ഉപാധികൂടാതെ എല്ലാ മത്സ്യകർഷകർക്കും പെൻഷൻ അനുവദിക്കേണ്ടതാണ്.
6. മിച്ചഭൂമികുളങ്ങളിൽ കരാറടിസ്ഥാനത്തിൽ മത്സ്യകൃഷിചെയ്ത് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
7. മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കെല്ലാം സംസ്ഥാനവ്യാപകമായി ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
8. മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദന കേന്ദ്രങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങേണ്ടതാണ്.
9. മത്സ്യകുഞ്ഞുങ്ങളേയും, മത്സ്യതീറ്റയും സബ്സിഡിനിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

## സാധ്യതകൾ

1. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.
2. വറ്റാകുളങ്ങളിൽ മത്സ്യകൃഷി നിർബന്ധമായും നടപ്പിലാക്കാവുന്നതാണ്.
3. ചളി അടിഞ്ഞുകിടക്കുന്ന കുളങ്ങൾ വൃത്തിയാക്കാൻ ഗവൺമെന്റു തലത്തിൽ സംവിധാനം ഉണ്ടാകണം.
4. ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

468

# വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് വടവന്നൂർ. സാമൂഹ്യബോധമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കാൻ, വിദ്യാഭ്യാസത്തിന് പരമപ്രാധാന്യം കൊടുക്കേണ്ടതുണ്ട്. പ്രൈമറി വിദ്യാഭ്യാസത്തിന് അടിസ്ഥാന പ്രാധാന്യം നൽകികൊണ്ട് വിദ്യാഭ്യാസ മേഖലയെ വളർത്തിയെടുക്കാൻ ശ്രമിക്കണം.

വടവന്നൂരിന്റെ വിദ്യാഭ്യാസ അഭിവാഞ്ജ ആദ്യമായി സഫലീകരിക്കപ്പെട്ടത് 1890-ൽ പാറയ്ക്കൽ അച്ചുതമേനോൻ"എയിഡഡ് ബോയ്സ് എലിമെന്ററി സ്ക്കൂൾ" എന്ന പേരിൽ, വിരലിൽ എണ്ണാവുന്ന അദ്ധ്യാപകരെയും, ചുരുക്കം വിദ്യാർത്ഥികളെയും കൊണ്ട് വിദ്യാലയം ആരംഭിച്ചതോടെയാണ്. ബ്രിട്ടീഷുകാരുടെ അംഗീകാരത്തോടും സഹായത്തോടുംകൂടി തുടങ്ങിയ ഈ സ്ക്കൂളിൽ ആരംഭകാലത്ത് 1-ാം ക്ലാസ്സുമുതൽ 4-ാം ക്ലാസ്സുവരെ മാത്രമേ അധ്യാപനം ഉണ്ടായിരുന്നുള്ളു. ആദ്യ അദ്ധ്യാപകൻ പുളിയ്ക്കൽ നാരായണൻ നായർ ആയിരുന്നു. ഈ വിദ്യാലയം സ്ഥാപിതമായതോടു കൂടിയാണ് വടവന്നൂരിൽ വിദ്യാഭ്യാസ രംഗത്ത് അഭികാമ്യമായ ഒരു മാറ്റം ഉണ്ടായത്. ഇതേ കാലഘട്ടത്തിൽ തന്നെ പാഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എഴുത്തു പള്ളിക്കൂടങ്ങളും പ്രവർത്തിച്ചിരുന്നു. ഈ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ പരിണതഫലമായി, സ്വതന്ത്ര രംഗത്തും, കലാ സാംസ്ക്കാരിക രംഗത്തും, ഉന്നതതല ഉദ്യോഗസ്ഥ രംഗത്തും വ്യക്തി മുദ്ര പതിപ്പിച്ച മഹത് വ്യക്തികൾ വടവന്നൂരിന്റെ സംഭാവനയായി ഉണ്ടായിട്ടുണ്ട്.

ഇന്ന് ഈ പഞ്ചായത്തിൽ ഒരു H.S., 3 U.P.S., 4 L.P.S., പ്രവർത്തിച്ചുവരുന്നു. ഇതിൽ സർക്കാർ മേഖലയിൽ 2 L.P. സ്ക്കൂളുകൾ പരിമിതമായ സൗകര്യത്തോടെയാണ് പ്രവർത്തിക്കുന്നത്. മറ്റുള്ള വിദ്യാലയങ്ങൾ സ്വകാര്യ മേഖലയിലാണ്. പ്രീ പ്രൈമറി മേഖലയിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു നഴ്സറി സ്ക്കൂളും രണ്ട് സ്വകാര്യ നഴ്സറി സ്ക്കൂളും പ്രവർത്തിക്കുന്നു. ഒരു ട്യൂട്ടോറിയൽ കോളേജും ഉണ്ട്. പഞ്ചായത്തിൽ ആദ്യമായി H.S. ആരംഭിച്ചത് 1982-ലാണ്. അതോടെ S.S.L.C വരെ പഠിക്കാനുള്ള സൗകര്യം ലഭ്യമായി. ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 3464 പേർ വിദ്യാർത്ഥികളാണ്. അദ്ധ്യാപനരംഗത്ത് സ്ത്രീകളാണ് മുന്നിൽ.

ഇവിടെ നിലവിലുള്ള 7 സ്ക്കൂളുകളിലേക്ക് പോകുന്നതിനു പുറമെ സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്കും ഇവിടുത്തെ കുട്ടികൾ പോകുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും, ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം തേടിപോകുന്ന പ്രവണത വളരെകൂടുതലായി ഈ പഞ്ചായത്തിലും കണ്ടുവരുന്നു. ഇതിനു പ്രധാന കാരണം സ്ക്കൂളുകളിലെ പഠനനിലവാര തകർച്ചയാണ്. ജനസംഖ്യാ നിയന്ത്രണവും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള ആഭിമുഖ്യവും പൊതു വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നുകൊണ്ടിരിക്കുന്നു. മാറി മാറി വന്ന സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ സമ്പ്രദായം വിദ്യാഭ്യാസ പുരോഗിക്കുതന്നെ തടസ്സമായി തീരുന്നു. ഇതിനു പരിഹാരം പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ കാണണം.

പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകൾക്കും വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ ഇല്ല. G.M.L.P., തങ്കയം, G.L.P., വടവന്നൂർ എന്നീ സ്ക്കൂളുകൾക്ക് സ്വന്തമായ കെട്ടിടം ഇല്ല. മിക്ക സ്ക്കൂളുകൾക്കും ലാബ്, ലൈബ്രറി ഇവ സൗകര്യമുള്ളതല്ല. എല്ലാ സ്ക്കൂളുകൾക്കും പരിമിതമായ കളിസ്ഥലങ്ങളേയുള്ളു.

S.S.L.C. വിജയശതമാനം വളരെകുറവാണ്. പഠന നിലവാരത്തകർച്ച വളരെ ഗൗരവമായി എടുക്കേണ്ട ഒരു പ്രശ്നമാണ്. ഇതിന് സത്വര പരിഹാരം തേടേണ്ടതാണ്. P.T.A. സംഘടന പല സ്ക്കൂളുകളിലും നാമമാത്രമേയുള്ളു. പ്രവർത്തനം കാര്യക്ഷമമല്ല. M.P.T.A. (മാതൃ രക്ഷാകർത്തൃസമിതി) മിക്ക സ്ക്കൂളുകളിലും ഇല്ലായെന്നുതന്നെ പറയാം.

സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ തന്നെയാണ് പൊതുവേ വിദ്യാഭ്യാസ നിലവാരത്തിൽ പിന്നിൽ നിൽക്കുന്നത്. ഈ കുട്ടികൾക്ക് പഠിക്കാനാവശ്യമായ പ്രോത്സാഹനവും പഠിക്കാനുതകുന്ന ഗൃഹാന്തരീക്ഷവും കുറവാണ്. U.P.S. ലെയും H.S. ലെയും കുട്ടികൾക്ക് വാഹനങ്ങളിൽ യാത്രചെയ്ത് സ്ക്കൂളുകളിലെത്തേണ്ടതുണ്ട്.

യാത്രാക്ലേശം ഈ കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ ശ്രദ്ധേയമാണ്. സാങ്കേതിക വാദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല എന്നതു എടുത്തു പറയേണ്ട വസ്തുതയാണ്. വെള്ളം, വെളിച്ചം, പ്രാഥമിക സൗകര്യങ്ങൾ, മിക്ക സ്ക്കൂളിനും ഇല്ല.

469

### പ്രശ്നങ്ങൾ

1. പഠന നിലവാരത്തകർച്ച.
2. സ്ക്കൂളുകളിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ലൈബ്രറിയിൽ പുസ്തകങ്ങൾ ലഭിക്കാത്തത്.
3. അംഗനവാടികളുടെ കുറവ്.
4. അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
5. ലൈബ്രറിയുടെ പോരായ്മയും, പുതിയവയുടെ കുറവും.
6. പെൺകുട്ടികൾക്കു മാത്രമായി സ്ക്കൂൾ ഇല്ല.
7. അദ്ധ്യാപക - രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനത്തിന്റെ കുറവ്.
8. ഗതാഗതത്തിനുള്ള പ്രയാസം.
9. സാങ്കേതിക സ്ഥാപനങ്ങളുടെ അഭാവം.
10. സാമ്പത്തികമായ പിന്നോക്കാവസ്ഥ.
11. രണ്ടാംവാർഡിൽ മലയാംപള്ളത്ത് U.P.S. ന്റെ കുറവ്.
12. ഏഴാം വാർഡിൽ L.P.S. ന്റെ കുറവ്.
13. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ അഭാവം.
14. കായിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത.

### നിർദ്ദേശങ്ങൾ

1. പഠന നിലവാരം ഉയർത്താൻ പഞ്ചായത്ത് തലത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്.
2. സ്ക്കൂൾ ലൈബ്രറിയിൽ ബാല സാഹിത്യങ്ങളും, പുരാണകൃതികളും ഉൾപ്പെടുത്തി വിദ്യാർത്ഥികളെ നിർബന്ധമായി വായിക്കാൻ സ്ക്കൂൾതലത്തിൽ ശ്രമം നടത്തുകയും, അതിനാവശ്യമായ സാമ്പത്തിക സഹായം നൽകാനും നടപടി സ്വീകരിക്കേണ്ടതാണ്.
3. അംഗനവാടികൾ ഒരു വാർഡിൽ രണ്ടെണ്ണമെങ്കിലും ഉണ്ടാക്കുകയും, അതിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുകയും വേണം. അംഗനവാടികളെ പ്രീ പ്രൈമറി സ്ക്കൂളായി ഉയർത്തേണ്ടതാണ്.
4. പഞ്ചായത്തിന്റെ കീഴിൽ കൂടുതൽ നഴ്സറി സ്ക്കൂളുകൾ സ്ഥാപിക്കുക.
5. സ്ക്കൂളുകളിൽ P.T.A. രൂപീകരിക്കുകയും, പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.
6. നിലവിലുള്ള L.P., U.P. ആയി ഉയർത്തുക.
7. ആവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കണം.
8. ഗേൾസ് സ്ക്കൂളുകളും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും, വെക്കേഷണർ ഹയർ സെക്കണ്ടറി സ്ക്കൂളുകളും ആരംഭിക്കാൻ മുൻകൈയെടുക്കേണം.
9. M.P.T.A രൂപീകരിച്ച് പ്രവർത്തനം തുടങ്ങണം.
10. ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം.
11. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരെ കണ്ടെത്തി, സഹായം നൽകാൻ ശ്രമിക്കണം.
12. കായിക വിദ്യാഭ്യാസത്തിനു മുൻതൂക്കം നൽകി പാഠ്യപദ്ധതി പരിഷ്കരിക്കണം.

### സാദ്ധ്യതകൾ

1. കൊല്ലങ്കോടു ആസ്ഥാനമായി കോളേജ് ആരംഭിക്കാവുന്നതാണ്.
2. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാവുന്നതാണ്.
3. അദ്ധ്യാപക പരിശീലന കേന്ദ്രം സ്ഥാപിക്കുക.
4. പഞ്ചായത്ത് തലത്തിൽ അക്കാഡമിക് സമിതി രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

470

5. സ്കൂൾ കോംപ്ലക്സ് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കണം.
6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസകേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കാം.
7. സൗകര്യങ്ങളോടുകൂടിയുള്ള കിളിസ്ഥലം നിർമ്മിക്കാം.
8. പഠനോപകരണ നിർമ്മാണ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കാം.
9. P.T.A. ബോധവൽക്കരണം നടത്താവുന്നതാണ്.
10. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കാലോചിതമായി പരിഷ്ക്കരിക്കാൻ മുൻകൈയെടുക്കാവുന്നതാണ്.
11. അർഹതയുള്ള വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം പഞ്ചായത്തിൽ നിന്നും നൽകാം.
12. പഠനം ആകർഷകമാക്കാൻ പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാം.
13. പഞ്ചായത്ത് രാജ് സംവിധാനത്തിൽ, അദ്ധ്യാപക പ്രതിനിധികൾ, P.T.A. പ്രസിഡന്റുമാർ, പഞ്ചായത്തു ഭാരവാഹികൾ ഉൾപ്പെട്ട സമിതി രൂപീകരിച്ച് മാസത്തിൽ ഒരു തവണ വീതം ഒത്തുകൂടി വിദ്യാഭ്യാസ അവലോകനം നടത്താൻ കഴിയുന്നതാണ്.
14. സ്കൂൾ തലത്തിൽ അക്കാഡമിക്കമ്മറ്റി രൂപീകരിക്കാവുന്നതാണ്.
15. രണ്ടു തരത്തിലുള്ള വിദ്യാഭ്യാസം ഇല്ലാതാക്കാൻ പഞ്ചായത്ത് തലത്തിൽ ആസൂത്രണം നടത്താം.
16. ക്ലാസ്സുതലത്തിൽ P.T.A. രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കാം.
17. സ്കൂൾതലം, വാർഡ്തലം, പഞ്ചായത്തുതലം, അക്കാഡമി സമിതി രൂപീകരിക്കാം.
18. അവശത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും വസ്ത്രവും കുടയും നൽകാൻ പഞ്ചായത്ത് തലത്തിൽ ശ്രമം നടത്തേണ്ടതാണ്.

471

## വിദ്യാലയങ്ങളെ സംബന്ധിച്ച വിവരങ്ങൾ

### പട്ടിക - 1

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | സ്ഥാപിച്ച വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | | SC/ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | VMHS വടവന്നൂർ. | സ്വകാര്യം | 1982 | 434 | 376 | 810 | 119 | 92 | 211 | 10 | 21 | 31 |
| 2. | AMMUPS, വടവന്നൂർ. | " | 1890 | 421 | 385 | 806 | 129 | 130 | 259 | 5 | 25 | 30 |
| 3. | AUPS, ആലമ്പള്ളം. | " | 1894 | 259 | 224 | 483 | 7 | 1 | 8 | 5 | 11 | 16 |
| 4. | KVMUPS, പൊക്കുന്നി. | " | | 449 | 368 | 817 | 157 | 142 | 299 | 6 | 20 | 26 |
| 5. | ALPS, പിലാപുള്ളി. | " | | 78 | 65 | 143 | 27 | 23 | 50 | 1 | 4 | 5 |
| 6. | ALPS, മലയാമ്പള്ളം. | " | 1951 | 104 | 83 | 187 | 42 | 28 | 70 | 1 | 5 | 6 |
| 7. | GMLPS, വടവന്നൂർ. | ഗവൺമെന്റ് | | 57 | 51 | 108 | 8 | 12 | 20 | 2 | 2 | 4 |
| 8. | GLPS, വടവന്നൂർ. | " | 1921 | 58 | 52 | 110 | 12 | 8 | 20 | 2 | 1 | 3 |

472

## വിദ്യാലയ സൗകര്യങ്ങളുടെ വിവരണങ്ങൾ പട്ടിക - 2

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് റൂം | ലാബ് | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | VMHS, വടവന്നൂർ. | 3.3 ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | AMMUPS, വടവന്നൂർ. | 1.25 ഏ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | AUPS, ആലമ്പള്ളം. | 2.50 ഏ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | KVMUPS, പൊക്കുന്നി. | 2 ഏ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | ALPS, പിലാപ്പുള്ളി. | 1.50 ഏ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 6. | ALPS, മലയമ്പള്ളം. | 24.5 സെ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 7. | GMLPS, വടവന്നൂർ. | 30 സെ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 8. | GLPS, വടവന്നൂർ. | 25 സെ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |

413

# കുടിവെള്ളം

ജീവരാശിയുടെ ജീവൻ നിലനിർത്തുന്നതിന്നും, ആരോഗ്യപരിപാലനത്തിന്നും, അത്യാവശ്യമായി വേണ്ട ഘടകങ്ങളിൽ ഒന്നാണ് ശുദ്ധമായ കുടിവെള്ളം. നമ്മുടെ പഞ്ചായത്തിൽ ശുദ്ധമായ കുടിവെള്ളം അപര്യാപ്തമാണ്. ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിന്ന് കിണറുകളെ ആശ്രയിക്കുന്നവരാണ്. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 125 പബ്ലിക്ക് ടാപ്പുകളുണ്ട്. ശുദ്ധജലവിതരണത്തിന്റെ ഭാഗമായി പഞ്ചായത്ത് രണ്ടു കുഴൽകിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ഒന്നാം വാർഡിലെ ആലമ്പള്ളത്തും, നാലാം വാർഡിലെ പൊക്കുന്നിയിലുമാണ് സ്ഥിതി ചെയ്യുന്നത്. ഇതിൽ പൊക്കുന്നി കുഴൽകിണറിൽ നിന്നും നേരിട്ടു പമ്പുചെയ്ത് പൈപ്പ് ലൈൻവഴി ജലം വിതരണം നടത്തുന്നു. ആലമ്പള്ളത്തുള്ള കുഴൽകിണറിൽ നിന്നും ടാങ്ക് നിർമ്മിച്ച് അതിൽ നിന്നും വിതരണം നടത്തുന്നു. ഈ ടാങ്കിന്റെ ശേഷി 50000 ലിറ്ററാണ്.

എന്നാൽ വിതരണത്തിൽ പല അപാകതകളും, പോരായ്മകളും ഉണ്ട്. നിലവിലുള്ള ടാപ്പുകൾ പകുതിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കിണറുകളിൽ മിക്കതും ഉപ്പുകലർന്ന വെള്ളമാണ്. കുറെ കിണറുകൾ വെള്ളം എടുക്കാൻ പറ്റാത്തവിധം വൃത്തിഹീനമായി കിടക്കുന്നു. പലഭാഗത്തും വെള്ളക്ഷാമം രൂക്ഷമായി ചിലകാലങ്ങളിൽ അനുഭവപ്പെടുന്നു.

ഇതിന്നൊരു പരിഹാരമെന്ന നിലയിൽ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളാണ് താഴെ വിവരിക്കുന്നത്. പ്രവർത്തനം നിലച്ച ടാപ്പുകൾ ഉടനടി കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമതയുള്ളതാക്കണം. ഇതിന്നായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടണം. ഉപയോഗശൂന്യമായ കിണറുകൾ വൃത്തിയാക്കി ശുദ്ധജലം എടുക്കുന്നതിന്ന് പറ്റിയ രീതിയിൽ പരിരക്ഷിക്കണം.

പട്ടിക

### ഗ്രാമസഭയിൽ വന്ന പ്രശ്നങ്ങൾ.

1. ജലശുദ്ധീകരണത്തിന്റെ അഭാവം മൂലം കുടിവെള്ളക്ഷാമം ഉണ്ടാക്കുന്നു.
2. കുളങ്ങളിൽ നിന്ന് ശുദ്ധജലം എടുക്കാനുള്ള ആധുനിക സംവിധാനം ഇല്ല.
3. പൈപ്പ് ലൈൻ വേണ്ടത്ര ഇല്ല.
4. കേടുസംഭവിച്ച ലൈനുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നില്ല.
5. കിണറുകൾ വേനൽക്കാലങ്ങളിൽ വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നില്ല.
6. നിലവിലുള്ള പമ്പ്ഹൗസിൽ മുഴുവൻ സമയ പ്രവർത്തകൻ ഇല്ല.
7. കൂടുതൽ ജലസംഭരണികൾ ഇല്ല.
8. കുഴൽകിണറുകൾ വേണ്ടവിധം പരിരക്ഷിക്കുന്നില്ല.
9. പഞ്ചായത്തിൽ ഹൗസ് കണക്ഷൻ ഇല്ല.
10. പൊതു കിണറുകൾ കുറവാണ്.
11. പൊതുകിണറുകളുടെ ശോച്യാവസ്ഥ.
12. കുഴൽ കിണറുകൾ കുറവാണ്.
13. തടയണകളിൽ ഫിൽട്ടർ സ്റ്റേഷൻ ഇല്ല.

### നിർദ്ദേശങ്ങൾ

1. ജലം ശുദ്ധീകരിച്ച് കൂടുതൽ ഭാഗങ്ങളിലേക്ക് എത്തിക്കുക.
2. പൈപ്പു ലൈനുകൾ നീട്ടി കൂടുതൽ ഭാഗങ്ങളിൽ വെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുക.
3. നിലവിലുള്ള പൊതു കിണറുകൾ വൃത്തിയാക്കുക.
4. കുളങ്ങൾ വൃത്തിയാക്കി ശുദ്ധജലം എടുക്കുന്നതിന്ന് സജ്ജമാക്കുക.
5. ശുദ്ധജല വിതരണ കേന്ദ്രത്തിൽ മുഴുവൻ സമയ പ്രവർത്തകനെ നിയമിക്കുക.
6. കൂടുതൽ ജലസംഭരണികൾ നിർമ്മിക്കുക.

474

7. കുഴൽ കിണറുകൾ നന്നാക്കി ശുദ്ധജലത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

8. കേരള വാട്ടർ അതോറിറ്റിയുടെ മീങ്കര ഡാമിൽ തുടങ്ങുന്ന ജല ശുദ്ധീകരണ പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുക; കൂടുതൽ തെരുവു ടാപ്പുകളും ഹൗസ് കണക്ഷനുകളും അനുവദിക്കുക.

## സാദ്ധ്യതകൾ

നിലവിലുള്ള തെരുവു ടാപ്പുകളുടെ ലൈൻ നീട്ടി അധിക സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കാവുന്നതാണ്. ഇതിനുവേണ്ടി ഹൈ പവർ മോട്ടോറുകൾ ഉപയോഗിക്കാം. കൂടുതൽ കിണറുകളും, കുഴൽ കിണറുകളും നിർമ്മിച്ച് കുടിവെള്ളക്ഷാമത്തിന്ന് ഒരു പരിധിവരെ അറുതി വരുത്താം. ഏഴാം വാർഡിലുള്ള തങ്കയം ബസ്സാന്റിന്നു സമീപത്തെ കിണറിൽനിന്നു ജലസംഭരണി നിർമ്മിച്ച് ശുദ്ധജല വിതരണം വിപുലമാക്കാൻ കഴിയും. രണ്ടാം വാർഡിലെ മലയാമ്പള്ളത്തെ കുഴൽകിണറിൽ മോട്ടോർ ഘടിപ്പിച്ച് ജലവിതരണം മെച്ചപ്പെടുത്താൻസഹായിക്കും. പമ്പു ഹൗസുകളിൽ മുഴുവൻ സമയപ്രവർത്തകനെ നിയമിക്കേണ്ടതാണ്. മുതലമട, കൊല്ലങ്കോട്, വടവന്നൂർ എന്നീ മൂന്നു പഞ്ചായത്തുകളുടെ 96 ജൂലായിൽ ഉൽഘാടനം കഴിഞ്ഞ മീങ്കര ശുദ്ധജല വിതരണ പദ്ധതി രണ്ടുവർഷത്തിനുള്ളിൽ പൂർത്തീകരിച്ചാൽ വടവന്നൂർ ഏരിയ മുഴുവൻ തെരുവു ടാപ്പുകൾ സ്ഥാപിക്കാനും, ഒരു പരിധിവരെ ഹൗസ് കണക്ഷനുകൾ നൽകാനും കഴിയും.

ഈ വിധത്തിൽ പദ്ധതികൾ മുന്നോട്ടുപോയാൽ വരുന്ന അഞ്ചുവർഷംകൊണ്ട് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം അവസാനിക്കും. തദ്വാര ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### സാധാരണ കിണറുകളുടെയും കുഴൽകിണറുകളുടെയും വിവരങ്ങൾ.

| വാർഡ് നമ്പർ | സാധാരണ കിണർ | | | കുഴൽകിണർ |
|---|---|---|---|---|
| | ആകെ | വറ്റുന്നവ | വറ്റാത്തത് | |
| I | 8 | 1 | 7 | 1 |
| II | 4 | 2 | 2 | 4 |
| III | 5 | 1 | 4 | 6 |
| IV | 4 | 1 | 3 | 1 |
| V | 7 | 1 | 6 | 2 |
| VI | 2 | 1 | 1 | 3 |
| VII | 6 | 3 | 3 | 3 |
| VIII | 2 | 1 | 1 | 5 |
| IX | 3 | 2 | 1 | 3 |
| Total | 41 | 13 | 28 | 28 |

475

## കുടിവെള്ള പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും.

### പട്ടിക - 1

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം. |
|---|---|---|
| I 1. | നായ്ക്കൻ പൊറ്റ | പൈപ്പ് ലൈൻ നീട്ടുക. |
| 2. | വാട്ടയാർ, പല്ലൂർപ്പാടം | പൈപ്പ് ലൈൻ നീട്ടുക<br>പമ്പ് ഹൗസിൽ മുഴുവൻ സമയം<br>പമ്പ് ഓപ്പറേറ്ററേ നിയമിക്കണം. |
| II 1. | മടത്തനാറ, ചുവട്ടുപാടം പുല്ലുപായ് കുളമ്പ് | ഉള്ള കിണറുകൾ വൃത്തായാക്കുകയും,<br>പുതിയകിണർകുഴിച്ചും. |
| 2. | ലക്ഷംവീട്, ഉട്ടറ, ഹരിജൻ കോളനി. | ഉപയോഗശൂന്യമായ കിണർ നന്നാക്കണം<br>ആലമ്പള്ളം വാട്ടർ ടാങ്കിൽ നിന്ന്<br>പൈപ്പ്കണക്ഷൻ അനുവദിക്കണം. |
| 3. | മലയമ്പള്ളം | നിലവിലുള്ള കുഴൽകിണറിൽ നിന്ന്<br>വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തണം |
| III | ചെന്നിയമ്പള്ളം, തുമ്പുളും പൊറ്റ, മാമ്പള്ളം,<br>ആലങ്കോടി, കാരപ്പറമ്പ്, കൊല്ലംമ്പറ്റ, നവങ്കാട്,<br>മേനങ്കത്ത്, സത്രം. | മടത്തനാറ പുഴയുടെ അറ്റത്ത് ഓവർഹെഡ്<br>ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപുച്ചാൽ ഈ<br>പഞ്ചായത്തിലെ 2, 3 വാർഡിലെ കുടിവെള്ളക്ഷാമം<br>പരിഹരിക്കാം. |
| IV | പൊക്കുന്നിക്കളം, മാവിൽകുളമ്പ് | 6 - ബോർവെൽ കുഴിച്ച് കുടിവെള്ളക്ഷാമം<br>പരിഹരിക്കാം. |
| | ചമ്പക്കുളം | പൈപ്പ് ലൈൻ നീട്ടുക. |
| | പൊക്കുന്നി, കൊല്ലത്തറ | ഉപയോഗ ശൂന്യമായ കിണർ വൃത്തിയാക്കി<br>പരിഹരിക്കാം |
| | പൊക്കുന്നി, പുത്തൻത്തറ | പൈപ്പ് ലൈൻ 200 മീറ്റർ നീട്ടി അറ്റകുറ്റപണി<br>നടത്തുക. |
| V | മേലെപറമ്പ്, അമ്പലപറമ്പ് കോരാത്തപറമ്പ്,<br>തലയണപാടം, മുളയോടി. | കിണർകുഴിക്കുകയും പൈപ്പ് ലൈൻ നീട്ടുകയും ചെയ്യത്<br>പരിഹരിക്കാം. |
| VI | പൂക്കോട്, തുമ്പിക്കാട്, കാവളംക്കോട്, ചിറ്റടി,<br>മുണ്ടപുള്ളിക്കാട്, താഴെമീനിക്കോട്, മുരുക്കിൻകാട് | പൊതുകിണർ കുഴിക്കുകയും പൈപ്പ് ലൈൻ നീട്ടുകയും<br>ചെയ്യു പരിഹരിക്കാം. |
| VII | വാർഡിലെ മുഴുവൻ പ്രദേശങ്ങളും | പൊക്കുന്നി പമ്പ് ഹൗസിൽ ഒരു മുഴുവൻ സമയ<br>പമ്പ് ഓപ്പറേറ്ററെ നിയമിക്കുക, ഹൈ-പവർ മോട്ടോർ<br>ഉപയോഗിക്കുക. |
| | തങ്കയം, കരിപ്പാലി, കൂട്ടപ്പുര, മാമ്പള്ളം, കരംമത്ത്കളം<br>ഹരിജൻ കോളനി, കൊശവൻക്കോട്. | തങ്കയത്തുള്ള പഞ്ചായത്ത് കിണറിൽ 5 (H.P) മോട്ടോർ<br>ഉപയാഗിച്ച് വെള്ളം പമ്പു ചെയ്ത്, പൈപ്പ് ലൈൻ<br>ഇട്ടാൽ ഈ ക്ഷാമം പരിഹരിക്കാം. |
| | വട്ടച്ചിറ | നിലവിലുള്ള കിണർ ബോർ ചെയ്യുകയോ,<br>കുഴൽകിണർ സ്ഥാപിച്ചോ പരിഹരിക്കാം. |
| | ഉപ്പിലംകുന്ന്, കണ്ടൻകുളം, കച്ചിറ. | പൈപ്പ് ലൈൻ സ്ഥാപിച്ചാൽ പരിഹരിക്കാവുന്നതാണ്. |
| | ഇറവക്കോട്. | ടാപ്പ് ഉപയോഗശൂന്യമായത് നേരെയാക്കി 20 മീറ്ററോളം<br>കിഴക്കോട്ട് നീട്ടിയാൽ പരിഹാരമാകും. |
| VIII | കീഴച്ചിറ, പുവരഞ്ഞി, തേവർകാട്, തലയിണപാടം,<br>കുറുപ്പത്ത്പാടം, മരുതംമ്പാടം, കൂട്ടാടംമ്പാടം,<br>കൊക്കർണി. | നിലവിലുള്ള പൈപ്പ് ലൈൻ 100 മുതൽ 200 മീറ്റർവരെ<br>നീട്ടണം, തടയണയിൽ ഫിൽട്ടർസ്റ്റേഷൻ സ്ഥാപിച്ച്<br>പരിഹരിക്കാം. |
| IX | മുല്ലക്കൽ കുളമ്പ് കോളനി, പെരുമ്പള്ളം,<br>പിലാപുള്ളി, പൂന്തോണി, മാനുഷി, പരപരകുളമ്പ്,<br>തേക്കിൻക്കാട്, ശക്തൻചാത്തകുളമ്പ്., | പൈപ്പ് 100 - 200 മീറ്റർ ദൂരത്തേക്ക് നീട്ടി പരിഹരിക്കാം. |

41

# പൊതുജനാരോഗ്യം

വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗത്ത് പുതിയ ഒരു ചുവടുവെപ്പ് ഉണ്ടായത് 1962 - 64 കാലഘട്ടത്തിലാണ്. അന്നാണ് ഒരു P.H.C. പാഞ്ചായത്തിൽ സ്ഥാപിതമായത്. അന്നുവരെ നാട്ടു ചികിത്സാരീതിയും, ആയുർവേദ ചികിത്സാരീതിയും, അവലംബിച്ചിരുന്നു. ആയുർവേദാചാര്യനായ വടക്കേപ്പാട്ടു നാരായണമേനോന്റെ സംഭാവന എടുത്തു പറയേണ്ടതാണ്. ഇദ്ദേഹത്തിന്റെ പിൻതുടർച്ചയെന്നോണം ആയുർവേദ ക്ലിനിക്ക് ഇന്നും വടവന്നൂരിൽ പ്രവർത്തിക്കുന്നു.

ഇന്ന് വൈദ്യശാസ്ത്രത്തിന്റെ സേവനം ഒരു P.H.C., ഒരു സ്വകാര്യ ഹോമിയോ ക്ലിനിക്ക്, രണ്ടു ആയുർവേദ ക്ലിനിക്കുകൾ, P.H.C. യുടെ കീഴ്ഘടകങ്ങളായി മൂന്നു മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ, ഒരു മെഡിക്കൽഷോപ്പ്, ഇവയിൽ ഒതുങ്ങി നിൽക്കുന്നു. വടവന്നൂരിനെ സംബന്ധിച്ചിടത്തോളം ഇത് വളരെ അപര്യാപ്തമാണ്.

## P.H.C. ന്റെ അവസ്ഥ

വളരെ ശോചനീയവും, ആപത്കരവുമായ നിലയിലാണ്. ആധുനിക സൗകര്യങ്ങളൊന്നും ഈ സെന്ററിനില്ല. ഇവിടെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം കുറവാണ്. എക്സ്റേ യൂണിറ്റ്, പോസ്റ്റ്മാർട്ടം സെന്റർ, ലബോറട്ടറി സൗകര്യം, മരുന്നുകൾ എന്നിവയുടെ അഭാവം പഞ്ചായത്തിലെ ആളുകളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. മുഴുവൻ സമയ ഡോക്ടറുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം കിട്ടുന്നില്ല. ഇതിന്റെ പ്രധാനകാരണം ഇവർക്ക് താമസ സൗകര്യം ഇല്ലാത്തതാണ്.

ജനസാന്ദ്രത കൂടിയ ഈ പഞ്ചായത്തിന് ഇപ്പോഴുള്ള ആരോഗ്യ സംവിധാനം തീരെ മതിയാകാത്തതാണ്. പഞ്ചായത്തിലെ ആളുകൾ മെച്ചപ്പെട്ട ചികിത്സതേടി കിലോമീറ്ററുകൾ അകലെയുള്ള ആധുനിക ചികിത്സാ കേന്ദ്രങ്ങളിലേക്ക് പോകേണ്ട സാഹചര്യം ഉണ്ടാകുന്നു. ഇത് സാധാരണ ജനങ്ങൾക്ക് താങ്ങാൻ കഴിയാത്ത ചികിത്സാ ചെലവ് ഉണ്ടാക്കുന്നു.

ചില പ്രത്യേക കാലങ്ങളിൽ ചില രോഗങ്ങൾ ഈ പ്രദേശങ്ങളിൽ കണ്ടുവരാറുണ്ട്. നിലക്കടല വിളവെടുപ്പിനോടനുബന്ധിച്ചുള്ള സമയങ്ങളിൽ ഛർദ്ദ്യാതിസാരം, വയറിളക്കം, പനി തുടങ്ങിയവ ഉണ്ടാകുന്നു. അതുപോലെ വേനൽക്കാലങ്ങളിൽ, മഞ്ഞപ്പിത്തം, ഛർദ്ദ്യാതിസാരം, വയറിളക്കം, വൈറസ് രോഗങ്ങൾ, പടർന്നു പിടിക്കാറുണ്ട്. പഞ്ചായത്തിലെ VI, IX എന്നീ വാർഡുകളിലും ചിലഭാഗങ്ങളിലും കുഷ്ഠം, ക്ഷയം, തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നുണ്ട്. പരിസര ശുചിത്വത്തിന്റെയും, കുടിവെള്ള ശുചിത്വത്തിന്റെയും കാര്യത്തിൽ നാം വളരെ പിന്നിലാണ്. കിണറുകളാണ് കുടിവെള്ളത്തിന് പ്രധാനമായും ഇവിടത്തുകാർ ഉപയോഗിക്കുന്നത്. പൊതുകിണറുകളും, കുളങ്ങളും ഉണ്ടെങ്കിലും അവ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത കൂടുതലാണ്. കിണറുകളിൽ ക്ലോറിനേഷൻ തീരെയില്ല. ഡ്രൈയിനേജ് സൗകര്യം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ രംഗങ്ങൾ വളരെ മോശമാണ്. ഇതിനാൽ പലരോഗങ്ങളും വ്യാപിക്കാനുള്ള സാധ്യത കൂടുതലാണ്. വ്യക്തി ശുചിത്വത്തിൽ തല്പരരാണെങ്കിലും പരിസര ശുചീകരണത്തിൽ ഒരു അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. നമ്മുടെ ശ്രദ്ധ വളരെയധികം പതിയേണ്ട മറ്റൊരു സംഗതി പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളിലും കക്കൂസ് ഇല്ലാത്തതാണ്. ഇത് പരിസര മലിനീകരണത്തിന് ആക്കം കൂട്ടുകയും, പരിസരജന്യങ്ങളായ രോഗങ്ങൾ പടർന്നു പിടിക്കുന്നതിനിടയാക്കുകയും ചെയ്യുന്നു. ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ജീവനക്കാർ ഇല്ലാത്തത് മറ്റൊരു പോരായ്മയാണ്.

കൊതുക്, ഈച്ച എന്നിവയുടെ ശല്യം നിയന്ത്രണാധീനമല്ല. ഹോമിയോ, ആയുർവേദം തുടങ്ങിയ മേഖലയുടെ പ്രവർത്തനം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീരെ അപര്യാപ്തമാണ്. വ്യവസായ വൽക്കരണം കുറഞ്ഞ പ്രദേശമായതുകൊണ്ട് ആ വഴിക്കുള്ള പരിസര മലിനീകരണം ഗുരുതരമല്ല. എങ്കിലും IX-ാം വാർഡിലെ ആധുനിക റൈസ് മില്ലിൽനിന്നും പരിസര വാസികൾക്ക് (IXഉം VIലെയും വാർഡിലെ ജനങ്ങൾക്ക്) മലിനീകരണത്തിന്റെ ഭീതി ഉളവാക്കുന്നു.

ശ്മശാനങ്ങൾ ഉണ്ടെങ്കിലും സംരക്ഷണം ഇല്ലായ്മയും ആധുനീകരണമല്ലാത്തതും ഒരു പൊതു പ്രശ്നമാണ്. ആധുനിക രീതിയിലുള്ള (വൈദ്യുത ശ്മശാനം) ആവശ്യമായ ഒരു സംഗതിയാണ്. അംഗനവാടികൾ മുഖേനയുള്ള പോഷകാഹാര വിതരണം തൃപ്തികരമല്ല. മാതൃമരണനിരക്ക്, ശിശുമരണനിരക്ക്, പൊതുമരണ നിരക്ക് ഇവ ആശങ്ക ഉളവാക്കുന്നതല്ല.

477

## സാധ്യതകൾ

1. P.H.Cന് പുതിയ കെട്ടിടം പണിയുകയും, ആധുനിക സൗകര്യം സൃഷ്ടിക്കാൻ പഞ്ചായത്തിന് മുൻകൈയെടുക്കാവുന്നതാണ്.
2. ആയുർവേദം, ഹോമിയോ ഇവയുടെ സെന്ററുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കാവുന്നതാണ്.
3. ശുദ്ധജലം ലഭിക്കാൻ പൊതുകിണറുകളും കുളങ്ങളും വൃത്തിയായി സംരക്ഷിക്കാവുന്നതാണ്.
4. പരിസര മലിനീകരണത്തിനുള്ള ഒരവബോധം ജനങ്ങളിൽ സൃഷ്ടിക്കാവുന്നതാണ്.
5. മാലിന്യങ്ങൾ നിർമ്മാർജ്ജനംചെയ്യാൻ പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
6. ഡോക്ടർമാർക്കും, പാരാ മെഡിക്കൽ സ്റ്റാഫിനും താമസ സൗകര്യം ഉണ്ടാക്കാൻ പഞ്ചായത്തിന് മുൻകൈയെടുക്കേണ്ടതാണ്.
7. മെഡിക്കൽ സ്റ്റോറുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കാം.
8. ചെലവുകുറഞ്ഞ കക്കൂസുകൾക്ക് പ്രചാരം കൊടുക്കുകയും, അവ നിർമ്മിക്കാൻ പഞ്ചായത്ത് തലത്തിൽ പരിശീലനം കൊടുക്കാനും സാധ്യതയുണ്ട്.
9. മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി, കമ്പോസ്റ്റ്, മറ്റുപയോഗപ്രദമായ വസ്തുക്കൾ ഉണ്ടാക്കാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്.
10. വൃദ്ധമന്ദിരങ്ങൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് തുടങ്ങാവുന്നതാണ്.
11. വടവന്നൂരിലും ഊട്ടറയിലും കേന്ദ്രീകരിച്ച് രണ്ട് കംഫർട്ട് സ്റ്റേഷനുകൾ സ്വകാര്യമേഖലയിൽ ആരംഭിക്കാവുന്നതാണ്.
12. ശ്മശാനങ്ങൾക്ക് ചുറ്റുമതിലും, ഗെയ്റ്റും ഉണ്ടാക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. ആരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. വീടുതോറും കക്കൂസുകളുടെ അഭാവം.
3. ശ്മശാനങ്ങളുടെ അപര്യാപ്തത, സംരക്ഷണ സംവിധാനത്തിന്റെ അഭാവം.
4. ഡ്രെയിനേജ് സംവിധാനം പലഭാഗത്തും ഇല്ല.
5. പൊതു സ്ഥലങ്ങൾ ശുചീകരിക്കാൻ പഞ്ചായത്തിൽ സംവിധാനം ഇല്ല.
6. എക്സ്റേ പ്ലാന്റ്, പോസ്റ്റ്മാർട്ടം സെന്റർ എന്നിവ ഇല്ല.
7. കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
8. പൊതുജനാരോഗ്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഇല്ലായ്മ.
9. അംഗനവാടി മുഖേന പോഷകാഹാരവിതരണം ഇല്ലായ്മ.
10. പഞ്ചായത്തു തലത്തിൽ ഹെൽത്ത് വിസിറ്ററും, ഹെൽത്ത് ഇൻസ്പെക്ടറും ഇല്ല.
11. ആരോഗ്യ കേന്ദ്രത്തിൽ മരുന്നുകളുടെ അഭാവം.
12. ശവശരീരങ്ങൾ ശ്മശാനത്തിലേക്ക് കൊണ്ടുപോകാൻ സംവിധാനം ഇല്ല.
13. പരിസര മലിനീകരണങ്ങളെ കുറിച്ച് ബോധവൽക്കരണം നടക്കുന്നില്ല.
14. ഡോക്ടർക്കും, ജീവനക്കാർക്കും താമസസൗകര്യം ഇല്ലായ്മ.

478

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ആരോഗ്യകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കുകയും കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക.
2. എല്ലാവീടുകളിലും കക്കൂസുകൾ നിർമ്മിക്കാൻ പദ്ധതികൾ ഉണ്ടാക്കുക.
3. നിലവിലുള്ള ശ്മശാനങ്ങൾ സംരക്ഷിക്കാനും, പുതിയ ശ്മശാനങ്ങൾ വേണ്ടസ്ഥലത്ത് അവ നിർമ്മിക്കാനും നടപടി സ്വീകരിക്കുക.
4. പഞ്ചായത്തിന്റെ എല്ലാഭാഗത്തും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തുക.
5. പൊതുസ്ഥലങ്ങൾ ശുചീകരിക്കാൻ പഞ്ചായത്തിൽ നിന്നും സംവിധാനം ഉണ്ടാക്കുക.
6. പഞ്ചായത്തിൽ ഒരു എക്സറേ പ്ലാന്റ് നിർമ്മിക്കുക.
7. ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
8. പോസ്റ്റുമോർട്ടം സെന്റർ അടിയന്തിരമായി നിർമ്മിക്കുക.
9. പൊതുജനാരോഗ്യത്തെകുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.
10. അംഗനവാടി മുഖേന പോഷകാഹാര വിതരണം ഊർജ്ജിതമാക്കുക.
11. പഞ്ചായത്തുതലത്തിൽ ഹെൽത്ത് ഇൻസ്പെക്ടറെയും, ഹെൽത്ത് വിസിറ്ററേയും നിയമിക്കുക.
12. ശവശരീരങ്ങൾ ശ്മശാനത്തിലേക്ക് കൊണ്ടുപോകാൻ സ്ഥിരമായമൊരു വണ്ടി ഉണ്ടാക്കുക.
13. ആരോഗ്യ കേന്ദ്രത്തിൽ ജോലി എടുക്കുന്ന ഡോക്ടർക്കും, ജീവനക്കാർക്കും താമസ സൗകര്യം ഉറപ്പു വരുത്തുക.
14. ശിവക്ഷേത്രത്തിനോടനുബന്ധിച്ചുള്ള മാരാംകുളം ചളി നീക്കി വെള്ളം ശുചീകരിക്കാൻ സംവിധാനം ഉണ്ടാക്കുക.

### പട്ടിക - 1
### പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് കണക്കും.

| വാർഡ് നമ്പർ | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാനരോഗം | പ്രവർത്തനത്തെകുറിച്ച് വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശം |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | ഇല്ല | ഇല്ല | വയറിളക്കം, പനി | - | - |
| 2 | ഇല്ല | ഇല്ല | പനി | - | - |
| 3 | ഇല്ല | ഇല്ല | ചിക്കൻപോക്സ്, പനി | - | - |
| 4 | ഇല്ല | ഇല്ല | വയറിളക്കം | - | - |
| 5 | ഇല്ല | ഇല്ല | പനി, മഞ്ഞപിത്തം | കെട്ടിടം സുരക്ഷിതമല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. | കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുക, ഡോക്ടർക്ക് താമസിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക. |
| 6 | ഇല്ല | ഇല്ല | കുഷ്ഠം, ക്ഷയം, വൈറസ് രോഗം | - | - |
| 7 | ഇല്ല | ഇല്ല | പനി, വയറിളക്കം | - | - |
| 8 | ഇല്ല | ഇല്ല | വയറിളക്കം | - | - |
| 9 | ഇല്ല | ഇല്ല | ക്ഷയം, കുഷ്ഠം, മഞ്ഞപിത്തം, വയറിളക്കം, | - | - |

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് വടവന്നൂർ പഞ്ചായത്ത്. വ്യാവസായിക സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും പലവിധ പശ്നങ്ങളാൽ ഈ മേഖലയ്ക്ക് വളരെ മങ്ങലേറ്റിട്ടുണ്ട്. പരമ്പരാഗത വ്യവസായത്തിന്റെ കാര്യത്തിലും വളരെ പിറകിലാണ്. ഉല്പാദനങ്ങൾക്ക് വിപണി കണ്ടെത്തുകയെന്നതാണ് പ്രധാന പ്രശ്നം. പരിചയ സമ്പന്നരായ തൊഴിലാളികളുടെ കുറവ് ഈ മേഖലയെ തളർത്തുന്നു. വ്യാവസായികാവശ്യത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ, ഗതാഗതം, വൈദ്യുതി, അസംസ്കൃത വസ്തുക്കൾ എന്നിവയുടെ അപര്യാപ്തതയാണ് മറ്റൊന്ന്. തൊഴിലാളികൾക്ക് അർഹമായ കൂലി ലഭിയ്ക്കുന്നില്ല. അതുകൊണ്ട് പലരും തൊഴിൽതേടി മറ്റു മേഖലകളിലേയ്ക്ക് പോകുന്ന പ്രവണത ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്. വ്യാവസായിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകി പരിരക്ഷിക്കേണ്ടത് വളരെ പരമ പ്രധാനമായ സംഗതിയാണ്.

## പരമ്പരാഗത വ്യവസായങ്ങൾ

പപ്പട നിർമ്മാണം, കാളവണ്ടി നിർമ്മാണം, പുൽപ്പായ നെയ്ത്ത്, കൊട്ട, വട്ടി, പരമ്പ് എന്നിവയുടെ നിർമ്മാണം, മരപ്പണി, സ്വർണ്ണപ്പണി, കൊല്ലപ്പണി, ഓലപ്പായ നെയ്ത്ത് എന്നിവ ഇവിടത്തെ പാരമ്പര്യ തൊഴിലുകളാണ്. ആദ്യകാലഘട്ടത്തിൽ ഇവ വ്യാവസായികാടിസ്ഥാനത്തിൽ വികസിച്ചുവെങ്കിലും ക്രമേണ അതും തളർച്ചയിലായി. പ്രധാനമായും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ ബുദ്ധിമുട്ട് നേരിടുന്നതുകൊണ്ടാണ്. ഉല്പാദനങ്ങൾക്ക് മെച്ചപ്പെട്ട വിലയും ലഭിക്കുന്നില്ല. ഇക്കാരണങ്ങളാൽ ഈ മേഖലയിലുള്ളവർ മറ്റു മേഖലയിൽ തൊഴിൽ തേടി പോകുന്നു. ഇതിന്ന് അടയന്തിരമായി പോംവഴി കാണേണ്ടിയിരിക്കുന്നു.

## ചെറുകിട വ്യവസായങ്ങൾ

ഏറ്റവും കൂടുതൽ അരിമില്ലുകൾ ഉള്ള പഞ്ചായത്താണ് ഇത്. 15 അരിമില്ലുകൾ ഉള്ളതിൽ 2 എണ്ണം ആധുനിക സൗകര്യങ്ങൾ ഉള്ളതാണ്. 3 തടിയറപ്പുമില്ലുകൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഇഷ്ടിക നിർമ്മാണം ഇവിടെ നടക്കുന്നുണ്ട്. പുറമെ ഫർണീച്ചറുകൾ, സോപ്പ്, തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി, ഭക്ഷണത്തിന്നുപയോഗിക്കുന്ന അട എന്നിവ നിർമ്മിക്കുന്ന യൂനിറ്റുകളും ഉണ്ട്. തുന്നൽ പരിശീലനകേന്ദ്രം വനിതകളുടേതായിട്ടുണ്ട്.

ഇവയെല്ലാം നല്ലരീതിയിൽ വളർന്നുവന്നതും, എന്നാൽ ഇവയുടെ നില വളരെ മോശമായിത്തീർന്നിരിക്കുകയുമാണ്. അസംസ്കൃതവസ്തുക്കളുടെ കുറവ്, വൈദ്യുതി ലഭിക്കുതിന്നുള്ള ബുദ്ധിമുട്ട്, വിപണനക്കുറവ്, എന്നിവമൂലം ഇത്തരം വ്യവസായത്തെ കൂടുതൽ തളർത്തി. സഹകരണാടിസ്ഥാനത്തിലുള്ള കാർപ്പെന്ററി സൊസൈറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കുരിയാർകുറ്റി _ കാരപ്പാറ പദ്ധതികൾ നടപ്പിലായാൽ ഇവിടത്തെ വ്യാവസായികാവശ്യത്തിന്ന് വൈദ്യുതി ലഭിക്കും.

## ഖാദിമേഖല

അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന ഖാദി യൂണിറ്റ് ഇന്ന് തകർച്ചയെ നേരിടുന്നു. നിലവിലുള്ള സാമ്പത്തിക സാഹചര്യം മോശമാണ്. സാമ്പത്തിക സഹായം ഉണ്ടായാൽ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ മെച്ചപ്പെടുത്താനും, ഇതുമൂലം ഉല്പാദനം വർദ്ധിപ്പിക്കാനും കഴിയും. ഖാദിയുടെ യൂണിറ്റ് മറ്റു വാർഡുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. അതുകൊണ്ട് പ്രത്യേകിച്ച് വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാവുന്നു.

480

പട്ടിക.

## ഗ്രാമസഭകളിൽ വന്ന പ്രശ്നങ്ങൾ

1. നവീന രീതിയിൽ പ്രവർത്തിക്കുന്ന റൈസ്മില്ലുകളിലെ അസംസ്കൃത വസ്തു ( നെല്ല് ) വിന്റെ കുറവ്.
2. നിലവിലുള്ള റൈസ്മില്ലുകളിൽ നനവീനരീതിയിലുള്ള സംവിധാനം ഇല്ലായ്മ.
3. തടിയറപ്പു മില്ലുകളിൽ ആധുനികരീതിയിലുള്ള യന്ത്രസാമഗ്രികളുടെ കുറവ്.
4. ചെറുകിട വ്യവസായമായ തീപ്പെട്ടി നിർമ്മാണ യൂണിറ്റിൽ അസംസ്കൃത വസ്തു ലഭിക്കാത്തതും, വിപണന ബുദ്ധിമുട്ടും വ്യവസായത്തിന്റെ വളർച്ചക്ക് വിലങ്ങുതടിയാകുന്നു.
5. തൊഴിൽ ചെയ്യാൻ തയ്യാറുള്ള ചെറുപ്പക്കാർക്ക് വേണ്ടവിധത്തിൽ സാങ്കേതിക പരിശീലനവും, സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.
6. സിമന്റ് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് ഇല്ല.
7. ചെറുകിട കുടിൽ വ്യവസായങ്ങൾ ആരംഭിക്കാൻ വനിതകൾ തയ്യാറാകുന്നില്ല.
8. റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് ഇല്ല.
9. പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ കുറവാണ്.
10. ഉള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല.
11. കുടിൽ വ്യവസായങ്ങളായ, കാളവണ്ടി നിർമ്മാണം, പായ്നെയ്ത്ത് എന്നിവക്ക് വേണ്ടവിധത്തിൽ പ്രോത്സാഹനം ലഭിക്കുന്നില്ല.
12. പരമ്പരാഗത തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നില്ല. (എ) സ്വർണ്ണ തൊഴിലാളികളെ വൻകിട ജ്വല്ലറി ഉടമകൾ കയ്യടക്കുന്നതുകൊണ്ട് അവരുടെ തൊഴിൽ നഷ്ടപ്പെടുന്നു.
13. വ്യവസായങ്ങൾ മുഴുവൻ സമയം പ്രവർത്തിക്കുന്നതിന്നുവേണ്ട വൈദ്യുതി ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. അരിമില്ല്, തടിയറപ്പുമില്ല് എന്നിവ നവീകരിക്കാൻ വേണ്ട പ്രോൽസാഹനം നൽകുക.
2. അരിമില്ലുകളിൽ അസംസ്കൃത വസ്തു ( നെല്ല് ) സുലഭമായി ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
3. പായനെയ്ത്ത്, കാളവണ്ടി, റെഡിമെയ്ഡ്, തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, ചോക്ക് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് അർഹമായ പ്രോൽസാഹനം നൽകുക.
4. സിമന്റ്, ഉപയോഗിച്ച് ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കുക.
5. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ആധുനിക യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന്ന് സാങ്കേതിക പരിശീലനവും, സാമ്പത്തിക സഹായവും നൽകുക.
6. ചെറുകിട വ്യവസായങ്ങളും, കുടിൽവ്യവസായങ്ങളും ആരംഭിക്കാൻ തയ്യാറുള്ള വനിതകളെ പ്രോൽസാഹിപ്പിച്ച് കൂടുതൽ വനിതകളെ ഈ സംരഭങ്ങളിൽ കൊണ്ടുവരാൻ ശ്രമം നടത്തുക.
7. ചെറുപ്പക്കാരെ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന്ന് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.
8. നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽനിന്ന് വൈദ്യുത എടുത്ത് വ്യവസായ യൂണിറ്റുപ്രവർത്തിക്കുന്നതുകൊണ്ട് വോൾട്ടേജ് ക്ഷാമം നേരിടുന്നതിനാൽ നാലു പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടതാണ്.
9. സ്വർണ്ണ തൊഴിലാളികൾക്ക് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ധനസഹായം നൽകി അവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

## സാദ്ധ്യതകൾ

സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ വളരെ കുറവാണ്. സഹകരണാടിസ്ഥാനത്തിൽ പല വ്യവസായങ്ങൾക്കും സാദ്ധ്യതകൾ ഏറെയുണ്ട്. ഒന്നാം വാർഡിൽ ഇഷ്ടിക നിർമ്മാണം, ഓടു നിർമ്മാണം



481

എന്നിവക്ക് പദ്ധതികൾ ആരംഭിക്കാവുന്നതാണ്. ക്ഷീരോത്പാദനം മെച്ചപ്പെട്ട രീതിയിലാണെങ്കിലും വിപണന സാദ്ധ്യത കുറവാണ്. അതിനാൽ പാലുല്പന്നങ്ങൾക്ക് വ്യാവസായിക സാദ്ധ്യതയുള്ള പ്രദേശമാണ്. മിൽക്ക് ചില്ലിംഗ് യൂണിറ്റ് സ്ഥാപിച്ചാൽ ഇതിനുള്ള പരിഹാരമായി. കേരോല്പന്നങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമാണ്. കയർ. കയറുല്പന്നങ്ങൾ തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാം. ബാഗ്, റെഡിമെയ്ഡ്, അച്ചാറ്, ബേക്കറിസാധനങ്ങൾ, കുട, ചെരുപ്പ് എന്നിവയുടെ ചെറുകിട നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം. ഇത് സഹകരണ അടിസ്ഥാനത്തിലും ആവാം. ഹോളോ ബ്രിക്ക്സ്, കോൺക്രീറ്റ് ഉപയോഗിച്ച് കട്ടള, ജന്നൽ തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം. സ്വയം തൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി പ്രിന്റിംഗ് പ്രസ്സ്, എസ്. ടി. ഡി. ബൂത്ത് എന്നിവ ആരംഭിക്കണം. പാരമ്പര്യ സ്വർണ്ണ തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തണം. വൻകിടക്കാരുടെ ആധിപത്യം ഇവരെ തളർത്തുന്നു. വേണ്ടവിധത്തിൽ ആവശ്യമായ സാമ്പത്തിക സഹായം നൽകി സ്വർണ്ണ തൊഴിലാളികളെ രക്ഷിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളും, സാദ്ധ്യതകളും കണക്കിലെടുത്ത് അടുത്ത അഞ്ചുകൊല്ലത്തേക്കുള്ള പദ്ധതി തയ്യാറാക്കുമ്പോൾ ഈ പഞ്ചായത്തിന്റെ മുഖമുദ്ര തന്നെ മാറും. പഞ്ചായത്തിന്റെ ജനങ്ങളുത്തെ, സാമ്പത്തികവും, സാമൂഹികവുമായ മെച്ചപ്പെട്ട രീതിയിൽ മാറ്റം ഇതുമൂലം പ്രതീക്ഷിക്കുന്നു. അലക്കുപണി ചെയ്യുന്നവർക്ക് ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം ബാങ്കുകൾ ലഭ്യമാക്കേണ്ടതാണ്.

പട്ടിക 1

പരമ്പരാഗത വ്യവസായം

| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ | |
| 1. | പപ്പട നിർമ്മാണം | 2 | 3 | 5 | |
| 2. | പുൽപ്പായ നെയ്ത്ത് | 10 | 30 | 40 | |
| 3. | കൊട്ട,വട്ടി പരമ്പ് നിർമ്മാണം | 8 | 12 | 20 | |
| 4. | കാളവണ്ടി നിർമ്മാണം | 35 | | 35 | |
| 5. | ഫർണിച്ചർ | 45 | | 45 | |
| 6. | ഇരുമ്പുസാധനനിർമ്മാണം | 17 | | 17 | |
| 7. | സ്വർണ്ണതൊഴിലാളി | 35 | | 35 | |

482

## ആധുനിക വ്യവസായം

| ക്രമനമ്പർ | മോഡേൺ റൈസ്മിൽ | പു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | വി. വി. ആർ (പുതിയ പേര്) വിവേകാനന്ദ് | 1 | | |
| 2. | ഗായത്രി | 1 | | |
| 3. | വസന്ത | 1 | | |
| 4. | മരം അറുക്കൽ | 3 | | |

## പട്ടിക 11
## ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | |
| 1. | ഇഷ്ടിക | | 150 | 350 | 450 |
| 2. | സോപ്പ് | | 10 | | 10 |
| 3. | തീപ്പെട്ടി | | 15 | 35 | 50 |
| 4. | അരിമില്ലുകൾ | | 117 | 52 | 169 |
| 5. | ഖാദിവ്യവസായം | | | 20 | 20 |
| 6. | അടനിർമ്മാണം | | | 10 | 10 |
| 7. | അച്ചാർ നിർമ്മാണം | | 10 | 25 | 25 |
| 8. | തുന്നൽ പരിശീലനം | | | 60 | 60 |
| 9. | കിടക്കനിർമ്മാണം | | 6 | 4 | 10 |
| 10. | വെൽഡിംങ് | | 2 | | 2 |
| 11. | ഐസ് ഫാക്ടറി | | 15 | | 15 |
| 12. | മെഴുകുതിരി | | 8 | 2 | 10 |
| 13. | ചന്ദനത്തിരി | | 6 | 4 | 10 |
| 14. | ചോക്ക്നിർമ്മാണം | | 2 | 1 | 3 |
| 15. | ബ്രഷ് നിർമ്മാണം | | 3 | 2 | 5 |
| 16. | മസാലപ്പൊടിനിർമ്മാണം | | 2 | | 2 |
| 17. | ബാഗ്നിർമ്മാണം | | 2 | 5 | 7 |
| 18. | എംബ്രോയഡറി റെഡിമെയ്ഡ് | | 3 | 6 | 9 |
| 19. | ഹോളോബ്രിക്സ് കോൺക്രീറ്റ് | | | | |

പട്ടിക 111

| ചെറുകിട വ്യവസായം | പരമ്പരാഗത വ്യവസായം | തൊഴിൽചെയ്യുന്ന ആളുകളുടെഎണ്ണം | | കൂലി നിരക്ക് | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| അരിമില്ലുകൾ | | 175 | 50 | 60രൂപ | 35രൂപ |
| | പായ്നെയ്ത്ത് | 25 | 200 | 40രൂപ | 30രൂപ |
| അറപ്പുമില്ലുകൾ | | 27 | – | 100രൂപ | – |
| | മരപ്പണി | 250 | – | 100രൂപ | – |
| തീപ്പെട്ടിനിർമ്മാണം | | 9 | 97 | 90രൂപ | 30രൂപ |
| | സ്വർണ്ണപ്പണി | 75 | – | 150രൂപ | – |
| സോപ്പുനിർമ്മാണം | | 15 | – | 75രൂപ | – |
| | ഇരുമ്പുപണി | 50 | – | | |
| ചെങ്കല്ല്നിർമ്മാണം | | 15 | 135 | 100രൂപ | 40രൂപ |
| | ഓലപ്പായ | – | 25 | – | 40രൂപ |
| ചന്ദനത്തിരി | | 4 | – | 75 | – |
| | പപ്പടനിർമ്മാണം | | | | |
| മെഴുകുതിരി | | 5 | – | 75 | – |
| | കാളവണ്ടിനിർമ്മാണം | 5 | – | 100രൂപ | – |

ആശംസകളോടെ

*സ്കൂൾ സംബന്ധിച്ച എല്ലാവിധ ഫോറങ്ങൾക്കും, മറ്റു സർക്കാർ ആഫീസുകളിലേക്ക് അപേക്ഷിക്കേണ്ട എല്ലാ ഫോറങ്ങൾക്കും എൽ. പി. ജി. ഗ്യാസ് ബുക്കിങ്ങിനും സമീപിക്കുക*

# അനിത ഏജൻസീസ്

**പട്ടത്തലച്ചി, വടവന്നൂർ.**

**പ്രൊപ്രൈറ്റർ : എ. സി. അപ്പുമാസ്റ്റർ**

**ഫോൺ : 362754**

# ഗതാഗതം

കേരളത്തിലെ ഏറ്റവും ചെറിയ പഞ്ചായത്തുകളിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന വടവന്നൂർ പഞ്ചായത്തിൽ തണൽ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ള 3.5 കി. മീറ്ററോളം ദൂരം മാത്രമേ പി. ഡബ്ലിയു. ഡി. റോഡുള്ളു. ഈ ഗ്രാമപഞ്ചായത്തിൽ ആകെ റോഡുകളിൽ 17_90 കി. മീറ്റർ ടാർ റോഡും, 18.20 കി. മീറ്റർ മെറ്റൽ റോഡും 8.30 കി. മീറ്റർ മൺ റോഡുമാണ്. ഇങ്ങിനെയൊക്കെയാണെങ്കിലും ചില പ്രദേശങ്ങൾ ഗതാഗതത്തിന് റോഡ് സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ആയതിലേക്ക് പുതിയ പാത നിർമ്മിക്കുകയും നിലവിലുള്ള റോഡുകൾ അറ്റകുറ്റപണികൾ ചെയ്ത്, ആവശ്യമുള്ളിടത്ത് പാലങ്ങൾ നിർമ്മിക്കുകയും ചെയ്ത് സൗകര്യപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഒരു റെയിൽവേ സ്റ്റേഷനും (കൊല്ലങ്കോട്) ഒരു ട്രെയിൻ ഹാർട്ട് സ്റ്റേഷനും (വടകന്നികാപുരം) ഉണ്ട്. 1932 മുതൽ റെയിൽ ഗതാഗതം ലഭ്യമായ നമ്മുടെ പഞ്ചായത്തിലൂടെ 10 കി. മീ. മീറ്റർ ഗേജ് തീവണ്ടിപ്പാതയാണ് കടന്നുപോകുന്നത്. ഇവിടെ നിന്ന് പൊള്ളാച്ചി ജംങ്ഷൻ വഴി പഴനി, മധുര, രാമേശ്വരം തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ഉള്ള യാത്രാ സൗകര്യം ലഭ്യമാണ്. കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽനിന്ന്. ഇന്ത്യയിലെ പ്രധാന നഗരങ്ങളിലേക്ക് വളരെ പരിമിതമായ തോതിൽ റിസർവേഷൻ സൗകര്യം ലഭിക്കുന്നുണ്ട്. 1930 കളിൽ കൊല്ലങ്കോടുനിന്ന് തൃശൂരിലേക്ക് തീവണ്ടി ഗതാഗതത്തിന്നുവെണ്ടി സർവ്വേ നടത്തിയിട്ടുണ്ട്. അതിനിയും പ്രാവർത്തികമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തും ബന്ധപ്പെട്ടവരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## ഗ്രാമസഭയിൽ വന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പരിധിയിലുള്ള ഉൾപ്രദേശങ്ങളിലേക്ക് പോകുന്ന റോഡുകൾ ഗതാഗതയോഗ്യങ്ങളല്ല.
2. പഞ്ചായത്തിലെ ജനവാസകേന്ദ്രങ്ങളിലേക്ക് ഗതാഗത സൗകര്യമില്ല.
3. റെയിൽ ക്രോസ്സുകളിൽ ഗെറ്റുമേൻ ഇല്ല.
4. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് ബസ്സ് സൗകര്യമില്ല.
5. വടകന്നികാപുരം റെയിൽവേഹാൾട്ട് സ്റ്റേഷനിൽ മേൽപ്പുരയും പ്ലാറ്റുഫോമും ഇല്ല.
6. റോഡുകൾക്കിരുവശത്തും അഴുക്കുചാലുകൾ ഇല്ല്.
7. പ്രധാന ജങ്ക്ഷനുകളിലെ അഴുക്കുചാലുകൾ തുറന്നു കിടക്കുന്നു.
8. സൗജന്യമായി സ്ഥലം അനുവദിച്ചിട്ടും റോഡു നിർമ്മിച്ചിട്ടില്ല.
9. റോഡുകളിലേക്ക് വെള്ളം കയറി ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.
10. പ്രധാന ജങ്ക്ഷനുകളിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ് ഇല്ല.
11. സൂപ്പർ ഫാസ്റ്റ് ബസ്സുകൾ നിർത്തുന്നില്ല.
12. ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ പോസ്റ്റ്, മരച്ചില്ലകൾ എന്നിവ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.
13. ടാക്സി, ഓട്ടോ സ്റ്റാൻഡുകൾ ഇല്ല.
14. ഗായത്രി പുഴയിൽ ആവശ്യമായ ഇടങ്ങളിൽ കൽപടവുകൾ ഇല്ല.
15. റോഡ് കൈയ്യേറ്റം.
16. ഒന്നിൽ കൂടുതൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന റോഡുകൾ അവഗണിക്കപ്പെടുന്നു.
17. ആലത്തൂർ, പല്ലശ്ശേന, വടവന്നൂർ, മീനാക്ഷിപുരം റൂട്ടിൽ ബസ് സൗകര്യം ഇല്ല.
18. കനാൽ ബണ്ടുകൾ ഗതാഗത യോഗ്യമാക്കണം.
19. പ്രധാന റോഡായ പൊക്കുന്നി, വടകന്നികാപുരം റോഡ് അവഗണിക്കപ്പെടുന്നു.
20. മടത്തതാറയിൽ നിലംപതി ആവശ്യമാണ്.
21. ശ്മശാന റോഡുകൾ ഗതാഗതയോഗ്യമല്ല.

## നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലേക്കുള്ള റോഡുകൾ അവഗണിക്കപ്പെടുന്നതിനുള്ള കാരണം അസന്തുലിതമായ ഫണ്ട് അലോട്ട്മെന്റ് ആണ്. ഓരോ വാർഡുകൾക്കും ആനുപാതികമായി ഫണ്ട് അനുവദിച്ചാൽ ഇതിന്ന് പരിഹാരമാവും.
2. പുതിയറോഡുകൾ മുൻഗണനാക്രമത്തിൽ അർഹതയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കുക.
3. കൂത്തമ്പാക്ക, കാരപ്പറമ്പ്, കൗണ്ടത്തറ, എന്നി റെയിൽവേ ഗെയിറ്റുകൾക്ക് വീതി കൂട്ടി ഗെയിറ്റ്മേനെ നിയമിക്കുക.
4. റോഡുകളടെ ശോചനീയാവസ്ഥ പരിഹരിച്ച് പ്രധാന റോഡിലൂടെ ബസ്സ് ഗതാഗതം ആരംഭിക്കാൻ പഞ്ചായത്ത് തലത്തിൽ താൽപര്യമെടുക്കുക.



485

5. വടകന്നികാപുരം ഹാൾട്ട് സ്റ്റേഷനിലെ മേൽപ്പുരയും പ്ലാറ്റ്ഫോമും നിർമ്മിക്കാനാവശ്യമായ റെയിൽ വകുപ്പിൽ ചെലുത്തുക.
6. പ്രധാനറോഡുകൾക്കിരുവശത്തും മുൻഗണനാക്രമത്തിൽ അഴുക്കുചാലുകൾ നിർമ്മിക്കുക.
7. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പട്ടത്തലച്ചി മേലെപ്പറമ്പ് പാത നിർമ്മിക്കുക.
8. ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കാൻ കുപ്പത്തൊട്ടികൾ പല ഭാഗങ്ങളിലായി സ്ഥാപിക്കുക.
9. അഴുക്കുചാലുകൾ ആഴ്ചയിലൊരിക്കലെങ്കിലും കഴുകി വൃത്തിയാക്കി റോഡുകളിലേക്ക് വെള്ളം കയറാത്ത വിധം ഭിത്തികൾ കെട്ടി സംരക്ഷിക്കേണ്ടതാണ്.
10. വൈദ്യശാല, പൊക്കുന്നി, ഗായത്രി മോഡേൺ റൈസ്മില്ലിനുമുൻവശം എന്നിവിടങ്ങളിൽ ഷോപ്പിംഗ് സെന്ററോടുകൂടിയ ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
11. വടവന്നൂർ ജങ്ക്ഷനിൽ സൂപ്പർഫാസ്റ്റ് നിർത്തുന്നതിന്നാവശ്യമായ നടപടിരകൾ സ്വീകരിക്കുക.
12. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്നായി പാതയോരത്തെ മരച്ചില്ലകൾ മുറിച്ചുമാറ്റാനുള്ള സംവിധാനവും, ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കാൻ ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് വേണ്ട നടപട്ടികൾ എടുക്കുക.
13. വടവന്നൂരിലും ഊട്ടറയിലും ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കുക.
14. ഊട്ടറ, ആലംപള്ളം, ന്നെി പുഴപ്പാലങ്ങളോടനുബന്ധിച്ച് കൂത്തമ്പാക്കയിലും ഗായത്രി പുഴയിലും കൽപ്പടവുകൾ നിർമ്മിക്കുക.
15. റോഡ് കൈയ്യേറ്റം ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
16. താമരപ്പാടം. വടവന്നൂർ പൊക്കുന്നി റോഡും മുല്ലക്കൽകുളമ്പ് റോഡും മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ട് അവ അവഗണിക്കപ്പെടുന്നു. ഇത്തരം റോഡുകളുടെ കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാക്കാൻ മറ്റു തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനമുണ്ടാക്കേണ്ടതാണ്.
17. ആലത്തൂരിൽനിന്ന് പല്ലശ്ശേന, വത്മവന്നൂർ വഴി മീനാക്ഷിപുരത്തേക്ക് ബസ് റൂട്ട് അനുവദിക്കാനുള്ള നടപടക്രമങ്ങൾ സ്വീകരിക്കുക.
18. കനാൽ ബങ്കുകൾ മെറ്റലിട്ട് ഗതാഗതയോഗ്യമാക്കുക.
19. വടകന്നികാപുരം പൊക്കുന്നി റൂട്ടിലൂടെ ഓടിയിരുന്ന ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കാനുള്ള അനുകൂല സാഹചര്യം ഉണ്ടാക്കേണ്ടതാണ്.
20. മടത്തതാറയിൽ തടയണയും നിലമ്പതിയും ഉണ്ടാക്കത്തക്കവിധത്തിൽ നടപടികൾ സ്വീകരിക്കുക.
21. ശ്മശാനങ്ങളിലേക്ക് റോഡുകൾ ഉണ്ടാക്കുകയും ഉള്ള റോഡുകൾ മെറ്റലിട്ട് സൗകര്യപ്പെടുത്തുകയും ചെയ്യുക.
22. ഊട്ടറ മലയപ്പള്ളത്തിലൂടെ തൃശൂർ വാണിജ്യകേന്ദ്രമായ മീനാക്ഷിപുരം പൊള്ളാച്ചി എന്നിവടങ്ങളിലേക്കും താലൂക്കാസ്ഥാനമായ ചിറ്റൂർ, ജില്ലാ ആസ്ഥാനമായ പാലക്കാട് എന്നിവടങ്ങളിലേക്കും നിർത്തലാക്കിയ ബസ് റൂട്ട് പുനരാരംഭിക്കുവാനുള്ള നടപടി എടുക്കണം.

### സാദ്ധ്യതകൾ

1. കൊല്ലങ്കോട്, പാലക്കാട് പി. ഡബ്ലിയു. ഡി. റോഡിൽ ഗായത്രി പുഴയിലുള്ള പാലം വീതി കൂട്ടി പുതുക്കി പണിയേണ്ടതാണ്.
2. ആലംപള്ളം നിലമ്പതിപ്പാലം ഇറക്കം കോൺക്രീറ്റ് ചെയ്യണം.
3. കൊല്ലങ്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നും തിരുവനന്തപുരം, ബോംബെ, ഡൽഹി,, മദ്രാസ്, ബാംഗ്ലൂർ, തിരുച്ചിറപ്പള്ളി, എന്നിവടങ്ങളിലേക്കുള്ള റിസർവേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.
4. ഒലവക്കോട് പൊള്ളാച്ചി വഴി കോയമ്പത്തൂരിലേക്കുള്ള ട്രെയിൻ സർവ്വീസ് പുനസ്ഥാപിക്കേണ്ടതാണ്.
5. ശ്മശാനങ്ങളിലേക്കുള്ള റോഡുകൾ യുദ്ധകാലാടിസ്ഥാനത്തൽ നിർമ്മിക്കേണ്ടതാണ്.
6. വടവന്നൂരിൽനിന്ന് പ്രധാനസ്ഥലങ്ങളിലേക്കുള്ള ഓട്ടോ ടാക്സി ചാർജ്ജുകൾ പ്രധാന സ്ഥലത്തെ ബോർഡുകളിലെഴുതി സ്ഥാപിക്കുക.
7. പൊക്കുന്നിയിലും ( എസ്.ഡി മില്ലിന്നുമുൻവശം ) പൂന്തോണി ( ഗായത്രി മോഡേൺ റൈസ്മില്ലിന്നു മുൻവശം ) വൈദ്യശാല ( അയ്യപ്പൻകാവ് ) എന്നിവിടങ്ങളിൽ ഷോപ്പിംഗ് സെന്ററോടുകൂടിയ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.
8. കൊല്ലങ്കോട് കേന്ദ്രമായി കെ. എസ്. ആർ. ടി.. സി. സബ് സ്റ്റേഷൻ ആരംഭിക്കുകയും കേരളത്തിന്റെ ജില്ലാ ആസ്ഥാനങ്ങളിലേക്കും തമിഴ് നാട്ടിലെ പ്രധാന കേന്ദ്രങ്ങളിലേക്കും സർവ്വീസ് ആരംഭിക്കേണ്ടതാണ്.

## അനുബന്ധം_ബി പട്ടിക 1

## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേർ | സുമാർ നീളം | സുമാർ വീതി |
|---|---|---|---|
| 1. | 1. വാട്ടയാറിൽനിന്ന് നായ്ക്കൻപൊറ്റയിലേക്കുള്ള പാത | 200 മീറ്റർ | 4 മീറ്റർ |
| | 2. ഊട്ടറ കനാൽ ബണ്ടിലൂടെപാലൂർപാടം വഴി വാട്ടയാറിലേക്ക് | 250 ,, | 4 ,, |
| | 3. ആലംപള്ളം ശ്മശാനത്തിലേക്ക് | 150 ,, | 4 ,, |
| 2. | 1. മലയമ്പള്ളം ആനമാറി റോഡ് (തേക്കിൻകാട് പഴയകളം വഴി ) | 1.5 കി. മീറ്റർ | 6 ,, |
| | 2. മലയമ്പള്ളത്തുനിന്ന് കോഴികുത്തിയിലേക്ക്. ഇതിൽ പാലം പണിയണം. ( സ്ഥലം ലഭ്യമാണ് ) | 1.25 ,, | 5 ,, |
| | 3. കണ്ടനാറയിൽ നിന്ന് മലയമ്പള്ളത്തേക്ക് ( പട്ടിക ജാതി കോളനി ) | 500 മീറ്റർ | 4 ,, |
| | 4. ഊട്ടറ മെയിൻ റോഡിൽനിന്ന് പട്ടികജാതി കോളനിയിലേക്ക് | 200 മീറ്റർ | 3 ,, |
| | 5. കൂത്തമ്പാക്ക് ഒട്ടുങ്ങാട്ടക്കളം വഴി _ പണ്ടാരക്കാട് പട്ടികജാതി കോളനിയിലേക്ക് | 750 ,, | 4 ,, |
| | 6. കൂത്തമ്പാക്ക് ഒട്ടുങ്ങാട്ടക്കളം വഴി നെല്ലിശ്ശേരി വരെ | 750 ;; | 3 ,, |
| | 7. മലയമ്പള്ളം സ്കൂളിന്റെ മുൻവശത്തുനിന്ന് ഗായത്രി പുഴയിലേക്ക് പാർശ്വഭിത്തികൾ കെട്ടി കരിങ്കൽ പേവിംഗ് നടത്തിയ റോഡ് നിർമ്മിക്കേണ്ടതാണ് | 500 ,, | 5 ,, |
| 3. | 1. ലാൽബഹദൂർ ശാസ്ത്രി റോഡിൽനിന്ന് സത്രംപാതയിലേക്ക് | 750 ,, | 6 ,, |
| | 2. ചെന്നിയംപള്ളം മഴുവംപാടം വഴി തുമ്പിളുംപൊറ്റയിലൂടെ ശാസ്ത്രി റോഡിലേക്ക് | 1 കി. മീറ്റർ | 6 ,, |
| | 3. സത്രംപാതയിൽനിന്ന് മീങ്കരകനാൽ ബണ്ടിലൂടെ കാരപ്പറമ്പലേക്ക് | 750 മീറ്റർ | 4 ,, |
| | 4. ശാസ്ത്രി റോഡിൽനിന്ന് കല്ലറപറമ്പിലേക്ക് | 500 ,, | 4 ,, |
| | 5. ശാസ്ത്രി റോഡിൽനിന്ന് ചാമക്കാട്ടിലേക്ക് | 500 ,, | 4 ,, |
| | 6. പൊക്കുന്നി കൊടുന്തിരപ്പുള്ളി റോഡിൽനിന്ന് പുത്തൻകുളത്തിലേക്ക് | 25 ,, | 4 ,, |
| | 7. ആലങ്ങോടി പട്ടികജാതി കോളനിയിൽനിന്ന് മാമ്പള്ളത്തേക്ക് | 250 ,, | 4 ,, |
| | 8. ആലങ്ങോടി പട്ടികജാതി കോളനിയിൽനിന്ന് നെല്ലിശ്ശേരിയിലേക്ക് | 1 കി. മീറ്റർ | 4 ,, |
| 4. | 1. പൊക്കുന്നിയിൽനിന്ന് കുറ്റിക്കാട്ടുകുളമ്പിലേക്ക് | 1.5 ,, | 3 ,, |
| | 2. പൊക്കുന്നി സ്കൂളിന്റെ കിഴക്കുഭാഗത്തുകൂടി കൊല്ലത്തറ വഴി തങ്കയത്തിലേക്ക് | 1 ,, | '4 ,, |
| | 3. പൊക്കുന്നി വാരിയത്തിന്റെ മുൻവശത്തുനിന്ന് കനാബണ്ടിലൂടെ പൊന്നാരംപള്ളത്തേക്ക് | 500 മീറ്റർ | 4 ,, |
| | 4. പൊക്കുന്നി ശിവക്ഷേത്രത്തിന്റെ മുൻവശത്തുനിന്ന് 4. (എ) വി. എം. എച്ച്. എസിന്റെ പടഞ്ഞാറ് മൂലത്തറ ബണ്ടിലൂടെ മാവിൻകുളമ്പ് ഹരിജൻകോളനിയിലൂടെ പാലം പണിത് പൊന്നാരംപള്ളം പുത്തൻകോളനി വഴി പാലം നിർമ്മിച്ച് പൊക്കുന്നിക്കളംവഴി ചമ്പക്കുളത്തിലേക്ക്, | 3 കി. മീറ്റർ | 4 ,, |
| | പുളിങ്കാവ് കളം വഴി വള്ളികുളമ്പിലേക്ക് | 2.5 ,, | 4 ,, |

| | | | |
|---|---|---|---|
| | 5. മേട്ടുക്കട പെരുമ്പള്ളംവഴി മുല്ലക്കൽകൊള്ളുമ്പിലേക്ക് | 2 ,, | 6 ,, |
| | ( പഞ്ചായത്തിന്റെ മുൻവശത്തുനിന്ന് മൂലത്തറ കനാൽ ബണ്ടിലൂടെ വടക്കേക്കളം വരെ ) | 600 മീറ്റർ | 4 ,, |
| 5. | 1. ബാലകൃഷ്ണ റൈസ്മില്ലിന്റെ കിഴക്കുവശത്തുകൂടി കോരാത്തക്കളം വഴി മീങ്കര കനാൽ ബണ്ടിലൂടെ പി. ഡബ്ലിയു. ഡി. റോഡുവരെ | 1.5 കി. മീറ്റർ | 5 ,, |
| | 2. പാറശ്ശേരിയിൽനിന്ന് വാക്കാട് പട്ടികജാതികോളനി വാപ്പാടം വഴി ലാൽബഹദൂർ ശാസ്ത്രി റോഡിലേക്ക് | 1.5 മീറ്റർ | 4 ,, |
| | 3. മാരാൻകുളത്തിന്റെ തെക്കുഭാഗത്തുള്ള മീങ്കരകനാൽ ബണ്ടിലൂടെ തലയണപാടത്തേക്ക് | 500 ,, | 4 ,, |
| | 4. പൊക്കുന്നിയിൽനിന്നും കനാൽബണ്ടിലൂടെ കോരാത്തപ്പറമ്പിലേക്ക് | 500 ,, | 4 ,, |
| | 5. മാരാൻകുളത്തിന്റെ തെക്കേവരമ്പിലൂടെ അമ്പലപ്പറമ്പിലേക്ക് | 750 ,, | 4 ,, |
| | 6. ശാസ്ത്രി റോഡിൽനിന്ന് മുളയോടി വാപ്പാടംവഴി കോരാത്തപറമ്പിലേക്ക് | 1.5 കി. മീറ്റർ | 4 ,, |
| | 7. പൊക്കുന്നി പാതയിൽനിന്ന് പറയംപൊറ്റയുടെ കിഴക്കുവശത്തുകൂടി ശ്മശാനത്തിലേക്ക് | 200 മീറ്റർ | 4 ,, |
| 6. | 1. മെയിൻറോഡിൽനിന്ന് മേലെ മീനിക്കോട് പട്ടികജാതികോളനി വഴി ശ്മശാനിത്തിലേക്കും അവിടെ നിന്നും തോട്ടോരത്തുകൂടി മുണ്ടപുളികൊളുമ്പിലേക്ക് | 2.5 കി. മീറ്റർ | 4 ,, |
| | 2. മഴൂർകാവിൽനിന്ന് കാക്കറക്കളം പുത്തൻകളം വളത്തുകാട് പട്ടികജാതി കോളനി വഴി പുവരങ്ങിയിലേക്ക് | 2.5 ,, | 4 ,, |
| | 3. മൂണ്ടപ്പുളിക്കാവ് ഭാഗത്ത് തോടുകളുടെ സംഗമ സ്ഥാനത്തായി ട്രാക്ടർ കടന്നുപോകാനുള്ള സൗകര്യത്തോടുകൂടിയ പാലം നിർമ്മിക്കുക. | 6 മീറ്റർ | 5 ,, |
| 7. | 1. മീങ്കര ഫീൽഡ് ബുത്തിലൂടെ പണ്ടാരക്കാട് പട്ടകജാതി കോളനി ഒടുങ്ങാട്ടങ്കളം വഴി കൂത്തമ്പാക്കിലേക്ക് | 1.5 കി. മീറ്റർ | 4 ,, |
| | 2. കരുമത്തക്കളം പട്ടികജാതി കോളനിയിൽനിന്ന് പണ്ടാരക്കാട് പട്ടികജാതി കോളനിയിലേക്ക് പാലം പണിയണം | 6 മീറ്റർ | 5 ,, |
| | 3. കരുമത്തക്കളം പട്ടികജാതികോളനിയിൽനിന്ന് കൂട്ടപ്പുരയിലേക്ക് | 25 ,, | 4 ,, |
| 8. | 1. കുട്ടാടംപാടം മുതൽ ചേപ്പാടം വരെ | 500 ,, | 4 ,, |
| | 2. ഊട്ടറ സ്കോഡാ ,റൈസ്മില്ലിന്റെ മുൻവശത്തുനിന്ന് പടിഞ്ഞാറോട്ട് കന്യാടുവരെ | 750 ,, | 4 ,, |
| | 3. കൗണ്ടത്തറകനാൽബണ്ടിലൂടെ തലയിണപ്പാടം വരെ | 300 ,, | 4 ,, |

| | | | | |
|---|---|---|---|---|
| | 4. | രാമചന്ദ്രമേനോൻ റോഡിൽനിന്ന് പുവരങ്ങിയിലേക്ക് | 750 ,, | 4 ,, |
| 9. | 1. | ഗായത്രി മില്ലിന്റെ വടക്കുവശത്തുകൂടി അംഗൻവാടി കെട്ടിടം വരെ | 300 ,, | 4 ,, |
| | 2. | മീങ്കര കനാൽ ബണ്ടിലൂടെ കരിപ്പോട് ജങ്ക്ഷനിലേക്ക് | 2.5 കി. മീറ്റർ | 3 ,, |
| | 3. | പരപ്പരക്കുളമ്പിൽ മീങ്കരകനാലിന് കുറുകെ പാലം | 6 മീറ്റർ | 5 ,, |
| | 4. | കാണ്ടപറമ്പ്, പെരുമ്പള്ളം പൂന്തോണി വഴി മീങ്കര ബണ്ടിലേക്ക് | 1.5 കി. മീറ്റർ | 4 ,, |
| | 5. | പൊക്കുന്നി പാതയും കൊഞ്ഞങ്ങോട് മാനുഷി വഴി പെരുമ്പള്ളത്തേക്ക് | 1 ,, | 4 ,, |
| | 6. | മുല്ലക്കൽകൊളമ്പിൽനിന്ന് പട്ടികജാതി കോളനിയിലേക്ക് | 100 മീറ്റർ | 4 ,, |
| | 7. | മുല്ലക്കൽകൊളമ്പിൽനിന്ന് അങ്ങേപ്പാട്ടുകൊളമ്പിലൂടെ പൊക്കുന്നി പാതയിലേക്ക് | 400 ,, | 4 ,, |
| | 8. | പഞ്ചായത്തിന്റെ മുൻവശത്തുകൂടെ മാനുഷി വഴി തേക്കനാൽ കുളമ്പിലേക്ക് | 1 കി. മീറ്റർ | 4 ,, |

## നിലവിലുള്ള റോഡുകളുടെ വിതരണം പട്ടിക _ 1

### പഞ്ചായത്ത് രേഖകൾ വാർഡ് മെമ്പർമാർ വാർഡിലെ പ്രധാന പ്രവർത്തകർ എന്നിവരിൽനിന്നും ശേഖരിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | നിലവിലുള്ളറോഡിന്റെ പേര് | ദൂരം കി.മീ | വീതി | ടാർ ചെയ്തതു | മെറ്റൽ | കോൺ | മണ്ണ് | ഓട യുള്ളത് | കല്ലുകൾ | ഗ്രാമസഭകളിൽ ഇംപ്രൂമെൻറിന് വന്ന നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | 1. | ഊടറ ആലമ്പള്ളംറോഡ് | 2..5 | 8മീറ്റർ | ടാർ | - | - | - | ഇല്ല | 2 Nos | ഡ്രൈനേജ്നിർമ്മിച്ച്റീടാർ ചെയ്യണം |
| | 2. | വി. പി. ത്തററോഡ് | 1.5 | 6 ,, | | മെറ്റൽ | | | ,, | ,, | ഭാഗികമായിമെറ്റൽചെയ്തതുപൂർണ മായിമെറ്റൽചെയ്യതു. ഗായത്രി പുഴയിലേക്ക് ഇറങ്ങുവാൻ 2 കടവ് നിർമ്മിക്കണം. |
| 2. | 1. | ഊടറ മലയമ്പള്ളംറോഡ് | 4 .25 | 8 ,, | ,, | | | | ,, | 5 ,, | ആദ്യഭാഗം റീടാർ ചെയ്യണം |
| | 2. | പുല്ലവായ്കുളമ്പ് ഐ.എച്ച്.ഡി.പി കോളനിറോഡ് | 700മീറ്റർ | 6 ,, | | ,, | | | ,, | 2 ,, | മുഴുവനും മെറ്റൽ ചെയ്യണം |
| | 3. | മഠത്തിനാറ റോഡ് | 500 ,, | 4 ,, | | | | മണ്ണ് | ,, | 1 ,, | കരിങ്കൽ പേവിംഗ് ചെയ്തു ഗതാഗത യോഗ്യമാക്കണം |
| | 4. | കറുത്തോടുള്ളകുളമ്പ് കണ്ടനാററോഡ് | 1 കി.മി. | 4 ,, | | | | ,, | ,, | | മെറ്റൽ ചെയ്യണം |
| | 5. | കറുത്തോടത്തുകുളമ്പ് വട്ടെച്ചിറ | 1.5 ,, | 4 ,, | | | | ,, | ,, | | മെറ്റൽ ചെയ്യണം |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3. | 1. | ലാൽബഹദൂർശാസ്ത്രിറോഡ്സത്രംവരെ | 2 ,, | 8 ,, | | ,, | | | ,, | 5 ,, | മേനക്കത്തുകളംമുതൽ സത്രംവരെ വീതി കൂടി മെറ്റൽചെയ്യണം |
| | 2. | ചെന്നിയംപള്ളംറോഡ് | 750 മീറ്റർ | 6 ,, | | ,, | | ,, | | 2 ,, | ഭാഗികമായി മെറ്റൽചെയ്തതു പൂർണ്ണമായി മെറ്റൽ ചെയ്തതു ആവശ്യമുള്ളിടത്തു സൈഡ്പ്രൊട്ടക്ഷൻ കെട്ടണം |
| | 3. | കാരപ്പറമ്പ്റോഡ് | 750 ,, | 4 ,, | | ,, | | | ,, | | റീമെറ്റൽ ചെയ്യണം |
| | 4. | പൊക്കുന്നി ആലങ്കോടിറോഡ് | 3 കി.മി. | 4 ,, | | ,, | | | ,, | | മെറ്റൽചെയ്തു ടാർചെയ്യണം |
| | 5. | പൊക്കുന്നി മാമ്പള്ളം കാന്നൂർകളം തേക്കിൻകാട് കൊടുന്തിരപ്പുള്ളിറോഡ് നെല്ലിശ്ശേരി | 3.5 ,, | 4 ,, | | ,, | | | ,, | | മെറ്റൽ ചെയ്തു പാർശ്വഭിത്തികൾ കെട്ടിഗതാഗതയോഗ്യമാക്കണം |
| 4. | 1. | വട്ടത്തലച്ചി കൊശവൻകോട്റോഡ് | 3 ,, | 8 ,, | ടാർ | | ,, | | ,, | 6 ,, | പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണം |
| | 2. | പൊക്കുന്നി പുത്തൻതററോഡ് | 500 മീറ്റർ | 4 ,, | | | | മണ്ണ് | ,, | | റീടാറിങ്ങ് നടത്തണം |
| | 3. | പൊക്കുന്നി അമ്പലംറോഡ് | 150 ,, | 4 ,, | ടാർ | | | | ,, | | മെറ്റൽ ചെയ്യണം |
| 5. | 1. | വട്ടത്തലച്ചി മന്ദംഅയ്യപ്പൻകാവ് | 1 കി.മി. | 6 ,, | ,, | | | | ,, | | ഡ്രൈനേജ് കെട്ടണം |
| | 2. | വടകന്നികാപുരം റെയിൽവേ സ്റ്റേഷൻറോഡ് | 500 മീറ്റർ | 6 ,, | | ,, | | | ,, | | റീ ടാർ ചെയ്യണം |
| | 3. | വി.എം.എച്ച്.എസ്.വടക്കേകളംറോഡ് | 750 ,, | 4 ,, | | ,, | | | ,, | 2 ,, | ടാർ ചെയ്യണം |
| | 4. | കോരത്തപറമ്പ്റോഡ് | 500 ,, | 4 ,, | | ,, | | | ,, | 1 ,, | പാർശ്വഭിത്തികെട്ടി മെറ്റൽചെയ്യണം |
| | 5. | മന്ദപ്പുള്ളിറോഡ് | 800 ,, | 4 ,, | | ,, | | | ,, | 1 ,, | പാർശ്വഭിത്തികെട്ടി മെറ്റൽചെയ്യണം |
| 6. | 1. | വടകന്നികാപുരം പല്ലശ്ശേനറോഡ് | 2 കി.മി. | 8 ,, | ടാർ | | | | ,, | 1 ,, | കരിങ്കൽ പാരിംഗ് നടത്തണം |
| | 2. | പെരുമ്പിറോഡ് | 1.5 ,, | 4 ,, | | | | | ,, | 4 ,, | ടാർചെയ്ത് ബസ്റൂട്ട്അനുവദിക്കണം |
| | 3. | വടകന്നികാപുരം ഇമ്പിക്കാട്റോഡ് | 0.5 ,, | 4 ,, | | ,, | | | ,, | 2 ,, | മെറ്റൽചെയ്ത് പാർശ്വഭിത്തി കെട്ടണം |
| 7. | 1. | പൊക്കുന്നി ആലംങ്കോടിറോഡ് ( കോർട്ടേർസ് വഴി ) | 1 ,, | 4 ,, | | ,, | | | ,, | | വീതികൂട്ടി മെറ്റൽ ചെയ്യണം |
| | 2. | പൊക്കുന്നി കണ്ടൻകുളം | 0.5 ,, | 4 ,, | | | | മണ്ണ് | ,, | | മെറ്റൽ ചെയ്യണം |
| | 3. | പൊക്കുന്നി പഴയതറ | 500 മീറ്റർ | 4 ,, | | | | ,, | ,, | | മെറ്റൽ ചെയ്യണം |
| | 4. | തങ്കയം പള്ളിറോഡ് | 1 കി.മി. | 4 ,, | | | | ,, | | | മെറ്റൽ ചെയ്യണം |
| | | | | | | | | | | | മെറ്റൽ ചെയ്ത്റോഡിന്റെഅവസാന ഭാഗം കരിങ്കൽ പേവിംഗ് നടത്തണം |
| 8. | 1. | രാമചന്ദ്രമേനോൻറോഡ് | 500 മീറ്റർ | 4 ,, | ടാർ | | | | | | റീ ടാറിങ്ങ് ചെയ്യണം |
| | 2. | മരുതമ്പാടം കൂട്ടാടാംപാടംറോഡ് | 2 കി.മി. | 4 ,, | ,, | | | | | | റീ ടാറിങ്ങ് ചെയ്യണം |
| | 3. | കുറുപ്പത്ത്പാടംറോഡ് | 500 മീറ്റർ | 4 ,, | | | | | ,, | | മെറ്റൽ ചെയ്യണം |
| | 4. | കീഴച്ചിററോഡ് | 750 ,, | 4 ,, | | | | ,, | ,, | | മെറ്റൽ ചെയ്യണം |
| 9. | 1. | പൊന്നാരംപള്ളംറോഡ് | 2.5 കി.മി. | 6 ,, | ടാർ | | | ,, | ,, | | പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത് ബസ്റൂട്ട് അനുവദിക്കണം |
| | 2. | പിലാപ്പുള്ളിറോഡ് | 2 ,, | 8 ,, | | മെറ്റൽ | | | ,, | | മെറ്റൽ ചെയ്യണം |
| | 3. | മുല്ലക്കൽകുളമ്പ്റോഡ് | 500 മീറ്റർ | 4 ,, | | | | മണ്ണ് | ,, | | മെറ്റൽ ചെയ്യണം |
| | 4. | മനുഷിറോഡ് | 300 ,, | 4 ,, | | | | ,, | | | വീതികൂട്ടി മെറ്റൽ ചെയ്യണം |
| | 5. | പെരുംമ്പള്ളംറോഡ് | 500 ,, | 4 ,, | | | | ,, | ,, | | വീതികൂട്ടി മെറ്റൽ ചെയ്യണം |
| | 6. | പൂന്തോന്നിറോഡ് | 500 ,, | 6 ,, | | മെറ്റൽ | | ,, | ,, | | മെറ്റൽ ചെയ്യണം |

# ഊർജ്ജം

ആധുനിക യുഗത്തിൽ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഒഴിവാക്കാൻ കഴിയാത്ത ഒരു ഘടകമാണ്, വൈദ്യുതോർജ്ജം. ഊർജ്ജം വൈദ്യുതി മാത്രമാണെന്ന് ധരിക്കരുത്. നാം നിത്യേന ഉപയോഗിക്കുന്ന വിറക്, പാചകഗ്യാസ്, മണ്ണെണ്ണ, പെട്രോൾ, ഡീസൽ എന്നിവയും നമുക്ക് ആവശ്യമുള്ള ഊർജ്ജ സ്രോതസ്സുകളാണ്. വൈദ്യുതി ഉപയോഗിച്ച് പാചകം നടത്തുന്നത് നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. നാടിന്റെ വികസനത്തിന് വേണ്ട ഗാർഹികോപയോഗം എന്നിവക്ക് ആവശ്യമാണ്. എന്നാൽ ഇതിന്റെ ഉല്പാദനം വളരെ പരിമിതമാണ്. പഞ്ചായത്തിൽ ആകെ 2850 കണക്ഷനുകളുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. വൈദ്യുതി ഇതുവരെ എത്തിച്ചേരാത്ത സ്ഥലങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 22 ട്രാൻസ്ഫോർമറുകളിൽ മിക്കതും അധികഭാരം താങ്ങാൻ കഴിയാത്ത ശേഷികുറഞ്ഞ ട്രാൻസ്ഫോർമറുകളാണ്. വൈദ്യുതി കണക്ഷന്നുവേണ്ടി കാത്തിരിക്കുന്നവർ 200 ൽ അധികം വരും.

ജലവൈദ്യുത പദ്ധതി മാത്രം കൈമുതലായുള്ള നമുക്ക് വൈദ്യുതിയുടെ കാര്യത്തിൽ വളരെയേറെ പരിമിതികൾ ഉണ്ട്. ഇത്രയുംകണക്കിലെടുത്തുവേണം ഊർജ്ജത്തോടുള്ള സമീപനം. ശേഷികുറഞ്ഞ ട്രാൻസ്ഫോർമറുകളിൽനിന്ന് വീണ്ടും വീണ്ടും കണക്ഷനുകൾ നൽകുന്നതുമൂലം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. വിതരണത്തിൽ വരുന്ന തകരാറുമൂലം വോൾട്ടേജ് കുറവ് ഉണ്ടാകുന്നു. സമ്പന്ന ഗൃഹങ്ങളിൽ സ്റ്റെപ് _ അപ് ഉപയോഗിക്കുന്നതുകൊണ്ട് പാർശ്വ ഗൃഹങ്ങളിൽ വോൾട്ടേജ് സ്വാഭാവികമായും കുറയുന്നു. വൈദ്യുതി ലൈനുകളിൽ മരക്കൊമ്പുകളും, ചില്ലകളും വീണ് പലപ്പോഴും വിതരണത്തിൽ തടസ്സം സൃഷ്ടിക്കുന്നു. തെരുവുവിളക്കുകൾ ഉണ്ടെങ്കിലും പലതും പ്രകാശിക്കുന്നില്ല. എന്നാൽ പകലും തെരുവു വിളക്കുകൾ പ്രകാശിക്കുന്ന സ്ഥിതിയും ഉണ്ട്. അനധികൃതമായി വൈദ്യുതി ഉപയോഗിക്കുന്ന പ്രവണതയും കണ്ടുവരുന്നു. ഇതിലെല്ലാറ്റിലുമുപരി വൈദ്യുതി ജീവനക്കാരുടെ അനാസ്ഥയും, അവഗണനയും ഉപഭോക്താക്കൾക്ക് ക്ലേശം നേരിടുന്നു.

## ഗ്രാമസഭയിൽ വന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
2. എല്ലാ തെരുവുവിളക്കുകളും കത്തുന്നില്ല.
3. വൈദ്യുതി എല്ലാ സ്ഥലങ്ങളിലും എത്തിയിട്ടില്ല.
4. ഗാർഹികാവശ്യത്തിന് ഇന്ധനത്തിന്റെ കുറവ്.
5. ട്രാൻസ്ഫോർമറുകളുടെ ശേഷിയില്ലായ്മ.
6. പുകയില്ലാത്ത അടുപ്പുകളെ സംബന്ധിച്ച് ജനങ്ങളിൽ ബോധവത്കരണം നടന്നിട്ടില്ല.
7. കാർഷിക മേഖലക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ വരുന്ന കാലതാമസം.
8. വൈദ്യുതി ചാർജ്ജ് അടക്കുന്നതിന്ന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു.
9. സോഡിയം ബൾബുകൾ കുറവാണ്.

## നിർദ്ദേശങ്ങൾ

1. ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, പഴയതുമാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്ത് വോൾട്ടേജ് ക്ഷാമം ഇല്ലാതാക്കണം.
2. വൈദ്യുതി കടന്നുചെല്ലാത്ത എല്ലാഭാഗത്തേക്കും പുതിയ ലൈനുകൾ ഉണ്ടാക്കി വൈദ്യുതി എത്തിക്കാൻ സംവിധാനം ഉണ്ടാകണം.
3. തെരുവു വിളക്കുകൾ ഇല്ലാത്ത ഭാഗങ്ങളിലെല്ലാം പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കണം.സോഡിയം ബൾബുകൾ ആലമ്പള്ളത്തും വൈദ്യുതശാലയിലും സ്ഥാപിക്കണം.
4. ഘടകങ്ങളിൽ ഒന്നാണ് വൈദ്യുതി, കൃഷി, വ്യവസായം.
5. പ്രകാശിക്കാത്ത തെരവു വിളക്കുകൾ, ബൾബുകൾ മാറ്റി വെളിച്ചം നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.
6. അതാതു സമയങ്ങളിൽ കത്തിക്കാനും രാത്രി കഴിഞ്ഞ് അണക്കാനും ഉള്ള സംവിധാനം ഉണ്ടാകണം.
7. കാർഷിക മേഖലക്ക് നൽകുന്ന കണക്ഷനുകൾ ലളിതവും, സൗജന്യമാക്കാൻ നടപടി സ്വീകരിക്കണം.



491

8. വൈദ്യുതി എത്താത്ത പട്ടികജാതി _ പട്ടിക വർഗ്ഗ കോളനികൾക്ക് അടിയന്തിരമായി വൈദ്യുതി നൽകണം.
9. വൈദ്യുതി ജീവനക്കാരുടെ അനാസ്ഥയും അവഗണനയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

## സാദ്ധ്യതകൾ : _

വൈദ്യുതി ദുർവ്യയം ചെയ്യുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. സമ്പന്ന ഗൃഹങ്ങളിൽ സ്റ്റെപ്പ് _ അപ് വെക്കുന്നതും അലങ്കാരദീപങ്ങൾ പ്രകാശിപ്പിക്കുന്നതിന്നും നിയന്ത്രണം ഏർപ്പെടുത്തണം. കുറഞ്ഞ വോൾട്ടേജിൽ പ്രകാശിക്കുന്ന വൈദ്യുത ബൾബുകളെ കുറിച്ച് ജനങ്ങളിൽ ബോധവൽകരണം നടത്തേണ്ടതാണ്. ലൈനിന്റെ പാർശ്വ ഭാഗങ്ങളിൽ നിൽക്കുന്ന വൃക്ഷക്കൊമ്പുകൾ കാലാകാലങ്ങളിൽ മുറിച്ചുകളഞ്ഞ് വിതരണത്തിന്ന് തടസ്സം ഇല്ലാതാക്കുക. തെരുവു വിളക്കുകൾ കൂടുതലായി സ്ഥാപിക്കുക. ആലമ്പള്ളത്തും, വൈദ്യശാലയിലും സോഡിയം വിളക്കുകൾ സ്ഥാപിക്കാൻ കഴിയും. വൈദ്യുതി ചാർജ്ജ് അടക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കാം. ഇതിന്നുവേണ്ടി വൈദ്യുതി വകുപ്പിന്റെ ഒരു ബില്ലിംഗ് യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം, ഇതിന്ന് എളുപ്പമാർഗ്ഗം പഞ്ചായത്തതിർത്തിയിൽ വരുന്ന വിദ്യുത്ച്ഛക്തി സംബന്ധമായ പ്രവർത്തനങ്ങളുടെ എല്ലാ നിയന്ത്രണവും അതാതു പഞ്ചായത്തിന്ന് നൽകുക. തൽഫലമായി ഇപ്പോൾ അവരിൽ ആരോപിക്കുന്ന അനാസ്ഥയും, അഴിമതിയും അവസാനിപ്പിക്കാൻ കഴിയും. കാരപ്പാറ _ കുരിയാർകുറ്റി ജലവൈദ്യുത പദ്ധതി ഉടനടി നടപ്പിലായാൽ വടവന്നൂരിന്റെ വൈദ്യുതിക്ഷാമം ഒരു പരിധിവരെ ഒഴിവാക്കാം. ഇന്ധനച്ചിലവു കൂടി വരുന്ന ഈ കാലഘട്ടത്തിൽ പാചകത്തിന്ന് പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കണം. ബയോഗ്യാസ് പ്ലാന്റും, സൗരോർജ്ജത്തിൽനിന്ന് ഗാർഹികാവശ്യങ്ങൾക്കുള്ള ഇന്ധനം ലഭിക്കുന്നതിന്നുവേണ്ടി സൗരോർജ്ജം സംഭരിക്കുന്നതിന്നുള്ള ഒരു പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്. തെരുവു വിളക്കുകൾക്ക് മാത്രമായി മീറ്റർ ഘടിപ്പിച്ച് കത്തിക്കുന്ന യൂണിറ്റിന്നുമാത്രം ചാർജ്ജ് കൊടുക്കുകയാണെങ്കിൽ നല്ലൊരു തുക പഞ്ചായത്തിന്ന് ലഭിക്കാൻ കഴിയും. തെരുവുവിളക്കുകൾക്ക് ഉപയോഗിക്കുന്ന ബൾബുകൾ ഗുണമേന്മയുള്ളതായിരിക്കണം.

ഈ വിധത്തിൽ വരുന്ന അഞ്ച് കൊല്ലത്തേക്കുള്ള ഒരു പദ്ധതി നടപ്പാകുമ്പോൾ ഈ പഞ്ചായത്തിലെ ഊർജ്ജ ക്ഷാമം ഒരു പരിധി വരെ നിയന്ത്രക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശാസ്ത്രീയ പഠനം നടത്തിയിട്ടുള്ള മീൻവല്ലം മോഡലിൽ ജില്ലാപഞ്ചായത്ത് മുഖേന സീതാർകുണ്ട് വെള്ളച്ചാട്ടം, പലകപ്പാണ്ടി പദ്ധതി എന്നിവയിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കേണ്ടതാണ്.

പട്ടിക 1

| ക്രമ നമ്പർ | നിലവിലുള്ള വൈദ്യുതി വിതരണം | എണ്ണം | തെരവുവിളക്കുകൾ ബൾബുകൾ | എണ്ണം |
|---|---|---|---|---|
| 1. | വീടുകൾ | 2850 | 40 വാട്ട് | 346 |
| 2. | കടകൾ | 200 | 60 " | 13 |
| 3. | കൃഷിആവശ്യത്തിന് | 250 | 100 " | 72 |
| 4. | വൈദ്യുതിക്ക് അപേക്ഷിച്ചവർ | 170 | ട്യൂബ് | 30 |
| 5. | OYC സ്കീം | 12 | സോഡിയം ലാമ്പ് | 10 |
| 6. | OTP സ്കീം | 22 | ആകെ | 471 |

പട്ടിക 2

| ക്രമനമ്പർ | കോളണികൾ വൈദ്യുതീകരിച്ചത് | എണ്ണം |
|---|---|---|
| 1. | പട്ടികജാതി കോളനി | 10 |

പട്ടിക 3

വൈദ്യുതി ലൈനുകൾ

| | | |
|---|---|---|
| 1. | ത്രീ ഫേസ് High Density | 10 K. M. |
| 2. | സിംഗിൾ ഫേസ് Low Density | 44 K. M. |

പുതിയ ലൈനുകൾ

പട്ടിക 4

| ക്രമ നമ്പർ | ലൈനുകൾ വലിക്കേണ്ട സ്ഥലം | ലൈനുകളുടെ സ്വഭാവം | വേണ്ട ട്രാൻസ് ഫോർമറുകൾ | സുമാർ നീളം |
|---|---|---|---|---|
| 1. | നാരാംശം പുതിയ ലൈൻ വേണം | സിംഗിൾ ഫേസ് | 2 | 200 M |
| 2. | മലയാമ്പള്ളം, കണ്ടനാറ, എന്നിവിടങ്ങളിൽ പുതിയ ലൈൻ, മുസ്ലിംകോളനി പുതിയ ലൈൻ | " | 1 | 1050 M |
| 3. | കൂത്തമ്പാക്കിൽ നിന്നും ഓട്ടങ്ങാത്തക്കളത്തി ലേക്ക് പുതിയ ലൈനും,ലക്ഷംവീടുകോളനിയും | " | – | 300 M |
| 4. | വൈദ്യശാലമുതൽ കൃഷിഭവൻ വഴി കാരപ്പറമ്പ് വരെ | " | 1 | 800 M |
| 5. | ആലങ്കോടി I.H.D.P. കോളനിയിലേക്ക് | " | 1 | – |
| 6. | മാമ്പള്ളംമുതൽ കൊടുന്തിരപ്പുള്ളിവരെ | " | 1 | 1000 M |
| 7. | കൊശവൻകോട് മുതൽ ചമ്പക്കുളം അമ്പലംവരെ | " | 1 | 400 M |
| 8. | പൊക്കുന്നി മുതൽ പൊക്കുന്നിക്കളംവരെയും, പുളിങ്കാവ് പട്ടികജാതി കോളനിവരെ | " | – | 500 M |
| | 9.പൊക്കുന്നി ശിവക്ഷേത്രത്തിൽനിന്നും പുളിങ്കാവിലേക്ക് | " | – | 350 M |
| 10. | അമ്പലപ്പറമ്പിലേക്ക് പുതിയ വൈദ്യുതി ലൈൻ | " | 1 | 500 M |
| 11. | പൂക്കോട "സ്ഥലത്ത് പുതിയ ലൈൻ | " | – | 100 M |
| 12. | മീനിക്കോട് പട്ടികജാതി കോളനിക്ക് പുതിയ ലൈൻ വേണം | " | – | 200 M |
| 13. | കരിപ്പാലി കൂട്ടപുരക്ക് പുതിയ ലൈൻ | " | – | 500 M |
| 14. | പണ്ടാരക്കാട് പട്ടികജാതി കോളനിക്ക് ലൈൻ | " | – | 500 M |
| 15. | മുല്ലക്കൽകൊളമ്പ് പട്ടികജാതി കോളനിക്ക് പുതിയ ലൈൻ | " | 1 | 100 M |
| 16. | ഗായത്രി മില്ലിൽനിന്ന് പൂന്തോണി അംഗനവാടിവരെ | " | – | 500 M |
| 17. | കൂട്ടാടംപാടം പൂവരഞ്ഞി | " | 1 | 500 M |
| 18. | എസ്. സി. പി. കോളനി,, മരുതംപാടം | " | 1 | 100 M |



403

| | | | | |
|---|---|---|---|---|
| 19. | കുണ്ടുകാട് ലക്ഷംവീട് കോളനിക്ക്(സ്ട്രീറ്റലൈൻ) | | | 100 M |
| 20. | മുണ്ടപ്പുള്ളികാട് ഭാഗത്തേക്ക് | | 1 | 700 M |
| 21. | പല്ലൂർപാടം സ്ട്രീറ്റ്ലൈറ്റ് | | | |
| 22. | പൊക്കുന്നിയിൽനിന്ന് പുത്തൻതറയിലേക്ക് പുതിയ ലൈൻ | | | 300 M |
| 23. | പൊന്നാരംപള്ളം അങ്ങേപ്പാട്ടുകുളമ്പ് വരെ പുതിയലൈൻ | | | 400 M |

## തെരുവ് വിളക്കുകൾ പുതിയതായി സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
## ഗ്രാമസഭ നിർദ്ദേശങ്ങൾ
### പട്ടിക 5

| വാർഡ് | നിർദ്ദിഷ്ടസ്ഥലം | ബൾബ് | സോഡിയംലാമ്പ് |
|---|---|---|---|
| 1. | നായ്ക്കൽപൊറ്റ, ആലമ്പള്ളം_പൂളപ്പറമ്പ്റോഡ് പല്ലൂർപാടം, ഊട്ടറതിയേറ്ററിന് മുൻവശം ആലമ്പള്ള _ വി.പി.തറ, കറുപ്പൻകുടം, കിഴക്കത്താല | ✓ | ആലമ്പള്ളം 2<br>വാട്ടയാർ 1 |
| 2. | ഊട്ടറ_മലയമ്പള്ള റോഡ്_ | ✓ | |
| 3. | വൈദ്യശാല മുതൽ സത്രംകളംവരെ, ചെന്നിയമ്പള്ളം തേക്കിൻകാട്, കീഴേച്ചിറ റോഡ് | ✓ | വൈദ്യശാല |
| 4. | കൊശവൻകോട്_ചമ്പക്കുളംവരെ<br>പൊക്കുന്നി_പൊക്കുന്നിക്കളംവരെ<br>പുളിങ്കാവ് ഹരിജൻകോളനി | ✓ | |
| 5. | പേയാട്ട്പറമ്പ്, വാക്കാട്, വൈദ്യശാല_ട്രാൻസ് ഫോർമർവരെ, കോരാത്ത്പറമ്പ്വഴി വാപ്പാടം, വടവന്നൂർ_ഊട്ടറ | ✓ | വൈദ്യശാലജംഗ്ഷൻ_ പഞ്ചായത്താപ്പീസിന്ന് മുൻവശംപറശ്ശേരി |
| 6. | | | കുണ്ടുകാട്,മഴൂർകാവ് കാക്കറകളം |
| 7. | പഴയതറ,എസ്.ഡി. മില്ലിന്ന് എതിർവശം കണ്ടൻകുളം ഭാഗത്ത് പോകുന്ന കനാൽബണ്ട്റോഡ്, തങ്കയം അക്വഡേറ്റ്വഴി പോകുന്ന കനാൽബണ്ട്റോഡ് | ✓ | |
| 8. | കൗണ്ടത്തറ_ആലമ്പള്ളം, കീഴേച്ചിറ, കൂട്ടാടംപാടം മുതൽ കുറുപ്പത്ത്പാടം വരെ | ✓ | കീഴേച്ചിറമരുതമ്പാടം കൂട്ടാടംപാടം |
| 9. | പൊന്നാരംപള്ളം മുതൽ മുല്ലക്കൽകൊളമ്പ്വരെ പ്ലാപ്പുള്ളി _ പരപ്പരക്കുളമ്പ്, പുന്തോണി _ ഗായത്രിമിൽ _ അംഗൻവാടി, പ്ലാപ്പുള്ളി _ രക്കഞ്ചാത്ത്കൊളമ്പ്. | ✓ | 494 |

# ഭവനനിർമ്മാണം

പൊതുജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ പട്ടികയിൽ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാണ് പാർപ്പിടം. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഇല്ലെന്ന് പറയാൻ വയ്യ. നിർഭാഗ്യവശാൽ ഗൾഫ്രാജ്യങ്ങളിൽ നിന്നുള്ള പണത്തിന്റെ സ്വാധീനം വളരെയൊന്നും ബാധിക്കാത്ത പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. കോൺക്രീറ്റ് കെട്ടിടങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിലാണ്. കൃഷിസ്ഥലങ്ങൾ നികത്തിയാണ് അവിടെ ഭവനങ്ങൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ ഒരു പ്രവണത അടുത്ത കാലത്തായി കാണുന്നു. ഈ പഞ്ചായത്തിലെ ആകെ 4029 വീടുകളാണുള്ളത്. ഇതിൽ 97 വീടുകൾ കോൺക്രീറ്റ് കെട്ടിടങ്ങളാണ്. കൂടുതലും ഓടുമേഞ്ഞ കെട്ടിടങ്ങളാണ്. ഇതിന്റെ കണക്കുതിരിച്ചിട്ടുള്ള പട്ടിക ഒന്നിൽ.

പട്ടിക 1
വീടുകളുടെ തരം

| വാർഡ് നമ്പ്ര് | ഓട് | ടെറസ്സ് | ഓല | ഇരുനില കെട്ടിടം | ടെറസ്സ് ഓട് | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1. | 434 | 17 | 55 | 153 | – | 3 | 662 |
| 2 | 381 | 8 | 149 | 7 | – | 2 | 547 |
| 3 | 283 | 4 | 114 | – | – | 1 | 402 |
| 4 | 230 | 5 | 53 | – | – | 5 | 293 |
| 5 | 480 | 27 | 54 | 17 | – | 8 | 602 |
| 6. | 302 | 5 | 68 | 9 | – | 3 | 387 |
| 7. | 299 | 3 | 73 | – | – | 5 | 380 |
| 8. | 270 | 16 | 112 | 6 | – | 7 | 411 |
| 9. | 265 | 12 | 56 | 2 | – | 5 | 340 |

ഇതിൽ 323 വീടുകളിൽ മാത്രമേ അടിസ്ഥാന സൗകര്യങ്ങളുള്ളു. 38 വീടുകളിൽ സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസുകൾ ഉണ്ട്. ഇ. എസ്. പി. യോടുകൂടിയ കക്കൂസുള്ള വീടുകൾ 29 എണ്ണമാണ്. 256 വീടുകളിൽ പ്രാഥമികാവശ്യം നടത്താനുള്ള സൗകര്യം ഉണ്ടെന്നുമാത്രം. 2850 വീടുകൾ വൈദ്യുതീകരിച്ചതാണ്. ഐ. എ. വൈ, എം. ഡബ്ലിയു. എസ്, ജെ. ആർ. വൈ എന്നീ സ്കീമനുസരിച്ച് ഭവനം നിർമ്മിച്ചിട്ടുണ്ട്. അതിന്റെ കണക്കനുസരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.



495

## പട്ടിക 2
## വിവിധ പദ്ധതിപ്രകാരം ലഭിച്ച വീടുകൾ

| വർഷം | RLEGP | NREP | IYA | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 92-93 | - | - | 16 | 27 | 4 | 47 |
| 93-94 | - | - | - | 23 | 8 | 31 |
| 94-95 | - | - | 8 | 18 | 8 | 34 |
| 95-96 | - | - | 74 | 8 | 24 | 106 |
| 96-97 | - | - | 25 | - | - | 25 |

ഇതുകൂടാതെ ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും ഭവനനിർമ്മാണ ബോർഡ് മുഖാന്തിരം വായ്പ എടുത്തും നിർമ്മിച്ച വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. നിർമ്മിതി വീടുകൾക്കും ഇവിടെ പ്രചാരമുണ്ടെന്ന് തെളിയിക്കാൻ നാലു വീടുകൾ നിലകൊള്ളുന്നു.

ഈ വിധത്തിൽ വിവിധ സ്കീമുകൾ ഉണ്ടെങ്കിലും ഇങ്ങിനെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ട സാഹചര്യങ്ങളാണ് നിലവിലുള്ളത്. അതിനാൽ ഈ ആനുകൂല്യങ്ങൾ അനുഭവിക്കാൻ കഴിയാതെ പോവുന്നു. പ്രാഥമിക ആവശ്യങ്ങൾ പോലും നടത്താൻ സൗകര്യങ്ങൾ ഇല്ലാത്ത വീടുകളും കുറവല്ല. ഇതിനാൽ അവരുടെ ആവശ്യങ്ങൾ വെളിപ്രദേശങ്ങളിൽ നടത്തുന്നു. തന്മൂലം പരിസരമലിനീകരണം നടക്കുന്നു. ഇത് പൊതുജനാരോഗ്യത്തിന്ന് വളരെ ഭീഷണി ഉയർത്തുന്നുണ്ട്. കൃഷിഭൂമി നികത്തി വീടു നിർമ്മിക്കുന്നതുമൂലം കൃഷിഭൂമി ഇല്ലാതാവുന്നു. അനന്തരഫലം കൃഷത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഇത് വലിയ ഭീഷണിയാണ്. ഓലപ്പുരയുള്ളവർക്ക് മഴക്കാലത്ത് ചോർന്നൊലിക്കു അവസ്ഥയാണ്. വേനൽക്കാലങ്ങളിൽ അഗ്നിബാധയെ ഭയപ്പെടുന്നു. ഇതിനൊക്കെപ്പുറമെ നമ്മുടെ പഞ്ചായത്ത് കെട്ടിടം വളരെ ശോചനീയവസ്ഥയാണ്. മഴ പെയ്താൽ ചോർന്ന് വളരെ നഷ്ടങ്ങൾ ഉണ്ടാക്കുന്നു. മാത്രമല്ല പല ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞ് ഉദ്യോഗസ്ഥർക്ക് ഭീഷണിയായിത്തീരുന്നു.

മേൽപ്പറഞ്ഞ സംഗതികളിൽ ഉടൻ തന്നെ പരിഹാരം 9 ാം പദ്ധതിയിൽ കാണേണ്ടിയിരിക്കുന്നു. അടിയന്തിരമായി ഓലപ്പുരകൾ ഓലമാറ്റി ഓടാക്കുന്നുള്ള ധനസഹായം നൽകണം. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വീടുകൾക്ക് ചെറിയ തോതിലെങ്കിലും സൗകര്യം ഉണ്ടാക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാവണം. വീടില്ലാത്തവർക്ക് വീട് നിർമ്മിക്കാൻ വായ്പാ പദ്ധതി ഉദാരമാക്കണം. താഴ്ന്ന വരുമാനക്കാർക്ക്, സ്കീമിൽ ഉൾപ്പെടുത്താൻ കഴിയായാത്ത അവസ്ഥയിൽ മറ്റു ബാങ്കുകളിൽനിന്നോ, ഭവനനിർമ്മാണ ബോർഡിൽനിന്നോ, ഹൗസിംഗ് സൊസൈറ്റിയിൽനിന്നോ ലളിതമായ രീതിയിൽ ധനസഹാ ം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. സ്വന്തമായി സ്ഥലമുണ്ടായിട്ടും, പട്ടയം ഇല്ലാത്തതിന്റെ കുറവുകൊണ്ട് വീട് നിർമ്മിക്കാൻ വായ്പ ലഭിക്കാൻ സാധിക്കാത്ത അവസ്ഥ മാറണം. പട്ടയം ലഭിക്കാൻ അവർക്ക് വേണ്ട നടപടികൾ സ്വീകരിക്കണം. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് മിച്ചഭൂമിയിൽനിന്ന് 4സെന്റ് വീതം കൊടുത്ത് വീടുനിർമ്മിക്കാനുള്ള അവസരം സൃഷ്ടിക്കണം.

ഇപ്പോൾ ഘട്ടം ഘട്ടമായി ലഭിക്കുന്ന വായ്പ കുറെക്കൂടി ഉദാരമാക്കി സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്കും ഭവനനിർമ്മാണത്തിനുള്ള അവസരം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തിന്റെ ഇപ്പോഴുള്ള കെട്ടിടത്തിന്റെ അവസ്ഥ അടയന്തിരമായി പരിഗണിച്ചില്ലെങ്കിൽ ദൂരവ്യാപകമായ ദൂഷ്യഫലം ചെയ്യും. കെട്ടിടം മാറ്റിനിർമ്മിക്കുകയോ മറ്റോ ചെയ്ത് ഈ സ്ഥിതി ഒഴിവാക്കാം. ആധുനിക രീതിയിലുള്ള ഒരു കല്യാണമണ്ഡപവും നിർമ്മിക്കുക.

### ഗ്രാമസഭയിൽ വന്ന പ്രശ്നങ്ങൾ

1. പല വീടുകളും ഓലപ്പുരയാണ്.
2. പട്ടികജാതിക്കോളനികളുടെ അംഗീകാരമില്ലായ്മ
3. ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്
4. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം
5. നിർമ്മാണത്തൊഴിലാളികളുടെ കൂലിവർദ്ധനവ്
6. സ്വന്തമായുള്ള സ്ഥലത്തിന്ന് പട്ടയം ലഭിക്കായ്മ
7. സാധാരണക്കാർക്ക് വിവാഹം നടത്തുന്നതിന് ആധുനിക രീതിയിലുള്ള കല്യാണമണ്ഡപത്തിന്റെ അഭാവം

### നിർദ്ദേശങ്ങൾ

1. വീടുകൾ ഒടിടുന്നതിന്ന് ധനസഹായം നൽകുക. അത് ലഭിക്കാനുള്ള നടപടിക്രമങ്ങൾ ക്രമീകരിക്കുക.
2. പട്ടികജാതിക്കാർ ഒന്നിച്ചുതാമസിക്കുന്ന ഭാഗങ്ങൾ കണ്ടുപിടിച്ച് കോളനികളായി പ്രഖ്യാപിക്കുക.
3. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം തടയാനുള്ള നടപടികൾ സ്വീകരിക്കുക.
4. നിർമ്മാണത്തൊഴിലാളികളുടെ വേതനനിരക്ക് ഏകീകരിക്കുക.
5. പഞ്ചായത്തതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഹൗസിംഗ് സൊസൈററിയുടെ ഏരിയ വർദ്ധിപ്പിച്ച് വായ്പ ലഭിക്കുന്നതിനുള്ള നപടികൾ ലഘൂകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
6. വിവാഹകർമ്മങ്ങൾ നടത്താൻ ആധുനിക രീതിയിൽ സജ്ജീകരണങ്ങളോടുകൂടിയ ഒരു കല്യാണമണ്ഡപം നിർമ്മിച്ച് അതിനോടനുബന്ധിച്ച് അപ്രോച്ച്റോഡും നിർമ്മിക്കണം.

### സാദ്ധ്യതകൾ : _

സിമന്റുകൊണ്ട് നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് തുടങ്ങുക. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ ജനങ്ങളിൽ ബോധവൽക്കരണം നടത്തുക. ഇതിന്നായി നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം ആവശ്യപ്പെടാം. ഭൂമിയില്ലാത്തവർക്ക് മിച്ചഭൂമിയിൽനിന്നും 4 സെന്റ് നൽകി ഭവന നിർമ്മാണത്തിന്ന് ധനസഹായം നൽകുക. കുറഞ്ഞ ചിലവിൽ കക്കൂസുകൾ നിർമ്മിച്ച് അവ സൗജന്യമായി നൽകുക. ഇതിന്നായി ഇത് നിർമ്മിക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിപ്പിക്കുക. ഇത് പഞ്ചായത്തടിസ്ഥാനത്തിലോ സഹകരണാടിസ്ഥാനത്തിലോ ആവാം. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുക. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം നൽകുക. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്താനുള്ള നികുതി സംവിധാനം ഉണ്ടാക്കുക. കെട്ടിട നിയമനിർമ്മാണം ലഘൂകരിക്കുക. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിമൂലം ഇപ്പോൾ നൽകുന്ന ധനസഹായതുക വർദ്ധിപ്പിക്കുക. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക. രാജീവ് ദശലക്ഷപാർപ്പിട പദ്ധതിമൂലം നൽകുന്ന 26400 രൂപയിൽനിന്ന് 50000 രൂപയാക്കി ഉയർത്തുക. രജിസ്ട്രാപ്പീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 1000 കുടുംബക്കാർക്ക് ദേശീയശുചീകരണ പദ്ധതിയിൻകീഴിൽ കക്കൂസ് അനുവദിക്കുണം.

ഈ വിധത്തിൽ നടപടി ക്രമങ്ങൾ സ്വീകരിക്കാൻ കഴിഞ്ഞാൽ അടുത്ത അഞ്ചുകൊല്ലത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പേർക്കല്ലെങ്കിലും ഒരു പരിധിവരെ ഭവനരഹിതരെ ഇല്ലാതാക്കാൻ സാധിക്കുകയും, അതിനാൽ നമ്മുടെ പഞ്ചായത്തിന്ന് അഭിമാനിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.



497

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ രംഗം താരതമ്യേന പിന്നോക്കവസ്ഥയിലാണ് ഇപ്പോഴും. പദ്ധതി പുനരവലോകനക്കുറവാണ് ഇതിന്റെ പ്രധാനകാരണമെന്ന് മനസ്സിലാക്കാം. വികസന പ്രക്രിയയിൽ സാമൂഹ്യക്ഷേമരംഗത്ത് വളരെയേറെ പ്രാധാന്യം ഈ പഞ്ചായത്തിൽ നൽകേണ്ടതുണ്ട്.

അടസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയവയിൽ പരിപൂർണ്ണത കൈവരിച്ചുവെന്ന് പറയാൻ കഴിയില്ല. കുടിവെള്ളത്തിന്റെ കാര്യത്തിലും പ്രാഥമികാവശ്യങ്ങളുടെ കാര്യത്തിലും വളരെ പിറകിലാണെന്നു പറയാം. 1991 ലെ കണക്കെടുപ്പുപ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 16010 ആണ്. തൊഴിൽരഹിതരുടെ എണ്ണം 20% ആണ്. 1499 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. ഇതിൽ 92 കുടുംബങ്ങൾ പട്ടികജാതി - പട്ടികവർഗ്ഗക്കാരാണ്. സഹായം ലഭിച്ചതുവഴി 60 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയിട്ടുണ്ട്. നാളിതുവരെ 167 കുടുംബങ്ങൾക്കേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ഗ്രമീണ കൈതൊഴിലുകാരുടെ എണ്ണം 109 കുടുംബങ്ങളാണ്. ഇതിൽ 26 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുള്ളു. 83 കുടുംബങ്ങൾ സഹായത്തിന്നർഹതയുണ്ട്.

തൊഴിൽ പരിശീലനത്തിന്റെ കുറവ് സാമൂഹ്യക്ഷേമത്തിന്ന് വിഘാതമായി നിൽക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ട സംഗതിയാണ്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. അതിനാൽ കാർഷിക മേഖലയിലാണ് കൂടുതലാളുകളും തൊഴിൽ തേടുന്നത്. തൊഴിൽ രംഗത്തെ പുരുഷന്മാർക്ക് ശരാശരി 80 രൂപയും സ്ത്രീകൾക്ക് 40 രൂപയും ലഭിക്കുന്നുള്ളു. തൊഴിൽ ദിനങ്ങൾ കുറവായി അനുഭവപ്പെടുന്നു.

വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ട്. അഗതിപെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ. പെൻഷൻ അനുവദിക്കുന്നതിന്നുള്ള കാലതാമസം ഒരു പ്രശ്നമാണ്. അർഹരായ കുറേപ്പേർക്കുകൂടി പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ നിർദ്ധനരായ വിഭാഗങ്ങൾക്ക് ഓലപ്പുര കെട്ടിമേയുന്നതിന്ന് ധനസഹായം നൽകി വരുന്നുണ്ട്. അതു തീരെ അപര്യാപ്തമാണ്.

അംഗനവാടികൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. പലതിനും കെട്ടിട സൗകര്യങ്ങളില്ല. ഭൗതിക സാഹചര്യം തൃപ്തിയല്ല. അംഗനവാടികൾ മുഖേന വിതരണം ചെയ്യുന്ന പോഷകാഹാരം നല്ല നിലയിലല്ല. അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമവും ഉപയോഗപ്രദവുമാക്കേണ്ടതിന്റെ ആവശ്യകത പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിൽ ഒരു മഹിളാ സമാജം മാത്രമേ പ്രവർത്തിക്കുന്നുള്ളു. അതിന്റെ പ്രവർത്തനം കാര്യക്ഷമം അല്ലായെന്നുതന്നെ പറയാം. കൂടുതൽ മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ ആവശ്യം തന്നെയാണ്. സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് അറിവില്ലായ്മ ജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. സാമൂഹ്യക്ഷേമാവബോധം സൃഷ്ടിക്കേണ്ടത് പ്രധാന കാര്യമാണ്. മദ്യപാനംമൂലമുള്ള ദോഷങ്ങൾ രൂക്ഷമല്ലയെങ്കിലും സമ്പൂർണ്ണ മദ്യനിരോധനത്തിന്ന് പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. പുകവലി, മയക്കുമരുന്ന് ഇവ സാമൂഹ്യവിപത്താണെന്നുള്ള ബോധവൽക്കരണം നടത്തേണ്ടതുണ്ട്. വൃദ്ധമന്ദിരം, ക്രഷ് സൗകര്യം ഇവയുടെ അഭാവം ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കളിസ്ഥലം, പാർക്ക്, സാംസ്കാരി കേന്ദ്രങ്ങൾ ഗ്രന്ഥശാലകൾ ഇവയുടെ പോരായ്മ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടേണ്ടതാണ്.

സാമൂഹ്യ വനവൽകരണം, പൂന്തോട്ടനിർമ്മാണം, ഇവയ്ക്ക് പ്രധാന്യം കൽപ്പിക്കാം. വയോജന സാക്ഷരത, അംഗനവാടികളുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. പരിസരശുചിത്വം, ആരോഗ്യം, വ്യക്തിശുചിത്വം ഇവയെക്കുറിച്ച് ബോധവൽകരണം കൂടിയേ തീരു. സാമൂഹ്യക്ഷേമത്തിനു സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പലപദ്ധതികളുടെയും ദൗർബല്യം അവ പലപ്പോഴും യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നില്ല എന്നതാണ്. പ്രദേശിക ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സാമൂഹ്യക്ഷേമപദ്ധതികൾ ആവിഷ്കരിക്കാൻ പഞ്ചായത്ത് തലത്തിൽ മുൻകൈയെടുക്കണം.

### പ്രശ്നങ്ങൾ

1. പെൻഷൻ വിതരണത്തിലെ അപാകതകൾ
2. മുസ്ളീം സമുദായത്തിന്ന് സൗകര്യപ്രദമായ ശ്മശാനം ഇല്ലായ്മ
3. ചെറിയ വിഭാഗം മദ്യത്തിന്ന് അടിമപ്പെട്ടിരിക്കുന്നു.
4. വൃദ്ധമന്ദിരം ഇല്ല.
5. ക്രഷ് സൗകര്യം കുറവ്
6. സ്ത്രികളുടെ പ്രസവാനുകൂല്യം നിലവിലുള്ള പരിധി ഉയർത്തി ഉദാരവൽക്കരണത്തിൻെറ കിറവ്.
7. പാർപ്പിടങ്ങൾക്ക് വേണ്ടിയുള്ള ധനസഹായം ഉദാരമല്ല.
8. വേതന നിരക്കിലുള്ള അപാകത
9. സാമൂഹ്യക്ഷേമത്തെ കുറിച്ചുള്ള അവബോധം ഇല്ലായ്മ.
10. സാധാരണക്കാർക്ക് വിവാഹം നടത്തുള്ളതിന്ന് ആധുനികരീതിയിലുള്ള കല്ല്യാണമണ്ഡപത്തിൻെറ അഭാവം.

### നിർദ്ദേശങ്ങൾ :

1. അർഹരായവർക്ക് കാലതാമസം ഇല്ലാതെ പെൻഷൻ വിതരണം നടത്താൻ പഞ്ചായത്ത് മുൻകൈയെടുക്കണം.
2. സമ്പൂർണ്ണ മധ്യനിരോധനം നടപ്പിലാക്കാൻ ശ്രമിക്കുക.
3. വൃദ്ധമന്ദിരങ്ങൾ, ക്രഷുകൾ, പുതിയ ശ്മശാനങ്ങൾ ഇവ പഞ്ചായത്തിൻേറ മേൽനോട്ടത്തിൽ ആരംഭിക്കണം.
4. സ്ത്രീകളുടെ പ്രസവാനുകൂല്യ പരാധി ഉയർത്തി ഉദാരമാക്കാനുള്ള നടപടി.
5. പാർപ്പിടങ്ങൾക്ക്വേണ്ടിയുള്ള ധനസഹായം ഉദാരവും, പരിധി ഉയർത്തുകയും വേണം.
6. സ്ത്രീ പുരുഷ വേതനം പരിശോധിച്ച് അപാകതകൾ ഇല്ലായ്മ ചെയ്യുക.
7. പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം ആരംഭിക്കുക.
8. ആധുനികരീതിയിൽ ഒരു കല്ല്യാണമണ്ഡപം നിർമ്മിച്ച് ( മുകളിൽ മണ്ഡപവും, താഴെ ഡൈനിംഗ് ഹാളും പാചകസൗകര്യത്തോടുകൂടിയത് ) അതിനോടനുബന്ധിച്ച് അപ്പോറച്ച് റോസും നിർമ്മിക്കണം.

### സാധ്യതകൾ :

1. അംഗനവാടികൾ കേന്ദ്രമാക്കി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏകോപിച്ച് പഞ്ചായത്ത് മേൽനോട്ടം വഹിക്കാവുന്നതാണ്.
2. സ്ത്രീകളുടെ പുനരധിവാസ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കാം.
3. തൊഴിലധിഷ്ഠിത യൂണിറ്റുഫലപ്രദമായി പഞ്ചായത്ത് തലത്തിൽ ആരംഭിക്കാവുന്നതാണ്. വിപണി മെച്ചപ്പെടുത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
4. കല്ല്യാണമണ്ഡപം നിർമ്മിച്ചും അപ്രോച്ച് റോഡും ഉണ്ടാക്കാവുന്നത്. ( വൈദ്യശാലക്ക് സമീപം വാങ്ങിയ 35 സെൻറ് സ്ഥലത്ത് എല്ലാവിധ സൗകര്യങ്ങളോടുകൂടിയ കല്ല്യാണമണ്ഡപവും )
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റു മുന്നോക്ക വിഭാഗങ്ങൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള സഹായം ലഭ്യമാക്കുക.



499

## അങ്കൺവാടികളുടെ വിവരം

| ക്രമനമ്പർ വാർഡ് | വാർഡ് | എണ്ണം | അങ്കൺവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിട ഇല്ലാത്തത് | സ്ഥലം ഇല്ലാത്തത് | കളിപ്പാടം ഉള്ളത് | കളിപ്പാടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|
| 1. | 1 | 1 | വി.. എൻ. 10 ആലംമ്പള്ളം | – | ഉണ്ട് | – | – | ഉണ്ട് | – | – |
| 2. | 2 | 1 | കൂത്തമ്പാക്ക വി. എൻ. 1 | 176 | ഉണ്ട് | – | – | ഉണ്ട് | – | – |
| 3. | 3 | 1 | വി. എൻ. 2 കൊല്ലംപൊറ്റ | 130 | ഉണ്ട് | – | – | ഉണ്ട് | – | – |
| 4. | 4 | 1 | വി. എൻ. 3 പൊക്കുന്നി മാവിൻകുളമ്പ് | 99 | ഉണ്ട് | – | – | ഉണ്ട് | – | – |
| 5. | 5 | 1 | വി. എൻ. 8 | 93 | ഉണ്ട് | – | – | ഉണ്ട് | – | – |
| 6. | 5 | 2 | വി. എൻ. 5 | 101 | – | ഇല്ല | ഇല്ല | – | – | – |
| 7. | 6 | 1 | വി. എൻ. 6 പെരിഞ്ചിറ | 96 | ഉണ്ട് | – | – | ഉണ്ട് | – | – |
| 8. | 7 | 1 | വി. എൻ. 7 പൊക്കുന്നി | 80 | ഉണ്ട് | – | – | ഉണ്ട് | – | – |
| 9. | 8 | 1 | വി. എൻ. 8 മരുതപാടം | 79 | ഉണ്ട് | – | – | ഉണ്ട് | – | – |
| 10. | 9 | 1 | വി. എൻ. 9 | 70 | ഉണ്ട് | – | – | ഉണ്ട് | – | – |

## വടവന്നൂർ പഞ്ചായത്ത് പട്ടിക 2
## പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| വാർദ്ധക്യകാല പെൻഷൻ | മാതൃസഹായം | വർഷം | അഗതിപെൻഷൻ | വിധവ | വികലാംഗപെൻഷൻ | വാർദ്ധക്യകാല | അവശകലാകാരൻമാർക്കും സാഹിത്യകലാകാരൻമാർക്കും നൽകുന്നപെൻഷൻ | അവശകായികതാര പെൻഷൻ | ക്ഷയരോഗപെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലാ വേതനം | കുടുംബസഹായ പഞ്ചായത്ത്തലം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 43 | 10 | 45 | | | 7 | 3 | 75 | 72 | |

## ട്രൈസം പരിശീലന ലഭ്യത
## വടവന്നൂർ V E O
### പട്ടിക 3

| വർഷം | എണ്ണം | പ്രതിമാസ തുക |
|---|---|---|
| 92 . 93 | 1 | 450 രൂപ |
| 93 . 94 | 1 | 450 ,, |
| 94 . 95 | 4 | 1800 ,, |
| 95 . 96 | 2 | 900 ,, |

## സി. ആർ. എസ്. പി. കക്കൂസുകൾ
## വടവന്നൂർ വില്ലേജ്
### പട്ടിക 4

| വർഷം | എണ്ണം | തുക |
|---|---|---|
| 92 . 93 | – | |
| 93 . 94 | 11 (3എണ്ണം പൂർത്തികരിച്ചത്) | 22000 രൂപ |
| 94 . 95 | 18 (6 ,, ) | 36000 ,, |
| 95 . 96 | 16 (9 ,, ) | 32000 ,, |

## ഐ. ആർ. ഡി.. പി.. സർവ്വെ സഹായ ലഭ്യത കണക്ക്
## വടവന്നൂർ വില്ലേജ്
### പട്ടിക 5

| വർഷം | എണ്ണം | സബ്സീഡി | തുക |
|---|---|---|---|
| 92 . 93 | 34 | 0.93662 | 1.52130 |
| 93 . 94 | 39 | 131257 | 183552 |
| 94 . 95 | 41 | 1.50493 | 2.23982 |
| 95 . 96 | 52 | 303089 | 538811 |
| ആകെ | 166 | 2.07850 | 3.798475 |

501

ഡി. ഡബ്ലിയു. സി. ആർ. എ. സഹായ ലഭ്യത കണക്ക്
വടവന്നൂർ വില്ലേജ്
പട്ടിക _ 6

| വർഷം | സ്കീമുകളുടെഎണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92 . 93 | Nil | | |
| 93 . 94 | Nil | | |
| 94 . 95 | Nil | | |
| 95 . 96 | 10 | | |


*വടവന്നൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിക്ക് ആശംസകൾ*

**FACT - VADAVANNUR**

**ഫാക്ട് ഉൽപന്നങ്ങൾ :**
**ഫാക്ടംഫോസ്, 20 : 20 : 0 : 15 യൂറിയ, പൊട്ടാഷ്**

ഉണ്ണി, വടവന്നൂർ

ഫോൺ : **362525**

# സംസ്കാരം

സാംസ്കാരികമായി ഒട്ടും പിന്നിലല്ലാത്ത പഞ്ചായത്താണ് വടവന്നൂർ. സാംസ്കാരികതനിമ നിലനിർത്താൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. ഹിന്ദു മുസ്ലീം മതമൈത്രി കാത്തു സൂക്ഷിച്ചുപോരുന്ന ഒരു പഞ്ചായത്താണിത്. രാഷ്ട്രീയ തീവ്രതയോ, മതതീവ്രതയോ ഒരിക്കലും സാംസ്കാരിക വളർച്ചക്ക് വിലങ്ങുതടിയായി മാറിയിട്ടില്ല. ഇന്ത്യൻ ചലച്ചിത്ര രംഗത്തെ അതികായനും, തമിഴ്നാട്ടുരാഷ്ട്രീയത്തിലെ മുഖ്യനുമായിരുന്ന എം. ജി. ആർ, സ്വാതന്ത്ര്യസമരസേനാനിയായ പാറയ്ക്കൽ വാസുദേവമേനോൻ, കമ്മ്യൂണിസ്റ്റ് താത്വികാചാര്യനായ പി. ബാലചന്ദ്രമേനോൻ തുടങ്ങിയവർ വടവന്നൂരിന്റെ സംഭാവനയാണ്. ദേശീയ , സാമൂഹ്യ, രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്ന പലരും വടവന്നൂരിന്റെ സംസ്കാര പാരമ്പര്യം വിളിച്ചറിയിക്കുന്നു. കലാസാംസ്കാരിക രംഗങ്ങളിൽ വടവന്നൂർ ഒട്ടും മോശമല്ലായെന്നുതന്നെ പറയാം.

മറ്റു ദേശീയ വിഭാഗങ്ങളിൽ ഉണ്ടായിട്ടുള്ളതുപോലെ ഒരു സാംസ്കാരികച്യുതി ഈ പഞ്ചായത്തിലും കണ്ടുവരുന്നു. പ്രത്യേകിച്ചും ആധുനിക തലമുറയിലാണ് ഇത് വ്യാപിച്ചുകൊണ്ടിരിക്കുന്നത്. അന്ധമായ അനുകരണത്തിന്റെയും വികലമായ ജീവിതരീതിയും ഇതിന്റെ പ്രധാനകാരണമാണ്. മാധ്യമമേഖലകളുടെ നിയന്ത്രണത്തിലാണ് ഇന്നത്തെ സംസ്കാരം. നാടൻകലകളും, പാരമ്പര്യ ഉത്സവങ്ങളും സാംസ്കാരികാഭിവൃദ്ധിക്ക് വളരെ സഹായകരമായിട്ടുണ്ട്. ഇവയെ പരിരക്ഷിക്കേണ്ട ചുമതല വളരെ അത്യാവശ്യമാണ്. വായനാശീലം കുറഞ്ഞുവരുന്നു. ഗ്രന്ഥശാലകളുടെ പ്രവർത്തനം നല്ലനിലയിലല്ല. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ഇതിന് വിലങ്ങുതടിയായി നിൽക്കുന്നു. യുവതലമുറയെ വഴി തെറ്റിക്കുന്ന അശ്ലീല സംസ്കാരം വ്യാപകുന്നു. ഇത് ഗൗരവമായി കാണേണ്ടതാണ്. നാടൻകലകളെയും, പാരമ്പര്യ ഉത്സവങ്ങളെയും, പരിരക്ഷിക്കേണ്ട ചുമതല വളരെ അത്യാവശ്യമാണ്.

## ഗ്രന്ഥശാലകൾ

1945 സെപ്തംബറിലാണ് പഞ്ചായത്ത് കേന്ദ്രീകൃതമായി ഒരു ഗ്രന്ഥശാല പ്രവർത്തനമാരംഭിച്ചത്. ഇത് പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനമായ മന്ദത്ത് പ്രവർത്തിക്കുന്നു. ഈ ഗ്രന്ഥശാലയ്ക്കു പോരായ്മകളേറെയുണ്ട്. ബി. ഗ്രേഡിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാലയിൽ ഇപ്പോൾ 3408 പുസ്തകങ്ങളേയുള്ളു. ഈ പുസ്തകങ്ങളിൽ ശരാശരി 250 എണ്ണം പ്രതിമാസവിതരണം നടക്കുന്നുള്ളു. ഇതിൽനിന്നും വെളിവാകുന്നത് വായനാശീലം കുറവാണെന്നുതന്നെയാണ്. 10 ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉണ്ട്. ഒരു മുഴുവൻ സമയ ലൈബ്രേറിയൻ ഇല്ല.

1970 നവംബർ 15 നാണ് പൊക്കുന്നി ഗ്രാമീണ ഗ്രന്ഥശാല പ്രവർത്തനമാരംഭിച്ചത്. 2545 പുസ്തകങ്ങളുണ്ട്. 300 എണ്ണം പ്രതിമാസവിതരണം നടത്തുന്നു. 5 ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നുണ്ട്. ഈ ഗ്രന്ഥശാല മുൻകൈയ്യെടുത്ത്, കൃഷി, പുസ്തകകോർണർ സാക്ഷരത, സ്പോർട്സ് ഗയിംസ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നത് ആശാസ്യമാണ്. സ്കൂൾ കുട്ടികളെ ഗ്രന്ഥശാലളുമായി ബന്ധപ്പെടുത്തി വായനാശീലം വളർത്തിയെടുക്കേണ്ടത് പരമപ്രധാനമായ ഒന്നാണ്.

## ക്ലബ്കളും വായനശാലകളും

മൂന്ന് രജിസ്റ്റർ ചെയ്ത ക്ലബ്കൾ മാത്രമേ ഈ പഞ്ചായത്തിലുള്ളൂ.

1. യെങ്മെൻസ് അസോസിയേഷൻ
2. കേരളകലാകേന്ദ്രം
3. ഡോ: അംബേദ്കർ സ്മാരകകലാസമിതി



503

രജിസ്റ്റർ ചെയ്യാത്ത 11 ക്ലബ്കൾ പ്രവർത്തിക്കുന്നുണ്ട്.

1. ആലംപള്ളം ഗ്രാമസ്വരാജ്
2. രാജീവ്ഗാന്ധി സ്മാരക ക്ലബ്
3. വിജ്ഞാനോദയം വായനശാല തേക്കിൻകാട്
4. വടക്കേക്കളം പാടശേഖര സമിതിയോടനുബന്ധിച്ചുള്ള വായനശാല5. പ്രണവം
6. യുവസംഗമം
7. രചന
8. പ്ലൂട്ടോ
9. ശ്രുതി
10. നെപ്ട്യൂട്ടൻ
11. ഫ്രണ്ട്സ്
12. എ.കെ.ജി. സ്മാരകകലാകേന്ദ്രം തുടങ്ങിയവ.

ഈ ക്ലബ്കളിലേക്ക് പഞ്ചായത്തിൽനിന്നും പത്രങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്.

### പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പട്ടിക
### മാധ്യമസർവ്വെ – 1996 പട്ടിക 1

| ദിനപ്പത്രം | | വീക്കിലി | | ബാലമാസിക | |
|---|---|---|---|---|---|
| മാതൃഭൂമി | 268 | | | | |
| മലയാളമനോരമ | 283 | മംഗളം | 260 | ബാലരമ | 86 |
| ദേശാഭിമാനി | 23 | മനോരമ | 239 | കളിക്കുടുക്ക | 29 |
| കേരളകൗമുദി | 19 | ഗൃഹലക്ഷ്മി | 87 | വിജയവീഥി | 26 |
| മാധ്യമം | ഇല്ല | ചിത്രഭൂമി | 36 | യുറീക്ക(ശാസ്ത്രമാസിക) | 33 |
| മംഗളം | ഇല്ല | വനിത | 23 | ശാസ്ത്രകേരളം | 12 |
| ഇന്ത്യൻഎക്സ്പ്രസ് | 7 | നാന | 13 | ബാലമംഗളം | 42 |
| ഹിന്ദു(ഇംഗ്ലീഷ്) | 39 | മാതൃഭൂമി(വാരിക) | 21 | | |
| എക്സ്പ്രസ് | 3 | ദേശാഭിമാനി(വാരിക) | 9 | | |
| ചന്ദ്രിക | ഇല്ല | കലാകൗമുദി | 7 | | |
| തന്തി(തമിഴ്) | 6 | കാർഷികരംഗം | 31 | | |
| | | ചിന്ത | 6 | | |



504

## കലാരംഗം

ഒരു കാർഷിക പ്രദേശമായ വടവന്നൂർ, കലാരംഗത്ത് ഉയർന്ന പാരമ്പര്യം നിലനിർത്തുന്നുണ്ട്. നാടകം, നൃത്തം, നാടൻകലകൾ തുടങ്ങിയ മേഖലകൾ ഇന്ന് പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്നു. ഇവയ്ക്ക് പ്രചാരം കുറഞ്ഞുവരുന്നു.

### നാടൻകലകൾ

വിളവെടുപ്പിനോടനുബന്ധിച്ച് നടത്തുന്ന ഉത്സവങ്ങൾ ഇന്ന് നാമമാത്രമായിരിക്കുകയാണ്. കണ്യാർകളി വടവന്നൂരിന്റെ പ്രാദേശിക കലയാണ്. അയ്യപ്പൻപാട്ട്, പൊറാട്ടുനാടകം, തോറ്റംപാട്ട്, മാരിയമ്മൻപാട്ട്, കുംഭക്കളി തുടങ്ങിയ കലകൾക്ക് വളരെ പ്രാധാന്യമുണ്ട്. ഈ പരമ്പരാഗത കലകൾക്ക് പ്രചാരം കുറഞ്ഞുവരുന്നു. ഈ രംഗത്ത് ഉണ്ടായിരുന്നവർ മറ്റു മേഖലകളിലേക്ക് പോയതുകൊണ്ട് ആസ്വാദകരുടെ കുറവും നാശോന്മുഖമായിത്തീരാൻ കാരണമാകുന്നു. ഈ കലകളെ പരിരക്ഷിച്ച് സാംസ്കാരിക തനിമ വീണ്ടെടുക്കാൻ വളരെ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

### ക്ഷേത്രകലകൾ

ശ്രീപുതുക്കിളി ഭഗവതി ക്ഷേത്രത്തിൽ കൂത്ത്, ഉത്സവം പണ്ട് നടത്തിയിരുന്നു. ഇപ്പോൾ ഇതില്ല. ഓട്ടൻതുള്ളൽ, കഥകളി, പഞ്ചവാദ്യം, ചെണ്ടമേളം തുടങ്ങിയവക്ക് ഇന്നു പ്രചാരം കുറഞ്ഞുവരുന്നു. ആലംപള്ളം രഥോത്സവം ഇന്നും നടന്നുവരുന്നു. ക്ഷേത്രകലകളിൽ പരിശീലനം തേടുന്നവർ കുറവാണ്.

### ഉത്സവങ്ങൾ

കുമ്മാട്ടി, രഥോത്സവം, പൊങ്കൽ, അയ്യപ്പൻവിളക്ക്, ക്ലബ്വാർഷികങ്ങൾ തുടങ്ങിയവയാണ് വടവന്നൂരിലെ ഉത്സവങ്ങൾ. മകരത്തിൽ കതിരുത്സവവും, കുംഭത്തിൽ കുമ്മാട്ടിയും, മീനത്തിൽ കളിയും വേലയും,വേഷങ്ങളും ഇപ്പോഴും ആഘോഷിച്ചുവരുന്നു. ഇവ മതസൗഹാർദ്ദത്തിന്റെയും, ഒത്തൊരുമയുടെയും പ്രതീകമായി നിലനിൽക്കുന്നത് പ്രശംസനീയമാണ്.

## കായികരംഗം

കായികരംഗത്ത് നാം വളരെ പിന്നിലാണ്. സ്പോർട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഈ രംഗത്തെ പ്രധാന പ്രശ്നം കളിസ്ഥലങ്ങളുടെ അഭാവമാണ്. കായിക സംസ്കാരം വളർത്താൻ പഞ്ചായത്ത് തലത്തിൽ അർഹമായ പ്രാധാന്യം കാണേണ്ടതുണ്ട്.

## സന്നദ്ധസംഘങ്ങൾ

ക്ലബുകൾ, മഹിളാസമാജം, ശാസ്ത്രസാഹിത്യപരിഷത്ത്, എസ്.എൻ.ഡി.പി, എൻ.എസ്.എസ്, ബ്രഹ്മസമാജം തുടങ്ങിയ സംഘങ്ങൾ സന്നദ്ധപ്രവർത്തനം നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. സാംസ്കാരിക രാഷ്ട്രീയ രംഗത്ത് മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്നു.
2. യുവതലമുറയ്ക്ക് സാമൂഹ്യബോധം കുറഞ്ഞുവരുന്നു.
3. കലാകായിക രംഗത്ത് വേണ്ടത്ര പ്രോത്സാഹനമില്ല.
4. നാടൻ കലകളുടെ സംരക്ഷണക്കുറവ്.
5. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലുംപെട്ട ജീവിതരീതി.
6. വാർത്താമാദ്ധ്യമങ്ങളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും ഉള്ള അശ്ലീലപ്രചരണം
8. കർഷകരോടുള്ള അവഗണന അവരുടെ സാമ്പത്തികസ്ഥിതി
9. സ്ത്രീധനസമ്പ്രദായവും മിഥ്യാഭിമാനബോധവും
10. കുടുംബങ്ങളുടെ എണ്ണം

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കേന്ദ്രീകൃതമായി ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക. ഒരു നയം രൂപികരിക്കുക.

2. ബോധവൽക്കരണത്തിലൂടെ പ്രശ്നപരിഹാരം കാണുക.

3. കലാകായിക രംഗത്ത് മുന്നിൽവരുന്നവർക്ക് പഞ്ചായത്ത് തലത്തിൽതന്നെ അർഹമായ സഹായവും, പ്രോത്സാഹനവും കൊടുക്കുക.

4. നാടൻ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുകയും, അവർക്ക് സാമ്പത്തികസഹായം കൊടുക്കാനും മുൻകൈയ്യെടുക്കുക. പഞ്ചായത്ത് തലത്തിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുക.

5. ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക സഹായം കൊടുക്കുക.

6. ഗ്രന്ഥശാലപ്രവർത്തകരെ സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെടുത്തുക. അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7. അമേച്വർ നാടകവേദി രൂപീകരിച്ച് പ്രോത്സാഹിപ്പിക്കുക.

8. മദ്യപാനം, പുകവലി, മയക്കുമരുന്ന് ഇവക്കെതിരെ ബോധവൽക്കരണം നടത്തുക.

### വടവന്നൂർ പഞ്ചായത്ത് ഗ്രന്ഥശാല

മാതൃക : എ _ പട്ടിക 2

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിവരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1.വടവന്നൂർ ഗ്രാമ പഞ്ചായത്ത് ഗ്രന്ഥശാല ആന്റ് വായനശാല | 10.9.1945 | B | 3408/ - | 250 | 10 | ഇല്ല |
| 2. പൊക്കുന്നി ഗ്രാമീണ ഗ്രന്ഥശാല | 10.15.1970 | D | 2545 | 300 | 5 | കൃഷിപുസ്തക കോർണർ സാക്ഷരത, സ്പോർട്സ് ആന്റ്ഗെയിംസ് |

506

# വനിതാ ക്ഷേമം

ജനസംഖ്യയിൽ വനിതകൾക്ക് മുൻതൂക്കം ഉള്ള പഞ്ചായത്താണ് നമ്മുടേത്. 1991 ലെ കണക്കെടുപ്പ് പ്രകാരം 8216 സ്ത്രീകളും 7794 പുരുഷൻമാരും ഉണ്ട്. അതായത് മൊത്തം ജനസംഖ്യയിൽ 52% സ്ത്രീകളാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽ 1937 സ്ത്രീകളും 1882 പുരുഷൻമാരും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു.

ദേശീയ പ്രസ്ഥാനവുമായി പ്രവർത്തിച്ചിരുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. സാമൂഹ്യ രംഗത്ത് സ്ത്രീകളെ ബോധപൂർവ്വം ഇടപ്പെടലുകളിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ സാധിക്കുകയുള്ളു. എല്ലാ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാൻ ഉള്ള ബുദ്ധിയും കഴിവും സ്ത്രീകൾക്കുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തൻേറടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിനും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെക്കലും അദ്ധ്യാപക രംഗത്ത് പുരുഷൻമാരേക്കാൾ കൂടുതൽ മുൻപന്തിയലാണ് സ്ത്രീകൾ.

## വനിതകളുടെ തൊഴിൽ മേഖല

കൃഷി, ഇഷ്ടിക, പുൽപ്പായ, ഖാദി, തുന്നൽ, കെട്ടിട നിർമ്മാണം, പരമ്പരാഗത തൊഴിലുകൾ എന്നീ മേഖലകളിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ പണിയെടുക്കുന്നു. സ്ത്രീകൾക്കു വേണ്ട തൊഴിലവസരങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. തൊഴിൽ വേതനത്തിൽ സ്ത്രീ പുരുഷാന്തരം നിലനിൽക്കുന്നു. എല്ലാ മേഖലകളിലും തുല്യ ജോലിക്ക് തുല്യ വേതനം എന്ന ആശയം പല മേഖലകളിൽ ഇന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ചുരുങ്ങിയ തോതിൽ മാത്രമെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം ആശാസ്യമല്ല. പഞ്ചായത്ത് കേന്ദ്രീകൃതമായി ഒരു മഹിളാസമാജം പ്രവർത്തിക്കുന്നുണ്ട്. ഇനിയും മഹിളാ സമാജങ്ങൾ രൂപീകരിക്കേണ്ടതും അത്യാവശ്യമാണ്.

വനിതകൾക്കു വേണ്ടി നമ്മുടെ പഞ്ചായത്തിൽ രണ്ട് ടൈലറിംഗ് സൊസൈററികളും DWCRA യുടെ കീഴിൽ രണ്ടു പുൽപ്പായ നെയ്ത്ത് കേന്ദ്രങ്ങളും ഖാദിയുടെ ചർക്കായൂണിററും പാലുൽപാന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിററും പ്രവർത്തിക്കുന്നുണ്ട്. വനിതാ യൂണിററുകൾക്ക് വളരെ സാധ്യതകളുള്ള പഞ്ചായത്താണ് വടവന്നൂർ. സ്ത്രീ പീഠനം തീരെയില്ലാത്ത ഒരു പഞ്ചായത്ത് എന്ന് വിശേഷിപ്പിക്കാം. തൊഴിൽ പരിശീലനം നേടിയ സ്ത്രീകൾ കുറവാണ് നമ്മുടെ പഞ്ചായത്തിൽ. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയാണ് കാണുന്നത്. അംഗനവാടികൾ പഞ്ചായത്തിലെ എല്ലാ വാർഡിലും നിലവിലുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ഇതിൻെറ പ്രവർത്തനം എല്ലാ മേഖലകളിലേയ്ക്കും വ്യാപിക്കുന്നില്ല. സ്ത്രീധന സമ്പ്രദായം പരോക്ഷമായി നിലനിൽക്കുന്നു. സ്ത്രീ സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്നു.

ഉൽപ്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലെ അവരുടെ സ്വയംപര്യാപ്തതയും കുടുംബത്തിൻെറ ക്ഷേമവും ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതിന് വളരെ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. മദ്യപാനത്തിൻെറ ഭവിഷത്ത് രൂക്ഷമായി അനുഭവിക്കേണ്ടി വരാത്തത് നല്ലകാര്യമാണ്. മാതൃ മരണനിരക്ക് താരതമ്യേന കുറവായതും മെച്ചപ്പെട്ട ആരോഗ്യവും നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനാർഹവുമാണ്.

ഭൂരിഭാഗം സ്ത്രീകളും പൊതുധാരയിലേയ്ക്ക് കടന്നു വരുന്നില്ല. ഇതൊരു പോരായ്മയാണ്. അവകാശ ബോധമില്ലായ്മയും ക്ഷേമപദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും സ്ത്രീകളെ പിന്നോക്കാവസ്ഥയിലെത്തിക്കുന്നു.

507

## സാദ്ധ്യതകൾ

1. പൊതുരംഗത്തേയ്ക്ക് സ്ത്രീകളെ കൊണ്ടുവരാൻ ബോധവത്കരണം നടത്താൻ കഴിയും.
2. വനിതാ പ്രാധാന്യമുള്ള തൊഴിൽ മേഖലകൾ കണ്ടെത്തി പരിശീലനം കൊടുക്കാൻ സാധിക്കും.
3. വനിതാ യൂണിററുകളാരംഭിക്കാൻ സാമ്പത്തിക സഹായവും പ്രോത്സാഹനവും കൊടുക്കാൻ സാദ്ധ്യമാകും
4. വനിതാതൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം എല്ലാ മേഖലയിലും ഉറപ്പുവരുത്താൻ സാധ്യതയുണ്ട്.
5. സഹകരണ അടിസ്ഥാനത്തിലുള്ള വനിതായൂണിററുകൾക്ക് സാധ്യതയുണ്ട്. ( റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, കളിപ്പാട്ട നിർമ്മാണം, അച്ചാറുകൾ, പപ്പട നിർമ്മാണം. അട നിർമ്മാണം, കുട, ചെരുപ്പ്, ടൈലറിംഗ് യൂണിററ്, ചോക്ക്, ബാഗ്, മെഴുകുതിരി മുതലായവ. )
6. മിനിഡയറി യൂണിററുകൾ, കോഴി വളർത്തൽ, പശു വളർത്തൽ തുടങ്ങിയ മേഖലകൾ ആരംഭിക്കാവുന്നതാണ്. (വനിതകൾക്ക്)
7. സ്ത്രീകൾക്കു മാത്രമായുള്ള വായനശാല, സഞ്ചരിക്കുന്ന വായന ശാല, സ്ത്രീകളുടെ സാംസ്കാരിക സംഘടന തുടങ്ങിയ സംരംഭങ്ങൾ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ആരംഭിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. കുടുംബ പ്രാരാബ്ധത അപമാനഭീതി.
2. പൊതുരംഗത്തേയ്ക്ക് കടന്നുവരാനുള്ള സ്വാതന്ത്ര്യമില്ലായ്മ.
3. തൊഴിൽ പരിശീലനത്തിൻെറ അഭാവം
4. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
5. വേതനനിരക്കിലുള്ള അന്തരം
6. വനിതാ തൊഴിൽ യൂണിററുകളുടെ അഭാവം.
7. ക്രഷ് ൻെറ അഭാവം.
8. വിപണികളുടെ കുറവ്.
9. മഹിളാസമാജങ്ങളുടെ കുറവും പ്രവർത്തനരാഹിത്യവും
10. വാർഡടിസ്ഥാനത്തിൽ അൾണങ്കഎ ഇല്ല.
11. ചർക്കാ ഗ്രാമപദ്ധതി ഇല്ലായ്മ.

## നിർദ്ദേശങ്ങൾ

1. സ്ത്രീ പങ്കാളിത്തം എല്ലാ മേഖലകളിലും ഉണ്ടാവാൻ പുരുഷൻമാർ ശ്രദ്ധിക്കുകയും വേണ്ട സഹായങ്ങൾ ചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുക.
2. പഞ്ചായത്തു കേന്ദ്രീകൃതമായി ഒന്നോ രണ്ടോ തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുകയും വിദഗ്ധ മേൽനോട്ടത്തിൽ പരിശീലനം നൽകുകയും വേണം.
3. സർക്കാർ തലത്തിലുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് സെമിനാറുകളും അവലോകനവും സ്ത്രീകൾക്കും നൽകാൻ ശ്രമിക്കുക.
4. പുരുഷൻമാർക്ക് കിട്ടുന്ന വേതനം സ്ത്രീകൾക്കും നൽകാൻ ശ്രദ്ധിക്കുക. അങ്ങനെ തൊഴിൽ രംഗത്തേയ്ക്ക് സ്ത്രീകളെ എത്തിക്കാം.
5. സ്വയം തൊഴിൽ കണ്ടെത്തലിലൂടെയോ, വനിതാ സഹകരണ സംഘം രൂപത്തിലൂടെയോ തൊഴിൽ യൂണിററുകൾ പഞ്ചായത്ത് മുൻകൈയെടുത്ത് ആരംഭിക്കുകയും ആരംഭിക്കാനുള്ള സാമ്പത്തിക സാഹചര്യ സഹായങ്ങൾ കൊടുക്കണം.
6. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ തന്നെ ക്രഷും നേഴ്സറി സ്കൂളുകളും തുടങ്ങേണ്ടതാണ്.
7. വനിതാ യൂണിററുകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിററഴിക്കാൻ പഞ്ചായത്തുതലത്തിൽ തന്നെ വിപണിയുണ്ടാക്കാൻ ശ്രദ്ധിക്കുക. അർഹമായ വില കിട്ടുന്നുവെന്ന് ഉറപ്പു വരുത്താവുന്നതുമാണ്.
8. മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടത്താൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

508

വനിതാ 91 ലെ സെൻസസ്സ് പ്രകാരം.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം. | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 210 | 300 |
| കർഷകതൊഴിലാളി | 1787 | 1000 |
| മൃഗ സംരക്ഷണം. | | |
| ചറുകിട വ്യവസായം | 241 | 500 |
| കെട്ടിട നിർമ്മാണം | | |
| ഗതാഗതം വാർത്താ വിനിമയം, | 113 | 37 |
| വ്യാപാരം | | |
| മററുള്ളവ. | | |

# സഹകരണം.

സഹകരണം എന്ന പദം തന്നെ ആളുകളുടെ സ്നേഹം, സന്തോഷം, സഹായം, സഹവർത്തിത്വം, സംരംഭം എന്നിവയുടെ സമ്മേളനമാണെന്ന് വ്യക്തമാക്കാം. ഇവിടെ പണ സംമ്പന്ധമായ കാര്യങ്ങളിൽ ജനങ്ങളുടെ നൻമയെ ലാക്കാക്കി മേൽപറഞ്ഞ ഗുണങ്ങൾ പ്രയോജനപ്പെടുത്തുന്നു.

സഹകരണം എന്ന വിഷയത്തെ സ്പർശിക്കുമ്പോൾ സഹകരണ ബാങ്കുകൾ അല്ലെങ്കിൽ സഹകരണ സൊസൈററികൾ എന്ത് എങ്ങനെ എന്നു പറയാതിരിക്കാൻ വയ്യ. സഹകരണ സൊസൈററികൾ രണ്ടുവിധമുണ്ട്. (1) ക്രഡിററ് സൊസൈററികൾ (2) നോൺ ക്രഡിററ് സൊസൈററികൾ.

ക്രഡിററ് സൊസൈററികൾ അംഗങ്ങളിൽ നിന്ന് പലതരത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുകയും നിശ്ചിത പലിശക്ക് മററു അംഗങ്ങൾക്ക് സമയബന്ധിതമായി വിതരണം നടത്തുകയും കാലാവധിക്കു മുൻപ് തിരിച്ചു വാങ്ങിക്കുകയും ചെയ്യുന്നവയാണ്. ഇവിടെ മെമ്പർഷിപ്പ്, ഫിക്സഡ് ഡെപ്പോസിററ്, സേവിംങ് അക്കൗണ്ട്, സേഫ് ഡെപ്പോസിററ് എന്നിവയിലൂടെ സമാഹരിച്ച കാർഷിക വായ്പ, ആൾജാമ്യ വായ്പ,സ്വർണ്ണാഭരത്തിന്മേൽ വായ്പ, വസ്തു വകകൾ പണയത്തിന്മേൽ വായ്പ, സ്വയംതൊഴിൽ വായ്പ എന്നിവവഴി വിതരണം നടത്തുന്നു.

എന്നാൽ നോൺ ക്രഡിററു സെസൈററികളിൽ വിവിധതരം വായ്പാ വിതരണം നടത്തുകയും സമയബന്ധിതമായി തിരിച്ചു പിടിക്കുകയും ചെയ്യുന്നു.

പൊതുവെ സഹകരണ ബാങ്കുകളുടെ നിക്ഷേപത്തിൻെറ 80% വരെ വായ്പകളായി വിതരണം ചെയ്യുമ്പോൾ മററു ഷെഡ്യൂൾഡ് നാഷണൽ ലൈസ്ഡ് ബാങ്കുകളിൽ 60% മാത്രമെ വായ്പ നൽകാൻ അനുവദിക്കാറുള്ളു.

ജനങ്ങളുടെ അടിസ്ഥാനവികസനത്തിന്ന് മർമ്മ പ്രധാനമായ ഒരു മേഖലയാണ് സഹകരണം. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘങ്ങളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നു. എത്ര വലിയ പ്രതിസന്ധിയും തരണം ചെയ്യാൻ സഹകരണ സംഘങ്ങൾക്ക് കഴിയമെന്ന് എടുത്തു പറയേണ്ടതില്ല." ഒത്തു പിടിച്ചാ മലയും പോരും എന്ന പഴഞ്ചൊല്ല് ഇവിടെ പ്രസക്തമാണ്.


509

9. വാർഡടിസ്ഥാനത്തിൽ D.W.C.R.A യൂണിററ് സ്ഥാപിക്കുകയും അതിലെ അംഗത്വം അഞ്ചെണ്ണമായി കുറയ്ക്കുകയും ചെയ്യുക.
10. ചർക്കാ ഗ്രാമപദ്ധതി നടപ്പിലാക്കുക.

നമ്മുടെ പഞ്ചായത്തിലെ സഹകരണ ബാങ്ക് (2/8/46) 1946 ലാണ് സ്ഥാപിതമായത് അഞ്ചംഗ ഭരണ സമിതിയുടെ നേതൃത്വത്തിൽ ആകെ 30 അംഗങ്ങൾ മാത്രമാണ് അന്നുണ്ടായിരുന്നത്. ആദ്യത്തെ പ്രസിഡൻറ് ശ്രീ പാറക്കൽ രാമചന്ദ്രമേനോൻ ആയിരുന്നു. അന്നത്തെ ആകെ മൂലധനം 45055 രൂപയാണ്.

ഇപ്പോൾ ശ്രീ. കെ.സി. ബാലകൃഷ്ണൻ പ്രസിഡൻറായി ഒമ്പതംഗ ഭരണ സമിതി സഹകരണ ബാങ്കിൻെറ പ്രവർത്തനം നിയന്ത്രിക്കുന്നു. മൊത്തം 6144 മെമ്പർമാരാണുള്ളത്. ഇപ്പോഴത്തെ മൂലധനം 11,14,765 രൂപയാണ് സഹകരണ ബാങ്കിൻെറ പ്രവർത്തനം തൃപ്തികരമാണെങ്കിലും മെമ്പർഷിപ്പ് അർഹരായവർക്കെല്ലാംലഭിക്കാനും ബാങ്ക് വായ്പകൾ ലഭിക്കുവാനുമുള്ള കാലതാമസം നേരിടുന്നു.

ഈ പഞ്ചായത്തിലെ സഹകരണ അടിസ്ഥാനത്തിൽ നടത്തുന്ന രണ്ടാമത്തെ സ്ഥാപനമാണ് ക്ഷീരോത്പാദക വ്യവസായ സംഘം. 1965 ലാണ്. ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. ഇപ്പോൾ ദിവസേന 950 ലിററർ പാൽ ശേഖരിക്കുകയും 650 ലിററർ പാൽ വിതരണം നടത്തുകയും ബാക്കി പുറത്തേയ്ക്ക് അയക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീമാൻ. കെ. വാസുദേവനാണ്.

മൂന്നാമത്തെ പ്രധാനപ്പെട്ട ഒരു സഹകരണ സ്ഥാപനമാണ് വടവന്നൂർ റൂറൽ ഹൗസിംഗ് സൊസൈററി. ഈ സ്ഥാപനം വഴി 49 പേർക്ക് ഭവന നിർമ്മാണ വായ്പ്പയായി 19,24,100 രൂപ വിതരണം ചെയ്തിട്ടണ്ട്. ഇതിൻെറ പ്രസിഡൻറ് ശ്രീമാൻ. വി. ആർ. സുരേന്ദ്രനാഥനാണ്.

കാർപ്പൻററി സൊസൈററി, പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘം, വനിതാ സഹകരണ സംഘം, തുന്നൽ പരിശീലന കേന്ദ്രം തുടങ്ങിയ സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശത്തുള്ളവർ പാരമ്പര്യമായി ചെയ്തിരുന്ന പുൽപായ നെയ്ത് ഇന്നു നാമാവശേഷമായി കൊണ്ടിരിക്കുന്നു. അവർക്ക് ഒരു സൊസൈററി രൂപീകരിച്ച് തൊഴിലവസരം സൃഷ്ടിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വടവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൻേറയും കൊടുവായൂർ സഹകരണ അർബൻ ബാങ്കിൻേറയും ഈ പഞ്ചായത്തിലെ ഊട്ടറേയും പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1. സഹകരണസംഘങ്ങളിൽ അംഗത്വം ലഭിക്കുന്നതിനുള്ള ബുന്ധിമുട്ട്.
2. ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടെ കുറവ്.
3. സഹകരണസംഘങ്ങളുടെ കുറവ്.
4. മാവേലി സ്റേറാറുകളുടെ അഭാവം
5. രാസവള ലഭ്യത കുറവ്
6. സർവ്വീസ് സഹകരണ സംഘം ബ്രാഞ്ചുകളുടെ കുറവ്.

### നിർദ്ദേശങ്ങൾ.

1. സഹകരണ സംഘത്തിൽ അംഗത്വം ലഭിക്കാനുള്ള നടപടിക്രമങ്ങൾ ഉദാരമാക്കുക.
2. ക്ഷീര വ്യവസായ സഹകരണ സംഘത്തിൻെറ പ്രവർത്തനം എല്ലാ വർഡിലേയക്കും വ്യാപിപ്പിക്കുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ചില്ലിംഗ് യൂണിററ് ആരംഭിക്കുകയും ക്ഷീരോൽപന്നങ്ങൾ നിർമ്മിക്കാനും അവ വിപണനം നടത്താനും സഹകരണാടിസ്ഥാനത്തിൽ ഒരു യൂണിററ് ഉണ്ടാക്കുകയും ചെയ്യുക.
4. സഹകരണാടിസ്ഥാനത്തിൽ രാസവളങ്ങളും കീടനാശിനികളും വിതരണം നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
5. സഹകരണ സംഘം ബാങ്കിൻെറ ബ്രാഞ്ചുകഞ്ചുടെ എണ്ണം കൂട്ടുക.
6. മൂന്നു വാർഡിന് ഒരു ക്ഷീര വ്യവസായ സംഘം എന്ന തോതിൽ ഈ പഞ്ചായത്തിൽ മൂന്നു വ്യവസായ സംഘം സ്ഥാപിക്കുക.
7. സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ശാഖ പൊക്കുന്നിയിലാരംഭിക്കുക.

510

സാധ്യതകൾ.

1. സഹകരണാടിസ്ഥാനത്തിൽ കാർഷികോൽപന്നങ്ങൾ ശേഖരിക്കാനും വിപണനം നടത്താനുമുള്ള സംവിധാനം ഉണ്ടാക്കുക.

2. സഹകരണാടിസ്ഥാനത്തിൽ കാലിത്തീററ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

3. സഹകരണാടിസ്ഥാനത്തിൽ പുളി സംസ്കരണവും വിപണനവും നടത്തുക.

ചിററൂർ പ്രൈമറി കോ_ഓപ്പറേററീവ് & അഗ്രികൾച്ചറൽ & റൂറൽ ഡവലപ്പ്മെൻറ് ബാങ്കിൽ നിന്നും വടവന്നൂർ പഞ്ചായത്തിലേയ്ക്ക് അനുവദിച്ച വായ്പ്പാ വിവരങ്ങൾ.

പട്ടിക 1

| ക്രമനമ്പർ | വായ്പായുടെപേര് | എണ്ണം | നൽകിയ സംഖ്യ |
|---|---|---|---|
| 1. | കാർഷിക വായ്പ | 28 | 11 ലക്ഷം |
| 2. | കിണർ കുഴിക്കാൻ | 87 | 38 „ |
| 3. | പ്ലാൻേറഷൻ | 46 | 10 „ |
| 4. | ട്രാക്ടർട്രില്ലർ | 5 | 12 „ |
| 5. | മൃഗസംരക്ഷണം | 46 | 3 „ |
| 6. | ഭവനനിർമ്മാണം | 14 | 11 „ |
| 7. | കാർഷികേതരം | 7 | 7 „ |
| | ആകെ | | 92 ലക്ഷം |

പട്ടിക 2

വടവന്നൂർ സർവ്വീസ് സഹകരണബാങ്ക് നൽകിയ വായ്പകൾ

കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തവ

| കമനമ്പർ | വായ്പയുടെസ്വഭാവം | സംഖ്യ |
|---|---|---|
| 1. | കാർഷികവായ്പ | 16,78,845 രൂപ |
| 2. | ആൾജാമ്യവായ്പ | 36,87,301 „ |
| 3. | സ്വർണ്ണപണ്ടം വായ്പ | 97,11,831 „ |
| 4. | വസ്തു പണ യം | 35,15,735 „ |
| 5. | സ്വയംതൊഴിൽവായ്പ(ഘങ്കഅന്ധ) | 302731 „ |

# മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ പാരമ്പര്യമായി ഉത്പാദിപ്പിക്കുന്ന പൊക്കുന്നി കത്തി, പുത്പ്പായ, ഓലപ്പായ, ഇരുമ്പുപകരണങ്ങൾ, മരസാമഗ്രികൾ, ആഭരണങ്ങൾ ( സ്വർണ്ണം, വെള്ളി ) എന്നിവ വിത്ക്കുന്നതിനുള്ള വിപണനകേന്ദ്രത്തിന്റെ അഭാവംമൂലവും നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ ലഭ്യതക്കുറവും പുതിയ തലമുറക്കാർക്ക് ഈ മേഖലകളിലുള്ള താത്പര്യക്കുറവുംമൂലം പഞ്ചായത്തിന്റെ മാർക്കറ്റിംഗ് മാപ്പിൽനിന്നും ഇവ അപ്രത്യക്ഷമായിരിക്കുന്നു. ധാരാളം മത്സ്യം വളർത്തുന്ന കുളങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ മത്സ്യമാർക്കറ്റില്ല. ആഴ്ചചന്തയുടെ അപര്യാപ്തതമൂലം പച്ചക്കറി വിൽക്കുന്നതിന്നും വാങ്ങുന്നതിന്നും പല ബുദ്ധിമുട്ടുകളും നാം അനുഭവിക്കുന്നു.

നെല്ല്, തേങ്ങ, വാഴ, പച്ചക്കറി,, ഇഞ്ചി, തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. ഇതിൽ പ്രധാനപ്പെട്ട നെല്ല് താങ്ങുവില നിശ്ചയിച്ച് സംഭരിക്കുവാനുള്ള പൊതു വിപണിയോ, സഹകരണ വിപണിയോ നിലവിലില്ല.

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി, ഓരോന്നിന്റെയും അധിക ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽ വെയ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

**പ്രശ്നങ്ങൾ :**

1. കോഴിമുട്ട, പച്ചക്കറി എന്നിവ ുടെ ഉത്പാദനക്കുറവും വിപണനത്തിലെ അപാകതയും.
2. ആഴ്ചചന്ത ഇല്ല.
3. കാർഷികോത്പന്നങ്ങൾ വിൽക്കുന്നതിന്ന് പൊതു വിപണി ഇല്ലായ്മ.
4. കൺസ്യൂമർ സ്റ്റോറുകളുടെ കുറവ്.
5. പാരമ്പര്യ വ്യവസായ ഉത്പന്നങ്ങളുടെ വിതരണ കേന്ദ്രത്തിന്റെ കുറവ്.
6. പായ നെയ്ത് സഹകരണ സംഘത്തിന്റെ അഭാവം.
7. സഹകരണ സംഘാടിസ്ഥാനത്തിൽ റൈസ് മിൽ ഇല്ലായ്മ.

**നിർദ്ദേശങ്ങൾ :**

1. പച്ചക്കറി, കോഴിമുട്ട എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും സഹകരണാടിസ്ഥാനത്തിൽ വിപണനം നടത്താനുള്ള സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുക.
2. പഞ്ചായത്തിൽ ഒരാഴ്ചചന്ത ഉചിതമായ സ്ഥലത്ത് തുടങ്ങാൻ പഞ്ചായത്ത് മുന്നിട്ടിറങ്ങുക.
3. കാർഷികോൽപന്നങ്ങളുടെ വിപണനത്തിന്നായി പൊതുമാർക്കറ്റ് ഉണ്ടാക്കുക.
4. സഹകരണ സംഘത്തിന്റെ കൺസ്യൂമർ സ്റ്റോർ ഓരോ വാർഡിലും തുടങ്ങാൻ നടപടി സ്വീകരിക്കുക.
5. സഹകരണാടിസ്ഥാനത്തിൽ പാരമ്പര്യ ഉൽപ്പന്നങ്ങളുടെ വിതരണ കേന്ദ്രം തുടങ്ങുക.
6. പായ് നെയ്ത് സഹകരണ സംഘം രൂപവത്കരിക്കുക
7. സഹകരണ സംഘങ്ങൾ വഴി ഒരുമോഡേൺ റൈസ്മിൽ സ്ഥാപിക്കുന്നതിനുള്ള നടപടി എടുക്കുക.

**സാദ്ധ്യതകൾ :**

1. വടവന്നൂർ കേന്ദ്രമായി സഹകരണാടിസ്ഥാനത്തിൽ ഒരു പൊതു മാർക്കറ്റ് സ്ഥാപിയ്ക്കാം.
2. ആഴ്ചചന്ത തുടങ്ങാം.
3. കൺസ്യൂമർ സ്റ്റോറുകൾ പുതുതായി തുടങ്ങാം.

512

# പട്ടികജാതി _ പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയുടെ 23.85% ത്തോളം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. 466 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയാണ്. പട്ടികവർഗ്ഗത്തിൽപെടുന്ന ഒരു കുടുംബവും ഈ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസ, സാമൂഹ്യരംഗങ്ങളിൽ ഈ വിഭാഗത്തിന് ഒട്ടനവധി നേട്ടങ്ങൾ കൈവന്നിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി ഇന്നും വളരെ പിറകിലാണ്. സാമ്പത്തിക പുരോഗതിയിൽ വേണ്ടത്ര ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽപോലും പഴയതിൽനിന്നും വ്യത്യസ്ഥമാണ് ഈ വിഭാഗത്തിന്റെ ഇന്നത്തെ അവസ്ഥ. ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ കുടികിടപ്പവകാശം കിട്ടിയതുകൊണ്ടും മിച്ചഭൂമി ലഭ്യമായതോടുകൂടിയും ഇവരുടെ സാമൂഹ്യപുരോഗതിയിലും ഒരു മാറ്റം വന്നതായി കാണുന്നു. ഉച്ചനീചത്വം ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ ധാരണ ഇനിയും പകുതിയിലധികം ആൾക്കാരിലും എത്തിയിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. സർക്കാരിന്റെ പല നിബന്ധനകളേയും അതി ജീവിക്കാൻ ഇവർക്ക് കഴിയാതെ പോകുന്നു. അതിന്റെ ഫലമായി പല ലക്ഷ്യങ്ങളും ഫലപ്രാപ്തിയിലെത്തുന്നില്ല.

സാക്ഷരത പ്രവർത്തനം ഒരളവുവരെ ഇവരെ നിരക്ഷരതയിൽനിന്ന് കരകയറ്റിയിട്ടുണ്ട്. എങ്കിലും ഈ വിഭാഗത്തിൽപ്പെടുന്ന പല കുട്ടികളും വിദ്യാലയങ്ങളിലേക്ക് പോകാൻ ഇന്നും വൈമനസ്യം കാണിക്കുന്നു. അതിന്റെ പ്രധാനകാരണമായി ചൂണ്ടിക്കാണിക്കാവുന്നത് രക്ഷിതാക്കളുടെ സാമ്പത്തികപരാധീനതയും, വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ഗൗരവമില്ലായ്മയുമാണ്. കാർഷികമേഖലയിലാണ് ഈ വിഭാഗത്തിൽപ്പെടുന്ന ഭൂരിഭാഗം ആളുകളും പണിയെടുക്കുന്നത്. കെട്ടിടനിർമ്മാണം, ഓലപ്പായ നെയ്ത്ത് തുടങ്ങിയ മേഖലകളിലും ഇക്കൂട്ടർ ബന്ധപ്പെടുന്നുണ്ട്. പായ നെയ്ത്തിനുള്ള അസംസ്കൃത സാധനങ്ങളുടെ അഭാവം ഈ മേഖലയെ തളർത്തുന്നു.

ഇവിടെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ സർക്കാർ പദ്ധതികളിലൂടെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും, പല കുടുംബങ്ങൾക്കും സ്വന്തമായി വീടുവെക്കാൻ സ്ഥലമില്ലാത്തതിനാൽ പദ്ധതി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മിക്ക പട്ടികജാതി കോളനികളിലും അടിസ്ഥാനസൗകര്യങ്ങൾ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ 11 അംഗീകൃത കോളനികളും 4 അംഗീകാരം കിട്ടാത്ത കോളനികളും ഉണ്ട്. ഭവനനിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായ പരിധി ഉയർത്തേണ്ടതും, നിബന്ധനകൾ ഉദാരമാക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ സർക്കാരിന്റെ ലക്ഷ്യം ഒരു പരിധിവരെ ഫലപ്രാപ്തിയിലെത്തുകയുള്ളു. ഇവർക്ക് കിട്ടുന്ന സാമ്പത്തിക സഹായം വകമാറ്റി ചിലവഴിക്കുന്നതുകൊണ്ട് സർക്കാർ പദ്ധതികളുടെ പ്രയോജനം വേണ്ടത്ര ഫലവത്താവുന്നില്ല.

എൻ. ആർ. ഇ. പി, ആർ. എൽ. ഇ. ജി. പി. പദ്ധതികളിലൂടെയും അതിനുശേഷം 1989 _ 90 മുതൽ 95 _ 96 വരെ ജെ. ആർ. വൈ, ഐ. എ. വൈ, എം. ഡബ്ലിയു. എസ് എന്നീ സ്കീമുകളിൽ ഒരു പരിധിവരെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.
2. അംഗീകാരം കിട്ടാത്ത കോളനികൾ
3. കൈവശ ഭൂമിക്ക് പട്ടയം കിട്ടാത്ത അവസ്ഥ.
4. കോളനികളിൽ സാംസ്കാരികനിലയങ്ങളുടെ അഭാവം.
5. നിരക്ഷരത.
6. എല്ലാ വീടുകളിലും കക്കൂസിന്റെ കുറവ്.
7. സഹകരണസംഘങ്ങളിൽ മെമ്പർഷിപ്പ് കിട്ടാത്ത അവസ്ഥ.
8. വീടുകൾ പുതുക്കി പണിയാൻ സഹായം കിട്ടാത്ത അവസ്ഥ.
9. വൃദ്ധമന്ദിരം ഇല്ലാത്ത അവസ്ഥ.
10. വിധവകളുടെ മക്കൾക്ക് നൽകുന്ന ധനസഹായത്തിന്റെ അപര്യാപ്തത
11. തൊഴിലില്ലായ്മ.

## നിർദ്ദേശങ്ങൾ

1. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കേണ്ടതാണ്.
2. കോളനികൾക്ക് അംഗീകാരം കിട്ടാൻ പഞ്ചായത്ത് തലത്തിൽ മുൻകൈയെടുക്കാവുന്നതാണ്.
3. പട്ടയം കിട്ടാത്ത പട്ടികജാതി കുടുംബങ്ങൾ പട്ടയം നേടാൻ ശ്രമിക്കുക.
4. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കേണ്ടതാണ്.
5. തുടർ സാക്ഷരത പിരപാടി ആരംഭിക്കുക.
6. ചെലവുകുറഞ്ഞ കക്കൂസ് പ്രചരിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യുക.
7. സഹകരണ സംഘങ്ങളിൽ മെമ്പർഷിപ്പ് നൽകാൻ ശ്രദ്ധിക്കുക.
8. വീടുകൾ പുതുക്കി പണിയാൻ സഹായം കൊടുക്കാൻ പഞ്ചായത്ത്തലത്തിൽ ശ്രമിക്കേണ്ടതാണ്.
9. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വൃദ്ധമന്ദിരങ്ങൽ സ്ഥാപിക്കേണ്ടതാണ്.
10. ധനസഹായത്തിന്റെ പരിധി ഉയർത്തേണ്ടതാണ്.
11. സഹകരണാടിസ്ഥാനത്തിൽ തൊഴിൽ യൂണിറ്റുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാരംഭിക്കേണ്ടതാണ്.

## സാദ്ധ്യതകൾ

1. കോളനികൾ അടസ്ഥാനമാക്കി സഹകരണതൊഴിൽ യൂണിറ്റുകൾ ആരംഭിക്കാം.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപാദന യൂണിറ്റുകൾ ഈ മേഖലയെ അടസ്ഥാനമാക്കി ആരംഭിക്കാം.
3. വരുമാന വർദ്ധനവിനായി കോളനികളിലെ വനിതകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനകീയ പച്ചക്കറി കൃഷി ആസൂത്രണം ചെയ്യാം.

പട്ടിക 1

### പഞ്ചായത്തിലെ പട്ടികജാതിസങ്കേതങ്ങളും അവയിലെ അടിസ്ഥാന സൗകര്യങ്ങളും

| ക്രമ നമ്പർ | സങ്കേതത്തിന്റെ പേര് | കുടുംബങ്ങളുടെ എണ്ണം | കുടിവെള്ളം | വൈദ്യുതി | റോഡ് |
|---|---|---|---|---|---|
| 1. | മലയമ്പള്ളം | 21 | ഉണ്ട് | ഉണ്ട് | |
| 2. | കിണറ്റേരിപ്പാടം | 11 | ഉണ്ട് | ഉണ്ട് | |
| 3. | കൂത്തംപാക്കം | 20 | ഉണ്ട് | ഉണ്ട് | |
| 4. | സത്രം | 14 | ഉണ്ട് | ഉണ്ട് | |
| 5. | കാരപ്പറമ്പ് | 11 | ഉണ്ട് | ഉണ്ട് | |
| 6. | കച്ചിറ | 13 | ഉണ്ട് | ഉണ്ട് | |
| 7. | മാനുഷി | 18 | ഉണ്ട് | ഉണ്ട് | |
| 8. | കരുമത്ത്കളം | 25 | ഉണ്ട് | ഉണ്ട് | |
| 9. | മേലെമീനിക്കോട് | 17 | ഉണ്ട് | ഉണ്ട് | |
| 10. | മാവിൽകുളമ്പ് | 21 | ഉണ്ട് | ഉണ്ട് | |
| 11. | പൊക്കുന്നിക്കളം | 13 | ഉണ്ട് | ഉണ്ട് | |
| 12. | പുല്ലുവായ്കുളമ്പ് | 15 | ഉണ്ട് | ഉണ്ട് | |
| 13. | ഊട്ടറക്കളം | 28 | ഉണ്ട് | ഉണ്ട് | |
| 14. | മാമ്പള്ളം | 14 | ഉണ്ട് | ഇല്ല | |
| 15. | ആലംങ്കോടി | 18 | ഉണ്ട് | ഉണ്ട് | |
| 16. | വാക്കാട് | 16 | ഉണ്ട് | ഉണ്ട് | |
| 17. | പള്ളം | 20 | ഉണ്ട് | ഉണ്ട് | |
| 18. | മരുതമ്പാടം | 19 | ഉണ്ട് | ഉണ്ട് | |



5/4

പട്ടിക 2

1996 _97 വർഷത്തിലെ ലംപ്സംഗ്രാന്റ് വിതരണം ക്ലാസ്സ് തിരിച്ചുള്ള പട്ടിക

| ക്ലാസ്സ് | ആൺ | പെൺ | ആകെ | ചിലവഴിച്ചതുക | മറ്റുസമുദായം | | ആകെ | ചിലവഴിച്ച തുക |
|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | | |
| 1 | 63 | 55 | 118 | 5900.00 | 1 | 2 | 3 | 150 |
| 2 | 73 | 70 | 143 | 7150.00 | 2 | 2 | 4 | 200 |
| 3 | 61 | 61 | 122 | 6100.00 | _ | 1 | 1 | 50 |
| 4 | 61 | 62 | 123 | 6765.00 | 1 | 1 | 2 | 190 |
| 5 | 59 | 41 | 100 | 8000.00 | 2 | 2 | 4 | 320 |
| 6 | 40 | 38 | 87 | 7830.00 | 3 | 1 | 4 | 360 |
| 7 | 66 | 55 | 121 | 10890.00 | 3 | 1 | 4 | 360 |
| 8 | 56 | 47 | 103 | 12875.00 | _ | _ | _ | |
| 9 | 40 | 23 | 63 | 7875.00 | _ | _ | _ | |
| 10 | 25 | 22 | 47 | 5875.00 | _ | _ | _ | |

പട്ടിക 3

വാർഷിക വരുമാനം 4,000 ൽ കവിയാത്ത കുടുംബങ്ങൾക്ക് 95 _ 96 ൽ ധനസഹായം നൽകിയതിന്റെ വിവരം

| വർഷം | ലഭിച്ച അപേക്ഷകൾ | അനുവദിച്ച എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1991 - 92 | 25 | 10 | 1500.00 |
| 1992 - 93 | 13 | 13 | 1950.00 |
| 1993 - 94 | 40 | 3 | 1500.00 |
| 1994 - 95 | 13 | 5 | 2500.00 |
| 1995 - 96 | 7 | 4 | 2000.00 |

515

# വിഭവസമാഹരണം

വിസ്തീർണ്ണത്തിൽ കേരളത്തിലെ ഏറ്റവും ചെറിയ ഗ്രാമപഞ്ചായത്താണ് വടവന്നൂർ. നമ്മുടേത് രണ്ടാം ഗ്രേഡ് ഗ്രാമ പഞ്ചായത്തുമാണ്. ഇവിടത്തെ ജനങ്ങളിൽ 80% വും കൃഷിയുമായി ബന്ധപ്പെട്ടു കഴിയുന്ന ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. വ്യവസായങ്ങളുടെയും ഷോപ്പിംഗ് കോംപ്ലക്സുകളുടെയും കുറവും ഗൾഫ് പോക്കറ്റുകളില്ലാത്തതുകൊണ്ട് കെട്ടിടനികുതിയിനത്തിൽ വന്ന കുറവും വിനോദനികുതിയിനത്തിലെ കമ്മിയും വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക വരുമാനത്തിൽ കാര്യമായ കുറവുണ്ടാക്കുകയും തന്മൂലം വികസനകാര്യത്തിൽ അനിവാര്യമായ മുരടിപ്പ് വരുത്തിവെയ്ക്കുകയും ചെയ്തിരിക്കുന്നു. വടവന്നൂർ സർവ്വീസ് സഹകരണ ബാങ്കും കൊടുവായൂർ സഹകരണ അർബൻ ബാങ്കിന്റെ ശാഖയും ധനലക്ഷ്മിബാങ്കും ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ദേശസാൽകൃത ബാങ്കിന്റെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസനത്തെ ബാധിച്ചിട്ടുണ്ട്.

പത്ത് വർഷം മുമ്പ് പഞ്ചായത്തിന്റെ തനത് വരുമാനം 2,90,000 രൂപയും ഗ്രാന്റ് 77,500 രൂപയും ആയിരുന്നു. ഡെപ്പോസിറ്റും പലവക വരുമാനവും ഉൾപ്പെടെ 500000 രൂപ വാർഷിക വരുമാനമുണ്ടായിരുന്നു. എന്നാൽ 1995 _ 96 സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതിയിനത്തിൽ 1,33,000 രൂപയും തൊഴിൽ നികുതിയിനത്തിൽ 75,000 രൂപയും വസ്തു കൈമാറ്റ നികുതിയിനത്തിൽ 57,000 രൂപയും വിനോദ നികുതിയിനത്തിൽ 52,000 രൂപയും മറ്റു പലവക വരുമാനങ്ങളായി 40,000 രൂപയും ഗ്രാന്റിനത്തിൽ 9,27,000 രൂപയും ഉൾപ്പെടെ 12,85,500 രൂപ ആകെ വരുമാനമുണ്ട്.

കൂടാതെ ജെ. ആർ. വൈ ( ജവഹർ റോസ്കാർ യോജന ) യിനത്തിൽ 4,11,900 രൂപയും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനകം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക തനതു വരുമാനത്തിൽ 120% ന്റെ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ക്രമാതീതമായി വർദ്ധിച്ച ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ നേട്ടം കുറവാണെന്ന് കാണാൻ കഴിയും.

10 വർഷം മുമ്പ് റോഡ് വികസനത്തിന്നായി 35,000 രൂപയാണ് ചെലവഴിച്ചിരുന്നതെങ്കിൽ ഇപ്പോഴത് 4,70,000 രൂപയായി വർദ്ധിച്ചിരിക്കുന്നു. തെരുവുവിളക്കുകൾ കത്തിക്കാൻ 10 വർഷം മുമ്പ് 64,000 രൂപ മതിയായിരുന്നുവെങ്കിൽ ഇപ്പോഴത് ഒരുലക്ഷം രൂപ കവിഞ്ഞിരിക്കുകയാണ്.. ശമ്പള ഗ്രാന്റിനത്തിൽ 33,000 ലഭിച്ചിരുന്നിടത്ത് 99,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം, ഭരണ നിർവ്വഹണം മുതലായ ആവശ്യങ്ങൾക്ക് പത്ത് വർഷം മുമ്പ് 1,32,000 രൂപ മതിയായിരുന്നുവെങ്കിൽ 95_96 സാമ്പത്തിക വർഷത്തിൽ 5,00,000 രൂപ വേണ്ടി വന്നു.

1995_96 സാമ്പത്തിക വർഷത്തിൽ 4,70,000രൂപയുടെ പൊതുമരാമത്ത് ജോലികൾ ഏറ്റെടുത്തതിൽ തനതു വർഷത്തിൽ 26,000 രൂപയുടെ ജോലികൾ പൂർത്തിയാക്കി. 96_97 വർഷത്തിൽ ബാക്കി ഫണ്ട് പ്രയോജനപ്പെടുത്തി വരുന്നു. തെരുവുവിളക്കുകൾ കത്തിക്കുന്നതിന് 1,00,000 രൂപയും വിദ്യാഭ്യാസച്ചെലവുകൾക്ക് 40,600 രൂപയും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് 43,000 രൂപയും ഉൾപ്പെടെ 7,47,000 രൂപ ചെലവ് വരുന്നുണ്ട്. പ്രാരംഭ ബാക്കി ഉൾപ്പെടെ 20,03,000 രൂപയും ചെലവ് 7,47,000 രൂപയും ബാക്കി 12,56,000 രൂപയും ഉണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിട നികുതിയിനത്തിലെ കമ്മി തടയുന്നില്ല.
2. ഷോപ്പിംഗ് കോംപ്ലക്സ് ഇല്ല.
3. വ്യവസായങ്ങളില്ല.
4. ദിവസചന്തയോ, ആഴ്ചചന്തയോ ഇല്ല.
5. കല്യാണമണ്ഡപമില്ല.
6. ആവശ്യമായ സംഭാവനയോ ശ്രമദാനങ്ങളോ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

516

1. കെട്ടിട നികുതിയിനത്തിലെ യഥാർത്ഥ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പിരിച്ചെടുക്കേണ്ട കെട്ടിട നികുതി ഗ്രാമപഞ്ചായത്തിന് പിരിച്ചെടുക്കാൻ കഴിയുന്നില്ല. പലരും കള്ളക്കണക്കുകൾ ബോധിപ്പിച്ച് യഥാർത്ഥ കെട്ടിട

നികുതിയിൽ നിന്നും ഒഴിഞ്ഞു മാറുകയാണ്. മൂല്യനിർണ്ണയത്തിൽ ജീവനക്കാരുടെ ഭാഗത്തും അനാസ്ഥയുണ്ട്. അതൊഴിവാക്കാനായി ആവശ്യമായ മാർഗ്ഗങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ഭരണസമിതിയും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

2. വടവന്നൂർ ഗ്രാമ പഞ്ചായത്തിനെ സ്വാശ്രയ ഗ്രാമ പഞ്ചായത്തായി അംഗീകരിച്ചിട്ടുള്ളതുകൊണ്ട് ആവശ്യാനുസരണം ഫണ്ട് ലഭ്യമാണ്. പഞ്ചായത്തിന്റെ വരുമാനമാർഗമായ ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ വടവന്നൂരിലോ ഊട്ടറയിലോ ആവശ്യമായ സ്ഥലം ( അഞ്ച് സെന്റ എങ്കിലും ) ലഭ്യമല്ല. പ്രസ്തുത പ്രദേശങ്ങളിൽ സ്ഥലം ലഭ്യമാക്കാൻ പൊതുജനങ്ങളും ജനപ്രതിനിധികളും കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതാണ്.

3. ജനവാസകേന്ദ്രങ്ങളിൽ പരിസരമലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ തുടങ്ങാൻ വിഷമമാണെങ്കിലും ജലലഭ്യതയും ഗതാഗത സൗകര്യവുമുള്ള ഒന്നും രണ്ടും വാർഡുകളുൾപ്പെടുന്ന ഗായത്രി പുഴയോരത്ത് വ്യവസായങ്ങൾക്ക് അനുകൂല സാഹചര്യങ്ങളുണ്ട്. ഓട് നിർമ്മാണം, ഹോളോ ബ്രിക്സ് ( മൺ നിർമ്മാണം ), കാലിത്തീറ്റ നിർമ്മാണം തുടങ്ങിയവ ആരംഭിക്കാവുന്നതാണ്. പരിസരമലിനീകരണമില്ലാത്ത ചില്ലിംഗ് പ്ലാന്റ്, തീപ്പെട്ടി നിർമ്മാണം, പുളി സംസ്കരണം, നോട്ടു പുസ്തക നിർമ്മാം തുടങ്ങിയവ അനുയോജ്യമായ കേന്ദ്രങ്ങളിൽ തുടങ്ങാവുന്നതാണ്.

4. ദിവസച്ചന്തയോ ആഴ്ചച്ചന്തയോ ഇല്ലാത്ത ഗ്രാമ പഞ്ചായത്താണ് വടവന്നൂർ. കാർഷികോൽപന്നങ്ങളുടെ മൊത്ത വിൽപനക്ക് ( പച്ചക്കറി, മത്സ്യം, നാളികേരം, പയറുവർഗ്ഗങ്ങൾ, ഇഞ്ചി ) ലേലച്ചന്തയും നടത്താവുന്നതാണ്. പഞ്ചായത്തിന് വരുമാനവും ജനങ്ങൾക്ക് ലാഭവും കർഷകർക്ക് ന്യായമായ വിലയും ലഭിക്കാനുള്ള ഈ സംരംഭങ്ങളിൽ ഭരണസമിതി ഉണർന്ന് പ്രവർത്തിക്കേണ്ടതാണ്.

5. വിവിധ ഉദ്ദേശത്തോടുകൂടിയ മികച്ച ഒരു കല്യാണ മണ്ഡപം സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിന് അതൊരു മുതൽകൂട്ടാവും. വളരെയേറെ സൗകര്യത്തോടുകൂടിയ ( പാത്രങ്ങളുൾപ്പെടെ ) തും കമനീയമായതും ആയിരിക്കണം മണ്ഡപം. സമീപ പ്രദേശങ്ങളിലുള്ളവരെ ഇങ്ങോട്ടാകർഷിക്കാൻ ഇതുമൂലം കഴിയുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിൽ മഹാമനസ്കരായ വ്യക്തികൾ അവരുമായി ബന്ധപ്പെട്ടവരുടെ സ്മരണക്കായി കനത്ത സംഖ്യ സംഭാവന ചെയ്യാനും അവരുടെ പേരുവിവരം ഉൾപ്പെടുത്തിക്കൊണ്ട് പുതിയ സ്ഥാപനങ്ങൾ ഉണ്ടാവുന്നതായും കാണുന്നില്ല. ഈ രംഗത്ത് ശ്രമം നടത്തേണ്ടതാണ്. വികസന പ്രവർത്തനം നത്തുമ്പോൾ ഗുണഭോക്താക്കളായ ആളുകളുടെ ശ്രമദാനം ഉറപ്പു വരുത്താൻ ജനപ്രതിനിധികൾക്ക് കഴിയേണ്ടതാണ്.

## സാദ്ധ്യതകൾ

1. ആവശ്യമായ വ്യവസായങ്ങൾക്കും ദിവസച്ചന്ത, ആഴ്ചച്ചന്ത എന്നിവക്കും കല്യാണമണ്ഡപത്തിനും, ഷോപ്പിംഗ് കോംപ്ലക്സിനും യോജിച്ച സ്ഥലങ്ങൾ അംഗീകൃത വിലക്ക് ലഭിക്കുകയാണെങ്കിൽ സ്വാശ്രയ പഞ്ചായത്തിന് ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിയുന്നതാണ്.

2. വിനോദ നികുതിയിൽ കമ്മി അനുഭവപ്പെടുന്നുണ്ട്. അത് ഫലപ്രദമായി തടയുകയാണെങ്കിൽ പ്രതിവർഷം ഒരു ലക്ഷം രൂപ അധിക വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയും ഭരണനിർവ്വഹണ വിഭാഗവും ശുഷ്കാന്തി കാണിക്കേണ്ടതാണ്.

3. കെട്ടിട ഉടമകളിൽ നിന്നും ശുദ്ധജലവിതരണത്തിന്റെ ആനുകൂല്യം ലഭിക്കുന്ന ഉപഭോക്താക്കളിൽനിന്നും 2% സർചാർജ്ജ് ഈടാക്കാവുന്നതാണ്.

4. വൈദ്യുതി ബോർഡ് പഞ്ചായത്തിനെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ തെരുവു വിളക്കുകളിൽ പലതും പലപ്പോഴും കത്താറില്ല. ഗുണം കുറഞ്ഞ ബൾബുകളും ശ്രദ്ധയില്ലായ്മയും അതിനു കാരണമാണ്. എന്നാൽ ബോർഡുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ബൾബുകൾ പ്രതിദിനം 11 മണിക്കൂർ പ്രകാശിക്കുമെന്നതിന്റെ പേരിൽ വൈദ്യുതി ചാർജ്ജ് കൊടുത്തുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ മീറ്റർ റീഡിംഗ് എടുത്ത് അതിന്റെ അടിസ്ഥാത്തിൽ മാത്രം വൈദ്യുതി ചാർജ്ജ് കൊടുക്കാനും ഉള്ള സംവിധാനം കേരള സർക്കാരിനെ കൊണ്ട്

517

അംഗീകരിപ്പിക്കേണ്ടതാണ്. അധിക ചാർജ്ജ് കൊടുക്കുന്ന വകയിൽ വടവന്നൂർ ഗ്രാമ പഞ്ചായത്തിന് പതിവർഷം ഏകദേശം 75,000 രൂപ വീതം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

5. ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പള ഗ്രാന്റ് 100% ആയി വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്തിന് ശമ്പള ഇനത്തിൽ ചിലവഴിക്കേണ്ടവരുന്ന ഫണ്ട് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

പട്ടിക 1

വരുമാനത്തിലെ വ്യതിയാനം

| ഇനം | 1991 _ 92 | 1995 _96 | വ്യത്യാസം | % |
|---|---|---|---|---|
| 1. തനതുവരുമാനം | 232095.42 | 137705.09 | _ 94390.33 | 40.67 |
| എ. കെട്ടിടനികുതി | 68475.48 | 118869.39 | + 50393.91 | 42.39 |
| ബി. വിനോദനികുതി | 42858.00 | 31747.00 | _ 11111.00 | 25.93 |
| സി. തൊഴിൽനികുതി | 78510.00 | 69930.00 | _8580.00 | 10.93 |
| 2. ഉപാധിരഹിതഫണ്ട് | 158000.00 | 201500.00 | +43500.00 | 21.59 |
| എസ്.സി.പി. | 51400.00 | 116000.00 | +64600.00 | 55.69 |
| 3. ജെ.ആർ. വൈ | 464200.00 | 411900.00 | _523000.00 | 11.27 |
| 4. ഗ്രാന്റുകൾ സംഭാവനകൾ | 114232.00 | 609808.00 | +495576.00 | 81.27 |
| 5. ആകെ വരവ് | 1209770.90 | 1697459.48 | 487688.58 | 28.73 |
| ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 214321.90 | 509876.00 | 295554.10 | 57.97 |

പട്ടിക 2

വടവന്നൂർ ഗ്രാമ പഞ്ചായത്ത് ഗ്രാന്റ് വിവരങ്ങൾ 95 _ 96

| വി.ആർ.എം. രൂപ | എം.ഐ. രൂപ | വി..ടി.സി. രൂപ | അടിസ്ഥാനനികുതി 25%രൂപ 75%രൂപ | സ്പെഷൽ രൂപ എസ്.ആർ.വി | ജെ.ആർ.വൈ. രൂപ | അൺടൈഡ് രൂപ | ആകെ |
|---|---|---|---|---|---|---|---|
| 10,485 | ഇല്ല | 103404 | ഇല്ല 57095 | 400000 | 411900 | 317500 | 1300384 |

പട്ടിക 3

വടവന്നൂർ ഗ്രാമപഞ്ചായത്ത് പൊതുസാമ്പത്തികനില 1995 _ 96

| | പൊതുകണക്ക് | മൂലധനക്കണക്ക് | കടം സംബന്ധിച്ച് കണക്ക് |
|---|---|---|---|
| വരവ് | 1057897.19 | 207790.00 | 17872.29 |
| ചെലവ് | 699498.00 | 26257.00 | 21389.48 |

# ഉപസംഹാരം

നമ്മുടെ പഞ്ചായത്ത് രൂപീകൃതമായിട്ട് 35 വർഷം തികയുന്നു. നാളിതുവരെയുള്ള പദ്ധതി അവലോകനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നത് വികസനമുന്നേറ്റത്തിൽ നാം പിറകിലാണെന്നതാണ്. പഞ്ചായത്തിലെ ജനവിഭാഗങ്ങളെ സംബന്ധിച്ച് പുതിയ ഒരു വികസന സമീപനം കൂടിയേ തീരു. കാർഷിക വ്യാവസായിക മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് സേവനമേഖലയെ കൂടുതൽ ഉത്തേജിതമാക്കേണ്ടതിന്റെ ആവശ്യകത കൂടി വരികയാണ്.

അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം, പാർപ്പിടം, പ്രാഥമിക സൗകര്യങ്ങൾ ഇവ വർദ്ധിപ്പിക്കുന്നതിൽ നാം വളരെയേറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ജനകീയാസൂത്രണ പ്രക്രിയയിലൂടെ ഇതിന് സാദ്ധ്യമാവും എന്ന്. വിശ്വസിക്കാം. പദ്ധതി ആസൂത്രണത്തിൽ ഇന്നുവരെയുള്ള പുരോഗതി വിലയിരുത്തിയാൽ നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടെന്ന് സമ്മതിച്ചേ തീരു. നേട്ടങ്ങളേക്കാൾ കോട്ടങ്ങൾ മുന്നിൽ തെളിഞ്ഞുവരുന്നു. പദ്ധതി പുനരവലോകനത്തിന്റെ കുറവാണ് ഇതിന്റെ പ്രധാന കാരണം. 9 ാം ജനകീയാസൂത്രണ പ്രക്രിയയിൽ ഇതിന് പിഴവ് വരാതെ ഉറപ്പു വരുത്തേണ്ടത് വളരെ ആവശ്യം തന്നെയാണ്.

അടിസ്ഥാനമേഖലയായ കാർഷിക രംഗത്തെ പുലരുജ്ജീവിപ്പിക്കേണ്ട ചുമതല മറ്റ് ഏതുരംഗങ്ങളേയും അപേക്ഷിച്ച് മുൻതൂക്കം കൊടുക്കണം. കാർഷികോൽപ്പന്നങ്ങൾ തേടി നമ്മുടെ പഞ്ചായത്തിലെ ആളുകൾ മറ്റു ദേശങ്ങളിലേക്ക് പോകേണ്ടിവരുന്ന അവസ്ഥ തീർത്തും ഒഴിവാക്കാവുന്നതാണ്. അതിന്നുവേണ്ട എല്ലാ സൗകര്യങ്ങളും ഈ പ്രദേശത്തുണ്ട്. വ്യാവസായിക രംഗത്ത് നമ്മുടെ സ്ഥാനം മങ്ങിമറഞ്ഞതാണ്. ഈ രംഗത്തെ ഉയർത്തി വ്യാവസായിക മുന്നേറ്റത്തിന്ന് ആക്കം നൽകാൻ കഴിയുന്ന എല്ലാ സാദ്ധ്യതകളും നമ്മുടെ ദേശത്തുണ്ട്. ഇതിലൂടെ തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടെത്താൻ കഴിയും എന്ന് പ്രത്യാശിക്കാം. ഊർജ്ജ പ്രതിസന്ധിരംഗത്ത് ഇന്നുള്ള അവസ്ഥക്ക് പരിഹാരം തേടേണ്ടത് ഈ ആസൂത്രണപ്രക്രിയയുടെ പ്രധാന കർത്തവ്യമായെടുക്കേണ്ടതുണ്ട്.

1994 _ 95 വർഷത്തിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിനെ സ്വാശ്രയ പഞ്ചായത്തായി അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്വാശ്രയത്വം നേടാനുള്ള ശ്രമത്തിൽ സാങ്കേതികവും ഔദ്യോഗികവുമായ തടസ്സങ്ങൾ കാര്യമായിട്ടില്ല. നമ്മുടെ നാടിന്റെ യഥാർത്ഥ ചിത്രം ഗ്രാമസഭകളിലൂടെ ജനങ്ങൾ വെളിവാക്കിയിട്ടുണ്ട്. തുടർ നടപടികളിലൂടെ ഉചിതപദ്ധതികൾ നടപ്പിലാക്കി യും ജനഹിതം മനസ്സിലാക്കിയും പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് ബാദ്ധ്യതയുണ്ട്. ഗ്രാമ പഞ്ചായത്തിനെ ഒരു യൂണിറ്റായി കാണാനും ആവശ്യമായ വികസനം എല്ലായിടത്തും ഉറപ്പുവരുത്താനും, വാർഡുകൾ തമ്മിലുള്ള വികസനത്തിലെ അസന്തുലിതാവസ്ഥ ഒഴിവാക്കേണ്ടതുമാണ്. ജനവാസം കൂടിയ പഞ്ചായത്തായതുകൊണ്ട് പരിസര മലിനീകരണം അധികമില്ലാത്ത വ്യവസായങ്ങൾ മാത്രം ഈ പഞ്ചായത്തിൽ വരുംകാലങ്ങളിൽ നടപ്പിലാക്കിയാൽ സ്വാശ്രയ ഗ്രാമ പഞ്ചായത്ത് യാഥാർത്ഥ്യമാക്കാൻ കഴിയും.

ആരോഗ്യ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും ഈ വികസന പ്രക്രിയയിലൂടെ കഴിയും എന്ന് നമുക്ക് ആശിക്കാം.

കലാ സാംസ്കാരിക വിദ്യാഭ്യാസ മേഖലയിൽ പരാധീനതകളേറെയുണ്ടെങ്കിലും ഒരുപടി ഉയർന്ന നിലവാരമാണ് കണ്ടുവരുന്നത്. ഈ നിലവാരം ഉയർത്തി കാത്തുസൂക്ഷിക്കാൻ എപ്പോഴും നാം ബദ്ധശ്രദ്ധരാവേണ്ടതാണ്.

ഡിപ്പാർട്ട്മെന്റിന്റെ നൂലാമാലകളിൽ കുടുങ്ങിക്കിടന്ന് വികസനമില്ലാത്ത ഒരവസ്ഥ മാറ്റിയെടുക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. സാർവ്വത്രികമായ അഴിമതിയിൽനിന്ന് വികസനത്തെ മോചിപ്പിച്ച് ജനപങ്കാളിത്തവും ജനതാൽപര്യവും ഉയർത്തി ഊട്ടിയുറപ്പിച്ച് ഫലപ്രാപ്തിയിലെത്തിക്കാൻ നാം ഏവരും ശ്രമിക്കണം.

പ്രദേശിക, പ്രകൃതി വിഭവങ്ങൾ, ജനവിഭാഗങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്ര സാഹചര്യബന്ധങ്ങളെ വിലയിരുത്തി പ്രായാഗിക ബുദ്ധിയോടെ പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയണം. കക്ഷി രാഷ്ട്രീയത്തിന്നതീതമായി കൂട്ടായ്മയിലൂടെ നാം ശ്രമിച്ചാൽ നമ്മുടെ പ്രദേശത്തെ പല പോരായ്മകളും പരിഹരിക്കാൻ സാധിക്കും എന്നത് നിസ്തർക്കമാണ്. ജനങ്ങളുടെ ആവശ്യങ്ങളേയും പ്രദേശിക വിഭവങ്ങളേയും കണക്കിലെടുത്തുകൊണ്ട് വേണം പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനവിഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള ഒരു ജനവികസനസമീപനത്തിന് നേതൃത്വം കൊടുക്കണം.

വിഭവസാദ്ധ്യതകളും ജനവിഭവങ്ങളും സേവനതൽപരതയും കൂട്ടായ്മയും ഒത്തുചേർന്നിട്ടുള്ള നമ്മുടെ പഞ്ചായത്തിന്റെ വികസനം സമീപ ഭാവിയിൽ ഒരു പുതിയ വഴിത്തിരിവ് സൃഷ്ടിക്കുമെന്നതിൽ ഒരു തർക്കവുമില്ല.

കക്ഷിരാഷ്ട്രീയ, ജാതിമത ഭേദമില്ലാതെയുള്ള ഈ വികസന പ്രക്രിയ വഴി നമ്മുടെ പഞ്ചായത്തിന്റെ ജനതക്ക് അഭികാമ്യമായ പുരോഗതി കൈവരിക്കുമാറാകട്ടെ.

520

വടവന്നൂർ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിക്ക് ആശംസകൾ

സ്പിക്ക്, വിജയ് രാസവളങ്ങളുടെ ഈ പഞ്ചായത്തിലെ
അംഗീകൃത വിതരണക്കാർ :

---

വിജയ് 17 : 17 : 17, വിജയ് യൂറിയ
സ്പിക്ക് ഡി.എ.പി., സ്പിക്ക് യൂറിയ
ജീവാണുവളങ്ങൾ, കീടനാശിനികൾ

---

*പ്രൊപ്രൈററർ, ടി.. ഈശ്വരൻകുട്ടി.*
ഫെർട്ടിലൈസർ ഡീലർ, വടവന്നൂർ.
ഫോൺ : 362851

*With best compliments from :-* PHONE : 521764

**TRUST AUTOMOBILES**

**Specialist in :**

**HERO HONDA**

**NEAR IRUDHAYA THEARTRE,**
**14 / 850 ( 10 ), KALMANDAPAM, PALAKKAD - 1.**


521

*With best compliments from :-*

## M/s. KANCHANA FOOD PROCESS WORKS

**VADAVANNUR**

**Phone : 362508**

*MAKERS OF :*

*KANCHANA PALADA, INSTANT PALADA, PRADAMAN MIX, CHATNY MIX*

*With best compliments from :-*

## Nava - Bharath Soap Works

OOTTARA, KOLLENGODE ( P.O. )
PALAKKAD DISTRICT.

*Our Productions :*

BHARATH SUPER BAR SOAP
501 WASHING CAKE
BHARATH CAKE
BHARATH COMMANDER BAR SOAP ETC.,